# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

### 2017 മാർച്ച് 1, ബുധൻ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 165 - നമ്പർ 4

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

2017 മാർച്ച് 1, ബുധൻ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

798/2019

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 26

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 26
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 76

**II അടിയന്തരപ്രമേയം**

പൊതുവിതരണ സമ്പ്രദായത്തിന്റെ തകർച്ച
(അവതരണാനുമതി നിഷേധിച്ചു) .. 412

**III ശ്രദ്ധ ക്ഷണിക്കൽ**

1. എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങൾ—

ശ്രീ. സി. ദിവാകരൻ .. 440

2. അഴീക്കൽ തുറമുഖ വികസനം—

ശ്രീ. കെ. എം. ഷാജി .. 442

**IV സബ്മിഷൻ**

1. വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും മർദ്ദിച്ച സംഭവം—

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) .. 445

2. ഫസൽ വധക്കേസ്—

ശ്രീ. എ. എൻ. ഷംസീർ .. 446

3. വിദ്യാർത്ഥികളെ മർദ്ദിച്ച സംഭവം—

ശ്രീ. എൻ. എ. നെല്ലിക്കുന്ന് .. 448

4. ദേവകിയുടെ കൊലപാതകം—

ശ്രീ. കെ. കുഞ്ഞിരാമൻ .. 450

പേജ്

5. മരമടി, കാളയോട്ട മത്സരങ്ങൾ—

ശ്രീ. അനൂപ് ജേക്കബ് .. 452

6. നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള അനുമതി—

ശ്രീ. ഷാഫി പറമ്പിൽ .. 454

7. വാദ്യ കലാകാരന്മാരുടെ ആവശ്യങ്ങൾ—

ശ്രീ. കെ. രാജൻ .. 455

8. റവന്യൂ ഡിവിഷണൽ ഓഫീസ്—

ശ്രീമതി പി. അയിഷാ പോറ്റി .. 457

9. ബിവറേജസ് ഔട്ട്‌ലെറ്റ്—

ശ്രീ. വി. പി. സജീന്ദ്രൻ .. 458

10. തീംസോഗ് ആലാപനം—

ശ്രീ. എ. എം. ആരിഫ് .. 459

**V മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ ലിസ്റ്റ് I ചട്ടം 47(2) പ്രകാരമുള്ള കടലാസുകൾ .. 461

**VI റിപ്പോർട്ട് സമർപ്പണം**

കാര്യോപദേശക സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് .. 464

**VII റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് .. 464

**VIII ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

സംസ്ഥാനം നേരിടുന്ന രൂക്ഷമായ വരൾച്ച

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) .. 464

**IX ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച** .. 468

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

*2017 മാർച്ച് 1, ബുധൻ*

വാല്യം 165] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 4

നിയമസഭ 2017 മാർച്ച് മാസം 1-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ...... ഓർഡർ.... ചോദ്യം നമ്പർ (*61) ചോദ്യം നമ്പർ (*86)-ഉമായി ക്ലബ് ചെയ്യുന്നതിന് ശ്രീ. ടി. വി. ഇബ്രാഹിം നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുന്നു.

### കാലിത്തീറ്റയുടെ വിലവർദ്ധനവ്

1(*61) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിത്തീറ്റയുടെ വിലവർദ്ധനവുമൂലം കഷ്ടപ്പെടുന്ന ക്ഷീര കർഷകരെ സഹായിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സ്വകാര്യ കാലിത്തീറ്റ കമ്പനികളുടെ ചൂഷണത്തിൽ നിന്ന് ക്ഷീര കർഷകരെ മോചിപ്പിക്കുന്നതിന് പൊതുമേഖലയിൽ കാലിത്തീറ്റ നിർമ്മാണം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കാലിത്തീറ്റയ്ക്ക് സർക്കാർ നൽകുന്ന സബ്സിഡി വർദ്ധിപ്പിക്കാൻ തയ്യാറാകുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ,

(എ) കാലിത്തീറ്റയുടെ വിലവർദ്ധനവുമൂലം ക്ഷീര കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി സംഘത്തിൽ അളക്കുന്ന പാലിന് ആനുപാതികമായി കാലിത്തീറ്റ സബ്സിഡി നൽകിവരുന്നു. കൂടാതെ, ഉരുക്കൾക്കാവശ്യമായ ധാതുലവണ മിശ്രിതം, വൈറ്റമിൻ സപ്ലിമെന്റുകൾ എന്നിവയും സംഘം മുഖേന നൽകിവരുന്നു. കാലിത്തീറ്റയെ അധികമായി ആശ്രയിക്കുന്നത് ഒഴിവാക്കുന്നതിനും പച്ചപ്പുല്ലിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനും തീറ്റപ്പുൽകൃഷി വ്യാപകമാക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഉപയോഗം കുറയ്ക്കുന്നതിന്റെ ഭാഗമായി കർഷകർക്ക് തീറ്റപ്പുൽ കൃഷി ചെയ്യുന്നതിനുള്ള സഹായവും മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്ന പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടിയിലൂടെ സബ്സിഡി നിരക്കിൽ കാലിത്തീറ്റയും നൽകിവരുന്നു. ഈ വർഷം 2.5 ലക്ഷം കന്നുകുട്ടികൾക്ക് ഇപ്രകാരം തീറ്റ നൽകുന്നുണ്ട്. ഇതിന് 50.8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അടുത്ത വർഷം മുതൽ ഒരു ലക്ഷം പശുക്കുട്ടികളെ കൂടി സ്പെഷ്യൽ ലൈവ് സ്റ്റോക്ക് ബ്രീഡിംഗ് പ്രോഗ്രാം (എസ്.എൽ.ബി.പി.)/ഗോവർദ്ധിനി പദ്ധതിയിലുൾപ്പെടുത്തി കാലിത്തീറ്റയുടെ വർദ്ധിച്ച വിലമൂലം ദുരിതമനുഭവിക്കുന്ന കർഷകർക്ക് ആശ്വാസം നൽകും.

കാലിത്തീറ്റ ഫാക്ടറികളിലേയ്ക്കാവശ്യമായ മിക്ക അസംസ്കൃത വസ്തുക്കളും കേരളത്തിൽ ലഭ്യമല്ലാത്തതിനാൽ വടക്കേ ഇന്ത്യ ഉൾപ്പെടെയുള്ള അന്യസംസ്ഥാനങ്ങളിൽ നിന്നുമാണ് വാങ്ങുന്നത്. അസംസ്കൃത വസ്തുക്കളുടെ വില ക്രമാതീതമായി വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിലും കർഷകരുടെ ബുദ്ധിമുട്ട് പരിഗണിച്ച് പൊതുമേഖലയിലും സഹകരണ മേഖലയിലുമുള്ള കാലിത്തീറ്റ ഫാക്ടറികൾ ഭീമമായ നഷ്ടം സഹിച്ചുകൊണ്ടാണ് ഇപ്പോൾ ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നത്. കൂടാതെ മിൽമയുടെ മേഖലാ യൂണിയനുകൾ അവരുടെ ലാഭവിഹിതത്തിൽ നിന്നും കർഷകർക്ക് കാലിത്തീറ്റ സബ്സിഡി നൽകി വരുന്നുണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) കാലിത്തീറ്റയ്ക്ക് നൽകുന്ന സബ്സിഡി വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**ക്ഷീരകർഷകർ നേരിടുന്ന പ്രതിസന്ധി**

2 (*86) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എം. ഉമ്മർ:
ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:
ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരകർഷകർ നേരിടുന്ന പ്രതിസന്ധി സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ക്ഷീരകർഷകർക്ക് ക്ഷീരവികസന വകുപ്പിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും ഒരേ സമയം ധനസഹായം ലഭിക്കുന്നതിനുള്ള നിയമ തടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ,

(എ) പരിശോധന നടത്തിയിട്ടുണ്ട്. പാലുല്പാദനച്ചെലവ്, കാലിത്തീറ്റവില, തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവ്, വരൾച്ചമൂലം ജലത്തിന്റെ ലഭ്യതക്കുറവ്, കറവക്കാരുടെ അഭാവം, മൃഗചികിത്സയ്ക്കുള്ള ഭാരിച്ച ചെലവ് എന്നിവയാണ് പ്രധാനമായും കർഷകർ നേരിടുന്ന പ്രതിസന്ധികൾ. ഇത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

മിൽമ പാൽ വില ഇതിനുമുമ്പ് വർദ്ധിപ്പിച്ചത് 2014 ജൂലൈ മാസത്തിലാണ്. കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ പാലിന്റെ ഉല്പാദന ചെലവിൽ വലിയ വർദ്ധനവുണ്ടാകുകയും അതനുസരിച്ച് സംഭരണവില വർദ്ധിപ്പിച്ചു കിട്ടാതെ വരികയും ചെയ്യുന്ന സാഹചര്യത്തിൽ ക്ഷീരകർഷകർ ഈ രംഗത്തുനിന്നും ഒഴിഞ്ഞു പോകുന്നതിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങുകയും പാൽ സംഭരണത്തിൽ കുറവുണ്ടാകുകയും ചെയ്തു. ക്ഷീരോല്പാദന രംഗത്ത് കർഷകർ നേരിടുന്ന പ്രതിസന്ധികൾ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ സംഭരണ വില വർദ്ധിപ്പിച്ച് നൽകേണ്ടതിന്റെ ആവശ്യം ബോധ്യപ്പെട്ട സാഹചര്യത്തിൽ പാലിന്റെ സംഭരണ വില 11-2-2017 മുതൽ വർദ്ധിപ്പിക്കുന്നതിന് മിൽമയുടെ ഭരണസമിതി തീരുമാനിക്കുകയുണ്ടായി. 3% കൊഴുപ്പും 8.5% കൊഴുപ്പിതര ഖരപദാർത്ഥങ്ങളുമടങ്ങിയ പാലിന് ലിറ്ററൊന്നിന് 3.35 രൂപ വർദ്ധനവും സംസ്ഥാന ശരാശരി ഗുണനിലവാരമായ 4.1 % കൊഴുപ്പും 8.3 % കൊഴുപ്പിതര ഖരപദാർത്ഥങ്ങളുമടങ്ങിയ പാലിന് ക്ഷീരകർഷകന് ലിറ്ററിന് 4.02 രൂപ വർദ്ധനവും ഇപ്പോൾ ലഭിച്ചിട്ടുണ്ട്. ക്ഷീരകർഷകർ നേരിടുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് മേഖലാ യൂണിയനുകൾ ക്ഷീരകർഷകർക്ക് പാൽ വിലയിൽ ഇൻസെന്റീവും നൽകിവരുന്നു. തിരുവനന്തപുരം, എറണാകുളം എന്നീ മേഖലാ യൂണിയനുകൾ നിലവിൽ ലിറ്ററിന് 2 രൂപ ഇൻസെന്റീവ് നൽകുന്നുണ്ട്. മലബാർ മേഖലാ യൂണിയൻ ഈ സാമ്പത്തിക വർഷം ജനുവരി മാസം വരെ 24.81 കോടി രൂപയുടെ പാൽവില ഇൻസെന്റീവായി നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ക്ഷീരവികസന വകുപ്പിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും ഒരേ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നിയമതടസ്സം കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ കൊണ്ടുവന്ന് പരിഹാരം കണ്ടിട്ടുണ്ട്.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കി എടുക്കുന്നതിന് വളരെ ക്രിയാത്മകമായ നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. സംസ്ഥാനത്ത് 13 ലക്ഷത്തിലധികം കാലിസമ്പത്താണ് ഉള്ളത്. അങ്ങ് പറഞ്ഞതു പോലെ, കർഷകർക്ക് ആശ്വാസം നൽകുന്ന തരത്തിൽ പാലിന്റെ വില വർദ്ധിപ്പിച്ചാലും സബ്സിഡികൾ കൊടുത്താലും കാലിത്തീറ്റ കമ്പനികൾ ഉടൻതന്നെ വില വർദ്ധിപ്പിച്ച് അതിന്റെ ഫലം കൊണ്ടുപോകുന്നതായിട്ടാണ് കാണുന്നത്. കേരളത്തിൽ 6500 മെട്രിക് ടൺ കാലിത്തീറ്റ വേണ്ടിവരുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്നാൽ മിൽമയുടെയും കേരള ഫീഡ്സിന്റെയും ഫാക്ടറികൾ വഴി സംസ്ഥാനത്ത് ഉല്പാദിപ്പിക്കാൻ കഴിയുന്നത് ഏകദേശം 1300 ഓളം മെട്രിക് ടൺ കാലിത്തീറ്റ മാത്രമാണ്. അവിടെയാണ് ചൂഷണം നടക്കുന്നത്. അത്തരത്തിലുള്ള ചൂഷണം ഒഴിവാക്കാൻവേണ്ടി കാലിത്തീറ്റയെ മാത്രം ആശ്രയിക്കാതെ തീറ്റപ്പുൽ കൃഷി പോലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ ബോധവത്കരണം കർഷകരിൽ നട<u>ത്തു</u>മോ; സോഫ്റ്റ്വെയറും മറ്റും ഉണ്ടെങ്കിലും താഴെത്തട്ടിലേയ്ക്ക് അത്തരം ബോധവത്കരണ പരിപാടികൾ നടക്കുന്നില്ല. അതുപോലെ, ചോളം ഒരേക്കറിൽ 75 ദിവസം കൊണ്ട് കൃഷി ചെയ്ത് 45,000 രൂപ വരുമാനമുണ്ടാക്കാൻ കഴിയുമെന്നാണറിയുന്നത്. കേരളത്തിൽ ചോളം കൃഷി ഉൾപ്പെടെയുള്ള കാര്യങ്ങൾ വ്യാപിപ്പിക്കുന്നതിനും അത്തരം പ്രായോഗിക സമീപനങ്ങളിലേയ്ക്ക് കർഷകരെ കൊണ്ടുവരുന്നതിനും ആവശ്യമായ ബോധവത്കരണം നട<u>ത്തു</u>മോ; പൊതുമേഖലയിൽ കൂടുതൽ കാലിത്തീറ്റ ഉല്പാദിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>മി. സ്പീക്കർ</u>: പ്ലീസ്...........പ്ലീസ്..... ചോദ്യം ചുരുക്കി ചോദിക്കണം.

<u>ശ്രീ. കെ. രാജു</u>: സർ, ബഹുമാനപ്പെട്ട അംഗം ഈ മേഖലയുമായി ബന്ധപ്പെട്ട് സൂചിപ്പിച്ച നിർദ്ദേശങ്ങളെല്ലാം തന്നെ പരിഗണിക്കുന്നതാണ്. കേരള ഫീഡ്സും മിൽമയുമാണ് കാലിത്തീറ്റ ഉല്പാദനരംഗത്ത് കേരളത്തിലുള്ള രണ്ട് പൊതുമേഖലാ സ്ഥാപനങ്ങൾ. സംസ്ഥാനത്തിന് ആവശ്യമുള്ള കാലിത്തീറ്റ ഈ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉല്പാദിപ്പിക്കാത്തതിനാൽ സ്വകാര്യ കമ്പനികളെ ആശ്രയിക്കേണ്ടി വരുന്നുണ്ട്. കാലിത്തീറ്റ ഉല്പാദനത്തിനുള്ള അസംസ്കൃത സാധനങ്ങൾ കൂടുതലും മറ്റു സംസ്ഥാനങ്ങളിൽ നിന്നുമാണ് കൊണ്ടുവരേണ്ടത്. പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും പരമാവധി കാലിത്തീറ്റ ഉല്പാദനം നടത്തി, ന്യായമായ വിലയ്ക്ക് ഗുണനിലവാരമുള്ള കാലിത്തീറ്റ എത്തിക്കുന്നതിനുള്ള പരിശ്രമമാണ് ഗവൺമെന്റ് നട<u>ത്തു</u>ന്നത്. യഥാർത്ഥത്തിൽ കൃത്രിമ കാലിത്തീറ്റയേക്കാൾ തീറ്റപ്പുൽ ഉപയോഗിച്ചാൽ കൂടുതൽ പോഷകാംശം കിട്ടുന്നതാണ്. മാത്രമല്ല, പാലിന്റെ ഉല്പാദനത്തിലും വർദ്ധനവ് വരുന്നതാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ചോളത്തിന്റേതടക്കമുള്ള കാര്യത്തെ സംബന്ധിച്ച് ജനങ്ങളുടെ, പ്രത്യേകിച്ച് കാലി കൃഷിക്കാർക്കിയിടയിൽ, അവബോധം

വളർത്തുന്നതിനാവശ്യമായ പ്രവർത്തനം നടത്തുന്നുണ്ട്. കാലിത്തീറ്റ കൃഷിക്ക് സബ്സിഡി നൽകി അത് പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്. എന്നാൽ ഇപ്പോഴുള്ള വരൾച്ച തീറ്റപ്പുൽകൃഷിയെ ബാധിക്കുന്നുണ്ട് എന്നുള്ളതും ഈ അവസരത്തിൽ പ്രസ്താവ്യമാണ്.

ശ്രീ. ജി. എസ്. ജയലാൽ: സർ, കാലിസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമ്പോഴും അതില്ലാതാക്കാൻ കഴിയുന്ന തരത്തിലുള്ള സൈലന്റ് കില്ലറായിട്ടുള്ള ചില ഘടകങ്ങൾ കാലിത്തീറ്റയിൽ വരുന്നതായി മനസ്സിലാക്കുന്നുണ്ട്. അത് പരിശോധിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ സംസ്ഥാനത്ത് വേണ്ടത്രയില്ലെന്നാണ് മനസ്സിലാക്കുന്നത്. അതുപോലെ കാലിസമ്പത്ത് വർദ്ധിപ്പിക്കുന്നതിനാവശ്യമായ ബീജസങ്കലനം നടത്തുന്നതിനുള്ള സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കണം. $-30^0$ Celsius-ൽ Liquid Nitrogen container-ലാണ് ഇത് സൂക്ഷിക്കുന്നത്. അത് യഥാസമയമെടുത്ത് ബീജസങ്കലനം നടത്തുന്നതിൽ ഉദ്യോഗസ്ഥർ ശ്രദ്ധിക്കാത്തതുകൊണ്ട് പരാജയപ്പെടുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിക്കണം. കാരണം അതിന്റെ പേരിൽ വരുന്ന നഷ്ടം വളരെ വലുതാണ്. ഒരു പശുവിനെ പരിപാലിക്കുന്നതിന് ഒരു ദിവസം 150-200 രൂപയാണ് കർഷകന് ചെലവഴിക്കേണ്ടിവരുന്നത്. അപ്പോൾ കൃത്യമായ തോതിൽ ബീജസങ്കലനം നടത്താൻ കഴിഞ്ഞാൽ കാലിസമ്പത്ത് വർദ്ധിപ്പിക്കാൻ സാധിക്കും. അത്തരം കാര്യങ്ങളിൽ ഒരു പരിശോധന നടത്തി ഇത് പരിഹരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. രാജു: സർ, കേരളത്തിലെ പശുക്കളുടെ ശരാശരി പാലുല്പാദനം പൊതുവെ കുറഞ്ഞുവരുന്നതായിട്ടാണ് കാണുന്നത്. അതിന് പ്രതിവിധി എന്നുള്ള രീതിയിൽ ഏറ്റവും മെച്ചപ്പെട്ട ബ്രീഡ് വിതരണം നടത്തുന്നതിന് സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനമായ കെ.എൽ.ഡി. ബോർഡിനാണ് അതിന്റെ കുത്തകയുള്ളത്. ഇതുമായി ബന്ധപ്പെട്ട് കെ.എൽ.ഡി. ബോർഡിലെ ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് കൂടുതൽ ഉല്പാദനശേഷിയുള്ള ബ്രീഡ് വിതരണം നടത്തുന്നതിനും കുത്തി വയ്ക്കുന്നതിനും ആവശ്യമായ സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സ്വരൂപിച്ചിട്ടുണ്ട്. അത് പ്രാവർത്തികമാക്കുന്നതാണ്. അതോടൊപ്പം തന്നെ പാലുല്പാദന വർദ്ധനവിനുവേണ്ടി കാലിത്തീറ്റയിൽ കൃത്യമായ പരിശോധനയ്ക്കുള്ള സംവിധാനങ്ങളില്ല എന്നാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. കേരളാ ഫീഡ്സും മിൽമയും പൊതുമേഖലാ സ്ഥാപനങ്ങൾ എന്ന രീതിയിൽ ഗുണനിലവാരം നിലനിർത്തി കൊണ്ടുള്ള കാലിത്തീറ്റയാണ് ഉല്പാദിപ്പിക്കുന്നത്. അത് സംബന്ധിച്ച് ആക്ഷേപങ്ങളൊന്നും ഉയർന്നുവന്നിട്ടില്ല. പൊതുമേഖലാ സ്ഥാപനങ്ങളിൽ ആ ഗുണനിലവാരം നിലനിർത്തി കൊണ്ടുപോകുന്നതിന് ഗവൺമെന്റ് പരിശ്രമിക്കുന്നതാണ്.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ഇന്ന് ക്ഷീരകർഷകർ വല്ലാത്ത പ്രതിസന്ധിയിലാണ്. കേരളത്തിന് ആവശ്യമായ പാൽ ഉല്പാദിപ്പിക്കാൻ കഴിയാത്ത തരത്തിൽ കാലിത്തീറ്റയുടെ വിലവർദ്ധനവ് കൂടിവരികയാണ്. സ്വകാര്യകമ്പനികൾ യാതൊരുവിധ നിയന്ത്രണവുമില്ലാതെ കാലിത്തീറ്റയുടെ വില കൂട്ടിയിരിക്കുകയാണ്. അത് നിയന്ത്രിക്കുന്നതിനുള്ള ശക്തമായ നടപടി ഗവൺമെന്റ് സ്വീകരിക്കണം. അതുപോലെതന്നെ ക്ഷീരകർഷകർക്ക് പഞ്ചായത്തും ഗവൺമെന്റും സബ്സ്ഡി നൽകുന്നുണ്ട്. എന്നാൽ ഇപ്പോൾ ഏതെങ്കിലും ഒരു സബ്സിഡി മാത്രമാണ് ലഭിക്കുന്നത്. പഞ്ചായത്തിന്റെയും ഗവൺമെന്റിന്റെയും സബ്സിഡി ഒരുമിച്ച് നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; ക്ഷീരകർഷകർക്കുവേണ്ടി ഇന്ന് എന്തെല്ലാം പദ്ധതികളാണ് സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കുന്നത്?

ശ്രീ. കെ. രാജു: സർ, ഗ്രാമപഞ്ചായത്ത് മേഖലയിൽ നിലനിൽക്കുന്ന ഒരു വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. ഗ്രാമപഞ്ചായത്തുകൾ അവരുടെ അതിർത്തിയിലുള്ള ക്ഷീരകർഷകർക്ക് ഒരു ലിറ്റർ പാലിന് പരമാവധി മൂന്ന് രൂപവരെ സബ്സിഡി ലഭിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഗവൺമെന്റ് ഒരു ലിറ്റർ പാലിന് ഒരു രൂപ സബ്സിഡി കൊടുക്കുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. എന്നാൽ ഡി.പി.സി.യും അതിന് മുകളിലുള്ള വിദഗ്ദ്ധരും ആ പദ്ധതി നിലവിലുള്ളതുകൊണ്ട് പഞ്ചായത്തിന്റെ പദ്ധതി നടപ്പാക്കാൻ കഴിയില്ലെന്ന് പറഞ്ഞ് മാറ്റിവച്ച ഒരു സ്ഥിതിയുണ്ടായിരുന്നു. എന്നാൽ അതിന് മാറ്റം വരുത്തിയിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരും തദ്ദേശസ്വയംഭരണ വകുപ്പിന്റെ ചുമതലയുള്ള മന്ത്രിയും പങ്കെടുത്ത യോഗം വിളിച്ചുചേർത്തിരുന്നു. മൂന്ന് രൂപ വരെ തദ്ദേശഭരണ സ്ഥാപനങ്ങൾ സബ്സിഡി കൊടുക്കുന്നതിനുവേണ്ടി നീക്കിവച്ചിട്ടുള്ള പ്രോജക്ട് ഉണ്ടെങ്കിൽ അതിനും അതോടൊപ്പം എല്ലാ കർഷകനും ഒരു രൂപ വച്ച് സർക്കാർ കൊടുക്കുന്ന സബ്സിഡിയും ലഭ്യമാക്കുന്നതിന് ഒരു തടസ്സവുമില്ല. അത്തരം പ്രോജക്ടുകൾക്ക് അംഗീകാരം നൽകുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് കൊടുത്തിട്ടുണ്ട്.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, കരുനാഗപ്പള്ളിയിൽ സ്ഥാപിച്ചിട്ടുള്ള കേരളാ ഫീഡ്സ് ലിമിറ്റഡിന്റെ പ്ലാന്റിനോടനുബന്ധിച്ച് Bypass Protein mini plant നിർമ്മിക്കുന്നതിനായി 2013-ൽ ഒന്നരക്കോടി രൂപ ചെലവഴിച്ച് വാങ്ങിയ ഉപകരണങ്ങൾ കരുനാഗപ്പള്ളിയിൽ എത്തിക്കുകയോ സ്ഥാപിക്കുകയോ ചെയ്യാതെ കേരളാ ഫീഡ്സ് ലിമിറ്റഡിന്റെ ആസ്ഥാന ഓഫീസിൽ മഴയും വെയിലും കൊണ്ട് നശിക്കുന്ന നിലയിലാണ്. കമ്പനിക്ക് ഇതുവഴി ഭീമമായ നഷ്ടമാണ് ഉണ്ടായിട്ടുള്ളത്. ഇതിന് ഉത്തരവാദികളായ ഉന്നത ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ; പ്രസ്തുത പ്ലാന്റ് കരുനാഗപ്പള്ളിയിൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജു: സർ, അങ്ങയുടെ മണ്ഡലമായ കരുനാഗപ്പള്ളിയിൽ കേരളാ ഫീഡ്സിന്റെ ഒരു ഫാക്ടറി പ്രവർത്തിക്കുന്നുണ്ട്. അവിടെ അങ്ങ് ചൂണ്ടിക്കാണിച്ചതു പോലെ മിനി പ്ലാന്റിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് പ്രശ്നമുണ്ടെന്ന് ഇപ്പോഴാണ് മനസ്സിലാകുന്നത്. അതിന്റെ വിശദാംശങ്ങൾ എഴുതി തരികയാണെങ്കിൽ അക്കാര്യം പഠിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, സംസ്ഥാനത്ത് കാലിത്തീറ്റയ്ക്ക് ക്രമാതീതമായി വിലവർദ്ധിക്കാനുള്ള പ്രധാന കാരണം, അതിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ഇതര സംസ്ഥാനങ്ങളിൽ നിന്ന് ലഭ്യമാക്കുകയും അവിടെ അതിന്റെ വില ക്രമാതീതമായി വർദ്ധിക്കുകയും ചെയ്യുന്നതുകൊണ്ടാണ്. ഇതിന്റെ പിറകിൽ കൃത്രിമമായി വിലക്കയറ്റം ഉണ്ടാക്കുന്ന ലോബി പ്രവർത്തിക്കുന്നുണ്ടെന്നാണ് അറിയുന്നത്. അതിനെ നിയന്ത്രിക്കാനുള്ള സംവിധാനം ആലോചിക്കുന്നുണ്ടോ; അതുപോലെ അന്യസംസ്ഥാനത്തുനിന്ന് കൊണ്ടുവരുന്ന അസംസ്കൃത വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്താനുള്ള എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; ആ സംവിധാനം കാര്യക്ഷമമാണോ?

ശ്രീ. കെ. രാജു: സർ, ന്യായവിലയ്ക്ക് ഗുണമേന്മയുള്ള കാലിത്തീറ്റ ക്ഷീര കർഷകർക്ക് സ്ഥിരമായി ലഭിക്കണമെന്നുള്ളത് സർക്കാരിന്റെ നയമാണ്. ഈ നയത്തിന് അനുസൃതമായി പൊതുമേഖലാ സ്ഥാപനങ്ങൾ അസംസ്കൃത പദാർത്ഥങ്ങളുടെ ഗണ്യമായ വിലവർദ്ധനവിനിടയിലും തത്തുല്യമായ വർദ്ധനവ് കാലിത്തീറ്റയുടെ വിലയിൽ വരുത്തിയിട്ടുണ്ട്. അതുകൊണ്ട് പരമാവധി കർഷകരെ സഹായിക്കുന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. കാലിത്തീറ്റയുടെ ഗുണനിലവാരം സംരക്ഷിക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. കാലിത്തീറ്റ ഉത്പാദിപ്പിക്കുന്ന കമ്പനികൾ പ്രസ്തുത ചാക്കുകളുടെ മുകളിൽ എന്തെല്ലാം പദാർത്ഥങ്ങളാണ് അടങ്ങിയിട്ടുള്ളതെന്ന് രേഖപ്പെടുത്തണമെന്ന നിർദ്ദേശം ഇപ്പോൾ ഗവൺമെന്റ് നൽകിയിട്ടുണ്ട്. അതുവഴി കുറച്ചുകൂടി ഗുണനിലവാരം ഉറപ്പുവരുത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതോടൊപ്പം പരിശോധനയ്ക്കാവശ്യമായ സംവിധാനങ്ങളും ഉറപ്പുവരുത്തുന്നതാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ക്ഷീരകർഷകർ നേരിടുന്ന പ്രതിസന്ധിയെക്കുറിച്ച് ഇവിടെ പ്രതിപാദിക്കുകയുണ്ടായി. പാലിന്റെ വില ലിറ്ററിന് 4 രൂപ വർദ്ധിപ്പിച്ചുവെന്ന് പറയുന്നു. ശുദ്ധമായ പാൽ തരുന്ന ക്ഷീരകർഷകന് യഥാർത്ഥത്തിൽ ഇതിന്റെ ഗുണഫലം ലഭിക്കുന്നില്ല. പാലിലെ ഫാറ്റിന്റെ അംശം നോക്കിയാണ് ഇവർക്ക് വില കൂട്ടിക്കൊടുക്കുന്നത്. ഗ്രാമീണമേഖലയിൽ ക്ഷീരകർഷകന് പരമാവധി 30-32 രൂപയാണ് വില ലഭിക്കുന്നത്. അതിന് എസ്.എൻ.എഫ്. (Solid-not-fat)-ന്റെ

ചാർട്ട് അടിയന്തരമായി പരിഷ്കരിക്കേണ്ടതുണ്ടെന്ന് തോന്നുന്നു. അതോടൊപ്പം തന്നെ രണ്ട് സബ്സിഡിയും ഒരേ സമയം കൊടുക്കാൻ വേണ്ടി കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ടെന്ന് മന്ത്രി ഇവിടെ പറയുകയുണ്ടായി. പഞ്ചായത്തിൽ/തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് ഇവർക്ക് ഇതിനുള്ള സബ്സിഡി കിട്ടുന്നില്ല. തദ്ദേശഭരണ സ്ഥാപനങ്ങളോട് സബ്സിഡി കൊടുക്കണമെന്ന നിർദ്ദേശം സർക്കാരിന് കൊടുക്കാൻ കഴിയുമോ എന്നുള്ളത് ആലോചിക്കണം. അതോടൊപ്പംതന്നെ തൊഴിലുറപ്പ് പദ്ധതിയിൽ ക്ഷീരകർഷകരെക്കൂടി ഉൾപ്പെടുത്താൻ ആലോചനയുണ്ടോ എന്നുകൂടി വിശദമാക്കാമോ?

<u>ശ്രീ. കെ. രാജു</u>: സർ, നിരവധി ചോദ്യങ്ങളാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചത്. തൊഴിലുറപ്പ് പദ്ധതിയിൽ ക്ഷീരകർഷകരെക്കൂടി ഉൾപ്പെടുത്തണ മെന്നുള്ളതാണ് ഗവൺമെന്റിന്റെ വ്യക്തമായ നയം. യഥാർത്ഥത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ ഫണ്ട് അനുവദിക്കുന്നതും സ്കീം തയ്യാറാക്കുന്നതുമെല്ലാം കേന്ദ്ര ഗവൺമെന്റാണ്. അതുകൊണ്ട് കേന്ദ്രത്തിനോട് ആവശ്യപ്പെടാൻ മാത്രമേ നമുക്ക് സാധിക്കുകയുള്ളൂ. നിയമസഭ ഏകകണ്ഠമായി പ്രമേയം പാസ്സാക്കിയും കൂടാതെ ഈ ഗവൺമെന്റ് വന്നതിനുശേഷവും കേന്ദ്രത്തോട് ഇക്കാര്യം ആവശ്യപ്പെട്ടിട്ടുണ്ട്. മുൻ കേന്ദ്രഗവൺമെന്റും ഇപ്പോഴത്തെ ഗവൺമെന്റും ക്ഷീരകൃഷിയെ കൃഷിയായി അംഗീകരിക്കാൻ തയ്യാറായിട്ടില്ല. യഥാർത്ഥത്തിൽ കൃഷിയുടെ ഭാഗമായി അംഗീകരിക്കപ്പെട്ടാൽ, കർഷകന് സൊസൈറ്റിയിൽ നിന്നോ ബാങ്കിൽ നിന്നോ ലോൺ ലഭിക്കുമ്പോൾ കൃഷിക്കുള്ള പലിശ നിരക്ക് മാത്രമേ അവരിൽനിന്നും ഈടാക്കുകയുള്ളൂ. ഇപ്പോൾ ക്ഷീരകർഷകൻ ഒരു പശുവിനെ വാങ്ങാൻ ലോണിന് അപേക്ഷിച്ചാൽ 12 ശതമാനം പലിശയാണ് അവരുടെ കയ്യിൽനിന്നും ഈടാക്കുന്നത്. ഇത് വ്യവസായ ആവശ്യത്തിന് വാങ്ങുന്ന അതേ നിരക്കിലുള്ള പലിശയാണ്. കേന്ദ്ര ഗവൺമെന്റാണ് ഇക്കാര്യത്തിൽ സമീപനം സ്വീകരിക്കേണ്ടത്. അതുകൊണ്ട് ഏകകണ്ഠമായി ഇക്കാര്യം വീണ്ടും കേന്ദ്രത്തോട് നമുക്ക് ആവശ്യപ്പെടാം.

അടുത്തകാലത്ത് മിൽമ നടപ്പിലാക്കിയ വിലവർദ്ധനവിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. ഗവൺമെന്റിന് ഒരു കാര്യത്തിൽ സംതൃപ്തിയുണ്ട്. എക്കാലത്തേതിലും കൂടുതൽ വില കർഷകന് ലഭ്യമാകത്തക്ക വിധത്തിലുള്ള വിലവർദ്ധനവാണ് ഇപ്രാവശ്യം വരുത്തിയിട്ടുള്ളത്. അക്കാര്യം മിൽമയെക്കൊണ്ട് അംഗീകരിപ്പിക്കാനും സർക്കാരിന് കഴിഞ്ഞു. പാൽ വില 4 രൂപ വർദ്ധിപ്പിക്കുമ്പോൾ 3 രൂപ 35 പൈസയും കർഷകന് ലഭിക്കുന്നു. വർദ്ധിപ്പിച്ച വിലയുടെ 83.15 ശതമാനം തുക കർഷകന് ലഭിക്കുന്നത് കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ്. അതോടൊപ്പം മുമ്പില്ലാത്ത വിധം ക്ഷീരസംഘങ്ങൾക്ക് 16 പൈസ വർദ്ധിപ്പിച്ചു കൊടുത്തിട്ടുണ്ട്. വർദ്ധിപ്പിച്ച തുകയിൽ നിന്ന് 3 പൈസ ക്ഷീരകർഷക ക്ഷേമനിധിയിലേയ്ക്കും കൊടുത്തിട്ടുണ്ട്.

അതും കർഷകനാണ് ഗുണം ലഭിക്കുന്നത്. 50 വർഷക്കാലമായി നിലനിൽക്കുന്ന ചാർട്ട് പുനഃപരിശോധിച്ച് പുതിയ ചാർട്ട് കൊണ്ടുവരണമെന്നുള്ള നിലയിൽ തന്നെയാണ് ഗവൺമെന്റ് ആലോചിക്കുന്നത്. ഇപ്പോൾ അതിന് തുടക്കം കുറിച്ചിട്ടുണ്ട്. വില വർദ്ധനവ് വന്നതിനുശേഷം ഫാറ്റിന്റെ പെർസെന്റേജ് 3.5 ശതമാനം എന്നത് 3 ശതമാനമായി കുറച്ചിട്ടുണ്ട്. അതിലൂടെയും കർഷകന് കൂടുതൽ വില ലഭിക്കുന്നതാണ്. സാധാരണഗതിയിൽ ഒരു ലിറ്റർ പാലിന് നാല് രൂപ രണ്ട് പൈസ കർഷകന് കിട്ടുന്നുണ്ട്. പാലിന്റെ വർദ്ധിപ്പിച്ച വില കർഷകന് കിട്ടാത്തത് സംബന്ധിച്ച് പത്രങ്ങളിൽ വാർത്ത വന്നിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഇടപെട്ട് പരിശോധന നടത്തിയപ്പോൾ വർദ്ധിപ്പിച്ച വില കർഷകന് കിട്ടുന്നുണ്ട്; അക്കാര്യം സർക്കാർ ഉറപ്പാക്കുന്നതാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിക്കുവേണ്ടി <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, പാൽ ഉല്പാദനരംഗത്ത് വലിയ പ്രതിസന്ധിയാണ് ക്ഷീരകർഷകർ നേരിടുന്നത്. ഉത്പാദിപ്പിക്കപ്പെടുന്ന പാലിന് വിലയില്ലാത്ത അവസ്ഥയും തീറ്റപ്പുൽ ഉത്പാദിപ്പിക്കുന്നതിനാവശ്യമായ സ്ഥലത്തിന്റെ ലഭ്യതക്കുറവും അതിനാവശ്യമായ ചെലവും ക്ഷീരകർഷകരെ വല്ലാതെ പ്രതിസന്ധിയിലാക്കുന്നു. ഇത്തരം സന്ദർഭങ്ങളിൽ മറ്റ് സംസ്ഥാനങ്ങളിൽ ഉത്പാദിപ്പിക്കപ്പെടുന്ന പാലിൽ നിന്ന് ധാരാളം ബൈ പ്രോഡക്ടുകൾ ഉണ്ടാക്കപ്പെടുന്നുണ്ട്. അത്തരമൊരു ബൈ പ്രൊഡക്ട് കേരളത്തിൽ ഉണ്ടാക്കാനാവശ്യമായ നടപടികളുമായി ഗവൺമെന്റ് മുന്നോട്ട് പോകുമോ?

<u>ശ്രീ. കെ. രാജു</u>: സർ, പാൽ കൊണ്ട് ഉല്പാദിപ്പിക്കുന്ന മറ്റ് ഉല്പന്നങ്ങൾക്ക് പ്രോത്സാഹനം നൽകുന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. മിൽമയും നിരവധി പാലുൽപ്പന്നങ്ങൾ നിർമ്മിച്ച് വിദേശത്തേയ്ക്ക് കയറ്റുമതി ചെയ്യുന്നുണ്ട്. നമ്മുടെ സംസ്ഥാനത്തും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലേയ്ക്കും വിപണനം നടത്തുന്നുണ്ട്. കഴിഞ്ഞ പ്രാവശ്യം മിൽമയ്ക്ക് 63 കോടി രൂപ ലാഭമുള്ളതിൽ നല്ലൊരു പങ്കും പാലുൽപ്പന്നങ്ങളുടെ വിൽപ്പനയിൽ നിന്ന് ലഭിച്ചതാണ്. കുടുംബശ്രീയോ മറ്റ് സംവിധാനങ്ങളോ ഉപയോഗിച്ച് പാലുൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള തൊഴിൽ സംരംഭങ്ങൾ നടത്താൻ ക്ഷീരസംഘങ്ങൾ മുന്നോട്ട് വന്നാൽ അവർക്കാവശ്യമായ പ്രോത്സാഹനം വകുപ്പ് നൽകുന്നതാണ്.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, പാലിന്റെ വിലയിൽ നാല് രൂപ വർദ്ധിപ്പിച്ചെങ്കിലും ഗ്രാമീണതലത്തിൽ ക്ഷീരകർഷകർക്ക് ലഭിക്കുന്നത് 28 രൂപ മുതൽ 32 രൂപ വരെ മാത്രമാണ്. അക്കാര്യം പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് ഏറെ ആശ്വാസകരമായ സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയിൽ പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികൾ

ഉയർന്ന പ്രീമിയം തുക ആവശ്യപ്പെടുന്നതുകാരണം വഴിമുട്ടി നിൽക്കുകയാണ്. ക്ഷീരകർഷകരും സംസ്ഥാന സർക്കാരും തദ്ദേശഭരണ സ്ഥാപനങ്ങളും ചേർന്നുള്ള ഈ പദ്ധതിയിൽ ഈ വർഷം നാല്പതിനായിരം പശുക്കളേയും അടുത്ത വർഷത്തോടെ സംസ്ഥാനത്തെ എല്ലാ കന്നുകാലികളെയും കൊണ്ടുവരാനായിരുന്ന സർക്കാരിന്റെ തീരുമാനം പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികൾ വിട്ടുവീഴ്ചയ്ക്ക് തയ്യാറല്ലാത്ത സാഹചര്യത്തിൽ സ്വകാര്യ കമ്പനികളുമായി സഹകരിച്ച് ഈ പദ്ധതി നടപ്പാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

<u>ശ്രീ. കെ. രാജു</u>: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ പൊതുമേഖലയിലെ ഇൻഷ്വറൻസ് കമ്പനികളുമായി നിരവധി തവണ ചർച്ചകൾ നടത്തിയതിന്റെ ഫലമായി അവർ ക്വാട്ട് ചെയ്ത തുകയിൽനിന്ന് ഒരു കമ്പനി തുക കുറച്ച് തരാൻ തയ്യാറായിട്ടുണ്ട്. ആ കമ്പനിയുമായി കരാറിൽ ഏർപ്പെടാനാണ് ഗവൺമെന്റ് ആലോചിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഈ സാമ്പത്തിക വർഷംതന്നെ സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കും. ഈ വർഷം നാല്പതിനായിരത്തോളം പശുക്കളെയും അടുത്ത വർഷം മുതൽ എല്ലാ കന്നുകാലികളെയും ഇൻഷ്വറൻസിന്റെ പരിധിയിൽ കൊണ്ടുവരാനാണ് ഗവൺമെന്റ് ലക്ഷ്യമിട്ടിട്ടുള്ളത്. കന്നുകാലി കർഷകരെ സംബന്ധിച്ച് ഇത് വലിയ നേട്ടമായിരിക്കും. കാരണം 75 ശതമാനത്തോളം പ്രീമിയം തുക ഗവൺമെന്റ് വിഹിതമായി നൽകും. പ്രീമിയത്തിന്റെ 50 ശതമാനം തുക സർക്കാരും 25 ശതമാനം തുക തദ്ദേശഭരണ സ്ഥാപനങ്ങളും നൽകും. ബാക്കിവരുന്ന 25 ശതമാനം തുക മാത്രം കർഷകൻ വഹിച്ചാൽ മതി. അതനുസരിച്ചുള്ള സർക്കുലർ തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകിയിട്ടുണ്ട്. ഈ മേഖലയിലെ കർഷകരെ രക്ഷിക്കുന്നതിനുവേണ്ടി അത്തരമൊരു പദ്ധതി കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ളത്.

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u>: സർ, പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് കൃഷിക്കാരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പാലിന്റെ വില വർദ്ധിപ്പിച്ചത് നല്ല കാര്യമാണ്. ക്ഷീരകർഷകർ ഇന്ന് ധാരാളം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. അതിൽ പ്രധാനം വിലക്കുറവ് തന്നെയാണ്. വില വർദ്ധിപ്പിച്ചാൽ പ്രക്ഷോഭവുമായി പല ആളുകളും വരികയാണ്. പാലിന്റെ വില കൂടിപ്പോയെന്ന് പറയുന്നവരോട് ഒരു പശുവിനെ വാങ്ങി വളർത്താൻ ഗവൺമെന്റ് തന്നെ ആവശ്യപ്പെടണം. രാവിലെയും വൈകുന്നേരവും പാൽ ഫ്രീയായി കിട്ടുമെന്നും ഒരു പൈസയും കൊടുക്കേണ്ടെന്നും പറഞ്ഞ് അവരെ പ്രോത്സാഹിപ്പിക്കുന്ന ഒരു നയം ഗവൺമെന്റ് കൊണ്ടുവരണം. കൃഷിക്കാരെ സഹായിക്കാനായി ഒരു ചെറിയ തുക വർദ്ധിപ്പിക്കുമ്പോൾ അതിനെതിരായി നിൽക്കുന്ന ആളുകളോട് അത് പറഞ്ഞ് ബോദ്ധ്യപ്പെടുത്താനുള്ള ശ്രമം നടത്തണം.

പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് കൃഷിക്കാരെ സഹായിക്കാനായി പാലിന് ഒരു ചെറിയ സംഖ്യ കൂട്ടിയപ്പോൾ മിൽമ ഉൾപ്പെടെ കാലിത്തീറ്റ ഉല്പാദിപ്പിക്കുന്ന ഫാക്ടറികൾ കാലിത്തീറ്റയുടെ വില വർദ്ധിപ്പിച്ചു. അതുകൊണ്ട് പാൽ വില വർദ്ധിപ്പിച്ചതിന്റെ ഗുണം കൃഷിക്കാരന് ലഭിക്കുന്നില്ലെന്നുള്ളത് വളരെ ഗൗരവമായി കാണേണ്ടതാണ്. കൃഷിക്കാരനുവേണ്ടി 50 പൈസയോ 2 രൂപയോ വർദ്ധിപ്പിക്കാമെന്ന് നിശ്ചയിച്ചപ്പോൾ അതിനേക്കാൾ വില കാലിത്തീറ്റയ്ക്ക് വർദ്ധിപ്പിക്കുന്നു എന്നകാര്യം ഗൗരവമായി കണ്ട് കാലിത്തീറ്റയുടെ വില കുറയ്ക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ?

<u>ശ്രീ. കെ. രാജു</u>: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച വിഷയം കേരളത്തിൽ സാധാരണ നടന്നുവരുന്ന കാര്യമായിരുന്നു. പാലിന്റെ വില വർദ്ധിപ്പിച്ചാൽ ഉടൻതന്നെ കാലിത്തീറ്റയുടെ വില വർദ്ധിപ്പിക്കുകയും ആ ഗുണം കർഷകന് കിട്ടാതാക്കുകയും ചെയ്യുന്ന സമീപനം ഉണ്ടെന്നുള്ളത് ശരിയാണ്. പാലിന്റെ വില വർദ്ധിപ്പിച്ചതുകൊണ്ട് കാലിത്തീറ്റയുടെ വില വർദ്ധിപ്പിക്കാൻ പാടില്ലെന്നുള്ള സമീപനമാണ് ഗവൺമെന്റ് അക്കാര്യത്തിൽ സ്വീകരിച്ചിരിക്കുന്നത്. മിൽമ, കേരളാ ഫീഡ്സ് എന്നിവയുടെ ഉല്പാദനത്തിന്റെയും വിലയുടെയും കാര്യത്തിലാണ് ഗവൺമെന്റിന് നിയന്ത്രണം ഏർപ്പെടുത്താൻ കഴിയുന്നത്. അവിടെ വർദ്ധനവുണ്ടാക്കാൻ പാടില്ലെന്ന കർശന നിർദ്ദേശം കൊടുത്തിട്ടുണ്ട്. ലോക്കൽ സെയിൽസ് നടക്കുന്ന സ്ഥലങ്ങളിൽ ഇരുപത്തിയെട്ടോ മുപ്പത്തിരണ്ടോ രൂപയല്ല കിട്ടുന്നത് ; നല്ല പാൽ കൊടുത്താൽ ലിറ്ററിന് 50 രൂപ വരെ വിലകിട്ടുന്നുണ്ട്. എന്നുകരുതി ക്ഷീരകർഷകന് ആദായകരമാണെന്ന് ഞാൻ പറയുന്നില്ല, കാരണം അവരുടെ അദ്ധ്വാനം വളരെ വലുതാണ്. പാലിന് കുറച്ചുകൂടി വില ലഭിക്കണമെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ക്ഷീരമേഖലയിലെ കാര്യങ്ങളിൽ മന്ത്രി കാണിക്കുന്ന താല്പര്യം വളരെയേറെ പ്രശംസാർഹമാണ്. അങ്ങ് മറുപടി പറയുമ്പോൾ ചരിത്രത്തിലാദ്യമാണെന്ന് ആവർത്തിച്ചാവർത്തിച്ച് പറയുന്നത് വസ്തുതാപരമല്ല. കാരണം കഴിഞ്ഞ പ്രാവശ്യം 5 രൂപ വില വർദ്ധിപ്പിച്ചപ്പോൾ 4 രൂപ 20 പൈസ കൃഷിക്കാരന് കൊടുത്തു.

ഈ രംഗത്ത് സർക്കാരിന്റെ പിൻബലമില്ലെങ്കിൽ കൃഷിക്കാർക്ക് നിലനിൽപ്പില്ല. കാരണം കായികാധ്വാനം ആവശ്യമായ പണികൾക്ക് മലയാളികൾ തയ്യാറല്ല. അങ്ങ് പറഞ്ഞതുപോലെ തദ്ദേശഭരണ സ്ഥാപനങ്ങൾ സഹായം കൊടുക്കുന്നുണ്ട്. അതിന് തടസ്സമുണ്ടാകാൻ പാടില്ല. നാളെയും കൊടുക്കണം. ബഹുമാനപ്പെട്ട മന്ത്രി ഡോ. ടി. എം. തോമസ് ഐസക് ഈ സഭയിൽവച്ച് ഒരു പ്രഖ്യാപനം നടത്തി.

കർഷക പെൻഷൻ 600 രൂപയാക്കണമെന്ന് ഞാൻ ആവശ്യപ്പെട്ടു. അങ്ങനെ വർദ്ധിപ്പിച്ച് അതിന്റെ ക്രെഡിറ്റ് കെ. സി. ജോസഫ് എടുക്കേണ്ടെന്നും ഞാനത് 1000 രൂപയാക്കുമെന്നും അദ്ദേഹം ഈ സഭയിൽ പറഞ്ഞു. അതൊരു solemn promise ആണ്. കർഷക പെൻഷൻ 1000 രൂപ ആക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനെന്താണ് കാരണം? 1000 രൂപ ആക്കിയെങ്കിൽ അതിനാവശ്യമായ പണം ധനകാര്യവകുപ്പ് കൊടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ മന്ത്രി അത് ടേക്ക് അപ് ചെയ്യുമോ?

ശ്രീ. കെ. രാജു: സർ, അങ്ങയുടെ കാലത്ത് 2014-ൽ പാൽ വില കൂട്ടിയപ്പോഴുള്ള ശതമാനം ഞാൻ കണക്കാക്കി. 78 ശതമാനവും ചില്ലറയുമാണ് വർദ്ധിപ്പിച്ച വിലയുടെ വിഹിതമായി അന്ന് കർഷകന് ലഭിച്ചത്. ഇന്ന് അത് 83 ശതമാനമായി. അതുകൊണ്ടാണ് ചരിത്രത്തിലാദ്യമായി എന്ന് ഞാൻ സൂചിപ്പിച്ചത്.

ക്ഷേമനിധിയിൽ നിന്നുള്ള പെൻഷനാണ് 500 രൂപ. ക്ഷീരകർഷകന്റെ പെൻഷൻ 1000 രൂപയായി വർദ്ധിപ്പിക്കുമെന്ന് ഈ ഫ്ലോറിൽ തന്നെ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിട്ടുണ്ട്. ബഡ്ജറ്റ് വരാൻ പോകുകയാണ്. സ്വാഭാവികമായും ആ വാഗ്ദാനം നടപ്പിലാക്കുമെന്ന് പ്രതീക്ഷിക്കാമെന്നാണ് ഈ അവസരത്തിൽ പറയാനുള്ളത്. ക്ഷീരകർഷകരുടെ പെൻഷൻ ആയിരം രൂപയായി വർദ്ധിപ്പിക്കുമെന്നുള്ള തീരുമാനം ഇവിടെ മാത്രമല്ല പുറത്തും അറിയിച്ചിട്ടുണ്ട്. അതനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്. ക്ഷീരകർഷക ക്ഷേമനിധിയിൽനിന്നുള്ള അംശദായം കൊണ്ടുമാത്രം ഈ പറയുന്ന രീതിയിലുള്ള പെൻഷൻ കൊടുക്കാൻ കഴിയില്ല. അതുകൊണ്ട് ബഡ്ജറ്റിൽ ഉൾപ്പെടുത്തി ബാക്കി തുക നൽകുമെന്നും അദ്ദേഹം പറഞ്ഞിട്ടുണ്ട്.

ശ്രീ. കെ. വി. വിജയദാസ്: സർ, ഉല്പാദന ചെലവിനനുസരിച്ച് പാലിന്റെ വില ലഭ്യമാക്കണമെന്നുള്ളത് ക്ഷീരകർഷകരുടെ ഏറ്റവും ജീവത്തായ ആവശ്യമാണ്. ഇപ്പോൾ എൽ.ഡി.എഫ്. ഗവൺമെന്റ് നാല് രൂപ വർദ്ധിപ്പിച്ചെങ്കിലും മൂന്ന് രൂപ മുപ്പത്തിയഞ്ച് പൈസ മാത്രമാണ് കർഷകർക്ക് ലഭിക്കുന്നത്. ഒരു ചെലവുമില്ലാത്ത മിൽമയ്ക്ക് എന്തിനാണ് 65 പൈസ കൊടുക്കുന്നത്. ഒട്ടേറെ ലാഭം കൊയ്തെടുക്കുന്ന ഒരു സ്ഥാപനമാണ് മിൽമ. വെണ്ണ, നെയ് തുടങ്ങിയ ഉപോല്പന്നങ്ങളെല്ലാം വിറ്റ് വലിയ ലാഭം കൊയ്തെടുക്കുന്ന മിൽമയ്ക്ക് 65 പൈസ ലഭ്യമാകുന്നു. അതിന് കാരണം വില്പനവിലയിലാണ് ഇവിടെ പാലിന്റെ വില നിശ്ചയിക്കുന്നത് എന്നതാണ്. അതുമാറ്റി സംഭരണ വിലയിൽ വില നിശ്ചയിക്കാൻ കഴിയണം. എങ്കിൽ മാത്രമേ വർദ്ധിപ്പിച്ച തുക മുഴുവൻ ക്ഷീരകർഷകർക്ക് ലഭ്യമാകുകയുള്ളൂ. അതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. കെ. രാജു: സർ, വർദ്ധിപ്പിച്ച വില പൂർണ്ണമായും കർഷകർക്ക് ലഭ്യമാക്കണമെന്ന നിലപാടും നയവുമാണ് ഗവൺമെന്റിനുള്ളത്. മിൽമയുമായി അക്കാര്യങ്ങൾ സംസാരിച്ച് ധാരണയായിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത് പോലെ 65 പൈസ മിൽമയ്ക്ക് ലഭിക്കുന്നില്ല. വർദ്ധിപ്പിച്ച നാല് രൂപയിൽ കേവലം 14 പൈസ മാത്രമാണ് മിൽമയ്ക്ക് ലഭിക്കുന്നത്. ബാക്കിയുള്ളതിൽ 3 രൂപ 35 പൈസ ക്ഷീരകർഷകനും 32 പൈസ ക്ഷീരസംഘത്തിനുമാണ്. ക്ഷീരസംഘത്തിന്റെ 32 പൈസയിൽ 16 പൈസ ക്ഷീരസംഘം ജീവനക്കാർക്കാണ്. ക്ഷീരസംഘത്തിലെ താഴെത്തട്ടിലുള്ള ജീവനക്കാർക്ക് രണ്ടായിരം മുതൽ നാലായിരം രൂപ വരെയാണ് ശമ്പളമായി കിട്ടുന്നത്. സെക്ഷൻ 80 അനുസരിച്ചുള്ള ശമ്പളം കൊടുക്കണമെന്ന നിർദ്ദേശമുണ്ടെങ്കിലും അത് കൊടുക്കാനുള്ള നിവൃത്തി പല ക്ഷീരസംഘങ്ങൾക്കുമില്ല. അതുകൊണ്ട് ജീവനക്കാർക്ക് കുറച്ചുകൂടി മാന്യമായ ശമ്പളം കൊടുക്കത്തക്ക രീതിയിൽ അവർക്ക് 16 പൈസയും സംഘത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ക്ഷീര സംഘത്തിന് 16 പൈസയും ക്ഷീരക്ഷേമനിധിക്കുവേണ്ടി മൂന്ന് പൈസയുമാണ് ലഭിക്കുന്നത്. വർദ്ധിച്ച വിലയിൽ 14 പൈസയാണ് ഇപ്പോൾ മിൽമയ്ക്ക് കിട്ടുന്നത്.

ഡോ. എൻ. ജയരാജ്: സർ, സംസ്ഥാനത്ത് ലഭ്യമാകുന്ന പാലിന്റെ ഗുണനിലവാരവുമായി ബന്ധപ്പെട്ട് നിരവധി ചർച്ചകൾ ഇവിടെ നടത്തിയിരുന്നു. എ 2-ബീറ്റ എന്നുപറയുന്ന മൂലകവുമായി ബന്ധപ്പെട്ടുള്ള പാലിന് ഗുണനിലവാര മില്ലെന്ന് പലപ്പോഴും കണ്ടെത്തിയിട്ടുള്ളതാണ്. നാടൻ പശുക്കളിൽ അതിന്റെ അംശം വളരെ കൂടുതലുമാണ്. നാടൻ പശുക്കൾ പ്രത്യേകിച്ച് വൈക്കം പ്രദേശത്ത് കാണപ്പെടുന്ന വെച്ചൂർ പശു, കാസർഗോഡ് ഭാഗത്ത് കാണപ്പെടുന്ന വടകര പശു തുടങ്ങിയവ ഇപ്പോൾ അന്യമായിക്കൊണ്ടിരിക്കുന്ന സാഹചര്യമുണ്ട്. മാത്രമല്ല, ഒരു വീട്ടിൽ ഒരു പശു ഉണ്ടെങ്കിൽ ജീവിക്കാൻ സാധിക്കും. പാലുല്പാദനം വർദ്ധിപ്പി ക്കുന്നതിനോടൊപ്പംതന്നെ നാടൻ പശുക്കളെ കൂടുതലായി വളർത്തുന്നതിന് പ്രോത്സാഹജനകമായ നടപടി സ്വീകരിച്ചാൽ കുറേക്കൂടി ഗുണമേന്മയുള്ള പാൽ ലഭിക്കും. ശ്രീ. ജി. എസ്. ജയലാൽ സൂചിപ്പിച്ച 'സൈലന്റ് കില്ലർ' വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. അറിയാതെയാണെങ്കിലും കൊളസ്ട്രോൾ ഉൾപ്പെടെയുള്ള രോഗങ്ങൾ പാലിൽ നിന്നുണ്ടാകുന്നുവെന്ന് ചില ഗവേഷണങ്ങളിൽ കണ്ടെത്തിയിരിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ നാടൻ പശുക്കളെ കൂടുതലായി വളർത്താനുള്ള നടപടി കൂടി ഇതിന്റെ ഭാഗമായി സ്വീകരിക്കുമോ?

ശ്രീ. കെ. രാജു: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശം വളരെ സ്വീകാര്യമാണ്. പഴയകാലത്ത് ഉണ്ടായിരുന്ന നാടൻ പശുക്കൾ അന്യം നിന്നുപോകുന്ന ഒരു സ്ഥിതിയിലേയ്ക്കാണ് പോകുന്നത്. അദ്ദേഹം സൂചിപ്പിച്ച വെച്ചൂർ പശു ഔഷധഗുണമുള്ളതും ഏറ്റവും കൂടുതൽ പാൽ ലഭിക്കുന്നതുമായ ഒരിനമാണ്. അത്തരത്തിലുള്ള നാടൻ പശുക്കളെ കൂടുതലായി വളർത്തുന്നതിന് പ്രോത്സാഹനം നൽകുന്ന സമീപനം ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. ഇ. പി. ജയരാജൻ: സർ, നമ്മുടെ സംസ്ഥാനത്ത് പാലിന് നല്ല മാർക്കറ്റുണ്ട്. എന്നാൽ ആവശ്യത്തിനനുസരിച്ചുള്ള പാൽ ഇവിടെ നിന്ന് ഉല്പാദിപ്പിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് കർഷകർക്ക് കൂടുതൽ പശുക്കളെ വളർത്താനും പാൽ സംഭരിക്കാനുമുള്ള നടപടിയാണ് ഏറ്റവും ആവശ്യമായിട്ടുള്ളത്. ഇപ്പോൾ മിൽമ വിപണനം നടത്തിക്കൊണ്ടിരിക്കുന്ന പാലിൽ വലിയൊരു ഭാഗവും തമിഴ്നാട്ടിൽ നിന്ന് പാൽപ്പൊടി കലക്കി പായ്ക്കറ്റിലാക്കി കേരളത്തിലെ മാർക്കറ്റിൽ കൊണ്ടുവന്ന് വിൽക്കുകയാണ് ചെയ്യുന്നത്. ഇത് കർശനമായി നിരോധിച്ചുകൊണ്ട് കൃഷിക്കാർക്ക് പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനും പരമാവധി വില നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുകയാണ് വേണ്ടത്. തമിഴ്നാട്ടിൽ നിന്ന് ഇവിടെ കൊണ്ടുവന്ന് സപ്ലൈ ചെയ്യുന്ന പായ്ക്കറ്റ് പാലിന്റെ വിലയുൾപ്പെടെയാണ് ഇപ്പോൾ വർദ്ധിപ്പിച്ചിരിക്കുന്നത്. അത് തെറ്റായ ഒരു നിലപാടിലേയ്ക്കാണ് പോകുന്നത്. ഇത് പഴയ കാലം മുതൽ തുടർന്നുവരുന്ന ഒരു പാരമ്പര്യമാണ്. അത് ഗവൺമെന്റ് ഇടപെട്ട് അവസാനിപ്പിച്ച് ക്ഷീര കർഷകർക്കുവേണ്ടി ഈ രംഗത്ത് വളരെ ശക്തമായ ഒരു ഇടപെടൽ നടത്തുമോ ?

ശ്രീ. കെ. രാജു: സർ, തമിഴ്നാട്ടിൽ നിന്നുവരുന്ന കവർ പാലിനും വില വർദ്ധിപ്പിച്ചു എന്ന് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത് സംബന്ധിച്ച് പരിശോധിക്കാം. ആ കവർ പാലിന്റെ വില വർദ്ധിപ്പിക്കാതെ മറ്റ് പാലിന്റെ വില പ്രത്യേകമായി എങ്ങനെയെന്നത് സംബന്ധിച്ച് പ്രായോഗികമായി പരിശോധിക്കേണ്ട വിഷയമാണ്. അതും പരിശോധിക്കാം. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് പാൽ വരുന്നത് പൂർണ്ണമായി ഒഴിവാക്കാൻ കഴിയാത്ത സ്ഥിതിയാണ് സംസ്ഥാനത്തുള്ളത്. കാരണം പാലിന്റെ കാര്യത്തിൽ നമ്മൾ സ്വയംപര്യാപ്തത നേടിയിട്ടില്ല. വരുന്ന രണ്ടുവർഷത്തിനുള്ളിൽ പാലിന്റെ കാര്യത്തിൽ സ്വയംപര്യാപ്തത നേടണമെന്ന ഒരു ലക്ഷ്യം ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. അതിനനുസൃതമായിട്ടുള്ള സഹായം കൃഷിക്കാർക്ക് നൽകിവരികയാണ്. നമുക്കാവശ്യമുള്ള 30 ശതമാനത്തോളം പാൽ അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരേണ്ട സ്ഥിതിയാണുള്ളത്. എങ്കിലും അത് ഗുണമേന്മയുള്ള പാലാണെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ സംവിധാനങ്ങൾ ഒരുക്കുന്നതിനും അതിനുവേണ്ടി ചെക്ക്പോസ്റ്റുകൾ സ്ഥാപിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് ഗവർണർ നയപ്രഖ്യാപന പ്രസംഗത്തിൽത്തന്നെ പറഞ്ഞിട്ടുണ്ട്.

## ലഹരിക്കായി മരുന്നുകൾ ദുരുപയോഗം ചെയ്യുന്ന പ്രവണത

3 (*62) ശ്രീ. കെ. രാജൻ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരിക്കായി 'ബട്ടൺ മരുന്ന്' എന്ന പേരിൽ മരുന്ന് വില്പന നടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാനസിക രോഗത്തിനുള്ള പല മരുന്നുകളും ഇത്തരത്തിൽ ലഹരിക്കായി ദുരുപയോഗപ്പെടുത്തുന്ന പ്രവണത വർദ്ധിച്ചുവരുന്നത് തടയുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) മറ്റ് ലഹരി വസ്തുക്കളെ അപേക്ഷിച്ച് വിലക്കുറവുള്ളതുമൂലമാണോ ഇത്തരം മരുന്നുകളോട് താല്പര്യം കൂടുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി ആരോഗ്യ വകുപ്പുമായി ചേർന്നുള്ള പരിശോധനകൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്പാസ്മോ പ്രോക്സിമോ എന്ന ഗുളികയാണ് വിദ്യാർത്ഥികൾക്കിടയിൽ 'ബട്ടൺ മരുന്ന്' എന്ന പേരിൽ അറിയപ്പെടുന്നത്.

(ബി) നടപടി ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് മെഡിക്കൽ സ്റ്റോറുകളിൽ ചുമയ്ക്കെതിരെ ഉപയോഗിക്കുന്ന കഫ് സിറപ്പുകളും വേദന സംഹാരികളും മനോരോഗ ചികിത്സയ്ക്കുള്ള ഔഷധങ്ങളും ഉൾപ്പെടെയുള്ള ചില മരുന്നുകൾ ലഹരി മരുന്നുകളായി വ്യാപകമായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദ്യാർത്ഥികളിൽ ഇത്തരം മരുന്നുകളുടെ ഉപയോഗം തടയുന്നതിന് നിയമം അനുശാസിക്കുന്ന രീതിയിലാണ് ടി മരുന്നുകൾ സൂക്ഷിക്കുന്നതെന്നും വില്പന നടത്തുന്നതെന്നും ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഓരോ ജില്ലയിലെയും ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെയും മെഡിക്കൽ സ്റ്റോർ ഉടമകളുടെ അസോസിയേഷൻ പ്രതിനിധികളുടെയും യോഗം വിളിച്ചുകൂട്ടി, മെഡിക്കൽ സ്റ്റോർ ഉടമകൾക്ക് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ മുഖാന്തരം ഇതിനാവശ്യമായ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. സ്കൂളുകളുടെ പരിസരങ്ങളിലുള്ള മെഡിക്കൽ സ്റ്റോറുകളിൽ ഇത്തരത്തിലുള്ള മരുന്നുകളുടെ വിപണനം ഡോക്ടറുടെ കുറിപ്പടി ഇല്ലാതെയാണോ നടക്കുന്നതെന്നും ഇത്തരം മരുന്നുകൾ വളരെക്കൂടുതലായി സ്റ്റോക്ക് ചെയ്ത് വിപണനം നടത്തുന്നുണ്ടോയെന്നും പരിശോധിച്ച് ആവശ്യമായ കേസ് രജിസ്റ്റർ ചെയ്യാൻ എക്സൈസ് വകുപ്പിന് അധികാരമില്ലാത്തതാണ്. എന്നാൽ വിഷയത്തിന്റെ ഗൗരവം പരിഗണിച്ച് ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ കൺട്രോളർ ഉൾപ്പെടെയുള്ള മുതിർന്ന ഉദ്യോഗസ്ഥരുമായി എക്സൈസ് കമ്മീഷണർ വിശദമായ ചർച്ച നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഇത്തരം മരുന്നുകൾ കൂടുതലായി വിറ്റഴിക്കപ്പെടുന്നുവെന്ന് സംശയം തോന്നുന്ന മെഡിക്കൽ ഷോപ്പുകളിൽ ടി സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനത്തെ ബാധിക്കാത്ത തരത്തിൽ അതാത് ജില്ലകളിലെ ഡ്രഗ്സ് കൺട്രോൾ ഉദ്യോഗസ്ഥരുമായി ചേർന്ന് വിശദമായ പരിശോധന നടത്താൻ എല്ലാ ജില്ലകളിലെയും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വിലക്കുറവിനേക്കാൾ കൈകാര്യം ചെയ്യുന്നതിനും ഒളിപ്പിച്ച് വയ്ക്കുന്നതിനും സൗകര്യമുള്ളതിനാലും മണമില്ലാത്തതിനാലും ഇത്തരം കേസ്സുകളിൽ മതിയായ ശിക്ഷ കിട്ടാത്തതും ടി ലഹരി വസ്തുക്കളോട് താൽപ്പര്യം കൂടുന്നതിന് കാരണമാണ്.

(ഡി) ആരോഗ്യ വകുപ്പ്, ഡ്രഗ്സ് കൺട്രോൾ വകുപ്പ് എന്നിവയുമായി ബന്ധപ്പെട്ട് നിലവിൽ പരിശോധനകൾ നടത്തിവരുന്നുണ്ട്.

ശ്രീ. കെ. രാജൻ: സർ, കേരളത്തിൽ മയക്കുമരുന്നിന്റെ ഉപഭോഗം വളരെക്കൂടുതലായി വരുന്നതായാണ് കണക്കുകൾ രേഖപ്പെടുത്തുന്നത്. നമ്മുടെ നാട്ടിൽ വളർന്നുകൊണ്ടിരിക്കുന്ന ഡി.ജെ. പാർട്ടിയുൾപ്പെടെയുള്ള സംവിധാനങ്ങളെ സഹായിക്കാനായി വിദേശത്തുനിന്ന് വ്യാപകമായി മയക്കുമരുന്ന് ഇറക്കുമതി ചെയ്തിട്ടുണ്ടെന്ന് കഴിഞ്ഞ മൂന്നുനാല് മാസക്കാലമായി പത്ര-മാധ്യമങ്ങൾ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ള കാര്യമാണ്. ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്ത് കർശനമായ പരിശോധനാ സംവിധാനമുള്ളപ്പോൾ വളരെ വ്യാപകമായി ഇത് വിപണനം ചെയ്യപ്പെടുന്നത് തടയാൻ സർക്കാരിന് ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശമുണ്ടോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഇത് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ വളരെ ഗൗരവമായ പ്രശ്നം തന്നെയാണ്. ഈ അപകടം തടയാൻ വിവിധ വകുപ്പുകളുടെ സംയോജനം പ്രധാനപ്പെട്ടതാണ്. എക്സൈസ്, പോലീസ്, ഹെൽത്ത് തുടങ്ങിയ വകുപ്പുകളുടെ യോജിച്ച പ്രവർത്തനങ്ങളിലൂടെ ഈ അപകടത്തെ തടയാൻ കഴിയണം. അതിനനുസൃതമായ നിലപാടാണ് ഈ പ്രശ്നത്തിൽ ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്.

ശ്രീ. കെ. രാജൻ: സർ, കേരള സർക്കാർ നടപ്പിലാക്കിയ 'വിമുക്തി' എന്ന ക്യാമ്പെയിൻ വളരെ ശ്രദ്ധേയമായി മണ്ഡലങ്ങളിൽ ഇപ്പോൾ നടപ്പിലാക്കി വരുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞതുപോലെ സ്കൂൾ പരിസരത്തുള്ള മെഡിക്കൽ സ്റ്റോറുകളിലല്ല ഇത് വിപണനം ചെയ്യുന്നത്. പല രൂപത്തിൽ പല ധാരണയുടെ അടിസ്ഥാനത്തിൽ പ്രത്യേകിച്ച് കഴിഞ്ഞ ഗവൺമെന്റിന്റെ മദ്യ നയത്തിനുശേഷം ഇത് വളരെ വ്യാപകമായി നമ്മുടെ നാട്ടിലെ ചെറിയ ചെറിയ കേന്ദ്രങ്ങളിൽപ്പോലും വിപണനം ചെയ്യുന്നുണ്ടെന്ന വ്യാപകമായ പരാതിയുണ്ട്. അത് കേവലം ബട്ടൺ മരുന്ന് മാത്രമല്ല, സ്റ്റിക്കർ ഉൾപ്പെടെ പല രൂപത്തിൽ ഇത് വിപണനം ചെയ്യുന്നുണ്ടെന്ന ധാരണയുടെ അടിസ്ഥാനത്തിൽ കേവലം മെഡിക്കൽ സ്റ്റോറുകളുടെ പരിശോധനയല്ല വേണ്ടത്; സ്കൂൾ പരിസരത്തുനിന്നും ഇത് പൂർണ്ണമായും ഇല്ലാതാക്കുന്നതിനുവേണ്ടി വകുപ്പുകളെ യോജിപ്പിച്ചുകൊണ്ടുള്ള കർശനമായ ഒരു നടപടികൊണ്ട് മാത്രമേ സാധ്യമാകുകയുള്ളൂ. ഇതിനുവേണ്ടി ഒരു ജനകീയ പ്രതിരോധം സംഘടിപ്പിക്കാൻ എക്സൈസ് വകുപ്പ് നടപടി സ്വീകരിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഗവൺമെന്റ് നേതൃത്വം നൽകി തുടക്കം കുറിച്ചിട്ടുള്ള ലഹരി വർജ്ജന മിഷൻ, 'വിമുക്തി' കേരളത്തിൽ വളരെ ഫലപ്രദമായി പ്രവർത്തിച്ചുവരികയാണ്. ഈ പ്രസ്ഥാനത്തിലൂടെ മദ്യത്തെക്കാൾ അപകടകരമായ ലഹരി പദാർത്ഥങ്ങൾ ഉൾപ്പെടെ തടയുന്നതിനുള്ള നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. ഡ്രഗ്സ് മാത്രമല്ല മറ്റ് മയക്കുമരുന്നുകളും വിദ്യാർത്ഥികളിലും മറ്റ് വിഭാഗങ്ങളിലും വലിയ തോതിൽ സ്വാധീനം ചെലുത്തിവരുന്നുണ്ട്. ഇത് തടയുന്നതിന് കർശനമായ നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. അതിന് സഹായകരമായ എൻഫോഴ്സ്മെന്റ് സംവിധാനം സംസ്ഥാനത്ത് ശക്തിപ്പെടുത്തിയിട്ടുണ്ട്. 2017 ജനുവരി 31 വരെ 2508 എൻ.ഡി.പി.എസ്. കേസ്സുകളും പുകയിലയുമായി ബന്ധപ്പെട്ട 48568 കോട്പാ കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2015-16 വർഷത്തിൽ 1144 എൻ.ഡി.പി.എസ്. കേസ്സുകളും 6909 കോട്പാ കേസ്സുകളും മാത്രമാണ് എടുത്തിട്ടുള്ളത്. ഈ രണ്ടു വർഷത്തെ കേസ്സുകളുടെ എണ്ണം പരിശോധിച്ചതിൽ എൻ.ഡിപി.എസ്. കേസ്സുകളുടെ എണ്ണത്തിൽ 119 ശതമാനം വർദ്ധനവും കോട്പാ കേസ്സുകളുടെ എണ്ണത്തിൽ 603 ശതമാനം വർദ്ധനവുമാണ് ഉണ്ടായിട്ടുള്ളത്. മേയ് 25 മുതൽ ജനുവരി 31 വരെയുള്ള കണക്കാണ് ഞാൻ പറയുന്നത്. മാരകമായ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം തടയുന്നതിന് ഗവൺമെന്റ് കർശനമായ നിലപാട് സ്വീകരിച്ചു വരുന്നുണ്ട്. എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തി ഇത് തടയാനുള്ള പരമാവധി ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇക്കാര്യത്തിൽ ജനങ്ങളുടെയാകെ സഹകരണം ആവശ്യമാണ്. ജനങ്ങളുടെ സഹകരണത്തോടെ, വിപുലമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ ഈ ആപത്തിൽ നിന്നും സമൂഹത്തെ നമുക്ക് മോചിപ്പിക്കാൻ കഴിയണം. ആ ലക്ഷ്യം വച്ചുകൊണ്ടുള്ള നടപടികളാണ് ഗവൺമെന്റ് ഇക്കാര്യത്തിൽ സ്വീകരിച്ചു വരുന്നത്.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, 'സ്വർഗ്ഗത്തിലൂടെ നരകത്തിലേയ്ക്ക് 'എന്ന് ലഹരിയുമായി ബന്ധപ്പെട്ട ഒരു പൊതു സംസാരമുണ്ട്. ജീവിതത്തിൽ സ്വർഗ്ഗം കിട്ടാനുള്ള മോഹം കൊണ്ട് ലഹരിക്കുവേണ്ടി അവർ ആദ്യം മരുന്നിനും പിന്നെ മാഫിയകളുടെ പിടിയിലും അവസാനം ജീവിതത്തിന്റെ നരകത്തിലും ചെന്നു ചേരുകയാണ് ചെയ്യുന്നത്. കേരളത്തിന് മാത്രം ഈ ലഹരി സഞ്ചാര പാതയെ മുഴുവൻ നിരോധിക്കാൻ സാധിക്കുകയില്ല. എറണാകുളത്തുനിന്നും അറസ്റ്റ് ചെയ്തവരിൽ ആഫ്രിക്ക, നൈജീരിയ, മധ്യ ആഫ്രിക്ക എന്നീ രാജ്യങ്ങളിൽ നിന്നുള്ളവരുണ്ട്. ലഹരി സഞ്ചാരത്തിന് ചിലർ പറയുന്നത് അത് വളർന്ന് വരുന്നതിന് ഒരു റൂട്ട് ഉണ്ടെന്നാണ്. ആ റൂട്ട് ഒരുപാട് സംസ്ഥാനങ്ങൾ ചേർന്നതാണ്. ആ ബന്ധങ്ങളെ നമുക്ക് മുറിച്ചുമാറ്റണമെങ്കിൽ മറ്റ് സംസ്ഥാനങ്ങളുമായി ഒരു ബന്ധം സ്ഥാപിക്കേണ്ടതുണ്ട്. കേന്ദ്രഗവൺമെന്റിനെ ആ ബന്ധത്തിലേയ്ക്ക് ഇടപെടുത്തേണ്ടതായുണ്ട്. കേരളം

നേരിടുന്ന പ്രശ്നത്തെ കേവലം ആരോഗ്യ-ലഹരി വകുപ്പുകൾക്കു മാത്രമല്ല, വിദ്യാഭ്യാസ വകുപ്പിനും കുടുംബക്ഷേമവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും വലിയ പങ്കുണ്ട്. ഇതെല്ലാം ചേർന്ന് ഒരു യുദ്ധമുഖം കേരളത്തിൽ തുറക്കാൻ നമ്മൾ തീരുമാനിച്ചു. പക്ഷേ അതിന് നമ്മൾ മാത്രം പോരാ. ബന്ധപ്പെട്ട മറ്റ് സംസ്ഥാനങ്ങളിലെ വകുപ്പുകളുടെ കൂടി സഹായം വേണം. ഇത് നടത്തുന്നവന് സ്വർണ്ണ ഖനിയും ഉപയോഗിക്കുന്നവന് മരണക്കെണിയുമാണെന്നാണ് പറയുന്നത്. ഈ സ്വർണ്ണ ഖനി അടയ്ക്കാനും മരണക്കെണിയിൽ നിന്നും കേരളത്തെ മോചിപ്പിക്കാനും അങ്ങയുടെ നേതൃത്വത്തിൽ സാധ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം നിർദ്ദേശിച്ച എല്ലാ കാര്യങ്ങളോടും ഗവൺമെന്റിന് യോജിപ്പാണുള്ളത്. കഴിഞ്ഞ ഓണക്കാലത്ത് കേരളത്തിന്റെ അതിർത്തി പ്രദേശങ്ങളിൽ തമിഴ്നാടും കർണ്ണാടകവുമായി ചേർന്ന് സംയുക്ത പരിശോധന നടത്താനും അനധികൃത മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടെയും വരവ് തടയാനുമുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. മയക്കുമരുന്ന് ഉൾപ്പെടെയുള്ള ലഹരി പദാർത്ഥങ്ങൾ തടയുന്നതിന് നിയമങ്ങളുടെ അപര്യാപ്തത ഉണ്ട്. എൻ.ഡി.പി.എസ്. ആക്ട് പ്രകാരം ഒരു കിലോ വരെയുള്ള കഞ്ചാവ് കൈവശം വച്ചുകഴിഞ്ഞാൽ അയാൾക്ക് ജാമ്യത്തിൽ ഇറങ്ങാം. ഒരു ദിവസം പോലും ജയിലിൽ പോകേണ്ടി വരികയില്ല. ഇതുപോലുള്ളവർ കുറച്ച് ദിവസങ്ങളെങ്കിലും ജയിലിൽ കിടന്നു മടങ്ങി വരുമ്പോൾ അതിന്റേതായ ചില മാറ്റങ്ങൾ ഉണ്ടാകും. ഈ പ്രശ്നത്തിൽ നിയമഭേദഗതിയാണ് ആവശ്യം. സംസ്ഥാന ഗവൺമെന്റിന് ഇക്കാര്യത്തിൽ പരിമിതിയുണ്ട്. ഈ പ്രശ്നവുമായി ബന്ധപ്പെട്ട് കേന്ദ്ര നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് ആവശ്യമായ ഇടപെടൽ സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്; കേന്ദ്രമന്ത്രിക്ക് നിവേദനം നൽകിയിട്ടുമുണ്ട്. കേരളത്തിന് അകത്തുനിന്നും പുറത്തു നിന്നുമുള്ള ലഹരിവസ്തുക്കളുടെ വരവ് തടയണമെങ്കിൽ സംസ്ഥാനങ്ങളുടെ യോജിച്ച പ്രവർത്തനം അത്യാവശ്യമാണ്. ഇതിന് കേന്ദ്രത്തിന്റെ സഹായവും ഇടപെടലും വേണം. കൂടാതെ നിയമത്തിൽ ആവശ്യമായ ഭേദഗതിയും വേണം. ഇക്കാര്യത്തിൽ സാധ്യമായ ഇടപെടലുകളാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്.

ശ്രീ. വി. ആർ. സുനിൽ കുമാറിനുവേണ്ടി ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ലഹരിക്കെതിരായി പ്രത്യേകിച്ച് കഞ്ചാവ്, മദ്യം എന്നിവയ്ക്കെതിരായിട്ടുള്ള ക്യാമ്പെയിൻ ഏറ്റവും ശക്തമായും ഫലപ്രദമായും നടപ്പിലാക്കേണ്ടത് വിദ്യാലയങ്ങളിലാണ്. സർക്കാർ ഇപ്പോൾ നടപ്പിലാക്കിയിരിക്കുന്ന 'വിമുക്തി' എന്ന പരിപാടി ഏറെ ശ്രദ്ധേയമാണ്. എല്ലാ സ്കൂളുകളിലും പരാതിപ്പെട്ടി സ്ഥാപിക്കാനും ഇക്കാര്യം എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെയും ഹെൽത്ത് ഡിപ്പാർട്ട്മെന്റിന്റെയും പി.ടി.എ.-യുടെയും സംയുക്ത ആഭിമുഖ്യത്തിൽ മാസംതോറും പരിശോധിക്കാനും പരിഹാരം ഉണ്ടാക്കാനുമുള്ള സംവിധാനം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെല്ലാം ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നുണ്ട്. അത് കൂടുതൽ ശക്തിപ്പെടുത്താനുള്ള ശ്രമമാണ് നടത്തുന്നത്. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പരാതിപ്പെട്ടി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് പോലെ ഓരോ ഘട്ടത്തിലും ഇത് ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോയെന്ന് അറിയുന്നതിനായി പ്രോപ്പറായ റിവ്യൂ നടത്തുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇത് വളരെ ഗൗരവമുള്ള ഒരു പ്രശ്നമാണ്. നമ്മുടെ രാജ്യത്ത് മാത്രമല്ല ലോകത്തെമ്പാടും ക്രൈമും ഡ്രഗ്സും തമ്മിലുള്ള  ബന്ധം വളരെ അടുത്തതാണ്. ടെററിസ്റ്റ് ആക്ടിവിറ്റീസ് വർദ്ധിക്കുന്നതിന് പ്രധാന കാരണമതാണ്. അഫ്ഗാനിസ്ഥാൻ, പാക്കിസ്ഥാൻ, ഇന്ത്യ, ബംഗ്ലാദേശ്  ഈ ഗോൾഡൺ ട്രയാംഗിൾ  അന്തർദേശീയ തലത്തിൽത്തന്നെ വളരെയേറെ ചർച്ച ചെയ്യപ്പെടുന്ന ഒരു കാര്യമാണ്. വിദേശ രാജ്യങ്ങളിൽ നിന്ന് ഡ്രഗ് ഇന്ത്യയിലേക്ക് വരുന്നു; ഇന്ത്യയിൽ ഉൽപ്പാദിപ്പിക്കുന്ന ഡ്രഗ്ഗുകൾ വിവിധ സംസ്ഥാനങ്ങളിലേയ്ക്ക് വരുന്നു. വളരെ ഗൗരവത്തോടുകൂടി ഗവൺമെന്റ് ശ്രദ്ധിച്ചാൽ മാത്രമേ നമുക്ക് ഇതിനെ തടയാൻ സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട മന്ത്രി ആരംഭിച്ച 'വിമുക്തി' എന്ന പരിപാടിയെ ഞാൻ അഭിനന്ദിക്കുന്നു, നല്ല പരിപാടിയാണ്. പക്ഷേ എക്സൈസ് ഡിപ്പാർട്ട്മെന്റ് മാത്രം വിചാരിച്ചാൽ ഒന്നും ചെയ്യാൻ കഴിയില്ല. ഹെൽത്ത്, എഡ്യൂക്കേഷൻ, പോലീസ് എന്നീ ഡിപ്പാർട്ട്മെന്റുകൾ ചേർന്ന് യു.ഡി.എഫ്. ഗവൺമെന്റിന്റെ  കാലത്ത് നടപ്പിലാക്കിയ 'ക്ലീൻ ക്യാമ്പസ്-സേഫ് ക്യാമ്പസ് ' പരിപാടി വളരെയേറെ ശ്രദ്ധയാകർഷിച്ചിരുന്നു. എന്നാൽ ഇന്ന്  നിങ്ങൾ അത് നിർത്തലാക്കി. എൻ.ഡി.പി.എസ്. ആക്ട് അനുസരിച്ച് 999 ഗ്രാം വരെ കഞ്ചാവ് കയ്യിൽ വച്ചാൽ ശിക്ഷിക്കാൻ കഴിയില്ല, ജാമ്യം ലഭിക്കുമെന്ന് അങ്ങ് ഇവിടെ സൂചിപ്പിച്ചത് ശരിയാണ്. കേന്ദ്ര ഗവൺമെന്റിൽ ഇതുസംബന്ധിച്ച് നിരവധി കത്തുകൾ അയച്ചിട്ടുണ്ട്. എല്ലാ ഡിപ്പാർട്ട്മെന്റുകളുമായി സംയോജിപ്പിച്ചുകൊണ്ട് ഇത് തടയാനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ അഭിപ്രായത്തോട് ഗവൺമെന്റിന് യോജിപ്പാണുള്ളത്. ഇക്കാര്യത്തിൽ ചില പ്രായോഗിക പ്രശ്നങ്ങളുണ്ട്. എത്രയോ വർഷങ്ങൾക്കുമുൻപ് അംഗീകരിച്ച നിലവിലെ കേരളത്തിലെ അബ്കാരി ആക്ടിന് തന്നെ ധാരാളം പരിമിതികളുണ്ട്. എല്ലാവരും ആഗ്രഹിക്കുന്നതുപോലെ കാര്യങ്ങൾ നടപ്പിലാക്കണമെങ്കിൽ ഈ ആക്ടിൽ തന്നെ കാലോചിതമായ മാറ്റങ്ങൾ വരുത്തേണ്ടതായി വരും. കേന്ദ്രഗവൺമെന്റിന്റെ ഫലപ്രദമായ ഇടപെടലും സഹകരണവും ഇല്ലാതെ ഇക്കാര്യത്തിൽ നമുക്ക് പൂർണ്ണതയിലെത്താൻ കഴിയില്ല. ഇതിനെക്കാളുപരിയാണ് ജനങ്ങളുടെ സഹകരണം. ക്യാമ്പസുകളിലെ

പ്രവർത്തനങ്ങളെല്ലാം കൂടുതൽ വിപുലീകരിച്ച് ഫലപ്രദമാക്കാൻ തന്നെയാണ് ശ്രമിക്കുന്നത്. മഹാത്മജിയുടെ രക്തസാക്ഷിത്വ ദിനമായ ജനുവരി 30-ന് എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരിക്കെതിരെ പ്രതിജ്ഞയെടുത്തു. തുടർന്നുള്ള പ്രവർത്തനങ്ങളിലും വിദ്യാർത്ഥികളെ സജീവമാക്കാനാണ് ശ്രമിക്കുന്നത്. രക്ഷകർത്താക്കളുടെ ഇടയിലും ഇതുസംബന്ധിച്ച അവയർനെസ് ഉണ്ടാകേണ്ടതുണ്ട്. പ്രതിപക്ഷനേതാവിന്റെ അഭിപ്രായങ്ങൾ കൂടി പരിഗണിച്ച് യോജിച്ച പ്രവർത്തനങ്ങളും ഈ മേഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ: ലഹരി പ്രതിരോധ കാര്യങ്ങളുമായി ബന്ധപ്പെട്ട് ഏതാണ്ട് എല്ലാ കാര്യങ്ങളും ബഹുമാനപ്പെട്ട മന്ത്രി വിശദീകരിച്ചുകഴിഞ്ഞു. അടുത്തത് വളരെ പ്രധാനപ്പെട്ട പരമ്പരാഗത ജലസ്രോതസ്സുകൾ സംബന്ധിച്ച ചോദ്യമാണ്. ചോദ്യം നമ്പർ (*63)-നോടൊപ്പം ചോദ്യം നമ്പർ (*78) ക്ലബ്ബ് ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുന്നു.

**പരമ്പരാഗത ജലസ്രോതസ്സുകൾ സംരക്ഷിക്കാൻ നടപടി**

4(*63) ഡോ. എം. കെ. മുനീർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. ഉബൈദുള്ള :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള ക്ഷാമം രൂക്ഷമാകാനിടയുണ്ടെന്ന മുന്നറിയിപ്പിന്റെ പശ്ചാത്തലത്തിൽ നീരുറവകളും ജലസംഭരണികളും സംരക്ഷിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പരമ്പരാഗത ജലസ്രോതസ്സുകൾ സംബന്ധിച്ച് വിവരശേഖരണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ വകുപ്പുകളുടെ കൈവശം വിവരം ലഭ്യമാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഇവയുടെ സംരക്ഷണവും പരിപാലനവും സംബന്ധിച്ച് ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും ഏതൊക്കെ വകുപ്പുകൾക്ക് ഇതിൽ പങ്കാളിത്തമുണ്ടെന്നും വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ,

(എ) കുടിവെള്ളക്ഷാമം രൂക്ഷമാകാനിടയുണ്ടെന്ന മുന്നറിയിപ്പിന്റെ പശ്ചാത്തലത്തിൽ നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന 'ഹരിത കേരളം' പദ്ധതിയിലൂടെ പ്രാദേശികതലത്തിൽ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനും ഉതകുന്ന ഒരു പുതിയ ജല ഉപയോഗ സംസ്കാരത്തിന് രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി 320 കോടി രൂപ ചെലവിൽ

ഏകദേശം 9453 കുളങ്ങൾ നവീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ ഭരണകൂടം മുഖേനയാണ് പ്രവൃത്തി നടപ്പിലാക്കുന്നത്. കൂടാതെ കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനായി നിരവധി തടയണകൾ, വി.സി.ബി./ആർ.സി.ബി.-കൾ എന്നിവ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്നു. പൂർത്തീകരിച്ച തടയണകൾ/വി.സി.ബി.കൾ/ആർ.സി.ബി. എന്നിവയിൽ ഷട്ടർ ഇട്ട് വെള്ളം സംഭരിച്ചിട്ടുണ്ട്. നദികളിലേയ്ക്ക് കടലിൽ നിന്നും ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി 2016-17 സാമ്പത്തികവർഷം വിവിധ ജില്ലകളിലായി 56 പ്രവൃത്തികൾക്ക് 251.5 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികളുടെ പ്രവർത്തനം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

ജല അതോറിറ്റിയുടെ നിലവിലുള്ള സ്രോതസ്സുകളിലെ ചെളിയും മാലിന്യവും നീക്കം ചെയ്തും ഇൻഫിൽട്രേഷൻ ഗ്യാലറികൾ പുനരുദ്ധരിച്ചും നീർച്ചാലുകൾ നിർമ്മിച്ചും ജലലഭ്യത ഉറപ്പുവരുത്താൻ സാദ്ധ്യമായതെല്ലാം ചെയ്യുന്നുണ്ട്. അതുപോലെതന്നെ ജലസേചന വകുപ്പിന്റെയും വൈദ്യുതി വകുപ്പിന്റെയും നിയന്ത്രണത്തിലുള്ള ജല സംഭരണികളിലെ ജലം കുടിവെള്ള ആവശ്യത്തിന് മുൻഗണന നൽകി സംഭരിച്ച് നിലനിർത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

പീച്ചി ജലസംഭരണിയിൽ നിന്നുള്ള ജലവിതരണത്തിൽ കുടിവെള്ളത്തിന് പ്രാമുഖ്യം നൽകാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

എല്ലാ ജലനിധി സ്രോതസ്സുകളിലും അനുയോജ്യമായ രീതിയിൽ ഭൂഗർഭജല പരിപോഷണ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി ചെക്ക് ഡാം, ഭൂമിയുടെ അടിയിലുള്ള തടയണകൾ, മണ്ണുസംരക്ഷണം, കിണറുകളുടെ സംരക്ഷണം, കുളങ്ങളുടെ സംരക്ഷണം എന്നിവ ചെയ്തുവരുന്നു.

(ബി) ഉണ്ട്. MI സെൻസസ് പദ്ധതി പ്രകാരം ചെറുകിട ജലസേചനത്തിന് വേണ്ടി മാത്രം ഉപയോഗിക്കുന്ന പരമ്പരാഗത ജലസ്രോതസ്സുകൾ (കിണറുകൾ) സംബന്ധിച്ച വിവരശേഖരണം Irrigation Statistics നടത്തിയിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ മൈനർ ഇറിഗേഷൻ വിഭാഗത്തിൽ ലഭ്യമാണ്. കുളങ്ങളുടെ വിവരങ്ങൾ ചീഫ് എഞ്ചിനീയർ (ഐ.ഡി.ആർ.ബി.) ശേഖരിച്ചിട്ടുണ്ട്.

ആവശ്യത്തിന് ജലലഭ്യതയുള്ള പാറമടകൾ, കുളങ്ങൾ തുടങ്ങിയ സ്രോതസ്സുകൾ കണ്ടെത്തി ഗുണനിലവാര പരിശോധന നടത്തി അവ ഉപയോഗപ്പെടുത്താനുള്ള സാധ്യത പരിശോധിക്കാൻ ജല അതോറിറ്റി നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി.-യുടെ ഓഫീസിലും പരമ്പരാഗത ജലസ്രോതസ്സുകൾ സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ട്.

(സി) പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണവും പരിപാലനവും ലക്ഷ്യമിട്ട് 'ഹരിത കേരളം പദ്ധതി' നടപ്പിലാക്കുന്നു. കാവേരി നദീജല ട്രൈബ്യൂണൽ വയനാട് ജില്ലയിലെ കബനി സബ് ബേസിനിലെ പദ്ധതികൾക്കായി അനുവദിച്ച ജലത്തിന്റെ വിഹിതം ഉപയോഗപ്പെടുത്തുന്നതിനായി പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി 35 കോടി രൂപ ചെലവിൽ 24 ചെക്ക് ഡാമുകൾ, ഒരു റെഗുലേറ്റർ, ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി എന്നിവ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. പാലക്കാട് ജില്ലയിലെ ഭവാനി സബ് ബേസിനിൽ അനുവദിച്ച ജലം ഉപയോഗപ്പെടുത്തുന്നതിനായി 3.12 കോടി രൂപ ചെലവിൽ 2 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ഉൾപ്പെടെ 3 പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. 2 തടയണകളുടെ പണി പുരോഗതിയിലാണ്. കാസർഗോഡ് പാക്കേജിൽ 2016-17 വർഷത്തിൽ 17 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

പരമ്പരാഗത ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി കേരള ജല അതോറിറ്റി അണ്ടൂർക്കോണം പഞ്ചായത്തിലെ ആനതാഴ്ചിറ കുളത്തിന്റെയും പാറശ്ശാല പഞ്ചായത്തിലെ വണ്ടിച്ചിറ കുളത്തിന്റെയും പുനരുദ്ധാരണ പ്രവൃത്തികൾ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ ഭാഗമായി നടപ്പാക്കിവരുന്നു. കൂടാതെ ഉറവിട സംരക്ഷണവുമായി ബന്ധപ്പെട്ട് വെട്ടൂർ പഞ്ചായത്തിലെ കാക്കക്കുഴി പദ്ധതിയുടെ പുനരുദ്ധാരണവും നടന്നുവരുന്നു.

ജലനിധിയും ഇറിഗേഷൻ വകുപ്പും സംയുക്തമായി നടപ്പിലാക്കി വരുന്ന പ്രധാനപ്പെട്ട ജലസ്രോതസ്സ് സംരക്ഷണ പദ്ധതികൾ താഴെപ്പറയുന്നു.

1. പുല്ലൂർപെരിയ (കാസർഗോഡ് ജില്ല ) - ചെക്ക്ഡാം
2. ബെല്ലൂർ (കാസർഗോഡ് ജില്ല ) - ചെക്ക്ഡാം
3. ആലക്കോട് (കണ്ണൂർ ജില്ല ) - ചെക്ക്ഡാം
4. കരുവാരക്കുണ്ട് (മലപ്പുറം ജില്ല ) - 2 ചെക്ക്ഡാം
5. പെരുമണ്ണക്ലാരി (മലപ്പുറം ജില്ല ) - 1 റെഗുലേറ്റർ കം ബ്രിഡ്ജ്

## ജലസ്രോതസ്സുകൾ സംരക്ഷിക്കാൻ നടപടി

5 (*78) <u>ശ്രീ. വി. ജോയി</u>:
<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> :
<u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> :
<u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം രൂക്ഷമായ ജലദൗർലഭ്യം നേരിടുന്ന സാഹചര്യത്തിൽ ജലസ്രോതസ്സുകൾ സംരക്ഷിക്കാനും അവയുടെ കയ്യേറ്റങ്ങൾ തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഭൂഗർഭ ജലത്തിന്റെ അമിതമായ ഉപയോഗം നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) ജലനിധി രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രധാന പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) ജലത്തിന്റെ ഉപഭോഗം സംബന്ധിച്ച് ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു. ടി. തോമസ്): സർ,

(എ) സംസ്ഥാനത്ത് ശരാശരി ലഭിക്കേണ്ട മഴയിലുണ്ടായ വർദ്ധിച്ച തോതിലുള്ള കുറവുകാരണം സംസ്ഥാനത്തെ ജലസ്രോതസ്സുകളിൽ ജലദൗർലഭ്യം നേരിടുന്നുണ്ട്. ഇത് കണക്കിലെടുത്ത് ജലസ്രോതസ്സുകൾ, പ്രത്യേകിച്ച് പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങൾ/ചിറകൾ എന്നിവയുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനും അവയിൽ അടിഞ്ഞുകൂടിയിട്ടുള്ള മാലിന്യം നീക്കം ചെയ്യുന്നതിനുമുള്ള നടപടി കൈക്കൊണ്ടു വരുന്നു. ജലസ്രോതസ്സുകളിലെ കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് റവന്യൂ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്. വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ചെക്ക്ഡാമുകൾ നിർമ്മിക്കുന്നതിനും കനാലുകൾ, കുളങ്ങൾ എന്നിവ വൃത്തിയാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും ഏറ്റെടുത്ത് നടത്തിവരുന്നു. ജലസ്രോതസ്സുകൾ മലിനമാക്കുന്നത് തടയുവാനായി കർശനമായ പോലീസ് കാവലും പ്രാദേശിക ഭരണകൂടത്തിന്റെയും ജനങ്ങളുടെയും മേൽനോട്ടവും ഏർപ്പെടുത്തുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ജലവിതരണ ത്തിനുപയോഗിക്കുന്ന ജലസ്രോതസ്സുകളിൽ ജലമലിനീകരണം ഇല്ലെന്ന് ഉറപ്പുവരുത്താനും ഉപയോഗയോഗ്യമാണെന്ന് ജലഅതോറിറ്റിയോ, ഭക്ഷ്യ വകുപ്പോ സാക്ഷ്യപ്പെടുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഭൂജല ഉപയോഗത്തിന്റെ നിയന്ത്രണത്തിനും ക്രമീകരണത്തിനും വേണ്ടി കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ട് 2002 നിലവിലുണ്ട്. ഇതനുസരിച്ച് ഭൂജല ചൂഷണം അധികമുള്ള ബ്ലോക്കുകൾ വിജ്ഞാപനം ചെയ്യപ്പെടുകയും ഭൂജല ഉപയോഗത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ സ്വകാര്യ വ്യക്തികൾ നടത്തുന്ന കുഴൽക്കിണർ നിർമ്മാണം നിയന്ത്രിക്കുന്നതിന് വേണ്ട നടപടികൾ ഭൂജല വകുപ്പിലെ ജില്ലാ ഉദ്യോഗസ്ഥന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ അതത് ജില്ലാ കളക്ടർമാർക്ക് ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ടിന്റെ വ്യവസ്ഥകൾ അനുസരിച്ച് സ്വീകരിക്കാൻ റവന്യൂ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്. ജലനിധിയുടെ കുടിവെള്ള പദ്ധതിയിൽ 70 lpcd-യാണ് പ്രതിശീർഷ ഉപഭോഗമായി വിഭാവന ചെയ്തിട്ടുള്ളത്. ജലത്തിന്റെ അമിതമായ ഉപയോഗം നിയന്ത്രിക്കുന്നതിനായി ജലനിധിയുടെ IEC വിഭാഗം ബോധവത്കരണ പ്രചരണ പരിപാടികൾ, പരിശീലനങ്ങൾ എന്നിവ നടത്തിവരുന്നു.

(സി) ജലനിധി രണ്ടാം ഘട്ടത്തിൽ ഗ്രാമീണ മേഖലയിൽ കുടിവെള്ളക്ഷാമം നേരിടുന്ന ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. കൂടാതെ ജലസംരക്ഷണം, ഭൂജല പരിപോഷണം, ശുചിത്വ പരിപാലനം എന്നീ കർമ്മ പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. കുടിവെള്ള പദ്ധതികളിൽ ചെറുതും വലുതുമായ പദ്ധതികൾ മുഖേനയും പഞ്ചായത്തിന്റെയും ജല അതോറിറ്റിയുടെയും ഏക പഞ്ചായത്ത് പദ്ധതികൾ പുനരുദ്ധരിച്ചും അതത് ഗുണഭോക്തൃസമിതികൾക്ക് കൈമാറി ഗ്രാമീണ ജനതയ്ക്ക് കുടിവെള്ളമെത്തിക്കുന്നു. കൂടാതെ സാധ്യമായ പഞ്ചായത്തുകളിൽ ജല അതോറിറ്റിയുടെ കുടിവെള്ളം മൊത്തമായി വാങ്ങി ഗാർഹിക കുടിവെള്ള വിതരണം നടത്തുന്നു. അതുപോലെതന്നെ കേരള വാട്ടർ അതോറിറ്റിയുടെ മൾട്ടി ജി.പി. ബൃഹത് പദ്ധതികൾ പുനരുദ്ധാരണ നവീകരണ പ്രവർത്തനങ്ങൾ നടത്തി ഗ്രാമീണ ജനതയ്ക്ക് ദീർഘകാലാടിസ്ഥാനത്തിൽ കുടിവെള്ളം നൽകുന്നതിനുള്ള നാല് പദ്ധതികളും നടപ്പാക്കി വരുന്നു.

ഭൂജല പരിപോഷണത്തിന്റെ ഭാഗമായി തടയണകൾ, ചെക്ക്ഡാമുകൾ, ജലസംരക്ഷണ ഭിത്തികൾ, Roof Water Harvesting, വെൽ റീ-ചാർജ്ജിംഗ്, മണ്ണിനടിയിൽ തടയണകൾ, കുളങ്ങളുടെ സംരക്ഷണം തുടങ്ങിയവ നടപ്പിലാക്കി വരുന്നു. ശുചിത്വ പരിപാലനത്തിനായി കമ്മ്യൂണിറ്റി ടോയ്ലെറ്റ്, ബയോഗ്യാസ് പ്ലാന്റ് എന്നിവയും ജലനിധി പദ്ധതി നടപ്പാക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്നുണ്ട്.

(ഡി) ഭൂജലത്തിന്റെ നിയന്ത്രണവും ക്രമീകരണവും പദ്ധതിയിൻകീഴിൽ പൊതുജനങ്ങൾക്ക് ഭൂജലത്തിന്റെ ഫലപ്രദമായ വിനിയോഗത്തിനും സംരക്ഷണത്തിനും സംപോഷണത്തിനുമായുള്ള അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടി ഭൂജല വകുപ്പ് ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ, ജലത്തിന്റെ അമിതമായ ഉപഭോഗവും ദുരുപയോഗവും തടയുന്നതിനായി ജലനിധി ഐ.ഇ.സി. വിഭാഗത്തിന്റെ നേതൃത്വത്തിൽ വിവിധ ബോധവത്കരണ പ്രവർത്തനങ്ങൾ, പരിശീലന പരിപാടികൾ, പ്രചരണ പരിപാടികൾ എന്നിവ നടത്തിവരുന്നു. ഗ്രാമപഞ്ചായത്തിന്റെയും പദ്ധതിയുടെ ചുമതലയുള്ള എൻ.ജി.ഒ.-കളുടേയും ഗുണഭോക്തൃ സമിതികളുടെയും സഹകരണത്തോടുകൂടിയാണ് പ്രസ്തുത പരിപാടികൾ സംഘടിപ്പിക്കുന്നത്. മാത്രവുമല്ല, കേരള സർക്കാരിന്റെ ആഭിമുഖ്യത്തിലുള്ള ഹരിത കേരളം, വജ്രകേരളം പരിപാടികളുമായി സഹകരിച്ചുകൊണ്ട് മേൽ വിഷയത്തിൽ കൂടുതൽ പ്രചരണ പരിപാടികൾ എല്ലാ ജലനിധി ഗ്രാമപഞ്ചായത്തുകളിലും നടത്താനുള്ള വിശദമായ കർമ്മ പദ്ധതികൾക്ക് ഇതിനകം രൂപം നൽകിയിട്ടുണ്ട്.

ഡോ. എം. കെ. മുനീറിനുവേണ്ടി ശ്രീ. സി. മമ്മൂട്ടി: സർ, കേരളം സുലഭമായ നദികൾ കൊണ്ട് സമൃദ്ധമായ നാടാണെങ്കിലും ഇന്ന് കുടിവെള്ളം കിട്ടാനില്ല. ഭാരതപ്പുഴ പോലും വറ്റിവരണ്ട് കിടക്കുകയാണ് എന്നതാണ് ഏറ്റവും വലിയ പ്രശ്നം ഭാരതപ്പുഴയിൽ ജെ.സി.ബി. ഉപയോഗിച്ച് കുഴിച്ച് വെള്ളം പമ്പ് ചെയ്യേണ്ട അവസ്ഥ ഈ ഫെബ്രുവരിയിൽ തന്നെ വാട്ടർ അതോറിറ്റിക്ക് വന്നിരിക്കുകയാണ്. ഭാരതപ്പുഴ

പോലും സംരക്ഷിക്കാൻ നമുക്ക് കഴിയുന്നില്ല. അതിന്റെ ആഴം കൂട്ടി പുഴ മുതൽ പുഴ വരെ എന്ന പദ്ധതിയൊക്കെ നേരത്തേ കൊണ്ടുവന്നിരുന്നു, പക്ഷേ അത് നടപ്പായില്ല. അതുകൊണ്ട് പുഴകൾ മലിനമാകാതെ സംരക്ഷിച്ച്, കുടിവെള്ള സ്രോതസ്സായി അവിടെ നിന്നും ലഭിക്കുന്ന വെള്ളം മുഴുവൻ കുടിവെള്ളമാക്കി മാറ്റാനുള്ള ശക്തമായ നടപടി സ്വീകരിക്കാൻ അങ്ങ് തയ്യാറാകുമോ; കുളങ്ങൾ സംരക്ഷിക്കുന്നതുപോലെ പുഴകളും സംരക്ഷിക്കുന്നതിന് അനിവാര്യമായ നടപടിയെടുക്കുമോ?

ശ്രീ. മാത്യു ടി. തോമസ് : സർ, 44 നദികളാൽ സമ്പന്നമായിരുന്ന കേരളത്തിൽ ഇത്തവണ മഴ വളരെ കുറവായതിനാൽ നദികളിലെ ജലത്തിന്റെ അളവിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. 3000 മില്ലി മീറ്റർ മഴ ലഭിക്കേണ്ട സ്ഥാനത്ത് കഴിഞ്ഞവർഷം 1869.5 മി.മീ. മഴ മാത്രമാണ് ലഭിച്ചിട്ടുള്ളത്. 1130.5 മി.മീ. മഴയുടെ കുറവുവന്നു. അതിന്റെ ഫലമായി പല നദികളിലും ജലത്തിന്റെ കുറവ് അനുഭവപ്പെടുന്നുണ്ട്. ഭാരതപ്പുഴയിലെ ഒഴുക്ക് ഏതാണ്ട് നിലച്ച അവസ്ഥയിലാണ്. പാലക്കാട്, മലപ്പുറം, തൃശ്ശൂർ ജില്ലകളിലെ കുടിവെള്ള പദ്ധതികളെ ഇത് സാരമായി ബാധിച്ചിട്ടുണ്ട്. മലമ്പുഴ ഡാമിൽനിന്ന് വെള്ളം തുറന്നുവിട്ടാണ് അത്യാവശ്യ ജലലഭ്യത ഉറപ്പു വരുത്തുന്നത്. എന്നാൽ മലമ്പുഴ ഡാമിലെ ജലവിതാനം കുറവാണ്. മാർച്ച് മാസത്തിന് ശേഷം സ്ഥിതി ഇതിലും മോശമാകാൻ സാധ്യതയുണ്ട്. അഞ്ചരക്കണ്ടിപ്പുഴ, കടലുണ്ടിപ്പുഴ, വാമനപുരം നദി, ശാസ്താംകോട്ട കായൽ, പേപ്പാറ ഡാം, അച്ചൻകോവിലാർ തുടങ്ങിയ നിരവധി നദികളിൽ ജലത്തിന്റെ ലഭ്യത കുറവാണ്. നമ്മുടെ നദികളിൽ വലിയ തോതിൽ ചെക്ക്ഡാമുകൾ നിർമ്മിച്ച് ജലസാന്നിദ്ധ്യം ഉറപ്പുവരുത്താനുള്ള ഒരു പദ്ധതി ഗവൺമെന്റ് സജീവമായി പരിഗണിച്ചു വരികയാണ്.

ശ്രീ. സി. മമ്മൂട്ടി: സർ, പുഴകൾ സംരക്ഷിക്കുന്നതോടൊപ്പംതന്നെ ക്ഷേത്രക്കുളങ്ങളെ സംരക്ഷിക്കാൻ എം.എൽ.എ. ഫണ്ട് കൊടുക്കുമ്പോൾ മതകാര്യങ്ങൾക്കായി കൊടുക്കാൻ സാധിക്കില്ലെന്ന് പറയുന്നു. വെള്ളം കിട്ടാത്ത ഈ സാഹചര്യത്തിൽ എല്ലാ സോഴ്സുകളും ഉപയോഗപ്പെടുത്തുകയാണ് ചെയ്യേണ്ടത്. അത്തരം കുളങ്ങൾ സംരക്ഷിക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കണം. അതോടൊപ്പം, പഞ്ചായത്ത്/മുനിസിപ്പാലിറ്റികൾ മാലിന്യം പുഴയിലേയ്ക്ക് ഒഴുക്കുന്നത് തടയുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. മാത്യു ടി. തോമസ് : സർ, ജലസ്രോതസ്സുകൾ മലിനമാക്കുന്നതിനെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിനാവശ്യമായ നിയമഭേദഗതികൾപോലും കൊണ്ടുവരാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. ആരാധനാലയങ്ങളുടെ കുളങ്ങളായാലും അവയുടെ ഉടമസ്ഥത ആർക്കാണെന്നുള്ള അന്വേഷണമൊന്നുമില്ല. ജലത്തിന്റെ ലഭ്യത ഉറപ്പാക്കാനുള്ള ഏത് നടപടിയിലേയ്ക്കും പോകാൻ ഗവൺമെന്റ് താൽപ്പര്യപ്പെടുന്നു. വെള്ളം ലഭ്യമാക്കാൻ വേണ്ടി എല്ലാ ഉറവിടങ്ങളും ഹരിത കേരളം മിഷനിലുൾപ്പെടുത്തി ഉപയോഗിക്കാവുന്നതാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ പ്രഖ്യാപിച്ചിട്ടുണ്ട്.

മി. സ്പീക്കർ: സമൃദ്ധമായ ജലസ്രോതസ്സുകളുള്ള കേരളത്തിലെ ആരാധനാലയങ്ങളിലെ കുളങ്ങൾ സംരക്ഷിക്കാൻ ഇന്ന് ധനകാര്യവകുപ്പ് സമ്മതിക്കുന്നുണ്ടോയെന്ന് ബഹുമാനപ്പെട്ട അംഗങ്ങൾക്ക് സംശയമുണ്ട്.

ശ്രീ. മാത്യു ടി. തോമസ്: സർ, ഗവൺമെന്റ് പ്രഖ്യാപിച്ച ഹരിത കേരളം മിഷനിലൂടെ എവിടെയൊക്കെ ജലം സംരക്ഷിക്കപ്പെടാൻ കഴിയുമോ അവിടെയൊക്കെ ആ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്. എം.എൽ.എ. ഫണ്ട് ഉപയോഗിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പുമായി ആലോചിച്ച് ധനകാര്യ വകുപ്പ് നിഷ്കർഷിക്കുന്ന നിബന്ധനകൾക്ക് വിധേയമായി ഭരണാനുമതി കൊടുക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, അക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കാം.

മി. സ്പീക്കർ : ഓർഡർ.. ഓർഡർ.. .........

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പുതിയ മദ്യനയം

6 (*64) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ മദ്യനയം സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ എന്നത്തേക്ക് മദ്യനയം പ്രഖ്യാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) മുൻസർക്കാർ നടപ്പിലാക്കിയ മദ്യനയത്തിൽ കാതലായ മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യം എന്താണെന്ന് വെളിപ്പെടുത്തുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി.പി. രാമകൃഷ്ണൻ):

(എ&ബി) തീരുമാനമെടുത്തിട്ടില്ല. പുതിയ മദ്യനയം പ്രഖ്യാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ദേശീയ-സംസ്ഥാന പാതയോരങ്ങളിലെ മദ്യശാലകൾ

7(*65) ശ്രീ. ബി. സത്യൻ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എം. സ്വരാജ് :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ-സംസ്ഥാന പാതയോരങ്ങളിലെ മദ്യശാലകൾ പൂട്ടണമെന്ന ഉത്തരവിന്റെയടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഇത്തരം എത്ര മദ്യശാലകൾ പൂട്ടേണ്ടി വരുമെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഉത്തരവ് ബിയർ-വൈൻ പാർലറുകൾക്കും കള്ളുഷാപ്പുകൾക്കും ബാധകമാണോ;

(സി) കോടതിയുത്തരവ് സർക്കാരിന്റെ മദ്യനയത്തെ എങ്ങനെ ബാധിക്കുമെന്ന് അറിയിക്കാമോ;

(ഡി) ഉത്തരവ് നടപ്പാക്കുന്നതിനെത്തുടർന്ന് മദ്യവില്പനയിൽ നിന്ന് ലഭിക്കുന്ന വരുമാനത്തിൽ ഉണ്ടായേക്കാവുന്ന കുറവ് നികത്താനായി കേന്ദ്രസർക്കാരിനെ സമീപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി.പി. രാമകൃഷ്ണൻ):

(എ) കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ 179-ഉം കൺസ്യൂമർഫെഡിന്റെ 27-ഉം ഉൾപ്പെടെ ആകെ 206 വിദേശമദ്യ ചില്ലറ വിൽപ്പനശാലകൾ മാറ്റി സ്ഥാപിക്കേണ്ടിവരും.

(ബി) ബിയർ-വൈൻ പാർലറുകളും കള്ളുഷാപ്പുകളും ബഹു. സുപ്രീംകോടതിയുടെ 15-12-2016-ലെ ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെടുമോ എന്നത് സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിന്റെ/അറ്റോർണി ജനറലിന്റെ നിയമോപദേശം സർക്കാർ തേടിയിട്ടുണ്ട്.

(സി) മദ്യവില്പന സംബന്ധിച്ച് ബഹു. സുപ്രീംകോടതി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് കൂടി പരിഗണിച്ച് മദ്യനയത്തിന് രൂപം നൽകുന്നതാണ്.

(ഡി) പരിശോധിക്കുന്നതാണ്.

## ബിവറേജസ് കോർപ്പറേഷന്റെ കീഴിലെ വിതരണ കേന്ദ്രങ്ങൾ

8 (*66) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷന്റെ കീഴിലെ വിതരണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനെതിരെ ജനകീയ സമരങ്ങൾ തുടർച്ചയായി ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാർത്ഥികളും തദ്ദേശീയരായ ജനങ്ങളും പ്രതിഷേധങ്ങളിൽ പങ്കെടുക്കുന്ന കാര്യം ഗൗരവപൂർവ്വം പരിഗണിക്കുന്നുണ്ടോ;

(സി) ജനവികാരം കണക്കിലെടുത്ത് സാമൂഹ്യ വിപത്തായ മദ്യത്തിന്റെ വിപണനം നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി.പി. രാമകൃഷ്ണൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേശീയ/സംസ്ഥാന പാതകളുടെ സമീപം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മദ്യവിൽപ്പനശാലകൾ 500 മീറ്റർ ദൂരപരിധിക്കപ്പുറം മാറ്റി സ്ഥാപിക്കണമെന്ന 15-12-2016-ലെ ബഹു. സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ടി വിദേശ മദ്യ വില്പനശാലകൾ മാറ്റി സ്ഥാപിക്കാൻ ശ്രമിക്കുമ്പോൾ ചില സ്ഥലങ്ങളിൽ പ്രതിഷേധം ഉണ്ടാകുന്നുണ്ട്.

(ബി) വിദ്യാർത്ഥികളുടെയും തദ്ദേശവാസികളുടെയും പ്രതിഷേധം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദേശമദ്യ ചില്ലറ വില്പനശാലകൾ തുറക്കാൻ കഴിയാതെ വന്നാൽ സംസ്ഥാനത്ത് വ്യാജമദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വ്യാപനം ഉണ്ടാവാൻ സാധ്യതയുണ്ട്. ഇക്കാര്യങ്ങൾ പൊതുജനങ്ങളെ ബോധ്യപ്പെടുത്തി അവരെ വിശ്വാസത്തിലെടുത്ത് വിദേശമദ്യഷാപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) മദ്യവർജ്ജനത്തിന് ഊന്നൽ നൽകുന്ന മദ്യനയമാണ് സർക്കാർ ലക്ഷ്യമിടുന്നത്. അബ്കാരി ചട്ടങ്ങൾക്ക് വിധേയമായും പ്രഖ്യാപിത മദ്യനയത്തിന് അനുസൃതമായും മദ്യത്തിന്റെ വിതരണവും വിപണനവും സർക്കാർ നിയന്ത്രിച്ചിട്ടുണ്ട്. കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി'-യുടെ നേതൃത്വത്തിൽ ലഹരി വസ്തുക്കളുടെ ഉപഭോഗത്തിനെതിരെ ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

**എക്സൈസ് വകുപ്പ് ശക്തിപ്പെടുത്തുന്നതിന് നടപടി**

9 (*67) ശ്രീ. കെ. ജെ. മാക്സി :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പ് ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി എക്സൈസ് വകുപ്പിൽ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വനിതാ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമവും അഴിമതിരഹിതവും ആക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ജനമൈത്രി എക്സൈസ് സംവിധാനം എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി.പി. രാമകൃഷ്ണൻ):

(എ) 1. എക്സൈസ് വകുപ്പിലെ എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി 10 വർഷത്തിലധികം പഴക്കമുള്ള വാഹനങ്ങൾ മാറ്റി പുതിയ 6 ബൊലേറോ ജീപ്പുകൾ വാങ്ങി ഫീൽഡ് ആഫീസുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

2. പ്രവർത്തനരഹിതമായിട്ടുള്ള 25 കമ്പ്യൂട്ടറുകൾ മാറ്റി പുതിയത് വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്.

3. എക്സൈസ് ചെക്ക്പോസ്റ്റുകൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 10 എക്സൈസ് ചെക്ക്പോസ്റ്റുകളിൽ പുതുതായി വേയിംഗ് മെഷീൻ വാങ്ങിയിട്ടുണ്ട്.

4. മാനന്തവാടി ജനമൈത്രി എക്സൈസ് സ്ക്വാഡിന്റെ ഉപയോഗത്തിനായി ഒരു പുതിയ ബൊലേറോ ജീപ്പ് വാങ്ങി നൽകിയിട്ടുണ്ട്.

5. ജില്ലാ അധികാരികളായ 14 ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരുടെ ഉപയോഗത്തിന് 14 പുതിയ വാഹനങ്ങൾ വാങ്ങാനും ജോയിന്റ് എക്സൈസ് കമ്മീഷണർമാരുടെയും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരുടെയും ഉപയോഗത്തിന് 9 പുതിയ ലാപ്ടോപ്പുകൾ വാങ്ങുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

6. എക്സൈസ് ഫീൽഡ് ആഫീസുകൾ ശക്തിപ്പെടുത്തുന്നതിനായി നൂറ്റിഅറുപത് എണ്ണം 7.62 എം.എം. (എസ്.എൽ.ആർ.) റൈഫിളും 16,000 ക്യാട്രിഡ്ജും വാങ്ങുന്നതിന് എക്സൈസ് കമ്മീഷണർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

7. ഇടുക്കി, മലപ്പുറം ജില്ലകളിലെ ആദിവാസി മേഖലകളിൽ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗത്തിനെതിരെ നിരന്തരമായി ബോധവൽക്കരണം നടത്തുന്നതിനും ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തുന്നതിനും ദേവികുളത്തും നിലമ്പൂരും ഓരോ ജനമൈത്രി എക്സൈസ് സ്ക്വാഡ് ഓഫീസുകൾ രൂപീകരിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

8. എക്സൈസ് വകുപ്പിലെ മേജർ കേസുകളുടെ അന്വേഷണം സമയ ബന്ധിതമായി തീർപ്പാക്കുന്നതിനുവേണ്ടി, ക്രൈംബ്രാഞ്ച് വിഭാഗം രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നു. പുതുതായി രൂപീകരിച്ച താലൂക്കുകളിലെ എൻഫോഴ്സ്മെന്റ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി ടി താലൂക്കുകളിൽ സർക്കിൾ ആഫീസുകൾ അനുവദിക്കാനുള്ള നിർദ്ദേശവും അയൽ സംസ്ഥാനവുമായി അതിർത്തി പങ്കിടുന്ന ജില്ലകളിലെ പ്രദേശങ്ങളിൽ പരിശോധനകളും പട്രോളിംഗും ശക്തമാക്കുന്നതിലേയ്ക്കായി ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശവും സർക്കാർ പരിശോധിച്ചുവരുന്നു.

9. വകുപ്പ് നൽകുന്ന സേവനങ്ങളുടെ ഭാഗമായി സേവനാവകാശ നിയമത്തിലുൾപ്പെട്ട 26 സേവനങ്ങളിൽ 22 എണ്ണം ഓൺ ലൈനാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിൽ 16 എണ്ണം പൂർണ്ണമായും ഓൺ ലൈൻ ആക്കിയിട്ടുണ്ട്. ബാക്കിയുള്ളവ ഓൺലൈനാക്കുന്നതിനുവേണ്ട നടപടി നടന്നുവരുന്നു.

10. ഇ-സർവ്വീസ് സിസ്റ്റം കാര്യക്ഷമമായി നടത്തുന്നതിന് എക്സൈസ് ഫീൽഡ് ഓഫീസുകളുടെ ഉപയോഗത്തിനായി 63 കമ്പ്യൂട്ടർ, 18 ഓൺലൈൻ യു.പി.എസ്. എന്നിവ വാങ്ങുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

11. 2016-17 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി എക്സൈസ് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ ഉപയോഗത്തിന് ഒരു വെബ് അധിഷ്ഠിത ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ നിർമ്മിക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

12. 2016-17 സാമ്പത്തിക വർഷത്തിൽ എക്സൈസ് അക്കാഡമി നവീകരിക്കുന്നതിന്റെ ഭാഗമായി പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ എക്സൈസ് കമ്മീഷണർ സമർപ്പിച്ച സമഗ്രമായ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(സി) 1. എക്സൈസ് ചെക്ക്പോസ്റ്റുകളിൽ കണ്ടെയ്നർ മോഡ്യൂൾ സ്ഥാപിക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നിർമ്മിതി കേന്ദ്രത്തിന് വർക്ക് ഓർഡർ നൽകി അവ സ്ഥാപിക്കുന്ന നടപടി പുരോഗമിച്ചു വരുന്നു.

2. 25 എക്സൈസ് ചെക്ക്പോസ്റ്റുകളിൽ സോളാർ എൽ.ഇ.ഡി. ഹൈമാസ്റ്റ് ലാമ്പ് സ്ഥാപിക്കുന്നതിനും മുത്തങ്ങ, ചിന്നാർ എന്നീ എക്സൈസ് ചെക്ക് പോസ്റ്റുകളിൽ സോളാർ ലൈറ്റിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനും ഭരണാനുമതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ അനെർട്ടുമായി ബന്ധപ്പെട്ട് സോളാർ എൽ.ഇ.ഡി. ഹൈമാസ്റ്റ് ലാമ്പും സോളാർ ലൈറ്റിംഗ് സിസ്റ്റവും സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

3. 14 എക്സൈസ് ചെക്ക്പോസ്റ്റുകളിൽ സി.സി.റ്റി.വി. ക്യാമറ സ്ഥാപിക്കുന്നതിന് സർക്കാരിൽനിന്ന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) വയനാട് ജില്ലയിലെ മാനന്തവാടി, പാലക്കാട് ജില്ലയിലെ അട്ടപ്പാടി എന്നിവിടങ്ങളിൽ ജനമൈത്രി എക്സൈസ് സ്ക്വാഡ് സ്ഥാപിച്ചിട്ടുള്ളതാണ്. മലപ്പുറം ജില്ലയിലെ നിലമ്പൂരും ഇടുക്കി ജില്ലയിലെ ദേവികുളത്തും ജനമൈത്രി എക്സൈസ് ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

**കുടിവെള്ളക്ഷാമം നേരിടാൻ നടപടി**

10 (*68) ശ്രീ. ആന്റണി ജോൺ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എം. നൗഷാദ് :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രൂക്ഷമായ വരൾച്ചമൂലം സംസ്ഥാനത്തുണ്ടായേക്കാവുന്ന കുടിവെള്ള ക്ഷാമം നേരിടാൻ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രശ്നം നേരിടാൻ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനം സാധ്യമാക്കുമോ;

(സി) കുടിവെള്ള സ്രോതസ്സുകളിൽ തടയണകൾ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും ജലലഭ്യത ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ വാഹനങ്ങളിൽ കുടിവെള്ളമെത്തിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) നിലവിൽ ഉപയോഗശൂന്യമായി കിടക്കുന്ന കുളങ്ങളും തോടുകളും കിണറുകളും വൃത്തിയാക്കി ഉപയോഗയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യൂ. ടി. തോമസ്):

(എ) കാലവർഷത്തിലുണ്ടായ കുറവ് പരിഗണിച്ച് വിവിധ നദികളിലെ ജലദൗർലഭ്യത്തിനുള്ള സാദ്ധ്യത കണക്കിലെടുത്ത് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും കൂടുതൽ ജലലഭ്യത ഉറപ്പുവരുത്തുക.

2. ഇറിഗേഷൻ, വൈദ്യുത വകുപ്പുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി വിവിധ സ്രോതസ്സുകളിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. അടിക്കടി ലീക്കുമൂലം നഷ്ടം സംഭവിക്കുന്ന വിതരണ ലൈനുകൾ മാറ്റി പകരം പുതിയവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. ജലലഭ്യതയുള്ള സ്ഥലങ്ങളിൽ പൈപ്പുലൈൻ ദീർഘിപ്പിച്ച് ജലം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. വാട്ടർ അതോറിറ്റി കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്തു പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

6. റവന്യൂ, തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ സഹകരണത്തോടെ ആവശ്യമായ സ്ഥലങ്ങളിൽ കിയോസ്കുകൾ സ്ഥാപിച്ച് ടാങ്കറുകൾ മുഖേന പരമാവധി ശുദ്ധജല വിതരണ സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

7. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പു സെറ്റുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുന്നതിനും കൂടുതൽ പമ്പിംഗ് ആവശ്യമാണെങ്കിൽ അഡീഷണൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

8. ആവശ്യമാകുന്ന പക്ഷം വാൽവുകൾ നിയന്ത്രിച്ച് കരുതൽ നടപടി സ്വീകരിക്കുന്നതിനും ഉദ്ദേശിക്കുന്നു.

9. ജലശുദ്ധീകരണശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായി ഉപയോഗിക്കുന്നതിന് ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി ശുദ്ധജലലഭ്യത ഉറപ്പാക്കും.

10. നിയമവിരുദ്ധമായി ജലം ചോർത്തുന്നതും അനധികൃത ഉപയോഗവും മറ്റും കണ്ടുപിടിക്കുന്നതിനും ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനം ഉപയോഗപ്പെടുത്തുകയും നിയമാനുസൃതമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു.

11. പ്രതിമാസം 50 കിലോ ലിറ്ററിന് മുകളിൽ ഉപഭോഗം കണക്കാക്കുന്ന പുതിയ കണക്ഷനുകൾ നൽകുന്നതിന് താൽക്കാലിക നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

12. നിലവിൽ കൂടുതലായി ജലം ഉപയോഗിക്കുന്ന വ്യാവസായിക വാണിജ്യ കണക്ഷനുകളിൽ ഉപഭോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

13. ജല ശുദ്ധീകരണശാലകളിൽ ബാക്ക് വാഷിംഗ് ചെയ്യുന്നതിന് ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് കഴിയുന്നത്ര നിയന്ത്രിക്കുന്നുണ്ട്.

14. വളരെ കാലമായി കേടായ വാട്ടർ മീറ്റർ മാറ്റി വയ്ക്കാത്ത ഉപഭോക്താക്കൾക്ക് കണക്ഷൻ വിച്ഛേദിക്കുവാൻ നോട്ടീസ് നൽകുകയും തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

മേൽപ്പറഞ്ഞ നടപടികൾ കൂടാതെ വരൾച്ച സംബന്ധിച്ച സ്ഥിതിഗതികൾ നിരന്തരം വിലയിരുത്തി വേണ്ട പരിഹാര നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനകം കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽവച്ച് മേഖലാടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് വരൾച്ച സംബന്ധിച്ച വിശദമായ അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ തീരുമാനിച്ച കാര്യങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിന് വീഡിയോ കോൺഫറൻസ് വഴി അവലോകനവും നടത്തിയിരുന്നു.

ജലനിധി പഞ്ചായത്തുകളിലെ ജലസ്രോതസ്സുകളിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഭൂജല പരിപോഷണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ജല സംരക്ഷണത്തിനായി ജലനിധി കിണറുകളിൽ point recharge, roof water harvesting, ചെറുകിട തടയണകൾ (small check dams), Gabion structure, Radial Arm, നീർക്കുഴികൾ, ഓട (ഓവ് ചാൽ നിർമ്മാണം), sub surface dyke (ഭൂമിയുടെ അടിയിലുള്ള തടയണകൾ), VCB

(verticle cross bar), മണ്ണ് സംരക്ഷണം, കിണറുകളുടെ സംരക്ഷണം, കുളങ്ങളുടെ സംരക്ഷണം എന്നിവ ചെയ്തു വരുന്നു. ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ ഇതുവരെ (ബാച്ച് 1.2) 1532 ജലപരിപോഷണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. അതിൽ ഇതിനകം 1499 പദ്ധതികൾ പൂർത്തീകരിച്ചു. ഇതുമുഖേന എല്ലാ ജലസ്രോതസ്സുകളിലും സംരക്ഷണം ഉറപ്പുവരുത്തിയിട്ടുണ്ട്.

മഴവെള്ള സംഭരണം-ഭൂജല പരിപോഷണം പദ്ധതി നടപ്പിലാക്കിയതുമൂലം 15 ഗ്രാമ പഞ്ചായത്തുകളിലെ നാലായിരത്തോളം കുടുംബങ്ങൾക്ക് മഴവെള്ളം ശേഖരിച്ച് ഉപയോഗിക്കുന്നതിന് 10000 ലിറ്റർ ശേഷി കൊള്ളുന്ന സംഭരണികൾ നിർമ്മിച്ചു നല്കുകയുണ്ടായി. സംസ്ഥാന പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി മഴ കേന്ദ്രത്തിന്റെ സഹായത്തോടെ നടപ്പിലാക്കിയ പദ്ധതി വരുംവർഷങ്ങളിലും നടപ്പിലാക്കുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. പ്രസ്തുത പദ്ധതി വിദ്യാലയങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ജലസൗഹൃദവിദ്യാലയം പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. വിദ്യാർത്ഥികളിൽ മഴവെള്ള സംഭരണത്തിന്റെ പ്രാധാന്യവും അതുവഴി ജനസമൂഹങ്ങളിലേക്കുമെത്തിച്ച് അവയുടെ ആവശ്യകത തുടങ്ങിയ കാര്യങ്ങളിൽ ബോധവത്കരണവും ജലദൗർലഭ്യത്തിനുള്ള ഒരു പരിഹാര മാർഗ്ഗവുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

കിണർ റീ-ചാർജ്ജിംഗ്, കിണറുകളുടെ ആഴം കൂട്ടൽ എന്നീ പ്രവർത്തനങ്ങൾ കുടിവെള്ള ക്ഷാമം രൂക്ഷമാകാൻ പോകുന്നതിന്റെ മുൻകരുതലായി ഗ്രാമപഞ്ചായത്തുതോറും നടപ്പിലാക്കി വരുന്നു. കുടിവെള്ള ലഭ്യത പൂർണ്ണമായോ ഭാഗികമായോ ഇല്ലാത്ത പ്രദേശങ്ങളിൽ ഭൂജലപര്യവേഷണം നടത്തി കുഴൽ കിണറുകൾ നിർമ്മിച്ച് ജല ലഭ്യതയുള്ള കിണറുകളിൽ ചെറുകിട കുടിവെള്ള പദ്ധതികളും ജലലഭ്യത കുറഞ്ഞ കുഴൽക്കിണറുകളിൽ കൈപ്പമ്പ് ഘടിപ്പിച്ചിട്ടുള്ള ജലവിതരണവും രാജീവ് ഗാന്ധി പദ്ധതിയിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപ്പാക്കിവരുന്നു. 2016-17 സാമ്പത്തിക വർഷം ഒരുകോടി രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ട്. ഇതിൽ ഒരുകോടി രൂപയും ചെലവഴിച്ചുകഴിഞ്ഞു. 32 ചെറുകിട കുടിവെള്ള പദ്ധതികളും 81 കുഴൽക്കിണർ നിർമ്മാണവും 20 കൈപ്പമ്പ് പദ്ധതികളും 810 ഹാന്റ്പമ്പ് അറ്റകുറ്റപ്പണികളും ഇതുവരെ ഈ പദ്ധതിയിൻകീഴിൽ പൂർത്തീകരിച്ചിട്ടുണ്ട്. 13-1-2017-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(ആർറ്റി.)നമ്പർ 318/2017/ഫിൻ. പ്രകാരം 1240.33 ലക്ഷം രൂപ രാജീവ് ഗാന്ധി പദ്ധതിയിൽ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. 5505 കൈപ്പമ്പുകളുടെ അറ്റകുറ്റപ്പണികളും 585 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണത്തിനുമുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 2163 കൈപ്പമ്പുകളുടെ അറ്റകുറ്റപ്പണികളും 70 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

31-10-2016-ലെ 42830/കെ3/2016/ഡി.എം.ഡി. നമ്പർ പരിപത്രം പ്രകാരം സംസ്ഥാനത്ത് വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ ജല ഉപയോഗത്തിന്റെ മുൻഗണനാക്രമം, ജലം ഉപയോഗിക്കുന്നതിന് സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്നിവ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർക്കും ബന്ധപ്പെട്ട വകുപ്പുകൾക്കും നൽകിയിട്ടുണ്ട്. കുളങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനായുള്ള ഹരിതകേരളം പദ്ധതി ജലസേചന വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. നിലവിലുള്ള ജല സ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കുന്നതു വഴി പ്രാദേശിക തലത്തിൽ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനും ഉതകുന്ന ഒരു പുതിയ ജല ഉപഭോഗ സംസ്കാരം രൂപപ്പെടുത്തുന്നതിനാണ് ഹരിത കേരളം പദ്ധതി ഊന്നൽ നൽകുന്നത്. ഇതിന്റെ ആദ്യഘട്ടമായി 320 കോടിരൂപ ചെലവിൽ ഏകദേശം 9453 കുളങ്ങൾ നവീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതനുസരിച്ച് കുളങ്ങളിലെ മാലിന്യം, ചെളി, പായൽ ഇവ നീക്കം ചെയ്ത് അവയുടെ സംഭരണശേഷി വർദ്ധിപ്പിച്ച് കാർഷികാവശ്യങ്ങൾക്കും മറ്റു പാരിസ്ഥിതിക ധർമ്മങ്ങൾക്കും ജലലഭ്യത ഉറപ്പാക്കാൻ സാധിക്കുന്നതാണ്. ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ എം.എൻ.ആർ.ഇ.ജി.എസ്.-ൽ ഉൾപ്പെടുത്തി ജില്ലാഭരണകൂടം മുഖേനയാണ് നടപ്പിലാക്കുന്നത്.

(ബി) വിവിധ വകുപ്പുകളുമായി ഇതിനോടകം തന്നെ അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. കേരള സംസ്ഥാന ജലവിതരണ നിയമം 2008 Sec 38A(2), 46(B), 52(A), 61(A) എന്നിവ പാലിക്കുന്നതിനും ഇത് നടപ്പിലാക്കുന്നതിന് റവന്യൂ, പോലീസ്, തദ്ദേശ സ്വയംഭരണം, കേരള ജല അതോറിറ്റി എന്നീ വകുപ്പുകളിൽനിന്നും ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് പരിശോധനാ ടീമിനെ നിയോഗിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സ്ഥിരം ജലസ്രോതസ്സുകൾ മലിനമാക്കുന്നത് തടയുവാനായി കർശനമായ പോലീസ് കാവലും പ്രാദേശിക ഭരണകൂടത്തിന്റെയും ജനങ്ങളുടെയും മേൽനോട്ടവും ഏർപ്പെടുത്തുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കുടിവെള്ള സ്രോതസ്സുകളിൽ തടയണകൾ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും ജലലഭ്യത ഉറപ്പാക്കുന്നതിനുള്ള നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്. ആവശ്യമായ സ്ഥലങ്ങളിൽ അത്തരത്തിലുള്ള കൂടുതൽ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതാണ്. ജലനിധിയുടെ രണ്ടാംഘട്ട പദ്ധതിയിൽ വിവിധ കുടിവെള്ള സ്രോതസ്സുകളിൽ തടയണകൾ കെട്ടി ജലലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. 194 ചെക്ക് ഡാം (തടയണകൾ) നിർമ്മാണം ഏറ്റെടുത്തതിൽ 157 എണ്ണം ഇതിനകം പൂർത്തീകരിച്ചു. നീർച്ചാലുകളുടെ നിർമ്മാണം ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. നീർത്തട സംരക്ഷണത്തിനായി പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുക, മണ്ണിന്റെ ഫലപുഷ്ടി

ശോഷണം തടയുക, ഭൂജല വിതാനം താഴുന്നത് തടയുക, പഞ്ചായത്തിലെ കുളങ്ങൾ, ചെറിയ തോടുകൾ എന്നിവ ആഴം കൂട്ടുക, തടയണ നിർമ്മിക്കുക എന്നീ പദ്ധതികൾ തൊഴിലുറപ്പ് പദ്ധതിയിൽ മുൻഗണന നൽകി നടപ്പാക്കിവരുന്നു. കൂടാതെ വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനും കനാലുകൾ, കുളങ്ങൾ എന്നിവ വൃത്തിയാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കിയോസ്കുകൾ സ്ഥാപിച്ച് ജലവിതരണം നടത്തുന്നത് റവന്യൂ വകുപ്പ് വഴിയാണ്. ഇത്തരം സംവിധാനങ്ങൾക്ക് ആവശ്യമായ കുടിവെള്ളം ജല അതോറിറ്റിയുടെ വിവിധ പദ്ധതികളിൽ നിന്നും നൽകുന്നതാണ്. അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ടാങ്കർ ലോറികളിൽ കുടിവെള്ളം എത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരം പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും ഏറ്റെടുത്ത് നടത്തിവരുന്നു. സംസ്ഥാനത്ത് കുടിവെള്ളക്ഷാമം നേരിടുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളിലെ വാർഡുകളിൽ വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വാട്ടർ കിയോസ്കുകൾ പ്രായോഗികമല്ലാത്തതും രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്നതുമായ പ്രദേശങ്ങളിൽ ജി.പി.എസ്. ഘടിപ്പിച്ച വാഹനങ്ങളിൽ നേരിട്ട് കുടിവെള്ളം എത്തിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) വാട്ടർ അതോറിറ്റിയുടെ പരിധിയിൽ വരുന്നതല്ലെങ്കിലും ആവശ്യത്തിന് ജലലഭ്യതയുള്ള പാറമടകൾ, കുളങ്ങൾ തുടങ്ങിയ സ്രോതസ്സുകൾ കണ്ടെത്തി ഗുണനിലവാര പരിശോധന നടത്തി അവ ഉപയോഗപ്പെടുത്താനുള്ള സാധ്യത പരിശോധിക്കാൻ ഫീൽഡ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ജലനിധിയുടെ രണ്ടാംഘട്ട പദ്ധതിയിൽ വിവിധ കുടിവെള്ള സ്രോതസ്സുകളിൽ തടയണകൾ കെട്ടി ജലലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. 194 ചെക്ക്ഡാം (തടയണകൾ) നിർമ്മാണം ഏറ്റെടുത്തതിൽ 157 എണ്ണം ഇതിനകം പൂർത്തീകരിച്ചു. നീർച്ചാലുകളുടെ നിർമ്മാണം ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. മാലിന്യ നിർമ്മാർജ്ജനം ഗ്രാമ പഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 219 (എസ്) ചവറോ, മാലിന്യമോ, വിസർജ്ജ്യ വസ്തുക്കളോ ജലാശയങ്ങളിലും ജലസ്രോതസ്സുകളിലും നിക്ഷേപിക്കുന്നതിനെതിരെയുള്ള നിരോധനം പ്രകാരം ജലാശയങ്ങൾ മലിനപ്പെടുത്തുന്നതിനെതിരെ ഗ്രാമപഞ്ചായത്തുകൾ നടപടികൾ സ്വീകരിക്കുന്നുണ്ട്. ജലാശയങ്ങളിലെ മലിനീകരണം പരിഹരിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്നുള്ള പങ്കാളിത്ത സമീപനത്തിന് സർക്കാർ തലത്തിൽ കൂടുതൽ നടപടികൾ സ്വീകരിക്കാവുന്നതാണ്. ജലവിതരണത്തിനുപയോഗിക്കുന്ന ജലസ്രോതസ്സുകളിൽ ജലമലിനീകരണം ഇല്ലെന്ന് ഉറപ്പ് വരുത്തുവാനും ഉപയോഗയോഗ്യമാണെന്ന് ജല അതോറിറ്റിയോ ഭക്ഷ്യവകുപ്പോ സാക്ഷ്യപ്പെടുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

## പാരമ്പര്യത്തേയും സംസ്കൃതിയേയും വർഗ്ഗീയവൽക്കരിക്കൽ

11 (*69) ശ്രീ. പുരുഷൻ കടലുണ്ടി :

ശ്രീ. എ. പ്രദീപ്കുമാർ :

പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യത്തേയും സംസ്കൃതിയേയും വർഗ്ഗീയവൽക്കരിക്കുന്നത് തടയാൻ സാംസ്കാരിക രംഗത്ത് നടത്തുന്ന ഇടപെടലിനെക്കുറിച്ച് വിശദമാക്കുമോ;

(ബി) സാംസ്കാരിക വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ സാംസ്കാരിക നവോത്ഥാനത്തിന് സഹായകരമായ രീതിയിൽ ഉയർന്ന് പ്രവർത്തിക്കാനായി പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(സി) അന്യം നിന്നുകൊണ്ടിരിക്കുന്ന ഗോത്ര സംസ്കൃതിയുൾപ്പെടെയുള്ളവയുടെ ബഹുസ്വരത നിലനിർത്തുന്നതിനായി സംഘടിപ്പിച്ചിട്ടുള്ള സാംസ്കാരികോത്സവങ്ങൾ ഏതെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ&ബി) പാരമ്പര്യത്തേയും സംസ്കൃതിയേയും വർഗ്ഗീയവത്കരിക്കുന്നതിനുള്ള ഒറ്റപ്പെട്ട ചില ശ്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് തടയാൻ സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ സർക്കാർ സ്ഥാപനങ്ങളും ഇടപെടത്തക്ക രീതിയിൽ സാംസ്കാരിക സ്ഥാപനങ്ങളെ സജ്ജമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. മതേതര സംസ്കാരം അനുവർത്തിച്ചുപോരുന്ന നമ്മുടെ സമൂഹത്തെ അതിന്റെ അർത്ഥവ്യാപ്തി മുഴുവൻ ഉൾക്കൊള്ളുന്ന രീതിയിലും വെല്ലുവിളികളെ നേരിടാൻ പ്രാപ്തമാക്കുന്നതിനും സാഹിത്യ സാംസ്കാരിക സ്ഥാപനങ്ങളെ മുന്നോട്ട് കൊണ്ടു പോകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. സാംസ്കാരിക മേഖലയെ വർഗ്ഗീയവല്കരിക്കുന്നത് തടയുന്നതിനും ജനാധിപത്യക്രമത്തിന് അനിവാര്യമായ സാമുദായിക സാമൂഹ്യ അഭേദം പരിപോഷിപ്പിക്കുന്നതിനും മാനവികതയ്ക്കും നവോത്ഥാന മൂല്യങ്ങൾക്കുമെതിരെ പ്രതിലോമ ശക്തികൾ നടത്തുന്ന കടന്നാക്രമണം പ്രതിരോധിക്കാൻ സാംസ്കാരിക സ്ഥാപനങ്ങൾ മുൻകയ്യെടുത്ത് പ്രവർത്തിച്ച് തുടങ്ങിയിട്ടുണ്ട്. അതിന്റെ ആദ്യ പടിയാണ് നമുക്ക് ജാതിയോ മതമോ ഇല്ല എന്ന പ്രഖ്യാതമായ ശ്രീനാരായണഗുരു വിളംബരത്തിന്റെ 100-ാം വാർഷികം വിവിധ സാംസ്കാരിക സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ആഘോഷിക്കാൻ സർക്കാർ മുൻകയ്യെടുത്തത്. ഈ പരിപാടി സംസ്ഥാനമൊട്ടാകെ ആറായിരത്തോളം സ്ഥലങ്ങളിൽ സംഘടിപ്പിച്ചിട്ടുണ്ട്.

സാംസ്കാരിക നവോത്ഥാനത്തിന് ഉതകുന്ന ഇത്തരം പരിപാടികൾ തുടർന്നും സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി കേരള ലളിതകലാ അക്കാദമിയുടെ നേതൃത്വത്തിൽ 2017 മാർച്ച് 20 മുതൽ 29 വരെ തൃശ്ശൂരിൽ 'പന്തിഭോജനം' കലാക്യാമ്പും പന്തിഭോജനവും സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. നമ്മുടെ സാംസ്കാരിക നവോത്ഥാന നായകന്മാരെക്കുറിച്ചുള്ള പ്രഭാഷണ പരമ്പര, ചിത്രകലാ ക്യാമ്പ് എന്നിവയിലൂടെ മഹത്തായ ആശയങ്ങളുടെ വിചിന്തനവും ആവിഷ്കാരവും ഉദ്ദേശിക്കുന്നതിനുപുറമേ നാനാതുറകളിലുള്ള ആളുകളെ മത ജാതി പരിഗണന കൂടാതെ പങ്കെടുപ്പിച്ചുകൊണ്ട് പന്തിഭോജനം നടത്താൻ ഉദ്ദേശിക്കുന്നു. ഈ നിലയിൽ സാംസ്കാരിക നവോത്ഥാനത്തിന് സഹായകരമായ സന്ദേശം നൽകുന്ന വിധത്തിലായിരിക്കും 'പന്തിഭോജനം' സംഘടിപ്പിക്കുന്നത്. നവോത്ഥാന മൂല്യങ്ങളുടെ വീണ്ടെടുപ്പിനും ചരിത്ര തമസ്കരണത്തെ പ്രതിരോധിക്കുന്നതിനും വിവിധ സാംസ്കാരിക സാഹിത്യ സ്ഥാപനങ്ങൾ ഫലപ്രദമായ കർമ്മപരിപാടികൾ ആവിഷ്കരിച്ചു വരുന്നു.

(സി) നമ്മളൊന്നാകണമെങ്കിൽ നമ്മൾ പലതായിരിക്കണം എന്നതാണ് സാമൂഹ്യ ബഹുസ്വരതയുടെ കാതൽ. എല്ലാത്തിനെയും ഒന്നിലേയ്ക്ക് സമന്വയിപ്പിക്കാനുള്ള ശ്രമങ്ങളല്ല, വൈവിധ്യങ്ങളെ നിലനിർത്താനുള്ള ശ്രമങ്ങളാണ് സാംസ്കാരിക രംഗത്ത് പ്രധാനം ഗോത്ര സംസ്കൃതിയടക്കം പാർശ്വവൽകരിക്കപ്പെട്ടവരായ ജനവിഭാഗങ്ങളുടെ സ്വത്വവും സംസ്കാരവും നിലനിർത്താനുള്ള ശ്രമങ്ങൾ സാംസ്കാരിക വകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നുണ്ട്. പട്ടികവർഗ്ഗ വകുപ്പിന്റെ ആഭിമുഖ്യത്തിൽ വർഷംതോറും സംസ്ഥാനത്തിലെ രണ്ടു ജില്ലകളിൽ വച്ച് നടത്തപ്പെടുന്ന പത്ത് ദിവസം നീണ്ടുനിൽക്കുന്ന 'ഗദ്ദിക' ഉൽപ്പന്ന പ്രദർശന വിപണന മേളയും നാടൻ കലാമേളയും പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തിലെ പട്ടികവർഗ്ഗ ജനസമൂഹങ്ങളുടെ സാംസ്കാരിക വൈവിധ്യവും ബഹുസ്വരതയും പൊതുസമൂഹത്തെ അറിയിക്കുന്നതിന്റെയും അവ നിലനിർത്തുന്നതിന്റെയും ഭാഗമായി പാരമ്പര്യ നൃത്തരൂപങ്ങളുടെ അവതരണം, പാരമ്പര്യ ഭക്ഷ്യമേളകൾ, ഗോത്ര സംസ്കൃതിയുടെ പ്രദർശനം, വംശീയ വൈദ്യ ചികിത്സാ ക്യാമ്പുകൾ, കരകൗശല ഉല്പന്നങ്ങളുടെ നിർമ്മാണം, പ്രദർശനം തുടങ്ങിയവ സംഘടിപ്പിക്കാറുണ്ട്. ചില വർഷങ്ങളിൽ കേരളത്തിലെയും മറ്റു സംസ്ഥാനങ്ങളിലേതുമായ പാരമ്പര്യ ഗോത്ര നൃത്തരൂപങ്ങളുടെയും അവതരണം, പെയിന്റിംഗുകൾ, കരകൗശല വസ്തുക്കൾ എന്നിവയുടെ നിർമ്മാണ പ്രദർശനം, വിപണനം, പാരമ്പര്യ ഭക്ഷ്യമേളകൾ, ഗോത്ര സംസ്കൃതിയുടെ പ്രദർശനം, വംശീയ വൈദ്യ ചികിത്സാ ക്യാമ്പുകൾ തുടങ്ങിയവ ഉൾപ്പെടുത്തിയുള്ള ഗോത്രമേളകൾ ഗോത്രവർഗ്ഗക്കാരുടെ സാംസ്കാരിക പൈതൃകവും വൈവിധ്യവും നിലനിർത്തുന്നതിനായി ഒരുക്കാറുണ്ട്. സാംസ്കാരികകാര്യ വകുപ്പ് മാർച്ച് മാസത്തിൽ അട്ടപ്പാടിയിൽ ഗോത്രവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള സാഹിത്യ ക്യാമ്പ്, 'ഗോത്ര സംസ്കൃതി' യുൾപ്പെടെ നടത്തുന്നുണ്ട്.

## പട്ടികഗോത്രവർഗ്ഗ കുടുംബങ്ങൾക്കായി ആരോഗ്യ സുരക്ഷാ പദ്ധതി

12 (*70) ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികഗോത്രവർഗ്ഗ കുടുംബങ്ങൾക്കായി പ്രത്യേക ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പട്ടികഗോത്ര വർഗ്ഗക്കാർക്കിടയിൽ പട്ടിണി മരണം ഇല്ലാതാക്കാനായി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം അറിയിക്കാമോ;

(സി) മുൻസർക്കാരിന്റെ കാലത്ത് നിലച്ചുപോയ, അട്ടപ്പാടിയിലെ കമ്മ്യൂണിറ്റി കിച്ചൻ സംവിധാനം പുനരുജ്ജീവിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ; ഇതിന്റെ പ്രയോജനം എത്ര ഊരുകളിൽ ലഭ്യമാകുന്നുണ്ടെന്ന് അറിയാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്ക് ആരോഗ്യ സംരക്ഷണം ഉറപ്പു വരുത്തുന്നതിനായി നടപ്പാക്കി വരുന്ന പദ്ധതിയാണ് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി. എ.പി.എൽ./ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 10,000 രൂപ വരെ ചികിത്സാ ചെലവ് സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജ് ആശുപത്രികളിലും സൗജന്യമായി ലഭിക്കുന്നു. ബി.പി.എൽ. വിഭാഗത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട (വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ള) രോഗികൾക്ക് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികൾ, സർക്കാർ മെഡിക്കൽ കോളേജുകൾ, കണ്ണൂർ ജില്ലയിലെ പരിയാരം മെഡിക്കൽ കോളേജ്, തിരുവനന്തപുരം ജില്ലയിലെ ശ്രീചിത്തിര തിരുനാൾ മെഡിക്കൽ സയൻസ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, റീജിയണൽ ക്യാൻസർ സെന്റർ, ശ്രീ അവിട്ടം തിരുനാൾ ആശുപത്രി, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ത്താൽമോളജി എന്നീ സ്ഥാപനങ്ങൾ വഴി ചികിത്സാ ചെലവ് പൂർണ്ണമായും സൗജന്യമായി ടി പദ്ധതി നടപ്പാക്കുന്നു. ചികിത്സാ ചെലവ് 50,000 രൂപയിൽ അധികരിക്കുകയാണെങ്കിൽ സർക്കാർ അനുമതി ഉത്തരവിലൂടെ ചികിത്സാ ചെലവ് അനുവദിച്ചു വരുന്നുണ്ട്. ആശുപത്രിയിൽ സൗജന്യമായി നൽകാൻ ഇല്ലാത്ത മരുന്നുകൾ ആശുപത്രിയോട്

അനുബന്ധിച്ചുള്ള മെഡിക്കൽ സ്റ്റോറുകളിൽ നിന്നും വാങ്ങുന്നതിനുള്ള ചെലവ്, ആശുപത്രിയോട് അനുബന്ധിച്ചുള്ള ഹോസ്പിറ്റൽ വികസന സമിതിയുടെ അധീനതയിലുള്ള മെഡിക്കൽ സ്റ്റോറുകളിൽ നിന്നും ലഭ്യമല്ലാത്ത മരുന്നുകൾ പുറത്ത് മെഡിക്കൽ സ്റ്റോറുകളിൽ നിന്നും വാങ്ങുന്നതിനുള്ള ചെലവ്, ആശുപത്രികളിൽ നിന്നുള്ള ലാബ് ടെസ്റ്റിന്റെ ചെലവുകൾ, സർക്കാർ ആശുപത്രികൾ/സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സൗജന്യമായി ലഭ്യമാകാത്ത ലാബ് ടെസ്റ്റുകൾ പുറത്ത് നിന്നുള്ള സ്ഥാപനങ്ങളിൽ നിന്നും ചെയ്യുന്നതിനുള്ള ചെലവ്, രോഗികൾക്ക് ചികിത്സയ്ക്കായി അത്യാവശ്യം വേണ്ടിവരുന്ന ചികിത്സാ ഉപകരണങ്ങൾ ആശുപത്രികളിൽ ലഭ്യമല്ലാത്ത സാഹചര്യത്തിൽ പുറത്തുനിന്നും ലഭ്യമാകുന്നതിനുള്ള ചെലവ്, രോഗികളെ ആശുപത്രിയിൽ എത്തിക്കുന്നതിനും അവശരായ രോഗികളെ ചികിത്സ കഴിഞ്ഞ് വീടുകളിൽ എത്തിക്കുന്നതിനും മരണമടഞ്ഞവരുടെ മൃതദേഹം വീടുകളിൽ എത്തിക്കുന്നതിനും വേണ്ടി വരുന്ന യഥാർത്ഥ ആംബുലൻസ്/വാഹന വാടക, ആശുപത്രികളിൽ രോഗികളായവർക്ക് സൗജന്യ ഭക്ഷണം ലഭ്യമല്ലാത്ത അവസരങ്ങളിൽ ഭക്ഷണത്തിനായി പ്രതിദിനം 150 രൂപ വരെയുള്ള ചെലവ്, ആശുപത്രികളിൽ രോഗികളായവരുടെ കൂട്ടിരിപ്പിനായി തങ്ങുന്ന ഒരാൾക്ക് പ്രതിദിനം 200 രൂപ വരെയുള്ള ചെലവ് എന്നിവ ഈ പദ്ധതി പ്രകാരം അനുവദിച്ച് നൽകുന്നു. കൂടാതെ വകുപ്പ് ഡയറക്ടറുടെ അധികാര പരിധിയിൽ നിന്ന് 25,000 രൂപ വരെയും പ്രോജക്ട് ഓഫീസർമാർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാർ മുഖേന 5000 രൂപ വരെയും ചികിത്സാ ധനസഹായം അനുവദിക്കുന്നു.

(ബി) ആദിവാസി പട്ടിണിമരണങ്ങൾ ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി ക്ഷേമപദ്ധതികൾ സർക്കാർ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പാക്കി വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പു മുഖേനയും സാമൂഹ്യനീതി, ആരോഗ്യം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ മുഖേനയുമാണ് പ്രധാനമായും പദ്ധതികൾ നടപ്പിലാക്കി വരുന്നത്. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ആരോഗ്യസംരക്ഷണം ഉറപ്പു വരുത്തുന്നതിനായി പ്രതിമാസം 1000 രൂപ നിരക്കിൽ ആകെ 18 മാസം ധനസഹായം നൽകി വരുന്ന ജനനീ ജന്മരക്ഷ പദ്ധതി, ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്റർ മുഖേന ഭാരക്കുറവുള്ള കുട്ടികൾക്ക് പ്രത്യേക ആരോഗ്യ പരിരക്ഷ, സാമൂഹ്യക്ഷേമ വകുപ്പ് മുഖേന ആറ് മാസം മുതൽ ആറ് വയസ്സുവരെയുള്ള കുട്ടികൾക്ക് പോഷകാഹാര ലഭ്യത, കുടുംബശ്രീ, എൻ.ആർ.എൽ.എം. മുഖേന കമ്മ്യൂണിറ്റി കിച്ചൻ, ഭക്ഷ്യലഭ്യത ഉറപ്പുവരുത്തുന്നതിനായി പ്രത്യേക ദുർബ്ബല ഗോത്ര വിഭാഗങ്ങൾക്കും മറ്റ് പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുമായി ഫുഡ് സപ്പോർട്ട് പ്രോഗ്രാം എന്നിവ നടപ്പിലാക്കി വരുന്നു. അട്ടപ്പാടിയിൽ 157 ക്ലസ്റ്ററുകളായി കമ്മ്യൂണിറ്റി കിച്ചൻ ആരംഭിച്ചിട്ടുണ്ട്.

(സി) സാധിച്ചിട്ടുണ്ട്. 157 ക്ലസ്റ്ററുകളായി തിരിച്ച് അട്ടപ്പാടിയിലെ മുഴവൻ ഊരുകളിലും നിലവിൽ കമ്മ്യൂണിറ്റി കിച്ചന്റെ പ്രയോജനം ലഭ്യമാക്കി വരുന്നു.

**ഭവന രഹിതരായ പട്ടികജാതി കുടുംബങ്ങൾ**

13 (*71) ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭവന രഹിതരായ പട്ടിക ജാതി കുടുംബങ്ങളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ചതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ചതും പണി പൂർത്തിയാക്കാൻ സാധിക്കാത്തതുമായ വീടുകളുടെയും അവയിൽ പണി പൂർത്തിയാക്കിയവയുടെയും വിശദാംശം അറിയാമോ ; എങ്കിൽ ലഭ്യമാക്കാമോ;

(സി) വാസയോഗ്യമല്ലാത്ത വീടുകൾ നന്നാക്കാനായി സഹായം അനുവദിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതിയുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) സംസ്ഥാനത്ത് ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ട്. (2009-ൽ KILA നടത്തിയ സർവ്വേ പ്രകാരം) സംസ്ഥാനത്ത് 26210 ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങളുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി 15000 വീടുകൾ നിർമ്മിക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്. 2007-08 മുതൽ 2015-16 വർഷം വരെയുള്ള 16363 സ്പിൽഓവർ വീടുകളുടെ പൂർത്തീകരണത്തിനും പുതിയവയുടെ നിർമ്മാണത്തിനുമായി 173,39,11,902 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ച വീടുകളുടെ എണ്ണം - 24887

പൂർത്തിയാക്കാൻ സാധിക്കാത്തവയുടെ എണ്ണം - 11003.

ഇതിൽ ഈ സർക്കാർ വന്നശേഷം പണി പൂർത്തിയാക്കിയവയുടെ എണ്ണം - 3833.

(സി) വാസയോഗ്യമല്ലാത്ത വീടുകൾ നന്നാക്കുന്നതിനായി ഭവന പുനരുദ്ധാരണ ധനസഹായ പദ്ധതി പ്രകാരം 50,000 രൂപ അനുവദിക്കുന്നുണ്ട്. മുൻ വർഷങ്ങളിൽ ടി പദ്ധതി പ്രകാരം തുക അനുവദിച്ചതും പൂർത്തിയാകാതെ അവശേഷിപ്പിച്ചതുമായ വീടുകളുടെ നവീകരണത്തിനുവേണ്ടി 26,81,75,000 രൂപ (ഇരുപത്തിയാറു കോടി എൺപത്തിയൊന്നു ലക്ഷത്തി എഴുപത്തയ്യായിരം രൂപ) ചെലവഴിച്ചിട്ടുണ്ട്.

## പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി നടപ്പിലാക്കിയ പ്രധാന പദ്ധതികൾ

14(*72) ശ്രീ. ഒ. ആർ. കേളു :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി നടപ്പിലാക്കിയ പ്രധാന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ആദിവാസി വിഭാഗങ്ങൾക്ക് സ്വന്തമായി സ്ഥലവും വീടും ഉറപ്പാക്കുന്നതിനുള്ള നടപടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ആദിവാസി വിഭാഗങ്ങളിലെ ഭൂരഹിതർക്കായി മിച്ചഭൂമി, പുറമ്പോക്ക് ഭൂമി, കാലാവധി കഴിഞ്ഞ പാട്ടഭൂമി എന്നിവ ഏറ്റെടുത്ത് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ഡി) ആദിവാസി ഊരുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും എല്ലാ മാസവും മെഡിക്കൽ പരിശോധന നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത വിഭാഗങ്ങളിലെ യുവതീയുവാക്കളെ പങ്കെടുപ്പിച്ച് തൊഴിൽസേന രൂപീകരിച്ച് കാർഷിക യന്ത്രങ്ങളിൽ പരിശീലനം നൽകുന്നതിനും വനവിഭവങ്ങൾ ശേഖരിച്ച് വിൽപ്പന നടത്താൻ ശാസ്ത്രീയ സംവിധാനങ്ങൾ ഒരുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന മെച്ചപ്പെട്ട വിദ്യാഭ്യാസം, ആരോഗ്യം, അടിസ്ഥാനസൗകര്യ വികസനം, ഭവനം, ഭൂമി, തൊഴിൽ ലഭ്യമാക്കൽ എന്നിവ ലക്ഷ്യം വച്ചുകൊണ്ട് സംസ്ഥാനത്ത് ആകെ 810.16 കോടി രൂപയുടെ ട്രൈബൽ സബ്പ്ലാൻ പദ്ധതിയിൽ വിവിധ വികസന

പ്രവർത്തനങ്ങളും പദ്ധതികളും നടപ്പിലാക്കിവരുന്നു. പ്രധാനപ്പെട്ടവ ചുവടെ ചേർത്തിരിക്കുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ ഭക്ഷ്യ സഹായ പദ്ധതി വഴി ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി 83,103 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യ വിതരണം നടത്തിയിട്ടുണ്ട്. അട്ടപ്പാടിയിൽ 3.50 കോടി രൂപ ചെലവഴിച്ച് കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതിയുടെ ഫലമായി പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും ശിശുമരണ നിരക്ക് ഗണ്യമായി കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്.

- പട്ടികവർഗ്ഗ ഭവന നിർമ്മാണ പദ്ധതിയിൽ സ്പിൽ ഓവർ ആയ 23197 വീടുകളുടെ നിർമ്മാണത്തിനായി 31-1-2017 വരെ 166.78 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 3945 വീടുകൾ പൂർത്തീകരിച്ചു.
- ഈ സാമ്പത്തിക വർഷം 6709 പേർക്ക് പുതിയ വീടുകൾ അനുവദിക്കാനുള്ള നടപടികൾ സ്വീകരിച്ചു.
- ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1199 പട്ടികവർഗ്ഗക്കാരുടെ ഒരു ലക്ഷം രൂപ വരെയുള്ള കടം എഴുതി തള്ളി.

  അർഹരായ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കുന്നതിനായി ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം ഭൂരഹിതരായ 56 ഗുണഭോക്താക്കൾക്ക് 25.59 ഏക്കർ ഭൂമി വാങ്ങിയ ഇനത്തിൽ 565.76 ലക്ഷം രൂപ അനുവദിച്ചു നൽകി.

ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി ലഭിക്കുന്ന വൈദ്യുതീകരണം, കുടിവെള്ളം എന്നിവയ്ക്കായുള്ള പദ്ധതികൾക്ക് സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗക്കാരുടെ ഭവനങ്ങൾ സമ്പൂർണ്ണമായി വൈദ്യുതീകരിക്കുന്നതിനായി മതിയായ തുക വകയിരുത്തിയിട്ടുണ്ട്. 2017 മാർച്ചിന് മുമ്പ് പട്ടികവർഗ്ഗക്കാരുടെ ഭവനങ്ങൾ സമ്പൂർണ്ണ വൈദ്യുതീകരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2016-17 സാമ്പത്തിക വർഷം എൻ.റ്റി.റ്റി.എഫ്. മുഖേന 250 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഒരു വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സും 100 വിദ്യാർത്ഥികൾക്ക് മൂന്ന് വർഷത്തെ ഡിപ്ലോമ കോഴ്സും നടത്തിവരുന്നു.

ഈ വർഷം മുതൽ ഗ്രൂപ്പ് സംരംഭങ്ങളിലൂടെ പുതിയ തൊഴിൽ സൃഷ്ടിക്കുന്നതിനും അതിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിനുമായുള്ള സ്വയം തൊഴിൽ പദ്ധതിക്കായി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2016-17 വർഷം ഗോത്രസാരഥി പദ്ധതിയിൽ 6,66,57,320 രൂപ ചെലവഴിച്ച് 353 സ്കൂളുകളിൽ പഠിക്കുന്ന 12831 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യം നൽകി വരുന്നു. മോഡൽ റസിഡൻഷ്യൽ

സ്കൂളുകൾ, ആശ്രമം സ്കൂളുകൾ, ഹോസ്റ്റലുകൾ എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കുകയും വിദഗ്ദ്ധ സമിതി ഹോസ്റ്റലുകളുടെയും മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും നവീകരണത്തിന് മാനദണ്ഡങ്ങൾ തയ്യാറാക്കുകയും ടി മാനദണ്ഡങ്ങൾക്ക് അനുസരിച്ച് മോഡൽ റസിഡൻഷ്യൽ സ്കൂൾ, ഹോസ്റ്റലുകൾ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. എല്ലാ ഹോസ്റ്റലുകളും നവീകരിക്കുന്നതാണ്. KIIFB മുഖേന 100 കോടി രൂപ ചെലവഴിച്ച് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്.

1. തിരുവനന്തപുരം ജില്ലയിൽ കുറ്റിച്ചലിൽ എം.ആർ.എസ്. നിർമ്മാണം (25 കോടി രൂപ).
2. കണ്ണൂർ ജില്ലയിൽ ആറളത്ത് പുതിയ എം.ആർ.എസ്. നിർമ്മാണം (25 കോടി രൂപ).
3. കാസർഗോഡ് ജില്ലയിൽ ബദിയഡുക്കയിൽ പെൺകുട്ടികൾക്കായുള്ള പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മാണം (5 കോടി രൂപ).
4. കാസർഗോഡ് ജില്ലയിൽ കുറ്റിക്കോലിൽ ആൺകുട്ടികൾക്കായുള്ള പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മാണം (5 കോടി രൂപ).
5. കൊല്ലം ജില്ലയിൽ അച്ചൻകോവിലിൽ പെൺകുട്ടികൾക്കായുള്ള പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മാണം (5 കോടി രൂപ).
6. ഇടുക്കി ജില്ലയിൽ നെടുങ്കണ്ടത്ത് പെൺകുട്ടികൾക്കായുള്ള പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മാണം (5 കോടി രൂപ).
7. എറണാകുളം ജില്ലയിൽ ഇടമലയാറിൽ പെൺകുട്ടികൾക്കായുള്ള പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മാണം (5 കോടി രൂപ).
8. എറണാകുളം ജില്ലയിൽ നേര്യമംഗലത്ത് പെൺകുട്ടികൾക്കായുള്ള പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിർമ്മാണം (5 കോടി രൂപ).
9. ഇടുക്കി ജില്ലയിൽ കോടാലിപ്പാറയിൽ ആൺകുട്ടികൾക്കായുള്ള പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിർമ്മാണം (5 കോടി രൂപ).
10. വി.റ്റി.സി. ഇടുക്കിയിൽ പുതിയ അക്കാഡമിക് ബ്ലോക്കിന്റെയും ഹോസ്റ്റലിന്റെയും നിർമ്മാണം (10 കോടി രൂപ).
11. തിരുവനന്തപുരം ജില്ലയിൽ പാലോടിൽ എസ്.ടി. യൂത്ത് ഹോസ്റ്റൽ നിർമ്മാണം (5 കോടി രൂപ).

എം.ആർ.എസ്.-കളിലെയും ഹോസ്റ്റലുകളിലെയും വിദ്യാർത്ഥികളുടെ കലാപരവും കായികപരവുമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് 'സർഗ്ഗോത്സവം' എന്ന പേരിൽ സംസ്ഥാനതല യൂത്ത് ഫെസ്റ്റിവലും 'കളിക്കളം' എന്ന പേരിൽ സംസ്ഥാനതല കായികമേളയും 'ഗദ്ദിക' എന്ന പേരിൽ ഗോത്രവർഗ്ഗ നാടൻ കലാമേളയും പ്രദർശന വില്പനമേളയും സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ പുനരധിവസിപ്പിച്ച പട്ടികവർഗ്ഗക്കാരുടെ നിരവധി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി പുനരധിവാസ പ്രവർത്തനങ്ങൾക്കുവേണ്ടി രൂപീകരിച്ചിട്ടുള്ള ട്രൈബൽ മിഷനായ റ്റി.ആർ.ഡി.എം. മുഖേന പുനരധിവാസ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു :

- അടിസ്ഥാന സൗകര്യങ്ങളായ വീട്, കുടിവെള്ളം, റോഡ്, വൈദ്യുതി എന്നിവയുടെ പുരോഗതി.
- പുനരധിവസിപ്പിക്കപ്പെട്ട കുടുംബങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിനുവേണ്ടി വനാതിർത്തിയിൽ ചുറ്റുമതിൽ നിർമ്മാണം.
- കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നിവയ്ക്ക് വേണ്ടിയുള്ള പ്രോജക്ടുകൾ, സ്വയംതൊഴിൽ പരിശീലന പരിപാടികൾ, ആരോഗ്യ പരിപാലനം, വിദ്യാഭ്യാസപരമായി ഇടപെടൽ.

1999-ലെ ഭൂമി കൈമാറ്റ നിയമവും അന്യാധീനപ്പെട്ട ഭൂമി പുനഃസ്ഥാപിച്ച് നൽകലും നിയമത്തിനു കീഴിൽ പട്ടികവർഗ്ഗക്കാർക്ക് കിട്ടേണ്ട നേട്ടങ്ങൾ അവർക്ക് ലഭ്യമാക്കുന്നതിന് സഹായം നൽകാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. ഈ നിയമപ്രകാരം സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ഇടയിലുള്ള ഭൂമി കൈമാറ്റം നിയന്ത്രിക്കുകയും അവരുടെ അന്യാധീനപ്പെട്ട ഭൂമി പുനഃസ്ഥാപിച്ച് നൽകുകയും ചെയ്യുന്നു. നടപ്പുവർഷം ടി പദ്ധതിക്കായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കാലാകാലങ്ങളിൽ കേന്ദ്രഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയ്ക്ക് വിധേയമായി സ്വയം സഹായ സംഘങ്ങൾ നടത്തുന്ന യൂണിറ്റുകൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് ക്ലസ്റ്റർ സമീപനത്തിലൂടെ അധിക ഉത്പാദനം, മൂല്യവർദ്ധനവ് എന്നിവ ലക്ഷ്യമിടുന്ന വരുമാനദായക പരിപാടികൾക്ക് മുൻഗണന നൽകുന്ന പദ്ധതിക്കായി നടപ്പുവർഷം 120 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗക്കാരുടെയും മറ്റ് പരമ്പരാഗതമായി വനങ്ങളിൽ വസിക്കുന്നവരുടെയും നിയമം (2006) നടപ്പിലാക്കുന്നതിനായി ഒരു കോടി രൂപ നടപ്പു സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്.

- പ്രീ-മെട്രിക് പോസ്റ്റ്മെട്രിക് തലത്തിൽ പഠനം നടത്തി വരുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്റ്റൈപ്പെന്റ്, ലംപ്സം ഗ്രാന്റ്, പോക്കറ്റ് മണി തുടങ്ങിയ വിദ്യാഭ്യാസാനുകൂല്യങ്ങൾ 50% വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

- മഹിളാ സമഖ്യാ സൊസൈറ്റി മുഖേന മലപ്പുറം ജില്ലയിൽ കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി നടപ്പിലാക്കുന്നതിനായി 256.92 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.
- 153825 കുടുംബങ്ങൾക്ക് ഓണക്കിറ്റും 14800 പേർക്ക് ഓണക്കോടിയും വിതരണം ചെയ്തു.
- പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ നവീകരണത്തിനായി 4.99 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി.
- ആദിവാസി ഊരുകളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി അഡീഷണൽ ട്രൈബൽ സബ്പ്ലാൻ (എ.ടി.എസ്.പി.), ഹാംലറ്റ് വികസന പദ്ധതി, കോർപ്പസ് ഫണ്ട്, ആർട്ടിക്കിൾ (275), എസ്.സി.എ. to ടി.എസ്.പി, ടി.ആർ.ഡി.എം., നബാർഡ് ഫണ്ട് എന്നീ പദ്ധതികളിലായി വിവിധ അടിസ്ഥാന സൗകര്യവികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ബി) അർഹരായ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കുന്നതിനായി ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷം 56 ഗുണഭോക്താക്കൾക്ക് 25.59 ഏക്കർ ഭൂമി നൽകാൻ കഴിഞ്ഞിട്ടുണ്ട്. ഭൂമി വാങ്ങി നൽകുന്നതിനായി 42 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. വനാവകാശ നിയമ പ്രകാരം 4175 പേർക്ക് ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ലഭ്യമായ വനഭൂമിയിൽ നിന്നും 4000 പേർക്ക് കൂടി ഒരേക്കർ വീതം ഭൂമി നൽകാൻ നടപടി സ്വീകരിച്ചുവരുന്നു. അർഹരായ മുഴുവൻ ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്കും വീട് അനുവദിക്കുന്നതിനായി സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കി വരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഭവനരഹിതരായ പട്ടികവർഗ്ഗക്കാരുടെ വിശദാംശം ജില്ലാ ഓഫീസുകൾ മുഖാന്തരം ശേഖരിക്കുകയും നാളിതുവരെയായി വിവിധ ഭവന പദ്ധതികൾ പ്രകാരം 6709 പുതിയ വീടുകൾ അനുവദിക്കുകയുമുണ്ടായി. പട്ടികവർഗ്ഗ ഭവന നിർമ്മാണ പദ്ധതിയിൽ സ്പിൽ ഓവറായ 23197 വീടുകളുടെ നിർമ്മാണത്തിനായി 31-1-2017 വരെ 166.78 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 3945 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഒട്ടാകെ 247 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു.

(സി) റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ആദിവാസി ഊരുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി അഡീഷണൽ ട്രൈബൽ സബ്പ്ലാൻ പദ്ധതി, (എ.ടി.എസ്.പി.), ഹാംലെറ്റ് വികസന പദ്ധതി, കോർപ്പസ് ഫണ്ട്, ആർട്ടിക്കിൾ (275), എസ്.സി.എ. to ടി.എസ്.പി, ടി.ആർ.ഡി.എം., നബാർഡ് ഫണ്ട് എന്നിവ മുഖേന ആദിവാസി ഊരുകളിൽ അടിസ്ഥാന സൗകര്യവികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്ന മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ സെറ്റിൽമെന്റുകൾ സന്ദർശിച്ച് പട്ടികവർഗ്ഗക്കാർക്ക് മെഡിക്കൽ സേവനവും രോഗികൾക്ക് സൗജന്യ മരുന്നും നൽകി വരുന്നുണ്ട്. വകുപ്പിനുകീഴിൽ 7 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ 4 മിഡ്‌വൈഫറി സെന്ററുകളും ആറ് ഒ.പി. ക്ലിനിക്കുകളും ഒരു ആയുർവ്വേദ ആശുപത്രിയും 19 ആയുർവ്വേദ ഡിസ്പെൻസറിയും പട്ടികവർഗ്ഗ സങ്കേതങ്ങൾക്ക് സമീപം പ്രവർത്തിക്കുന്നു. ഈ സംവിധാനങ്ങൾ വഴി ഊരുകളിൽ ആവശ്യമായ വൈദ്യസഹായം ലഭ്യമാക്കുന്നുണ്ട്.

(ഇ) ഗ്രൂപ്പ് സംരംഭങ്ങളിലൂടെയും വ്യക്തിഗത സംരംഭങ്ങളിലൂടെയും പുതിയ തൊഴിൽ സൃഷ്ടിക്കുന്നതിനും അതിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിനുമായുള്ള സ്വയം തൊഴിൽ പദ്ധതിക്കായി 5 കോടി രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. കാർഷിക യന്ത്രങ്ങളിലും മറ്റ് യന്ത്രങ്ങളിലും പരിശീലനം നൽകുന്നതിനും വനവിഭവങ്ങൾ ശേഖരിച്ച് വിൽപ്പന നടത്താൻ ശാസ്ത്രീയ സംവിധാനങ്ങൾ പരിചയപ്പെടുത്തുന്നതിനുമുള്ള പരിശീലനങ്ങളും നൽകുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചു വരുന്നു.

**മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷം**

15 (*73) ശ്രീ. പി. ടി. തോമസ് :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷം ലഘൂകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന മേഖലകൾ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഈ മേഖലകളിൽ സംഘർഷം ലഘൂകരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷം ലഘൂകരിക്കുന്നതിന് നിലവിൽ താഴെ പറയുന്ന നടപടികൾ കൈക്കൊണ്ടുവരുന്നു.

1. സൗരോർജ്ജ കമ്പിവേലി നിർമ്മിച്ചുകൊണ്ടുള്ള പ്രതിരോധം.
2. ആനപ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം.
3. ആനപ്രതിരോധ മതിലുകളുടെ നിർമ്മാണം.
4. റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് വനത്തിന് വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് അയയ്ക്കുന്നതിനുള്ള നടപടി.
5. കൃഷിയിടങ്ങളിലേയ്ക്ക് ഇറങ്ങുന്ന കാട്ടാനകളെ തിരികെ കാട്ടിലേയ്ക്ക് തുരത്തുന്നതിന് എലിഫന്റ് സ്ക്വാഡുകൾ മുഖേന നടത്തുന്ന പ്രവർത്തനം.
6. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജല ലഭ്യത ഉറപ്പുവരുത്തുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്ന പ്രവർത്തനം.
7. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ഭക്ഷണ ലഭ്യത ഉറപ്പു വരുത്തുന്നതിനായി ഫലവൃക്ഷങ്ങൾ നട്ടുവളർത്തുന്ന പ്രവർത്തനം.
8. KIIFB പദ്ധതിയിലുൾപ്പെടുത്തി റെയിൽ ഫെൻസിംഗ് ചെയ്യുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

ടി പ്രവർത്തികൾ കൂടുതൽ കാര്യക്ഷമമായി തുടരുന്നതോടൊപ്പം മനുഷ്യ-വന്യജീവി സംഘർഷം രൂക്ഷമായ മേഖലകളിൽ സമയോചിതമായി പ്രവർത്തിച്ച് സംഘർഷം ലഘൂകരിക്കുന്നതിന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തലത്തിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുവാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

(ബി) ഉണ്ട്. വനാതിർത്തി പങ്കിടുന്ന മേഖലകളുള്ള ജില്ലകളിൽ മിക്കയിടത്തും പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏറ്റവുമധികം പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നത് വയനാട്, നിലമ്പൂർ, പാലക്കാട്, ഇടുക്കി മേഖലകളിലാണ്.

(സി) ഉത്തരം (എ)യിൽ പരാമർശിച്ച നടപടികൾ സ്വീകരിച്ചുവരുന്നു.

**പട്ടികജാതിക്കാർക്കുള്ള ഭവനനിർമ്മാണ പദ്ധതികൾ**

16 (*74) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനരഹിതരായ പട്ടികജാതിക്കാർക്ക് ഭവനനിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) മുൻസർക്കാരിന്റെ കാലത്ത് അനുവദിച്ചതും എന്നാൽ നിർമ്മാണം പൂർത്തിയാക്കാത്തതും നിർമ്മാണം ആരംഭിക്കാത്തതുമായ വീടുകൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇത്തരം വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) ഭൂരഹിതരായ പട്ടികജാതിക്കാർക്ക് വീട് വയ്ക്കുന്നതിന് ഭൂമി നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; വിശദാംശം നൽകുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) സ്വന്തമായി ഭൂമിയുള്ള ഭവനരഹിതരായ പട്ടികജാതിക്കാർക്ക് ഭവന നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികളും അനുവദിയ്ക്കുന്ന തുകയും ചുവടെ ചേർക്കുന്നു.

1. ഭവന നിർമ്മാണ ധനസഹായ പദ്ധതിപ്രകാരം 3,00,000 രൂപ

2. ദുർബ്ബല വിഭാഗ ഭവന പുനരധിവാസ പദ്ധതി പ്രകാരം 3,50,000 രൂപ.

3. 5 വർഷം മുതൽ 25 വർഷം വരെ പഴക്കം ചെന്ന വീടുകളുടെ നവീകരണത്തിനായി ഭവന പുനരുദ്ധാരണ/അഡീഷണൽ റൂം പദ്ധതി പ്രകാരം 50,000 രൂപ.

4. നിലവിലുള്ള സ്പിൽ ഓവർ പദ്ധതിക്കുപുറമേ 2007-08 മുതൽ 2012-13 വർഷം വരെ പൂർത്തിയാകാതെ അവശേഷിക്കുന്ന വീടുകൾക്ക് പഴയ നിരക്കിൽ ധനസഹായത്തുക കൈപ്പറ്റിയിട്ടുള്ളവർക്ക് നിലവിൽ വാങ്ങിയ നിശ്ചിത ഗഡു തുക അധിക ധനസഹായമായി അനുവദിക്കുന്നതിന് 18-2-2017-ലെ സ.ഉ.(സാധാ) നമ്പർ 494/2017/പജപവവിവ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

5. ഗ്രാമവികസന വകുപ്പ് നടപ്പാക്കുന്ന IAY/PMAY പദ്ധതികൾ പ്രകാരമുള്ള വീടുകൾക്ക് 40% തുക പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾ നൽകുന്നുണ്ട്.

(ബി) കണക്കാക്കിയിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ (2011 to 2016) കാലത്ത് 24887 വീടുകൾ അനുവദിച്ചതിൽ ആരംഭിച്ചിട്ടില്ലാത്ത 3012 വീടുകളുൾപ്പെടെ 11003 വീടുകൾ പൂർത്തിയാക്കുവാൻ ബാക്കിയുണ്ടായിരുന്നു. അതിൽ 3833 എണ്ണം ഈ സർക്കാർ പൂർത്തിയാക്കിയിട്ടുണ്ട്. ഇത്തരം വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(സി) ഉണ്ട്. ഭൂരഹിതരായ പട്ടികജാതിക്കാർക്ക് വീട് വയ്ക്കുന്നതിന് ഭൂമി വാങ്ങുന്നതിന് (ഭൂരഹിത പുനരധിവാസ പദ്ധതിപ്രകാരം) പഞ്ചായത്ത് പരിധിയിൽ 5 സെന്റ് ഭൂമി വാങ്ങുന്നതിന് (ഒരു സെന്റിന് 75,000 രൂപ നിരക്കിൽ) 3,75,000 രൂപയും മുനിസിപ്പാലിറ്റി പരിധിയിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് (ഒരു സെന്റിന് 1,50,000 രൂപ നിരക്കിൽ) 4,50,000 രൂപയും കോർപ്പറേഷൻ പരിധിയിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് (ഒരു സെന്റിന് 2,00,000 രൂപ നിരക്കിൽ ) 6,00,000 രൂപയും അനുവദിച്ച നൽകുന്നുണ്ട്.

**മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ**

17 (*75) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് ഇത്തരം സ്കൂളുകൾ എത്രത്തോളം സഹായകരമായി എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) എല്ലാ ജില്ലകളിലും പട്ടികജാതി വിഭാഗങ്ങൾക്കായി മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിച്ച് അവരുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള എം.ആർ.എസ്.-കളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന്റെ ഭാഗമായി സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണം, ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടൽ തുടങ്ങിയവയ്ക്ക് നടപടി സ്വീകരിച്ചിട്ടുണ്ട്. യുനിസെഫിന്റെ മാനദണ്ഡം അനുസരിച്ചുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ സംസ്ഥാനത്തൊട്ടാകെ 19 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റി അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക എന്നതാണ്

വകുപ്പിന്റെ ലക്ഷ്യം. ഇതിനായി വിവിധ പദ്ധതികൾ എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും നടപ്പിലാക്കി വരുന്നു. വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനം ഉറപ്പുവരുത്തുന്നതിനായി നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് താമസിച്ച് മികച്ച വിദ്യാഭ്യാസം നൽകി അവരെ വിദ്യാസമ്പന്നരും പൊതു സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുകയും അതുവഴി ഒരു ഉന്നത ജീവിതം കെട്ടിപ്പടുക്കുന്നതിന് അവരെ പ്രാപ്തരാക്കുവാനും ഇതുവഴി ലക്ഷ്യമിടുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്രസ്തുത മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 8 എണ്ണത്തിൽ സ്മാർട്ട് ക്ലാസ്സ് റൂമുകൾ സ്ഥാപിച്ചിട്ടുണ്ട്. ടി സംവിധാനം നിലവിൽ ഇല്ലാത്ത സ്കൂളുകളിൽ (10 എണ്ണം) സ്മാർട്ട് ക്ലാസ് റൂമുകൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലിന് സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ പ്രസ്തുത സ്കൂളുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള കെട്ടിടം, ടോയ്‌ലറ്റുകൾ, ശുദ്ധജല വിതരണം, ചുറ്റുമതിൽ, ട്രസ്സ് വർക്ക്, സെക്യൂരിറ്റി റൂം, കുഴൽക്കിണർ എന്നിവയുടെ നിർമ്മാണം/ അറ്റകുറ്റപ്പണി, സ്വന്തമായി കെട്ടിട സൗകര്യമില്ലാത്ത മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്ക് താൽക്കാലിക സൗകര്യം ഏർപ്പെടുത്തൽ എന്നിവയും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കുട്ടികൾക്കാവശ്യമായ ബഞ്ച്, ഡസ്ക്, പഠനമേശ, കട്ടിൽ, മെത്ത, പഠനോപകരണങ്ങൾ എന്നിവയും ലൈബ്രറി/ റഫറൻസ് പുസ്തകങ്ങൾ, ഹൈസ്കൂൾ/ഹയർ സെക്കന്ററി സ്കൂളുകൾക്ക് ആവശ്യമായ സയൻസ്/കമ്പ്യൂട്ടർ ലാബുകൾ, കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ, ടെലിവിഷൻ, കുട്ടികൾക്ക് വ്യക്തിത്വ വികസനത്തിനും തൊഴിൽ പരിശീലനത്തിലെ കായിക പരിശീലനത്തിനായുള്ള വിവിധ പദ്ധതികളും ഇതിനാവശ്യമായ ഉപകരണങ്ങൾ/ യൂണിഫോം എന്നിവ ഈ പദ്ധതി പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ടി സ്കൂളുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്റ്റുഡന്റ് പോലീസ് കേഡറ്റ്, എൻ.എസ്.എസ് എന്നീ പദ്ധതികളും ' സർഗോത്സവം ' എന്ന പേരിൽ സംസ്ഥാനതല കലാമേളയും 'കളിക്കളം' എന്ന പേരിൽ സംസ്ഥാനതല കായികമേളയും നടത്തുന്നു. എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ ഹോസ്റ്റലുകളും നവീകരിക്കുന്നതിന്റെ ഭാഗമായി എല്ലാ എം.ആർ.എസ്. ഹോസ്റ്റലുകളും നവീകരിച്ചിട്ടുണ്ട്.

(ബി) വിലയിരുത്തിയിട്ടുണ്ട്. Centre for Management & Development (CMD), Thiruvananthapuram വഴി പഠനം നടത്തുകയും പഠന നിലവാരം വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. എല്ലാ മാസവും ചേരുന്ന പി.ഒ./റ്റി.ഡി.ഒ. മീറ്റിംഗുകളിൽ ഈ വിഷയത്തിന്മേൽ ഗൗരവകരമായി ചർച്ച ചെയ്യുകയും കാലാനുസൃതമായ മാറ്റങ്ങൾ നടപ്പിലാക്കി വരികയും ചെയ്യുന്നു. പാഠ്യവിഷയങ്ങൾക്കുപുറമേ കലാകായിക രംഗത്തും മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ വൈദഗ്ധ്യം പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പിൽ വരുത്തിയിട്ടുണ്ട്.

(സി) പട്ടികജാതി വികസന വകുപ്പിനുകീഴിൽ എല്ലാ ജില്ലകളിലും എം.ആർ.എസ്. തുടങ്ങുന്നതിനാവശ്യമായ സ്ഥലസൗകര്യം ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

## വൻകിട ജലസേചന പദ്ധതികളുടെ നവീകരണം

18 (*76) ശ്രീ. സി. കെ. നാണു :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൻകിട ജലസേചന പദ്ധതികളുടെ മെയിൻ കനാലുകൾക്ക് കേടുപാടുകൾ സംഭവിച്ചതിനാൽ വൻതോതിൽ ജലനഷ്ടം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കനാലുകളും സബ് കനാലുകളും പുനരുദ്ധരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) ഉണ്ട്.

(ബി) കനാലുകളുടെയും സബ് കനാലുകളുടെയും അറ്റകുറ്റപ്പണികളും പുനരുദ്ധാരണ പണികളും മുൻഗണനാക്രമത്തിൽ അതത് പദ്ധതികളുടെ വാർഷിക ആക്ഷൻ പ്ലാനിലും MNREGA സ്കീമിലും ഉൾപ്പെടുത്തി നടപ്പിലാക്കുന്നു.

## കുട്ടികൾ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നത് തടയാനുള്ള മാർഗ്ഗങ്ങൾ

19 (*77) ശ്രീ. എം. നൗഷാദ് :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികൾ മദ്യം, മയക്കുമരുന്ന്, പുകയില തുടങ്ങിയ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നത് തടയുവാനായി സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) സുപ്രീംകോടതി നിർദ്ദേശത്തെ തുടർന്ന് ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ ഏതെങ്കിലും തരത്തിലുള്ള നടപടികൾ ആരംഭിച്ചതായി അറിവുണ്ടോ;

(സി) മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടെയും ദൂഷ്യങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും യുവാക്കളെയും ബോധവത്ക്കരിക്കുന്നതിനായി നടപ്പിലാക്കിയിട്ടുള്ള കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) സംസ്ഥാനത്ത് ലഹരി പദാർത്ഥങ്ങളുടെ ലഭ്യത തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി വരുന്നു. മയക്കുമരുന്നുകളുടെയും മദ്യത്തിന്റെയും ഉപയോഗംമൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ, പ്രത്യേകിച്ച് യുവജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ഇടയിൽ, അവബോധം ഉണ്ടാക്കുന്നതിന് കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ 'വിമുക്തി ' യുടെ ഭാഗമായി ബൃഹത്തായ ബോധവത്ക്കരണ പ്രവർത്തനങ്ങളാണ് സംസ്ഥാന തലത്തിൽ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നത്. കൂടാതെ നിലവിൽ മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി എക്സൈസ് ഷാഡോ സംവിധാനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിലൂടെ എൻഫോഴ്സ്മെന്റ് ശക്തമാക്കിയിട്ടുണ്ട്. എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള സ്ക്വാഡും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 യാർഡ് ചുറ്റളവിനുള്ളിൽ പുകയില ഉല്പന്നങ്ങളുടെ വില്പന നിരോധിച്ചിട്ടുണ്ട്. യുവാക്കളിലും കുട്ടികളിലും മദ്യം, മയക്കുമരുന്ന്, പുകയില തുടങ്ങിയ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നത് തടയുവാൻ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളോടൊപ്പം വൈവിദ്ധ്യമാർന്ന ലഹരിക്കെതിരെയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. ലഹരി വിരുദ്ധ ക്ലബ്ബുകൾ, എസ്.പി.സി., എൻ.എസ്.എസ്., അയൽക്കൂട്ടങ്ങൾ, റസിഡൻഷ്യൽ അസോസിയേഷനുകൾ, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികൾ, വിദ്യാർത്ഥി-യുവജന-മഹിളാ-സന്നദ്ധസംഘടനകളുടെ പങ്കാളിത്തത്തോടും സഹക രണത്തോടും കൂടി 'ലഹരി മുക്ത കേരളം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കു ന്നതിനായി വിദ്യാർത്ഥികളിലും യുവജനങ്ങളിലും പൊതുസമൂഹത്തിലും ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. സ്കൂൾ പരിസരങ്ങളിൽ ലഹരിവസ്തുക്കളുടെ വിപണനവും ഉപഭോഗവും നിരോധിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി വരുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നും കഞ്ചാവ് അടക്കമുള്ള ലഹരി പദാർത്ഥങ്ങൾ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തി പ്പെടുത്തിയിട്ടുണ്ട്. ട്രെയിൻ മുഖാന്തരമുള്ള ലഹരിവസ്തുക്കളുടെ കടത്ത് തടയുന്നതിന് പോലീസ്, റെയിൽവെ, ആർ.പി.എഫ്. വിഭാഗങ്ങളുമായി സഹകരിച്ച് കർശനമായ പരിശോധനകൾ നടത്തുന്നു. മദ്യം, മയക്കുമരുന്നുകൾ, പുകയില ഉൽപ്പന്നങ്ങൾ മുതലായവയുടെ ഉൽപ്പാദനം, കടത്ത്, വിപണനം, വിൽപ്പന, ഉപഭോഗം തുടങ്ങിയ അബ്കാരി/എൻ.ഡി.പി.എസ്./എം.&റ്റി.പി./കോട്പ കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങളും പരാതികളും പൊതുജനങ്ങളിൽ നിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ സ്വീകരിച്ച് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നുണ്ട്.

സംസ്ഥാനത്ത് ചുമയ്ക്കെതിരെ ഉപയോഗിക്കുന്ന കഫ് സിറപ്പുകൾ, ജീവൻ രക്ഷാമരുന്നുകൾ ഉൾപ്പെടെയുള്ള ചില മരുന്നുകൾ ലഹരി മരുന്നുകളായി വ്യാപകമായി, പ്രത്യേകിച്ച് വിദ്യാർത്ഥികൾ ഉപയോഗിക്കുന്നതായി അറിവ് ലഭിച്ചതിനെത്തുടർന്ന് സ്കൂളുകളുടെ പരിസരങ്ങളിലുള്ള മെഡിക്കൽ സ്റ്റോറുകളിൽ ഇത്തരത്തിലുള്ള മരുന്നുകളുടെ വിപണനം ഡോക്ടറുടെ കുറിപ്പടി ഇല്ലാതെയാണോ നൽകുന്നതെന്നും, ഇത്തരം മരുന്നുകൾ വളരെക്കൂടുതലായി സ്റ്റോക്ക് ചെയ്ത് വിപണനം നടത്തുന്നുണ്ടോയെന്നും പരിശോധിച്ച് കേസ് രജിസ്റ്റർ ചെയ്യുവാൻ എക്സൈസ് വകുപ്പിന് അധികാരമില്ലാത്തതിനാൽ ടി വിഷയത്തിന്റെ ഗൗരവം മുന്നിൽ കണ്ട് ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ മുതിർന്ന ഉദ്യോഗസ്ഥരുമായി വിശദമായ ചർച്ച നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഇത്തരം മരുന്നുകൾ കൂടുതലായി വിറ്റഴിക്കപ്പെടുന്നുവെന്ന് സംശയം തോന്നുന്ന മെഡിക്കൽഷോപ്പുകളിൽ ടി സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനത്തെ ബാധിക്കാത്ത തരത്തിൽ അതത് ജില്ലകളിലെ ഡ്രഗ്സ് കൺട്രോൾ ഉദ്യോഗസ്ഥരുമായി ചേർന്ന് വിശദമായ പരിശോധന നടത്തുവാൻ എല്ലാ ജില്ലകളിലെയും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്ക് നിർദ്ദേശം നല്കിയിട്ടുള്ളതുമാണ്.

(ബി) ഇല്ല.

(സി) മദ്യത്തിന്റെയും മറ്റ് ലഹരി പദാർത്ഥങ്ങളുടെയും ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും യുവജനങ്ങളെയും ബോധവൽക്കരിക്കുന്നതിനായി സംസ്ഥാനത്ത് സ്കൂൾ/കോളേജുകൾ കേന്ദ്രീകരിച്ച് നിലവിൽ 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ലഹരി വിരുദ്ധ ക്ലബ്ബുകൾ, എസ്.പി.സി., എൻ.എസ്.എസ്, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികൾ, വിദ്യാർത്ഥി-യുവജന-മഹിളാ-സന്നദ്ധ സംഘടനകളുടെ പങ്കാളിത്തത്തോടും സഹകരണത്തോടുംകൂടി വിദ്യാർത്ഥികളെയും യുവജനങ്ങളെയും ബോധവത്ക്കരിക്കുന്നതിനുവേണ്ടി വൈവിദ്ധ്യങ്ങളായ പരിപാടികളാണ് നടത്തിവരുന്നത്. ലഹരി വിരുദ്ധ ബോധവത്ക്കരണ സെമിനാറുകൾ, ലഹരി വിരുദ്ധ ആശയങ്ങളടങ്ങിയ ഹ്രസ്വചിത്രങ്ങൾ, ബോധവത്ക്കരണ ക്ലാസ്സുകൾ, പി.റ്റി.എ.കളുമായി സഹകരിച്ചു കൊണ്ട് ബോധവത്ക്കരണ മീറ്റിംഗുകൾ എന്നിവയും സംഘടിപ്പിച്ച് വരുന്നുണ്ട്. വിദ്യാർത്ഥികൾ, അദ്ധ്യാപകർ, രക്ഷിതാക്കൾ എന്നിവർക്ക് പേര് വിവരം വെളിപ്പെടുത്താതെ ലഹരി വസ്തുക്കളുടെ വിപണനം, ഉപഭോഗം എന്നിവ അറിയിക്കുന്നതിനായി 1385 സ്കൂൾ/കോളേജ് ക്യാമ്പസുകളിൽ പരാതിപ്പെട്ടി സ്ഥാപിച്ചു കഴിഞ്ഞു. മുഴുവൻ സ്കൂൾ/കോളേജ് ക്യാമ്പസുകളിൽ ഇത്തരത്തിൽ പരാതി പെട്ടികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വിദ്യാർത്ഥികളെയും യുവജനങ്ങളെയും ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനായും അന്താരാഷ്ട്ര മയക്ക മരുന്ന് വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി ലഹരി വിരുദ്ധ പ്രവർത്തനം നടത്തുന്ന മികച്ച സംഘടന, സംഘടന പ്രവർത്തകൻ, മികച്ച പ്രവർത്തനം നടത്തുന്ന സ്കൂൾ/കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, ക്ലബ്ബ് പ്രവർത്തകർ, ക്ലബ്ബുകൾ പ്രസിദ്ധീകരിക്കുന്ന മികച്ച ലഹരി വിരുദ്ധ ആശയങ്ങളടങ്ങിയ മാഗസിനുകൾ, മാഗസിൻ സൃഷ്ടികൾ എന്നിവയ്ക്ക് അവാർഡും പ്രശംസാപത്രവും നൽകി വരുന്നുണ്ട്. സംസ്ഥാന സ്കൂൾ കലോത്സവത്തോടനുബന്ധിച്ച് എല്ലാ വർഷവും ലഹരിവിരുദ്ധ ബോധവൽക്കരണ പവലിയൻ ഒരുക്കി പ്രദർശനം നടത്തിവരുന്നു. ദേശീയ യുവജനദിനത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ സ്കൂൾ/കോളേജ് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് " ലഹരിക്കെതിരെ യുവത്വം" എന്ന വിഷയത്തിൽ പോസ്റ്റർ രചന മത്സരം നടത്തിയിട്ടുള്ളതാണ്. " വിമുക്തി " മിഷന്റെ ഭാഗമായി 2017 ജനുവരി 30-ന് സംസ്ഥാനത്തെ എല്ലാ സ്കൂൾ അസംബ്ലികളിലും വിദ്യാർത്ഥികളും, അദ്ധ്യാപകരും ലഹരിക്കെതിരെ പ്രതിജ്ഞ എടുത്തിട്ടുണ്ട്. പി.റ്റി.എ.കളുമായി സഹകരിച്ചുകൊണ്ട് ലഹരിയുടെ ദൂഷ്യവശങ്ങൾ ബോധ്യപ്പെടുത്തുന്നതിന് 2815 ബോധവത്ക്കരണ ക്ലാസ്സുകളും, പൊതുവായി 2527 ബോധവത്ക്കരണ പരിപാടികളും ചർച്ചകളും പ്രഭാഷണങ്ങളും നടത്തിയിട്ടുള്ളതാണ്.

## കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടി

20(*79) <u>ശ്രീ. ഷാഫി പറമ്പിൽ</u> :

<u>ശ്രീ. കെ. സി. ജോസഫ്</u> :

<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> :

<u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനുഭവപ്പെടുന്ന അതിരൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സംസ്ഥാനത്ത് പണി പൂർത്തിയാക്കാതെ കിടക്കുന്ന എത്ര കുടിവെള്ള പദ്ധതികൾ നിലവിലുണ്ട്; ഇതിൽ കേന്ദ്ര/വിദേശ ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്;

(സി) 2015-16 സാമ്പത്തിക വർഷം സംസ്ഥാനത്ത് ശുദ്ധജല പദ്ധതികൾക്കായി കേന്ദ്രം എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ഈ വർഷം ഇതുവരെ എത്ര തുക ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) കേരളം രൂക്ഷമായ വരൾച്ചയെ അഭിമുഖീകരിക്കുവാൻ പോകുന്ന എന്ന മുന്നറിയിപ്പുകൾ കിട്ടിയ സാഹചര്യത്തിൽ അത് നേരിടുവാൻ 2016 നവംബർ, ഡിസംബർ മാസങ്ങളിലും 2017 ജനുവരിയിലും ജല വിഭവ വകുപ്പ് അവലോകന യോഗങ്ങൾ ചേർന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത യോഗങ്ങളിൽ എടുത്ത തീരുമാനവും അത് നടപ്പിലാക്കുവാൻ കൈക്കൊണ്ട നടപടികളും വിശദമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) സംസ്ഥാനത്ത് അനുഭവപ്പെടുന്ന അതിരൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി സ്രോതസ്സുകളിലെയും (കിണറുകളിലെ) നീർച്ചാലുകളിലേയും ചെളിയും മാലിന്യങ്ങളും നീക്കി, ജലലഭ്യത ഉറപ്പുവരുത്താറുണ്ട്. കൂടാതെ താൽക്കാലിക തടയണകൾ നിർമ്മിച്ചും തടയണകളുടെ കേടുവന്ന ഷട്ടറുകൾ മാറ്റി സ്ഥാപിച്ചും പരമാവധി വെള്ളം സംഭരിച്ച് പമ്പിംഗ് സുഗമമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കേടുവന്ന മോട്ടോർ പമ്പുസെറ്റുകൾ നന്നാക്കി പ്രവർത്തനക്ഷമമാക്കുകയും പൈപ്പ് ലൈനുകളുടേയും വാൽവുകളുടെയും അറ്റകുറ്റപ്പണികൾ നടത്തിയും ജലനഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മഴയുടെ കുറവുമൂലം കേരളത്തിലെ എല്ലാ ജില്ലകളും വരൾച്ചാബാധിത പ്രദേശമായി പ്രഖ്യാപിച്ച സാഹചര്യത്തിൽ എല്ലാ ജില്ലകളിലും അതോറിറ്റിയുടെ ഉദ്യോഗസ്ഥരുടെ യോഗം ഡിസംബർ മാസം ചേർന്ന് നിലവിലെ സ്ഥിതി വിലയിരുത്തുകയുണ്ടായി. സ്രോതസ്സുകളിലെ ജല ലഭ്യത, അതുവരെ നടത്തിയ പ്രവർത്തനങ്ങൾ, വരൾച്ച ബാധിക്കുവാൻ സാധ്യതയുള്ള സ്കീമുകളുടെ വിവരങ്ങൾ, വരൾച്ചയുമായി ബന്ധപ്പെട്ട് പ്രതീക്ഷിക്കുന്ന പ്രശ്നങ്ങൾ, 2017 മേയ് മാസത്തിനുള്ളിൽ പണി പൂർത്തിയാക്കി കമ്മീഷൻ ചെയ്യാവുന്ന പദ്ധതികളുടെ വിശദാംശങ്ങൾ എന്നിവ സംബന്ധിച്ച് വിശദമായ അവലോകനം നടത്തുകയുണ്ടായി. അടിയന്തരമായി പദ്ധതികൾ പൂർത്തിയാക്കുന്നതിന് തടസ്സമായിരുന്ന സ്ഥലം ഏറ്റെടുക്കൽ, റോഡ് മുറിക്കൽ മുതലായ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുവാനും കഴിഞ്ഞു.

വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി കൺട്രോൾ റൂം തുറന്നിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള കൺട്രോൾ റൂമുകളുടെ ഫോൺ നമ്പർ പത്രമാധ്യമങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത് കൂടാതെ 1800-425-5313 എന്ന ടോൾഫ്രീ നമ്പറിൽ 24 x7 പ്രവർത്തിക്കുന്ന ഒരു കേന്ദ്രീകൃത കൺട്രോൾ റൂം ഹെഡ് ഓഫീസിൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പൊതുജനങ്ങളുടെ പരാതിയിന്മേൽ സത്വര നടപടികൾ സ്വീകരിക്കുന്നു എന്ന് ഉറപ്പാക്കാനും ഒരു Drought Management Cell ഹെഡ് ഓഫീസിൽ രൂപീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ടുള്ള സന്ദേശങ്ങൾ ഉടനടി ഉദ്യോഗസ്ഥതലത്തിൽ കൈമാറാനും

തത്സമയം ആശയവിനിമയം നടത്താനുമായി ഫീൽഡ് എഞ്ചിനീയർമാരെയെല്ലാം ഉൾക്കൊള്ളിച്ച് ഒരു വാട്ട്സ് ആപ് ഗ്രൂപ്പ് ആരംഭിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ പരാതിയിന്മേൽ സ്വീകരിക്കുന്ന നടപടികൾ അവരെ അറിയിക്കുവാനായി ഒരു SMS Gateway ഉപയോഗപ്പെടുത്തുന്നുണ്ട്. ജലസ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പു വരുത്തുന്നതിനായി തടയണ കെട്ടുക, ജലം പമ്പ് ചെയ്യാൻ ഉപയോഗിക്കുന്ന കിണറുകൾ വൃത്തിയാക്കുക, ഗ്യാലറികളിൽ തടസ്സങ്ങൾ നീക്കി നീരൊഴുക്ക് സുഗമമാക്കുക എന്നിവ പ്രാദേശികമായ സാഹചര്യം പരിഗണിച്ച് ചെയ്യുവാനുള്ള നിർദ്ദേശവും നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ വിവിധ കുടിവെള്ള പദ്ധതികളിലായി ഏകദേശം 2 കോടി രൂപയുടെ 50 പ്രവൃത്തികൾ ചെയ്തുകഴിഞ്ഞു. ഇതിൽ ഇരുപത്തഞ്ചോളം പ്രവൃത്തികൾ താൽക്കാലികമായി തടയണ കെട്ടുന്നതിനാണ്. ബാക്കിയുള്ള പ്രവൃത്തികൾ പ്രധാനമായും പമ്പിംഗ് സ്റ്റേഷനിലേയ്ക്കുള്ള നീരൊഴുക്ക് വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികളാണ്. വരൾച്ചയുമായി ബന്ധപ്പെട്ട് കുടിവെള്ള വിതരണം ഉറപ്പുവരുത്തുവാനായി ഏകദേശം 116 കോടിയോളം രൂപയുടെ വിവിധ പദ്ധതികൾ എല്ലാ ജില്ലകളിൽ നിന്നും ഇതിനകം ലഭിച്ചിട്ടുണ്ട്. ഇപ്പോൾ അനുവദിച്ച 40 കോടി രൂപയ്ക്കുള്ള പദ്ധതികൾ ഇതിൽ നിന്നും മുൻഗണനാക്രമത്തിൽ നിശ്ചയിച്ച് ഭരണാനുമതി നൽകുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. ഭരണാനുമതി നൽകിയാലുടൻ തന്നെ ഈ പ്രവൃത്തികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്നതാണ്. നിലവിലെ സ്രോതസ്സുകൾ പൂർണ്ണമായും തടസ്സപ്പെടുന്ന സ്ഥിതി ഉണ്ടായാൽ പെട്ടെന്ന് പ്രയോജനപ്പെടുത്താവുന്ന കുളങ്ങൾ, ഉപേക്ഷിച്ച ക്വാറികൾ തുടങ്ങിയ സ്രോതസ്സുകളെ പറ്റിയുള്ള വിവരങ്ങൾ ശേഖരിച്ചുവയ്ക്കുവാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരോട് നിർദ്ദേശിച്ചിട്ടുണ്ട്. ഇതുകൂടാതെ ആവശ്യമായ സ്ഥലങ്ങളിൽ കുഴൽക്കിണർ നിർമ്മിക്കുവാനുള്ള സാദ്ധ്യതയും പരിഗണിക്കും. അടിയന്തരമായി കുടിവെള്ള വിതരണം ടാങ്കർ ലോറി വഴി നടത്തുവാനായി ജലം നിറയ്ക്കുവാനുള്ള സംവിധാനം കഴിയുന്ന സ്ഥലങ്ങളിലൊക്കെ ഏർപ്പെടുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അടിയന്തരമായി താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കുവാൻ പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്.

1. എല്ലാ ചോർച്ചയും 12 മണിക്കൂർ നേരത്തിനുള്ളിൽ പരിഹരിക്കുക.

2. എല്ലാ സ്കീമുകളിലും ചോർച്ച കണ്ടുപിടിക്കുന്നതിനും അവ സമയ ബന്ധിതമായി പരിഹരിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും പ്രത്യേക സ്ക്വാഡ് രൂപീകരിക്കുക.

3. സ്രോതസ്സിന്റെയും ജലസംഭരണിയുടെയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും ജലവിതരണ പൈപ്പുകൾ സ്ഥാപിച്ചുവരുന്നതുമായ പദ്ധതികൾക്ക് (ബാച്ച് 3-ൽ ഉൾപ്പെട്ടിട്ടുള്ള പഞ്ചായത്തുകളിലെ) എത്രയും വേഗം വൈദ്യുതി കണക്ഷൻ സ്ഥാപിച്ച് ഭാഗികമായെങ്കിലും ജലവിതരണം ആരംഭിക്കുവാൻ കഴിയുന്നതാണ്. ഇപ്രകാരം 100 പദ്ധതികളിലായി 5500 കുടുംബങ്ങൾക്ക് വരൾച്ചാക്കാലത്ത് കുടിവെള്ളം എത്തിക്കുവാൻ സാധിക്കുമെന്ന് കണക്കാക്കുന്നു. ഭൂജല സംരക്ഷണവും-പരിപോഷണവും ജലനിധി പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നുണ്ട്.

4. തടയണകൾ, കിണർ റീ-ചാർജ്, സ്രോതസ്സ് സംരക്ഷണം തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. പദ്ധതി നടപ്പാക്കിവരുന്ന പഞ്ചായത്തുകളിൽ 1562 ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിരിക്കുന്നു. ഇതിൽ 1499 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവ പൂർത്തീകരിച്ച് വേനൽക്കാലത്ത് ജലനിധി പദ്ധതികളിൽ ജലലഭ്യത ഉറപ്പ് വരുത്താൻ ശ്രമിക്കുന്നുണ്ട്.

5. ജലസ്രോതസ്സുകൾ വറ്റുന്ന പഞ്ചായത്തുകളിൽ ജലലഭ്യതയുള്ള ബോർവെൽ സാധ്യമായ സ്ഥലങ്ങളിൽ ഭൂഗർഭജലം പ്രയോജനപ്പെടുത്താനും ഉദ്ദേശിക്കുന്നു.

6. ബോധവത്ക്കരണ പ്രവർത്തനങ്ങളിലൂടെ (IEC) ജലസംരക്ഷണം വഴിയും ജലവിനിയോഗം നിയന്ത്രിച്ചും വരൾച്ചയെ നേരിടുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഭാഗികമായോ പൂർണ്ണമായോ പ്രവർത്തന ക്ഷമമല്ലാത്ത ജലനിധി ഒന്നാംഘട്ട പദ്ധതിയിൽ പദ്ധതികൾ പുനരുജ്ജീവിപ്പിക്കുന്നതിന് ശേഷിക്കുന്ന ഫണ്ട് പ്രയോജനപ്പെടുത്തുന്നതിന് അംഗീകാരം ലഭിക്കുന്നമുറയ്ക്ക് ഏതാനും പദ്ധതികൾ ഈ വരൾച്ചാ കാലത്ത് പ്രവർത്തനക്ഷമമാക്കുവാൻ സാധിക്കുന്നതാണ്.

കെ.ആർ.ഡബ്ല്യൂ.എസ്.എ.(ജലനിധി)-യുടെ ഭാഗമായി പ്രവർത്തിക്കുന്ന മഴ കേന്ദ്രം, മഴവെള്ള സംഭരണം, ഭൂജല പരിപോഷണം പരിപാടിയുടെ ഭാഗമായി ഈ മേഖലയിൽ മഴവെള്ള സംഭരണ പ്രചാരണ പ്രവർത്തനങ്ങളും മഴവെള്ളം സംഭരിക്കുന്നതിന് ഉപയോഗിക്കാവുന്ന സംഭരണികളും ഗ്രാമപഞ്ചായത്തുതലത്തിൽ വ്യക്തിഗത കുടുംബങ്ങൾക്ക് പങ്കാളിത്താധിഷ്ഠിത മാതൃകയിൽ നിർമ്മിച്ചു നല്കുന്നുണ്ട്. ഇത്തരത്തിൽ നിർമ്മിച്ചു നല്കിയ നാലായിരത്തോളം കുടുംബങ്ങൾക്ക് ഈ കടുത്ത വരൾച്ചാ സമയത്ത് ജലം സംഭരിച്ചുവച്ച് ഉപയോഗിക്കുവാൻ സാധിക്കുന്നുണ്ട്. ഓരോ വർഷവും സ്റ്റേറ്റ് പ്ലാൻ സ്കീമിൽ അനുവദിക്കുന്ന തുക ഉപയോഗിച്ച് ഗ്രാമ പഞ്ചായത്തുകളിലെ നിലവിലെ ജലവിതരണത്തിന്റെ കവറേജിനെ അടിസ്ഥാനപ്പെടുത്തി കുറവ് കവറേജുള്ള ഗ്രാമ പഞ്ചായത്തുകൾക്ക് പദ്ധതിയിൽ ആനുകൂല്യം ലഭ്യമാക്കുന്നതിന് മുൻഗണന നല്കുന്നു. ഫെറോസിമന്റ് സാങ്കേതികവിദ്യ ഉപയോഗിച്ച് 10000 ലിറ്റർ മഴവെള്ളം ശേഖരിച്ച് ഉപയോഗിക്കാവുന്ന സംഭരണികളാണ് നിർമ്മിച്ചു നല്കുന്നത്. കഴിഞ്ഞ മൂന്നു സാമ്പത്തിക വർഷങ്ങളിലായി അഞ്ച് ജില്ലകളിലായി 15 ഗ്രാമപഞ്ചായത്തുകൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ഇതിനോടകം ഈ മേഖലയിൽ 20.22 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വിദ്യാലയങ്ങളിലും മഴവെള്ള സംഭരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ജലസൗഹൃദ വിദ്യാലയം പദ്ധതി ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നു.

സംസ്ഥാനത്ത് ഭൂജലവകുപ്പ് കുഴൽക്കിണർ ഉപയോഗിച്ചുകൊണ്ടുള്ള ചെറുകിട കുടിവെള്ള പദ്ധതികളും ജലലഭ്യത കുറഞ്ഞ കുഴൽക്കിണറുകളിൽ കൈപ്പമ്പ് ഘടിപ്പിച്ചിട്ടുള്ള ജലവിതരണവും രാജീവ്ഗാന്ധി പദ്ധതിയിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപ്പാക്കിവരുന്നു. 2016-17 സാമ്പത്തിക വർഷം ഒരു കോടി

രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ട്. ഇതിൽ ഒരു കോടി രൂപയും ചെലവഴിച്ചു കഴിഞ്ഞു. 32 ചെറുകിട കുടിവെള്ള പദ്ധതികളും 81 കുഴൽക്കിണർ നിർമ്മാണവും 20 കൈപ്പമ്പ് പദ്ധതികളും 810 ഹാന്റ് പമ്പ് അറ്റകുറ്റപ്പണികളും ഇതുവരെ ഈ പദ്ധതിയിൻകീഴിൽ പൂർത്തീകരിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (ആർറ്റി.) നമ്പർ 318/2017/ഫിൻ. (13-1-2017)-ലെ പ്രകാരം 1240.33 ലക്ഷം രൂപ രാജീവ് ഗാന്ധി പദ്ധതിയിൽ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. 5505 കൈപ്പമ്പുകളുടെ അറ്റകുറ്റപ്പണികൾക്കും 585 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണത്തിനുമുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 2163 കൈപ്പമ്പുകളുടെ അറ്റകുറ്റപ്പണികളും 70 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ ഭൂജല സംരക്ഷണവും കൃത്രിമ ഭൂജലപരിപോഷണവും പദ്ധതിയിൻകീഴിൽ തുറന്ന കിണർ, കുഴൽ കിണർ വഴിയുള്ള ഭൂജലസംപോഷണവും വകുപ്പ് വിപുലമായ രീതിയിൽ നടപ്പിലാക്കി വരുന്നു.

31-10-2016 ലെ 42830/കെ3/2016/ഡി.എം.ഡി. നമ്പർ പരിപത്രം പ്രകാരം സംസ്ഥാനത്ത് വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ ജല ഉപയോഗത്തിന്റെ മുൻഗണനാക്രമം, ജലം ഉപയോഗിക്കുന്നതിന് സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്നിവ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർക്കും ബന്ധപ്പെട്ട വകുപ്പുകൾക്കും നൽകിയിട്ടുണ്ട്. കുളങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനായുള്ള ഹരിതകേരളം പദ്ധതി നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കുന്നതുവഴി പ്രാദേശിക തലത്തിൽ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനും ഉതകുന്ന ഒരു പുതിയ ജലഉപഭോഗ സംസ്കാരം പദ്ധതി ഊന്നൽ നൽകുന്നത്. ഇതിന്റെ ആദ്യ ഘട്ടമായി 320 കോടി രൂപ ചെലവിൽ ഏകദേശം 9453 കുളങ്ങൾ നവീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതനുസരിച്ച് കുളങ്ങളിലെ മാലിന്യം, ചെളി, പായൽ ഇവ നീക്കം ചെയ്ത് അവയുടെ സംഭരണശേഷി വർദ്ധിപ്പിച്ച് കാർഷികാവശ്യങ്ങൾക്കും മറ്റ് പാരിസ്ഥിതിക ധർമ്മങ്ങൾക്കും ജലലഭ്യത ഉറപ്പാക്കാൻ സാധിക്കുന്നതാണ്. ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ എം.എൻ.ആർ.ഇ.ജി.എസ്.-ൽ ഉൾപ്പെടുത്തി ജില്ലാഭരണകൂടം മുഖേന യാണ് നടപ്പിലാക്കുന്നത്.

(ബി) സംസ്ഥാനത്ത് പണി പൂർത്തിയാകാതെ കിടക്കുന്ന 268 പദ്ധതികൾ നിലവിലുണ്ട്. ഇതിൽ കേന്ദ്ര വിദേശ ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ 198 എണ്ണമാണ്. പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* ലോകബാങ്ക് ധനസഹായത്തോടെ കേരള സർക്കാർ നടപ്പാക്കുന്ന ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ 31-1-2017 വരെ ഏറ്റെടുത്ത 2059 കുടിവെള്ള പദ്ധതികളിൽ 1316 പദ്ധതികൾ പൂർത്തീകരിച്ചു. തുടർ നടത്തിപ്പിനായി ഗുണഭോക്താക്കളെ ഏല്പിക്കുകയും ബാക്കിയുള്ള 743 പദ്ധതികൾ പൂർത്തീകരണത്തിന്റെ വിവിധ ഘട്ടത്തിലുമാണ്. ഏറ്റെടുത്ത പദ്ധതികളെല്ലാംതന്നെ ജലനിധിയുടെ പദ്ധതി കാലയളവിനുള്ളിൽ പൂർത്തീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) NRDWP ഇനത്തിൽ 2015-16 സാമ്പത്തിക വർഷം സംസ്ഥാനത്ത് ശുദ്ധജല പദ്ധതികൾക്കായി കേന്ദ്രം 45.28 കോടി രൂപയും 2016-17 സാമ്പത്തിക വർഷം നാളിതുവരെ 37.33 കോടി രൂപയും അനുവദിക്കുകയുണ്ടായി. കൂടാതെ ഫ്ളൂറൈഡ് ബാധിത പ്രദേശങ്ങളിൽ ജലവിതരണം സാധ്യമാക്കുന്നതിനായി നീതി ആയോഗ്-ൽ നിന്നും 19.70 കോടി രൂപയും ലഭിച്ചിട്ടുണ്ട്.

(ഡി) 2016-ൽതന്നെ ബഹുമാനപ്പെട്ട നിയമസഭാ സാമാജികരെ പങ്കെടുപ്പിച്ച് ജലഅതോറിറ്റിയുടെ പ്രവർത്തനങ്ങൾ ജില്ലാടിസ്ഥാനത്തിൽ വിലയിരുത്തുകയുണ്ടായി. തുടർന്ന് ജലവിഭവ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 30-1-2017, 1-2-2017, 2-2-2017, 6-2-2017 എന്നീ തീയതികളിൽ അവലോകനയോഗങ്ങൾ മേഖലാടിസ്ഥാനത്തിൽ യഥാക്രമം കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം, തൃശ്ശൂർ എന്നിവിടങ്ങളിൽ വച്ച് നടത്തി. പ്രസ്തുത മീറ്റിംഗുകളിൽ എല്ലാ ഉദ്യോഗസ്ഥരും ഒറ്റക്കെട്ടായി പ്രവർത്തിച്ച് വരൾച്ചയെ നേരിടാൻ അടിയന്തര പ്രാധാന്യത്തോടെ പ്രവൃത്തികൾ ചെയ്ത് ജലലഭ്യത ഉറപ്പുവരുത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി 30-1-2017-ൽ റവന്യൂ, കൃഷി, ജലവിഭവ മന്ത്രിമാരെയും ചീഫ് സെക്രട്ടറി, വകുപ്പു തലവന്മാർ എന്നിവരെയും പങ്കെടുപ്പിച്ച്, ജില്ലകളിൽ ജില്ലാ കളക്ടർമാർക്കുമായും ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥരുമായും വീഡിയോ കോൺഫറൻസ് നടത്തി. കൂടാതെ റവന്യൂ (കെ) ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പ് 13-10-2016, 11-11-2016, 7-12-2016, 5-1-2017, 30-1-2017, 15-2-2017 എന്നീ തീയതികളിൽ ചീഫ് സെക്രട്ടറിയുടെ വീഡിയോ കോൺഫറൻസ് നടത്തിയിട്ടുണ്ട്.

### കേരള ചലച്ചിത്രോത്സവത്തിന് സ്ഥിരംവേദി

21(*80) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചിത്രാഞ്ജലി സ്റ്റുഡിയോ കേരള ചലച്ചിത്രോത്സവത്തിന്റെ സ്ഥിരം വേദിയാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

തിരുവല്ലം ചിത്രാഞ്ജലി സ്റ്റുഡിയോ കോമ്പൗണ്ടിൽനിന്നും കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ഏകദേശം 15 ഏക്കർ സ്ഥലം ചലച്ചിത്രോത്സവത്തിന് സ്ഥിരംവേദി നിർമ്മിക്കുന്നതിന് കൈമാറുന്നതിന് തീരുമാനമായിട്ടുണ്ട്. 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്തുത

പദ്ധതിക്കായി 50 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. തിയേറ്ററുകൾ, കൺവെൻഷൻ സെന്റർ, ഓഫീസ്, സെമിനാർ ഹാൾ, മീഡിയ റൂം, ഗസ്റ്റ് ഹൗസ് എന്നിവ ഉൾപ്പെടുന്ന വിവിധോദ്ദേശ്യ ഫിലിം ഫെസ്റ്റിവൽ കോംപ്ലക്സ് ആണ് വിഭാവനം ചെയ്യുന്നത്. ഇതിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കുന്നതിനുള്ള വിദഗ്ദ്ധരെ തെരഞ്ഞെടുക്കുന്നതിന് വേണ്ടിയുള്ള നിർദ്ദേശം (ആർ.എഫ്.പി.) കിഫ്ബിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. തെരഞ്ഞെടുക്കുന്ന വിദഗ്ദ്ധ ഏജൻസി ഡി.പി.ആർ. തയ്യാറാക്കുന്നതാണ്.

**നോട്ട് അസാധുവാക്കൽ തൊഴിൽ മേഖലയിലുണ്ടാക്കിയ പ്രതിസന്ധി**

22 (*81) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> :

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u> :

<u>ശ്രീ. ഇ. കെ. വിജയൻ</u> :

<u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് അസാധുവാക്കൽ തീരുമാനം സംസ്ഥാനത്തെ തൊഴിൽ മേഖലയിലുണ്ടാക്കിയ പ്രതിസന്ധി വിശദമാക്കുമോ;

(ബി) പ്രധാനമായും ഏതൊക്കെ തൊഴിൽ മേഖലകളെയാണ് പ്രസ്തുത തീരുമാനം രൂക്ഷമായി ബാധിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തീരുമാനത്തിന് ശേഷമുള്ള കാലയളവിലെ തൊഴിൽനഷ്ടം എത്രത്തോളമാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>):

(എ&ബി) കറൻസി നിരോധനംമൂലം സംസ്ഥാനത്തെ പ്ലാന്റേഷൻ, കാഷ്യൂ, മത്സ്യബന്ധന-വിപണനം, നിർമ്മാണം, പ്ലൈവുഡ്, ടെക്സ്റ്റൈൽസ്-ചെറുകിട കച്ചവടം എന്നീ മേഖലകളിൽ പ്രതിസന്ധി ഉണ്ടാക്കിയിട്ടുണ്ട്. പ്ലാന്റേഷൻ മേഖലയിൽ ബഹുഭൂരിപക്ഷം തൊഴിലാളികളെയും നോട്ട് പിൻവലിക്കൽ നടപടി സാരമായി ബാധിച്ചു. ശമ്പളം വിതരണം ചെയ്യാൻ പറ്റാത്ത സാഹചര്യം ഉണ്ടായപ്പോൾ സംസ്ഥാന സർക്കാർ ഇടപെടുകയും തൊഴിലുടമകൾ ട്രഷറികളിൽ നിന്നും ജില്ലാ കളക്ടർമാർ മുഖേന പണം പിൻവലിച്ച് ശമ്പള വിതരണം നടത്തുവാൻ നടപടി കൈക്കൊള്ളുകയും ചെയ്തു. കാഷ്യൂ, നിർമ്മാണ മേഖലകളിൽ തൊഴിലാളികൾക്ക് ബാങ്ക് അക്കൗണ്ട് ആരംഭിച്ച് ശമ്പള വിതരണത്തിന് നടപടി സ്വീകരിച്ചു. ശമ്പളം കൊടുക്കുവാൻ പ്രയാസം നേരിട്ടതിനാൽ മിക്ക കാഷ്യൂ ഫാക്ടറികളും ഈ കാലയളവിൽ പ്രവർത്തനം നിർത്തിവച്ചു. നോട്ട് അസാധുവാക്കൽ തീരുമാനം തൊഴിൽ മേഖലയിൽ പൊതുവിൽ പ്രതിസന്ധി സൃഷ്ടിക്കുന്നതിന് ഇടയായിട്ടുണ്ട്.

(സി) പ്ലൈവുഡ് മേഖലയിലെ തൊഴിൽ നഷ്ടമാണ് പ്രധാനമായും ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. നോട്ട് നിരോധനത്തിനുമുമ്പ് സാധാരണ ഗതിയിൽ 900 ലോഡ് വരെ അസംസ്കൃത തടി കൈകാര്യം ചെയ്തിരുന്നെങ്കിൽ നോട്ട് നിരോധനം ഉണ്ടായ സാഹചര്യത്തിൽ അത് 300 മുതൽ 400 ലോഡ് വരെ ആയി കുറയുകയും ടി മേഖലയിൽ 30 മുതൽ 40 ശതമാനം വരെ ജോലി ഇല്ലാതാവുകയും 25 ശതമാനത്തോളം വരുന്ന ഇതര സംസ്ഥാന തൊഴിലാളികൾ സ്വദേശത്തേയ്ക്ക് മടങ്ങിപ്പോവുകയും ചെയ്തു. സ്കാറ്റേർഡ് മേഖലയിലെ കുറേയേറെ നിർമ്മാണ തൊഴിലാളികൾക്ക് ഈ കാലയളവിൽ ഒട്ടേറെ തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട്. കാഷ്യൂ മേഖലയിലും തൊഴിൽ നഷ്ടം ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## വന്യജീവികളുടെ ആക്രമണം തടയാൻ നടപടി

23 (*82) ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം കൊടും വരൾച്ച നേരിടുന്ന സാഹചര്യത്തിൽ വെള്ളവും ആഹാരവും തേടി ജനവാസ കേന്ദ്രങ്ങളിലെത്തുന്ന വന്യജീവികളുടെ ആക്രമണങ്ങൾ പ്രതിരോധിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനായി വനമേഖലകളിലെ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) വന്യമൃഗങ്ങളുണ്ടാക്കുന്ന കൃഷിനാശത്തിനും മറ്റും നിലവിൽ നൽകി വരുന്ന നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) ജലവും ആഹാരവും തേടി ജനവാസകേന്ദ്രങ്ങളിലെത്തുന്ന വന്യജീവികളുടെ ആക്രമണങ്ങൾ പ്രതിരോധിക്കുന്നതിനായി, വനത്തിന് വെളിയിൽ വരുന്ന മൃഗങ്ങളെ റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ സഹായത്തോടെ വനത്തിനുള്ളിലേയ്ക്ക് തിരികെ അയയ്ക്കുന്നതിനുള്ള നടപടികളും എലിഫന്റ് സ്ക്വാഡുകൾ മുഖേന കൃഷിയിടങ്ങളിലേയ്ക്ക് ഇറങ്ങുന്ന കാട്ടാനകളെ തിരികെ കാട്ടിലേയ്ക്ക് തുരത്തുന്നതിന് വേണ്ട നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ വന്യജീവികളുടെ ആക്രമണങ്ങൾ പ്രതിരോധിക്കുന്നതിനും ജനങ്ങളെ സഹായിക്കുന്നതിനും ജനപ്രതിനിധികളും തദ്ദേശീയരും വനം വകുപ്പുദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) 7-2-2017-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 51/2017/വനം പ്രകാരം മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി തലത്തിൽ തദ്ദേശീയരും ജനപ്രതിനിധികളും വനം വകുപ്പ് ഉദ്യോഗസ്ഥരും ചേർന്നുള്ള ജനകീയ ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. സർക്കാർ ഉത്തരവ് നടപ്പിലാക്കി ജനജാഗ്രതാസമിതികൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) വന്യമൃഗങ്ങളുടെ ആക്രമണംമൂലം കാർഷിക വിളകൾക്കും വസ്തുവകകൾക്കും നൽകിവരുന്ന നഷ്ടപരിഹാരം വർദ്ധിപ്പിച്ചുകൊണ്ട് 2013 മാർച്ച് മാസത്തിലും ജീവഹാനി സംഭവിക്കുന്ന സാഹചര്യങ്ങളിൽ നൽകിവരുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചുകൊണ്ട് 2014 നവംബർ മാസത്തിലും സർക്കാർ ഉത്തരവായിട്ടുണ്ട്. നഷ്ടപരിഹാരത്തുക ഇനിയും വർദ്ധിപ്പിച്ച് നൽകുന്ന വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.

## അനധികൃത മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടെയും ലഭ്യത തടയുവാൻ നടപടി

24 (*83) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃത മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടെയും ലഭ്യത തടയുന്നതിന് സ്വീകരിച്ചിട്ടുള്ള കർമ്മ പദ്ധതികൾ വിശദീകരിക്കാമോ;

(ബി) ആയതിന് ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) ലഹരി ഉത്പന്നങ്ങൾ വൻതോതിൽ വിതരണം നടത്തുന്ന മാഫിയകളെ കുറിച്ച് വകുപ്പിനെ അറിയിക്കുന്നതിന് ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുമോ; വിശദമാക്കാമോ;

(ഡി) മദ്യവർജ്ജനം സംബന്ധിച്ച് യുവജനങ്ങളെ ബോധവത്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി .പി. രാമകൃഷ്ണൻ):

(എ) എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. മയക്കുമരുന്നുകളുടെയും മദ്യത്തിന്റെയും ഉപഭോഗംമൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ, പ്രത്യേകിച്ച് യുവജനങ്ങൾക്കിടയിൽ, അവബോധം ഉണ്ടാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നുണ്ട്. മദ്യ-മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി എക്സൈസ് ഷാഡോ സംവിധാനം ഉൾപ്പെടെയുള്ള

പ്രവർത്തനങ്ങളിലൂടെ എൻഫോഴ്സ്മെന്റ് ശക്തമാക്കിയിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും അനധികൃത മദ്യവും ലഹരി പദാർത്ഥങ്ങളും സംസ്ഥാനത്തേയ്ക്ക് കടത്തി കൊണ്ടുവരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്. ട്രെയിൻ മുഖാന്തരമുള്ള മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും കടത്ത് തടയുന്നതിന് പോലീസ്, റെയിൽവേ, ആർ.പി.എഫ്. വിഭാഗങ്ങളുമായി സഹകരിച്ച് കർശനമായ പരിശോധനകൾ നടത്തിവരുന്നു. ലൈസൻസ് സ്ഥാപനങ്ങളിൽ കൃത്യമായ ഇടവേളകളിൽ പരിശോധനകൾ നടത്തുകയും സാമ്പിളുകൾ ശേഖരിച്ച് രാസപരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നുണ്ട്. ഈ നടപടികൾമൂലം ലൈസൻസ് സ്ഥാപനങ്ങളിൽ അനധികൃത മദ്യം വിൽക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നുണ്ട്. ഡ്രഗ്സ് കൺട്രോൾ വകുപ്പുമായി ചേർന്ന് മെഡിക്കൽ സ്റ്റോറുകളിൽ പരിശോധന നടത്തുകയും ലഹരിക്കായി ദുരുപയോഗം ചെയ്യപ്പെടുന്ന മരുന്നുകളുടെ അനധികൃത വിൽപ്പന തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

(ബി) കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ "വിമുക്തി" യുടെ പ്രവർത്തനങ്ങളിലൂടെ യുവജനങ്ങളേയും വിദ്യാർത്ഥികളേയും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോധ്യപ്പെടുത്തി വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയാണ് പരമപ്രധാനമായ ലക്ഷ്യം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായ മേൽ മിഷന്റെ ഗവേണിംഗ് ബോഡിയിൽ വൈസ്ചെയർമാൻ ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രിയും കൺവീനർ അഡീഷണൽ ചീഫ് സെക്രട്ടറി (നികുതി) വകുപ്പും ബഹുമാന്യരായ ആരോഗ്യ വകുപ്പുമന്ത്രി, തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി, വിദ്യാഭ്യാസ വകുപ്പുമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി, സ്പോർട്സ് & യുവജനക്ഷേമ വകുപ്പുമന്ത്രി, പട്ടികജാതി-പട്ടികവർഗ്ഗ സാംസ്കാരിക വകുപ്പുമന്ത്രി, ഫിഷറീസ് വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി, കലാകായിക സാംസ്കാരിക സാഹിത്യ-സന്നദ്ധ സംഘടനാപ്രതിനിധികൾ, പ്രസിഡന്റ്-സ്പോർട്സ് കൗൺസിൽ, അഡ്വക്കേറ്റ് ജനറൽ, പ്രസിഡന്റ്-കേരള പഞ്ചായത്ത് അസോസിയേഷൻ എന്നിവർ മെമ്പർമാരും ആയിരിക്കും. ഇത്തരത്തിൽ രൂപീകരിച്ച മിഷന് ബഹുമാനപ്പെട്ട തൊഴിലും എക്സൈസും വകുപ്പുമന്ത്രി ചെയർമാനായും എക്സൈസ് കമ്മീഷണർ കൺവീനറായും ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ ചെയർമാനായും ജില്ലാ കളക്ടർമാർ കൺവീനറായും ഒരു ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റിയും തദ്ദേശഭരണ സ്ഥാപനതലം, വാർഡ്തലം, ഭരണതലം-സ്റ്റേറ്റ്, ഭരണതലം-ജില്ലാതലം എന്നീ ഘടനകളുമുണ്ട്. മേൽപ്രകാരം എല്ലാ തലത്തിലും ജനപങ്കാളിത്തം ഉറപ്പുവരുത്തി കൊണ്ടാണ് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ- " വിമുക്തി" യുടെ പ്രവർത്തനം നടന്നുവരുന്നത്.

(സി) വ്യാജമദ്യം, മയക്കമരുന്നുകൾ, പുകയില ഉൽപ്പന്നങ്ങൾ മുതലായവയുടെ ഉല്പാദനം, കടത്ത്, വിപണനം, വിൽപ്പന, ഉപഭോഗം തുടങ്ങിയ അബ്കാരി/ എൻ.ഡി.പി.എസ്./എം.&റ്റി.പി./കോട്പ കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങളും പരാതികളും പൊതുജനങ്ങളിൽനിന്നും സ്വീകരിക്കുന്നതിന് സാമൂഹ്യനവമാധ്യമമായ വാട്സ്-ആപ് മുഖാന്തിരം പരാതികൾ സ്വീകരിക്കുന്നതിന് 9061178000 എന്ന മൊബൈൽ നമ്പരിൽ സംവിധാനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഇ-മെയിൽ മുഖേനയും എക്സൈസ് വകുപ്പിന്റെ ഔദ്യോഗിക ഫെയ്സ്ബുക്ക് പേജ് മുഖേനയും പൊതുജനങ്ങളിൽനിന്നു വിവരങ്ങളും പരാതികളും സ്വീകരിക്കുന്നുണ്ട്. ഇതോടൊപ്പം തന്നെ പൊതുജനങ്ങളിൽനിന്നും വിവരങ്ങളും പരാതികളും സ്വീകരിക്കുന്നതിനും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുമായി പ്രിവന്റീവ് ഓഫീസർ മുതൽ എക്സൈസ് കമ്മീഷണർ വരെയുള്ള എല്ലാ ഉദ്യോഗസ്ഥർക്കും ഔദ്യോഗിക മൊബൈൽ ഫോൺ കണക്ഷൻ നൽകിയിട്ടുള്ളതും പ്രസ്തുത നമ്പറുകൾ പൊതുജനങ്ങളുടെ അറിവിലേയ്ക്കായി പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. മേൽപ്രകാരം വിവിധ മാർഗ്ഗങ്ങളിലൂടെ ലഭിക്കുന്ന വിവരങ്ങളിലും പരാതികളിലും സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നുണ്ട്. ആയത് ഉറപ്പുവരുത്തുന്നതിനും നിരീക്ഷിക്കുന്നതിനുമായി മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) മദ്യവർജ്ജനം സംബന്ധിച്ച് യുവജനങ്ങളെ ബോധവത്ക്കരിക്കുന്നതിനായി സ്കൂൾ-കോളേജ് തലത്തിൽ വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് 1735 സ്കൂൾ ലഹരി വിരുദ്ധ ക്ലബ്ബുകളും 258 കോളേജ് ലഹരിവിരുദ്ധ ക്ലബ്ബുകളും സംസ്ഥാനമൊട്ടാകെ പ്രവർത്തിക്കുന്നുണ്ട്. ലഹരി വിരുദ്ധ ക്ലബ്ബുകൾ, എസ്.പി.സി, എൻ.എസ്.എസ്, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികൾ, വിദ്യാർത്ഥി-യുവജന-മഹിളാ-സന്നദ്ധ-സംഘടനകളുടെ പങ്കാളിത്തത്തോടും സഹകരണത്തോടും കൂടി വിദ്യാർത്ഥികളെയും യുവജനങ്ങളെയും ബോധവൽക്കരിക്കുന്നതിനുവേണ്ടി വൈവിദ്ധ്യ പരിപാടികളാണ് നടത്തിവരുന്നത്. ലഹരി വിരുദ്ധ ബോധവത്ക്കരണ സെമിനാറുകൾ, ലഹരി വിരുദ്ധ ആശയങ്ങളടങ്ങിയ ഹ്രസ്വ ചിത്രങ്ങൾ, ബോധവത്ക്കരണ ക്ലാസ്സുകൾ, പി.റ്റി.എ.-കളുമായി സഹകരിച്ചുകൊണ്ട് ബോധവത്കരണ മീറ്റിംഗുകൾ എന്നിവയും സംഘടിപ്പിച്ചുവരുന്നുണ്ട്. വിദ്യാർത്ഥികൾ, അദ്ധ്യാപകർ, രക്ഷിതാക്കൾ എന്നിവർക്ക് പേരുവിവരം വെളിപ്പെടുത്താതെ ലഹരി വസ്തുക്കളുടെ വിപണനം, ഉപഭോഗം എന്നിവ അറിയിക്കുന്നതിനായി 1385 സ്കൂൾ/ കോളേജ് ക്യാമ്പസുകളിൽ പരാതിപ്പെട്ടി സ്ഥാപിച്ചുകഴിഞ്ഞു. മുഴുവൻ സ്കൂൾ/ കോളേജ് ക്യാമ്പസുകളിൽ പരാതിപ്പെട്ടികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

വിദ്യാർത്ഥികളെയും യുവജനങ്ങളെയും ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനായും അന്താരാഷ്ട്ര മയക്ക മരുന്ന് വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി ലഹരി വിരുദ്ധ പ്രവർത്തനം നടത്തുന്ന മികച്ച സംഘടന, സംഘടനാ പ്രവർത്തകൻ, മികച്ച പ്രവർത്തനം നടത്തുന്ന സ്കൂൾ/കോളേജ്, ലഹരി വിരുദ്ധ ക്ലബ്ബുകൾ, ക്ലബ്ബ് പ്രവർത്തകർ, ക്ലബ്ബുകൾ പ്രസിദ്ധീകരിക്കുന്ന മികച്ച ലഹരി വിരുദ്ധ ആശയങ്ങളടങ്ങിയ മാഗസിനുകൾ,

മാഗസിൻ സൃഷ്ടികൾ എന്നിവയ്ക്ക് അവാർഡും പ്രശംസാപത്രവും നൽകിവരുന്നുണ്ട്. സംസ്ഥാന സ്കൂൾ കലോത്സവത്തോടനുബന്ധിച്ച് എല്ലാ വർഷവും ലഹരി വിരുദ്ധ ബോധവൽക്കരണ പവലിയൻ ഒരുക്കി പ്രദർശനം നടത്തിവരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 വാര ചുറ്റളവിൽ പുകയില ഉൽപ്പന്നങ്ങളുടെ വിൽപ്പന നിരോധിച്ചിട്ടുണ്ട്. ദേശീയ യുവജന ദിനത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ സ്കൂൾ/കോളേജ് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് "ലഹരിക്കെതിരെ യുവത്വം" എന്ന വിഷയത്തിൽ പോസ്റ്റർ രചന മത്സരം നടത്തിയിട്ടുള്ളതാണ്. വിമുക്തി മിഷന്റെ ഭാഗമായി 2017 ജനുവരി 30-ന് സംസ്ഥാനത്തെ എല്ലാ സ്കൂൾ അസംബ്ലികളിലും വിദ്യാർത്ഥികളും അദ്ധ്യാപകരും ലഹരിക്കെതിരെ പ്രതിജ്ഞ എടുത്തിട്ടുണ്ട്. പി.റ്റി.എ.-കളുമായി സഹകരിച്ച് ലഹരിയുടെ ദൂഷ്യവശങ്ങൾ ബോധ്യപ്പെടുത്തുന്നതിന് 2815 ബോധവത്ക്കരണ ക്ലാസ്സുകളും പൊതുവായി 2527 ബോധവത്ക്കരണ പരിപാടികളും ചർച്ചകളും പ്രഭാഷണങ്ങളും നടത്തിയിട്ടുണ്ട്.

**ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതി**

25(*84) ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാന തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയനുസരിച്ച് എന്തെല്ലാം ആനുകൂല്യങ്ങളാണ് തൊഴിലാളികൾക്ക് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് 'ആവാസ്' എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കി പുറപ്പെടുവിച്ച 27-10-2016-ലെ സ.ഉ (സാധാ) നമ്പർ 1325/2016/തൊഴിൽ നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പദ്ധതിയിൽ അംഗമാകുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഓരോരുത്തർക്കും 15,000 രൂപയുടെ സൗജന്യ ചികിത്സ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രിയിൽ നിന്നും എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രിയിൽ നിന്നും ലഭ്യമാക്കുന്നതാണ്.

(സി) ഇതരസംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികളെയാണ് ഈ പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്.

## വാത്സല്യനിധി പദ്ധതി

26 (*85) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കായി വാത്സല്യനിധി പദ്ധതി നടപ്പാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) പദ്ധതിയുടെ നടത്തിപ്പിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി 'വാത്സല്യനിധി' എന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇത് പട്ടികജാതി പെൺകുട്ടികൾക്കുള്ള ഒരു ഇൻഷ്വറൻസ് അധിഷ്ഠിത സമഗ്രവികസന പദ്ധതിയാണ്. ഗുണഭോക്താവിന്റെ പേരിൽ 1,38,000 രൂപ 4 ഘട്ടങ്ങളിലായി നിക്ഷേപിക്കുന്നു. ടി ഗുണഭോക്താവിന് 18 വയസ്സ് പ്രായപൂർത്തിയാകുമ്പോൾ 3,00,000 രൂപ ലഭിക്കുന്നതാണ്. ഇൻഷ്വർ ചെയ്യപ്പെടുന്ന പെൺകുട്ടിയുടെ ജനന രജിസ്ട്രേഷൻ, പ്രതിരോധ കുത്തിവയ്പ്പുകൾ, സ്കൂൾ അഡ്മിഷൻ, ഉന്നത വിദ്യാഭ്യാസ പദ്ധതി

എന്നിവ ഉറപ്പുവരുത്തുന്നു. വാത്സല്യനിധി പദ്ധതിയിലൂടെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പട്ടികജാതി വിഭാഗം പെൺകുട്ടികൾക്ക് അവരുടെ ജനന രജിസ്ട്രേഷൻ, ആരോഗ്യ കാര്യങ്ങൾ, വിദ്യാഭ്യാസം, ഇൻഷ്വറൻസ് പരിരക്ഷ എന്നിവ ഉൾപ്പെടുത്തി സമഗ്രമായ വികസനത്തിനാണ് ഈ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) ഈ പദ്ധതി പ്രകാരം 2016-17 വർഷം മുതൽ ജനിച്ച പട്ടികജാതി പെൺകുട്ടികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഗുണഭോക്താക്കളുടെ മാതാപിതാക്കളുടെ ഉയർന്ന വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയാണ്. പെൺകുട്ടി ജനിച്ച് 6 മാസം പ്രായമാകുകയും ജനന രജിസ്ട്രേഷൻ ചെയ്യുകയും ജനിച്ച് ആദ്യ 90 ദിവസത്തിനുള്ളിൽ നിർബന്ധിത പ്രതിരോധ കുത്തിവയ്പ്പ് എടുക്കുകയും നിശ്ചിത അപേക്ഷാ ഫോമിൽ ടി പദ്ധതിക്കായി അപേക്ഷ നൽകുകയും ചെയ്തിരിക്കണം. അർഹരായവർക്ക് പദ്ധതിയുടെ ആദ്യഗഡുവായ 30,000 രൂപ പട്ടികജാതി വികസന വകുപ്പ് നിക്ഷേപിക്കുന്നു. ടി ഗുണഭോക്താവ് 6 വയസ്സ് പൂർത്തിയാകുമ്പോൾ സ്കൂൾ പ്രവേശനം നേടുകയും മറ്റ് നിർബന്ധിത പ്രതിരോധ കുത്തിവയ്പ്പുകളും മെഡിക്കൽ ചെക്കപ്പുകളും പൂർത്തിയാക്കുമ്പോൾ പ്രസ്തുത സാക്ഷ്യപത്രം സമർപ്പിക്കുന്നത് പ്രകാരം പദ്ധതിയുടെ 2-ാം ഗഡുവായ 33,000 രൂപ നിക്ഷേപിക്കുന്നു. ടി ഗുണഭോക്താവ് 5-ാം ക്ലാസ് പൂർത്തിയാക്കിയതിനുശേഷം പദ്ധതിയുടെ 3-ാം ഗഡുവായ 36,000 രൂപ നിക്ഷേപിക്കുന്നു. ടി ഗുണഭോക്താവ് 10-ാം ക്ലാസ് പൂർത്തിയാക്കിയതിനുശേഷം പദ്ധതിയുടെ അവസാന ഗഡുവായ 39,000 രൂപ നിക്ഷേപിക്കുന്നു. പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ 3,00,000 രൂപ ഉപരിപഠനത്തിനോ മറ്റ് നിർമ്മാണവികസന പ്രക്രിയകൾക്കോ ഉപയോഗിക്കുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ദേശസാൽകൃത/സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് പ്രൊപ്പോസലുകൾ ലഭ്യമാക്കുകയും ആയതിലേയ്ക്ക് LIC of India-യെ നിക്ഷേപക ഏജൻസിയായി സർക്കാർ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്.

**സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി**

27(*87) ശ്രീ. എൽദോസ് കുന്നപ്പിള്ളി :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. സണ്ണി ജോസഫ് :

ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) ഈ സാമ്പത്തിക വർഷം എത്ര പശുക്കളെ ഇൻഷ്വറൻസ് പരിധിയിൽ കൊണ്ടുവരുവാനാണ് നിശ്ചയിച്ചിരുന്നത്; ഈ ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(സി) പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികൾ പ്രീമിയം തുക കുത്തനെ കൂട്ടിയതുമൂലം പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കാൻ സാധിച്ചിട്ടില്ലെന്നത് വസ്തുതയാണോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജു</u>):

(എ) സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ കന്നുകാലി മിഷന്റെ കീഴിൽ "Risk Management and Insurance" എന്ന ഘടകത്തിൽ 104.28 ലക്ഷം രൂപ കേന്ദ്ര സർക്കാർ അനുവദിക്കുകയുണ്ടായി. സംസ്ഥാന വിഹിതം 69.52 ലക്ഷം രൂപ കൂടി ലഭ്യമാക്കി മൊത്തം 173.8 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കർഷകർക്ക് നഷ്ടപരിഹാരം നൽകി സംരക്ഷണം നൽകുന്നതിനും കന്നുകാലി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുള്ള പദ്ധതിയാണിത്.

20392 കറവപശു/എരുമകളെ ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്യാൻ നിശ്ചയിച്ചിട്ടുണ്ട്. പ്രതിദിനം 5 ലിറ്ററിൽ കൂടുതൽ കറവയുള്ള രണ്ടര മുതൽ 8 വയസ്സുവരെ പ്രായമുള്ള സങ്കരയിനം പശുക്കളെയും എരുമകളെയുമാണ് ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്യുന്നത്. എല്ലാ ജില്ലയിലും പദ്ധതി നടപ്പിലാക്കുന്നതാണ്. ഉരുവിന്റെ പരമാവധി വില 50,000 രൂപയെന്നു കണക്കാക്കി നിശ്ചയിച്ചിട്ടുണ്ട്. ഇൻഷ്വറൻസ് പ്രീമിയം തുകയുടെ നിശ്ചിത ശതമാനം സർക്കാരും ബാക്കി തുക ഗുണഭോക്താവുമാണ് വഹിക്കുന്നത്. ഇതിൽ ഗുണഭോക്താവിന്റെ വിഹിതത്തിന്റെ പകുതി വിഹിതം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ തനതു പദ്ധതിയിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വഹിക്കാവുന്നതാണ്. ജനറൽ കാറ്റഗറിയിൽപ്പെട്ട ഗുണഭോക്താക്കൾ അടക്കേണ്ട പ്രീമിയം തുകയുടെ 50 ശതമാനവും പട്ടികജാതി/ പട്ടികവർഗ്ഗ തുകയുടെ 70 ശതമാനവും സർക്കാർ വഹിക്കുന്നതാണ്. വെറ്ററിനറി സർജൻ കന്നുകാലികളെ വിശദമായി പരിശോധിച്ച് ഇയർ ടാഗ് ചെയ്ത് ഹെൽത്ത് സർട്ടിഫിക്കറ്റ് നൽകി ഇൻഷ്വർ ചെയ്യുന്നതാണ്. കന്നുകാലികൾ മരണപ്പെടുമ്പോഴും/ പെർമനന്റ് ടോട്ടൽ ഡിസെബിലിറ്റി (പി.റ്റി.ഡി)-ക്കും നഷ്ടപരിഹാരം ഇൻഷ്വറൻസ് കമ്പനിയിൽനിന്നും നൽകുന്നതിന് ബന്ധപ്പെട്ട വെറ്ററിനറി സർജൻ സാക്ഷ്യപത്രം നൽകും. കന്നുകാലികൾ മരണപ്പെടുന്ന സാഹചര്യത്തിൽ പോസ്റ്റ്മോർട്ടം നടത്തുന്നതും സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതും വെറ്ററിനറി സർജനാണ്. ടി പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ പൊതുമേഖലാ ജനറൽ ഇൻഷ്വറൻസ്

കമ്പനികളിൽ നിന്ന് "Expression of Interest" ക്ഷണിക്കുകയും യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി നിലവിലെ പ്രീമിയം നിരക്കായ 3.1 ശതമാനത്തിൽ നിന്നും 3 ശതമാനമായി കുറയ്ക്കാൻ സമ്മതിക്കുകയുമുണ്ടായി. ആയതിനാൽ ടി കമ്പനിയെ ഈ പദ്ധതി പ്രകാരം കന്നുകാലി ഇൻഷ്വറൻസ് നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ, ഇൻഷ്വർ ചെയ്യേണ്ട കന്നുകാലികളുടെ എണ്ണം, ടാഗിംഗ്, പോസ്റ്റ്മോർട്ടം ഫീസ്, ഓണറേറിയം എന്നിവ ജില്ലാ തലത്തിൽ നിരീക്ഷിക്കുകയും ജില്ലാ മൃഗസംരക്ഷണ ഓഫീസർമാർ, ഇൻഷ്വറൻസ് കമ്പനി എന്നിവരുടെ പ്രതിമാസ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന തലത്തിൽ ഫണ്ട് വിതരണം നടത്തുകയും ചെയ്യുന്നതാണ്. ഇൻഷ്വറൻസ് ക്ലെയിം ബന്ധപ്പെട്ട രേഖകൾ സമർപ്പിച്ച് 15 ദിവസത്തിനുള്ളിൽ തീർപ്പാക്കുന്നതാണ്.

(ബി) ഈ സാമ്പത്തിക വർഷം നാൽപ്പതിനായിരത്തോളം കറവയുള്ള കന്നുകാലികളെ ഇൻഷ്വറൻസ് പരിധിയിൽ കൊണ്ടുവരുവാനാണ് ലക്ഷ്യമിട്ടിരുന്നത്. പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികൾ നിശ്ചയിച്ചു നൽകിയ പ്രീമിയം നിരക്കിൽ ജനറൽ കാറ്റഗറിയിൽപ്പെട്ടവരുടെ 17250 കന്നുകാലികളെയും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ 3142 കന്നുകാലികളെയും ഈ സാമ്പത്തിക വർഷം ഇൻഷ്വർ ചെയ്യുന്നതാണ്. അടുത്ത സാമ്പത്തിക വർഷം സംസ്ഥാനത്തെ കൂടുതൽ കന്നുകാലികളെ ഇൻഷ്വറൻസ് പരിധിയിൽ കൊണ്ടുവരുവാൻ ലക്ഷ്യമിടുന്നുണ്ട്.

(സി) മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ നാല് പൊതുമേഖലാ ജനറൽ ഇൻഷ്വറൻസ് കമ്പനികളുമായി വകുപ്പ് മന്ത്രി തലത്തിൽ ചർച്ച നടത്തിയിരുന്നു. യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി നിലവിലെ പ്രീമിയം നിരക്കായ 3.1 ശതമാനത്തിൽനിന്നും 3 ശതമാനമായി കുറയ്ക്കാൻ സമ്മതിച്ചു. ഈ തുക ന്യായീകരിക്കത്തക്കതാണ്. നിരക്ക് കുത്തനെ വർദ്ധിച്ചിട്ടില്ല. ആയതിനാൽ ടി കമ്പനിയെ ഈ പദ്ധതി പ്രകാരം കന്നുകാലി ഇൻഷ്വറൻസ് നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്.

## കൃഷ്ണൻനായർ കമ്മിഷൻ റിപ്പോർട്ട്

28 (*88) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ചുള്ള കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) തോട്ടം തൊഴിലാളികളുടെ വാസസ്ഥലങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ എസ്റ്റേറ്റ് ഉടമകൾക്ക് നിർദ്ദേശം നൽകുമോ;

(സി) 'ഭവനം പ്രോജക്ട്'എന്ന പേരിൽ തോട്ടം തൊഴിലാളികൾക്കായി പ്രഖ്യാപിച്ച ഭവന നിർമ്മാണ പദ്ധതി പ്രാവർത്തികമാക്കാൻ നടപടിയുണ്ടാകുമോ;

(ഡി) പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ സംരക്ഷണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>):

(എ) തോട്ടം മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് ജസ്റ്റീസ് കൃഷ്ണൻനായർ കമ്മീഷൻ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. ഇക്കാര്യത്തിൽ ട്രേഡ് യൂണിയൻ പ്രതിനിധികളുമായും തോട്ടമുടമകളുമായും സർക്കാർ ചർച്ച നടത്തിയിരുന്നു. അവരിൽനിന്നും റിപ്പോർട്ടിന്മേൽ കൂടുതൽ നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടിരിക്കുകയാണ്. നിർദ്ദേശങ്ങൾ കൂടി ലഭിച്ചശേഷം ആവശ്യമായ ചർച്ചയും പരിശോധനയും നടത്തി തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി) തോട്ടം തൊഴിലാളികളുടെ വാസസ്ഥലങ്ങളുടെ ശോചനീയാവസ്ഥ തോട്ടം പരിശോധനാവേളയിൽ പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ പരിശോധന നടത്താറുണ്ട്. പരിശോധനാവേളകളിൽ കണ്ടെത്തുന്ന ന്യൂനതകൾ പരിഹരിക്കാൻ എസ്റ്റേറ്റ് ഉടമകൾക്ക് നിർദ്ദേശം നൽകുന്നുണ്ട്. ന്യൂനതകൾ പരിഹരിക്കാത്ത തൊഴിലുടമകൾക്കെതിരെ പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ പ്രോസിക്യൂഷൻ ഫയൽ ചെയ്യുകയും ചെയ്യുന്നു.

(സി) തോട്ടം മേഖലയിലെ ഭവനരഹിതരെയും ഭൂരഹിതരെയും കണ്ടെത്താൻ പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ മുഖേന സമഗ്ര സർവ്വേ നടത്തി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധനയിലാണ്. തോട്ടം മേഖലയിൽ സ്വന്തം വീട് സ്കീം നടപ്പിലാക്കാനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) കേരളത്തിലെ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് സമാശ്വാസം നൽകുന്നതിനായി സംസ്ഥാനത്ത് തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർ ചെയർമാനായും ജില്ലാ ലേബർ ഓഫീസർ കൺവീനറായും പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് പ്രവർത്തിച്ചു വരുന്നു. കൂടാതെ ട്രേഡ് യൂണിയൻ ഭാരവാഹികളും വിവിധ വകുപ്പിലെ ഉദ്യോഗസ്ഥരും അംഗങ്ങളാണ്. പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് വിവാഹ ധനസഹായം, ആരോഗ്യ പരിപാലനം, തൊഴിലാളികളുടെ മക്കൾക്ക് ഉന്നത പഠനസഹായം, പഠനോപകരണങ്ങളുടെ വിതരണം, ലയങ്ങളുടെ അറ്റകുറ്റ പണി, കുടിവെള്ള പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. ടി പദ്ധതിക്കായി അനുവദിക്കുന്ന തുക അതത് കമ്മിറ്റികളുടെ തീരുമാനങ്ങളുടെ മുൻഗണനാ ക്രമത്തിലാണ് വിനിയോഗിക്കുന്നത്.

| | |
|---|---|
| ഇടുക്കി: | 1. വിവാഹ ധനസഹായം- 10,000 രൂപ വീതം<br>2. വിദ്യാഭ്യാസ ധനസഹായം - അർഹത പരിശോധിച്ച് ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ്<br>3. മരണാനന്തര ധനസഹായം- 10,000 രൂപ വീതം |
| പാലക്കാട്: | മാരകരോഗങ്ങൾ (കാൻസർ, വൃക്കരോഗം, ഹൃദ്രോഗം)- 25,000 രൂപ |
| തിരുവനന്തപുരം: | മാരകരോഗങ്ങൾ (കാൻസർ, കാർഡിയോവാസ്കുലർ ഡിസീസ്, മാനസികരോഗം)- 10,000 രൂപ<br>വിവാഹ ധനസഹായം- 15,000 രൂപ<br>വിദ്യാഭ്യാസ ധനസഹായം (സ്കോളർഷിപ്പ്)- 1,000 മുതൽ 10,000 രൂപ വരെ |
| വയനാട്: | വിവാഹ ധനസഹായം- 10,000- രൂപ<br>മാരകരോഗങ്ങൾ (കാൻസർ, വൃക്കരോഗം, ഹൃദ്രോഗം)- 10,000 രൂപ |

**എസ്.സി.പി., റ്റി.എസ്.പി. പദ്ധതികൾ**

29 (*89) ശ്രീ. കോവൂർ കുഞ്ഞുമോൻ :

ശ്രീ. കെ. കൃഷ്ണൻകുട്ടി :

ശ്രീ. സി. കെ. നാണു :

ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എസ്.സി.പി., റ്റി.എസ്.പി. എന്നിവയിലായി ഈ സാമ്പത്തിക വർഷം ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് എന്ന് വിശദീകരിക്കാമോ;

(ബി) ഈ പദ്ധതികൾ കേന്ദ്രസർക്കാർ നിർത്തലാക്കാൻ പോകുന്നതായിട്ടുള്ള വിവരം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പ്രതിരോധിക്കാൻ സംസ്ഥാന സർക്കാർ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ):

(എ) പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ :

1. ഭൂരഹിത പുനരധിവാസ പദ്ധതി
2. ഭവന നിർമ്മാണ പദ്ധതി/ഭവന പുനരുദ്ധാരണ പദ്ധതികൾ
3. ദുർബ്ബല വിഭാഗക്കാരുടെ ക്ഷേമത്തിനായുള്ള ധനസഹായ പദ്ധതി
4. വിവിധ വകുപ്പുകൾ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ-പൂൾഡ് ഫണ്ടിൽനിന്നുള്ള ധനസഹായ പദ്ധതികൾ
5. പി.സി.ആർ. ആക്ട്, പി.ഒ.എ. ആക്ട്
6. കോർപ്പസ് ഫണ്ട് (ജില്ലകൾക്കുള്ള 1/3rd കോർപ്പസ് ഫണ്ട്, ചികിത്സാ ധനസഹായം, വകുപ്പ് നേരിട്ട് നടത്തുന്ന മറ്റു പദ്ധതികൾ)
7. മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും അയ്യങ്കാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ, വെള്ളായണി മാനേജ്മെന്റിനുള്ള പദ്ധതികൾ
8. പട്ടികജാതിക്കാരുടെ വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്നതിനുള്ള പദ്ധതി
9. എസ്.സി./എസ്.ടി. ഫെഡറേഷനുള്ള ധനസഹായം
10. വിവാഹ ധനസഹായ പദ്ധതി
11. പട്ടികജാതി വികസന നവീകരണം
12. പട്ടികജാതി യുവതി/യുവാക്കൾക്ക് സ്വയം തൊഴിലും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം
13. പട്ടികജാതി യുവതി/ യുവാക്കൾക്ക് വിദേശ ധനസഹായ പദ്ധതി
14. സ്വയം പര്യാപ്ത ഗ്രാമ പദ്ധതി
15. പട്ടികജാതി യുവതി/യുവാക്കൾക്ക് സ്വയംതൊഴിൽ വായ്പാ പദ്ധതി
16. മിശ്രവിവാഹ ധനസഹായം

<u>പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ:</u>

1. വിദ്യാർത്ഥികൾക്കുള്ള പ്രോത്സാഹനവും സഹായവും
2. പട്ടികവർഗ്ഗ ക്ഷേമ സ്ഥാപനങ്ങൾക്കുള്ള സഹായം
3. വിദ്യാഭ്യാസ വിവരവിനിമയ പദ്ധതി (ഐ.ഇ.സി.)
4. പട്ടികവർഗ്ഗ വികസന വകുപ്പ് നവീകരണം
5. ആദികലാഗ്രാമം
6. പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായുള്ള സഹായം
7. ഭക്ഷണ സഹായ പദ്ധതി
8. സമഗ്ര പട്ടികവർഗ്ഗ ആരോഗ്യ സംരക്ഷണം
9. ഭവന നിർമ്മാണം
10. ട്രൈബൽ പ്രൊമോട്ടർമാർക്കുള്ള ഓണറേറിയം
11. ചെറു സങ്കേതങ്ങളുടെ വികസന പദ്ധതി (ഹാംലറ്റ് പദ്ധതി)
12. കോർപ്പസ് ഫണ്ട്, റ്റി.എസ്.പി. ഫണ്ട്, റ്റി.ആർ.ഡി.എം. (ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം), പൂൾഡ് ഫണ്ട്, ആർട്ടിക്കിൾ 275 (1) പ്രകാരമുള്ള ഗ്രാന്റ് ഇൻ എയ്ഡ് പദ്ധതി
13. പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയംതൊഴിലും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം
14. അടിയാൻ, പണിയൻ, പ്രാകൃത ഗോത്രവർഗ്ഗക്കാർ, വനത്തിൽ ജീവിക്കുന്ന പട്ടികവർഗ്ഗക്കാർ എന്നിവർക്കുള്ള പ്രത്യേക പരിപാടി
15. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഓഹരി മൂലധനം- ടി.എസ്.പി (51 ശതമാനം സംസ്ഥാന വിഹിതം)
16. കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) ധനസഹായ പദ്ധതി

പ്രത്യേക കേന്ദ്ര ധനസഹായ പദ്ധതികളും പട്ടികജാതി വിഭാഗക്കാരുടെ വികസനത്തിനായി നടപ്പിലാക്കി വരുന്നു.

(ബി&സി) കേന്ദ്രാവിഷ്കൃത പദ്ധതികൾ നിർത്തലാക്കുന്നത് സംബന്ധിച്ച് അറിയിപ്പ് ലഭിച്ചിട്ടില്ല. എന്നാൽ നീതി ആയോഗ് വന്നതോടുകൂടി എസ്.സി.പി./ റ്റി.എസ്.പി. പദ്ധതികൾ നിർത്തലാക്കുമെന്ന ആശങ്കകൾ ഉയർന്നു വന്നിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ ഔദ്യോഗിക അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് അതുമായി ബന്ധപ്പെട്ട നിലപാട് സ്വീകരിക്കുന്നതാണ്.

## പട്ടികഗോത്രവർഗ്ഗ നവജാത ശിശുമരണം

30 (*90) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. പി. ഉണ്ണി :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ വ്യാപകമായ തോതിലുണ്ടായ പട്ടികഗോത്രവർഗ്ഗ നവജാത ശിശുമരണം ഇല്ലാതാക്കാനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) പോഷകാഹാരക്കുറവുകൊണ്ടും ചികിത്സ വേണ്ട സമയത്ത് ലഭിക്കാത്തതു കൊണ്ടും ഇവർക്കിടയിലുണ്ടാകുന്ന മാതൃ-ശിശു മരണങ്ങൾ ഇല്ലാതാക്കാനായി ചെയ്ത കാര്യങ്ങൾ അറിയിക്കാമോ;

(സി) പട്ടികഗോത്രവർഗ്ഗക്കാർക്കായി ക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതോടൊപ്പം അവരെ സ്വയംപര്യാപ്തരാക്കുന്നതിനുമായി ആവിഷ്കരിച്ചിട്ടുള്ള പരിപാടികൾ വിശദമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ):

(എ) അട്ടപ്പാടിയിലെ ആദിവാസി ജനവിഭാഗങ്ങളുടെ ഇടയിലെ നവജാത ശിശുമരണം ഇല്ലാതാക്കാനായി പട്ടികവർഗ്ഗ വികസന വകുപ്പ്, സാമൂഹ്യ നീതി വകുപ്പ്, ആരോഗ്യം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ മുഖേന ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ജനനീ ജന്മരക്ഷാ പദ്ധതി, സിക്കിൾസെൽ അനീമിയ രോഗികൾക്ക് ധനസഹായം നൽകുന്ന പദ്ധതി, സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം ചികിത്സാ ധനസഹായം, ഭക്ഷ്യ സഹായ പദ്ധതി എന്നിവയും സാമൂഹ്യനീതി വകുപ്പ് മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേക പോഷകാഹാരവും നൽകുന്ന പദ്ധതിയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ധനസഹായത്തോടെ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതിയും നടപ്പിലാക്കി വരുന്നു. കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയുടെ കീഴിൽ

3 ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നു. കൂടാതെ ആധുനിക സൗകര്യങ്ങളോടുകൂടിയ ഓപ്പറേഷൻ തിയേറ്റർ, ഐ.സി.യു. എന്നിവയും ഈ ആശുപത്രിയിലുണ്ട്. അട്ടപ്പാടിയിൽ 5 മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പ്രവർത്തിക്കുന്നു. അട്ടപ്പാടിയിലെ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും റേഷൻ കാർഡ് ഉറപ്പു വരുത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ശിശുമരണം അട്ടപ്പാടിയിൽ ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

(ബി) മാതൃ-ശിശു മരണം തടയുന്നതിനായി വിവിധ പദ്ധതികൾ അട്ടപ്പാടി മേഖലയിൽ നടപ്പിലാക്കി വരുന്നു. ഐ.സി.ഡി.എസ്.-ന്റെ കീഴിൽ അംഗൻവാടികൾ മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേക പോഷകാഹാര വിതരണം നടത്തി വരുന്നു. പ്രീ-സ്കൂൾ കുട്ടികൾക്ക് പാൽ, മുട്ട എന്നിവയുടെ വിതരണം നടത്തുന്നു. കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കായി സബല കിറ്റുകൾ വിതരണം ചെയ്യുന്നു. കുട്ടികൾക്കായി അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്യുന്നു. വിവാഹിതരായ പെൺകുട്ടികൾക്കും ഗർഭിണികൾക്കും അയൺ ഫോളിക് ആസിഡ് ഗുളികകൾ വിതരണം ചെയ്യുന്നു. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ആവശ്യാനുസരണം പോഷകാഹാരം വാങ്ങുന്നതിനായി ജനനീ ജന്മരക്ഷാ പദ്ധതി പ്രകാരം ധനസഹായം, കമ്മ്യൂണിറ്റി കിച്ചൻ മുഖേന പോഷകാഹാര ലഭ്യത എന്നിവയും ഉറപ്പു വരുത്തുന്നു. കൂടാതെ പോഷകാഹാര കുറവുമൂലമുണ്ടാകുന്ന അസുഖങ്ങൾക്ക് ചികിത്സയ്ക്കായി 3 ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകൾ ആരോഗ്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നു.

(സി) ഈ മേഖലയിൽ പരമ്പരാഗത ചെറുധാന്യങ്ങളുടെ കൃഷി, കാലി വളർത്തൽ, ആട്ട വളർത്തൽ തുടങ്ങിയ പരിപാടികൾ നടത്തി വരുന്നുണ്ട്. വരുമാന വർദ്ധനവിനുതകുന്ന സ്വയംതൊഴിൽ സംരംഭങ്ങൾക്ക് വകുപ്പ് മുഖേന ധനസഹായവും പ്രോത്സാഹനവും നൽകി വരുന്നു. കൂടാതെ 47 വനിതകൾക്ക് ഓട്ടോറിക്ഷാ ഡ്രൈവർമാരായി പരിശീലനം നൽകുകയും ഓട്ടോറിക്ഷകൾ നൽകുകയും ചെയ്തിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ചികിത്സാ ധനസഹായത്തിനുള്ള വരുമാനപരിധി

1 (769) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ചികിത്സാ ധനസഹായത്തിന് അപേക്ഷിക്കുന്നതിന് വരുമാനപരിധി ഒരു ലക്ഷവും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ചികിത്സാ ധനസഹായത്തിനുള്ള വരുമാനപരിധി 50,000 രൂപയുമായതിനാൽ വരുമാനപരിധി കഴിഞ്ഞ എസ്.സി/എസ്.റ്റി. വിഭാഗങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ധനസഹായത്തിന് അപേക്ഷിക്കാൻ സാധിക്കാത്ത സാഹചര്യം നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വരുമാനപരിധി ഏകീകരിച്ച് തുല്യനീതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായത്തിന് അപേക്ഷിക്കുന്നതിനുള്ള വരുമാന പരിധി പട്ടികവർഗ്ഗ വിഭാഗത്തിന് ഒരു ലക്ഷം രൂപയാക്കി ഉയർത്തിക്കൊണ്ട് 28-10-2013-ലെ സ.ഉ. (കൈ) നമ്പർ 86/2013/ പജപവവിവ. പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) പട്ടികജാതിക്കാർക്കുള്ള വരുമാന പരിധി ഒരു ലക്ഷം രൂപയാക്കി ഉയർത്തുന്ന കാര്യം അനുഭാവപൂർവ്വം സർക്കാർ പരിശോധിച്ചുവരികയാണ്.

## കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിൽ നിന്നെടുത്തിട്ടുള്ള വായ്പകൾ എഴുതിത്തള്ളുന്നതിനുള്ള പദ്ധതികൾ

2 (770) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിൽനിന്ന് എടുത്തിട്ടുള്ള വായ്പകൾ എഴുതിത്തള്ളുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിപ്രകാരം എത്ര തുക വരെയുള്ള വായ്പകളാണ് എഴുതിത്തള്ളുന്നതെന്നും ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്നും അറിയിക്കുമോ?

ഉത്തരം

(എ) പട്ടികജാതി :

സഹകരണസംഘം രജിസ്ട്രാറുടെ പരിധിയിൽ വരുന്ന സഹകരണ സ്ഥാപനങ്ങളിൽ നിന്ന് എടുത്തിട്ടുള്ള പട്ടികജാതി വിഭാഗക്കാരുടെ വായ്പകളിൽ 31-3-2010-ന് തിരിച്ചടവ് കാലാവധി പൂർത്തിയായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ ഒരു ലക്ഷം രൂപ വരെ എഴുതിത്തള്ളുന്നതിന് (30-3-2015)ലെ സ.ഉ.(പി) 24/2015/ പ.ജ.പ.വ.വി.വ., പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) പട്ടികജാതി :

മുതലും പലിശയും ഉൾപ്പെടെ ഒരു ലക്ഷം രൂപവരെയുള്ള വായ്പാ കുടിശ്ശികയാണ് എഴുതിത്തള്ളുന്നതിനായി പരിഗണിക്കുന്നത്. ആയതിനായി 44,33,96000 രൂപ സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയിട്ടുണ്ട്. പദ്ധതിക്കാവശ്യമായ 88.39 കോടി രൂപ കൂടി അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## എസ്.സി./ എസ്.ടി.കൾക്കുള്ള കേന്ദ്ര ഫണ്ട്

3 (771) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിനായി കേന്ദ്ര സർക്കാർ കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി സംസ്ഥാന സർക്കാരിന് അനുവദിച്ച ഫണ്ട് എത്രയാണെന്ന് വ്യക്തമാക്കുമോ; ഇതിൽ എത്ര തുകയാണ് സംസ്ഥാന സർക്കാർ നാളിതു വരെയായി ചെലവഴിച്ചത് ;

(ബി) കേന്ദ്ര ഫണ്ട് വിനിയോഗിക്കുന്നതിൽ സംസ്ഥാന സർക്കാർ വീഴ്ച വരുത്തുന്നതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അനുവദിക്കുന്ന ഫണ്ട് അർഹരായവരുടെ കൈകളിൽ എത്തുന്നതിന് ചിലർ തടസ്സം നിൽക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി കഴിഞ്ഞ അഞ്ച് വർഷത്തിൽ 31530.76 ലക്ഷം രൂപ കേന്ദ്ര സർക്കാർ അനുവദിച്ചതിൽ 29160.25 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പട്ടികജാതി വികസനവകുപ്പിനെ സംബന്ധിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അനുവദിക്കുന്ന ഫണ്ട് അർഹരായവരുടെ കൈകളിൽ എത്തിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് അതീവ ശ്രദ്ധ പുലർത്തിവരുന്നു. വിവിധ പദ്ധതികൾക്ക് അനുവദിക്കുന്ന തുക അർഹരായ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## എൻ.ജി.ഒ.-കൾക്ക് അനുവദിച്ച പദ്ധതി തുക

4 (772) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളിൽ 2011-16 കാലയളവിൽ എൻ.ജി.ഒ.-കൾക്ക് ഏതെല്ലാം പദ്ധതികളിലായി എത്ര രൂപ അനുവദിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇപ്രകാരം അനുവദിച്ച പദ്ധതികളുടെ പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) ഈ പദ്ധതികളിൻമേൽ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ എൻ.ജി.ഒ.കൾക്ക് ധനസഹായം നൽകുന്നത് കേന്ദ്രസർക്കാർ നേരിട്ടാണ്. പട്ടികജാതി വികസന വകുപ്പിന്റെ 2015-16-ൽ മാനവസേവാസംഘം, മാറനല്ലൂർ എന്ന സ്ഥാപനത്തിന് 9,80,000 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗ വികസന ജില്ലാതല ഓഫീസർമാരും ജില്ലാകളക്ടറും സംയുക്തമായി പരിശോധന നടത്തിയതിനുശേഷമാണ് പ്രൊപ്പോസലുകൾ ലഭ്യമാക്കുന്നത്. പട്ടികജാതി വികസന വകുപ്പിൽ, അനുവദിച്ച പദ്ധതികളുടെ പരിശോധന നടത്തിയിട്ടില്ല.

(സി) ഈ പദ്ധതികളിന്മേൽ വിജിലൻസ് അന്വേഷണം നടക്കുന്ന വിവരം ശ്രദ്ധിക്കപ്പെട്ടിട്ടില്ല.

**സ്വയം പര്യാപ്ത ഗ്രാമം പദ്ധതി**

5 (773) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14 വർഷത്തെ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ട ഒല്ലൂർ നിയോജകമണ്ഡലത്തിലെ നടത്തറ ഗ്രാമപഞ്ചായത്തിലെ മുരിയൻകുന്ന് കോളനിയിൽ നടപ്പിലാക്കാൻ നിശ്ചയിച്ച പ്രവൃത്തികളും അവയുടെ തുകയും വ്യക്തമാക്കാമോ;

(ബി) ഏത് ഏജൻസി വഴിയാണ് പ്രസ്തുത പ്രവൃത്തികൾ നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാമെന്നും മറ്റുള്ളവ പൂർത്തീകരിക്കാത്തതിന്റെ കാരണമെന്തെന്നും ആയത് എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) മുരിയൻകുന്ന് കോളനിയിൽ നടപ്പിലാക്കാനുദ്ദേശിച്ച പ്രവൃത്തികളും തുകയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എഫ്.ഐ.റ്റി.

(സി) പൂർത്തീകരിച്ച പ്രവൃത്തികൾ

1. റോഡ് കോൺക്രീറ്റിംഗ്

2. കോമ്പൗണ്ട് വാൾ എറൗണ്ട് ദി പൂൾ

3. ഡ്രെയിനേജ്

4. അംഗൻവാടി ഇലക്ട്രിഫിക്കേഷൻ പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

**സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമം**

6 (774) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ട ആലത്തൂർ മണ്ഡലത്തിലെ പട്ടികജാതി കോളനികൾ ഏതൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ബി) ഇത്തരം കോളനികളിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയത് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താതെ പോയ കോളനികളിൽ പ്രസ്തുത പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1. കുണ്ടുകാട് കോളനി

2. പെലച്ചിരംകാട് കോളനി

(ബി) മേൽ കോളനികളിൽ നടപ്പാക്കിയ പദ്ധതികൾ

കുണ്ടുകാട് കോളനി :

1. വീട് റിപ്പെയർ

2. കോൺക്രീറ്റ് റോഡ്

3. മോട്ടോർ പമ്പ്

4. പമ്പ് പുര

5. കുഴൽക്കിണർ
6. ജലസംഭരണി
7. ജല വിതരണസിസ്റ്റം
8. സംരക്ഷണ ഭിത്തി
9. കോൺക്രീറ്റിംഗ്

പെലച്ചിരംകാട് കോളനി :

1. കോൺക്രീറ്റ് റോഡ്
2. അംഗൻവാടി നവീകരണം
3. പൈപ്പ് ലൈൻ സ്ഥാപിക്കൽ
4. കിണർ പുനരുദ്ധാരണം
5. വാട്ടർ ടാങ്ക് സ്ഥാപിക്കൽ
6. ഇലക്ട്രിക് പോസ്റ്റ്മാറ്റലും, സ്ട്രീറ്റ് ലൈറ്റും
7. വീട് റിപ്പെയർ

(സി) ബന്ധപ്പെട്ട എം.എൽ.എ. നിർദ്ദേശിക്കുന്നപക്ഷം ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## വിവിധ പദ്ധതികൾക്കായി ഡെവലപ് ചെയ്ത സോഫ്റ്റ്‌വെയറുകൾ

7 (775) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിൽ 2011-2016 കാലയളവിൽ വിവിധ പദ്ധതികൾക്കായി എത്ര സോഫ്റ്റ്‌വെയറുകൾ ഡെവലപ് ചെയ്തിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) ഓരോ സോഫ്റ്റ്‌വെയറിനും ചെലവായ തുക എത്രയെന്നും പ്രസ്തുത സോഫ്റ്റ്‌വെയറുകളുടെ ഹാർഡ് കോപ്പികൾ ലഭ്യമാണോയെന്നും എങ്കിൽ ആയത് ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടതെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത സോഫ്റ്റ്‌വെയറുകൾ ഡെവലപ് ചെയ്തതിലൂടെ വകുപ്പിനുണ്ടായ നേട്ടങ്ങളുടെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ 2011-2016 കാലയളവിൽ വിവിധ പദ്ധതികൾക്കായി 7 സോഫ്റ്റ്‌വെയറുകൾ ഡെവലപ് ചെയ്തിട്ടുണ്ട്. (പട്ടികജാതി വികസന വകുപ്പ്-2 പട്ടികവർഗ്ഗ വികസന വകുപ്പ് - 5)

1. ഭവനനിർമ്മാണ ധനസഹായം, ഭവനപുനരുദ്ധാരണ ധനസഹായം എന്നീ പദ്ധതികൾക്കായുള്ള ഇ-ഹൗസിംഗ് സോഫ്റ്റ്‌വെയർ.
2. 9, 10 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ്, അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ്, വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കുള്ള പ്രീ മെട്രിക് സ്കോളർഷിപ്പ് എന്നീ സി.എസ്.എസ്. പദ്ധതികൾക്കായി എൻ.ഐ.സി. മുഖേന ഡെവലപ് ചെയ്ത സോഫ്റ്റ്‌വെയർ.
3. ഇ-ഹൗസിംഗ് സോഫ്റ്റ്‌വെയർ.
4. I മുതൽ X വരെയുള്ള സ്കൂൾ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്നതിനുള്ള ഇ-ഡിസ്ട്രിക്ട് സോഫ്റ്റ്‌വെയർ
5. പട്ടികവർഗ്ഗക്കാർക്കായുള്ള സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി SOAS സോഫ്റ്റ്‌വെയർ.
6. ജനനീ ജന്മരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനായി ജനനീ ജന്മരക്ഷാ സോഫ്റ്റ്‌വെയർ.
7. എം.ആർ.എസ്.-കളുടെ പ്രവർത്തനം മോണിറ്റർ ചെയ്യുന്നതിനായി SOAS സോഫ്റ്റ്‌വെയർ.

(ബി) <u>പട്ടികജാതി വികസന വകുപ്പ്:</u>

(എ) ഭവന നിർമ്മാണ ധനസഹായ പദ്ധതിയുടെ സോഫ്റ്റ്‌വെയർ. 14,17,293 രൂപ. ഹാർഡ് കോപ്പി ലഭ്യമാണ്.

(ബി) IX, X ക്ലാസുകളിലെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് വിതരണത്തിനായി എൻ.ഐ.സി. ലഭ്യമാക്കിയ ഫ്രീ സോഫ്റ്റ്‌വെയറിന് തുടർന്നുള്ള സൈറ്റ് അഡ്മിനിസ്ട്രേഷൻ, അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ്, വൃത്തിഹീന തൊഴിൽ സ്കീമുകൾക്കുള്ള സൈറ്റ് തയ്യാറാക്കൽ, മാൻപവർ സപ്പോർട്ടിനുള്ള ചെലവ് എന്നിവയ്ക്കായി 1,32,805 രൂപ, ഇതിന്റെ ഹാർഡ് കോപ്പി ലഭ്യമല്ല.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്:</u>

(എ) ഈ-ഹൗസിംഗ് സോഫ്റ്റ്‌വെയറിന് 6,98,317 രൂപ. ഇതു സംബന്ധിച്ച ഹാർഡ് കോപ്പി ലഭ്യമാണ്.

(ബി) ഇ-ഡിസ്ട്രിക്ട് സോഫ്റ്റ്‌വെയർ എൻ.ഐ.സി. മുഖേന സൗജന്യമായി വികസിപ്പിച്ചതാണ്. ഇതിന്റെ ഹാർഡ് കോപ്പി ലഭ്യമല്ല.

(സി) സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി, എം.ആർ.എസ്.-കൾ എന്നിവയ്ക്കായുള്ള SOAS സോഫ്റ്റ്‌വെയറുകൾക്കായി 20,00,000 രൂപ. ഇത് പൂർണ്ണമായും പ്രവർത്തനക്ഷമമാകാത്തതിനാൽ ഹാർഡ് കോപ്പി ലഭ്യമല്ല.

(ഡി) ജനനീ ജന്മരക്ഷാ പദ്ധതിക്കുള്ള സോഫ്റ്റ്‌വെയർ 1,43,000 രൂപ. ഇതിന്റെ ഹാർഡ് കോപ്പി ലഭ്യമാണ്.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളിൽ നടന്നിട്ടുള്ള അഴിമതി**

8 (776) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളിൽ നടന്നിട്ടുള്ള അഴിമതികളുടെ വിശദാംശം നൽകുമോ;

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(സി) എത്ര വിജിലൻസ് കേസ്സുകൾ ഇതുമായി ബന്ധപ്പെട്ട് നിലവിലുണ്ട്; വിശദ വിവരം നൽകുമോ?

<u>ഉത്തരം</u>

(എ) <u>പട്ടികവർഗ്ഗ വികസന വകുപ്പുകളിൽ നടന്നിട്ടുള്ളവ:</u>

1. അടിയ/പണിയ പാക്കേജ് പദ്ധതിയിൽ വയനാട് ജില്ലയിൽ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് നടന്ന ക്രമക്കേട്.

2. ജനനീ ജന്മരക്ഷാ പദ്ധതിയിൽ നടന്ന ക്രമക്കേട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>പട്ടികജാതി വികസന വകുപ്പിൽ നടന്നിട്ടുള്ളവ:</u>

(i) കാസർഗോഡ് ജില്ല, പരപ്പ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിലെ 2012-2013 വർഷം ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം അനുവദിച്ച തുക അനധികൃതമായി മാറിയെടുത്ത് വിതരണം നടത്താതെ കൈവശം സൂക്ഷിച്ചത് സംബന്ധിച്ച്.

(ii) കൊല്ലം ജില്ല, ചവറ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിലെ ഭൂരഹിത പുനരധിവാസ പദ്ധതിയിലെ ഗുണഭോക്താക്കളോട് കൈക്കൂലി ആവശ്യപ്പെടുകയും സ്വീകരിക്കുകയും ചെയ്തത് സംബന്ധിച്ച്.

(iii) കാസർഗോഡ് ബദിയടുക്ക പ്രീ-മെട്രിക് ഹോസ്റ്റൽ പരിസരത്തെ മരങ്ങൾ മുറിച്ച് കടത്തിയത് സംബന്ധിച്ച്.

(iv) ഉത്തരമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ ഓഫീസിന്റെ അധീനതയിൽ ഉണ്ടായിരുന്ന ഹോസ്റ്റലുകളിൽ ഗുണനിലവാരമില്ലാത്ത ഫർണിച്ചറുകൾ, മറ്റ് ഉപകരണങ്ങൾ വാങ്ങിയത് സംബന്ധിച്ച്.

(v) ഇടുക്കി ജില്ലാ പട്ടികജാതി വികസന ഓഫീസിൻെറ കീഴിൽ നടപ്പിലാക്കിയിരുന്ന ഭൂരഹിത പുനരധിവാസ പദ്ധതിയിൽ ക്രമക്കേട് കാണിച്ചത് സംബന്ധിച്ച്.

(vi) ഇടുക്കി ജില്ലയിൽ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കി വന്നിരുന്ന 2015-2016 വർഷത്തെ ഭൂരഹിത പുനരധിവാസ പദ്ധതിയിൽ ക്രമക്കേട് കാണിച്ചത് സംബന്ധിച്ച്.

(vii) തൃശ്ശൂർ കോട്ടോൾ നായാടി കോളനിയിൽ നടപ്പിലാക്കിയ ഭവന നിർമ്മാണത്തിലെ ക്രമക്കേട് സംബന്ധിച്ച്.

(viii) പാലക്കാട് മണ്ണാർക്കാട് പട്ടികജാതി വികസന ഓഫീസിന് കീഴിൽ 2012-13 വർഷം നടപ്പിലാക്കിയിരുന്ന ഭൂരഹിത പുനരധിവാസ പദ്ധതിയിലെ ക്രമക്കേട് സംബന്ധിച്ച്.

(ix) പാലക്കാട് മണ്ണാർക്കാട് പട്ടികജാതി വികസന ഓഫീസിന് കീഴിൽ 2013-14, 2014-15 വർഷങ്ങളിൽ നടപ്പിലാക്കിയിരുന്ന ഭൂരഹിത പുനരധിവാസ പദ്ധതിയിലെ ക്രമക്കേട് സംബന്ധിച്ച്.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിൽ ഭവന നിർമ്മാണത്തിലെ ക്രമക്കേട് പരിശോധിക്കുന്നതിന് 12-5-2016-ലെ സ.ഉ (സാധാ) നമ്പർ 790/16/പ.ജ.പ.വ.വി.വ . പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പിലെ സീനിയർ ഫിനാൻസ് ഓഫീസർ ശ്രീ. ഒ. എം. അശോകനെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചിട്ടുണ്ട്. എന്നാൽ അദ്ദേഹത്തെ പ്രസ്തുത ചുമതലയിൽ നിന്ന് ഒഴിവാക്കി ശ്രീമതി റീത്ത എസ്. പ്രഭ,

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ നിയമിക്കണമെന്ന പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ ആവശ്യം സർക്കാർ പരിശോധിച്ചു വരുന്നു. ജനനീ ജന്മരക്ഷാ പദ്ധതി നടത്തിപ്പിലെ ആരോപണവുമായി ബന്ധപ്പെട്ട് വകുപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്നയാളെ സസ്പെന്റ് ചെയ്തിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിൽ മേൽ ക്രമനമ്പർ i, ii എന്നിവയിൽ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. ക്രമനമ്പർ iii വകുപ്പുതല അന്വേഷണം നടന്നു വരുന്നു. ക്രമനമ്പർ iv, v, vi, vii, viii, ix എന്നിവയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ അന്വേഷണം നടന്നു വരുന്നു.

(സി) പട്ടികവർഗ്ഗ വികസന വകുപ്പിൽ രണ്ടെണ്ണം.

1. വയനാട് ജില്ലയിലെ അടിയ/പണിയ പാക്കേജ് പദ്ധതിയിലെ ഭവന നിർമ്മാണത്തിലെ ക്രമക്കേട്.

2. ജനനീ ജന്മരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട ക്രമക്കേടിൽ വിജിലൻസിന്റെ ത്വരിത പരിശോധന നടന്നു വരുന്നു.

പട്ടികജാതി വികസന വകുപ്പിൽ 6 എണ്ണം.

ക്രമനമ്പർ iv, v, vi, vii, viii, ix എന്നിവയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ അന്വേഷണം നടന്നു വരുന്നു.

**പട്ടികസമുദായ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ**

9(777) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികസമുദായ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർഷാരംഭത്തിൽ തന്നെ നൽകുന്നതിനു നടപടികൾ ഉണ്ടാകുമോ;

(ബി) ആനുകൂല്യങ്ങൾ നേരത്തേ ലഭിച്ചാൽ വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് തടയാൻ കഴിയുമെന്നതിനാൽ ആയതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ വർഷാരംഭത്തിൽത്തന്നെ നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ബി) പ്രീ-മെട്രിക് തലത്തിൽ, വിദ്യാഭ്യാസാനുകൂല്യം അദ്ധ്യയന വർഷാരംഭത്തിൽ തന്നെ വിതരണം ചെയ്യുന്നുണ്ട്. പോസ്റ്റ് മെട്രിക് തലത്തിലുള്ള വിദ്യാഭ്യാസാനുകൂല്യ വിതരണം ക്ലാസ് തുടങ്ങി 2 മാസത്തിനുള്ളിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്കാണ് അനുവദിച്ചുവരുന്നത്. ഇത് ത്വരിതപ്പെടുത്തുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ക്ലെയിമുകൾ യഥാസമയം ഓൺലൈനായി പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിലേക്ക് അയയ്ക്കുന്നതിന് ജില്ലാ പട്ടികജാതി വികസന ആഫീസർമാർക്ക് നിർദ്ദേശം നൽകുന്നതാണ്.

## എൽ.ഡി. ക്ലാർക്കിനെ സർവ്വീസിൽ നിന്ന് നീക്കം ചെയ്ത നടപടി

10 (778) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം പ്രിൻസിപ്പൽ കൃഷി ഓഫീസിലെ എൽ.ഡി. ക്ലാർക്ക് ശ്രീ. അരുൽ ദാസിനെ 4-12-2013-ലെ പട്ടികജാതി വകുപ്പിന്റെ GO(Ms)96/ 2013/SCSTDD പ്രകാരം സർവ്വീസിൽ നിന്ന് നീക്കം ചെയ്തതായി ഉത്തരവിട്ട വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആശ്രിത നിയമന വ്യവസ്ഥയിൽ ജോലി ലഭിച്ച ടിയാന്റെയും അച്ഛന്റെയും, അമ്മയുടെയും SSLC ബുക്കിൽ ഹിന്ദു (പള്ളൻ) സമുദായത്തിൽപ്പെട്ടിരിക്കുന്നതായി രേഖപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ ടിയാൻ സർവ്വീസിൽ കയറി ആറ് വർഷം കഴിഞ്ഞ് ഇത്തരത്തിലൊരുത്തരവുണ്ടാകുന്നതിന്റെ കാരണങ്ങൾ വിശദീകരിക്കുമോ ?

### ഉത്തരം

(എ) കൊല്ലം പ്രിൻസിപ്പൽ കൃഷി ഓഫീസിലെ എൽ.ഡി. ക്ലാർക്ക് ശ്രീ. അരുൺദാസിനെ സർവ്വീസിൽ നിന്നും നീക്കം ചെയ്തുകൊണ്ട് 4-12-2013 -ൽ സ.ഉ (എംഎസ്.) 96/2013/പജ.പവ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഹിന്ദു (പള്ളൻ) സമുദായാംഗമായ തൺെറ മകൻ ശ്രീ. അരുൺ ദാസിന് മേൽജാതി സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാൽ ശാസ്താംകോട്ട കോളേജിൽ പ്രവേശനം നിഷേധിച്ചുവെന്നും ടി സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് പത്തനാപുരം ഐവർകാല കല്ലുവിള കൊച്ചുതുണ്ടിൽ ശ്രീ.കെ. ആർ. ശിവദാസൻ അപേക്ഷ സമർപ്പിച്ചിരുന്നു. ശ്രീ. അരുൺദാസ് ആശ്രിത നിയമന വ്യവസ്ഥയിൽ ജോലി ലഭിച്ച ആളാണെങ്കിലും ടിയാൺെറയും അച്ഛൺെറയും അമ്മയുടെയും എസ്.എസ്.എൽ.സി. ബുക്കിൽ ഹിന്ദു (പള്ളൻ) സമുദായം എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇവരുടെ ജാതി സംബന്ധിച്ച് കിർത്താഡ്സ് നടത്തിയ നരവംശശാസ്ത്ര അന്വേഷണത്തിൽ ഇവർക്ക് പട്ടികജാതി പള്ളൻ സമുദായവുമായി യാതൊരു ബന്ധവുമില്ലെന്നും ഇവർ തമിഴ്നാട്ടിലെ പാണ്ടി വൈത്തിരി സമുദായത്തിൽപ്പെട്ടവരാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ശ്രീ. അരുൺദാസിന്റെ പട്ടികജാതി (പള്ളൻ) അവകാശവാദവുമായി ബന്ധപ്പെട്ട് ടിയാൻ ഫയൽ ചെയ്ത 24952/04-ാം ക്രമ നമ്പർ റിട്ട് പെറ്റീഷന്മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 30-10-2005-ലെ വിധിന്യായത്തിൽ ടിയാന്റെ യഥാർത്ഥ ജാതി സംബന്ധിച്ച് കിർത്താഡ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്ക്രൂട്ടിനി കമ്മിറ്റി പരിശോധിച്ച് അന്തിമ തീരുമാനമെടുക്കാൻ ഉത്തരവായിരുന്നു. മേൽവിധി പ്രകാരം കേരള

(പട്ടികജാതികളും പട്ടികവർഗ്ഗങ്ങളും) സമുദായ സാക്ഷ്യപത്രങ്ങൾ നൽകൽ ക്രമപ്പെടുത്തൽ നിയമം, 1996 (ആക്ട് 11/1996) പ്രകാരം കിർത്താഡ്സ് ടിയാന്റെ ജാതി സംബന്ധിച്ച് അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ ടിയാനും മാതാപിതാക്കൾക്കും കേരളത്തിലെ പട്ടികജാതി (പള്ളൻ) സമുദായവുമായി യാതൊരു ബന്ധവുമില്ലെന്നും ഇവർ തമിഴ്നാട്ടിലെ പാണ്ടി വൈത്തിരി സമുദായാംഗങ്ങളാണെന്നും (20-9-2012-ലെ V.31/2006) അറിയിച്ചിരുന്നു.

ടി റിപ്പോർട്ടിന്മേൽ ശ്രീ. അരുൺ ദാസിന്റെ ആക്ഷേപങ്ങൾ ലഭ്യമാക്കി സ്ക്രൂട്ടിനി കമ്മിറ്റി ടിയാനെ നേരിൽ കേൾക്കുകയും റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ ടിയാനും ടിയാന്റെ മാതാപിതാക്കളും കേരളത്തിലെ പട്ടികജാതി (പള്ളൻ) സമുദായാംഗങ്ങളല്ലെന്നും ഇവർ തമിഴ്നാട്ടിലെ പാണ്ടി വൈത്തിരി സമുദായാംഗങ്ങളാണെന്നും കണ്ടെത്തുകയും ശ്രീ. അരുൺ ദാസിന്റെ പിതാവ് വ്യാജ പട്ടികജാതി സർട്ടിഫിക്കറ്റ് ഹാജരാക്കി പട്ടികജാതിക്കാർക്കായി സംവരണം ചെയ്തിരുന്ന തസ്തികയിൽ ജോലി തരപ്പെടുത്തിയതായും അച്ഛൻ വ്യാജമാർഗ്ഗത്തിലൂടെ നേടിയ ജോലിയിൽ ആശ്രിത നിയമനപ്രകാരം മകൻ കയറിപ്പറ്റിയിരിക്കുകയാണെന്നും ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കണമെന്നും 2-9-2013-ലെ 704/ G2/2006/SCSTDD നമ്പർ നടപടിക്രമപ്രകാരം സർക്കാരിനോട് ശിപാർശ ചെയ്തിരുന്നു. സ്ക്രൂട്ടിനി കമ്മിറ്റിയുടെ മേൽ ശിപാർശ സർക്കാർ അംഗീകരിക്കുകയും കൊല്ലം പ്രിൻസിപ്പൽ കൃഷി ഓഫീസിലെ ലോവർ ഡിവിഷൻ ക്ലാർക്ക് ശ്രീ. അരുൺദാസ്. കെ.എസ്.-നെ സർവ്വീസിൽ നിന്നും നീക്കം ചെയ്തുകൊണ്ട് 4-12-2013-ൽ GO(Ms)No.96/2013/SCSTDD ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**വർക്കല -പട്ടികജാതി കോളനികളിലെ കുടിവെള്ള പദ്ധതികൾ**

11 (779) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ എത്ര പട്ടികജാതി കോളനികളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പട്ടികജാതി കോളനികളിൽ 2016 മേയ് മാസത്തിന് മുൻപുള്ള 15 വർഷ കാലയളവിനുള്ളിൽ സുലഭമായി കുടിവെള്ളം ലഭിക്കുന്നതിനുള്ള എത്ര പദ്ധതികൾ യാഥാർത്ഥ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കല മണ്ഡലത്തിലെ എത്ര പട്ടികജാതി കോളനികളിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയെന്നും, അവ ഏതെല്ലാം കോളനികൾ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) വർക്കല മണ്ഡലത്തിൽ 219 പട്ടികജാതി കോളനികൾ ഉണ്ട്.

(ബി) 5 പദ്ധതികൾ യാഥാർത്ഥ്യമാക്കിയിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കല മണ്ഡലത്തിലെ താഴെപ്പറയുന്ന 5 പട്ടികജാതി കോളനികളിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. മങ്ങാട്ട് ചരുവിള-അംബേദ്കർ കോളനി വടക്കേവയൽ തൊടി കോളനി
2. ആലുവിളചുരം, കാട്ടുമല തേരിയ്ക്കൽ പാറയിൽ കോളനി
3. പുന്നവിള, പൂനവിള വളക്കോട് വെട്ടിയ്ക്കൽ കോളനി
4. തേരിയ്ക്കൽ തേവാനാചാരുംകുഴി, നെറ്റിക്കുഴി കോളനി
5. പാറമുകൾ കോളനി, നാവായിക്കുളം

**വാവന്നൂരിൽ പോളിടെക്നിക്**

12 (780) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗവികസന വകുപ്പിന്റെ കീഴിൽ തൃത്താല വാവന്നൂരിൽ പോളിടെക്നിക് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇല്ലെങ്കിൽ ഇവിടെ ഒരു പോളിടെക്നിക് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ&ബി) നിലവിൽ പരിഗണനയിലില്ല.

**കോർപ്പസ് ഫണ്ട്**

13 (781) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോർപ്പസ് ഫണ്ട് ഇനത്തിൽ കൊല്ലം ജില്ലയ്ക്ക് എത്ര തുക അനുവദിച്ചു;

(ബി) ആയതിൽ എത്ര തുകയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി: പ്രസ്തുത പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ;

(സി) അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കൊട്ടാരക്കര നിയോജകമണ്ഡലത്തിൽനിന്നും നിർദ്ദേശിച്ച കോളനികൾ ഏതെല്ലാമാണ്; പ്രസ്തുത കോളനികളുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) <u>പട്ടികജാതി കോർപ്പസ് ഫണ്ട്:</u>

കോർപ്പസ് ഫണ്ട് പദ്ധതി പ്രകാരം 2016-17 സാമ്പത്തികവർഷം കൊല്ലം ജില്ലയ്ക്ക് 658.90 ലക്ഷം രൂപ അനുവദിച്ചു. ഇതുകൂടാതെ സ്പിൽ ഓവർ ഇനത്തിൽ 1,15,26,769 രൂപയും അനുവദിച്ചിട്ടുണ്ട്.

<u>പട്ടികവർഗ്ഗ കോർപ്പസ് ഫണ്ട്:</u>

പട്ടികവർഗ്ഗ കോർപ്പസ് ഫണ്ട് പദ്ധതിപ്രകാരം 2016-17 സാമ്പത്തിക വർഷം കൊല്ലം ജില്ലയ്ക്ക് 41 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) <u>പട്ടികജാതി കോർപ്പസ് ഫണ്ട്:</u>

5,27,08,308 രൂപയുടെ കോർപ്പസ് ഫണ്ട് പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

<u>പട്ടികവർഗ്ഗ കോർപ്പസ് ഫണ്ട്:</u>

41,87,075 രൂപ കോർപ്പസ് ഫണ്ട് പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

(സി) <u>പട്ടികജാതി വികസന വകുപ്പ്:</u>

അംബേദ്കർ സ്വയംപര്യാപ്തഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കൊട്ടാരക്കര നിയോജകമണ്ഡലത്തിൽനിന്നും നെടുവത്തൂർ പഞ്ചായത്തിലെ പിണറ്റിൻമൂട് കൊതുമ്പിൽ തെക്കേക്കര കോളനിയെ തെരഞ്ഞെടുത്തിട്ടുണ്ട്. ടി കോളനിയിൽ ഏറ്റെടുക്കേണ്ട നിർമ്മാണ പ്രവർത്തനത്തെക്കുറിച്ചുള്ള ആലോചനായോഗം ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർക്കുന്നതിനായി കൊട്ടാരക്കര പട്ടികജാതി വികസന ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പട്ടികജാതി വികസന കോർപ്പറേഷനിൽ നിന്നും വായ്പ

14 (782) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയം തൊഴിൽ കണ്ടെത്തുന്നതിന്റെ ഭാഗമായി പട്ടികജാതി വികസന കോർപ്പറേഷനിൽ നിന്നും വായ്പയെടുത്ത് കുടിശ്ശിക വരുത്തിയിട്ടുള്ള ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കളുടെ വായ്പകൾ എഴുതിത്തള്ളുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത വിഭാഗത്തിൽ കുടിശ്ശിക വരുത്തിയിട്ടുള്ളവരുടെ എണ്ണവും തുകയും എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ 2010 മാർച്ച് 31-ന് തിരിച്ചടവ് കാലാവധി കഴിഞ്ഞതും ഒന്നരലക്ഷം രൂപവരെ പ്രതിവർഷ വരുമാനമുള്ളവരുടെ വായ്പയിൽ ഒരു ലക്ഷം രൂപവരെ എഴുതിത്തള്ളുന്ന കടാശ്വാസ പദ്ധതി നിലവിലുണ്ട്.

(ബി) കടാശ്വാസ പദ്ധതിയിൻകീഴിൽ 2006-2011-ൽ എൽ.ഡി.എഫ്. സർക്കാർ കാലത്ത് 116752 പേർക്കും 2011-2016 -ലെ യു.ഡി.എഫ്. കാലത്ത് 7,728 പേർക്കും ആശ്വാസം നൽകിയിട്ടുണ്ട്. നിലവിലെ കണക്കുപ്രകാരം 69413 പേരുടെ അപേക്ഷ ലഭിച്ചിട്ടുണ്ട്. ഇതിനായി 132.87 കോടി രൂപ ആവശ്യമാണ്. ഇതിൽ 44.33 കോടി രൂപ നൽകിയിട്ടുണ്ട്. ബാക്കി തുക കൂടി ലഭ്യമാക്കാനുള്ള നടപടി എടുത്തുവരുന്നു.

## കാസർഗോഡ് അസംബ്ലി നിയോജക മണ്ഡലത്തിൽ നിർമ്മിക്കുന്ന കോളനികൾ

15 (783) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് അസംബ്ലി നിയോജക മണ്ഡലത്തിൽ എസ്.സി. എസ്.ടി. വകുപ്പിന്റെ കീഴിൽ നിർമ്മിക്കുന്ന കോളനികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് അനുവദിച്ച തുക എത്രയാണ് ; ഓരോ കോളനിയിലും എപ്പോഴാണ് പണി തുടങ്ങിയതെന്നും പൂർത്തീകരിച്ചതെന്നും വ്യക്തമാക്കാമോ; പൂർത്തീകരിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം എന്താണ് ;

(സി) ഓരോ കോളനിയുടെയും നിർമ്മാണ കാലാവധി എത്രയാണെന്നും കരാറുകാർ ആരാണെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) എസ്.സി/എസ്.ടി വകുപ്പുകൾക്ക് കീഴിൽ പുതുതായി കോളനികൾ നിർമ്മിക്കുന്നില്ല. കാസർഗോഡ് നിയോജക മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ അംബേദ്കർ കോളനി വികസന പദ്ധതിയിൽ നവീകരിക്കുന്ന കോളനിയാണ് കാസർഗോഡ് മുനിസിപ്പാലിറ്റിയിലെ അമൈകോളനി. കാസർഗോഡ് നിയോജക മണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിൻ കീഴിൽ ഊര് വികസന പദ്ധതിയിൻ കീഴിൽ നവീകരിക്കുന്ന കോളനിയാണ് കാറട്ക്ക ഗ്രാമപഞ്ചായത്തിലെ മായിലാംകോട്ട കോളനി.

(ബി) അമൈകോളനിയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഒരു കോടിരൂപ അനുവദിച്ചിട്ടുണ്ട്. ഒന്നാം ഗഡുവായി 25 ലക്ഷം രൂപ നിർവ്വഹണ ഏജൻസിയായ എഫ്.ഐ.ടി. കൈപ്പറ്റിയിട്ടുണ്ട്. 2013-ൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചുവെങ്കിലും ഏജൻസിയായ എഫ്.ഐ.ടി. കാര്യക്ഷമമായി പ്രവൃത്തി നിർവ്വഹണം നടത്താത്തതിനാലാണ് പദ്ധതി പൂർത്തീകരണത്തിന് കാലതാമസം നേരിടുന്നത്. മായിലാംകോട്ട പട്ടികവർഗ്ഗ കോളനിയുടെ വികസനത്തിനായി 2013-14 സാമ്പത്തിക വർഷം ഒരു കോടി രൂപ വകയിരുത്തിയതിൽ 28,37,500 രൂപ നിർവ്വഹണ ഏജൻസിക്ക് കൈമാറിയിട്ടുണ്ട്. 2013 ഡിസംബറിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. 5 പുതിയ ഭവനനിർമ്മാണം, 4 വീടുകളുടെ റിപ്പെയർ, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം എന്നിവയായിരുന്നു പദ്ധതിയിലുൾപ്പെടുത്തിയിരുന്നത്. ആയതിൽ ഭവനനിർമ്മാണവും ഭവന പുനരുദ്ധാരണവും പൂർത്തിയായിട്ടുണ്ട്. സ്ഥലം ലഭിക്കാത്തതു കാരണം കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം ആരംഭിച്ചിട്ടില്ല.

(സി) അമൈകോളനിയിലെ പദ്ധതി കാലാവധി ആറുമാസമാണ്. ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് (എഫ്.ഐ.ടി.) എന്ന സ്ഥാപനമാണ് കരാർ വച്ചിരിക്കുന്നത്. കാസർഗോഡ് ജില്ലാ നിർമ്മിതികേന്ദ്രമാണ് മയിലാംകോട്ട പട്ടികവർഗ്ഗ കോളനിയുടെ നിർവ്വഹണ ഏജൻസി. നിർവ്വഹണ കരാർ കാലാവധി 2015 മാർച്ച് 31 ആയിരുന്നു.

## കോർപ്പസ് ഫണ്ടിൽ നിന്നുള്ള കോഴിക്കോട് ജില്ലയിലെ പദ്ധതികൾ

16 (784) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർപ്പസ് ഫണ്ടിൽനിന്നും എസ്.സി. വിഭാഗത്തിലും എസ്.റ്റി വിഭാഗത്തിലും ഈ വർഷം അനുമതി ലഭിച്ച കോഴിക്കോട് ജില്ലയിലെ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) എസ്.സി. വിഭാഗത്തിലും എസ്.റ്റി. വിഭാഗത്തിലും ജില്ലാ വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച് സംസ്ഥാന വർക്കിംഗ് ഗ്രൂപ്പിനയച്ച കോഴിക്കോട് ജില്ലയിലെ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) നിർദ്ദേശിക്കപ്പെട്ട പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) <u>പട്ടികജാതി കോർപ്പസ് ഫണ്ട്:</u>

നടപ്പു സാമ്പത്തികവർഷം കോർപ്പസ് ഫണ്ടിൽനിന്നും പട്ടികജാതി വിഭാഗങ്ങൾക്കുവേണ്ടി അനുമതി ലഭിച്ച പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

<u>പട്ടികവർഗ്ഗ കോർപ്പസ് ഫണ്ട്:</u>

നടപ്പു സാമ്പത്തിവർഷം കോർപ്പസ് ഫണ്ടിൽനിന്നും പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടി അനുമതി ലഭിച്ച പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) <u>പട്ടികജാതി വികസന വകുപ്പ്:</u>

ഈ വർഷം സംസ്ഥാന വർക്കിംഗ് ഗ്രൂപ്പിന് അയച്ചിട്ടില്ല.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്:</u>

കോടഞ്ചേരി ഗ്രാമപഞ്ചായത്തിൽ വെണ്ടേക്കുംപൊയിൽ പട്ടികവർഗ്ഗ കോളനി റോഡ് റീ ടാറിംഗ് ചെയ്യുന്നതിനായി 12 ലക്ഷം രൂപയുടെ പദ്ധതി.

(സി) അനുബന്ധത്തിൽ കൊടുത്ത പദ്ധതികൾക്ക് ജില്ലാ വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെ ഭരണാനുമതി നല്കിയിട്ടുണ്ട്. സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ആവശ്യമായ പദ്ധതികൾ വിശദമായി പരിശോധിക്കുകയും ഫണ്ടിന്റെ ലഭ്യത കൂടി പരിശോധിച്ച് സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം നല്കുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതുമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പട്ടികജാതി കോളനികളുടെ വികസനം

17(785) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളുടെ വികസനത്തിനായി കോതമംഗലം മണ്ഡലത്തിൽ എത്ര തുകയാണ് 2016-17-ൽ നീക്കിവച്ചിട്ടുള്ളത്;

(ബി) ഇതിൽ എത്ര തുക വിനിയോഗിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കോതമംഗലം മണ്ഡലത്തിലെ രണ്ട് പട്ടികജാതി കോളനികൾ അംബേദ്കർ ഗ്രാമ പദ്ധതിയിൽ 2016 -17-ൽ ഉൾപ്പെടുത്തുന്നതാണ്.

## പട്ടികജാതി കോളനികളുടെ പുനരുദ്ധാരണ പദ്ധതി

18 (786) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി കോളനികളെ പുനരുദ്ധരിക്കുന്നതിനും കാലാനുസൃതമായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും വേണ്ടി എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ അവയുടെ വിശദാംശം നല്കുമോ;

(സി) ഇല്ലെങ്കിൽ ഇതിലേക്കായി പദ്ധതി നടപ്പിലാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ പട്ടികജാതി കോളനികളെ പുനരുദ്ധരിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനുമായി 2016-17 വർഷം മുതൽ അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ട്.

(ബി&സി) നാല്പതോ അതിലധികമോ കുടുംബങ്ങളുള്ള കോളനികളെ അംബേദ്കർ സ്വാശ്രയ ഗ്രാമങ്ങളായി തെരഞ്ഞെടുത്ത് പരമാവധി 1,00,00,000 രൂപ ചെലവഴിച്ച് വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

## പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനം

19 (787) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) എസ്.സി. കോർപ്പസ് ഫണ്ടുപയോഗിച്ച് കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 1. പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള 44 ഐ.ടി.ഐ.കളിലായി പ്രതിവർഷം പരിശീലനം നേടാൻ കഴിയുന്ന 2070 പരിശീലനാർത്ഥികൾക്ക് ഐ.ടി.ഐ.-കളിലെ പരിശീലന സമയം, സാമ്പത്തിക പരാധീനത എന്നിവ കണക്കിലെടുത്തുകൊണ്ടും പരിശീലനാർത്ഥികൾക്ക് ഒരു പ്രോത്സാഹനം എന്ന നിലയിലും ഉച്ചഭക്ഷണം നൽകുന്നതിനുള്ള ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചു. ഇതിന് 3,10,50,000 രൂപ അനുവദിച്ചു നൽകി.

2. വകുപ്പിനുകീഴിൽ പ്രവർത്തിച്ചുവരുന്ന പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ റെസിഡൻഷ്യൽ ട്യൂട്ടർമാരുടെ ഓണറേറിയം 2,000 രൂപയിൽ നിന്ന് 7,500 രൂപയായി വർദ്ധിപ്പിച്ചു.

3. സംസ്ഥാനത്ത് 9 മുതൽ 12 ക്ലാസ്സുവരെ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുക, പഠനത്തിലെ പോരായ്മകൾ കണ്ടെത്തി പരിശീലനം നൽകുക എന്നീ ഉദ്ദേശത്തോടെ കേന്ദ്രസർക്കാർ പദ്ധതിയുടെ മാനദണ്ഡം അനുസരിച്ച് 213 വിദ്യാർത്ഥികൾക്ക് (ഡേ സ്കോളേഴ്സിന് 16,000 രൂപയും ഹോസ്റ്റലേഴ്സിന് 25,000 രൂപയും) അപ്ഗ്രഡേഷൻ ഓഫ് മെരിറ്റ് ഇനത്തിൽ അനുവദിച്ചു.

4. 2007-08 മുതൽ 2012-13 വർഷംവരെ ഭവനനിർമ്മാണ ധനസഹായ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളിൽ പണി പൂർത്തീകരിക്കാതെ അവശേഷിക്കുന്നവർക്ക് പഴയ നിരക്കിൽ വാങ്ങിയ ധനസഹായ തുക രണ്ടുലക്ഷം രൂപയ്ക്ക് ആനുപാതികമായ നിരക്കിൽ അധിക ധനസഹായമായി നൽകുന്നതിന് 18-2-2017-ലെ സ.ഉ. (സാധാ) നമ്പർ 494/2017/പജ.പവ.വിവ. നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

തുടർ പദ്ധതികളുടെ ഭാഗമായി താഴെപ്പറയുന്ന പ്രധാന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. ഭവന നിർമ്മാണം -15000 വീടുകൾ
2. വീട് പുനരുദ്ധാരണം -7000 വീടുകൾ
3. വീട് വയ്ക്കുവാൻ സ്ഥലം -4,438
4. ചികിത്സാ ധനസഹായം 17,388 (40.49 കോടി)
5. കോർപ്പസ് ഫണ്ട് പദ്ധതികൾ - എല്ലാ ജില്ലകളിലും നടന്നുവരുന്നു

(ബി) എസ്.സി. കോർപ്പസ് ഫണ്ട് ഉപയോഗിച്ച് കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കുന്നതിന് അനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**പട്ടികജാതി പട്ടികവർഗ്ഗക്ഷേമ പദ്ധതികൾ**

20(788) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിന് നിലവിലുള്ള പദ്ധതികൾ വിശദമാക്കാമോ ; ഇനി നടപ്പിലാക്കുവാൻ പോകുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. 50,000 രൂപ വരുമാന പരിധിയുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹധനസഹായമായി 50,000 രൂപ നൽകുന്നു.
2. മിശ്രവിവാഹിതരായ പട്ടികജാതിക്കാർക്ക് വിവാഹത്തെത്തുടർന്ന് ഉണ്ടാകുന്ന സാമൂഹിക പ്രശ്നങ്ങളെ അതിജീവിക്കാനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാനുമായി 50,000 രൂപ വരെ ഗ്രാന്റായി നൽകുന്നു.
3. ഗ്രാമപ്രദേശങ്ങളിൽ സ്വന്തമായി 2 സെന്റും നഗരപ്രദേശങ്ങളിൽ 1.5 സെന്റും ഭൂമിയെങ്കിലും സ്വന്തമായുള്ള ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെട്ട ഭവനരഹിതർക്ക് 3 ലക്ഷം രൂപ ഭവന നിർമ്മാണ ഗ്രാന്റായി നൽകുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

4. 50,000 രൂപയിൽ താഴെ വരുമാനമുള്ള ഭൂരഹിതരായ ദുർബ്ബല വിഭാഗങ്ങളിൽപ്പെട്ടവർക്ക് ഭൂമി വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനുമായി 7,25,000 രൂപ ഗ്രാന്റായി നൽകുന്നു.

5. പട്ടികജാതി കുടുംബങ്ങൾക്ക് ടോയ്ലറ്റ് നിർമ്മിക്കുന്നതിന് 25,000 രൂപ ധനസഹായം നൽകുന്നു.

6. മാരകരോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ 50,000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവർക്ക് പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് 50,000 രൂപയും ഹൃദയശസ്ത്രക്രിയ, ഗുരുതരമായ രോഗം എന്നിവയ്ക്ക് പരമാവധി ഒരു ലക്ഷം രൂപയും നൽകുന്നു.

7. ഭവനനിർമ്മാണത്തിന് സർക്കാരിൽനിന്നും മുമ്പ് ധനസഹായം കൈപ്പറ്റിയിട്ടുള്ളവരും എന്നാൽ വാസയോഗ്യമല്ലാത്തതുമായ വീടുകളിൽ താമസിക്കുന്ന പട്ടികജാതി കുടുംബങ്ങൾക്ക് ഭവന പുനരുദ്ധാരണത്തിനായി 50,000 രൂപ വരെ അനുവദിക്കുന്നു.

8. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട പട്ടികജാതി സങ്കേതങ്ങളിൽ ആരോഗ്യ പരിപാലനത്തിനായി ഹോമിയോ ഹെൽത്ത് സെന്ററുകൾ പ്രവർത്തിക്കുന്നു.

9. അഭ്യസ്ഥവിദ്യരും ഏതെങ്കിലും തൊഴിൽ മേഖലയിൽ നൈപുണ്യവും പരിശീലനവും ലഭിച്ച പട്ടികജാതി യുവതീയുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന് യാത്രയ്ക്കും വിസാ സംബന്ധമായ ചെലവുകൾക്കുമായി 50,000 രൂപ അനുവദിക്കുന്നു.

10. സ്വയംതൊഴിൽ പദ്ധതി നടപ്പാക്കുന്നതിലേയ്ക്കായി വ്യക്തികൾക്ക് 3 ലക്ഷം രൂപ വരെയുള്ള വായ്പകൾക്കും ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപ വരെയുള്ള വായ്പകൾക്കും വായ്പാതുകയുടെ 1/3 സബ്സിഡി പദ്ധതി ബാങ്കുമായി ചേർന്ന് നടപ്പാക്കുന്നു.

പട്ടികവർഗ്ഗവിഭാഗങ്ങളുടെ ക്ഷേമത്തിനായി നിലവിലുള്ള പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

2017-18 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിരിക്കുന്ന പുതിയ പദ്ധതികളുടെ വിവരം ചുവടെ ചേർത്തിരിക്കുന്നു :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

1. <u>ഗോത്രവാത്സല്യനിധി</u> :

പട്ടികവർഗ്ഗ പെൺകുട്ടികളുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ ഉന്നമനത്തിനായി ഒരു പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനിയുമായി സഹകരിച്ച് ഗോത്രവാത്സല്യനിധി എന്ന ഒരു ദീർഘകാല ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതാണ്.

2. <u>സാമൂഹിക പഠനമുറി</u> :

വിദ്യാഭ്യാസ പുരോഗതിക്കായി എല്ലാ ഊരുകളിലും ട്യൂഷൻ, ഇന്റർനെറ്റ് സൗകര്യത്തോടുകൂടിയ കമ്പ്യൂട്ടർ, ഫർണിച്ചർ, പുസ്തകം എന്നിവ ലഭ്യമാക്കി സാമൂഹിക പഠനമുറി നടപ്പിലാക്കുന്നതാണ്.

3. <u>ലഹരിവിരുദ്ധ ബോധവൽക്കരണം</u> :

ആരോഗ്യ വകുപ്പിന്റെയും എക്സൈസ് വകുപ്പിന്റെയും സഹകരണത്തോടെ ലഹരി ഉൽപ്പന്നങ്ങളുടെ ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്, മെഡിക്കൽ ക്യാമ്പ് മുതലായവ സംഘടിപ്പിക്കുന്നതാണ്.

4. <u>ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്ററുകളും ബോധവൽക്കരണവും:</u>

വളർച്ച മുരടിക്കൽ, ഭാരക്കുറവ്, ഗർഭിണികളിലെ പോഷകാഹാര കുറവ്, കൗമാരക്കാരിലെയും സ്ത്രീകളിലെയും അനീമിയ തുടങ്ങിയവ നിമിത്തം പട്ടികവർഗ്ഗക്കാർക്കിടയിൽ ശിശുമരണം അധികരിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ പട്ടികവർഗ്ഗക്കാർ അധികമുള്ള വയനാട്, ഇടുക്കി, പാലക്കാട് ജില്ലകളിൽ ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ ആരോഗ്യവകുപ്പുമായി ചേർന്ന് സ്ഥാപിക്കുന്നതാണ്. ഈ പദ്ധതിയിൽ ന്യൂട്രീഷണൽ കൗൺസിലിംഗ്, ന്യൂട്രീഷണൽ സപ്ലിമെന്റേഷൻ, പോഷകാഹാര ബോധവൽക്കരണം, ശുചിത്വ ബോധവൽക്കരണം തുടങ്ങിയവ ഉൾപ്പെടുത്തുന്നതാണ്.

5. <u>പി. കെ.കാളൻ കുടുംബസഹായ പദ്ധതി</u> :

പട്ടികവർഗ്ഗ മേഖലയ്ക്ക് പുറത്ത് ചിന്നിച്ചിതറി കിടക്കുന്ന പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി എ.ടി.എസ്.പി. സമഗ്ര വികസന പദ്ധതിയിൽ നിന്നും 25 കോടി രൂപ വകയിരുത്തി തദ്ദേശഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പി. കെ. കാളൻ കുടുംബ സഹായ പദ്ധതി നടപ്പിലാക്കുന്നതാണ്.

6. ഗോത്രബന്ധു :

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിനും അവരുടെ ഭാഷാ പ്രശ്നം പരിഹരിക്കുന്നതിനും വയനാട്ടിലെ പ്രൈമറി തലത്തിലുള്ള 241 വിദ്യാലയങ്ങളിൽ ഓരോ പട്ടികവർഗ്ഗ മെന്റർ ടീച്ചർ നിയമിക്കുന്ന ഗോത്രബന്ധു പദ്ധതി നടപ്പിലാക്കുന്നതാണ്.

7. വയനാട് ഗോത്രഭാഷാ പഠനകേന്ദ്രം :

പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ ഗോത്ര സംസ്കാരവും ഭാഷയും വായ്മൊഴികളും സംരക്ഷിക്കുന്നതിന് ഗോത്രഭാഷ കലാപഠന കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

**പട്ടികജാതി പട്ടികവർഗ്ഗ ആനുകൂല്യങ്ങളുടെ തുകയും മാനദണ്ഡവും**

21 (789) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനുകൾ എന്നിവ മുഖേന നൽകിവരുന്ന ആനുകൂല്യങ്ങളുടെ തുകയും അവ അനുവദിക്കുന്നതിനുള്ള മാനദണ്ഡവും ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾ നൽകാമോ?

ഉത്തരം

പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾ, കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനുകൾ എന്നിവ മുഖേന നൽകിവരുന്ന ആനുകൂല്യങ്ങളുടെ തുകയും അവ അനുവദിക്കുന്നതിനുള്ള മാനദണ്ഡവും അനുബന്ധമായി ചേർത്തിരിക്കുന്നു.*

**പട്ടികജാതി വിഭാഗക്കാരുടെ ചികിത്സാ ധനസഹായം**

22 (790) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായംകുളം മണ്ഡലത്തിൽ നിന്നും പട്ടികജാതി വിഭാഗക്കാരുടെ ചികിത്സാ ധനസഹായവുമായി ബന്ധപ്പെട്ട് ആകെ ലഭിച്ച അപേക്ഷകൾ എത്രയെന്നും ഇതിൽ തീർപ്പാക്കിയവ എത്രയെന്നും ഓരോ അപേക്ഷകനും അനുവദിച്ചിട്ടുള്ള ചികിത്സാധനസഹായം എത്രയെന്നും വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

ആകെ 69 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 31 എണ്ണം അനുവദിച്ചു. ആയതിൽ 22 പേർക്ക് ധനസഹായമായി 1,80,000 രൂപ അനുവദിച്ചിട്ടുണ്ട്. ധനസഹായം അനുവദിച്ചവരുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ബാക്കി അപേക്ഷകൾ തീർപ്പാക്കുന്നതിനായി ജില്ലാ ഓഫീസിലും ഡയറക്ടറേറ്റിലും പരിശോധിച്ചുവരുന്നു.

**പട്ടികജാതി വിഭാഗക്കാരുടെ ഭവനപദ്ധതികൾ**

23 (791) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സർക്കാർ/അർദ്ധ സർക്കാർ ജീവനക്കാർക്ക് പട്ടികജാതി വികസന കോർപ്പറേഷൻ മുഖാന്തരം കുറഞ്ഞ പലിശ നിരക്കിൽ വീടും സ്ഥലവും ഉൾപ്പെടെ വാങ്ങുന്നതിനോ വീട് നിർമ്മിക്കുന്നതിനോ ആയ പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ ;

(ബി) പട്ടികജാതി വിഭാഗക്കാരുടെ ഭവനനിർമ്മാണ ഗ്രാന്റ് കാലോചിതമായി വർദ്ധിപ്പിക്കുമോ ;

(സി) പട്ടികജാതി വിഭാഗക്കാർക്ക് 2% പലിശ നിരക്കിൽ ഭവന നിർമ്മാണ പദ്ധതി പട്ടികജാതി വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇക്കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി) പട്ടികജാതി വിഭാഗക്കാരുടെ ഭവനനിർമ്മാണ ഗ്രാന്റ് കാലോചിതമായി വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

(സി) ഇക്കാര്യം പരിഗണനയിലില്ല.

**പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകളിൽ നടന്ന അഴിമതി**

24 (792) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകളിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടന്ന അഴിമതിയെക്കുറിച്ച് അന്വേഷണം നടത്തിയതിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) വയനാട് ജില്ലയിൽ ഇപ്രകാരമുള്ള എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ഇതിൽ പ്രതികളായവരുടെ പേര് വിവരം വെളിപ്പെടുത്തുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) 7 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. (പട്ടികജാതി വികസന വകുപ്പ് -6 പട്ടികവർഗ്ഗ വികസന വകുപ്പ് -1 )

(ബി) പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കുന്ന അടിയ/പണിയ പാക്കേജ് പദ്ധതിയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസിൽ പ്രതികളായവരുടെ പേരുവിവരം താഴെപ്പറയുന്നു.

(1) ശ്രീ. വി. ശശീന്ദ്രൻ ചെട്ടിയാർ, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, സുൽത്താൻ ബത്തേരി.

(2) ശ്രീ. ജി. രാധാകൃഷ്ണൻ നായർ, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, പുൽപ്പള്ളി.

(3) ശ്രീ. ജോർജ്. ഡി. മാളിയേക്കൽ, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, പുൽപ്പള്ളി.

(4) ശ്രീ. എം. മജീദ്, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, പുൽപ്പള്ളി.

പട്ടികജാതി വികസനവകുപ്പുമായി ബന്ധപ്പെട്ട് വയനാട് ജില്ലയെ സംബന്ധിച്ച റിപ്പോർട്ട് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ നിന്ന് നാളിതുവരെ ലഭിച്ചിട്ടില്ല.

**പട്ടികജാതി പട്ടികവർഗ്ഗ കോർപ്പറേഷൻ വഴി നടപ്പിലാക്കുന്ന പദ്ധതികൾ**

25 (793) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ;

(സി) കേരള സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കുന്ന പദ്ധതികളും സേവനങ്ങളും ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കേരളത്തിലെ പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ മനുഷ്യ വിഭവശേഷി ഫലപ്രദമായി പ്രയോജനപ്പെടുത്തി അവരെ നൂതനമായ സ്വയംതൊഴിൽ സംരംഭങ്ങളിലേർപ്പെടാൻ പ്രാപ്തരാക്കി ദേശീയ വികസനത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവന്ന് അവരുടെ സർവ്വതോന്മുഖമായ പുരോഗതി സാക്ഷാത്ക്കരിക്കുക എന്നതാണ് പദ്ധതികളുടെ ലക്ഷ്യം.

(സി) കേരള സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കുന്ന പദ്ധതികളും സേവനങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**പട്ടികജാതി വിഭാഗക്കാർക്ക് ഭവന നിർമ്മാണത്തിനുള്ള ധനസഹായം**

26 (794) ഡോ. എൻ. ജയരാജ് :

ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഭവനനിർമ്മാണത്തിന് നിലവിൽ എത്ര തുകയാണ് നൽകി വരുന്നതെന്നും അപേക്ഷാ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) നിർമ്മാണ സാമഗ്രികളിലും കൂലിയിലും വന്ന പ്രകടമായ വ്യത്യാസം മൂലം പ്രസ്തുത തുക പര്യാപ്തമല്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത തുക കാലാനുസൃതമായി പരിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്വന്തമായി ഭൂമിയുള്ള ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 3,00,000 രൂപയും ദുർബ്ബല വിഭാഗ ഭവന പുനരധിവാസ പദ്ധതി പ്രകാരം 3,50,000 രൂപയും നൽകിവരുന്നു. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാകുന്ന ഗുണഭോക്തൃ ലിസ്റ്റ്, മുൻ വർഷങ്ങളിൽ വകുപ്പ് മുഖേന ഭൂമി ലഭിച്ചവർ, നേരിട്ട് ലഭ്യമാകുന്ന അപേക്ഷകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും ഇ-ഹൗസിംഗ് സോഫ്റ്റ്‌വെയർ മുഖേന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഓൺലൈനായി ബാങ്ക് അക്കൗണ്ട് മുഖേന ധനസഹായം വിതരണം നടത്തുകയും ചെയ്യുന്നു. നിശ്ചിത മാതൃകയിലുള്ള അപേക്ഷയോടൊപ്പം ജാതി, വരുമാനം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ ധനസഹായം ലഭിച്ചിട്ടില്ലെന്ന തദ്ദേശഭരണ സ്ഥാപനത്തിൽനിന്നുള്ള സാക്ഷ്യപത്രം, കൈവശാവകാശരേഖ, തിരിച്ചറിയൽ രേഖകൾ എന്നിവ ഹാജരാക്കേണ്ടതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇക്കാര്യം പരിശോധിച്ചു വരുന്നു.

**പട്ടികജാതി വിഭാഗക്കാർക്ക് വീട്**

27 (795) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വീട് ലഭിക്കുന്നതിന് വേണ്ടി കായംകുളം നിയോജക മണ്ഡലത്തിൽ നിന്ന് ലഭിച്ച അപേക്ഷകൾ എത്രയാണെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത അപേക്ഷകരിൽ എത്ര പേർക്ക് വീട് നിർമ്മിച്ച് നൽകുന്നതിന് ഉത്തരവായി എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വീട് ലഭിക്കുന്നതിനുവേണ്ടി കായംകുളം നിയോജക മണ്ഡലത്തിൽനിന്നും 191 അപേക്ഷകൾ ലഭിച്ചു.

(ബി) ഇവരിൽ 80 പേർക്ക് ധനസഹായം അനുവദിക്കുന്നതിന് അനുമതി ഉത്തരവ് നൽകിയിട്ടുണ്ട്.

**പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളേജുകളിൽ അഡ്മിഷൻ**

28 (796)ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളേജുകളിൽ നീക്കിവച്ചിട്ടുള്ള മുഴുവൻ സീറ്റുകളിലേക്കും 2016-17 വർഷം അഡ്മിഷൻ നടന്നിട്ടുണ്ടോ എന്ന് വിശദീകരിക്കുമോ;

(ബി) പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ പിന്തള്ളപ്പെടുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇപ്രകാരം പിന്തള്ളപ്പെടാതിരിക്കുവാൻ 10-ാം ക്ലാസ്സ് മുതൽ ടി വിഭാഗത്തിലുള്ള കുട്ടികൾക്ക് ഓറിയന്റേഷൻ ക്ലാസ്സുകൾ നൽകുന്ന പദ്ധതി സർക്കാർ ആലോചിക്കുമോ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും ബി+-ൽ കുറയാത്ത ഗ്രേഡ് വാങ്ങി പാസ്സായി +2-വിന് സയൻസ് ഗ്രൂപ്പിൽ പ്രവേശനം നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് 2 വർഷത്തെ മെഡിക്കൽ/ എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനത്തിനായി 20,000 രൂപ അനുവദിച്ചു നൽകുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള 4 പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളിൽ പ്രത്യേക കോച്ചിംഗ് ക്ലാസുകളും നൽകുന്നുണ്ട്. 10-ാം ക്ലാസ്സുമുതൽ ടി വിഭാഗത്തിലുള്ള കുട്ടികൾക്ക് ഓറിയന്റേഷൻ ക്ലാസ്സുകൾ നൽകുന്ന കാര്യത്തിൽ ഉചിതമായി നടപടി സ്വീകരിക്കുന്നതാണ്.

**പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള ഫീസ് ആനുകൂല്യങ്ങൾ**

29 (797) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.എഡ്./എം.എഡ്. കോഴ്സുകൾ രണ്ട് വർഷമാക്കി മാറ്റിയതിനെത്തുടർന്ന് സംസ്ഥാനത്ത് ബി.എഡ്. കോളേജുകളിൽ പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള ഫീസും മറ്റ് ആനുകൂല്യങ്ങളും നഷ്ടപ്പെട്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആനുകൂല്യം നൽകുന്നതിന് സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിവരം വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ കാലങ്ങളിൽ ഒരു വർഷം കോഴ്സ് ആയിരുന്ന സമയത്ത് നൽകിയിരുന്ന ആനുകൂല്യം നിലവിൽ രണ്ടു വർഷം ആയപ്പോൾ ഏത് തരത്തിൽ വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ &ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് താഴെപ്പറയും പ്രകാരം പരിഹരിച്ചിട്ടുണ്ട്. ബി.എഡ്, എം.എഡ്. കോഴ്സുകളുടെ കാലാവധി രണ്ട് വർഷമാക്കിയ സാഹചര്യത്തിൽ 2015-16 അദ്ധ്യയന വർഷം മുതൽ 12-5-2015 -ലെ സ.ഉ. (ആർറ്റി.) നമ്പർ 999/ 2015/ ഉവിവ പ്രകാരം ബി.എഡ്/എം.എഡ് കോഴ്സുകൾക്ക് അംഗീകൃത സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിൽ മെറിറ്റ്/സംവരണ അടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് ഇപ്രകാരമുള്ള പ്രവേശനം സംബന്ധിച്ച് കൊളീജിയേറ്റ് എഡ്യൂക്കേഷൻ മേഖലാധികാരി/ ബന്ധപ്പെട്ട യൂണിവേഴ്സിറ്റി രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിയ രേഖ ലഭ്യമാകുന്ന മുറയ്ക്ക് 2-7-2009-ലെ ജി.ഒ. (അച്ചടി) നമ്പർ 50/2009/പജപവവിവ. ഉത്തരവുപ്രകാരമുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നതാണ്. മെറിറ്റ്/റിസർവ്വേഷൻ വിഭാഗത്തിൽപ്പെടാതെ പ്രവേശനം ലഭിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ സ്കോളർഷിപ്പ് പദ്ധതിപ്രകാരമുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്നതിന് 11-2-2016-ലെ 28626/എ 2/2015/പജപവവിവ. നമ്പർ സർക്കാർ കത്ത് പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഒന്നാം വർഷ കോഴ്സിന് നിലവിൽ നൽകി വരുന്ന നിരക്കിൽ ട്യൂഷൻ ഫീസ്, ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നീ ആനുകൂല്യങ്ങൾ രണ്ടാം വർഷവും വിതരണം ചെയ്യുവാൻ എല്ലാ ജില്ലാ പട്ടികജാതി വികസന ആഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## പട്ടികജാതി -പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ്

30(798) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ് വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം; എന്നാണ് പ്രസ്തുത വർദ്ധന നിലവിൽ വന്നത്;

(ബി) പ്രീ-മെട്രിക്-പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികളുടെ അലവൻസ്, ഫീസ് എന്നിവ വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) എം.ബി.ബി.എസ്. ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകളുടെ ഹോസ്റ്റൽ മെസ്സ് ഫീസ് നാലായിരം രൂപയായി നിജപ്പെടുത്തിയിട്ടുണ്ടോ; ഇതുനിമിത്തം വിദ്യാർത്ഥികൾ നേരിടേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ് 25% വർദ്ധിപ്പിച്ചിട്ടുണ്ട്. 23-7-2016-നാണ് പ്രസ്തുത വർദ്ധനവ് നിലവിൽ വന്നത്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികളുടെ പോക്കറ്റ് മണി 25% വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച നിരക്ക് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പോസ്റ്റ് മെട്രിക് ഹോസ്റ്റൽ | - | 190 രൂപ |
| പ്രീ-മെട്രിക് ഹോസ്റ്റൽ | - | 130 രൂപ |

(സി) സർക്കാർ പ്രൊഫഷണൽ സ്ഥാപനങ്ങളിലെ ഹോസ്റ്റലുകളിൽ താമസിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഹോസ്റ്റൽ മെസ്സ് ഫീസ് നിജപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ ഫീസാനുകൂല്യമായി യഥാർത്ഥ താമസ ഭക്ഷണ ചെലവ് (ABLC) 3,500 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. (സർക്കാർ ഉത്തരവ് (സാധാ) നമ്പർ 728/2014/പജപവവിവ. തീയതി, 14-5-2014) ഇക്കാര്യത്തിൽ വിദ്യാർത്ഥികൾ ബുദ്ധിമുട്ടുകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

### മൂവാറ്റുപുഴ ആയവനയിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ

31 (799) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ ആയവനയിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കണമെന്ന ആവശ്യം സർക്കാർ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

### നെടിയിരുപ്പ് ഹരിജൻ കോളനിയിൽ പകർച്ചപ്പനി

32(800) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മുനിസിപ്പാലിറ്റിയിലെ നെടിയിരുപ്പ് ഹരിജൻ കോളനിയിൽ പകർച്ചപ്പനി പിടിപെട്ട് ജനങ്ങൾ പ്രയാസപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കോളനി നിവാസികളുടെ ആരോഗ്യ സംരക്ഷണത്തിനും ജീവൻ നിലനിർത്തുന്നതിനും വേണ്ടി ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ;

(സി) നെടിയിരുപ്പ് കോളനിനിവാസികളുടെ ജീവിതം അഭിവൃദ്ധിപ്പെടുത്തുന്നതിന് വേണ്ടി എന്തെങ്കിലും കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആരോഗ്യകുടുംബക്ഷേമ വകുപ്പുവഴി കോളനി നിവാസികളുടെ ആരോഗ്യ സംരക്ഷണത്തിനായി മെഡിക്കൽ ക്യാമ്പ് നടത്തിയിട്ടുണ്ട്. ഇവരുടെ അപേക്ഷയിൽ ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ഇക്കാര്യം വകുപ്പുതലത്തിൽ പ്രത്യേകം പരിശോധിക്കുന്നതാണ്.

**ആണ്ടികൊളമ്പ് കോളനിയുടെ നവീകരണ പ്രവൃത്തികൾ**

33 (801) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലങ്കോട് പഞ്ചായത്തിലുള്ള ആണ്ടികൊളമ്പ് കോളനിയുടെ നവീകരണ പ്രവൃത്തികൾ ഏത് ഘട്ടംവരെയായി എന്ന് വിശദമാക്കുമോ ;

(ബി) സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി കോളനിയുടെ നവീകരണ പ്രവൃത്തികൾ എന്ന് ആരംഭിച്ചുവെന്നും നാളിതുവരെ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്നും വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) കൊല്ലങ്കോട് പഞ്ചായത്തിലെ ആണ്ടികൊളമ്പ് കോളനിയുടെ നവീകരണ പ്രവൃത്തികൾ രണ്ടാം ഘട്ടംവരെയായി.

(ബി) കോളനിയുടെ നവീകരണ പ്രവൃത്തികൾ 23-4-2015-ന് ആരംഭിച്ചു. നാളിതുവരെ പൂർത്തീകരിച്ച പ്രവൃത്തികൾ ചുവടെ ചേർക്കുന്നു :

1. കോൺക്രീറ്റ് റോഡ്
2. ഡ്രെയിനേജ്
3. അരിക് ഭിത്തി

4. വായനശാല അറ്റകുറ്റപ്പണി

5. ബോർവെൽ

6. കിണർ നിർമ്മാണം

7. ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ

8. ലൈൻ നീട്ടൽ

(സി) പദ്ധതി 31-3-2017-ന് പൂർത്തീകരിക്കുന്നതിന് ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമങ്ങൾ പദ്ധതി

34 (802) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമങ്ങൾ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ; പദ്ധതിക്കായി അനുവദിച്ച തുക എത്രയാണ് ; എത്ര തുക ചെലവഴിച്ചിട്ടുണ്ട് ; തുക ചെലവഴിക്കാൻ ചുമതലപ്പെട്ട ഏജൻസി ഏതാണ് ; പദ്ധതി നടത്തിപ്പിൽ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയതിന് പരിഹാരമാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) രണ്ട് പട്ടികജാതി ഗ്രാമങ്ങൾ നവീകരിക്കുന്ന മാതൃക ഗ്രാമ പദ്ധതിയുടെ ഈ വർഷത്തെ അവസ്ഥ എന്താണ് ; വകുപ്പുതല ഏകോപനം കാര്യക്ഷമമാണോ ; മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്താൻ കഴിയുന്നുണ്ടോ ; വിശദമാക്കുമോ ?

### ഉത്തരം

(എ) മുൻ സർക്കാരിന്റെ കാലത്ത് 216 കോളനികളെ സ്വയംപര്യാപ്ത ഗ്രാമങ്ങളായി തെരഞ്ഞെടുത്ത് വികസന പ്രവർത്തനങ്ങൾ നടപ്പാക്കിയതിൽ 37 കോളനികളിലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള കോളനികളിലെ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ഇതിലേയ്ക്കായി ഇതുവരെ 138,34,93,473 രൂപ ചെലവഴിച്ചിട്ടുണ്ട്. FIT, SIDCO, KLDC, KAICO, KSHB, KPHCC, KSN IK, DNK, KEL, KITCO എന്നിവയാണ് തുക ചെലവഴിക്കാൻ ചുമതലപ്പെട്ട ഏജൻസികൾ, പദ്ധതി നടത്തിപ്പിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനായി ഏറ്റെടുത്ത മുഴുവൻ പ്രവൃത്തികളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഏജൻസികളുടെ അവലോകന യോഗം വിളിച്ചുചേർത്ത് നിർദ്ദേശം നല്കിയിട്ടുണ്ട്.

(ബി) ഒരു നിയോജകമണ്ഡലത്തിലെ രണ്ട് പട്ടികജാതി ഗ്രാമങ്ങൾ നവീകരിക്കുന്ന പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## തൃപ്പൂണിത്തുറ ആയുർവ്വേദ കോളേജിലെ വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ്

35 (803) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ സർക്കാർ ആയുർവ്വേദ കോളേജിലെ ഒട്ടേറെ വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് (e-grantz)പ്രകാരമുള്ള ആനുകൂല്യം ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കാരണത്താൽ വിദ്യാർത്ഥികൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ഇ-ഗ്രാന്റ്സ് എത്രയും വേഗം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ;

(സി) വിദ്യാർത്ഥികൾക്ക് പ്രസ്തുത ഗ്രാന്റ് എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) ഭാവിയിൽ ഇത്തരത്തിൽ ഗ്രാന്റുകൾ മുടങ്ങുന്ന സാഹചര്യം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) തൃപ്പൂണിത്തുറ സർക്കാർ ആയുർവ്വേദ കോളേജിലെ വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റസ് പ്രകാരമുള്ള ആനുകൂല്യം ലഭിക്കാത്തതുമായി ബന്ധപ്പെട്ട പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പട്ടികജാതി പട്ടികവർഗ്ഗവിഭാഗം വിദ്യാർത്ഥികളുടെ 22-2-2017 വരെയുള്ള ഇ-ഗ്രാന്റ്സ് ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തെ ഒ.ബി.സി./ഒ.ഇ.സി. വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യവിതരണത്തിൽ 169 കോടി രൂപയുടെ കുടിശ്ശികയുണ്ടായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 125 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. കുടിശ്ശികയടക്കം മുഴുവൻ തുകയും വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

## സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതി

36 (804) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതിയിൽ നിർദ്ദേശിക്കപ്പെടുന്ന പട്ടികജാതി സങ്കേതത്തിന്റെ വികസനത്തിന് എത്ര രൂപയാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം തുക വർദ്ധിപ്പിക്കുകയോ പദ്ധതിയിൽ എന്തെങ്കിലും മാറ്റം വരുത്തുകയോ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത് ;

(സി) ഇതുവരെ എത്ര കോളനികൾക്ക്എത്ര തുക അനുവദിച്ചിട്ടുണ്ട് ; റാന്നി നിയോജക മണ്ഡലത്തിലെ എത്ര കോളനികൾക്ക് തുക അനുവദിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) നാല്പതോ അതിലധികമോ കുടുംബങ്ങളുള്ള പട്ടികജാതി കോളനികളുടെ സമഗ്രവികസനത്തിനായി ഒരു കോളനിക്ക് ഒരു കോടി രൂപ അനുവദിക്കുന്ന പദ്ധതിയാണ് അംബേദ്കർ ഗ്രാമ വികസന പദ്ധതി. ഒരു നിയോജകമണ്ഡലത്തിൽ 2 കോളനികൾ ആണ് ഈ പദ്ധതി പ്രകാരം എടുക്കുന്നത്.

## സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതി

37(805) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട വളപ്പ് എസ്.സി. കോളനി, ഞാറയ്ക്കൽ സീഷോർ കോളനി എന്നിവിടങ്ങളിലെ നിർമ്മാണ പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) വളപ്പ് എസ്.സി.കോളനിയിലെ പദ്ധതി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഞാറയ്ക്കൽ സീഷോർ കോളനിയിലെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

(ബി) ഞാറയ്ക്കൽ സീഷോർ കോളനിയിലെ നിർമ്മാണ പ്രവൃത്തികൾ 2017 ഏപ്രിൽ 30-നകം പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.

## സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾ

38(806) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾ ജാതിപേരിൽ ആക്ഷേപിക്കപ്പെടുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള എത്ര പരാതികൾ ഏതൊക്കെ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളിൽ നിന്ന് ലഭിച്ചിട്ടുണ്ട്;

(സി) ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തിരുവനന്തപുരം ലാ അക്കാദമി, ലാ കോളേജ് വയനാട്, പുൽപ്പള്ളി, എസ്.എൻ.ഡി.പി യോഗം ആർട്സ് ആന്റ് സ്പോർട്സ് കോളേജ് എന്നിവിടങ്ങളിൽ നിന്ന് ഓരോ പരാതികൾ ലഭിച്ചിട്ടുണ്ട്.

(സി) ഈ രണ്ട് പരാതികളിലും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരികയാണ്. ആയതിന്റെ വിശദ വിവരം അനുബന്ധമായി ചേർക്കുന്നു.*

**ചികിത്സാസഹായത്തിനുള്ള അപേക്ഷകളിൽ നടപടി**

39 (807) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ ശ്രീ. ദിനിൽ നെല്ലാനി ഇരിമ്പിളിയം പഞ്ചായത്ത്, ശ്രീമതി കണക്കറായി കൈയറ്റിയൻ, വലിയകുന്ന് എന്നിവർ ചികിത്സാസഹായത്തിനായി സമർപ്പിച്ച അപേക്ഷകളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) മേൽപ്പറഞ്ഞ അപേക്ഷകളിൽ പട്ടികജാതി വികസനവകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ&ബി) രേഖകൾ പരിശോധിച്ചതിൽ ടി ഗുണഭോക്താക്കളുടെ അപേക്ഷകൾ ലഭിച്ചതായി കാണുന്നില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

**വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ**

40 (808) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി ക്ഷേമ വകുപ്പ്, പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് എന്നിവ ഒന്നാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെ പഠന സഹായമെന്ന നിലയിൽ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പുകളുടെയും ആനുകൂല്യങ്ങളുടെയും വിശദവിവരം ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഏതെല്ലാം ഏജൻസികളാണ് ഈ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നത്;

(സി) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അല്ലാതെ ബാക്ക്‌വേഡ് ക്ലാസ് വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനാനുകൂല്യങ്ങളും സ്കോളർഷിപ്പുകളും ലഭ്യമാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം എന്ന് ഇനം തിരിച്ച് ലഭ്യമാക്കുമോ;

(ഡി) 2015-16, 2016-17 വർഷങ്ങളിൽ സ്കോളർഷിപ്പിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വികസന വകുപ്പ് 1-ാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെ നൽകിവരുന്ന പഠനസഹായം/സ്കോളർഷിപ്പ് ആനുകൂല്യങ്ങൾ എന്നിവ ചുവടെ ചേർക്കുന്നു.

1. 1 മുതൽ +2 വരെ ലംപ്സം ഗ്രാന്റ് /സ്റ്റൈപ്പന്റ്

   ലോവർ പ്രൈമറി - 320 രൂപ

   അപ്പർ പ്രൈമറി - 630 രൂപ

   ഹൈസ്കൂൾ - 940 രൂപ

   +2 വി.എച്ച്.എസ്.ഇ. /തത്തുല്യകോഴ്സുകൾ -1130 രൂപ

2. പ്രീ-മെട്രിക് തലം (നായാടി, വേട്ടുവൻ, അരുന്ധതിയാർ, ചക്ലിയൻ, കള്ളാടി എന്നീ സമുദായങ്ങൾ)

   ലോവർ പ്രൈമറി - 130 രൂപ

   അപ്പർ പ്രൈമറി - 160 രൂപ

   ഹൈസ്കൂൾ - 190 രൂപ

3. +1, +2 ക്ലാസ്സുകളിലെ കുട്ടികൾക്ക് സ്റ്റൈപ്പന്റ് -630 രൂപ (8 കി.മീറ്ററിനുള്ളിൽ താമസിക്കുന്നവർക്ക്), -750 രൂപ (8 കി. മീറ്ററിന് പുറത്ത് താമസിക്കുന്നവർക്ക്, കി.മീ വ്യത്യാസമില്ലാതെ)

4. 1 മുതൽ 4 വരെ -2000 രൂപ (പഠന പ്രോത്സാഹനം) 9, 10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് - സെൻട്രൽ പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി.

ഡേ സ്കോളർ - 2250 രൂപ

ഹോസ്റ്റലർ - 4500 രൂപ

5. അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ് പദ്ധതി (100% CSS )

9 മുതൽ 10 വരെ ഡേ സ്കോളർ - 16000 രൂപ

ഹോസ്റ്റലേഴ്സ് - 25000 രൂപ

6. അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ് (സംസ്ഥാന പദ്ധതി)

7. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്ക് ധനസഹായം ( CSS )

പ്രതിമാസ സ്റ്റൈപ്പന്റ്-ലോവർ പ്രൈമറി /അപ്പർ പ്രൈമറി - 110 രൂപ

<u>അഡ്ഹോക്ക് ഗ്രാന്റ്</u>

ഡേ സ്കോളർ - 750 രൂപ

ഹോസ്റ്റലർ - 1000 രൂപ

8. മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനത്തിനായി എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും ബി-ൽ കുറയാത്ത ഗ്രേഡ് വാങ്ങി +2-ന് സയൻസ് ഗ്രൂപ്പിൽ പ്രവേശനം നേടുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് 2 വർഷത്തെ പരിശീലനത്തിനായി 20,000 രൂപ.

9. എസ്.എസ്.എൽ.സി. +2 പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പ്രത്യേക പ്രോത്സാഹന സമ്മാന പദ്ധതി.

എസ്.എസ്.എൽ.സി. - 1500 രൂപ (ഫസ്റ്റ് ക്ലാസ്സ്)

- 2500 രൂപ (ഡിസ്റ്റിംഗ്ഷൻ)

പ്ലസ് ടു (+2) - 2500 രൂപ (ഫസ്റ്റ് ക്ലാസ്സ്)

- 5000 രൂപ(ഡിസ്റ്റിംഗ്ഷൻ)

10. എസ്.എസ്.എൽ.സി, +2 പരീക്ഷകളിൽ എല്ലാ വിഷയത്തിനും എ+ഗ്രേഡ് വാങ്ങുന്നവർക്ക് അരപ്പവൻ സ്വർണ്ണ മെഡൽ.

11. IV, VII ക്ലാസ്സുകളിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ മികച്ച വിദ്യാർത്ഥികൾക്ക് X -ാം ക്ലാസ്സ് വരെ പ്രതിവർഷം 4500 രൂപ വീതം നൽകുന്ന അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്.

12. സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ +2-ന് അഡ്മിഷൻ ലഭിക്കാത്ത പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് പാരലൽ കോളേജ് പഠനത്തിന് റെഗുലർ സ്ഥാപനങ്ങളിൽ പഠിക്കുന്നവരുടെ നിരക്കിൽ ലംപ്സം ഗ്രാന്റ്, സ്കോളർഷിപ്പ്, ട്യൂഷൻ ഫീസ്, പരീക്ഷാ ഫീസ്.

13. അംഗീകൃത അൺഎയ്ഡഡ് സ്ഥാപനങ്ങളിൽ +2-ന് പഠനം നടത്തുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് (2.5 ലക്ഷം രൂപ വരുമാന പരിധി) കേന്ദ്ര ഗവൺമെന്റ് സ്കോളർഷിപ്പ്.

14. പ്രീ-മെട്രിക് തലത്തിൽ അൺ എയ്ഡഡ് സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് റീ -ഇംബേഴ്സ്മെന്റ്.

| | | |
|---|---|---|
| എൽ.പി. /യു.പി. | - | 1000 രൂപ (ഫീസ് ) |
| | - | 333 രൂപ (സ്പെഷ്യൽ ഫീസ്) |
| ഹൈസ്കൂൾ | - | 1500 രൂപ (ഫീസ്) |
| | - | 500 രൂപ (സ്പെഷ്യൽ ഫീസ്) |

<u>പട്ടിക വർഗ്ഗ വികസന വകുപ്പ്:</u>

(എ) I മുതൽ XII-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പെന്റ്

(ബി) ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പെന്റിനു പകരം പോക്കറ്റ് മണി (പ്രതിമാസം)

(സി) പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ്, പരീക്ഷാ ഫീസ്, സ്പെഷ്യൽ ഫീസ്.

(ഡി) IX, X ക്ലാസ്സുകളിലെ

<u>ഡേ സ്കോളർ:</u>

| | | |
|---|---|---|
| സ്കോളർഷിപ്പ് | - | 150 രൂപ (പ്രതിമാസം) |
| ബുക്ക് അലവൻസ് | - | 750 രൂപ (പ്രതിവർഷം) |

ഹോസ്റ്റലേഴ്സ്:

സ്കോളർഷിപ്പ് - 350 രൂപ (പ്രതിമാസം)

ബുക്ക് അലവൻസ് - 1000 രൂപ (പ്രതിവർഷം)

(ഇ) അയ്യൻകാളി സ്കോളർഷിപ്പ്:

സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 50,000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള വിദ്യാർത്ഥികൾക്ക് അയ്യൻകാളി ടാലന്റ് സെർച്ച് പരീക്ഷ നടത്തി നിശ്ചിത എണ്ണം ആകെ (200) കുട്ടികളെ ജില്ലകളിൽ നിന്ന് തെരഞ്ഞെടുക്കുകയും ടി കുട്ടികൾക്ക് 10-ാം ക്ലാസ്സ് വരെ പുസ്തകങ്ങൾ, യൂണിഫോം, ബാഗ്, കുട, സ്പെഷ്യൽ ട്യൂഷൻ, പ്രതിമാസ സ്റ്റൈപ്പെന്റ്, പഠന സൗകര്യങ്ങൾ എന്നിവ സൗജന്യമായി നൽകുകയും ചെയ്യുന്നു.

(എഫ്) ഇൻസെന്റീവ് ടു പേരന്റ്സ്:

I മുതൽ IV വരെയുള്ള കുട്ടികളുടെ രക്ഷാകർത്താക്കൾക്ക് മാസം 50 രൂപ വീതം പത്ത് മാസത്തേക്ക് ധനസഹായം

എൻട്രൻസ് പരിശീലനം:

+2 തലത്തിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് എൻട്രൻസ് പരിശീലനം

(ബി) പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾ നേരിട്ടാണ് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നത്. സെൻട്രൽ പ്രീ-മെട്രിക് സ്കോളർഷിപ്പ്, (അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ് 100% CSS) വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള കേന്ദ്രധനസഹായം എന്നിവയുടെ ആനുകൂല്യവിതരണം NIC തയ്യാറാക്കിയിട്ടുള്ള Ebt software വഴി നൽകിവരുന്നു.

(സി) പിന്നോക്ക വിഭാഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങളും സ്കോളർഷിപ്പുകളും അനുവദിക്കുന്നുണ്ട്.

1. ഒ.ഇ.സി. പ്രീ-മെട്രിക്/ പോസ്റ്റ് മെട്രിക് ആനുകൂല്യം
2. ഒ.ബി.സി. പ്രീ-മെട്രിക് /പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്
3. ഓവർസീസ് സ്കോളർഷിപ്പ്.

(ഡി) 2015-16, 2016-17 വർഷങ്ങളിൽ സ്കോളർഷിപ്പിനായി ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു :

പട്ടികജാതി വികസന വകുപ്പ്:

പ്രീമെട്രിക്

2015-16 - 31.04 കോടി രൂപ

2016- 17 - 28.09 കോടി രൂപ

പോസ്റ്റ് മെട്രിക്:

2015- 16 - 210 കോടി രൂപ

2016- 17 - 245 കോടി രൂപ

പട്ടികവർഗ്ഗ വികസന വകുപ്പ്:

2015 -16 - 5,218.47 ലക്ഷം

2016 -17 - 4,618.91 ലക്ഷം

പിന്നോക്ക വിഭാഗ വികസന വകുപ്പ്:

2015- 16 :

1. ഒ.ബി.സി. പ്രീ-മെട്രിക് സ്കോളർഷിപ്പ്- 775.9 ലക്ഷം
2. ഒ.ബി.സി. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്- 2056.32 ലക്ഷം
3. ഒ.ഇ.സി. പ്രീ-മെട്രിക്- 1000 ലക്ഷം (NP)/200 ലക്ഷം (P)
4. ഒ.ഇ.സി. പോസ്റ്റ് മെട്രിക് - 12,800 ലക്ഷം (NP)/1950 ലക്ഷം (P)

2016 -17:

1. ഒ.ബി.സി. പ്രീ-മെട്രിക് സ്കോളർഷിപ്പ്- 1360 ലക്ഷം
2. ഒ.ബി.സി. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്- 2315 ലക്ഷം
3. ഒ.ഇ.സി. പ്രീ-മെട്രിക് - 1100 ലക്ഷം (NP) 300 ലക്ഷം (P)
4. ഒ.ഇ.സി. പോസ്റ്റ് മെട്രിക് - 10560 ലക്ഷം (NP)/2000 ലക്ഷം (P)

**സ്വയം പര്യാപ്ത ഗ്രാമം പദ്ധതി**

41 (809) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13 വർഷത്തെ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ട ഒല്ലൂർ നിയോജകമണ്ഡലത്തിലെ പുത്തൂർ ഗ്രാമ പഞ്ചായത്തിലെ വിശ്വനാഥൻ നഗർ കോളനിയിൽ ഏതെല്ലാം പ്രവൃത്തികളാണ് നടത്തുവാൻ നിശ്ചയിച്ചിരുന്നതെന്നും ആയതിന് വേണ്ടി മാറ്റിവച്ച തുക എത്ര ആണെന്നും വ്യക്തമാക്കാമോ;

(ബി) ഏത് ഏജൻസി വഴിയാണ് പ്രസ്തുത പ്രവൃത്തികൾ നടത്തുവാൻ തീരുമാനിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും പൂർത്തീകരിക്കാത്തവ ഏതെന്നും കാലതാമസത്തിന്റെ കാരണമെന്തെന്നും ആയത് എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 2012-13 വർഷത്തെ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽപ്പെടുത്തി വിശ്വനാഥൻ നഗർ കോളനിയിൽ നടത്തുവാൻ നിശ്ചയിച്ചിരുന്ന പ്രവർത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | തുക |
|---|---|---|
| 1 | കമ്മ്യൂണിറ്റി ഹാളിന്റെ നിർമ്മാണം | 55,26,500 |
| 2 | ശ്മശാന നിർമ്മാണം | 4,26,000 |
| 3 | വീടുകളുടെ അറ്റകുറ്റപ്പണികൾ | 10,00,000 |
| 4 | സ്നേഹമതിൽ | 10,34,000 |
| 5 | കുടിവെള്ള പദ്ധതി | 5,40,000 |
| 6 | കിണർ സംരക്ഷണം | 4,90,000 |

(ബി) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് (KAICO).

(സി) പൂർത്തിയാക്കിയ പ്രവൃത്തികൾ:

1. സ്നേഹമതിൽ
2. കിണർ സംരക്ഷണം

പൂർത്തീകരിക്കാത്തവ

1. കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം
2. ശ്മശാന നിർമ്മാണം
3. വീട് മെയിന്റനൻസ്
4. കുടിവെള്ള പദ്ധതി വിവിധ കാരണങ്ങളാൽ പൂർത്തീകരിക്കാൻ സാധിക്കാത്ത മേൽപ്രവൃത്തികൾ 31-3-2017-നകം പൂർത്തീകരിക്കുന്നതിന് (KAICO)യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ആദിവാസി കോളനിക്കാരുടെ പുനരധിവാസം

42 (810) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതി പഞ്ചായത്തിലെ ചെറുനെല്ലി ആദിവാസി കോളനിക്കാരുടെ പുനരധിവാസം സംബന്ധിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നിരവധി പ്രയാസങ്ങൾ അനുഭവിക്കുന്ന പ്രസ്തുത കോളനിക്കാരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) ഇവരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് ഏതെങ്കിലും സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പുനരധിവാസം എന്ന് സാധ്യമാക്കാൻ കഴിയുമെന്നും വിശദമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. ചിറ്റൂർ താലൂക്കിലെ നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന പട്ടികവർഗ്ഗ കോളനിയാണ് ചെറുനെല്ലി. നിലവിൽ 17 പട്ടികവർഗ്ഗ കാടർ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളാണ് ഇവിടെ താമസിക്കുന്നത്. 2009-10 വർഷം വനാവകാശ നിയമപ്രകാരം 10 അപേക്ഷകളാണ് ലഭിച്ചതെങ്കിലും യഥാർത്ഥത്തിൽ 5 കുടുംബങ്ങളാണ് താമസിച്ചു വന്നിരുന്നത്. ബാക്കി 5 കുടുംബങ്ങൾ ഉപകുടുംബങ്ങളാണ്. ടി 5 കുടുംബങ്ങൾക്ക് വനാവകാശ പ്രകാരം 2.5879 ഹെക്ടർ ഭൂമി നൽകിയിട്ടുണ്ട്. ബാക്കി കുടുംബങ്ങൾക്ക് ടി.ആർ.ഡി.എം. പദ്ധതി പ്രകാരം ഭൂമി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ബി) ചെറുനെല്ലി കോളനി നിവാസികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി റവന്യൂ പട്ടികവർഗ്ഗ ഉദ്യോഗസ്ഥർ കോളനി സന്ദർശിച്ച് കോളനി നിവാസികളുമായി ചർച്ച നടത്തി പുനരധിവാസത്തിനായുള്ള സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി റവന്യൂ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ജാതി സർട്ടിഫിക്കറ്റ് ലഭിക്കാത്ത കോളനി നിവാസികൾക്ക് ജാതി സർട്ടിഫിക്കറ്റ് വിതരണം ചെയ്തിട്ടുണ്ട്.

(സി) പുനരധിവാസവുമായി ബന്ധപ്പെട്ട് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനു വേണ്ടി റവന്യൂ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് പുനരധിവാസ പാക്കേജ് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## ആദിവാസി സമൂഹങ്ങൾക്ക് സ്വയംഭരണാവകാശം

43 (811) ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. എ. പി. അനിൽ കുമാർ :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി സമൂഹങ്ങൾക്ക് സ്വയംഭരണാവകാശം നൽകുന്ന 'പെസ' നടപ്പിലാക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ് ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അംഗീകരിച്ച് നൽകിയ 'പെസ' പട്ടികയ്ക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(സി) കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ അഞ്ചാം പട്ടിക പ്രദേശങ്ങൾ പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ട് ആദിവാസി സംഘടനകൾ നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) പഞ്ചായത്ത് രാജ് വ്യവസ്ഥകൾ (പട്ടികവർഗ്ഗ മേഖലയിലേയ്ക്ക് വ്യാപിപ്പിക്കൽ) നിയമം 'പെസ' നടപ്പിലാക്കുന്നതു സംബന്ധിച്ച് കേന്ദ്ര സർക്കാരിലേക്ക് റിപ്പോർട്ട് നൽകിയത് 7-4-2015-ലാണ്. പ്രസ്തുത റിപ്പോർട്ടിൽ ഇടുക്കി, കണ്ണൂർ, പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിലെ 24 ഗ്രാമപഞ്ചായത്തുകളിലെ 2445 ഊരുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) വിവിധ ആദിവാസി സംഘടനകളുടെ നിവേദനത്തിലെ ആവശ്യപ്രകാരം പഞ്ചായത്ത് രാജ് വ്യവസ്ഥകൾ (പട്ടികവർഗ്ഗ മേഖലയിലേക്ക് വ്യാപിപ്പിക്കൽ) നിയമം 'പെസ' നടപ്പിലാക്കുന്നതു സംബന്ധിച്ച റിപ്പോർട്ട് കേന്ദ്രസർക്കാരിലേക്ക് 7-4-2015-ന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ ഇടുക്കി, കണ്ണൂർ, പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിലായി 24 ഗ്രാമപഞ്ചായത്തുകളിലെ 2445 ഊരുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ ഊരുകളുടെ അതിർത്തികൾ ഏതെന്ന് വ്യക്തതയില്ല. നിലവിലെ ഒരു പഞ്ചായത്ത് വാർഡിനകത്ത് തന്നെ ഊരുകൾ മാത്രമായി ചെറിയ സ്വയംഭരണ പ്രദേശങ്ങൾ സൃഷ്ടിക്കപ്പെടുന്നതിന്റെ പ്രശ്നങ്ങൾ വിശദമായി പഠിക്കേണ്ടതുണ്ട്.

## ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭൂമിയും വീടും ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ

44 (812) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി ഭൂമിയും വീടുമില്ലാത്ത പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ആയത് ലഭ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഭവനനിർമ്മാണത്തിനായി പട്ടികവർഗ്ഗ വകുപ്പ് മുഖേന സാമ്പത്തിക സഹായം നല്കിയതിൽ നിർമ്മാണം പൂർത്തീകരിക്കപ്പെടാത്ത വീടുകളുടെ എണ്ണം കണക്കായിട്ടുണ്ടോ; പ്രസ്തുത വീടുകളുടെ പണി പൂർത്തീകരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ;

(സി) വീട് വയ്ക്കുന്നതിന് സ്ഥലം വാങ്ങുന്നതിനായി ഈ വർഷം എത്രപേർക്ക് സഹായം ലഭ്യമാക്കിയെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ, ഭൂമി വാങ്ങി നൽകൽ പദ്ധതി, വനാവകാശ നിയമം 2006 മുതലായ പദ്ധതികൾ പ്രകാരം ഭൂമി ലഭ്യമാക്കിവരുന്നു. സംസ്ഥാനത്തെ ഭവനരഹിതരായ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീട് അനുവദിക്കുന്നതിനായി സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭവന നിർമ്മാണ ഗ്രാന്റ് അനുവദിക്കുന്നതിനായി ജനറൽ ഹൗസിംഗ് സ്കീം, ഹഡ്കോ ഹൗസിംഗ് സ്കീം, എ.ടി.എസ്.പി. ഹൗസിംഗ് സ്കീം എന്നീ പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നു. കൂടാതെ ഗ്രാമവികസന വകുപ്പ് മുഖാന്തരം ഐ.എ.വൈ. പദ്ധതി പ്രകാരവും വീടുകൾ അനുവദിച്ചു നൽകുന്നുണ്ട്.

(ബി) ഉണ്ട്. 2011-12 സാമ്പത്തികവർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന അനുവദിച്ച 17578 വീടുകളിൽ 30-1-2017-ലെ ഭവനനിർമ്മാണ പുരോഗതി റിപ്പോർട്ട് പ്രകാരം 13633 വീടുകൾ പൂർത്തീകരിച്ചിട്ടില്ല. വീടുകളുടെ പണി പൂർത്തീകരിക്കുന്നതിനായി നടപ്പു സാമ്പത്തിക വർഷത്തിൽ 31-1-2017 വരെ ആകെ 166,78,94,000 രൂപ അനുവദിച്ചതിൽ 154,65,05,162 രൂപ ചെലവഴിച്ചിട്ടുണ്ട്. നിർമ്മാണ പ്രക്രിയകൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഭൂരഹിതരായ 56 പട്ടികവർഗ്ഗക്കാർക്ക് നടപ്പ് സാമ്പത്തിക വർഷം 5,65,75,800 രൂപ ചെലവഴിച്ച് 25.588 ഏക്കർ ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. ഈ പദ്ധതിയ്ക്കായി 42 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുക കൂടി ഉപയോഗിച്ച് സ്ഥലം വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വനാവകാശ നിയമ പ്രകാരം 4175 പേർക്ക് കൂടി RoR നൽകാൻ നടപടി സ്വീകരിച്ചു വരുന്നു. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ലഭ്യമായ വനഭൂമിയിൽ നിന്നും 4000 പേർക്ക് കൂടി ഭൂമി അനുവദിക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

## ഭവനരഹിതരായ പട്ടിക ഗോത്രവർഗ്ഗ കുടുംബങ്ങൾ

45 (813) <u>ശ്രീ. ജെയിംസ് മാത്യു</u> :
<u>ശ്രീ. പി. ടി. എ. റഹീം</u> :
<u>ശ്രീ. യു. ആർ. പ്രദീപ്</u> :
<u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനരഹിതരായ പട്ടിക ഗോത്രവർഗ്ഗ കുടുംബങ്ങൾ എത്ര ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; അതിൽ എത്ര പേർക്ക് ഈ സർക്കാർ വീട് അനുവദിച്ചു ;

(ബി) മുൻ സർക്കാർ അനുവദിച്ച വീടുകളിൽ പൂർത്തിയാകാതെ കിടക്കുന്ന വീടുകൾ എത്രയായിരുന്നുവെന്നും അതിൽ എത്ര എണ്ണം ഈ സർക്കാരിന് പൂർത്തിയാക്കാൻ സാധിച്ചെന്നും അതിനായി ചെലവഴിച്ച തുകയെത്രയെന്നും വെളിപ്പെടുത്തുമോ;

(സി) പട്ടിക ഗോത്രവർഗ്ഗത്തിൽപ്പെട്ട ഭൂരഹിതർ എത്രയാണെന്നും അവർക്ക് സ്ഥലം വാങ്ങി, വീടു നിർമ്മിച്ച് നൽകാനായി ഈ സർക്കാർ സ്വീകരിച്ച നടപടിയും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഭവനരഹിതരായ 15149 പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതിൽ 6709 ഭവനരഹിതർക്ക് വിവിധ ഭവനനിർമ്മാണ പദ്ധതികളിൽ ഉൾപ്പെടുത്തി ഈ സർക്കാർ നാളിതുവരെയായി വീടുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) മുൻസർക്കാർ 5 വർഷക്കാലം അനുവദിച്ച 17530 വീടുകളിൽ 30-6-2016-ലെ ഭവന നിർമ്മാണ പുരോഗതി റിപ്പോർട്ട് പ്രകാരം 2747 വീടുകൾ മാത്രമാണ് പൂർത്തീകരിച്ചിരുന്നത്. 14883 വീടുകൾ പൂർത്തിയാകാത്തതുണ്ടായിരുന്നു. ആയതിൽ 1250 വീടുകൾ നടപ്പ് വർഷം നാളിതുവരെയായി പൂർത്തീകരിച്ചിട്ടുണ്ട്. സ്പിൽഓവർ വീടുകളുടെ നിർമ്മാണ പ്രവൃത്തികൾക്കായി നാളിതുവരെയായി 166,78,94,000 രൂപ അനുവദിച്ചതിൽ 154,65,05,162 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) പട്ടികഗോത്ര വർഗ്ഗത്തിൽപ്പെട്ട 12,435 ഭൂരഹിതരുണ്ടെന്ന് കണ്ടെത്തുകയും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടി ആൾക്കാരിൽ 56 പേർക്ക് 5,65,75,800 രൂപ ചെലവഴിച്ച് 25.588 ഏക്കർ ഭൂമി വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്കായി 42 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുക കൂടി ഉപയോഗിച്ച് സ്ഥലം വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വനാവകാശ നിയമപ്രകാരം 4175 പേർക്ക് കൂടി RoR നൽകാൻ നടപടി സ്വീകരിച്ചുവരുന്നു. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ലഭ്യമായ വനഭൂമിയിൽ നിന്നും 4000 പേർക്ക് കൂടി ഭൂമി അനുവദിക്കാനും നടപടികൾ സ്വീകരിച്ചു വരുന്നു.

**അട്ടപ്പാടി മേഖലയിലെ ജലക്ഷാമം**

46(814) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി മേഖലയിൽ ജലക്ഷാമം രൂക്ഷമായ സാഹചര്യത്തിൽ ആദിവാസി കുടുംബങ്ങൾ വാസസ്ഥലം ഉപേക്ഷിച്ചു പോകുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽവന്നിട്ടുണ്ടോ;

(ബി) എങ്കിൽ കുടിവെള്ളക്ഷാമം പരിഹരിക്കാനും എല്ലാ കുടുംബങ്ങൾക്കും കുടിവെള്ളമെത്തിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) അട്ടപ്പാടി പ്രദേശത്തെ ആദിവാസികൾക്ക് അവരുടെ പരമ്പരാഗത കുടിവെള്ള ശേഖരണ സ്രോതസ്സുകളിൽ ജലലഭ്യത നിലനിർത്താൻ ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുമോ?

ഉത്തരം

(എ) അട്ടപ്പാടിയിൽ കുടിവെള്ളക്ഷാമം രൂക്ഷമായതിന്റെ പേരിൽ ജനങ്ങൾ സ്വന്തം സ്ഥലം വിട്ടുപോയതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) ഗ്രാമപഞ്ചായത്ത് കുടിവെള്ളക്ഷാമം ഉള്ളതായി കണ്ടെത്തിയ സ്ഥലങ്ങളിൽ റവന്യൂ വകുപ്പ് മുഖേന ജലം എത്തിച്ചുവരുന്നു.

(സി) വനം വകുപ്പ്, റവന്യൂ വകുപ്പ്, ഗ്രാമപഞ്ചായത്തുകൾ എന്നിവയുമായി കൂടിയാലോചിച്ച് കുടിവെള്ള സ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലെ ശിശുമരണങ്ങൾ

47(815) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ 2016-ൽ എത്ര ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; വിശദമാക്കാമോ ;

(ബി) പ്രസ്തുത കോളനികളിൽ ശിശുമരണങ്ങൾ ഉണ്ടാകാതിരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ ?

ഉത്തരം

(എ) പത്തനംതിട്ട ജില്ലയിലെ പട്ടികജാതി കോളനികളിൽ നിന്നും 2 ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്തതായി ജില്ലാ സാമൂഹ്യ നീതി ഓഫീസിൽ നിന്നും അറിയാൻ കഴിഞ്ഞിട്ടുള്ളതായി പത്തനംതിട്ട ജില്ലാ പട്ടികജാതി വികസന ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ കോളനികളിൽ 2016-ൽ ആകെ 31 ശിശു മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇവയെല്ലാം അസുഖങ്ങൾമൂലം മരണപ്പെട്ടതാണ്. പോഷകാഹാരക്കുറവ് മരണ കാരണമായിട്ടില്ല.

(ബി) ശിശുമരണങ്ങൾ ഉണ്ടാവാതിരിക്കാൻ പട്ടികവർഗ്ഗ കോളനികളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമായി പട്ടികവർഗ്ഗ വികസനവകുപ്പ് മുഖേന ജനനീ ജന്മരക്ഷാ പദ്ധതി നടപ്പിലാക്കുന്നു. ഗർഭാവസ്ഥയുടെ 3-ാം മാസം മുതൽ കുഞ്ഞിന് 1 വയസ്സ് തികയും വരെ പ്രതിമാസം 1000 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു. സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ അംങ്കണവാടികൾ മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേക പോഷകാഹാരം നൽകിവരുന്നു. ആരോഗ്യ വകുപ്പ് മുഖേന വിവാഹിതരായ പെൺകുട്ടികൾക്കും ഗർഭിണികൾക്കും അയൺ ഫോളിക് ആസിഡ് ഗുളികകൾ വിതരണം ചെയ്യുന്നു. പോഷകാഹാര കുറവുള്ള കുട്ടികളെ കണ്ടെത്തുന്നതിനും നിരീക്ഷിക്കുന്നതിനും ജാതക് ജനനീ സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നു. അട്ടപ്പാടി മേഖലയിൽ മേൽപ്പറഞ്ഞതുകൂടാതെ കുട്ടികൾക്ക് പോഷകാഹാരം നൽകുന്നതിനും ചികിത്സിക്കുന്നതിനും അഗളി, പുതൂർ, ഷോളയൂർ കേന്ദ്രമാക്കി 3 ന്യൂട്രീഷ്യൻ റിഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നു. 5 മൊബൈൽ മെഡിക്കൽ യൂണിറ്റുകളും അട്ടപ്പാടി മേഖലയിൽ പ്രവർത്തിക്കുന്നു. അങ്കണവാടി വർക്കർമാർ, ആശാ വർക്കർമാർ, എസ്.റ്റി. പ്രൊമോട്ടർമാർ, ആരോഗ്യ പ്രവർത്തകർ എന്നിവർ കൃത്യമായ ഇടവേളകളിൽ വീടുകൾ സന്ദർശിക്കുകയും ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, നവജാത ശിശുക്കൾ എന്നിവരുടെ ചികിത്സ ഉറപ്പുവരുത്തുകയും

ചെയ്യുന്നു. കൂടാതെ ഭക്ഷ്യസഹായ പദ്ധതി പ്രകാരം പഞ്ഞമാസങ്ങളിലും മൺസൂൺ കാലത്തും മേഖലയിലെ കാടർ, കുറുമ്പർ തുടങ്ങിയ പ്രത്യേക ദുർബ്ബല ഗോത്ര വിഭാഗങ്ങൾക്ക് അരി (25 കിലോ ഗ്രാം), വൻ പയർ (2 കിലോ ഗ്രാം), കടല (2 കിലോ ഗ്രാം), വെളിച്ചെണ്ണ ( 1 ലിറ്റർ ), പഞ്ചസാര (2 കിലോ ഗ്രാം), ചായപ്പൊടി (500 ഗ്രാം), ചെറുപയർ (2 കിലോ ഗ്രാം) എന്നിവ വിതരണം ചെയ്യുന്നു. മറ്റു വിഭാഗങ്ങൾക്ക് അരി (15 കിലോ ഗ്രാം), ചെറുപയർ (1 കിലോ ഗ്രാം), കടല (1 കിലോ ഗ്രാം), കരുപ്പട്ടി/ശർക്കര (1 കിലോ ഗ്രാം) എന്നീ അളവിലും വിതരണം നടത്തി വരുന്നു. അട്ടപ്പാടിമേഖലയിൽ 157 ഊരുകൾ കേന്ദ്രീകരിച്ച് മുഴുവൻ കുടുംബങ്ങൾക്കുമായി കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി നടപ്പിലാക്കിവരുന്നു. സാമൂഹ്യനീതി വകുപ്പ്, അങ്കണവാടികൾ മുഖേന ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ശിശുക്കൾക്കും പോഷകാഹാര വസ്തുക്കൾ നൽകി വരുന്നു. മാത്രമല്ല, ശിശുമരണങ്ങൾ ഉണ്ടാകാതിരിക്കുന്നതിനായി ഗർഭിണികൾ ആശുപത്രിയിൽ ചികിത്സ തേടുന്നതിനും പ്രസവം ആശുപത്രിയിൽ തന്നെയാക്കുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങളും ടി വകുപ്പ് നൽകി വരുന്നു.

## കാസർഗോഡ് ജില്ലയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിദ്യാഭ്യാസ കേന്ദ്രം

48(816) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ജില്ലയ്ക്ക് അനുവദിച്ചിട്ടുള്ള ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനം ഇതുവരെയും പ്രവർത്തനം ആരംഭിക്കാതെയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഈ സ്ഥാപനം എന്നാണ് അനുവദിച്ചിട്ടുള്ളതെന്നും ഇതുവരെ തുടങ്ങാൻ സാധിക്കാത്തതിന്റെ കാരണം എന്താണെന്നും വിശദമാക്കാമോ;

(സി) എം.ആർ.എസ്.-നായി പട്ടികവർഗ്ഗ വകുപ്പിന് അനുവദിച്ചിട്ടുള്ള ബേഡകം പഞ്ചായത്തിലെ വലിയപാറയിലുള്ള 10 ഏക്കർ ഭൂമി പ്രയോജനപ്പെടുത്തി മേൽ സ്ഥാപനം അവിടെ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പ്രാക്തന ഗോത്ര വിഭാഗത്തിലെ കൊറഗർ വിഭാഗങ്ങളെ ഉദ്ദേശിച്ച് 2011 ജൂണിൽ ആശ്രമം സ്കൂൾ സ്ഥാപിക്കുവാൻ ഉത്തരവായെങ്കിലും ഇതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(ബി) 25-6-2011-ൽ എൻമകജെ ഗ്രാമപഞ്ചായത്തിൽ നിലവിൽ വാണിനഗർ പ്രീ-മെട്രിക് ഹോസ്റ്റൽ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ ആശ്രമം സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നതിന് ഉത്തരവായിരുന്നു. എന്നാൽ വാണിനഗർ ഹോസ്റ്റൽ പ്രവർത്തിക്കുന്നതിന് ഈ പ്രദേശത്ത് പകരം കെട്ടിടം ലഭ്യമല്ലാത്തതിനാൽ ആശ്രമം സ്കൂൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. എം.ആർ.എസ്. സ്ഥാപിക്കുന്നതിനുള്ള സ്ഥലവും കണ്ടെത്തിയിട്ടില്ല. 2017-18 വർഷത്തിൽ സ്കൂൾ ആരംഭിക്കുന്നതിന് ശ്രമം നടത്തുന്നുണ്ട്.

(സി) എം.ആർ.എസ്.-നായി പട്ടികവർഗ്ഗ വികസന വകുപ്പിന് ലഭ്യമായ ബേഡകം ഗ്രാമപഞ്ചായത്തിലെ വലിയപാറയിലുള്ള 10 ഏക്കർ ഭൂമി പ്രയോജനപ്പെടുത്തി പട്ടികവർഗ്ഗക്കാർക്ക് പ്രയോജനപ്പെടുന്ന സ്ഥാപനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## കള്ളിക്കാട്, അമ്പൂരി ആദിവാസി കോളനികളുടെ നവീകരണം

49(817) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാറശ്ശാല നിയോജകമണ്ഡലത്തിലെ കള്ളിക്കാട്, അമ്പൂരി പഞ്ചായത്തുകളിൽ വിവിധ സെറ്റിൽമെന്റുകളിലായി വ്യാപിച്ചു കിടക്കുന്ന ആദിവാസി കോളനികളുടെ നവീകരണത്തിനും അടിസ്ഥാനസൗകര്യ വികസനത്തിനും സ്വയംതൊഴിൽ പരിശീലനത്തിനും ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കാമോ?

### ഉത്തരം

വിവിധ പദ്ധതികൾ പട്ടികവർഗ്ഗ വികസന വകുപ്പ് ത്രിതല തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കി വരുന്നു. അമ്പൂരി ഗ്രാമപഞ്ചായത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഹാംലെറ്റ് വികസന പദ്ധതിപ്രകാരം വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കള്ളിക്കാട്, അമ്പൂരി ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനത്തിനുള്ള പദ്ധതി ശിപാർശ തയ്യാറാക്കി നൽകുന്നതിന് ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ, കാട്ടാക്കട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി ജില്ലാതല വർക്കിംഗ് ഗ്രൂപ്പും സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പും പരിഗണിക്കുന്നതാണ്.

**ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി**

50(818) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി അനുസരിച്ച് ഏറ്റെടുത്തിട്ടുള്ള കുറിച്ചി പഞ്ചായത്തിലെ സചിവോത്തമപുരം, മാടപ്പള്ളി പഞ്ചായത്തിലെ ഇടപ്പള്ളി എന്നീ കോളനികളിലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ ;

(ബി) ഓരോ കോളനിയിലും ഇതുവരെ ഏതൊക്കെ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്; ഇനിയും പൂർത്തീകരിക്കാനുള്ള ജോലികൾ ഏതൊക്കെയാണ് ;

(സി) ഓരോ കോളനികളിലെയും ജോലികൾക്ക് അനുവദിച്ച ആകെ തുക എത്ര വീതമെന്ന് വ്യക്തമാക്കാമോ ;

(ഡി) ബാക്കി ജോലികൾ സമയബന്ധിതമായി തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പൂർത്തീകരിച്ചിട്ടില്ല.

(ബി) 1. മാടപ്പള്ളി കോളനി:

| പൂർത്തീകരിച്ച ജോലികൾ | പൂർത്തീകരിക്കാനുള്ള ജോലികൾ |
|---|---|
| വനിതാകൾച്ചർ സെന്റർ, സെമിത്തേരി കോമ്പൗണ്ട് വാൾ, റോഡ് | ശ്മശാനങ്ങളുടെ പണി |

2. സചിവോത്തമപുരം കോളനി:

| പൂർത്തീകരിച്ച ജോലികൾ | പൂർത്തീകരിക്കാനുള്ള ജോലികൾ |
|---|---|
| ആംബുലൻസ് പാർക്ക്, മൊബൈൽ മോർച്ചറി, സ്റ്റോർ, കമ്പ്യൂട്ടർ സെന്റർ, കോളനിയുടെ ചുറ്റുമതിൽ, സ്പൈസസ് സ്റ്റോർ, ടെക്സ്റ്റയിൽ സ്റ്റോർ ഡ്രസ്സ് മേക്കിംഗ് യൂണിറ്റ്, വെൽഡിംഗ് വർക്ക്ഷോപ്പ് | സ്വയംതൊഴിൽ സംരംഭങ്ങൾക്കുള്ള യന്ത്ര സാമഗ്രികൾ വാങ്ങൽ, ആംബുലൻസ് വാങ്ങൽ |

(സി) ഓരോ കോളനികളിലെയും ജോലികൾക്ക് ഒരു കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്.

(ഡി) ബാക്കി ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## അതിരപ്പിള്ളി പഞ്ചായത്തിൽ ഗേൾസ് ഹോസ്റ്റലും സ്പോർട്സ് സ്കൂളും

51(819) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറ ഗവൺമെന്റ് ഹൈസ്കൂളിനോട് ചേർന്ന് ഗേൾസ് ഹോസ്റ്റലും സ്പോർട്സ് സ്കൂളും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

പരിശോധിക്കുന്നതാണ്.

## കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി

52 (820) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആദിവാസികൾക്കിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി ആരംഭിച്ച 'കമ്മ്യൂണിറ്റി കിച്ചൻ' പദ്ധതിയുടെ നിലവിലെ അവസ്ഥയെക്കുറിച്ച് വിവരിക്കാമോ?

ഉത്തരം

അട്ടപ്പാടി മേഖലയിൽ പോഷകാഹാരക്കുറവ് മൂലമുണ്ടാകുന്ന ശിശുമരണങ്ങളുടെയും നിത്യരോഗങ്ങളുടെയും വെളിച്ചത്തിൽ ടി മേഖലയിലെ ആളുകൾക്ക് ഭക്ഷണം നൽകുക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതിയാണ് കമ്മ്യൂണിറ്റി കിച്ചൻ. പട്ടികവർഗ്ഗ വികസന വകുപ്പും സാമൂഹ്യനീതി വകുപ്പും പദ്ധതിയ്ക്കാവശ്യമായ സാമ്പത്തിക സഹായത്തോടെ കുടുംബശ്രീ മുഖാന്തരമാണ് പ്രസ്തുത പദ്ധതി അട്ടപ്പാടിയിൽ നടപ്പിലാക്കി വരുന്നത്.

അട്ടപ്പാടി മേഖലയിലെ കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനം:

അട്ടപ്പാടി മേഖലയിൽ കുടുംബശ്രീ സംവിധാനംവഴി രൂപീകരിക്കപ്പെട്ട അയൽക്കൂട്ടങ്ങളിലെ അംഗങ്ങൾ ഊരുകളിലെ ആളുകളുമായി ചർച്ച നടത്തി നൽകേണ്ട ഭക്ഷണം സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നു. കുടുംബശ്രീ ഗ്രൂപ്പിലെ അംഗങ്ങൾ ഭക്ഷണത്തിനാവശ്യമായ സാധനങ്ങൾ വാങ്ങുകയും

പാചകം ചെയ്യുകയും ചെയ്യും, ഭക്ഷണത്തനാവശ്യമായ അരി, റാഗിപ്പൊടി, കടല, പയറുവർഗ്ഗങ്ങൾ മസാല തുടങ്ങിയ ഇനങ്ങൾ മാവേലി സ്റ്റോറിൽനിന്നോ ഉചിതമായ മറ്റു സ്ഥലങ്ങളിൽ നിന്നോ വാങ്ങുകയും പാചകത്തിനാവശ്യമായ വിറക്, പച്ചക്കറി എന്നിവ ഗ്രൂപ്പുകൾ നേരിട്ട് പട്ടികവർഗ്ഗക്കാരിൽ നിന്നും ശേഖരിക്കുകയോ വാങ്ങുകയോ ചെയ്യുന്നു. ഇവയ്ക്ക് നേതൃത്വം നൽകുന്നത് കുടുംബശ്രീ ഊരുസമിതികളാണ്. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ 6 വയസ്സിന് താഴെയുള്ള കുട്ടികൾ, കൗമാരക്കാർ, 60 വയസ്സിന് മുകളിലുള്ളവർ, ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർ, മാറാവ്യാധികൾ ഉള്ളവർ എന്നിവരാണ്. കമ്മ്യൂണിറ്റി കിച്ചൻ പദ്ധതിയുടെ പ്രധാന ഗുണഭോക്താക്കൾ. മുൻ സർക്കാരിന്റെ കാലത്ത് 53 സെന്ററുകളാണ് നടന്നിരുന്നത്. ഇപ്പോൾ അത് 157 കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിച്ചിട്ടുണ്ട്. അട്ടപ്പാടി മേഖലയിലെ മുഴുവൻ ഊരുകളിലും (192) കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനം നടപ്പിലാക്കി വരുന്നു.

2013-14 സാമ്പത്തിക വർഷം കോഴിക്കോട്, വയനാട്, മലപ്പുറം, കണ്ണൂർ ജില്ലകളിലെ 100 പണിയ കോളനികളിൽ 100 ദിവസം മൂന്നു നേരം ഭക്ഷണം നൽകുന്നതിന് കുടുംബശ്രീയ്ക്ക് 4 കോടി രൂപ (സ.ഉ(സാധാ)നമ്പർ 1912/ 2013/പ.ജ.പ.വ.വി.വ. തീയതി 23-12-2013) പ്രകാരം അനുവദിച്ചിരുന്നു. നിലവിൽ അന്നപൂർണ്ണ, അന്ത്യോദയ, ബി.പി.എൽ, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭക്ഷ്യസഹായ പദ്ധതി എന്നീ പദ്ധതികളിൽ പട്ടികവർഗ്ഗക്കാർ ഗുണഭോക്താക്കൾ ആയതിനാൽ ടി പദ്ധതി അവസാനിപ്പിച്ച് ബാക്കിയുള്ള തുകയായ 2,14,66,780 രൂപ അട്ടപ്പാടിയിലെ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതിയ്ക്ക് അനുവദിക്കുന്നതിന് (സ.ഉ (സാധാ) നമ്പർ928/2015/പ.ജ.പവ.വിവ. തീയതി 12-6-2015) പ്രകാരം ഉത്തരവ് ആയിരുന്നു. എന്നാൽ ടി ഉത്തരവ് കുടുംബശ്രീ മിഷന് ലഭിക്കുമ്പോൾ പട്ടികവർഗ്ഗ വികസന വകുപ്പ് അനുവദിച്ച തുകയിൽ 1,85,95,767 രൂപ മാത്രമായിരുന്നു അവശേഷിച്ചിരുന്നത്. ടി തുക പൂർണ്ണമായും ടി പദ്ധതി നടപ്പിലാക്കുന്നതിനായി വിനിയോഗിച്ചു.

2016-17 സാമ്പത്തിക വർഷം ടി പദ്ധതി തുടർന്ന് നടപ്പിലാക്കുന്നതിനായി 350 ലക്ഷം രൂപ കുടുംബശ്രീക്ക് അനുവദിച്ചിട്ടുണ്ട്. ഗർഭിണികളിലെയും നവജാത ശിശുക്കളിലെയും പോഷകാഹാരക്കുറവ് പരിഹരിക്കാൻ ഈ പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്. ഇടപെടലിന്റെ ഭാഗമായി നവജാതശിശുക്കളുടെ ഭാരം രണ്ടര മുതൽ മൂന്ന് കിലോ വരെ ആക്കാൻ കഴിഞ്ഞിട്ടുണ്ട്.

## പട്ടികവർഗ്ഗ പട്ടികജാതി വിഭാഗങ്ങൾക്ക് പദ്ധതികൾ

53(821) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 5 വർഷത്തിനുള്ളിൽ നിലമ്പൂർ മണ്ഡലത്തിൽ പട്ടികവർഗ്ഗ-പട്ടികജാതി വിഭാഗങ്ങൾക്കുവേണ്ടി ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയത്; ആയതിന് ചെലവഴിച്ച തുക ഓരോ പദ്ധതിക്കും എത്ര എന്ന് വിശദമാക്കാമോ; ഏതൊക്കെ കോളനികളിലാണ് പദ്ധതി നടപ്പിലാക്കിയതെന്ന് തരം തിരിച്ച് തദ്ദേശഭരണ സ്ഥാപന അടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(ബി) ST വിഭാഗത്തിലെ ST Promotors-ന് ട്രെയിനിംഗ് നൽകാൻ നടപടി സ്വീകരിക്കുമോ; നിലമ്പൂർ മണ്ഡലത്തിൽ ആദിവാസികൾക്ക് താമസിച്ച് ചികിത്സിക്കുവാൻ മാനസികാരോഗ്യകേന്ദ്രം തുടങ്ങാനും അങ്കണവാടികൾ ഇല്ലാത്ത ഊരുകളിൽ അങ്കണവാടികൾ തുടങ്ങാനും വകുപ്പ് മുൻകൈയെടുത്ത് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പ്:

കഴിഞ്ഞ 5 വർഷത്തിനുള്ളിൽ നിലമ്പൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

പട്ടികജാതി വികസന വകുപ്പ്:

കഴിഞ്ഞ 5 വർഷത്തിനുള്ളിൽ നിലമ്പൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

(ബി) എസ്.റ്റി. പ്രൊമോട്ടർമാർക്ക് നിയമനം നൽകുന്ന സമയത്ത് ഐ.എം.ജി. മുഖേന പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ മാസവും പ്രോജക്ട് ഓഫീസുകളിലും എല്ലാ ആഴ്ചകളിലും ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളിലും വച്ച് നടത്തുന്ന മീറ്റിംഗുകളിൽ ഇവർക്ക് ആവശ്യമായ പരിശീലന നിർദ്ദേശങ്ങൾ നൽകാറുണ്ട്. ഇതിനുപുറമേ പോലീസ്, കുടുംബശ്രീ എന്നിവ മുഖേനയും പരിശീലനം നൽകിയിട്ടുണ്ട്. കൂടുതൽ പരിശീലനം നൽകുന്നതിന് വകുപ്പു തലത്തിൽ നടപടി സ്വീകരിക്കുന്നതാണ്. കിർത്താഡ്സ് മുഖേന എസ്.റ്റി. പ്രൊമോട്ടർമാർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. നിലമ്പൂർ മണ്ഡലത്തിൽ പട്ടികവർഗ്ഗക്കാർക്കായി മാനസികാരോഗ്യ കേന്ദ്രവും ആവശ്യമായ സ്ഥലങ്ങളിൽ അങ്കണവാടികളും ആരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

**പട്ടികവർഗ്ഗ ക്ഷേമം**

54 (822) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലും വയനാട്ടിലും പോഷകാഹാരക്കുറവുമൂലം ശിശുമരണം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പട്ടികവർഗ ക്ഷേമത്തിനായി എന്തു തുക ചെലവഴിച്ചുവെന്ന് വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) അട്ടപ്പാടി, വയനാട് മേഖലയിൽ കഴിഞ്ഞ ഒരു വർഷമായി പോഷകാഹാര കുറവുമൂലം ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ഇക്കാലയളവിൽ ഉണ്ടായ ശിശുമരണങ്ങൾ പോഷകാഹാരക്കുറവ് ഇതര കാരണങ്ങളാലാണ് സംഭവിച്ചിട്ടുള്ളത്.

(ബി) 2017 ജനുവരി മാസം വരെ പട്ടികവർഗ്ഗ ക്ഷേമത്തിനായി പ്ലാൻ ശീർഷകത്തിൽ 527.59 കോടി രൂപയും നോൺപ്ലാൻ ശീർഷകത്തിൽ 78.59 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

**പിന്നോക്ക വിഭാഗ കോർപ്പറേഷൻ മുഖേനയുള്ള പദ്ധതികൾ**

55(823) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വിഭാഗങ്ങൾക്ക് പിന്നോക്ക വിഭാഗ കോർപ്പറേഷൻ മുഖേന കൂടുതൽ പദ്ധതികൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) നിലവിൽ നൽകിവരുന്ന പദ്ധതികളുടെ തുകയും സബ്സിഡിയും വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പ്രസ്തുത കോർപ്പറേഷന് കൂടുതൽ സഹായങ്ങൾ നൽകുന്നത് പരിഗണിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) കോർപ്പറേഷൻ വഴി നടപ്പിലാക്കുന്ന പദ്ധതികൾ കാലോചിതമായി പരിഷ്കരിക്കാറുണ്ട്. കൂടുതൽ പദ്ധതികൾ നടപ്പിലാക്കുന്ന വിഷയം അടുത്ത പരിഷ്കരണ ഘട്ടത്തിൽ പരിഗണിക്കുന്നതാണ്.

(ബി) കോർപ്പറേഷൻ വായ്പയ്ക്ക് സബ്സിഡി നൽകുന്നില്ല. വായ്പാ തുക വർദ്ധിപ്പിക്കുന്ന വിഷയം പരിഗണിക്കുന്നതാണ്.

(സി) ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**സ്ത്രീ ശാക്തീകരണ വായ്പാ പദ്ധതി**

56 (824) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീ ശാക്തീകരണത്തിനായി സംസ്ഥാന പിന്നോക്ക വിഭാഗ കോർപ്പറേഷൻ എന്തെങ്കിലും വായ്പാ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) ഈ ഇനത്തിൽ ഓരോ ജില്ലയിലും എത്ര രൂപ വീതം നല്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കോർപ്പറേഷൻ കുടുംബശ്രീ സി.ഡി.എസ്.കൾ വഴി നടപ്പിലാക്കുന്ന മൈക്രോക്രെഡിറ്റ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളിൽ സ്ത്രീ/ശാക്തീകരണവും ഉൾപ്പെടുന്നു. ഈ പദ്ധതിപ്രകാരം ഒരു കുടുംബശ്രീ സി.ഡി.എസ്-ന് 1 കോടി രൂപ വരെ 2.50 മുതൽ 3.50 ശതമാനം പലിശ നിരക്കിൽ ലഭിക്കുന്നതാണ്. ഒരു അയൽക്കൂട്ടത്തിന് 5 ലക്ഷം രൂപ വരെയും ഒരു അംഗത്തിന് 50,000 രൂപവരെയും വായ്പ അനുവദിക്കാനാവും. 36 മാസമാണ് തിരിച്ചടവ് കാലാവധി. സി.ഡി.എസ്. മായി കോർപ്പറേഷൻ ഏർപ്പെടുന്ന വായ്പാ കരാറിന്റെയും വായ്പ അനുവദിക്കപ്പെടുന്ന അയൽക്കൂട്ടത്തിലെ എല്ലാ അംഗങ്ങളുമായി ഏർപ്പെടുന്ന ഇന്റർ-സെ കരാറിന്റെയും അടിസ്ഥാനത്തിൽ യാതൊരു ജാമ്യരേഖകളും കൂടാതെയാണ് വായ്പ അനുവദിക്കുന്നത്.

(ബി) പാലക്കാട് ജില്ലയിൽ 9 സി.ഡി.എസ്.കൾക്ക് 374.26 ലക്ഷം രൂപയും തൃശ്ശൂർ ജില്ലയിൽ 10 സി.ഡി.എസ്.കൾക്ക് 307.84 ലക്ഷം രൂപയും മലപ്പുറം ജില്ലയിൽ 2 സി.ഡി.എസ്.-കൾക്ക് 83.25 ലക്ഷം രൂപയും കോഴിക്കോട് 10 സി.ഡി.എസ്.-കൾക്ക് 290.60 ലക്ഷം രൂപയും ഇടുക്കി ജില്ലയിൽ 4 സി.ഡി.എസ്.-കൾക്ക് 105 ലക്ഷം രൂപയും ഈ സാമ്പത്തിക വർഷത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.

**സംസ്ഥാനത്ത് പ്രാബല്യത്തിലുള്ള കേന്ദ്ര-സംസ്ഥാന നിയമങ്ങൾ**

57 (825) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ പ്രാബല്യത്തിലുള്ള കേന്ദ്ര സംസ്ഥാന നിയമങ്ങളുടെ പേരുവിവരം നൽകാമോ ;

(ബി) കഴിഞ്ഞ പത്തുവർഷത്തിനിടെ സ്വമേധയാ റദ്ദായതോ റദ്ദാക്കിയതോ ആയ നിയമങ്ങളുടെ വിശദമായ പട്ടിക ലഭ്യമാക്കാമോ ;

(സി) സംസ്ഥാന നിയമങ്ങൾ പുതുതായി നിർമ്മിക്കുമ്പോഴോ പരിഷ്കരിക്കുമ്പോഴോ, ഭേദഗതി വരുത്തുമ്പോഴോ അവയുടെ അംഗീകൃത പകർപ്പ് റഫറൻസ് ആവശ്യത്തിനുവേണ്ടി പ്രസിദ്ധീകരിക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) കേരളത്തിൽ പ്രാബല്യത്തിലുള്ള നിയമങ്ങൾ സംബന്ധിച്ച്, 2001-ൽ പ്രസിദ്ധീകരിച്ച List of Enactments applicable to Kerala എന്ന പുസ്തകമാണ് അവസാനമായി നിയമവകുപ്പ് പ്രസിദ്ധീകരിച്ചത്. ആയതിനുശേഷം 1-1-2016 വരെ പ്രാബല്യത്തിലുള്ള നിയമങ്ങളെ സംബന്ധിച്ചുള്ള പട്ടിക അച്ചടിച്ച് ബുക്ക് ഫോമിൽ ലഭ്യമാക്കുന്നതിനായി ഗവൺമെന്റ് പ്രസ്സിൽ നൽകിയിരിക്കുകയാണ്. അച്ചടിജോലി പുരോഗമിച്ചു വരുന്നതായാണ് പ്രസ്സ് അധികൃതരിൽ നിന്നും അറിയാൻ കഴിഞ്ഞത്. ആയത് പ്രസിദ്ധീകരിച്ചു കഴിഞ്ഞാൽ ഉടൻതന്നെ വിവരം ലഭ്യമാക്കുന്നതാണ്. കഴിഞ്ഞ പത്തുവർഷത്തിനിടെ സ്വമേധയാ റദ്ദായതോ റദ്ദാക്കിയതോ ആയ നിയമങ്ങളെ സംബന്ധിച്ച വിവരം താഴെപ്പറയും പ്രകാരമാണ്:

1. 2014-ലെ കേരള പ്രിസണകളും-മലബാർ സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ആക്ട്, (9 of 2010) വഴി 1894-ലെ പ്രിസൺസ് ആക്ട് (സെൻട്രൽ ആക്ട് IX of 1894)- മലബാർ പ്രദേശത്തെ പ്രാബല്യം ഇല്ലാതാവുകയും 1950-ലെ ട്രാവൻകൂർ പ്രിസൺസ് ആക്ട് (XVIII of 1950) റദ്ദാക്കപ്പെടുകയും ചെയ്തു.

2. 2011-ലെ കേരള പോലീസ് ആക്ട് (8 of 2011) വഴി കേരള പോലീസ് ആക്ട് 1960 (5 of 1961) റദ്ദാക്കപ്പെട്ടു.

3. 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ട് (2010-ലെ 15-ാം ആക്ട്) പ്രകാരം 1897-ലെ ഇന്ത്യൻ ഫിഷറീസ് ആക്ട് മലബാർ പ്രദേശത്തെ പ്രാബല്യം ഇല്ലാതാവുകയും 1950-ലെ തിരുവിതാംകൂർ-കൊച്ചി ഫിഷറീസ് ആക്ട് (1050-ലെ 34) റദ്ദാക്കപ്പെടുകയും ചെയ്തു.

4. 2014-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമതസ്ഥാപനങ്ങൾ (ഭേദഗതി) ആക്ട് (2014-ലെ 1) വഴി 2008 -ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ദേവസ്വം ബോർഡുകളുടെ കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്ട് (2008-ലെ 19) റദ്ദാക്കപ്പെട്ടു. സംസ്ഥാന നിയമങ്ങൾ പുതുതായി നിർമ്മിക്കുമ്പോഴോ, പരിഷ്കരിക്കുമ്പോഴോ, ഭേദഗതി വരുത്തുമ്പോഴോ അവയുടെ അംഗീകൃത പകർപ്പ് ഗസറ്റിൽ വിജ്ഞാപനം ചെയ്യുകയും നോഡൽ വകുപ്പിന്റെ 8-9-2015 തീയതിയിലെ സർക്കുലർ നമ്പർ.1 9995/നോഡൽ 2/2013/നിയമം പ്രകാരം റഫറൻസ് ആവശ്യത്തിനുവേണ്ടി അതത് ലെജിസ്ലേഷൻ കൈകാര്യം ചെയ്യുന്ന സെക്ഷനുകൾ നിയമവകുപ്പിന്റെ അംഗീകൃത വെബ്സൈറ്റ് ആയ www.lawsect.org-ൽ അപ്‌ലോഡ് ചെയ്യുകയും ചെയ്തുവരുന്നു.

## സഹോദരൻ അയ്യപ്പൻ സ്മാരകം

58 (826) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറായി സഹോദരൻ അയ്യപ്പൻ സ്മാരകത്തിന്റെ നിലവിലുള്ള ഭരണസമിതിയുടെ കാലാവധി എന്നാണ് അവസാനിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പുതിയ ഭരണസമിതി അംഗങ്ങളെ നിശ്ചയിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) എറണാകുളം ചെറായി സഹോദരൻ അയ്യപ്പൻ സ്മാരക സമിതി പുനഃസംഘടിപ്പിച്ച് സ.ഉ (സാധാ)നമ്പർ97/2017/സാം.കാ.വ. തീയതി 23-2-2017 ആയി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**ഗദ്ദിക എന്ന പേരിൽ കലാ സാംസ്കാരിക മേള**

59 (827) <u>പ്രൊഫ. കെ. യു. അരുണൻ</u> :
<u>ശ്രീ. ഒ. ആർ. കേളു</u> :
<u>ശ്രീ. കെ.വി.അബ്ദുൾ ഖാദർ</u> :
<u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യംനിൽക്കുന്ന ഗോത്ര വർഗ്ഗ സംസ്കൃതിയും പാരമ്പര്യവും കാത്തു സൂക്ഷിച്ച് അതിന്റെ സ്വത്വവും മൂല്യവും തിരിച്ചു പിടിക്കുന്നതിനായി 'ഗദ്ദിക' എന്ന പേരിൽ കലാ സാംസ്കാരിക മേള സംഘടിപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത മേളയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) ആദിവാസി സമൂഹത്തിന്റെ തനത് പരമ്പരാഗത ഉത്പന്നങ്ങൾ പ്രദർശിപ്പിക്കാനും വിറ്റഴിക്കാനും അവരുടെ വിവിധ കലാരൂപങ്ങൾ അവതരിപ്പിക്കാനും എന്തെല്ലാം സംവിധാനങ്ങളാണ് പ്രസ്തുത മേളയിൽ ഒരുക്കിയിരിക്കുന്നത്; വിശദമാക്കാമോ;

(ഡി) ആദിവാസി വിഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ സെമിനാറുകളും സാംസ്കാരിക സായാഹ്നങ്ങളും മേളയോടനുബന്ധിച്ച് സംഘടിപ്പിച്ചിരുന്നോ; വിശദാംശം നൽകുമോ ;

(ഇ) ആരുടെയെല്ലാം പങ്കാളിത്തത്തോടെയാണ് മേള സംഘടിപ്പിച്ചതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2016 ഡിസംബർ 19 മുതൽ 28 വരെ പാലക്കാട് ജില്ലയിൽ വടക്കഞ്ചേരിയിൽ വച്ചും 2017 ജനുവരി 21 മുതൽ 30 വരെ കോഴിക്കോട് ജില്ലയിൽ വളയത്തുവച്ചും 'ഗദ്ദിക' എന്ന പേരിൽ കലാ സാംസ്കാരിക മേള സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) അന്യംനിന്നുകൊണ്ടിരിക്കുന്ന ഗോത്രവർഗ്ഗ കലകൾ സംരക്ഷിച്ച് പരിപോഷിപ്പിക്കുകയും അവ പുതുതലമുറയ്ക്ക് പരിചയപ്പെടുത്തുകയും ചെയ്യുന്നതിനും പട്ടികജാതി പട്ടികവർഗ്ഗക്കാർ പരമ്പരാഗതമായി ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുകയുമാണ് ഗദ്ദിക മേളയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) ആദിവാസി സമൂഹത്തിന്റെ പരമ്പരാഗത ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ആധുനിക രീതിയിലുള്ള ആകർഷകമായ സ്റ്റാളുകളാണ് ഒരുക്കിയത്. ഇവർ തയ്യാറാക്കിയ ഉൽപ്പന്നങ്ങൾ മേള സ്ഥലത്ത് എത്തിക്കുന്നതിനുള്ള ചെലവും പങ്കെടുക്കുന്നവരുടെ യാത്രാപ്പടിയും നൽകുന്നുണ്ട്. കൂടാതെ, ദിനബത്ത ഇനത്തിൽ ഒരു സ്റ്റാളിലെ രണ്ട് പേർക്ക് 500 രൂപ വീതം നൽകുന്നുണ്ട്. മാത്രമല്ല 10 ദിവസവും ഭക്ഷണവും നൽകിയിട്ടുണ്ട്. കൂടാതെ കലാ പരിപാടികൾ അവതരിപ്പിക്കുന്നതിന് എത്തുന്ന പട്ടികവർഗ്ഗ കലാകാരന്മാർക്ക് താമസസൗകര്യവും ഭക്ഷണവും ദിനബത്ത ഇനത്തിൽ 2000 രൂപയും യാത്രാപ്പടിയും നൽകുന്നുണ്ട്. വടക്കഞ്ചേരിയിലെ വിപണനമേളയിൽ 38 ലക്ഷം രൂപയുടെയും വളയത്തെ മേളയിൽ 40 ലക്ഷം രൂപയുടെയും ഉൽപ്പന്നങ്ങൾ വിൽക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) ഗദ്ദികയിൽ ആദിവാസി വിഭാഗങ്ങളുമായി ബന്ധപ്പെട്ട് സെമിനാറുകളും സാംസ്കാരിക സായാഹ്നങ്ങളും സംഘടിപ്പിച്ചിരുന്നു. ഗദ്ദിക 2016-17 പാലക്കാട്, കോഴിക്കോട് ജില്ലകളിൽ സംഘടിപ്പിച്ചപ്പോൾ എല്ലാ ദിവസവും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ പ്രഗത്ഭരായ കലാ, സാംസ്കാരിക പ്രവർത്തകർ പങ്കെടുത്ത സെമിനാറുകളാണ് നടത്തിയത്.

(ഇ) പട്ടികജാതി വികസന വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, കിർത്താഡ്സ് എന്നിവ സംയുക്തമായാണ് പ്രസ്തുത മേള സംഘടിപ്പിച്ചത്. സാംസ്കാരികവകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളും സഹകരിച്ചു.

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ നിയമനം**

60 (829) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) നിയമനം നടത്തുന്നതിന് തസ്തികകൾ നിലവിലുണ്ടായിരുന്നോയെന്നും, പത്ര പരസ്യം, എഴുത്തുപരീക്ഷ, കൂടിക്കാഴ്ച തുടങ്ങിയ നടപടിക്രമങ്ങൾ പാലിച്ചാണോ നിയമനങ്ങൾ നടത്തിയതെന്നും വ്യക്തമാക്കാമോ;

(സി) നിയമനങ്ങൾ ഗവേണിംഗ് ബോഡിയുടെ തീരുമാനത്തിന് വിധേയമായിട്ടാണോ നടത്തിയതെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത നിയമനങ്ങളിലൂടെ പ്രതിവർഷം എത്ര രൂപയുടെ അധിക സാമ്പത്തിക ബാധ്യതയുണ്ടാകുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലും വിജ്ഞാനമുദ്രണം പ്രസ്സിലുമായി 19 പേരെ വിവിധ തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

(ബി) പ്യൂൺ, വാച്ച്മാൻ, ക്ലറിക്കൽ അറ്റൻഡന്റ് എന്നീ താഴ്ന്ന തസ്തികകളിൽ ദിവസ വേതനത്തിലാണ് ഒഴിവുള്ള തസ്തികകളിൽ ജീവനക്കാരുടെ സേവനം അടിയന്തിരമായി ആവശ്യമുള്ളതിനാൽ നിയമനങ്ങൾ നടത്തിയിട്ടുള്ളത്. ദിവസ വേതനത്തിലുള്ള നിയമനമായതിനാൽ മതിയായ പരസ്യം നൽകിയാണ് നിയമനം നടത്തിയിട്ടുള്ളത്. ദിവസ വേതന അടിസ്ഥാനത്തിൽ എടുക്കുന്നതിനാൽ ചോദ്യത്തിൽ സൂചിപ്പിച്ച നടപടിക്രമങ്ങൾ ബാധകമല്ല. ഈ രീതിയാണ് ഈ സ്ഥാപനത്തിൽ തുടർന്നു വരുന്നത്.

(സി) നിയമനങ്ങൾ ഗവേണിംഗ് ബോഡിയുടെ തീരുമാനത്തിന് വിധേയമായിട്ടാണ് നടത്തിയിട്ടുള്ളത്.

(ഡി) പ്രസ്തുത നിയമനങ്ങളിലൂടെ പ്രതിവർഷം 38,69,100 (മുപ്പത്തിയെട്ട് ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി ഒരുനൂറ് രൂപ മാത്രം) ശമ്പള ചെലവ് വരുമെങ്കിലും നിലവിൽ ഒഴിവുള്ള തസ്തികയായതിനാൽ അധിക സാമ്പത്തിക ബാധ്യത വരുന്നില്ല.

**ഭരത് മുരളി നാടക പരിശീലനകേന്ദ്രം**

61 (830) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരത് മുരളി നാടക പരിശീലന കേന്ദ്രത്തിനായി 2016-17 വാർഷിക ബജറ്റിൽ അനുവദിച്ച തുക എത്രയാണെന്ന് അറിയിക്കാമോ ;

(ബി) നവീകരണത്തിനുള്ള ചുമതല ആർക്കാണ് നൽകിയതെന്നും നവീകരണം സംബന്ധിച്ച് സ്വീകരിച്ച തുടർ പ്രവൃത്തികൾ എന്തെല്ലാമെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഭരത് മുരളി ഡ്രാമ അക്കാദമി, കുടവട്ടൂരിന് 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ 50 ലക്ഷം രൂപ പ്രത്യേക ധനസഹായമായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ഭരത് മുരളി ഡ്രാമ അക്കാദമിയുടെ നവീകരണ പ്രവൃത്തിക്ക് നിർവ്വഹണ ഏജൻസിയെ നിയോഗിച്ചിട്ടില്ല. പദ്ധതി നിർവ്വഹണത്തിനാവശ്യമായ ശിപാർശകൾ ലഭ്യമാക്കുന്നതിനും പ്രസ്തുത പദ്ധതികൾ ഏറ്റെടുക്കുന്ന നിർവ്വഹണ ഏജൻസികളെ സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിനും കേരള സംഗീത നാടക അക്കാദമിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേരള സംഗീത നാടക അക്കാദമിയുടെ ശിപാർശകൾ ലഭ്യമാക്കി ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കാളി നാടകത്തിന്റെ പ്രസക്തി**

62 (831) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവർക്കെതിരായ അക്രമങ്ങളെ ചെറുത്ത് തോല്പിക്കുന്നതിനുമുള്ള മികച്ച സന്ദേശം നൽകുന്ന കാളി നാടകത്തിന്റെ സാമൂഹിക പ്രസക്തി കണക്കിലെടുത്ത് കേരളത്തിലുടനീളം ഈ നാടകം കളിപ്പിക്കാനാവശ്യപ്പെട്ടു സമർപ്പിച്ച നിവേദനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) 'കാളി' നാടകം കേരളത്തിലുടനീളം അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സംബന്ധിച്ച്, കേരള സംഗീത നാടക അക്കാദമി പരിശോധിച്ച് വരുന്നു. പ്രസ്തുത നാടകം കേരള സംഗീത നാടക അക്കാദമിയുടെ അന്തർദേശീയ നാടകോത്സവത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വളയത്ത് നടന്ന 'ഗദ്ദിക' പരിപാടിയിൽ കാളി നാടകം അവതരിപ്പിച്ചിട്ടുണ്ട്.

**പുരാണ പാരായണക്കാരുടെ പെൻഷൻ**

63 (832) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ പുരാണ പാരായണക്കാരുടെ പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിനും അംശാദായം സ്വീകരിക്കുന്നതിനും എന്തെങ്കിലും നിയന്ത്രണമോ നിരോധനമോ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) കഴിഞ്ഞ മൂന്ന് വർഷമായി പെൻഷനും ക്ഷേമനിധിയിൽ അംശാദായം അടയ്ക്കുന്നതിനുമായി നൽകിയ അപേക്ഷകളിൽ ബോർഡ് തീരുമാനമെടുക്കാത്തത് എന്തുകൊണ്ടാണ്;

(സി) പുരാണ പാരായണക്കാർ പെൻഷന് അർഹരല്ല എന്ന് ബോർഡ് ചെയർമാൻ തീരുമാനിച്ചിട്ടുണ്ടോ; അങ്ങനെയെങ്കിൽ 2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ട് പ്രകാരം ആയത് സാധുതയുള്ളതാണോ;

(ഡി) ഈ വിഷയത്തിന്മേൽ സർക്കാർ ഇതിനകം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ആയത് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ക്ഷേമനിധി ബോർഡിൽ നിലവിൽ പെൻഷൻ നൽകി വരുന്ന 1974 പേരിൽ 417 പേർ പുരാണ പാരായണക്കാരാണ് (അതായത് ഏകദേശം 21%). കഴിഞ്ഞ കാലങ്ങളിലും നിലവിലുമായി 2500-ൽപ്പരം പുരാണ പാരായണക്കാരുടെ അപേക്ഷകൾ മാത്രം ക്ഷേമനിധി ബോർഡിൽ ലഭിച്ചിട്ടുണ്ട്. ഇവരിൽ ഭൂരിഭാഗം ആൾക്കാരുടെ അപേക്ഷകൾ മതിയായ രേഖകൾ ഇല്ലാത്തവയാണ്. മതിയായ രേഖകൾ ഇല്ലാതെ അപേക്ഷകൾ കൂടുതലായി വരുന്ന സാഹചര്യത്തിൽ യഥാർത്ഥ കലാകാരന്മാർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ അനർഹർക്ക് ലഭിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നുണ്ട്. ഇതിൽ കാലതാമസം ഉണ്ടാകുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതാണ്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

**നൂറനാട് നന്ദികേശ ശിൽപ പൈതൃക ഗ്രാമ പദ്ധതി**

64 (833) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ നൂറനാട് നന്ദികേശ ശിൽപ പൈതൃക ഗ്രാമ പദ്ധതി ആരംഭിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതായി ബന്ധപ്പെട്ട് ലളിതകലാ അക്കാദമി തയ്യാറാക്കിയ പ്രോജക്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) നൂറനാട് പടനിലം, നന്ദികേശ ശില്പ പൈതൃക ഗ്രാമമായി അംഗീകരിക്കുന്നതിന് പുരാവസ്തു വകുപ്പ് ഡയറക്ടറുമായി ബന്ധപ്പെട്ട് വ്യക്തമായ മാനദണ്ഡങ്ങളോടെ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കാൻ ലളിതകലാ അക്കാദമിയോട് സർക്കാർ ആവശ്യപ്പെട്ടിരിക്കുകയാണ്.

**ലക്കിടി കുഞ്ചൻ സ്മാരകം**

65 (834) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലക്കിടിയിലെ കുഞ്ചൻ സ്മാരകത്തിന്റെ നവീകരണത്തിനായി എത്ര തുക അനുവദിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) 1-7-2016 മുതൽ 31-1-2017 വരെയുള്ള കാലയളവിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് കുഞ്ചൻ സ്മാരകത്തിൽ നടപ്പിലാക്കിയതെന്നും ഓരോ ഇനത്തിനും എത്ര തുകയാണ് ചെലവഴിച്ചതെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലക്കിടി കിള്ളിക്കുറിശ്ശി മംഗലം കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന് വാർഷിക ഗ്രാന്റായി 4 ലക്ഷം രൂപയും ക്ലാസ് മുറികളുടെ നിർമ്മാണത്തിനായി 10 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) ക്ലാസ് മുറികളുടെ നിർമ്മാണത്തിന് അനുവദിച്ച തുക പ്രകാരമുള്ള നിർമ്മാണ വികസന പ്രവർത്തനങ്ങൾ നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ

66(835) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാംസ്കാരിക വകുപ്പ് അവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളാ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് (KIIFB) ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ താഴെപ്പറയുന്ന മൂന്ന് ബൃഹത് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

(i) എല്ലാ ജില്ലകളിലും നവോത്ഥാന നായകരുടെ പേരിൽ സാംസ്കാരിക സമുച്ചയം.

(ii) കേരളത്തിൽ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര ചലച്ചിത്രമേളയ്ക്കായി ചിത്രാഞ്ജലി സ്റ്റുഡിയോ കോമ്പൗണ്ടിൽ സ്ഥിരം വേദി.

(iii) തിരുവനന്തപുരത്തെ ചിത്രാഞ്ജലി സ്റ്റുഡിയോ അന്താരാഷ്ട്ര ഫിലിം സിറ്റിയായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി.

(iv) 2017-18 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ തിയേറ്ററുകൾ ആരംഭിക്കാനുള്ള പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) കിഫ്ബി ഫണ്ടുപയോഗിച്ച് നിർവ്വഹിക്കുന്ന പദ്ധതികളുടെ രൂപീകരണവും നിർവ്വഹണവും കിഫ്ബിയുടെ മാനദണ്ഡങ്ങൾ അനുസരിച്ചാണ്. ഓരോ ജില്ലയിലും നവോത്ഥാന നായകരുടെ പേരിലുള്ള സാംസ്കാരിക സമുച്ചയത്തിന് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതാണ്.

## പത്മഭൂഷൺ കുഴൂർ നാരായണമാരാരുടെ സ്മരണയ്ക്കായി വാദ്യകലാകേന്ദ്രം

67(836) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചവാദ്യ കുലപതി പത്മഭൂഷൺ കുഴൂർ നാരായണമാരാരുടെ സ്മരണയ്ക്കായി വാദ്യകലാകേന്ദ്രം സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) പത്മഭൂഷൺ കുഴൂർ നാരായണമാരാരുടെ പേരിൽ പഞ്ചവാദ്യ പ്രതിഭകൾക്കായി പുരസ്കാരം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പഞ്ചവാദ്യ കുലപതി പത്മഭൂഷൺ കുഴൂർ നാരായണമാരാരുടെ സ്മരണയ്ക്കായി വാദ്യകലാകേന്ദ്രം സ്ഥാപിക്കുന്നതിന് നിലവിൽ സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചിട്ടില്ല. വാദ്യകലാകേന്ദ്രം സ്ഥാപിക്കുന്നത് സംബന്ധിച്ച് വിശദമായ പദ്ധതി ശിപാർശകൾ സർക്കാരിൽ ലഭിച്ചാൽ, ഇക്കാര്യം കേരള സംഗീത നാടക അക്കാദമി മുഖാന്തരം തുടർനടപടി ആവശ്യമാണോയെന്ന് പരിശോധിക്കുന്നതാണ്.

(ബി) നിലവിൽ പരിഗണനയിലില്ല.

## പയ്യന്നൂരിൽ സംസ്കൃതി കേന്ദ്രം

68 (837) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന വൈലോപ്പിള്ളി സംസ്കൃതി ഭവൻ മാതൃകയിൽ കലാ-സാംസ്കാരിക പരിപാടികൾ അവതരിപ്പിക്കുന്നതിനുള്ള ഒരു കേന്ദ്രം പയ്യന്നൂരിൽ സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് അപേക്ഷകളോ നിവേദനങ്ങളോ ലഭിച്ചിരുന്നോ ; എങ്കിൽ ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) വൈലോപ്പിള്ളി സംസ്കൃതി ഭവൻ മാതൃകയിൽ ഒരു കേന്ദ്രം പയ്യന്നൂരിൽ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പയ്യന്നൂരിൽ വൈലോപ്പിള്ളി സംസ്കൃതി ഭവൻ മാതൃകയിൽ കലാ സാംസ്കാരിക പരിപാടികൾ അവതരിപ്പിക്കുന്നതിനുള്ള കേന്ദ്രം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് അപേക്ഷകളോ, നിവേദനങ്ങളോ ലഭിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ചിത്രാഞ്ജലി തിയേറ്റർ

69 (838) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിൽ ചിത്രാഞ്ജലി തിയേറ്റർ ഇല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിയേറ്റർ തുടങ്ങുന്നതിനുള്ള സ്ഥലവും മറ്റു സൗകര്യങ്ങളും ഒരുക്കാൻ നെന്മാറ ഗ്രാമപഞ്ചായത്ത് സന്നദ്ധത അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ചിത്രാഞ്ജലി തിയേറ്റർ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിയേറ്റർ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ലഭ്യമാണെന്ന് നെന്മാറ ഗ്രാമപഞ്ചായത്ത് അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത സ്ഥലം കെ.എസ്.എഫ്.ഡി.സി.-യുടെ സംഘം പരിശോധിച്ച് തിയേറ്റർ നിർമ്മാണത്തിന്റെ സാദ്ധ്യതകൾ വിലയിരുത്തിയതിനുശേഷം തുടർനടപടി കെ.എസ്.എഫ്.ഡി.സി. കൈക്കൊള്ളുന്നതാണ്.

## അയ്യൻകാളി സാംസ്കാരിക സമുച്ചയ നിർമ്മാണം

70 (839) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കവടിയാറിൽ സർക്കാരിന്റെ അധീനതയിലുള്ള ഭൂമിയിൽ അയ്യൻകാളിയുടെ നാമധേയത്തിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

തിരുവനന്തപുരം ജില്ലയിൽ അയ്യൻകാളിയുടെ നാമധേയത്തിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന് ജില്ലാകളക്ടറുമായി ബന്ധപ്പെട്ട് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കവടിയാറിൽ സർക്കാർ അധീനതയിലുള്ള ഭൂമി ഇക്കാര്യത്തിനായി വിനിയോഗിക്കുന്ന കാര്യത്തിൽ റവന്യൂ വകുപ്പുമായി ആലോചിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

## സാംസ്കാരിക ക്ഷേമനിധി

71 (840) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക ക്ഷേമനിധിയിൽ പന്തൽ അലങ്കാരം, ലൈറ്റ് & സൗണ്ട്സ് എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നവരെക്കൂടി ഉൾപ്പെടുത്തുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരെ അംഗങ്ങളാക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) 2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ടിലെ വകുപ്പ് '2 ഡി' യിൽ പന്തൽ അലങ്കാരം, ലൈറ്റ് & സൗണ്ട് എന്നീ വിഭാഗങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ആക്ടിലെ വകുപ്പ് '2 ഡി' യിൽ ഉൾപ്പെട്ട എല്ലാ കലാവിഭാഗങ്ങൾക്കും ക്ഷേമനിധി ബോർഡിൽ അംഗത്വം നൽകണമെന്ന് ക്ഷേമനിധി ബോർഡിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

## 14 ജില്ലകളിലും സാംസ്കാരിക കേന്ദ്രങ്ങൾ

72 (841) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ 14 ജില്ലകളിലും സാംസ്കാരിക വകുപ്പ് ഒരു സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുന്ന കാര്യം കഴിഞ്ഞ ബഡ്ജറ്റിൽ സൂചിപ്പിച്ചിരുന്നതനുസരിച്ച് ഏതെങ്കിലും ജില്ലയിൽ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ നടപ്പിൽ വരുന്ന സാംസ്കാരിക കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയായിരിക്കും;

(സി) ഈ സാംസ്കാരിക കേന്ദ്രത്തെ സംബന്ധിച്ച ഗവൺമെന്റിന്റെ പദ്ധതികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രകാരം കേരളത്തിൽ 14 ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണം Kerala Infrastructure Investment Fund Board (KIIFB)-ന്റെ പ്രത്യേക ധനസഹായം മുഖേന പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. എല്ലാ ജില്ലകളിലേയും പ്രോജക്ടുകളുടെ Special Purpose Vehicle (SPV) ആയി കേരള സ്റ്റേറ്റ് ഫിലിം ഡവലപ്മെന്റ് കോർപ്പറേഷനെ (KSFDC) ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ Request for Proposal (RFP) തയ്യാറാക്കി KIIFB-ക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി&സി) നവോത്ഥാന നായകരുടെ പേരിലായിരിക്കും സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നത്. നാടകശാല, സിനിമാ തിയേറ്റർ, സംഗീതശാല, ഗ്യാലറി, പുസ്തകക്കടകൾ, ചർച്ചകൾക്കും മറ്റുമുള്ള സെമിനാർ ഹാളുകൾ, ശിൽപ്പികൾക്കും കരകൗശല വിദഗ്ദ്ധർക്കും പണിശാലകൾ, നാടക റിഹേഴ്സൽ സൗകര്യം, കലാ-സാഹിത്യകാരന്മാർക്ക് ഹ്രസ്വകാല താമസസൗകര്യം എന്നിവയൊക്കെ അടങ്ങുന്നതാണ് ഈ സാംസ്കാരിക സമുച്ചയങ്ങൾ. ശരാശരി 40 കോടി രൂപ ചെലവ് വരുന്ന ഓരോ സാംസ്കാരിക കേന്ദ്രങ്ങളുടെയും സ്ഥലസൗകര്യത്തിനനുസരിച്ചാണ് അവയുടെ രൂപകൽപ്പന നടത്തുന്നത്.

**നിയമസഭാ സാമാജികരുടെ പേഴ്സണൽ അസിസ്റ്റന്റുമാർക്ക് യാത്രാബത്ത**

73 (842) ഡോ. എൻ. ജയരാജ് :

ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. മോൻസ് ജോസഫ് :

ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭാ സാമാജികരുടെ പേഴ്സണൽ അസ്സിസ്റ്റന്റുമാർക്കു യാത്രാബത്ത അനുവദനീയമാണോ എന്ന് വ്യക്തമാക്കാമോ;

(ബി) എം.എൽ.എ.-മാരുടെ ഒപ്പമല്ലാതെ യാത്ര ചെയ്യുന്നവർക്ക് ഇപ്പോൾ റെയിൽ യാത്രാ കൂപ്പൺ ഉപയോഗിക്കാൻ അനുമതി ഉണ്ടോ;

(സി) എം.എൽ.എ.-മാരെ സഹായിക്കുന്നതിനായി അവരുടെ ഒപ്പമല്ലാതെ തന്നെ വളരെയധികം യാത്ര ചെയ്യേണ്ടിവരുന്ന പേഴ്സണൽ അസ്സിസ്റ്റന്റുമാർക്ക് യാത്രാബത്ത അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) എം.എൽ.എ.-മാരുടെ ഒപ്പമല്ലാതെ ഓഫീസ് സംബന്ധമായ ആവശ്യങ്ങൾക്ക് യാത്ര ചെയ്യേണ്ടി വരുന്ന പേഴ്സണൽ അസിസ്റ്റന്റുമാർക്ക് യാത്രാബത്തയോ റെയിൽ കൂപ്പണുകളോ അനുവദിക്കുന്നതിന് നിലവിലുള്ള നിയമത്തിൽ ഭേദഗതി വരുത്താൻ നടപ്പു നിയമസഭാ സമ്മേളനത്തിൽ തന്നെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1992-ലെ The Members of the Kerala Legislative Assembly (Providing the assistance of Officers) Rules-ലെ ചട്ടം 8 (2) പ്രകാരം നിയമസഭാ സാമാജികരുടെ പേഴ്സണൽ അസിസ്റ്റന്റുമാർക്ക് യാത്രാബത്ത അനുവദനീയമല്ല. എന്നാൽ പി.എ. ആയി നിയമനം ലഭിക്കുന്ന അവസരത്തിൽ ജോലി ചെയ്യുന്ന സ്ഥലത്തുനിന്നും ഹെഡ്ക്വാർട്ടേഴ്സ് സ്ഥിതി ചെയ്യുന്ന സ്ഥലത്തേയ്ക്ക് യാത്ര ചെയ്യുന്നതിന് ടിയാൻ ജോലി ചെയ്യുന്ന ഓഫീസിൽ നിലവിലുള്ള നിയമപ്രകാരം അനുവദനീയമായ യാത്രാബത്ത പ്രസ്തുത ഓഫീസിൽ നിന്നും നൽകാവുന്നതാണ്.

(ബി) ഇല്ല.

(സി&ഡി)) ഇപ്പോൾ പരിഗണനയിലില്ല.

## കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ മുൻകയ്യെടുത്ത് തിയേറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതി

74 (843) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. അനിൽ അക്കര :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്ഥാപനങ്ങൾ സ്ഥലം വിട്ടുനൽകിയാൽ കേരള സ്റ്റേറ്റ് ഫിലിം ഡവലപ്പ്മെൻറ് കോർപ്പറേഷൻ മുൻകയ്യെടുത്ത് തിയേറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതി പ്രകാരം ഇതിനകം എത്ര തദ്ദേശസ്ഥാപനങ്ങൾ ധാരണാപത്രം കൈമാറിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) എത്ര സിനിമാ തിയേറ്ററുകളാണ് ഇത്തരത്തിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും ഇതിനായി എന്ത് തുക ആവശ്യമായി വരുമെന്നും പ്രസ്തുത തുക ഏത് ഏജൻസിയിൽനിന്നും കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) സർക്കാരിന്റെ പതിനാല് തിയേറ്ററുകളിൽ നിന്നും 2016-ൽ ലഭിച്ച വരുമാനമെത്രയെന്നും, പ്രസ്തുത തിയേറ്ററുകൾ പ്രവർത്തിപ്പിക്കുവാനുള്ള ചെലവ് എത്രയെന്നും അറിയിക്കുമോ;

(ഡി) സർക്കാർ തിയേറ്ററുകളിൽനിന്നും 2016-ൽ വിനോദനികുതിയിനത്തിൽ എന്ത് തുക നൽകി എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഒമ്പത് തദ്ദേശഭരണ സ്ഥാപനങ്ങൾ ധാരണാപത്രം കൈമാറിയിട്ടുണ്ട്. നീലേശ്വരം, പയ്യന്നൂർ, അളഗപ്പനഗർ, കൂത്താട്ടുകുളം, വൈക്കം, കായംകുളം, പുനലൂർ, ഏറ്റുമാനൂർ, ആന്തൂർ എന്നിവയാണ് ധാരണാപത്രം കൈമാറിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ.

(ബി) കേരളത്തിലാകമാനം 100 തിയേറ്റർ സമുച്ചയം നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. രണ്ട് അത്യാധുനിക സ്ക്രീനുകൾ അടങ്ങിയ സൗകര്യങ്ങളോടെയുള്ള ഒരു തിയേറ്റർ സമുച്ചയം ഒരുക്കുന്നതിലേയ്ക്കായി ഉദ്ദേശം 7 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. പ്രസ്തുത ഫണ്ട് കിഫ്ബിയിൽ നിന്നും കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) 2016-ൽ 14 തിയേറ്ററുകളിൽ നിന്നുമുള്ള

| | | |
|---|---|---|
| വരുമാനം | - | 11,49,65,493 രൂപ |
| ചെലവ് | - | 5,84,78,671 രൂപ. |

(ഡി) കെ.എസ്.എഫ്.ഡി.സി. തിയേറ്ററുകളിൽ നിന്നും 2016-ൽ വിനോദ നികുതിയിനത്തിൽ 4,31,32,982 രൂപ നൽകിയിട്ടുണ്ട്.

### കായംകുളം നഗരസഭയിൽ മൾട്ടിപ്ലക്സ് തിയേറ്റർ

75 (844) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം നഗരസഭയിൽ കെ.എസ്.എഫ്.ഡി.സി. വഴി നടപ്പിലാക്കുന്ന മൾട്ടിപ്ലക്സ് തിയേറ്ററിന്റെ നിർമ്മാണപുരോഗതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

കായംകുളം നഗരസഭ തിയേറ്റർ നിർമ്മാണത്തിനായി കെ.എസ്.എഫ്.ഡി.സി.-യ്ക്ക് പാട്ടത്തിന് നൽകുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിനായുള്ള സമ്മതപത്രം നഗരസഭ കെ.എസ്.എഫ്.ഡി.സി.-യ്ക്ക് കൈമാറിയിട്ടുണ്ട്. സ്ഥലം കൈമാറുന്നത് സംബന്ധിച്ച് കെ.എസ്.എഫ്.ഡി.സി. അംഗീകരിച്ച ധാരണാപത്രത്തിന്റെ കരട് നഗരസഭയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. KIIFB മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന തിയേറ്റർ ശൃംഖലകളുടെ നിർമ്മാണ പദ്ധതിയിൽ കായംകുളം നഗരസഭയിലെ തിയേറ്റർ നിർമ്മാണവും ഉൾപ്പെടുത്തിയിട്ടുണ്ട്.

## സാംസ്കാരിക വകുപ്പിൻകീഴിൽ വരുന്ന സ്ഥാപനങ്ങൾ

76(845) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിൻകീഴിൽ വരുന്ന സ്ഥാപനങ്ങളുടെ ഭരണ സമിതികളിലേക്ക് പുതിയ ആളുകളെ നിശ്ചയിച്ചതിന്റെ പട്ടിക ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുനഃസംഘടിപ്പിക്കാത്ത ഏതെങ്കിലും സ്ഥാപനങ്ങളുണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സാംസ്കാരിക വകുപ്പിന്റെകീഴിൽ വരുന്ന സ്ഥാപനങ്ങളുടെ ഭരണ സമിതിയിലേയ്ക്ക് പുതിയ ആളുകളെ നിശ്ചയിച്ചതു സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) പുനഃസംഘടിപ്പിക്കാത്ത സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

## സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്

77 (846) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിലെ കലാപ്രവർത്തകർക്കുള്ള പ്രതിമാസ പെൻഷൻ തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ക്ഷേമനിധിയിൽ നിന്നും നിലവിൽ എത്രപേർക്കാണ് പെൻഷൻ അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) നിലവിൽ പെൻഷനുവേണ്ടിയുള്ള എത്ര അപേക്ഷകൾ തീർപ്പ് കൽപ്പിക്കുവാനുണ്ട്; അർഹതയുള്ള കലാപ്രവർത്തകർക്ക് അടിയന്തിരമായി പെൻഷൻ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) വർദ്ധിപ്പിച്ചിട്ടുണ്ട്. 20-12-2016-ലെ SRO നമ്പർ 767/2016 ആയി വിജ്ഞാപനം ചെയ്ത 2016 ഡിസംബർ 3 ലെ സ.ഉ.(കൈയെഴുത്ത്) നമ്പർ22/ 2016/സാം.ക.വ. ഉത്തരവ് പ്രകാരം കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ നിന്നും കലാപ്രവർത്തകർക്ക് നൽകി വരുന്ന പ്രതിമാസ പെൻഷൻ ആയിരം രൂപയിൽ നിന്നും രണ്ടായിരം രൂപയായി വർദ്ധിപ്പിക്കുകയുണ്ടായി.

(ബി) 1974 പേർക്ക് പ്രസ്തുത ക്ഷേമനിധിയിൽ നിന്ന് പെൻഷൻ അനുവദിച്ചിട്ടുണ്ട്.

(സി) എല്ലാ രേഖകളും ലഭ്യമാക്കിയ അഞ്ഞൂറ് കലാകാരന്മാരുടെ അപേക്ഷകൾ ബോർഡ് പരിശോധിച്ച് ഉടനടി തീർപ്പ് കല്പിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## ഒറ്റപ്പാലത്ത് ഫിലിം സിറ്റി

78 (847) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലത്ത് ഫിലിം സിറ്റി സ്ഥാപിക്കുന്നതിന് തത്വത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ ;

(ബി) ഒറ്റപ്പാലത്ത് ഫിലിം സിറ്റി സ്ഥാപിക്കുന്നതിനായി ഏതെല്ലാം വർഷങ്ങളിലെ ബജറ്റുകളിലാണ് പണം അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(സി) ഒറ്റപ്പാലത്ത് ഫിലിം സിറ്റി സ്ഥാപിക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാണോ ; എങ്കിൽ ഫിലിം സിറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2011-12 ബഡ്ജറ്റിൽ 50 ലക്ഷം രൂപയും 2012-13 ബഡ്ജറ്റിൽ ഒരു കോടി രൂപയും വകയിരുത്തിയിരുന്നു. എന്നാൽ ഈ കാലഘട്ടത്തിൽ പദ്ധതിക്ക് തുക ലഭ്യമാക്കിയില്ല. ഇപ്പോൾ സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്.

(സി) ഒറ്റപ്പാലം ഫിലിം സിറ്റിയുടെ ഒന്നാം ഘട്ട പ്രോജക്ട് റിപ്പോർട്ട് സർക്കാരിന് ലഭ്യമായിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് ഫിലിം സിറ്റി യാഥാർത്ഥ്യമാക്കാനുള്ള തുടർ പ്രവർത്തനങ്ങൾ നടത്തുന്നതാണ്.

## സിനിമാ പ്രതിസന്ധി

79 (848) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സിനിമാ പ്രതിസന്ധി മറികടക്കാൻ അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റിയുടെ റിപ്പോർട്ടിൻമേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

സിനിമാ മേഖലയിലെ മാറ്റങ്ങളും പരിഷ്കാരവും ശിപാർശ ചെയ്യുന്ന അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ടിലെ പ്രധാന ശിപാർശയായ സിനിമാ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് സിനിമാ മേഖലയിലെ പ്രമുഖരുമായി ചർച്ച നടത്തുകയും സമഗ്രമായ നിയമനിർമ്മാണം നടത്തുന്നതിന് തീരുമാനം എടുക്കുകയും ചെയ്തിട്ടുണ്ട്. നിയമം തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## സിനിമാ രംഗത്ത് നിലനിന്ന പ്രതിസന്ധി

80 (849) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമാരംഗത്ത് നിലനിന്ന പ്രതിസന്ധി പരിഹരിക്കുവാൻ സർക്കാർ തലത്തിൽ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഉടമകളുടെ സമരംമൂലം ഒരു മാസത്തോളം സിനിമാ തീയേറ്ററുകൾ അടച്ചിട്ടതിനാൽ സർക്കാരിനുണ്ടായ നഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ചലച്ചിത്ര വ്യവസായത്തെ സംരക്ഷിക്കുവാൻ ഒരു സമഗ്ര നിയമ നിർമ്മാണത്തിന് ഉദ്ദേശമുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) കഴിഞ്ഞ ക്രിസ്തുമസ് സീസണിൽ മലയാള സിനിമ റിലീസ് ചെയ്യുന്നതിന് എതിരായി ചില തിയേറ്റർ ഉടമകൾ നിലപാട് സ്വീകരിച്ചിരുന്നു. എന്നാൽ രണ്ടാഴ്ചയ്ക്കുശേഷം ഈ സമരം പിൻവലിച്ചു. സർക്കാരിന് ഇതുമൂലം നഷ്ടം നേരിട്ടതായി കണക്കാക്കിയിട്ടില്ല.

(സി) ഉണ്ട്. അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശയായ സിനിമാ റെഗുലേറ്ററി അതോറിറ്റി എന്ന ആശയം സ്വീകരിച്ച് നിയമ നിർമ്മാണം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിയമം തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**വന സംരക്ഷണ പദ്ധതികൾ**

81 (850) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന സംരക്ഷണത്തിന് എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയത്; വിശദമാക്കുമോ;

(ബി) വന സംരക്ഷണത്തിന് മുൻ സർക്കാർ നടപ്പിലാക്കിയ ഏതെല്ലാം പദ്ധതികളാണ് തുടർന്നു കൊണ്ടുപോകുന്നത്; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) വനം വകുപ്പിന്റെ എല്ലാ പദ്ധതികളും നേരിട്ടോ പരോക്ഷമായോ വന സംരക്ഷണവും പരിസ്ഥിതി സംരക്ഷണവും ലക്ഷ്യം വച്ച് ആവിഷ്കരിച്ചിട്ടുള്ളതാണ്. ഈ സർക്കാർ ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. വന സംരക്ഷണം (വനം അതിർത്തി സർവ്വേയും വനം സംരക്ഷണവും)
2. നാശോന്മുഖമായ വനപ്രദേശങ്ങളിൽ വനം വച്ചുപിടിപ്പിക്കലും ഔഷധ സസ്യ പരിപാലനവും
3. തോട്ടങ്ങളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ
4. അടിസ്ഥാന സൗകര്യ വികസനം
5. ജൈവവൈവിദ്ധ്യ സംരക്ഷണവും സംരക്ഷിത പ്രദേശ പരിപാലനവും
6. പരിസ്ഥിതി വികസന പരിപാടി
7. ദേശീയ വനവത്കരണ പരിപാടി-ഹരിത ഇന്ത്യയ്ക്കായുള്ള ദേശീയ ദൗത്യം
8. സംയോജിത വനസംരക്ഷണ പദ്ധതി
9. പരിസ്ഥിതി വിനോദ സഞ്ചാരം
10. മാനവശേഷി വികസനം

11. വിഭവ ആസൂത്രണവും ഗവേഷണവും
12. വനപരിപാലന വിവര സമ്പ്രദായവും ഭൗമവിവര സാങ്കേതിക സംവിധാനവും
13. എക്സ്റ്റൻഷൻ, കമ്മ്യൂണിറ്റി ഫോറസ്ട്രി, അഗ്രോ ഫോറസ്ട്രി
14. ഗ്രാമീണ അടിസ്ഥാന വികസനം
15. മനുഷ്യനും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ
16. നീലഗിരി ബയോസ്ഫിയർ റിസർവ്
17. പ്രോജക്ട് എലിഫന്റ്
18. അഗസ്ത്യമല ബയോസ്ഫിയർ റിസർവ്
19. നീർത്തടഭൂമി സംരക്ഷണ പദ്ധതി
20. വയനാട് വന്യജീവി സങ്കേതത്തിലെ ആവാസവ്യവസ്ഥയുടെ സംയോജിത വികസനം

വന സംരക്ഷണ പ്രവർത്തനങ്ങൾ എല്ലാംതന്നെ തുടർ പദ്ധതികളായതിനാൽ മുൻസർക്കാർ നടപ്പിലാക്കിയ എല്ലാ പദ്ധതികളും തുടരുന്നതിനും ശക്തിപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുള്ളതിനെത്തുടർന്ന് തൻവർഷത്തിൽ വിവിധ ബഡ്ജറ്ററി ശീർഷകങ്ങളിലായി (പദ്ധതി) തുക വകയിരുത്തി അവ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്.

**വന സംരക്ഷണം**

82 (851) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ വനവത്ക്കരണ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) നിലവിലുള്ള വനങ്ങൾ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(സി) വനങ്ങൾക്കും വന്യമൃഗങ്ങൾക്കും ഭീഷണിയാകുന്ന കാട്ടുതീ പ്രതിരോധിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് സാമൂഹ്യ വനവൽക്കരണ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. സാമൂഹ്യ വനവൽക്കരണ വിഭാഗം നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു :

1. 2009 മുതൽ പൊതുജനങ്ങളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ നടപ്പിലാക്കിവരുന്ന വൃക്ഷവൽക്കരണ പരിപാടിയാണ് ഹരിത കേരളം. ത്രിതല പഞ്ചായത്തുകൾ, വിദ്യാർത്ഥികൾ, യുവജനസംഘടനകൾ, മതസ്ഥാപനങ്ങൾ, രാഷ്ട്രീയപാർട്ടികൾ തുടങ്ങിയവരുടെ പങ്കാളിത്തത്തോടെയുള്ള പരിപാടിയാണിത്. ഈ പദ്ധതിയുടെ കുടക്കീഴിൽ ഒന്നു മുതൽ 9 വരെയുള്ള ക്ലാസ്സിലെ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി 'എന്റെ മരം' പദ്ധതി, ഹയർസെക്കന്ററി തലം മുതൽ കോളേജ് തലം വരെയുള്ള വിദ്യാർത്ഥികളെ ഉൾപ്പെടുത്തി 'നമ്മുടെ മരം' പദ്ധതി, ചുമട്ടു തൊഴിലാളികളുടെ പങ്കാളിത്തത്തോടും സഹകരണത്തോടും കൂടി 'വഴിയോരത്തണൽ' പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു.

2. സംസ്ഥാനത്തെ സ്വകാര്യഭൂമികളിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി 2012 വർഷം മുതൽ നടപ്പിലാക്കി വരുന്നുണ്ട്. തേക്ക്, ചന്ദനം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, ഈട്ടി, കമ്പകം, കുമ്പിൾ, കുന്നിവാക, തേമ്പാവ് എന്നിങ്ങനെ പത്തിനം വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്നവർക്ക് തൈകളുടെ എണ്ണം അനുസരിച്ച് തൈ ഒന്നിന് 30 മുതൽ 50 രൂപാ വരെ ധനസഹായം നൽകുന്നു.

3. വേമ്പനാട് കായൽ ഉൾപ്പെടെയുള്ള തണ്ണീർത്തടങ്ങളുടെയും കണ്ടൽക്കാടുകളുടെയും കണ്ണൂർ മേഖലയിലെ തണ്ണീർത്തടങ്ങളുടെയും കണ്ടൽക്കാടുകളുടെയും ജൈവവൈവിദ്ധ്യ സംരക്ഷണം ലക്ഷ്യമിട്ട് കേന്ദ്ര സഹായത്തോടുകൂടി 2006-07 മുതൽ തണ്ണീർത്തട സംരക്ഷണപദ്ധതി നടപ്പിലാക്കിവരുന്നു.

4. വനത്തിനുപുറത്തുള്ള ജൈവവൈവിധ്യ സംരക്ഷണം പരിപോഷിപ്പിക്കുന്നതിലേയ്ക്കായി ഓരോ ജില്ലയിലും തെരഞ്ഞെടുക്കപ്പെടുന്ന കാവുകൾക്ക് സാമ്പത്തിക സഹായം നൽകി

വരുന്നുണ്ട്. കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കോട്ടയം, ആലപ്പുഴ ജില്ലകളിലെ കാവുകൾക്ക് ധനസഹായം നൽകുന്നത് കൂടാതെ, കൺസർവേഷൻ ഓഫ് ബയോഡൈവേഴ്സിറ്റി സ്കീമിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും 5 കാവുകൾക്കെങ്കിലും ധനസഹായം നൽകുന്ന പദ്ധതിയും നിലവിലുണ്ട്.

5. ജൈവവൈവിദ്ധ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വിവിധ വ്യക്തികളെയും/സംഘടനകളെയും കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി 'സിറ്റിസൺ കൺസർവേറ്റർ പ്രോഗ്രാം' നടപ്പിലാക്കി വരുന്നു. ലഭ്യമായ സ്വകാര്യഭൂമികളിലും പൊതുസ്ഥലങ്ങളിലും ചെറുവനങ്ങൾ സൃഷ്ടിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് 'കുട്ടിവനം' എന്ന പദ്ധതിയും വരുംതലമുറയ്ക്ക് ഔഷധ സസ്യങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് അവബോധം വളർത്തുന്നതിനായി 'ഹെർബൽ ഗാർഡൻ' എന്ന പദ്ധതിയും അശ്വതി മുതൽ രേവതി വരെയുള്ള 27 ജന്മനക്ഷത്രങ്ങളെ പ്രതിനിധീകരിക്കുന്ന വൃക്ഷങ്ങൾ നട്ടുവളർത്തി സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള 'നക്ഷത്രവനം' പദ്ധതിയും നടപ്പിലാക്കി വരുന്നു.

(ബി) നിലവിലുള്ള വനങ്ങൾ 1980-ലെ വന സംരക്ഷണ നിയമം, 1972-ലെ വന്യജീവി സംരക്ഷണ നിയമം മറ്റ് അനുബന്ധ നിയമങ്ങൾ എന്നിവ പ്രകാരം സംരക്ഷിച്ചുവരുന്നു. ഇതിനുപുറമേ വന്യജീവി സംരക്ഷണത്തിനായി വയലുകളുടെ മെയിന്റനൻസ്, ചെക്ക് ഡാമുകളുടെ നിർമ്മാണം, വനാന്തര മേഖലകളിൽ ആന്റി പോച്ചിംഗ് ക്യാമ്പുകൾ, ജനപങ്കാളിത്തത്തോടുകൂടിയുള്ള EDC മുഖാന്തിരമുള്ള വനസംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നു. മനുഷ്യ വന്യജീവി സംഘർഷം രൂക്ഷമായ മേഖലകളിൽ അവ പരിഹരിക്കുന്നതിന് തദ്ദേശീയരും ജനപ്രതിനിധികളും വനംവകുപ്പ് ഉദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാ സമിതികൾ പഞ്ചായത്ത്/മുനിസിപ്പാലിറ്റി തലത്തിൽ രൂപീകരിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നിശ്ചയിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. വനപരിപാലനത്തിനായി വർക്കിംഗ്/ മാനേജ്മെന്റ് പ്ലാൻ നിഷ്കർഷിക്കുന്ന എല്ലാ പ്രവർത്തനങ്ങളും കർശനമായി നടപ്പിലാക്കി വരുന്നു. ആവാസവ്യവസ്ഥ പരിപാലനവുമായി ബന്ധപ്പെട്ട് വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കൽ, മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങൾ (ചെക്ക്ഡാം നിർമ്മാണം, ഗള്ളി പ്ലഗ്ഗിംഗ്) കള നിർമ്മാർജ്ജനം, കാട്ടുതീയിൽ നിന്നുള്ള സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ ജനപങ്കാളിത്തത്തോടെ കാര്യക്ഷമമായി നടത്തിവരുന്നു. കൂടാതെ ദേശീയ ബാംബൂ മിഷൻ, നാഷണൽ അഫോറസ്റ്റേഷൻ പ്രോഗ്രാം, ഗ്രീൻ ഇന്ത്യ മിഷൻ തുടങ്ങിയ പദ്ധതികളും വനം വകുപ്പ് നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ വനം കയ്യേറ്റശ്രമങ്ങൾ യഥാസമയം കണ്ടെത്തുകയും അവ തടയുകയും വനം കയ്യേറ്റമുണ്ടായാൽ

ആയവ ഉടനടി ഒഴിപ്പിച്ച് കുറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. വനഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തി നിർണ്ണയിച്ച് സ്ഥിരം ജണ്ട കെട്ടിയും കയ്യാല സ്ഥാപിച്ചും വനം കയ്യേറ്റത്തിന് സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ നിരന്തരം പട്രോളിംഗ് നടത്തിയും വനപരിപാലനം നടത്തുന്നു.

(സി) കാട്ടുതീ പ്രതിരോധത്തിന് വേനൽക്കാലത്തിന്റെ തുടക്കത്തിൽ തീ പടരാൻ സാധ്യതയുള്ള വനത്തിനുള്ളിലും അതിർത്തിയിലും കുറ്റിക്കാടുകളും പുല്ലുകളും ചെത്തി ഫയർലൈൻ തയ്യാറാക്കി വരുന്നു. ഇക്കാര്യത്തിൽ വർഷംതോറും കാട്ടുതീ വിപത്തിനെ സംബന്ധിച്ച ബോധവൽക്കരണറാലി, പരസ്യചിത്രങ്ങൾ, കാട്ടുതീയുടെ പ്രത്യാഘാതങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്തുന്ന ബോർഡുകൾ എന്നിവ സ്ഥാപിക്കുകയും ഫയർ ഗ്യാംഗ്, ഫയർ വാച്ചർമാർ തുടങ്ങിയവരുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾ, പങ്കാളിത്ത വനപരിപാലനത്തിലൂടെ കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ വഴിയും കാട്ടുതീ ഫലപ്രദമായി തടയുന്നുണ്ട്. അതികഠിനമായ വേനൽ കാലത്ത് കാട്ടുതീ പടരാൻ സാധ്യതയുള്ള സംരക്ഷിത മേഖലകൾ ചീഫ് വൈൽഡ്ലൈഫ് വാർഡന്റെ അനുമതിയോടുകൂടി നിശ്ചിതകാലയളവിൽ അടച്ചിടാറുണ്ട്. വനാതിർത്തിയോട് ചേർന്ന പ്രദേശങ്ങളിലെ പൊതുസമൂഹത്തിനും വനാന്തർഭാഗത്തെ ആദിവാസി സമൂഹത്തിനും കാട്ടുതീ പ്രതിരോധം സംബന്ധിച്ച് പ്രത്യേകം നിർദ്ദേശം നൽകുവാൻ റേഞ്ചുകൾ മുഖേന ശ്രദ്ധിക്കുന്നതാണ്. ഈ വർഷം കാലവർഷം തീരെ കുറവായതിനാൽ കാട്ടുതീ പടരാനുള്ള സാഹചര്യം വളരെ ഗൗരവമായി കണക്കിലെടുത്ത് വനമേഖലയുമായി ബന്ധപ്പെട്ട എല്ലാ ആളുകളെയും ജാഗരൂകരായിരിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. ഓരോ ടെറിട്ടോറിയൽ/വൈൽഡ്ലൈഫ് ഡിവിഷനുകൾക്ക് കീഴിലും ഒരു റെയിഞ്ച് ഓഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന 2-3 പേരടങ്ങിയ ഫയർ കൺട്രോൾറൂം പ്രവർത്തന സജ്ജമാണ്. ഏതെങ്കിലും ഒരു മേഖലയിൽ കാട്ടുതീ ഉണ്ടായാൽ ഡിവിഷനിൽ നിലവിലുള്ള വനം വകുപ്പ് ജീവനക്കാരെക്കൊണ്ട് തീ നിയന്ത്രിക്കാൻ സാധിക്കാത്ത സാഹചര്യം ഉണ്ടാവുകയാണെങ്കിൽ അതിനെ ഫലപ്രദമായി നേരിടാൻ മറ്റു വകുപ്പുകൾ കൂടെ ഉൾപ്പെട്ട ക്രൈസിസ് മാനേജ്മെന്റ് ടീം അതാത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/വൈൽഡ്ലൈഫ് വാർഡൻമാരുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**വനം വകുപ്പിലെ നിയമനങ്ങൾ**

83 (852) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ നിലവിൽ വന്നതിനുശേഷം വനം വകുപ്പിൽ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നത് സംബന്ധിച്ച വിവരങ്ങൾ തസ്തിക തിരിച്ച് ലഭ്യമാക്കുമോ?

## ഉത്തരം

ഈ സർക്കാർ നിലവിൽ വന്നതിനുശേഷം വനം വകുപ്പിൽ 117 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. തസ്തിക തിരിച്ച് വിശദാംശം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | ഫോറസ്റ്റ് റെയിഞ്ച് ഓഫീസർ | 5 |
| 2 | സെക്ഷൻ ഫോറസ്റ്റ് ഓഫീസർ | 18 |
| 3 | ബീറ്റ് ഫോറസ്റ്റ് ഓഫീസർ | 6 |
| 4 | ക്ലാർക്ക് | 30 |
| 5 | ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് | 6 |
| 6 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 5 |
| 7 | ഓഫീസ് അറ്റന്റന്റ് | 17 |
| 8 | ഡ്രൈവർ | 3 |
| 9 | ലാസ്കർ | 2 |
| 10 | നൈറ്റ് വാച്ചർ | 12 |
| 11 | ട്രൈബൽ വാച്ചർ | 3 |
| 12 | റിസർവ് ഫോറസ്റ്റ് വാച്ചർ | 1 |
| 13 | പാർട്ട് ടൈം സ്വീപ്പർ | 9 (എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന) |
| | ആകെ | 117 |

## വനം വകുപ്പിന്റെ സ്ഥലത്തിലുള്ള കയ്യേറ്റം

84 (853) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവില്വാമല-പാമ്പാടി നെഹ്റു എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് വനം വകുപ്പിന്റെ സ്ഥലം കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ടോ ;

(ബി) എത്ര ഏക്കർ സ്ഥലം കയ്യേറിയതായിട്ടാണ് വനം വകുപ്പ് കണ്ടെത്തിട്ടുള്ളത് ; എന്നാണ് സ്ഥലം കയ്യേറിയതായി കണ്ടെത്തിയതെന്നും കയ്യേറിയ സ്ഥലത്ത് നിർമ്മാണ പ്രവൃത്തികൾ നടത്തിയിട്ടുണ്ടോയെന്നും വിശദമാക്കുമോ ;

(സി) കയ്യേറിയ സ്ഥലം ഒഴിപ്പിച്ച് വനം വകുപ്പിൽ നിക്ഷിപ്തമാക്കുന്നതിന് എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) പാമ്പാടി നെഹ്റു കോളേജ് വനഭൂമി കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) ഒരു ഏക്കർ നാൽപത്തിയൊന്ന് സെന്റ് നിക്ഷിപ്ത വനഭൂമി കയ്യേറിയതായാണ് കണ്ടെത്തിയിട്ടുള്ളത്. 2016 ജനുവരിയിൽ ആണ് കയ്യേറ്റം കണ്ടെത്തിയത്. കയ്യേറിയ സ്ഥലത്തിലെ 3 സെന്റ് ഉൾപ്പെടുന്ന സ്ഥലം കൂട്ടിച്ചേർത്ത് നെഹ്റു കോളേജ് ബാഡ്മിന്റൺകോർട്ട് സ്ഥാപിച്ചിട്ടുണ്ട്.

(സി) കയ്യേറിയ സ്ഥലത്തിലെ 3 സെന്റ് സ്ഥലം ഒഴികെ ബാക്കി 1 ഏക്കർ 38 സെന്റ് സ്ഥലം വനം വകുപ്പ് തിരികെ ഏറ്റെടുക്കുകയും അതിർത്തിയിൽ ജണ്ടകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഒഴിപ്പിക്കാൻ ബാക്കിയുള്ള 3 സെന്റ് സ്ഥലം ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

**ഇക്കോ ടൂറിസം പദ്ധതി**

85 (854) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ ജാനകിക്കാട് ഇക്കോ ടൂറിസം പദ്ധതി പുനരുജ്ജീവിപ്പിക്കാൻ പദ്ധതിയുണ്ടോ ;

(ബി) ഇതിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ജാനകിക്കാട് ഇക്കോ ടൂറിസം നിലവിൽ നല്ല രീതിയിൽ നടന്നു വരുന്നുണ്ട്. ടി സെന്ററിൽ 2015-16 വർഷം വന നിയമങ്ങൾക്ക് വിധേയമായി വനം കാണാനെത്തുന്നവർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. പൂർണ്ണമായും നിബിഡ വനത്താൽ ചുറ്റപ്പെട്ടതാണ് ഈ പ്രദേശം.

**കുടുംബ പെൻഷൻ അനുവദിക്കുന്നതിലെ കാലതാമസം**

86 (855) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ ജോലി ചെയ്ത് വിരമിക്കുന്നവർക്കും മരിച്ച ജീവനക്കാരുടെ ബന്ധുക്കൾക്കും പെൻഷൻ ലഭിക്കുവാൻ കാലതാമസം നേരിടാറുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) വനം വകുപ്പിന്റെ തേക്കടി റേഞ്ചിൽ ഗാർഡായിരിക്കെ 2008-ൽ മരണപ്പെട്ട കെ.ജി. ഭാസ്കരൻ നായരുടെ വിധവ ശ്രീമതി രാജമ്മയ്ക്ക് കുടുംബ പെൻഷൻ നാളിതുവരെയായി അനുവദിയ്ക്കാത്തതിന്റെ കാരണം വിശദീകരിക്കുമോ;

(സി) ശ്രീമതി രാജമ്മയ്ക്ക് എന്നത്തേക്ക് കുടുംബ പെൻഷൻ അനുവദിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പെൻഷൻ ആനുകൂല്യങ്ങൾ നൽകാൻ കാലതാമസം ഉണ്ടാകാറില്ല.

(ബി&സി) പരേതനായ ഫോറസ്റ്റ് ഗാർഡ് കെ.ജി. ഭാസ്കരൻ നായർക്ക് വനം വകുപ്പിലെ സേവനം പരിഗണിച്ചുള്ള പെൻഷനും മിലിട്ടറി സേവനം പരിഗണിച്ചുള്ള ഡിഫൻസ് പെൻഷനും അർഹതയുണ്ടായിരുന്നു. എന്നാൽ ഒരു സമയം ഒരുതരം പെൻഷന് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂവെന്ന ചട്ടമുണ്ടായിരുന്നതിനാൽ ടിയാൻ ഡിഫൻസ് പെൻഷനായിരുന്നു തെരഞ്ഞെടുത്തത്. തുടർന്ന് 30-9-2014-ലെ സ.ഉ. (പി) നമ്പർ 427/2014/ധന ഉത്തരവ് പ്രകാരം രണ്ടുതരം പെൻഷനും അനുവദിക്കാവുന്നതാണെന്ന് ഉത്തരവായി. ശ്രീ. കെ. ജി. ഭാസ്കരൻ നായർ 24-5-2008-ൽ അന്തരിച്ചു. തുടർന്ന് ടിയാന്റെ വിധവയ്ക്ക് ഫാമിലി പെൻഷൻ കൂടി അനുവദിക്കാനുള്ള അപേക്ഷ അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചു. 29-12-2016-ലെ അക്കൗണ്ടന്റ് ജനറലിന്റെ നിർദ്ദേശപ്രകാരം പെരിയാർ ഈസ്റ്റ് ഡിവിഷനിലെ ഡെപ്യൂട്ടി ഡയറക്ടർ ഫാമിലി പെൻഷൻ അനുവദിച്ച് അക്കൗണ്ടന്റ് ജനറലിന്റെ അംഗീകാരത്തിനായി നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ അനുമതി ലഭ്യമായതിനുശേഷമേ സിവിൽ ഫാമിലി പെൻഷൻ അനുവദിക്കാൻ കഴിയുകയുള്ളൂ.

## വെള്ളറട ഗ്രാമപഞ്ചായത്തിൽ ഫോറസ്റ്റ് ഔട്ട്പോസ്റ്റ്

87 (856) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ വെള്ളറട ഗ്രാമപഞ്ചായത്തിൽ വനം വകുപ്പിന്റെ അധീനതയിൽ ഉള്ള സ്ഥലത്ത് ഒരു ഫോറസ്റ്റ് ഔട്ട്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ദിനംപ്രതി 2000-ത്തിലധികം ആൾക്കാർ സന്ദർശിക്കുന്ന നെയ്യാർ ഡാമിന്റെയും ചീങ്കണ്ണി പാർക്കിന്റെയും ലയൺ സഫാരി പാർക്കിന്റെയും അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) പാറശ്ശാല മണ്ഡലത്തിലെ വെള്ളറട ഗ്രാമപഞ്ചായത്തിൽ വനം വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് ഒരു ഫോറസ്റ്റ് ഔട്ട്പോസ്റ്റിന്റെ ആവശ്യം നിലവിലുള്ളതായി കാണുന്നില്ല.

(ബി) നെയ്യാറിലെ ചീങ്കണ്ണി പാർക്കിലും ലയൺ സഫാരി പാർക്കിലും അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## മറയൂരിലെ ചന്ദനമരം മോഷണം

88 (857) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മറയൂരിൽ നിന്ന് ഈ വർഷം എത്ര ചന്ദനമരങ്ങൾ മോഷണം പോയിട്ടുണ്ട് ; ഇതിലെ പ്രതികൾക്കെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

മറയൂർ ഡിവിഷനിൽ 2017-ൽ ഒരു ചന്ദനമരവും ഒരു ചന്ദനമരത്തിന്റെ ശിഖരവും മോഷണം പോയിട്ടുണ്ട്. ഈ ചന്ദന മോഷണത്തിന് രണ്ട് ഒ.ആർ. കേസ്സുകൾ ബുക്ക് ചെയ്തിട്ടുണ്ട്. ഇതിൽ ഒരു കേസിലെ രണ്ട് പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. മറ്റ് പ്രതികളെ കണ്ടെത്തുന്നതിനായി അന്വേഷണം നടന്നു വരുന്നു.

## ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സിലെ ജീവനക്കാരുടെ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലെ വിലവിവര പട്ടിക

89 (858) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്തെ ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സിലെ ജീവനക്കാരുടെ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ വിലവിവര പട്ടിക പ്രദർശിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പരിശോധനകൾ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണ് പരിശോധന നടത്തിയത് ; പരിശോധനാഫലം വെളിപ്പെടുത്താമോ?

ഉത്തരം

(എ) പരിശോധന നടത്തിയിട്ടുണ്ട്.

(ബി) 28-9-2016-നാണ് പരിശോധന നടത്തിയത്. അന്നേ ദിവസം സംഘത്തിൽ വിലവിവരപ്പട്ടിക പ്രദർശിപ്പിച്ചിട്ടുണ്ടായിരുന്നില്ല. എന്നാൽ നിലവിൽ സംഘത്തിൽ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നുണ്ട്.

## വനങ്ങളുടെ സംരക്ഷണം

90 (859) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനവിസ്തൃതി ഓരോ വർഷവും കുറഞ്ഞു വരുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിൽ വനങ്ങളുടെ സംരക്ഷണത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണുള്ളതെന്ന് വിശദമാക്കുമോ;

(സി) നിലവിലുള്ള പദ്ധതികൾ തുടരാനും കൂടുതൽ ശക്തിപ്പെടുത്തുവാനും തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) വനങ്ങളുടെ സംരക്ഷണത്തിന് എന്തെല്ലാം പുതിയ പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വനവിസ്തൃതിക്ക് കഴിഞ്ഞ വർഷത്തിൽ കുറവ് വന്നിട്ടില്ല.

(ബി&സി) വനം വകുപ്പിന്റെ എല്ലാ പദ്ധതികളും നേരിട്ടോ പരോക്ഷമായോ വന സംരക്ഷണവും പരിസ്ഥിതി സംരക്ഷണവും ലക്ഷ്യം വച്ച് ആവിഷ്കരിച്ചിട്ടുള്ളതാണ്. ഈ സർക്കാർ ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. വനസംരക്ഷണം (വനാതിർത്തി സർവ്വേയും വനം സംരക്ഷണവും)
2. നാശോന്മുഖമായ വനപ്രദേശങ്ങളിൽ വനം വച്ചുപിടിപ്പിക്കലും ഔഷധ സസ്യ പരിപാലനവും
3. തോട്ടങ്ങളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ
4. അടിസ്ഥാന സൗകര്യ വികസനം
5. ജൈവവൈവിദ്ധ്യ സംരക്ഷണവും സംരക്ഷിത പ്രദേശ പരിപാലനവും
6. പരിസ്ഥിതി വികസന പരിപാടി
7. ദേശീയ വനവത്കരണ പരിപാടി - ഹരിത ഇന്ത്യയ്ക്കായുള്ള ദേശീയ ദൗത്യം
8. സംയോജിത വനസംരക്ഷണ പദ്ധതി
9. പരിസ്ഥിതി വിനോദ സഞ്ചാരം
10. മാനവശേഷി വികസനം
11. വിഭവ ആസൂത്രണവും ഗവേഷണവും
12. വനപരിപാലന വിവര സമ്പ്രദായവും ഭൗമവിവര സാങ്കേതിക സംവിധാനവും

13. എക്സ്റ്റൻഷൻ, കമ്മ്യൂണിറ്റി ഫോറസ്ട്രി, അഗ്രോ ഫോറസ്ട്രി
14. ഗ്രാമീണ അടിസ്ഥാന വികസനം
15. മനുഷ്യനും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ
16. നീലഗിരി ബയോസ്ഫിയർ റിസർവ്
17. പ്രോജക്ട് എലിഫന്റ്
18. അഗസ്ത്യമല ബയോസ്ഫിയർ റിസർവ്
19. നീർത്തടഭൂമി സംരക്ഷണ പദ്ധതി
20. വയനാട് വന്യജീവി സങ്കേതത്തിലെ ആവാസവ്യവസ്ഥയുടെ സംയോജിത വികസനം

നിലവിലുള്ള പദ്ധതികൾ തുടരുന്നതിനും അവ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുള്ളതിനെത്തുടർന്ന് തൻവർഷത്തിൽ വിവിധ ബഡ്ജറ്ററി ശീർഷകങ്ങളിലായി (പദ്ധതി) തുക വകയിരുത്തി അവ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്.

(ഡി) വനങ്ങളുടെ സംരക്ഷണത്തിനായി ആധുനിക ഉപകരണങ്ങൾ വാങ്ങുക, നിലവിലുള്ള ഫോറസ്റ്റ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുക, മാതൃകാ ഫോറസ്റ്റ് സ്റ്റേഷനുകൾ നിർമ്മിക്കുക, വാർത്താവിനിമയ പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തുക, ജീവനക്കാർക്ക് ആധുനിക രീതിയിലുള്ള പരിശീലനം നൽകുക വഴി വനങ്ങളുടെ പരിപാലനം യന്ത്രവത്കരിക്കുക തുടങ്ങിയ പ്രധാന പദ്ധതികൾ ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നു. കൂടാതെ വനങ്ങളുടെ സംരക്ഷണത്തിന് ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ബഹു. ഗവർണർ 24-6-2016-ൽ നിയമസഭയിൽ ചെയ്ത പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു.

1. സാമൂഹ്യവനവൽക്കരണത്തിന് പ്രത്യേക ഊന്നൽ, വൃക്ഷങ്ങൾ ഫലവൃക്ഷങ്ങൾ, ഔഷധ ചെടികൾ എന്നിവയുടെ നടീൽ പ്രോത്സാഹിപ്പിക്കൽ.
2. സ്വകാര്യഭൂമിയിൽ വൃക്ഷത്തൈ വച്ചുപിടിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകുന്ന പദ്ധതി.
3. ഇക്കോ ടൂറിസവുമായി ബന്ധപ്പെട്ട് വനമേഖലയിലെ സന്ദർശനങ്ങൾ കൊണ്ട് വനമേഖലയിൽ ഉണ്ടാകുന്ന ആഘാതങ്ങളുടെ ശാസ്ത്രീയ പഠനം

4. അവശേഷിക്കുന്ന വനമേഖലകളിൽക്കൂടി ഫോറസ്റ്റ് സ്റ്റേഷനുകൾ വ്യാപിപ്പിക്കൽ.

5. വനാതിർത്തി വേർതിരിക്കുന്ന പ്രക്രിയ പൂർത്തിയാക്കൽ.

6. വനമേഖലയിൽ സ്ഥിരമായ ജാഗ്രത പുലർത്തുന്നതിനും നിരീക്ഷണത്തിനും ക്യാമറകൾ സ്ഥാപിക്കൽ.

7. വനമേഖലയിൽ വാർത്താവിനിമയ ശൃംഖല ശക്തിപ്പെടുത്തൽ.

8. വയനാട് ജില്ലയെ കാർബൺ തുലിതമായി മാറ്റുന്നതിനുള്ള പദ്ധതി.

9. മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷം ലഘൂകരിക്കുന്നതിന് വനാതിർത്തിയിലൂടെയുള്ള വേലി നിർമ്മാണം - കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കെ.ഐ.ഐ.എഫ്.ബി.)-യുടെ ധനസഹായത്തോടുകൂടി സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് പ്ലാനിൽ (Anti-recession package) നടപ്പാക്കുന്ന പദ്ധതി.

**കോതമംഗലം ഇക്കോ ടൂറിസം മേഖല**

91 (860) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗംലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിലെ പൂയംകുട്ടി, ഇടമലയാർ, മാമലക്കണ്ടം എന്നീ പ്രദേശങ്ങളെ ഇക്കോ ടൂറിസം മേഖലയായി പ്രഖ്യാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ പ്രദേശങ്ങളെ ഇക്കോ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ബി) അയ്യായിരത്തിലധികം ആദിവാസികൾ അധിവസിക്കുന്ന കുട്ടമ്പുഴ പഞ്ചായത്ത് മേഖലയെ ഇക്കോടൂറിസം മേഖലയായി പ്രഖ്യാപിക്കുന്നതിലൂടെ, വനസംരക്ഷണ സമിതി വഴി നടപ്പിലാക്കാവുന്ന തൊഴിൽ സാദ്ധ്യത കണക്കിലെടുത്ത് ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

ഉത്തരം

(എ&ബി) കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിലെ പൂയംകുട്ടി, ഇടമലയാർ, മാമലക്കണ്ടം പ്രദേശങ്ങളൊന്നും നിലവിൽ ഇക്കോടൂറിസം മേഖലയായി പ്രഖ്യാപിച്ചിട്ടില്ല. കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിലെ മേൽ പ്രദേശങ്ങൾ റിസർവ് വനത്തിന്റെ ഭാഗമാണ്. റിസർവ് വനപ്രദേശങ്ങളിൽ ഇക്കോ ടൂറിസം പരിപാടികൾ നടപ്പിലാക്കണമെങ്കിൽ വന സംരക്ഷണ നിയമ പ്രകാരം കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമാണ്.

## നിലമ്പൂർ മണ്ഡലത്തിൽ വനം വകുപ്പിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം

92 (861) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിൽ വനംവകുപ്പിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കാമോ; നിയമനങ്ങൾ എംപ്ലോയ്മെന്റ് വഴിയാക്കുവാനുള്ള നടപടി സ്വീകരിക്കുമോ; ഇതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ;

(ബി) 2011 മുതൽ 2016 വരെ നിയമിച്ച താൽക്കാലിക ജീവനക്കാർ ഇപ്പോഴും ജോലി ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർ, അവരുടെ പേര്, ഔദ്യോഗിക വിലാസം, തസ്തിക എന്നിവ ലഭ്യമാക്കാമോ ;

(സി) ആദിവാസി വിഭാഗത്തിൽപ്പെട്ട എത്ര താൽക്കാലിക ജീവനക്കാർ ഇപ്പോൾ വനംവകുപ്പിൽ ജോലി ചെയ്യുന്നു; വിശദവിവരം ലഭ്യമാക്കുമോ ;

(ഡി) 14 വർഷത്തിലധികമായി താൽക്കാലിക ജോലി ചെയ്ത് കൊണ്ടിരിക്കുന്നവരെ സ്ഥിരപ്പെടുത്താനായുള്ള അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

### ഉത്തരം

(എ) അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികയിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിനുമുമ്പ് പ്രസ്തുത തസ്തികയിലേയ്ക്ക് നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ് നിലവിലില്ല എന്ന് പി.എസ്.സി.-യിൽ നിന്നും രേഖാമൂലം ഉറപ്പ് വരുത്തിയ ശേഷമാണ് എംപ്ലോയ്മെന്റ് ഓഫീസ് മുഖേന നിയമനം നൽകുന്നത്. ജില്ലാ എംപ്ലോയ്മെന്റ് ഓഫീസിൽ നിന്നും നിയമനം നടത്താത്ത സാഹചര്യത്തിൽ ഓഫീസ് പ്രവർത്തനം സുഗമമായി നടത്തിക്കൊണ്ടു പോകുന്നതിനായി അത്യാവശ്യ ഘട്ടങ്ങളിൽ മാത്രമേ താൽക്കാലിക ജീവനക്കാരെ നിയമിക്കാറുള്ളൂ. പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുന്നതിന് നിയമതടസ്സങ്ങൾ ഒന്നും നിലവിലില്ല. കൂടാതെ വനസംരക്ഷണത്തിനും വന്യമൃഗങ്ങളുടെ ശല്യമുള്ള പ്രദേശങ്ങളിലും കാട്ടുതീയിൽ നിന്നും വനസമ്പത്തിനെ സംരക്ഷിക്കുന്നതിന് ആവശ്യമുള്ളവരെ വിവിധ ജോലികളുടെ അടങ്കലുകളിൽ ഉൾപ്പെടുത്തി മസ്റ്റർ റോൾ പ്രകാരം ദിവസവേതനത്തിൽ നിയോഗിക്കാറുണ്ട്. ഇത് സ്ഥിരം തസ്തികകൾ അല്ലാത്തതുകൊണ്ട് എംപ്ലോയ്മെന്റ് വഴിയുള്ള നിയമനത്തിന് സാധുതയില്ല.

(ബി) വനം വകുപ്പിൽ സ്ഥിരം തസ്തികയിൽ താൽക്കാലിക ജീവനക്കാർ ആരും തന്നെ ജോലി ചെയ്യുന്നില്ല. വിവിധ ഫോറസ്ട്രി ജോലികൾക്ക് മസ്ദൂർമാരായി 2011 മുതൽ 2016 വരെ ജോലി ചെയ്തിരുന്നവർ ഇപ്പോഴും ജോലി ചെയ്യുന്നുണ്ട്.

(സി) വനം വകുപ്പിൽ സ്ഥിരം തസ്തികയിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട ആരും തന്നെ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നില്ല. എന്നാൽ മസ്റ്റർ റോൾ വ്യവസ്ഥ പ്രകാരം ആദിവാസി വിഭാഗത്തിൽപ്പെട്ടവരുടെ സേവനവും ലഭ്യമാക്കാറുണ്ട്.

(ഡി) 14 വർഷത്തിലധികമായി താൽക്കാലിക ജോലി ചെയ്ത് വരുന്നവരെ സ്ഥിരപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

## ന്യൂട്രിനോ ഒബ്സർവേറ്ററി പ്രോജക്ട്

93 (862) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിലെ ന്യൂട്രിനോ ഒബ്സർവേറ്ററി പ്രോജക്ടിൽ സംസ്ഥാനത്തിന്റെ ഏതെല്ലാം പ്രദേശങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രോജക്ടിന്റെ ഉദ്ദേശലക്ഷ്യമെന്താണെന്ന് വിശദമാക്കാമോ ; പദ്ധതി നടപ്പിലാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) പദ്ധതിയെ സംബന്ധിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇടുക്കി ജില്ലയിലെ ദേവികുളം, ഉടുമ്പൻചോല എന്നീ താലൂക്കുകളുടെ ചില ഭാഗങ്ങൾ ഇന്ത്യയിലെ ന്യൂട്രിനോ ഒബ്സർവേറ്ററി പ്രോജക്ടിൽ ഉൾപ്പെട്ടിട്ടുണ്ട്.

(ബി&സി) പ്രോജക്ട് റിപ്പോർട്ട് ഈ വകുപ്പിൽ ലഭ്യമല്ല.

## സംസ്ഥാനത്തെ വനഭൂമി

94 (863) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര ഏക്കർ വനഭൂമിയുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ഓരോ ജില്ലയിലും എത്ര ഏക്കർ വനഭൂമിയുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ആകെ എത്ര ഏക്കർ വനഭൂമി കയ്യേറിയിട്ടുണ്ടെന്ന് അറിയിക്കുമോ ; ഏതൊക്കെ ജില്ലകളിലാണ് കയ്യേറ്റം നടന്നിട്ടുള്ളതെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ആകെ 11,30,941.71 ഹെക്ടർ (27,94,613.50 ഏക്കർ) വനഭൂമിയാണ് നിലവിലുള്ളത്.

(ബി) ഉണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ല | വിസ്തീർണ്ണം | |
|---|---|---|---|
| | | (ഹെക്ടറിൽ) | (ഏക്കറിൽ) |
| 1 | തിരുവനന്തപുരം | 46383.41 | 114615.73 |
| 2 | കൊല്ലം | 84056.72 | 207708.36 |
| 3 | പത്തനംതിട്ട | 153379.37 | 379008.09 |
| 4 | കോട്ടയം | 10084.5 | 24919.3 |
| 5 | എറണാകുളം | 82383.02 | 203572.56 |
| 6 | ഇടുക്കി | 271372.26 | 670574.42 |
| 7 | തൃശ്ശൂർ | 102275.17 | 252727.06 |
| 8 | പാലക്കാട് | 152735.64 | 377417.4 |
| 9 | മലപ്പുറം | 72391.81 | 178883.78 |
| 10 | കോഴിക്കോട് | 29045.14 | 71771.99 |
| 11 | വയനാട് | 90704.47 | 224135.28 |
| 12 | കണ്ണൂർ | 24157.16 | 59693.55 |
| 13 | കാസർഗോഡ് | 11973.04 | 29585.98 |
| | ആകെ | 1130941.71 | 2794613.50 |

(സി) വനം കയ്യേറ്റം 31-3-2016-ലെ സ്റ്റാറ്റസ് ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

| ജില്ല | വനം സർക്കിൾ | വനം ഡിവിഷൻ | അനധികൃത വനം കയ്യേറ്റം | |
|---|---|---|---|---|
| | | | (ഹെക്ടറിൽ) | (ഏക്കറിൽ) |
| (1) | (2) | (3) | (4) | (5) |
| തിരുവനന്തപുരം | | തിരുവനന്തപുരം | ... | ... |
| പത്തനംതിട്ട | | കോന്നി | 10.59 | 26.17 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| കൊല്ലം | സതേൺ സർക്കിൾ | റാന്നി | 1.13 | 2.79 |
| | | തെന്മല | 7.24 | 17.88 |
| | | ആകെ | 18.96 | 46.84 |
| എറണാകുളം | | കോതമംഗലം | 147.6 | 364.72 |
| കോട്ടയം | ഹൈറേഞ്ച് സർക്കിൾ | കോട്ടയം | 121.49 | 304.63 |
| ഇടുക്കി | | മൂന്നാർ | 1099.65 | 2717.3 |
| | | മറയൂർ | 0.03 | 0.09 |
| | | മാങ്കുളം | 358.43 | 1546.08 |
| | | ആകെ | 1727.20 | 4932.82 |
| തൃശ്ശൂർ | സെൻട്രൽ സർക്കിൾ | ചാലക്കുടി | ... | ... |
| എറണാകുളം | | തൃശ്ശൂർ | 147.04 | 363.99 |
| | | മലയാറ്റൂർ | 129.29 | 319.47 |
| | | ആകെ | 276.33 | 683.46 |
| മലപ്പുറം | ഈസ്റ്റേൺ സർക്കിൾ | നിലമ്പൂർ നോർത്ത് | 682.53 | 1691.78 |
| പാലക്കാട് | | നിലമ്പൂർ സൗത്ത് | 2.11 | 5.22 |
| | | പാലക്കാട് | 190.58 | 796.08 |
| | | മണ്ണാർക്കാട് | 2700.34 | 6672.66 |
| | | നെന്മാറ | 244.19 | 603.39 |
| | | ആകെ | 3819.75 | 9769.13 |
| കോഴിക്കോട് | നോർത്തേൺ സർക്കിൾ | കോഴിക്കോട് | 10.4 | 25.69 |
| വയനാട് | | വയനാട് സൗത്ത് | 1369.29 | 3798.84 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| കണ്ണൂർ | | വയനാട് നോർത്ത് | 369.74 | 1427.52 |
| കാസർഗോഡ് | | കണ്ണൂർ | 11.02 | 27.24 |
| | | കാസർഗോഡ് | ... | 0.00 |
| | | ആകെ | 1760.45 | 5279.29 |
| കോട്ടയം | ഫീൽഡ് ഡയറക്ടർ, കോട്ടയം | പെരിയാർ ഈസ്റ്റ് | 0.0061 | 0.02 |
| ഇടുക്കി | | ഇടുക്കി | 5.40 | 13.36 |
| | | ആകെ | 5.4061 | 13.38 |
| തൃശ്ശൂർ | വൈൽഡ് ലൈഫ് സർക്കിൾ, പാലക്കാട് | പീച്ചി | 193.02 | 476.95 |
| വയനാട് | | വയനാട് | ... | ... |
| കണ്ണൂർ | | ആറളം | ... | ... |
| | | ആകെ | 193.02 | 476.95 |
| | ആകെ | | 7801.1161 | 21201.87 |

## അതിരപ്പിള്ളി ടൂറിസ്റ്റ് മേഖലയിൽ ടോയ്‌ലറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി

95 (864) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി ടൂറിസ്റ്റ് മേഖലയിൽ ടോയ്‌ലറ്റ് സൗകര്യങ്ങളൊരുക്കുന്നതിന് സ്ഥലം വിട്ടു നൽകുന്നതിനും, ടോയ്‌ലറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും വനം വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ ആവശ്യമായ നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) നിലവിൽ അതിരപ്പിള്ളി, വാഴച്ചാൽ പിക്നിക് സ്പോട്ടുകളിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം ടോയ്‌ലറ്റ് സൗകര്യങ്ങൾ ഉണ്ട്. ആയത് വിപുലീകരിക്കുന്നതിനുള്ള നടപടികൾ വനം വകുപ്പ് സ്വീകരിച്ചു വരുന്നു.

(ബി) അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് പുളിയിലപ്പാറയിൽ നിലവിലുള്ള ഒരു ടോയ്‌ലറ്റ് തകർന്നു പോയ സ്ഥലത്ത് സെമി പെർമെനന്റ് ഓട്ടോമേറ്റഡ് ടോയ്‌ലറ്റ് സ്ഥാപിക്കുന്നതിന് ആവശ്യപ്പെട്ട അനുമതി നൽകിയിട്ടുണ്ട്. അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ കൂടുതൽ നടപടികൾ സ്വീകരിക്കുന്നതാണ്.

**വനപ്രദേശത്ത് നടപ്പിലാക്കുന്ന പ്രവൃത്തികൾ**

96 (865) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് വനപ്രദേശത്ത് നടപ്പിലാക്കുന്ന പ്രവൃത്തികൾ നിലവിൽ ഏതു വിധത്തിലാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഓരോ ഫോറസ്റ്റ് റെയ്ഞ്ചിനു കീഴിലും നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് സ്ഥിരമായും വർഷങ്ങളായും ഒരേ കൺവീനർ തന്നെ തുടരുന്ന വിഷയം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഇത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും കൺവീനർക്കും അഴിമതി നടത്തുന്നതിനുള്ള സാഹചര്യം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വർഷങ്ങളായി പ്രാഥമിക വിദ്യാഭ്യാസം പോലും ഇല്ലാത്ത കൺവീനർമാരെ ഉദ്യോഗസ്ഥർ പറ്റിച്ച് പണം കൈക്കലാക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിലേക്കായി കൺവീനർമാരെ പ്രദേശത്തെ ബെനിഫിഷ്യറി മീറ്റിംഗിൽ കൂടിയാലോചന നടത്തി കാലാകാലങ്ങളിൽ മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കാമോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ) വനസംരക്ഷണം, വനപരിപാലനം, തോട്ടങ്ങളുടെ പരിപാലനം, അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ, ചെറുകിട മരാമത്ത് പണികൾ എന്നിവ കൺവീനർമാർ മുഖേന ചെയ്തുവരുന്നു. എന്നാൽ തോട്ടങ്ങളുടെ അടച്ചുമുറി, വൻകിട മരാമത്ത് പണികൾ, വൈദ്യുത കമ്പിവേലി നിർമ്മാണം എന്നിങ്ങനെ വലിയ പണച്ചെലവും വൈദഗ്ദ്ധ്യവും ആവശ്യമായ പ്രവൃത്തികൾ ടെണ്ടർ വ്യവസ്ഥയിൽ കരാറുകാർ മുഖാന്തിരം ചെയ്തുവരുന്നു.

(ബി) ഉണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കൺവീനർ സിസ്റ്റത്തിൽ തൊഴിലാളികളിൽ ഒരാളെയാണ് കൺവീനറായി തെരഞ്ഞെടുക്കുന്നത്. വനസംരക്ഷണ പ്രവർത്തനങ്ങളിലും തോട്ടം പരിപാലന പ്രവൃത്തികളിലുമുള്ള വൈദഗ്ദ്ധ്യത്തെ അടിസ്ഥാനമാക്കിയാണ് കൺവീനറെ തെരഞ്ഞെടുക്കുന്നത്. കൺവീനർക്ക് അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത നിഷ്കർഷിക്കുന്നില്ല. ഏതെങ്കിലും പ്രദേശത്ത് കൺവീനർമാരെ ഉദ്യോഗസ്ഥർ പറ്റിച്ച് പണം കൈക്കലാക്കുന്ന സാഹചര്യമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പട്ടയഭൂമിയിൽ വച്ചുപിടിപ്പിച്ച മരങ്ങളുടെ മുറിച്ചു മാറ്റൽ

97 (T866) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം, ഉടുമ്പൻചോല താലൂക്കുകളിൽ പട്ടയഭൂമിയിൽ വച്ചുപിടിപ്പിച്ച മരങ്ങൾ മുറിച്ചു മാറ്റുന്നതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെടുത്ത തീരുമാനം അട്ടിമറിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തുടനീളം പട്ടയം നല്കുന്നതിനായുള്ള പ്രധാന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 4-1-2017-ന് ചേർന്ന യോഗത്തിൽ വനേതര സ്വകാര്യ ഭൂമിയിലെ മരം മുറിക്കുന്നതിനുള്ള അനുമതി സംബന്ധമായ വിഷയം ചർച്ച ചെയ്തിരുന്നു. ടി യോഗത്തിൽ വനേതര സ്വകാര്യ ഭൂമിയിലെ മരംമുറി സംബന്ധിച്ച വിഷയത്തിൽ 28 ഇനം മരങ്ങൾ മുറിക്കുന്നതിന് വനംവകുപ്പിന്റെ അനുമതി ആവശ്യമില്ലെന്ന അവസ്ഥ നിലനിർത്താൻ ധാരണയായി. ഈ തീരുമാനം അട്ടിമറിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

## വന്യമൃഗങ്ങൾമൂലമുള്ള നാശനഷ്ടങ്ങൾ

98 (867) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കർണ്ണാടക വനാതിർത്തികളിൽ നിന്നും കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിൽപ്പെട്ട പാലാവയൽ, കൊന്നക്കാട് ഉൾപ്പെടെയുള്ള പ്രദേശങ്ങളിലേക്ക് വന്യ മൃഗങ്ങൾ ഇറങ്ങിവന്ന് വ്യാപകമായ തോതിൽ നാശനഷ്ടങ്ങൾ വരുത്തുന്നത് ശാശ്വതമായി പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

കർണ്ണാടക വനാതിർത്തികളിൽ നിന്നും കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിൽപ്പെട്ട പാലാവയൽ, കൊന്നക്കാട് ഉൾപ്പെടെയുള്ള പ്രദേശങ്ങളിലേയ്ക്ക് വന്യമൃഗങ്ങൾ ഇറങ്ങിവന്ന് വ്യാപകമായ തോതിൽ നാശനഷ്ടങ്ങൾ വരുത്തുന്നത് ശാശ്വതമായി പരിഹരിക്കാൻ ചുവടെ പറയുന്ന പ്രതിരോധ നടപടികൾ സ്വീകരിച്ചു വരുന്നു. കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്ക് വിഭജിച്ച് പുതുതായി

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

രൂപംകൊണ്ട വെള്ളരിക്കുണ്ട് താലൂക്കിലെ ശിവഗിരിമ മുതൽ ഏലപ്പട്ടയം വരെ ഒരു കിലോമീറ്ററും ഏലപ്പട്ടയം മുതൽ മരുതോംതട്ട് വരെ ഒരു കിലോമീറ്ററും കോട്ടംചേരി മുതൽ സിസിഗേറ്റ് വരെ 0.5 കിലോമീറ്ററും നീളത്തിൽ നബാർഡ് സഹായത്തോടെ ആന പ്രതിരോധ മതിൽ നിർമ്മാണം തുടങ്ങിയിട്ടുണ്ട്. ഈ പ്രവൃത്തി പാലാവയൽ-കൊന്നക്കാട് പ്രദേശങ്ങളെ വന്യമൃഗ ആക്രമണങ്ങളിൽ നിന്ന് ഭാഗികമായി സംരക്ഷിക്കാൻ പര്യാപ്തമാണ്. 2013-14 സാമ്പത്തിക വർഷത്തിൽ 13.5 കിലോമീറ്ററും 2014 -15 വർഷത്തിൽ 23 കിലോമീറ്ററും 2015-16 വർഷത്തിൽ 13 കിലോമീറ്ററും സൗരോർജ്ജവേലി ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിർമ്മിച്ചിട്ടുണ്ട്.

## കാട്ടാനശല്യം തടയാൻ നടപടി

99 (868) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഫോറസ്റ്റ് റെയിഞ്ചിന് കീഴിലെ വിവിധ പ്രദേശങ്ങളിൽ കാട്ടാനകൾ കാർഷികവിളകൾ വ്യാപകമായി നശിപ്പിക്കുന്ന വിഷയം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഇത് തടയുന്നതിന് ഈ മേഖലയിൽ കൂടുതൽ സുരക്ഷ ഏർപ്പെടുത്തുന്ന വിഷയം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ അതിർത്തി പ്രദേശത്തുള്ള കർണ്ണാടക സംസ്ഥാനത്തെ വനപ്രദേശങ്ങളിൽ നിന്ന് കാട്ടാനകളിറങ്ങി കാർഷിക വിളകൾക്ക് നാശനഷ്ടമുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത് തടയുന്നതിനായി വനാതിർത്തിയിൽ തലപ്പച്ചേരി മുതൽ ഒഡ്യാനടുക്ക വരെ 0.4 കിലോമീറ്ററും ഒഡ്യാനടുക്ക മുതൽ ഉഡഡുക്ക വരെ 1.05 കിലോമീറ്റർ നീളത്തിലും നബാർഡിന്റെ സഹായത്തോടെ ആന പ്രതിരോധ മതിൽ നിർമ്മാണം തുടങ്ങിയിട്ടുണ്ട്. കൂടാതെ 49.50 കിലോമീറ്റർ സൗരോർജ്ജ വേലി ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിർമ്മിച്ചിട്ടുണ്ട്. വനത്തിന് വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് കയറ്റി വിടുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിനായി കാസർഗോഡ് ഡിവിഷന്റെ കീഴിൽ, കാസർഗോഡ് റെയിഞ്ചിൽ ഒരു റാപ്പിഡ് റെസ്പോൺസ് ടീം പ്രവർത്തിച്ച് വരുന്നു.

## വന്യജീവി സങ്കേതങ്ങളിൽ പ്രകൃതി പഠന ക്ലാസ്സുകൾ

100 (869) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിനുകീഴിൽ വന്യജീവി സങ്കേതങ്ങളിൽ പ്രകൃതി പഠന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സങ്കേതങ്ങളിലാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രകൃതി പഠന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വന്യജീവി സങ്കേതങ്ങളിൽ പ്രകൃതി പഠന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നുണ്ട്.

(ബി) 1. നെയ്യാർ (നെയ്യാർ വൈൽഡ് ലൈഫ് സാങ്ച്വറി)

2. പേപ്പാറ (പേപ്പാറ വൈൽഡ് ലൈഫ് സാങ്ച്വറി)

3. തെന്മല (ശെന്തുരുണി വൈൽഡ് ലൈഫ് സാങ്ച്വറി)

4. തേക്കടി (പെരിയാർ ടൈഗർ റിസർവ്)

5. മൂന്നാർ (ഇരവികുളം നാഷണൽ പാർക്ക്)

6. ചിന്നാർ (ചിന്നാർ വൈൽഡ് ലൈഫ് സാങ്ച്വറി)

7. വെള്ളപ്പാറ (ഇടുക്കി വൈൽഡ് ലൈഫ് സാങ്ച്വറി)

8. തട്ടേക്കാട് (തട്ടേക്കാട് ബേർഡ് സാങ്ച്വറി)

9. ചിമ്മിനി (ചിമ്മിനി വൈൽഡ് ലൈഫ് സാങ്ച്വറി)

10. പീച്ചി (പീച്ചി-വാഴാനി വൈൽഡ് ലൈഫ് സാങ്ച്വറി)

11. പറമ്പിക്കുളം (പറമ്പിക്കുളം ടൈഗർ റിസർവ്)

12. മുക്കാലി (സൈലന്റ് വാലി നാഷണൽ പാർക്ക്)

13. മുത്തങ്ങ (വയനാട് വൈൽഡ് ലൈഫ് സാങ്ച്വറി)

14. ചെതലത്ത് (വയനാട് വൈൽഡ് ലൈഫ് സാങ്ച്വറി)

15. തോൽപ്പെട്ടി (വയനാട് വൈൽഡ് ലൈഫ് സാങ്ച്വറി)

16. ആറളം (ആറളം വൈൽഡ് ലൈഫ് സാങ്ച്വറി)

(സി) വനം വകുപ്പ്, തിരുവനന്തപുരം, ശെന്തുരുണി, പെരിയാർ ഈസ്റ്റ്, പെരിയാർ വെസ്റ്റ്, ഇടുക്കി, മൂന്നാർ, പീച്ചി, പറമ്പിക്കുളം, സൈലന്റ് വാലി, വയനാട്, ആറളം എന്നീ വൈൽഡ് ലൈഫ് വാർഡൻമാരുടെ നിയന്ത്രണത്തിൽ കേരളത്തിലെ വന്യജീവി സങ്കേതങ്ങളിൽ, പ്രകൃതി പഠന ക്യാമ്പുകൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടത്തിവരുന്നുണ്ട്. അരദിവസം (എൽ.കെ.ജി., യു.കെ.ജി.,

എൽ.പി.എസ്.-ലെ കുട്ടികൾക്ക്), ഒരു ദിവസം, രണ്ടു ദിവസം, മൂന്ന് ദിവസം ദൈർഘ്യമുള്ള ക്യാമ്പുകളാണ് നടത്തുന്നത്. സർക്കാർ അംഗീകൃത വിദ്യാലയങ്ങളുടെ തലവന്മാർ പരിസ്ഥിതി ക്യാമ്പുകളിൽ പങ്കെടുക്കുന്നതിനുള്ള അപേക്ഷ നിർദ്ദിഷ്ട ഫോറത്തിൽ ബന്ധപ്പെട്ട വൈൽഡ് ലൈഫ് വാർഡൻ/ഡെപ്യൂട്ടി ഡയറക്ടർ എന്നിവർക്കാണ് സമർപ്പിക്കേണ്ടത്. പരമാവധി 40 പേർക്ക് ഓരോ ക്യാമ്പിലും പങ്കെടുക്കാവുന്നതാണ്. ലഭിക്കുന്ന അപേക്ഷ മുൻഗണനാക്രമം അനുസരിച്ച് അരദിവസം മുതൽ 3 ദിവസം വരെ ദൈർഘ്യമുള്ള ക്യാമ്പുകളാവും അനുവദിക്കുക. അതതു വന്യജീവി സങ്കേതത്തോട് ചേർന്നുള്ള പ്രദേശങ്ങളിലെ അപേക്ഷകർക്ക് മുൻഗണന ഉണ്ടായിരിക്കും. മാധ്യമ പ്രവർത്തകർ, ചാരിറ്റബിൾ, ഗവണ്മെന്റിതര യുവജന സംഘടനകൾ എന്നിവർ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് (വന്യജീവി വിഭാഗം) അപേക്ഷ സമർപ്പിക്കേണ്ടതാണ്. ജില്ലാ, ബ്ലോക്ക്, പഞ്ചായത്ത് അംഗങ്ങൾ, കോർപ്പറേഷൻ, മുനിസിപ്പൽ കൗൺസിലർമാർ എന്നിവർ അതത് വൈൽഡ് ലൈഫ് വാർഡൻമാർ/ഡെപ്യൂട്ടി ഡയറക്ടർ എന്നിവർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷ ഒരു മാസം മുമ്പേ സമർപ്പിക്കേണ്ടതാണ്. അപേക്ഷയുടെ മാതൃക വനം വകുപ്പിന്റെ വെബ്സൈറ്റായ www.keralaforest.gov.in-ൽ ലഭ്യമാണ്.

**വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് തടയാനുള്ള മാർഗ്ഗങ്ങൾ**

101 (870) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വന്യമൃഗങ്ങൾ കൂട്ടത്തോടെ നാട്ടിലെത്തി കൃഷി നശിപ്പിക്കുകയും നാട്ടിലുള്ള വളർത്തുമൃഗങ്ങൾക്കും മനുഷ്യർക്കും ഭീഷണി ആവുകയും ചെയ്യുന്നതു തടയുന്നതിന് പുതുതായി എന്തെങ്കിലും മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

വന്യമൃഗങ്ങൾ കൂട്ടത്തോടെ നാട്ടിലെത്തി കൃഷി നശിപ്പിക്കുകയും നാട്ടിലുള്ള വളർത്തുമൃഗങ്ങൾക്കും മനുഷ്യർക്കും ഭീഷണി ആവുകയും ചെയ്യുന്നതു തടയുന്നതിന് നിലവിൽ അവലംബിച്ചു വരുന്ന മാർഗ്ഗങ്ങൾ കൂടാതെ പുതിയതായി പഞ്ചായത്ത്/ മുനിസിപ്പാലിറ്റി തലത്തിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. 7-2-2017-ലെ സ.ഉ. (സാധാ) നമ്പർ 51/2017/വനം പ്രകാരം മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തലത്തിൽ തദ്ദേശീയരും, ജനപ്രതിനിധികളും വനം വകുപ്പുദ്യോഗസ്ഥരും ചേർന്നുള്ള ഒരു സമിതിയാണ് ടി ജനജാഗ്രതാ സമിതി. കൂടാതെ ജനവാസ മേഖലയിൽ ആനയോ മറ്റ് വന്യജീവികളോ കടന്നിട്ടുള്ളതായി അറിഞ്ഞാൽ, പ്രദേശവാസികളുടെ മൊബൈൽ ഫോണുകളിലേയ്ക്ക് എസ്.എം.എസ്. മുഖാന്തരം അറിയിപ്പ് നൽകി അപകടം കുറയ്ക്കാനുള്ള Early Warning SMS Alert System നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുമുണ്ട്. ഇത് മൂന്നാർ, വയനാട്, ആറളം മേഖലകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

## വന്യമൃഗങ്ങൾ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് പലായനം നടത്തുന്നത്

102 (871) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതികഠിനമായ വേനൽ കാരണവും ഭക്ഷണ ലഭ്യതയുടെ കുറവിനാലും വന്യമൃഗങ്ങൾ ജനവാസ കേന്ദ്രങ്ങളിലേക്ക് പലായനം നടത്തുന്നത് ഒഴിവാക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ വ്യക്തമാക്കുമോ;

(ബി) നടപ്പുവർഷം വന്യമൃഗങ്ങളുടെ കടന്നുകയറ്റത്താൽ എത്രമാത്രം കൃഷി നശിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) വന്യമൃഗങ്ങളുടെ കടന്നുകയറ്റത്താൽ കൃഷിയും, വീടും നഷ്ടപ്പെട്ടവർക്ക് എന്തൊക്കെ സഹായങ്ങളാണ് സർക്കാർ നല്കിയതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) അതികഠിനമായ വേനൽ കാരണവും ഭക്ഷണ ലഭ്യതയുടെ കുറവിനാലും വന്യമൃഗങ്ങൾ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് പലായനം നടത്തുന്നത് ഒഴിവാക്കുന്നതിനായി വനത്തിനുള്ളിൽ തടയണകളും കുളങ്ങളും നിർമ്മിച്ച് ജലലഭ്യത ഉറപ്പുവരുത്തുന്നുണ്ട്. ഭക്ഷണ ലഭ്യതയ്ക്കായി വയലുകളുടെ പരിപാലനം, അധിനിവേശ സസ്യങ്ങൾ നീക്കം ചെയ്യൽ തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്തുവരുന്നുണ്ട്. കൂടാതെ സോളാർ പവർ ഫെൻസിംഗ്, ആന പ്രതിരോധ മതിൽ, ആനപ്രതിരോധ കിടങ്ങ് എന്നിവ നിർമ്മിക്കുകയും എലിഫന്റ് സ്കേറിംഗ് വാച്ചർമാർ, റാപ്പിഡ് റെസ്പോൺസ് ടീം എന്നിവയുടെ സേവനം ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം രൂക്ഷമായ മേഖലകളിൽ സമയോചിതമായി പ്രവർത്തിച്ച് സംഘർഷം ലഘൂകരിക്കുന്നതിന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തലത്തിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുവാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

(ബി) നടപ്പുവർഷം വന്യമൃഗങ്ങളുടെ കടന്നുകയറ്റത്താൽ സംസ്ഥാനത്ത് ഏകദേശം 3700 ഹെക്ടറോളം കൃഷിയും കൂടാതെ ഒറ്റപ്പെട്ട സംഭവങ്ങളിലായി വാഴ, മരച്ചീനി, തെങ്ങ്, കവുങ്ങ്, കാപ്പി, കുരുമുളക് എന്നീ ഫലവൃക്ഷങ്ങളും നശിച്ചിട്ടുണ്ട്.

(സി) വന്യമൃഗങ്ങളുടെ കടന്നുകയറ്റത്താൽ കൃഷിയും വീടും നഷ്ടപ്പെട്ടവർക്ക് ജി.ഒ.(എംഎസ്.) നമ്പർ32/2013/വനം തീയതി 22-3-2013, ജി.ഒ.(എംഎസ്.) നമ്പർ 96/2014/വനം തീയതി 17-11-2014, ജി.ഒ.(എംഎസ്.) നമ്പർ 02/2015/ വനം തീയതി 8-1-2015 എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം ധനസഹായം നൽകി വരുന്നു.

## വന്യജീവികളുടെ ആക്രമണം

103 (872) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു വർഷം വന്യജീവികളുടെ ആക്രമണത്തിൽ എത്ര ആളുകൾ സംസ്ഥാനത്ത് മരണമടഞ്ഞിട്ടുണ്ട് ; ഇവരിൽ വനം വകുപ്പ് ജീവനക്കാർ എത്രയുണ്ട് ;

(ബി) വന്യജീവികളുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടവർക്ക് ധനസഹായം നൽകിവരുന്നുണ്ടോ ; ഉണ്ടെങ്കിൽ ധനസഹായം അനുവദിക്കുന്നതിന്റെ മാനദണ്ഡം എന്താണ് ?

### ഉത്തരം

(എ) കഴിഞ്ഞ ഒരു വർഷം വന്യജീവികളുടെ ആക്രമണത്തിൽ 114 ആളുകൾ സംസ്ഥാനത്ത് മരണമടഞ്ഞിട്ടുണ്ട്. ഇവരിൽ ഒരു വനം വകുപ്പ് ജീവനക്കാരൻ ഉണ്ട്.

(ബി) വന്യജീവികളുടെ ആക്രമണത്തിൽ കൊല്ലപ്പെടുന്നവരുടെ ആശ്രിതർക്ക് 17-11-2014-ലെ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്.) നമ്പർ 96/2014/വനം പ്രകാരം 5 ലക്ഷം രൂപ ധനസഹായം നൽകി വരുന്നുണ്ട്. കാടിന് പുറത്തുവച്ച് പാമ്പുകടിയേറ്റ് മരിക്കുന്നവരുടെ ആശ്രിതർക്ക് 1 ലക്ഷം രൂപ നഷ്ടപരിഹാരം നൽകി വരുന്നു. 1980-ലെ 'The Kerala Rules for Compensation to Victims of Attack by Wild Animals' പ്രകാരമാണ് നഷ്ടപരിഹാരം നല്കി വരുന്നത്.

## വന്യജീവികളാൽ കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം

104 (873) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങൾ വനാതിർത്തിയോട് ചേർന്നുള്ള കൃഷിയിടങ്ങളിൽ കടന്ന് വർദ്ധിച്ച തോതിൽ കൃഷിയിടങ്ങൾ നശിപ്പിച്ച് കർഷകർക്ക് വൻസാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നതായ സംഗതി സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഇപ്രകാരം കൃഷിനാശം സംഭവിച്ച കേസുകൾ ആകെ എത്രയാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) വരൾച്ചയുടെ കാഠിന്യം വർദ്ധിക്കുന്നതുമൂലമുള്ള കാർഷിക മേഖലയുടെ പ്രതിസന്ധികൾക്കിടയിൽ ഇപ്രകാരമുള്ള കൃഷി നാശങ്ങൾക്ക് അർഹമായ നഷ്ട പരിഹാരം നൽകുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവാകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് വനാതിർത്തി പങ്കിടുന്ന മേഖലയിലുള്ള മിക്ക ജില്ലകളിലും കൃഷിയിടങ്ങളിൽ വന്യമൃഗങ്ങൾ നാശം വിതയ്ക്കുന്നുണ്ട്.

(ബി) സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുള്ള കൃഷിനാശം സംഭവിച്ച കേസ്സുകൾ താഴെ പറയും പ്രകാരമാണ്.

| ക്രമ നമ്പർ | വർഷം | റിപ്പോർട്ട് ചെയ്ത കേസ്സുകൾ (എണ്ണം) |
|---|---|---|
| 1 | 2009-10 | 2846 |
| 2 | 2010-11 | 3447 |
| 3 | 2011-12 | 6426 |
| 4 | 2012-13 | 6355 |
| 5 | 2013-14 | 7416 |
| 6 | 2014-15 | 8200 |
| 7 | 2015-16 | 6010 |

(സി) വന്യമൃഗശല്യത്തിൽ കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് അനുവദനീയമായ നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. 8-1-2015-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 02/2015/വനം പ്രകാരമാണ് നഷ്ടപരിഹാരം കണക്കാക്കുന്നത്.

**അസുഖം ബാധിച്ചതും ചത്തതുമായ ഇറച്ചിയുടെയും കോഴിയുടെയും കടത്ത്**

105 (874) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് തമിഴ്നാട് അതിർത്തിയായ പാറശാലയ്ക്കു സമീപം പ്രവർത്തിക്കുന്ന ഗവൺമെന്റിന്റെ പരിശോധാന വിഭാഗത്തിന്റെ മൗനാനുവാദത്തിൽ തമിഴ്നാട്ടിൽ നിന്നും അസുഖം ബാധിച്ചതും ചത്തതുമായ (സുനാമി ചിക്കൻ) ഇറച്ചിയും, കോഴികളും കടത്തുന്നതായ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇത്തരം കോഴി ഇറച്ചി കേരളത്തിലേക്ക് കടത്തുന്നത് തടയുവാൻ ഉത്തരവാദപ്പെട്ട തിരുവനന്തപുരത്ത് പാറശാലയ്ക്കു സമീപമുള്ള ഗവൺമെന്റിന്റെ പരിശോധനാ വിഭാഗം ഓഫീസിന്റെ പ്രവർത്തനത്തെക്കുറിച്ച് വകുപ്പ് മേലധികാരികൾ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ അതേക്കുറിച്ച് വിശദീകരണം നൽകുമോ;

(സി) ഈ ഇറച്ചിയാണ് സംസ്ഥാനത്തെ നഗരങ്ങളിലെ ഹോട്ടലുകളിൽ എത്തുന്നതെന്നതിനാൽ അവ പരിശോധിച്ച് സത്വരനടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വിലയിരുത്തൽ നടത്തിയിട്ടുണ്ട്. അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പക്ഷി മൃഗാദികളുടെയും സംസ്കരിച്ച കോഴിയിറച്ചിയുടെയും പരിശോധന ചെക്ക് പോസ്റ്റിൽ നടത്തുന്നുണ്ട്. മൃഗങ്ങളുടെ ഉറവിടസ്ഥലങ്ങളിലെ വെറ്ററിനറി ഡോക്ടർ നൽകുന്ന സർട്ടിഫിക്കറ്റ് പരിശോധിക്കുകയും ആരോഗ്യ സ്ഥിതി നിരീക്ഷിക്കുകയും കൂടുതൽ പരിശോധന ആവശ്യമുണ്ടെന്ന വിലയിരുത്തുന്നവയെ പ്രത്യേകമായി നിരീക്ഷിച്ച് ആരോഗ്യമുള്ളവയെ മാത്രം കടത്തിവിടുകയും ചെയ്യുന്നു. അസുഖമുള്ള പക്ഷിക്കൂട്ടങ്ങളെ സംസ്ഥാനത്ത് പ്രവേശിപ്പിക്കാതെ ഉറവിട സ്ഥാനത്തേയ്ക്ക് മടക്കി അയയ്ക്കുന്നു. ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം വകുപ്പ് മേലധികാരികൾ വിലയിരുത്തിയിട്ടുണ്ട്. ചെക്ക് പോസ്റ്റുകളുടെ പ്രവർത്തന റിപ്പോർട്ട് ആധാരമാക്കി എല്ലാ മാസയോഗങ്ങളിലും ചർച്ചകളും വിലയിരുത്തലുകളും നടത്തുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

**താറാവ് കർഷകർക്ക് നഷ്ടപരിഹാരം**

106 (875) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ കർഷകർ നേരിടുന്ന ദുരിതങ്ങൾ പരിഹരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ ;

(ബി) രോഗംമൂലം വലിയ നഷ്ടം നേരിട്ട താറാവ് കർഷകർക്ക് നൽകിയ നഷ്ടപരിഹാരം സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(സി) രോഗംമൂലം താറാവ് കൃഷി പ്രതിസന്ധിയിലായ കർഷകർക്ക് നഷ്ട പരിഹാരത്തോടൊപ്പം താറാവ് വളർത്തലിന് കൂടുതൽ ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് താറാവ് വളർത്തുന്ന കർഷകരുടെ വിവരങ്ങൾ കർഷക രജിസ്ട്രേഷൻ വഴി farmer.ahdkerala.in എന്ന വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യപ്പെട്ടു. കുട്ടനാടൻ മേഖലയിലെ 541 താറാവ് കർഷകർക്ക് മൂന്ന് ദിവസത്തെ പ്രായോഗിക പരിശീലനവും 23 പേർക്ക് ഹാച്ചറി മാനേജ്മെന്റിൽ പ്രത്യേക പരിശീലനവും നല്കിയിട്ടുണ്ട്. പതിമൂന്നാം ധനകാര്യ കമ്മീഷൻ കുട്ടനാട് പാക്കേജ് പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കുന്ന ഡക്ക് മാർക്കറ്റിംഗ് പദ്ധതിയുടെ 5 യൂണിറ്റുകൾ ആലപ്പുഴ ജില്ലയിൽ ആരംഭിക്കുന്നതിനായി 35 ലക്ഷം രൂപ അനുവദിച്ച്

നല്കിയിട്ടുണ്ട്. താറാവ് കർഷകർക്ക് അപകട ഇൻഷ്വറൻസും താറാവിന് ഇൻഷ്വറൻസും ഉൾപ്പെട്ട പുതിയ പ്രൊപ്പോസൽ നല്കുന്നതിനായി ദേശസാൽകൃത കമ്പനികളുമായി ചർച്ച നടത്തുകയുണ്ടായി. ആലപ്പുഴ ജില്ലയിലെ മങ്കൊമ്പ് വെറ്ററിനറി പോളിക്ലിനിക്കിനോടനുബന്ധിച്ച കെട്ടിടത്തിൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ നേരിട്ടുള്ള നിയന്ത്രണത്തിലും ഭരണപരമായ അധികാരത്തോടെയും 12.75 ലക്ഷം രൂപ ചെലവിൽ ഏകജാലക സംവിധാനം രൂപീകരിച്ചിട്ടുണ്ട്. കുട്ടനാട്ടിലെ പരമ്പരാഗത കർഷകർ ഉൾപ്പെടെയുള്ള താറാവ് കർഷകർക്ക് മേഖലയുമായി ബന്ധപ്പെട്ട എല്ലാ സർക്കാർ സേവനങ്ങളും ഈ കേന്ദ്രത്തിൽ നിന്നും ലഭ്യമാക്കുവാനാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്. രോഗ പ്രതിരോധ അടിസ്ഥാന സൗകര്യ വികസനം, താറാവ് ഉൽപ്പന്ന വിപണന പദ്ധതികൾ എന്നിവ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നത് താറാവ് കർഷകർക്ക് സമയലാഭവും സാമ്പത്തിക ലാഭവും മെച്ചപ്പെട്ട സേവനവും ഉറപ്പ് വരുത്തും. താറാവ് വളർത്തൽ മേഖലയിൽ സജീവ ശ്രദ്ധ നല്കുകയും പുതിയ വികസനോന്മുഖ പദ്ധതികൾ ആരംഭിക്കുന്നതിന്റെയും ഭാഗമായി തിരുവല്ല മഞ്ഞാടിയിൽ 3.13 കോടി രൂപ ചെലവിൽ ഒരു ഡക്ക് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, താറാവ് ഹാച്ചറി, താറാവ് ബ്രീഡർ സൗകര്യങ്ങൾ എന്നിവ ഒരുക്കുന്ന പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.

(ബി) 2016-ൽ ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിൽ താറാവുകളിൽ ബാധിച്ച പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലയിൽ 97 കർഷകരുടെയും കോട്ടയം ജില്ലയിലെ 41 കർഷകരുടെയും ആകെ 745345 താറാവുകൾ ചത്തതിന്റെയും 152313 മുട്ടകൾ നശിപ്പിച്ചതിന്റെയും നഷ്ടപരിഹാരത്തുകയായ 1183,3865 രൂപ രണ്ട് ജില്ലകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കൈമാറിയിട്ടുണ്ട്. രണ്ട് മാസത്തിനുമുകളിൽ പ്രായമുള്ള താറാവുകൾ 200 രൂപയും രണ്ട് മാസത്തിന് താഴെ പ്രായമുള്ളവയ്ക്ക് 100 രൂപയും മുട്ടക്കുഞ്ഞുങ്ങൾ/മുട്ടയ്ക്ക് 5 രൂപയുമാണ് നഷ്ടപരിഹാര നിരക്ക്.

(സി) നഷ്ടപരിഹാരത്തിന് പുറമേ കൂടുതൽ ധനസഹായം നല്കുന്നതിന് നിലവിൽ പദ്ധതിയില്ല.

## തൃത്താല മൃഗാശുപത്രി

107 (876) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃത്താല നിയോജകമണ്ഡലത്തിലെ മേഴത്തൂർ മൃഗാശുപത്രി അപ്ഗ്രേഡ് ചെയ്ത വെറ്ററിനറി പോളിക്ലിനിക്ക് ആക്കി മാറ്റുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ ;

(ബി) പ്രസ്തുത മൃഗാശുപത്രിയെ പോളിക്ലിനിക് ആക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ&ബി) ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## വെറ്ററിനറി മൊബൈൽ യൂണിറ്റ്

108 (877) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വെറ്ററിനറി മൊബൈൽ യൂണിറ്റ് ഏതൊക്കെ ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇത് കൂടുതൽ ജില്ലകളിലേക്ക് വ്യാപിപ്പിക്കാൻ പദ്ധതിയുണ്ടോ;

(സി) ഇതിന്റെ പ്രവർത്തനം വിശദമാക്കാമോ?

ഉത്തരം

(എ) കൊല്ലം ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ മൊബൈൽ യൂണിറ്റ് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

(ബി) ഇപ്പോൾ പദ്ധതിയില്ല.

(സി) ശീതീകരിച്ച വാഹനത്തിൽ കൊണ്ടു നടക്കാവുന്ന റേഡിയോഗ്രാഫി സൗകര്യമുള്ള എക്സ്റേ സംവിധാനം, അൾട്രാസൗണ്ട് സ്കാനർ, സ്വതന്ത്ര സോഫ്റ്റ്-വെയറിൽ പ്രവർത്തിക്കുന്ന ക്യാമറ സംയോജിപ്പിച്ച ടെലി മെഡിസിൻ സൗകര്യം, തളർച്ച ബാധിച്ച പശുക്കളെ ഉയർത്തുവാനുള്ള ഉപകരണങ്ങൾ എന്നിവയോട് കൂടിയുള്ളതാണ് യൂണിറ്റ്. വിദൂര സ്ഥലങ്ങളിലെ വിദഗ്ദ്ധോപദേശം വേണ്ടുന്ന ചികിത്സാ ഘട്ടങ്ങളിൽ ഇതിൽ ഏർപ്പെടുത്തിയിട്ടുള്ള ടെലിമെഡിസിൻ സങ്കേതങ്ങളിലൂടെ മൃഗത്തിന്റെ എക്സ്റേ, സ്കാനിംഗ് ചിത്രം എന്നിവ 3 ജി സംവിധാനത്തിൽ ബേസ് സ്റ്റേഷനിലെ വിദഗ്ദ്ധരുടെ വിലയിരുത്തലിന് വിധേയമായി ചികിത്സ നിശ്ചയിക്കുന്നതിനും കൂടാതെ വെബ് ക്യാമറ സഹായത്താൽ മറ്റ് വിദഗ്ദ്ധരുമായി ചർച്ച ചെയ്തു മികച്ച ചികിത്സാസേവനം ലഭ്യമാക്കുവാൻ ലക്ഷ്യമിടുന്നു. ശസ്ത്രക്രിയ ഉപകരണങ്ങൾ, ലബോറട്ടറി പരിശോധനകൾക്കായുള്ള സൗകര്യങ്ങൾ എന്നിവയും ലഭ്യമാണ്. അപ്രതീക്ഷിതമായി തളർച്ച ബാധിച്ച ഉരുക്കളെ ഉയർത്തി ചികിത്സ തുടരുന്നതിന് സി-ഡാക്ക് രൂപകൽപ്പന ചെയ്ത ആനിമൽ ലിഫ്റ്റിംഗ് ഉപകരണവും വാഹനത്തിൽ തയ്യാർ ചെയ്തിട്ടുണ്ട്.

## മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ

109 (878) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ, കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും അവയ്ക്കുവേണ്ടി നീക്കിവച്ച ഫണ്ട് എത്രയാണെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(ബി) ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഈ സാമ്പത്തിക വർഷത്തിൽ ഇല്ല.

**കൊയിലാണ്ടി മൃഗാശുപത്രിയ്ക്ക് സൗകര്യപ്രദമായ കെട്ടിടം**

110 (879) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടിയിലെ മൃഗാശുപത്രിയ്ക്ക് സൗകര്യപ്രദമായ കെട്ടിടമില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊയിലാണ്ടി നഗരസഭ ഈ ആവശ്യത്തിനായി സ്ഥലം ഏറ്റെടുത്തിട്ടുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മുന്തിയ പരിഗണന നൽകി മൃഗാശുപത്രിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു.

**ക്യാറ്റിൽ ഷെൽട്ടർ**

111 (880) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്ത വേനലിൽ നിന്നും കന്നുകാലികളെ സംരക്ഷിക്കുവാൻ ക്യാറ്റിൽ ഷെൽട്ടർ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) ഈ പദ്ധതിയ്ക്കായി എന്ത് തുകയാണ് നീക്കിവച്ചിട്ടുള്ളത് ?

ഉത്തരം

(എ) തീരുമാനിച്ചിട്ടില്ല. ആവശ്യമാണെന്നു കാണുന്ന പക്ഷം നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) മൃഗസംരക്ഷണ വകുപ്പിൽ ഈ പദ്ധതിക്കായി തുക നീക്കി വച്ചിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**തിരുവങ്ങൂർ കാലിത്തീറ്റ ഫാക്ടറി തുറന്ന് പ്രവർത്തിക്കാൻ നടപടി**

112 (881) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിനുകീഴിലുള്ള തിരുവങ്ങൂർ കാലിത്തീറ്റ ഫാക്ടറി, നിർമ്മാണം പൂർത്തിയായി മാസങ്ങൾ കഴിഞ്ഞിട്ടും, തുറന്ന് പ്രവർത്തിക്കാത്തതു കൊണ്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിഷയത്തിൽ സർക്കാരിന് സമർപ്പിച്ച നിവേദനങ്ങളിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത കാലിത്തീറ്റ ഫാക്ടറി എത്രയുംവേഗം തുറന്ന് പ്രവർത്തിക്കാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കമ്പനിയും സർക്കാരും സ്വന്തം നിലക്കുതന്നെ നടപടി സ്വീകരിച്ചു വരുന്നു. ആയത് താഴെ വിവരിക്കുന്നു. മൃഗസംരക്ഷണ വകുപ്പ് മന്ത്രി, സെക്രട്ടറി, സ്ഥലം എം.എൽ.എ. എന്നിവർ 6-1-2017-ന് ഫാക്ടറി സന്ദർശിച്ച് കാര്യങ്ങൾ വിലയിരുത്തി. പഞ്ചായത്തിൽ നിന്ന് ബിൽഡിംഗ് നമ്പറും ലൈസൻസും ലഭിച്ചിട്ടില്ലാത്തതിനാൽ വൈദ്യുതി ബന്ധം ലഭ്യമായിട്ടില്ല. സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം ഉപയോഗിച്ച് ബിൽഡിംഗ് ചട്ടങ്ങളിൽ ഇളവ് അനുവദിക്കുന്നതും നിർദ്ദിഷ്ട വ്യവസായ യൂണിറ്റിന് ഓക്യൂപ്പൻസി സർട്ടിഫിക്കറ്റ് നൽകുന്നതും സംബന്ധിച്ച് കേരള ഫീഡ്സ് നൽകിയിട്ടുള്ള നിവേദനം തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിഗണനയിലാണ്.

(സി) 2016 ജനുവരിയിൽ ഫാക്ടറിയുടെ നിർമ്മാണം പൂർത്തീകരിച്ച് പരീക്ഷണാടിസ്ഥാനത്തിൽ ഉൽപ്പാദനം നടത്തുകയുണ്ടായി. വൈദ്യുതി ബന്ധം ലഭിച്ചാലുടനെ ഫാക്ടറി വാണിജ്യ അടിസ്ഥാനത്തിൽ തുറന്ന് പ്രവർത്തിക്കുന്നതാണ്.

**കന്നുകാലികളും കന്നുകുട്ടികളും**

113 (882) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര ലക്ഷം കന്നുകാലികളും കന്നുകുട്ടികളും ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കടുത്ത വരൾച്ച കണക്കിലെടുത്ത് ഇവയെ സംരക്ഷിക്കാൻ ഉടമകൾക്ക് സാമ്പത്തിക സഹായം നൽകുമോ;

(സി) എങ്കിൽ കന്നുകാലികൾ, കന്നുകുട്ടികൾ എന്നിവയ്ക്ക് ദിനംപ്രതി എത്ര രൂപ വീതം സഹായധനം നൽകുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത സഹായധനം എന്ന് മുതൽ ലഭ്യമാക്കുമെന്നറിയിക്കാമോ;

(ഇ) ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2012-ലെ കന്നുകാലി സെൻസസ് പ്രകാരം സംസ്ഥാനത്ത് 14.3 ലക്ഷം കന്നുകാലികളുണ്ട്. ഇവയിൽ 4.77 ലക്ഷം കന്നുകുട്ടികളാണ്.

(ബി) വരൾച്ച കൂടുതലായി ബാധിച്ച പ്രദേശങ്ങളിലെ ഉരുക്കൾക്ക് കാലിത്തീറ്റ, വെള്ളം എന്നിവ ലഭ്യമാക്കുന്നതിനായി ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 20-5-2015-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 194/2015/ ഡിഎംഡി പ്രകാരം കന്നുകാലി ക്യാമ്പുകളിൽ കാലിത്തീറ്റ, പുല്ല്/കച്ചി, വെള്ളം, മരുന്നുകൾ എന്നിവ ലഭ്യമാക്കുന്നതിന് വലിയ ഉരു ഒന്നിന് 70 രൂപയും ചെറിയ ഉരു ഒന്നിന് 35 രൂപയും ചെലവഴിക്കുന്നതിന് വ്യവസ്ഥയുണ്ട്. ഫണ്ട് ലഭ്യതയനുസരിച്ച് സഹായം നിശ്ചയിക്കുന്നതാണ്.

(ഡി&ഇ) സഹായധനം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ തീരുമാനിക്കുന്നതിനുള്ള ചർച്ചകൾ അന്തിമഘട്ടത്തിലാണ്.

**മൃഗാശുപത്രികൾ നവീകരിക്കുന്നതിന് പദ്ധതി**

114 (883) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗാശുപത്രികൾ നവീകരിക്കുന്നതിന് പദ്ധതി നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ആറ്റിങ്ങൽ പട്ടണത്തിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രി ജില്ലാ ആശുപത്രി നിലവാരത്തിലേക്ക് ഉയർത്താൻ നടപടി സ്വീകരിക്കുമോ; ആശുപത്രിയുടെ പ്രവർത്തനം 24 മണിക്കൂറാക്കി വർദ്ധിപ്പിക്കാൻ നടപടി കൈക്കൊള്ളുമോ;

(സി) മുട്ട ഉല്പാദന വർദ്ധനവിനായി ഏതെല്ലാം ഏജൻസികൾ മുഖേന എന്തെല്ലാം പദ്ധതികൾ നിലവിലുണ്ട്; സന്നദ്ധരായ മുഴുവൻ പഞ്ചായത്തുകൾക്കും പദ്ധതി ലഭ്യമാക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മൃഗാശുപത്രി കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനത്തിനും ഉപകരണങ്ങൾ വാങ്ങുന്നതിനുമുള്ള പദ്ധതി നിലവിലുണ്ട്.

(ബി) ഇതിനായി ഇപ്പോൾ പദ്ധതി നിലവിലില്ല.

(സി) സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ മുട്ട ഉല്പാദനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമാക്കി ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സന്നദ്ധരായ എല്ലാ പഞ്ചായത്തുകൾക്കും കെപ്കോ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

1. കോഴിവളർത്തൽ ഗ്രാമങ്ങൾ പദ്ധതി
2. കെപ്കോ ആശ്രയ പദ്ധതി
3. റൂറൽ ബാക്ക് യാർഡ് പദ്ധതി
4. കെപ്കോ നഗരപ്രിയ പദ്ധതി
5. കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി
6. കോൾ നിലങ്ങളിലെ കോഴി വളർത്തൽ
7. പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള കോഴി വളർത്തൽ പദ്ധതി

കൂടാതെ മൃഗസംരക്ഷണ വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ കൂടി നടപ്പിലാക്കി വരുന്നു.

1. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ഫാമുകളിൽ വിരിയിച്ചെടുക്കുന്ന 25 ലക്ഷത്തോളം വരുന്ന കോഴികുഞ്ഞുങ്ങളെ വർഷംതോറും സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന അംഗീകാരമുള്ള എഗ്ഗർ നഴ്സറികളിലൂടെ വളർത്തി 45-60 ദിവസം പ്രായത്തിൽ പിന്നാമ്പുറ കോഴി വളർത്തൽ പദ്ധതിയിലൂടെ സബ്സിഡിയോടെയും വകുപ്പിൽ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ മൃഗാശുപത്രികൾ വഴിയും അല്ലാതെയും വിതരണം ചെയ്തുവരുന്നു. സംസ്ഥാനത്തെ മുട്ടയുല്പാദനത്തിന് ഇണങ്ങുന്ന പദ്ധതിയെന്ന രീതിയിൽ വളരെയധികം പ്രചാരം ഈ പദ്ധതിയ്ക്ക് സിദ്ധിച്ചിട്ടുണ്ട്. സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ബാക്ക് യാർഡ് പൗൾട്രി

പ്രൊഡക്ഷൻ പദ്ധതി പ്രകാരം 701 സ്കൂളുകളിൽ 50 വിദ്യാർത്ഥികൾക്കുവീതം 5 കോഴിക്കുഞ്ഞുങ്ങൾ, കോഴിത്തീറ്റ എന്നിവ വിതരണം ചെയ്യുന്നു. ഒരു യൂണിറ്റിന് 725 രൂപ സബ്സിഡി നൽകുന്നു.

2. നഗര പ്രദേശങ്ങളിൽ മുട്ടയുല്പാദനം വർദ്ധിപ്പിക്കുന്നതിൽ SREP പദ്ധതിയിൽ 35 ലക്ഷം രൂപ ചെലവിൽ 700 യൂണിറ്റുകൾ ആരംഭിക്കുന്നു. 4 മുതൽ 5 വരെ കോഴികളും കോഴിക്കൂടും തീറ്റയും അടങ്ങുന്ന യൂണിറ്റിന് 10,000 രൂപ ചെലവും 5,000 രൂപ സബ്സിഡിയും നൽകുന്നു.

3. താറാമുട്ടയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള 10 താറാവിൻ കുഞ്ഞുങ്ങൾ വീതമുള്ള 1608 യൂണിറ്റുകൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. ആകെ ചെലവ് വരുന്ന 2700 രൂപയ്ക്ക് 1200 രൂപ സബ്സിഡി.

**കന്നുകാലികൾക്ക് ഇൻഷ്വറൻസ് പരിരക്ഷാ പദ്ധതി**

115 (884) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 50% സബ്സിഡി നൽകി സംസ്ഥാനത്തെ മുഴുവൻ കന്നുകാലികൾക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതി അനുസരിച്ച് മലപ്പുറം ജില്ലയിൽ 2016 ജനുവരി മുതൽ രജിസ്റ്റർ ചെയ്തവർ എത്രയെന്നും ഇതിൽ എത്ര പേർക്ക് ഇൻഷ്വറൻസ് ലഭിച്ചുവെന്നും വ്യക്തമാക്കാമോ ;

(ബി) കോട്ടക്കൽ മണ്ഡലത്തിൽ നിന്നും 2016 ജനുവരി മുതൽ ഈ പദ്ധതിയ്ക്കായി എത്ര പേർ വകുപ്പിനെ സമീപിച്ചുവെന്നും അതിൽ എത്ര പേർ രജിസ്റ്റർ ചെയ്തുവെന്നും വ്യക്തമാക്കാമോ ;

(സി) കോട്ടക്കൽ മണ്ഡലത്തിൽ നിന്നും ഇൻഷ്വറൻസ് ലഭിക്കുവാൻ അപേക്ഷ നൽകിയവർ എത്രയാണെന്നും എത്ര പേർക്ക് ഇൻഷ്വറൻസ് ലഭിച്ചുവെന്നതും സംബന്ധിച്ച വിശദമായ വിവരം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെടുന്ന സങ്കര ഇനത്തിലുള്ള കന്നുകാലികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നല്കുന്നത് സംബന്ധിച്ച നടപടികൾ അന്തിമഘട്ടത്തിലാണ്. നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ജില്ലകളിലെ തെരഞ്ഞെടുക്കപ്പെടുന്ന കർഷകർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്.

(ബി&സി) പദ്ധതി നിർവ്വഹണം ആരംഭിച്ചിട്ടില്ല.

## പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത

116 (885) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) മേൽത്തരം കന്നുകാലികളെ കർഷകർക്ക് നൽകുന്നതിനായി കൂടുതൽ പദ്ധതികൾ നടപ്പാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്ത് പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിലൂടെ കറവമാടുകളെ വാങ്ങുന്നതിനുള്ള സഹായം, ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം, കറവപ്പശുക്കൾക്ക് വായ്പയെടുത്തതുമായി ബന്ധപ്പെട്ട് കടക്കെണിയിലായ കർഷകരെ സഹായിക്കുന്നതിനുള്ള പദ്ധതി, പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി കൂടാതെ ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബപെൻഷൻ, അവശത പെൻഷൻ, വിവാഹധനസഹായം, മരണാനന്തര സഹായം, ചികിത്സാ സഹായം, ക്ഷീരകർഷകരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവയും നൽകി വരുന്നു. മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ പാൽ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത ലക്ഷ്യമാക്കി സ്വന്തം ഫണ്ടുപയോഗിച്ചും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തികസഹായം ഉപയോഗിച്ചും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പാൽ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത ലക്ഷ്യമാക്കുന്നതിനുവേണ്ടി മിൽമയുടെ മേഖലാ യൂണിയനുകൾ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ബി) മേൽത്തരം കന്നുകാലികളെ കർഷകർക്ക് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഉല്പാദനക്ഷമതയുള്ള സങ്കരയിനം കറവപ്പശുക്കളെ ക്ഷീരകർഷകർക്ക് എം.എസ്.ഡി.പി. പദ്ധതിയിലൂടെ ലഭ്യമാക്കുന്നുണ്ട്. ഒരു പശു, 2 പശു, 5 പശു, 10 പശു, 5 കിടാരി, 10 കിടാരി വീതമുള്ള ഡെയറി യൂണിറ്റുകൾക്ക് ക്ഷീരകർഷകർക്ക് സഹായം നൽകുന്നു. കൂടാതെ സംസ്ഥാനത്തെ തെരഞ്ഞെടുത്ത 50 ബ്ലോക്കുകളിൽ സമഗ്ര ക്ഷീര വികസന പദ്ധതിയിലൂടെയും 5 ഗ്രാമപഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതിയിലൂടെയും ഉല്പാദനക്ഷമത കൂടിയ മേൽത്തരം കറവപ്പശുക്കളെ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മിൽമയുടെ

മലബാർ മേഖലാ യൂണിയൻ കിടാരി പരിപാലന പരിപാടി വഴി ഒരു വർഷം 3000 കിടാരികളെ വളർത്തിക്കൊണ്ടുവരുന്നു. പ്രോജനി ടെസ്റ്റിംഗ് പദ്ധതിയിൽ പിറന്ന 5000 പശുക്കിടാങ്ങളെ ദത്തെടുത്ത് വളർത്തുന്ന പദ്ധതി 1-2-2017 മുതൽ ആരംഭിച്ചിട്ടുണ്ട്. എറണാകുളം മേഖലാ യൂണിയൻ 83 ക്ഷീരസംഘങ്ങളിൽ പ്രവർത്തിക്കുന്ന കൃത്രിമ ബീജ സങ്കലന കേന്ദ്രങ്ങളിലൂടെ ഉയർന്ന ജനിതക ഗുണമുള്ള ബീജ ഡോസുകൾ കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തിരുവനന്തപുരം മേഖലാ യൂണിയൻ കാഫ് അഡോപ്ഷൻ സ്കീം പ്രകാരം 5000 കിടാരികളെ ദത്തെടുത്ത് 20 മാസം ആകുന്നതുവരെ 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകി വളർത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

**ക്ഷീരകർഷർക്ക് പെൻഷൻ**

117 (886) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് പെൻഷൻ നൽകുന്നതിലെ അപാകതകൾ പരിഹരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര ക്ഷീര കർഷകർക്ക് പെൻഷൻ നൽകാൻ സാധിച്ചുവെന്ന് അറിയിക്കുമോ;

(സി) ക്ഷീരകർഷകർക്ക് നിലവിൽ നൽകി വരുന്ന പെൻഷൻ തുകയെത്രയാണ്; ഇതിൽ വർദ്ധനവ് വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ക്ഷീരകർഷക പെൻഷൻ കാര്യക്ഷമമായും സുതാര്യമായും വേഗത്തിലും നൽകുന്നതിനായി പെൻഷൻ ഉൾപ്പെടെ ക്ഷേമനിധിയുടെ എല്ലാ പ്രവർത്തനങ്ങളും ഓട്ടോമേറ്റ് ചെയ്തുകൊണ്ട് "ക്ഷീരജാലകം" എന്ന പേരിൽ ഒരു സോഫ്റ്റ്‌വെയർ രൂപീകരിച്ചിട്ടുണ്ട്. ക്ഷീരകർഷകൻ അപേക്ഷ സമർപ്പിക്കുന്നതു മുതൽ പെൻഷൻ അനുവദിക്കുന്നതുവരെയുള്ള എല്ലാ ഘട്ടങ്ങളും ഓൺലൈനായാണ് കൈകാര്യം ചെയ്യുന്നത്. നിലവിൽ ഈ പുതിയ സംവിധാനത്തിലൂടെ കാര്യക്ഷമമായ രീതിയിൽ പെൻഷൻ വിതരണം നടന്നുവരുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി 4943 ക്ഷീരകർഷകർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്.

(സി) ക്ഷീരകർഷകർക്ക് നിലവിൽ 500 രൂപ പ്രതിമാസ പെൻഷൻ നൽകി വരുന്നുണ്ട്. ക്ഷീരകർഷകർക്കുള്ള പെൻഷൻ തുക 1000 രൂപയാക്കി വർദ്ധിപ്പിക്കാനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

## ക്ഷീരകർഷർക്ക് ആനുകൂല്യങ്ങൾ

118 (887) ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. വി. ജോയി :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീര കർഷകർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ക്ഷീരകർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കടുത്ത വരൾച്ചകൊണ്ട് വൈക്കോൽ ഉൾപ്പെടെയുള്ള തീറ്റയുടെ ദൗർലഭ്യവും വിലക്കയറ്റവും കാരണം പ്രതിസന്ധിയിലായ കർഷകരെ സഹായിക്കാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ ക്ഷീരകർഷകരെ സഹായിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി: ഈ പദ്ധതി പ്രകാരം താഴെപ്പറയുന്നവയ്ക്ക് കർഷകർക്ക് ധനസഹായം നൽകിവരുന്നു.

| ക്രമ നമ്പർ | പദ്ധതി | സബ്സിഡി |
|---|---|---|
| 1 | ഗോദാനം (1 പശു യൂണിറ്റ്) | 32,000 |
| 2 | 2 പശു യൂണിറ്റ് | 64,000 |
| 3 | 5 പശു യൂണിറ്റ് | 1,75,000 |
| 4 | 10 പശു യൂണിറ്റ് | 3,5,0000 |
| 5 | 5 കിടാരി യൂണിറ്റ് | 90,000 |
| 6 | 10 കിടാരി യൂണിറ്റ് | 1,81,200 |
| 7 | അവശ്യാധിഷ്ഠിത ധനസഹായം | 50,000 |
| 8 | കറവയന്ത്രം | 25,000 |
| 9 | തൊഴുത്ത് നിർമ്മാണം | 50,000 |

2. തീറ്റപ്പുൽകൃഷി പദ്ധതി: ഇതിന്റെ ഭാഗമായി 20 സെന്റിൽ കൂടുതൽ പുൽകൃഷി ചെയ്യുന്ന കർഷകർക്ക് പുൽക്കടകൾക്ക് പുറമെ ഹെക്ടറിന് 12,500 രൂപ ധനസഹായം നൽകുന്നു.

   അഞ്ചോ അതിൽ കൂടുതലോ സ്ത്രീകളുടെ ഗ്രൂപ്പുകൾക്ക് ഗോപാലിക പദ്ധതി പ്രകാരം ഒരു ഏക്കർ സ്ഥലത്ത് തീറ്റപ്പുൽകൃഷി ചെയ്യുന്നതിന് 75,000 രൂപയുടെ ധനസഹായം നൽകുന്നു. കൂടാതെ കർഷകർക്ക് ചോളം, അസോള, വൻപയർ എന്നിവ കൃഷി ചെയ്യുന്നതിനും ജലസേചന സൗകര്യം ഉണ്ടാക്കുന്നതിനും ധനസഹായം നൽകുന്ന പദ്ധതികളും നടപ്പിലാക്കി വരുന്നു.

3. കാലിത്തീറ്റ സബ്സിഡി പദ്ധതി: ഇതിന്റെ ഭാഗമായി ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് ഒരു ലിറ്റർ പാലിന് ഒരു രൂപ നിരക്കിൽ കാലിത്തീറ്റ സബ്സിഡി നൽകുന്ന പദ്ധതിയും നിലവിലുണ്ട്.

   ക്ഷീരകർഷകർക്കുള്ള ക്ഷേമനിധി ബോർഡ് മുഖാന്തരമുള്ള വിവിധ ക്ഷേമപദ്ധതികൾ:

   1. പ്രതിമാസം 500 രൂപ പെൻഷൻ
   2. മരണപ്പെട്ട പെൻഷണർമാരുടെ നോമിനിക്ക് 150 രൂപ പ്രതിമാസ കുടുംബപെൻഷൻ
   3. മരണാനന്തര ചെലവുകൾക്കായി 3000 രൂപ ധനസഹായം

4. ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീരകർഷകരുടെ അംഗങ്ങളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായമായി 5,000 രൂപ, വിദ്യാഭ്യാസ ധനസഹായമായി അംഗങ്ങളുടെ മക്കൾക്ക് 1000 രൂപ (SSLC), 1,500 രൂപ (+2), 2,000 രൂപ ബിരുദം, 2,500 രൂപ (പ്രൊഫഷണൽ കോഴ്സ്) എന്ന ക്രമത്തിൽ നൽകിവരുന്നു.

5. ചികിത്സാ ധനസഹായമായി പരമാവധി 15,000 രൂപ വരെയും അപകട മരണം സംഭവിക്കുന്ന അംഗങ്ങളുടെ നോമിനികൾക്ക് 50,000 രൂപയുടെ ധനസഹായവും നൽകി വരുന്നു.

(ബി) ഇതുസംബന്ധിച്ച ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

(സി) നടപ്പുവർഷത്തെ വാർഷിക പദ്ധതിയുടെ ഭാഗമായി ബാങ്ക് വായ്പയെടുത്തു വാങ്ങിയ പശുക്കൾ ചത്തുപോയതുമൂലമോ, ഉല്പാദനം കുറഞ്ഞതുമൂലമോ വായ്പ തിരിച്ചടയ്ക്കാനാവാതെ കടക്കെണിയിലായ ക്ഷീരകർഷകരെ സഹായിക്കുന്നതിനായി 5 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു. ഏപ്രിൽ 1 മുതൽ നടപ്പിലാക്കത്തക്ക രീതിയിൽ ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

## മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് വരുന്ന പാലിന്റെ അളവ്

119 (888) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് വരുന്ന പാലിന്റെ അളവ് എത്രയാണെന്ന് കണക്കാക്കുന്നതിന് നിലവിൽ സംവിധാനമുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിന് തയ്യാറാകുമോ;

(ബി) ഇതര സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിൽ സംവിധാനമുണ്ടോ; ഇല്ലെങ്കിൽ അതിന് ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിന് തയ്യാറാകുമോ;

(സി) ചെക്ക് പോസ്റ്റുകളിലെ പരിശോധന ഓണക്കാലത്ത് മാത്രമാക്കാതെ വർഷം മുഴുവനും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് മിൽമ കൊണ്ടുവരുന്ന പാലിന്റെ അളവ് കണക്കാക്കുന്നതിന് നിലവിൽ സംവിധാനമുണ്ട്. അന്യ സംസ്ഥാന ഫെഡറേഷനിൽ നിന്നും വാങ്ങുന്ന പാലിന്റെ കൃത്യമായ കണക്കുകൾ മേഖലാ യൂണിയനുകളും ഫെഡറേഷനും സൂക്ഷിക്കുന്നുണ്ട്. എന്നാൽ സ്വകാര്യ മേഖലയിൽ കൊണ്ടുവരുന്ന പാലിന്റെ അളവ് എത്രയാണെന്ന് കണക്കാക്കുന്നതിന് നിലവിൽ സംവിധാനമില്ല. പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിച്ചു വരുന്നു.

(ബി) ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം ഓണക്കാലത്തു പരിശോധിക്കുന്നതിനുള്ള സംവിധാനം മാത്രമേ ക്ഷീരവികസന വകുപ്പിൽ നിലവിലുള്ളൂ. ആയതിന് ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ മൂന്ന് മേഖലാ ലാബുകളും പത്തനംതിട്ടയിൽ ഒരു ജില്ലാ ഫുഡ് സേഫ്റ്റി ലാബും പ്രവർത്തിക്കുന്നു. ഇതു കൂടാതെ തിരുവനന്തപുരം, കോഴിക്കോട് എന്നീ ലാബുകളുടെ നിയന്ത്രണത്തിൽ ഓരോ മൊബൈൽ ടെസ്റ്റിംഗ് ലാബുകളും പ്രവർത്തിക്കുന്നു.

മിൽമ ഇതരസംസ്ഥാനങ്ങളിൽ നിന്നും സ്വീകരിക്കുന്ന പാൽ കർശനമായ ഗുണനിലവാര പരിശോധനകൾക്ക് വിധേയമാക്കിയതിനുശേഷമാണ് സ്വീകരിക്കുന്നത്. കേരളത്തിലെ മിൽമ പ്ലാന്റുകളിലെല്ലാം തന്നെ ഇതിനായുള്ള സുസജ്ജമായുള്ള ലബോറട്ടറികൾ ഉണ്ടാക്കിയിട്ടുണ്ട്. മിൽമാ ഡയറികളുടെ ലബോറട്ടറികളിൽ ആന്റിബയോട്ടിക്ക് ടെസ്റ്റ്, അഡൽട്രേഷൻ ടെസ്റ്റ്, പ്രിസർവേറ്റീവ് ടെസ്റ്റ്, ബാക്ടീരിയോളജിക്കൽ ടെസ്റ്റ് എന്നിവ നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു. കൂടാതെ പുറമേയുള്ള NABL Accredited ലാബുകൾ വഴി മിൽമയുടെ ഡയറികൾ ഹെവിമെറ്റൽസ്, ആന്റിബയോട്ടിക് ടെസ്റ്റ്, പെസ്റ്റിസൈഡ്സ് തുടങ്ങിയവയുടെ പരിശോധനയും കൃത്യമായി നടത്തിവരുന്നു. കൃത്യമായ ഇടവേളകളിൽ ഗവൺമെന്റ് ലാബ്/ഗവൺമെന്റ് അംഗീകൃത ലാബുകളിലൂടെയും പാലിന്റെ ഗുണനിലവാര പരിശോധന മിൽമ നടത്തുകയും ചെയ്യുന്നുണ്ട്.

(സി) ചെക്ക് പോസ്റ്റുകളിലെ പാൽ പരിശോധന ഓണക്കാലത്ത് മാത്രമാക്കാതെ വർഷം മുഴുവനും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. ആദ്യഘട്ടമെന്ന നിലയിൽ മീനാക്ഷിപുരം ചെക്ക് പോസ്റ്റിൽ സ്ഥിരം പാൽ പരിശോധന ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

**മിൽമാ പാലിന്റെ വില വർദ്ധനവ്**

120 (889) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമാ പാലിന്റെ വില വർദ്ധിപ്പിച്ചോ; എങ്കിൽ എത്ര രൂപയാണ് വർദ്ധിപ്പിച്ചതെന്നു വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന് പ്രതിദിനം ആവശ്യമായ പാലിന്റെ അളവും ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്ന പാലിന്റെ അളവും എത്രയാണെന്ന് വിശദമാക്കുമോ;

(സി) മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വാങ്ങുന്ന പാലിന്റെ അളവ് വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണങ്ങൾ വിശദമാക്കുമോ;

(ഡി) പാലിന്റെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഇ) പാലിന്റെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിച്ച ശേഷവും പാലുൽപ്പാദനത്തിൽ ഗണ്യമായ കുറവ് സംഭവിച്ചതെന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 11-2-2017 മുതൽ മിൽമ പാലിന്റെ വില്പന വില ലിറ്ററിന് 4 രൂപ വച്ച് വർദ്ധിപ്പിക്കുകയുണ്ടായി. ഇങ്ങനെ വർദ്ധിപ്പിക്കുന്ന 4 രൂപയിൽ നിന്നും 3.35 രൂപ ക്ഷീരകർഷകർക്കും 16 പൈസ ക്ഷീരസഹകരണസംഘങ്ങൾക്കും 16 പൈസ വിതരണ ഏജന്റിനും 0.75% ക്ഷീരകർഷക ക്ഷേമനിധി ബോർഡിലേയ്ക്കുള്ള അംശദായമായും നൽകുന്നതാണ്. ഇതിനുപുറമേ ക്ഷീരസംഘങ്ങൾക്ക് ഒറ്റത്തവണ സഹായമായി ലിറ്ററിന് 16 പൈസ അധികമായി നൽകുന്നതാണ്. ബാക്കി വരുന്ന 14 പൈസ മേഖലാ യൂണിറ്റുകളുടെയും ഡയറികളുടെയും സംഭരണ സംസ്കരണ പായ്ക്കിംഗ് ചെലവുകളിലുണ്ടാകുന്ന വർദ്ധനവ് നേരിടുന്നതിനുവേണ്ടി മാറ്റി വയ്ക്കുന്നതാണ്. ഈ വില വർദ്ധനവിലൂടെ കർഷകർക്ക് ലിറ്ററിന് 3.35 രൂപയാണ് അധികം നൽകാൻ തീരുമാനിച്ചിട്ടുള്ളതെങ്കിലും പാൽവില ചാർട്ട് പ്രകാരം 3.0% കൊഴുപ്പും 8.5% കൊഴുപ്പിതര ഖരപദാർത്ഥങ്ങളും അടങ്ങിയ പാലിന് ക്ഷീര കർഷകർക്ക് ലിറ്ററിന് 3.35 രൂപയും സംസ്ഥാന ശരാശരി ഗുണനിലവാരമായ 4.1% കൊഴുപ്പും 8.3% കൊഴുപ്പിതര ഖരപദാർത്ഥങ്ങളും അടങ്ങിയ പാലിന് ലിറ്ററിന് 4.02 രൂപയുടെ വർദ്ധനവും ഉണ്ടാകും.

(ബി) പ്രതിദിനം 87 ലക്ഷം ലിറ്റർ പാൽ ആവശ്യമാണ്. എന്നാൽ ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്നത് 78 ലക്ഷം മാത്രമാണ്.

(സി) മറ്റു സംസ്ഥാനങ്ങളിൽ നിന്നു വാങ്ങുന്ന പാലിന്റെ അളവ് 2017 ജനുവരി മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്. രൂക്ഷമായ വരൾച്ച കാരണം ശുദ്ധജലത്തിന്റേയും കാലിത്തീറ്റവിളകളുടെയും ലഭ്യതക്കുറവുമൂലം പാലുല്പാദനത്തിൽ 2017 ജനുവരി മുതൽ കുറവ് വന്നിട്ടുണ്ട്. മിൽമയുടെ ഇപ്പോഴത്തെ ശരാശരി പ്രതിദിന വിൽപ്പന 13 ലക്ഷം ലിറ്റർ പാലാണ്. സംഘങ്ങൾ വഴി മിൽമയുടെ മേഖലാ യൂണിയനുകൾ സംഭരിക്കുന്നത് പ്രതിദിനം 10.02 ലക്ഷം ലിറ്ററാണ്. വിപണി നിലനിർത്തുന്നതിനു വേണ്ടി സംഘങ്ങളിൽ നിന്നും സംഭരിക്കുന്ന പാലിനുപരിയായി ആവശ്യം വരുന്ന പാൽ അന്യസംസ്ഥാന ഫെഡറേഷനുകളിൽ നിന്നും മിൽമ വാങ്ങുന്നുണ്ട്. കാലാവസ്ഥയിൽ വന്ന വ്യതിയാനങ്ങൾമൂലം ആഭ്യന്തര ഉൽപ്പാദനത്തിൽ കുറവ് വന്നിട്ടുള്ള ഇപ്പോഴത്തെ സാഹചര്യത്തിൽ ഈ കുറവ് നികത്തുന്നതിന് അയൽ സംസ്ഥാനങ്ങളിൽ നിന്നും കൂടുതൽ പാൽ വാങ്ങേണ്ടി വരുന്നുണ്ട്.

(ഡി) പാലിന്റെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്ത് പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. തീറ്റപ്പുൽകൃഷി വികസന പദ്ധതി,

കാലിത്തീറ്റ സബ്സിഡി, മിൽക്ക്ഷെഡ് ഡവലപ്മെന്റ് പദ്ധതിയിലൂടെ കറവമാടുകളെ വാങ്ങുന്നതിനുള്ള സഹായം, ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം, പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി കൂടാതെ ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബപെൻഷൻ, അവശത പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര സഹായം, ചികിത്സാ സഹായം, ക്ഷീരകർഷകരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവയും നൽകി വരുന്നു. മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ സംസ്ഥാനത്ത് പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സ്വന്തം ഫണ്ടുപയോഗിച്ചും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായം ഉപയോഗിച്ചും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി മിൽമയുടെ മേഖലാ യൂണിയനുകളും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ഇ) പാലിന്റെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കിയതിന്റെ ഭാഗമായി 2016 ഡിസംബർ വരെയുള്ള മാസങ്ങളിൽ ശരാശരി 9% പാലുല്പാദന വളർച്ച ഉണ്ടായിട്ടുണ്ട്. രൂക്ഷമായ വരൾച്ച കാരണം ശുദ്ധജലത്തിന്റെയും കാലിത്തീറ്റ വിളകളുടെയും ലഭ്യതക്കുറവുമൂലവും പാലുല്പാദനത്തിൽ 2017 ജനുവരി മുതൽ കുറവ് വന്നിട്ടുണ്ട്. കാലവർഷക്കാലത്തും തുലാവർഷ കാലത്തും കാര്യമായി മഴ ലഭിക്കാത്തതുമൂലമുണ്ടായ കാലാവസ്ഥാ വ്യതിയാനത്തെ തുടർന്ന് പാലുല്പാദനം കുറയുവാൻ തുടങ്ങിയിട്ടുണ്ട്. ബദൽ തീറ്റകളായി നൽകി വരുന്ന പച്ചപുല്ലിന്റെയും വൈക്കോലിന്റെയും ദൗർലഭ്യം പാലുല്പാദനത്തിൽ കുറവ് വരാൻ കാരണമായിട്ടുണ്ട്.

**ക്ഷീരകർഷക കടാശ്വാസം**

121 (890) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിൽ പ്രഖ്യാപിച്ച ക്ഷീരകർഷക കടാശ്വാസ പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ക്ഷീരകർഷക കടാശ്വാസ പദ്ധതി അടിയന്തരമായി നടപ്പാക്കുന്നതിനു നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ക്ഷീരകർഷക കടാശ്വാസ പദ്ധതി പ്രകാരം 5 കോടി രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കടക്കെണിയിലായ ക്ഷീരകർഷകരുടെ വിശദാംശങ്ങൾ കർഷകരിൽ നിന്നും ബാങ്കുകളിൽ നിന്നുമായി ശേഖരിച്ചു വരുന്നു.

(ബി) ക്ഷീരകർഷക കടാശ്വാസ പദ്ധതി ഒരു മാസത്തിനുള്ളിൽ പൂർത്തീ കരിക്കുന്നതാണ്.

**ക്ഷീരകാർഷിക മേഖലയിൽ കർഷകർക്ക് സബ്സിഡി**

122 (891) ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരകാർഷിക മേഖലയിൽ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് പുതുതായി വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കാലിത്തീറ്റയുടെ അടിക്കടി ഉണ്ടാകുന്ന വില വർദ്ധനവും തീറ്റപ്പുല്ലിന്റെ ദൗർലഭ്യവും നിലവിലുള്ള വരൾച്ചയുടെ ആഘാതവും കണക്കിലെടുത്ത് ക്ഷീര കർഷകർക്കു കാർഷികവൃത്തിയിൽ നിലനിന്നുപോകാനുതകുന്ന വിധത്തിൽ ന്യായമായ സബ്സിഡി നൽകാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്ത് പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക്ഷെഡ് ഡവലപ്മെന്റ് പദ്ധതിയിലൂടെ കറവമാടുകളെ വാങ്ങുന്നതിനുള്ള സഹായം, ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം, പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി, കൂടാതെ, ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബപെൻഷൻ, അവശത പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര സഹായം, ചികിത്സാ സഹായം, ക്ഷീരകർഷകരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവയും നൽകി വരുന്നു. നിലവിലുള്ള പദ്ധതികൾക്കു പുറമേ സംസ്ഥാനത്തെ തെരഞ്ഞെടുത്ത 50 ബ്ലോക്കുകളിലും 5 ഗ്രാമപഞ്ചായത്തുകളിലും സമഗ്ര ക്ഷീര വികസന പദ്ധതി അടുത്ത സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നതാണ്. 600 ലക്ഷം രൂപയുടെ തീറ്റപ്പുൽകൃഷി വികസന പദ്ധതിയുടെ പ്രവർത്തനങ്ങൾ 2017 ഏപ്രിൽ മുതൽ തന്നെ ആരംഭിക്കുന്നതാണ്. ഇതിന്റെ ഭാഗമായി തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ വ്യാവസായികാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി നടപ്പിലാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. കടക്കെണിയിലായ ക്ഷീരകർഷകരെ സഹായിക്കുന്നതിനായി 5 കോടി രൂപയുടെ കടാശ്വാസ പദ്ധതിയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) സാധ്യമായ എല്ലാ നടപടിയും സ്വീകരിക്കും.

## വേനൽക്കാലത്തെ പാലുൽപ്പാദനം

123 (892) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽക്കാലത്ത് പാലുൽപ്പാദനം കുറയാതെ നിലനിർത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് ; വിശദീകരിക്കുമോ ;

(ബി) കടുത്ത ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിലെ കാലികൾക്ക് ആവശ്യമായ ജലം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) വേനൽകാലത്ത് പടർന്നു പിടിക്കാൻ സാദ്ധ്യതയുള്ള രോഗങ്ങളെ പ്രതിരോധിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) വേനൽക്കാലത്ത് പാലുൽപ്പാദനം കുറയുകയും സംരക്ഷണച്ചെലവ് വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ക്ഷീരകർഷകരെ സഹായിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക്ഷെഡ് വികസന പദ്ധതിയിലൂടെ കറവമാടുകളെ വാങ്ങുന്നതിനുള്ള ധനസഹായം, ക്ഷീരകർഷകർക്ക് അവശ്യാധിഷ്ഠിത സഹായം, കറവയന്ത്രം വാങ്ങുന്നതിനുള്ള സഹായം എന്നിവ നടപ്പിലാക്കുന്നുണ്ട്. കൂടാതെ കടക്കെണിയിലായ ക്ഷീരകർഷകരെ സഹായിക്കുന്നതിനായി ക്ഷീരകർഷക കടാശ്വാസ പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. തിരുവനന്തപുരം, എറണാകുളം മേഖലാ യൂണിയനുകൾ ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് ലിറ്ററിന് 2 രൂപ നിരക്കിൽ വേനൽക്കാല ഇൻസെന്റീവ് നൽകി വരുന്നു. എല്ലാ മേഖലാ യൂണിയനുകളും സബ്സിഡി നിരക്കിൽ ആട്ടോമാറ്റിക് ഡ്രിങ്കിംഗ് ബൗളുകൾ നൽകി വരുന്നുണ്ട്. മലബാർ മേഖലാ യൂണിയൻ സബ്സിഡി നിരക്കിൽ തീറ്റപ്പുൽ വിതരണം, മിതമായ നിരക്കിൽ വൈക്കോൽ വിതരണം, മീനെണ്ണ, ധാതുലവണ മിശ്രിതം, ബദൽതീറ്റകളുടെ വിതരണം എന്നിവ നടത്തി വരുന്നു.

(ബി) ക്യാമ്പുകൾ സംഘടിപ്പിച്ച് ജലം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് സംസ്ഥാനത്തൊട്ടാകെ നല്കി കഴിഞ്ഞു. രോഗപ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ച് കർഷകർക്ക് ബോധവൽക്കരണ പരിപാടികളും നടത്തുന്നുണ്ട്.

(ഡി) തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക്ഷെഡ് വികസന പദ്ധതിയിലൂടെ കറവമാടുകളെ വാങ്ങുന്നതിനുള്ള ധനസഹായം, ക്ഷീര കർഷകർക്ക് അവശ്യാധിഷ്ഠിത സഹായം, കറവയന്ത്രം വാങ്ങുന്നതിനുള്ള സഹായം എന്നിവ നടപ്പിലാക്കുന്നുണ്ട്. കൂടാതെ കടക്കെണിയിലായ ക്ഷീരകർഷകരെ സഹായിക്കുന്നതിനായി ക്ഷീരകർഷക കടാശ്വാസ പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. വരൾച്ച ഏറ്റവും കൂടുതൽ ബാധിച്ചിട്ടുള്ള പ്രദേശങ്ങളിൽ ക്യാമ്പുകൾ സംഘടിപ്പിച്ച് കാലികൾക്ക് തീറ്റ, വെള്ളം തുടങ്ങിയവ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

**ക്ഷീരകർഷകരുടെ ഉന്നമനത്തിനായി പദ്ധതികൾ**

124 (893) ശ്രീ. രാജു എബ്രഹാം :

ശ്രീ. ഡി. കെ. മുരളി :

ശ്രീമതി യു. പ്രതിഭ ഹരി :

ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരകർഷകരുടെ ഉന്നമനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി കറവപ്പശുക്കൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(സി) പദ്ധതിയുടെ ആനുകൂല്യം കൂടുതൽ ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ഡി) പദ്ധതിയ്ക്ക് മുന്നോടിയായി രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്ത് പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിലൂടെ കറവമാടുകളെ വാങ്ങുന്നതിനുള്ള സഹായം, ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം, കറവപ്പശുക്കൾക്ക് വായ്പയെടുത്തതുമായി ബന്ധപ്പെട്ട് കടക്കെണിയിലായ കർഷകരെ സഹായിക്കുന്നതിനുള്ള പദ്ധതി, കൂടാതെ ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബപെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, ക്ഷീരകർഷകരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവയും നൽകി വരുന്നു.

(ബി) ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, സമഗ്ര ക്ഷീരവികസന പദ്ധതി എന്നിവയിലൂടെ വാങ്ങുന്ന കറവ പശുക്കൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിന് കറവപ്പശുവിന്റെ വിലയുടെ 7 ശതമാനം ഇൻഷ്വറൻസ് പ്രീമിയമായി ഉൾപ്പെടുത്തുകയും ടി തുകയുടെ 33 ശതമാനം സബ്സിഡിയായി നൽകുകയും ചെയ്യുന്നുണ്ട്.

(സി) പദ്ധതിയുടെ ആനുകൂല്യം കൂടുതൽ ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

(ഡി) 2016-17 വർഷത്തെ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. 2017-18 വർഷത്തെ പദ്ധതിയിലേയ്ക്കുള്ള രജിസ്ട്രേഷൻ നടപടികൾ 2017 ഏപ്രിൽ 1 മുതൽ ആരംഭിക്കുന്നതാണ്.

**പെരുമ്പുഴ കടവ് പാലത്തിന്റെ നിർമ്മാണം**

125 (894) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ ചുമതലയിൽ പുനഃനിർമ്മാണ ജോലികൾ നടക്കുന്ന പെരുമ്പുഴ കടവ് പാലത്തിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) പാലത്തിന്റെ പണിക്കായുള്ള മണ്ണ് പരിശോധന തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിന്റെ ചുമതലയിൽ നടന്നിട്ടുണ്ടോ;

(സി) അതിനുശേഷം വീണ്ടും മണ്ണ് പരിശോധന നടത്താനുണ്ടായ സാഹചര്യം എന്തായിരുന്നു;

(ഡി) പ്രസ്തുത പരിശോധന പൂർത്തീകരിച്ചിട്ടുണ്ടോ;

(ഇ) പരിശോധനാഫലം അനുസരിച്ച് തുടർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(എഫ്) പാലത്തിന്റെ പുനർനിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) പെരുമ്പുഴ കടവ് പാലത്തിന്റെ തകർന്ന അപ്രോച്ച് റോഡിന്റെയും പാർശ്വഭിത്തിയുടെയും പുനർനിർമ്മാണത്തിന്റെ രൂപകൽപ്പന പുരോഗമിച്ചു വരുന്നു.

(ബി) ഉണ്ട്.

(സി) കുറച്ചുകൂടി വിശദമായ ഒരു റിപ്പോർട്ട് കൂടുതൽ പോയിന്റുകളിൽ നിന്നും വേണമെന്ന് ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി. ആവശ്യപ്പെട്ട പ്രകാരം വീണ്ടും മണ്ണ് പരിശോധന നടത്തുകയുണ്ടായി.

(ഡി&ഇ) ഉണ്ട്.

(എഫ്) ടെണ്ടർ നടപടി പൂർത്തിയായാൽ, ഒരു വർഷത്തിനകം പൂർത്തീകരിക്കാൻ കഴിയും.

### ഒരു പഞ്ചായത്ത് വാർഡിൽ ഒരു കിയോസ്ക്

126 (895) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഠിനമായ കുടിവെള്ള ക്ഷാമം നേരിടുന്നതിന് ഒരു പഞ്ചായത്ത് വാർഡിൽ ഒരു കിയോസ്ക് എന്ന നിലയിൽ സംവിധാനം ഏർപ്പെടുത്തുന്നത് വിസ്തൃതമായ വാർഡുകൾ ഉള്ള വാമനപുരം പോലുള്ള നിയോജക മണ്ഡലത്തിൽ പ്രാവർത്തികമല്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയം പരിഹരിക്കാൻ എന്തു ചെയ്യാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(സി) വാർഡിലെ എല്ലാ പ്രദേശങ്ങളിലും കുടിവെള്ളം എത്തിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) കിയോസ്കുകൾ വഴിയുള്ള ജലവിതരണം റവന്യൂ വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ചുമതലയിലാണ് നടത്തുന്നത്.

### ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി

127 (896) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ വഴി നടപ്പാക്കുന്ന 'ഒരു പഞ്ചായത്തിൽ ഒരു കുളം' പദ്ധതി പ്രകാരം കൊല്ലം നിയോജക മണ്ഡലത്തിലെ ഏതെല്ലാം കുളങ്ങളാണ് നവീകരിച്ചിട്ടുള്ളത് ;

(ബി) അവയുടെ പേരു വിവരവും അനുവദിച്ച തുകയും വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) മൈനർ ഇറിഗേഷൻ വഴി നടപ്പാക്കുന്ന 'ഒരു പഞ്ചായത്തിൽ ഒരു കുളം' പദ്ധതി പ്രകാരം കൊല്ലം നിയോജക മണ്ഡലത്തിൽ കുളങ്ങളൊന്നും നവീകരിച്ചിട്ടില്ല.

### കേരള വാട്ടർ അതോറിറ്റി

128 (897) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി രൂപീകരിച്ചത് എന്നാണ് എന്നും അന്ന് എത്ര ജീവനക്കാർ ഉണ്ടായിരുന്നു എന്നും നിലവിൽ എത്ര ജീവനക്കാർ ഉണ്ട് എന്നും വിഭാഗം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളിൽ പദ്ധതികൾ തീർക്കുന്നതിലെ കാലതാമസം ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടുവോ; ഇക്കാര്യം പരിശോധിക്കാൻ നടപടികൾ സ്വീകരിക്കുന്നത് പരിഗണിക്കുമോ;

(സി) ഉദ്യോഗസ്ഥരുടെ അനാസ്ഥമൂലം നാട്ടുകാർ, വമ്പൻ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ തുടങ്ങിയവർ അതോറിറ്റിക്ക് യഥാസമയം നൽകേണ്ടുന്ന തുക കുടിശ്ശികയാകുന്നതും ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ കുടിശ്ശിക തുക എത്ര;

(ഡി) പ്രസ്തുത തുക പിരിച്ചെടുക്കാൻ ഈ സർക്കാർ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഇ) മുൻ സർക്കാർ കാലയളവിൽ പൈപ്പുപൊട്ടൽ ശരിയാക്കുന്നതുമായി ബന്ധപ്പെട്ട് കരാറുകാർ നടത്തിയ അഴിമതി പരിശോധിക്കുമോ; വിശദാംശം വ്യക്തമാക്കുമോ;

(എഫ്) വകുപ്പിലെ പ്രധാന പ്രശ്നങ്ങൾ കണ്ടെത്തുവാനും പോംവഴികൾ നിർദ്ദേശിക്കാനും കുടിവെള്ളം ജനങ്ങൾക്ക് ഉറപ്പുവരുത്താനുമായി ഒരു സമ്പൂർണ്ണ കുടിവെള്ള നയം പ്രഖ്യാപിക്കുന്നത് പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) കേരള വാട്ടർ സപ്ലൈ & സ്വീവറേജ് ആക്ട് 1986 (ആക്ട് ഓഫ് 1986) പ്രകാരം 1-3-1984 -ലാണ് കേരള വാട്ടർ അതോറിറ്റി നിലവിൽ വന്നത്. 1-3-1984 -ൽ ഉണ്ടായിരുന്ന ജീവനക്കാരുടെ വിഭാഗം തിരിച്ചുള്ള വിവരം കണ്ടെടുക്കാൻ സാധിച്ചിട്ടില്ല. എന്നാൽ വാട്ടർ അതോറിറ്റിയുടെ 1997-98-ലെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം 8182 അംഗീകൃത തസ്തികകൾ ഉണ്ടായിരുന്നു. അതിന്റെ വിഭാഗം തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.* നിലവിൽ 2016-17-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം 8743 അംഗീകൃത തസ്തികകൾ ഉണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാത്തതിന് പ്രധാനമായ കാരണം പദ്ധതിക്കാവശ്യമായ സ്ഥലം ലഭ്യമാകാത്തതും റോഡ് മുറിക്കുന്നതിനും റെയിൽവേ ലൈൻ ക്രോസ് ചെയ്യുന്നതിനും ഉള്ള അനുമതി ലഭിക്കുന്നതിനുള്ള കാലതാമസവുമാണ്. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി പ്രത്യേക പ്രോജക്ട് ഡിവിഷനുകൾ രൂപീകരിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ പുരോഗതി സംബന്ധിച്ച് വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ നടത്തി പദ്ധതി നടത്തിപ്പിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ പദ്ധതി നിർവ്വഹണത്തിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിനായി ആവശ്യമായ ഘട്ടങ്ങളിൽ ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവരുമായി ബന്ധപ്പെട്ട നടപടി സ്വീകരിക്കുന്നതാണ്. പ്രസ്തുത പദ്ധതികളെല്ലാം തന്നെ സമയബന്ധിതമായി പൂർണ്ണമായി കമ്മീഷൻ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ കേരള വാട്ടർ അതോറിറ്റിയിൽ ഏകദേശം 861.04 കോടിയുടെ കുടിശ്ശിക തുക നിലനിൽക്കുന്നുണ്ട്.

(ഡി) വെള്ളക്കരം കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി 2016 കുടിശ്ശിക നിവാരണ വർഷമായി ആചരിക്കുകയും ഹെഡ് ഓഫീസ് തലത്തിൽ എല്ലാ ഡിവിഷൻതല ഉദ്യോഗസ്ഥരുടെയും RMC ഉദ്യോഗസ്ഥരുടെയും റവന്യൂ റിവ്യൂ യോഗങ്ങൾ നടത്തുകയും കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും അതിൻ പ്രകാരം വെള്ളക്കരം കുടിശ്ശിക വരുത്തിയ ഉപഭോക്താക്കളിൽ നിന്നും ടി തുക പിരിച്ചെടുക്കുവാനായി നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) കരാറുകാർ അഴിമതി നടത്തിയതായി ലഭിക്കുന്ന പരാതികളിന്മേൽ അന്വേഷണം നടത്തി നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

(എഫ്) നിലവിലെ ജലനയത്തിന്റെ അടിസ്ഥാനത്തിൽ ജലലഭ്യത ഒരു മനുഷ്യാവകാശമാണ്. അടിസ്ഥാനാവശ്യങ്ങൾക്ക് നീതിപൂർവ്വമായ ജലം ലഭിക്കുവാനുള്ള ഓരോ പൗരന്റെയും അവകാശത്തെ നിയമം വഴി ഉറപ്പുവരുത്തേണ്ടത് പരമ പ്രധാനമാണ്. മാത്രമല്ല വെള്ളത്തിന്റെ നിയന്ത്രിത ഉപയോഗവും സംരക്ഷണ ഉത്തരവാദിത്വവും ഓരോ പൗരനിലും നിക്ഷിപ്തമാണ്. സംസ്ഥാന ജലനയം പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

## കോൾ നിലങ്ങളിലെ നെൽകൃഷിക്ക് വെള്ളം

129 (898) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളം ലഭിക്കാത്തതുമൂലം തൃശ്ശൂർ കോൾ നിലങ്ങളിലെ നെൽകൃഷിക്ക് നാശം സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചിമ്മിനി ഡാമിൽനിന്ന് കോൾ നിലങ്ങളിലേക്ക് വെള്ളം എത്തിക്കുന്നതിന് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ ;

(സി) ഇടിയഞ്ചിറ ഏനാമാക്കൽ റിംഗ് ബണ്ട് നിർമ്മാണം എന്നാണ് പൂർത്തീകരിച്ചത് ;

(ഡി) റിംഗ് ബണ്ടിന്റെ ആവർത്തന ചെലവ് ഒഴിവാക്കി സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിനായി നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കുറുമാലി പുഴയിലെ ബണ്ടുകളുടെ നിർമ്മാണത്തിനായി ചിമ്മിനി ഡാം അടച്ചപ്പോൾ വെള്ളം എത്തിക്കാൻ ബുദ്ധിമുട്ടുണ്ടായി.

(സി) ഇടിയഞ്ചിറ ബണ്ട് 15-12-2016-ലും ഏനാമാക്കൽ റിംഗ് ബണ്ട് 27-1-2017-ലും പണി പൂർത്തിയായി.

(ഡി) കരുവന്നൂർ പുഴയിൽ മുനയത്ത് സ്ഥിരം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണത്തിനായി 22.60 കോടി രൂപയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം-2 സമർപ്പിച്ചത് നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി അംഗീകരിക്കുന്നതിന് നൽകിയിട്ടുണ്ട്.

## ജലനിധി പദ്ധതി

130 (899) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം ജലനിധി പദ്ധതിയുടെ കീഴിൽ, കേന്ദ്ര സംസ്ഥാന ലോകബാങ്ക് വിഹിതങ്ങളിലായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയത്;

(ബി) ഓരോ പദ്ധതിയിലും എത്ര രൂപ ചെലവാക്കിയെന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) ജലനിധി പദ്ധതിയിൽ മൊത്തം അനുവദിച്ച തുകയെത്ര എന്നും ഇനി ഈയിനത്തിൽ എത്ര രൂപ ചെലവ് ചെയ്ത് തീർക്കാനുണ്ട് എന്നും വ്യക്തമാക്കുമോ; വരുന്ന 4 വർഷത്തെ കർമ്മ പദ്ധതി (Action Plan) തയ്യാറാക്കിയിട്ടുണ്ടോ; അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ലോകബാങ്ക് ധനസഹായത്തോടെ കേരള സർക്കാർ നടപ്പിലാക്കുന്ന ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ ഈ സാമ്പത്തിക വർഷം 31-1-2017 വരെയുള്ള കണക്കനുസരിച്ച് 254 കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചു. 38251 ശുചിത്വ സംവിധാന യൂണിറ്റുകളും 76 ഭൂജല സംവർദ്ധന മാതൃകകളും ഈ സാമ്പത്തിക വർഷം ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) കേരളത്തിലെ വിവിധ ജില്ലകളിലെ ഗ്രാമപഞ്ചായത്തുകളിൽ ചെറുതും വലുതുമായ കുടിവെള്ള പദ്ധതികൾ ശുചീകരണ പദ്ധതികൾ, ഭൂജല സംവർദ്ധന പദ്ധതികൾ എന്നിവ നടപ്പിലാക്കുന്നതിനായി നടപ്പുസാമ്പത്തിക വർഷത്തിൽ 31-1-2017 വരെ ആകെ 206.54 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ഇപ്രകാരമാണ്.

| ജില്ല | ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം | ചെലവായ തുക (കോടി രൂപ) |
|---|---|---|
| ഇടുക്കി | 18 | 34.41 |
| കോട്ടയം | 21 | 19.31 |
| പത്തനംതിട്ട | 2 | 0.76 |
| തിരുവനന്തപുരം | 1 | 0.10 |
| തൃശ്ശൂർ | 10 | 35.46 |
| പാലക്കാട് | 5 | 6.22 |
| മലപ്പുറം | 15 | 44.11 |
| കോഴിക്കോട് | 13 | 24.33 |
| വയനാട് | 12 | 22.88 |
| കണ്ണൂർ | 9 | 9.99 |
| കാസർഗോഡ് | 9 | 8.97 |
| | ആകെ | 206.54 |

(സി) ജലനിധി പദ്ധതിയിൽ നാളിതുവരെ മൊത്തം അനുവദിച്ച തുക 785.42 കോടി രൂപയാണ്. അതിൽ നിന്നും 765.24 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതുവരെ അനുവദിച്ച തുകയിൽ നിന്നും 20.18 കോടി രൂപ ചെലവ് ചെയ്ത് തീർക്കാനുണ്ട്. ജലനിധി II പദ്ധതി 2012-ലാണ് ആരംഭിച്ചത്. അഞ്ചര വർഷംകൊണ്ട് പൂർത്തിയാക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നത്. എന്നാൽ പദ്ധതി പുനഃക്രമീകരിക്കുകയും കാലാവധി ഒന്നര വർഷം കൂടി നീട്ടുകയും ചെയ്തു. അതനുസരിച്ച് 2018 ഡിസംബറിൽ അവസാനിക്കുന്ന തരത്തിലാണ് ഇപ്പോൾ വിഭാവന ചെയ്യപ്പെട്ടിട്ടുള്ളത്. ആയതിനാൽ വരുന്ന 4 വർഷത്തെ കർമ്മ പദ്ധതി എന്ന നിലയിൽ തയ്യാറാക്കിയിട്ടില്ല. എന്നാൽ പുന:ക്രമീകരിയ്ക്കപ്പെട്ടതനുസരിച്ച് പദ്ധതിയുടെ പ്രതീക്ഷിക്കുന്ന ആകെ ചെലവ് 1022 കോടി രൂപയിൽനിന്നും 1358 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. അതനുസരിച്ച് ലോകബാങ്ക് സഹായമുൾപ്പെടെ സംസ്ഥാന സർക്കാരിൽ നിന്നുള്ള വിഹിതം 254 കോടി രൂപയിൽ നിന്നും 1127 കോടി രൂപയായും വർദ്ധിക്കുന്നതാണ്.

**പഴശ്ശി സാഗർ ചെറുകിട ജലവൈദ്യുത പദ്ധതി**

131(900) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ പഴശ്ശി അണക്കെട്ടിൽ പഴശ്ശി സാഗർ ചെറുകിട ജലവൈദ്യുത പദ്ധതി നിർമ്മാണത്തിന് ജലവിഭവ വകുപ്പിന്റെ നോ-ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്നും ജലവിഭവ വകുപ്പിന്റെ അധീനതയിൽ നിന്നും 3.05 ഹെക്ടർ സ്ഥലം കേരള സ്റ്റേറ്റ് വിദ്യുച്ഛക്തി ബോർഡ് ലിമിറ്റഡിനു കൈമാറ്റം ചെയ്തു നൽകണമെന്നും ഉള്ള വൈദ്യുതി ബോർഡിന്റെ അപേക്ഷയിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്നു വ്യക്തമാക്കുമോ;

(ബി) പഴശ്ശിസാഗർ ചെറുകിട ജലവൈദ്യുത പദ്ധതി എത്രയും വേഗം പ്രവൃത്തി ആരംഭിക്കുവാൻ സഹായകരമായ നിലയിൽ നോ-ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകുവാനും 3.05 ഹെക്ടർ സ്ഥലം കൈമാറ്റം ചെയ്യുവാനും അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) പഴശ്ശി സാഗർ ചെറുകിട ജലവൈദ്യുത പദ്ധതിയിൽ ജൂൺ മുതൽ ഡിസംബർ വരെ വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് കെ.എസ്.ഇ.ബി ലക്ഷ്യമിട്ടിട്ടുള്ളത്. എന്നാൽ സെപ്തംബർ മുതൽ ജലസേചനത്തിന് ജലം ആവശ്യമായതിനാൽ ജൂൺ മുതൽ സെപ്തംബർ വരെ മാത്രമേ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി ജലം വിട്ടു

നൽകാൻ സാധിക്കുകയുള്ളൂ. വൈദ്യുതോൽപ്പാദനത്തിനുവേണ്ടി എല്ലായിപ്പോഴും ഡാമിന്റെ മുഴുവൻ സംഭരണശേഷിയിൽ ജലം നിലനിർത്തേണ്ടതുണ്ടെന്ന് കെ.എസ്.ഇ.ബി. അറിയിച്ചിട്ടുണ്ട്. എന്നാൽ ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ഡാമിന്റെ മുഴുവൻ സംഭരണ ശേഷിയിൽ ജലം നിലനിർത്തിയാൽ വെള്ളപ്പൊക്കം പോലെയുള്ള അപകട സാധ്യതകൾ ഡാമിന്റെയും ജനങ്ങളുടെയും സുരക്ഷയെ ദോഷകരമായി ബാധിക്കും. ആയതിനാൽ മേൽ വിഷയങ്ങളിൽ ഒരു പഠനം നടത്തി വിദഗ്ദ്ധാഭിപ്രായം നിർദ്ദേശിക്കുന്നതിനായി ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത പഠനം പൂർത്തിയായതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ.

**റാന്നി മേജർ കുടിവെള്ള പദ്ധതി**

132 (901) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണത്തിലിരിക്കുന്ന റാന്നി മേജർ കുടിവെള്ള പദ്ധതി എന്ന് പൂർണ്ണ തോതിൽ കമ്മീഷൻ ചെയ്യാനാവുമെന്ന് പറയാമോ; ഇനി എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളതെന്നും എന്തൊക്കെ പ്രവൃത്തികൾ പൂർത്തീകരിച്ചു എന്നും വിശദമാക്കാമോ;

(ബി) പദ്ധതിയുടെ ആകെ ചെലവ് എത്രയായിരുന്നുവെന്നും പദ്ധതിയുടെ സംഭരണശേഷി എത്രയാണെന്നും ഇവിടെനിന്നും എവിടെയൊക്കെയാണ് ശുദ്ധജല വിതരണം നടത്താനുദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ;

(സി) പദ്ധതിയുടെ നിർമ്മാണം എന്നാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ ; എന്തെങ്കിലും നിർമ്മാണ തടസ്സം ഉണ്ടോയെന്നും ഉണ്ടെങ്കിൽ അത് എന്താണെന്നും ആയത് പരിഹരിക്കാൻ എന്തുനടപടി സ്വീകരിച്ചുവെന്നും വിശദമാക്കാമോ?

ഉത്തരം

(എ) നിർമ്മാണത്തിലിരിക്കുന്ന റാന്നി മേജർ കുടിവെള്ള പദ്ധതി 3/2017-ൽ പൂർണ്ണ തോതിൽ കമ്മീഷൻ ചെയ്യാനാവുമെന്ന് പ്രതീക്ഷിക്കുന്നു. പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടത്തിലെ എല്ലാ ഘടകങ്ങളുടെയും നിർമ്മാണം പൂർത്തിയാക്കി ജല വിതരണം നടത്തിവരുന്നു. രണ്ടാം ഘട്ടത്തിലുൾപ്പെട്ട ഘടകങ്ങളിൽ സോൺ 3A, 4 എന്നിവിടങ്ങളിലെ ജലവിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തികൾ ഒഴികെയുള്ള ഘടകങ്ങളുടെയും നിർമ്മാണം പൂർത്തിയാക്കി ജലവിതരണം നടത്തിവരുന്നു.

(ബി) പദ്ധതിയുടെ ആകെ ചെലവ് 2276.46 ലക്ഷം രൂപയും സംഭരണ ശേഷി 7.5 ദശലക്ഷം ലിറ്റർ (7.5 എം.എൽ.ഡി.)-ഉം ആണ്. പ്രസ്തുത പദ്ധതിയിലൂടെ റാന്നി, പഴവങ്ങാടി, വടശ്ശേരിക്കര എന്നീ പഞ്ചായത്ത് പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാകുന്നതാണ്.

(സി) പദ്ധതിയുടെ ഒന്നാം ഘട്ട പ്രവൃത്തികളുടെ നിർമ്മാണം 10/2008-ലും രണ്ടാംഘട്ട പ്രവൃത്തികളുടെ നിർമ്മാണം 12/2012-ലും ആരംഭിച്ചു. വിവിധ ഘടകങ്ങളുടെ നിർമ്മാണത്തിനാവശ്യമായ ഭൂമി ലഭ്യമാക്കുന്നതിനുള്ള കാലതാമസം, വിവിധ റോഡുകളിലൂടെ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് പി.ഡബ്ല്യൂ.ഡി, കെ.എസ്.റ്റി.പി, വനംവകുപ്പ് എന്നിവിടങ്ങളിൽനിന്നും അനുമതി ലഭ്യമാകുന്നതിനുള്ള താമസം, വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസം തുടങ്ങിയ പ്രവൃത്തികൾ വൈകാൻ കാരണമായിട്ടുണ്ട്. വാട്ടർ അതോറിറ്റി ഉന്നതോദ്യോഗസ്ഥർ ജനപ്രതിനിധികളുമായും മറ്റ് വകുപ്പ് തലവന്മാരുമായും ചർച്ചകൾ നടത്തുകയും അതിൻ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യതുമൂലം തടസ്സങ്ങൾ പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

**ചൊവ്വര ശുദ്ധജല പദ്ധതി**

133 (902) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ മേഖലയിലെ ജനങ്ങൾക്ക് ശുദ്ധജലം വിതരണം ചെയ്യുക എന്ന ഉദ്ദേശത്തോടെയാണ് ചൊവ്വര ശുദ്ധജല പദ്ധതി വിഭാവനം ചെയ്തു നടപ്പാക്കിയതെന്ന് വിശദമാക്കാമോ;

(ബി) നാളിതുവരെ പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ആവശ്യാനുസരണം ശുദ്ധജലം വിതരണം ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം 2011 മുതൽ 2016 വരെയുള്ള കാലയളവിൽ വൈപ്പിൻ മേഖലയിൽ പ്രതിവർഷം വിതരണം ചെയ്യുന്ന ശുദ്ധജലത്തിന്റെ ശരാശരിക്കണക്ക് നൽകാമോ;

(ഡി) 2011 മുതൽ 2016 വരെയുള്ള കാലയളവിൽ വൈപ്പിൻ മേഖലയിൽ ആവശ്യമായി വരുന്ന ശുദ്ധജലം എത്രയെന്നാണ് ജല അതോറിറ്റി കണക്കാക്കി യിരിക്കുന്നതെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ ) 13 എം.എൽ.ഡി. സ്ഥാപിത ശേഷിയുള്ള ചൊവ്വര ശുദ്ധജല പദ്ധതി (പഴയത്) ചെങ്ങമനാട്, നെടുമ്പാശ്ശേരി, ശ്രീമൂലനഗരം, കാഞ്ഞൂർ, പാറക്കടവ്, കുന്നുകര എന്നീ പഞ്ചായത്തുകളിലെയും പറവൂറിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള 63 എം.എൽ.ഡി. സ്ഥാപിത ശേഷിയുള്ള ശുദ്ധജല പദ്ധതി (പുതിയത്) പറവൂർ, ചേന്ദമംഗലം, കോട്ടുവള്ളി, ഏഴിക്കര, വടക്കേക്കര, ചിറ്റാട്ടുകര, എടവനക്കാട്, നായരമ്പലം, പള്ളിപ്പുറം, കുഴിപ്പിള്ളി എന്നീ പഞ്ചായത്തുകളിലെയും ജനങ്ങൾക്ക് ശുദ്ധജലം വിതരണം ചെയ്യുക എന്ന ഉദ്ദേശത്തോടെയാണ് വിഭാവന ചെയ്ത് നടപ്പാക്കിയത്.

(ബി) പ്രസ്തുത പദ്ധതിയുടെ ഉപഭോക്താക്കൾക്ക് നിലവിൽ ആവശ്യാനുസരണം ശുദ്ധജലം വിതരണം ചെയ്യുന്നുണ്ട്.

(സി) പ്രസ്തുത പദ്ധതി പ്രകാരം വൈപ്പിൻ മേഖലയിലേക്ക് 2011-14 കാലയളവിൽ പ്രതിവർഷം 4380 ദശലക്ഷം ലിറ്റർ ശുദ്ധജലവും 2014 മുതൽ പ്രതിവർഷം 7300 ദശലക്ഷം ലിറ്റർ ശുദ്ധജലവും വിതരണം ചെയ്തുവരുന്നു.

(ഡി) 2011 മുതൽ 2016 വരെയുള്ള കാലയളവിൽ വൈപ്പിൻ മേഖലയിൽ പ്രതിവർഷം 9855 ദശലക്ഷം ലിറ്റർ ശുദ്ധജലത്തിന്റെ ആവശ്യമാണ് കണക്കാക്കിയിരിക്കുന്നത്.

**ജലവിഭവ വകുപ്പിലെ അധിക തസ്തികകൾ**

134 (903) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിലെ അധിക തസ്തികകൾ നിർത്തലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര തസ്തികയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതുമൂലം ഏതെങ്കിലും ജീവനക്കാർക്ക് ജോലി നഷ്ടപ്പെടുവാൻ സാധ്യതയുണ്ടോ ;

(സി) കമാന്റ് ഏര്യ ഡെവലപ്മെന്റ് അതോറിറ്റി (CADA) പിരിച്ചുവിടുവാൻ തീരുമാനിച്ചിട്ടുണ്ടോ ; ഇതിനുള്ള നിർദ്ദേശം കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ടോ ;

(ഡി) കുട്ടനാട് പാക്കേജിന്റെ ഭാഗമായി നിയമിച്ച ജീവനക്കാരുടെ എണ്ണം കുറയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് കുട്ടനാട് പാക്കേജിന്റെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുകയില്ലേ ;

(ഇ) തസ്തിക നിർത്തലാക്കുന്നതോടെ ജീവനക്കാർ മറ്റ് ജില്ലകളിലേക്ക് മാറേണ്ടി വരുന്ന സാഹചര്യത്തിൽ സീനിയോറിറ്റിയും സ്ഥലംമാറ്റ മാനദണ്ഡങ്ങളും കൃത്യമായി പരിഗണിച്ച് മാത്രമേ സ്ഥലം മാറ്റാവൂ എന്ന് നിർദ്ദേശം നൽകുമോ ?

<u>ഉത്തരം</u>

(എ) അധികാര വികേന്ദ്രീകരണത്തിനുവേണ്ടി ജലസേചന വകുപ്പിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിച്ചതും ജലസേചന വകുപ്പിൽ സൂപ്പർ ന്യൂമററി തസ്തികയായി നിലനിന്നിരുന്ന തസ്തികകളും വകുപ്പിൽ അധിക തസ്തികകൾ എന്ന് കണ്ടെത്തിയ തസ്തികകളും കൂടി ചേർത്ത് 1199 തസ്തികകൾ നിർത്തലാക്കി.

(ബി) ഇല്ല.

(സി) ഉണ്ട്.

(ഡി) തീരുമാനിച്ചിട്ടില്ല.

(ഇ) അത്തരം സാഹചര്യം ഉണ്ടാവുകയാണെങ്കിൽ സീനിയോറിറ്റി അടക്കമുള്ള മാനദണ്ഡങ്ങൾക്ക് പരിഗണന നൽകുന്നതാണ്.

**മീനാട് കുടിവെള്ള പദ്ധതി**

135 (904) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീനാട് കുടിവെള്ള പദ്ധതിയുടെ ഭാഗമായി ഇനി ഏതെല്ലാം പഞ്ചായത്തുകളിൽ ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ അവശേഷിക്കുന്നുണ്ട്; അവ എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഇപ്പോൾ ആലോചിക്കുന്നത്;

(ബി) പ്രസ്തുത പ്രവൃത്തിക്ക് പുറമേ മീനാട് പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് എന്തെല്ലാം പ്രവർത്തികൾ അവശേഷിക്കുന്നുണ്ട്;

(സി) പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ നിർമ്മാണം നടത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രവൃത്തി പൂർണ്ണമായും കമ്മീഷൻ ചെയ്യാൻ എന്തെല്ലാം സത്വര നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) മീനാട് കുടിവെള്ള പദ്ധതിയിൽ ഇതുവരെ മീനാട്, ചിറക്കര പഞ്ചായത്തുകളിലെ വിതരണ ശൃംഖലയുടെ പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൂയപ്പള്ളി, ചാത്തന്നൂർ, മയ്യനാട്, ആദിച്ചനല്ലൂർ, കരവാളൂർ, നെടുമ്പന, ഇടമുളയ്ക്കൽ, വെളിയം, അഞ്ചൽ, ഇളമാട്, പൂതക്കുളം, ഉമ്മന്നൂർ എന്നീ പഞ്ചായത്തുകളിലേയും പരവൂർ മുനിസിപ്പാലിറ്റിയിലേയും പണികൾ പൂർത്തീകരിക്കാനുണ്ട്. കൊല്ലം ജില്ലയിലെ പരവൂർ മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടി നടപ്പിലാക്കുന്ന മീനാട് ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഏകദേശം 963 കി.മീ. വരുന്ന വിതരണ ശൃംഖലയുടെ പൈപ്പ് ലൈനുകൾ സ്ഥാപിച്ച ജല വിതരണം നടത്തുവാൻ ഉദ്ദേശിച്ചുള്ളതാണ്. ഇതിനോടകം ആകെ 822 കി.മീ. പൈപ്പ് ലൈൻ സ്ഥാപിക്കുകയും അതിൽ 255 കി.മീ. പൈപ്പ് ലൈനിൽ കൂടി ജലവിതരണം നടത്തുകയും ചെയ്യുന്നു. ടി പണികൾ ആദ്യം കരാർ ഏറ്റെടുത്തിരുന്നത് M/s. K. Ramakrishna Contractors Pvt Ltd, Hyderabad ആണ്. പ്രസ്തുത കരാറുകാരൻ പണി ഉപേക്ഷിച്ച പോയതിനാൽ 2012-ൽ M/s. Tecpro Infra Projects Ltd, Kochi എന്ന കമ്പനിക്ക് കരാർ നല്കുകയും ചെയ്തു. പണിയുടെ പുരോഗതി കുറവായിരുന്നതിനാൽ M/s. Tecpro Infra Projects Ltd.-ന്റെ സേവനം നിർത്തലാക്കുന്നതിനുള്ള നടപടി എടുത്തെങ്കിലും ഒരു വർഷത്തിനുള്ളിൽ പണി പൂർത്തിയാക്കാമെന്ന കരാറുകാരുടെ വാഗ്ദാനം പരിഗണിച്ച് 2016 ജനുവരിയിൽ കരാർ പുതുക്കി ഒരു വർഷത്തേയ്ക്ക് അവരെ തുടരാൻ അനുവദിച്ചു.

എന്നാൽ നേരത്തെയുള്ള പണിയിൽ ഉള്ള ഗ്യാപ്പുകൾ കണ്ടുപിടിക്കുന്നതിലുള്ള ബുദ്ധിമുട്ടും പൊതുമരാമത്ത് റോഡുകളിലെ പണികൾക്കുണ്ടായ നിയന്ത്രണങ്ങളും കരാറുകാരൻ കൂടുതൽ ജോലിക്കാരെ നിയമിക്കാതിരുന്നതുമൂലവും പണിയിൽ ഉദ്ദേശിച്ച പുരോഗതി ഉണ്ടായില്ല. കരാർ പുതുക്കി നല്കിയപ്പോൾ സ്ഥാപിക്കേണ്ടി യിരുന്ന 176 കി. മീ. വിതരണ ശൃംഖലയിൽ 35 കി. മീ പണി മാത്രമാണ് ഇതിനോടകം പൂർത്തിയായിട്ടുള്ളത്. പണി പൂർത്തീകരിക്കുന്നതിന് കറാറുകാരുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ള വീഴ്ചയിൽ അനന്തരനടപടികൾ സ്വീകരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. ടെക്പ്രോ ഇൻഫ്രാ പ്രോജക്റ്റിന് 2016-ന് ശേഷം പണികൾ പുതുക്കി നല്കിയതിനുശേഷം ചിറക്കര, നെടുമ്പന, ആദിച്ചനല്ലൂർ, പൂയപ്പള്ളി, മയ്യനാട്, ഉമ്മന്നൂർ എന്നീ പഞ്ചായത്തുകളിലും പരവൂർ പാർട്ട് വില്ലേജിലും മാത്രമാണ് കുറച്ചെങ്കിലും പണികൾ പൂർത്തീകരിക്കാനായിട്ടുള്ളത്. മീനാട് ശുദ്ധജല വിതരണ ശൃംഖലയുടെ ശേഷിക്കുന്ന പണികൾ ഒഴിച്ചുള്ള ഘടകങ്ങളുടെയെല്ലാം പണികൾ ഇതിനോടകം പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തിട്ടുള്ളതാണ്. വിതരണ ശൃംഖലയിൽ ശേഷിക്കുന്ന പണികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു :*

(ഡി) ശേഷിക്കുന്ന പണികളിൽ അടിയന്തിരമായി ജലവിതരണം ആരംഭിക്കാവുന്ന പ്രവൃത്തികളുടെ മുൻഗണനാക്രമം തയ്യാറാക്കി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതിയുടെ വിതരണ ശൃംഖലയുടെ പൂർണ്ണമായ പൂർത്തീകര ണത്തിനായി ഈ വരൾച്ചാ കാലത്ത് പരമാവധി പണികൾ പൂർത്തിയാക്കി കൂടുതൽ പ്രദേശത്ത് ജലവിതരണം സാധ്യമാക്കുന്നതിനായി നിലവിലുള്ള കരാറുകാരന് മാസാമാസം സ്ഥാപിക്കേണ്ട പൈപ്പ് ലൈൻ പ്രവൃത്തിയുടെ ടാർജറ്റ് നിർണ്ണയിച്ച് നൽകി യുദ്ധകാലാടിസ്ഥാനത്തിൽ പണികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2017 ഡിസംബറോടുകൂടി പണികൾ പൂർണ്ണമായും പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## കിണർ റീചാർജിംഗ് പദ്ധതി

136 (905) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനവും അതോടൊപ്പം മഴലഭ്യതയും കുറഞ്ഞുവരുന്നത് കണക്കിലെടുത്ത് മഴവെള്ളം ഒഴുകി പോകാതെ കിണറുകളിലും കുളങ്ങളിലും തോടുകളിലും മറ്റും സംഭരിക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് ജലവിഭവ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

(ബി) വീടുകളിൽ ശുദ്ധജല ലഭ്യത ഉറപ്പു വരുത്തുന്നതിന് വളരെ ഫലപ്രദമാണെന്ന് കണ്ടെത്തിയ കിണർ റീചാർജിംഗ് പദ്ധതി തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ കൂടുതൽ ഭാഗങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ഭൂജല വകുപ്പിന്റെ കീഴിൽ തുറന്ന കിണർ, കുഴൽ കിണർ എന്നിവയിലൂടെ കൃത്രിമ ഭൂജല സംപോഷണ പദ്ധതികൾ നടപ്പാക്കി വരുന്നു. സംസ്ഥാനത്ത് വ്യാപകമായി കിണർ റീചാർജിംഗ് നടത്തുന്നതിലൂടെ ഭൂജല നിരപ്പിൽ വർദ്ധനവ് ഉണ്ടാകുകയും വേനൽക്കാലത്ത് ജലക്ഷാമം ഒരു പരിധി വരെ പരിഹരിക്കുന്നതിനും സാധിക്കുന്നുണ്ട്. കെ.ആർ.ഡബ്ല്യൂ.എസ്.എ.-യുടെ കീഴിൽ പ്രവർത്തിക്കുന്ന മഴകേന്ദ്രം മുഖേന മഴവെള്ള സംഭരണികൾ നിർമ്മിച്ചു നല്കുന്നുണ്ട്. സ്റ്റേറ്റ് പ്ലാൻ സ്കീമിൽ നിന്നുള്ള സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തി മഴവെള്ള സംഭരണം ഭൂജല പരിപോഷണം പരിപാടിയിലൂടെ വ്യക്തിഗത കുടുംബങ്ങൾക്ക് 10000 ലിറ്റർ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കാൻ സാധിക്കുംവിധം സംഭരണി നിർമ്മിച്ചു നല്കുന്നു. ഈ പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഭൂജല പരിപോഷണം എന്ന ഘടകത്തിലൂടെ മഴവെള്ളം ഭൂമിയിൽ താഴുന്നതിനും സഹായകരമാകുന്നുണ്ട്. സംഭരണി നിറഞ്ഞുകവിഞ്ഞൊഴുകുന്ന ജലം കിണറിലേക്കും മഴക്കുഴിയിലേക്കും കടത്തിവിടുന്നതുമൂലം ഭൂഗർഭ ജലത്തിന്റെ അളവ് വർദ്ധിപ്പിക്കുവാനും സാധിക്കുന്നു. ഈ പദ്ധതി കൂടുതൽ വ്യാപകമാക്കുന്നതിന്റെ ഭാഗമായി മഴവെള്ള സംഭരണം കൂടുതൽ ജനകീയമാക്കുന്നതിനുവേണ്ടി 13- ാം പഞ്ചവത്സര പദ്ധതിയിൽ കൂടുതൽ പരിപാടികളും തുകയും ഉൾപ്പെടുത്തുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ജലസേചന വകുപ്പിന് കീഴിൽ ഹരിതകേരളം മിഷന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ മണ്ണ്-ജലസംരക്ഷണം ഉറപ്പാക്കുന്നുണ്ട്. ഹ്രസ്വകാല പ്രവർത്തനം എന്ന നിലയിൽ തോടുകളുടെയും കുളങ്ങളുടെയും നവീകരണവും സംഭരണശേഷി കൂട്ടുന്നതുമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതാണ്. കൂടാതെ നീരൊഴുക്ക് വർദ്ധിപ്പിക്കുന്നതിനും സ്ഥായിയായി നിലനിർത്തുന്നതിനുമുള്ള പദ്ധതികൾ നദീതട മാസ്റ്റർ പ്ലാനുകളുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കുക എന്നതാണ് ദീർഘകാല പദ്ധതി പ്രകാരം വിഭാവന ചെയ്യുന്നത്.

(ബി) ഭൂമിയിലെത്തുന്ന ജലത്തെ മഴയില്ലാത്ത കാലത്തേക്ക് സൂക്ഷിച്ചു വയ്ക്കുന്നതിൽ വളരെ പ്രയോജനകരമായ കിണർ റീചാർജിംഗ് അഥവാ മഴവെള്ള ഭൂഗർഭ ജല പോഷണം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ പ്രോജക്ടുകളുടെ ഭാഗമായി പ്രചരിപ്പിച്ചു വരുന്നുണ്ട്. 9-11-2016 തീയതിയിലെ സ.ഉ. (കൈ) നമ്പർ 161/16/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഒന്നാം ഘട്ടമായി (2016-17)ൽ 141 ഗ്രാമപഞ്ചായത്തുകളിൽ കിണർ റീചാർജിംഗ് പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതിനു പുറമേ സംസ്ഥാനത്ത് ഗുരുതരമായ കുടിവെള്ള ക്ഷാമം അനുഭവിക്കുന്നവയും ജലത്തിന്റെ ഗുണനിലവാരം അപകടകരമാംവിധം മോശമാവുകയും കഴിഞ്ഞ വർഷങ്ങളിൽ ടാങ്കർ ലോറി ഉപയോഗിച്ച് ഏറ്റവും അധിക ജലം എത്തിക്കേണ്ടിവന്നവയുമായ

100 ഗ്രാമ പഞ്ചായത്തുകളിൽ കൂടി പദ്ധതി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഹരിതകേരളം മിഷന്റെ ഭാഗമായി ജലവിഭവ മിഷൻ ക്യാമ്പയിനിലും ഇത് വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. മഴകേന്ദ്രം മുഖാന്തരം നടപ്പിലാക്കുന്ന മഴവെള്ള സംഭരണം ഭൂജല പരിപോഷണം പദ്ധതിയിലൂടെ സംഭരണികളിൽ നിന്നും നിറഞ്ഞു കവിഞ്ഞൊഴുകുന്ന മഴവെള്ളം അടുത്തുള്ള കിണറുകളിലേക്കും മഴക്കുഴികളിലേക്കും ഒഴുക്കിവിടുന്നു. കിണർ റീചാർജിംഗ് പരിപാടി ഫലപ്രദമാണെന്നു ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അടുത്ത സാമ്പത്തിക വർഷത്തെ പ്ലാൻ സ്കീമിൽ 5 ഗ്രാമപഞ്ചായത്തുകളിലായി 5000 തുറന്ന കിണറുകൾ റീചാർജ് ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു. മഴ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ മഴവെള്ള സംഭരണവുമായി ബന്ധപ്പെട്ട് മിക്കവാറും പദ്ധതികളും ഗ്രാമപഞ്ചായത്തുകൾ മുഖേനയാണ് നടത്തി വരുന്നത്. വിദ്യാലയങ്ങളിൽ മഴവെള്ള സംഭരണം പ്രോത്സാഹിപ്പിക്കുന്നത് ലക്ഷ്യമിട്ട് 'ജലസൗഹൃദ വിദ്യാലയം' പദ്ധതിയും നടപ്പിലാക്കി വരുന്നു.

**മാടായി, മാട്ടൂൽ ഗ്രാമപഞ്ചായത്തുകളിലെ കടലാക്രമണം നേരിടാൻ പദ്ധതി**

137 (906) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലാക്രമണം രൂക്ഷമായ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി, മാട്ടൂൽ ഗ്രാമപഞ്ചായത്തുകളിലെ പ്രദേശങ്ങളിൽ സംരക്ഷണ ഭിത്തികൾ പുനർനിർമ്മിക്കുന്നതിനും പുതിയ സംരക്ഷണ ഭിത്തികൾ പണിയുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് സമർപ്പിച്ച പ്രൊപ്പോസലിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) സെൻട്രൽ വാട്ടർ ആൻറ് പവർ റിസർച്ച് സ്റ്റേഷൻ കണ്ണൂർ ജില്ലയിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) മാട്ടൂൽ, മാടായി ഭാഗത്ത് രൂക്ഷമായ കടലാക്രമണ ഭീഷണി നേരിടുന്ന ഭാഗങ്ങളിൽ നാല് പ്രവർത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. നീരൊഴുക്കും ചാലിലെ ചെ. 100/400 കി. മീറ്ററിനും 100/550 കീ മീറ്ററിനും ഇടയിൽ തകർന്ന കടൽഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് SDRF-ൽ ഉൾപ്പെടുത്തി 40 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച പ്രവൃത്തി പുരോഗമിച്ചുവരുന്നു. മാടായി പഞ്ചായത്തിലെ നീരൊഴുക്കും ചാലിൽ 100/200 കി.മീ. മുതൽ 100/266 കി. മീ. വരെയും 100/265 മുതൽ 100/325 കി. മീ. ഇടയിലുള്ള കടൽ ഭിത്തിയുടെ

പുനരുദ്ധാരണത്തിനായി 25 ലക്ഷം രൂപയുടെയും 15 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകുകയുണ്ടായി. എന്നാൽ ഈ പ്രവൃത്തികൾക്ക് കരാറുകാരൻ ക്വാട്ട് ചെയ്ത അധിക നിരക്ക് കൂടുതൽ ആയതിനാൽ പുനർ ദർഘാസിനുള്ള നടപടികൾ നടന്നുവരുന്നു.

നീരൊഴുക്കും ചാലിൽ സി.പി. 2395-ന് വടക്ക് ഭാഗത്ത് തകർന്ന കടൽ ഭിത്തിയുടെ പുനരുദ്ധാരണത്തിന് 43 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി ടെണ്ടർ നടപടിയിലാണ്. കല്ല്യാശ്ശേരി മണ്ഡലത്തിലെ മാട്ടൂൽ, മാടായി പഞ്ചായത്തുകളിലെ രൂക്ഷമായ കടലാക്രമണം നേരിടുന്ന നീരൊഴുക്കും ചാൽ, കക്കാടൻചാൽ, വാവ്വ വളപ്പിൽതോട്, മാട്ടൂൽ സൗത്ത് എന്നീ പ്രദേശങ്ങളിലുള്ള കടൽ ഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റുകൾ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) നീരൊഴുക്കും ചാലിൽ സി.പി. 2395-ന് വടക്ക് ഭാഗത്ത് തകർന്ന കടൽഭിത്തിയുടെ പുനരുദ്ധാരണത്തിന് 43 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ചീഫ് എഞ്ചിനീയർ നൽകിയിട്ടുണ്ട്. ബാക്കിയുള്ളവ പരിഗണനയിലാണ്.

(സി) കേരള തീരങ്ങളിൽ കടൽഭിത്തിയുടെ ആവശ്യകതയും Design-നും CWPRS മുഖേന പഠനം നടത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**എടവണ്ണ, പന്നിപ്പാറ പള്ളിമുക്കിൽ റെഗുലേറ്റർ നിർമ്മാണം**

138 (907) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ എടവണ്ണ, പന്നിപ്പാറ പള്ളിമുക്കിൽ നിർമ്മിക്കുന്നതിന് തീരുമാനമെടുത്തിട്ടുള്ള റെഗുലേറ്റർ നിർമ്മാണത്തിനാവശ്യമായ എസ്റ്റിമേറ്റുകളും ഡിസൈനും മറ്റും പൂർത്തിയായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് എത്ര രൂപയാണ് അടങ്കൽ പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ;

(സി) നടപടിക്രമങ്ങൾ എല്ലാം പൂർത്തിയാക്കിയെങ്കിൽ ഭരണാനുമതി നൽകുന്നതിന് ഇനിയും എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത പ്രവൃത്തിക്ക് അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സിവിൽ, മെക്കാനിക്കൽ എന്നീ പ്രവൃത്തികളുടെ ഡിസൈൻ പൂർത്തിയായിട്ടുണ്ട്.

(ബി-ഡി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് മെക്കാനിക്കൽ പ്രവർത്തികൾക്കായി ഏകദേശം 8 കോടി രൂപയും ഇലക്ട്രിക്കൽ പ്രവൃത്തികൾക്കായി 1 കോടി രൂപയും പ്രതീക്ഷിക്കുന്നു. ഡി.പി.ആർ തയ്യാറാക്കി വരുന്നതേയുള്ളൂ.

**പീലാർമൂഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

139 (908) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരി പഞ്ചായത്തിലെ പീലാർ മൂഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിർമ്മാണം ഏതു ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനായി ഡെലിവറി പൈപ്പുകൾ സ്ഥാപിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ അനുമതി നൽകുന്നതിനും ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) ചാലക്കുടി മണ്ഡലത്തിലെ പീലാർ മൂഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ സിവിൽ, മെക്കാനിക്കൽ പ്രവൃത്തികൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

(ബി) കൂടുതൽ പ്രദേശത്ത് ജലസേചനം എത്തിക്കുന്നതിനായി ഡിസ്ട്രിബ്യൂട്ടറി പൈപ്പുകളുടെ എക്സ്റ്റൻഷൻ പ്രവൃത്തിക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ചീഫ് എഞ്ചിനീയർ (ഐ&എ) സ്വീകരിച്ചു വരുന്നു.

**താനൂർ നിയോജക മണ്ഡലത്തിൽ സമ്പൂർണ്ണ കുടിവെള്ള പദ്ധതി**

140 (909) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ബഡ്ജറ്റിൽ താനൂർ നിയോജക മണ്ഡലത്തിൽ 100 കോടി മുതൽമുടക്കിൽ അംഗീകാരം ലഭിച്ച സമ്പൂർണ്ണ കുടിവെള്ള പദ്ധതിയുടെ ഭരണ-സാങ്കേതിക അനുമതികൾ ലഭ്യമായിട്ടുണ്ടോ;

(ബി) പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) ഈ പദ്ധതിയുടെ നിർമ്മാണ കാലയളവ് എത്രയാണെന്നും എപ്പോൾ കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും അറിയിക്കുമോ?

ഉത്തരം

(എ) ലഭ്യമായിട്ടുണ്ട്. 11-1-2017-ലെ ജി.ഒ. (ആർ.റ്റി) നമ്പർ14/2017/ജവിവ. പ്രകാരം താനൂർ മുനിസിപ്പാലിറ്റിയ്ക്കും 4 സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിനുവേണ്ടി 100 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. KWA/CE/NR/41/2016-17 തീയതി 19-1-2017 പ്രകാരം സാങ്കേതിക അനുമതിയും നൽകിയിട്ടുണ്ട്.

(ബി) പദ്ധതിയുടെ വർക്കിംഗ് എസ്റ്റിമേറ്റിനു അംഗീകാരം നൽകി ഉടൻ തന്നെ ടെണ്ടർ ചെയ്തു എഗ്രിമെന്റ് വക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചു വരുന്നു.

(സി) എഗ്രിമെന്റ് കാലയളവ് മുതൽ 18 മാസമാണ് നിർമ്മാണ കാലയളവ് ഉദ്ദേശിക്കുന്നത്. ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ 2018 ഡിസംബർ മാസത്തോടുകൂടി പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**മണലൂർ മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

141 (910) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഓരോ പദ്ധതിയുടേയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) മണലൂർ നിയോജകമണ്ഡലത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* മണലൂർ നിയോജക മണ്ഡലത്തിൽ നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഭൂജല വകുപ്പിന്റെ കുടിവെള്ള പദ്ധതികൾ താഴെപ്പറയുന്നു :

1. എലവത്തൂർ, മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത് (കുഴൽ കിണർ അധിഷ്ഠിത ചെറുകിട കുടിവെള്ള പദ്ധതി)
2. മണലി തലക്കോട്ടുകര, ചൂണ്ടൽ ഗ്രാമപഞ്ചായത്ത് (കുഴൽക്കിണർ അധിഷ്ഠിത ചെറുകിട കുടിവെള്ള പദ്ധതി).
3. തച്ചമ്പള്ളി സാംസ്കാരിക നിലയം, അരിമ്പൂർ ഗ്രാമപഞ്ചായത്ത് (കുഴൽക്കിണർ അധിഷ്ഠിത ചെറുകിട കുടിവെള്ള പദ്ധതി)

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

4. കണ്ണോങ്കത്ത്, മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത് (കുഴൽക്കിണർ അധിഷ്ഠിത ചെറുകിട കുടിവെള്ള പദ്ധതി).

ജലനിധി രണ്ടാംഘട്ടത്തിൽ ആദ്യ ബാച്ചിൽ മണലൂർ മണ്ഡലത്തിലെ എലവള്ളി ഗ്രാമപഞ്ചായത്തിൽ 3007 കുടുംബങ്ങൾക്ക് (13304 ഗുണഭോക്താക്കൾക്ക്) കുടിവെള്ളം നൽകുന്നതിനായി 1302 ലക്ഷം രൂപ എസ്റ്റിമേറ്റ് തുകയുള്ള ഒരു കുടിവെള്ള പദ്ധതി 19-11-2016-ൽ കമ്മീഷൻ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**കൊല്ലം മണ്ഡലത്തിൽ ജലവിഭവ വകുപ്പിന് കീഴിലുള്ള പ്രവൃത്തികൾ**

142 (911) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം മണ്ഡലത്തിൽ ജല വിഭവ വകുപ്പിന് കീഴിൽ ഏതെല്ലാം പ്രവൃത്തികളാണ് നടന്നു വരുന്നതെന്ന് വിശദമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും എത്ര തുക നീക്കി വച്ചെന്നും ഓരോ പ്രവൃത്തിയും ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ?

ഉത്തരം

(എ&ബി) ജലസേചന വകുപ്പ് :

കൊല്ലം മണ്ഡലത്തിൽ ജലസേചന വകുപ്പിനു കീഴിൽ നടന്നു വരുന്ന പ്രവൃത്തികൾ സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധം-I ആയി ചേർത്തിരിക്കുന്നു.*

കേരള ജല അതോറിറ്റി :

കേരള ജല അതോറിറ്റി മുഖേന കൊല്ലം മണ്ഡലത്തിൽ നടന്നു കൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ വിവരങ്ങളും ഭരണാനുമതി ലഭിച്ചിട്ട് പണി തുടങ്ങാനുള്ള നടപടികൾ കൈക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ വിവരങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഭൂജല വകുപ്പ് :

ഭൂജല വകുപ്പിന് കീഴിൽ കൊല്ലം കോർപ്പറേഷനിൽ എ.കെ.ജി. കോളനി, കരിക്കോട് ഡിവിഷനിൽ ട്യൂബ് വെൽ നിർമ്മാണത്തിന വേണ്ടി 4,96,000 രൂപയും (എം.എൽ.എ എസ്.ഡി.എഫ്), പെരുമൺ മാർക്കറ്റിൽ ട്യൂബ് വെൽ നിർമ്മാണത്തിന വേണ്ടി 6,51,341 രൂപയും (രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി), കൊല്ലം ജില്ലാ ജയിലിൽ ട്യൂബ് വെൽ നിർമ്മാണത്തിന വേണ്ടി 7,50,000 രൂപയും (എം.എൽ.എ. എസ്.ഡി.എഫ്) അനുവദിച്ചിട്ടുണ്ട്. ഇതിൽ കൊല്ലം കോർപ്പറേഷനിൽ എ.കെ.ജി.കോളനി, കരിക്കോട് ഡിവിഷനിൽ നടന്ന വരുന്ന ട്യൂബ് വെൽ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. പെരുമൺ മാർക്കറ്റിലെ ട്യൂബ് വെൽ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. കൊല്ലം ജില്ലാ ജയിലിലെ ട്യൂബ് വെൽ നിർമ്മാണത്തിന വേണ്ടി സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

**ചേലക്കര മണ്ഡലത്തിൽ അനുഭവപ്പെടുന്ന വരൾച്ച**

143 (912) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ അനുഭവപ്പെടുന്ന വരൾച്ചയും ശുദ്ധജലക്ഷാമവും കണക്കിലെടുത്ത് കേരള വാട്ടർ അതോറിറ്റി എന്തെല്ലാം മുൻകരുതലുകളും നടപടികളും ആണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) മണ്ഡലത്തിൽ വാട്ടർ അതോറിറ്റിക്ക് എത്ര കുടിവെള്ള പദ്ധതികൾ ഉണ്ട്; അവയുടെ പേരുവിവരം വ്യക്തമാക്കുമോ ;

(സി) ഇതിൽ പ്രവർത്തന സജ്ജമല്ലാത്ത പദ്ധതികൾ ഉണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം ;

(ഡി) മോട്ടോറുകൾ കേടുവന്നും, മതിയായ അറ്റകുറ്റപ്പണി നടത്താതെയും പ്രവർത്തന സജ്ജമല്ലാത്ത കുടിവെള്ള പദ്ധതികൾ പ്രവർത്തനക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചേലക്കര നിയോജക മണ്ഡലത്തിൽ 12 പദ്ധതികൾ പ്രവർത്തിക്കുന്നതിൽ 5 പദ്ധതികളുടെയും സ്രോതസ്സായ ഭാരതപ്പുഴ വരണ്ടതോടെ ടി പദ്ധതികൾ പ്രതിസന്ധിയിലാണ്. ഇവിടെ ഈ പദ്ധതികൾ വഴി ഇപ്പോൾ വിതരണം ചെയ്യുവാൻ കഴിയുന്നത് 8.83 ദശലക്ഷം ലിറ്റർ ജലം മാത്രമാണ്. വരൾച്ചയെ നേരിടാൻ താഴെ പറയുന്ന പോംവഴികൾ സ്വീകരിച്ചിട്ടുണ്ട്.

1. കിണർ വൃത്തിയാക്കൽ - 4 എണ്ണം

2. പമ്പ് സെറ്റുകളുടെ അറ്റകുറ്റ പണികൾ- 4 എണ്ണം

3. സ്റ്റാൻഡ് ബൈ പമ്പ്-മേച്ചേരിക്കടവിൽ സ്ഥാപിക്കാൻ -1 എണ്ണം

4. കുഴൽ കിണറുകൾ ഫ്ലഷിംഗ് -4 എണ്ണം

(ബി) 12 പദ്ധതികളുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഇല്ല.

(ഡി) ചേലക്കര മണ്ഡലത്തിലെ 12 കുടിവെള്ള പദ്ധതികളും പ്രവർത്തിച്ചു വരുന്നു.

## നബാർഡ് ആർ. ഐ. ഡി. എഫ്. സ്കീമിൽ ഉൾപ്പെടുന്നതിന് സമർപ്പിച്ച പ്രോജക്ടുകൾ

144 (913) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ ആർ.ഐ.ഡി.എഫ്. 22 സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി ജലവിഭവ വകുപ്പ് മുഖേന കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ നിന്നും സമർപ്പിച്ച പ്രോജക്ടുകൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) രൂക്ഷമായ വരൾച്ച കണക്കിലെടുത്ത് പ്രസ്തുത പ്രോജക്ടുകൾക്ക് ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കി ഫണ്ട് ലഭ്യമാക്കുന്നതിനു വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) നബാർഡിന്റെ ആർ.ഐ.ഡി.എഫ് 22 സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി കല്ല്യാശ്ശേരി മണ്ഡലത്തിലെ കടന്നപ്പള്ളി പാണപ്പുഴ പഞ്ചായത്തിൽ പൂരക്കടവിൽ ഏരിയം പുഴയ്ക്ക് കുറുകെ ട്രാക്ടർവേയോട് കൂടിയ വിയറിന്റെ നിർമ്മാണത്തിനുവേണ്ടി 380 ലക്ഷത്തിന്റെ പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) സമർപ്പിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലം ഫൈനൽ ലിസ്റ്റിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല. കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ ജിക്ക പദ്ധതിയിൽപ്പെട്ട മാടായി കുടിവെള്ള പദ്ധതിയിൽനിന്നും കല്ല്യാശ്ശേരി മണ്ഡലത്തിലുൾപ്പെടുന്ന വിവിധ പഞ്ചായത്തുകളിൽ പൈപ്പ് ലൈൻ നീട്ടുന്നതിനുള്ള 1004 ലക്ഷം രൂപയുടെ പദ്ധതിക്ക് നബാർഡ് ആർ.ഐ.ഡി.എഫ്- 22-ൽ ഉൾപ്പെടുത്തി ഭരണാനുമതി നല്കുകയും പ്രവൃത്തി ടെണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്. മാർച്ച് ഏപ്രിൽ മാസത്തോടുകൂടി പ്രവൃത്തി ആരംഭിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഉളിയത്ത് കടവിൽ റെഗുലേറ്റർ കം ബ്രിഡ്ജ്

145 (914) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂരിലെ തദ്ദേശവാസികൾ ആവശ്യപ്പെട്ടുവരുന്ന ഉളിയത്ത് കടവിൽ 'റെഗുലേറ്റർ കം ബ്രിഡ്ജ്' എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഈ പ്രവൃത്തിയുടെ പ്രൊപ്പോസൽ PMKSY-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## മലപ്പുറം ജില്ലയിലെ വരൾച്ച നേരിടാനുള്ള നടപടികൾ

146 (915) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ വർഷത്തെ കൊടുംവരൾച്ചയുടെ പശ്ചാത്തലത്തിൽ മലപ്പുറം ജില്ലയിൽ പൊതുവേയും തിരൂരങ്ങാടി മണ്ഡലത്തിൽ പ്രത്യേകിച്ചും കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനും വരൾച്ച നേരിടുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

വേനൽക്കാലത്തെ കുടിവെള്ളക്ഷാമത്തെ നേരിടുന്നതിനായി കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള വിവിധ പദ്ധതികളുടെ സ്രോതസ്സുകൾക്ക് സമീപം നദികളിൽ തടയണകൾ സ്ഥാപിച്ച് വെള്ളം സംഭരിച്ച് നിർത്തുന്ന പ്രവൃത്തികൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. അധിക പമ്പിംഗ് ആവശ്യമായ സ്ഥലങ്ങളിൽ അധിക പമ്പിംഗിന് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സ്രോതസ്സുകളിൽ അടിഞ്ഞുകൂടിയ ചെളി നീക്കം ചെയ്യുന്ന പ്രവൃത്തികളും ഏർപ്പെടുത്തിയിട്ടുണ്ട്. അതുപോലെ തിരൂരങ്ങാടി മണ്ഡലത്തിൽപ്പെടുന്ന പരപ്പനങ്ങാടി, തിരൂരങ്ങാടി മുനിസിപ്പൽ പ്രദേശങ്ങളിലെ മൂന്ന് പദ്ധതികളുടെ സ്രോതസ്സായ കടലുണ്ടി പുഴയിൽ നീരൊഴുക്ക് കുറഞ്ഞു വരികയാണ്. ഒഴുക്ക് മുറിയുന്ന സാഹചര്യത്തിൽ സമീപത്തെ കയങ്ങളിൽ ലഭ്യമായ ജലശേഖരങ്ങളിൽ നിന്നും കിണറുകളിലേയ്ക്ക് പമ്പ് ചെയ്യുന്നതിനാവശ്യമായ സംവിധാനം ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന മുറയ്ക്ക് ടാങ്കർ ലോറികൾക്ക് വെള്ളം നൽകുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. വരൾച്ചയുടെ പശ്ചാത്തലത്തിൽ ഭൂജല വകുപ്പ് മലപ്പുറം ജില്ലയിൽ 256 കുഴൽക്കിണർ കൈപ്പമ്പുകൾ റിപ്പയർ ചെയ്യുന്നതിനും ഒരു ചെറുകിട കുടിവെള്ള പദ്ധതി നവീകരിക്കുന്നതിനും വേണ്ടിയുള്ള പ്രവൃത്തികൾ നടന്നുവരുന്നു. തിരൂരങ്ങാടി മണ്ഡലത്തിലെ തെന്നല

ഗ്രാമപഞ്ചായത്തിൽ 15 കുഴൽ കിണറുകളിലെ കൈപമ്പുകൾ റിപ്പയർ ചെയ്യുന്ന പ്രവൃത്തികൾ ടെണ്ടർ ചെയ്ത് നടപ്പാക്കി വരുന്നു. വരൾച്ച നേരിടുന്നതിന്റെ ഭാഗമായി, മലപ്പുറം ഇറിഗേഷന്റെ കീഴിൽ നിർമ്മിച്ചിട്ടുള്ള എല്ലാ നിർമ്മിതികളിലും (വി.സി.ബി, വി.സി.ബി കം ബ്രിഡ്ജ്, ആർ.സി.ബി, ചെക്ക് ഡാം) ഷട്ടറുകൾ ഇട്ട് വെള്ളം തടഞ്ഞ് നിർത്തിയിട്ടുണ്ട്. ഇടത്തരം പദ്ധതികളായ കവണക്കല്ല് റെഗുലേറ്റർ കം ബ്രിഡ്ജ്, ഓടായിക്കൽ റെഗുലേറ്റർ കം ബ്രിഡ്ജ്, പൂക്കോട്ടുമണ്ണ റെഗുലേറ്റർ കം ബ്രിഡ്ജ് എന്നിവ ഇവയിൽ ഉൾപ്പെടും. തിരൂരങ്ങാടി മണ്ഡലത്തിലേത് ഉൾപ്പെടെ മലപ്പുറം ജില്ലയിലെ 331 കുളങ്ങൾ ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവയിൽ 66 പ്രവൃത്തികളുടെ ഡി.പി.ആർ. തയ്യാറാക്കി ജില്ലാഭരണകൂടത്തിന് സമർപ്പിച്ചിട്ടുണ്ട്. പരപ്പനങ്ങാടി നഗരസഭയിലെ പൂരപ്പുഴയ്ക്കു കുറുകെ പാറയിലും ഓൾഡ്കട്ടിലെ പൂരപ്പറമ്പ് ലോക്കിലും താൽക്കാലിക തടയണ നിർമ്മിച്ചിട്ടുണ്ട്. ഉപ്പുവെള്ള പ്രതിരോധത്തിനായി പരപ്പനങ്ങാടി നഗരസഭയിലെ ന്യൂകട്ടിന് കുറുകെ ലോക്കിന്റെ നിർമ്മാണത്തിന് ആവശ്യമായ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

### വരൾച്ച നേരിടാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

147 (916) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ച നേരിടാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ഇതിനായി കേന്ദ്ര ധനസഹായം ലഭ്യമാണോ; ഇല്ലെങ്കിൽ അത് ലഭിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) വരൾച്ച നേരിടാൻ മലപ്പുറം ജില്ലയിൽ സ്വീകരിച്ചിട്ടുള്ള പ്രാരംഭ നടപടികളെ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) 2016-17-ലെ ബഡ്ജറ്റിൽ ജലസേചനവുമായി ബന്ധപ്പെട്ട് മങ്കട നിയോജക മണ്ഡലത്തിൽ ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) <u>ജലസേചനവകുപ്പ്:</u>

നിലവിലുള്ള ജല സ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കുന്നതുവഴി പ്രാദേശിക തലത്തിൽ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനും ഉതകുന്ന ഒരു പുതിയ ജല ഉപയോഗ സംസ്കാരം

രൂപപ്പെടുത്തുന്നതിനായി "ഹരിതകേരളം" പദ്ധതി വിഭാവന ചെയ്തിട്ടുണ്ട്. ഇതിന്റെ ആദ്യ ഘട്ടമായി 320 കോടി രൂപ ചെലവിൽ ഏകദേശം 9453 കുളങ്ങൾ നവീകരിച്ച് അവയിലെ മാലിന്യം, ചെളി, പായൽ എന്നിവ നീക്കം ചെയ്ത് ജലലഭ്യത ഉറപ്പാക്കുന്നുണ്ട്. ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ ഭരണകൂടം മുഖേനയാണ് ഈ പ്രവൃത്തി നടപ്പിലാക്കുന്നത്. കുടിവെള്ള ലഭ്യത ഉറപ്പാക്കുക, കാർഷികാവശ്യങ്ങൾക്കും പാരിസ്ഥിതിക ധർമ്മങ്ങൾക്കുമാവശ്യമായ ജലം ലഭ്യമാക്കുക എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങളോടെ തടയണകൾ/വി.സി.ബി/ആർ.സി.ബി.കൾ എന്നിവ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കി വരുന്നു. പൂർത്തീകരിച്ച തടയണകൾ/വി.സി.ബി./ആർ.സി.ബി.കൾ ഇവയിൽ ഷട്ടർ ഇട്ട് വെള്ളം സംഭരിച്ചിട്ടുണ്ട്. നദികളിലേയ്ക്ക് കടലിൽ നിന്നും ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി 2016-17 സാമ്പത്തിക വർഷം വിവിധ ജില്ലകളിലായി 56 പ്രവൃത്തികൾക്ക് 251.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയുടെ പ്രവർത്തനം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. ഇതുവഴി ഒരു പരിധിവരെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സാധിക്കുന്നതാണ്.

<u>കേരള ജല അതോറിറ്റി</u> :

കാലവർഷത്തിലുണ്ടായ കുറവ് പരിഗണിച്ച് വിവിധ നദികളിലെ ജല ദൗർലഭ്യത്തിനുള്ള സാധ്യത കണക്കിലെടുത്ത് കുടിവെള്ളക്ഷാമം നേരിടാൻ കേരള ജല അതോറിറ്റി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും ജലലഭ്യത ഉറപ്പു വരുത്തുക.

2. ഇറിഗേഷൻ, വൈദ്യുത വകുപ്പുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി വിവിധ സ്രോതസ്സുകളിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുക.

3. അടിക്കടി ലീക്ക് മൂലം ജലനഷ്ടം സംഭവിക്കുന്ന വിതരണ ലൈനുകൾ മാറ്റി പകരം പുതിയവ സ്ഥാപിക്കുക.

4. ജലലഭ്യത ഉള്ള സ്ഥലങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിച്ച് ജലം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

5. വാട്ടർ അതോറിറ്റി കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്ത് പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പുവരുത്താനുള്ള പ്രവൃത്തികൾ നടപ്പാക്കുക.

6. തദ്ദേശഭരണ സ്ഥാപനങ്ങൾ റവന്യൂ വകുപ്പിന്റെ സഹകരണത്തോടെ കിയോസ്കുകൾ വഴി ജലവിതരണം നടത്തുന്ന സ്ഥലങ്ങളിലേക്ക് ആവശ്യമായ കുടിവെള്ളം ജല അതോറിറ്റിയുടെ വിവിധ പദ്ധതികളിൽ നിന്നും നൽകുക.

7. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പ് സെറ്റുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പാക്കുക.

8. കൂടുതൽ പമ്പിംഗ് ആവശ്യമായ സ്ഥലങ്ങളിൽ അഡീഷണൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുക.

9. ആവശ്യമാകുന്ന സ്ഥലങ്ങളിൽ വാൽവുകൾ നിയന്ത്രിച്ച് സാധ്യമായ അളവിൽ എല്ലാവർക്കും ജലലഭ്യത ഉറപ്പാക്കുക.

10. ജലശുദ്ധീകരണശാലയുടെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗിക്കുന്നതിന് ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കുക.

11. നിയമവിരുദ്ധമായി ജലം ചോർത്തുന്നതും അനധികൃത ഉപയോഗവും മറ്റും കണ്ടുപിടിക്കുന്നതിനും ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനം ഉപയോഗപ്പെടുത്തുക.

12. പ്രതിമാസം 50 കിലോലിറ്ററിനു മുകളിൽ ഉപഭോഗം കണക്കാക്കുന്ന പുതിയ കണക്ഷനുകൾ നൽകുന്നതിന് താൽക്കാലിക നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

13. നിലവിൽ കൂടുതലായി ജലം ഉപയോഗിക്കുന്ന വ്യാവസായിക വാണിജ്യ കണക്ഷനുകളിൽ ഉപഭോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

14. ജലശുദ്ധീകരണശാലകളിൽ ബാക്ക് വാഷിംഗ് ചെയ്യുന്നതിന് ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് കഴിയുന്നത്ര നിയന്ത്രിക്കുന്നുണ്ട്.

മേൽപ്പറഞ്ഞ നടപടികൾ കൂടാതെ വരൾച്ച സംബന്ധിച്ച സ്ഥിതിഗതികൾ നിരന്തരം വിലയിരുത്തി വേണ്ട പരിഹാര നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനകം കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽ വച്ച് മേഖലാടിസ്ഥാനത്തിൽ വരൾച്ച സംബന്ധിച്ച് വിശദമായ യോഗങ്ങൾ സർക്കാർ നടത്തിയിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ തീരുമാനിച്ച കാര്യങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിന് വീഡിയോ കോൺഫറൻസ് വഴിയുള്ള അവലോകനവും നടത്തി വരുന്നു.

ഭൂജലവകുപ്പ്:

വരൾച്ച നേരിടുന്നതിനുവേണ്ടി ഭൂജല വകുപ്പ് രാജീവ് ഗാന്ധി പദ്ധതിയിൽപ്പെടുത്തി 5505 കൈപ്പമ്പുകളുടെ അറ്റകുറ്റപ്പണികളും 585 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും ലക്ഷ്യമിടുന്നു. ഇതിൽ 2163 കൈപമ്പുകളുടെ അറ്റകുറ്റപ്പണികളും 70 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

ജലനിധി:

സംസ്ഥാനത്തെ വരൾച്ചയെ നേരിടുന്നതിനായി ജലനിധി രണ്ടാംഘട്ട പദ്ധതി മുഖേന താഴെപ്പറയുന്ന അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു.

1. പൂർത്തീകരണ ഘട്ടത്തിലുള്ള 166 പദ്ധതികൾ ഫെബ്രുവരി-ഏപ്രിൽ മാസങ്ങളിലായി കമ്മീഷൻ ചെയ്ത് 21,000 വീടുകൾക്ക് കുടിവെള്ളം എത്തിക്കാൻ സാധിക്കുന്നതാണ്.

2. എല്ലാ പദ്ധതികൾക്കും വൈദ്യുതി കണക്ഷൻ ലഭ്യമാക്കി പദ്ധതികൾ കമ്മീഷൻ ചെയ്ത് ഏകദേശം 2700 വീടുകൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതാണ്.

3. ജലനിധി പദ്ധതി നടപ്പാക്കി വരുന്ന പഞ്ചായത്തുകളിൽ 1562 നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിരിക്കുന്നു, ഇതിൽ 1499 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവ പൂർത്തീകരിച്ച് വേനൽക്കാലത്ത് ജലനിധി പദ്ധതികളിൽ ജല ലഭ്യത ഉറപ്പു വരുത്താൻ ശ്രമിക്കുന്നുണ്ട്.

4. ജലസ്രോതസ്സുകൾ വറ്റുന്ന പഞ്ചായത്തുകളിൽ ബോർവെൽ കുഴിച്ച് ഭൂഗർഭജലം പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

5. ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ ജലസംരക്ഷണം വഴിയും ജലവിനിയോഗം നിയന്ത്രിച്ചും വരൾച്ചയെ നേരിടുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

6. ജലനിധിയുടെ കീഴിൽ പ്രവർത്തിക്കുന്ന മഴകേന്ദ്രം മുഖേന മഴവെള്ള സംഭരണികൾ നിർമ്മിച്ചു നൽകുന്നുണ്ട്. സ്റ്റേറ്റ് പ്ലാൻ സ്കീമിൽനിന്നുള്ള സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തി മഴവെള്ള സംഭരണം-ഭൂജല പരിപോഷണം പരിപാടിയിലൂടെ വ്യക്തിഗത കുടുംബങ്ങൾക്ക് 10000 ലിറ്റർ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുവാൻ സാധിക്കുംവിധം നിർമ്മിച്ചു നൽകുന്നു.

7. കിണർ റീചാർജിംഗ് പരിപാടി ഫലപ്രദമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അടുത്ത സാമ്പത്തികവർഷത്തെ പ്ലാൻ സ്കീമിൽ 5 ഗ്രാമ പഞ്ചായത്തുകളിലായി 5000 തുറന്ന കിണറുകൾ റീചാർജ്ജും ചെയ്യുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്.

8. വിദ്യാലയങ്ങളിൽ മഴവെള്ള സംഭരണം പ്രോത്സാഹിപ്പിക്കുന്നത് ലക്ഷ്യമിട്ട് ജല സൗഹൃദ വിദ്യാലയം പദ്ധതിയും നടപ്പിലാക്കി വരുന്നു.

(ബി) നിലവിൽ ലഭ്യമല്ല. കേന്ദ്രസഹായം ലഭിക്കുന്നതിനായി ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി മുഖാന്തരം റവന്യൂ വകുപ്പിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

(സി) <u>ജലസേചനവകുപ്പ്</u> :

വരൾച്ച നേരിടുന്നതിന്റെ ഭാഗമായി മലപ്പുറം ഇറിഗേഷന്റെ കീഴിൽ നിർമ്മിച്ചിട്ടുള്ള എല്ലാ നിർമ്മിതികളും ഇടത്തരം പദ്ധതികളായ കണവക്കല്ല് റഗുലേറ്റർ, ഒടായിക്കൽ ആർ.സി.ബി, പൂക്കോട്ടുമന ആർ.സി.ബി, ക്കുട്ടിലങ്ങാടി വി.സി.ബി എന്നിവ ഉൾപ്പെടെ ഷട്ടറുകൾ ഇട്ട് വെള്ളം തടഞ്ഞു നിർത്തിയിട്ടുണ്ട്. പരപ്പനങ്ങാടി നഗരസഭയിലെ പൂരപ്പുഴയ്ക്കു കുറുകെ പാറയിലും ഓൾഡ് കട്ടിലെ പൂരപ്പറമ്പ് ലോക്കിലും താൽക്കാലിക തടയണ നിർമ്മിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ 331 കുളങ്ങൾ ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവയിൽ 66 പ്രവൃത്തികളുടെ ഡി.പി.ആർ. തയ്യാറാക്കി ജില്ലാ ഭരണകൂടത്തിന് സമർപ്പിച്ചിട്ടുണ്ട്.

<u>കേരള ജല അതോറിറ്റി:</u>

കാലവർഷത്തിലുണ്ടായ കുറവ് പരിഗണിച്ച് 2016 സെപ്റ്റംബർ മാസം തന്നെ ജലസംരക്ഷണത്തിനാവശ്യമായ നടപടികൾ കൈക്കൊള്ളുവാൻ എല്ലാവർക്കും ഫീൽഡ് ഓഫീസർമാരോടും നിർദ്ദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിൽ സ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പുവരുത്തുവാനുള്ള 12 ഓളം പ്രവൃത്തികൾ ഇതിനോടകം തന്നെ പൂർത്തിയാക്കിയിട്ടുണ്ട്.

<u>ഭൂജല വകുപ്പ്:</u>

ഭൂജല വകുപ്പ് മലപ്പുറം ജില്ലയിൽ വരൾച്ച നേരിടുന്നതിനായി മഞ്ചേരി നിയമസഭാ മണ്ഡലത്തിലെ കീഴാറ്റൂർ ഗ്രാമ പഞ്ചായത്തിൽ 17-ഉം തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിൽ 18-ഉം വണ്ടൂർ നിയമസഭാ മണ്ഡലത്തിലെ തിരുവാലി ഗ്രാമപഞ്ചായത്തിൽ 12-ഉം പെരിന്തൽമണ്ണ നിയമസഭാ മണ്ഡലത്തിലെ വെട്ടത്തൂർ ഗ്രാമപഞ്ചായത്തിൽ 25-ഉം കോട്ടയ്ക്കൽ നിയമസഭാ മണ്ഡലത്തിലെ മാറാക്കര ഗ്രാമപഞ്ചായത്തിൽ

76-ഉം തിരൂർ നിയമസഭാ മണ്ഡലത്തിലെ വളവന്നൂർ ഗ്രാമപഞ്ചായത്തിൽ 24 ഉം കല്പകഞ്ചേരി ഗ്രാമപഞ്ചായത്തിൽ 18-ഉം മലപ്പുറം നിയമസഭാ മണ്ഡലത്തിലെ മുറയൂർ ഗ്രാമപഞ്ചായത്തിൽ 20-ഉം മങ്കട നിയമസഭാ മണ്ഡലത്തിലെ മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ 5-ഉം വേങ്ങര നിയമസഭാമണ്ഡലത്തിലെ പറപ്പൂർ ഗ്രാമപഞ്ചായത്തിൽ 25-ഉം തിരൂരങ്ങാടി നിയമസഭാമണ്ഡലത്തിലെ തെന്നല ഗ്രാമപഞ്ചായത്തിൽ 15-ഉം കുഴൽ കിണർ-കൈപ്പമ്പുകൾ റിപ്പയർ ചെയ്യുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു. തിരൂർ നിയമസഭാ മണ്ഡലത്തിലെ കല്പകഞ്ചേരി ഗ്രാമപഞ്ചായത്തിലെ കുണ്ടൻകടവിൽ നിലവിലുള്ള കുടിവെള്ള നവീകരണ പ്രവൃത്തി പുരോഗമിക്കുന്നു.

<u>ജലനിധി:</u>

മലപ്പുറം ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട 14 പഞ്ചായത്തുകളിൽ ജലനിധി പദ്ധതികൾ നടപ്പാക്കി വരുന്നു. പദ്ധതികൾ പൂർത്തീകരിച്ച് വരൾച്ച കാലത്ത് കുടിവെള്ള വിതരണത്തിനുദ്ദേശിച്ചിട്ടുള്ളവയുടെ വിശദ വിവരം താഴെ കൊടുക്കുന്നു :

| ക്രമ നമ്പർ | പഞ്ചായത്ത് | സ്കീമുകളുടെ എണ്ണം | കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | കരുവാരക്കുണ്ട് | 14 | 3215 |
| 2 | കുറ്റിപ്പുറം | 1 | 342 |
| 3 | ഉറങ്ങാട്ടിരി | 2 | 68 |
| 4 | മേലാറ്റൂർ | 24 | 1830 |
| 5 | പരപ്പൂർ | 8 | 1871 |
| 6 | എടപ്പറ്റ | 6 | 1733 |
| 7 | ചേലമ്പ്ര | 1 | 66 |
| | | 56 | 9125 |

ചൊക്കാട്, മുന്നിയൂർ എന്നീ പഞ്ചായത്തുകളിൽ പദ്ധതി പുരോഗമിച്ചു വരുന്നു. ഊരകം, വേങ്ങര, പരപ്പൂർ എന്നീ പഞ്ചായത്തുകൾക്കും പെരുമണ്ണക്ലാരി-ഒഴൂർ-തെന്നല എന്നീ പഞ്ചായത്തുകൾക്കും പ്രയോജനം ലഭിക്കുന്ന 2 മൾട്ടി ഗ്രാമ പഞ്ചായത്ത് പദ്ധതികളുടെ പ്രവൃത്തികളും അതിവേഗം പുരോഗമിച്ചു വരുന്നു.

(ഡി) 2016-17-ലെ ബഡ്ജറ്റിൽ മങ്കട നിയോജക മണ്ഡലത്തിലെ പദ്ധതികൾ ഉൾപ്പെട്ടിട്ടില്ല.

**വർക്കല മണ്ഡലത്തിലെ ജലസേചന പദ്ധതികൾ**

148 (917) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ ജലസേചന വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) ഈ മണ്ഡലത്തിൽ ജലസേചന വകുപ്പിന് കീഴിൽ എത്ര കിലോമീറ്റർ നീളത്തിൽ കനാൽ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കനാലിന് മറുകരയിൽ എത്തുന്നതിന് അവശ്യം വേണ്ട പാലങ്ങൾ നിർമ്മിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ) വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) വർക്കല നിയോജക മണ്ഡലത്തിൽപ്പെട്ട റ്റി.എസ്. കനാലിന്റെ ഒന്നാം പാലം മുതൽ നടയറ കായൽ വരെയുള്ള കനാലിന്റെ നീളം 11.70 കി.മീറ്റർ ആണ്.

(സി) ആവശ്യമായ സ്ഥലങ്ങളിൽ ഇൻവെസ്റ്റിഗേഷൻ നടത്തി നടപ്പാലങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ട്.

**കോതമംഗലം മണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം**

149 (918) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കനാലിൽ വെള്ളം വിടാത്തതിനാൽ പമ്പിങ്ങിന് ആവശ്യമായ വെള്ളം ലഭിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രശ്നം പരിഹരിക്കാൻ എന്തു നടപടികളാണ് ഉദ്ദേശിക്കുന്നത്;

(ബി) രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന മേഖലയെന്നതിനാൽ പി.വി.ഐ.പി. കനാലുകളിൽ (high level& low level) എല്ലാ ദിവസവും വെള്ളം തുറന്നു വിടുന്നതിന് നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോതമംഗലം മണ്ഡലത്തിലെ കോതമംഗലം കുടിവെള്ള പദ്ധതിയുടേയും വാരപ്പെട്ടി കുടിവെള്ള പദ്ധതിയുടേയും സ്രോതസ്സ് കോതമംഗലം പുഴയാണെങ്കിലും വേനൽക്കാലങ്ങളിൽ പി.വി.ഐ.പി കനാലിൽ നിന്നും ലഭിക്കുന്ന ജലത്തെ ആശ്രയിച്ചാണ് സ്രോതസ്സിന്റെ നിലനിൽപ്പ്. നിലവിൽ ഒന്നിടവിട്ട ആഴ്ചകളിൽ മാത്രമാണ് പി.വി.ഐ.പി. കനാലിൽ നിന്ന് പുഴയിലേയ്ക്ക് വെള്ളം തുറന്നു വിടുന്നത്. ആയതിനാൽ ഈ പദ്ധതികൾ ഭാഗികമായി മാത്രമേ പ്രവർത്തിക്കാൻ സാധിക്കുന്നുള്ളൂ. ലഭ്യമാകുന്ന വെള്ളം വാൽവ് ക്രമീകരണത്തിലൂടെ പല സമയങ്ങളിലായി പദ്ധതിയുടെ വിവിധ ഭാഗങ്ങളിൽ എത്തിച്ചു കൊടുക്കുന്നുണ്ട്.

(ബി) പദ്ധതിയ്ക്കുവേണ്ടി ലഭിക്കുന്ന വെള്ളം കുറവായതുകൊണ്ട് രണ്ട് കനാലുകളിലൂടെയും എല്ലാ ദിവസവും വെള്ളം തുറന്നു വിടുവാൻ സാധിക്കില്ല. കെ.എസ്.ഇ.ബി. ഇടമലയാർ ഡാം പൂർണ്ണമായ തോതിൽ വൈദ്യുതി ഉത്പാദിപ്പിച്ചാൽ മാത്രമേ അപ്രകാരം സാദ്ധ്യമാകുകയുള്ളൂ.

**കായംകുളം മണ്ഡലത്തിൽ കുട്ടനാട് പാക്കേജ്**

150 (919) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കരിപ്പുഴ കനാലിന്റെ ആഴം വർദ്ധിപ്പിച്ച് തീരസംരക്ഷണം ഉറപ്പുവരുത്തുന്നതിനായി എത്ര രൂപ അനുവദിച്ചിട്ടുണ്ടായിരുന്നു എന്നും എസ്റ്റിമേറ്റ് പ്രകാരം എത്ര മീറ്റർ നീളത്തിലാണ് സംരക്ഷണ ഭിത്തി കെട്ടേണ്ടിയിരുന്നത് എന്നും എസ്റ്റിമേറ്റ് പ്രകാരം പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ എന്നും വിശദമാക്കാമോ ;

(ബി) പ്രസ്തുത കനാലിന്റെ പല ഭാഗങ്ങളിലും സംരക്ഷണഭിത്തി കെട്ടുന്നതിനു വേണ്ടി വശങ്ങളിൽ നിന്നുള്ള മരങ്ങളും മറ്റും നീക്കംചെയ്യുകയും എന്നാൽ തുടർന്ന് ഇവിടെ സംരക്ഷണഭിത്തി കെട്ടാതിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം മഴക്കാലത്ത് തീരം ഇടിഞ്ഞ് കനാലിലേക്ക് വീഴുന്നതിന് സാദ്ധ്യതയുള്ളതിനാൽ ടി സ്ഥലങ്ങളിൽ കൂടി സംരക്ഷണഭിത്തി കെട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കായംകുളം മണ്ഡലത്തിൽ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കരിപ്പുഴ കനാലിന്റെ ആഴം വർദ്ധിപ്പിക്കുന്നതിനും തീരസംരക്ഷണം ഉറപ്പുവരുത്തുന്നതിനുമായി 9,80,93,158 രൂപ അനുവദിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരമുള്ള 3200 മീറ്റർ സംരക്ഷണ ഭിത്തിയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. കരിപ്പുഴ കനാലിന്റെ പലഭാഗങ്ങൾ (500 മീറ്റർ) സംരക്ഷിക്കുന്നതിനാവശ്യമായ 90 ലക്ഷം രൂപയുടെ പ്രവൃത്തി 2016-17-ലെ എം.ഐ മുൻഗണനാ ലിസ്റ്റിൽ ക്രമനമ്പർ-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

**പാർവ്വതി പുത്തനാറിന്റെ റീസർവ്വേ റിപ്പോർട്ട്**

151 (920) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്തെ പാർവതി പുത്തനാറിന്റെ റീസർവ്വേ നടപടികൾ പൂർത്തിയാക്കി സർവ്വേ വകുപ്പ് റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര കയ്യേറ്റങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) ഈ കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്

(ഡി) പാർവ്വതി പുത്തനാർ ശുചീകരിച്ച് ഗതാഗത യോഗ്യമാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സർവ്വേ നടപടികൾ പൂർത്തിയായിട്ടില്ല.

(ബി&സി) ബാധകമല്ല.

(ഡി) പാർവ്വതി പുത്തനാർ ശുചീകരിച്ച് ഗതാഗതയോഗ്യമാക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയത് പരിശോധിച്ചു വരുന്നു.

**കണ്ണൂർ വിമാനത്താവളവുമായി ബന്ധപ്പെട്ട് ഡ്രെയിനേജ് നിർമ്മാണം**

152 (921) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവള നിർമ്മാണവുമായി ബന്ധപ്പെട്ട് മഴക്കാലത്ത് കൃഷിയിടങ്ങളിലേക്ക് വെള്ളത്തിന്റെ കുത്തൊഴുക്ക് തടയുന്നതിന് ഡ്രെയിനേജ് സംവിധാനങ്ങൾ നിർമ്മിക്കുന്നതിന് മൈനർ ഇറിഗേഷൻ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നിർമ്മാണ പ്രവൃത്തികളാണ് മൈനർ ഇറിഗേഷൻ വകുപ്പ് ഏറ്റെടുത്തിട്ടുള്ളത്;

(സി) എത്ര തുകയുടെ എസ്റ്റിമേറ്റിനാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്;

(ഡി) നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിച്ച് പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്;

(ഇ) ഇതു സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ച് ചേർത്ത യോഗത്തിലെ തീരുമാന പ്രകാരം വിമാനത്താവള പ്രദേശത്തു നിന്നുള്ള മഴവെള്ളം പദ്ധതി പ്രദേശത്തിനു പുറത്തുകൂടി ഒഴുകുന്ന കാരതോടിലേക്കും കോതേരി തോടിലേക്കും ഒഴുക്കിവിടുന്നതിനു വേണ്ടി 16 ചെറുതോടുകൾ നിർമ്മിക്കുവാനും കൂടാതെ രണ്ടു തോടുകളുടെ (കാരതോട്, കോതേരി തോട്) ആഴവും വീതിയും കൂട്ടി പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുവാനും വേണ്ട പ്രവൃത്തികളാണ് വകുപ്പ് ഏറ്റെടുത്തിട്ടുള്ളത്. സ്ഥലം ഏറ്റെടുക്കൽ നടപടികൾ ജില്ലാ കളക്ടർ നടത്തി വരുന്നു.

(സി) 49,59 ലക്ഷം രൂപ.

(ഡി) കാലവർഷം ആരംഭിക്കുന്നതിന് മുമ്പ് പ്രവൃത്തി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഇ) കഴിഞ്ഞ മഴക്കാലത്ത് വിമാനത്താവള പ്രദേശത്തു നിന്നും ഒഴുകി വന്ന മണ്ണും ചെളിയും കാരത്തോട്, കോതേരി തോട് എന്നീ രണ്ട് നിലവിലുള്ള തോടുകളിൽ അടിഞ്ഞു കൂടിയത് നീക്കുന്നതിനുവേണ്ടി 41 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം നല്കുകയും പ്രവൃത്തി 90% പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പതിനാറ് (16) ചെറുതോടുകൾ നിർമ്മിക്കുവാനും നിലവിലുള്ള രണ്ട് തോടുകൾ (കാരത്തോട്, കോതേരി തോട്) പുനരുദ്ധരിക്കുന്നതിനും വേണ്ടി 4959 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഡ്രെയിനേജ് നിർമ്മാണത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കൽ പ്രവൃത്തി പുരോഗമിക്കുന്നു.

**ചെറുതാഴം, കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തുകൾക്ക് കുടിവെള്ളം**

153 (922) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്യാശ്ശേരി മണ്ഡലത്തിൽ രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന ചെറുതാഴം, കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ളമെത്തിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി മുഖേന സമർപ്പിച്ച വിശദമായ എസ്റ്റിമേറ്റിന് ഫണ്ട് ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ ?

ഉത്തരം

കല്യാശ്ശേരി മണ്ഡലത്തിൽ രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന ചെറുതാഴം, കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തുകൾക്കും നേവൽ അക്കാദമിക്കും വേണ്ടി 4,400 ലക്ഷം രൂപയുടെ സമഗ്ര കുടിവെള്ള പദ്ധതിയുടെ ഡി.ഇ.ആർ തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത പരിശോധിച്ച് വരുന്നു.

**ചിറ്റൂർ പുഴ ഇറിഗേഷൻ പദ്ധതി**

154 (923) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ പുഴ ഇറിഗേഷൻ പദ്ധതിയുടെ മെയിൻ കനാലുകൾ, ബ്രാഞ്ച് കനാലുകൾ എന്നിവ 30 വർഷം മുൻപ് നിർമ്മിച്ചതാണെന്നും, അവ പൂർണ്ണമായും തകർന്ന് വൻ തോതിൽ ജലനഷ്ടം സംഭവിക്കുന്ന വിവരവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ പുനരുദ്ധരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രദേശത്തെ കാഡച്ചാലുകൾ നവീകരിക്കാൻ വകയിരുത്തിയ 20 കോടി രൂപയിൽ എത്ര രൂപ ഇന്നേവരെ ചെലവഴിച്ചുവെന്നും ബാക്കിത്തുക ചെലവഴിക്കാൻ വല്ല കർമ്മപദ്ധതിയും തയ്യാറാക്കിയിട്ടുണ്ടോയെന്നുള്ള വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ&ബി) ചിറ്റൂർ പുഴ പദ്ധതിയുടെ മെയിൻ കനാലുകൾ, ബ്രാഞ്ച് കനാലുകൾ എന്നിവ പൂർണ്ണമായും തകർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കാലപ്പഴക്കത്താൽ തകരാറു സംഭവിക്കുന്ന കനാലിന്റെ ഭാഗങ്ങൾ അറ്റകുറ്റപ്പണികൾ നടത്തി പുനരുദ്ധരിക്കുന്നതിനായി എല്ലാ വർഷവും ആക്ഷൻ പ്ലാനിൽ തുക വകയിരുത്തി പ്രവൃത്തികൾ നിർവ്വഹിച്ചു വരുന്നു. കൂടാതെ PMKSY പദ്ധതി പ്രകാരം കനാലുകൾ നവീകരിക്കുന്നതിനായി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

(സി) കാഡാ ചാലുകൾ നവീകരിക്കാൻ ലഭിച്ച 15 കോടി രൂപയിൽ 14.6 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്.

**അരുണാപുരം മിനി ഡാം പദ്ധതി**

155 (924) <u>ശ്രീ. കെ. എം. മാണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടുത്ത വരൾച്ചമൂലം ജല ദൗർലഭ്യം അനുഭവപ്പെടുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) കോട്ടയം ജില്ലയിൽ ജലദൗർലഭ്യം നേരിടുവാൻ എന്തെല്ലാം മുൻകരുതൽ നടപടികളാണ് സ്വീകരിക്കുവാൻ പോകുന്നതെന്ന് വിശദീകരിക്കാമോ;

(സി) അരുണാപുരം മിനി ഡാം പദ്ധതിയുടെ നിർവ്വഹണ പുരോഗതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോട്ടയം ജില്ലയിൽ മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതിയുടെ കനാലുകളാണ് കടന്നുപോകുന്നത്. മലങ്കര ഡാമിലെ ജല ലഭ്യത അനുസരിച്ച് കനാൽ വഴി വെള്ളം തുറന്നു വിടുന്നതാണ്.

(സി) മീനച്ചിൽ റിവർവാലി പ്രോജക്ടിൽ ഉൾപ്പെടുത്തി അരുണാപുരത്ത് നിർമ്മിക്കുന്ന മിനിഡാമിന്റെ നിർമ്മാണപ്രവൃത്തികൾ ടെണ്ടർ ചെയ്യുകയും ശ്രീ.ജോസ് തോമസ് എന്ന കോൺട്രാക്ടർക്ക് 5-3-2016-ന് സൈറ്റ് കൈമാറുകയും ചെയ്തിരുന്നു. മിനി ഡാമിന്റെ ഫൗണ്ടേഷൻ വർക്കുകൾ ആരംഭിച്ചപ്പോൾ പ്രസ്തുത സ്ഥലത്തെ ഹാർഡ് റോക്ക് ലെവലിൽ വ്യത്യാസം കണ്ടതിനാൽ റിവൈസ്ഡ് ഡിസൈൻ ആവശ്യമായി വന്നു. റിവൈസ്ഡ് ഡിസൈൻ ആന്റ് ഡ്രോയിങ്ങിന്റെ അടിസ്ഥാനത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## ചാലക്കുടി പുഴയിൽ സ്റ്റോറേജ് ഡാമുകൾ

156 (925) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി പുഴയിൽ തുമ്പൂർമൂഴിയ്ക്ക് മുകളിലായി സ്റ്റോറേജ് ഡാമുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കുമോ;

(ബി) ചാലക്കുടിപ്പുഴയിൽ കൂടുതൽ തടയണകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഉണ്ടെങ്കിൽ അവ എവിടെയെല്ലാമാണെന്നും നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ചാലക്കുടി പുഴയിൽ തുമ്പൂർമൂഴി വിയറിന് 3 കീ.മീ. മുകളിലും 12 കീ.മീ മുകളിലുമായി നിർമ്മിക്കുന്ന 2 സ്റ്റോറേജ് ഡാമുകളുടെ സോയിൽ ഇൻവെസ്റ്റിഗേഷനുള്ള എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി പരിശോധിച്ചു വരുന്നു.

(ബി&സി) (1) ചാലക്കുടിപ്പുഴയിൽ മേലൂർ പരിയാരം പഞ്ചായത്തുകൾക്കിടയിലായി തട്ടുപാറയിൽ കോവിലകം കടവിന് സമീപത്ത് നിർമ്മാണം നിലച്ചുപോയ തടയണയുടെ ശേഷിക്കുന്ന പ്രവൃത്തികൾ പുനരാരം ഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(2) മേലൂർ പഞ്ചായത്തിനും ചാലക്കുടി മുനിസിപ്പാലിറ്റിക്കും ഇടയിൽ മിക്കുന്നിൽ ചാലക്കുടി പുഴയ്ക്ക് കുറുകെ തടയണ നിർമ്മാണത്തിനായുള്ള 6.20 ലക്ഷം രൂപയുടെ പര്യവേഷണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(3) അന്നമനട പഞ്ചായത്തിൽ പാലുപുഴക്കടവിൽ ചാലക്കുടിപ്പുഴയ്ക്കു കുറുകെ റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണത്തിനുള്ള 7.70 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി. പരിശോധിച്ചു വരുന്നു.

(4) മേലൂർ, പരിയാരം പഞ്ചായത്തുകൾക്കിടയിലായി ചാലക്കുടി പുഴയ്ക്ക് കുറുകെ കയ്യാനിക്കടവിന് മുകൾഭാഗത്തായി തടയണ നിർമ്മാണത്തിനുള്ള പര്യവേഷണ പ്രവൃത്തിയുടെ 7.65 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി. പരിശോധിച്ചു വരുന്നു.

**വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾ**

157 (926) ശ്രീ. എം. സ്വരാജ് :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്ത വരൾച്ചയുടെ പശ്ചാത്തലത്തിൽ ജലവിഭവ വകുപ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഹ്രസ്വകാല, ദീർഘകാല വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) ജല ദുരുപയോഗം ഒഴിവാക്കാനായി എന്തെങ്കിലും പദ്ധതിയുണ്ടോ ; കുടിവെള്ള ക്ഷാമത്തിന്റെ മറവിൽ അമിതലാഭമുണ്ടാക്കുന്ന കുടിവെള്ള വിൽപ്പന സംഘങ്ങളുടെ ചൂഷണം നിയന്ത്രിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) കുളങ്ങളും കിണറുകളും പൊതു ജലാശയങ്ങളും നവീകരിക്കുന്നതിനായി നടപടിയെടുത്തിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) ഭൂഗർഭ ജലം അമിതമായി ചൂഷണം ചെയ്യുന്നത് നിയന്ത്രിക്കാൻ എന്തു സംവിധാനമാണുള്ളതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) <u>ജലസേചന വകുപ്പ്:</u>

കുടിവെള്ളക്ഷാമം രൂക്ഷമാകാനിടയുണ്ടെന്ന മുന്നറിയിപ്പിന്റെ പശ്ചാത്തലത്തിൽ നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന 'ഹരിതകേരളം' പദ്ധതിയിലൂടെ പ്രാദേശിക തലത്തിൽ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനും ഉതകുന്ന

ഒരു പുതിയ ജല ഉപയോഗ സംസ്കാരത്തിന് രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി 320 കോടി രൂപ ചെലവിൽ ഏകദേശം 9453 കുളങ്ങൾ നവീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ ഭരണകൂടം മുഖേനയാണ് പ്രവൃത്തി നടപ്പിലാക്കുന്നത്. കൂടാതെ കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനായി നിരവധി തടയണകൾ, വി.സി.ബി/ആർ.സി.ബി.കൾ എന്നിവ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കി വരുന്നു. പൂർത്തീകരിച്ച തടയണകൾ/വി.സി.ബി.കൾ/ ആർ.സി.ബി. എന്നിവയിൽ ഷട്ടർ ഇട്ട് വെള്ളം സംഭരിച്ചിട്ടുണ്ട്. നദികളിലേയ്ക്ക് കടലിൽനിന്നും ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി 2016-17 സാമ്പത്തിക വർഷം വിവിധ ജില്ലകളിലായി 56 പ്രവൃത്തികൾക്ക് 251.5 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികളുടെ പ്രവർത്തനം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. കാവേരി നദീജല ട്രൈബ്യൂണൽ വയനാട് ജില്ലയിലെ കബനി സബ് ബേസിനിലെ പദ്ധതികൾക്കായി അനുവദിച്ച ജലത്തിന്റെ വിഹിതം ഉപയോഗപ്പെടുത്തുന്നതിനായി നടപ്പുസാമ്പത്തിക വർഷം പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി 35 കോടി രൂപ ചെലവിൽ 24 ചെക്ക് ഡാമുകൾ, ഒരു റെഗുലേറ്റർ, ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി എന്നിവ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. പാലക്കാട് ജില്ലയിലെ ഭവാനി സബ് ബേസിനിൽ അനുവദിച്ച ജലം ഉപയോഗപ്പെടുത്തുന്നതിനായി 3.12 കോടി രൂപ ചെലവിൽ 2 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ഉൾപ്പെടെ 3 പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. 2 തടയണകളുടെ പണി പുരോഗതിയിലാണ്. കാസർഗോഡ് പാക്കേജിൽ 2016-17 വർഷത്തിൽ 17 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

കേരള ജല അതോറിറ്റി

കാലവർഷത്തിലുണ്ടായ കുറവ് പരിഗണിച്ച് വിവിധ നദികളിലെ ജലദൗർലഭ്യത്തിനുള്ള സാധ്യത കണക്കിലെടുത്ത് കുടിവെള്ളക്ഷാമം നേരിടാൻ കേരള ജല അതോറിറ്റി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും ജലലഭ്യത ഉറപ്പു വരുത്തുന്നു.

2. ഇറിഗേഷൻ, വൈദ്യുത വകുപ്പുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി വിവിധ സ്രോതസ്സുകളിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. അടിക്കടി ലീക്കുമൂലം ജലനഷ്ടം സംഭവിക്കുന്ന വിതരണ ലൈനുകൾ മാറ്റി പകരം പുതിയവ സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് മുൻഗണന നൽകി ഘട്ടം ഘട്ടമായി നടപ്പാക്കി വരുന്നു.

4. ജലലഭ്യത ഉള്ള സ്ഥലങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിച്ച് ജലം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

5. വാട്ടർ അതോറിറ്റി കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്ത് പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പുവരുത്താനുള്ള പ്രവൃത്തികൾ നടപ്പാക്കുന്നു.

6. തദ്ദേശഭരണ സ്ഥാപനങ്ങൾ റവന്യൂ വകുപ്പിന്റെ സഹകരണത്തോടെ കിയോസ്കുകൾ വഴി ജലവിതരണം നടത്തുന്ന സ്ഥലങ്ങളിലേക്ക് ആവശ്യമായ കുടിവെള്ളം ജല അതോറിറ്റിയുടെ വിവിധ പദ്ധതികളിൽ നിന്നും നൽകുന്നതാണ്.

7. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പ് സെറ്റുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുന്നു.

8. കൂടുതൽ പമ്പിംഗ് ആവശ്യമായ സ്ഥലങ്ങളിൽ അഡീഷണൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുന്നുണ്ട്.

9. ആവശ്യമാകുന്ന സ്ഥലങ്ങളിൽ വാൽവുകൾ നിയന്ത്രിച്ച് സാധ്യമായ അളവിൽ എല്ലാവർക്കും ജലലഭ്യത ഉറപ്പാക്കുന്നു.

10. ജലശുദ്ധീകരണശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗിക്കുന്നതിന് ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നുണ്ട്.

11. നിയമവിരുദ്ധമായി ജലം ചോർത്തുന്നതും അനധികൃത ഉപയോഗവും മറ്റും കണ്ടുപിടിക്കുന്നതിനും ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനം ഉപയോഗപ്പെടുത്തുകയും നിയമാനുസൃത നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു.

12. പ്രതിമാസം 50 കിലോലിറ്ററിനു മുകളിൽ ഉപഭോഗം കണക്കാക്കുന്ന പുതിയ കണക്ഷനുകൾ നൽകുന്നതിന് താൽക്കാലിക നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

13. നിലവിൽ കൂടുതലായി ജലം ഉപയോഗിക്കുന്ന വ്യാവസായിക വാണിജ്യ കണക്ഷനുകളിൽ ഉപഭോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

14. ജലശുദ്ധീകരണശാലകളിൽ ബാക്ക് വാഷിംഗ് ചെയ്യുന്നതിന് ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് കഴിയുന്നത്ര നിയന്ത്രിക്കുന്നുണ്ട്.

മേൽപ്പറഞ്ഞ നടപടികൾ കൂടാതെ വരൾച്ച സംബന്ധിച്ച സ്ഥിതി ഗതികൾ നിരന്തരം വിലയിരുത്തി വേണ്ട പരിഹാര നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനകം കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽ വച്ച് മേഖലാടിസ്ഥാനത്തിൽ സർക്കാർ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് വരൾച്ച സംബന്ധിച്ച് വിശദമായ അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ തീരുമാനിച്ച കാര്യങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിന് വീഡിയോ കോൺഫറൻസ് വഴി അവലോകനവും നടത്തി വരുന്നു.

സ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പുവരുത്തുവാനായി തടയണ കെട്ടുക, ജലം പമ്പ് ചെയ്യാൻ ഉപയോഗിക്കുന്ന കിണറുകൾ വൃത്തിയാക്കുക, ഗ്യാലറികളിൽ തടസ്സങ്ങൾ നീക്കി നീരൊഴുക്ക് സുഗമമാക്കുക എന്നിവ പ്രാദേശികമായ സാഹചര്യം പരിഗണിച്ച് ചെയ്യുവാനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

<u>ഭൂജലവകുപ്പ്:</u>

വരൾച്ച നേരിടുന്നതിനുവേണ്ടി കുടിവെള്ള ലഭ്യത പൂർണ്ണമായോ ഭാഗികമായോ ഇല്ലാത്ത പ്രദേശങ്ങളിൽ ഭൂജലപര്യവേഷണം നടത്തി കുഴൽകിണറുകൾ നിർമ്മിച്ച് ജലലഭ്യതയുള്ള കിണറുകളിൽ ചെറുകിട കുടിവെള്ള പദ്ധതികളും ജലലഭ്യത കുറഞ്ഞ കിണറുകളിൽ കൈപമ്പ് പദ്ധതികളും രാജീവ്ഗാന്ധി പദ്ധതിയിൻ കീഴിൽ വകുപ്പ് നടപ്പിലാക്കി വരുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ ടി പദ്ധതിയ്ക്കായി അനുവദിച്ച ഒരു കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. 32 ചെറുകിട കുടിവെള്ള പദ്ധതികളും 81 കുഴൽകിണർ നിർമ്മാണവും 20 കൈപമ്പ് പദ്ധതികളും 810 ഹാന്റ് പമ്പ് അറ്റകുറ്റപ്പണികളും ഇതുവരെ ഈ പദ്ധതിയിൻ കീഴിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഭൂജല വകുപ്പ് ഇതുവരെ 2163 കൈപമ്പുകളുടെ അറ്റകുറ്റപ്പണികളും 70 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും പൂർത്തീകരിച്ചിട്ടുണ്ട്.

ഭൂജല സംരക്ഷണത്തിനായി ഭൂജല വകുപ്പ് കൃത്രിമ ഭൂജല സംപോഷണ പദ്ധതി ദീർഘകാലാടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു. തടയണകൾ, അടിയണകൾ, മഴക്കുഴികൾ, തുറന്നകിണർ, കുഴൽകിണർ വഴിയുള്ള ഭൂജല സംപോഷണം എന്നിവ ഈ പദ്ധതിയിലൂടെ വിഭാവന ചെയ്യുന്നു. പ്രവൃത്തികൾ വിവിധ ജില്ലകളിൽ പുരോഗമിച്ചു വരുന്നു. തുറന്ന കിണറുകൾ റീചാർജ് ചെയ്യുക വഴി ഭൂജലനിരപ്പ് ഉയരുകയും അതുവഴി കടുത്ത വരൾച്ചയെ പ്രതിരോധിക്കുവാൻ ഒരു പരിധിവരെ സംസ്ഥാനത്തിന് കഴിയുകയും ചെയ്യും.

ജലനിധി:

ജലവിഭവ വകുപ്പിന്റെ ഭാഗമായ കെ.ആർ.ഡബ്യൂ.എസ്.എ. (കേരള റൂറൽ വാട്ടർ സപ്ലൈ & സാനിട്ടേഷൻ ഏജൻസി)-യുടെ കീഴിൽ പ്രവർത്തിക്കുന്ന മഴകേന്ദ്രം മുഖേന മഴവെള്ള സംഭരണികൾ നിർമ്മിച്ചു നല്കുന്നു. സ്റ്റേറ്റ് പ്ലാൻ സ്കീമിൽ നിന്നുള്ള സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തി മഴവെള്ള സംഭരണം-ഭൂജല പരിപോഷണം വഴി വ്യക്തിഗത കുടുംബങ്ങൾക്ക് 10000 ലിറ്റർ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുവാൻ സാധിക്കുംവിധം ഇവ നിർമ്മിച്ചു നൽകുന്നു. സംഭരണി നിറഞ്ഞുകവിഞ്ഞൊഴുകുന്ന ജലം കിണറിലേക്കും മഴക്കുഴിയിലേക്കും കടത്തിവിടുന്നതുമൂലം ഭൂഗർഭജലത്തിന്റെ അളവ് വർദ്ധപ്പിക്കുവാൻ സാധിക്കുന്നു.

കിണർ റീചാർജിംഗ് പരിപാടി ഫലപ്രദമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അടുത്ത സാമ്പത്തിക വർഷത്തെ പ്ലാൻ സ്കീമിൽ 5 ഗ്രാമപഞ്ചായത്തുകളിലായി 5000 തുറന്ന കിണറുകൾ റീചാർജ് ചെയ്യുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്. വിദ്യാലയങ്ങളിൽ മഴവെള്ള സംഭരണം പ്രോത്സാഹിപ്പിക്കുന്നത് ലക്ഷ്യമിട്ട് ജലസൗഹൃദ വിദ്യാലയം പദ്ധതിയും നടപ്പിലാക്കിവരുന്നു. ജലനിധി ലോകബാങ്കിന്റെ ധനസഹായത്താൽ നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ്. ജലസംരക്ഷണത്തിന് ഭൂഗർഭജല പരിപോഷണം, റൂഫ് വാട്ടർ ഹാർവെസ്റ്റിംഗ്, കിണർ റീചാർജ്, ചെക്ക് ഡാം, വെർട്ടിക്കിൾ ക്രോസ് ബാർ, മണ്ണിനടിയിൽ തടയണകൾ, മണ്ണുസംരക്ഷണം, കുളങ്ങളുടെ സംരക്ഷണം ഇവയെല്ലാം നടപ്പിലാക്കി വരുന്നു. ജലസുരക്ഷ ഉറപ്പുവരുത്തുവാൻ ഇവ സഹായകരമാണ്.

(ബി) കേരള ജല അതോറിറ്റി:

കേരള ജല അതോറിറ്റി ശുദ്ധജലത്തിന്റെ ദുരുപയോഗം നിരുത്സാഹ പ്പെടുത്തുവാനും ഉപഭോഗം പരമാവധി കുറയ്ക്കുന്നതിനും ജലസംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങൾ വഴിയുള്ള പ്രചരണം, സോഷ്യൽ മീഡിയ വഴിയുള്ള ബോധവൽക്കരണം മുതലായവ നടത്താൻ ഉദ്ദേശിക്കുന്നു. കൂടാതെ ജലം ദുരുപയോഗം ചെയ്യുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചും അവബോധം നടത്തിവരുന്നു. ഇത് സംബന്ധിച്ച് നിരന്തരം പത്രമാധ്യമങ്ങൾ വഴി പ്രചാരണം നടത്തുന്നുണ്ട്.

ഭൂജലവകുപ്പ്:

സംസ്ഥാനത്ത് ഭൂജലത്തിന്റെ സംരക്ഷണത്തിനും ക്രമമായ ഉപയോഗ ത്തിനുമായി കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് 2002 നിലവിലുണ്ട്. കേരളത്തിൽ വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങൾ

ഭൂജല ഉപയോഗത്തിന് കർശനമായ നിബന്ധനകൾ നിഷ്കർഷിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും പരാതിമേൽ ഭൂഗർഭജല ചൂഷണം നടത്തുന്ന സ്ഥലങ്ങളിൽ വകുപ്പിന്റെ ഉദ്യോഗസ്ഥർ അന്വേഷണം നടത്തി ഉചിതമായി നടപടികൾ സ്വീകരിക്കുന്നുണ്ട്.

ജലനിധി:

ജലനിധി ബോധവത്ക്കരണ പ്രവർത്തനത്തിലൂടെയും പരിശീലന പരിപാടികൾ മുഖേനയും ജലദുർവിനിയോഗം നിയന്ത്രിച്ചും ജല ദുരുപയോഗം ഒഴിവാക്കാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ജലസേചന വകുപ്പ്:

ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനും വേണ്ടി സംസ്ഥാന സർക്കാർ ഹരിതകേരളം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കുന്നതു വഴി പ്രാദേശികതലത്തിൽ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനും ഉതകുന്ന ഒരു പുതിയ ജല ഉപയോഗ സംസ്കാരം രൂപപ്പെടുത്തുന്നതിനാണ് ഹരിത കേരളം പദ്ധതി ഊന്നൽ നൽകുന്നത്. ഇതിന്റെ ആദ്യഘട്ടമായി 320 കോടി രൂപ ചെലവിൽ ഏകദേശം 9453 കുളങ്ങൾ നവീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതനുസരിച്ച് കുളങ്ങളിലെ മാലിന്യം, ചെളി, പായൽ ഇവ നീക്കം ചെയ്ത് അവയുടെ സംഭരണശേഷി വർദ്ധിപ്പിച്ച് കാർഷികാവശ്യങ്ങൾക്കും മറ്റു പാരിസ്ഥിതിക ധർമ്മങ്ങൾക്കും ജലലഭ്യത ഉറപ്പാക്കാൻ സാധിക്കുന്നതാണ്. ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ ഭരണകൂടം മുഖേനയാണ് പ്രവൃത്തി നടപ്പിലാക്കുന്നത്. ഇതിനായുള്ള വിശദാംശങ്ങൾ ജില്ലാ ഭരണാധി കാരികൾക്ക് നൽകിയിട്ടുണ്ട്.

ജലനിധി:

ജലനിധി പഞ്ചായത്തുകളിൽ പദ്ധതിക്കായി എടുക്കുന്ന കുളങ്ങളും പഞ്ചായത്ത് വാട്ടർ അതോറിറ്റി കിണറുകൾ എന്നിവയും കുടിവെള്ള ത്തിനായി നവീകരിച്ച് ഉപയോഗപ്രദമാക്കി നൽകുന്നുണ്ട്.

(ഡി) ഭൂജല വകുപ്പ്:

സംസ്ഥാനത്ത് ഭൂജലം സംരക്ഷിക്കുന്നതിനും അതിന്റെ ചൂഷണം, ഉപയോഗം എന്നിവ ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടി കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് 2002 നിലവിലുണ്ട്. ഈ ആക്ടിൻ പ്രകാരമുള്ള ചട്ടങ്ങൾ 2004 മാർച്ച് 16-ന് നിലവിൽ വരികയും ഇതനുസരിച്ച് കേരള ഭൂജല അതോറിറ്റി രൂപീകരിക്കുകയും

ചെയ്തിട്ടുണ്ട്. വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളിൽ ഭൂജല ഉപയോഗത്തിന് കർശനമായ നിബന്ധനകൾ നിഷ്കർഷിച്ചിട്ടുണ്ട്. ഇത്തരം പ്രദേശങ്ങളിൽ കുഴൽക്കിണറുകളുടെ നിർമ്മാണത്തിനും നിലവിലുള്ള കിണറുകൾ പരിവർത്തനം ചെയ്യുന്നതിനും അതോറിറ്റിയുടെ പെർമിറ്റ് ആവശ്യമാണ്.

ജലനിധി:

ജലനിധി ബോധവത്ക്കരണ പ്രവർത്തനത്തിലൂടെയും പരിശീലന പരിപാടികൾ മുഖേനയും ജലദുർവിനിയോഗം നിയന്ത്രിച്ചും ജലദുരുപയോഗം ഒഴിവാക്കാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മാത്രവുമല്ല, ഭൂജല സംരക്ഷണവും-പരിപോഷണവും ജലനിധി പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്. തടയണകൾ, കിണർ റീചാർജ്, സ്രോതസ്സ് സംരക്ഷണം തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. പദ്ധതി നടപ്പിലാക്കി വരുന്ന പഞ്ചായത്തുകളിൽ 1562 ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിരുന്നു. ഇതിൽ 1499 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ഇതുവഴി ഭൂഗർഭജല പരിപോഷണം സാധ്യമാകുന്നു.

### ഹരിപ്പാട് കുടിവെള്ള പദ്ധതി

158 (927) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് കുടിവെള്ള പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ ;

(ബി) ഏതു സ്കീമിൽ ഉൾപ്പെടുത്തിയാണ് ഈ പദ്ധതിയുടെ നിർവ്വഹണ പ്രവർത്തനങ്ങൾ ഇപ്പോൾ നടത്തുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) പദ്ധതിയ്ക്കായി ഇതുവരെ എന്തു തുക വിനിയോഗിച്ചുവെന്നും ഫണ്ടിന്റെ അഭാവം ഈ പദ്ധതിയെ പ്രതികൂലമായി ബാധിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ ;

(ഡി) കരാറുകാരുടെ ബില്ലുകൾ മാറി നൽകുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ ;

(ഇ) പ്ലാൻ ഫണ്ട് അഥവാ നബാർഡ് അല്ലെങ്കിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ച് പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഹരിപ്പാട് കുടിവെള്ള പദ്ധതിക്കായി പള്ളിപ്പാട്ടിൽ നിർമ്മിക്കുന്ന 50 ദശലക്ഷം ലിറ്റർ പ്രതിദിന ശുദ്ധീകരണ ശേഷിയുള്ള ശുദ്ധീകരണശാലയുടെ നിർമ്മാണം പുരോഗമിക്കുന്നു. റോ വാട്ടർ പമ്പ് ഹൗസ് നിർമ്മിക്കുന്നതിനു മാന്നാർ പഞ്ചായത്തിൽ നിന്നും അനുമതി കിട്ടാത്തത് കാരണം കിണറിന്റെ റോ വാട്ടർ പമ്പിംഗ് മെയിനിന്റെ ടെണ്ടർ നടപടി സ്വീകരിക്കുവാൻ കേരള വാട്ടർ അതോറിറ്റിക്ക് കഴിഞ്ഞിട്ടില്ല.

(ബി) NRDWP-യിൽ ഉൾപ്പെടുത്തിയാണ് ഈ പദ്ധതിയുടെ നിർവ്വഹണ പ്രവർത്തനങ്ങൾ ഇപ്പോൾ നടത്തുന്നത്.

(സി) പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്നതിന് 60 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്രവിഹിതത്തിൽ വരുത്തിയ കുറവ് NRDWP പദ്ധതികളുടെ പൂർത്തീകരണത്തെ സാരമായി ബാധിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഫേസ്- I -ന് ഭരണാനുമതി നൽകിയിട്ടുണ്ട്. ബാക്കി 3500 ലക്ഷം രൂപ എസ്റ്റിമേറ്റ് തുകയുള്ള ഫേസ്-II-ന് ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി Special Plan Preparation Group അംഗീകരിച്ചിട്ടുണ്ട്. ആയതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നിലവിൽ സാങ്കേതിക തടസ്സങ്ങളില്ല.

(ഇ) ചോദ്യം (സി) യുടെ മറുപടിയിൽ ഉൾക്കൊണ്ടിരിക്കുന്നു.

## പാലക്കാട് ജില്ലയിലെ കുടിവെള്ള സ്രോതസ്സുകൾ

159 (928) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ കാലവർഷത്തിലും, തുലാവർഷത്തിലും സംസ്ഥാനത്ത് പെയ്ത മഴയുടെ അളവ് വളരെ കുറവായിരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് എത്രയായിരുന്നു കുറവെന്ന് കണക്കുകൾ സഹിതം വ്യക്തമാക്കാമോ;

(സി) പാലക്കാട് ജില്ലയിലെ കുടിവള്ള സ്രോതസ്സുകൾ എല്ലാം തന്നെ വറ്റി വരണ്ടകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വരുന്ന മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങൾ ഉൾപ്പെടുന്ന വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം രൂക്ഷമാവാതി രിക്കുന്നതിനായി എന്തെല്ലാം മുൻകരുതലുകൾ സ്വീകരിക്കും എന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് സാധാരണയായി ലഭിക്കുന്ന ശരാശരി മഴ 3000 മില്ലിമീറ്ററാണ്. 2016 ജനുവരി മുതൽ ഡിസംബർ വരെ 1869.5 മില്ലീമീറ്റർ മഴയാണ് ലഭ്യമായത്. ഇത് ശരാശരി മഴയെക്കാൾ 1130.5 മില്ലീമീറ്റർ കുറവാണ്.

(ബി) ഐ.എം.ഡി. കണക്ക് പ്രകാരം സംസ്ഥാനത്ത് ലഭിച്ച മഴയുടെ അളവ് താഴെ കൊടുക്കുന്നു. 2016-ൽ സംസ്ഥാനത്ത് ലഭിക്കേണ്ട ശരാശരി മഴയായ 3000 മില്ലിമീറ്ററിനേക്കാൾ 1130.5 മില്ലീമീറ്റർ കുറവാണ് ലഭിച്ചിട്ടുള്ളത്.

| | | |
|---|---|---|
| ശരാശരി ലഭിക്കേണ്ട മഴ | - | 3000 മില്ലീമീറ്റർ |
| സംസ്ഥാനത്ത് ലഭിച്ചത് | - | 1869.5 മില്ലീമീറ്റർ |
| മഴയിൽ അനുഭവപ്പെട്ട കുറവ് | - | 130.5 മില്ലീമീറ്റർ (38%) |
| പാലക്കാട് ജില്ലയിൽ 2016-ൽ ലഭിക്കേണ്ട ശരാശരി മഴ | - | 2486.2 മില്ലീമീറ്റർ |
| ലഭ്യമായത് | - | 1349.9 മില്ലീമീറ്റർ (54.3%) |

ജനുവരി 2017 മുതൽ ഫെബ്രുവരി 22 വരെ ലഭിക്കാനുള്ള മഴയിൽ 99% കുറവ് പാലക്കാട് ജില്ലയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 2016 വർഷത്തിൽ തെക്ക് പടിഞ്ഞാറൻ മൺസൂൺ മഴയിൽ നിന്നും ലഭിക്കേണ്ടിയിരുന്ന 2046 മി.മീറ്ററിന് പകരം കേവലം 1377 മി.മീറ്റർ മഴ മാത്രമാണ് ലഭിച്ചത്. ഇത് സാധാരണ ലഭിക്കേണ്ടിയിരുന്ന മഴയിൽ നിന്നും 32.7% കുറവാണ്. ഒക്ടോബർ-ഡിസംബർ മാസങ്ങളിൽ ലഭിക്കേണ്ട തുലാവർഷ മഴയിൽ 60.90% കുറവുണ്ടായി.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജലസേചന വകുപ്പിൻ കീഴിലെ റിസർവോയറുകളിൽ ശേഷിക്കുന്ന ജലം കുടിവെള്ളത്തിന് ഉപയോഗിക്കാൻ വേണ്ടിയുള്ള നിർദ്ദേശം ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. കൂടാതെ ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി പരമ്പരാഗത ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ജലഅതോറിറ്റിയുടെ കുടിവെള്ള സ്രോതസ്സുകളിൽ ജലലഭ്യതയുറപ്പാക്കുന്നതിനാവശ്യമായ താൽക്കാലിക തടയണകൾ, ഉപ്പുവെള്ള നിയന്ത്രണത്തിനാവശ്യമായ താൽക്കാലിക ബണ്ടുകൾ എന്നിവയും നിർമ്മിച്ചു വരുന്നു. പാലക്കാട് ജില്ലയിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിനു വേണ്ടി ഭൂജല വകുപ്പ് ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച ലിസ്റ്റ് അനുസരിച്ച് കേടായ ഹാന്റ് പമ്പുകളുടെ റിപ്പയറും നിലവിൽ പ്രവർത്തനരഹിതമായ കുഴൽകിണർ ഉപയോഗിച്ചുള്ള മിനി കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണവും ചെയ്തു വരുന്നുണ്ട്. ഇതുകൂടാതെ എം.പി-എൽ.എ.ഡി, എം.എൽ.എ-എസ്.ഡി.എഫ്, പഞ്ചായത്തുകൾ, മറ്റു ഗവൺമെന്റ് സ്ഥാപനങ്ങൾ എന്നിവ നിർദ്ദേശിക്കുന്ന മറ്റു പദ്ധതികളുടെയും ഭൂജല സർവ്വെ, കുടിവെള്ള പദ്ധതികൾ എന്നിവയുടെയും നിർവ്വഹണം പുരോഗമിക്കുന്നു. ഫെബ്രുവരി 23 വരെ അനുമതി ലഭിച്ച 852 ഹാന്റ് പമ്പ് റിപ്പയറുകളിൽ 371 എണ്ണത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ചു. ബാക്കിയുള്ളവയുടെ പ്രവൃത്തികൾ പുരോഗമിക്കുന്നു. കേരള ജല അതോറിറ്റി ജലസ്രോതസ്സുകളുടെ വിപുലീകരണത്തിനായി പുഴ സ്രോതസ്സായ പദ്ധതികൾ, സ്രോതസ്സ് സംരക്ഷണത്തിനായി ചെക്ക് ഡാമുകളുടെ ഷട്ടർ ഇല്ലാതിരുന്ന സ്ഥലങ്ങളിൽ പുതുതായി ഷട്ടർ നിർമ്മിച്ച് സ്ഥാപിക്കുകയും തടയണകൾ ഇല്ലാതിരുന്ന സ്ഥലങ്ങളിൽ സ്രോതസ്സുകൾക്കായി താൽക്കാലിക തടയണകൾ നിർമ്മിക്കുകയും

ചെയ്തിട്ടുണ്ട്. ഇതുകൂടാതെ പുഴകളിൽ ചാല് കീറിയും കുളങ്ങൾ കുഴിച്ചും പുതിയ സ്രോതസ്സുകൾ കണ്ടെത്തിയും വരൾച്ച പ്രതിരോധിക്കുവാനുള്ള ശ്രമങ്ങൾ നടത്തി വരുന്നുണ്ട്. കൂടാതെ, വ്യാവസായിക ആവശ്യത്തിന് വലിയ തോതിൽ ജലം ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്കുള്ള വിതരണം നിയന്ത്രിച്ചിട്ടുണ്ട്. കൂടാതെ തടയണകളും മറ്റും സ്രോതസ്സായിട്ടുള്ള സ്ഥലങ്ങളിൽ ഇവിടെ നിന്ന് മറ്റാവശ്യങ്ങൾക്കായി അനുവാദമില്ലാതെ പമ്പ് ചെയ്യുന്നവ ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മലമ്പുഴ റിസർവോയർ സ്രോതസ്സായുള്ള പദ്ധതികൾക്ക് ആവശ്യമായ ജലം ഡാമിൽ സംഭരിച്ച് നിർത്താനുള്ള തീരുമാനവും കൈക്കൊണ്ടിട്ടുണ്ട്. തടയണകൾ സ്രോതസ്സായുള്ള പദ്ധതികളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി ചിറ്റൂർ പുഴയിൽ കുന്നംകാട്ടുപതി തടയണയിൽ നിന്ന് വെള്ളം തുറന്ന് വിട്ട് കൊടുമ്പ്-പൊൽപ്പുള്ളി സ്കീം വരെയുള്ള തടയണകളിൽ വെള്ളം നിറച്ചിട്ടുണ്ട്. ഭാരതപ്പുഴയിൽ നീരൊഴുക്ക് കുറഞ്ഞതിനാൽ പൈങ്കുളം-വാഴാലിക്കാവ് ഭാഗത്തുള്ള ഉരുക്ക് തടയണയിൽ ഫ്ളക്സിഹോസ് സ്ഥാപിച്ച് പുഴയിലേയ്ക്ക് വെള്ളം ഒഴുക്കി നീരൊഴുക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഭാരതപ്പുഴ സ്രോതസ്സായിട്ടുള്ള കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പ് വരുത്തുന്നതിനായി 22-2-2017-ന് മലമ്പുഴ ഡാം തുറന്നിട്ടുണ്ട്. പാലക്കാട് ജലനിധി പദ്ധതിയുടെ കീഴിൽ വരുന്ന ജലസ്രോതസ്സുകൾ എല്ലാം സമയോചിതമായി yield test നടത്തി സ്രോതസ്സിന്റെ സുരക്ഷ ഉറപ്പുവരുത്തുന്നുണ്ട്.

## പാലക്കാട് ജില്ലയിൽ കൃഷിക്ക് ആവശ്യമായ ജലം

160 (929) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ കൃഷിക്ക് ആവശ്യമായ ജലം ലഭിക്കാത്തതിനാൽ കർഷകർക്ക് ലക്ഷക്കണക്കിന് രൂപയുടെ കൃഷിനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകുമോ;

(ബി) ഇക്കാര്യം പരിഹരിക്കുന്നതിനും അടിയന്തരമായി ജലം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ ; എങ്കിൽ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ പാലക്കാട് ജില്ലയിൽ ചെറുകിട ജലസേചന വകുപ്പിൻ കീഴിൽ 34 എൽ.ഐ.സ്കീമുകൾ ജലസേചനത്തിന് പ്രവർത്തന സജ്ജമാണ്. ഈ സ്കീമുകളിൽ നിന്നും കൃഷിയാവശ്യത്തിന് രണ്ടാം വിളയ്ക്ക് ജലവിതരണം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ കടുത്ത ജലദൗർലഭ്യം പരിഗണിച്ച് കുടിവെള്ളത്തിനല്ലാതെയുള്ള കാർഷിക ജലസേചനം ഉടൻ നിർത്തിവയ്ക്കാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതികളിൽ നിന്നുള്ള പമ്പിംഗ്/ ജലവിതരണം നിർത്തിവച്ചിരിക്കുകയാണ്.

(ബി) നിർമ്മാണം പൂർത്തിയാക്കിയ ചെക്ക് ഡാമുകൾ, വി.സി.ബി, റെഗുലേറ്ററുകൾ എന്നിവയിൽ ഷട്ടറുകൾ സ്ഥാപിച്ച് വെള്ളം സംഭരിച്ചിട്ടുണ്ട്. ഇപ്രകാരം സംഭരിക്കപ്പെട്ട ജലം കുടിവെള്ളം, ഗാർഹികം, കൃഷി എന്നീ മുൻഗണനാക്രമത്തിൽ ലഭ്യമാക്കി വരുന്നു. കൂടാതെ ഹരിതകേരളം പദ്ധതിയിലുൾപ്പെടുത്തി കുളങ്ങൾ ശുദ്ധീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**ഹരിപ്പാട് നിയോജകമണ്ഡലത്തിലെ തീരദേശ പ്രദേശങ്ങളിൽ കടൽഭിത്തി**

161 (930) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിലെ തീരദേശ പ്രദേശങ്ങളിൽ കടൽഭിത്തി തകർന്ന നിലയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2016 ജൂൺ, ജൂലൈ മാസങ്ങളിലുണ്ടായ കടലാക്രമണത്തിൽ നാശനഷ്ടങ്ങൾ ഉണ്ടായപ്പോൾ കടൽഭിത്തി നിർമ്മിച്ച് സംരക്ഷണം നൽകുമെന്ന് ബന്ധപ്പെട്ടവർ നൽകിയ ഉറപ്പ് ഇതുവരെ പാലിച്ചിട്ടില്ല എന്ന വസ്തുത പരിഗണിച്ച് അടിയന്തിരമായി കടൽഭിത്തി നിർമ്മിക്കുന്നതിന് അനുമതി നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹരിപ്പാട് നിയോജകമണ്ഡലത്തിൽ കടലാക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശങ്ങളായ വലിയഴീക്കൽ, പെരുമ്പള്ളി, വട്ടച്ചാൽ, ആറാട്ടുപുഴ, പതിയാങ്കര എന്നീ സ്ഥലങ്ങളിൽ IIT ചെന്നൈയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കടൽത്തീര സംരക്ഷണത്തിനായി കടൽഭിത്തി, പുലിമുട്ടുകൾ എന്നിവയുള്ള വിശദമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കി KIIFB-യിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ പാനൂരിൽ കടൽഭിത്തി നിർമ്മിക്കുന്നതിനായി ഒരു എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കടലാക്രമണം അനുഭവപ്പെടുന്ന ടി മണ്ഡലത്തിലെ മറ്റു പ്രദേശങ്ങളിൽ കടൽത്തീര സംരക്ഷണത്തിന്റെ ആവശ്യകത സംബന്ധിച്ച് കോസ്റ്റൽ എഞ്ചിനീയറിംഗ് ഫീൽഡ് സ്റ്റഡീസിന്റെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

**എലവഞ്ചേരി, പല്ലശ്ശന ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം**

162 (931) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എലവഞ്ചേരി, പല്ലശ്ശന എന്നീ ഗ്രാമപഞ്ചായത്തുകളിലെ അതിരൂക്ഷമായ കുടിവെള്ളക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണുന്നതിനായി പോത്തുണ്ടി ഡാം കേന്ദ്രീകരിച്ച് പുതിയ കുടിവെള്ള പദ്ധതികൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; ഇതിനായി നിലവിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്വീകരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ നെന്മാറ നിയമസഭാ മണ്ഡലത്തിൽ ഉൾപ്പെട്ട എലവഞ്ചേരി, പല്ലശ്ശന എന്നീ ഗ്രാമപഞ്ചായത്തുകൾക്കും ആലത്തൂർ നിയമസഭാ മണ്ഡലത്തിൽ ഉൾപ്പെട്ട എരുമയൂർ, ആലത്തൂർ എന്നീ ഗ്രാമപഞ്ചായത്തുകൾക്കും കൂടി സമഗ്ര ശുദ്ധജലവിതരണ പദ്ധതി പോത്തുണ്ടി ഡാം ഉറവിടമാക്കി 95 കോടിയുടെ പ്രവൃത്തികൾക്കുള്ള പി.ഇ.ആർ. തയ്യാറാക്കിയിട്ടുണ്ട്.

**അട്ടപ്പാടി വാലി ഇറിഗേഷൻ പദ്ധതി**

163 (932) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി വാലി ഇറിഗേഷൻ പദ്ധതിക്ക് പരിസ്ഥിതി അനുമതി ലഭിക്കുന്നതിന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന് സംസ്ഥാന ഗവൺമെന്റ് അപേക്ഷ നൽകിയിരുന്നോ;

(ബി) എങ്കിൽ അതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്;

(സി) പ്രസ്തുത അനുമതി ലഭിക്കുന്നതിന് തടസ്സമുണ്ടെങ്കിൽ അതിനുള്ള കാരണം അറിയിക്കുമോ?

ഉത്തരം

(എ) അട്ടപ്പാടി വാലി ഇറിഗേഷൻ പദ്ധതിക്ക് പാരിസ്ഥിതികാനുമതി നേടിയെടുക്കുന്നതിന്റെ മുന്നോടിയായുള്ള പരിസ്ഥിതിയാഘാത പഠന പരിഗണനാ വിഷയങ്ങൾ അംഗീകരിച്ചുകിട്ടുന്നതിനായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് 5-3 2016-ൽ അപേക്ഷ നൽകിയിരുന്നു.

(ബി) 2016 ആഗസ്റ്റ് 11, 12 തീയതികളിൽ കൂടിയ കേന്ദ്രപരിസ്ഥിതി മന്ത്രാലയത്തിന്റെ എക്സ്പേർട്ട് അപ്രൈസൽ കമ്മിറ്റി അട്ടപ്പാടി വാലി ഇറിഗേഷൻ പദ്ധതിയുടെ പരിസ്ഥിതിയാഘാത പഠനത്തിന്റെ പരിഗണനാവിഷയങ്ങൾ (Terms of Reference) അംഗീകരിക്കാൻ ശിപാർശ ചെയ്തിരുന്നുവെങ്കിലും കേന്ദ്രപരിസ്ഥിതി മന്ത്രാലയം ജോയിന്റ് സെക്രട്ടറിയുടെ 10-10-2016-ലെ അ.ഔ.കത്ത് No. J-12011/10/2016-IA-I (R) പ്രകാരം ഈ പ്രോജക്ട് കാവേരി നദീതടത്തിൽ ആയതിനാലും കാവേരി നദീജല തർക്ക പരിഹാര ട്രിബ്യൂണലിന്റെ വിധിക്കെതിരെ കേരളം, തമിഴ്നാട്, കർണ്ണാടക സർക്കാരുകൾ സുപ്രീംകോടതിയിൽ അപ്പീൽ ഫയൽ ചെയ്ത സാഹചര്യത്തിലും തമിഴ്നാട് സർക്കാർ ശക്തമായ എതിർപ്പ് പ്രകടിപ്പിച്ചതിനാൽ അട്ടപ്പാടി വാലി ഇറിഗേഷൻ പദ്ധതിയുടെ പരിസ്ഥിതി ആഘാത പഠനത്തിന്റെ

പരിഗണനാവിഷയങ്ങൾ അംഗീകരിച്ച് ഉത്തരവാകേണ്ട എന്ന് തീരുമാനിച്ചതായി അറിയിക്കുകയുണ്ടായി. പ്രസ്തുത തീരുമാനം പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് കേരള ചീഫ് സെക്രട്ടറി 26-11-2016-ലെ 507038/ISWC2/16/WRD നമ്പർ കത്ത് പ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം സെക്രട്ടറിക്കും പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ വസ്തുതകളും വ്യക്തമാക്കി പദ്ധതിക്കനുകൂലമായ സമീപനം സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് തമിഴ്നാട് ചീഫ് സെക്രട്ടറിക്കും കത്തുകൾ നൽകിയിട്ടുണ്ട്.

(സി) കാവേരി നദീജല ട്രിബ്യൂണലിന്റെ 5-2-2007-ലെ അന്തിമ ഉത്തരവിനെതിരെ കർണ്ണാടക, കേരള, തമിഴ്നാട് സർക്കാരുകൾ യഥാക്രമം 2453/07, 2454/07, 2456/07 നമ്പർ സിവിൽ അപ്പീലുകൾ സുപ്രീംകോടതിയിൽ ഫയൽ ചെയ്ത സാഹചര്യത്തിലും 9-12-2016-ലെ ഉത്തരവുപ്രകാരം പ്രസ്തുത അപ്പീലുകൾ നിലനിൽക്കുന്നതാണ് എന്ന് സുപ്രീംകോടതി പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിലും പ്രസ്തുത സിവിൽ അപ്പീലുകൾ തീർപ്പാക്കുന്നതുവരെ കാത്തിരിക്കുന്നതാണ് ശരിയായ നടപടി എന്നും ട്രിബ്യൂണൽ അവാർഡ് ഫലപ്രദമായി നടപ്പാക്കുന്നതിനായി ഒരു സ്ഥിരം മേൽനോട്ട സംവിധാനം ഉണ്ടാകുന്നതുവരെ കാവേരിതടത്തിൽ ഒരു പദ്ധതികളും നടപ്പാക്കരുത് എന്നുള്ളതുമാണ് തമിഴ്നാടിന്റെ പ്രധാന വാദമുഖങ്ങൾ. പദ്ധതി നടപ്പാക്കുന്നതിനായി പദ്ധതിക്കനുകൂലമായ കേരളത്തിന്റെ എല്ലാ വാദങ്ങളും കാവേരി ട്രിബ്യൂണൽ അവാർഡ് നടപ്പാക്കാനായി രൂപീകരിച്ച സൂപ്പർവൈസറി കമ്മിറ്റിയെ ബോധിപ്പിച്ചും മറ്റു നിയമപരമായ മാർഗ്ഗങ്ങളിലൂടെയും സർക്കാർ പരമാവധി ശ്രമിച്ചുവരികയാണ്.

**വരൾച്ചയെ നേരിടൽ**

164 (933) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ചയെ നേരിടുന്നതിനായി ജലസേചനവകുപ്പ് എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(ബി) ജലസ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പാക്കുന്നതിന് തടയണ നിർമ്മാണം, ജലവിതരണ പദ്ധതികളുടെ പൂർത്തീകരണം, കുഴൽകിണർ നിർമ്മാണം, ഹാൻഡ് പമ്പുകളുടെ അറ്റകുറ്റപ്പണി എന്നിവ അടിയന്തരമായി നടപ്പാക്കുമോ ; വിശദാംശങ്ങൾ നൽകാമോ ;

(സി) തോടുകൾ, പൊതുകിണർ, പൊതുകുളം തുടങ്ങിയ ജലസ്രോതസ്സുകളെ മാലിന്യ മുക്തമാക്കാൻ നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) ശുദ്ധജല ദുർവിനിയോഗം, ഭൂഗർഭ ജലചൂഷണം തുടങ്ങിയവ തടയുന്നതിന് ബോധവല്ക്കരണ പരിപാടികളും പ്രതിരോധ നടപടികളും സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) <u>ജലസേചന വകുപ്പ്:</u>

നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കുന്നതു വഴി പ്രാദേശികതലത്തിൽ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനും ഉതകുന്ന ഒരു പുതിയ ജല ഉപയോഗ സംസ്കാരം രൂപപ്പെടുത്തുന്നതിനായി "ഹരിതകേരളം" പദ്ധതി വിഭാവന ചെയ്തിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി 320 കോടി രൂപ ചെലവിൽ ഏകദേശം 9453 കുളങ്ങൾ നവീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതനുസരിച്ച് കുളങ്ങളിലെ മാലിന്യം, ചെളി, പായൽ ഇവ നീക്കം ചെയ്ത് അവയുടെ സംഭരണശേഷി വർദ്ധിപ്പിച്ച് കാർഷികാവശ്യങ്ങൾക്കും മറ്റു പാരിസ്ഥിതിക ധർമ്മങ്ങൾക്കും ജലലഭ്യത ഉറപ്പാക്കാൻ സാധിക്കുന്നതാണ്. ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ ഭരണകൂടം മുഖേനയാണ് പ്രവൃത്തി നടപ്പിലാക്കുന്നത്. ഇതിനായുള്ള വിശദാംശങ്ങൾ ജില്ലാ ഭരണാധികാരികൾക്ക് നൽകിയിട്ടുണ്ട്. കുടിവെള്ള ലഭ്യത ഉറപ്പാക്കുക, കാർഷികാവശ്യങ്ങൾക്കും പാരിസ്ഥിതിക ധർമ്മ ങ്ങൾക്കാവശ്യമായ ജലം ലഭ്യമാക്കുക എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങളോടെ തടയണകൾ/വി.സി.ബി/ആർ.സി.ബി.-കൾ എന്നിവ വിവിധ പദ്ധതി കളിലുൾപ്പെടുത്തി നടപ്പാക്കിവരുന്നു. പൂർത്തീകരിച്ച തടയണകൾ/വി.സി.ബി/ ആർ.സി.ബി.കൾ ഇവയിൽ ഷട്ടർ ഇട്ട് വെള്ളം സംഭരിച്ചിട്ടുണ്ട്. നദികളിലേയ്ക്ക് കടലിൽ നിന്നും ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി 2016-17 സാമ്പത്തിക വർഷം വിവിധ ജില്ലകളിലായി 56 പ്രവൃത്തികൾക്ക് 251.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഇവയുടെ പ്രവർത്തനം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. ഇതുവഴി ഒരു പരിധിവരെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സാധിക്കുന്നതാണ്.

(ബി) <u>ജലസേചന വകുപ്പ്:</u>

കുടിവെള്ള ലഭ്യത ഉറപ്പാക്കുക, കാർഷികാവശ്യങ്ങൾക്കും പാരിസ്ഥിതിക ധർമ്മങ്ങൾക്കാവശ്യമായ ജലം ലഭ്യമാക്കുക എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങളോടെ തടയണകൾ/വി.സി.ബി/ആർ.സി.ബി.-കൾ എന്നിവ വിവിധ പദ്ധതി കളിലുൾപ്പെടുത്തി നടപ്പാക്കി വരുന്നു. പൂർത്തീകരിച്ച തടയണകൾ/ വി.സി.ബി.കൾ/ആർ.സി.ബി എന്നിവയിൽ ഷട്ടർ ഇട്ട് വെള്ളം സംഭരിച്ചിട്ടുണ്ട്. കൂടാതെ കാവേരി നദീജല ട്രൈബ്യൂണൽ വയനാട്

ജില്ലയിലെ കബനി സബ് ബേസിനിലെ പദ്ധതികൾക്കായി അനുവദിച്ച ജലത്തിന്റെ വിഹിതം ഉപയോഗപ്പെടുത്തുന്നതിനായി നടപ്പു സാമ്പത്തിക വർഷം പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി 35 കോടി രൂപ ചെലവിൽ 24 ചെക്ക്ഡാമുകൾ, ഒരു റെഗുലേറ്റർ എന്നിവ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ നബാർഡ് ധനസഹായത്തോടെ ഏകദേശം 100 കോടി രൂപ ചെലവിൽ തടയണകളുടേയും റെഗുലേറ്ററുകളുടെയും പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്.

കേരള ജല അതോറിറ്റി:

സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും ജലലഭ്യത ഉറപ്പുവരുത്തുന്നു. 2017 മേയ് മാസത്തിനുള്ളിൽ പണി പൂർത്തിയാക്കി കമ്മീഷൻ ചെയ്യാവുന്ന പദ്ധതികൾ പൂർത്തിയാക്കുന്നതിന് തടസ്സമായിരുന്ന പ്രശ്നങ്ങൾ (സ്ഥലം ഏറ്റെടുക്കൽ, റോഡ് മുറിക്കൽ മുതലായവ) പരിഹരിച്ച് എത്രയും വേഗത്തിൽ കമ്മീഷൻ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഭൂജലവകുപ്പ്:

ജലലഭ്യത ഉറപ്പാക്കുന്നതിനുവേണ്ടി കുടിവെള്ള ലഭ്യത പൂർണ്ണമായോ, ഭാഗികമായോ ഇല്ലാത്ത പ്രദേശങ്ങളിൽ ഭൂജലപര്യവേഷണം നടത്തി കുഴൽ കിണറുകൾ നിർമ്മിച്ച് ജലലഭ്യതയുള്ള കിണറുകളിൽ ചെറുകിട കുടിവെള്ള പദ്ധതികളും ജലലഭ്യത കുറഞ്ഞ കിണറുകളിൽ കൈപമ്പ് പദ്ധതികളും രാജീവ്ഗാന്ധി പദ്ധതിയിൻ കീഴിൽ ഭൂജലവകുപ്പ് നടപ്പിലാക്കിവരുന്നു. 2016-17 സാമ്പത്തികവർഷം പ്രസ്തുത പദ്ധതിയ്ക്കായി അനുവദിച്ച ഒരു കോടി രൂപയും ചെലവഴിച്ചു കഴിഞ്ഞു. 32 ചെറുകിട കുടിവെള്ള പദ്ധതികളും 81 കുഴൽകിണർ നിർമ്മാണവും 20 കൈപമ്പ് പദ്ധതികളും 810 ഹാന്റ് പമ്പ് അറ്റകുറ്റപ്പണികളും ഇതുവരെ ഈ പദ്ധതിയിൽ കീഴിൽ പൂർത്തീകരിച്ചിട്ടുണ്ട്. 5505 കൈപമ്പുകളുടെ അറ്റകുറ്റ പണികളും 585 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണത്തിനുമുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 2163 കൈപമ്പുകളുടെ അറ്റകുറ്റപ്പണികളും 70 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

ജലനിധി:

ജലനിധി പഞ്ചായത്തുകളിലെ ജലസ്രോതസ്സുകളിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഭൂജല പരിപോഷണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ജലസംരക്ഷണത്തിനായി ജലനിധി കിണറുകളിൽ point recharge,

roof water harvesting, ചെറുകിട തടയണകൾ (small check dams), Gabion structure (ഭൂമിയുടെ അടിയിലുള്ള തടയണകൾ) VCB (Vertical Cross Bar) മണ്ണ് സംരക്ഷണം, കിണറുകളുടെ സംരക്ഷണം, കുളങ്ങളുടെ സംരക്ഷണം എന്നിവ ചെയ്തു വരുന്നു. ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ ഇതുവരെ 1562 ജലപരിപോഷണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. അതിൽ ഇതിനകം 1499 പദ്ധതികൾ പൂർത്തീകരിച്ചു. ഇതുമൂലം ഏകദേശം എല്ലാ ജലസ്രോതസ്സുകളിലും സംരക്ഷണം ഉറപ്പു വരുത്തിയിട്ടുണ്ട്.

(സി) <u>ജലസേചന വകുപ്പ്:</u>

നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ലക്ഷ്യമിട്ട് ജലസേചന വകുപ്പ് ഹരിത കേരളം പദ്ധതി നടപ്പിലാക്കുന്നു. ഇതിന്റെ ആദ്യ ഘട്ടമായി 320 കോടി രൂപ ചെലവിൽ ഏകദേശം 9453 കുളങ്ങൾ നവീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതനുസരിച്ച് കുളങ്ങളിലെ മാലിന്യം, ചെളി, പായൽ ഇവ നീക്കം ചെയ്ത് അവയുടെ സംഭരണശേഷി വർദ്ധിപ്പിച്ച് കാർഷികാവശ്യങ്ങൾക്കും മറ്റു പാരിസ്ഥിതിക ധർമ്മങ്ങൾക്കും ജലലഭ്യത ഉറപ്പാക്കാൻ സാധിക്കുന്നതാണ്. ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ ഭരണകൂടം മുഖേനയാണ് പ്രവൃത്തി നടപ്പിലാക്കുന്നത്. ഇതിനായുള്ള വിശദാംശങ്ങൾ ജില്ലാ ഭരണാധികാരികൾക്ക് നൽകിയിട്ടുണ്ട്.

<u>കേരള ജല അതോറിറ്റി:</u>

തോടുകൾ, പൊതുകിണർ, പൊതുകുളം തുടങ്ങിയ ജലസ്രോതസ്സുകളുടെ സംരക്ഷണം റവന്യൂ വകുപ്പിന്റെയും ജലസേചന വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും പരിധിയിൽ വരുന്നതാണ്. എന്നിരുന്നാലും ഇവ മലിനപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്താറുണ്ട്.

(ഡി) <u>കേരള ജല അതോറിറ്റി:</u>

ശുദ്ധജലത്തിന്റെ ദുരുപയോഗം നിരുത്സാഹപ്പെടുത്തുവാനും ഉപഭോഗം പരമാവധി കുറയ്ക്കുന്നതിനും ജലസംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി ദൃശ്യ, ശ്രവ്യ, പത്രമാധ്യമങ്ങൾ വഴിയുള്ള പ്രചരണം, സോഷ്യൽ മീഡിയ വഴിയുള്ള ബോധവൽക്കരണം മുതലായവ നടത്താൻ ഉദ്ദേശിക്കുന്നു. കൂടാതെ ജലം ദുരുപയോഗം ചെയ്യുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചും അവബോധം നടത്തി വരുന്നു. ഇത് സംബന്ധിച്ച് നിരന്തരം പത്രമാധ്യമങ്ങൾ വഴി പ്രചരണം നടത്തുന്നുണ്ട്.

ഭൂജലവകുപ്പ്:

ഭൂജലസംപോഷണത്തിന്റെ ആവശ്യകതയെക്കുറിച്ചും ഭൂജലത്തിന്റെ ഉപയോഗം, നിയന്ത്രണം, ക്രമീകരണം എന്നിവയെക്കുറിച്ചും പൊതുജനങ്ങൾക്കും മറ്റും ബോധവത്ക്കരണം നടത്തുന്നതിനായി ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. കൂടാതെ ഭൂജലചൂഷണം തടയുന്നതിനായി കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ടിൽ വ്യവസ്ഥ ചെയ്യുന്ന ചട്ടങ്ങൾ അനുസരിച്ച് നടപടികൾ സ്വീകരിക്കുന്നുണ്ട്.

ജലനിധി:

ആകാശവാണി, ദൂരദർശൻ എന്നിവ ഉൾപ്പെടെയുള്ള മാധ്യമങ്ങളുടെ സഹകരണത്തോടെ ജനങ്ങളിൽ ജലസംരക്ഷണത്തെക്കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുക, സന്നദ്ധ സംഘടനകളുടെ സഹായത്തോടെ പ്രാദേശികതലത്തിൽ ജലസ്രോതസ്സുകൾ സംരക്ഷിക്കുക, സ്കൂൾ വിദ്യാർത്ഥികൾ മുഖാന്തരം വൃക്ഷതൈകൾ നടുക, മികച്ച ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് അവാർഡ് ഏർപ്പെടുത്തുക മുതലായ പ്രവർത്തനങ്ങൾ ജലനിധി മുഖാന്തരം നടപ്പാക്കാവുന്നതാണ്.

## പനക്കച്ചിറ വാട്ടർ സപ്ലൈ സ്കീം

165 (934) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്ത കുടിവെള്ള ക്ഷാമം നേരിടുന്ന കോരുത്തോട്, മുണ്ടക്കയം ഗ്രാമ പഞ്ചായത്തുകളെ ഉൾപ്പെടുത്തി 'പനക്കച്ചിറ വാട്ടർ സപ്ലൈ സ്കീം' നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഈ പദ്ധതി അടിയന്തരമായി നടപ്പിലാക്കുന്നതിലേയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പനക്കച്ചിറ വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കുന്നതിന് സ്ഥല പരിശോധന നടത്തി കരട്ടുരൂപം തയ്യാറാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

## കാസർഗോഡ് ബാവിക്കര റഗുലേറ്റർ കം ബ്രിഡ്ജ്

166 (935) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ബാവിക്കര റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം പുതിയ കരാറുകാരനെ ഏൽപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കരാറുകാരന്റെ പേരുവിവരം വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ പുതിയ കരാർ എപ്പോൾ നൽകുമെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതിയുടെ നിർമ്മാണം പൂർത്തിയാകാത്തതുകൊണ്ട് ഓരോ വർഷവും താൽക്കാലിക തടയണ പണിയുന്നതിന് ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഉപ്പുവെള്ളം കയറുന്നത് തടയുന്നതിന് വേണ്ടി എല്ലാ വർഷവും നിർമ്മിക്കുന്ന താൽക്കാലിക തടയണകൾ കൊണ്ട് എല്ലാ വർഷവും ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയറിൽ നിന്ന് പുതുക്കിയ ഡിസൈൻ ലഭ്യമായാലുടൻ തന്നെ എസ്റ്റിമേറ്റ് പുതുക്കി അനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ടെണ്ടർ നടപടികൾ നടത്തി കരാർ ഉറപ്പിക്കുന്നതാണ്.

(സി) വിവരം അനുബന്ധമായി ചേർക്കുന്നു.*

(ഡി) 2016-ൽ താൽക്കാലിക തടയണ നിർമ്മാണത്തിനെതിരെ ബാവിക്കര റഗുലേറ്റർ നിർമ്മാണ പദ്ധതി ജനകീയ ആക്ഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രക്ഷോഭം നടത്തിയതിനാൽ തടയണ നിർമ്മാണത്തിന് കാലതാമസം നേരിട്ടതിനാലും കഴിഞ്ഞ വർഷത്തെ രൂക്ഷമായ വരൾച്ചമൂലം കാസർഗോഡ് കുടിവെള്ള പദ്ധതിയുടെ സ്രോതസ്സായ ചന്ദ്രഗിരി പുഴയിൽ ആലൂർ പ്രദേശം ഉൾപ്പെടെ ഉപ്പു രസം ക്രമാതീതമായി വർദ്ധിച്ചതിനാലും വേനൽ മഴ ലഭ്യമാകാത്തതിനാലും ഉപ്പു കലർന്ന വെള്ളം വിതരണം ചെയ്യേണ്ട അവസ്ഥ ഉണ്ടായത് ഒഴിച്ചാൽ മറ്റു വർഷങ്ങളിൽ തടയണകൾ കൊണ്ട് ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചിരുന്നു.

**കോഴിക്കോട് ജില്ലയിൽ ജപ്പാൻ കുടിവെള്ളം**

167 (936) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരം കുടിവെള്ളം വിതരണം ചെയ്യുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) മന്ത്രിമാരും, ഉദ്യോഗസ്ഥരും, ജനപ്രതിനിധികളും ചേർന്ന് ഇതുമായി ബന്ധപ്പെട്ട് എത്ര തവണ യോഗം ചേർന്നെന്നും, ഈ യോഗത്തിലെ തീരുമാനങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ;

(സി) ഈ യോഗങ്ങളിൽ എടുത്ത തീരുമാനങ്ങൾ സമയ ബന്ധിതമായി നടപ്പാക്കിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ 10.74 കി.മീ വിതരണ പൈപ്പ് ലൈൻ സ്ഥാപിച്ചു. ശേഷിക്കുന്ന സ്ഥലങ്ങളിൽ പി.ഡബ്ല്യൂ.ഡി/എൻ.എച്ച് അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തികൾ നടത്താൻ കഴിയും.

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പി.ഡബ്ല്യൂ.ഡി/എൻ.എച്ച് റോഡ് കട്ടിംഗിനുള്ള അനുമതി ലഭിക്കാനുള്ള കാലതാമസമാണ് യോഗതീരുമാനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് തടസ്സമായിട്ടുള്ളത്.

**നിലമ്പൂർ മണ്ഡലത്തിലെ കുടിവെള്ള പ്രശ്നം**

168(937) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) നിലമ്പൂർ നഗരസഭയിലെ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുന്നതിൽ തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ; ഏങ്കിൽ തടസ്സം നീക്കുവാനുള്ള നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ;

(സി) റോഡ് വെട്ടിപ്പൊളിച്ചത് (പദ്ധതി നടപ്പിലാക്കുന്നതിന്) പുനഃസ്ഥാപിക്കുന്നതിനായി എത്ര രൂപയാണ് വകയിരുത്തിയത് എന്നും എത്ര രൂപ അതിനായി അടച്ചു എന്നും വ്യക്തമാക്കുമോ ; ബാക്കി തുക അടയ്ക്കാൻ ഉണ്ടെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിലുള്ള നിലമ്പൂർ ശുദ്ധജല വിതരണ പദ്ധതിയുടെ വേനൽക്കാല പമ്പിംഗിനാവശ്യമായ വെള്ളം ഉറപ്പ് വരുത്തുന്നതിനായി സ്രോതസ്സിന് സമീപം താൽക്കാലിക തടയണ സ്ഥാപിച്ച് വിതരണം നടത്തി വരുന്നുണ്ട്. ആയതിനു പുറമെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നിർവ്വഹിക്കുന്നുമുണ്ട്. കൂടാതെ ആവശ്യമായ സ്ഥലങ്ങളിൽ അധിക പമ്പിംഗിനാവശ്യമായ ക്രമീകരണങ്ങളും നടപ്പാക്കിയിട്ടുണ്ട്. ഇതിനു പുറമെ നിലമ്പൂർ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വരുന്നു. ഭൂജലവകുപ്പ് മലപ്പുറം ജില്ലയിലെ നിലമ്പൂർ മണ്ഡലത്തിൽ ചുങ്കത്തറ ഗ്രാമ പഞ്ചായത്തിലെ മഞ്ഞച്ചാൽ എന്ന സ്ഥലത്തും അമരമ്പലം ഗ്രാമപഞ്ചായത്തിലെ ആന്റണിക്കാട് എന്ന സ്ഥലത്തും കുഴൽകിണറുകൾ നിർമ്മിച്ച് കൈപമ്പ് സ്ഥാപിച്ചിട്ടുണ്ട്.

(ബി) നിലമ്പൂർ നഗരസഭയിലെ നിലമ്പൂർ കെ.എൻ.ജി. റോഡിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനായി പി.ഡബ്ല്യൂ.ഡി-കെ.എസ്.റ്റി.പി ഡിവിഷനിൽ നിന്നും അനുമതി ലഭ്യമാക്കേണ്ടതുണ്ട്. 2760m പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി കെ.എസ്.റ്റി.പി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 23-3-2016-ൽ അപേക്ഷ നൽകിയിട്ടുണ്ട്.

(സി) റോഡുകൾ പൊളിച്ച് പുനഃസ്ഥാപിക്കുന്നതിനായി 485 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 114.02 ലക്ഷം രൂപ പി.ഡബ്ല്യൂ.ഡി-കെ.എസ്.റ്റി.പി ഡിവിഷനുകളിൽ അടവാക്കിയിട്ടുണ്ട്. ബാക്കി ഭാഗങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുമതിയ്ക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ബാക്കി തുക അടവാക്കുന്നതാണ്.

**മാവേലിക്കര മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന പിഐപി സബ്ഡിവിഷൻ ഓഫീസ്**

169 (938) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന പിഐപി സബ്ഡിവിഷൻ ഓഫീസ് നിർത്തലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സബ്ഡിവിഷൻ ഓഫീസ് നിർത്തലാക്കുമ്പോൾ മാവേലിക്കര, ചെങ്ങന്നൂർ താലൂക്കുകളിലുള്ളവർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഓഫീസ് നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) നിർത്തലാക്കിയ പ്രസ്തുത സബ്ഡിവിഷൻ ഓഫീസുമായി ബന്ധപ്പെട്ട ജോലികൾ മറ്റൊരു ഓഫീസുമായി ചേർത്തിട്ടുള്ളതാണ്.

**പുതുശ്ശേരി ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പെപ്സി കമ്പനി**

170 (939) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന പെപ്സി കമ്പനി അനുവദനീമായതിന്റെ ഇരട്ടി ഭൂജലം ദിവസവും ഊറ്റുന്നുവെന്ന പരാതിയിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) എത്ര ലക്ഷം ലിറ്റർ ഭൂജലം എടുക്കുന്നതിനാണ് കോടതി കമ്പനിക്ക് ഇപ്പോൾ അനുമതി നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) പാലക്കാട് ജില്ല കൊടിയ വരൾച്ച നേരിടുന്ന സാഹചര്യത്തിൽ പെപ്സി കമ്പനി ഭൂഗർഭജലം അമിതമായി ഊറ്റുന്നത് കർശനമായി തടയുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഭൂജലവകുപ്പ് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന പെപ്സി കമ്പനി പ്രതിദിന ജല ഉപഭോഗം 2.34 ലക്ഷം ലിറ്ററായി നിജപ്പെടുത്തുകയുണ്ടായി. ഇതിനെതിരെ കമ്പനി ബഹു. ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്യുകയും ആയതിന്മേലുള്ള 23-5-2011 തീയതിയിലെ ഇടക്കാല ഉത്തരവ് പ്രകാരം ഭൂജല വകുപ്പ് ഡയറക്ടർ ചെയർമാനായി വിശദമായ പഠനം നടത്തുന്നതിനായി സർക്കാർ ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കുകയും കമ്മിറ്റിയുടെ വിശദമായ പഠന റിപ്പോർട്ട് ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുമുണ്ട്. വിദഗ്ദ്ധ സമിതി റിപ്പോർട്ടിനെതിരെ പെപ്സി കമ്പനി ഹൈക്കോടതിയിൽ വീണ്ടും എതിർ സത്യവാങ്മൂലം സമർപ്പിച്ചിരിക്കുകയാണ്. ഹർജി ഇപ്പോൾ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. ബഹു. ഹൈക്കോടതിയുടെ തൽസ്ഥിതി തുടരാനുള്ള ഉത്തരവുപ്രകാരം കമ്പനി പ്രതിദിനം 6 ലക്ഷം ലിറ്റർ ഉപയോഗിച്ചു വന്നിരുന്നു. സംസ്ഥാനത്ത് അനുഭവപ്പെടുന്ന രൂക്ഷമായ വരൾച്ചയുടെ അടിസ്ഥാനത്തിൽ പാലക്കാട് ദുരന്ത നിവാരണ അതോറിറ്റിയുടെ നിർദ്ദേശ പ്രകാരം ഭൂജല ഉപഭോഗം 75 ശതമാനം കുറയ്ക്കുന്നതിന് ഭൂജല വകുപ്പ് നിർദ്ദേശിക്കുകയും അതനുസരിച്ച് നിലവിൽ കമ്പനി പ്രതിദിന ഉപഭോഗം 1.5 ലക്ഷം ലിറ്റർ ആയി പരിമിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കമ്പനിയുടെ ഭൂജല ഉപഭോഗം നിരീക്ഷിക്കുന്നതിനായി സംവിധാനങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്.

(ബി) പ്രതിദിനം ആറ് ലക്ഷം ലിറ്റർ ഭൂജലം ഉപയോഗിക്കുന്നതിനാണ് ബഹുമാനപ്പെട്ട ഹൈക്കോടതി പെപ്സി കമ്പനിക്ക് അനുമതി നൽകിയിട്ടുള്ളത്.

(സി) സംസ്ഥാനത്ത് അനുഭവപ്പെടുന്ന രൂക്ഷമായ വരൾച്ചയുടെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ല ദുരന്തനിവാരണ അതോറിറ്റിയുടെ നിർദ്ദേശ പ്രകാരം ഭൂജല ഉപഭോഗം 75 ശതമാനം കുറയ്ക്കുന്നതിന് നിർദ്ദേശിക്കുകയും അതനുസരിച്ച് ഭൂജല വകുപ്പ് പാലക്കാട് ജില്ലാ ഓഫീസിന്റെ നിർദ്ദേശ പ്രകാരം കമ്പനി പ്രതിദിന ഉപഭോഗം 1.5 ലക്ഷം ലിറ്റർ ആയി നിലവിൽ പരിമിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കമ്പനിയുടെ ഭൂജല ഉപഭോഗം നിരീക്ഷിക്കുന്നതിനായി സംവിധാനങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്.

## മാവേലിക്കര മണ്ഡപത്തിൻകടവിൽ അച്ചൻകോവിലാറിന്റെ തീരസംരക്ഷണഭിത്തി

171 (940) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡപത്തിൻകടവിൽ അച്ചൻകോവിലാറിന്റെ തീരസംരക്ഷണ ഭിത്തി നിർമ്മിച്ച് കുടിവെള്ള ടാങ്കിനും പമ്പ്ഹൗസിനും സംരക്ഷണം നല്കുന്നതിനും കോട്ടത്തോടിൻെറ പതനമുഖത്തെ മാലിന്യം ഒഴിവാക്കുന്നതിനുമായി ജലവിഭവ വകുപ്പ് ഭരണാനുമതി നല്കിയ പ്രവൃത്തി നടപ്പിലാക്കുന്നതിനു സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കാവശ്യമായ സാങ്കേതിക അനുമതി അടിയന്തരമായി നൽകുന്നതിന് സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ സാമ്പത്തിക വർഷം പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) പ്രസ്തുത പ്രവൃത്തിക്ക് 84.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നു. എന്നാൽ സൂക്ഷ്മപരിശോധനയിൽ ചില മാറ്റങ്ങൾ വരുത്താൻ ആവശ്യപ്പെട്ട് സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് തിരികെ നൽകുകയുണ്ടായി. ആവശ്യമായ തിരുത്തലുകൾ വരുത്തിയ എസ്റ്റിമേറ്റ് ഇപ്പോൾ ലഭിച്ചിട്ടുണ്ട്. സാങ്കേതിക അനുമതി നൽകി പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കുറത്തികാട് കുടിവെള്ള പദ്ധതി

172 (941) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറത്തികാട് കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തിന് നാളിതു വരെ ജലവിഭവ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് റെയിൽവേയുടെ അനുമതി ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഇതിനായി അനുമതി ലഭ്യമാകുന്ന നിലയിൽ കേന്ദ്ര സർക്കാരിൽ നിന്നും ഏതെങ്കിലും ഉത്തരവ് ലഭ്യമായിട്ടുണ്ടോയെന്നറിയിക്കുമോ?

ഉത്തരം

(എ) (1) ഇൻടേക്ക് വെൽ പണി പൂർത്തീകരിച്ചു.

(2) 500 എം.എം. പൈപ്പ് ലൈൻ സ്ഥാപിക്കൽ പൂർത്തീകരിച്ചു.

(3) റോ വാട്ടർ പമ്പ് സെറ്റ് - 2 Nos. സപ്ലൈ ചെയ്ത് പണി പൂർത്തീകരിച്ചു.

(4) ജലശുദ്ധീകരണശാലയുടെയും പമ്പിന്റെയും പണി പൂർത്തീകരിച്ചു.

(5) ക്ലിയർ വാട്ടർ പമ്പ് സെറ്റ് സ്ഥാപിച്ചു.

(6) ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ പ്രായിക്കര പാലത്തിന് കുറുകെയുള്ള ലൈനും 3 ഗ്യാപ്പുകളും ഒഴിച്ച് ബാക്കി പൂർത്തീകരിച്ചു.

(7) ഉന്നതതല ജലസംഭരണിയുടെ വെർട്ടിക്കൽ കണക്ഷൻ ഒഴികെയുള്ള ബാക്കി പണികൾ പൂർത്തീകരിച്ചു.

(ബി) റെയിൽവേ പാലത്തിന് സമാന്തരമായി പൈപ്പ് ലൈൻ സ്ഥാപിക്കുവാനുള്ള മണ്ണ് പരിശോധനയ്ക്ക് റെയിൽവേ പ്രാഥമിക അനുമതി നൽകിയിട്ടുണ്ട്. ടി പരിശോധനയ്ക്ക് എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയെ കേരള വാട്ടർ അതോറിറ്റി ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ഇല്ല.

## പലകപ്പാണ്ടി ഡൈവേർഷൻ സ്കീം

173 (942) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പലകപ്പാണ്ടി ഡൈവേർഷൻ സ്കീം നടപ്പിലാക്കിയിട്ടും ചുള്ളിയാർ ഡാമിൽ ആവശ്യത്തിന് വെള്ളം എത്തുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുതലമട, കൊല്ലങ്കോട്, എലവഞ്ചേരി എന്നീ ഗ്രാമപഞ്ചായത്തുകളിലെ കൃഷിക്കാർ പൂർണ്ണമായും ആശ്രയിക്കുന്ന ജലസേചന പദ്ധതിയായ ചുള്ളിയാർ ഡാം നിറയ്ക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) 'സീതാർക്കുണ്ട് വെള്ളച്ചാട്ടം' ഉപയോഗപ്പെടുത്തി ചുള്ളിയാർ ഡാം നിറയ്ക്കുന്ന പദ്ധതി ആലോചനയിലുണ്ടോ; ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇല്ല. 2013 വർഷത്തിൽ ഏകദേശം 75 ശതമാനവും 2015 വർഷത്തിൽ 65 ശതമാനവും ചുള്ളിയാർ ഡാമിന്റെ ജലസംഭരണി നിറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഈ വർഷം മഴ കുറവായതിനാൽ 10 ശതമാനത്തിൽ താഴെ മാത്രമേ ജലം സംഭരിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ.

(ബി&സി) ഉണ്ട്. സീതാർക്കുണ്ടിൽ നിന്നും ഒഴുകി വരുന്ന ജലം അണകെട്ടി വെള്ളം ചുള്ളിയാർ ഡാമിലേയ്ക്ക് എത്തിക്കുകയാണെങ്കിൽ ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിക്കാൻ സാധിക്കും. ആയതിനുള്ള ഇൻവെസ്റ്റിഗേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സംസ്ഥാനത്ത് നടപ്പുവർഷത്തെ മഴലഭ്യത

174 (943) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പുവർഷം ലഭിക്കേണ്ട മഴ എത്രയെന്നും ഇതിൽ വന്നിട്ടുള്ള കുറവ് എത്രയെന്നും ഇതുമൂലം സംസ്ഥാനത്തുണ്ടാകാൻ സാധ്യതയുള്ള ജലലഭ്യതക്കുറവ് എത്രയെന്നും പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇതുമൂലമുണ്ടാകാവുന്ന ജലദൗർലഭ്യം മൂലം സംസ്ഥാനത്തുണ്ടാകാവുന്ന കുടിവെള്ള പ്രശ്നം, കൃഷിനാശം, വൈദ്യുതിക്ഷാമം (ജലവൈദ്യുതിയിലെ കുറവുമൂലം) എന്നിവ ജലവകുപ്പും മറ്റു വകുപ്പുകളുമായി കൂടിയാലോചിച്ചിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുവാൻ ജലവകുപ്പ് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ജലലഭ്യത ഉറപ്പാക്കാനായി വീടുകളിൽ മഴവെള്ള കുഴികൾ സ്ഥാപിക്കുന്നതുൾപ്പെടെ ജലവകുപ്പ് നടപ്പാക്കാനുദ്ദേശിക്കുന്ന തുടർപ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ ജലസംഭരണികളിലെ മണലും ചെളിയും മാറ്റി കൂടുതൽ ജലം സംഭരിക്കാനായി ജലവകുപ്പ് എന്തു നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സാധാരണയായി ലഭിക്കുന്ന ശരാശരി മഴയുടെ അളവ് 3000 മില്ലീമീറ്റർ ആണ്. എന്നാൽ ഐ.എം.ഡി.യുടെ കണക്ക് പ്രകാരം 2016-ൽ സംസ്ഥാനത്ത് 1869.5 മില്ലീമീറ്റർ മഴയാണ് ലഭിച്ചത്. ഇത് ശരാശരിയേക്കാൾ 1130.5 മില്ലീമീറ്റർ (38%) കുറവാണ്. 2017 ജനുവരി മുതൽ ഫെബ്രുവരി 22 വരെ സംസ്ഥാനത്ത് 13 മില്ലീമീറ്റർ മഴ ലഭിച്ചിട്ടുണ്ട്. മുൻ വർഷത്തിൽ ലഭ്യമായ മഴയുടെ അളവിലുള്ള കുറവ് മൂലം സംസ്ഥാനത്ത് രൂക്ഷമായ വരൾച്ച അനുഭവപ്പെടാൻ സാധ്യതയുണ്ട്.

(ബി) ജലസേചന വകുപ്പ്:

ജല അതോറിറ്റിയുടെ ഇൻടേക് കിണറുകളിൽ കുടിവെള്ളത്തിനായി ജലലഭ്യതയുണ്ടാക്കുന്നതിനായി ജലസേചന വകുപ്പ് മുഖാന്തരം തടയണകൾ, താൽക്കാലിക ബണ്ടുകൾ എന്നിവ നിർമ്മിക്കുന്നതിനായി രണ്ടു വകുപ്പുകളും തമ്മിൽ ഏകോപനവും കൂടിയാലോചനയും നടത്തി പ്രയോഗത്തിലാ

ക്കിയിട്ടുണ്ട്. കേരളത്തിൽ ജലസേചന വകുപ്പിനുകീഴിൽ പഴശ്ശി, കുറ്റ്യാടി, കാരാപ്പുഴ എന്നീ പദ്ധതികളിൽ ഒഴികെ മറ്റെല്ലാ ജലസംഭരണികളിലും ജലനിരപ്പ് മുൻ വർഷങ്ങളെ അപേക്ഷിച്ച് ശരാശരി 40 ശതമാനത്തോളം കുറവാണ്. എങ്കിൽ തന്നെയും പ്രത്യേകം തയ്യാറാക്കുന്ന പ്രകാരം എല്ലാ ഡാമുകളിൽനിന്നും കുടിവെള്ളക്ഷാമ പരിഹാരത്തിനായി ഉപയോഗിക്കാൻ വരൾച്ച സംബന്ധിച്ച മീറ്റിംഗിൽ തീരുമാനിച്ചിട്ടുണ്ട്.

കേരള ജല അതോറിറ്റി:

കാലവർഷത്തിലുണ്ടായ കുറവ് പരിഗണിച്ച് വിവിധ നദികളിലെ ജലദൗർലഭ്യത്തിനുള്ള സാധ്യത കണക്കിലെടുത്ത് കുടിവെള്ളക്ഷാമം നേരിടാൻ കേരള ജല അതോറിറ്റി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും ജലലഭ്യത ഉറപ്പു വരുത്തുന്നു.

2. ഇറിഗേഷൻ, വൈദ്യുതി വകുപ്പുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി വിവിധ സ്രോതസ്സുകളിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. അടിക്കടി ലീക്കുമൂലം ജലനഷ്ടം സംഭവിക്കുന്ന വിതരണ ലൈനുകൾ മാറ്റി പകരം പുതിയവ സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് മുൻഗണന നൽകി ഘട്ടം ഘട്ടമായി നടപ്പാക്കി വരുന്നു.

4. ജലലഭ്യത ഉള്ള സ്ഥലങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിച്ച് ജലം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

5. വാട്ടർ അതോറിറ്റി കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്ത് പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പുവരുത്താനുള്ള പ്രവൃത്തികൾ നടപ്പാക്കുന്നു.

6. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ റവന്യൂ വകുപ്പിന്റെ സഹകരണത്തോടെ കിയോസ്കുകൾ വഴി ജലവിതരണം നടത്തുന്ന സ്ഥലങ്ങളിലേയ്ക്ക് ആവശ്യമായ കുടിവെള്ളം ജല അതോറിറ്റിയുടെ വിവിധ പദ്ധതികളിൽ നിന്നും നൽകുന്നതാണ്.

7. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പ് സെറ്റുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുന്നു.

8. കൂടുതൽ പമ്പിംഗ് ആവശ്യമായ സ്ഥലങ്ങളിൽ അഡീഷണൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുന്നുണ്ട്.

9. ആവശ്യമാകുന്ന സ്ഥലങ്ങളിൽ വാൽവുകൾ നിയന്ത്രിച്ച് സാധ്യമായ അളവിൽ എല്ലാവർക്കും ജലലഭ്യത ഉറപ്പാക്കുന്നു.

10. ജലശുദ്ധീകരണശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗിക്കുന്നതിന് ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നുണ്ട്.

11. നിയമവിരുദ്ധമായി ജലം ചോർത്തുന്നതും അനധികൃത ഉപയോഗവും മറ്റും കണ്ടുപിടിക്കുന്നതിനും ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനം ഉപയോഗപ്പെടുത്തുകയും നിയമാനുസൃത നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു.

12. പ്രതിമാസം 50 കിലോലിറ്ററിനു മുകളിൽ ഉപഭോഗം കണക്കാക്കുന്ന പുതിയ കണക്ഷനുകൾ നൽകുന്നതിന് താൽക്കാലിക നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

13. നിലവിൽ കൂടുതലായി ജലം ഉപയോഗിക്കുന്ന വ്യവസായിക വാണിജ്യ കണക്ഷനുകളിൽ ഉപഭോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

14. ജലശുദ്ധീകരണശാലകളിൽ ബാക്ക് വാഷിംഗ് ചെയ്യുന്നതിന് ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് കഴിയുന്നത്ര നിയന്ത്രിക്കുന്നുണ്ട്.

മേൽപ്പറഞ്ഞ നടപടികൾ കൂടാതെ വരൾച്ച സംബന്ധിച്ച സ്ഥിതിഗതികൾ നിരന്തരം വിലയിരുത്തി വേണ്ട പരിഹാര നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനകം കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽ വച്ച് മേഖലാടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് വരൾച്ച സംബന്ധിച്ച് വിശദമായ അവലോകന യോഗങ്ങൾ സർക്കാർ നടത്തിയിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ തീരുമാനിച്ച കാര്യങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിന് വീഡിയോ കോൺഫറൻസ് വഴി അവലോകനവും നടത്തിവരുന്നു.

<u>ഭൂജലവകുപ്പ്:</u>

വരൾച്ച നേരിടുന്നതിനുവേണ്ടി കുടിവെള്ള ലഭ്യത പൂർണ്ണമായോ, ഭാഗികമായോ ഇല്ലാത്ത പ്രദേശങ്ങളിൽ ഭൂജലപര്യവേഷണം നടത്തി കുഴൽകിണറുകൾ നിർമ്മിച്ച് ജലലഭ്യതയുള്ള കിണറുകളിൽ ചെറുകിട കുടിവെള്ള പദ്ധതികളും ജലലഭ്യത കുറഞ്ഞ കിണറുകളിൽ കൈപമ്പ് പദ്ധതികളും രാജീവ്ഗാന്ധി പദ്ധതിയിൻ കീഴിൽ ഭൂജല വകുപ്പ് നടപ്പിലാക്കി വരുന്നു.

(സി) ഭൂജലവകുപ്പ് കൃത്രിമസംപോഷണ പദ്ധതി ഭൂജല സംരക്ഷണത്തിനായി നടപ്പിലാക്കി വരുന്നു. തടയണകൾ, അടിയണകൾ, മഴക്കുഴികൾ, തുറന്നകിണർ, കുഴൽകിണർ വഴിയുള്ള ഭൂജലസംപോഷണം എന്നിവ ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു. ഇതിൽ 10 തുറന്ന കിണർ റീചാർജിംഗ് പദ്ധതി പൂർത്തീകരിച്ചു കഴിഞ്ഞു. 41 പദ്ധതികൾക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തികൾ വിവിധ ജില്ലകളിൽ പുരോഗമിച്ചു വരുന്നു. തുറന്ന കിണറുകൾ റീചാർജ്ജ് ചെയ്യുക വഴി ഭൂജലനിരപ്പ് ഉയരുകയും അതുവഴി കടുത്ത വരൾച്ചയെ പ്രതിരോധിക്കാൻ ഒരു പരിധി വരെ സംസ്ഥാനത്തിന് കഴിയുകയും ചെയ്യും.

(ഡി) സംസ്ഥാനത്തെ അണക്കെട്ടുകളിൽ എക്കൽ നീക്കം ചെയ്യുന്നതിനുള്ള കരട് SOP (സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയേഴ്സ്) തയ്യാറാക്കുവാൻ സർക്കാർ ഒരു സാങ്കേതിക സമിതി രൂപീകരിക്കുകയുണ്ടായി. ഇതിൻപ്രകാരം എക്കൽ നീക്കം ചെയ്യുന്നതിനുള്ള കരട് SOP, പ്രസ്തുത സമിതി, 9-12-2016-ൽ സമർപ്പിക്കുകയുണ്ടായി. ഇതിനെ തുടർന്ന് 30-1-2017-ൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഡീസിൽറ്റിംഗ് സംബന്ധിച്ച് ഒരു യോഗം കൂടുകയുണ്ടായി. പ്രസ്തുത യോഗത്തിലെ തീരുമാനങ്ങൾ താഴെപ്പറയുന്നു :

1. SOP-യിൽ പറഞ്ഞിരിക്കുന്ന സാങ്കേതിക വിദ്യ ഉപയോഗിച്ച് ഡീസിൽറ്റിംഗ് നടത്തുവാനുള്ള പൈലറ്റ് പ്രോജക്ടുകളായി മംഗലം, ചുള്ളിയാർ എന്നീ അണക്കെട്ടുകളെ തെരഞ്ഞെടുത്തു.

2. SOP യെക്കുറിച്ചുള്ള അഭിപ്രായം ദേശീയ തലത്തിലുള്ള വിദഗ്ദ്ധർ/ സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും ശേഖരിക്കേണ്ടതാണ്.

3. SOP പൊതുജനാഭിപ്രായത്തിനായി വിവിധ സർക്കാർ വെബ് സൈറ്റുകളിൽ ഇടേണ്ടതാണ്.

**തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ കുളങ്ങളുടെ നവീകരണം**

175 (944) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നെൽകൃഷിയുടെ 70 ശതമാനവും ഉൾക്കൊള്ളുന്ന തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ കുളങ്ങൾ നവീകരിക്കുന്നതിന് പദ്ധതി നടപ്പിലാക്കാമോ;

(ബി) തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ കാർഷിക-കുടിവെള്ള ജല സ്രോതസ്സുകൾ പൂർണ്ണമായും കടലിലേക്ക് ഒഴുകുന്നത് തടയുവാൻ മണ്ഡലത്തിലെ വിവിധ തോടുകളിലും പുഴകളിലും തടയണകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കാമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിലെ 331 കുളങ്ങൾ "ഹരിതകേരളം" പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇവയിൽ തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ 20 കുളങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.

(ബി) പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിൽ പാറട്ടിക്കടവ് ചെക്ക് ഡാം, തിരൂരങ്ങാടി മുനിസിപ്പാലിറ്റിയിൽ ബെഞ്ചാലി ചെക്ക് ഡാം എന്നിവയുള്ള പ്രൊപ്പോസലുകൾ നിലവിലുണ്ട്. കൂടാതെ ഉപ്പുവെള്ള പ്രതിരോധത്തിനായി പരപ്പനങ്ങാടി നഗരസഭയിലെ ന്യൂ കട്ടിന് കുറുകെ ലോക്കിന്റെ നിർമ്മാണത്തിന് ആവശ്യമായ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തി തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

**കടൽഭിത്തി നിർമ്മിക്കുന്നതിന് പ്രത്യേക പദ്ധതി**

176 (945) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ മേഖലയെ കടലാക്രമണത്തിൽ നിന്നും രക്ഷിക്കുന്നതിന് കടൽഭിത്തി ഇല്ലാത്ത ഭാഗങ്ങളിൽ കടൽഭിത്തി കെട്ടി സംരക്ഷിക്കുന്നതിനുള്ള ഒരു പദ്ധതി നടപ്പിലാക്കാമോ;

(ബി) തിരൂരങ്ങാടി മണ്ഡലത്തിലെ തീരദേശ മേഖലയായ പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിൽപ്പെട്ട ആലുങ്ങൽ ബീച്ച് മുതൽ കെട്ടുങ്ങൽ വരെയുള്ള പ്രദേശം അപകടമേഖലയായി പരിഗണിച്ച് കടൽഭിത്തി ഇല്ലാത്ത സ്ഥലങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കാമോ?

ഉത്തരം

(എ) തീരദേശ മേഖലയിൽ കടൽഭിത്തി നിർമ്മിക്കാത്ത സ്ഥലങ്ങളിൽ കടൽഭിത്തിയുടെ ആവശ്യകത നിർണ്ണയിക്കേണ്ടതായിട്ടുണ്ട്. ഇതിനായി സി.ഇ.എഫ്.എസ്. പഠനപ്രകാരം Vulnerable Reaches ആയി കണ്ടെത്തിയ ഭാഗങ്ങളിൽ സി.ഡബ്ല്യൂ. പി.ആർ.എസ്. ഡിസൈൻ പ്രകാരം കടൽ ഭിത്തികൾ നിർമ്മിക്കാവുന്നതാണ്.

(ബി) സി.ഇ.എഫ്.എസ്. പഠനപ്രകാരം Vulnerable Reaches ആയി കണ്ടെത്തിയ ഭാഗങ്ങളിൽ സി.ഡബ്ല്യൂ.പി.ആർ.എസ്. ഡിസൈൻ പ്രകാരം കടൽ ഭിത്തികൾ നിർമ്മിക്കാവുന്നതാണ്.

**കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ കൃഷി നാശം**

177 (946) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ തീരദേശമേഖലകളിലെ താഴ്ന്നപ്രദേശങ്ങളിലേക്ക് ഉപ്പുവെള്ളം കയറി കൃഷി നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പ്രദേശങ്ങളിലെ ടി.എസ്. കനാലുമായി ബന്ധിപ്പിക്കുന്ന ഒഴുക്ക്തോടുകളിൽ ചീപ്പ് നിർമ്മിച്ച് ഷട്ടറുകൾ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ ; വിശദീകരിക്കുമോ ;

(സി) മാറ്റൂർ തഴവയൽ പ്രദേശത്തേക്ക് ഉപ്പുവെള്ളം കയറുന്നത് കൃഷിയേയും കുടിവെള്ള ലഭ്യതയേയും ബാധിക്കുന്നതിനാൽ ഈ പ്രദേശത്ത് ഷട്ടർ നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോ ; വിശദീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. വാഴക്കൂട്ടത്തിൽ കടവിലും തുറയിൽ കടവിലും ഷട്ടറുകൾ സ്ഥാപിക്കുന്നതിനുവേണ്ടി സാമ്പത്തികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. (എസ്റ്റിമേറ്റ് തുക- 5 ലക്ഷം രൂപ).

(സി) ഉണ്ട്. പി.എം.കെ.എസ്.വൈ.-യിൽ ഇതിനുള്ള പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ചെറുതുരുത്തി തടയണയുടെ നിർമ്മാണം**

178 (947) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ ഭാരതപ്പുഴയ്ക്ക് കുറുകെയുള്ള ചെറുതുരുത്തി തടയണ നിർമ്മാണ പ്രവൃത്തിക്ക് റവന്യൂ വകുപ്പിന്റെ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും തുക അനുവദിച്ചു കിട്ടുന്നതിന് ജലവിഭവ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ;

(ബി) ചേലക്കര മണ്ഡലത്തിൽ കടുത്ത ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നതു കണക്കിലെടുത്ത് ചെറുതുരുത്തി തടയണ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) തൃശ്ശൂർ ജില്ലയിലെ ചേലക്കര നിയോജകമണ്ഡലത്തിൽ ഭാരതപ്പുഴയ്ക്ക് കുറുകെ ചെറുതുരുത്തിയിൽ തടയണ നിർമ്മാണത്തിലെ ശേഷിക്കുന്ന പ്രവൃത്തികൾക്കുള്ള 14.50 കോടി രൂപയുടെ എസ്റ്റിമേറ്റ് റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തുന്നതിനായി തൃശ്ശൂർ അഡീഷണൽ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർ 28-11-2014-ൽ തൃശ്ശൂർ ജില്ലാ കളക്ടർക്ക് സമർപ്പിച്ചു. 5-12-2014-ൽ തൃശ്ശൂർ ജില്ലാ വിദഗ്ദ്ധ സമിതി അംഗീകരിക്കുകയും ഭരണാനുമതിക്കായി സമർപ്പിക്കുകയും ചെയ്ത ശിപാർശ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്.

(ബി) ചേലക്കര മണ്ഡലത്തിൽ അനുഭവപ്പെടുന്ന കടുത്ത ശുദ്ധജല ക്ഷാമം കണക്കിലെടുത്ത് പ്രസ്തുത തടയണയുടെ പുതുക്കിയ പദ്ധതി സമയബന്ധിതമായി തയ്യാറാക്കി സമർപ്പിക്കുന്നതിന് വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചിട്ടില്ല.

## ചെങ്ങന്നൂർ താലൂക്കിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

179 (948) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ താലൂക്കിൽ വെണ്മണി പഞ്ചായത്തിൽ ചാങ്ങപ്പാടം, മേനിലം, ഇളനീർപാടം, പള്ളിമുക്ക് എന്നീ പാടങ്ങളിലേക്ക് കൃഷിക്ക് ജലസേചന സൗകര്യമുണ്ടാക്കുന്നതിന് മൈനർ ഇറിഗേഷൻ വകുപ്പ് മുഖാന്തരം 88 ലക്ഷം രൂപ മുടക്കി നടപ്പാക്കിയ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രകാരം ഇപ്പോഴുള്ള നെൽകൃഷിക്ക് വെള്ളമെത്തിക്കുവാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) ലിഫ്റ്റ് ഇറിഗേഷനുമായി ബന്ധപ്പെട്ട് 45 എച്ച്.പി. മോട്ടോർ പ്രവർത്തിപ്പിക്കുന്നതിന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രകാരം മോട്ടോറിനു വൈദ്യുതി കണക്ഷൻ എപ്പോൾ ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ചെങ്ങന്നൂർ താലൂക്കിൽ വെണ്മണി പഞ്ചായത്തിൽ ചാങ്ങപ്പാടം, മേനിലം, ഇളനീർപാടം, പള്ളിമുക്ക് എന്നീ പാടങ്ങളിലേയ്ക്ക് കൃഷിക്ക് ജലസേചന സൗകര്യമൊരുക്കുന്നതിന് റീവാമ്പിങ്ങ് മുഖേന പമ്പ്, മോട്ടോർ, പാനൽ ബോർഡ് എന്നിവ സ്ഥാപിച്ചെങ്കിലും വൈദ്യുതി കണക്ഷൻ കൊടുക്കാൻ സാധിച്ചില്ല. കാരണം നിലവിൽ ഉണ്ടായിരുന്ന കണക്ഷനിൽ ഒരു മോട്ടോറേ പ്രവർത്തിക്കാൻ സാധിക്കുമായിരുന്നുള്ളൂ. എന്നാൽ കർഷകരുടെ നിരന്തര ആവശ്യപ്രകാരം രണ്ടു പമ്പുകളും ഒരുമിച്ചു പ്രവർത്തിപ്പിച്ചതിനാൽ നിലവിലുള്ള ഇലക്ട്രിക്കൽ സംവിധാനം കത്തിപോവുകയും പുതിയ മോട്ടോർ കണക്ട് ചെയ്യുന്നതിനുവേണ്ടി പുതിയ മീറ്റർ സ്ഥാപിക്കുന്നതിന് 5000 രൂപ അടച്ച് ഒരു മോട്ടോറും പമ്പും പ്രവർത്തനക്ഷമമാക്കുകയും ചെയ്തു. രണ്ട് മോട്ടോറും ഒരുമിച്ചു പ്രവർത്തിക്കാൻ പുതിയ ട്രാൻസ്ഫോർമറിൽ നിന്ന് കണക്ഷൻ എടുക്കുന്നതിന് 38,250 രൂപ അടച്ചേ മതിയാവുള്ളൂ എന്ന KSEB-യുടെ കടുത്ത നിലപാടുമൂലമാണ് സാധിക്കാതെ പോയത്. എന്നാൽ ബഹുമാനപ്പെട്ട ചെങ്ങന്നൂർ എം.എൽ.എ-യുടെ ഇടപെടലിലൂടെ ബന്ധപ്പെട്ട ചെറുകിട ജലസേചന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അണ്ടർടേക്കിങ്ങിന്റെ അടിസ്ഥാനത്തിൽ പുതിയ ട്രാൻസ്ഫോർമറിൽ നിന്നും കണക്ഷൻ ലഭിക്കുകയും ഇപ്പോൾ ആവശ്യാനുസരണം യഥേഷ്ടം വെള്ളം പമ്പ് ചെയ്യുകയും ചെയ്യുന്നുണ്ട്.

(ബി&സി) ജലസേചന വകുപ്പിന്റെ മെക്കാനിക്കൽ, ഇലക്ട്രിക്കൽ വിഭാഗങ്ങളുടെ എൻ.ഒ.സി. KSEB-യിൽ നൽകി KSEB നിശ്ചയിക്കുന്ന കണക്ഷൻ ചാർജ് അടച്ച് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതാണ്.

## ഇരിമ്പിളിയം -കൈതക്കടവ്, കുറ്റിപ്പുറം-കങ്കാകടവ് റെഗുലേറ്റർ കം ബ്രിഡ്ജ്

180 (949) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ ഇരിമ്പിളിയം - കൈതക്കടവ്, കുറ്റിപ്പുറം - കങ്കാകടവ് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് സർക്കാരിന് പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) സമയബന്ധിതമായി പ്രവൃത്തി നടപ്പിലാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) ചീഫ് എഞ്ചിനീയർ ഓഫീസിലെ ഇത് സംബന്ധിച്ച ഫയലിന്റെ വിശദമായ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ ഇരിമ്പിളിയം-കൈതക്കടവ് ആർ.സി.ബി.-യുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് ദർഘാസുകൾ ക്ഷണിക്കുകയും ക്വട്ടേഷൻ ക്ഷണിക്കുകയും ചെയ്തുവെങ്കിലും കരാറേറ്റെടുക്കാൻ കരാറുകാർ സന്നദ്ധമല്ലായിരുന്നു. എസ്റ്റിമേറ്റ് PRICE-ൽ പുതുക്കി ആയതിന് സാമ്പത്തിക ഭരണാനുമതി നൽകുവാനുള്ള നടപടികൾ ഐ.ഡി.ആർ.ബി.-യിൽ നടന്നു വരുന്നു. കുറ്റിപ്പുറം-കങ്കാകടവ് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞ് ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ ഐ.ഡി.ആർ.ബി.യിൽ നടന്നു വരുന്നു.

(ബി) ഇല്ല.

(സി) സമയബന്ധിതമായി പ്രവൃത്തി നടപ്പിലാക്കുവാൻ ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നു.

(ഡി) ഇരിമ്പിളിയം-കൈതക്കടവ് ആർ.സി.ബി.-യുടെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തിക്കുള്ള 13.10 ലക്ഷത്തിനുള്ള PRICE-ൽ പുതുക്കിയ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി ഐ.ഡി.ആർ.ബി.യിൽ സമർപ്പിച്ചിട്ടുണ്ട്.

1. ഭരണാനുമതി-ഫയൽ നമ്പർ 3559/2012/INV/AS/47009907

2. സാമ്പത്തികാനുമതി-ഫയൽ നമ്പർ 1808/2012/INV/F.S/ 4700991

കുറ്റിപ്പുറം-കങ്കാകടവ് ആർ.സി.ബി.യുടെ ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞ് ഡിസൈൻ ലഭ്യമാക്കുന്നതിനായി ഐ.ഡി.ആർ.ബി.-യിൽ സമർപ്പിച്ചിട്ടുണ്ട്.

1. ഭരണാനുമതി-ഫയൽ നമ്പർ3559/2012/INV/AS/47009910

2. സാമ്പത്തികാനുമതി ഫയൽനമ്പർ1287/2014/IDRB/INV/ 47009940/FS

**ഭാരതപ്പുഴയുടെ സംരക്ഷണം**

181 (950) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതപ്പുഴയുടെ സംരക്ഷണവും പുഴയിലെ ജല സംരക്ഷണവും ജല വിഭവ വകുപ്പ് നേരിട്ടു തന്നെ ഏറ്റെടുത്ത് നടപ്പിലാക്കുമോ; വിശദ വിവരം നൽകുമോ;

(ബി) ഭാരതപ്പുഴയിൽ തടയണകൾ കെട്ടി കുടിവെള്ള ക്ഷാമവും കൃഷിയ്ക്കുള്ള വെള്ളക്കുറവും പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്?

ഉത്തരം

(എ) ഭാരതപ്പുഴയുടെ തീരസംരക്ഷണ പ്രവൃത്തികളും ജലസംരക്ഷണ പ്രവൃത്തികളും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ജലസേചനവകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. എന്നാൽ പുഴയിലെ മണലെടുപ്പ് തടയുന്നതും കയ്യേറ്റങ്ങൾ ഒഴിവാക്കുന്നതും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും റവന്യൂ വകുപ്പിന്റെയും പരിധിയിൽ വരുന്ന വിഷയമാണ്.

(ബി) ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി ഭാരതപ്പുഴയിൽ തടയണകൾ/ റഗുലേറ്റർ കം ബ്രിഡ്ജുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**ഉപയോഗമില്ലാതെ കിടക്കുന്ന വാട്ടർ ടാങ്കുകൾ**

182(951) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ അരൂർ, തൈക്കാട്ടുശ്ശേരി ഉൾപ്പെടെ വിവിധ പഞ്ചായത്തുകളിൽ ഉപയോഗമില്ലാതെ കിടക്കുന്ന വാട്ടർ ടാങ്കുകൾ പൊളിച്ച് നീക്കി അതാത് പഞ്ചായത്തുകൾക്ക് സ്ഥലം മടക്കി നൽകുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) അരൂർ പഞ്ചായത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതിയ്ക്കായി വിട്ടു നൽകിയ സ്ഥലം ഒരാവശ്യത്തിനും ഉപയോഗിക്കാത്ത സാഹചര്യത്തിൽ സ്ഥലം പഞ്ചായത്തിന് മടക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) നബാർഡ് സഹായത്തോടെ JICA പൈപ്പ് ലൈൻ എക്സ്റ്റൻഷന് ആകെ എത്ര രൂപയാണ് അനുവദിച്ചത് ; കോടാംതുരത്ത്, പാണാവള്ളി ഉൾപ്പെടെയുള്ള പഞ്ചായത്തുകളിലെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പദ്ധതികൾ കോൺട്രാക്ടർക്ക് പണം കിട്ടുന്നില്ല എന്ന കാരണത്താൽ നിർത്തിവച്ചിരിക്കുന്നതായി അറിയാമോ ; ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ചേർത്തല JICA പദ്ധതിയുടെ തടസ്സങ്ങൾ നീക്കുന്നതിനും മറവൻതുരത്ത് ലൈൻ മാറ്റി സ്ഥാപിക്കുന്നതിനും മന്ത്രിമാരുടേയും എം.എൽ.എ.-മാരുടേയും സാന്നിദ്ധ്യത്തിൽ കൈക്കൊണ്ട തീരുമാനം നടപ്പിലാക്കിയോയെന്ന് വിശദമാക്കാമോ ; ഇല്ലെങ്കിൽ നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) അരൂർ മണ്ഡലത്തിൽ അരൂർ, തൈക്കാട്ടുശ്ശേരി, ഉൾപ്പെടെ വിവിധ പഞ്ചായത്തുകളിൽ ഉപയോഗമില്ലാതെ കിടക്കുന്ന വാട്ടർ ടാങ്കുകൾ പൊളിച്ച് നീക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത വാട്ടർ ടാങ്ക് നിലനിൽക്കുന്ന സ്ഥലം പഞ്ചായത്തുകൾക്ക് വിട്ടുനല്കുന്നത് സംബന്ധിച്ച അപേക്ഷ കേരള വാട്ടർ അതോറിറ്റി പരിശോധിച്ചുവരുന്നു.

(ബി) അരൂർ പഞ്ചായത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതിയ്ക്കായി ഏറ്റെടുത്ത സ്ഥലം ജലഅതോറിറ്റിയുടെ മറ്റൊരു പദ്ധതിക്കും ആവശ്യമില്ലായെന്ന് ഉറപ്പ് വരുത്തിയ ശേഷം മാത്രമേ കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

(സി) 60.544 കോടി രൂപയുടെ പെൻഡിംഗ് ബില്ലുകൾ പാസ്സാക്കി തുക കൊടുത്തതിനാൽ 22-2-2017-ൽ പ്രവൃത്തി പുനരാരംഭിച്ചിട്ടുണ്ട്.

(ഡി) മറവൻതുരുത്തിലെ ജി.ആർ.പി. പൈപ്പിന് പകരം അതേ റോഡിലൂടെ തന്നെ എം.എസ് പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിക്കായി ടെണ്ടർ ക്ഷണിച്ച് തിരുവല്ല ആസ്ഥാനമായുള്ള എ.ബി.ജി എൻജിനീയറിംഗ് എന്ന കമ്പനിയുമായി 7-2-2017-ൽ കരാർ ഒപ്പിട്ടുണ്ട്.

**കുളങ്ങളുടെയും കിണറുകളുടെയും എണ്ണം**

183 (952) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തികളുടെ കൃഷിയിടങ്ങളിലും വീട്ടുപറമ്പിലുമുള്ള കുളങ്ങളുടെയും കിണറുകളുടെയും എണ്ണം സംബന്ധിച്ച കണക്കുകൾ ജലവിഭവ വകുപ്പിന്റെ കൈവശമുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ഭൂമാഫിയകൾ ഭൂമി വാങ്ങിക്കൂട്ടി കിണറുകളും കുളങ്ങളും മണ്ണിട്ട് നികത്തി കരഭൂമിയാക്കി വില്പന നടത്തിവന്നിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് ശുദ്ധജല ലഭ്യത കുറഞ്ഞുവരുന്നതു കണക്കിലെടുത്ത് പൊതുകുളങ്ങളോടൊപ്പം സ്വകാര്യ വ്യക്തികളുടെ കുളങ്ങളും സംരക്ഷിക്കുന്നതിനാവശ്യമായ സാങ്കേതിക സഹായവും ധനസഹായവും നൽകുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(ഡി) കുളങ്ങളും കിണറുകളും നികത്തുന്നത് കുറ്റകരമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) സ്വകാര്യ വ്യക്തികളുടെ കൃഷിയിടങ്ങളിലും വീട്ടു പറമ്പിലുമുള്ള 40974 കുളങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. കിണറുകളുടെ എണ്ണം സംബന്ധിച്ച വിവരം ലഭ്യമല്ല.

(ബി) ഇതു സംബന്ധിച്ച വിഷയം, റവന്യൂ വകുപ്പാണ് കൈകാര്യം ചെയ്യുന്നത്.

(സി) ഹരിതകേരളം മിഷന്റെ ആദ്യഘട്ടമായി 320 കോടി രൂപ ചിലവിൽ ഏകദേശം 9453 പൊതു കുളങ്ങൾ നവീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സ്വകാര്യ വ്യക്തികളുടെ കുളങ്ങൾ സംരക്ഷിക്കുന്നതിന് നിലവിൽ പദ്ധതികളൊന്നും ജലസേചന വകുപ്പ് ഏറ്റെടുത്തിട്ടില്ല.

(ഡി) 'ബി' പിരിവിന്റെ മറുപടി ബാധകമാക്കാവുന്നതാണ്.

**കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതി**

184 (953) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ കുലശേഖരപുരം, തഴവ, തൊടിയൂർ പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പദ്ധതി നടപ്പിലാക്കുമോ ; വിശദീകരിക്കുമോ ;

(ബി) പള്ളിക്കലാറ്റിലെ ജലം ഉപയോഗപ്പെടുത്തി കുടിവെള്ള പദ്ധതി നടപ്പിലാക്കുമോ ; വിശദീകരിക്കുമോ ;

(സി) കരുനാഗപ്പള്ളി, ചവറ നിയോജകമണ്ഡലങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ഉപ്പുവെള്ളം സംസ്കരിച്ച് ശുദ്ധജലമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദീകരിക്കുമോ ?

ഉത്തരം

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ കുലശേഖരപുരം, തഴവ, തൊടിയൂർ പഞ്ചായത്തുകൾക്കായി ജലശുദ്ധീകരണശാലയോടുകൂടിയ ഒരു സമഗ്ര കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് (ഡി.ഇ.ആർ.) കേരള വാട്ടർ അതോറിറ്റിയുടെ പ്രോജക്ട് പ്ലാനിംഗ് ആന്റ് ഡവലപ്മെന്റ് വിഭാഗവുമായി സഹകരിച്ച് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി&സി) ഇപ്പോൾ പരിഗണനയിലില്ല.

**കുടിവെള്ളക്ഷാമം**

185 (954) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്ത വേനലിനെ അഭിമുഖീകരിക്കുന്ന സംസ്ഥാനത്ത് കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വിശദീകരിക്കുമോ;

(ബി) വാർഡ് തലത്തിൽ കുടിവെള്ള കിയോസ്കുകൾ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ; ഇതിനായി ജലവിഭവ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദീകരിക്കുമോ;

(സി) കുപ്പിവെള്ള നിർമ്മാണ കമ്പനികളും അമിതമായി ജലം ഉപയോഗിക്കുന്ന കമ്പനികളും ഭൂഗർഭ ജലം ചൂഷണം ചെയ്യുന്നത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ജലസേചന വകുപ്പ്:

മഴലഭ്യത വളരെ കുറവായ ഈ വർഷത്തിൽ ഏറെക്കുറെ എല്ലാ സംഭരണികളിലും മുൻ വർഷങ്ങളെ അപേക്ഷിച്ച് ജലനിരപ്പ് കുറവാണ്. ഡാമുകളിൽ ലഭ്യമായ ജലം കൃത്യമായ ഇടവേളകളിൽ ഷെഡ്യൂൾ പ്രകാരം കനാൽ വഴി തുറന്നുവിടുന്നുണ്ട്. അതുമൂലം സമീപത്തെ കിണറുകളും മറ്റും റീചാർജ് ചെയ്യാനും പരിസരവാസികൾക്ക് കനാലിൽ നിന്നും നേരിട്ട് ഉപയോഗിക്കാനും കഴിയും. നിലവിൽ ജലസേചന വകുപ്പിനു കീഴിലെ 9 ഡാമുകളിൽ നിന്നും കുടിവെള്ളത്തിനായി ജലം ഉപയോഗിക്കുന്നുണ്ട്. വരൾച്ച നേരിടുന്നത് സംബന്ധിച്ച മീറ്റിംഗിൽ എല്ലാ ഡാമുകളിലേയും ജലം കുടിവെള്ളത്തിനായി ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

കേരള ജല അതോറിറ്റി:

കാലവർഷത്തിലുണ്ടായ കുറവ് പരിഗണിച്ച് വിവിധ നദികളിലെ ജലദൗർലഭ്യത്തിനുള്ള സാധ്യത കണക്കിലെടുത്ത് കുടിവെള്ളക്ഷാമം നേരിടാൻ കേരള ജല അതോറിറ്റി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

1. സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും ജലലഭ്യത ഉറപ്പു വരുത്തുന്നു.

2. ഇറിഗേഷൻ, വൈദ്യുത വകുപ്പുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി വിവിധ സ്രോതസ്സുകളിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. അടിക്കടി ലീക്കുമൂലം ജലനഷ്ടം സംഭവിക്കുന്ന വിതരണ ലൈനുകൾ മാറ്റി പകരം പുതിയവ സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് മുൻഗണന നൽകി ഘട്ടം ഘട്ടമായി നടപ്പാക്കി വരുന്നു. .

4. ജലലഭ്യത ഉള്ള സ്ഥലങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിച്ച് ജലം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

5. വാട്ടർ അതോറിറ്റി കിണറുകളുടെ ചെളിയും മണ്ണും നീക്കം ചെയ്ത് പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പുവരുത്താനുള്ള പ്രവൃത്തികൾ നടപ്പാക്കുന്നു.

6. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ റവന്യൂ വകുപ്പിന്റെ സഹകരണത്തോടെ കിയോസ്കുകൾ വഴി ജലവിതരണം നടത്തുന്ന സ്ഥലങ്ങളിലേക്ക് ആവശ്യമായ കുടിവെള്ളം ജല അതോറിറ്റിയുടെ വിവിധ പദ്ധതികളിൽ നിന്നും നൽകുന്നതാണ്.

7. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പ് സെറ്റുകളുടെ അറ്റകുറ്റ പണികൾ സമയബന്ധിതമായി നടത്തുന്നു.

8. കൂടുതൽ പമ്പിംഗ് ആവശ്യമായ സ്ഥലങ്ങളിൽ അഡീഷണൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുന്നുണ്ട്.

9. ആവശ്യമാകുന്ന സ്ഥലങ്ങളിൽ വാൽവുകൾ നിയന്ത്രിച്ച് സാധ്യമായ അളവിൽ എല്ലാവർക്കും ജലലഭ്യത ഉറപ്പാക്കുന്നു.

10. ജലശുദ്ധീകരണശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗിക്കുന്നതിന് ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നുണ്ട്.

11. നിയമവിരുദ്ധമായി ജലം ചോർത്തുന്നതും അനധികൃത ഉപയോഗവും മറ്റും കണ്ടുപിടിക്കുന്നതിനും ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനം ഉപയോഗപ്പെടുത്തുകയും നിയമാനുസൃത നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു.

12. പ്രതിമാസം 50 കിലോലിറ്ററിനു മുകളിൽ ഉപഭോഗം കണക്കാക്കുന്ന പുതിയ കണക്ഷനുകൾ നൽകുന്നതിന് താൽക്കാലിക നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

13. നിലവിൽ കൂടുതലായി ജലം ഉപയോഗിക്കുന്ന വ്യവസായിക വാണിജ്യ കണക്ഷനുകളിൽ ഉപഭോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

14. ജലശുദ്ധീകരണശാലകളിൽ ബാക്ക് വാഷിങ്ങ് ചെയ്യുന്നതിന് ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് കഴിയുന്നത്ര നിയന്ത്രിക്കുന്നുണ്ട്.

മേൽപ്പറഞ്ഞ നടപടികൾ കൂടാതെ വരൾച്ച സംബന്ധിച്ച സ്ഥിതിഗതികൾ നിരന്തരം വിലയിരുത്തി വേണ്ട പരിഹാര നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനകം കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽ വച്ച് മേഖലാടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് വരൾച്ച സംബന്ധിച്ച് വിശദമായ അവലോകന യോഗങ്ങൾ സർക്കാർ നടത്തിയിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ തീരുമാനിച്ച കാര്യങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിന് വീഡിയോ കോൺഫറൻസ് വഴി അവലോകനവും നടത്തിവരുന്നു.

<u>ഭൂജലവകുപ്പ്:</u>

സംസ്ഥാനത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന വരൾച്ച നേരിടുന്നതിന് ഭൂജലവകുപ്പ് രാജീവ്ഗാന്ധി പദ്ധതിയിൽപ്പെടുത്തി വരൾച്ചാദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൈപ്പമ്പുകളുടെ അറ്റകുറ്റപ്പണികളും ഹാന്റ് പമ്പുകളുടെ അറ്റകുറ്റപ്പണികളും ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും കുഴൽകിണർ നിർമ്മാണവും ഇതിൽ ഉൾപ്പെടുന്നു.

ജലനിധി:

സംസ്ഥാനത്തെ കുടിവെള്ളക്ഷാമം നേരിടുന്നതിനായി ജലനിധി രണ്ടാംഘട്ട പദ്ധതി മുഖേന താഴെപ്പറയുന്ന അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു.

1. പൂർത്തീകരണ ഘട്ടത്തിലുള്ള 166 പദ്ധതികൾ ഫെബ്രുവരി-ഏപ്രിൽ മാസങ്ങളിലായി കമ്മീഷൻ ചെയ്ത് 21000 വീടുകൾക്ക് കുടിവെള്ളം എത്തിക്കാൻ സാധിക്കുന്നതാണ്.

2. വൈദ്യുതി കണക്ഷൻ ലഭിക്കാത്തതുമൂലം വൈകുന്ന പദ്ധതികൾക്ക് അടിയന്തരമായി കണക്ഷൻ ലഭ്യമാക്കി പദ്ധതി കമ്മീഷൻ ചെയ്യുന്നതാണ്. ഇതുവഴി ഏകദേശം 2700 വീടുകൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതാണ്.

3. സ്രോതസ്സിന്റെയും ജലസംഭരണിയുടെയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും ജലവിതരണ പൈപ്പുകൾ സ്ഥാപിച്ചുവരുന്നതുമായ പദ്ധതികൾക്ക് (ബാച്ച് 3 ൽ ഉൾപ്പെട്ടിട്ടുള്ള പഞ്ചായത്തുകളിലെ) എത്രയും വേഗം വൈദ്യുതി കണക്ഷൻ സ്ഥാപിച്ച് ഭാഗികമായെങ്കിലും ജലവിതരണം ആരംഭിക്കുവാൻ കഴിയുന്നതാണ്. ഇപ്രകാരം 100 പദ്ധതികളിലായി 5500 കുടുംബങ്ങൾക്ക് വരൾച്ചാ കാലത്ത് കുടിവെള്ളം എത്തിക്കുവാൻ സാധിക്കുമെന്ന് കണക്കാക്കുന്നു.

4. ഭൂജലസംരക്ഷണവും-പരിപോഷണവും ജലനിധി പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നുണ്ട്. തടയണകൾ, കിണർ റീചാർജ്, സ്രോതസ്സ് സംരക്ഷണം തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. പദ്ധതി നടപ്പാക്കിവരുന്ന പഞ്ചായത്തുകളിൽ 1562 ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിരിക്കുന്നു. ഇതിൽ 1499 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവ പൂർത്തീകരിച്ച് വേനൽ കാലത്ത് ജലനിധി പദ്ധതികളിൽ ജലലഭ്യത ഉറപ്പു വരുത്താൻ ശ്രമിക്കുന്നുണ്ട്.

5. ജലസ്രോതസ്സുകൾ വറ്റുന്ന പഞ്ചായത്തുകളിലെ സാധ്യമായ സ്ഥലങ്ങളിൽ ബോർവെൽ വഴി ഭൂഗർഭജലം പ്രയോജനപ്പെടുത്താനും ഉദ്ദേശിക്കുന്നു.

6. ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെയുള്ള ജലസംരക്ഷണം വഴിയും ജലവിനിയോഗം നിയന്ത്രിച്ച് വരൾച്ചയെ നേരിടുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) കിയോസ്കുകൾ വഴിയുള്ള ജലവിതരണം റവന്യൂ വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും ചുമതലയിലാണ് നടത്തുന്നത്.

(സി) <u>ഭൂജലവകുപ്പ്:</u>

ഭൂജലവകുപ്പിന്റെ ജില്ലാതലത്തിലുള്ള ഓഫീസുകളിൽ ലഭിക്കുന്ന വ്യാവസായികാടിസ്ഥാനത്തിലുള്ള അപേക്ഷകളിൽ വിശദമായ പഠനങ്ങൾ നടത്തി റിപ്പോർട്ട് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള ജില്ലാതല കമ്മിറ്റിയിൽ പരിഗണിച്ച് അനുയോജ്യമായ അപേക്ഷകൾ സംസ്ഥാന ഭൂജല അതോറിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും അതോറിറ്റി അന്തിമമായ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുന്നു. സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡ്, വ്യവസായ വകുപ്പ്, അതത് പഞ്ചായത്ത്/മുനിസിപ്പൽ പ്രദേശങ്ങളിലെ പ്രതിനിധി, കേന്ദ്ര ഭൂജല ബോർഡ് പ്രതിനിധി എന്നിവർ ഉൾപ്പെട്ടതാണ് ജില്ലാതല അവലോകന കമ്മിറ്റി. പമ്പിംഗ് ടെസ്റ്റ് നടത്തി പരിസര പ്രദേശങ്ങളിലെ ജലസ്രോതസ്സുകളെ ബാധിക്കാത്ത തരത്തിലാണ് ഇത്തരം കമ്പനികൾക്ക് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകുന്നത്. പ്രതിദിനം ഉപയോഗിക്കാവുന്ന ജലത്തിന്റെ അളവ് പമ്പിംഗ് ടെസ്റ്റിന്റെ അടിസ്ഥാനത്തിൽ നിജപ്പെടുത്തിയിട്ടുണ്ട്. ഇത് അവലോകനം ചെയ്യുന്നതിനും സംവിധാനമുണ്ട്. അമിതമായി ജലചൂഷണം നടത്തുന്നുവെന്ന് ബോദ്ധ്യപ്പെട്ടാൽ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് റദ്ദാക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. നിലവിലെ വരൾച്ചയുടെ പശ്ചാത്തലത്തിൽ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ നിർദ്ദേശപ്രകാരം ഭൂജലം ഉപയോഗപ്പെടുത്തി പ്രവർത്തിക്കുന്ന കുപ്പിവെള്ള കമ്പനിയുടെ ഭൂജല ഉപഭോഗം 75% കുറയ്ക്കുന്നതിന് ഭൂജലവകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്.

### ഈരാറ്റുപേട്ട വാട്ടർ സപ്ലൈ സ്കീം നടപ്പാക്കാൻ നടപടി

186 (955) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ മന്ത്രിയ്ക്ക് എം.എൽ.എ. നൽകിയ കത്ത് നമ്പർ എം.എൽ.എ-പി.എൻ.ജെ.ആർ/ജി.പി/96/2016-17 തീയതി 31-1-2017 പ്രകാരം കുടിവെള്ള ക്ഷാമം അതിരൂക്ഷമായ ഈരാറ്റുപേട്ടയിൽ 'ഈരാറ്റുപ്പേട്ട വാട്ടർ സപ്ലൈ സ്കീം' അടിയന്തരമായി നടപ്പിലാക്കണമെന്ന ആവശ്യത്തിൻമേൽ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിയ്ക്കുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിയ്ക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ഉദ്യോഗസ്ഥർ വാട്ടർ അതോറിറ്റിയുടെ പ്രോജക്ട് പ്ളാനിംഗ് ഡിപ്പാർട്ടുമെന്റിന്റെ കോട്ടയം ക്യാമ്പ് ഓഫീസിൽ ഇല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) പ്രസ്തുത കത്തിലെ ആവശ്യത്തിന്മേൽ കേരള വാട്ടർ അതോറിറ്റി തുടർനടപടി സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പദ്ധതിക്കായുള്ള ജലസ്രോതസ്സിന്റെ ലഭ്യതയും പര്യാപ്തതയും കൂടാതെ വിവിധ ഘടകങ്ങൾക്കാവശ്യമായ സ്ഥലവും ലഭ്യമാക്കി, പദ്ധതി പ്രദേശത്തിന്റെ സർവ്വേയിംഗ് നടത്തി, പദ്ധതി രൂപരേഖ നിശ്ചയിച്ച് പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കേണ്ടതുണ്ട്.

(ഡി) ഉണ്ട്. പുതിയ പദ്ധതികൾക്കാവശ്യമായ സർവ്വേയും മറ്റ് രൂപരേഖകളും തയ്യാറാക്കുന്ന പ്രോജക്ട് പ്ലാനിംഗ് ഡിപ്പാർട്ടുമെന്റിന്റെ കോട്ടയം ക്യാമ്പ് ഓഫീസിലെ ഒഴിവുള്ള അസിസ്റ്റന്റ് എഞ്ചിനീയർ, ഹെഡ് സർവ്വേയർ, സർവ്വേയർ തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.

**കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി**

187 (956) <u>ശ്രീ. സി. ദിവാകരൻ</u> :
<u>ശ്രീ. ജി. എസ്. ജയലാൽ</u> :
<u>ശ്രീമതി ഗീതാ ഗോപി</u> :
<u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ കഠിനമായ വരൾച്ചയുടെ പശ്ചാത്തലത്തിൽ ഉണ്ടാകുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വ്യക്താമാക്കാമോ;

(ബി) മഴവെള്ളം സംഭരിച്ച് പുനരുപയോഗം നടത്തുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങൾ, അരുവികൾ, ചോലകൾ, നീർത്തടങ്ങൾ, എന്നിവ സംരക്ഷിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) കാലവർഷത്തിലുണ്ടായ കുറവ് പരിഗണിച്ച് വിവിധ നദികളിലെ ജലദൗർലഭ്യത്തിനുള്ള സാദ്ധ്യത കണക്കിലെടുത്ത് കുടിവെള്ള ക്ഷാമം നേരിടാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും കൂടുതൽ ജലലഭ്യത ഉറപ്പു വരുത്തുക.

2. ഇറിഗേഷൻ, വൈദ്യുത വകുപ്പുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി വിവിധ സ്രോതസ്സുകളിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. അടിക്കടി ലീക്കുമൂലം നഷ്ടം സംഭവിക്കുന്ന വിതരണ ലൈനുകൾ മാറ്റി പകരം പുതിയവ സ്ഥാപിക്കുന്ന പ്രവൃത്തികൾക്കു മുൻഗണന നൽകി ഘട്ടം ഘട്ടമായി നടപ്പാക്കി വരുന്നു.

4. ജലലഭ്യതയുള്ള സ്ഥലങ്ങളിൽ പൈപ്പ്ലൈൻ ദീർഘിപ്പിച്ച ജലം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

5. വാട്ടർ അതോറിറ്റി കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്തു പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

6. റവന്യൂ, തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ സഹകരണത്തോടെ ആവശ്യമായ സ്ഥലങ്ങളിൽ കിയോസ്കുകൾ സ്ഥാപിച്ച് ടാങ്കറുകൾ മുഖേന പരമാവധി ശുദ്ധജല വിതരണ സൗകര്യം ഏർപ്പെടുത്തുന്നതിനു നടപടി സ്വീകരിച്ചു വരുന്നു.

7. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പു സെറ്റുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുന്നതിനും കൂടുതൽ പമ്പിംഗ് ആവശ്യമാണെങ്കിൽ അഡീഷണൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

8. ആവശ്യമാകുന്ന പക്ഷം വാൽവുകൾ നിയന്ത്രിച്ച് കരുതൽ നടപടി സ്വീകരിക്കുന്നതിനും ഉദ്ദേശിക്കുന്നു.

9. ജലശുദ്ധീകരണശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായി ഉപയോഗിക്കുന്നതിന് ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി ശുദ്ധജല ലഭ്യത ഉറപ്പാക്കും.

10. നിയമവിരുദ്ധമായി ജലം ചോർത്തുന്നത് അനധികൃത ഉപയോഗവും മറ്റും കണ്ടുപിടിക്കുന്നതിനും ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനം ഉപയോഗപ്പെടുത്തുകയും നിയമാനുസൃതമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു.

11. പ്രതിമാസം 50 കിലോ ലിറ്ററിന് മുകളിൽ ഉപഭോഗം കണക്കാക്കുന്ന പുതിയ കണക്ഷനുകൾ നൽകുന്നതിന് താൽക്കാലിക നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

12. നിലവിൽ കൂടുതലായി ജലം ഉപയോഗിക്കുന്ന വ്യാവസായിക വാണിജ്യ കണക്ഷനുകളിൽ ഉപഭോഗത്തിനു നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

13. ജല ശുദ്ധീകരണശാലകളിൽ ബാക്ക് വാഷിംഗ് ചെയ്യുന്നതിന് ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് കഴിയുന്നത്ര നിയന്ത്രിക്കുന്നുണ്ട്.

14. വളരെ കാലമായി കേടായ വാട്ടർ മീറ്റർ മാറ്റി വയ്ക്കാത്ത ഉപഭോക്താക്കൾക്ക് കണക്ഷൻ വിച്ഛേദിക്കുവാൻ നോട്ടീസ് നൽകുകയും തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

മേൽപ്പറഞ്ഞ നടപടികൾ കൂടാതെ വരൾച്ച സംബന്ധിച്ച സ്ഥിതിഗതികൾ നിരന്തരം വിലയിരുത്തി വേണ്ട പരിഹാര നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനകം കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽ വച്ച് മേഖലാടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് വരൾച്ച സംബന്ധിച്ച വിശദമായ അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ തീരുമാനിച്ച കാര്യങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിന് വീഡിയോ കോൺഫറൻസിംഗ് വഴി അവലോകനവും നടത്തിയിരുന്നു.

ഭൂജലവകുപ്പ് സംസ്ഥാനത്തെ വരൾച്ച നേരിടുന്നതിനായി വിവിധ കുഴൽകിണർ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയിൻ കീഴിൽ 2016-17 സാമ്പത്തിക വർഷം ഒരു കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 32 ചെറുകിട കുടിവെള്ള പദ്ധതികളും 81 കുഴൽ കിണർ നിർമ്മാണവും 20 കൈപ്പമ്പ് പദ്ധതികളും 810 ഹാന്റ് പമ്പ് അറ്റകുറ്റപ്പണികളും ഇതുവരെ ഈ പദ്ധതിയിൻ

കീഴിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഗവൺമെന്റ് ഉത്തരവ് നമ്പർ ജി.ഒ (ആർ.റ്റി)നമ്പർ 318/2017/ഫിൻ. തീയതി 13-1-2017 പ്രകാരം 1240.33 ലക്ഷം രൂപ രാജീവ്ഗാന്ധി പദ്ധതിയിൽ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. 5505 കൈപ്പമ്പുകളുടെ അറ്റകുറ്റപ്പണികളും, 585 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണത്തിനുമുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 2163 കൈപ്പമ്പുകളുടെ അറ്റകുറ്റപ്പണികളും 70 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കുന്നതു വഴി പ്രാദേശിക തലത്തിൽ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനും ഉതകുന്ന ഒരു പുതിയ ജല ഉപഭോഗ സംസ്കാരം രൂപപ്പെടുത്തുന്നതിനാണ് ഹരിതകേരളം പദ്ധതി ഊന്നൽ നൽകുന്നത്. ഇതിന്റെ ആദ്യഘട്ടമായി 320 കോടി രൂപ ചെലവിൽ ഏകദേശം 9453 കുളങ്ങൾ നവീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതനുസരിച്ച് കുളങ്ങളിലെ മാലിന്യം, ചെളി, പായൽ ഇവ നീക്കം ചെയ്ത് അവയുടെ സംഭരണ ശേഷി വർദ്ധിപ്പിച്ച് കാർഷികാവശ്യങ്ങൾക്കും മറ്റു പാരിസ്ഥിതിക ധർമ്മങ്ങൾക്കും ജലലഭ്യത ഉറപ്പാക്കാൻ സാധിക്കുന്നതാണ്. ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ MNREGS -ൽ ഉൾപ്പെടുത്തി ജില്ലാ ഭരണകൂടം മുഖേനയാണ് പ്രവൃത്തി നടപ്പാക്കുന്നത്.

കുടിവെള്ള ലഭ്യത ഉറപ്പാക്കുക, കാർഷികാവശ്യങ്ങൾക്കും പാരിസ്ഥിതിക ധർമ്മങ്ങൾക്കാവശ്യമായ ജലം ലഭ്യമാക്കുക എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങളോടെ തടയണകൾ, വി.സി.ബി/ ആർ.സി.ബി.-കൾ എന്നിവ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്നു. പൂർത്തീകരിച്ച തടയണകൾ വി.സി.ബി/ ആർ.സി.ബി.-കൾ ഇവയിൽ ഷട്ടർ ഇട്ട് വെള്ളം സംഭരിച്ചിട്ടുണ്ട്. നദികളിലേയ്ക്ക് കടലിൽ നിന്നും ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി 2016-17 സാമ്പത്തിക വർഷം വിവിധ ജില്ലകളിലായി 56 പ്രവൃത്തികൾക്ക് 251.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയുടെ പ്രവർത്തനം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. ഇതുവഴി ഒരു പരിധി വരെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സാധിക്കുന്നതാണ്.

കാവേരി നദീജല ട്രൈബ്യൂണൽ വയനാട് ജില്ലയിലെ കബനി സബ് ബേസിനിലെ പദ്ധതികൾക്കായി അനുവദിച്ച ജലത്തിന്റെ വിഹിതം ഉപയോഗപ്പെടുത്തുന്നതിനായി നടപ്പു സാമ്പത്തിക വർഷം പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി 35 കോടി രൂപ ചെലവിൽ 24 ചെക്ക് ഡാമുകൾ, ഒരു റെഗുലേറ്റർ എന്നിവ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ നബാർഡ് ധന സഹായത്തോടെ ഏകദേശം 100 കോടി രൂപ ചെലവിൽ തടയണകളുടേയും റെഗുലേറ്ററുകളുടെയും പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പിലാക്കുന്നതിനു നടപടി സ്വീകരിച്ചു വരുന്നു.

(ബി) വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്നതിനായി കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായത്തോടെ കേരള വാട്ടർ അതോറിറ്റി മഴവെള്ള സംഭരണ പദ്ധതിയായ 'വർഷ' പദ്ധതി നടപ്പിലാക്കുന്നുണ്ട്. വർഷകാലത്ത് വീടിന്റെ മേൽക്കൂരയിൽ പതിക്കുന്ന മഴവെള്ളം ശാസ്ത്രീയമായി ടാങ്കിൽ ശേഖരിച്ച് സുരക്ഷിതമായി സൂക്ഷിച്ച് വേനൽക്കാലത്ത് ഉപയോഗിക്കുന്നതിനാണ് 'വർഷ' പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കുന്നതു വഴി പ്രാദേശികതലത്തിൽ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനും ഉതകുന്ന ഒരു പുതിയ ജല ഉപഭോഗ സംസ്കാരം രൂപപ്പെടുത്തുന്നതിനാണ് ഹരിതകേരളം മിഷൻ ഊന്നൽ നൽകുന്നത്. ഇതിന്റെ ആദ്യഘട്ടമായി 320 കോടി രൂപ ചെലവിൽ ഏകദേശം 9453 കുളങ്ങൾ നവീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതനുസരിച്ച് കുളങ്ങളിലെ മാലിന്യം, ചെളി, പായൽ ഇവ നീക്കം ചെയ്ത് അവയുടെ സംഭരണ ശേഷി വർദ്ധിപ്പിച്ച് കാർഷികാവശ്യങ്ങൾക്കും മറ്റു പാരിസ്ഥിതിക ധർമ്മങ്ങൾക്കും ജല ലഭ്യത ഉറപ്പാക്കാൻ സാധിക്കുന്നതാണ്. ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ MNREGS-ൽ ഉൾപ്പെടുത്തി ജില്ലാ ഭരണകൂടം മുഖേനയാണ് പ്രവൃത്തി നടപ്പാക്കുന്നത്.

(സി) പരമ്പരാഗതമായ ജലസ്രോതസ്സുകളായ കുളങ്ങൾ, അരുവികൾ, ചോലകൾ, നീർത്തടങ്ങൾ എന്നിവയുടെ സംരക്ഷണം ബന്ധപ്പെട്ട പ്രദേശത്തെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കും ജലസേചന വകുപ്പിനുമാണ്.

**ചെറുകിട ജലവിതരണ, ജലനിധി പദ്ധതികൾ പുനരാരംഭിക്കാൻ നടപടി**

188 (957) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിടജലവിതരണ പദ്ധതികൾ (കെ.ഡബ്ല്യു.എ. മുഖേനയുള്ളതും ജലനിധിയിൽ പൂർത്തീകരിച്ചതും) മെയിന്റനൻസ് നടത്താത്തതിനാൽ മുടങ്ങിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പുനരാരംഭിക്കാത്തത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കാമോ ;

(സി) രൂക്ഷമായ വരൾച്ച കണക്കിലെടുത്ത് ജലനിധി പദ്ധതികൾ കൂടി പുനഃസ്ഥാപിക്കുന്നതിനും പുനരാരംഭിക്കുന്നതിനും ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) കേരള വാട്ടർ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ജലനിധിയുടെ ഒന്നാം ഘട്ടത്തിൽ പൂർത്തീകരിച്ച് ഗുണഭോക്തൃ സമിതികൾ പ്രവർത്തനവും പരിപാലനവും നടത്തിയിരുന്ന ഏതാനും കുടിവെള്ള പദ്ധതികൾ മുടങ്ങിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജലനിധി പദ്ധതികൾ പൂർത്തീകരിച്ച് പഞ്ചായത്തുമായി വിട്ടുതൽ ചെയ്തു കഴിഞ്ഞാൽ പദ്ധതിയുടെ പ്രവർത്തനവും പരിപാലനവും അതാത് ഗുണഭോക്തൃ സമിതികളുടെ ചുമതലയാണ്. ആയതിനാൽ മെയിന്റനൻസിന് ആവശ്യമായ തുക കണ്ടെത്താൻ ഗുണഭോക്തൃ സമിതികൾക്ക് കഴിയാത്ത സാഹചര്യങ്ങളിലാണ് ടി പദ്ധതികൾ പുനരുദ്ധരിക്കാൻ സാധിക്കാത്തത്.

(സി) പ്രവർത്തനം നിലച്ച പദ്ധതികൾ പുനരുജ്ജീവിപ്പിക്കുന്നതിന് ഒന്നാം ഘട്ടത്തിൽ ജലനിധി പദ്ധതിയിൽ അവശേഷിക്കുന്ന തുക വിനിയോഗിക്കുന്നത് സംബന്ധിച്ച ആവശ്യം പരിശോധിച്ചുവരുന്നു.

**കുടിവെള്ളക്ഷാമം**

189 (958) <u>ശ്രീ. എസ്. ശർമ്മ</u> :
<u>ശ്രീ. കെ. ദാസൻ</u> :
<u>ശ്രീ. പി. കെ. ശശി</u> :
<u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന കടുത്ത വരൾച്ചയുടെ പശ്ചാത്തലത്തിൽ ഉണ്ടാകാനിടയുള്ള കുടിവെള്ളക്ഷാമം പരിഹരിക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) ഉപയോഗശൂന്യമായി കിടക്കുന്ന കുളങ്ങളും കിണറുകളും കുഴൽകിണറുകളും ഉൾപ്പെടെയുള്ള കുടിവെള്ളസ്രോതസ്സുകൾ അടിയന്തിരമായി പുനരുദ്ധരിച്ച് ഉപയോഗ യോഗ്യമാക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) കുടിവെള്ളക്ഷാമം മുതലാക്കി കുടിവെള്ളം എന്ന പേരിൽ ഉപയോഗ യോഗ്യമല്ലാത്ത വെള്ളം വിൽക്കുന്ന സംഘങ്ങളുടെ പ്രവർത്തനം നിയന്ത്രണ വിധേയമാക്കാനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കാലവർഷത്തിലുണ്ടായ കുറവ് പരിഗണിച്ച് വിവിധ നദികളിലെ ജലദൗർലഭ്യത്തിനുള്ള സാദ്ധ്യത കണക്കിലെടുത്ത് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

1. സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും കൂടുതൽ ജലലഭ്യത ഉറപ്പു വരുത്തുക.

2. ഇറിഗേഷൻ, വൈദ്യുത വകുപ്പുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി വിവിധ സ്രോതസ്സുകളിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

3. അടിക്കടി ലീക്കുമൂലം നഷ്ടം സംഭവിക്കുന്ന വിതരണ ലൈനുകൾ മാറ്റി പകരം പുതിയവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

4. ജലലഭ്യതയുള്ള സ്ഥലങ്ങളിൽ പൈപ്പു ലൈൻ ദീർഘിപ്പിച്ചു ജലം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

5. വാട്ടർ അതോറിറ്റി കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്തു പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പു വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

6. റവന്യൂ, തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ സഹകരണത്തോടെ ആവശ്യമായ സ്ഥലങ്ങളിൽ കിയോസ്കുകൾ സ്ഥാപിച്ച് ടാങ്കറുകൾ മുഖേന പരമാവധി ശുദ്ധജല വിതരണ സൗകര്യം ഏർപ്പെടുത്തുന്നതിനു നടപടി സ്വീകരിച്ചു വരുന്നു.

7. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പു സെറ്റുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുന്നതിനും കൂടുതൽ പമ്പിംഗ് ആവശ്യമാണെങ്കിൽ അഡീഷണൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

8. ആവശ്യമാകുന്നപക്ഷം വാൽവുകൾ നിയന്ത്രിച്ച് കരുതൽ നടപടി സ്വീകരിക്കുന്നതിനും ഉദ്ദേശിക്കുന്നു.

9. ജലശുദ്ധീകരണശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായി ഉപയോഗിക്കുന്നതിന് ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി ശുദ്ധജല ലഭ്യത ഉറപ്പാക്കാം.

10. നിയമവിരുദ്ധമായി ജലം ചോർത്തുന്നത് അനധികൃത ഉപയോഗവും മറ്റും കണ്ടുപിടിക്കുന്നതിനും ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനം ഉപയോഗപ്പെടുത്തുകയും നിയമാനുസൃതമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു.

11. പ്രതിമാസം 50 കിലോ ലിറ്ററിനു മുകളിൽ ഉപഭോഗം കണക്കാക്കുന്ന പുതിയ കണക്ഷനുകൾ നൽകുന്നതിന് താൽക്കാലിക നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

12. നിലവിൽ കൂടുതലായി ജലം ഉപയോഗിക്കുന്ന വ്യാവസായിക വാണിജ്യ കണക്ഷനുകളിൽ ഉപഭോഗത്തിനു നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

13. ജല ശുദ്ധീകരണശാലകളിൽ ബാക്ക് വാഷിംഗ് ചെയ്യുന്നതിന് ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് കഴിയുന്നത്ര നിയന്ത്രിക്കുന്നുണ്ട്.

14. വളരെ കാലമായി കേടായ വാട്ടർ മീറ്റർ മാറ്റി വയ്ക്കാത്ത ഉപഭോക്താക്കൾക്ക് കണക്ഷൻ വിച്ഛേദിക്കുവാൻ നോട്ടീസ് നൽകുകയും തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

മേൽപ്പറഞ്ഞ നടപടികൾ കൂടാതെ വരൾച്ച സംബന്ധിച്ച സ്ഥിതിഗതികൾ നിരന്തരം വിലയിരുത്തി വേണ്ട പരിഹാര നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനകം കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽ വച്ച് മേഖലാടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് വരൾച്ച സംബന്ധിച്ച വിശദമായ അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ തീരുമാനിച്ച കാര്യങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിന് വീഡിയോ കോൺഫറൻസിംഗ് വഴി അവലോകനവും നടത്തിയിരുന്നു.

ഭൂജലവകുപ്പ് സംസ്ഥാനത്തെ വരൾച്ച നേരിടുന്നതിനായി വിവിധ കുഴൽകിണർ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയിൻ കീഴിൽ 2016-17 സാമ്പത്തിക വർഷം ഒരു കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ ഒരു കോടി രൂപയും ചെലവഴിച്ചു കഴിഞ്ഞു. 32 ചെറുകിട കുടിവെള്ള പദ്ധതികളും 81 കുഴൽ

കിണർ നിർമ്മാണവും 20 കൈപ്പമ്പ് പദ്ധതികളും 810 ഹാന്റ് പമ്പ് അറ്റകുറ്റപ്പണികളും ഇതുവരെ ഈ പദ്ധതിയിൻ കീഴിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഗവൺമെന്റ് ഉത്തരവ് നമ്പർ ജി.ഒ (ആർ.റ്റി) നമ്പർ 318/2017/ഫിൻ. തീയതി 13-1-2017 പ്രകാരം 1240.33 ലക്ഷം രൂപ രാജീവ്ഗാന്ധി പദ്ധതിയിൽ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. 5505 കൈപ്പമ്പുകളുടെ അറ്റകുറ്റ പണികളും 585 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണത്തിനുമുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 2163 കൈപ്പമ്പുകളുടെ അറ്റകുറ്റപണികളും 70 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കുന്നതുവഴി പ്രാദേശിക തലത്തിൽ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനും ഉതകുന്ന ഒരു പുതിയ ജല ഉപഭോഗ സംസ്കാരം രൂപപ്പെടുത്തുന്നതിനാണ് ഹരിതകേരളം പദ്ധതി ഊന്നൽ നൽകുന്നത്. ഇതിന്റെ ആദ്യ ഘട്ടമായി 320 കോടി രൂപ ചെലവിൽ ഏകദേശം 9453 കുളങ്ങൾ നവീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതനുസരിച്ച് കുളങ്ങളിലെ മാലിന്യം, ചെളി, പായൽ ഇവ നീക്കം ചെയ്ത് അവയുടെ സംഭരണശേഷി വർദ്ധിപ്പിച്ച് കാർഷികാവശ്യങ്ങൾക്കും മറ്റു പാരിസ്ഥിതിക ധർമ്മങ്ങൾക്കും ജല ലഭ്യത ഉറപ്പാക്കാൻ സാധിക്കുന്നതാണ്. ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ MNREGS-ൽ ഉൾപ്പെടുത്തി ജില്ലാ ഭരണകൂടം മുഖേനയാണ് പ്രവൃത്തി നടപ്പാക്കുന്നത്.

കുടിവെള്ള ലഭ്യത ഉറപ്പാക്കുക, കാർഷികാവശ്യങ്ങൾക്കും പാരിസ്ഥിതിക ധർമ്മങ്ങൾക്കാവശ്യമായ ജലം ലഭ്യമാക്കുക എന്നീ ഉദ്ദേശലക്ഷ്യങ്ങളോടെ തടയണകൾ, വി.സി.ബി/ആർ.സി.ബി.-കൾ എന്നിവ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കി വരുന്നു. പൂർത്തീകരിച്ച തടയണകൾ വി.സി.ബി/ആർ.സി.ബി.-കൾ ഇവയിൽ ഷട്ടർ ഇട്ട് വെള്ളം സംഭരിച്ചിട്ടുണ്ട്. നദികളിലേയ്ക്ക് കടലിൽ നിന്നും ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി 2016-17 സാമ്പത്തിക വർഷം വിവിധ ജില്ലകളിലായി 56 പ്രവൃത്തികൾക്ക് 251.50 ലക്ഷം രൂപയുടെ ഭരണാനുമതി

നൽകിയിട്ടുണ്ട്. ഇവയുടെ പ്രവർത്തനം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. ഇതുവഴി ഒരു പരിധി വരെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സാധിക്കുന്നതാണ്.

കാവേരി നദീജല ട്രൈബ്യൂണൽ വയനാട് ജില്ലയിലെ കബനി ബേസിനിലെ പദ്ധതികൾക്കായി അനുവദിച്ച ജലത്തിന്റെ വിഹിതം ഉപയോഗപ്പെടുത്തുന്നതിനായി നടപ്പു സാമ്പത്തിക വർഷം പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി 35 കോടി രൂപ ചെലവിൽ 24 ചെക്ക് ഡാമുകൾ, ഒരു റെഗുലേറ്റർ എന്നിവ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ നബാർഡ് ധന സഹായത്തോടെ ഏകദേശം 100 കോടി രൂപ ചെലവിൽ തടയണകളുടേയും റെഗുലേറ്ററുകളുടേയും പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പിലാക്കുന്നതാണ്.

(ബി) ജലസ്രോതസ്സുകളെ സംരക്ഷിക്കുന്നതിനും, പുനരുജ്ജീവിപ്പിക്കുന്നതിനും വേണ്ടി സംസ്ഥാന സർക്കാർ ഹരിതകേരളം മിഷൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കുന്നതു വഴി പ്രാദേശിക തലത്തിൽ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനും ഉതകുന്ന ഒരു പുതിയ ജല ഉപഭോഗ സംസ്കാരം രൂപപ്പെടുത്തുന്നതിനാണ് ഹരിത കേരളം പദ്ധതി ഊന്നൽ നൽകുന്നത്. ഇതിന്റെ ആദ്യ ഘട്ടമായി 320 കോടി രൂപ ചെലവിൽ ഏകദേശം 9453 കുളങ്ങൾ നവീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതനുസരിച്ച് കുളങ്ങളിലെ മാലിന്യം, ചെളി, പായൽ ഇവ നീക്കം ചെയ്ത് അവയുടെ സംഭരണശേഷി വർദ്ധിപ്പിച്ച് കാർഷികാവശ്യങ്ങൾക്കും മറ്റു പാരിസ്ഥിതിക ധർമ്മങ്ങൾക്കും ജല ലഭ്യത ഉറപ്പാക്കാൻ സാധിക്കുന്നതാണ്. ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ MNREGS-ൽ ഉൾപ്പെടുത്തി ജില്ലാ ഭരണകൂടം മുഖേനയാണ് പ്രവൃത്തി നടപ്പാക്കുന്നത്.

(സി) ഉപയോഗയോഗ്യമല്ലാത്ത ജലം വിതരണം ചെയ്യുന്നത് തടയുവാൻ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു.

**ജലസ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പാക്കുന്ന പദ്ധതി**

190 (959) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പാക്കുന്നതിനായി പരിസ്ഥിതിക്ക് ഇണങ്ങുന്നതും ശാസ്ത്രീയവുമായ ഏതെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമെന്ന് വിശദമാക്കുമോ ;

(ബി) ജല ദുർവിനിയോഗം കുറയ്ക്കുന്നതിന് എന്തെല്ലാം ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജലസ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പാക്കുന്നതിനായി നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ലക്ഷ്യമിട്ട് ഹരിതകേരളം മിഷനിൽ ഉൾപ്പെട്ട പദ്ധതികൾ ജലവിഭവ വകുപ്പ് നടപ്പിലാക്കുന്നു. കുളങ്ങളും തോടുകളും പരിസ്ഥിതി സൗഹൃദ പരിപാടികളിലൂടെ വൃത്തിയാക്കി പുനരുജ്ജീവിപ്പിക്കുന്നതിനാണ് ആദ്യ ഘട്ടത്തിൽ മുൻഗണന നൽകുന്നത്. പുനരാവിഷ്കരിക്കാൻ കഴിയുന്ന ഒരു മാതൃക രൂപപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കൊട്ടാരക്കര പുലമൺതോടിന്റെ നവീകരണം വിവിധ ഏജൻസികളുടെ ഏകോപനത്തോടെ നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ കോഴിക്കോട് ആസ്ഥാനമായുള്ള സി.ഡബ്ല്യൂ.ആർ.ഡി.എം (സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡെവലപ്പ്മെന്റ് ആന്റ് മാനേജ്മെന്റ്)-ന്റെ സഹായത്തോടുകൂടി ഒരു മാനേജ്മെന്റ് ആക്ഷൻ പ്ലാൻ (കരട്) ജലസേചന വകുപ്പ് തയ്യാറാക്കുകയും ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്. ജല അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകൾക്ക് സമീപം പരിസ്ഥിതിക്ക് ഇണങ്ങുന്ന വിധത്തിലുള്ള സ്ഥിരം/താൽക്കാലിക തടയണകൾ നിർമ്മിച്ചും ജലസ്രോതസ്സുകളിൽ നിന്നുള്ള മാലിന്യങ്ങൾ നീക്കം ചെയ്തും കയങ്ങളിൽ നിന്നും താൽക്കാലിക പമ്പിംഗ് അവലംബിച്ചും ജലലഭ്യത ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഭൂജലവകുപ്പ് സംസ്ഥാനത്തെ ഭൂജല സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി വിവിധ തരത്തിലുള്ള ഭൂജല സംപോഷണ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. മഴക്കുഴികൾ, തുറന്ന കിണർ, കുഴൽക്കിണർ എന്നിവ മുഖേനയുള്ള ഭൂജല സംപോഷണം, അടിയണകളുടെ നിർമ്മാണം എന്നിവ വകുപ്പ് നടത്തി വരുന്നു. ഇത്തരം പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിൽ സാങ്കേതിക സഹായവും നൽകി വരുന്നു. ജലനിധി കുടിവെള്ള പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്തുകളിൽ പഞ്ചായത്തു തലത്തിൽ ജലസുരക്ഷാ രൂപരേഖ ശാസ്ത്രീയമായി പഠനം നടത്തി തയ്യാറാക്കിയിട്ടുണ്ട്. ഈ രൂപരേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ചാണ് പ്രവർത്തനം നടത്തി വരുന്നത്. ഇതിനുപുറമെ സ്റ്റേറ്റ് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിന്റെ ഹൈഡ്രോജിയോളജിസ്റ്റ്, റിട്ടയേർഡ് ഹൈഡ്രോജിയോളജിസ്റ്റ് തുടങ്ങിയവരുടെ സേവനം ഉപയോഗിച്ച് വിശദമായ ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ സ്രോതസ്സുകളുടെ സ്ഥാനനിർണ്ണയം ഉറപ്പുവരുത്തുന്നു. സ്രോതസ്സിന്റെ സുരക്ഷയ്ക്കുവേണ്ടി അനുയോജ്യമായ ഭൂഗർഭജല പരിപോഷണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പദ്ധതി കമ്മീഷൻ ചെയ്യുന്നതിനു മുമ്പ് Yield Test നടത്തി ജലലഭ്യത ഉറപ്പുവരുത്തുന്നു. കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ജലവിതരണം നിയന്ത്രിക്കുന്നുണ്ട്.

(ബി) ജല ദുർവിനിയോഗം കുറയ്ക്കുന്നതിനായി ഉപഭോക്താക്കൾ നൽകേണ്ട അപേക്ഷകൾ, ബില്ലുകൾ, മറ്റു നോട്ടീസുകൾ എന്നിവയിലൂടെ ജലദുർവിനിയോഗം കുറയ്ക്കുന്നതിനുള്ള മുദ്രാവാക്യങ്ങൾ പതിപ്പിച്ചും ജല അതോറിറ്റി ഉദ്യോഗസ്ഥർ നേരിട്ടും ജനങ്ങളെ ബോധവത്ക്കരിക്കാറുണ്ട്. ജലദുർവിനിയോഗം ശ്രദ്ധയിൽപ്പെട്ടാൽ കേരള ജല അതോറിറ്റി നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. ഭൂജല സംപോഷണം, ഭൂജല ഉപയോഗത്തിന്റെ നിയന്ത്രണവും ക്രമീകരണവും എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി ഭൂജലവകുപ്പ് പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ലഘുലേഖകൾ അച്ചടിച്ച് വിതരണം ചെയ്യുകയും ചെയ്തു വരുന്നുണ്ട്. ജലദുർവിനിയോഗം കുറയ്ക്കുന്നതിന് ജലനിധിയുടെ IEC (Information, Education, Communication) മുഖേന പരിശീലന പരിപാടികൾ, നോട്ടീസ് വിതരണം, ബോധവത്ക്കരണ ക്ലാസ്സുകൾ എന്നിവ നടത്തിവരുന്നു.

**കോട്ടയ്ക്കലിൽ ഭാരതപ്പുഴയോരം സംരക്ഷണഭിത്തി കെട്ടാൻ നടപടി**

191 (960) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ പേരശ്ശന്നൂർ പിഷാരക്കൽ ഭഗവതി ക്ഷേത്രത്തിന്റെ ഭാരതപ്പുഴയോട് ചേർന്നുള്ള ഭാഗം ഭിത്തികെട്ടി സംരക്ഷിക്കണമെന്ന അപേക്ഷയും, കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ചെങ്ങണക്കടവ് പ്രദേശത്ത് സംരക്ഷണഭിത്തി കെട്ടി സംരക്ഷിക്കണമെന്ന അപേക്ഷയും സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ചീഫ് എഞ്ചിനീയർ എടുത്ത നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുവാൻ ആവശ്യമായ ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ പേരശ്ശന്നൂർ പിഷാരക്കൽ ഭഗവതി ക്ഷേത്രത്തിന്റെ ഭാരതപ്പുഴയോട് ചേർന്നുള്ള ഭാഗം സംരക്ഷിക്കുന്നതിനായി 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് RMF-ൽ ഉൾപ്പെടുത്തി സംസ്ഥാനതല വിദഗ്ദ്ധ സമിതിയുടെ അംഗീകാരം ലഭിക്കുന്നതിനായി ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷയിലെ പ്രവൃത്തിയായ ചെങ്ങണം കടവിൽ ഭാരതപ്പുഴയുടെ വലതുകര സംരക്ഷിക്കുന്നതിനായി 21.50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

**പെരുമ്പുഴക്കടവ്-പൂവം പാലം**

192(961) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന് കീഴിൽ ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ പെരുമ്പുഴക്കടവ്-പൂവം പാലത്തിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പാലത്തിന്റെ അപ്രോച്ച് റോഡ് തകർന്ന സാഹചര്യത്തിൽ അത് പുനർനിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് ഇതിനോടകം എത്ര കോടി രൂപ ചെലവഴിച്ചുവെന്നും പ്രവൃത്തി പൂർത്തീകരിക്കാൻ ഇനി എത്ര തുക വേണ്ടി വരുമെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) പെരുമ്പുഴക്കടവ് പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും പാർശ്വഭിത്തികളുടെയും പുനർനിർമ്മാണത്തിന്റെ രൂപകല്പന പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(സി) പ്രസ്തുത പദ്ധതിക്കായി 1.95 കോടി രൂപ ചെലവഴിച്ചു. പദ്ധതി പൂർത്തീകരിക്കുവാൻ 350 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് റേറ്റ് തയ്യാറാക്കുമ്പോൾ മാത്രമേ പൂർണ്ണമായ തുക കണക്കാക്കുവാൻ കഴിയുകയുള്ളൂ.

**തണ്ണീർത്തടാകങ്ങൾ നികത്തുന്നത്**

193 (962) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായലുകൾ, തടാകങ്ങൾ, നദികൾ, കുളങ്ങൾ എന്നിവ പൊതു-സ്വകാര്യ ആവശ്യങ്ങൾക്ക് വേണ്ടി നികത്തുന്നതിൽ സർക്കാർ നയം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരം തണ്ണീർത്തടങ്ങൾ സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും നിർബാധം നികത്തിക്കൊണ്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് എവിടെയെല്ലാം ഇത്തരത്തിലുള്ള കയ്യേറ്റങ്ങളും നികത്തലുകളും സർക്കാർ കണ്ടെത്തിയിട്ടുണ്ട് ; കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഡി) ഉണ്ടെങ്കിൽ ഇത്തരം തണ്ണീർത്തടങ്ങളെ കയ്യേറ്റത്തിൽ നിന്നും നികത്തലിൽ നിന്നും സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കായലുകൾ, തടാകങ്ങൾ, നദികൾ, കുളങ്ങൾ എന്നിവ ഏതുതരം ആവശ്യങ്ങൾക്കുവേണ്ടിയാണെങ്കിലും നികത്തുവാൻ പാടില്ല എന്നതാണ് പൊതുവിൽ സ്വീകരിച്ചുവരുന്ന നയം. ഇതിന് അനുപൂരകമായി വിവിധ നിയമങ്ങൾ നിലവിലുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാന പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പാണ് തണ്ണീർത്തടങ്ങൾ സംബന്ധിച്ച നോഡൽ വകുപ്പ്. ആയതിനാൽ കയ്യേറ്റങ്ങളും നികത്തലുകളും സംബന്ധിച്ച വിവരങ്ങൾ ജലവിഭവ വകുപ്പിൽ ലഭ്യമല്ല.

(ഡി) കേന്ദ്ര തണ്ണീർത്തട നിയമം 2010 അനുസരിച്ച് തണ്ണീർത്തടങ്ങളുടെ ഇൻവെന്ററി സംസ്ഥാന പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് തയ്യാറാക്കേണ്ടതുണ്ട്. ഇതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ച് തണ്ണീർത്തടങ്ങളുടെ നിലവിലുള്ള അവസ്ഥ/ വിസ്തൃതി പ്രസിദ്ധീകരിച്ച് പൊതുജന പങ്കാളിത്തം ഉറപ്പാക്കാൻ കഴിഞ്ഞാൽ തണ്ണീർത്തടങ്ങളുടെ സംരക്ഷണം കൂടുതൽ ഉറപ്പാക്കാൻ കഴിയും.

## 2017-18 വർഷത്തെ ഇറിഗേഷൻ പ്രൊപ്പോസലുകൾ

194 (963) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ ബജറ്റിൽ ഉൾപ്പെടുന്നതിനായി മേജർ ഇറിഗേഷൻ കോഴിക്കോട് ഡിവിഷൻ ഓഫീസിൽ നിന്ന് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിലെ വിശദാംശം ലഭ്യമാക്കുമോ;

(ബി) 2017-18 വർഷത്തെ ബജറ്റിൽ ഉൾപ്പെടുന്നതിനായി മൈനർ ഇറിഗേഷൻ കോഴിക്കോട് ഡിവിഷനിൽ നിന്ന് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിലെ വിശദാംശം ലഭ്യമാക്കുമോ;

(സി) 2017-18 വർഷത്തെ ബജറ്റിൽ ഉൾപ്പെടുന്നതിനായി കുറ്റ്യാടി ഇറിഗേഷൻ കോഴിക്കോട് ഡിവിഷനിൽ നിന്ന് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിലെ പദ്ധതികൾ എന്തെല്ലാം; വിശദമാക്കുമോ?

ഉത്തരം

(എ&ബി) ജലസേചന വകുപ്പ്:

2017-18 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി മേജർ, മൈനർ ഇറിഗേഷൻ കോഴിക്കോട് ഡിവിഷൻ ഓഫീസിൽ നിന്ന് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിലെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കുറ്റ്യാടി ജലസേചന പദ്ധതിയുടെ കനാലുകളും അക്വാഡക്ടുകളും കാലപ്പഴക്കംമൂലം പല ഭാഗത്തും തകർച്ചയും ചോർച്ചയും സംഭവിച്ചിട്ടുള്ളതിനാൽ കനാലുകളുടെ ഇരുകരകളിലുമുള്ള പ്രദേശങ്ങളിൽ വെള്ളക്കെട്ടും കൃഷിനാശവും ഉണ്ടാകാറുണ്ട്. വീടുകളിലും പറമ്പുകളിലും അധിക ജലം വരുന്നതുമൂലം ജനങ്ങൾക്കും വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്. ഇതിനാൽ കനാലിന്റെ വാലറ്റത്ത് വേണ്ടത്ര ജലവിതരണം നടത്തുന്നതിന് സാധിക്കാതെ വരുന്നു. ആയത് പരിഹരിക്കുന്നതിന് കനാൽ ബണ്ടുകൾ സംരക്ഷിച്ച് ശക്തിപ്പെടുത്തേണ്ടതും ചോർച്ച അടക്കുന്നതിന് ലൈനിംഗ് പ്രവൃത്തികൾ ചെയ്യേണ്ടതുമുണ്ട്. നിലവിലുള്ള ചില അക്വാഡക്ടുകൾ അറ്റകുറ്റപ്പണികൾ ചെയ്യേണ്ടതും മറ്റ് ചിലത് പൂർണ്ണമായും പുനർനിർമ്മിക്കേണ്ടതുമുണ്ട്. ഈ പദ്ധതി വിഭാവനം ചെയ്ത രീതിയിൽ സുഗമമായി ജലവിതരണം നടത്തുന്നതിന് 1000 ലക്ഷം രൂപയുടെ പദ്ധതി നിർദ്ദേശങ്ങൾ 2017-18 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്.

## ഭാരതപ്പുഴയുടെ വലതുകര ഇടിഞ്ഞുപോകുന്നത് സംരക്ഷിക്കുന്നതിന് സമർപ്പിച്ച നിവേദനം

195 (964) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ പേരശ്ശന്നൂർ ഭഗവതി ക്ഷേത്രത്തിന്റെ ഭാരതപ്പുഴയോട് ചേർന്നുള്ള ഭാഗവും ചെങ്ങനക്കടവ് പ്രദേശത്ത് ഭാരതപ്പുഴയുടെ വലതുകരയും സ്ഥിരമായി ഇടിഞ്ഞുപോകുന്നത് സംരക്ഷിക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട കക്ഷികൾ നൽകിയ നിവേദനങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) 1034/എം(ഡബ്ല്യു.ആർ)/16, 1044/എം(ഡബ്ല്യു.ആർ)16 എന്നീ നമ്പരികളിലുള്ള ഫയലുകളിൽ സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(സി) ഇത് സംബന്ധിച്ച് ഇറിഗേഷൻ വകുപ്പ് ചീഫ് എഞ്ചിനീയർ സ്വീകരിച്ച നടപടികളും ഫയലിന്റെ മുഴുവൻ വിവരവും ലഭ്യമാക്കുമോ;

(ഡി) ആയതിന്റെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; പ്രസ്തുത ഫയലിന്റെ വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ പേരശ്ശന്നൂർ ഭഗവതി ക്ഷേത്രത്തിന്റെ ഭാരതപ്പുഴയോട് ചേർന്നുള്ള ഭാഗം സംരക്ഷിക്കുന്നതിനായി 50 ലക്ഷം രൂപയ്ക്കുള്ള എസ്റ്റിമേറ്റ് RMF-ൽ ഉൾപ്പെടുത്തി സംസ്ഥാനതല വിദഗ്ദ്ധ സമിതിയുടെ അംഗീകാരം ലഭിക്കുന്നതിനായി ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷയിന്മേൽ കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന് സമീപത്തായി ചെങ്ങണം കടവിൽ ഭാരതപ്പുഴയുടെ വലതുകര സംരക്ഷിക്കുന്നതിനായുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് PRICE വഴി സമർപ്പിച്ചതിൽ ചീഫ് എഞ്ചിനീയർ സാമ്പത്തികാനുമതിയും ഭരണാനുമതിയും നൽകിയിട്ടുണ്ട്.

**കടൽക്ഷോഭമനുഭവപ്പെടുന്ന തീരപ്രദേശങ്ങളിൽ സുരക്ഷാ ഭിത്തികൾ**

196 (965) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ നിരന്തരമായി കടൽക്ഷോഭമനുഭവപ്പെടുന്ന തീരപ്രദേശങ്ങളിൽ സുരക്ഷാ ഭിത്തികൾ നിർമ്മിക്കണമെന്ന നിരന്തരമായ ആവശ്യത്തെ തുടർന്ന് ഇവിടങ്ങളിൽ എൻ.ഐ.ഐ.ടി. പഠനം നടത്തി കടൽ ഭിത്തി നിർമ്മിക്കുന്നതിന് ഇറിഗേഷൻ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കൊയിലാണ്ടി മണ്ഡലത്തിൽ നടന്നുവരുന്ന കടലാക്രമണ നിരോധന പ്രവൃത്തികളും കടൽഭിത്തി നിർമ്മാണ പ്രവൃത്തികളും ഏതെല്ലാം; ഓരോ പദ്ധതിയുടെയും എ.എസ്. തുക എത്ര; വിശദമാക്കാമോ?

ഉത്തരം

(എ) കേരള തീരങ്ങളിൽ കടൽ ഭിത്തിയുടെ ആവശ്യകതയും ഡിസൈനും സി.ഡബ്ല്യു.പി.ആർ.എസ്. മുഖേന പഠനം നടത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) 2016-17 സാമ്പത്തികവർഷം താഴെപ്പറയുന്ന കടലാക്രമണ നിരോധന പ്രവൃത്തികൾ കൊയിലാണ്ടി മണ്ഡലത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്.

1. ചേമഞ്ചേരി പഞ്ചായത്തിൽ സി.പി.1902-ന് തെക്ക് നിന്ന് തുടങ്ങി തെക്കോട്ട് 50 മീറ്റർ നീളത്തിൽ കാപ്പാട് കടൽഭിത്തി നിർമ്മാണം - 50 ലക്ഷം രൂപ
2. പയ്യോളി പഞ്ചായത്തിൽ സി.പി. 2036-ന് തെക്ക് 450 മീറ്റർ നീളത്തിൽ കൊളാവിപ്പാലം കോട്ടപ്പുറം കടൽഭിത്തി നിർമ്മാണം -260 ലക്ഷം രൂപ
3. ചേമഞ്ചേരി പഞ്ചായത്തിൽ സി.പി. 1901-ന് 16 മീറ്റർ തെക്ക് തുടങ്ങി വടക്കോട്ട് 50 മീറ്റർ നീളത്തിൽ കാപ്പാട് കടൽഭിത്തിയുടെ പുനരുദ്ധാരണം-15 ലക്ഷം രൂപ

**കുഴൽ കിണറുകളുടെ നിർമ്മാണം**

197 (966) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുഴൽ കിണറുകൾ നിർമ്മിക്കുന്നതുമൂലം ജലക്ഷാമം ഉണ്ടാകുന്നതായുള്ള പരാതി ലഭിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ ശാസ്ത്രീയമായി പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പഠനത്തിനായി ഏത് ഏജൻസി/വിദഗ്ദ്ധരെയാണ് നിയോഗിച്ചിരുന്നത് ; ഇതിൽ പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) കുഴൽ കിണർ നിർമ്മിക്കുന്നതിന് സംസ്ഥാനത്ത് നിരോധനമുണ്ടോ ; എങ്കിൽ നിരോധനം എന്തടിസ്ഥാനത്തിലെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കുഴൽ കിണറുകളുടെ നിർമ്മാണം മാത്രമാണ് ജലക്ഷാമം ഉണ്ടാക്കുന്നത് എന്ന് പറയുവാൻ സാധിക്കുകയില്ല. സംസ്ഥാനത്ത് പൊതുവേ മഴയിലുണ്ടാകുന്ന കുറവ് ജലക്ഷാമത്തിന് കാരണമാകുന്നുണ്ട്.

(ബി) ഭൂജല വകുപ്പ് പ്രസ്തുത വിഷയത്തിൽ ശാസ്ത്രീയമായി പഠനം നടത്തിയിട്ടില്ല.

(സി) ബാധകമല്ല.

(ഡി) കുഴൽ കിണർ നിർമ്മിക്കുന്നതിന് ഭൂജല വകുപ്പ് വിജ്ഞാപനം ചെയ്യപ്പെട്ട ബ്ലോക്കുകളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സ്വകാര്യ വ്യക്തികൾ നടത്തുന്ന കുഴൽ കിണർ നിർമ്മാണം ഭൂജല വകുപ്പിലെ ജില്ലാ ഉദ്യോഗസ്ഥന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർക്ക് ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ടിന്റെ വ്യവസ്ഥകളനുസരിച്ച് നിർത്തിവയ്ക്കാവുന്നതാണെന്ന നിർദ്ദേശം റവന്യൂ വകുപ്പ് നൽകിയിട്ടുണ്ട്.

**ഭൂഗർഭ കിണറുകളുടെ നിർമ്മാണം**

198 (967) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂഗർഭ കിണറുകളുടെ നിർമ്മാണത്തിന് ഏതെല്ലാം അധികാരികളുടെ അനുമതി ആവശ്യമാണ്;

(ബി) ഭൂഗർഭജലത്തിന്റെ അളവ് ക്രമാതീതമായി കുറയുന്നതിന് അനിയന്ത്രിതമായ കുഴൽകിണർ നിർമ്മാണം കാരണമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഭൂഗർഭ കിണറുകളുടെ നിർമ്മാണത്തിന് അനുവാദം നൽകുന്നതിന് ഏകീകൃത സ്വഭാവം ഉണ്ടാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കുഴൽ കിണർ നിർമ്മാണത്തിന്റെ നോഡൽ ഏജൻസിയായി ഭൂജല വകുപ്പ് പ്രവർത്തിക്കുന്നു. വകുപ്പിന് ലഭിക്കുന്ന അപേക്ഷകളിൽ ഭൂജല സർവ്വേ നടത്തി കുഴൽ കിണർ നിർമ്മാണം വകുപ്പ് ഏറ്റെടുത്ത് നടത്തിവരുന്നു. സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ കുഴൽ കിണർ നിർമ്മിക്കുന്നതിന് ഭൂജല അതോറിറ്റിയുടെ പെർമിറ്റ് ആവശ്യമാണ്. 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടത്തിലെ അദ്ധ്യായം 14, ചട്ടം 93(എ) അനുസരിച്ച് കുഴൽ കിണറുകൾ നിർമ്മിക്കുന്നതിന് അതാത് പഞ്ചായത്തിന്റെ അനുമതി ആവശ്യമാണ്. പഞ്ചായത്തിൽ നിന്നും ഈ അനുമതി ലഭിക്കുന്നതിന് ഭൂജലവകുപ്പിന്റെ നിരാക്ഷേപ പത്രം ആവശ്യമാണ്.

(ബി) ഭൂഗർഭ ജലത്തിന്റെ അളവ് ക്രമാതീതമായി കുറയുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് മഴയിലുണ്ടായ കുറവാണ് ഭൂജലവിതാനത്തിൽ ക്രമാതീതമായ കുറവ് സംഭവിക്കാൻ കാരണം.

(സി) ഏകീകൃത സ്വഭാവം ഉണ്ടാക്കുന്നതിനുള്ള നടപടികൾ നിലവിൽ പരിഗണനയിലില്ല.

**ഭൂഗർഭ ജലനിരപ്പ്**

199 (968) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂഗർഭ ജലനിരപ്പ് താഴുന്നതായും ജലലഭ്യത കുറയുന്നതായുമുള്ള പഠന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഭൂഗർഭ ജലലഭ്യത വർദ്ധിപ്പിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) മഴ കുറവുള്ള മാസങ്ങളിൽ ഭൂഗർഭ ജലവിതാനത്തിൽ കുറവ് സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഭൂജല വകുപ്പിന് കീഴിൽ കൃത്രിമ ഭൂജല സംപോഷണ പദ്ധതി ഭൂജല സംരക്ഷണത്തിനായി നടപ്പിലാക്കി വരുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ 40 ലക്ഷം രൂപ 'ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും' എന്ന പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. തടയണകൾ, അടിയണകൾ, തുറന്ന കിണർ, കുഴൽ കിണർ വഴിയുള്ള ഭൂജലസംപോഷണം എന്നിവ ഈ പദ്ധതിയിലൂടെ വിഭാവന ചെയ്യുന്നു. ഇതിൽ 10 തുറന്ന കിണർ റീ-ചാർജ്ജിംഗ് പദ്ധതി പൂർത്തീകരിച്ചു കഴിഞ്ഞു. 41 പദ്ധതികൾക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തികൾ വിവിധ ജില്ലകളിൽ പുരോഗമിച്ചുവരുന്നു. കേരള ജലസേചന വകുപ്പ്, കൃഷി വകുപ്പ്, മണ്ണ് സംരക്ഷണ വകുപ്പ് തുടങ്ങിയവ കൃത്രിമ ഭൂജല പരിപോഷണത്തിനായി വ്യാപകമായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ സംസ്ഥാനം രൂക്ഷമായ വരൾച്ചയെ നേരിടുന്ന സാഹചര്യത്തിൽ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനും സംസ്ഥാന സർക്കാർ ഹരിത കേരളം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഏകദേശം 65 ലക്ഷത്തോളം തുറന്ന കിണറുകൾ ഉണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. തുറന്ന കിണറുകൾ റീ-ചാർജ്ജ് ചെയ്യുക വഴി ഭൂജല നിരപ്പ് ഉയരുകയും അതുവഴി കടുത്ത വരൾച്ചയെ പ്രതിരോധിക്കുവാൻ ഒരു പരിധിവരെ സംസ്ഥാനത്തിന് കഴിയുന്നതുമാണ്.

### വാമനപുരം നദിയിലെ ജലനിരപ്പ്

200 (969) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നദിയിലെ ജലനിരപ്പ് ക്രമാതീതമായി വറ്റിയ നിലയിൽ ആണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ കാരണത്തെക്കുറിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ;

(സി) ഇതുമൂലമുണ്ടായിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചുവെന്നും തുടർന്ന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) " River Management Cell Institute of Land and Disaster Management" നടത്തിയ വാമനപുരം നദിയുടെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിന്മേൽ പഠനം നടത്തി വാട്ടർ അതോറിറ്റിയുമായി സഹകരിച്ച് വേണ്ട സ്ഥലങ്ങളിൽ തടയണ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. നദിയിലെ ജലനിരപ്പ് സംരക്ഷിച്ച് നിർത്താനായി ചെക്ക്ഡാമുകളും നദീതീര സംരക്ഷണ പദ്ധതികളും നടപ്പിലാക്കിവരുന്നു.

## ഭൂഗർഭ ജലനിരപ്പ്

201 (970) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഭൂഗർഭ ജലനിരപ്പ് വൻ തോതിൽ കുറഞ്ഞു വരികയാണെന്ന കേന്ദ്ര ഭൂജല വകുപ്പിന്റെ കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഭൂഗർഭ ജലത്തിന്റെ അമിതോപയോഗവും ചൂഷണവും തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) കുഴൽ കിണറുകളെ നിയന്ത്രിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ഡി) ചെറുകിട, വൻകിട വ്യവസായങ്ങളുടെ പേരിലുള്ള അമിതജല ചൂഷണത്തിന് നിയന്ത്രണമേർപ്പെടുത്തുമോ ; വിശദാംശം നൽകുമോ ?

### ഉത്തരം

(എ) കേന്ദ്ര ഭൂജല ബോർഡിന്റെ കേരള മേഖല ഓഫീസ് തയ്യാറാക്കിയ 'Ground Water Monitoring in Kerala during November-2016' എന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഭൂജലത്തിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനുമായി കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ട് 2002 നിലവിലുണ്ട്. ഈ ആക്ടിൻ പ്രകാരം അമിത ഭൂജല ചൂഷണം നടക്കുന്ന ബ്ലോക്കുകൾ വിജ്ഞാപനം ചെയ്യപ്പെടുകയും ഇവിടങ്ങളിൽ ഭൂജല ഉപയോഗത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ വ്യാവസായിക ആവശ്യത്തിനും കുടിവെള്ള കമ്പനികൾക്കും ഭൂജലം ഉപയോഗിക്കുന്നതിന് സംസ്ഥാന ഭൂജല അതോറിറ്റിയുടെ എൻ.ഒ.സി. ബാധകമാക്കിയിട്ടുണ്ട്. അമിത ഭൂജല ഉപയോഗം നടത്തുന്നതായ പരാതികളിന്മേൽ ആവശ്യമായ ശാസ്ത്രീയ പഠനങ്ങൾ നടത്തി നിയന്ത്രണങ്ങൾ ഏർപ്പെടുത്തിവരുന്നു.

(സി) വിജ്ഞാപനം ചെയ്യപ്പെട്ട ബ്ലോക്കുകളിൽ കുഴൽ കിണർ നിർമ്മാണത്തിന് നിയന്ത്രണങ്ങൾ ബാധകമാക്കിയിട്ടുണ്ട്. കേരള പഞ്ചായത്ത് ആക്ട് പ്രകാരം കുഴൽ കിണർ നിർമ്മിക്കുന്നതിന് പഞ്ചായത്തിന്റെ പെർമിറ്റും പെർമിറ്റിനായി ഭൂജല വകുപ്പിന്റെ എൻ.ഒ.സി.-യും ബാധകമാക്കിയിട്ടുണ്ട്. വ്യാവസായിക ആവശ്യത്തിനായി കുഴൽ കിണർ നിർമ്മിക്കുന്നതിനും സംസ്ഥാന ഭൂജല അതോറിറ്റിയുടെ എൻ.ഒ.സി. ആവശ്യമാണ്.

(ഡി) വ്യാവസായിക ആവശ്യത്തിനായി ഭൂജലം ഉപയോഗിക്കുന്നതിന് സംസ്ഥാന ഭൂജല അതോറിറ്റിയുടെ എൻ.ഒ.സി. ബാധകമാക്കിയിട്ടുണ്ട്. ഇത്തരം അപേക്ഷകൾ ജില്ലാ കളക്ടർ ചെയർമാൻ ആയ ജില്ലാതല അവലോകന സമിതികൾ പരിശോധിച്ച് അനുയോജ്യമായ അപേക്ഷകൾ സംസ്ഥാന ഭൂജല അതോറിറ്റിക്ക് ശിപാർശ ചെയ്യുന്നു. അന്തിമ എൻ.ഒ.സി. ഭൂജല വകുപ്പാണ് നൽകുന്നത്.

### വർക്കല മണ്ഡലത്തിലെ കുഴൽ കിണറുകൾ

202 (971) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ എത്ര കുഴൽ കിണറുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) അവയിൽ എത്രയെണ്ണം ഇപ്പോൾ തകരാറിലായിട്ടുണ്ട്; തകരാറിലായിട്ടുള്ളവ അടിയന്തരമായി നന്നാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വർക്കല മണ്ഡലത്തിലെ എത്ര കുഴൽ കിണറുകൾ നന്നാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭൂജലവകുപ്പിന്റെ കണക്ക് പ്രകാരം വർക്കല മണ്ഡലത്തിൽ 2 പൊതു ട്യൂബ്വെല്ലുകളും 227 പൊതു ബോർവെല്ലുകളുമുണ്ട്.

(ബി) 72 ഹാന്റ് പമ്പുകളും കുഴൽ കിണർ സ്രോതസ്സായുള്ള 6 കുടിവെള്ള പദ്ധതികളും പ്രവർത്തനരഹിതമാണ്. അവയുടെ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) 46 കുഴൽക്കിണറുകളുടെ കൈപ്പമ്പുകൾ റിപ്പയർ ചെയ്ത് പ്രവർത്തന ക്ഷമമാക്കിയിട്ടുണ്ട്.

### വരൾച്ച നേരിടുന്നതിന് സ്വീകരിച്ച നടപടികൾ

203 (972) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന വരൾച്ച നേരിടുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോഴത്തെ സാഹചര്യം പരിഗണിച്ച്, മണ്ണിട്ട് മൂടിയ ജലസ്രോതസുകൾ, പ്രത്യേകിച്ച് കുളങ്ങൾ, ജലാശയങ്ങൾ എന്നിവ, അതത് പഞ്ചായത്തിന്റെ സഹായത്തോടെ കണ്ടെത്തി പുനഃരുജ്ജീവിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) നിലവിലെ കുഴൽ കിണറുകൾ കുഴിക്കുന്നതിന് അനുമതി വാങ്ങേണ്ടതുണ്ടോ; വ്യക്തമാക്കുമോ;

(ഡി) 2017 ജനുവരി മുതൽ കുഴൽ കിണർ നിർമ്മാണത്തിന് ഗ്രൗണ്ട് വാട്ടർ വകുപ്പ് നൽകിയ അനുമതി സംബന്ധിച്ച വിശദാംശങ്ങൾ ജില്ല തിരിച്ച് നൽകുമോ?

<u>ഉത്തരം</u>

(എ) <u>ജലസേചന വകുപ്പ്:</u>

മഴയുടെ ലഭ്യത വളരെ കുറവായ ഈ വർഷത്തിൽ ഏറെക്കുറേ എല്ലാ സംഭരണികളിലും മുൻ വർഷത്തെ അപേക്ഷിച്ച് ജലനിരപ്പ് കുറവാണ്. ഡാമുകളിൽ ലഭ്യമായ ജലം കൃത്യമായ ഇടവേളകളിൽ ഷെഡ്യൂൾ പ്രകാരം കനാൽ വഴി തുറന്നുവിടുന്നുമുണ്ട്. അത് സമീപത്തെ കിണറുകളും മറ്റും റീ-ചാർജ്ജ് ചെയ്യാനും പരിസരവാസികൾക്ക് കനാലിൽ നിന്നും നേരിട്ട് ഉപയോഗിക്കാൻ സഹായിക്കുകയും ചെയ്യുന്നു.

കേരളത്തിലെ ജലസേചന വകുപ്പിന്റെ കീഴിലുള്ള ജല സംഭരണികളിൽ ഇപ്പോൾ ശേഷിക്കുന്ന ജലം കുടിവെള്ളത്തിനായി മാത്രം ഉപയോഗിക്കുവാൻ വരൾച്ചാ അവലോകനത്തിനായി ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ജല അതോറിറ്റിയുടെ ഇൻടേക് കിണറുകളിൽ കുടിവെള്ളത്തിനുള്ള ജലലഭ്യത ഉണ്ടാക്കുന്നതിനായി ജലസേചന വകുപ്പ് തടയണകൾ, താൽക്കാലിക ബണ്ടുകൾ എന്നിവ നിർമ്മിക്കുന്നതിനായി വരൾച്ചാ അവലോകന യോഗത്തിൽ ജലവിഭവ വകുപ്പ് മന്ത്രിയുടെ നിർദ്ദേശപ്രകാരം രണ്ട് വകുപ്പുകൾ തമ്മിൽ ഏകോപനവും കൂടിയാലോചനയും നടത്തി പ്രയോഗത്തിലാക്കിയിട്ടുണ്ട്.

നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കുന്നതുവഴി പ്രാദേശിക തലത്തിൽ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനും ഉതകുന്ന ഒരു പുതിയ ജല ഉപയോഗ സംസ്കാരം രൂപപ്പെടുത്തുന്നതിനായി "ഹരിത കേരളം" പദ്ധതി വിഭാവന ചെയ്തിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി 320 കോടി രൂപ ചെലവിൽ ഏകദേശം 9453 കുളങ്ങൾ നവീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതനുസരിച്ച് കുളങ്ങളിലെ മാലിന്യം, ചെളി, പായൽ ഇവ നീക്കം ചെയ്ത് അവയുടെ സംഭരണശേഷി വർദ്ധിപ്പിച്ച് കാർഷികാവശ്യങ്ങൾക്കും മറ്റ് പാരിസ്ഥിതിക ധർമ്മങ്ങൾക്കും ജലലഭ്യത ഉറപ്പാക്കാൻ സാധിക്കുന്നതാണ്. ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ ഭരണകൂടം മുഖേനയാണ് പ്രവൃത്തി നടപ്പിലാക്കുന്നത്.

<u>കേരള ജല അതോറിറ്റി:</u>

1. സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും ജലലഭ്യത ഉറപ്പുവരുത്തുന്നു.

2. ഇറിഗേഷൻ, വൈദ്യുതി വകുപ്പുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി വിവിധ സ്രോതസ്സുകളിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. അടിക്കടി ലീക്കുമൂലം ജലനഷ്ടം സംഭവിക്കുന്ന വിതരണ ലൈനുകൾ മാറ്റിപകരം പുതിയവ സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് മുൻഗണന നൽകി ഘട്ടംഘട്ടമായി നടപ്പാക്കിവരുന്നു.

4. ജലലഭ്യത ഉള്ള സ്ഥലങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിച്ച് ജലം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. വാട്ടർ അതോറിറ്റി കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്ത് പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പുവരുത്താനുള്ള പ്രവൃത്തികൾ നടപ്പാക്കുന്നു.

6. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ റവന്യൂ വകുപ്പിന്റെ സഹകരണത്തോടെ കിയോസ്കുകൾ വഴി ജലവിതരണം നടത്തുന്ന സ്ഥലങ്ങളിലേയ്ക്ക് ആവശ്യമായ കുടിവെള്ളം ജലഅതോറിറ്റിയുടെ വിവിധ പദ്ധതികളിൽ നിന്നും നൽകുന്നതാണ്.

7. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പ് സെറ്റുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുന്നു.

8. കൂടുതൽ പമ്പിംഗ് ആവശ്യമായ സ്ഥലങ്ങളിൽ അഡീഷണൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുന്നുണ്ട്.

9. ആവശ്യമാകുന്ന സ്ഥലങ്ങളിൽ വാൽവുകൾ നിയന്ത്രിച്ച് സാധ്യമായ അളവിൽ എല്ലാവർക്കും ജലലഭ്യത ഉറപ്പാക്കുന്നു.

10. ജലശുദ്ധീകരണ ശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗിക്കുന്നതിന് ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നുണ്ട്.

11. നിയമവിരുദ്ധമായി ജലം ചോർത്തുന്നതും അനധികൃത ഉപയോഗവും മറ്റും കണ്ടുപിടിക്കുന്നതിനും ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനം ഉപയോഗപ്പെടുത്തുകയും നിയമാനുസൃത നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു.

12. പ്രതിമാസം 50 കിലോലിറ്ററിന് മുകളിൽ ഉപഭോഗം കണക്കാക്കുന്ന പുതിയ കണക്ഷനുകൾ നൽകുന്നതിന് താൽക്കാലിക നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

13. നിലവിൽ കൂടുതലായി ജലം ഉപയോഗിക്കുന്ന വ്യാവസായിക വാണിജ്യ കണക്ഷനുകളിൽ ഉപഭോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

14. ജലശുദ്ധീകരണ ശാലകളിൽ ബാക്ക് വാഷിംഗ് ചെയ്യുന്നതിന് ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് കഴിയുന്നത്ര നിയന്ത്രിക്കുന്നുണ്ട്.

15. വളരെ കാലമായി കേടായ വാട്ടർ മീറ്റർ മാറ്റിവയ്ക്കാത്ത ഉപഭോക്താക്കൾക്ക് കണക്ഷൻ വിച്ഛേദിക്കുവാൻ നോട്ടീസ് നൽകുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

മേൽപ്പറഞ്ഞ നടപടികൾ കൂടാതെ വരൾച്ച സംബന്ധിച്ച സ്ഥിതിഗതികൾ നിരന്തരം വിലയിരുത്തി വേണ്ട പരിഹാര നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനകം കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽ വച്ച് മേഖലാടിസ്ഥാനത്തിൽ സർക്കാർ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് വരൾച്ച സംബന്ധിച്ച് വിശദമായ അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ തീരുമാനിച്ച കാര്യങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിന് വീഡിയോ കോൺഫറൻസിംഗ് വഴി അവലോകനവും നടത്തിവരുന്നു.

<u>ഭൂജലവകുപ്പ്:</u>

സംസ്ഥാനത്ത് രൂപക്ഷമായിക്കൊണ്ടിരിക്കുന്ന വരൾച്ച നേരിടുന്നതിന് ഭൂജലവകുപ്പ് രാജീവ്ഗാന്ധി പദ്ധതിയിൽപ്പെടുത്തി വരൾച്ചാദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൈപ്പമ്പുകളുടെ അറ്റകുറ്റപ്പണികളും ഹാന്റ് പമ്പുകളുടെ അറ്റകുറ്റപ്പണികളും ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും കുഴൽക്കിണർ നിർമ്മാണവും ഇതിൽ ഉൾപ്പെടുന്നു.

<u>ജലനിധി:</u>

സംസ്ഥാനത്തെ വരൾച്ചയെ നേരിടുന്നതിനായി ജലനിധി രണ്ടാംഘട്ട പദ്ധതി മുഖേന താഴെപ്പറയുന്ന അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു.

1. പൂർത്തീകരണ ഘട്ടത്തിലുള്ള 166 പദ്ധതികൾ ഫെബ്രുവരി-ഏപ്രിൽ മാസങ്ങളിലായി കമ്മീഷൻ ചെയ്ത് 21000 വീടുകൾക്ക് കുടിവെള്ളം എത്തിക്കാൻ സാധിക്കുന്നതാണ്.

2. വൈദ്യുതി കണക്ഷൻ ലഭിക്കാത്തതുമൂലം വൈകുന്ന പദ്ധതികൾക്ക്

അടിയന്തരമായി കണക്ഷൻ ലഭ്യമാക്കി പദ്ധതി കമ്മീഷൻ ചെയ്യുന്നതാണ്. ഇതുവഴി ഏകദേശം 2700 വീടുകൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതാണ്.

3. സ്രോതസ്സിന്റെയും ജലസംഭരണിയുടെയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും ജലവിതരണ പൈപ്പുകൾ സ്ഥാപിച്ചുവരുന്നതുമായ പദ്ധതികൾക്ക് (ബാച്ച് 3-ൽ ഉൾപ്പെട്ടിട്ടുള്ള പഞ്ചായത്തുകളിലെ) എത്രയുംവേഗം വൈദ്യുതി കണക്ഷൻ സ്ഥാപിച്ച് ഭാഗികമായെങ്കിലും ജലവിതരണം ആരംഭിക്കുവാൻ കഴിയുന്നതാണ്. ഇപ്രകാരം 100 പദ്ധതികളിലായി 5500 കുടുംബങ്ങൾക്ക് വരൾച്ചാ കാലത്ത് കുടിവെള്ളം എത്തിക്കുവാൻ സാധിക്കുമെന്ന് കണക്കാക്കുന്നു.

4. ഭൂജല സംരക്ഷണവും-പരിപോഷണവും ജലനിധി പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നുണ്ട്. തടയണകൾ, കിണർ, റീചാർജ്ജ് സ്രോതസ് സംരക്ഷണം തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. പദ്ധതി നടപ്പാക്കിവരുന്ന പഞ്ചായത്തുകളിൽ 1562 ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിരിക്കുന്നു. ഇതിൽ 1499 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവ പൂർത്തീകരിച്ച് വേനൽക്കാലത്ത് ജലനിധി പദ്ധതികളിൽ ജലലഭ്യത ഉറപ്പുവരുത്താൻ ശ്രമിക്കുന്നുണ്ട്.

5. ജലസ്രോതസ്സുകൾ വറ്റുന്ന പഞ്ചായത്തുകളിൽ ജലലഭ്യതയുള്ള ബോർവെൽ സാധ്യമായ സ്ഥലങ്ങളിൽ ഭൂഗർഭജലം പ്രയോജനപ്പെടുത്താനും ഉദ്ദേശിക്കുന്നു.

6. ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ ജലസംരക്ഷണം വഴിയും ജലവിനിയോഗം നിയന്ത്രിച്ചും വരൾച്ചയെ നേരിടുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ജലനിധി ഒന്നാംഘട്ട പദ്ധതിയിൽ ഭാഗികമായോ പൂർണ്ണമായോ പ്രവർത്തനക്ഷമമല്ലാത്ത പദ്ധതികൾ പുനരുജ്ജീവിപ്പിക്കുന്നതിന് ശേഷിക്കുന്ന ഫണ്ട് പ്രയോജനപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഏതാനും പദ്ധതികൾ ഈ വരൾച്ചാക്കാലത്ത് പ്രവർത്തനക്ഷമമാക്കുവാൻ സാധിക്കുന്നതാണ്.

ജലനിധിയുടെ കീഴിൽ പ്രവർത്തിക്കുന്ന മഴകേന്ദ്രം മുഖേന മഴവെള്ള സംഭരണികൾ നിർമ്മിച്ച് നൽകുന്നു. സ്റ്റേറ്റ് പ്ലാൻ സ്കീമിൽ നിന്നുള്ള സാമ്പത്തികസഹായം ഉപയോഗപ്പെടുത്തി മഴവെള്ള സംഭരണം-ഭൂജല പരിപോഷണം പരിപാടിയിലൂടെ വ്യക്തിഗത കുടുംബങ്ങൾക്ക് 10000 ലിറ്റർ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുവാൻ സാധിക്കുംവിധം

നിർമ്മിച്ച നൽകുന്നു. ഈ പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഭൂജല പരിപോഷണം എന്ന ഘടകത്തിലൂടെ മഴവെള്ളം ഭൂമിയിൽ താഴുന്നതിനും സഹായകരമാകുന്നുണ്ട്. സംഭരണി നിറഞ്ഞുകവിഞ്ഞൊഴുകുന്ന ജലം കിണറിലേയ്ക്കും മഴക്കുഴിയിലേയ്ക്കും കടത്തിവിടുന്നതുമൂലം ഭൂഗർഭജലത്തിന്റെ അളവ് വർദ്ധിപ്പിക്കുവാനും സാധിക്കുന്നു.

കിണർ റീ-ചാർജ്ജിംഗ് പരിപാടി ഫലപ്രദമാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അടുത്ത സാമ്പത്തികവർഷത്തെ പ്ലാൻ സ്കീമിൽ 5 ഗ്രാമ പഞ്ചായത്തുകളിലായി 5000 തുറന്ന കിണറുകൾ റീചാർജ്ജ് ചെയ്യുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്. വിദ്യാലയങ്ങളിൽ മഴവെള്ള സംഭരണം പ്രോത്സാഹിപ്പിക്കുന്നത് ലക്ഷ്യമിട്ട് ജലസൗഹൃദ വിദ്യാലയം പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ബി) മണ്ണിട്ട് മൂടിയ ജലസ്രോതസ്സുകൾ, പ്രത്യേകിച്ച് കുളങ്ങൾ, ജലാശയങ്ങൾ എന്നിവ അതത് പഞ്ചായത്തിന്റെ സഹായത്തോടെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടി ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് കുഴൽക്കിണർ നിർമ്മാണത്തിന്റെ നോഡൽ ഏജൻസിയായി ഭൂജലവകുപ്പ് പ്രവർത്തിക്കുന്നു. സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ കുഴൽക്കിണർ നിർമ്മിക്കുന്നതിന് ഭൂജല അതോറിറ്റിയുടെ പെർമിറ്റ് ആവശ്യമാണ്. കേരള കെട്ടിട നിർമ്മാണ ചട്ടം 2011-ലെ അദ്ധ്യായം 14, ചട്ടം 93(എ) അനുസരിച്ച് കുഴൽക്കിണറുകൾ നിർമ്മിക്കുന്നതിന് അതത് പഞ്ചായത്തിന്റെ അനുമതി ആവശ്യമാണ്. പഞ്ചായത്തിൽനിന്നും ഈ അനുമതി ലഭിക്കുന്നതിന് ഭൂജലവകുപ്പിന്റെ നിരാക്ഷേപപത്രം ആവശ്യമാണ്.

(ഡി) ഭൂജലവകുപ്പ് കുഴൽക്കിണർ നിർമ്മാണത്തിന് നൽകിയ അനുമതി സംബന്ധിച്ച വിശദാംശങ്ങൾ ജില്ല തിരിച്ച് താഴെച്ചേർക്കുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | - | 76 |
| കൊല്ലം | - | 90 |
| പത്തനംതിട്ട | - | 14 |
| ആലപ്പുഴ | - | 76 |
| കോട്ടയം | - | 156 |
| ഇടുക്കി | - | 118 |
| എറണാകുളം | - | 28 |

| | | |
|---|---|---|
| തൃശ്ശൂർ | - | 129 |
| പാലക്കാട് | - | 196 |
| മലപ്പുറം | - | 55 |
| കോഴിക്കോട് | - | 123 |
| വയനാട് | - | 39 |
| കണ്ണൂർ | - | 29 |
| കാസർഗോഡ് | - | 359 |

**കുടിവെള്ളക്ഷാമം നേരിടുന്നതിന് നടപടി**

204 (973) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം വരൾച്ചയിലേക്ക് നീങ്ങുന്നത് പരിഗണിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) കുടിവെള്ളത്തിനായി സ്വന്തം സ്ഥലത്ത് കുഴൽ കിണറുകൾ നിർമ്മിക്കുവാൻ ഏതെങ്കിലും ഉദ്യോഗസ്ഥർ/ഓഫീസിൽ നിന്നും അനുമതി വാങ്ങേണ്ടതായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കുഴൽ കിണറുകൾ നിർമ്മിക്കുന്നതിന് വലിയ തുക ആവശ്യമായതിനാൽ, ഇതിനായി സബ്സിഡി നൽകുന്നുണ്ടോ; വിശദമാക്കുമോ ?

ഉത്തരം

(എ) കാലവർഷത്തിലുണ്ടായ കുറവ് പരിഗണിച്ച് വിവിധ നദികളിലെ ജലദൗർലഭ്യത്തിനുള്ള സാദ്ധ്യത കണക്കിലെടുത്ത് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും കൂടുതൽ ജലലഭ്യത ഉറപ്പുവരുത്തുക.

2. ഇറിഗേഷൻ, വൈദ്യുതി വകുപ്പുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി വിവിധ സ്രോതസ്സുകളിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. അടിക്കടി ലീക്കുമൂലം നഷ്ടം സംഭവിക്കുന്ന വിതരണ ലൈനുകൾ മാറ്റി പകരം പുതിയവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

4. ജലലഭ്യത ഉള്ള സ്ഥലങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിച്ച് ജലം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. വാട്ടർ അതോറിറ്റി കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്ത് പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പുവരുത്തുന്ന തിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

6. റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകളുടെ സഹകരണത്തോടെ ആവശ്യമായ സ്ഥലങ്ങളിൽ കിയോസ്കുകൾ സ്ഥാപിച്ച് ടാങ്കറുകൾ മുഖേന പരമാവധി ശുദ്ധജല വിതരണ സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

7. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പ് സെറ്റുകളുടെ അറ്റകുറ്റ പണികൾ സമയബന്ധിതമായി നടത്തുന്നതിനും കൂടുതൽ പമ്പിംഗ് ആവശ്യമാണെങ്കിൽ അഡീഷണൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

8. ആവശ്യമാകുന്നപക്ഷം വാൽവുകൾ നിയന്ത്രിച്ച് കരുതൽ നടപടി സ്വീകരിക്കുന്നതിനും ഉദ്ദേശിക്കുന്നു.

9. ജലശുദ്ധീകരണശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായി ഉപയോഗിക്കുന്നതിന് ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി ശുദ്ധജല ലഭ്യത ഉറപ്പാക്കും.

10. നിയമവിരുദ്ധമായി ജലം ചോർത്തുന്നതും അനധികൃത ഉപയോഗവും മറ്റും കണ്ടുപിടിക്കുന്നതിനും ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനം ഉപയോഗപ്പെടുത്തുകയും നിയമാനുസൃതമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു.

11. പ്രതിമാസം 50 കിലോലിറ്ററിന് മുകളിൽ ഉപഭോഗം കണക്കാക്കുന്ന പുതിയ കണക്ഷനുകൾ നൽകുന്നതിന് താൽക്കാലിക നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

12. നിലവിൽ കൂടുതലായി ജലം ഉപയോഗിക്കുന്ന വ്യാവസായിക വാണിജ്യ കണക്ഷനുകളിൽ ഉപഭോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

13. ജലശുദ്ധീകരണശാലകളിൽ ബാക്ക് വാഷിംഗ് ചെയ്യുന്നതിന് ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് കഴിയുന്നത്ര നിയന്ത്രിക്കുന്നുണ്ട്.

14. വളരെ കാലമായി കേടായ വാട്ടർ മീറ്റർ മാറ്റിവയ്ക്കാത്ത ഉപഭോക്താക്കൾക്ക് കണക്ഷൻ വിച്ഛേദിക്കുവാൻ നോട്ടീസ് നൽകുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

മേൽപ്പറഞ്ഞ നടപടികൾ കൂടാതെ വരൾച്ച സംബന്ധിച്ച സ്ഥിതിഗതികൾ നിരന്തരം വിലയിരുത്തി വേണ്ട പരിഹാര നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനകം കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽ വച്ച് മേഖലാടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് വരൾച്ച സംബന്ധിച്ച് വിശദമായ അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ തീരുമാനിച്ച കാര്യങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിന് വീഡിയോ കോൺഫറൻസിംഗ് വഴി അവലോകനവും നടത്തിയിരുന്നു.

സർക്കാർ ഉത്തരവ് ജി.ഒ(ആർറ്റി.) നമ്പർ 318/2017/ഫിൻ തീയതി 13-1-2017 പ്രകാരം 1240.33 ലക്ഷം രൂപ രാജീവ് ഗാന്ധി പദ്ധതിയിൽപ്പെടുത്തി വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഭൂജലവകുപ്പിന് അനുവദിച്ചിട്ടുണ്ട്. 5505 കൈപ്പമ്പുകളുടെ അറ്റകുറ്റപ്പണികളും 585 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണത്തിനുമുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 2163 കൈപ്പമ്പുകളുടെ അറ്റകുറ്റപ്പണികളും 70 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും ഇതുവരെ വിവിധ ജില്ലകളിൽ പൂർത്തീകരിച്ചിട്ടുണ്ട്. 31-10-2016-ലെ 42830/കെ3/2016/ ഡി.എം.ഡി. നമ്പർ പരിപത്രം പ്രകാരം സംസ്ഥാനത്ത് വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ ജല ഉപയോഗത്തിന്റെ മുൻഗണനാക്രമം, ജലം ഉപയോഗിക്കുന്നതിന് സ്വീകരിക്കേണ്ട മുൻ കരുതലുകൾ എന്നിവ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർക്കും ബന്ധപ്പെട്ട വകുപ്പുകൾക്കും നൽകിയിട്ടുണ്ട്. കേരള സംസ്ഥാന ജലവിതരണ നിയമം 2008 Sec 38 A(2), 46 (B), 52(A), 61(A) എന്നിവ പാലിക്കുന്നതിനും ഇത് നടപ്പിലാക്കുന്നതിന് റവന്യൂ, പോലീസ്, തദ്ദേശസ്വയംഭരണം, കേരള ജല അതോറിറ്റി എന്നീ വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പരിശോധനാ ടീമിനെ നിയോഗിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് കുഴൽക്കിണർ നിർമ്മാണത്തിന്റെ നോഡൽ ഏജൻസിയായി ഭൂജലവകുപ്പ് പ്രവർത്തിക്കുന്നു. സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ കുഴൽക്കിണർ നിർമ്മിക്കുന്നതിന് ഭൂജല അതോറിറ്റിയുടെ പെർമിറ്റ്

ആവശ്യമാണ്. കേരള കെട്ടിട നിർമ്മാണ ചട്ടം 2011-ലെ അദ്ധ്യായം 14, ചട്ടം 93(എ) അനുസരിച്ച് കുഴൽക്കിണറുകൾ നിർമ്മിക്കുന്നതിന് അതത് പഞ്ചായത്തിന്റെ അനുമതി ആവശ്യമാണ്. പഞ്ചായത്തിൽ നിന്നും ഈ അനുമതി ലഭിക്കുന്നതിന് ഭൂജല വകുപ്പിന്റെ നിരാക്ഷേപ പത്രം ആവശ്യമാണ്.

(സി) ഭൂജലവകുപ്പിൽ അപേക്ഷിക്കുന്ന ചെറുകിട നാമമാത്ര കർഷകർക്ക് ഭൂജല സർവ്വേ നടത്തി ഡ്രില്ലിംഗ് ചാർജ്ജിന്റെ 50 ശതമാനം സബ്സിഡി നിരക്കിൽ കുഴൽക്കിണറുകൾ നിർമ്മിച്ച് നൽകുന്നുണ്ട്. ചെറുകിട നാമമാത്ര കർഷകർ പ്രദേശത്തെ കൃഷി ഓഫീസറുടെ സാക്ഷ്യപത്രം ഇതിനായി ഹാജരാക്കേണ്ടതുണ്ട്.

## പുതുശ്ശേരിയിലെ മദ്യനിർമ്മാണ കമ്പനികൾ വെള്ളം ഉപയോഗിക്കുന്നതിൽ നിയന്ത്രണം

205 (974) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

രൂക്ഷമായ വരൾച്ച നേരിടുന്ന പാലക്കാട് പുതുശ്ശേരിയിൽ, മദ്യനിർമ്മാണ കമ്പനികൾക്ക് വെള്ളം ഉപയോഗിക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

ഡിസ്ട്രിക്ട് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെ തീരുമാനപ്രകാരം മദ്യ നിർമ്മാണ കമ്പനികൾക്ക് നൽകിയിരുന്ന വെള്ളത്തിന്റെ അളവിൽ 2017 ഫെബ്രുവരി ഒന്നാം തീയതി മുതൽ 75 ശതമാനം കുറവ് ഏർപ്പെടുത്തിയിട്ടുണ്ട്.

## മഴലഭ്യതക്കുറവും കാലാവസ്ഥാ വ്യതിയാനവുംമൂലമുള്ള കടുത്ത വരൾച്ച

206 (975) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഴലഭ്യതക്കുറവ്, കാലാവസ്ഥാ വ്യതിയാനം എന്നിവ കാരണമുണ്ടായിട്ടുള്ള കടുത്ത വരൾച്ചയെ നേരിടുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) വരും വർഷങ്ങളിൽ സ്ഥിതി ഇതിനേക്കാൾ രൂക്ഷമാകാൻ സാധ്യതയുള്ളതിനാൽ ജല സംരക്ഷണത്തിന് ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുമോ ;

(സി) ജല സംരക്ഷണത്തിനായി എന്തെല്ലാം ഹ്രസ്വകാല ദീർഘകാല പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശം അറിയിക്കുമോ ?

<u>ഉത്തരം</u>

(എ-സി) സംസ്ഥാനത്ത് മഴലഭ്യതക്കുറവ്, കാലാവസ്ഥാ വ്യതിയാനം എന്നിവ കാരണമുണ്ടായിട്ടുള്ള കടുത്ത വരൾച്ചയെ നേരിടുന്നതിനും വരുംവർഷങ്ങളിൽ ഉണ്ടാകാൻ സാധ്യതയുള്ള വരൾച്ച തടയുന്നതിനുമായി നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ലക്ഷ്യമിട്ടുകൊണ്ട് ജലസേചന വകുപ്പ് ഹരിത കേരളം പദ്ധതി നടപ്പിലാക്കുന്നു. പ്രാദേശിക തലത്തിൽ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനും ഉതകുന്ന ഒരു പുതിയ ജല ഉപയോഗ സംസ്കാരം രൂപപ്പെടുത്തുന്നതിനാണ് ഹരിതകേരളം പദ്ധതി ഊന്നൽ നൽകുന്നത്. ഇതിന്റെ ആദ്യഘട്ടമായി 320 കോടി രൂപ ചെലവിൽ ഏകദേശം 9453 കുളങ്ങൾ നവീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതനുസരിച്ച് കുളങ്ങളിലെ മാലിന്യം, ചെളി, പായൽ ഇവ നീക്കംചെയ്ത് അവയുടെ സംഭരണശേഷി വർദ്ധിപ്പിച്ച് കാർഷികാ വശ്യങ്ങൾക്കും മറ്റ് പാരിസ്ഥിതിക ധർമ്മങ്ങൾക്കും ജലലഭ്യത ഉറപ്പാക്കാൻ സാധിക്കുന്നതാണ്. ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ ഭരണകൂടം മുഖേനയാണ് പ്രവൃത്തി നടപ്പിലാക്കുന്നത്. ഇതിനായുള്ള വിശദാംശങ്ങൾ ജില്ലാ ഭരണാധികാരികൾക്ക് നൽകിയിട്ടുണ്ട്. കുടിവെള്ള ലഭ്യത ഉറപ്പാക്കുക, കാർഷികാവശ്യങ്ങൾക്കും പാരിസ്ഥിതിക ധർമ്മങ്ങൾക്കാവശ്യമായ ജലം ലഭ്യമാക്കുക എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങളോടെ തടയണകൾ/വി.സി.ബി/ ആർ.സി.ബി.-കൾ എന്നിവ വിവിധ പദ്ധതികളിലുൾപ്പെടുത്തി നടപ്പാക്കിവരുന്നു. പൂർത്തീകരിച്ച തടയണകൾ/ വി.സി.ബി/ ആർ.സി.ബി.-കൾ ഇവയിൽ ഷട്ടർ ഇട്ട് വെള്ളം സംഭരിച്ചിട്ടുണ്ട്. നദികളിലേയ്ക്ക് കടലിൽ നിന്നും ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി 2016-17 സാമ്പത്തിക വർഷം വിവിധ ജില്ലകളിലായി 56 പ്രവൃത്തികൾക്ക് 251.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഇവയുടെ പ്രവർത്തനം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. ഇതുവഴി ഒരു പരിധിവരെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സാധിക്കുന്നതാണ്.

കാവേരി നദീജല ട്രൈബ്യൂണൽ വയനാട് ജില്ലയിലെ കബനി ബേസിനിലെ പദ്ധതികൾക്കായി അനുവദിച്ച ജലത്തിന്റെ വിഹിതം ഉപയോഗപ്പെടുത്തുന്നതിനായി പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി 35 കോടി രൂപ ചെലവിൽ 24 ചെക്ക്ഡാമുകൾ, ഒരു റെഗുലേറ്റർ എന്നിവ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ നബാർഡ് ധനസഹായത്തോടെ ഏകദേശം 100 കോടി രൂപ ചെലവിൽ തടയണകളുടെയും റെഗുലേറ്ററുകളുടെയും പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്. കാലവർഷത്തിലുണ്ടായ കുറവ് പരിഗണിച്ച് വിവിധ നദികളിലെ ജലദൗർലഭ്യത്തിനുള്ള സാദ്ധ്യത കണക്കിലെടുത്ത് കുടിവെള്ളക്ഷാമം നേരിടാൻ കേരള ജല അതോറിറ്റി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും ജലലഭ്യത ഉറപ്പുവരുത്തുന്നു.

2. ഇറിഗേഷൻ, വൈദ്യുതി വകുപ്പുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി വിവിധ സ്രോതസ്സുകളിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. അടിക്കടി ലീക്കുമൂലം ജലനഷ്ടം സംഭവിക്കുന്ന വിതരണ ലൈനുകൾ മാറ്റി പകരം പുതിയവ സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് മുൻഗണന നൽകി ഘട്ടംഘട്ടമായി നടപ്പാക്കിവരുന്നു.

4. ജലലഭ്യത ഉള്ള സ്ഥലങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിച്ച് ജലം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. വാട്ടർ അതോറിറ്റി കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്ത് പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പുവരുത്താനുള്ള പ്രവൃത്തികൾ നടപ്പാക്കുന്നു.

6. തദ്ദേശഭരണ സ്ഥാപനങ്ങൾ റവന്യൂ വകുപ്പിന്റെ സഹകരണത്തോടെ കിയോസ്കുകൾ വഴി ജലവിതരണം നടത്തുന്ന സ്ഥലങ്ങളിലേയ്ക്ക് ആവശ്യമായ കുടിവെള്ളം ജല അതോറിറ്റിയുടെ വിവിധ പദ്ധതികളിൽ നിന്നും നൽകുന്നതാണ്.

7. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പ് സെറ്റുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുന്നു.

8. കൂടുതൽ പമ്പിംഗ് ആവശ്യമായ സ്ഥലങ്ങളിൽ അഡീഷണൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുന്നുണ്ട്.

9. ആവശ്യമാകുന്ന സ്ഥലങ്ങളിൽ വാൽവുകൾ നിയന്ത്രിച്ച് സാധ്യമായ അളവിൽ എല്ലാവർക്കും ജലലഭ്യത ഉറപ്പാക്കുന്നു.

10. ജലശുദ്ധീകരണശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായി ഉപയോഗിക്കുന്നതിന് ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നുണ്ട്.

11. നിയമവിരുദ്ധമായി ജലം ചോർത്തുന്നതും അനധികൃത ഉപയോഗവും മറ്റും കണ്ടുപിടിക്കുന്നതിനും ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനം ഉപയോഗപ്പെടുത്തുകയും നിയമാനുസൃത നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു.

12. പ്രതിമാസം 50 കിലോലിറ്ററിന് മുകളിൽ ഉപഭോഗം കണക്കാക്കുന്ന പുതിയ കണക്ഷനുകൾ നൽകുന്നതിന് താൽക്കാലിക നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

13. നിലവിൽ കൂടുതലായി ജലം ഉപയോഗിക്കുന്ന വ്യാവസായിക വാണിജ്യ കണക്ഷനുകളിൽ ഉപഭോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

14. ജലശുദ്ധീകരണ ശാലകളിൽ ബാക്ക് വാഷിംഗ് ചെയ്യുന്നതിന് ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് കഴിയുന്നത്ര നിയന്ത്രിക്കുന്നുണ്ട്.

മേൽപ്പറഞ്ഞ നടപടികൾ കൂടാതെ വരൾച്ച സംബന്ധിച്ച സ്ഥിതിഗതികൾ നിരന്തരം വിലയിരുത്തി വേണ്ട പരിഹാര നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനകം കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽ വച്ച് മേഖലാടിസ്ഥാനത്തിൽ സർക്കാർ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് വരൾച്ച സംബന്ധിച്ച് വിശദമായ അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ തീരുമാനിച്ച കാര്യങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിന് വീഡിയോ കോൺഫറൻസിംഗ് വഴി അവലോകനവും നടത്തിയിരുന്നു. മഴവെള്ള സംരക്ഷണത്തിലൂടെ കിണറുകൾ, കുളങ്ങൾ ഉൾപ്പെടെയുള്ള ഗാർഹിക സ്രോതസ്സുകൾ പുഷ്ടിപ്പെടുത്താവുന്നതുമാണ്.

സംസ്ഥാനത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന വരൾച്ച നേരിടുന്നതിന് ഭൂജല വകുപ്പ് രാജീവ് ഗാന്ധി പദ്ധതിയിൽപ്പെടുത്തി വരൾച്ചാദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൈപ്പമ്പുകളുടെ അറ്റകുറ്റപ്പണികളും ഹാന്റ് പമ്പുകളുടെ അറ്റകുറ്റപ്പണികളും ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും കുഴൽക്കിണർ നിർമ്മാണവും ഇതിൽ ഉൾപ്പെടുന്നു. ഭൂജല വകുപ്പ് ഭൂജലസംരക്ഷണത്തിനും കൃത്രിമ ഭൂജല സംപോഷണത്തിനുമായി "ഭൂജല സംരക്ഷണവും ഭൂജല സംപോഷണവും" എന്ന പദ്ധതി ഭൂജലനിരപ്പ് ഉയർത്തുന്നതിനായി നടപ്പാക്കിവരുന്നു. കൃത്രിമ ഭൂജല സംപോഷണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ശാസ്ത്രീയമായി സ്ഥാനനിർണ്ണയം നടത്തി തടയണകൾ, അടിയണകൾ, മഴക്കുഴികൾ നിർമ്മിച്ചും തുറന്ന കിണറുകളുടെയും കുഴൽ കിണറുകളുടെയും സംപോഷണം എന്നിവ വഴി ഭൂജല സംരക്ഷണത്തിനുള്ള മുൻകരുതലുകൾ സ്വീകരിച്ചുവരുന്നു. ഭൂജല വകുപ്പ് കൃത്രിമ ഭൂജലസംപോഷണ പദ്ധതി ഭൂജലസംരക്ഷണത്തിനായി നടപ്പിലാക്കിവരുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ 40 ലക്ഷം രൂപ "ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും" എന്ന പദ്ധതിക്കായി 4702-00-102-97 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. തടയണകൾ, അടിയണകൾ, തുറന്ന കിണർ, കുഴൽ കിണർ വഴിയുള്ള ഭൂജലസംപോഷണം എന്നിവ ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു. ഇതിൽ 10 തുറന്ന കിണർ റീ-ചാർജ്ജിംഗ് പദ്ധതി പൂർത്തീകരിച്ചു കഴിഞ്ഞു. 41 പദ്ധതികൾക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തികൾ വിവിധ ജില്ലകളിൽ പുരോഗമിച്ചുവരുന്നു.

കുടിവെള്ളക്ഷാമം പരിഹരിക്കാൻ ജലനിധിയുടെ പഞ്ചായത്തുകളിൽ സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും ജലം ദുരുപയോഗം ചെയ്യാതിരിക്കാനും പമ്പിംഗ് സമയം കുറയ്ക്കുന്നതിനും ജലം അനാവശ്യമായി ഉപയോഗിക്കാതിരിക്കാനുമുള്ള പ്രചരണ പരിപാടികളും ബോധവത്ക്കരണ ക്ലാസ്സുകളും നടപ്പിലാക്കി വരുന്നു. ജലനിധി പദ്ധതിയിൻകീഴിൽ ജലസംരക്ഷണത്തിന് ഭൂഗർഭജല പരിപോഷണം, റൂഫ് വാട്ടർ ഹാർവെസ്റ്റിംഗ്, കിണർ റീ-ചാർജ്, ചെക്ക് ഡാം വെർട്ടിക്കിൾ ക്രോസ് ബാർ, മണ്ണിനടിയിൽ തടയണകൾ, മണ്ണുസംരക്ഷണം, കുളങ്ങളുടെ സംരക്ഷണം ഇവയെല്ലാം നടപ്പിലാക്കിവരുന്നു. വരുംവർഷങ്ങളിലും മേൽപ്പറഞ്ഞ ജലസംരക്ഷണ പദ്ധതികൾ പ്രയോജനപ്പെടുന്ന രീതിയിലാണ് ജലനിധി പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത്. ജലനിധി പദ്ധതികളുടെയും അവയുടെ ജലസ്രോതസ്സുകളുടെയും ജലസുരക്ഷ ഉറപ്പു വരുത്തുവാൻ ഇവ സഹായകരമാണ്.

**മീറ്റർ റീഡർമാർ നടത്തുന്ന പരിശോധന ഓവർചെക്ക് ചെയ്യാൻ സംവിധാനം**

207 (976) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിലെ മീറ്റർ റീഡർമാർ നടത്തുന്ന പരിശോധന ശരിയാണെന്നും സത്യസന്ധമാണെന്നും ഉറപ്പുവരുത്തുന്നതിന് നിലവിൽ ഓവർ ചെക്കിംഗ് സംവിധാനമുണ്ടോ എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സംവിധാനമില്ലെങ്കിൽ ഓവർ ചെക്കിങ് സംവിധാനം ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കാമോ;

(സി) ഫ്ലാറ്റുകൾ, വൻകിട സ്ഥാപനങ്ങൾ എന്നിവയ്ക്ക് കുടിവെള്ളം വിതരണം ചെയ്യു റീഡിംഗ് എങ്കിലും ഓവർ ചെക്ക് ചെയ്യുന്നതിന് സംവിധാനം ഉണ്ടോ; എങ്കിൽ ഇവയിൽ ക്രമക്കേടുകൾ നടക്കുന്നതായി ഓവർചെക്ക് വേളയിൽ കണ്ടെത്തിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) ഉണ്ട്. മീറ്റർ റീഡർമാർ എടുക്കുന്ന റീഡിംഗുകളിൽ കുറഞ്ഞത് 10 ശതമാനമെങ്കിലും മീറ്റർ ഇൻസ്പെക്ടർമാർ ഓവർ ചെക്കിംഗ് നടത്തി അസിസ്റ്റന്റ് എഞ്ചിനീയർക്ക് റിപ്പോർട്ട് നൽകാറുണ്ട്. ചില വൻകിട സ്ഥാപനങ്ങളിലും ഫ്ലാറ്റുകളിലും ക്രമക്കേടുകൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെടുകയും അവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

## ഇടക്കൊച്ചി പാമ്പായിമൂലയിലെ ഭൂതല ജല സംഭരണിയും പമ്പ്ഹൗസും

208 (977) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഇടക്കൊച്ചി പാമ്പായിമൂലയിൽ 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ജല സംഭരണിയും പമ്പ് ഹൗസും സ്ഥാപിക്കുന്ന പ്രവൃത്തിയുടെ മണ്ണ് പരിശോധന എന്നാണ് പൂർത്തീകരിച്ചത്;

(ബി) മണ്ണ് പരിശോധന പൂർത്തീകരിച്ചിട്ടും ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച് ഈ പ്രവൃത്തിയുടെ ടെണ്ടർ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) 19-8-2016-ൽ പൂർത്തീകരിച്ചു.

(ബി) മണ്ണ് പരിശോധനാ റിപ്പോർട്ട് വാട്ടർ അതോറിറ്റിയുടെ ഡിസൈൻ വിംഗ് ആയ WASCON-ന് സമർപ്പിച്ചതനുസരിച്ച് ഡിസൈൻ 15-2-2017-ൽ കേരള വാട്ടർ അതോറിറ്റിയിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ പൈൽ ഫൗണ്ടേഷൻ ആവശ്യമായിരുന്നതിനാൽ മണ്ണ് പരിശോധനാ റിപ്പോർട്ട് പ്രകാരം പ്രത്യേക ഡിസൈനും ഡ്രോയിംഗും ആയതനുസരിച്ചുള്ള എസ്റ്റിമേറ്റും കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

(സി) 2017 ഏപ്രിൽ മാസം പകുതിയോടെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നു.

## കേരള വാട്ടർ അതോറിറ്റിയിലെ പെൻഷൻ പരിഷ്കരണം

209 (978) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ സർവ്വീസിലെ പെൻഷൻ പരിഷ്ക്കരണം കേരള വാട്ടർ അതോറിറ്റിയിൽ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

### ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയ ശമ്പള പരിഷ്കരണത്തെ തുടർന്ന് കേരള വാട്ടർ അതോറിറ്റിയിലെ പെൻഷൻ പരിഷ്കരണവും ധനകാര്യവകുപ്പ് പരിശോധിച്ചുവരുന്നു.

## ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം

210 (979) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ (NRDWP) 2014-15, 2015-16, 2016-17 വർഷങ്ങളിലെ കേന്ദ്രവിഹിതം എത്ര കോടി രൂപയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ എത്ര കോടി രൂപയുടെ ബില്ലുകളാണ് വാട്ടർ അതോറിറ്റിയിൽ കുടിശ്ശികയായുള്ളതെന്നും എത്ര കോടി രൂപയുടെ പ്രവൃത്തികളാണ് ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നതെന്നും ഇതിൽ എത്ര പണികൾ മുടങ്ങി കിടക്കുന്നുവെന്നും വ്യക്തമാക്കാമോ;

(സി) പൊതുമരാമത്ത്, ജല വിഭവ വകുപ്പുകളിലെ ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായം വാട്ടർ അതോറിറ്റിയിലും നടപ്പാക്കാൻ ശ്രമം നടത്തുമോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) വാട്ടർ അതോറിറ്റിയുടെ കുടിശ്ശിക തീർക്കുന്നതിന് ആവശ്യമായ സംസ്ഥാന വിഹിതം ഉടൻ നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ (NRDWP) മുൻ വർഷങ്ങളിൽ കേന്ദ്രവിഹിതമായി കിട്ടിയ തുക ചുവടെ ചേർക്കുന്നു.

| വർഷം | കോടി രൂപ |
|---|---|
| 2014-15 | 119.55 |
| 2015-16 | 45.28 |
| 2016-17 | 37.33 |

(ബി) 1-9-2015 മുതൽ 31-12-2016 വരെ 245 കോടി രൂപയുടെ ബില്ലുകളാണ് പ്രസ്തുത (NRDWP) പദ്ധതിയിൽ കുടിശ്ശികയായുള്ളത്. ഇതിൽ ഉൾപ്പെട്ട 2075.40 കോടി രൂപയുടെ പണികളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. 34 പദ്ധതികളുടെ പണികൾ മുടങ്ങിക്കിടക്കുന്നു.

(സി) നിലവിൽ പരിഗണനയിലില്ല.

(ഡി) മേൽപ്പറഞ്ഞ പദ്ധതികൾക്കായുള്ള 2016-17 ബഡ്ജറ്റിലെ വിഹിതം സർക്കാർ പൂർണ്ണമായി വിതരണം ചെയ്തു.

**ജലനിധി പദ്ധതി**

211 (980) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി പദ്ധതി വഴി നടപ്പിലാക്കിയ ശുദ്ധജല വിതരണ പദ്ധതിയിലുള്ള ഉപഭോക്താക്കളിൽ നിന്നും അമിത ചാർജ് ഈടാക്കുന്നതു സംബന്ധിച്ച് കടപ്ലാമറ്റം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച 12-7-2016-ലെ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് ഫയൽ നമ്പർ WS B2/145/16 പ്രകാരം കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) പ്രസ്തുത നിവേദനത്തിന്മേൽ 30-11-2016-ന് ജലനിധി എക്സിക്യൂട്ടീവ് ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല.

**കൊച്ചി കോർപ്പറേഷനിലെ ശുദ്ധജലക്ഷാമം**

212 (981) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി കോർപ്പറേഷനിലെ ഇടക്കൊച്ചി 13, 14, 15, 16 വാർഡുകളിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായുള്ള 275 ലക്ഷം രൂപയുടെ അരൂർ പാലം മുതൽ പാമ്പായിമൂല വരെ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ബി) ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഈ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കൊച്ചി കോർപ്പറേഷനിലെ ഇടക്കൊച്ചി 13, 14, 15, 16 വാർഡുകളിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി അരൂർപാലം മുതൽ പാമ്പായിമൂല വരെ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയിൽ അരൂർ പൂജപ്പുര ജംഗ്ഷൻ മുതൽ ഇടക്കൊച്ചി പാലം വരെയുള്ള 300 ലക്ഷം രൂപയുടെ ഒന്നാം ഭാഗം പ്രവൃത്തി 21-2-2017-ന് ആരംഭിച്ചു. ഇടക്കൊച്ചി പാലം മുതൽ പാമ്പായിമൂലവരെയുള്ള 2700 മീറ്ററിൽ (രണ്ടാം ഭാഗം) 1050 മീറ്റർ നീളത്തിലുള്ള 450 mm D1 K9 പൈപ്പും 650

മീറ്റർ നീളത്തിലുള്ള 500 mm HDPE പൈപ്പും സ്ഥാപിക്കുന്ന 495 ലക്ഷം രൂപയുടെ ദർഘാസ് നടപടികൾ കേരള വാട്ടർ അതോറിറ്റി ആരംഭിച്ചിട്ടുണ്ട്. 2017 ഏപ്രിൽ 30-ഓടുകൂടി ദർഘാസ് നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ബാക്കിയുള്ള 1000 മീറ്ററിൽ 450 mm D1 K9 പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിക്കാവശ്യമായ 150 ലക്ഷം രൂപയുടെ പ്രൊപ്പോസൽ Atal Mission for Rejuvenation and Urban Transformation (AMRUT) മിഷനിലൂടെ ഫണ്ട് ലഭ്യമാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട്.

**ശുദ്ധജല വിതരണ പദ്ധതി**

213 (982) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ, പഴയകുന്നുമ്മേൽ, മടവൂർ പഞ്ചായത്ത് ശുദ്ധജല വിതരണ പദ്ധതി പൂർത്തിയായിട്ടുണ്ടോ; പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര കോടി രൂപയാണ് ഇതുവരെ ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) വാമനപുരം നദിയിൽ തടയണ നിർമ്മിച്ച്, മതിയായ വെള്ളം ഉറപ്പു വരുത്തിയാൽ മാത്രമേ പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിക്കുകയുള്ളൂ എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ട്രയൽ റണ്ണിനും പൈപ്പ് ലൈനുകൾ ചാർജ്ജ് ചെയ്യുന്നതിനുമുള്ള ജലം വാമനപുരം നദിയിൽ കുറവായതിനാൽ ജലശുദ്ധീകരണശാലയുടെ പ്രവർത്തനം നിർത്തിവച്ചിരിക്കുകയാണ്. വാമനപുരം നദിയിലെ ജലലഭ്യതയ്ക്കനുസരിച്ച് പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയും.

(ബി) പ്രസ്തുത പദ്ധതിക്കായി നാളിതുവരെ 26.15 കോടി രൂപ ചെലവഴിച്ചു.

(സി) ഉണ്ട്.

(ഡി) തടയണ നിർമ്മിക്കുന്നതിനുവേണ്ടി ഇറിഗേഷൻ വകുപ്പിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

## ശുദ്ധജല വിതരണ പൈപ്പ് പൊട്ടൽ

214 (983) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള ക്ഷാമം രൂക്ഷമായി കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പോലും ഗ്രാമങ്ങളിലും പട്ടണങ്ങളിലും പൈപ്പ് പൊട്ടുന്നതു സംബന്ധിച്ച് പരാതികൾ നല്കിയാലും വെള്ളം ദിവസങ്ങളോളം റോഡുകളിലൂടെ ഒഴുകുന്നതായി ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ അനാസ്ഥ കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) പൈപ്പ് പൊട്ടൽ സംബന്ധിച്ച പരാതികൾ അടിയന്തരമായി പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. എന്നാൽ തിരക്കേറിയ റോഡുകളിൽ റോഡ് മുറിക്കാനുള്ള അനുമതി ലഭിക്കാനുള്ള കാലതാമസംമൂലം അറ്റകുറ്റപ്പണികൾക്ക് താമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം സാഹചര്യങ്ങളിൽ ബന്ധപ്പെട്ട വകുപ്പിന്റെ സഹകരണത്തോടെ കഴിയുന്നത്ര വേഗത്തിൽ അറ്റകുറ്റപ്പണികൾ നടത്തി ജലവിതരണം പുനഃസ്ഥാപിക്കുന്നുണ്ട്.

(ബി) പൈപ്പ് പൊട്ടലുകൾ സംബന്ധിച്ച പരാതികൾ നിരീക്ഷിച്ച് ഉചിതമായ നടപടികൾ കൈക്കൊള്ളാൻ ഡിവിഷൻ തലത്തിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

## പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതി

215 (984) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന സ്ഥലങ്ങളെ രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ളമെത്തിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വരൾച്ച രൂക്ഷമായ സാഹചര്യത്തിൽ, രണ്ടാം ഘട്ട പദ്ധതിയുമായി ബന്ധപ്പെട്ട് സമർപ്പിച്ച 52 കോടി രൂപയുടെ പ്രോജക്ടിന് അംഗീകാരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) പട്ടുവം രണ്ടാംഘട്ട പദ്ധതിക്കുവേണ്ടി 52.5 കോടി രൂപയുടെ ഒരു പ്രൊപ്പോസൽ 2016-17 പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തുന്നതിന് കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട്. അത് പരിശോധിച്ചുവരുന്നു.

## കോട്ടയം വാട്ടർ അതോറിറ്റിയുടെ പ്രോജക്ട് പ്ലാനിംഗ് ഡിപ്പാർട്ട്മെന്റ്

216 (985) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളരെയധികം കുടിവെള്ളക്ഷാമം നേരിടുന്ന കോട്ടയം ജില്ലയിലെ കോട്ടയം വാട്ടർ അതോറിറ്റിയുടെ പ്രോജക്ട് പ്ലാനിംഗ് ഡിപ്പാർട്ട്മെന്റിൽ ക്യാമ്പ് ഓഫീസിൽ (പി.പി.ഡി) നിലവിൽ ഒരു സർവ്വേയർ മാത്രമേയുള്ളു എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ക്യാമ്പ് ഓഫീസിൽ അടിയന്തരമായി ഒരു അസിസ്റ്റന്റ് എഞ്ചിനീയറെയും 2 സർവ്വേയർമാരെയും, കൂടാതെ പുതിയ പദ്ധതിയുടെ പ്രാഥമിക സർവ്വേ ജോലിക്കായി കോൺട്രാക്ട് വ്യവസ്ഥയിലെങ്കിലും ആവശ്യമായ സ്റ്റാഫിനെയും നിയമിച്ച് കുടിവെള്ളക്ഷാമത്തിന് പരിഹാരം ഉണ്ടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോട്ടയം ക്യാമ്പ് ഓഫീസിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെയും 2 സർവ്വേയർമാരുടെയും ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

## നൂറനാട് പാറ്റൂർ കുടിവെള്ള പദ്ധതി

217 (986) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറനാട് പാറ്റൂർ കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി 2017 മാർച്ച് 15-ന് മുൻപായി കമ്മീഷൻ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 1. പ്രസ്തുത പദ്ധതിയുടെ ഇൻടേക്ക് വെല്ലിന് മുകളിലുള്ള പമ്പ് ഹൗസ് നിർമ്മാണം അവസാനഘട്ടത്തിലാണ്.

2. 400 mm DI K9 പൈപ്പ് സ്ഥാപിക്കൽ പൂർത്തീകരിച്ചു.

3. റോ വാട്ടർ പമ്പ് സെറ്റ്-170 HP-2 Nos. സപ്ലൈ ചെയ്തു. പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു.

4. 10 mld വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റും 4.50 ലക്ഷം ലിറ്റർ സമ്പും നിർമ്മാണം പൂർത്തീകരിച്ചു.

5. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി അവസാന ഘട്ടത്തിലാണ്.

6. ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ 4.50 ലക്ഷം ലിറ്റർ ഗ്രൗണ്ട് ലെവൽ ടാങ്ക്, ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ എന്നിവ പൂർത്തീകരിച്ചു.

7. 130 HP-2 Nos. ക്ലിയർ വാട്ടർ പമ്പ് സെറ്റ്, 400 KVA ശേഷിയുള്ള സബ് സ്റ്റേഷൻ, റോ വാട്ടർ പമ്പിംഗ് മെയിനും പമ്പ് സെറ്റും തമ്മിലുള്ള ഇന്റർ കണക്ഷൻ, നിലവിലെ മെഷീനറികളുടെ ഓവർ ഹോളിംഗ് വർക്ക്, വിതരണ ശൃംഖലകൾ എന്നീ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതി 2017 ഏപ്രിൽ ആദ്യവാരത്തോടെ കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**ശിവപുരം തില്ലങ്കേരി ജലവിതരണ പദ്ധതി**

218 (987) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ശിവപുരം-തില്ലങ്കേരി ജലവിതരണ പദ്ധതിയ്ക്ക് നബാർഡിന്റെ ധനസഹായം ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ നബാർഡിന് നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ നടപ്പു സാമ്പത്തിക വർഷം നബാർഡ് ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) നിലവിൽ നബാർഡ് ധനസഹായത്തിന് വേണ്ടി പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല. എന്നാൽ മട്ടന്നൂർ നിയോജകമണ്ഡലത്തിലെ ശിവപുരം-തില്ലങ്കേരി പ്രദേശങ്ങളിൽ ജലവിതരണം നടത്തുന്നതിന് ആവശ്യമായ ശുദ്ധജലം മട്ടന്നൂർ ഇരിട്ടി മുനിസിപ്പാലിറ്റിക്കുവേണ്ടി കെ.ഐ.ഐ.എഫ്.ബി. (കിഫ്ബി)-യിൽ അനുമതി ലഭിച്ച ശുദ്ധജലവിതരണ പദ്ധതിയുടെ പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുപ്രകാരം കിണർ, പമ്പ് ഹൗസ്, ശുദ്ധീകരണശാല എന്നിവ ഒന്നാംഘട്ടം കിഫ്ബിയിൽ ഉൾപ്പെട്ടിട്ടുണ്ട്. രണ്ടാംഘട്ടം പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുമ്പോൾ തില്ലങ്കേരി, മാലൂർ പഞ്ചായത്തുകളിൽ ജലവിതരണത്തിനാവശ്യമായ ജലവിതരണ ശൃംഖല കൂടി ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.

**ഗാർഹിക ജല കണക്ഷൻ**

219 (988) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക ജല കണക്ഷൻ നൽകുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ജല കണക്ഷൻ എടുക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ?

(സി) എല്ലാ പഞ്ചായത്തിലും ശുദ്ധജലം എത്തിക്കാനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) വരൾച്ചാ പ്രതിരോധത്തിന്റെ ഭാഗമായി പ്രതിമാസം 50 കിലോ ലിറ്ററിന് മുകളിൽ ഉപഭോഗം കണക്കാക്കുന്ന പുതിയ കണക്ഷനുകൾക്ക് താൽക്കാലിക നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഗാർഹിക കണക്ഷനുകൾ എടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ലഘൂകരിച്ചുകൊണ്ട് 2013-ൽ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) കേരളത്തിലെ മുഴുവൻ തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലും ശുദ്ധീകരിച്ച കുടിവെള്ളം എത്തിക്കാനാണ് ജല അതോറിറ്റി ലക്ഷ്യമിടുന്നത്. 941 പഞ്ചായത്തുകൾ ഉള്ളതിൽ 472 പഞ്ചായത്തുകളിൽ ശുദ്ധീകരണ ശാലയോടുകൂടിയ പദ്ധതികൾ നിലവിലുണ്ട്. കൂടാതെ നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ പൂർത്തിയാകുമ്പോൾ 210 പഞ്ചായത്തുകളിൽ കൂടി ശുദ്ധീകരിച്ച കുടിവെള്ളം ലഭ്യമാകും. ബാക്കിവരുന്ന 259 പഞ്ചായത്തുകൾക്കുള്ള പദ്ധതികൾ ഘട്ടംഘട്ടമായി ഏറ്റെടുക്കുന്നതാണ്. 2016-17-ലെ ബഡ്ജറ്റിൽ പ്രത്യേക നിക്ഷേപ പദ്ധതി (കിഫ്ബി)-യിൽ ഉൾപ്പെടുത്തി 1257.1 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതികൾ പൂർത്തിയാകുന്നതോടുകൂടി 68 പഞ്ചായത്തുകൾക്കും 13 മുനിസിപ്പാലിറ്റികൾക്കും കൂടി പ്രയോജനം ലഭിക്കുന്നതാണ്.

**കുടിവെള്ള ക്ഷാമം**

220 (989) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള സ്രോതസ്സുകൾ വറ്റി വരണ്ടത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; എങ്കിൽ ഓരോ ജില്ലയിലെയും നിലവിലെ അവസ്ഥ വ്യക്തമാക്കുമോ;

(ബി) ഫെബ്രുവരി മുതൽ ഏപ്രിൽ വരെയുള്ള കാലയളവിൽ കുടിവെള്ളം ലഭ്യമാക്കാൻ എത്ര ജലം സംഭരണികളിലുണ്ട് എന്നും ഇത് എത്ര ദിവസത്തേക്ക് ഉപയോഗിക്കാൻ കഴിയുമെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) കടുത്ത വേനൽമൂലം പൈപ്പുപൊട്ടലുകൾ വ്യാപകമാകുമ്പോൾ, ജലദൗർലഭ്യം ഉണ്ടെങ്കിലും ജലവിഭവ വകുപ്പ് ഉദ്യോഗസ്ഥരോ, വാട്ടർ അതോറിറ്റിയോ ജനങ്ങൾ അറിയിച്ചാലും അറ്റകുറ്റപ്പണികൾ നടത്താതിരിക്കുന്നത് പരിശോധിച്ചുവോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) പൈപ്പ് പൊട്ടലുകൾ യഥാസമയം പരിഹരിക്കുവാൻ ജലവിഭവ വകുപ്പും വാട്ടർ അതോറിറ്റിയും എന്തു നടപടി സ്വീകരിക്കുമെന്നും വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടി സ്വീകരിക്കുമെന്നും പരാതി സ്വീകരിക്കുന്നതിനായി ഒരു പൊതു ഫോൺ നമ്പർ ഏർപ്പെടുത്തുമോയെന്നും വ്യക്തമാക്കുമോ?

## ഉത്തരം

(എ) ഉണ്ട്.

തിരുവനന്തപുരം ജില്ല: ജില്ലയിൽ പേപ്പാറ ഡാമിന്റെ ജലനിരപ്പ് കഴിഞ്ഞ വർഷത്തേക്കാൾ കുറഞ്ഞിട്ടുണ്ട്. വാമനപുരം നദിയിലേയും കരമനയാറ്റിലേയും ജലനിരപ്പ് ശുദ്ധജലം പമ്പ് ചെയ്യുന്ന കിണറുകളിൽ എത്താത്തവിധം താഴ്ന്നനിലയിലാണ്. വാമനപുരം നദിയിലെ കുടിവെള്ള പദ്ധതികൾ വേനൽമഴ ലഭിക്കാത്തപക്ഷം മുടങ്ങുന്ന അവസ്ഥയിലേയ്ക്കാണ് നീങ്ങുന്നത്.

കൊല്ലം ജില്ല: ജില്ലയിൽ കുടിവെള്ളത്തിനായി ശാസ്താംകോട്ട തടാകം, കല്ലടയാർ, ഇത്തിക്കരയാർ, അച്ചൻ കോവിലാർ, പള്ളിക്കൽ ആറ് എന്നീ സ്രോതസ്സുകളാണ് മുഖ്യമായും ഉപയോഗപ്പെടുത്തിവരുന്നത്. മുൻകാലങ്ങളെക്കാളും ഈ സ്രോതസ്സുകളുടെ ജലനിരപ്പ് വളരെയധികം കുറഞ്ഞിരിക്കുന്നതായിട്ടാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. ശാസ്താംകോട്ട തടാകത്തിൽ ജലനിരപ്പ് കുറഞ്ഞതിനാൽ സമീപത്തുള്ള കെ.ഐ.പി. കനാലിൽ നിന്നും ശുദ്ധീകരണ ശാലയിലേയ്ക്ക് ജലം എത്തിച്ച് പ്രതിസന്ധിയ്ക്ക് ഭാഗികമായി പരിഹാരം കാണുന്നുണ്ട്.

പത്തനംതിട്ട ജില്ല: ജില്ലയിൽ 60-ഓളം ശുദ്ധജല വിതരണ പദ്ധതികൾ പ്രവർത്തിക്കുന്ന നദികളായ പമ്പ, മണിമലയാർ, അച്ചൻ കോവിലാർ, കക്കാട്, കല്ലടയാർ, കല്ലാർ എന്നിവയിൽ ജലവിതാനം വളരെ കുറഞ്ഞ അവസ്ഥയിലാണ്. മണിമല സ്രോതസ്സായുള്ള പദ്ധതികളിൽ 8 എണ്ണത്തിൽ ജലലഭ്യത വളരെ കുറവാണ്. പമ്പയാറിൽ നീരൊഴുക്ക് കുറഞ്ഞതിനാൽ പമ്പിംഗ് തടസ്സപ്പെടുന്നുണ്ട്. കല്ലടയാറിൽ ജലനിരപ്പ് താഴ്ന്നതിനാൽ കടമ്പനാട് സ്കീമിൽ പമ്പിംഗ് സംവിധാനത്തെ ബാധിച്ചിരിക്കുന്നു.

ആലപ്പുഴ ജില്ല: പമ്പാ നദി സ്രോതസ്സായി ഒരു ശുദ്ധജലവിതരണ പദ്ധതി പ്രവർത്തിച്ചുവരുന്നു. അതിൽ പമ്പിംഗിന് ജലം ലഭിക്കുന്നുണ്ട്. ആലപ്പുഴ ജില്ലയിലെ പ്രധാന പദ്ധതിയായ ചേർത്തല JICA പദ്ധതിയുടെ സ്രോതസ് മൂവാറ്റുപുഴ ആറാണ്. മൂവാറ്റുപുഴയാറിലെ ജലലഭ്യത കാര്യമായി കുറഞ്ഞിട്ടില്ലാത്തതിനാൽ പമ്പിംഗിനെ ബാധിച്ചിട്ടില്ല. എന്നാൽ ഭൂഗർഭ ജലവിതാനം താഴ്ന്നതിനാൽ ട്യൂബ് വെല്ലുകളെ ആശ്രയിച്ചുള്ള മിക്കവാറും പദ്ധതികളെ ബാധിച്ചിട്ടുണ്ട്. അച്ചൻകോവിലാറിൽ ഉപ്പിന്റെ അംശം കൂടുന്നതും ആശങ്ക ഉളവാക്കുന്നുണ്ട്.

കോട്ടയം ജില്ല: മണിമല നദി സ്രോതസ്സായി 3 പദ്ധതികൾ പ്രവർത്തിച്ചുവരുന്നു. ഇതിൽ കുളത്തൂർ മൂഴിയിൽ ജലലഭ്യത തീരെ കുറയുകയും പമ്പിംഗ് നിലച്ചുപോകുന്ന അവസ്ഥയിലുമാണ്. വരൾച്ച തുടരുന്ന സാഹചര്യത്തിൽ സമീപത്തുള്ള കയത്തിൽ നിന്നുമുള്ള ജലം കൂടി മെയിൻ സ്രോതസ്സിലേയ്ക്ക് പമ്പ് ചെയ്യേണ്ടിവരും. മീനച്ചലാറിൽ ഉപ്പിന്റെ അംശം കൂടി വരുന്നതും ആശങ്ക ഉളവാക്കുന്നുണ്ട്.

ഇടുക്കി ജില്ല: ഇടുക്കി, മലങ്കര, തേക്കടി റിസർവോയറുകളെ ആശ്രയിക്കുന്ന പദ്ധതികളുടെ പ്രവർത്തനങ്ങളെ ഇതുവരെ വരൾച്ച രൂക്ഷമായി ബാധിച്ചിട്ടില്ല. മുല്ലപ്പെരിയാർ നദിയിലെ നീരൊഴുക്ക് നിലച്ചതിനാൽ വണ്ടിപ്പെരിയാർ കുടിവെള്ള പദ്ധതിയുടെ പമ്പിംഗ് ഭാഗികമായി തടസ്സപ്പെട്ടിട്ടുണ്ട്. ശാന്തൻപാറ പുഴ വറ്റിയതിനാൽ ശാന്തൻപാറ പദ്ധതിയുടെ പമ്പിംഗ് തടസ്സപ്പെട്ടിരിക്കുകയാണ്. തൊടുപുഴയാറിനെ വരൾച്ച കാര്യമായി ബാധിച്ചിട്ടില്ല.

എറണാകുളം ജില്ല: മൂവാറ്റുപുഴയാറിൽ 2016 ഒക്ടോബർ മുതൽ ജലനിരപ്പ് താഴാൻ തുടങ്ങി. പെരിയാറിൽ കഴിഞ്ഞ വർഷത്തേക്കാൾ ഏകദേശം 0.40 മീറ്റർ ജലനിരപ്പ് താഴെയാണ്. കാലടി, മാറമ്പിള്ളി, പെരുമ്പാവൂർ ഭാഗങ്ങളിൽ പെരിയാറിലെ ജലനിരപ്പ് 1 മീറ്ററോളം കഴിഞ്ഞ വർഷത്തേക്കാൾ കുറവാണ്. ചാലക്കുടി പുഴയിൽ ഏകദേശം 0.6 മീറ്റർ ജലനിരപ്പ് താഴ്ന്നിട്ടുണ്ട്. മൂവാറ്റുപുഴ, തൊടുപുഴ എന്നീ നദികളേയും ഇടമലയാർ ഡാമിനേയും ആശ്രയിച്ച് പ്രവർത്തിക്കുന്ന പദ്ധതികളുടെ പ്രവർത്തനത്തിൽ വളരെ രൂക്ഷമായ പ്രശ്നങ്ങൾ പ്രതീക്ഷിക്കുന്നില്ല. എന്നാൽ കാളിയാർ, കോതമംഗലം, കരീക്കണ്ണി എന്നീ ചെറുപുഴകളെ ആശ്രയിക്കുന്ന പദ്ധതികളുടെ പ്രവർത്തനത്തെ വരൾച്ച സാരമായി ബാധിച്ചിട്ടുണ്ട്.

തൃശ്ശൂർ ജില്ല: ജില്ലയിലെ പ്രധാന സ്രോതസ്സുകളായ ഭാരതപ്പുഴ, മണലിപ്പുഴ എന്നിവയെ വരൾച്ച സാരമായി ബാധിച്ചിട്ടുണ്ട്. ജലലഭ്യതയിലെ കുറവുകാരണം പമ്പിംഗ് നിർത്തിവയ്ക്കേണ്ട സാഹചര്യം ഉണ്ടാകും. ഭാരതപ്പുഴയിലെ നീരൊഴുക്ക് ഉറപ്പ് വരുത്താൻ മലമ്പുഴ ഡാമിൽ ശേഖരിച്ചിട്ടുള്ള വെള്ളം തുറന്നുവിടേണ്ടതുണ്ട്. എന്നാൽ മലമ്പുഴ ഡാമിലെ ജലനിരപ്പ് കുറവായതിനാൽ ഒന്നോ രണ്ടോ പ്രാവശ്യം തുറന്നുവിടാനുള്ള സാദ്ധ്യത മാത്രമേയുള്ളൂ. തടയണകൾ താൽക്കാലികമായി നിർമ്മിച്ചും നീർച്ചാലുകൾ നിർമ്മിച്ചും പമ്പിംഗ് മുടങ്ങാതിരിക്കാൻ ശ്രമിച്ചുവരുന്നു. മലമ്പുഴ ഡാം തുറന്ന് ജലം ഭാരതപ്പുഴയിൽ ലഭിച്ചില്ലെങ്കിൽ പ്രശ്നം രൂക്ഷമാകും.

പാലക്കാട് ജില്ല: ഭാരതപ്പുഴ, കുന്തിപ്പുഴ, തൂതപ്പുഴ സ്രോതസ്സായിട്ടുള്ള കുടിവെള്ള പദ്ധതികളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്.

മലപ്പുറം ജില്ല: നിലവിൽ സ്രോതസ്സുകൾ വറ്റിവരണ്ടത് ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. കടലുണ്ടി പുഴയുടെ നീരൊഴുക്ക് അതിവേഗം കുറയുന്നുണ്ട്. ഇത് മലപ്പുറം മുനിസിപ്പാലിറ്റി അടക്കമുള്ള കുടിവെള്ള വിതരണത്തെ സാരമായി ബാധിക്കുന്നതാണ്.

കോഴിക്കോട് ജില്ല: പെരുവണ്ണാമൂഴി ഡാമും ചാലിയാർ പുഴയും സ്രോതസ്സായ പദ്ധതികളിൽ വലിയ ക്ഷാമം പ്രതീക്ഷിക്കുന്നില്ല. എന്നാൽ വാണിമേൽ പുഴയിൽ നീരൊഴുക്ക് ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

കണ്ണൂർ ജില്ല: പഴശ്ശി റിസർവോയർ സ്രോതസ്സായ പദ്ധതികളിൽ ജലക്ഷാമം പ്രതീക്ഷിക്കുന്നില്ല. എന്നാൽ അഞ്ചരക്കണ്ടി പുഴയിൽ നീരൊഴുക്ക് കുറഞ്ഞിട്ടുണ്ട്. മാർച്ച് മാസത്തോടെ പമ്പിംഗിനെ ബാധിക്കാൻ സാദ്ധ്യതയുണ്ട്.

വയനാട് ജില്ല: ശശമല സീതാമൗണ്ട് സ്കീം കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്.

കാസർഗോഡ് ജില്ല: മൊഗ്രാൽ പുത്തൂർ കുടിവെള്ള പദ്ധതിയിലും കുഞ്ചത്തൂർ കുടിവെള്ള പദ്ധതിയിലും സ്രോതസ്സായ ഓരോ ബോർ വെല്ലുകൾ വീതം മാറ്റിയിട്ടുണ്ട്.

സംസ്ഥാനത്ത് മഴയുടെ കുറവുമൂലം ഭൂജലവിതാനത്തിൽ കുറവ് സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് സാധാരണയായി ലഭിക്കുന്ന ശരാശരി മഴ 3000 മില്ലീമീറ്ററാണ്. 2016 ജനുവരി മുതൽ ഡിസംബർ വരെ 1869.5 മില്ലീമീറ്റർ മഴയാണ് ലഭ്യമായത്. ഇത് ശരാശരി മഴയേക്കാൾ 1130.5 മില്ലീമീറ്റർ കുറവാണ്.

(ബി) ജലസംഭരണികളിൽ (ഡാമുകളിൽ) ലഭ്യമായ ജലത്തിന്റെ അളവിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പൈപ്പ് പൊട്ടലുകൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടനടി അറ്റകുറ്റപ്പണികൾ നടത്തി വരുന്നുണ്ട്. ഇത് ഉറപ്പുവരുത്താനുള്ള സംവിധാനം നിലവിലുണ്ട്.

(ഡി) പൈപ്പ് പൊട്ടലുകൾ യഥാസമയം പരിഹരിക്കുവാൻ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ മുഖാന്തരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വരൾച്ചാ കാലത്ത് പരാതികൾ സ്വീകരിക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന പൊതുഫോൺ നമ്പർ പത്രമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ നമ്പറുകളിൽ ലഭിക്കുന്ന പരാതികൾ പരിഹരിക്കാൻ ഉടൻ നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥൻ വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വരൾച്ച പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കുന്നതിനായി കൺട്രോൾ റൂമുകൾ തുറന്നിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള കൺട്രോൾ റൂമുകളുടെ ഫോൺ നമ്പർ പത്രമാധ്യമങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത് കൂടാതെ 1800-425-5313 എന്ന ടോൾ ഫ്രീ നമ്പറിൽ 24x7 പ്രവർത്തിക്കുന്ന ഒരു കേന്ദ്രീകൃത കൺട്രോൾ റൂം ഹെഡ് ഓഫീസിൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. വരൾച്ച ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പൊതുജനങ്ങളുടെ പരാതിയിന്മേൽ സത്വര നടപടികൾ സ്വീകരിക്കുന്നുവെന്ന് ഉറപ്പാക്കാനും ഒരു Drought Management Cell ഹെഡ് ഓഫീസിൽ രൂപീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ടുള്ള സന്ദേശങ്ങൾ ഉടനടി ഉദ്യോഗതലത്തിൽ കൈമാറാനും തത്സമയ ആശയവിനിമയം നടത്താനുമായി ഫീൽഡ് എഞ്ചിനീയർമാരെയെല്ലാം ഉൾക്കൊള്ളിച്ച് ഒരു വാട്ട്സ്-ആപ് (നമ്പർ 9495998258) ഗ്രൂപ്പ് ആരംഭിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ പരാതിയിന്മേൽ സ്വീകരിക്കുന്ന നടപടികൾ അവരെ അറിയിക്കുവാനായി ഒരു SMS Gateway ഉപയോഗപ്പെടുത്തുന്നുമുണ്ട്. ബ്ലൂ ബ്രിഗേഡ് സംവിധാനം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതാണ്.

**കാക്കടവ് ജലവിതരണ പദ്ധതി**

221 (990) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കാക്കടവ് ജലവിതരണ പദ്ധതിയിൽ നിന്നും ഏതൊക്കെ സർക്കാർ സ്ഥാപനങ്ങൾക്കാണ് കുടിവെള്ളം ലഭ്യമാക്കുന്നതെന്ന് അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതിയിൽ നിന്നും പൊതുജനങ്ങൾക്ക് കുടിവെള്ളം നൽകി വരുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ പഞ്ചായത്തുകളിലെ ജനങ്ങൾക്കാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇവിടെ നിന്നും വെള്ളം നൽകുന്ന സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വാട്ടർ അതോറിറ്റിയ്ക്ക് എത്ര കോടി രൂപ പ്രതിവർഷം വെള്ളക്കരമായി ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) കാക്കടവിൽ സ്ഥിരം തടയണ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ഇ) ഇതിന്റെ പ്രവൃത്തി എന്നാരംഭിക്കാൻ കഴിയുമെന്നും എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഏഴിമല നേവൽ അക്കാദമി, സി.ആർ.പി.എഫ്. പെരിങ്ങോം, ഖാദി സെന്റർ രാമന്തളി എന്നീ സർക്കാർ സ്ഥാപനങ്ങൾക്ക് കുടിവെള്ളം നൽകിവരുന്നു.

(ബി പൊതു ടാപ്പുകൾ വഴിയും ഗാർഹിക കണക്ഷനുകൾ വഴിയും കുടിവെള്ളം പൊതുജനങ്ങൾക്ക് നൽകിവരുന്നു. രാമന്തളി പഞ്ചായത്തിലെ ജനങ്ങൾക്കാണ് കുടിവെള്ളം നൽകിവരുന്നത്.

(സി) 3.34 കോടി രൂപ.

(ഡി) പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായി പ്രവൃത്തിക്ക് അനുമതി നൽകി. കരാറുകാരനായ ശ്രീ. സി. എം. അബ്ദുൾ ഖാദർ 18-2-2017-ന് എഗ്രിമെന്റ് ഒപ്പിട്ടു, ഡിസൈൻ തയ്യാറായിവരുന്നു.

(ഇ) 14-2-2017-ന് പ്രവൃത്തി അനുമതി നൽകി, മാർച്ച് 2019-ഓടെ പ്രവൃത്തി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**ജപ്പാൻ കുടിവെള്ള പദ്ധതി**

222 (991) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി പ്രോജക്ട് പ്രകാരമുള്ള തുക പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ടോ;

(ബി) പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി എറണാകുളം ജില്ലയെ മാതൃകയാക്കി ഡിസാസ്റ്റർ മാനേജ്മെന്റ് പ്രകാരം നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെട്ട തുക നൽകിയിട്ടുണ്ട്.

(ബി) കോഴിക്കോട് ജൈക്ക പദ്ധതിയിൽ ഡിസ്ട്രിബ്യൂഷൻ നെറ്റ്‌വർക്ക് (വിതരണ ശൃംഖല) പാക്കേജിന്റെ ഭാഗമായി രാമകൃഷ്ണ കോൺട്രാക്ടേഴ്സ് നൽകിയ വർക്കുകളാണ് അവരുടെ റിസ്ക് ആന്റ് കോസ്റ്റിൽ റീ-അറേഞ്ച് ചെയ്ത് ശ്രീറാം കോൺട്രാക്ടേഴ്സിന് നൽകിയിട്ടുള്ളത്. സ്ഥാപിച്ച പൈപ്പ്ലൈനിൽ നിരവധി ഗ്യാപ്പുകളോടുകൂടിയാണ് ഈ വർക്കുകൾ ശ്രീറാമിന് കൈമാറിയിട്ടുള്ളത്. ലഭ്യമായ വിവരങ്ങൾ അനുസരിച്ച് ഈ ഗ്യാപ്പുകൾ കണ്ടുപിടിച്ച് പൈപ്പ്ലൈനുകൾ കൂട്ടിച്ചേർക്കുന്നതിന് കൂടുതൽ സമയം ആവശ്യമുണ്ട്. രാമകൃഷ്ണയിൽ നിന്നും കൈമാറിയ ശേഷം ഈ പൈപ്പുകൾ ഇട്ടിട്ടുള്ള പല റോഡുകളും വീതി കൂട്ടുകയോ നിരവധി തവണ ടാറിംഗ് നടത്തുകയോ ചെയ്തിട്ടുള്ള സാഹചര്യത്തിൽ കൃത്യമായി പൈപ്പുകളുടെ സ്ഥാനം കണ്ടുപിടിക്കുന്നതിന് ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. പൈപ്പ് ഇടുന്നതിനായി റോഡ് കട്ടിംഗിനുള്ള അനുവാദം ലഭ്യമാക്കുന്നതിന് പി.ഡബ്ല്യു.ഡി., എൻ.എച്ച്. കോർപ്പറേഷൻ, റെയിൽവേ എന്നീ ഏജൻസികളുടെ സമ്മതം ആവശ്യമുണ്ട്. ടി അനുവാദങ്ങൾ ലഭ്യമാക്കുന്നതിലേയ്ക്കായി ഉദ്യോഗസ്ഥ തലത്തിലും ഭരണതലത്തിലും മന്ത്രിതലത്തിലും മീറ്റിംഗുകൾ സംഘടിപ്പിക്കുകയും വിഷയം ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ മീറ്റിംഗുകളിൽ എടുത്തിട്ടുള്ള തീരുമാനമനുസരിച്ച് റോഡ് കട്ടിംഗ് പെർമിഷനുകൾ ലഭ്യമായി തുടങ്ങിയിട്ടുണ്ട്. സമയബന്ധിതമായി വർക്കുകൾ നടപ്പിലാക്കുന്നതിലേയ്ക്കായി കോൺട്രാക്ടർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ആസന്നമായ വരൾച്ച പരിഗണിച്ച് ചെറിയ ലൈനുകൾ കൂട്ടിയോജിപ്പിച്ച് പ്രത്യേക പ്രദേശങ്ങളിലേയ്ക്ക് വെള്ളം എത്തിക്കുവാനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**ബാവിക്കര കുടിവെള്ള പദ്ധതി**

223 (992) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബാവിക്കര കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി പുനരാരംഭിക്കുന്നത് സംബന്ധിച്ച് അടുത്ത കാലത്ത് വകുപ്പ് മന്ത്രിതല യോഗത്തിൽ എടുത്തിട്ടുള്ള തീരുമാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത തീരുമാനങ്ങളിൽ ഏതൊക്കെ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) 1. 10-12-2016-ന് മുമ്പ് ക്രോസ് സെക്ഷൻ പ്രൊഫൈൽ എടുക്കുകയും 31-12-2016-ന് മുമ്പ് ഡയറക്ടർ കെ.ഇ.ആർ.ഐ. ബോർഹോൾ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കുകയും വേണം.

2. വളരെ അടുത്തടുത്ത് ബോർഹോൾ ഇൻവെസ്റ്റിഗേഷൻ നടത്തി പാറയുടെ സാന്നിദ്ധ്യം മനസ്സിലാക്കുകയും അത് നീക്കം ചെയ്യുന്നത് സംബന്ധിച്ചോ ഒഴിവാക്കുന്നത് സംബന്ധിച്ചോ നിലവിലുള്ള സാങ്കേതിക വിദ്യ ഉപയോഗിക്കുക.

3. 27-12-2016-ന് റഗുലേറ്റർ കം ബ്രിഡ്ജിന്റെ ഡിസൈൻ ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർ പൂർത്തിയാക്കുക.

4. പുതുക്കിയ ഡിസൈൻ പ്രകാരമുള്ള എസ്റ്റിമേറ്റ് 20-1-2017-ൽ തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിക്കുക.

5. സർക്കാരിൽ നിന്നും ഭരണാനുമതി നൽകുന്നതിനെ തുടർന്ന് ചീഫ് എഞ്ചിനീയർ (ഐ ആൻഡ് എ) സാങ്കേതികാനുമതിയും നൽകുക.

6. 03/2017-ഓടെ ദർഘാസ് നടപടി കൈക്കൊള്ളുക.

(ബി) പ്രസ്തുത തീരുമാനപ്രകാരം ഡയറക്ടർ കെ.ഇ.ആർ.ഐ. ബോർഹോൾ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള ഐ.ഡി.ആർ.ബി. ഡിസൈൻ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും ഡിസൈൻ സംബന്ധിച്ച് ചില കാര്യങ്ങളിൽ വ്യക്തത ആവശ്യമായതിനാൽ അത് ഐ.ഡി. ആർ.ബി.-യെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

**ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

224 (993) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് സഹായത്തോടെ കോഴിക്കോട് ജില്ലയിലെ നായർകുഴിയിൽ നിർമ്മിക്കുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തിയ്ക്ക് ക്വട്ടേഷൻ നൽകിയ വ്യക്തികളുമായി സർക്കാർ കരാർ ഉണ്ടാക്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്ന് കരാറിലേർപ്പെടാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) നബാർഡ് സഹായത്തിന് പുറമേ അധികമായി വരുന്ന ചെലവുകൾ ഏത് വിധേനയാണ് കണ്ടെത്തുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നായർകുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ക്വട്ടേഷൻ അംഗീകരിക്കുന്ന വിഷയം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(ബി) ഇല്ല.

(സി&ഡി) ഈ പ്രവൃത്തിയുടെ അംഗീകാരം നബാർഡ് വഴി നൽകിയിട്ടുണ്ട്. അതിനാൽ 5 ശതമാനം അധിക നിരക്ക് മാത്രമേ ക്വട്ടേഷന് നൽകുവാൻ സാധിക്കുകയുള്ളൂ. കരാറുകാരൻ 37.99 ശതമാനം അധിക നിരക്ക് ആവശ്യപ്പെട്ടു. വളരെ അത്യാവശ്യമായി ചെയ്യേണ്ട പ്രവർത്തിയായതിനാൽ ഈ ഇനത്തിൽ അധികമായി വരുന്ന തുക ആസ്തി വികസന ഫണ്ടിൽ നിന്നും വഹിക്കാൻ തയ്യാറാണെന്ന് ബഹുമാനപ്പെട്ട എം.എൽ.എ. അറിയിച്ചിട്ടുണ്ട്. പ്രസ്തുത വിഷയം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

**ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ഏറ്റെടുത്ത ഭൂമി**

225 (994) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ഏറ്റെടുത്ത ഭൂമി ഉപയോഗശൂന്യമായി കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ഭൂമി കയ്യേറുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ ഭൂമി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ;

(ഡി) ഉപയോഗ ശൂന്യമായ ഈ ഭൂമി റോഡ് ഉൾപ്പെടെയുള്ള പൊതു ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനോ സ്ഥലം വിട്ടുതന്നവർക്ക് തിരിച്ച് നൽകുന്നതിനോ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കീഴിൽ വരുന്ന കോഴിക്കോട് പദ്ധതിയിലൊഴികെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ഏറ്റെടുത്ത ഭൂമി ഉപയോഗ ശൂന്യമായി കിടക്കുന്നില്ല. കോഴിക്കോട് പദ്ധതിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ഏറ്റെടുത്ത മുഴുവൻ ഭൂമിയും ഉപയോഗപ്പെടുത്തിയിട്ടില്ല. പദ്ധതിയുടെ പൂർത്തീകരണത്തോടെ മാത്രമേ വിശദാംശങ്ങൾ കണക്കാക്കാൻ കഴിയുകയുള്ളൂ.

(ബി) ഭൂമി കയ്യേറുന്ന കാര്യം കോഴിക്കോട് ജില്ലയിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

(ഡി) കോഴിക്കോട് പദ്ധതിയുടെ പൂർത്തീകരണത്തോടെ മാത്രമേ വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ.

**കായംകുളം മണ്ഡലത്തിൽ ശുദ്ധജലവിതരണം**

226 (995) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ ശുദ്ധജലവിതരണത്തിനായി വാട്ടർ അതോറിറ്റി സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾ കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലുള്ളതാണെന്നതും പലപ്പോഴും ജീവജാലങ്ങളുടെ അവശിഷ്ടങ്ങൾ കുടിവെള്ളത്തെ മലിനമാക്കുന്നുണ്ട് എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ വാട്ടർ അതോറിറ്റി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(സി) നിലവിലുള്ള പഴയ എ.സി.പൈപ്പുകൾ പൂർണ്ണമായും മാറ്റുന്നതിന് വാട്ടർ അതോറിറ്റി തയ്യാറാക്കിയ 10 കോടി രൂപയുടെ പ്രൊപ്പോസലിന്മേലുള്ള നടപടി ക്രമങ്ങളുടെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടാങ്കുകളുടെ എയർവെന്റ് വഴി പറവകളും എലികളും കയറാതിരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) കായംകുളം മുനിസിപ്പാലിറ്റിയിലെ പഴയതും കേടുവന്നതുമായ പൈപ്പുകൾ മാറ്റി പുതിയതും ഗുണമേന്മയുള്ളതുമായ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

**വാട്ടർ അതോറിറ്റിക്ക് പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക തുക**

227 (996) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളക്കരയിനത്തിൽ വാട്ടർ അതോറിറ്റിക്ക് പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക തുക എത്ര എന്നത് സർക്കാർ/പൊതുമേഖല/സ്വകാര്യമേഖല എന്നിങ്ങനെ തരം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയ സർക്കാർ/പൊതുമേഖല/സ്വകാര്യ സ്ഥാപനങ്ങൾ ഏതെല്ലാമെന്നും എത്ര തുകയുടെ കുടിശ്ശികയാണ് വരുത്തിയിട്ടുള്ളതെന്നും വിശദമാക്കുമോ;

(സി) വാട്ടർ അതോറിറ്റിക്ക് വെള്ളക്കരയിനത്തിൽ പ്രതിവർഷം കിട്ടുന്ന തുക എത്രയാണ്; സർക്കാരിൽ നിന്നുള്ള നോൺ പ്ലാൻ ഗ്രാന്റ് തുക എത്രയാണ്; ഇപ്രകാരം പ്രതിവർഷം ആകെ വരവ് എത്രയാണ്;

(ഡി) പ്രതിവർഷം ശമ്പളവും വൈദ്യുതിനിരക്കും ഉൾപ്പെടെ വിവിധയിനങ്ങളിൽ ആകെ ചെലവ് എത്രയാണെന്നും കമ്മി എത്രയാണെന്നും വിശദമാക്കുമോ;

(ഇ) വാട്ടർ അതോറിറ്റി നഷ്ടത്തിൽ മുങ്ങുമ്പോഴും 100 കോടി ചെലവഴിച്ച് 14 നിലയുള്ള പുതിയ കെട്ടിടം നിർമ്മിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) വെള്ളക്കരയിനത്തിൽ 2015-16 സാമ്പത്തികവർഷം 459.91 കോടി രൂപ പിരിച്ചെടുത്തു. നോൺ-പ്ലാൻ ഗ്രാന്റ് ഇനത്തിൽ 245.10 കോടി രൂപ സർക്കാരിൽ നിന്നും കിട്ടി (ആകെ വരവ് 705.01 കോടി രൂപ). 2016-17 സാമ്പത്തിക വർഷം 528.96 കോടി രൂപ പിരിച്ചെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. സർക്കാർ ബഡ്ജറ്റിൽ നോൺ-പ്ലാൻ ഗ്രാന്റ് ഇനത്തിൽ 276.55 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) 2016-17 സാമ്പത്തിക വർഷത്തിൽ പ്രതിവർഷം ശമ്പളവും വൈദ്യുതി നിരക്കും ഉൾപ്പെടെ വിവിധയിനങ്ങളിൽ ആകെ 1155.84 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. 306.48 കോടി രൂപ കമ്മി പ്രതീക്ഷിക്കുന്നു.

(ഇ) ജൈക്ക പദ്ധതിയിൽ ഉൾപ്പെട്ട സ്ഥാപന ശാക്തീകരണത്തിന്റെ ഭാഗമായി വാട്ടർ അതോറിറ്റിയ്ക്ക് സ്വന്തമായി ഒരു സെൻട്രൽ കൺട്രോൾ യൂണിറ്റ് (ഓഫീസ് സമുച്ചയം) പണിയുന്നതിന് ഭരണാനുമതി ലഭിച്ചിരുന്നു. തുടർന്ന് 2014 ഏപ്രിലിൽ 11 നിലയുള്ള ഒരു കെട്ടിടം ചെയ്യുന്നതിന് 36.23 കോടി രൂപയ്ക്ക് വർക്ക് അവാർഡ് ചെയ്തു. പണികൾ പൂർത്തീകരിക്കുമ്പോൾ 34 കോടി രൂപയോളം ചെലവ് പ്രതീക്ഷിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കരിമ്പുഴ ഗ്രാമപഞ്ചായത്ത് കുടിവെള്ള പദ്ധതി

228 (997) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിമ്പുഴ ഗ്രാമപഞ്ചായത്ത് കുടിവെള്ള പദ്ധതി എന്നാണ് ആരംഭിച്ചത്; അടങ്കൽ തുക എത്രയായിരുന്നു; എത്ര പേർക്ക് അതിന്റെ ഗുണഫലം ലഭ്യമായിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) കരിമ്പുഴ പഞ്ചായത്തിലെ എല്ലാ മേഖലയിലേക്കും കുടിവെള്ളം എത്തിക്കാൻ പ്രസ്തുത പദ്ധതി മുഖേന കഴിഞ്ഞുവോ; ഇല്ലെങ്കിൽ ഇനി ഏതെല്ലാം മേഖലകളിലേക്ക് കുടിവെള്ളം എത്തിക്കേണ്ടതുണ്ട്;

(സി) നിലവിൽ ഏതു സ്കീം പ്രകാരമാണ് കരിമ്പുഴ പഞ്ചായത്തിൽ കുടിവെള്ള വിതരണ പദ്ധതി നടപ്പിലാക്കി വരുന്നത്; വിശദാംശം ലഭ്യമാക്കാമോ; അതിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചു എന്നറിയിക്കാമോ?

ഉത്തരം

(എ) കരിമ്പുഴ കുടിവെള്ള പദ്ധതിക്ക് നബാർഡ് സഹായത്തോടെയുള്ള പ്രവൃത്തി ആരംഭിച്ചത് 2008-ലാണ്. ഈ പദ്ധതിയുടെ അടങ്കൽ തുക 1267 ലക്ഷമാണ്. ഇതുകൂടാതെ നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാം (എൻ.ആർ. ഡി.ഡബ്ല്യൂ.പി.-യിൽ എ.സി. പൈപ്പ് മാറ്റുന്നതിന് 2013-ൽ 480 ലക്ഷം രൂപയും 2014-ൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിന് 500 ലക്ഷം രൂപയുടേയും അനുമതി ലഭിച്ചിരുന്നു. ഈ പദ്ധതിമൂലം 51248 പേർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

(ബി) ഇല്ല. നബാർഡ്/എൻ.ആർ.ഡി.ഡബ്ല്യൂ.പി. ധനസഹായത്തോടുകൂടിയുള്ള പ്രവൃത്തികളിലായി ആകെ 107 കി.മീ വിതരണ ശൃംഖല സ്ഥാപിച്ചിട്ടുണ്ട്. നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാം (എൻ.ആർ.ഡി.ഡബ്ല്യൂ.പി) യിൽ രണ്ടുവർഷമായി അനുവദിച്ച തുകയിൽ മിച്ചം വന്ന 287 ലക്ഷം രൂപ ഉപയോഗിച്ച് 43 കി.മീ. പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി നടന്നുവരുന്നു. ഇതുകൂടി പൂർത്തീകരിച്ചാൽ കരിമ്പുഴ പഞ്ചായത്തിലെ 90 ശതമാനം പ്രദേശത്തേയ്ക്കും കുടിവെള്ളം എത്തിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) എൻ.ആർ.ഡി.ഡബ്ല്യൂ.പി.-യിൽ 2013-14 വർഷങ്ങളിൽ അനുവദിച്ച തുകയിൽ മിച്ചം വന്ന തുക ഉപയോഗിച്ചാണ് ഇപ്പോൾ പ്രവൃത്തി നടന്നുവരുന്നത്. എൻ.ആർ.ഡി.ഡബ്ല്യൂ.പി. യിൽ 2013 പദ്ധതിയിൽ മിച്ചം വന്ന 89.84 ലക്ഷം രൂപയുടെ പ്രവൃത്തിയും എൻ.ആർ.ഡി.ഡബ്ല്യൂ.പി 2014 പദ്ധതിയിൽ മിച്ചം വന്ന തുക ഉപയോഗിച്ച് 110.58 ലക്ഷം രൂപയുടെ പ്രവൃത്തിയും നടന്നുവരുന്നു. ടി പ്രവൃത്തികൾക്കായി നാളിതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

## കുടിവെള്ളക്ഷാമം പരിഹരിക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സജ്ജീകരണങ്ങൾ

229 (998) ശ്രീ. പി. കെ. ശശി :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. കെ. ദാസൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരൂക്ഷമായ വരൾച്ചയെ തുടർന്നുള്ള കുടിവെള്ള ക്ഷാമം പരിഹരിക്കാൻ ജലവിഭവ വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള സജ്ജീകരണങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ ;

(ബി) ജലവിതരണ ശൃംഖലയിലുള്ള ചോർച്ച തടയുന്നതിനും ജലാശയങ്ങൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(സി) കടുത്ത ജലക്ഷാമം നേരിടുന്ന സാഹചര്യത്തിൽ അയൽ സംസ്ഥാനങ്ങളുമായി ഉണ്ടാക്കിയ നദീജല കരാറുകളുടെ ഭാഗമായി ലഭിക്കേണ്ട വെള്ളം നേടിയെടുക്കാനായി അടിയന്തര നടപടിയുണ്ടാകുമോ?

### ഉത്തരം

(എ) ജലസേചന വകുപ്പ്:

കേരളത്തിലെ ജലസേചന വകുപ്പിന്റെ കീഴിലുള്ള ജല സംഭരണികളിൽ ഇപ്പോൾ ശേഷിക്കുന്ന ജലം കുടിവെള്ളത്തിനായി മാത്രം ഉപയോഗിക്കുവാൻ വരൾച്ച സംബന്ധിച്ചുകൂടിയ മീറ്റിംഗിൽ തീരുമാനിച്ചിട്ടുണ്ട്. പരമ്പരാഗത ജലസ്രോതസ്സുകൾ ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി സംരക്ഷിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കേരള ജല അതോറിറ്റി:

കാലവർഷത്തിലുണ്ടായ കുറവ് പരിഗണിച്ച് വിവിധ നദികളിലെ ജലദൗർലഭ്യത്തിനുള്ള സാധ്യത കണക്കിലെടുത്ത് കുടിവെള്ളക്ഷാമം നേരിടാൻ കേരള ജല അതോറിറ്റി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും ജലലഭ്യത ഉറപ്പുവരുത്തുന്നു.

2. ഇറിഗേഷൻ, വൈദ്യുതി വകുപ്പുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി വിവിധ സ്രോതസ്സുകളിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. അടിക്കടി ലീക്കുമൂലം ജലനഷ്ടം സംഭവിക്കുന്ന വിതരണ ലൈനുകൾ മാറ്റി പകരം പുതിയവ സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് മുൻഗണന നൽകി ഘട്ടംഘട്ടമായി നടപ്പാക്കിവരുന്നു.

4. ജലലഭ്യത ഉള്ള സ്ഥലങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിച്ച് ജലം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. വാട്ടർ അതോറിറ്റി കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്ത് പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പുവരുത്താനുള്ള പ്രവൃത്തികൾ നടപ്പാക്കുന്നു.

6. തദ്ദേശഭരണ സ്ഥാപനങ്ങൾ റവന്യൂ വകുപ്പിന്റെ സഹകരണത്തോടെ കിയോസ്കുകൾ വഴി ജലവിതരണം നടത്തുന്ന സ്ഥലങ്ങളിലേയ്ക്ക് ആവശ്യമായ കുടിവെള്ളം ജല അതോറിറ്റിയുടെ വിവിധ പദ്ധതികളിൽ നിന്നും നൽകുന്നതാണ്.

7. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പ് സെറ്റുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുന്നു.

8. കൂടുതൽ പമ്പിംഗ് ആവശ്യമായ സ്ഥലങ്ങളിൽ അഡീഷണൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുന്നുണ്ട്.

9. ആവശ്യമാകുന്ന സ്ഥലങ്ങളിൽ വാൽവുകൾ നിയന്ത്രിച്ച് സാധ്യമായ അളവിൽ എല്ലാവർക്കും ജലലഭ്യത ഉറപ്പാക്കുന്നു.

10. ജലശുദ്ധീകരണശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗിക്കുന്നതിന് ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നുണ്ട്.

11. നിയമവിരുദ്ധമായി ജലം ചോർത്തുന്നതും അനധികൃത ഉപയോഗവും മറ്റും കണ്ടുപിടിക്കുന്നതിന് ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനം ഉപയോഗപ്പെടുത്തുകയും നിയമാനുസൃത നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു.

12. പ്രതിമാസം 50 കിലോലിറ്ററിന് മുകളിൽ ഉപഭോഗം കണക്കാക്കുന്ന പുതിയ കണക്ഷനുകൾ നൽകുന്നതിന് താൽക്കാലിക നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

13. നിലവിൽ കൂടുതലായി ജലം ഉപയോഗിക്കുന്ന വ്യാവസായിക വാണിജ്യ കണക്ഷനുകളിൽ ഉപഭോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

14. ജലശുദ്ധീകരണശാലകളിൽ ബാക്ക് വാഷിംഗ് ചെയ്യുന്നതിന് ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് കഴിയുന്നത്ര നിയന്ത്രിക്കുന്നുണ്ട്.

മേൽപ്പറഞ്ഞ നടപടികൾ കൂടാതെ വരൾച്ച സംബന്ധിച്ച സ്ഥിതിഗതികൾ നിരന്തരം വിലയിരുത്തി വേണ്ട പരിഹാര നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനകം കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽ വച്ച് മേഖലാടിസ്ഥാനത്തിൽ സർക്കാർ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് വരൾച്ച സംബന്ധിച്ച് വിശദമായ അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ തീരുമാനിച്ച കാര്യങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിന് വീഡിയോ കോൺഫറൻസിംഗ് വഴി അവലോകനവും നടത്തിവരുന്നു.

<u>ഭൂജലവകുപ്പ്:</u>

സംസ്ഥാനത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന വരൾച്ച നേരിടുന്നതിന് ഭൂജലവകുപ്പ് രാജീവ്ഗാന്ധി പദ്ധതിയിൽപ്പെടുത്തി 5505 കൈപ്പമ്പുകളുടെ അറ്റകുറ്റപ്പണികളും 585 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും നടപ്പാക്കാൻ ലക്ഷ്യമിടുന്നു. ഇതിൽ 2163 കൈപ്പമ്പുകളുടെ അറ്റകുറ്റപ്പണികളും 70 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും ഇതുവരെ പൂർത്തിയായിട്ടുണ്ട്. കൂടാതെ രാജീവ്ഗാന്ധി പദ്ധതിയിൻകീഴിൽ 2016-17 സാമ്പത്തിക വർഷം ഒരു കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ഇതിൽ 32 ചെറുകിട കുടിവെള്ള പദ്ധതികളും 81 കുഴൽ കിണർ നിർമ്മാണവും 20 കൈപ്പമ്പ് പദ്ധതികളും 810 ഹാന്റ് പമ്പ് അറ്റകുറ്റപ്പണികളും പൂർത്തീകരിച്ചു.

<u>ജലനിധി:</u>

ജലനിധി പദ്ധതിയിൽ അതിരൂക്ഷമായ വരൾച്ചയെ തുടർന്നുള്ള കുടിവെള്ളക്ഷാമം പരിഹരിക്കാൻ ജലനിധി പഞ്ചായത്തുകളിൽ ജല സ്രോതസ്സുകൾക്ക് ഭൂഗർഭജല പരിപോഷണം നടത്തിവരുന്നു. കൂടാതെ സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും വെള്ളം ദുരുപയോഗം ചെയ്യാതിരിക്കാനും പമ്പിംഗ് സമയം കുറയ്ക്കുന്നതിനുള്ള ബോധവൽക്കരണ ക്ലാസ്സുകൾ നടപ്പിലാക്കിവരുന്നു.

(ബി) കേരള ജല അതോറിറ്റി:

ജലവിതരണ പൈപ്പുകളിൽ ചോർച്ചയുണ്ടാകാതിരിക്കാൻ പൈപ്പ് ലൈനിന്റെ നിർമ്മാണഘട്ടത്തിൽ ആവശ്യമായ മുൻകരുതലുകൾ എടുക്കുന്നുണ്ട്. വ്യക്തമായ പൈപ്പ് പോളിസിയുടെ അടിസ്ഥാനത്തിൽ ആണ് ഓരോ സാഹചര്യത്തിനും യോജിച്ച പൈപ്പുകൾ തെരഞ്ഞെടുക്കുന്നത്. കൂടാതെ നിലവിലുള്ള പഴയതും കേടുവന്നതുമായ AC, Premo പൈപ്പുകൾ ഘട്ടംഘട്ടമായി മാറ്റി പൈപ്പ് പോളിസി അടിസ്ഥാനമാക്കി ഗുണമേന്മയുള്ള പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളും ഏറ്റെടുത്ത് നടപ്പാക്കിവരുന്നു. ജലവിതരണ ശൃംഖലയിലുള്ള ചോർച്ചകൾ ശ്രദ്ധയിൽപ്പെടുമ്പോൾ സമയബന്ധിതമായി തന്നെ പരിഹരിക്കാറുണ്ട്.

ജലസേചന വകുപ്പ്:

വൻകിട ജലസേചന പദ്ധതികളുടെ കനാലുകളുടെ നവീകരണം, വാർഷിക അറ്റകുറ്റപ്പണികളും ആനുകാലികമായി നടപ്പിലാക്കുന്നുണ്ട്. നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കുന്നതുവഴി പ്രാദേശികതലത്തിൽ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനും ഉതകുന്ന ഒരു പുതിയ ജല ഉപയോഗസംസ്കാരം രൂപപ്പെടുത്തുന്നതിനായി "ഹരിത കേരളം" പദ്ധതി വിഭാവന ചെയ്തിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി 320 കോടി രൂപ ചെലവിൽ ഏകദേശം 9453 കുളങ്ങൾ നവീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതനുസരിച്ച് കുളങ്ങളിലെ മാലിന്യം, ചെളി, പായൽ ഇവ നീക്കം ചെയ്ത് അവയുടെ സംഭരണശേഷി വർദ്ധിപ്പിച്ച് കാർഷികാവശ്യങ്ങൾക്കും മറ്റ് പാരിസ്ഥിതിക ധർമ്മങ്ങൾക്കും ജലലഭ്യത ഉറപ്പാക്കാൻ സാധിക്കുന്നതാണ്. ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ ഭരണകൂടം മുഖേനയാണ് പ്രവൃത്തി നടപ്പിലാക്കുന്നത്.

ജലനിധി:

ജലനിധി പദ്ധതിപ്രകാരം ജലവിതരണ ശൃംഖലയിൽ ഉള്ള ചോർച്ചകൾ അടിയന്തരമായി ശരിയാക്കുന്നതിനുള്ള ഉത്തരവാദിത്വം സ്കീം ലെവൽ കമ്മിറ്റിക്കാണ്. പദ്ധതിയുടെ നടത്തിപ്പും പരിപാലനവും നടത്തുന്നതിനുള്ള പരിശീലന പരിപാടികളും ഫണ്ടും സ്കീം ലെവൽ കമ്മിറ്റിക്ക് വിഭാവന ചെയ്തിട്ടുണ്ട്. ചോർച്ചകളുണ്ടായാൽ അടിയന്തരമായി പരിഹരിക്കുന്നതിന് ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്. ജലാശയങ്ങൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് ജലനിധി പദ്ധതിയിൽ ഭൂഗർഭ

പരിപോഷണ പദ്ധതികൾ ആവിഷ്കരിച്ച് ഇതുമുഖേന ജലസ്രോതസ്സുകളിലെ ജലസുരക്ഷ ഉറപ്പുവരുത്തുന്നു. ജലനിധിയുടെ ഭാഗമായി പ്രവർത്തിക്കുന്ന മഴകേന്ദ്രം നടപ്പിലാക്കിവരുന്ന മഴവെള്ള സംഭരണം-ഭൂജല പരിപോഷണവും പദ്ധതി വഴി വ്യക്തിഗത കുടുംബങ്ങൾക്കും വിദ്യാലയങ്ങൾക്കുമായി മഴവെള്ള സംഭരണികൾ നിർമ്മിച്ച് നൽകിവരുന്നു.

(സി) കേരളവും തമിഴ്നാടുമായി ഏർപ്പെട്ട പറമ്പിക്കുളം ആളിയാർ കരാർ പ്രകാരം കേരളത്തിന് ലഭിക്കേണ്ട വെള്ളത്തിന്റെ അളവുകൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കടുത്ത ജലക്ഷാമം നേരിടുന്ന സാഹചര്യത്തിൽ കരാർപ്രകാരം കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കുന്നതിനുള്ള സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. നദീജലകരാറുകളുടെ ഭാഗമായി ലഭിക്കേണ്ട വെള്ളം നേടിയെടുക്കുന്നതിനായി അടിയന്തര നടപടികൾ ചീഫ് എഞ്ചിനീയറുടെ (അന്തർ സംസ്ഥാന ജലവിഭാഗം) കാര്യാലയത്തിൽ സ്വീകരിച്ചുവരുന്നു.

**വഞ്ചികപാറ ചെറുകിട ജലവിതരണ പദ്ധതി**

230 (999) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടാങ്ങൽ ഗ്രാമപഞ്ചായത്തിലെ വഞ്ചികപാറയിൽ ചെറുകിട ജലവിതരണ പദ്ധതി ആരംഭിക്കുന്നതിനായി എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും എത്ര രൂപയാണ് അനുവദിച്ചിരുന്നത്; എന്നാണ് ഇതിന് ഭരണാനുമതി ലഭിച്ചത്;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നിർമ്മാണം ആരംഭിക്കാൻ വൈകിയതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഇവയുടെ നിർമ്മാണത്തിനുള്ള തടസ്സങ്ങൾ നീക്കി പദ്ധതി അടിയന്തരമായി കമ്മീഷൻ ചെയ്യാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 78.06 ലക്ഷം രൂപയ്ക്ക് 22-8-2014-ൽ അനുമതി ലഭ്യമായിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ എഗ്രിമെന്റ് ഒപ്പിട്ട് നിർമ്മാണ പ്രവർത്തനങ്ങൾ ഉടനെ ആരംഭിക്കുന്നതാണ്. പ്രസ്തുത പദ്ധതിയുടെ ഡി.ഇ.ആർ. 2015-ൽ ആദ്യം എസ്.ഒ.ആർ. 2012 പ്രകാരം സമർപ്പിച്ചിരുന്നു. എന്നാൽ പിന്നീട് വിശദമായ എസ്റ്റിമേറ്റ് ഡി.എസ്.ആർ. 2014 നിരക്ക് പ്രകാരം തയ്യാറാക്കിയപ്പോൾ പണി പൂർത്തീകരിക്കുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ അനുവദിച്ച

തുകയ്ക്കുള്ളിൽ നിൽക്കത്തക്ക വിധം എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചതിൽ സാങ്കേതിക അപര്യാപ്തത കണ്ടതിനാൽ സാദ്ധ്യത പ്രൊപ്പോസൽ സമർപ്പിക്കാൻ ബന്ധപ്പെട്ട സൂപ്രണ്ടിംഗ് എഞ്ചിനീയറോട് നിർദ്ദേശിക്കുകയും തുടർന്ന് പ്രായോഗികമായ പുതിയ പ്രൊപ്പോസൽ തയ്യാറാക്കുകയും ചെയ്തു. പുതിയ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് അംഗീകരിച്ച് വർക്ക് ടെണ്ടർ ചെയ്യുകയും 28-1-2017-ൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ എഗ്രിമെന്റ് വയ്ക്കുകയും ചെയ്തു.

(സി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാർ നൽകിയതിനാൽ നിർമ്മാണം ഉടനാരംഭിക്കുകയും 6 മാസത്തിനകം (കരാർ കാലാവധി) പണി പൂർത്തീകരിക്കുന്നതുമാണ്.

## ഫലപ്രദമായ ജലവിതരണ സംവിധാനം

231 (1000) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫലപ്രദമായി ജലവിതരണം നടത്തുന്നതിന് വാട്ടർ അതോറിറ്റിക്ക് തടസ്സമായി നിൽക്കുന്ന പ്രധാന ഘടകങ്ങൾ എന്തെല്ലാമാണ് ;

(ബി) കാലപ്പഴക്കംചെന്ന പൈപ്പുലൈനുകളിലൂടെയുള്ള ജലവിതരണംമൂലം പൈപ്പുകൾക്കു കേടുപാടു സംഭവിച്ച് പ്രതിദിനം ശരാശരി എത്ര ലിറ്റർ കുടിവെള്ളം പാഴാകുന്നുവെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) വാഹന ഗതാഗതമുള്ള റോഡുകൾക്കിടയിലൂടെ ഏകദേശം എത്ര ദൈർഘ്യം ജലവിതരണ പൈപ്പ് ലൈനുകൾ കടന്നുപോകുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) അശാസ്ത്രീയമായ ഈ സംവിധാനത്തിനു പകരം ആധുനിക കാലഘട്ടത്തിന് യോജിച്ച രീതിയിൽ കുടിവെള്ള ശൃംഖല വിപുലപ്പെടുത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഫലപ്രദമായ ജലവിതരണത്തിന് പ്രധാന തടസ്സങ്ങൾ താഴെ പറയുന്നവയാണ്.

1. 365 ദിവസവും ആവശ്യത്തിന് ജല ലഭ്യതയുള്ള സ്രോതസ്സുകളുടെ അഭാവം-മഴക്കാലത്ത് ആവശ്യത്തിന് വെള്ളം ലഭിക്കുമെങ്കിലും ഇത് ശേഖരിച്ച് നിർത്താനുള്ള വൻകിട ജലസംഭരണികളുടെ അഭാവംമൂലം വേനൽക്കാലത്ത് നദികളിലെ നീരൊഴുക്ക് നിലയ്ക്കുമ്പോൾ നദികൾ സ്രോതസ്സായുള്ള പദ്ധതികൾ പ്രതിസന്ധിയിൽ ആകുന്നു. തടയണകൾ കെട്ടി പരമാവധി ജലം ശേഖരിച്ച് നിർത്താൻ ശ്രമിക്കുന്നുണ്ടെങ്കിലും നദികളിലെ അമിതമായ

മണലൂറ്റ് കാരണം തടയണകൾ ഉദ്ദേശിച്ച പ്രയോജനം നൽകുന്നില്ല. വേനൽക്കാലത്ത് ഭൂഗർഭവിതാനം ക്രമാതീതമായി താഴുന്നതിനാൽ ബോർവെല്ലുകളെ ആശ്രയിച്ചുള്ള പദ്ധതികളും പ്രതിസന്ധിയിൽ ആകുന്നു.

2. മിക്കവാറും പദ്ധതിയിൽ ആളോഹരി പ്രതിദിനം 40 ലിറ്റർ, 70 ലിറ്റർ എന്ന കണക്കിൽ രൂപകൽപ്പന ചെയ്ത് സ്ഥാപിച്ചിട്ടുള്ളതാണ്. എന്നാൽ കേരളത്തിലെ ആളോഹരി ഉപഭോഗം ഇതിൽനിന്നും വളരെ ഉയർന്നതായാൽ പദ്ധതി ആകെ താളംതെറ്റുന്നു.

3. 2000 എ.ഡി.-ക്ക് മുമ്പുള്ള പദ്ധതികളിൽ എ.സി.പ്രിമോ, ജി.ഐ പൈപ്പുകൾ വ്യാപകമായി ഉപയോഗിച്ചിരുന്നു. ലോഹനിർമ്മിത പൈപ്പുകളെ അപേക്ഷിച്ച് ഈടുകുറഞ്ഞ ഇത്തരം പൈപ്പുകൾ കാലപ്പഴക്കത്തിൽ കേടുപാടുകൾ സംഭവിച്ച് സ്ഥിരമായി പൊട്ടലുകൾക്കും ജലനഷ്ടത്തിനും കാരണമാകുന്നു.

4. റോഡ് വികസനം വ്യാപകമായപ്പോൾ പഴയ റോഡുകളിൽ സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾ റോഡിന്റെ നടുവിൽ ആകുകയും പൊട്ടലുകൾക്കിടയാവുകയും ചെയ്യുന്നു.

5. പൈപ്പുകളിലെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പുതിയവ സ്ഥാപിക്കുന്നതിനും റോഡ് അധികൃതരിൽനിന്നും അനുവാദം ലഭിക്കേണ്ടതുണ്ട്. റോഡ് പുനർനിർമ്മാണത്തിന് വൻതുക ആവശ്യമാകുന്നത് പ്രവൃത്തികളുടെ വേഗതയെ സാരമായി ബാധിക്കുന്നുണ്ട്.

6. വൈദ്യുതി ലഭ്യത, വോൾട്ടേജ് ക്ഷാമം തുടങ്ങിയവമൂലം പമ്പിംഗിനുള്ള തടസ്സം.

7. കുടിവെള്ള വിതരണ പദ്ധതികളുടെ നടത്തിപ്പിനും പരിപാലനത്തിനും വൻതുക ആവശ്യമുണ്ട്. വൈദ്യുതി, വേതനം, കെമിക്കൽസ്, സ്പെയർ പാർട്ട്സുകൾ തുടങ്ങിയ ചെലവുകളുടെ വർദ്ധന കാരണം പ്രവർത്തനച്ചെലവ് വൻതോതിൽ വർദ്ധിച്ചിട്ടുണ്ട്. ഇത് വരുമാനവും ചെലവും തമ്മിലുള്ള വിടവ് വൻതോതിൽ വർദ്ധിക്കുന്നതിന് കാരണമാകുന്നു.

8. പുതിയ പദ്ധതികൾ സ്ഥാപിക്കുന്നതിനും പഴയവ വിപുലീകരിക്കുന്നതിനും ആവശ്യമായ സ്ഥലലഭ്യത, റോഡ്/റെയിൽവെ അനുമതികൾക്കുള്ള കാലതാമസം, വിഭവശേഷിയുള്ള കരാറുകാരുടെ അഭാവം, ധനലഭ്യത തുടങ്ങിയ കാര്യങ്ങളും പദ്ധതി നടത്തിപ്പിന്റെ ഗതിവേഗത്തെ ബാധിക്കുന്നുണ്ട്.

9. ക്രമാതീതമായ വരുമാനരഹിത ജലവും (Non revenue water) ഫലപ്രദമായ പ്രവർത്തനത്തിന് തടസ്സമാണ്.

(ബി) പ്രതിദിനം വിവിധ പദ്ധതികളിലായി ഉൽപ്പാദിപ്പിക്കുന്ന ജലത്തിന്റെ അളവ് നിർണ്ണയിക്കാൻ ആവശ്യമായ ബൾക്ക് മീറ്ററുകൾ മിക്കവാറും പദ്ധതികളിൽ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ അളവ് കൃത്യമായി നിർണ്ണയിക്കാൻ കഴിയുന്നില്ല. അതിനാൽ തന്നെ ചോർച്ചയും മറ്റും മൂലമുള്ള ജലനഷ്ടം കൃത്യമായി കണക്കാക്കാൻ കഴിയുന്നില്ല. ബൾക്ക് മീറ്ററുകൾ സ്ഥാപിക്കാൻ വൻതോതിൽ പണം ആവശ്യമാണെങ്കിലും ഘട്ടംഘട്ടമായി ഇത്തരം മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൃത്യമായ ജലനഷ്ടത്തിന്റെ അളവ് ലഭ്യമല്ലെങ്കിലും ഏകദേശം 35 ശതമാനം ജലനഷ്ടം സംഭവിക്കുന്നുണ്ടെന്ന് കണക്കാക്കുന്നു.

(സി) 1914 മുതൽ സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾ വിവിധ പദ്ധതികളിലായി പ്രവർത്തന ക്ഷമമായുള്ളതിനാൽ ഇതുസംബന്ധിച്ച കൃത്യമായ കണക്ക് ലഭ്യമല്ല. എന്നാൽ കുടിവെള്ള വിതരണം ഫലപ്രദമായി നടത്താൻ പൈപ്പുകളുടെയും മറ്റ് ആസ്തികളുടെയും കൃത്യമായ കണക്കും ആസ് ലെയ്ഡ് മാപ്പും ആവശ്യമാണ്. ഇത് മനസ്സിലാക്കി കേരളത്തിലെ എല്ലാ ജില്ലകളിലെയും പൈപ്പുകളുടെയും മറ്റ് ആസ്തികളുടെയും കണക്കെടുപ്പ് നടത്തി GIS പ്ലാറ്റ്ഫോമിൽ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനം പുരോഗമിച്ചുവരുന്നു. ഈ പ്രവർത്തി പൂർത്തിയാകുന്നതോടെ പൈപ്പുകളുടെ കൃത്യമായ കണക്ക് ലഭ്യമാവുന്നതാണ്.

(ഡി) സാധാരണ പദ്ധതികൾ കൃത്യമായ രൂപകൽപ്പനയുടെ അടിസ്ഥാനത്തിലാണ് നടപ്പാക്കുന്നത്. എന്നാൽ കേന്ദ്ര ഗവൺമെന്റിന്റെ മാർഗ്ഗനിർദ്ദേശാടിസ്ഥാനത്തിൽ ആളോഹരി 40 ലിറ്റർ, 70 ലിറ്റർ, 135 ലിറ്റർ പ്രതിദിനം ആവശ്യകത കണക്കാക്കിയായിരുന്നു നാളിതുവരെ പദ്ധതികൾ തയ്യാറാക്കിയിരുന്നത്. കേരളത്തിലെ ആളോഹരി ഉപഭോഗം വളരെ ഉയർന്നതായതിനാലും അമിതവേഗം നഗരവത്കരണം സംഭവിക്കുന്നതിനാലും നിലവിലുള്ള പദ്ധതികളുടെ രൂപകൽപ്പന അപ്രസക്തമാവുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ എല്ലാ പുതിയ പദ്ധതികളുടെയും രൂപകൽപ്പന ഗ്രാമീണ മേഖലയിൽ 100 ലിറ്ററും നഗരമേഖലയിൽ 150 ലിറ്ററും ആക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതുപോലെ തന്നെ പൈപ്പുകൾ തെരഞ്ഞെടുക്കുന്നത് വ്യക്തമായ പൈപ്പ് പോളിസിയുടെ അടിസ്ഥാനത്തിലുമാണ്. ഇത്തരത്തിൽ കൃത്യമായ രൂപകൽപ്പനയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ മുഴുവൻ പ്രദേശങ്ങളിലും ശുദ്ധമായ കുടിവെള്ളം എത്തിക്കാനുള്ള പദ്ധതികൾ ധനലഭ്യതയ്ക്കനുസരിച്ച് ഏറ്റെടുത്ത് നടപ്പാക്കുന്നതാണ്.

**കാളിപ്പാറ കുടിവെള്ള പദ്ധതി**

232 (1001) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര മണ്ഡലമായ പാറശ്ശാലയിലെ വിവിധ ഭാഗങ്ങളിൽ സുഗമമായി ജലവിതരണം നടത്തുന്നതിനായി ആരംഭിച്ച കാളിപ്പാറ കുടിവെള്ള പദ്ധതി ഇന്ന് സ്തംഭനാവസ്ഥയിലാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാളിപ്പാറ പദ്ധതി പൂർത്തിയാക്കി കമ്മീഷൻ ചെയ്യുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പാറശ്ശാല മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന ചെറുതും വലുതുമായ കുടിവെള്ള പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ പ്രവർത്തനക്ഷമതയും ഇനം തിരിച്ച് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കാളിപ്പാറ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്ത് ശുദ്ധജലവിതരണം നടത്തിവരുന്നു. എന്നാൽ റെയിൽവേ ക്രോസ്സിംഗ് അനുമതി ലഭിക്കാത്തതിനാൽ കാളിപ്പാറ പദ്ധതിയിൽ നിന്നും നെയ്യാറ്റിൻകര മുതലുള്ള പ്രദേശത്ത് കുടിവെള്ളം ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. കൂടാതെ പൊൻവിളയിൽ സ്ഥലം ലഭ്യമായിട്ടില്ല. അതേസമയം കൊല്ലയിൽ, പാറശ്ശാല പഞ്ചായത്തുകൾക്കുവേണ്ടി നെയ്യാറ്റിൻകര തൊഴുക്കൽ ഭാഗത്തുനിന്നും റെയിൽവേ ക്രോസ്സിംഗ് ഒഴിവാക്കി ഒരു പുതിയ പൈപ്പ് ലൈൻ സ്ഥാപിച്ച് ശുദ്ധജല വിതരണം നടത്തുവാൻ വേണ്ടിയുള്ള സർവ്വേ നടപടികൾ നടന്നുവരുന്നു.

(ബി) റെയിൽവേ അധികാരികളുമായി നിരന്തരം ബന്ധപ്പെട്ടിട്ടും റെയിൽവേ ക്രോസ്സിംഗ് അനുമതി ലഭ്യമായിട്ടില്ല. കൂടാതെ ഭൂതല ജലസംഭരണി, സമ്പ് എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം പൊൻവിളയിൽ ലഭ്യമാക്കേണ്ടതുണ്ട്. അതിനുവേണ്ടി പുതിയ ലാന്റ് റിക്വിസിഷൻ അപേക്ഷ കളക്ടറേറ്റിൽ 16-12-2016-ൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കൊല്ലയിൽ, പാറശ്ശാല പഞ്ചായത്തുകൾക്കുവേണ്ടി നെയ്യാറ്റിൻകര തൊഴുക്കൽ ഭാഗത്തുനിന്നും ഒരു പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കാനുള്ള സർവ്വേ നടപടികൾ നടന്നുവരുന്നു.

(സി) പാറശ്ശാല നിയോജക മണ്ഡലത്തിലുൾപ്പെടുന്ന പരശുവയ്ക്കൽ വില്ലേജിലെ വണ്ടിച്ചിറ കുളത്തിന്റെ പുനരുദ്ധാരണവും കാളിപ്പാറ പദ്ധതിയുടെ ഭാഗമായ 2.4 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാലയുടെ പണികളും ജലശുദ്ധീകരണശാലയിൽ നിന്നും നിലവിലെ ഉപരിതല ജലസംഭരണികളിലേയ്ക്കുള്ള 300 മി.മീ. വ്യാസമുള്ള ഡക്റ്റൈൽ അയൺ പൈപ്പ്ലൈനിന്റെ പണികളും ഉപരിതല ജലസംഭരണിയിൽ നിന്നും പാറശ്ശാല വരെയുള്ള പൈപ്പ് ലൈനിന്റെ പണികളുമാണ് ഈ മണ്ഡലത്തിനുകീഴിൽ നടന്നുവരുന്നത്. കൂടാതെ 80 ശതമാനം പൂർത്തീകരിച്ച ഇഞ്ചിവിള വാട്ടർ സപ്ലൈ സ്കീം, KSEB കണക്ഷൻ മാത്രം പൂർത്തീകരിക്കാനുള്ള നടുക്കോട് വാട്ടർ സപ്ലൈ സ്കീം എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു.

## കുടിവെള്ള പദ്ധതികൾ

233 (1002) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ നിലവിൽ എത്ര കുടിവെള്ള പദ്ധതികൾ ഉണ്ട്; ദീർഘ കാലങ്ങളായി പൂർത്തീകരിക്കപ്പെടാത്തവ ഏതെല്ലാം; വിശദീകരിക്കാമോ;

(ബി) നിലവിൽ മങ്കട മണ്ഡലത്തിൽ കുടിവെള്ള ദൗർലഭ്യം കുറയ്ക്കുന്നതിനായി ജല സംഭരണികൾ, കുളങ്ങൾ, നീരുറവകൾ സംരക്ഷിക്കൽ തുടങ്ങിയ പദ്ധതികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) മഴക്കാലത്ത് ആവശ്യത്തിൽ കൂടുതൽ ജലം ലഭ്യമാകുമ്പോൾ ആയത് ഭാവിയിലേക്ക് സംരക്ഷിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കുമോ?

### ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ നിലവിൽ 1078 കുടിവെള്ള പദ്ധതികളുണ്ട്. ദീർഘകാലമായി പൂർത്തീകരിക്കപ്പെടാത്തവയിൽ താഴെപ്പറയുന്നവ ഉൾപ്പെടുന്നു.

1. ചെങ്കള, മൂളിയാർ, മാധൂർ, മൊഗ്രാൽ പുത്തൂർ എന്നീ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി-ഒന്നാംഘട്ടം
2. ചെങ്കള, മൂളിയാർ, മാധൂർ, മൊഗ്രാൽ പുത്തൂർ എന്നീ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി-രണ്ടാം ഘട്ടം
3. എൻഡോസൾഫാൻ ബാധിത പ്രദേശങ്ങൾക്ക് വേണ്ടിയുള്ള പദ്ധതി, പനത്തടി പഞ്ചായത്ത് കുടിവെള്ള പദ്ധതി
4. എൻഡോസൾഫാൻ ബാധിത പ്രദേശങ്ങൾക്ക് വേണ്ടിയുള്ള പദ്ധതി, കള്ളാർ പഞ്ചായത്ത് കുടിവെള്ള പദ്ധതി
5. എൻഡോസൾഫാൻ ബാധിത പ്രദേശങ്ങൾക്ക് വേണ്ടിയുള്ള പദ്ധതി, ചീമേനി പഞ്ചായത്ത് കുടിവെള്ള പദ്ധതി
6. ബേളൂർ സമീപ വില്ലേജുകൾക്ക് വേണ്ടിയുള്ള പദ്ധതി
7. ഈസ്റ്റ് എളേരി പഞ്ചായത്ത് കുടിവെള്ള പദ്ധതി
8. ബന്തടുക്ക ശുദ്ധജല വിതരണ പദ്ധതി-ഒന്നാംഘട്ടം

9. കണ്ണൂർ കുടിവെള്ള പദ്ധതി-ഒന്നാംഘട്ടം
10. പയ്യന്നൂർ മുനിസിപ്പാലിറ്റിക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി
11. കൂത്തുപറമ്പ് മുനിസിപ്പാലിറ്റിക്കും കോട്ടയം പാട്ടിയം ശുദ്ധജല വിതരണ പദ്ധതി
12. കൊട്ടിയൂർ-കണിച്ചാൽ കേളകം കുടിവെള്ള പദ്ധതി
13. എരമം കുറ്റൂർ കുടിവെള്ള പദ്ധതി
14. പയ്യാവൂർ-എരുവെശ്ശി ശുദ്ധജല വിതരണ പദ്ധതി
15. UIDSSMT തലശ്ശേരി മുനിസിപ്പാലിറ്റി അനുബന്ധ ടൗണുകളിലേയ്ക്കുള്ള കുടിവെള്ള പദ്ധതി
16. സാർക്ക്-തലശ്ശേരിക്കും അനുബന്ധ ടൗണുകളിലേയ്ക്കുള്ള കുടിവെള്ള പദ്ധതി
17. തൃപ്പങ്ങോട്ടൂർ കുടിവെള്ള പദ്ധതി
18. ഇരിക്കൂർ മലപ്പട്ടം-ശ്രീകണ്ഠപുരം കുടിവെള്ള പദ്ധതി
19. കുന്നമ്മലും സമീപ പ്രദേശങ്ങളിലും ഏഴ് വില്ലേജുകളിലേയ്ക്കുമുള്ള ശുദ്ധജല വിതരണ പദ്ധതി
20. നെല്ലയ കലുക്കല്ലൂർ കുടിവെള്ള പദ്ധതി
21. ഏറ്റുമാനൂരിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള പദ്ധതി
22. മണിമല ശുദ്ധജല വിതരണ പദ്ധതി
23. അന്തമൺകടവ് കുടിവെള്ള പദ്ധതി
24. UIDSSMT ഗുരുവായൂർ ചാവക്കാട് മുനിസിപ്പാലിറ്റി കുടിവെള്ള പദ്ധതി
25. ചെറുതുരുത്തി നെടുമ്പുര കുടിവെള്ള പദ്ധതി
26. വെങ്കിടങ്ങ് കണ്ണോത്ത് കുടിവെള്ള പദ്ധതി
27. വണ്ടൻ മേട് അണക്കര കുടിവെള്ള പദ്ധതി
28. ഭരണിക്കാവും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി

29. ഇടക്കൊച്ചി കുടിവെള്ള പദ്ധതി

30. പശ്ചിമകൊച്ചി GIDA കുടിവെള്ള പദ്ധതി

31. കടമക്കുടി പഞ്ചായത്ത് പദ്ധതി വിപുലീകരണം

32. തൃപ്പൂണിത്തുറ കുടിവെള്ള പദ്ധതി വിപുലീകരണം

33. പാറക്കടവ് പഞ്ചായത്ത് കുടിവെള്ള പദ്ധതി

34. വാഴക്കുളം, കിഴക്കമ്പലം കുന്നത്തുനാട് പഞ്ചായത്തുകളിലെ പൈപ്പ് മാറ്റൽ

(ബി) നീർത്തട സംരക്ഷണത്തിനായി പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുക, മണ്ണിന്റെ ഫലപുഷ്ടി ശോഷണം തടയുക, ഭൂജല വിതാനം താഴുന്നത് തടയുക, പഞ്ചായത്തിലെ കുളങ്ങൾ, ചെറിയ തോടുകൾ എന്നിവ ആഴം കൂട്ടുക, തടയണ നിർമ്മിക്കുക എന്നീ പദ്ധതികൾ തൊഴിലുറപ്പ് പദ്ധതിയിൽ മുൻഗണന നൽകി നടപ്പാക്കിവരുന്നു.

(സി) വർഷകാലത്ത് വീടിന്റെ മേൽക്കൂരയിൽ പതിക്കുന്ന മഴവെള്ളം ശാസ്ത്രീയമായി ടാങ്കിൽ ശേഖരിച്ച് സുരക്ഷിതമായി സൂക്ഷിച്ച് വേനൽക്കാലത്ത് ഉപയോഗിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ കേരള ജല അതോറിറ്റി വർഷ പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഹരിത കേരളം പദ്ധതിയിൽ ജലസംരക്ഷണം ഒരു പ്രധാന ഘടകമാണ്. അതുപോലെ തന്നെ കേരള ജല അതോറിറ്റിയും ഇറിഗേഷൻ വകുപ്പും തടയണകൾ, റഗുലേറ്റർ കം ബ്രിഡ്ജ് മുതലായവ നിർമ്മിച്ച് നദികളിൽ ലഭ്യമാകുന്ന ജലം പരമാവധി സംരക്ഷിച്ച് നിർത്താനുള്ള നടപടികൾ സ്വീകരിക്കുന്നു.

## വൈപ്പിൻ ശുദ്ധജലവിതരണ പദ്ധതി

234 (1003) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ ശുദ്ധജലവിതരണ പദ്ധതിയുടെ ഭാഗമായി ഞാറക്കൽ, മുരിക്കുംപാടം എന്നിവിടങ്ങളിൽ ശുദ്ധജല ടാങ്ക് നിർമ്മിക്കുന്നതിന് ജിഡയിൽ നിന്നും അനുവദിച്ച ഫണ്ട് എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത നിർമ്മാണങ്ങൾക്ക് ഏതു വർഷമാണ് ഭരണാനുമതി ലഭിച്ചതെന്നും പ്രവൃത്തികളുടെ നിർമ്മാണ പുരോഗതിയും വിശദമാക്കാമോ ;

(സി) മേൽ സൂചിപ്പിച്ച പ്രവൃത്തികൾ എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാനാകുമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ജിഡ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയ 5685 ലക്ഷം രൂപയിൽ ഞാറയ്ക്കൽ ടാങ്കിന് 569 ലക്ഷം രൂപയും മുരിക്കുംപാടം ടാങ്കിന് 545 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണങ്ങൾക്ക് 20-9-2007-ൽ ആണ് ഭരണാനുമതി നൽകിയത്. ഞാറയ്ക്കൽ ടാങ്കിന്റെ മൂന്നാമത്തെ സ്റ്റേജ് കോളം വർക്ക് പൂർത്തിയായി. ബാക്കി പ്രവൃത്തി പുരോഗമിച്ചുവരുന്നു. മുരിക്കുംപാടം ടാങ്കിന്റെ 30 കോളവും ഒന്നാം നിലയുടെ റൂഫ് സ്ലാബും പൂർത്തീകരിച്ചു.

(സി) പ്രസ്തുത പ്രവൃത്തികൾ 30-6-2017-ൽ കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**കുട്ടനാട് കുടിവെള്ള പദ്ധതി**

235 (1004) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പൊതു ബഡ്ജറ്റിൽ പ്രഖ്യാപിച്ച കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതിയ്ക്ക് 195 കോടി രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) കുട്ടനാടിന്റെ ഏറ്റവും വലിയ പ്രശ്നമായ കുടിവെള്ളം എല്ലാവർക്കും സുലഭമായി ഏറ്റവും വേഗം ലഭിക്കുന്നതിനു എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതിയുടെ പ്രാധാന്യം പരിഗണിച്ച് സമയബന്ധിതമായി ഇത് പൂർത്തിയാക്കുന്നതിനു പ്രത്യേക മോണിറ്ററിങ് സംവിധാനം ഏർപ്പെടുത്തുമോ?

ഉത്തരം

(എ-സി) കഴിഞ്ഞ പൊതു ബഡ്ജറ്റിൽ പ്രഖ്യാപിച്ച കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതിക്കുവേണ്ടിയുള്ള 195 കോടി രൂപയുടെ എസ്റ്റിമേറ്റ് പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിന് സർക്കാർ പരിശോധിച്ചു വരുന്നു.

**കോഴിക്കോട് എൻ.ഐ.ടി.-യിൽ ശുദ്ധജലക്ഷാമം**

236 (1005) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് എൻ.ഐ.ടി.-യിൽ ശുദ്ധജല ക്ഷാമം അനുഭവപ്പെടുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എൻ.ഐ.ടി. നിൽക്കുന്ന ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ കുളിമാട് ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നും എൻ.ഐ.ടി.-ക്ക് വെള്ളം ലഭ്യമാക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എൻ.ഐ.ടി. നിൽക്കുന്ന ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ കുളിമാട് ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നും എൻ.ഐ.ടി.ക്ക് വെള്ളം ലഭ്യമാക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ട്. പ്രസ്തുത പ്രദേശത്തേയ്ക്ക് വെള്ളമെത്തിക്കുന്നതിലേയ്ക്കായി ഒരു സമഗ്ര കുടിവെള്ള പദ്ധതി " CWSS to Chathamangalam and adjoining Panchayats in Kozhikode district" യ്ക്കായി 133.75 കോടി രൂപയുടെ പി.ഇ.ആർ. തയ്യാറാക്കിയിട്ടുണ്ട്.

**കുടിവെള്ളം ഉറപ്പുവരുത്തുന്നതിന് നടപടികൾ**

237 (1006) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം അഭിമുഖീകരിക്കുന്ന കൊടിയ വരൾച്ചയുടെ സാഹചര്യത്തിൽ ജനങ്ങൾക്ക് കുടിവെള്ളം ഉറപ്പുവരുത്തുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇതിനായി പ്രത്യേക ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) ജലസംരക്ഷണത്തിനായി തണ്ണീർത്തടങ്ങൾ, കുളങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനും ആവശ്യമായ സ്ഥലങ്ങളിൽ ചെക്ക് ഡാമുകൾ കെട്ടുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കാലവർഷത്തിലുണ്ടായ കുറവ് പരിഗണിച്ച് വിവിധ നദികളിലെ ജലദൗർലഭ്യത്തിനുള്ള സാധ്യത കണക്കിലെടുത്ത് കുടിവെള്ളക്ഷാമം നേരിടാൻ കേരള ജല അതോറിറ്റി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും കൂടുതൽ ജലലഭ്യത ഉറപ്പുവരുത്തുക.

2. ഇറിഗേഷൻ, വൈദ്യുതി വകുപ്പുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി വിവിധ സ്രോതസ്സുകളിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. അടിക്കടി ലീക്കുമൂലം ജലനഷ്ടം സംഭവിക്കുന്ന വിതരണ ലൈനുകൾ മാറ്റി പകരം പുതിയവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. ജലലഭ്യതയുള്ള സ്ഥലങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിച്ച് ജലം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. വാട്ടർ അതോറിറ്റി കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്ത് പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

6. റവന്യൂ, തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ സഹകരണത്തോടെ ആവശ്യമായ സ്ഥലങ്ങളിൽ കിയോസ്കുകൾ സ്ഥാപിച്ച് ടാങ്കറുകൾ മുഖേന പരമാവധി ശുദ്ധജല വിതരണ സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

7. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പ് സെറ്റുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുന്നതിനും കൂടുതൽ പമ്പിംഗ് ആവശ്യമാണെങ്കിൽ അഡീഷണൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

8. ആവശ്യമാകുന്നപക്ഷം വാൽവുകൾ നിയന്ത്രിച്ച് കരുതൽ നടപടി സ്വീകരിക്കുന്നതിനും ഉദ്ദേശിക്കുന്നു.

9. ജലശുദ്ധീകരണ ശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗിക്കുന്നതിന് ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നുണ്ട്.

10. നിയമവിരുദ്ധമായി ജലം ചോർത്തുന്നതും അനധികൃത ഉപയോഗവും മറ്റും കണ്ടുപിടിക്കുന്നതിന് ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനം ഉപയോഗപ്പെടുത്തുകയും നിയമാനുസൃത നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു.

11. പ്രതിമാസം 50 കിലോലിറ്ററിന് മുകളിൽ ഉപഭോഗം കണക്കാക്കുന്ന പുതിയ കണക്ഷനുകൾ നൽകുന്നതിന് താൽക്കാലിക നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

12. നിലവിൽ കൂടുതലായി ജലം ഉപയോഗിക്കുന്ന വ്യാവസായിക വാണിജ്യ കണക്ഷനുകളിൽ ഉപഭോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

13. ജലശുദ്ധീകരണ ശാലകളിൽ ബാക്ക് വാഷിംഗ് ചെയ്യുന്നതിന് ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് കഴിയുന്നത്ര നിയന്ത്രിക്കുന്നുണ്ട്.

14. വളരെ കാലമായി കേടായ വാട്ടർ മീറ്റർ മാറ്റിവയ്ക്കാത്ത ഉപഭോക്താക്കൾക്ക് കണക്ഷൻ വിച്ഛേദിക്കുവാൻ നോട്ടീസ് നൽകുകയും തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

മേൽപ്പറഞ്ഞ നടപടികൾ കൂടാതെ വരൾച്ച സംബന്ധിച്ച സ്ഥിതിഗതികൾ നിരന്തരം വിലയിരുത്തി വേണ്ട പരിഹാര നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനകം കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽ വച്ച് മേഖലാടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് വരൾച്ച സംബന്ധിച്ച് വിശദമായ അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ തീരുമാനിച്ച കാര്യങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിന് വീഡിയോ കോൺഫറൻസിംഗ് വഴി അവലോകനവും നടത്തിവരുന്നു.

ഭൂജലവകുപ്പ് സംസ്ഥാനത്തെ വരൾച്ച നേരിടുന്നതിനായി വിവിധ കുഴൽക്കിണർ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയിൻ കീഴിൽ 2016-17 സാമ്പത്തിക വർഷം ഒരു കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 32 ചെറുകിട കുടിവെള്ള പദ്ധതികളും 81 കുഴൽക്കിണർ നിർമ്മാണവും 20 കൈപമ്പ് പദ്ധതികളും 810 ഹാന്റ് പമ്പ് അറ്റകുറ്റപ്പണികളും ഇതുവരെ ഈ പദ്ധതിയിൻ കീഴിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഗവൺമെന്റ് ഉത്തരവ് ജി.ഒ. (ആർറ്റി) നമ്പർ 318/2017/ഫിൻ. തീയതി 13-1-2017 പ്രകാരം 1240.33 ലക്ഷം രൂപ രാജീവ് ഗാന്ധി പദ്ധതിയിൽ ഉൾപ്പെടുത്തി വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. 5505 കൈപ്പമ്പുകളുടെ അറ്റകുറ്റപ്പണികളും 585 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണത്തിനുമുള്ള ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്. ഇതിൽ 2163 കൈപ്പമ്പുകളുടെ അറ്റകുറ്റപ്പണികളും 70 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 40 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്. ഗവൺമെന്റ് ഉത്തരവ് നമ്പർ ജി.ഒ.(ആർറ്റി.) നമ്പർ 318/2017/ഫിൻ തീയതി 13-1-2017 പ്രകാരം 1240.33 ലക്ഷം രൂപ രാജീവ്ഗാന്ധി പദ്ധതിയിൽ ഉൾപ്പെടുത്തി വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഭൂജലവകുപ്പിന് അനുവദിച്ചിട്ടുണ്ട്.

(സി) തണ്ണീർത്തടങ്ങൾ, കുളങ്ങൾ എന്നിവയുടെ സംരക്ഷണം അതതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ജലസേചന വകുപ്പിനുമാണ്. ജല അതോറിറ്റി ആവശ്യമായ സ്ഥലങ്ങളിൽ താൽക്കാലിക തടയണകൾ നിർമ്മിക്കുന്നുണ്ട്.

**കുടിവെള്ളം പാഴാക്കാതിരിക്കാൻ ബോധവൽക്കരണ പദ്ധതികൾ**

238 (1007) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം വരൾച്ച നേരിടുന്ന സാഹചര്യത്തിൽ കുടിവെള്ളം പാഴാക്കാതിരിക്കാൻ ബോധവൽക്കരണ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) കുടിവെള്ള ക്ഷാമം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ശുദ്ധജലത്തിന്റെ ദുരുപയോഗം നിരുത്സാഹപ്പെടുത്തുവാനും ഉപഭോഗം പരമാവധി കുറയ്ക്കുന്നതിനും ജലസംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി ദൃശ്യ, ശ്രാവ്യ, പത്രമാധ്യമങ്ങൾ വഴിയുള്ള പ്രചരണം, സോഷ്യൽ മീഡിയ വഴിയുള്ള ബോധവൽക്കരണം മുതലായവ നടത്താൻ ഉദ്ദേശിക്കുന്നു. കൂടാതെ ജലം ദുരുപയോഗം ചെയ്യുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചും അവബോധം നടത്തിവരുന്നു. ഇതുസംബന്ധിച്ച് നിരന്തരം പത്രമാധ്യമങ്ങൾ വഴി പ്രചാരണം നടത്തുന്നുണ്ട്. ജലനിധിയുടെ നേതൃത്വത്തിൽ പഞ്ചായത്ത് പ്രസിഡന്റുമാരെയും പഞ്ചായത്ത് മെമ്പർമാരെയും ഗുണഭോക്തൃ ഭാരവാഹികളെയും ഉൾപ്പെടുത്തി പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വ്യക്തിഗത ജലസംരക്ഷണ മാർഗ്ഗങ്ങൾ (മഴവെള്ള സംഭരണി, മഴക്കുഴി, കിണർ റീചാർജ്ജിംഗ്) തുടങ്ങിയവ കണ്ടു മനസ്സിലാക്കുന്നതിനായി മോഡലുകൾ നിർമ്മിക്കുകയും എക്സിബിഷനുകൾ സംഘടിപ്പിക്കുകയും ചെയ്തു. പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെ ജലസംരക്ഷണത്തെ കുറിച്ചുള്ള വിവിധ റിപ്പോർട്ടുകൾ നൽകി. പരിസ്ഥിതി ദിനം, ജലദിനം, ഭൗമ ദിനം തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട് പഞ്ചായത്തുകളിൽ വിവിധതരം പരിപാടികൾ സംഘടിപ്പിച്ചു.

(ബി) കാലവർഷത്തിലുണ്ടായ കുറവ് പരിഗണിച്ച് വിവിധ നദികളിലെ ജലദൗർലഭ്യത്തിനുള്ള സാധ്യത കണക്കിലെടുത്ത് കുടിവെള്ളക്ഷാമം നേരിടാൻ കേരള ജല അതോറിറ്റി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും ജലലഭ്യത ഉറപ്പുവരുത്തുക.

2. ഇറിഗേഷൻ, വൈദ്യുതി വകുപ്പുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി വിവിധ സ്രോതസ്സുകളിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. അടിക്കടി ലീക്കുമൂലം നഷ്ടം സംഭവിക്കുന്ന വിതരണ ലൈനുകൾ മാറ്റി പകരം പുതിയവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. ജലലഭ്യത ഉള്ള സ്ഥലങ്ങളിൽ പൈപ്പ്ലൈൻ ദീർഘിപ്പിച്ച് ജലം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. വാട്ടർ അതോറിറ്റി കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്ത് പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

6. റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകളുടെ സഹകരണത്തോടെ ആവശ്യമായ സ്ഥലങ്ങളിൽ കിയോസ്കുകൾ സ്ഥാപിച്ച് ടാങ്കറുകൾ മുഖേന പരമാവധി ശുദ്ധജല വിതരണ സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

7. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പ് സെറ്റുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുന്നതിനും കൂടുതൽ പമ്പിംഗ് ആവശ്യമാണെങ്കിൽ അഡീഷണൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

8. ആവശ്യമാകുന്നപക്ഷം വാൽവുകൾ നിയന്ത്രിച്ച് കരുതൽ നടപടി സ്വീകരിക്കുന്നതിനും ഉദ്ദേശിക്കുന്നു.

9. ജലശുദ്ധീകരണ ശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗിക്കുന്നതിന് ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി ശുദ്ധജല ലഭ്യത ഉറപ്പാക്കും.

10. നിയമവിരുദ്ധമായി ജലം ചോർത്തുന്നതും അനധികൃത ഉപയോഗവും മറ്റും കണ്ടുപിടിക്കുന്നതിന് ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനം ഉപയോഗപ്പെടുത്തുകയും നിയമാനുസൃത നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു.

11. പ്രതിമാസം 50 കിലോലിറ്ററിന് മുകളിൽ ഉപഭോഗം കണക്കാക്കുന്ന പുതിയ കണക്ഷനുകൾ നൽകുന്നതിന് താൽക്കാലിക നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

12. നിലവിൽ കൂടുതലായി ജലം ഉപയോഗിക്കുന്ന വ്യാവസായിക വാണിജ്യ കണക്ഷനുകളിൽ ഉപഭോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

13. ജലശുദ്ധീകരണ ശാലകളിൽ ബാക്ക് വാഷിംഗ് ചെയ്യുന്നതിന് ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് കഴിയുന്നത്ര നിയന്ത്രിക്കുന്നുണ്ട്.

14. വളരെ കാലമായി കേടായ വാട്ടർ മീറ്റർ മാറ്റിവയ്ക്കാത്ത ഉപഭോക്താക്കൾക്ക് കണക്ഷൻ വിച്ഛേദിക്കുവാൻ നോട്ടീസ് നൽകുകയും തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

മേൽപ്പറഞ്ഞ നടപടികൾ കൂടാതെ വരൾച്ച സംബന്ധിച്ച സ്ഥിതിഗതികൾ നിരന്തരം വിലയിരുത്തി വേണ്ട പരിഹാര നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനകം കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽ വച്ച് മേഖലാടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് വരൾച്ച സംബന്ധിച്ച് വിശദമായ അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ തീരുമാനിച്ച കാര്യങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിന് വീഡിയോ കോൺഫറൻസിംഗ് വഴി അവലോകനവും നടത്തിയിരുന്നു. ജലനിധി പഞ്ചായത്തുകളിലെ ജലസ്രോതസ്സുകളിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഭൂജല പരിപോഷണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ജലസംരക്ഷണത്തിനായി ജലനിധി കിണറുകളിൽ point recharge, roof water harvesting, ചെറുകിട തടയണകൾ (small check dams), Gabion structure, (ഭൂമിയുടെ അടിയിലുള്ള തടയണകൾ), VCB (Vertical Cross Bar), മണ്ണ് സംരക്ഷണം, കിണറുകളുടെ സംരക്ഷണം, കുളങ്ങളുടെ സംരക്ഷണം എന്നിവ ചെയ്തുവരുന്നു.

ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ ഇതുവരെ (ബാച്ച് 1, 2) 1562 ഭൂജല പരിപോഷണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. അതിൽ ഇതിനകം 1499 പദ്ധതികൾ പൂർത്തീകരിച്ചു. ഇതുമൂലം എല്ലാ ജലസ്രോതസ്സുകളിലും സംരക്ഷണം ഉറപ്പുവരുത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ വരൾച്ച നേരിടുന്നതിനായി ജലനിധി രണ്ടാംഘട്ട പദ്ധതി മുഖേന താഴെപ്പറയുന്ന അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

1. പൂർത്തീകരണ ഘട്ടത്തിലുള്ള 166 പദ്ധതികൾ ഫെബ്രുവരി, ഏപ്രിൽ മാസങ്ങളിലായി കമ്മീഷൻ ചെയ്ത് 21000 വീടുകൾക്ക് കുടിവെള്ളം എത്തിക്കാൻ സാധിക്കുന്നതാണ്.

2. വൈദ്യുതി കണക്ഷൻ ലഭിക്കാത്തതുമൂലം വൈകുന്ന പദ്ധതികൾക്ക് അടിയന്തരമായി കണക്ഷൻ ലഭ്യമാക്കി പദ്ധതി കമ്മീഷൻ ചെയ്യുന്നതാണ്. ഇതുവഴി ഏകദേശം 2700 വീടുകൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതാണ്.

3. സ്രോതസ്സിന്റെയും ജലസംഭരണിയുടെയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും ജലവിതരണ പൈപ്പുകൾ സ്ഥാപിച്ചുവരുന്നതുമായ പദ്ധതികൾക്ക് (ബാച്ച് 3-ൽ ഉൾപ്പെട്ടിട്ടുള്ള പഞ്ചായത്തുകളിലെ) എത്രയുംവേഗം വൈദ്യുതി കണക്ഷൻ സ്ഥാപിച്ച് ഭാഗികമായെങ്കിലും ജലവിതരണം ആരംഭിക്കുവാൻ കഴിയുന്നതാണ്. ഇപ്രകാരം 100 പദ്ധതികളിലായി 5500 കുടുംബങ്ങൾക്ക് വരൾച്ചാ കാലത്ത് കുടിവെള്ളം എത്തിക്കുവാൻ സാധിക്കുമെന്ന് കണക്കാക്കുന്നു.

4. ജലസ്രോതസ്സുകൾ വറ്റുന്ന പഞ്ചായത്തുകളിൽ ജല ലഭ്യതയുള്ള ബോർവെൽ സാധ്യമായ സ്ഥലങ്ങളിൽ ഭൂഗർഭജലം പ്രയോജനപ്പെടുത്താനും ഉദ്ദേശിക്കുന്നു.

   ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ (IEC) ജല സംരക്ഷണം വഴിയും ജലവിനിയോഗം നിയന്ത്രിച്ചും വരൾച്ചയെ നേരിടുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

## മാലിപ്പുറം, എടവനക്കാട് ശുദ്ധജല ടാങ്കുകൾ

239 (1008) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിപ്പുറം, എടവനക്കാട് ശുദ്ധജല ടാങ്കുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ട് എത്ര നാളായെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ടാങ്കുകളുടെ കമ്മീഷനിംഗ് വൈകുന്നതിലെ കാരണം എന്തെന്നും ടി ടാങ്കുകളുടെ പ്രവർത്തനം എന്ന് ആരംഭിക്കുമെന്നും വ്യക്തമാക്കാമോ ?

### ഉത്തരം

(എ) മാലിപ്പുറം ടാങ്ക് 8-6-2012-ലും എടവനക്കാട് ശുദ്ധജല ടാങ്ക് 28-2-2015-ലും നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) എടവനക്കാട് ടാങ്ക് കമ്മീഷൻ ചെയ്ത് നിലവിൽ പ്രവർത്തനക്ഷമമാണ്. മാലിപ്പുറം ടാങ്ക് നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും പ്രോജക്ടിൽ പ്രതിപാദിച്ച രീതിയിൽ പൈപ്പുലൈനുകളുടെ പണി തീരാത്തതിനാലാണ് മാലിപ്പുറം ടാങ്ക് കമ്മീഷൻ ചെയ്യാത്തത്. മുരിക്കുംപാടം, ഞാറയ്ക്കൽ ടാങ്കുകളുടെ പണികൾ പൂർത്തിയാക്കി 2017 ജൂണിൽ മാലിപ്പുറം ടാങ്കും കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പമ്പ് ഹൗസുകൾ

240 (1009) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ പമ്പ് ഹൗസുകളിലെ കാലപ്പഴക്കത്താൽ ഉപയോഗശൂന്യമായ മോട്ടോറുകളും, പൈപ്പുകളും മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) മലപ്പുറം ജില്ലയുടെ നെല്ലറ എന്ന് പറയപ്പെടുന്ന തിരൂരങ്ങാടിയിലെ പാടശേഖരങ്ങളിലെ നെൽ കർഷകർക്ക് കാർഷിക ജലവിതരണത്തിന് പുതിയ പദ്ധതികൾ നടപ്പിലാക്കാമോ;

(സി) കൊടിഞ്ഞി, കുണ്ടൂർ, ചെറുമുക്ക്, വെഞ്ചാലി എന്നീ പാടശേഖരങ്ങളിലെ നെൽ കർഷകർക്ക് ജലം എത്തിക്കുന്നതിന് വെഞ്ചാലിയിൽ ഒരു കനാൽ കൂടി നിർമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) Project Maintenance, റീ ഹാബിലിറ്റേഷൻ ഓഫ് എൽ.ഐ. സ്കീം എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി എൽ.ഐ. സ്കീമുകളിലെ പമ്പുകളും മോട്ടോറുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഫണ്ട് ലഭ്യതയനുസരിച്ച് സ്വീകരിച്ചുവരുന്നുണ്ട്.

(ബി) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലുൾപ്പെടുന്ന നന്നമ്പ്ര പഞ്ചായത്തിലെ പാടശേഖരങ്ങളിൽ ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി മോര്യാകാപ്പ് ജലസേചന പദ്ധതിയുടെ പ്രൊപ്പോസൽ അംഗീകാരത്തിനായും നന്നമ്പ്ര പഞ്ചായത്തിലെ കുണ്ടൂർ തോട് നവീകരണത്തിന് 1500 ലക്ഷം രൂപയുടെ പ്രൊപ്പോസൽ കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതും പരിഗണനയിലാണ്.

(സി) വെഞ്ചാലി എൽ.ഐ. സ്കീമിൽ നിന്നുള്ള പുതിയ കനാൽ നിർമ്മിക്കുന്നതിന് ജലലഭ്യത, സ്ഥല ലഭ്യത, ശിപാർശയുടെ പ്രായോഗികത എന്നിവ പരിശോധിക്കേണ്ടതുണ്ട്.

**കിളിമാനൂർ കുടിവെള്ള പദ്ധതി**

241 (1010) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ, പഴയകുന്നുമ്മേൽ, മടവൂർ പഞ്ചായത്തുകളിലെ കിളിമാനൂർ കുടിവെള്ള പദ്ധതി നിർമ്മാണം പൂർത്തീകരിച്ചോ എന്നും പദ്ധതിയുടെ അടങ്കൽ തുക എത്രയാണെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പുളിമാത്ത്, നഗരൂർ, കരവാരം പദ്ധതിയ്ക്ക് തദ്ദേശ സ്ഥാപനം അടിസ്ഥാന സൗകര്യം ലഭ്യമാക്കിയോ; ഗ്രാമീണകുടിവെള്ള പദ്ധതി ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ;

(സി) കേരള വാട്ടർ അതോറിറ്റി പദ്ധതികളുടെ ആധുനീകരണത്തിന് എത്ര തുക ചെലവഴിച്ചു; ആറ്റിങ്ങൽ മണ്ഡലത്തിൽ ഏതെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വിശദമാക്കുമോ;

(ഡി) കരവാരം, കട്ടപ്പറമ്പ്, പുരവൂർ പുഴക്കടവിലെ മോട്ടോറുകൾ മാറ്റുന്നതിന് നൽകിയ നിവേദനത്തിൽ മാറ്റി നൽകാൻ 23-11-2016-ൽ ജല അതോറിറ്റി എം.ഡി. നൽകിയിരുന്ന ഉത്തരവ് പ്രകാരം പ്രസ്തുത മോട്ടോറുകൾ എന്ന് മാറ്റി സ്ഥാപിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കിളിമാനൂർ, പഴയകുന്നുമ്മേൽ, മടവൂർ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതി പൂർത്തീകരിച്ചു. ഈ പദ്ധതിയുടെ മൊത്തം അടങ്കൽ തുക 31 കോടി രൂപയാണ്. ഇതിൽ 26.15 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) പുളിമാത്ത്, നഗരൂർ, കരവാരം പദ്ധതിയ്ക്കാവശ്യമായ പമ്പ്ഹൗസ് നിർമ്മിക്കുന്നതിനും ജലസംഭരണി നിർമ്മിക്കുന്നതിനും വേണ്ടിയുള്ള സ്ഥലം ലഭ്യമാക്കുന്നതിന് കേരള വാട്ടർ അതോറിറ്റി പഞ്ചായത്ത് അധികാരികളോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ പദ്ധതിയ്ക്ക് വേണ്ടിയുള്ള ഡി.പി.ആർ. പുതിയ ഡി.എസ്.ആർ. പ്രകാരം പുതുക്കി സമർപ്പിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(സി) പ്ലാൻ ഫണ്ട് ഇനത്തിൽ ഇ-ഗവേണസ് ശീർഷകത്തിൽ 2016-17 സാമ്പത്തിക വർഷം വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങളുടെ ആധുനീകരണത്തിനായി 39.93 കോടി രൂപ വിനിയോഗിച്ചു. ആറ്റിങ്ങൽ മണ്ഡലത്തിൽ ആറ്റിങ്ങൽ സബ്ഡിവിഷൻ പരിധിയിൽ വരുന്ന ഓഫീസുകളിൽ ആധുനീകരണത്തിന്റെ ഭാഗമായി ബില്ലിംഗിന് ഇ-അബാക്കസ് സംവിധാനം നടപ്പിലാക്കി.

(ഡി) കരവാരം, കട്ടപ്പറമ്പ് പമ്പ് ഹൗസിൽ പുതിയ രണ്ട് പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനുള്ള 22.50 ലക്ഷം രൂപയുടെ ഭരണാനുമതി 14-2-2017-ൽ നൽകിയിട്ടുണ്ട്. സാങ്കേതിക അനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ഉദ്ദേശം നാല് മാസത്തിനകം പമ്പ് സെറ്റുകൾ സ്ഥാപിച്ച് ട്രയൽ റൺ നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കുട്ടനാടൻ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം

242 (1011) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാടൻ പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ള പ്രശ്നം മൂലം ജനങ്ങൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ ;

(ബി) ജനുവരി മാസത്തിന് ശേഷം ഇതുവരെ ഏതൊക്കെ പഞ്ചായത്തുകളിൽ എത്ര അളവിൽ കുടിവെള്ളം വിതരണം ചെയ്തു എന്ന് തീയതി അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ;

(സി) കൂടുതൽ പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ;

(ഡി) കുട്ടനാടിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് വരൾച്ച ബാധിത പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് പ്രത്യേക നിർദ്ദേശം നൽകുമോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. നീരേറ്റുപുറം ജലശുദ്ധീകരണശാല വഴിയുള്ള ജലവിതരണവും കുട്ടനാട്ടിലെ വിവിധ പഞ്ചായത്തുകളിൽ സ്ഥാപിച്ചിരിക്കുന്ന കുഴൽ കിണറുകളിൽ കൂടിയുള്ള ജലവിതരണവും കൂടുതൽ ജനങ്ങളിൽ എത്തിക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നുണ്ട്. എങ്കിലും കാലപ്പഴക്കം ചെന്ന പ്രധാന പൈപ്പുകളിലും വിതരണ പൈപ്പുകളിലും ലഭ്യമാകുന്ന ജലം കാര്യക്ഷമമായി വിതരണം നടത്തുന്നതിന് വളരെയധികം ബുദ്ധിമുട്ട് ഉണ്ടാകാറുണ്ട്. ഏറ്റവും കൂടുതലായി കേടുപാടുകൾ സംഭവിച്ച പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനായി 2016-17-ൽ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി 50.3 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്കുള്ള ദർഘാസുകൾ കേരള വാട്ടർ അതോറിറ്റി ക്ഷണിച്ചിട്ടുണ്ട്. റവന്യൂ വകുപ്പ് വഴി കൈനകരി പഞ്ചായത്തിൽ വള്ളങ്ങളിൽ ജലവിതരണം നടത്തുന്നതിനായി വാട്ടർ അതോറിറ്റിയുടെ പള്ളാത്തുരുത്തി പമ്പ് ഹൗസിൽ നിന്നും ജലവിതരണം നടത്തിവരുന്നു.

(ബി) കുട്ടനാടിന്റെ വിവിധ പഞ്ചായത്തുകളിൽ പൈപ്പുലൈനുകൾ വഴി ജലവിതരണം നടത്തുന്നതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. തകഴി പഞ്ചായത്ത്-5 കുഴൽക്കിണറിൽ നിന്നും പ്രതിദിനം ഏകദേശം 15 ലക്ഷം ലിറ്റർ ജലം.
2. നീരേറ്റുപുറം ശുദ്ധീകരണശാലയിൽ നിന്നും 3 കുഴൽക്കിണറിൽ നിന്നുമായി ഏകദേശം 24 ലക്ഷം ലിറ്റർ ജലം പ്രതിദിനം വിതരണം നടത്തിവരുന്നു.
3. വീയ്യപുരം പഞ്ചായത്തിൽ ഒരു കുഴൽക്കിണറിൽനിന്ന് ഏകദേശം 5 ലക്ഷം ലിറ്റർ വെള്ളം പ്രതിദിനം വിതരണം നടത്തുന്നു.
4. തലവടി പഞ്ചായത്തിൽ നിരേറ്റുപുറം ശുദ്ധീകരണശാലയിൽ നിന്ന് ഏകദേശം 11 ലക്ഷം ലിറ്റർ ജലം പ്രതിദിനം വിതരണം നടത്തുന്നു.
5. മുട്ടാർ പഞ്ചായത്തിൽ നിരേറ്റുപുറം ശുദ്ധീകരണശാലയിൽ നിന്ന് ഏകദേശം 13 ലക്ഷം ലിറ്റർ ജലം പ്രതിദിനം വിതരണം നടത്തുന്നു.
6. വെളിയനാട് പഞ്ചായത്തിൽ തിരുവല്ല ശുദ്ധീകരണ ശാലയിൽ നിന്ന് 11.50 ലക്ഷം ലിറ്റർ ജലം പ്രതിദിനം വിതരണം നടത്തുന്നു.

7. നീലംപേരൂർ പഞ്ചായത്തുകുളത്തിൽ നിന്ന് ഏകദേശം 1 ലക്ഷം ലിറ്റർ വെള്ളം വിതരണം നടത്തുന്നു.

8. പുളിങ്കുന്ന് പഞ്ചായത്ത് ആഴ്ചയിൽ ഒരു ദിവസം ഏകദേശം 7 ലക്ഷം ലിറ്റർ ജലം വിതരണം നടത്തുന്നു.

9. ചമ്പക്കുളം പഞ്ചായത്തിൽ നിരേറ്റുപുറം ശുദ്ധീകരണശാലയിൽ നിന്നുള്ള ജലവും 5 കുഴൽക്കിണറിൽ നിന്നുള്ള ജലവും ഉൾപ്പെടെ ഏകദേശം 14.50 ലക്ഷം ലിറ്റർ ജലം വിതരണം നടത്തി വരുന്നു.

10. രാമങ്കരി പഞ്ചായത്തിൽ നിരേറ്റുപുറം ശുദ്ധീകരണശാലയിൽ നിന്നും ഏകദേശം 9 ലക്ഷം ലിറ്റർ ജലം പ്രതിദിനം വിതരണം നടത്തിവരുന്നു.

11. നെടുമുടി പഞ്ചായത്തിൽ 8 കുഴൽക്കിണറുകളിൽ നിന്നുള്ള ഏകദേശം 16.50 ലക്ഷം ലിറ്റർ ജലം പ്രതിദിനം വിതരണം നടത്തിവരുന്നു.

12. കൈനകരി പഞ്ചായത്തിൽ 2 കുഴൽക്കിണറിൽ നിന്നുള്ള ഏകദേശം 7.50 ലക്ഷം ലിറ്റർ ജലം പ്രതിദിനം വിതരണം നടത്തുന്നു.

(സി) നിലവിൽ ലഭ്യമായ ശുദ്ധജലം തുല്യ അളവിൽ കുട്ടനാടിന്റെ വിവിധ പഞ്ചായത്തുകളിലെ എല്ലാ സ്ഥലങ്ങളിലും എത്തിക്കുന്നതിനായി വാൽവ് ക്രമീകരണങ്ങൾ നടത്തിവരുന്നു. അതുപോലെ ജലലഭ്യതയുള്ള കുഴൽക്കിണറുകളിൽ പമ്പിംഗ് സമയം വർദ്ധിപ്പിച്ചും ജലവിതരണം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് നടത്തുന്നതിനുള്ള പരിശ്രമങ്ങളും നടത്തിവരുന്നു.

(ഡി) ലഭ്യമായ ശുദ്ധജലം കാര്യക്ഷമമായി വിതരണം നടത്തുന്നതിനുള്ള കർശനമായ നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

**ദേവികുളങ്ങര ഗ്രാമപഞ്ചായത്തിൽ വാട്ടർ കണക്ഷൻ**

243 (1012) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ട ദേവികുളങ്ങര ഗ്രാമപഞ്ചായത്തിൽ 2009-10, 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വാട്ടർ കണക്ഷൻ ലഭിക്കുന്നതിനുവേണ്ടി ഡെപ്പോസിറ്റ് വർക്കിൽ ഉൾപ്പെടുത്തി 17,05,250 രൂപ ദേവികുളങ്ങര ഗ്രാമപഞ്ചായത്ത് വി.ഇ.ഒ. മുഖാന്തരം ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കി വാട്ടർ അതോറിറ്റിയ്ക്ക് നൽകിയിട്ടും പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതി പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ കാരണം വിശദമാക്കിക്കൊണ്ട് ദേവികുളങ്ങര പഞ്ചായത്ത് സെക്രട്ടറിക്ക് ആലപ്പുഴ ഡിവിഷൻ ഓഫീസിൽ നിന്നും 8-11-2016-ൽ കത്തയച്ചിരുന്നു. പ്രസ്തുത പ്രവൃത്തികളിൽ ടെണ്ടർ നടപടികൾ സ്വീകരിക്കുകയും ടി പ്രവൃത്തികൾ മൂന്ന് കരാറുകാർ ഏറ്റെടുത്തിട്ടുള്ളതുമായിരുന്നു. ഇതിൽ 2010-11-ലെ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ എ.ഇ.-യുടെ സാന്നിദ്ധ്യത്തിൽ സൈറ്റ് പരിശോധിച്ചതിൽ പഞ്ചായത്തിൽ നിന്ന് കൊടുത്ത ലിസ്റ്റ് അനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് വളരെ കൂടുതൽ പൈപ്പ് വേണ്ടിവരുമെന്ന് കണ്ടെത്തിരിയിരുന്നു. ആയതിനാൽ ഗുണഭോക്താക്കളിൽ നിന്ന് ഒരു നിശ്ചിത തുക കിട്ടിയാൽ മാത്രമേ പണി പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളവെന്ന് പഞ്ചായത്തിനെ അറിയിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥനാത്തിൽ പഞ്ചായത്ത് സെക്രട്ടറിയുടേയും പ്രസിഡന്റിന്റേയും സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ടവരുടെ കമ്മിറ്റികൂടി ഓരോ ഗുണഭോക്താക്കളിൽ നിന്നും ഒരു നിശ്ചിത തുക ഈടാക്കുന്നതിന് തീരുമാനിക്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിരുന്നു. എന്നാൽ പ്രദേശവാസികളുടെ എതിർപ്പിനെ തുടർന്ന് പ്രവൃത്തി മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കാതെ വരികയും അങ്ങനെ കരാറുകാരൻ ടി പ്രവൃത്തി നിർത്തിവയ്ക്കുകയും ചെയ്തിരുന്നു. 2011-12-ലെയും 2012-13-ലെയും പ്രവൃത്തികൾ കരാറുകാരായ ശ്രീ. അപ്പുക്കുട്ടനും ശ്രീ. സന്തോഷ് വർഗ്ഗീസും പ്രവൃത്തി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ പഞ്ചായത്ത് കമ്മിറ്റിയുടെ 16-11-2013-ലെ പതിനാറാം നമ്പർ തീരുമാനപ്രകാരം മുൻ പൂർത്തീകരിക്കാത്തതിനാൽ ടി പ്രവൃത്തികൾ നിർത്തിവയ്ക്കാൻ നിർദ്ദേശിച്ചതിനെ തുടർന്ന് ടി പ്രവൃത്തികളും നിർത്തിവച്ചിരുന്നു. എന്നാൽ ഇപ്പോൾ ടി പ്രവൃത്തികൾ പഴയ നിരക്കിൽ ചെയ്യുന്നതിന് കരാറുകാർ തയ്യാറല്ലെന്നുള്ള വിവരം അറിയിച്ചിട്ടുണ്ട്. ടി മൂന്ന് പ്രവൃത്തികളുടെ തുകയിൽ പണി തീർന്നിടത്തോളം പ്രവൃത്തിയുടെ ബിൽ തുക കഴിച്ചുള്ള തുക പഞ്ചായത്ത് ആവശ്യപ്പെടുന്ന പ്രകാരം തിരികെ നൽകാവുന്നതാണെന്ന വിവരം അറിയിച്ചിരുന്നു. എന്നാൽ യാതൊരു മറുപടിയും നാളിതുവരെ പഞ്ചായത്ത് നൽകിയിട്ടില്ല.

(ബി) മേൽ സൂചിപ്പിച്ച പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ PWD Scheduled revision വന്നതിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തികൾ തുടർന്ന് ഏറ്റെടുത്ത് നടത്തുവാൻ കഴിയില്ലെന്ന് അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് ആവശ്യമായ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ടി ഡെപ്പോസിറ്റ് ചെയ്ത തുകയ്ക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി ടി പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

### വെങ്കിടങ്ങ്-കണ്ണോത്ത് കുടിവെള്ള പദ്ധതി

244 (1013) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ്-കണ്ണോത്ത് കുടിവെള്ള പദ്ധതി അടിയന്തരമായി കമ്മീഷൻ ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതി കമ്മീഷൻ ചെയ്യാൻ തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പ്രശ്നങ്ങൾ പരിഹരിച്ച് പദ്ധതി എന്ന് കമ്മീഷൻ ചെയ്യാനാകുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ് കണ്ണോത്ത് കുടിവെള്ള പദ്ധതിയുടെ എല്ലാ ഘടകങ്ങളും പൂർത്തീകരിച്ചിട്ടുള്ളതും ഒളരിയിൽ നിന്നും വെങ്കിടങ്ങ് കണ്ണോത്ത് ടാങ്ക് വരെ പമ്പിംഗ് ലെയിൻ 28-9-2015-ൽ ചാർജ്ജ് ചെയ്തിട്ടുള്ളതുമാണ്.

(ബി) ടാങ്കിൽ നിന്നുള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ, വിതരണ ശൃംഖലയിൽ പൊതുടാപ്പുകൾ സ്ഥാപിച്ച് ചാർജ്ജ് ചെയ്യൽ എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാലാണ് പ്രസ്തുത പദ്ധതികൾ കമ്മീഷൻ ചെയ്യുവാൻ താമസിക്കുന്നത്.

(സി) ഈ പദ്ധതിയ്ക്ക് 390 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. 13-10-2010 വരെ 391.15 ലക്ഷം രൂപ ചെലവായിട്ടുണ്ട്. ഇനി 20 ലക്ഷം രൂപയുടെ പണി ബാക്കിയുണ്ട്. (വിതരണ ശൃംഖലയുടെ പ്രധാന പൈപ്പ് ലൈനിലെ ഗ്യാപ് കണക്ഷൻ (കൾവർട്ട് ക്രോസ്സിംഗ്) വിതരണ ശൃംഖലയിൽ 125 പൊതുടാപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി, വിതരണ ശൃംഖലയുടെ ചാർജ്ജിംഗ് ആന്റ് കമ്മീഷനിംഗ്, റോഡ് റെസ്റ്റോറേഷൻ) എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### കുട്ടനാട്ടിൽ കുടിവെള്ളമെത്തിക്കുന്നതിന് പദ്ധതി

245 (1014) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ അടിയന്തരമായി കുടിവെള്ളം എത്തിക്കുന്നതിന് നടന്നു വരുന്ന എഴുപതു കോടി രൂപയുടെ പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാകും എന്ന് വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതിയുടെ എന്തെല്ലാം ജോലികളാണ് ബാക്കിയുള്ളത് എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു :

1. ട്രാൻസ്മിഷൻ സിസ്റ്റം-1-വീയപുരം, എടത്വ, തലവടി, മുട്ടാർ, നീലംപേരൂർ ജലസംഭരണികളിൽ ജലം എത്തിക്കുന്ന 27.2 കി.മീ. പൈപ്പ് ലൈനിൽ 24 കി.മീ. പൂർത്തീകരിച്ചു.

2. ട്രാൻസ്മിഷൻ സിസ്റ്റം-11-രാമങ്കരി, ചമ്പക്കുളം, പുളിങ്കുന്ന്, കാവാലം, നെടുമുടി, കൈനകരി ജലസംഭരണികളിൽ ജലം എത്തിക്കുന്ന 17.8 കി.മീ. പൈപ്പ് ലൈനിൽ 17 കി.മീ. പൂർത്തീകരിച്ചു.

3. വിതരണശൃംഖല-1 - തകഴി, എടത്വാ, തലവടി, മുട്ടാർ വെളിയനാട്, നിലംപേരൂർ പഞ്ചായത്തുകളിലേയ്ക്കുള്ള വിതരണ ശൃംഖലയിൽ 48.97 കി.മീ. പൈപ്പ് ലൈനുകൾ സ്ഥാപിക്കേണ്ടതിൽ 28 കി.മീ. പൂർത്തീകരിച്ചു.

4. വിതരണശൃംഖല-11-നുള്ള 12 കോടി രൂപയുടെ ദർഘാസ് ക്ഷണിച്ചെങ്കിലും ഉയർന്ന തുക വന്നതിനാൽ ദർഘാസുകൾ ഉറപ്പിക്കാൻ കഴിയാതെ വന്നു.

5. തകഴിയിലെ 4.5 ലക്ഷം ലിറ്റർ ഓവർ ഹെഡ് ടാങ്കിന്റെ പണികൾ വിതരണ ശൃംഖല 1-ൽ ഉൾപ്പെടുത്തി ആരംഭിച്ചിട്ടുണ്ട്.

6. കാവാലം 3.5 ലക്ഷം ലിറ്റർ ടാങ്കിന്റെ പുനർ ദർഘാസ് ക്ഷണിക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) പദ്ധതി 31-12-2017-ൽ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു.

(സി) 1. ട്രാൻസ്മിഷൻ സിസ്റ്റം-1- 3.20 കി.മീ. പൂർത്തീകരിക്കേണ്ടതുണ്ട്.

2. ട്രാൻസ്മിഷൻ സിസ്റ്റം-11 – 800 മീ. പൂർത്തീകരിക്കേണ്ടതുണ്ട്.

3. വിതരണശൃംഖല-1 & ഓവർ ഹെഡ് ടാങ്ക്- വിതരണ ശൃംഖലയുടെയും ഉന്നതതല ജലസംഭരണിയുടെയും നിർമ്മാണം പൂർത്തീകരിക്കേണ്ടതുണ്ട്.

4. വിതരണശൃംഖല-11 & ഓവർ ഹെഡ് ടാങ്ക്- വിതരണ ശൃംഖലയുടെയും ഉന്നതതല ജലസംഭരണിയുടെയും നിർമ്മാണം ആരംഭിക്കേണ്ടതുണ്ട്.

## കുടിവെള്ള ക്ഷാമം

246 (1015) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള ക്ഷാമം നേരിടുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കുടിവെള്ള വിതരണത്തിന് ചെലവാക്കാവുന്ന തുകയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കുടിവെള്ള വിതരണത്തിന് ചെലവാക്കാവുന്ന തുകയുമായി ബന്ധപ്പെട്ട് ഉത്തരവ് ഇറക്കിയിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

### ഉത്തരം

(എ) കാലവർഷത്തിലുണ്ടായ കുറവ് പരിഗണിച്ച് വിവിധ നദികളിലെ ജലദൗർലഭ്യത്തിനുള്ള സാദ്ധ്യത കണക്കിലെടുത്ത് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും കൂടുതൽ ജലലഭ്യത ഉറപ്പുവരുത്തുക.

2. ഇറിഗേഷൻ, വൈദ്യുതി വകുപ്പുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി വിവിധ സ്രോതസ്സുകളിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. അടിക്കടി ലീക്കുമൂലം നഷ്ടം സംഭവിക്കുന്ന വിതരണ ലൈനുകൾ മാറ്റി പകരം പുതിയവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ശേഖരിച്ചു വരുന്നു.

4. ജലലഭ്യത ഉള്ള സ്ഥലങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിച്ച് ജലം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. വാട്ടർ അതോറിറ്റി കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്ത് പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

6. റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകളുടെ സഹകരണത്തോടെ ആവശ്യമായ സ്ഥലങ്ങളിൽ കിയോസ്കുകൾ സ്ഥാപിച്ച് ടാങ്കറുകൾ മുഖേന പരമാവധി ശുദ്ധജല വിതരണ സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

7. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പ് സെറ്റുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുന്നതിനും കൂടുതൽ പമ്പിംഗ് ആവശ്യമാണെങ്കിൽ അഡീഷണൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

8. ആവശ്യമാകുന്നപക്ഷം വാൽവുകൾ നിയന്ത്രിച്ച് കരുതൽ നടപടി സ്വീകരിക്കുന്നതിനും ഉദ്ദേശിക്കുന്നു.

9. ജലശുദ്ധീകരണ ശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായി ഉപയോഗിക്കുന്നതിന് ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി ശുദ്ധജല ലഭ്യത ഉറപ്പാക്കും.

10. നിയമവിരുദ്ധമായി ജലം ചോർത്തുന്നതും അനധികൃത ഉപയോഗവും മറ്റും കണ്ടുപിടിക്കുന്നതിനും ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനം ഉപയോഗപ്പെടുത്തുകയും നിയമാനുസൃതമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു.

11. പ്രതിമാസം 50 കിലോലിറ്ററിന് മുകളിൽ ഉപഭോഗം കണക്കാക്കുന്ന പുതിയ കണക്ഷനുകൾ നൽകുന്നതിന് താൽക്കാലിക നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

12. നിലവിൽ കൂടുതലായി ജലം ഉപയോഗിക്കുന്ന വ്യാവസായിക വാണിജ്യ കണക്ഷനുകളിൽ ഉപഭോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

13. ജലശുദ്ധീകരണ ശാലകളിൽ ബാക്ക് വാഷിംഗ് ചെയ്യുന്നതിന് ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് കഴിയുന്നത്ര നിയന്ത്രിക്കുന്നുണ്ട്.

14. വളരെ കാലമായി കേടായ വാട്ടർ മീറ്റർ മാറ്റിവയ്ക്കാത്ത ഉപഭോക്താക്കൾക്ക് കണക്ഷൻ വിച്ഛേദിക്കുവാൻ നോട്ടീസ് നൽകുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

മേൽപ്പറഞ്ഞ നടപടികൾ കൂടാതെ വരൾച്ച സംബന്ധിച്ച സ്ഥിതിഗതികൾ നിരന്തരം വിലയിരുത്തി വേണ്ട പരിഹാര നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനകം കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽ വച്ച് മേഖലാടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് വരൾച്ച സംബന്ധിച്ച് വിശദമായ അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ തീരുമാനിച്ച കാര്യങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിന് വീഡിയോ കോൺഫറൻസിംഗ് വഴി അവലോകനവും നടത്തിയിരുന്നു.

കുടിവെള്ള ലഭ്യത പൂർണ്ണമായോ, ഭാഗികമായോ ഇല്ലാത്ത പ്രദേശങ്ങളിൽ ഭൂജലപര്യവേഷണം നടത്തി കുഴൽക്കിണറുകൾ നിർമ്മിച്ച് ജലലഭ്യതയുള്ള കിണറുകളിൽ ചെറുകിട കുടിവെള്ള പദ്ധതികളും ജലലഭ്യത കുറഞ്ഞ കിണറുകളിൽ കൈപ്പമ്പ് പദ്ധതികളും രാജീവ് ഗാന്ധി പദ്ധതിയിൻ കീഴിൽ ഭൂജലവകുപ്പ് നടപ്പിലാക്കിവരുന്നു. 2016-17 സാമ്പത്തിക വർഷം ഒരു കോടി രൂപ ചെലവഴിച്ചു കഴിഞ്ഞു. 32 ചെറുകിട കുടിവെള്ള പദ്ധതികളും 81 കുഴൽക്കിണർ നിർമ്മാണവും 20 കൈപ്പമ്പ് പദ്ധതികളും 810 ഹാന്റ് പമ്പ് അറ്റകുറ്റപ്പണികളും ഇതുവരെ ഈ പദ്ധതിയിൻകീഴിൽ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഗവൺമെന്റ് ഉത്തരവ് ജി.ഒ (ആർ.റ്റി) നമ്പർ 318 പ്രകാരം 1240.33 ലക്ഷം രൂപ രാജീവ് ഗാന്ധി പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തി വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. 5505 കൈപ്പമ്പുകളുടെ അറ്റകുറ്റപ്പണികളും 585 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണത്തിനുമുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 2163 കൈപ്പമ്പുകളുടെ അറ്റകുറ്റപ്പണികളും 70 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി&സി) ജല വകുപ്പിൽ ഇതുസംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

**തൃപ്പൂണിത്തുറ മണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി**

247 (1016) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണ്ണിത്തുറ മണ്ഡലത്തിലെ അതിരൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഉദയംപേരൂർ പഞ്ചായത്ത്, തൃപ്പൂണ്ണിത്തുറ നഗരസഭ, പള്ളുരുത്തി തുടങ്ങിയ പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിന് സമയബന്ധിതമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ കുടിവെള്ള പ്രശ്നങ്ങൾ അവലോകനം ചെയ്യുന്നതിന് വേണ്ടി ബഹുമാനപ്പെട്ട എം.എൽ.എ.-മാരായ ശ്രീ. എം. സ്വരാജ്, ശ്രീ. ജോൺ ഫെർണാണ്ടസ് എന്നിവരുടെ നേതൃത്വത്തിൽ 2016 ആഗസ്റ്റ് മാസത്തിൽ യോഗങ്ങൾ ചേരുകയുണ്ടായി. കൂടാതെ 4-10-2016-ലും 13-1-2017-ലും ഉന്നതതലയോഗങ്ങൾ നടക്കുകയുണ്ടായി. തൃപ്പൂണിത്തുറ ശുദ്ധജല പദ്ധതിയുടെ സ്രോതസ്സായ മൂവാറ്റുപുഴ രാമമംഗലത്ത് ജലനിരപ്പ് ഉയർത്തുന്നതിനായി താൽക്കാലിക തടയണ 2016 ഡിസംബറിൽ

നിർമ്മിച്ച് കുടിവെള്ളം മുടക്കം കൂടാതെ തൃപ്പൂണിത്തുറയടക്കം ഉദയംപേരൂർ, ചോറ്റാനിക്കര, വടവുകോട്, പുത്തൻകുരിശ് പഞ്ചായത്തുകൾക്ക് വിതരണം ചെയ്തു വരുന്നു. മുടങ്ങിക്കിടന്നിരുന്ന തൃപ്പൂണിത്തുറ ശുദ്ധജല വിപുലീകരണം പദ്ധതിയുടെ റോ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

(ബി&സി) നിലവിൽ നടപ്പിലാക്കിവരുന്ന തൃപ്പൂണിത്തുറ (ചൂണ്ടി) വിപുലീകരണ പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് തൃപ്പൂണിത്തുറ, ഉദയംപേരൂർ ഭാഗത്ത് പൂർണ്ണതോതിൽ കുടിവെള്ളം ലഭ്യമാക്കി ശുദ്ധജല ക്ഷാമത്തിന് പരിഹാരം ഉണ്ടാവുന്നതാണ്. ഇടക്കൊച്ചി 13, 14, 15, 16 വാർഡുകൾക്ക് പ്രയോജനം ലഭിക്കുന്നതിനായി മൂന്ന് ഘട്ടങ്ങളിലായി 300 ലക്ഷം, 495 ലക്ഷം, 278 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതി നിലവിൽ വരുന്നതോടുകൂടി പള്ളുരുത്തി മേഖലയിലെ ശുദ്ധജല ക്ഷാമത്തിന് പരിഹാരം ഉണ്ടാവുന്നതാണ്.

**കുടിവെള്ളത്തിന്റെ ശുദ്ധി പരിശോധിക്കുന്നതിന് സംവിധാനം**

248 (1017) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലും, ഗ്രാമങ്ങളിലും വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ശുദ്ധി പരിശോധിക്കുന്നതിന് എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പരിശോധനയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള സമയ ക്രമം വിശദമാക്കുമോ;

(സി) പരിശോധനാ ഫലം ഏതൊക്കെ ഏജൻസികൾക്കാണ് ലഭ്യമാക്കുന്നതെന്നും അതിന്മേൽ ഓരോ തലത്തിലും സ്വീകരിക്കുന്ന നടപടിക്രമം എന്തെന്നും വ്യക്തമാക്കുമോ;

(ഡി) പരിശോധനാ ഫലം സംബന്ധിച്ച ഒടുവിലെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നഗരങ്ങളിലും ഗ്രാമങ്ങളിലും കുടിവെള്ളത്തിന്റെ ശുദ്ധി പരിശോധിക്കുന്നതിന് ജല അതോറിറ്റിയുടെ കീഴിൽ 14 ജില്ലാതല ലാബുകളും 33 സബ് ഡിവിഷൻ ലാബുകളും ഒരു സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും പ്രവർത്തിച്ച് വരുന്നുണ്ട്. മേൽപ്പറഞ്ഞ ലാബുകളിലെ ഉദ്യോഗസ്ഥർ നിശ്ചിത സമയങ്ങളിൽ വാട്ടർ സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാര പരിശോധന ലാബുകളിൽ ഇൻഡ്യൻ സ്റ്റാൻഡേർഡ് അനുശാസിക്കുന്ന രീതിയിൽ ഗുണനിലവാര പരിശോധന നടത്തി ഫലം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ യഥാസമയം അറിയിച്ച് വരുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ വിവിധ പഞ്ചായത്തുകളിലെ കിണറുകൾ, കുഴൽക്കിണറുകൾ, നദികൾ എന്നിവയിൽ നിന്നും മറ്റും സാമ്പിളുകൾ ശേഖരിച്ച് അവയുടെ ഗുണനിലവാരം പരിശോധിച്ച് പരിശോധനാ ഫലം കേന്ദ്ര സർക്കാരിന്റെ വെബ്സൈറ്റായ IMIS-ൽ പ്രസിദ്ധപ്പെടുത്തിവരുന്നുണ്ട്.

(ബി) എ കാറ്റഗറി: ഒരു ലക്ഷത്തിനുമുകളിൽ ജനസംഖ്യയുള്ള സ്കീമുകളിൽ എല്ലാ മാസവും ഗുണനിലവാര പരിശോധന നടത്താറുണ്ട്.

ബി കാറ്റഗറി: 50000-ത്തിനും ഒരു ലക്ഷത്തിനും ഇടയിൽ ജനസംഖ്യയുള്ള സ്കീമുകളിൽ 2 മാസത്തിലൊരിക്കൽ ഗുണനിലവാര പരിശോധന നടത്താറുണ്ട്.

സി കാറ്റഗറി: 20000-നും 50000-നും ഇടയിൽ ജനസംഖ്യയുള്ള സ്കീമുകളിൽ 3 മാസത്തിലൊരിക്കൽ ഗുണനിലവാര പരിശോധന നടത്താറുണ്ട്.

ഡി കാറ്റഗറി: 5000-ന് താഴെ ജനസംഖ്യ വരുന്ന സ്കീമിൽ വർഷത്തിലൊരിക്കൽ ഗുണനിലവാര പരിശോധന നടത്താറുണ്ട്.

(സി) സ്വകാര്യ വ്യക്തികൾ/ഏജൻസികൾ കൊണ്ടുവരുന്ന ജലസാമ്പിളുകൾ നിശ്ചിത ഫീസ് ഈടാക്കി ഗുണനിലവാര പരിശോധന നടത്തി ഫലം യഥാസമയം നൽകിവരുന്നുണ്ട്. കേരള ജല അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ പരിശോധനാ ഫലം നടപടികൾ സ്വീകരിക്കുന്നതിനായി സ്കീമുകളുടെ ചുമതലയുള്ള ഉദ്യോഗസ്ഥനെ അറിയിക്കുകയും അതിനുവേണ്ട പരിഹാരമാർഗ്ഗങ്ങൾ അതത് സെക്ഷൻ ഓഫീസുകളിൽ നിന്നും ചെയ്തുവരികയും ചെയ്യുന്നു.

(ഡി) വിവിധ പദ്ധതികളിൽ നിന്ന് ശേഖരിക്കുന്ന സാമ്പിളുകളുടെ പരിശോധനാ റിപ്പോർട്ട് അതത് ക്വാളിറ്റി കൺട്രോൾ ലാബിലും ബന്ധപ്പെട്ട ഡിവിഷൻ ഓഫീസിലും ലഭ്യമാണ്. പൊതുജനങ്ങളും മറ്റും പരിശോധനയ്ക്കായി നൽകുന്ന സാമ്പിളുകളുടെ റിപ്പോർട്ട് അവർക്ക് തന്നെ ലഭ്യമാക്കുന്നുണ്ട്. പരിശോധനാഫലം സംബന്ധിച്ച് ആവശ്യപ്പെടുന്ന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാവുന്നതാണ്.

**അതിരൂക്ഷമായിക്കൊണ്ടിരിക്കുന്ന കുടിവെള്ള ക്ഷാമം**

249 (1018) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിരൂക്ഷമായിക്കൊണ്ടിരിക്കുന്ന കുടിവെള്ളക്ഷാമം പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് ജലവിഭവ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ നദികളെ ആശ്രയിച്ച് പ്രവർത്തിക്കുന്ന കുടിവെള്ള പദ്ധതിയൊക്കെ നദിയിലെ ജലവിതാനം താഴ്ന്നതുമൂലം പ്രതിസന്ധിയിലായത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം പദ്ധതികൾക്ക് ജല സ്രോതസ്സുകളോട് ചേർന്ന് തടയണകൾ നിർമ്മിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇത്തരത്തിൽ സംസ്ഥാനത്ത് വിവിധ നദികളിലായി എത്ര തടയണകൾ നിർമ്മിക്കുന്നതിനാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ശുദ്ധജല പദ്ധതികളോ പൊതു ജലവിതരണ സംവിധാനങ്ങളോ എത്തിയിട്ടില്ലാത്ത മലയോര മേഖലയിലെ പ്രദേശങ്ങളിൽ നിലവിൽ അനുവദിച്ചിരിക്കുന്ന വാട്ടർ കിയോസ്കുകളുടെ എണ്ണം പരിമിതമാകയാൽ മലയോര മേഖലയിൽ ഒരു വാർഡിൽ കുറഞ്ഞത് അഞ്ച് വാട്ടർ കിയോസ്കുകൾ എങ്കിലും അനുവദിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ഡി) കുടിവെള്ളത്തിന്റെ ദുരുപയോഗവും ജലസ്രോതസ്സുകൾ മലിനമാക്കുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളും നടത്തുന്നവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) <u>ജലസേചന വകുപ്പ്:</u>

മഴലഭ്യത വളരെ കുറവായ ഈ വർഷത്തിൽ ഏറെക്കുറേ എല്ലാ സംഭരണികളിലും മുൻ വർഷങ്ങളെ അപേക്ഷിച്ച് ജലനിരപ്പ് കുറവാണ്. ഡാമുകളിൽ ലഭ്യമായ ജലം കൃത്യമായ ഇടവേളകളിൽ ഷെഡ്യൂൾ പ്രകാരം കനാൽ വഴി തുറന്നുവിടുന്നുമുണ്ട്. അതുമൂലം സമീപത്തെ കിണറുകളും മറ്റും റീചാർജ്ജ് ചെയ്യാനും പരിസരവാസികൾക്ക് കനാലിൽ നിന്നും നേരിട്ട് ഉപയോഗിക്കാനും കഴിയും. നിലവിൽ ജലസേചന വകുപ്പിന് കീഴിലെ 9 ഡാമുകളിൽ നിന്നും കുടിവെള്ളത്തിനായി ജലം ഉപയോഗിക്കുന്നുണ്ട്. വരൾച്ച നേരിടുന്നത് സംബന്ധിച്ച മീറ്റിംഗിൽ എല്ലാ ഡാമുകളിലേയും ജലം കുടിവെള്ളത്തിനായി ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

<u>കേരള ജല അതോറിറ്റി:</u>

കാലവർഷത്തിലുണ്ടായ കുറവ് പരിഗണിച്ച് വിവിധ നദികളിലെ ജലദൗർലഭ്യത്തിനുള്ള സാധ്യത കണക്കിലെടുത്ത് കുടിവെള്ളക്ഷാമം നേരിടാൻ കേരള ജല അതോറിറ്റി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും ജലലഭ്യത ഉറപ്പുവരുത്തുന്നു.
2. ഇറിഗേഷൻ, വൈദ്യുത വകുപ്പുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി വിവിധ സ്രോതസ്സുകളിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. അടിക്കടി ലീക്കുമൂലം ജലനഷ്ടം സംഭവിക്കുന്ന വിതരണ ലൈനുകൾ മാറ്റി പകരം പുതിയവ സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് മുൻഗണന നൽകി ഘട്ടംഘട്ടമായി നടപ്പാക്കിവരുന്നു.

4. ജലലഭ്യത ഉള്ള സ്ഥലങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിച്ച് ജലം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. വാട്ടർ അതോറിറ്റി കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്ത് പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പുവരുത്താനുള്ള പ്രവൃത്തികൾ നടപ്പാക്കുന്നു.

6. തദ്ദേശഭരണ സ്ഥാപനങ്ങൾ റവന്യൂ വകുപ്പിന്റെ സഹകരണത്തോടെ കിയോസ്കുകൾ വഴി ജലവിതരണം നടത്തുന്ന സ്ഥലങ്ങളിലേയ്ക്ക് ആവശ്യമായ കുടിവെള്ളം ജല അതോറിറ്റിയുടെ വിവിധ പദ്ധതികളിൽ നിന്നും നൽകുന്നതാണ്.

7. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേട്ടുവന്ന പമ്പ് സെറ്റുകളുടെ അറ്റകുറ്റ പണികൾ സമയബന്ധിതമായി നടത്തുന്നു.

8. കൂടുതൽ പമ്പിംഗ് ആവശ്യമായ സ്ഥലങ്ങളിൽ അഡീഷണൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുന്നുണ്ട്.

9. ആവശ്യമാകുന്ന സ്ഥലങ്ങളിൽ വാൽവുകൾ നിയന്ത്രിച്ച് സാധ്യമായ അളവിൽ എല്ലാവർക്കും ജലലഭ്യത ഉറപ്പാക്കുന്നു.

10. ജലശുദ്ധീകരണ ശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗിക്കുന്നതിന് ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നുണ്ട്.

11. നിയമവിരുദ്ധമായി ജലം ചോർത്തുന്നതും അനധികൃത ഉപയോഗവും മറ്റും കണ്ടുപിടിക്കുന്നതിന് ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനം ഉപയോഗപ്പെടുത്തുകയും നിയമാനുസൃത നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു.

12. പ്രതിമാസം 50 കിലോലിറ്ററിന് മുകളിൽ ഉപഭോഗം കണക്കാക്കുന്ന പുതിയ കണക്ഷനുകൾ നൽകുന്നതിന് താൽക്കാലിക നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

13. നിലവിൽ കൂടുതലായി ജലം ഉപയോഗിക്കുന്ന വ്യാവസായിക വാണിജ്യ കണക്ഷനുകളിൽ ഉപഭോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

14. ജലശുദ്ധീകരണ ശാലകളിൽ ബാക്ക് വാഷിംഗ് ചെയ്യുന്നതിന് ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് കഴിയുന്നത്ര നിയന്ത്രിക്കുന്നുണ്ട്.

മേൽപ്പറഞ്ഞ നടപടികൾ കൂടാതെ വരൾച്ച സംബന്ധിച്ച സ്ഥിതിഗതികൾ നിരന്തരം വിലയിരുത്തി വേണ്ട പരിഹാര നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനകം കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽ വച്ച് മേഖലാടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് വരൾച്ച സംബന്ധിച്ച് വിശദമായ അവലോകന യോഗങ്ങൾ സർക്കാർ നടത്തിയിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ തീരുമാനിച്ച കാര്യങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിന് വീഡിയോ കോൺഫ റൻസിംഗ് വഴി അവലോകനവും നടത്തിവരുന്നു.

<u>ഭൂജലവകുപ്പ്:</u>

സംസ്ഥാനത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന വരൾച്ച നേരിടുന്നതിന് ഭൂജലവകുപ്പ് രാജീവ് ഗാന്ധി പദ്ധതിയിൽപ്പെടുത്തി വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൈപ്പമ്പുകളുടെ അറ്റകുറ്റപ്പണികളും ഹാന്റ് പമ്പുകളുടെ അറ്റകുറ്റപ്പണികളും ചെറുകിടകുടിവെള്ള പദ്ധതികളുടെ നവീകരണവും കുഴൽക്കിണർ നിർമ്മാണവും ഇതിൽ ഉൾപ്പെടുന്നു.

<u>ജലനിധി:</u>

സംസ്ഥാനത്തെ കുടിവെള്ളക്ഷാമം നേരിടുന്നതിനയി ജലനിധി രണ്ടാംഘട്ട പദ്ധതി മുഖേന താഴെപ്പറയുന്ന അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു.

1. പൂർത്തീകരണ ഘട്ടത്തിലുള്ള 166 പദ്ധതികൾ ഫെബ്രുവരി-ഏപ്രിൽ മാസങ്ങളിലായി കമ്മീഷൻ ചെയ്ത് 21000 വീടുകൾക്ക് കുടിവെള്ളം എത്തിക്കാൻ സാധിക്കുന്നതാണ്.

2. വൈദ്യുതി കണക്ഷൻ ലഭിക്കാത്തതുമൂലം വൈകുന്ന പദ്ധതികൾക്ക് അടിയന്തരമായി കണക്ഷൻ ലഭ്യമാക്കി പദ്ധതി കമ്മീഷൻ ചെയ്യുന്നതാണ്. ഇതുവഴി ഏകദേശം 2700 വീടുകൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതാണ്.

3. സ്രോതസ്സിന്റെയും ജലസംഭരണിയുടെയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും ജലവിതരണ പൈപ്പുകൾ സ്ഥാപിച്ചുവരുന്നതുമായ പദ്ധതികൾക്ക് (ബാച്ച് 3-ൽ ഉൾപ്പെട്ടിട്ടുള്ള പഞ്ചായത്തുകളിലെ) എത്രയുംവേഗം വൈദ്യുതി കണക്ഷൻ സ്ഥാപിച്ച് ഭാഗികമായെങ്കിലും ജലവിതരണം ആരംഭിക്കുവാൻ കഴിയുന്നതാണ്. ഇപ്രകാരം 100 പദ്ധതികളിലായി 5500 കുടുംബങ്ങൾക്ക് വരൾച്ചാ കാലത്ത് കുടിവെള്ളം എത്തിക്കുവാൻ സാധിക്കുമെന്ന് കണക്കാക്കുന്നു.

4. ഭൂജല സംരക്ഷണവും-പരിപോഷണവും ജലനിധി പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നുണ്ട്. തടയണകൾ, കിണർ റീ-ചാർജ്ജ്, സ്രോതസ് സംരക്ഷണം തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. പദ്ധതി നടപ്പാക്കിവരുന്ന പഞ്ചായത്തുകളിൽ 1562 ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിരിക്കുന്നു. ഇതിൽ 1499 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവ പൂർത്തീകരിച്ച് വേനൽക്കാലത്ത് ജലനിധി പദ്ധതികളിൽ ജലലഭ്യത ഉറപ്പുവരുത്താൻ ശ്രമിക്കുന്നുണ്ട്.

5. ജലസ്രോതസ്സുകൾ വറ്റുന്ന പഞ്ചായത്തുകളിലെ സാധ്യമായ സ്ഥലങ്ങളിൽ ബോർവെൽ വഴി ഭൂഗർഭജലം പ്രയോജനപ്പെടുത്താനും ഉദ്ദേശിക്കുന്നു.

ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ ജലസംരക്ഷണം വഴിയും ജലവിനിയോഗം നിയന്ത്രിച്ചും വരൾച്ചയെ നേരിടുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനകം 35 താൽക്കാലിക തടയണകൾ ഈ വർഷം നിർമ്മിച്ചിട്ടുണ്ട്. കൂടുതൽ തടയണകൾ നിർമ്മിക്കുന്നതിന് ഉള്ള പ്രൊപ്പോസലുകൾ വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തികൾക്കായി അനുവദിച്ച 40 കോടി രൂപയിൽ ഉൾപ്പെടുത്തി നിർമ്മിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) കിയോസ്കുകൾ വഴിയുള്ള ജലവിതരണം റവന്യൂ വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും ചുമതലയിലാണ് നടത്തുന്നത്.

(ഡി) കുടിവെള്ളത്തിന്റെ ദുരുപയോഗം കണ്ടെത്തി നടപടി സ്വീകരിക്കുവാനായി പ്രത്യേകം ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡുകൾ ഡിവിഷൻ തലത്തിൽ രൂപീകരിച്ചിട്ടുണ്ട്. ശുദ്ധജലത്തിന്റെ ദുരുപയോഗം നിരുത്സാഹപ്പെടുത്താനും ഉപഭോഗം പരമാവധി കുറയ്ക്കുന്നതിനും ജലസംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി ദൃശ്യ, ശ്രാവ്യ, പത്രമാധ്യങ്ങൾ വഴിയുള്ള പ്രചരണം സോഷ്യൽ മീഡിയ വഴിയുള്ള ബോധവൽക്കരണം മുതലായവ നടത്താൻ ഉദ്ദേശിക്കുന്നു. കൂടാതെ ജലം ദുരുപയോഗം ചെയ്യുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചും അവബോധം നടത്തിവരുന്നു. ഇതുസംബന്ധിച്ച് നിരന്തരം പത്രമാധ്യമങ്ങൾ വഴി പ്രചാരണം നടത്തുന്നുണ്ട്. ജലസ്രോതസ്സുകളുടെ സംരക്ഷണം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്കും റവന്യൂ, ജലസേചന വകുപ്പുകൾക്കുമാണ്. എന്നിരിക്കിലും ജലസ്രോതസ്സുകൾ മലിനമാകുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്താറുണ്ട്.

## ഇടക്കൊച്ചി 13, 14, 15, 16 വാർഡുകളിലെ ശുദ്ധജലക്ഷാമം

250 (1019) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി കോർപ്പറേഷനിലെ ഇടക്കൊച്ചി 13,14,15,16 വാർഡുകളിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായുള്ള 300 ലക്ഷം രൂപയുടെ അരൂർ പൂജപ്പുര ജംഗ്ഷൻ മുതൽ ഇടക്കൊച്ചി പാലം തെക്കേ അറ്റം വരെ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയുടെ ടെണ്ടർ നടപടി പൂർത്തീകരിച്ചോ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതി പ്രദേശത്തെ പൊതുമരാമത്ത് റോഡുകൾ സഞ്ചാരയോഗ്യമല്ലാത്ത രീതിയിൽ തകർന്നിരിക്കുന്നതിനാലും പുനരുദ്ധാരണ പ്രവൃത്തികൾ ഉടനടി ആരംഭിക്കാൻ സാധ്യത ഉള്ളതിനാലും പ്രസ്തുത പ്രവൃത്തിക്കാവശ്യമായ പൈപ്പുകൾ ലഭ്യമാക്കി യുദ്ധകാലാടിസ്ഥാനത്തിൽ പ്രവൃത്തി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പ്രസ്തുത പദ്ധതിയുടെ ദർഘാസ് നടപടികൾ പൂർത്തീകരിച്ച് കരാർ ഉടമ്പടി 3-2-2017-ൽ ഒപ്പുവച്ചിട്ടുണ്ട്. പ്രവൃത്തിക്കാവശ്യമായ പൈപ്പ് സംഭരിക്കുന്ന ജോലി (ഡിപ്പാർട്ടുമെന്റ് പൈപ്പ്) 3-2-2017-ൽ ആരംഭിച്ചു. അവ സ്ഥാപിക്കുന്ന പ്രവൃത്തി 21-2-2017-ൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

## എഫ്.സി.ഐ. ഗോഡൗണുകളിലെ അട്ടിക്കൂലി പ്രശ്നം

251 (1020) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എഫ്.സി.ഐ. ഗോഡൗണുകളിലെ അട്ടികൂലി പ്രശ്നംമൂലം റേഷൻ വിതരണം തടസ്സപ്പെട്ടത് തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ തൊഴിൽ പ്രശ്നം സമയബന്ധിതമായി ചർച്ച ചെയ്ത് പരിഹരിക്കാത്തതുമൂലം റേഷൻ മുടങ്ങിയ സാഹചര്യത്തിന് ഉത്തരവാദികൾ ആരൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) തൊഴിൽ വകുപ്പും ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പും തമ്മിൽ ഏകോപനമില്ലാത്തതാണ് ഈ ഗുരുതരമായ സ്ഥിതി വിശേഷത്തിനിടയാക്കിയതെന്ന അക്ഷേപം ഗൗരവമായി കാണുന്നുണ്ടോ;

(ഡി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും തൊഴിൽ തർക്കങ്ങൾ, റേഷൻ വിതരണം പോലുള്ള അവശ്യസേവനങ്ങളെ ബാധിക്കാതിരിക്കാനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പരിശോധിച്ചിട്ടില്ല.

(സി) തൊഴിൽ വകുപ്പും ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പും തമ്മിൽ ഏകോപനമില്ലെന്ന ആക്ഷേപം ശരിയല്ല. ലേബർ കമ്മീഷണറും സിവിൽ സപ്ലൈസ് ഡയറക്ടറും എഫ്.സി.ഐ. ഉദ്യോഗസ്ഥരും വിവിധ ട്രേഡ് യൂണിയൻ നേതാക്കളും ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ വച്ച് രണ്ടുവട്ടം ചർച്ച നടത്തുകയും അതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി, തൊഴിൽ വകുപ്പുമന്ത്രി, ഭക്ഷ്യ വകുപ്പുമന്ത്രി എന്നിവരുമായി നടന്ന ചർച്ചകളിലൂടെ തർക്കം ഒത്തുതീർപ്പാവുകയും ചെയ്തു.

(ഡി) സ്വീകരിക്കുന്നതാണ്.

**കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി**

252 (1021) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ നിലവിൽ രജിസ്റ്റർ ചെയ്ത എത്ര അംഗങ്ങൾ ഉണ്ട്; വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) 31-1-2017-ലെ കണക്ക് പ്രകാരം കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന് വിവിധ ബാങ്കുകളിലായി എത്ര തുകയുടെ നിക്ഷേപം ഉണ്ട്; വിശദാംശം നൽകാമോ;

(സി) ബോർഡിന് സംസ്ഥാനത്തെ ട്രഷറികളിൽ എത്ര നിക്ഷേപം ഉണ്ട്; 31-1-2017-ലെ കണക്ക് ലഭ്യമാക്കാമോ;

(ഡി) 1-7-2011 മുതൽ 31-1-2017 വരെയുള്ള കാലയളവിൽ നിക്ഷേപങ്ങൾക്കുള്ള പലിശയിനത്തിൽ എത്ര തുക ലഭിച്ചു; വിശദാംശം വാർഷികാടിസ്ഥാനത്തിൽ നൽകാമോ?

<u>ഉത്തരം</u>

(എ) കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ നിലവിൽ 1543544 (പതിനഞ്ച് ലക്ഷത്തി നാൽപ്പത്തി മൂവായിരത്തി അഞ്ഞൂറ്റി നാൽപ്പത്തിനാല്) അംഗങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 264651 |
| കൊല്ലം | 74984 |
| പത്തനംതിട്ട | 60394 |
| ആലപ്പുഴ | 74636 |
| കോട്ടയം | 68047 |
| ഇടുക്കി | 63044 |
| എറണാകുളം | 111494 |
| തൃശ്ശൂർ | 128605 |
| പാലക്കാട് | 218306 |
| മലപ്പുറം | 176874 |
| കോഴിക്കോട് | 120505 |
| വയനാട് | 22419 |
| കണ്ണൂർ | 107820 |
| കാസർഗോഡ് | 51765 |

(ബി) 31-1-2017 വരെ ബോർഡിന് വിവിധ ബാങ്കുകളിലായി 700,39,10,835 രൂപ സ്ഥിര നിക്ഷേപമായിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 31-1-2017 വരെ ട്രഷറിയിൽ 240,46,64,000 രൂപയുടെ ഫണ്ട് സ്ഥിരനിക്ഷേപമാക്കിയിട്ടുണ്ട്.

(ഡി)

| വർഷം | തുക |
|---|---|
| 2011-12 | 45,57,63,893 |
| 2012-13 | 58,01,68,306 |
| 2013-14 | 71,91,12,457 |
| 2014-15 | 81,20,64,638 |
| 2015-16 | 150,64,27,763 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ശരണ്യ സ്വയംതൊഴിൽ പദ്ധതി

253 (1022) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശരണ്യ സ്വയം തൊഴിൽ പദ്ധതിയിൽ അംഗമാകാനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ അംഗങ്ങൾക്ക് ലഭിക്കാവുന്ന പരമാവധി ലോൺ തുക എത്രയാണെന്ന് അറിയിക്കാമോ;

(സി) പട്ടികവർഗ്ഗത്തിൽപ്പെട്ട സ്ത്രീകൾക്ക് ഈ പദ്ധതിയിൽ അംഗമാകുന്നതിന് എന്തെങ്കിലും ഇളവുകൾ ഉണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) താഴെപ്പറയുന്ന മാനദണ്ഡങ്ങൾ പാലിക്കുന്ന വനിതകൾക്ക് ശരണ്യ പദ്ധതിയിൽ അംഗമാകാവുന്നതാണ്.

1. അപേക്ഷക കേരളത്തിലെ ഏതെങ്കിലും ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ള തൊഴിൽരഹിതയായിരിക്കണം.

2. വിധവ, നിയമാനുസൃതം, വിവാഹമോചനം നേടിയ സ്ത്രീ, ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിത, പട്ടിക വർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിക്കാരായ വനിതകൾ, ശയ്യാവലംബരും നിത്യരോഗികളുമായ (അക്യൂട്ട് കിഡ്നി പ്രോബ്ലം, ക്യാൻസർ, മാനസികരോഗം, ഹീമോഫീലിയ തുടങ്ങിയവ) ഭർത്താക്കന്മാരുള്ള വനിതകൾ എന്നീ വിഭാഗങ്ങളിൽ ഏതിലെങ്കിലും ഉൾപ്പെടുന്ന വനിതകൾക്ക് ഈ പദ്ധതിയിൽ അംഗമാകാവുന്നതാണ്.

3. അപേക്ഷകയുടെ പ്രായം 18 വയസ്സിനും 55 വയസ്സിനും മദ്ധ്യേ ആയിരിക്കണം. അവിവാഹിതരായ സ്ത്രീകൾക്ക് 30 വയസ്സ് കഴിഞ്ഞിരിക്കണം.

4. അപേക്ഷകയുടെ കുടുംബ വാർഷിക വരുമാനം 2 ലക്ഷം രൂപയിൽ കവിയാൻ പാടില്ല.

(ബി) ഒരു വ്യക്തിയ്ക്ക് പരമാവധി 50,000 (അൻപതിനായിരം) രൂപ വരെയാണ് സാധാരണ ഗതിയിൽ പലിശരഹിത വായ്പ അനുവദിക്കുന്നത്. വായ്പാതുകയുടെ 50 ശതമാനം പരമാവധി 25,000 രൂപ സബ്സിഡിയായി അനുവദിക്കുന്നതാണ്. എന്നാൽ പ്രോജക്ട് നോക്കി ഒഴിച്ചുകൂടാനാകാത്ത സാഹചര്യത്തിൽ ഒരു ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. അപ്രകാരം അനുവദിക്കുമ്പോൾ 50,000

രൂപയ്ക്ക് മുകളിലുള്ള തുകയ്ക്ക് 3 ശതമാനം (ഫ്ലാറ്റ് നിരക്കിൽ) പലിശ ഈടാക്കുന്നതാണ്. നല്ല രീതിയിൽ സംരംഭം നടത്തിക്കൊണ്ടുപോകുകയും ആദ്യ വായ്പയുടെ 50 ശതമാനമെങ്കിലും തിരിച്ചടയ്ക്കുകയും ചെയ്തവർക്ക് സംരംഭം വിപുലീകരിക്കുന്നതിന് ജില്ലാതല സമിതിയുടെ ശിപാർശ പ്രകാരം ആദ്യ വായ്പ തുകയുടെ 80 ശതമാനത്തിൽ കവിയാത്ത തുക തുടർവായ്പയായി (ഒരിക്കൽ മാത്രം) അനുവദിക്കുന്നതാണ്.

(സി) പട്ടികവർഗ്ഗ വിഭാഗത്തിലുള്ള അവിവാഹിതരായ അമ്മമാർക്ക് ടി പദ്ധതിയിൽ അപേക്ഷ സമർപ്പിക്കാൻ അർഹതയുണ്ട്. പട്ടികവർഗ്ഗത്തിൽപ്പെട്ട സ്ത്രീകൾക്ക് പ്രത്യേക ഇളവുകൾ ഇല്ല.

## കൈവല്യ പദ്ധതി

254 (1023) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈവല്യ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സർക്കാർ സ്ഥാപനങ്ങൾക്ക് പുറമേ ഭിന്നശേഷിക്കാർക്ക് വേണ്ടി പ്രവർത്തിക്കുന്ന സർക്കാർ ഇതര സംഘടനകളെ പദ്ധതിയുടെ ഭാഗമാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സമൂഹത്തിൽ പാർശ്വവത്കരിക്കപ്പെട്ട ഭിന്നശേഷിയുള്ളവർക്കായി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കുന്ന നവീന പദ്ധതിയാണ് "കൈവല്യ" . ഭിന്നശേഷിയുള്ളവരുടെ സമഗ്ര തൊഴിൽ പുനരധിവാസം എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. 1-11-2016-ലെ സ.ഉ.(പി) നമ്പർ 174/2016/തൊഴിൽ പ്രകാരം പദ്ധതി പ്രാബല്യത്തിൽ വന്നിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തെ പദ്ധതി നടത്തിപ്പിനായി അമ്പതുലക്ഷത്തി ആയിരം രൂപ (50,01,000 രൂപ) അനുവദിച്ച് നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ (1) വൊക്കേഷണൽ & കരിയർ ഗൈഡൻസ്, (2) കപ്പാസിറ്റി ബിൽഡിംഗ്, (3) മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലന പരിപാടി, (4) സ്വയംതൊഴിൽ വായ്പാ പദ്ധതി എന്നിങ്ങനെ തുല്യ പ്രാധാന്യമുള്ള നാലു ഘടകങ്ങളുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിയുള്ളവർക്ക് ഈ പദ്ധതിയിലേയ്ക്ക് അപേക്ഷിക്കാവുന്നതാണ്. സ്വയംതൊഴിൽ പദ്ധതിയ്ക്ക് അൻപതിനായിരം രൂപ വരെ പലിശ രഹിത വായ്പ അനുവദിക്കുന്നതാണ്. വായ്പയ്ക്ക് അമ്പതു ശതമാനം സബ്സിഡിയും നൽകുന്നുണ്ട്. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നടന്നു കഴിഞ്ഞു. സംസ്ഥാനത്തെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും അപേക്ഷ സ്വീകരിച്ചു വരുന്നു.

(ബി) " കൈവല്യ" പൂർണ്ണമായും സർക്കാർ പദ്ധതിയാണ്. പദ്ധതി നടത്തിപ്പിന്റെ പൂർണ്ണ ചുമതല നിലവിൽ സംസ്ഥാന തലത്തിൽ എംപ്ലോയ്മെന്റ് ഡയറക്ടർക്കാണ്. സർക്കാർ ഇതര സംഘടനകളെ പദ്ധതിയുടെ ഭാഗമാക്കുന്ന വിഷയം പരിഗണനയിലില്ല.

**ആരക്കുഴ ഗവ. ഐ. ടി. ഐ.-യിൽ പുതിയ കോഴ്സുകൾ**

255 (1024) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ ആരക്കുഴ ഗവൺമെന്റ് ഐ.ടി.ഐ. -യിൽ കോഴ്സുകൾ വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വളരെ പിന്നാക്കാവസ്ഥയിലുള്ള പ്രദേശത്തെ സാധാരണക്കാരായ വിദ്യാർത്ഥികൾക്ക് ഗുണം ചെയ്യുന്ന സ്ഥാപനം എന്ന നിലയ്ക്ക് ട്രേഡുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ആരക്കുഴ ഐ.ടി.ഐ.യ്ക്ക് വേണ്ടി 3.60 ഏക്കർ സ്ഥലം ലഭ്യമായിട്ടുണ്ട്. ടി സ്ഥലത്ത് ഐ.ടി.ഐ. കെട്ടിട നിർമ്മാണം പുരോഗമിച്ച് വരുന്നു. കെട്ടിടം പണി പൂർത്തിയാക്കി, ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള ഭൗതിക സൗകര്യങ്ങൾ ഒരുക്കിയതിനു ശേഷം മാത്രമേ ട്രേഡുകളുടെ എണ്ണം വർദ്ധിപ്പിക്കുന്ന വിഷയം പരിശോധിക്കാൻ കഴിയുകയുള്ളൂ.

**തൊഴിൽ വകുപ്പിലെ ഒഴിവുകൾ**

256 (1025) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൊഴിൽ വകുപ്പിൽ 1-2-2017-ന് ഏതെല്ലാം തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടെന്നതു സംബന്ധിച്ച വിശദാംശം അറിയിക്കാമോ; ഈ തസ്തികകളിൽ റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടോ; എങ്കിൽ റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതി എന്നാണെന്നും എത്ര പേർക്ക് ഈ ലിസ്റ്റിൽ നിന്നും നിയമനം നൽകിയിട്ടുണ്ട് എന്നും അറിയിക്കുമോ ?

ഉത്തരം

തൊഴിൽ വകുപ്പിൽ 1-2-2017-ന് നിലവിലുള്ള ഒഴിവുകളുടെ എണ്ണം ചുവടെ ചേർക്കുന്നു :

| നമ്പർ | തസ്തിക | ഒഴിവുകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1 | ക്ലാർക്ക് | 8 | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് |
| 2 | ക്ലാർക്ക് ടൈപ്പിസ്റ്റ് | 1 | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് |
| 3 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് |
| 4 | ടൈപ്പിസ്റ്റ് | 5 | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് |
| 5 | ഡ്രൈവർ | 2 | പാലക്കാട് ജില്ലയിൽ നിലവിലുണ്ട് |
| 6 | ഓഫീസ് അറ്റന്റന്റ് | 7 | റാങ്ക് ലിസ്റ്റ് നിലവിലുണ്ട് |

റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതിയും നിയമനം സംബന്ധിച്ച വിവരവും ശേഖരിച്ച് വരുന്നു.

**നോട്ടുകൾ നിരോധിച്ചതുമൂലം തൊഴിലാളികൾക്കുണ്ടായ നഷ്ടം**

257 (1026) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 500, 1000 രൂപയുടെ നോട്ടുകൾ മുന്നൊരുക്കങ്ങൾ ഇല്ലാതെ നിരോധിച്ചതുമൂലം കേരളത്തിലെ തൊഴിലാളികൾക്ക് നാളിതുവരെ എത്ര തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ടെന്നുള്ളതിന്റെ കണക്കുകൾ ലഭ്യമാണോ;

(ബി) ഇതു കാരണം തൊഴിലാളികൾക്കുണ്ടായ നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) നോട്ട് നിരോധനം സംസ്ഥാനത്തെ പ്ലാന്റേഷൻ, കാഷ്യൂ, മത്സ്യബന്ധനം-വിപണനം, നിർമ്മാണം, പ്ലൈവുഡ്, ടെക്സ്റ്റൈൽസ്-ചെറുകിട കച്ചവടം എന്നീ മേഖലകളിൽ പ്രതിസന്ധി ഉണ്ടാക്കിയിട്ടുണ്ട്. തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ടതു സംബന്ധിച്ച കണക്കെടുപ്പ് നടത്തിയിട്ടില്ല. എന്നാൽ പ്ലൈവുഡ് മേഖലയിൽ 30 മുതൽ 40 ശതമാനം വരെ ജോലി ഇല്ലാതാവുകയും 25 ശതമാനത്തോളം വരുന്ന ഇതര സംസ്ഥാന തൊഴിലാളികൾ സ്വദേശത്തേയ്ക്ക് മടങ്ങുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്കാറ്റേർഡ് മേഖലയിലെ നിർമ്മാണ തൊഴിലാളികൾക്കും കശുവണ്ടി മേഖലയിലെ തൊഴിലാളികൾക്കും പൊതുവിൽ തൊഴിൽ നഷ്ടം ഉണ്ടായിട്ടുണ്ട്.

**സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലുമുള്ള തോട്ടങ്ങൾ**

258 (1027) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ മേഖലയിലും സ്വകാര്യമേഖലയിലും എത്ര തോട്ടങ്ങൾ വീതം രജിസ്റ്റർ ചെയ്തിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) ഓരോ മേഖലയിലും എത്ര തൊഴിലാളികൾ വീതം തൊഴിലെടുക്കുന്നുണ്ടെന്ന വിവരവും സ്ത്രീ തൊഴിലാളികളുടെയും പുരുഷ തൊഴിലാളികളുടെയും എണ്ണം വേർതിരിച്ചുള്ള വിവരവും നൽകാമോ;

(സി) ഓരോ മേഖലയിലും എത്ര തോട്ടങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്നും അവയിൽ എത്ര തൊഴിലാളികൾ തൊഴിലെടുക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തോട്ടങ്ങളിൽ എത്രയെണ്ണം പൂട്ടിക്കിടപ്പുണ്ട്; അവയിലെ എത്ര തൊഴിലാളികൾ അതുമൂലം തൊഴിൽരഹിതരായിട്ടുണ്ട്;

(ഇ) പ്രവർത്തിക്കുന്നവയിൽ തന്നെ ശമ്പളകുടിശ്ശികയുള്ള തോട്ടങ്ങളുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകുമോ; തൊഴിലാളികളുടെ മിനിമം കൂലി എത്രയെന്നും എന്ന് മുതലാണ് ഇത് നിശ്ചയിച്ചതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1951-ലെ പ്ലാന്റേഷൻ ലേബർ ആക്ട് പ്രകാരം സംസ്ഥാനത്ത് 891 തോട്ടങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 22 തോട്ടങ്ങൾ സർക്കാർ മേഖലയിലും 869 തോട്ടങ്ങൾ സ്വകാര്യ മേഖലയിലും പ്രവർത്തിക്കുന്നതാണ്.

(ബി) സർക്കാർ മേഖലയിൽ 6149 തൊഴിലാളികൾ തൊഴിലെടുക്കുന്നുണ്ട്. ഇതിൽ 3237 പേർ സ്ത്രീകളും 2912 പേർ പുരുഷൻമാരുമാണ്. സ്വകാര്യ മേഖലയിൽ 56273 തൊഴിലാളികൾ തൊഴിലെടുക്കുന്നു. ഇതിൽ 31215 പേർ സ്ത്രീകളും 25058 പേർ പുരുഷൻമാരുമാണ്.

(സി) സർക്കാർ മേഖലയിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന 22 തോട്ടങ്ങളിൽ 6149 തൊഴിലാളികൾ പണിയെടുക്കുന്നു. സ്വകാര്യ മേഖലയിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന 485 തോട്ടങ്ങളിൽ 52587 തൊഴിലാളികൾ പണിയെടുക്കുന്നു.

(ഡി) സർക്കാർ മേഖലയിൽ തോട്ടങ്ങൾ ഒന്നും പൂട്ടിക്കിടക്കുന്നില്ല. സ്വകാര്യ മേഖലയിൽ 14 തോട്ടങ്ങൾ പൂട്ടിക്കിടക്കുന്നു. ഇതുമൂലം 2148 തൊഴിലാളികൾ തൊഴിൽ രഹിതരാണ്.

(ഇ) ശമ്പള കുടിശ്ശിക ഉണ്ട്. നെടുമങ്ങാട് പ്ലാന്റേഷൻ ഇൻസ്പെക്ടറുടെ അധികാര പരിധിയിലുള്ള പൊൻമുടി മെർക്കിൻസ്റ്റൺ എസ്റ്റേറ്റിൽ 2017 ജനുവരി മാസത്തിൽ 12 പേർക്ക് ശമ്പളം നൽകാനുണ്ട്. മാനന്തവാടി പ്ലാന്റേഷൻ ഇൻസ്പെക്ടറുടെ അധികാര പരിധിയിലുള്ള പ്രിയദർശിനി എസ്റ്റേറ്റിൽ 2015 ജൂലൈ മുതൽ 2016 നവംബർ വരെയുള്ള ശമ്പള കുടിശ്ശിക നൽകാനുണ്ട്. തോട്ടം തൊഴിലാളികളുടെ 2017 ജനുവരി മാസത്തെ മിനിമം കൂലി താഴെ പറയും പ്രകാരമാണ്.

| | അടിസ്ഥാന ശമ്പളം | ക്ഷാമ ബത്ത | ആകെ |
|---|---|---|---|
| തേയില | 256.21 | 56.50 | 312.71 |
| കാപ്പി | 256.21 | 56.50 | 312.71 |
| ഏലം | 285.21 | 56.50 | 341.71 |
| റബ്ബർ | 336.21 | 56.50 | 392.71 |

മിനിമം കൂലി നിരക്കുകൾ 2015 ജൂലൈ മാസം 1-ാം തീയതി മുതൽ പ്രാബല്യത്തിലുണ്ട്.

## അന്യസംസ്ഥാന തൊഴിലാളികൾ

259 (1028) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര അന്യസംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്നതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഇവർ താമസിക്കുന്ന പ്രദേശങ്ങൾ ചേരികളായി രൂപപ്പെടുന്നതുമൂലം ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) നോട്ടു നിരോധനത്തെത്തുടർന്ന് തൊഴിൽ ക്ഷാമമുണ്ടായി തിരിച്ചു പോയവരുടെ കണക്കെടുത്തിട്ടുണ്ടോ ; എങ്കിൽ വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട് എന്നതിന്റെ കൃത്യമായ കണക്ക് തൊഴിൽ വകുപ്പിന്റെ കൈവശമില്ല. തിരുവനന്തപുരം ആസ്ഥാനമായുള്ള ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ 2013-ൽ നടത്തിയ പഠന റിപ്പോർട്ട് പ്രകാരം ഏകദേശം 25 ലക്ഷത്തിൽ കൂടുതൽ ഇതര സംസ്ഥാന തൊഴിലാളികൾ കേരളത്തിൽ വിവിധ തൊഴിലിടങ്ങളിൽ ജോലി ചെയ്യുന്നുണ്ട്.

(ബി) ഉണ്ട്. കേരളത്തിൽ നിന്നും നിർമ്മാർജ്ജനം ചെയ്ത പല രോഗങ്ങളും അന്യസംസ്ഥാന തൊഴിലാളികളുടെ അനാരോഗ്യകരമായ താമസ ചുറ്റുപാടുകളിലൂടെ തിരിച്ചു വരുമോ എന്ന ആശങ്ക നിലനിൽക്കുന്നുണ്ട്. ഇവരുടെ ആരോഗ്യ സംരക്ഷണം ഉറപ്പു വരുത്തുന്നതിലേയ്ക്കായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് 17-12-2015-ലെ ജി.ഒ. (ആർ.ടി.) 1717/15/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) കൺവീനറും, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യ വകുപ്പ്), ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശ സ്വയംഭരണ വകുപ്പ്) എന്നിവരെ അംഗങ്ങളായും ഉൾപ്പെടുത്തിക്കൊണ്ടുള്ള ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം സംസ്ഥാനത്ത് ഊർജ്ജിതമായി നടന്നു വരുന്നു.

(സി) അത്തരത്തിൽ ഒരു കണക്കെടുപ്പ് തൊഴിൽ വകുപ്പ് നടത്തിയിട്ടില്ല.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനം

260 (1029) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എത്ര പേർക്ക് നിയമനം ലഭിച്ചുവെന്നും ഏതൊക്കെ തസ്തികകളിലാണ് നിയമനം ലഭിച്ചതെന്നും വ്യക്തമാക്കുമോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തി വരുന്ന സ്വയം തൊഴിൽ പദ്ധതികൾ ഏതെല്ലാമാണെന്നും പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള നടപടി ക്രമമെന്താണെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് 3466550 പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| തിരുവനന്തപുരം | - | 514746 |
| കൊല്ലം | - | 389995 |
| ആലപ്പുഴ | - | 303454 |
| പത്തനംതിട്ട | - | 123405 |

| | | |
|---|---|---|
| കോട്ടയം | - | 221656 |
| ഇടുക്കി | - | 106864 |
| എറണാകുളം | - | 286871 |
| തൃശ്ശൂർ | - | 314101 |
| പാലക്കാട് | - | 191931 |
| മലപ്പുറം | - | 278310 |
| കോഴിക്കോട് | - | 360320 |
| വയനാട് | - | 89265 |
| കണ്ണൂർ | - | 195377 |
| കാസർഗോഡ് | - | 90255 |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 7057 പേർക്ക് നിയമനം ലഭിച്ചു. തസ്തികകളുടെ വിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.*

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം നിലവിൽ നാല് സ്വയം തൊഴിൽ പദ്ധതികൾ നടപ്പാക്കി വരുന്നു.

1. കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ്- 1999 (KESRU 99)
2. മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ ജോബ് ക്ലബ്ബ്
3. ശരണ്യ സ്വയംതൊഴിൽ പദ്ധതി
4. കൈവല്യ

പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള നടപടിക്രമം ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**തൊഴിലാളികളുടെയും ദിവസക്കൂലിക്കാരുടെയും വേതനം**

261 (1030) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യാപാര സ്ഥാപനങ്ങളിലും കടകളിലും ജോലിചെയ്യുന്ന തൊഴിലാളികളുടെയും ദിവസ വേതനക്കാരുടെയും വേതനം പുതുക്കി ഉത്തരവ് നൽകിയിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പുതുക്കിയ നിരക്കിലുള്ള വേതനമാണ് തൊഴിലുടമകൾ നൽകുന്നതെന്ന് ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) തൊഴിലാളികളുടെ പരാതിയിന്മേലല്ലാതെ, സർക്കാർ നിശ്ചയിച്ച പ്രകാരമുള്ള വേതനം തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള പരിശോധനകൾ തൊഴിൽ സ്ഥാപനങ്ങളിലും കടകളിലും നടത്തിയിട്ടുണ്ടോ;

(ഡി) തൊഴിലാളികൾക്ക് അർഹതപ്പെട്ട വേതനം ഉറപ്പുവരുത്തുന്നതിനും തൊഴിൽ ചൂഷണം തടയുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 21-12-2016-ലെ സ.ഉ.(അച്ചടി) 196/2016/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*)

(ബി) മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള മേഖലകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ആയത് ലഭ്യമാകുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനായി തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർ സ്ഥാപന പരിശോധനകളും ജില്ലാ ലേബർ ഓഫീസറുടെ നേതൃത്വത്തിൽ സ്ക്വാഡ് പരിശോധനകളും നടത്താറുണ്ട്. സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മിനിമം വേതനം ലഭ്യമാകുന്നു എന്ന് ഉറപ്പു വരുത്തുന്നതിനായി തൊഴിൽവകുപ്പ് വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതുവഴി തൊഴിലാളികൾക്ക് അവരുടെ വേതനം ബാങ്ക് അക്കൗണ്ട് മുഖേന ലഭ്യമാകുന്നതോടൊപ്പം അവരവരുടെ വേജ് സ്ലിപ്പ് ഓൺലൈനായി എടുക്കുന്നതിനും സാധിക്കുന്നു. വേതന സുരക്ഷാ പദ്ധതിയിൽ ചേർന്നിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മിനിമം വേതനം ലഭ്യമാകുന്നുണ്ടോ എന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് നിരീക്ഷിക്കുന്നതിനും ഇതുവഴി സാധിക്കുന്നു. മിനിമം വേതനം നൽകാത്തതായ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിക്കുന്നു. മിനിമം വേതനം നൽകാത്തതായി ശ്രദ്ധയിൽപ്പെടുകയോ പരാതികൾ ലഭിക്കുകയോ ചെയ്യുന്ന സാഹചര്യത്തിൽ നിയമനടപടികൾ ഉൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കാറുണ്ട്.

(സി) സംസ്ഥാനത്തെ തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ സ്വമേധയാ സ്ഥാപന പരിശോധനകൾ കൃത്യമായ ഇടവേളകളിൽ നടത്തി തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്താറുണ്ട്. കൂടാതെ ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) മാരുടെ നേതൃത്വത്തിൽ സ്ക്വാഡ് പരിശോധനകളും നടത്താറുണ്ട്.

(ഡി) തൊഴിലാളികൾക്ക് അർഹതപ്പെട്ട വേതനം ഉറപ്പുവരുത്തുന്നതിനും തൊഴിൽ ചൂഷണം തടയുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II തസ്തികയിൽ നിയമനം

262 (1031) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിൽ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II തസ്തികയിൽ നിയമനം നടത്തുന്നതിന് പി.എസ്.സി. മുഖേന നേരിട്ടുള്ള നിയമനത്തിനും വകുപ്പിൽ നിന്നും തസ്തികമാറ്റം മുഖേന ഉദ്യോഗക്കയറ്റത്തിനുമുള്ള അനുപാതം എത്ര എന്നു വ്യക്തമാക്കുമോ;

(ബി) പി.എസ്.സി. റാങ്ക് ലിസ്റ്റ് (2014-ൽ പ്രസിദ്ധീകരിച്ചത്)നിന്നും എത്ര പേർക്ക് അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II തസ്തികയിൽ നിയമനം നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II തസ്തികയിൽ തസ്തികമാറ്റം വഴിയുള്ള നിയമനത്തിനും നേരിട്ടുള്ള നിയമനത്തിനും യഥാക്രമം 3:1 എന്ന അനുപാതമാണ് നിലവിലുള്ളത്.

(ബി) 27 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി) നേരിട്ടുള്ള നിയമനത്തിനുള്ള ഒഴിവുകൾ വരുന്ന മുറയ്ക്ക് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു വരുന്നുണ്ട്.

## കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ലിമിറ്റഡിൽ അസിസ്റ്റന്റ് ഗ്രേഡ് II നിയമനം

263 (1032) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ലിമിറ്റഡിൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേക്ക് ജീവനക്കാരെ ആവശ്യമുള്ളതായി അറിയിച്ച് പി.എസ്.സി.-ക്ക് അറിയിപ്പ് നല്കിയിരുന്നുവോ;

(ബി) പ്രസ്തുത സമയത്ത് മേൽ തസ്തികയിൽ എത്ര ഒഴിവുകളാണ് ഉണ്ടായിരുന്നതെന്നും ഇപ്പോൾ ഇതേ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും അറിയിക്കാമോ;

(സി) ഈ സർക്കാർ വന്നശേഷം എത്ര അസിസ്റ്റന്റ് ഗ്രേഡ് II ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ വന്നശേഷം എത്ര അസിസ്റ്റന്റ് ഗ്രേഡ് II ഒഴിവുകൾ എൽ.ഡി. ക്ലാർക്ക് പ്രൊമോഷൻ തസ്തികയായി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; എങ്കിൽ ആയതിന്റെ അനുപാതം വ്യക്തമാക്കാമോ;

(ഇ) അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേക്ക് പരീക്ഷ നടത്തി ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുത്ത് ലിസ്റ്റ് പ്രസിദ്ധീകരിച്ച വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നുവോ; എങ്കിൽ എത്രയും പെട്ടെന്ന് ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാൻ സർക്കാർ സന്നദ്ധമാകുമോ?

ഉത്തരം

(എ) നൽകിയിരുന്നു.

(ബി) പ്രസ്തുത സമയത്തും നിലവിലും 156 ഒഴിവുകൾ ഉണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അസിസ്റ്റന്റ് ഗ്രേഡ് II ഒഴിവുകളൊന്നും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഡി) ഈ സർക്കാർ വന്നശേഷം എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിന്നും അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകിയിട്ടില്ല.

(ഇ) അസിസ്റ്റന്റ് ഗ്രേഡ് തസ്തികയിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല.

## ഐ.ടി.ഐ.-കളെ മികവുറ്റ പരിശീലന കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് പദ്ധതികൾ

264 (1033) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. ആർ. രാജേഷ് :
ശ്രീ. എം. മുകേഷ് :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി.ഐ.-കളിൽ നിന്നു പ്രതിവർഷം പരിശീലനം വിജയകരമായി പൂർത്തിയാക്കിയിറങ്ങുന്ന അരലക്ഷത്തിലധികം തൊഴിലന്വേഷകരിൽ എത്രപേർക്ക് തൊഴിൽ ലഭ്യമാകുന്നുണ്ടെന്ന പരിശോധന സാധ്യമാണോ;

(ബി) ഐ.ടി.ഐ.-കളെ മികവുറ്റ പരിശീലന കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) ഐ.ടി.ഐ.-കളിലെ വിവിധ ട്രേഡുകൾക്ക് ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ച് എൻ.സി.വി.റ്റി. അഫിലിയേഷൻ/റീ അഫിലിയേഷൻ നേടിയെടുക്കാൻ മുൻ സർക്കാരിന്റെ കാലത്ത് സാധ്യമാകാതെ പോയതു പരിഹരിക്കാൻ നടപടിയെടുത്തിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐ.-കളിൽ നിന്നും വിജയകരമായി പരിശീലനം പൂർത്തിയാക്കിയിറങ്ങുന്ന ഉദ്യോഗാർത്ഥികൾക്ക് തൊഴിലവസരങ്ങൾ ലഭിക്കുന്നതിനുതകുന്ന തരത്തിൽ എല്ലാ ഗവ. ഐ.ടി.ഐ.-കളിലും പ്ലേസ്മെന്റ് സെൽ പ്രവർത്തിച്ചു വരുന്നു. പ്ലേസ്മെന്റ് സെൽ മുഖേന ജോലി ലഭിക്കുന്നവരുടെ വിവരങ്ങൾ ലഭ്യമാണ്. എന്നാൽ പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് തൊഴിൽ ലഭ്യമാകുമോയെന്ന് ഉറപ്പുവരുത്തുന്നതിനുള്ള ഒരു ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

(ബി) ഐ.ടി.ഐ.-കളെ മികവുറ്റ പരിശീലന കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് വകുപ്പിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ താഴെപ്പറയുന്നവയാണ്.

(a) ഐ.ടി.ഐ.-കളെ മികവുറ്റ പരിശീലന കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി ചാക്ക, കോഴിക്കോട് എന്നീ ഐ.ടി.ഐ.കളെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ.കളാക്കി മാറ്റാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അതിന്റെ നടപടികൾ നടന്നുവരുന്നു. കൂടാതെ മാന്ദ്യവിരുദ്ധ പാക്കേജിന്റെ ഭാഗമായി സംസ്ഥാനത്തെ 10 ഐ.ടി.ഐ.കളെ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB)-ന്റെ ധനസഹായത്തോടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ.കളാക്കി മാറ്റുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്.

(b) നിലവിലുള്ള 34 സർക്കാർ ഐ.ടി.ഐ.-കളിൽ വെർച്വൽ ക്ലാസ് റൂം പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വിദഗ്ദ്ധരായ അദ്ധ്യാപകരുടെ സേവനം പ്രയോജന പ്പെടുത്തി ട്രെയിനികൾക്ക് ഈ പദ്ധതിയിലൂടെ പരിശീലനം നൽകിവരുന്നു.

(c) എല്ലാ ഐ.ടി.ഐ.കളിലും 3D ഇന്ററാക്ടീവ് ടീച്ചിംഗ് എയിഡിലൂടെ ത്രിമാന ദൃശ്യത്തിന്റെ സാദ്ധ്യതാ പരിശീലനത്തിനുവേണ്ടി പരമാവധി പ്രയോജനപ്പെടുത്തി വരുന്നു. എഞ്ചിനീയറിംഗ് ഡ്രായിംഗ് എന്ന വിഷയത്തിലും മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ, ഡ്രാഫ്റ്റ്മാൻ (സിവിൽ), ഫിറ്റർ, ടർണർ, മെഷീനിസ്റ്റ്, ഇലക്ട്രീഷ്യൻ എന്നീ ട്രേഡുകളിലുമാണ് ഇത്തരത്തിൽ ക്ലാസ്സുകൾ എടുക്കുവാൻ സാധിക്കുന്നത്.

(d) ഐ.ടി.ഐ.-കളിലെ പരിശീലനാർത്ഥികൾക്ക് ആധുനിക സാങ്കേതിക വിദ്യയിൽ പരിജ്ഞാനം ലഭ്യമാക്കുന്നതിനും അതുവഴി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനുമായി മെ. മാരുതി സുസുക്കി, മെ. വോക്സ് വാഗൺ, മെ. ടൊയോട്ട കിർലോസ്കർ ലിമിറ്റഡ്, മെ. മഹിന്ദ്ര & മഹിന്ദ്ര, മെ. സാംസങ് തുടങ്ങിയ വിവിധ കമ്പനികളുമായി വിവിധ ഐ.ടി.ഐ.കൾ ധാരണാ പത്രത്തിൽ ഏർപ്പെടുകയും പരിശീലനം നടത്തി വരുകയും ചെയ്യുന്നുണ്ട്.

(സി) ഉണ്ട്. ഐ.ടി.ഐ.കളിൽ എൻ.സി.വി.റ്റി. അഫിലിയേഷൻ/റീ അഫിലിയേഷൻ നേടിയെടുക്കുന്നതിനായി വിവിധ ട്രേഡുകൾക്കാവശ്യമായ ഉപകരണ സംഭരണം, കെട്ടിട നിർമ്മാണം എന്നിവയ്ക്ക് ഓരോ സാമ്പത്തിക വർഷവും ബഡ്ജറ്റിൽ തുക വകയിരുത്തുകയും അതനുസരിച്ച് ടി പ്രവൃത്തികൾ നടത്തി വരികയും ചെയ്യുന്നു. ഒരു സാമ്പത്തിക വർഷത്തിൽ സംഭരിക്കാൻ കഴിയാതെ പോകുന്ന ഉപകരണങ്ങൾ തൊട്ടടുത്ത സാമ്പത്തിക വർഷം സംഭരിക്കുന്നതിനും കെട്ടിട നിർമ്മാണത്തിന് തുക അനുവദിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്. ഈ സാമ്പത്തിക വർഷം ഐ.ടി.ഐ.കളെ വിവിധ ട്രേഡുകൾക്ക് എൻ.സി.വി.ടി. അഫിലിയേഷൻ നേടിയെടുക്കുന്നതിനായി 300 ലക്ഷം രൂപയും റീ അഫിലിയേഷൻ നേടിയെടുക്കുന്നതിനായി 1,303 ലക്ഷം രൂപയും ഈ സാമ്പത്തിക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിൽ അഫിലിയേഷൻ/റീ-അഫിലിയേഷൻ എന്നിവയ്ക്കായി 1,556 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

## ഐ.ടി.ഐ.-കളിൽ പുതിയ കോഴ്സുകൾ

265 (1034) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി.ഐ.-കളിൽ നിലവിലുള്ള കോഴ്സുകൾക്ക് പുറമേ കാലാനുസൃതമായി മാറിയ തൊഴിൽ മേഖലകളിൽ പണിയെടുക്കുന്നതിനായി വൈദഗ്ദ്ധ്യം ഉള്ള തൊഴിലാളികളെ ലഭ്യമാക്കുന്നതിന് സഹായകമായി പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ അവയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) എങ്കിൽ ഇത്തരം കോഴ്സുകൾ ആരംഭിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ ഐ.ടി.ഐ.കളിലെ നിലവിലുള്ള ട്രേഡുകളിൽ തൊഴിൽ സാധ്യത കുറഞ്ഞതും കാലാനുസൃതമല്ലാത്തതുമായ ട്രേഡുകൾ നിർത്തലാക്കി ജനപ്രിയവും തൊഴിൽ സാധ്യത കൂടിയതും കാലാനുസൃതവുമായ ട്രേഡുകൾ തുടങ്ങുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ഇതോടൊപ്പം ഭാവിയിൽ തൊഴിൽ ശക്തിയുടെ ദൗർലഭ്യം ഇല്ലാതാക്കുന്നതിനും നൈപുണ്യ വൈദഗ്ദ്ധ്യമുള്ള യുവജനതയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടുകൂടി നിയമനലബ്ധ തൊഴിൽ പരിപാലന പരിപാടി (പ്ലേസ്മെന്റ് ലിങ്ക്ഡ് എംപ്ലോയബിലിറ്റി പ്രോഗ്രാം) എന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ടി പദ്ധതിയുടെ ഭാഗമായി കാലാനുസൃതമായ തൊഴിൽ പരിശീലനങ്ങളിൽ ഷോർട്ട് ടേം ട്രെയിനിംഗുകൾ നൽകി സമൂഹത്തിലെ അസംഘടിതരും പ്രാന്തവൽക്കരിക്കപ്പെട്ടവരുമായ വിഭാഗത്തെ തൊഴിൽശേഷിയുള്ളവരുമാക്കി മാറ്റുന്നു. ടി പദ്ധതി വ്യാവസായിക പരിശീലന വകുപ്പ്, ദേശീയ എംപ്ലോയ്മെന്റ് സർവ്വീസ്, M/s KASE എന്നിവരുടെ മേൽനോട്ടത്തിൽ വ്യാവസായിക സ്ഥാപനങ്ങൾ, തൊഴിലധിഷ്ഠിത പരിശീലന ദാതാക്കൾ എന്നിവരിലൂടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(സി) മേൽപ്പറഞ്ഞ കാര്യങ്ങൾ സമയബന്ധിതമായി നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

## മാടായി ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ

266 (1035) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മാടായി ഐ.ടി.ഐ.യിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവിടുത്തെ അടിസ്ഥാന സൗകര്യം കണക്കിലെടുത്ത് കൂടുതൽ കോഴ്സുകൾ തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കണ്ണൂർ ജില്ലയിലെ മാടായി സർക്കാർ ഐ.ടി.ഐ.യിൽ 2 യൂണിറ്റ് ഇലക്ട്രീഷ്യൻ ട്രേഡ് തുടങ്ങുന്നതും രണ്ട് ജൂനിയർ ഇൻസ്ട്രക്ടർ തസ്തിക സൃഷ്ടിക്കുന്നതും സർക്കാർ പരിഗണനയിലാണ്.

## നൈപുണ്യ വികസന മിഷൻ

267 (1036) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> :
<u>ശ്രീ. സി. കെ. നാണു</u> :
<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> :
<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ നൈപുണ്യ വികസന മിഷനിൽ നിന്ന് വിവിധ പദ്ധതികളിലായി എന്തൊക്കെ സ്കീമുകളാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത് എന്ന് വിശദമാക്കാമോ;

(ബി) ഈ സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ ലഭ്യമായ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) മിനിസ്ട്രി ഓഫ് സ്കിൽ ഡെവലപ്മെന്റ് & എന്റർപ്രണർഷിപ്പിന്റെ മാർഗ്ഗനിർദ്ദേശത്തോടെ നാഷണൽ സ്കിൽ ഡവലപ്മെന്റ് കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന പ്രധാനമന്ത്രി കൗശൽ വികാസ് യോജന (PMKVY) പദ്ധതി പ്രകാരമുള്ള പരിശീലന പരിപാടികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-നെ നോഡൽ ഏജൻസിയായി നിയമിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരമുള്ള പരിശീലന പരിപാടികൾ ഈ വകുപ്പ് മുഖേന ഇതുവരെ ആരംഭിച്ചിട്ടില്ല. കേന്ദ്ര നൈപുണ്യ വികസന മിഷനിൽ നിന്ന് ഫണ്ടൊന്നും ലഭിച്ചു തുടങ്ങിയിട്ടില്ല.

**റാന്നിയിൽ സർക്കാർ ഐ.ടി.ഐ. പ്രവർത്തനം**

268 (1037) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നിയിൽ എന്നുമുതലാണ് സർക്കാർ ഐ.റ്റി.ഐ. പ്രവർത്തനം ആരംഭിച്ചത് ; നിലവിൽ എവിടെയാണ് പ്രസ്തുത ഐ.റ്റി.ഐ. പ്രവർത്തിക്കുന്നത്;

(ബി) ഏതൊക്കെ കോഴ്സുകളാണ് ഇവിടെ അനുവദിച്ചിട്ടുള്ളതെന്നും ഓരോ കോഴ്സിനും എത്ര സീറ്റുകൾ വീതമാണ് ഉള്ളതെന്നും വിശദമാക്കുമോ ;

(സി) ഐ.റ്റി.ഐ.-ക്കായി റാന്നി ഉതിമൂട്ടിൽ നൽകിയിരിക്കുന്ന പി.ഐ.പി (പമ്പ ഇറിഗേഷൻ പ്രോജക്ട്)വക സ്ഥലത്ത് കെട്ടിടം നിർമ്മിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ഡി) കെട്ടിടം നിർമ്മിക്കുന്നതിൽ എന്തെങ്കിലും തടസ്സം ഉണ്ടോ ; ഉണ്ടെങ്കിൽ അത് എന്തൊക്കെയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 2011 ആഗസ്റ്റ് മാസം മുതൽ ഗവ. ഐ.ടി.ഐ. റാന്നി പ്രവർത്തനമാരംഭിച്ചു. റാന്നി പഞ്ചായത്ത് ലഭ്യമാക്കിയിട്ടുള്ള ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിന്റെ മുകളിലത്തെ നിലയിലാണ് ടി ഐ.ടി.ഐ. നിലവിൽ പ്രവർത്തിച്ചു വരുന്നത്.

(ബി) റാന്നി ഐ.ടി.ഐ.യിൽ ഡ്രാഫ്റ്റ്സ്മാൻ (സിവിൽ), ഇലക്ട്രോണിക്സ്, മെക്കാനിക്ക് എന്നീ ട്രേഡുകളിൽ രണ്ടു യൂണിറ്റുകൾ വീതമാണ് അനുവദിച്ചിട്ടുള്ളത്. ആയതിൽ ഓരോ യൂണിറ്റിലും 21 സീറ്റുകൾ വീതമാണുള്ളത്.

(സി&ഡി) റാന്നി വില്ലേജിൽ ബ്ലോക്ക് നമ്പർ 6-ൽ സർവ്വേ നമ്പർ 534-ൽപ്പെട്ട ജലവിഭവ വകുപ്പിന്റെ കൈവശത്തിലുള്ള (പമ്പ ഇറിഗേഷൻ പ്രോജക്ട് ലാന്റ്) 74.90 ആർ. സ്ഥലം റാന്നി ഗവ. ഐ.ടി.ഐ. സ്ഥാപിക്കുന്നതിനായി വ്യാവസായിക പരിശീലന വകുപ്പിന് നൽകിയിട്ടുണ്ടെങ്കിലും കെട്ടിട നിർമ്മാണത്തിന് 2016-17 സാമ്പത്തിക വർഷത്തിൽ ഫണ്ട് വകയിരുത്തിയിട്ടില്ല എന്നത് കെട്ടിട നിർമ്മാണത്തിന് തടസ്സമായി.

## ധനുവച്ചപുരം ഗവ. ഐ.റ്റി.ഐ.

269 (1038) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാറശ്ശാല മണ്ഡലത്തിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ധനുവച്ചപുരം ഗവ. ഐ.ടി.ഐ.-യിൽ പുതിയ ട്രേഡുകൾ ആരംഭിക്കാനും ആധുനികവൽക്കരിച്ച് ഒരു മാതൃകാ ഐ.ടി.ഐ. ആയി ഉയർത്തുന്നതിനുമായുള്ള നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

പത്ത് ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പദ്ധതിയിൽ ധനുവച്ചപുരം സർക്കാർ ഐ.ടി.ഐ.-യേയും ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB)-ന്റെ അംഗീകാരം ലഭിക്കുന്നതിന് വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

## ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ സംസ്ഥാന കൺസ്ട്രക്ഷൻ അക്കാദമി

270 (1039) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ നിർദ്ദിഷ്ട സംസ്ഥാന കൺസ്ട്രക്ഷൻ അക്കാദമി സംബന്ധിച്ച് ജനപ്രതിനിധി നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കൺസ്ട്രക്ഷൻ അക്കാദമിക്കായി കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് വാങ്ങിയ 10 ഏക്കർ ഭൂമിയിൽ കൺസ്ട്രക്ഷൻ അക്കാദമിയോ ഒരു തൊഴിൽ പരിശീലന കേന്ദ്രമോ ആരംഭിക്കുന്നതിന് തയ്യാറാകുമോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതുതായി ചുമതലയേറ്റ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് ഭരണസമിതിയുമായി ആലോചിച്ച് മേൽ നടപടികൾ കൈക്കൊള്ളുന്നതാണ്.

(ബി) നിലവിൽ തൊഴിലും നൈപുണ്യവും വകുപ്പിനു കീഴിലെ കേരള

അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ ആഭിമുഖ്യത്തിൽ Indian Institute of Infrastructure and Construction എന്ന സ്ഥാപനത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ചവറയിൽ പൂർത്തിയായി വരുന്നു. അന്താരാഷ്ട്ര നിലവാരത്തിലും ദേശീയ നിലവാരത്തിലും നിർമ്മാണ മേഖലയിലെ ഏറ്റവും താഴെ തട്ടിലുള്ള നിർമ്മാണ ജോലികൾ മുതൽ മാനേജ്മെന്റ് തലം വരെയുള്ള ജോലികളിൽ വൈദഗ്ദ്ധ്യം നേടുന്നതിനുള്ള പരിശീലനമാണ് ഇവിടെ നൽകാൻ ഉദ്ദേശിക്കുന്നത്. ഈ സാഹചര്യത്തിൽ ബിൽഡിംഗ് ബോർഡിന്റെ ആഭിമുഖ്യത്തിൽ ഒരു കൺസ്ട്രക്ഷൻ അക്കാദമി സ്ഥാപിക്കുന്നതിന്മേൽ പുതുതായി രൂപീകരിച്ച നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്.

## രാമന്തളിയിൽ ഐ.ടി.ഐ.

271 (1040) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ രാമന്തളിയിൽ ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് ഏതെങ്കിലും അപേക്ഷകളോ നിവേദനങ്ങളോ ലഭിച്ചിട്ടുണ്ടോ;

(ബി) ഏഴിമല നേവൽ അക്കാദമിക്ക് വേണ്ടി കുടിയൊഴിപ്പിക്കപ്പെട്ടവരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് രാമന്തളിയിൽ ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ച് വരുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ രാമന്തളിയിൽ ഏഴിമല നേവൽ അക്കാദമിക്ക് വേണ്ടി കുടിയൊഴിപ്പിക്കപ്പെട്ടവരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## കൊഴിഞ്ഞാമ്പാറ കേന്ദ്രമായി പുതുതായി ആരംഭിച്ച ഐ.റ്റി.ഐ.-യിൽ തസ്തികകൾ

272 (1041) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊഴിഞ്ഞാമ്പാറ കേന്ദ്രമായി പുതിയതായി ആരംഭിച്ച ഐ.റ്റി.ഐ.-യിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനായി നിവേദനം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കൊഴിഞ്ഞാമ്പാറ ഐ.റ്റി.ഐ.-യുടെ സുഗമമായ പ്രവർത്തനത്തിനായി ഏതൊക്കെ തസ്തികകളാണ് ഈ ഗവൺമെന്റ് വന്നതിന് ശേഷം സൃഷ്ടിച്ചിട്ടുള്ളത്; അവയുടെ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഏതൊക്കെ തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) വിവിധ ഗവൺമെന്റ് ഐ.ടി.ഐ.കളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കണമെന്ന ട്രെയിനിംഗ് ഡയറക്ടറുടെ ശിപാർശ പരിഗണിച്ച്, ഈ സർക്കാർ അധികാരത്തിലേറ്റശേഷം, ചുവടെ ചേർത്തിട്ടുള്ള തസ്തികകൾ കൊഴിഞ്ഞാമ്പാറ ഐ.ടി.ഐ.യിൽ സൃഷ്ടിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | പ്രിൻസിപ്പാൾ ക്ലാസ് - II | 1 |
| 2 | ജൂനിയർ ഇൻസ്ട്രക്ടർ | 2 |
| 3 | എ.സി.ഡി. ഇൻസ്ട്രക്ടർ | 1 |
| 4 | ക്ലാർക്ക് | 1 |
| 5 | ഓഫീസ് അറ്റന്റന്റ് | 1 |
| | ആകെ | 6 എണ്ണം |

(സി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൊഴിഞ്ഞാമ്പാറ ഐ.ടി.ഐ.-യിൽ ചുവടെ പറയുന്ന തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | പ്രിൻസിപ്പാൾ ക്ലാസ് - II | 1 |
| 2 | ജൂനിയർ ഇൻസ്ട്രക്ടർ | 2 |
| 3 | ക്ലാർക്ക് | 1 |
| 4 | ഓഫീസ് അറ്റന്റന്റ് | 1 |
| | ആകെ | 5 എണ്ണം |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ലഹരി ഉപയോഗം

273 (1042) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്കൂളുകളിലും കോളേജുകളിലും വിദ്യാർത്ഥികൾക്ക് ലഹരിപദാർത്ഥങ്ങൾ എത്തിച്ചുകൊടുക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നവർക്കെതിരെ പരാതിപ്പെടാൻ ഹെൽപ്പ് ലൈൻ നമ്പറുകൾ ഏർപ്പെടുത്തുന്നതിനും അത് പ്രകാരം ലഭ്യമാകുന്ന പരാതികളിൽ അടിയന്തര ഇടപെടൽ നടത്തുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ലഹരി വസ്തുക്കളുമായി ബന്ധപ്പെട്ട എല്ലാ പരാതികളും അറിയിക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന രണ്ട് ഹെൽപ്പ് ലൈൻ നമ്പരുകൾ പ്രവർത്തിച്ചു വരുന്നു. ഇതിലൂടെ മെസേജുകൾ, വാട്ട്സ് ആപ്പ് മെസേജുകൾ, ടെലിഫോൺ മെസേജുകൾ എന്നിവ നൽകാവുന്നതാണ്. 24 മണിക്കൂറും പ്രവർത്തിക്കുന്ന 9447178000, 9061178000 എന്നീ നമ്പരുകൾ പ്രവർത്തന സജ്ജമാണ്. എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന 155358 എന്ന ഹോട്ട് ലൈൻ നമ്പർ പ്രവർത്തിച്ചു വരുന്നു. എക്സൈസ് വകുപ്പിന് ലഭിക്കുന്ന പരാതികളും രഹസ്യ വിവരങ്ങളും 24 മണിക്കൂറിനകം പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

## മദ്യ വിൽപ്പനശാലകൾ മാറ്റി സ്ഥാപിക്കൽ

274 (1043) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹു. സുപ്രീം കോടതി വിധിയെ തുടർന്ന് സംസ്ഥാനത്ത് ബിവറേജസ് കോർപ്പറേഷന്റെയും കൺസ്യൂമർ ഫെഡിന്റെയും വിദേശ മദ്യ വിൽപ്പന ശാലകൾ മാറ്റി സ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) മദ്യശാലകൾ മാറ്റി സ്ഥാപിക്കുന്നിടങ്ങളിൽ ജനങ്ങളിൽ നിന്നും പ്രതിഷേധം ഉയർന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മദ്യശാലകൾ മാറ്റി സ്ഥാപിക്കാനുള്ള സ്ഥലങ്ങൾ നിശ്ചയിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾക്ക് ഒരു പൊതു മാനദണ്ഡം ആവിഷ്കരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) മാറ്റി സ്ഥാപിക്കേണ്ട ഔട്ട്‌ലെറ്റുകൾക്കായി സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 500 മീറ്റർ ദൂരപരിധി പാലിക്കുന്നതും അബ്കാരി നിയമത്തിലെ എല്ലാ നിയമങ്ങൾക്കും വ്യവസ്ഥകൾക്കും അനുസൃതമായതും ഉപഭോക്താക്കൾക്ക് കൂടുതൽ മെച്ചപ്പെട്ട സൗകര്യം ലഭ്യമാക്കുന്നതിനായി കൂടുതൽ വിൽപ്പന കൗണ്ടറുകളും സെൽഫ് ഹെൽപ്പ് പ്രീമിയം കൗണ്ടറുകളും ആരംഭിക്കുന്നതിനുമായി കൂടുതൽ സ്ഥലവിസ്തൃതിയുള്ളതുമായ കെട്ടിടങ്ങളാണ് ഇപ്പോൾ കണ്ടെത്തുന്നത്. മാറ്റേണ്ട ഓരോ ഷോപ്പിനും പകരം 4 കെട്ടിടങ്ങൾ കണ്ടെത്തുകയും അതിൽ ഏറ്റവും അനുയോജ്യമായത് തെരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പരിശോധിക്കുന്നതാണ്.

**കേരള ലഹരിവർജ്ജന മിഷന്റെ പ്രവർത്തനങ്ങൾ**

275 (1044) <u>ശ്രീ. ജെയിംസ് മാത്യു</u> :
<u>ശ്രീ. കെ. ആൻസലൻ</u> :
<u>ശ്രീ. കെ. ബാബു</u> :
<u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ രൂപീകരിച്ചിട്ടുള്ള കേരള ലഹരി വർജ്ജന മിഷന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ലഹരിയ്ക്ക് അടിമപ്പെട്ടവരെ ചികിത്സിച്ച് ലഹരി വിമുക്തരാക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്തെല്ലാമാണ്;

(സി) നിയമവിരുദ്ധ ലഹരിവസ്തു വിപണനം ഇല്ലാതാക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ഡി) വിവരസാങ്കേതികവിദ്യ, മൊബൈൽ ഫോൺ തുടങ്ങിയവ ഉപയോഗിച്ച് എക്സൈസ് വകുപ്പിനെ ആധുനികവത്കരിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ) ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാന സർക്കാർ മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ട് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" എന്ന ബോധവൽക്കരണ മിഷന് 6-10-2016-ലെ ജി.ഒ. (എം.എസ്.) 94/2016/നി.വ. ഉത്തരവ് പ്രകാരം രൂപം നൽകിയിട്ടുള്ളതാണ്. സമൂഹത്തിന്റെ എല്ലാ മേഖലകളിലും വ്യാപരിക്കുന്ന വിപത്തായി മാറിയിട്ടുള്ള മദ്യ-

മയക്കുമരുന്ന്, പുകയില ഉപഭോഗത്തിനെതിരെയും നിയമ വിരുദ്ധ ലഹരി വസ്തുക്കളുടെ കടത്തൽ, ശേഖരണം എന്നിവയുടെ ഉറവിടം കണ്ടെത്തി അവ ഇല്ലായ്മ ചെയ്യുന്നതിന് ബഹുജന പങ്കാളിത്തം ഉറപ്പു വരുത്തിയാണ് ടി മിഷൻ രൂപീകരിച്ചിട്ടുള്ളത്. സ്കൂൾ/കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എസ്.പി.സി., എൻ.എസ്.എസ്., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യ വർജ്ജന സമിതികൾ, വിദ്യാർത്ഥി-യുവജന-മഹിളാ സന്നദ്ധ സംഘടനകളുടെ പങ്കാളിത്തത്തോടും സഹകരണത്തോടും കൂടി "ലഹരിമുക്ത കേരളം" എന്ന ലക്ഷ്യം സാക്ഷാത്കരിക്കുക എന്നതാണ് മിഷന്റെ പ്രവർത്തന ലക്ഷ്യം.

(ബി) വിമുക്തിയുടെ ഭാഗമായി ഡി-അഡിക്ഷൻ സെന്ററുകൾ എല്ലാ ജില്ലാ ആശുപത്രികളോടും ചേർന്ന് ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എക്സൈസ് വകുപ്പിന് കീഴിൽ സംസ്ഥാനത്ത് ദേശീയ നിലവാരത്തിലുള്ള ഒരു ഡീ-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നുണ്ട്.

(സി) അനധികൃത മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടേയും ലഭ്യത തടയുന്നതിന് സംസ്ഥാനത്ത് മദ്യ, മയക്കുമരുന്ന് വ്യാപനത്തിനെതിരെ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നു. സംസ്ഥാനത്ത് മെഡിക്കൽ സ്റ്റോറുകളിൽ ചുമയ്ക്കെതിരെ ഉപയോഗിക്കുന്ന കഫ് സിറപ്പുകളും വേദന സംഹാരികളും മനോരോഗ ചികിത്സയ്ക്കുള്ള ഔഷധങ്ങളും ഉൾപ്പെടെയുള്ള ചില മരുന്നുകൾ ലഹരി മരുന്നുകളായി വ്യാപകമായി പ്രത്യേകിച്ച് വിദ്യാർത്ഥികൾക്കിടയിൽ ഉപയോഗിക്കുന്നത് തടയുന്നതിനായി നിയമം അനുശാസിക്കുന്ന രീതിയിലാണ് ടി മരുന്നുകൾ സൂക്ഷിക്കുന്നതെന്നും വിൽപ്പന നടത്തുന്നതെന്നും ഉറപ്പ് വരുത്തുന്നതിലേയ്ക്കായി ഓരോ ജില്ലയിലെയും ഡ്രഗ് ഇൻസ്പെക്ടർമാരുടെയും മെഡിക്കൽ സ്റ്റോർ ഉടമകളുടെ അസോസിയേഷൻ പ്രതിനിധികളുടെയും യോഗം വിളിച്ചുകൂട്ടി മെഡിക്കൽ സ്റ്റോർ ഉടമകൾക്ക് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ മുഖാന്തരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

കൂടാതെ സ്കൂളുകളുടെ പരിസരത്തുള്ള മെഡിക്കൽ സ്റ്റോറുകളിൽ ഇത്തരത്തിലുള്ള മരുന്നുകളുടെ വിപണനം ഡോക്ടറുടെ പ്രിസ്ക്രിപ്ഷൻ ഇല്ലാതെയാണോ നടക്കുന്നതെന്നും ഇത്തരം മരുന്നുകൾ വളരെക്കൂടുതലായി സ്റ്റോക്ക് ചെയ്ത് വിപണനം നടത്തുന്നുണ്ടോയെന്നും പരിശോധിച്ച് കേസ് രജിസ്റ്റർ ചെയ്യുവാൻ എക്സൈസ് വകുപ്പിന് അധികാരമില്ലാത്തതിനാൽ ടി വിഷയത്തിന്റെ ഗൗരവം മുന്നിൽകണ്ട് ഡ്രഗ്സ് കൺട്രോളർ ഉൾപ്പെടെയുള്ള ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ മുതിർന്ന ഉദ്യോഗസ്ഥരുമായി എക്സൈസ് ഹെഡ്ക്വാർട്ടേഴ്സിൽ വച്ച് എക്സൈസ് കമ്മീഷണർ വിശദമായ ചർച്ച നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഇത്തരം മരുന്നുകൾ കൂടുതലായി വിറ്റഴിക്കപ്പെടുന്നുവെന്ന് സംശയം തോന്നുന്ന മെഡിക്കൽ ഷോപ്പുകളിൽ ടി

സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനത്തെ ബാധിക്കാത്ത തരത്തിൽ അതാത് ജില്ലകളിലെ ഡ്രഗ്സ് കൺട്രോൾ ഉദ്യോഗസ്ഥരുമായി ചേർന്ന് വിശദമായ പരിശോധന നടത്തുവാൻ എല്ലാ ജില്ലകളിലേയും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി എക്സൈസ് ഷാഡോ സംവിധാനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിലൂടെ എൻഫോഴ്സ്മെന്റ് ശക്തമാക്കിയിട്ടുണ്ട്. ഇത് കൂടാതെ എക്സൈസ് ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനവും കാര്യക്ഷമമാക്കിയിട്ടുണ്ട്. എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള സ്ക്വാഡും കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നും അനധികൃത മദ്യവും ലഹരി പദാർത്ഥങ്ങളും സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്. ആധുനിക സംവിധാനങ്ങളുപയോഗിച്ച് എക്സൈസ് കമ്മീഷണർക്ക് കിട്ടുന്ന രഹസ്യ വിവരങ്ങളും പരാതികളും 24 മണിക്കൂറിനകം പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) ആവിഷ്കരിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പിലെ എല്ലാ ഓഫീസുകളിലും കമ്പ്യൂട്ടർ നൽകുകയും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ മുതലുള്ള എല്ലാ ഉദ്യോഗസ്ഥർക്കും എക്സൈസ് ഇന്റലിജൻസ് ബ്യൂറോയിലെ എക്സൈസ് ഇൻസ്പെക്ടർമാർക്കും ഇ-മെയിൽ ഐ.ഡി. നൽകിയിട്ടുണ്ട്. ടി സംവിധാനം ഉപയോഗിച്ച് എല്ലാ ഓഫീസുകളും തമ്മിൽ ബന്ധപ്പെട്ടു വരുന്നു. വകുപ്പിൽ ഫീൽഡ് ഓഫീസിൽ ജോലി ചെയ്യുന്ന പ്രിവന്റീവ് ഓഫീസർ മുതൽ മുകളിലോട്ടുള്ള എല്ലാ ഉദ്യോഗസ്ഥർക്കും ബി.എസ്.എൻ.എൽ. മൊബൈൽ സിം കാർഡ് വാങ്ങി നൽകിയിട്ടുണ്ട്. കൂടാതെ അനധികൃത മദ്യത്തിന്റെയും മയക്കു മരുന്നിന്റെയും വിൽപ്പനയും മറ്റും സംബന്ധിച്ച വിവരം പൊതുജനങ്ങളിൽ നിന്നും ലഭ്യമാക്കുവാൻ വേണ്ടി എല്ലാ ജില്ലകളിലും ഹോട്ട് ലൈൻ നമ്പർ (155358) പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് ലഹരിക്കെതിരെയുള്ള പരാതികൾ അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന 9061178000 എന്ന ഐഡിയ മൊബൈൽ വാട്ട്സ് ആപ്പ് നമ്പരും, 9447178000 എന്ന മൊബൈൽ നമ്പരും പ്രവർത്തിച്ചു വരുന്നു.

### ലഹരി വസ്തുക്കളുടെ ഉപയോഗവും അനധികൃത വിൽപ്പനയും

276 (1045) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ലഹരി വസ്തുക്കളുടെ ഉപയോഗവും അനധികൃതമായ വില്പനയും തടയുന്നതിന് നിലവിലെ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്ത കേസുകളുടെ മണ്ഡലം തിരിച്ചുള്ള എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കേസുകൾ രജിസ്റ്റർ ചെയ്തത് ഏതെല്ലാം കുറ്റങ്ങളുടെ പേരിലാണെന്ന് വ്യക്തമാക്കുമോ ; ഈ കേസുകളിൽ ശിക്ഷ നടപ്പാക്കിലാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകുമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ ലഹരി വസ്തുക്കളുടെ ഉപയോഗവും അനധികൃതമായ വിൽപ്പനയും തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. കൂടാതെ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" -യുടെ ഭാഗമായി മുനിസിപ്പാലിറ്റി/ ബ്ലോക്ക് പഞ്ചായത്ത്/ വാർഡ് തലങ്ങളിലുള്ള കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതും, ലഹരി വസ്തുക്കളുടെ ഉപയോഗംമൂലമുള്ള ദൂഷ്യവശങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം വളർത്തുന്നതിന് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും, വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുകയും ചെയ്തിട്ടുള്ളതുമാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്ത കേസുകളുടെ മണ്ഡലം തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| മണ്ഡലം | അബ്കാരി കേസുകൾ | എൻ.ഡി.പി.എസ്. കേസുകൾ |
|---|---|---|
| മഞ്ചേശ്വരം | 194 | 14 |
| കാസർഗോഡ് | 247 | 13 |
| ഉദുമ | 54 | 5 |
| കാഞ്ഞങ്ങാട് | 38 | 2 |
| തൃക്കരിപ്പൂർ | 93 | 1 |
| ആകെ | 626 | 35 |

(സി) മേൽപ്രകാരം രജിസ്റ്റർ ചെയ്ത കേസുകൾ അനധികൃതമായി വാഷ്, ചാരായം, സ്പിരിറ്റ്, മദ്യം മുതലായവ കടത്തിക്കൊണ്ടു വന്നതിനും അളവിൽ കൂടുതൽ മദ്യം കൈവശം വച്ചതിനും അടക്കമുള്ള അബ്കാരി ആക്ട് പ്രകാരമുള്ള കുറ്റകൃത്യങ്ങൾക്കും കഞ്ചാവ് കൈവശം വച്ചതും കടത്തിക്കൊണ്ട് വന്നതും അടക്കം എൻ.ഡി.പി.എസ്. ആക്ട് പ്രകാരമുള്ള കുറ്റകൃത്യങ്ങൾക്കുമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. പ്രസ്തുത കേസുകളിൽ നിയമനടപടികൾ തുടർന്നുവരുന്നു.

**ദേശീയ-സംസ്ഥാന പാതയോരത്ത് മദ്യ വിൽപ്പനശാലകൾ**

277 (1046) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അനിൽ അക്കര :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ-സംസ്ഥാന പാതയോരത്ത് 2017 ഏപ്രിൽ ഒന്നിന് ശേഷം മദ്യ വില്പനശാലകൾ അനുവദിക്കരുത് എന്ന സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള ബെവ്കോയുടെ മദ്യ വില്പനശാലകൾ മാറ്റുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ബെവ്കോയുടെ എത്ര മദ്യ വില്പനശാലകളാണ് സുപ്രീംകോടതിയുടെ വിധി പ്രകാരം പാതയോരത്തു നിന്നും മാറ്റി സ്ഥാപിക്കേണ്ടി വരുന്നത്;

(സി) വിമുക്തി പദ്ധതിയുടെ ഭാഗമായി തയ്യാറാക്കുന്ന ലഹരിവിമുക്തമാക്കുവാനുള്ള സ്റ്റിക്കറുകൾ എല്ലാ വീടുകളിലും എത്തിച്ച് മദ്യ ഉപഭോഗം കുറച്ചുകൊണ്ടുവരുന്നതിനേക്കാൾ നല്ലത് സുപ്രീംകോടതി വിധിയുടെ വെളിച്ചത്തിൽ നിലവിലുള്ള മദ്യ വില്പന ശാലകൾ അടച്ചുപൂട്ടുന്നതാണെന്ന് കരുതുന്നുണ്ടോ?

ഉത്തരം

(എ) സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ മാറ്റി സ്ഥാപിക്കേണ്ട ഔട്ട്‌ലെറ്റുകൾക്കായി അബ്കാരി നിയമത്തിലെ എല്ലാ വ്യവസ്ഥകളും പാലിക്കുന്നതും ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ നിന്നും 500 മീറ്ററിനു പുറത്തുള്ളതും ഉപഭോക്താക്കൾക്ക് കൂടുതൽ മെച്ചപ്പെട്ട സൗകര്യം ലഭ്യമാക്കുന്നതിനുമായി കൂടുതൽ വിൽപ്പന കൗണ്ടറുകളും സെൽഫ് ഹെൽപ്പ് പ്രീമിയം കൗണ്ടറുകളും ആരംഭിക്കുന്നതിനുമായി കൂടുതൽ സ്ഥലവിസ്തൃതിയുള്ളതുമായ കെട്ടിടങ്ങളാണ് കണ്ടെത്തുന്നത്. മാറ്റേണ്ട ഓരോ ഷോപ്പിനും പകരം 4 കെട്ടിടങ്ങൾ കണ്ടെത്തുകയും അതിൽ ഏറ്റവും അനുയോജ്യമായത് തെരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്.

(ബി) 179 എണ്ണം മാറ്റി സ്ഥാപിക്കേണ്ടി വരും.

(സി) മദ്യവർജ്ജനത്തിൽ ഊന്നിയുള്ള മദ്യ നയമാണ് സർക്കാർ ലക്ഷ്യമിടുന്നത്.

**പുതിയ മദ്യനയം**

278 (1047) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ മദ്യനയം എന്നത്തേക്ക് പ്രഖ്യാപിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) മുൻസർക്കാരിന്റെ കാലത്ത് 712 ബാറുകൾ പൂട്ടിയതുകാരണം ഈ ഇനത്തിലെ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായി എന്ന വാർത്ത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ബാറുകൾ പൂട്ടിയതുകാരണം വിനോദസഞ്ചാര മേഖലയിൽ നിന്നുള്ള വരുമാനത്തിൽ 3000 കോടി രൂപ കുറവുണ്ടായി എന്ന വാർത്ത പരിശോധിച്ചിട്ടുണ്ടോ;

(ഡി) പൂട്ടിയ ബാറുകളിൽ ചിലതെങ്കിലും വീണ്ടും തുറക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) പുതിയ മദ്യ നയം പ്രഖ്യാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പരിശോധന നടത്തിയിട്ടില്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**ദേശീയ- സംസ്ഥാന പാതകളിൽ മദ്യ വിൽപ്പനശാലകൾ**

279 (1048) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സംസ്ഥാന പാതകളിൽ മദ്യ വിൽപ്പനശാലകൾ നിരോധിച്ചു കൊണ്ടുള്ള സുപ്രീംകോടതി വിധിയിൽ കൂടുതൽ വ്യക്തത വേണമെന്നാവശ്യപ്പെട്ട് സംസ്ഥാന സർക്കാർ സുപ്രീംകോടതിയെ സമീപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തൊക്കെ കാര്യങ്ങളിൽ വ്യക്തത വേണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്;

(സി) കള്ള്, ബിയർ, വൈൻ എന്നിവയെ മദ്യത്തിന്റെ നിർവചനത്തിൽ നിന്ന് ഒഴിവാക്കണമെന്ന് സർക്കാർ സുപ്രീംകോടതിയിൽ ആവശ്യപ്പെടുകയുണ്ടായോ;

(ഡി) എങ്കിൽ ഇതിനെതിരെ ജനരോഷം ഉയർന്നുവന്നതായി സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പുനഃപരിശോധിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി-ഡി) സംസ്ഥാന സർക്കാർ അനുവദിക്കുന്ന FL ലൈസൻസുകളിൽ ഏതൊക്കെ വിഭാഗം ലൈസൻസുകൾ സുപ്രീംകോടതി വിധിയുടെ പരിധിയിൽ ഉൾപ്പെടും എന്ന കാര്യത്തിൽ അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. തുടർന്ന് അഡ്വക്കേറ്റ് ജനറലിന്റെ നിർദ്ദേശപ്രകാരം വിധിയിൽ വ്യക്തത ആവശ്യപ്പെട്ട് സ്റ്റാൻഡിംഗ് കൗൺസിൽ സുപ്രീംകോടതിയിൽ ഹർജി സമർപ്പിക്കുകയുണ്ടായി. സ്റ്റാൻഡിംഗ് കൗൺസിൽ സ്വന്തം നിലയ്ക്ക് തയ്യാറാക്കി ഫയൽ ചെയ്ത പ്രസ്തുത ഹർജിയിൽ സർക്കാർ വ്യക്തത വരുത്തുവാൻ ഉദ്ദേശിച്ച FL ലൈസൻസുകളുടെ കാര്യം പരാമർശിച്ചിരുന്നില്ല. അതേസമയം മദ്യത്തിന്റെ നിർവ്വചനവുമായി ബന്ധപ്പെട്ട ആവശ്യം ഹർജിയിൽ ഉൾപ്പെടുകയും ചെയ്തു. ഹർജിയിൽ വസ്തുതാപരമായ പിശക് സംഭവിച്ചതായി കണ്ടെത്തിയതിനെ തുടർന്ന് ടി ഹർജി പിൻവലിക്കുകയുണ്ടായി. തുടർന്ന് ഈ വിഷയത്തിൽ അറ്റോർണി ജനറലിന്റെ അഭിപ്രായം ആരായുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**ദേശീയ-സംസ്ഥാന പാതയോരങ്ങളിലെ മദ്യശാലകൾ**

280 (1049) ശ്രീ. പി. കെ. ബഷീർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. എം. ഷാജി :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സംസ്ഥാന പാതയോരങ്ങളിൽ മദ്യശാലകൾ വേണ്ടെന്ന ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിപ്പകർപ്പ് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സർക്കാരിന്റെ മദ്യ നയത്തെ പ്രസ്തുത വിധി ഏത് തരത്തിൽ ബാധിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ബിയർ പാർലറുകളിൽ നിന്നും മദ്യം പായ്ക്ക് ചെയ്ത് വാങ്ങിക്കൊണ്ടു പോകാൻ പാടില്ലെന്നതുൾപ്പെടെയുള്ള കോടതി നിർദ്ദേശങ്ങളുടെ പശ്ചാത്തലത്തിൽ സംസ്ഥാന ജനതയെ മദ്യ വിപത്തിൽ നിന്നും രക്ഷിച്ചെടുക്കാൻ ഉതകും വിധത്തിലുള്ള നയം രൂപീകരിക്കാൻ തയ്യാറാകുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി&സി) പരിശോധിച്ചു വരുന്നു.

**ജനകീയ ബോധവൽക്കരണ പദ്ധതിയായ വിമുക്തി**

281 (1050) ശ്രീ. എസ്. ശർമ്മ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മദ്യത്തിനും ലഹരിക്കുമെതിരായ ജനകീയ ബോധവത്ക്കരണ പദ്ധതിയായ വിമുക്തി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ലഹരി വിമുക്ത കേന്ദ്രങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവരാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ലഹരി മാഫിയാ സംഘങ്ങളെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) മദ്യത്തിനും മയക്കുമരുന്നിനുമെതിരായ ബോധവൽക്കരണവും നിയമനടപടികളും കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തിയുടെ ഭാഗമായി എല്ലാ ജില്ലാ ആശുപത്രികളോടനുബന്ധിച്ചും (ആരോഗ്യ വകുപ്പുമായി സഹകരിച്ച്) ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സംസ്ഥാനത്ത് എക്സൈസ് വകുപ്പിന് കീഴിൽ ആധുനിക സൗകര്യങ്ങളടങ്ങിയ ഡീ-അഡിക്ഷൻ സെന്റർ രൂപീകരിക്കുന്നതിനുള്ള നടപടിയും പുരോഗമിക്കുന്നു.

(സി) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരത്തെ ലഹരി മാഫിയ സംഘങ്ങളെ നിർമ്മാർജ്ജനം ചെയ്യുന്നതിന് കർശനമായ എൻഫോഴ്സ്മെന്റ് നടപടികൾ സ്വീകരിക്കുന്നു. ലഹരി മാഫിയകളെക്കുറിച്ച് വിദ്യാർത്ഥികൾക്കും അധ്യാപകർക്കും പേരോ മറ്റു വിവരങ്ങളോ വെളിപ്പെടുത്താതെ അധികൃതരെ അറിയിക്കുന്നതിന് പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. ലഹരിക്കെതിരെ വിദ്യാർത്ഥികൾ, യുവജനങ്ങൾ, പൊതുജനങ്ങൾ എന്നിവരെ ബോധവൽക്കരിക്കുന്നതിന് വേണ്ടി ശക്തമായ പ്രചാരണ പരിപാടികൾ നടത്തി വരുന്നു. ലഹരിക്കെതിരെ പ്രവർത്തിക്കുന്നതിന് 2542 സ്കൂൾ/കോളേജ് ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ സ്കൂൾ പരിസരങ്ങളിൽ നിരന്തരമായ പട്രോളിംഗും റെയിഡുകളും ലഹരിക്കെതിരെ നടത്തി വരുന്നുണ്ട്. ഇക്കാര്യത്തിൽ വകുപ്പ് നിതാന്ത ജാഗ്രത പുലർത്തുന്നുണ്ട്.

(ഡി) മദ്യത്തിനും മയക്കുമരുന്നിനും എതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ "വിമുക്തി" എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട്. അബ്കാരി നിയമം, കോട്പ ആക്ട്, എൻ.ഡി.പി.എസ്. ആക്ട്, എം.&റ്റി.പി. ആക്ട് & റൂൾസും പ്രകാരം മദ്യത്തിനും മയക്കുമരുന്നിനുമെതിരെ നടപടികൾ സ്വീകരിക്കുന്നുണ്ട്. വർദ്ധിച്ചു വരുന്ന മയക്കുമരുന്ന് ഉപയോഗത്തിനെതിരെ നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്ര നിയമമായ എൻ.ഡി.പി.എസ്. ആക്ടിൽ കുറഞ്ഞ അളവ് പുനർ നിർണ്ണയിക്കുന്നതിനുള്ള നടപടികൾക്കായി ശിപാർശ ചെയ്തിട്ടുണ്ട്.

**മദ്യം-മയക്കുമരുന്ന് കേസ്സുകൾ**

282 (1051) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യം-മയക്കുമരുന്ന് കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് എക്സൈസ് വകുപ്പിൽ ക്രൈംബ്രാഞ്ച് രൂപീകരിക്കുന്നതിന് ഉദ്ദേശമുണ്ടോ; വിശദാംശം നൽകുമോ;

(ബി) പുതിയതായി രൂപീകരിച്ച 12 താലൂക്കുകളിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ തസ്തികകൾ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) എക്സൈസ് ക്രൈംബ്രാഞ്ച് രൂപീകരണത്തോടൊപ്പം എക്സൈസ് ഗാർഡുകളുടെ എണ്ണം കൂടി വർദ്ധിപ്പിച്ചാൽ മാത്രമേ എക്സൈസ് സംബന്ധിച്ച കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയാൻ കഴിയൂ എന്നതിനാൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ഇക്കാര്യം പരിശോധിച്ചു വരുന്നു.

**ദേശീയ-സംസ്ഥാന പാതയോരങ്ങളിലെ മദ്യ വിൽപ്പന**

283 (1052) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ, സംസ്ഥാന പാതയോരങ്ങളിൽ നിന്നും 500 മീറ്റർ ദൂരപരിധിയിൽ മദ്യ വില്പന പാടില്ലെന്ന സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ നിലവിലുള്ള എത്ര ബിയർ/വൈൻ പാർലറുകൾ അടച്ചുപൂട്ടേണ്ടി വരുമെന്ന് അറിയിക്കുമോ;

(ബി) ബിയറും, വൈനും മദ്യമല്ല എന്നഭിപ്രായം സർക്കാരിനുണ്ടോ; ഉണ്ടെങ്കിൽ നിലവിലുള്ള ബിയർ, വൈൻ പാർലറുകൾ നിലനിർത്തുവാൻ ഉദ്ദേശമുണ്ടോ;

(സി) ഇക്കാര്യം സംബന്ധിച്ച നിയമവകുപ്പിന്റെ ഉപദേശം തേടിയിട്ടുണ്ടോ; എങ്കിൽ നിയമവകുപ്പ് നൽകിയ ഉപദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാന-ദേശീയ പാതയോരങ്ങളിലെ മദ്യവിൽപ്പന നിരോധിച്ച് കൊണ്ടുള്ള ബഹു. സുപ്രീംകോടതിയുടെ ഉത്തരവിന്റെ പരിധിയിൽ ബിയർ, വൈൻ പാർലറുകളും ഉൾപ്പെടുമോ എന്നത് സംബന്ധിച്ച് സർക്കാർ, അഡ്വക്കേറ്റ് ജനറലിന്റെ/ അറ്റോർണി ജനറലിന്റെ നിയമോപദേശം തേടിയിരിക്കുകയാണ്. അത് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ സർക്കാരിന് ഈ വിഷയങ്ങളിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. ബിയറും വൈനും മദ്യത്തിന്റെ നിർവ്വചനത്തിൽ പെടുന്നവയാണ്.

(സി) തേടിയിട്ടുണ്ട്. പകർപ്പ് മേൽ നിയമോപദേശം ലഭിക്കുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണ്.

**ദേശീയ-സംസ്ഥാന പാതയോരങ്ങളിലെ മദ്യ വിൽപ്പന കേന്ദ്രങ്ങൾ**

284 (1053) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീംകോടതി നിർദ്ദേശത്തെ തുടർന്ന് ദേശീയ, സംസ്ഥാന പാതയോരങ്ങളിൽ നിന്ന് എത്ര മദ്യ വില്പന കേന്ദ്രങ്ങൾ മാറ്റി സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ജനങ്ങൾക്ക് ബുദ്ധിമുട്ടും പ്രതിഷേധവുമുള്ള സ്ഥലങ്ങളിലേയ്ക്ക് മദ്യശാലകൾ മാറ്റി സ്ഥാപിക്കുന്നതിൽ നിന്ന് പിൻമാറുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ 20-ഉം കൺസ്യൂമർ ഫെഡിന്റെ 1-ഉം വിദേശ മദ്യ ചില്ലറ വിൽപ്പനശാലകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്.

(ബി) അബ്കാരി ആക്ടിലേയും ബന്ധപ്പെട്ട മറ്റ് നിയമങ്ങളിലേയും ബഹു. സുപ്രീംകോടതിയുടെ ഉത്തരവിലേയും വ്യവസ്ഥകൾക്ക് അനുസൃതമായിട്ട് മാത്രമാണ് വിദേശ മദ്യ ചില്ലറ വിൽപ്പനശാലകൾ മാറ്റിസ്ഥാപിക്കുന്നത്.

## ദേശീയ-സംസ്ഥാന പാതയോരങ്ങളിലെ മദ്യ വിൽപ്പനശാലകൾ നിരോധിക്കാൻ നടപടി

285 (1054) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ, സംസ്ഥാന പാതയോരങ്ങളിലെ മദ്യ വിൽപ്പനശാലകൾ നിരോധിച്ചു കൊണ്ടുള്ള ബഹു. സുപ്രീംകോടതി ഉത്തരവ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ ഉത്തരവ് നടപ്പിലാക്കുന്നതിനാവശ്യമായ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ദേശീയ, സംസ്ഥാന പാതയോരങ്ങളിലെ മദ്യത്തിന്റെയും മദ്യശാലകളുടെയും പരസ്യങ്ങൾ നീക്കം ചെയ്യുന്നത് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവ് നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്. ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദേശീയ-സംസ്ഥാന പാതകളുടെ 500 മീറ്റർ പരിധിക്കകത്തുള്ള എല്ലാ വിദേശ മദ്യ ചില്ലറ വിൽപ്പനശാലകളും മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിൽ ബിവറേജസ് കോർപ്പറേഷന്റെ 20 ഷോപ്പുകൾ മാറ്റി സ്ഥാപിച്ചു കഴിഞ്ഞു.

(ബി) ബഹു. സുപ്രീംകോടതിയുടെ 15-12-2016-ലെ സി.എ. 12164-12166/ 2016 നമ്പർ ഉത്തരവിൽ ദേശീയ/സംസ്ഥാന പാതയോരങ്ങളിലെ മദ്യത്തിന്റെയും മദ്യശാലകളുടെയും പരസ്യങ്ങൾ നീക്കം ചെയ്യണമെന്നും ഉത്തരവിട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിലുള്ള പരസ്യങ്ങൾ നീക്കം ചെയ്യാൻ എക്സൈസ് കമ്മീഷണർക്കും ബിവറേജസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## ദേശീയ/സംസ്ഥാന പാതയോരത്തുനിന്ന് മാറ്റി സ്ഥാപിച്ച മദ്യ ഷോപ്പുകൾ

286 (1055) ശ്രീ. അനിൽ അക്കര :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഇതുവരെ എത്ര മദ്യ ഷോപ്പുകൾ ദേശീയ/സംസ്ഥാന പാതയോരത്തു നിന്ന് മാറ്റി സ്ഥാപിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) മാറ്റി സ്ഥാപിച്ച പല മദ്യ വില്പനശാലകളും ജനവാസമേഖലകളിലും,

സ്കൂളുകൾക്കും, ആരാധനലായങ്ങൾക്കും സമീപവുമാണെന്ന പരാതി ഉണ്ടായിട്ടുണ്ടോ;

(സി) സുപ്രീംകോടതി വിധിയിൽ ഇളവുതേടിയും വ്യക്തത ആവശ്യപ്പെട്ടും ഹർജി സമർപ്പിച്ചശേഷം ഉടൻതന്നെ അതു പിൻവലിച്ചിട്ടുണ്ടോ; ഇതിനുള്ള സാഹചര്യം എന്തായിരുന്നുവെന്ന് വിശദീകരിക്കുമോ;

(ഡി) സുപ്രീംകോടതിയുടെ ഉത്തരവിന്റെ പരിധിയിൽ നിന്ന് പഞ്ചനക്ഷത്ര ഹോട്ടലുകൾ, ബിയർ/വൈൻ പാർലറുകൾ, കള്ളുഷാപ്പുകൾ എന്നിവയെ ഒഴിവാക്കണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഇ) മദ്യശാലകൾ മാറ്റി സ്ഥാപിച്ചതിനെതിരെ രൂപപ്പെടുന്ന ജനരോഷം പരിഗണിച്ച്, മദ്യ വില്പന കേന്ദ്രങ്ങൾ ജനവാസകേന്ദ്രങ്ങളിലേക്ക് മാറ്റാതെ, അടച്ചുപൂട്ടുവാനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ദേശീയ/സംസ്ഥാന പാതയോരത്ത് പ്രവർത്തിച്ചുകൊണ്ടിരുന്ന ബിവറേജസ് കോർപ്പറേഷന്റെ 20-ഉം കൺസ്യൂമർഫെഡിന്റെ 1-ഉം വിദേശ മദ്യ ചില്ലറ വിൽപ്പനശാലകൾ നാളിതുവരെ മാറ്റിസ്ഥാപിച്ചിട്ടുണ്ട്.

(ബി) സുപ്രീംകോടതി അനുശാസിക്കുന്ന 500 മീറ്റർ ദൂരപരിധിയും എക്സൈസ് നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകളും പാലിച്ചുതന്നെയാണ് എല്ലാ വിദേശ മദ്യ ചില്ലറ വിൽപ്പനശാലകളും മാറ്റി സ്ഥാപിച്ചിരിക്കുന്നത്. എന്നിരുന്നാലും ചില സ്ഥലങ്ങളിൽ പരാതി ഉയർന്നിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാർ അനുവദിക്കുന്ന FL ലൈസൻസുകളിൽ ഏതൊക്കെ വിഭാഗം ലൈസൻസുകൾ സുപ്രീംകോടതി വിധിയുടെ പരിധിയിൽ ഉൾപ്പെടും എന്ന കാര്യത്തിൽ അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. തുടർന്ന് അഡ്വക്കേറ്റ് ജനറലിന്റെ നിർദ്ദേശപ്രകാരം വ്യക്തത ആവശ്യപ്പെട്ട് സ്റ്റാൻഡിംഗ് കൗൺസിൽ സുപ്രീംകോടതിയിൽ ഹർജി സമർപ്പിക്കുകയുണ്ടായി. സ്റ്റാൻഡിംഗ് കൗൺസിൽ സ്വന്തം നിലയ്ക്ക് തയ്യാറാക്കി ഫയൽ ചെയ്ത പ്രസ്തുത ഹർജിയിൽ സർക്കാർ വ്യക്തത വരുത്തുവാൻ ഉദ്ദേശിച്ച FL ലൈസൻസുകളുടെ കാര്യം പരാമർശിച്ചിരുന്നില്ല. അതേസമയം മദ്യത്തിന്റെ നിർവ്വചനവുമായി ബന്ധപ്പെട്ട ആവശ്യം ഹർജിയിൽ ഉൾപ്പെടുകയും ചെയ്തു. ഹർജിയിൽ വസ്തുതാപരമായ പിശക് സംഭവിച്ചതായി കണ്ടെത്തിയതിനെ തുടർന്ന് ടി ഹർജി പിൻവലിക്കുകയുണ്ടായി.

(ഡി) ഇല്ല.

(ഇ) പരിഗണനയിലില്ല.

## മദ്യനയം

287 (1056) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ മദ്യനയം രൂപീകരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ;

(ബി) മദ്യ ഉപയോഗം വ്യാപകമായ അപകടങ്ങൾക്കും അക്രമത്തിനും സാമൂഹ്യതിന്മകൾക്കും കാരണമാകുന്നുവെന്നും മദ്യപാനം മൗലിക അവകാശമല്ലെന്നുമുള്ള കോടതിയുടെ നിരീക്ഷണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഭൂരിപക്ഷം ജനങ്ങളും മദ്യം വ്യാപകമാവുന്നതിൽ ആശങ്കാകുലരാണെന്ന വസ്തുത കൂടി പരിഗണിച്ച് മദ്യനിരോധന പ്രവർത്തനങ്ങൾ ശക്തമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഇല്ല. മദ്യനയം രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) മദ്യവർജ്ജനത്തിലൂന്നിയുള്ള മദ്യനയമാണ് ഈ സർക്കാരിന്റേത്. മദ്യത്തിന്റെ വിപണനം വർദ്ധിപ്പിക്കാനോ മദ്യപാനശീലത്തെ പ്രോത്സാഹിപ്പിക്കാനോ സർക്കാർ ഉദ്ദേശിക്കുന്നില്ല. സംസ്ഥാനത്ത് മദ്യ, മയക്കുമരുന്ന് വ്യാപനത്തിനെതിരെ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നു. മദ്യ, ലഹരി വസ്തുക്കൾമൂലമുള്ള ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ, പ്രത്യേകിച്ച് യുവജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നതിനു വമ്പിച്ച ബോധവൽക്കരണ പ്രവർത്തനങ്ങളാണ് സംസ്ഥാന തലത്തിൽ എക്സൈസ് വകുപ്പ് നടപ്പിലാക്കി വരുന്നത്. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ/ കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി- യുവജന-മഹിളാ സംഘടനകൾ എന്നിവരുടെ പങ്കാളിത്തത്തോടുകൂടി ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ " വിമുക്തി" എന്ന ബൃഹത്തായ പദ്ധതിയ്ക്ക് 6-10-2016-ലെ ജി.ഒ. (എംഎസ്.) നമ്പർ 94/2016/നി.വ. സർക്കാർ ഉത്തരവ് പ്രകാരം മാർഗ്ഗരേഖ രൂപീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. യുവജനങ്ങളേയും വിദ്യാർത്ഥികളേയും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോധ്യപ്പെടുത്തി വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നുള്ളതാണ് കേരള സംസ്ഥാന ലഹരി വർജ്ജന മിഷന്റെ പ്രധാന ലക്ഷ്യം.

## എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം

288 (1057) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജനുവരി മുതൽ നവംബർ വരെ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം എത്ര;

(ബി) അതിൽ COTPA പ്രകാരം എടുത്ത കേസുകളുടെ എണ്ണമെത്ര; ശതമാനം എത്ര;

(സി) അബ്കാരി നിയമമനുസരിച്ച് എടുത്ത കേസുകളുടെ എണ്ണമെത്ര; ശതമാനം എത്ര;

(ഡി) മയക്കുമരുന്ന് നിരോധന നിയമമനുസരിച്ച് എടുത്ത കേസുകളുടെ എണ്ണമെത്ര; ശതമാനം എത്ര?

ഉത്തരം

(എ) 61310 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 37258 COTPA കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയത് ആകെ കേസുകളുടെ 60.77 ശതമാനമാണ്.

(സി) 2016 ജനുവരി മുതൽ നവംബർ വരെ എക്സൈസ് വകുപ്പ് 21486 കേസുകൾ അബ്കാരി നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയത് ആകെ കേസുകളുടെ 35.04 ശതമാനമാണ്.

(ഡി) 2016 ജനുവരി മുതൽ നവംബർ വരെ എക്സൈസ് വകുപ്പ് 2566 കേസുകൾ എൻ.ഡി.പി.എസ്. നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയത് ആകെ കേസുകളുടെ 4.19 ശതമാനമാണ്.

## എക്സൈസ് വകുപ്പ് പരിഷ്കരിക്കുന്നതിന് കർമ്മ പദ്ധതി

289 (1058) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പ് ആധുനിക കാലഘട്ടത്തിനുതകുന്ന രീതിയിൽ പരിഷ്കരിക്കുന്നതിന് എന്തെങ്കിലും കർമ്മപദ്ധതി നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എക്സൈസ് വകുപ്പിൽ നിലവിൽ ഇൻസ്പെക്ടർ, പ്രിവന്റീവ് ഓഫീസർ, ഗാർഡ് എന്നിവരുടെ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്താൻ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോയെന്നു വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കർമ്മ പദ്ധതി നിലവിലുണ്ട്.

1. സംസ്ഥാനത്തെ കോളേജുകളിലെ മയക്കമരുന്ന് വിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., കുടുംബശ്രീ തുടങ്ങിയ എൻ.ജി.ഒ.-കളെ ഉൾപ്പെടുത്തി മദ്യ ഉപഭോഗം കുറയ്ക്കുന്നതിനും മയക്കമരുന്ന് വിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ലഹരിവർജ്ജന മിഷൻ "വിമുക്തി" രൂപീകരിച്ചിട്ടുണ്ട്.

2. അട്ടപ്പാടിയിലും വയനാട്ടിലും നിലവിലുള്ള ജനമൈത്രി എക്സൈസ് സ്ക്വാഡുകൾക്ക് പുറമേ നിലമ്പൂരും ദേവികുളത്തും ഓരോ ജനമൈത്രി എക്സൈസ് ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ഡീ-അഡിക്ഷൻ കേന്ദ്രങ്ങൾ തുടങ്ങുന്നതിനും സ്കാനർ ഉൾപ്പെടെ ആധുനിക ഉപകരണങ്ങൾ സ്ഥാപിച്ച് സംസ്ഥാന എക്സൈസ് ചെക്ക്പോസ്റ്റുകൾ നവീകരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. തൃശ്ശൂരിലെ എക്സൈസ് അക്കാദമി ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുക, റെയിഞ്ച്/ സർക്കിൾ ഓഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവർത്തനം ത്വരിതപ്പെടുത്തുക, എല്ലാ ജില്ലകളിലും എക്സൈസ് ടവറുകൾ സ്ഥാപിക്കുക, എക്സൈസ് ക്രൈം റെക്കോർഡ് ബ്യൂറോയുടെ ഉപയോഗത്തിന് ഒരു വെബ്-ബെയിസ്ഡ് ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ നിർമ്മിക്കുക, ഫീൽഡ് ഓഫീസുകളുടെ ഉപയോഗത്തിന് കൂടുതൽ കമ്പ്യൂട്ടറുകളും യു.പി.എസ്.കളും വാങ്ങുക എന്നീ കാര്യങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു.

(ബി) എക്സൈസ് ഇൻസ്പെക്ടർ - 6

പ്രിവന്റീവ് ഓഫീസർ - 38

(എൻ.ജെ.ഡി. ഒഴിവുകൾ)

സിവിൽ എക്സൈസ് ഓഫീസർ - 46

(സി) എക്സൈസ് ഇൻസ്പെക്ടർ, സിവിൽ എക്സൈസ് ഓഫീസർ തസ്തികകളിൽ റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. പ്രിവന്റീവ് ഓഫീസർ തസ്തികയിൽ റാങ്ക് ലിസ്റ്റ് നിലവിലില്ല.

## എക്സൈസ് വകുപ്പിന് ഓഫീസ്

290 (1059) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പുലിക്കുന്നിൽ ഓഫീസ് പണിയുവാൻ എക്സൈസ് വകുപ്പിന് സ്ഥലമുണ്ടോ;

(ബി) എങ്കിൽ എത്ര ഏക്കർ സ്ഥലമാണുള്ളത്;

(സി) ഈ സ്ഥലത്ത് ഓഫീസ് നിർമ്മിക്കുവാൻ ആലോചനയുണ്ടോ;

(ഡി) എങ്കിൽ ഏത് തരത്തിലുള്ള ഓഫീസ് ആണ് നിർമ്മിക്കുന്നത്;

(ഇ) ഇതിന് വേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്;

(എഫ്) ഇതിന് വേണ്ടിയുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും എപ്പോൾ ലഭ്യമാകും എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) 50 സെന്റ് (0.5 ഏക്കർ).

(സി) ഉണ്ട്.

(ഡി) എക്സൈസ് കോംപ്ലക്സ്.

(ഇ) എക്സൈസ് കോംപ്ലക്സ് നിർമ്മിക്കുവാൻ പ്ലാൻ തയ്യാറാക്കിയിട്ടുള്ളതും 255 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുള്ളതും പുതിയ DSR പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കാൻ കാസർഗോഡ് പൊതുമരാമത്ത് (കെട്ടിട വിഭാഗം) എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുമുണ്ട്.

(എഫ്) പുതുക്കിയ എസ്റ്റിമേറ്റിൻമേൽ പൊതുമരാമത്ത് (കെട്ടിട വിഭാഗം) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്നതാണ്.

**വിമുക്തി പദ്ധതി**

291 (1060) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ ലഹരിവിമുക്തമാക്കുവാൻ രൂപം നൽകിയ വിമുക്തി പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) എത്രകോടി രൂപയാണ് ഈ പദ്ധതിയ്ക്ക് നീക്കിവച്ചിട്ടുള്ളതെന്നും ഇതിനകം എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) വിമുക്തി പദ്ധതിയ്ക്ക് പ്രത്യേക ഓഫീസ് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ;

(ഡി) മയക്കുമരുന്നിന്റെയും മദ്യത്തിന്റെയും ഉപയോഗം കൂടി വരുന്നതിന്റെ അടിസ്ഥാനത്തിൽ, വിമുക്തി പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുവാൻ വേണ്ട നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ദിനംപ്രതി വർദ്ധിച്ചു വരുന്ന മദ്യ- മയക്കുമരുന്നു വ്യാപനത്തെ നിർമ്മാർജ്ജനം ചെയ്യുന്നതിനും മദ്യവർജ്ജനത്തിന് ഊന്നൽ നൽകി മയക്കു മരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ടാണ് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ - " വിമുക്തി" രൂപീകരിച്ചിട്ടുള്ളത്. യുവജനങ്ങളെയും വിദ്യാർത്ഥികളെയും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോധ്യപ്പെടുത്തി വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയെന്നതാണ് കേരള സംസ്ഥാന ലഹരി വർജ്ജന മിഷന്റെ ലക്ഷ്യം.

(ബി) നിലവിൽ ഈ പദ്ധതിയ്ക്ക് 7,28,95,000 രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. 10-11-2016-ലെ (ജി.ഒ. (എം.എസ്.) 99/2016/നി.വ.) ആയതിൽ നിന്നും 5,09,55,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ഇല്ല. എക്സൈസ് വകുപ്പിന്റെ ബോധവൽക്കരണ വിഭാഗത്തിലെ ഉദ്യോഗസ്ഥരെയും, സംവിധാനങ്ങളുമുപയോഗിച്ചാണ് വിമുക്തി മിഷൻ പ്രവർത്തിച്ചു വരുന്നത്. വിമുക്തി മിഷന് ഓഫീസ് ഏർപ്പെടുത്തുന്നതിനും തസ്തിക നിശ്ചയിക്കുന്നതിനുമുള്ള നിർദ്ദേശം പരിശോധിച്ചു വരുന്നു.

(ഡി) " വിമുക്തി" പദ്ധതി കാര്യക്ഷമമായാണ് സർക്കാർ നടപ്പിലാക്കി വരുന്നത്. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടേയും സഹകരണത്തോടെ "വിമുക്തിയുടെ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരികയാണ്.

**എക്സൈസ് വകുപ്പ് കണ്ടെത്തിയ അനധികൃത സ്പിരിറ്റ്**

292 (1061) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ എക്സൈസ് വകുപ്പ് സംസ്ഥാനത്ത് ആകെ കണ്ടെത്തിയ അനധികൃത സ്പിരിറ്റിന്റെ അളവെത്ര;

(ബി) 2016 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ എക്സൈസ് വകുപ്പ് കണ്ടെത്തിയ അനധികൃത സ്പിരിറ്റിന്റെ അളവെത്ര;

(സി) 2016 സെപ്റ്റംബർ 1 മുതൽ 2017 ജനവരി 31 വരെ എക്സൈസ് വകുപ്പ് കണ്ടെത്തിയ അനധികൃത സ്പിരിറ്റിന്റെ അളവെത്ര എന്നു വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 2015 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ എക്സൈ് വകുപ്പ് 17952.65 ലിറ്റർ അനധികൃത സ്പിരിറ്റ് കണ്ടെടുത്തിട്ടുണ്ട്.

(ബി) 2016 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ എക്സൈസ് വകുപ്പ് 2713.5 ലിറ്റർ അനധികൃത സ്പിരിറ്റ് കണ്ടെടുത്തിട്ടുണ്ട്.

(സി) 2016 സെപ്റ്റംബർ 1 മുതൽ 2017 ജനവരി 31 വരെയുള്ള കാലയളവിൽ എക്സൈസ് വകുപ്പ് 44.7 ലിറ്റർ അനധികൃത സ്പിരിറ്റ് കണ്ടെത്തിയിട്ടുണ്ട്.

**ഹോട്ടൽ ക്രൗൺ പ്ലാസയ്ക്ക് നൽകിയ ബാർ ലൈസൻസ് റദ്ദാക്കാൻ നടപടി**

293 (1062) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരത്തു നിന്നും വിവരാവകാശ നിയമപ്രകാരം നൽകിയ കത്ത് നമ്പർ Q5-40706/2016 dt, 28-12-2016 പ്രകാരമുള്ള മറുപടിയിൽ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം എറണാകുളം, മരടിലുള്ള ഹോട്ടൽ ക്രൗൺ പ്ലാസയ്ക്ക് നൽകിയ ബാർ ലൈസൻസ് റദ്ദാക്കണമെന്നുള്ള ശിപാർശയിൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) വളരെ പ്രകടമായും നിയമവിരുദ്ധമായും നൽകിയതാണ് ക്രൗൺപ്ലാസ ഹോട്ടലിന്റെ ബാർ ലൈസൻസ് എന്ന് അന്വേഷണങ്ങളിൽ ബോദ്ധ്യപ്പെട്ടിട്ടും നാളിതുവരെയായി ഈ ഹോട്ടലിന്റെ ബാർ ലൈസൻസ് റദ്ദ് ചെയ്യാത്തതിന്റെ കാരണം എന്തെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ഹോട്ടലിനോട് ചേർന്ന് ഏതെങ്കിലും ക്ഷേത്രം സ്ഥിതി ചെയ്യുന്നുണ്ടോ;

(ഡി) ക്ഷേത്രവും ഈ ഹോട്ടലുമായിട്ടുള്ള ദൂരപരിധി എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിജിലൻസ് വകുപ്പിന്റെ QV-1/16 നമ്പർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എക്സൈസ് വകുപ്പിൽ നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ബി) നിയമപരമായി ലൈസൻസ് റദ്ദാക്കുന്നതിന് കാരണം കാണിക്കൽ നോട്ടീസ് ലൈസൻസിയ്ക്ക് നൽകേണ്ടതുണ്ട്. ആയത് പ്രകാരം ലൈസൻസിയ്ക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകി നിയമ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഉണ്ട്.

(ഡി) ഹോട്ടലിന്റെ പടിഞ്ഞാറ് ഭാഗത്തുള്ള പ്രധാന ഗേറ്റിൽ നിന്നും വടക്ക്-കിഴക്ക് ഭാഗത്ത് സ്ഥിതി ചെയ്യുന്ന ദൈവപുരയ്ക്കൽ ക്ഷേത്രത്തിന്റെ മുൻഗേറ്റ് വരെ 350 മീറ്റർ ദൂരവും ഹോട്ടലിന്റെ വടക്ക് കിഴക്ക് സ്ഥാപിച്ചിരിക്കുന്ന ഗേറ്റിൽനിന്നും ക്ഷേത്രത്തിന്റെ മുൻഭാഗത്ത് സ്ഥാപിച്ചിരിക്കുന്ന ഗേറ്റ് വരെ 14 മീറ്റർ ദൂരവുമാണുള്ളത്.

**എക്സൈസ് പരിശോധനാ കേന്ദ്രങ്ങളുടെ ആധുനികവൽക്കരണം**

294 (1063) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എക്സൈസ് പരിശോധനാ കേന്ദ്രങ്ങൾ ആധുനിക വൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ തരത്തിലുള്ള മാറ്റങ്ങളാണ് പരിഗണനയിലുള്ളത് ;

(സി) ഇത് വരുമാനദായകമായ പരിഷ്കാരമായി കാണാൻ സാധിക്കുമോ ; ഇതിനായി എത്ര കോടി രൂപ ചെലവു വരുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) 7 എക്സൈസ് ചെക്ക്പോസ്റ്റുകളിൽ കമ്പ്യൂട്ടർ മോഡ്യൂൾ സ്ഥാപിക്കുന്നതിനും 25 എക്സൈസ് ചെക്ക് പോസ്റ്റുകളിൽ സോളാർ എൽ.ഇ.ഡി. ഹൈമാസ്റ്റ് ലാമ്പുകൾ സ്ഥാപിക്കുന്നതിനും മുത്തങ്ങ, ചിന്നാർ എന്നീ എക്സൈസ് ചെക്ക്പോസ്റ്റുകളിൽ സോളാർ ലൈറ്റിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനും 14 എക്സൈസ് ചെക്ക്പോസ്റ്റുകളിൽ സി.സി.ടി.വി. സ്ഥാപിക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പരിശോധനാ കേന്ദ്രങ്ങൾ ആധുനികവൽക്കരിക്കുന്നതുമൂലം അനധികൃത മദ്യകടത്ത്/സ്പിരിറ്റ് കടത്ത് എന്നിവ തടയുവാൻ കഴിയുകയും അതുമൂലം അംഗീകൃത മദ്യവിൽപ്പനയിൽനിന്നുള്ള വരുമാനം വർദ്ധിക്കുന്നതിനും ഇടയാകും. സംസ്ഥാന എക്സൈസ് പരിശോധന കേന്ദ്രങ്ങൾ ആധുനികവൽക്കരിക്കാൻ 2016-17 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ടിൽ 139 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതാണ്.

## ഹൈവേയിലെ മദ്യഷാപ്പുകൾ അടച്ചുപൂട്ടൽ

295 (1064) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിൽ എത്ര മദ്യഷാപ്പുകൾ അടച്ചുപൂട്ടേണ്ടി വരുമെന്ന് വിശദമാക്കാമോ;

(ബി) അതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

### ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ എട്ടും കൺസ്യൂമർഫെഡിന്റെ രണ്ടും വിദേശമദ്യ ചില്ലറ വിൽപ്പനശാലകൾ മാറ്റി സ്ഥാപിക്കേണ്ടി വരും.

(ബി) ആരംഭിച്ചിട്ടുണ്ട്.

## ബിവറേജസ് കോർപ്പറേഷനിലെ ഹെൽപ്പർ, പ്യൂൺ നിയമനം

296 (1065) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷനിൽ ഹെൽപ്പർ, പ്യൂൺ റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ടോ; ഇതിൽ നിന്നും എത്ര പേരെ നിയമിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇപ്പോൾ എത്ര ഒഴിവുകൾ നിലവിലുണ്ട് ; ഇവ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നേക്ക് റിപ്പോർട്ട് ചെയ്യും;

(സി) ഈ തസ്തികയിലെ നോട്ട് ജോയിനിംഗ് ഡ്യൂട്ടി (എൻ.ജെ.ഡി) ഒഴിവുകൾ എത്ര; ഇവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. നാളിതുവരെ 257 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) നിലവിലുള്ള 49 ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) നിലവിലുണ്ടായിരുന്ന 33 എൻ.ജെ.ഡി. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**വാമനപുരം നിയോജകമണ്ഡലത്തിലെ മദ്യ വിൽപ്പനശാലകളുടെ എണ്ണം**

297 (1066) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ കള്ളുഷാപ്പുകളുടെയും വിദേശമദ്യ വില്പന ശാലകളുടെയും ബിയർ ആന്റ് വൈൻ പാർലറുകളുടെയും എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ എത്ര കള്ളുഷാപ്പുകൾ തുറന്ന് പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) എത്ര കള്ളുഷാപ്പുകൾ അടച്ചിട്ടിരിക്കുന്നുവെന്നും ആയത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) വിദേശ മദ്യഷാപ്പ് (എഫ്.എൽ.- 1)- 3 എണ്ണം

ബിയർ/വൈൻ പാർലർ - 2 എണ്ണം

കള്ള് ഷാപ്പ് - 12 എണ്ണം (ഗസറ്റ് വിജ്ഞാപനം പ്രകാരം 12 കള്ളുഷാപ്പുകൾ നിലവിലുണ്ടെങ്കിലും നിലവിൽ പ്രവർത്തിക്കുന്നില്ല.)

(ബി) നിലവിൽ കള്ള് ഷാപ്പുകളൊന്നും തന്നെ പ്രവർത്തിക്കുന്നില്ല. ഗസറ്റ് വിജ്ഞാപന പ്രകാരം 12 കള്ള് ഷാപ്പുകൾ ഉണ്ടെങ്കിലും 2011-12 മുതൽ ടി കള്ള് ഷാപ്പുകൾ വിൽപ്പനയിൽ പോയിട്ടില്ലാത്തതും ലൈസൻസ് ചെയ്തിട്ടില്ലാത്തതുമാണ്.

(സി) നിലവിൽ കള്ള് ഷാപ്പുകളൊന്നുംതന്നെ പ്രവർത്തിക്കുന്നില്ല. വിൽപ്പനയിൽ പിടിക്കാൻ ആരും തന്നെ മുന്നോട്ട് വരാത്തതിനാലും തൊഴിലാളികൾ കമ്മിറ്റി രൂപീകരിച്ച് ഷാപ്പ് ഏറ്റെടുത്ത് നടത്തുന്നതിന് തയ്യാറാകാത്തതിനാലും ഷാപ്പുകൾ പ്രവർത്തിപ്പിക്കുവാൻ കഴിയുന്നില്ല.

**അബ്കാരി നയം**

298 (1067) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ഏതൊക്കെ ബാറുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(ബി) ഇതിൽ കോടതിവിധി പ്രകാരം ലൈസൻസ് നൽകിയ ബാറുകൾ ഉണ്ടോ; എങ്കിൽ ജില്ല തിരിച്ച് അവയുടെ പേരുസഹിതം വിശദാംശങ്ങൾ നൽകാമോ;

(സി) പുതിയ അബ്കാരി നയം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എറണാകുളം ജില്ലയിലെ ഹോട്ടൽ ഡ്യൂ ലാന്റിന് മാത്രമേ ബാർ ലൈസൻസ് നൽകിയിട്ടുള്ളൂ.

(ബി) ഇല്ല.

(സി) ഉണ്ട്.

**വിദേശ മദ്യഷാപ്പുകളിൽ സ്ത്രീ നിയമനം**

299 (1068) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷന് കീഴിലുള്ള വിദേശമദ്യ ഷാപ്പുകളിലെ ഒഴിവുകളിലേക്ക് സ്ത്രീകളെ നിയമിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട സ്ത്രീകളെ ഒഴിവാക്കി താഴ്ന്ന റാങ്കിലുള്ള പുരുഷൻമാരെ ഇത്തരം ഒഴിവുകളിലേക്ക് നിയമിക്കുന്നതിനുള്ള നിർദ്ദേശം ബിവറേജസ് കോർപ്പറേഷന് നല്കിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത നിർദ്ദേശ പ്രകാരം സ്ത്രീകളെ ഒഴിവാക്കി പുരുഷൻമാരെ നിയമിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ ;

(സി) വിദേശമദ്യഷാപ്പുകളിൽ സ്ത്രീ നിയമനം വിലക്കുന്നതിനെതിരെ ബഹു. ഹൈക്കോടതിയുടെ ഉത്തരവുകളെന്തെങ്കിലും ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇത് പ്രകാരം സ്വീകരിച്ച നടപടിയെന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) നിലവിലെ അബ്കാരി ചട്ട പ്രകാരം ബിവറേജസ് കോർപ്പറേഷനിലെ ചില്ലറ മദ്യവിൽപ്പന ശാലകളിൽ സ്ത്രീകൾക്ക് നിയമനം നൽകാൻ കഴിയില്ല.

(ബി) നൽകിയിട്ടില്ല.

(സി) ഉണ്ട്. സർക്കാരിൽ ലഭ്യമായ വിധിന്യായത്തിന്മേൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടിയിരിക്കുകയാണ്.

**സ്പിരിറ്റ് കടത്ത് കേസ്സുകൾ**

300 (1069) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂലൈ 1 മുതൽ 2017 ജനുവരി 31 വരെ എത്ര സ്പിരിറ്റ് കടത്ത് കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(ബി) 2015 ജൂലൈ 1 മുതൽ 2016 ജനുവരി 31 വരെ എത്ര സ്പിരിറ്റ് കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) എക്സൈസ് വകുപ്പ് 6 സ്പിരിറ്റ് കടത്ത് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) എക്സൈസ് വകുപ്പ് 25 സ്പിരിറ്റ് കടത്ത് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**കാസർഗോഡ് ജില്ലയിൽ എക്സൈസ് വകുപ്പിന്റെ സബ് ഡിവിഷൻ**

301 (1070) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പുതുതായി അനുവദിക്കപ്പെട്ട രണ്ട് താലൂക്കുകളിൽ എക്സൈസ് വകുപ്പിന്റെ സബ് ഡിവിഷൻ (CI) റേഞ്ച് ഓഫീസുകൾ അനുവദിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) കർണാടക അതിർത്തിയിലൂടെ വ്യാപകമായ തോതിൽ വ്യാജമദ്യം വരുന്ന സാഹചര്യത്തിലും അബ്കാരി കേസുകൾ വർദ്ധിച്ചിട്ടുള്ള സാഹചര്യത്തിലും ഈ ഓഫീസുകൾ എന്ന് പ്രവർത്തനക്ഷമമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഇക്കാര്യം പരിശോധിച്ചു വരുന്നു.

**നിലമ്പൂർ മണ്ഡലത്തിലെ ഐ.റ്റി.ഐ.**

302 (1071) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലമ്പൂർ മണ്ഡലത്തിലെ ഐ.റ്റി.ഐ. ഇന്റർനാഷണൽ നിലവാരത്തിലേക്ക് ഉയർത്തുന്നതിനായുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

നിലമ്പൂർ സർക്കാർ ഐ.ടി.ഐ.-യെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**കുട്ടികളിലെ ലഹരി ഉപയോഗം**

303 (1072) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കലാലയങ്ങളിൽ (ഹൈസ്കൂളുകൾ ഉൾപ്പെടെ) ലഹരി ഉപയോഗം വർദ്ധിക്കുന്നു എന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ നല്കുമോ ;

(ബി) കുട്ടികളിലെ ലഹരി ഉപയോഗം നിയന്ത്രിക്കുന്നതിനും തടയുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് മെഡിക്കൽ സ്റ്റോറുകളിൽ ചുമയ്ക്കെതിരെ ഉപയോഗിക്കുന്ന കഫ് സിറപ്പുകളും വേദനസംഹാരികളും മനോരോഗ ചികിത്സയ്ക്കുള്ള ഔഷധങ്ങളും ഉൾപ്പെടെയുള്ള ചില മരുന്നുകൾ ലഹരി മരുന്നുകളായി വ്യാപകമായി, പ്രത്യേകിച്ച് വിദ്യാർത്ഥികൾക്കിടയിൽ ഉപയോഗിക്കുന്നുവെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിദ്യാർത്ഥികൾ മദ്യം, മയക്കുമരുന്ന്, പുകയില തുടങ്ങിയ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നത് തടയുവാൻ സ്കൂൾ പരിസരങ്ങളിൽ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളോടൊപ്പം ലഹരിക്കെതിരെയുള്ള വൈവിദ്ധ്യമാർന്ന ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നു. ലഹരി വിരുദ്ധ ക്ലബ്ബുകൾ, എസ്.പി.സി., എൻ.എസ്.എസ്, വിദ്യാർത്ഥി- യുവജന- സന്നദ്ധ സംഘടനകളുടെ പങ്കാളിത്തത്തോടും സഹകരണത്തോടുംകൂടി 'ലഹരി മുക്ത കേരളം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി വിദ്യാർത്ഥികളിലും യുവജനങ്ങളിലും പൊതുസമൂഹത്തിലും ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. സ്കൂൾ പരിസരങ്ങളിൽ ലഹരിവസ്തുക്കളുടെ വിപണനവും ഉപഭോഗവും നിരോധിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി വരുന്നു. ലഹരി വിരുദ്ധ ക്ലബ്ബുകൾ, എസ്.പി.സി., എൻ.എസ്.എസ്., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികൾ, വിദ്യാർത്ഥി-യുവജന-മഹിളാ-സന്നദ്ധ സംഘടനകളുടെ പങ്കാളിത്തത്തോടും സഹകരണത്തോടും കൂടി വിദ്യാർത്ഥികളെയും യുവജനങ്ങളെയും ബോധവൽക്കരിക്കുന്നതിനുവേണ്ടി വൈവിദ്ധ്യമായ പരിപാടികളാണ് നടത്തി വരുന്നത്. ലഹരി വിരുദ്ധ ബോധവൽക്കരണ സെമിനാറുകൾ, ലഹരി വിരുദ്ധ ആശയങ്ങളടങ്ങിയ ഹ്രസ്വ ചിത്രങ്ങൾ, ബോധവൽക്കരണ ക്ലാസുകൾ, പി.റ്റി.എ.-കളുമായി സഹകരിച്ചുകൊണ്ട് ബോധവൽക്കരണ മീറ്റിംഗുകൾ എന്നിവയും സംഘടിപ്പിച്ചു വരുന്നുണ്ട്. വിദ്യാർത്ഥികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവർക്ക് പേര് വിവരം വെളിപ്പെടുത്താതെ ലഹരി വസ്തുക്കളുടെ വിപണനം, ഉപഭോഗം എന്നിവ അറിയിക്കുന്നതിനായി 1385 സ്കൂൾ/കോളേജ് ക്യാമ്പസുകളിൽ പരാതിപ്പെട്ടി സ്ഥാപിച്ചു കഴിഞ്ഞു. മുഴുവൻ സ്കൂൾ/കോളേജ് ക്യാമ്പസുകളിലും പരാതിപ്പെട്ടികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## കിളിമാനൂർ എക്സൈസ് ഓഫീസ്

304 (1073) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ എക്സൈസ് ഓഫീസ് നിർമ്മാണത്തിന് തദ്ദേശ സ്ഥാപനം സ്ഥലം ലഭ്യമാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിർമ്മാണ പ്രവർത്തനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ;

(ബി) ദേശീയ പാതയോരത്തെ മദ്യവിൽപ്പന കേന്ദ്രങ്ങൾ മാറ്റുന്നതിന്റെ ഭാഗമായി ബെവ്കോ, കൺസ്യൂമർഫെഡ് എന്നിവയുടെ എത്ര ഔട്ട്ലെറ്റുകൾ തിരുവനന്തപുരം ജില്ലയിൽ മാറ്റി സ്ഥാപിക്കണമെന്നും എത്ര എണ്ണം മാറ്റിയെന്നും വ്യക്തമാക്കാമോ;

(സി) ആറ്റിങ്ങൽ മണ്ഡലത്തിലെ വക്കം നിലയ്ക്കാമുക്കിൽ ജനവാസ കേന്ദ്രത്തിൽ സ്ഥിതിചെയ്യുന്ന ബിവറേജസ് ഔട്ട്‌ലെറ്റ് മാറ്റി സ്ഥാപിക്കുന്നതിന്റെ നടപടിക്രമങ്ങൾ എന്തായി എന്ന് വ്യക്തമാക്കാമോ; പകരം സ്ഥലം ലഭ്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കിളിമാനൂർ എക്സൈസ് റേഞ്ച് ഓഫീസ് നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടം സ്ഥിതിചെയ്യുന്ന കിളിമാനൂർ വില്ലേജിലെ ബ്ലോക്ക് 31, റീ സർവ്വേ 304/12-ൽ ഉൾപ്പെട്ട പഴയകുന്നമ്മേൽ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 3.90 ആർ സ്ഥലം വിട്ടു നൽകാമെന്ന് പഞ്ചായത്ത് തീരുമാനിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി ഭൂമി എക്സൈസ് വകുപ്പിന് അനുവദിക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും നടന്നുവരുന്നു. ഭൂമി എക്സൈസ് വകുപ്പിന് ലഭിച്ചാലുടൻ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ദേശീയ പാതയോരത്തെ മദ്യവിൽപ്പന കേന്ദ്രങ്ങൾ മാറ്റുന്നതിന്റെ ഭാഗമായി ബെവ്കോയുടെയും കൺസ്യൂമർഫെഡിന്റേയും 28 മദ്യഷാപ്പുകൾ മാറ്റേണ്ടി വരും. 2 ബെവ്കോ ഔട്ട്‌ലെറ്റുകൾ തിരുവനന്തപുരം ജില്ലയിൽ മാറ്റി സ്ഥാപിച്ചിട്ടുണ്ട്.

(സി) ആറ്റിങ്ങൽ മണ്ഡലത്തിലെ വക്കം നിലയ്ക്കാമുക്കിൽ ജനവാസ കേന്ദ്രത്തിൽ സ്ഥിതി ചെയ്യുന്ന ബിവറേജസ് ഔട്ട്‌ലെറ്റ് മാറ്റി സ്ഥാപിക്കുന്നതിന് പ്രസ്തുത ഔട്ട്‌ലെറ്റിന്റെ എല്യക പുനഃക്രമീകരിച്ച് 18-2-2017-ലെ ജി.ഒ.(പി.) 9/2017/നി.വ. പ്രകാരം ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

**കഞ്ചാവിന്റെ ഉപയോഗത്തിലുണ്ടായ വർദ്ധനവ്**

305 (1074) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഞ്ചാവിന്റെ ഉപയോഗത്തിലുണ്ടായ വർദ്ധനവ് ഗൗരവമായി കാണുന്നുണ്ടോ ; ഇതിന്റെ വിപണന സംഘങ്ങളെ നിയന്ത്രിക്കുന്നതിൽ എക്സൈസ് വകുപ്പ് മതിയായ ജാഗ്രത കാണിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ബി) സ്കൂളുകൾ കേന്ദ്രീകരിച്ചും വിദ്യാർത്ഥികൾ വിൽപ്പനക്കാരുമായ ഇത്തരം സംഘങ്ങളുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുവരുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത്തരം ലഹരിവസ്തുക്കളുടെ വർദ്ധിച്ചുവരുന്ന ഉപയോഗം തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ ?

## ഉത്തരം

(എ) കഞ്ചാവ് അടക്കമുള്ള മയക്കുമരുന്നുകളുടെ ഉപയോഗത്തിലുണ്ടായ വർദ്ധനവ് സർക്കാർ വളരെ ഗൗരവമായി കാണുന്നു. ഇത്തരം ദുഷ്പ്രവണതകൾ മൂലമുണ്ടാകുന്ന ആരോഗ്യ-സാമൂഹ്യ പ്രശ്നങ്ങളെ കാര്യക്ഷമമായി നേരിടുന്നതിനും മയക്കുമരുന്നുകളുടെ ഉപയോഗം ഫലപ്രദമായി ഇല്ലായ്മ ചെയ്യുന്നതിനും സർക്കാർ മുന്തിയ പരിഗണന നൽകുന്നു. ലഹരി വസ്തുക്കളുടെ ഉപയോഗവും അനധികൃതമായ വിൽപ്പനയും കടത്തും തടയുന്നതിനും എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. ലഹരി വസ്തുക്കളുടെ ഉപയോഗംമൂലമുള്ള ദൂഷ്യവശങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം വളർത്തുന്നതിന് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ലഹരി വസ്തുക്കളുടെ വർദ്ധിച്ചു വരുന്ന ഉപയോഗം തടയുന്നതിന് മുന്തിയ പരിഗണന നൽകി ഫലപ്രദമായ നടപടികൾ നിലവിൽ സ്വീകരിച്ചു വരുന്നുണ്ട്. സംസ്ഥാനത്ത് ലഹരി വസ്തുക്കളുടെ ഉപയോഗവും അനധികൃത വിൽപ്പനയും കടത്തും തടയുന്നതിന് എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തെയും ഉൾപ്പെടുത്തി ലഹരി മരുന്ന് കേസുകളിലടക്കം ഫലപ്രദമായി അന്വേഷണം നടത്തി യഥാർത്ഥ കുറ്റവാളികളെ നിയമത്തിന് മുമ്പിൽ കൊണ്ടുവരുന്നതിന് പ്രത്യേക അന്വേഷണ വിഭാഗം രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നു. കൂടാതെ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" യുടെ ഭാഗമായി മുനിസിപ്പാലിറ്റി/ബ്ലോക്ക് പഞ്ചായത്ത്/വാർഡ് തലങ്ങളിലുള്ള കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതും മേൽ മിഷന്റെ കീഴിൽ ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയും വരുന്നുണ്ട്.

## ദേശീയപാതയുടെ സമീപത്തെ മദ്യ വിൽപ്പനശാലകൾ

306 (1075) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീംകോടതി ഉത്തരവിനെ തുടർന്ന് ദേശീയപാതയുടെ സമീപത്തെ മദ്യ വിൽപ്പനശാലകൾ മാറ്റി സ്ഥാപിക്കുന്ന നടപടികൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ഇത്തരം മദ്യഷാപ്പുകൾ ജനസാന്ദ്രതയുള്ള പ്രദേശത്തേക്ക് മാറ്റി സ്ഥാപിക്കുമ്പോൾ അത് വലിയ ക്രമസമാധാന പ്രശ്നം സൃഷ്ടിക്കുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) പൂട്ടിയ ബാറുകൾ തുറന്നാൽ ശക്തമായ പ്രക്ഷോഭം നേരിടേണ്ടി വരുമെന്ന ചില സംഘടനകളുടെ മുന്നറിയിപ്പ് പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഷാപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനെ ജനം ചെറുത്ത് തോൽപ്പിക്കുന്നത് സംബന്ധിച്ച വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ആരംഭിച്ചിട്ടുണ്ട്. മാറ്റിസ്ഥാപിക്കേണ്ട ഔട്ട്ലെറ്റുകൾക്കായി സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 500 മീറ്റർ ദൂരപരിധി പാലിക്കുന്നതും അബ്കാരി നിയമത്തിലെ എല്ലാ നിയമങ്ങൾക്കും വ്യവസ്ഥകൾക്കും അനുസൃതമായതും ഉപഭോക്താക്കൾക്ക് കൂടുതൽ മെച്ചപ്പെട്ട സൗകര്യം ലഭ്യമാക്കുന്നതിനായി കൂടുതൽ വിൽപ്പന കൗണ്ടറുകളും സെൽഫ് ഹെൽപ്പ് പ്രീമിയം കൗണ്ടറുകളും ആരംഭിക്കുന്നതിനുമായി കൂടുതൽ സ്ഥലവിസ്തൃതിയുള്ളതുമായ കെട്ടിടങ്ങളാണ് ഇപ്പോൾ കണ്ടെത്തുന്നത്. മാറ്റേണ്ട ഓരോ ഷോപ്പിനും പകരം 4 കെട്ടിടങ്ങൾ കണ്ടെത്തുകയും അതിൽ ഏറ്റവും അനുയോജ്യമായത് തെരഞ്ഞെടുക്കുകയുമാണ് ചെയ്യുന്നത്.

(ബി) വിലയിരുത്തിയിട്ടുണ്ട്.

(സി) പൂട്ടിയ ബാറുകൾ തുറക്കുന്നത് സംബന്ധിച്ച് യാതൊരുവിധ തീരുമാനവും സർക്കാർ കൈക്കൊണ്ടിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബിവറേജസ് കോർപ്പറേഷന്റെ 54 വിദേശ മദ്യ ചില്ലറ വിൽപ്പനശാലകൾ മാറ്റി സ്ഥാപിക്കാൻ ശ്രമിച്ചപ്പോൾ 20 എണ്ണം മാത്രമാണ് മാറ്റിസ്ഥാപിക്കാൻ സാധിച്ചത്. പ്രതിഷേധത്തെ തുടർന്ന് 9 വിദേശ മദ്യ ചില്ലറ വിൽപ്പനശാലകൾ താൽക്കാലികമായി അടച്ചു പൂട്ടേണ്ടിയും വന്നിട്ടുണ്ട്.

## മദ്യത്തിന്റെ നിർവ്വചനം

307 (1076) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കള്ള്, ബിയർ, വൈൻ എന്നിവയെ മദ്യത്തിന്റെ നിർവചനത്തിൽ നിന്നും ഒഴിവാക്കുവാൻ സുപ്രീംകോടതിയിൽ ആവശ്യപ്പെടാനുണ്ടായ സാഹചര്യം എന്താണെന്ന് വിശദമാക്കുമോ ;

(ബി) ഈ ആവശ്യം ഉന്നയിച്ചത് സർക്കാരിന്റെ അറിവോടുകൂടിയാണോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാന സർക്കാർ അനുവദിക്കുന്ന എഫ്.എൽ. ലൈസൻസുകളിൽ ഏതൊക്കെ വിഭാഗം ലൈസൻസുകൾ സുപ്രീംകോടതിയുടെ വിധിയുടെ പരിധിയിൽ ഉൾപ്പെടും എന്ന കാര്യത്തിൽ അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. തുടർന്ന് അഡ്വക്കേറ്റ് ജനറലിന്റെ നിർദ്ദേശ പ്രകാരം സുപ്രീംകോടതി വിധിയിൽ വ്യക്തത ആവശ്യപ്പെട്ട് സ്റ്റാന്റിംഗ് കൗൺസിൽ സുപ്രീംകോടതിയിൽ ഹർജി സമർപ്പിക്കുകയുണ്ടായി. സ്റ്റാന്റിംഗ് കൗൺസിൽ സ്വന്തം നിലയ്ക്ക് തയ്യാറാക്കി ഫയൽ ചെയ്ത പ്രസ്തുത ഹർജിയിൽ സർക്കാർ വ്യക്തത വരുത്തുവാൻ ഉദ്ദേശിച്ച എഫ്.എൽ. ലൈസൻസുകളുടെ കാര്യം പരാമർശിച്ചിരുന്നില്ല. അതേസമയം മദ്യത്തിന്റെ നിർവ്വചനവുമായി ബന്ധപ്പെട്ട ആവശ്യം ഹർജിയിൽ ഉൾപ്പെടുകയും ചെയ്തു. ഹർജിയിൽ വസ്തുതാപരമായ പിശക് സംഭവിച്ചതായി കണ്ടെത്തിയതിനെ തുടർന്ന് ടി ഹർജി പിൻവലിക്കുകയുണ്ടായി. തുടർന്ന് ഈ വിഷയത്തിൽ അറ്റോർണി ജനറലിന്റെ അഭിപ്രായം ആരായുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ലഹരി വിപണനം

308 (1077) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ലഹരി വിപണനം വ്യാപകമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രായപൂർത്തിയാവാത്ത കുട്ടികളെ ലഹരിക്ക് അടിമകളാക്കുകയും കാര്യർമാരായി ഉപയോഗിക്കുകയും ചെയ്യുന്ന ലഹരി മാഫിയയെ നിയന്ത്രിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ ;

(സി) വിദ്യാഭാസ വകുപ്പുമായി ചേർന്ന് ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മദ്യത്തിനും മയക്കുമരുന്നിനുമെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് വേണ്ടി കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" രൂപീകരിച്ചിട്ടുണ്ട്. അബ്കാരി നിയമം, കോട്പ ആക്ട്, എൻ.ഡി.പി.എസ്. ആക്ട്, എം & റ്റി.പി. ആക്ട് & റൂൾസ് എന്നിവ പ്രകാരം മദ്യത്തിനും മയക്കുമരുന്നിനുമെതിരെ നടപടികൾ സ്വീകരിക്കുന്നുണ്ട്. വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ഉപയോഗത്തിനെതിരെ നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്ര നിയമമായ എൻ.ഡി.പി.എസ്. ആക്ടിൽ കുറഞ്ഞ അളവ് പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര സർക്കാരിനോട് ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

(സി) ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ പാഠഭാഗമായി ഉൾപ്പെടുത്തുന്നതിന് വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**മയക്കുമരുന്നിന്റെ ഉപയോഗം**

309 (1078) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മയക്കുമരുന്നിന്റെ ഉപയോഗം കുറയ്ക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ;

(ബി) സ്കൂൾ,കോളേജ് തലങ്ങളിൽ എന്തെങ്കിലും പ്രത്യേക ക്യാമ്പെയ്നുകൾ ഇതുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) അനധികൃത മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടെയും ലഭ്യത തടയുന്നതിന് സംസ്ഥാനത്ത് മദ്യ, മയക്കുമരുന്ന് വ്യാപനത്തിനെതിരെ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നു. മദ്യ, ലഹരി വസ്തുക്കൾമൂലമുള്ള ആരോഗ്യ

പ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ പ്രത്യേകിച്ച് യുവജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നതിന് വമ്പിച്ച ബോധവൽക്കരണ പ്രവർത്തനങ്ങളാണ് സംസ്ഥാനതലത്തിൽ എക്സൈസ് വകുപ്പ് നടപ്പിലാക്കിവരുന്നത്. മദ്യത്തിന്റേയും ലഹരി പദാർത്ഥങ്ങളുടേയും ദൂഷ്യവശങ്ങളെ സംബന്ധിച്ച് വിദ്യാർത്ഥികളേയും യുവജനങ്ങളേയും ബോധവൽക്കരിക്കുന്നതിന് എക്സൈസ് കമ്മീഷണർ നേരിട്ട് 200-ൽ അധികം സ്കൂളുകളിലും കോളേജുകളിലും ക്ലാസുകൾ നടത്തുകയുണ്ടായി. എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ മറ്റ് സന്നദ്ധ സംഘടനകളുമായി ചേർന്ന് നിരവധി ബോധവൽക്കരണ പരിപാടികൾ വകുപ്പ് സംഘടിപ്പിച്ചു വരികയാണ്. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ/കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവരുടെ പങ്കാളിത്തത്തോടുകൂടി ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" എന്ന ബൃഹത്തായ പദ്ധതിക്ക് 6-10-2016-ലെ ജി.ഒ. (എം.എസ്.) നമ്പർ 94/2016/നി.വ. സർക്കാർ ഉത്തരവ് പ്രകാരം മാർഗ്ഗരേഖ രൂപീകരിച്ച് ഉത്തരവായിട്ടുള്ളതാണ്.

സംസ്ഥാനത്ത് മെഡിക്കൽ സ്റ്റോറുകളിൽ ചുമയ്ക്കെതിരെ ഉപയോഗിക്കുന്ന കഫ് സിറപ്പുകളും വേദന സംഹാരികളും മനോരോഗ ചികിത്സയ്ക്കുള്ള ഔഷധങ്ങളും ഉൾപ്പെടെയുള്ള ചില മരുന്നുകൾ ലഹരി മരുന്നുകളായി വ്യാപകമായി, പ്രത്യേകിച്ച് വിദ്യാർത്ഥികൾക്കിടയിൽ ഉപയോഗിക്കുന്നത് തടയുന്നതിനായി നിയമം അനുശാസിക്കുന്ന രീതിയിലാണ് ടി മരുന്നുകൾ സൂക്ഷിക്കുന്നതെന്നും വിൽപ്പന നടത്തുന്നതെന്നും ഉറപ്പ് വരുത്തുന്നതിലേയ്ക്കായി ഓരോ ജില്ലയിലേയും ഡ്രഗ് ഇൻസ്പെക്ടർമാരുടെയും മെഡിക്കൽ സ്റ്റോർ ഉടമകളുടെ അസോസിയേഷൻ പ്രതിനിധികളുടെയും യോഗം വിളിച്ചുകൂട്ടി മെഡിക്കൽ സ്റ്റോർ ഉടമകൾക്ക് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ മുഖാന്തരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. കൂടാതെ സ്കൂളുകളുടെ പരിസരങ്ങളിലുള്ള മെഡിക്കൽ സ്റ്റോറുകളിൽ ഇത്തരത്തിലുള്ള മരുന്നുകളുടെ വിപണനം ഡോക്ടറുടെ പ്രിസ്ക്രിപ്ഷൻ ഇല്ലാതെയാണോ നടക്കുന്നതെന്നും ഇത്തരം മരുന്നുകൾ വളരെ കൂടുതലായി സ്റ്റോക്ക് ചെയ്ത് വിപണനം നടത്തുന്നുണ്ടോയെന്നും പരിശോധിച്ച് കേസ് രജിസ്റ്റർ ചെയ്യുവാൻ എക്സൈസ് വകുപ്പിന് അധികാരമില്ലാത്തതിനാൽ ടി വിഷയത്തിന്റെ ഗൗരവം മുന്നിൽകണ്ട് ഡ്രഗ്സ് കൺട്രോളർ ഉൾപ്പെടെയുള്ള ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ മുതിർന്ന ഉദ്യോഗസ്ഥരുമായി എക്സൈസ് ഹെഡ്ക്വാർട്ടേഴ്സിൽവച്ച് എക്സൈസ് കമ്മീഷണർ വിശദമായ ചർച്ച നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഇത്തരം മരുന്നുകൾ കൂടുതലായി വിറ്റഴിക്കപ്പെടുന്നുവെന്ന് സംശയം തോന്നുന്ന മെഡിക്കൽ ഷോപ്പുകളിൽ ടി

സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനത്തെ ബാധിക്കാത്ത തരത്തിൽ അതാത് ജില്ലകളിലെ ഡ്രഗ്സ് കൺട്രോൾ ഉദ്യോഗസ്ഥരുമായി ചേർന്ന് വിശദമായ പരിശോധന നടത്തുവാൻ എല്ലാ ജില്ലകളിലേയും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി എക്സൈസ് ഷാഡോ സംവിധാനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിലൂടെ എൻഫോഴ്സ്മെന്റ് ശക്തമാക്കിയിട്ടുണ്ട്. ഇത് കൂടാതെ എക്സൈസ് ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനവും കാര്യക്ഷമമാക്കിയിട്ടുണ്ട്. എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള സ്ക്വാഡും കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നും അനധികൃത മദ്യവും ലഹരി പദാർത്ഥങ്ങളും സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്. ആധുനിക സംവിധാനങ്ങളുപയോഗിച്ച് എക്സൈസ് കമ്മീഷണർക്ക് കിട്ടുന്ന രഹസ്യ വിവരങ്ങളും പരാതികളും 24 മണിക്കൂറിനകം പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) വിദ്യാർത്ഥികളെയും യുവജനങ്ങളെയും ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി ലഹരി വിരുദ്ധ പ്രവർത്തനം നടത്തുന്ന മികച്ച സംഘടന, സംഘടനാ പ്രവർത്തകൻ, മികച്ച പ്രവർത്തനം നടത്തുന്ന സ്കൂൾ/ കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, ക്ലബ്ബ് പ്രവർത്തകർ, ക്ലബ്ബുകൾ പ്രസിദ്ധീകരിക്കുന്ന മികച്ച ലഹരി വിരുദ്ധ ആശയങ്ങളടങ്ങിയ മാഗസിനുകൾ, മാഗസിൻ സൃഷ്ടികൾ എന്നിവയ്ക്ക് അവാർഡും പ്രശംസാപത്രവും നൽകി വരുന്നുണ്ട്. സംസ്ഥാന സ്കൂൾ കലോത്സവത്തോടനുബന്ധിച്ച് എല്ലാ വർഷവും ലഹരി വിരുദ്ധ ബോധവൽക്കരണ പവലിയൻ ഒരുക്കി പ്രദർശനം നടത്തി വരുന്നു. ഓണാഘോഷത്തോടനുബന്ധിച്ച് ലഹരിവിരുദ്ധ ബോധവൽക്കരണ ഫ്ലോട്ടും, ആറ്റുകാൽ പൊങ്കാല, ഉത്രാളിക്കാവ് പൂരം, കൂടൽമാണിക്യ ക്ഷേത്രോത്സവം, തൃശ്ശൂർ പൂരം തുടങ്ങിയ ഉത്സവങ്ങളുമായി ബന്ധപ്പെട്ട് പവലിയനുകൾ സ്ഥാപിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ദേശീയ യുവജന ദിനത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ സ്കൂൾ/കോളേജ് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് "ലഹരിക്കെതിരെ യുവത്വം" എന്ന വിഷയത്തിൽ പോസ്റ്റർ രചന മത്സരം നടത്തിയിട്ടുള്ളതാണ്. വിമുക്തി മിഷന്റെ ഭാഗമായി 2017 ജനുവരി 30-ന് സംസ്ഥാനത്തെ എല്ലാ സ്കൂൾ അസംബ്ലികളിലും വിദ്യാർത്ഥികളും അധ്യാപകരും ലഹരിക്കെതിരെ പ്രതിജ്ഞ എടുത്തിട്ടുണ്ട്. പി.റ്റി.എ.കളുമായി സഹകരിച്ച് ലഹരിയുടെ ദൂഷ്യവശങ്ങൾ ബോധ്യപ്പെടുത്തുന്നതിന് 2815 ബോധവൽക്കരണ ക്ലാസുകളും പൊതുവായി 2527 ഓളം ബോധവൽക്കരണ പരിപാടികളും ചർച്ചകളും പ്രഭാഷണങ്ങളും നടത്തിയിട്ടുള്ളതാണ്.

വിദ്യാർത്ഥികൾ മദ്യം, മയക്കമരുന്ന്, പുകയില തുടങ്ങിയ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നത് തടയുവാൻ സ്കൂൾ പരിസരങ്ങളിൽ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളോടൊപ്പം ലഹരിക്കെതിരെയുള്ള വൈവിദ്ധ്യമാർന്ന ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. ലഹരി വിരുദ്ധ ക്ലബ്ബുകൾ, എസ്.പി.സി., എൻ.എസ്.എസ്., വിദ്യാർത്ഥി-യുവജന-സന്നദ്ധ സംഘടനകളുടെ പങ്കാളിത്തത്തോടും സഹകരണത്തോടും കൂടി 'ലഹരി മുക്ത കേരളം ' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി വിദ്യാർത്ഥികളിലും യുവജനങ്ങളിലും പൊതുസമൂഹത്തിലും ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. സ്കൂൾ പരിസരങ്ങളിൽ ലഹരി വസ്തുക്കളുടെ വിപണനവും ഉപഭോഗവും നിരോധിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി വരുന്നു. മദ്യത്തിന്റെയും മറ്റ് ലഹരി പദാർത്ഥങ്ങളുടെയും ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും യുവജനങ്ങളെയും ബോധവൽക്കരിക്കുന്നതിനായി സംസ്ഥാനത്ത് സ്കൂൾ/കോളേജുകൾ കേന്ദ്രീകരിച്ച് നിലവിൽ 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിച്ചു വരുന്നു. ലഹരി വിരുദ്ധ ക്ലബ്ബുകൾ, എസ്.പി.സി., എൻ.എസ്.എസ്., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികൾ, വിദ്യാർത്ഥി-യുവജന-മഹിളാ സന്നദ്ധ സംഘടനകളുടെ പങ്കാളിത്തത്തോടും സഹകരണത്തോടുംകൂടി വിദ്യാർത്ഥികളെയും യുവജനങ്ങളെയും ബോധവൽക്കരിക്കുന്നതിന് വേണ്ടി വൈവിദ്ധ്യങ്ങളായ പരിപാടികളാണ് നടത്തി വരുന്നത്. ലഹരി വിരുദ്ധ ബോധവൽക്കരണ സെമിനാറുകൾ, ലഹരി വിരുദ്ധ ആശയങ്ങളടങ്ങിയ ഹ്രസ്വ ചിത്രങ്ങൾ, ബോധവൽക്കരണ ക്ലാസുകൾ, പി.റ്റി.എ.കളുമായി സഹകരിച്ചുകൊണ്ട് ബോധവൽക്കരണ മീറ്റിംഗുകൾ എന്നിവയും സംഘടിപ്പിച്ചു വരുന്നുണ്ട്. വിദ്യാർത്ഥികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവർക്ക് പേര് വിവരം വെളിപ്പെടുത്താതെ ലഹരി വസ്തുക്കളുടെ വിപണനം, ഉപഭോഗം എന്നിവ അറിയിക്കുന്നതിനായി 1385 സ്കൂൾ/ കോളേജ് ക്യാമ്പസുകളിൽ പരാതിപ്പെട്ടി സ്ഥാപിച്ചു കഴിഞ്ഞു. മുഴുവൻ സ്കൂൾ/ കോളേജ് ക്യാമ്പസുകളിലും പരാതിപ്പെട്ടികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## ചങ്ങനാശ്ശേരിയിൽ എക്സൈസ് ഓഫീസ് കെട്ടിടം

310 (1079) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരിയിൽ എക്സൈസ് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടം കാലപ്പഴക്കംമൂലം ഭദ്രമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത കെട്ടിടം പൊളിച്ചു പണിയുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചങ്ങനാശ്ശേരി എക്സൈസ് കോംപ്ലക്സ് (എക്സൈസ് റേഞ്ച് ഓഫീസ്, എക്സൈസ് സർക്കിൾ ഓഫീസ്) നിർമ്മാണത്തിന് 450 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഭരണാനുമതിക്കായി ടി കോംപ്ലക്സിന്റെ പ്ലാനും പുതുക്കിയ എസ്റ്റിമേറ്റും 16-2-2016-ൽ എക്സൈസ് കമ്മീഷണർ സർക്കാരിൽ സമർപ്പിക്കുകയും ആയതിന്മേൽ പൊതുമരാമത്ത് (കെട്ടിട വിഭാഗം) ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് എക്സൈസ് കമ്മീഷണർ മുഖേന ആവശ്യപ്പെട്ടിട്ടുമുണ്ട്.

**മയക്കുമരുന്നിന്റെ വിൽപ്പനയും ഉപഭോഗവും**

311 (1080) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മയക്കുമരുന്നിന്റെ വില്പനയും ഉപഭോഗവും വർദ്ധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) കഴിഞ്ഞ എട്ടുമാസക്കാലയളവിൽ എക്സൈസ് വകുപ്പ് നടത്തിയ റെയിഡുകളുടെ എണ്ണമെത്രയാണ് ; റെയിഡുകളിൽ പിടിച്ചെടുത്ത മയക്കുമരുന്ന്, വ്യാജ ചാരായം, വ്യാജ സ്പിരിറ്റ്, കഞ്ചാവ് എന്നിവയുടെ അളവുകൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല. അതേസമയം എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തിയതിന്റെ ഫലമായി എൻ.ഡി.പി.എസ്. നിയമപ്രകാരം രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2017 ജനുവരി 31 വരെ എക്സൈസ് വകുപ്പ് 2508 കേസുകൾ എൻ.ഡി.പി.എസ്. നിയമപ്രകാരം രജിസ്റ്റർ ചെയ്തപ്പോൾ 2015-16 വർഷത്തിൽ സമാന കാലയളവിൽ 1144 കേസുകൾ മാത്രമാണ് രജിസ്റ്റർ ചെയ്തിരുന്നത്.

(ബി) 2016 ജൂൺ 1 മുതൽ 2017 ജനുവരി 31 വരെയുള്ള കഴിഞ്ഞ എട്ട് മാസക്കാലയളവിൽ എക്സൈസ് വകുപ്പ് 94955 റെയിഡുകൾ നടത്തിയിട്ടുണ്ട്. പ്രസ്തുത റെയിഡുകളിൽ രജിസ്റ്റർ ചെയ്ത 18363 അബ്കാരി കേസുകളിലും 2480 എൻ.ഡി.പി.എസ്. കേസുകളിലുമായി 2663 ലിറ്റർ വ്യാജച്ചാരായം, 1184 ലിറ്റർ വ്യാജ സ്പിരിറ്റ്, 564 കിലോഗ്രാം കഞ്ചാവ്, 2243 കഞ്ചാവ് ചെടി, 10.8 കിലോഗ്രാം ഹാഷിഷ് ഓയിൽ, 101 ഗ്രാം ബ്രൗൺ ഷുഗർ, 35 ഗ്രാം ഹെറോയിൻ, 50 ഗ്രാം മോർഫിൻ, 450 ഗ്രാം പോപ്പി പ്ലാന്റ് പൗഡർ, 29 ഗ്രാം ഓപ്പിയം, 125 ഗ്രാം കഞ്ചാവ് ലേഹ്യം, 170 ഗ്രാം ചരസ്, 6113 ടാബ്ലറ്റ്/ആംപ്യൂൾ (നൈട്രാസെഫാം/ഡൈസഫാം/പെന്റാസോസിൻ/അൽപ്രാസോളം/ബ്യൂപ്രിനോർഫിൻ) തുടങ്ങിയവ പിടിച്ചെടുത്തിട്ടുണ്ട്.

## വിമുക്തി പദ്ധതിയുടെ ഭാഗമായുള്ള ലഹരി മോചന കേന്ദ്രങ്ങൾ

312 (1081) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിമുക്തി പദ്ധതിയുടെ ഭാഗമായി ലഹരി മോചന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരം കേന്ദ്രങ്ങൾ എവിടെയെല്ലാമാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) ഗവേഷണ സൗകര്യത്തോടെയുള്ള ലഹരി മോചന കേന്ദ്രം സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത് എവിടെ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്; എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത കേന്ദ്രത്തിൽ ഏർപ്പെടുത്താൻ ആലോചിക്കുന്നത്;

(സി) ലഹരിവിമോചന കേന്ദ്രങ്ങളിൽ ആരോഗ്യവകുപ്പിൽ നിന്നുള്ള എന്തെല്ലാം തരത്തിലുള്ള സഹകരണമാണ് എക്സൈസ് വകുപ്പ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്. വിമുക്തിയുടെ ഭാഗമായി എല്ലാ ജില്ലാ ആശുപത്രിയോടും ചേർന്ന് ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. ദേശീയ നിലവാരത്തിലുള്ള ഒരു ഡി-അഡിക്ഷൻ സെന്റർ (പുനരധിവാസ ഗവേഷണ സൗകര്യത്തോടെയുള്ള) ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സ്ഥല ലഭ്യതയ്ക്കനുസരിച്ച് ഡി-അഡിക്ഷൻ സെന്ററിൽ ഉൾപ്പെടുത്തുവാനുള്ള സൗകര്യങ്ങളെ സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) ജില്ലാ ആശുപത്രിയോട് ചേർന്ന് ആരംഭിക്കുന്ന ഡീ-അഡിക്ഷൻ സെന്ററുകൾ ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെയാണ് പ്രവർത്തിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. ജില്ലാ ആശുപത്രികളിൽ ഡി-അഡിക്ഷൻ സെന്ററിന് ആവശ്യമായ സ്ഥലസൗകര്യങ്ങൾ, ഡോക്ടർ, നഴ്സ്, മറ്റ് ജീവനക്കാർ, മരുന്നുകൾ, തുടർ പ്രവർത്തനങ്ങൾക്കുള്ള സഹകരണം തുടങ്ങിയവയാണ് ആരോഗ്യ വകുപ്പിൽനിന്നും പ്രതീക്ഷിക്കുന്നത്.

## ബിവറേജസ് കോർപ്പറേഷനിൽ അസിസ്റ്റന്റ് ഗ്രേഡ്- 2 തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പ്

313 (1082) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷനിൽ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പ് നൂറ് ശതമാനവും എൽ.ഡി. ക്ലാർക്കിന്റെ പ്രൊമോഷൻ വഴിയാക്കി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്തിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള ഒരു ഭേദഗതി ബിവറേജസ് കോർപ്പറേഷനിലെ അസിസ്റ്റന്റ് ഗ്രേഡ് 2 നിയമനത്തിന് പി.എസ്.സി. പരീക്ഷ കഴിഞ്ഞ് ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളെ ബാധിക്കുമെന്നതിനാൽ പ്രസ്തുത സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ബിവറേജസ് കോർപ്പറേഷനിൽ സ്പെഷ്യൽ റൂൾ നിലവിലില്ല.

## COTPA ആക്ട് പ്രകാരം കേസ് രജിസ്റ്റർ ചെയ്യുന്നത്

314 (1083) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിന് COTPA ആക്ട് പ്രകാരം കേസ് രജിസ്റ്റർ ചെയ്യുന്നതിന് അധികാരം നൽകി വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് എക്സൈസ് കമ്മീഷണർ ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ആക്ട് പ്രകാരം എക്സൈസ് വകുപ്പിന് കേസ് രജിസ്റ്റർ ചെയ്യുവാനുള്ള അധികാരം നൽകികൊണ്ടുള്ള വിജ്ഞാപനത്തിൻെറ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) Cigarettes & Other Tobacco Products (Prohibition of Advertisement and Regulation of Trade and Commerce, Production, Supply and Distribution) Act-ലെ 12-ഉം 13-ഉം സെക്ഷനുകൾക്ക് പുറമെ ടി ആക്ടിലെ 4, 6, 28 എന്നീ സെക്ഷനുകൾ പ്രകാരം എക്സൈസ് ഇൻസ്പെക്ടറെയോ അതിനു മുകളിലുള്ള ഉദ്യോഗസ്ഥരെയോ കേസുകൾ എടുക്കുന്നത് ചുമതലപ്പെടുത്തുന്നതിനുള്ള ശിപാർശ 11-7-2016-ലെ XA1-22206/2016 കത്ത് പ്രകാരം എക്സൈസ് കമ്മീഷണർ സമർപ്പിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 27-12-2016-ലെ GO(P) No.112/ 2016/TD (SRO No. 788/16) ഉത്തരവ് പ്രകാരം നിയമഭേദഗതി വരുത്തി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത കത്തിന്റെയും ഗസറ്റ് വിജ്ഞാപനത്തിന്റെയും പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## COTPA പ്രകാരം എടുത്ത കേസുകൾ

315 (1084) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ എക്സൈസ് വകുപ്പ് COTPA പ്രകാരം എടുത്ത കേസുകളുടെ എണ്ണം എത്രയാണ്;

(ബി) ഇത്തരത്തിൽ കേസുകൾ രജിസ്റ്റർ ചെയ്യുവാൻ എക്സൈസ് വകുപ്പിനെ ചുമതലപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചതെന്നായിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) COTPA പ്രകാരം കേസെടുക്കുവാൻ എക്സൈസ് വകുപ്പിനധികാരമില്ലെന്നിരിക്കെ ആരുടെ നിർദ്ദേശമനുസരിച്ചാണ് കേസെടുത്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 40,196 COTPA കേസുകൾ എക്സൈസ് വകുപ്പ് എടുത്തിട്ടുണ്ട്.

(ബി) 20-8-2014-ലെ GO(P) No. 155/2014/TD നമ്പർ സർക്കാർ വിജ്ഞാപന പ്രകാരം 2003-ലെ Cigarettes & Other Tobacco Products (Prohibition of Advertisement and Regulation of Trade and Commerce, Production, Supply and Distribution) Act-ലെ 12-ഉം 13-ഉം സെക്ഷൻ പ്രകാരം നടപടി സ്വീകരിക്കുന്നതിന് എക്സൈസ് ഇൻസ്പെക്ടറെയോ അതിനു മുകളിൽ പദവിയിലുള്ള ഉദ്യോഗസ്ഥരെയോ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുള്ളതാണ്. ടി ആക്ടിലെ 4, 6, 28 എന്നീ സെക്ഷനുകൾ പ്രകാരം നടപടി സ്വീകരിക്കുന്നതിന് മേൽ വിവരിച്ച എക്സൈസ് ഉദ്യോഗസ്ഥർക്ക് അധികാരം നൽകിക്കൊണ്ട് 27-12-2016-ലെ GO(P) No. 112/2016/TD പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

(സി) 20-8-2014-ലെ GO(P) No. 155/2014/TD നമ്പർ സർക്കാർ വിജ്ഞാപന പ്രകാരം 2003-ലെ Cigarettes & Other Tobacco Products (Prohibition of Advertisement and Regulation of Trade and Commerce, Production, Supply and Distribution) Act-ലെ 12-ഉം 13-ഉം സെക്ഷൻ പ്രകാരം നടപടി സ്വീകരിക്കുന്നതിന് എക്സൈസ് ഇൻസ്പെക്ടറെയോ അതിനു മുകളിൽ പദവിയിലുള്ള ഉദ്യോഗസ്ഥരെയോ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവനുസരിച്ചാണ് കേസ്സുകൾ എടുത്തിട്ടുള്ളത്.

(നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 828-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 AM]

## II അടിയന്തര പ്രമേയം

### പൊതുവിതരണ സമ്പ്രദായത്തിന്റെ തകർച്ച

മി. സ്പീക്കർ: പൊതുവിതരണ സമ്പ്രദായത്തിന്റെ തകർച്ചയും വിപണിയിൽ ഇടപെട്ട് വില നിയന്ത്രിക്കാൻ തയ്യാറാകാത്തതുമൂലം അരിയുടെയും നിത്യോപയോഗ സാധനങ്ങളുടെയും വില ക്രമാതീതമായി കുതിച്ചുകയറിയതിനാൽ ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ടുകളും ആശങ്കകളും കാരണം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണ മെന്നാവശ്യപ്പെട്ട് സർവ്വശ്രീ എം. ഉമ്മർ, കെ. സി. ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, സംസ്ഥാനത്ത് പൊതുവിപണിയിലെ അരിയുടെ വിലക്കയറ്റംമൂലമുണ്ടായ ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിന് ഈ സർക്കാർ ഫലപ്രദമായ ഇടപെടൽ നടത്തി വരികയാണ്. അരിയുടെ ഉത്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം മറ്റേത് സംസ്ഥാനത്തെക്കാളും അധികമാണ്. ഭക്ഷ്യക്കമ്മി നേരിടുന്ന ഏറ്റവും വലിയ സംസ്ഥാനങ്ങളിലൊന്നായ കേരളത്തിന്റെ ഭക്ഷ്യ ഉപഭോഗം പ്രധാനമായും നിറവേറ്റിയത് കേന്ദ്രഗവൺമെന്റിൽ നിന്നുള്ള റേഷൻ വിഹിതമായിരുന്നു. ലക്ഷ്യാധിഷ്ഠിത പൊതുവിതരണ വ്യവസ്ഥയിൽ നിന്നും ദേശീയ ഭക്ഷ്യഭദ്രതാ നിയമ വ്യവസ്ഥിതിയിലേയ്ക്ക് സംസ്ഥാനം ചുവടുവച്ചത് 2016 നവംബറിലായിരുന്നു. പ്രതിവർഷം ലഭിച്ചുകൊണ്ടിരുന്ന 16.25 ലക്ഷം മെട്രിക് ടൺ ധാന്യത്തിനുപകരം 14.25 ലക്ഷം മെട്രിക് ടൺ ധാന്യമായി കേന്ദ്രവിഹിതം കുറഞ്ഞു. നമ്മുടെ വിപണിയിൽ അരിയുടെ വിലവർദ്ധനവിന് പ്രധാന കാരണമിതാണ്.

115 വർഷത്തെ ഏറ്റവും ശക്തമായ വരൾച്ചയ്ക്ക് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ സാക്ഷ്യം വഹിക്കുകയാണ്. കേരളത്തിനാവശ്യമായ അരി നൽകിക്കൊണ്ടിരുന്ന ആന്ധ്രാപ്രദേശിൽ നിന്നുള്ള വിഹിതം തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിലേയ്ക്ക് ഒഴുകിമാറി. കൂടാതെ കയറ്റുമതിയിലുണ്ടായ വലിയ വളർച്ചയും അരിയുടെ ആഭ്യന്തര ലഭ്യത ഇല്ലാതാക്കി. ലഭ്യമായ കണക്കുകൾ പ്രകാരം അരിക്ക് മുൻവർഷങ്ങളിൽ നിന്നും ശരാശരി 21 ശതമാനം വിലവർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ പയർ വർഗ്ഗങ്ങൾ, മുളക്, മല്ലി, സവാള തുടങ്ങിയവയ്ക്ക് ഗണ്യമായി വില കുറയുകയും ചെയ്തു. വെളിച്ചെണ്ണ, പച്ചക്കറി, അരി എന്നിവയ്ക്കുണ്ടായ വില വർദ്ധനവിന് പ്രധാന കാരണം മൺസൂൺ അഭാവംമൂലമുണ്ടായ ദക്ഷിണേന്ത്യൻ വരൾച്ചയാണെന്ന് വിലയിരുത്തപ്പെടുന്നു.

വിപണിയിൽ വിലക്കയറ്റം പിടിച്ചുനിർത്താൻ ഈ സർക്കാർ കർമ്മനിരതമായി ഇടപെട്ടു. അധികാരമേറ്റയുടൻതന്നെ വിപണിയിടപെടലിനായി സിവിൽ സപ്ലൈസ് കോർപ്പറേഷന് 150 കോടി രൂപ വകയിരുത്തി. മുൻ സർക്കാർ 70 കോടി രൂപ നൽകിയ സ്ഥാനത്താണ് ഇരട്ടിയിലധികം രൂപ ഈ സർക്കാർ മാറ്റിവച്ചത്. അതുപോലെ കഴിഞ്ഞ അഞ്ചുവർഷത്തെ കെടുകാര്യസ്ഥതമൂലം സഹകരണരംഗത്ത് സജീവമായി പ്രവർത്തിച്ചിരുന്ന കൺസ്യൂമർഫെഡ് കോടികളുടെ നഷ്ടത്തിലായതു കൊണ്ട് വിപണിയിടപെടലിന്റെ ഉത്തരവാദിത്വം സപ്ലൈകോയ്ക്ക് ഏറ്റെടുക്കേണ്ടി വന്നു. എന്നിരുന്നാലും സർക്കാർ നിരന്തരം വിപണിയിടപെടലിനായി പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്. ഓണം, റംസാൻ, ക്രിസ്തുമസ് ഫെയറുകൾ കാര്യക്ഷമമാക്കി സംസ്ഥാനമെമ്പാടും വിജയകരമായി നടത്തി. ഓണം വിലക്കുറവിന്റെ ഉൽസവമാക്കി മാറ്റി. സംസ്ഥാനത്തെ അരി വില നിയന്ത്രിച്ചിരുന്ന ഇടനിലക്കാരായ ലോബികളെ പരാജയപ്പെടുത്താൻ ആന്ധ്രാപ്രദേശിൽ നേരിട്ട് പോയി വ്യാപാരികളുമായി ചർച്ച നടത്തി അവരെ ടെണ്ടറിൽ പങ്കെടുപ്പിച്ചു. കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തി 2017 ജനവരി മുതൽ 24 രൂപ നിരക്കിൽ ഒ.എം.എസ്. പദ്ധതി പ്രകാരം ഫുഡ് കോർപ്പറേഷനിൽ നിന്നും അരി വാങ്ങി 25 രൂപ നിരക്കിൽ വിപണനം ചെയ്തുവരുന്നു. 1410 മെട്രിക് ടൺ പുഴുക്കലരിയും 730 മെട്രിക് ടൺ പച്ചരിയുമാണ് ഇതുവരെ വാങ്ങിയത്. അതിൽ 400 മെട്രിക് ടൺ പുഴുക്കലരിയും 155 മെട്രിക് ടൺ പച്ചരിയും ചെലവായിട്ടുണ്ട്. സംസ്ഥാനത്തെ വിലവർദ്ധനവ് ശാശ്വതമായി നിയന്ത്രിക്കാൻ ഭക്ഷ്യ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന വില നിയന്ത്രണ സെൽ ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കാൻ തീരുമാനിച്ചു. സംസ്ഥാനത്തെ റേഷൻ വിതരണത്തിലെ ക്രമക്കേടുകൾ അവസാനിപ്പിക്കാൻ ശാസ്ത്രീയവും സുതാര്യവുമായ ബയോമെട്രിക് സാങ്കേതിക സംവിധാനവും വാതിൽപ്പടി വിതരണവും സമയബന്ധിതമായി നടപ്പിലാക്കി. അരിവില വർദ്ധനവ് തടയുവാൻ സംസ്ഥാനമെമ്പാടും അരിക്കടകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചു. സംസ്ഥാന സർക്കാർ ഉടമസ്ഥതയിലെ വെച്ചൂർ മോഡേൺ റൈസ് മിൽ നാടൻ കുത്തരി (കുട്ടനാട് റൈസ്) സപ്ലൈകോ വഴി സംഭരിച്ച് 33 രൂപ ന്യായവിലയ്ക്ക് വിതരണം നടത്താൻ ആരംഭിച്ചു. 250 മെട്രിക് ടൺ ആദ്യഘട്ടത്തിൽ സംഭരിച്ച് വിതരണം തുടങ്ങി. ഈ നടപടിയുടെ ഭാഗമായി അരിയുടെ വില കുറഞ്ഞുവരികയാണ്. ഏറ്റവുമൊടുവിലായി ഇന്നലെ ആന്ധ്രാപ്രദേശിലെ ഏറ്റവും മുന്തിയ ഇനം അരികളിലൊന്നായ ലളിതാ ബ്രാൻഡ് അരി 39.50 രൂപയ്ക്ക് 1000 മെട്രിക് ടൺ കരാർ ഉറപ്പിച്ചു. ഈയാഴ്ച മുതൽ സപ്ലൈകോ വഴി ന്യായവിലയ്ക്ക് വിൽക്കാൻ സാധിക്കും. ആന്ധ്ര ജയ അരി സബ്സിഡി വിലയായി 25 രൂപയ്ക്കും ഫ്രീസെയിൽ വില 37 രൂപയ്ക്കും കുറുവ അരി സബ്സിഡി വിലയായി 25 രൂപയ്ക്കും ഫ്രീസെയിൽ വില 33 രൂപയ്ക്കും മട്ട അരി സബ്സിഡി വിലയായി 24 രൂപയ്ക്കും ഫ്രീസെയിൽ വില 34.50 രൂപയ്ക്കും പച്ചരി സബ്സിഡി വിലയായി 23 രൂപയ്ക്കും

ഫ്രീസെയിൽ വില 26.50 രൂപയ്ക്കും എഫ്.സി.ഐ. പച്ചരി 23 രൂപയ്ക്കും ഫ്രീസെയിൽ വില 26.50 രൂപയ്ക്കും എഫ്.സി.ഐ. പുഴുക്കലരി 25 രൂപയ്ക്കും ഫ്രീസെയിൽ വില 26.50 രൂപയ്ക്കും ബോധന അരി ഫ്രീസെയിൽ വില 29 രൂപയ്ക്കും ജയ ആന്ധ്ര, ഇതര സംസ്ഥാനങ്ങളിലെ അരി സബ്സിഡി വിലയായി 25 രൂപയ്ക്കും ഫ്രീസെയിൽ വിലയായി 34 രൂപയ്ക്കും കുട്ടനാട് റൈസ് ഫ്രീസെയിൽ വിലയായി 33 രൂപയ്ക്കും സപ്ലൈകോ വഴി വിൽപ്പന നടത്തിവരുന്നു.

അതോടൊപ്പംതന്നെ അവശ്യവസ്തുക്കളുടെയും നിത്യോപയോഗ സാധനങ്ങളുടെയും വില വർദ്ധിക്കുന്നുവെന്ന റിപ്പോർട്ട് വന്ന സാഹചര്യത്തിൽ യഥാർത്ഥ കാരണം മനസ്സിലാക്കി ആയത് പരിഹരിക്കുന്നതിനുള്ള കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിനായി സിവിൽ സപ്ലൈസ് കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനത്തെ മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം 2016 ജൂൺ, ആഗസ്റ്റ് മാസങ്ങളിൽ വിളിച്ചുചേർക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ പങ്കെടുത്ത വ്യാപാരികൾ വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിക്കുന്ന ഏത് നടപടിക്കും തങ്ങളുടെ പൂർണ്ണ പിന്തുണ ഉറപ്പുനൽകുകയുണ്ടായി. അതേ യോഗം തന്നെ കഴിഞ്ഞ മാസവും ചേരുകയുണ്ടായി.

ഈ അടുത്ത കാലത്ത് അരിവില കുതിച്ചുയരുന്നുവെന്ന പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പൊതുവിപണി പരിശോധന കൂടുതൽ ഊർജ്ജിതമാക്കി; പ്രത്യേകിച്ച് അരിയുടെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ് എന്നിവ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും മേൽവിഷയം പരിഹരിക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിനും വ്യാപാരികളുടെ ഒരു യോഗം ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ വിളിച്ചുചേർക്കുന്നതിനുള്ള നിർദ്ദേശം ജില്ലാ സപ്ലൈ ഓഫീസർവഴി നൽകിയിട്ടുണ്ട്. അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ നടന്നുവരുന്നു. പത്തനംതിട്ട ജില്ലയിൽ നടത്തിയ യോഗത്തിൽ പങ്കെടുത്ത വ്യാപാരി പ്രതിനിധികൾ ആന്ധ്രയിൽനിന്നും വടക്കേഇന്ത്യയിൽ നിന്നുമുള്ള അരിയുടെ വരവിലുണ്ടായ കുറവ് കാരണം വന്ന ദൗർലഭ്യമാണ് വിലവർദ്ധനയ്ക്ക് കാരണമെന്നും പ്രത്യേകിച്ച് ജയ അരിയുടെ വിലയിലാണ് ഇത് കൂടുതലായി പ്രതിഫലിച്ചതെന്നും അറിയിക്കുകയുണ്ടായി. അവശ്യസാധനങ്ങളുടെ വില സംസ്ഥാനത്തെ പൊതുവിപണിയിൽനിന്നും ജില്ലാ സപ്ലൈ ഓഫീസർമാർ ശേഖരിച്ച് സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന് നൽകുകയും അവിടെ നിന്നും വിവരങ്ങൾ ക്രോഡീകരിച്ച് കേന്ദ്ര പൊതുവിതരണ ഉപഭോക്തൃകാര്യ മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ ചേർക്കുകയും ചെയ്യും. വില ശരാശരി കൂടുതലായി കാണുന്ന കേന്ദ്രങ്ങളിൽ ശക്തമായ പരിശോധന നടത്താറുണ്ട്. പൊതുവിതരണ ശൃംഖലയിലെ മറിച്ചുവിൽപ്പന, പൊതുവിപണിയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ് എന്നിവ

തടയുന്നതിനായി ശക്തമായ പരിശോധനാ സംവിധാനം വകുപ്പുതലത്തിൽ നിലവിലുണ്ട്. വകുപ്പുതലത്തിൽ പരിശോധനാ ഉദ്യോഗസ്ഥന്മാർ മാത്രമായും ലീഗൽ മെട്രോളജി, പോലീസ് എന്നീ വകുപ്പുകളെക്കൂടി ഏകോപിപ്പിച്ചു കൊണ്ടും നിരന്തരം പരിശോധന നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. അതനുസരിച്ച് 2016 ജനുവരി മുതൽ നവംബർ വരെ സംസ്ഥാനത്തുടനീളം Essential Commodities Act, 1955 പ്രകാരം 25502 സംയുക്ത പരിശോധനകൾ പൊതുവിപണിയിലും 3,062 പരിശോധനകൾ പൊതുവിതരണ ശൃംഖലകളിലും നടത്തുകയുണ്ടായി. ഇപ്രകാരം നടത്തിയ പരിശോധനയിൽ 9.99 ലക്ഷം രൂപ പിഴ ചുമത്തിയിട്ടുണ്ട്. മേൽ കാലയളവിൽ PBMMSEC Act (Prevention of Black Marketing and Maintenance of Supplies of Essential Commodities Act) അനുസരിച്ച് പൊതുവിതരണ ശൃംഖലയിൽ 61792 പരിശോധനകൾ നടത്തുകയും നിയമലംഘനം നടത്തിയതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 20 പേരെ വിചാരണ ചെയ്യുകയും അതിൽ രണ്ടുപേരെ ശിക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമേ അരി വില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ആരംഭിച്ച അരിക്കടകളുടെയും സപ്ലൈകോ ഔട്ട്ലെറ്റുകളുടെയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി കൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ സഭ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. എം. ഉമ്മർ:</u> സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിൽ നിന്നും ഈ വിഷയത്തിന്റെ ഗൗരവം അദ്ദേഹത്തിന് ഇപ്പോഴും മനസ്സിലായിട്ടില്ല എന്നാണ് കരുതുന്നത്. അദ്ദേഹം ഫയലിലെ കുറെ കാര്യങ്ങൾ വായിച്ചുവെന്നല്ലാതെ സംസ്ഥാനത്തെ ജനങ്ങൾക്കിടയിലുള്ള സംഭ്രമജനകമായ സാഹചര്യം ഒട്ടും ഉൾക്കൊണ്ടിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അദ്ദേഹം യാഥാർത്ഥ്യം ഉൾക്കൊണ്ടു കൊണ്ട് വിശദമായ ഒരു ചർച്ചയ്ക്ക് തയ്യാറായി കാര്യങ്ങൾ പറയുമെന്നാണ് വിചാരിച്ചത്. ഇന്നത്തെ പത്രങ്ങളിലെ വാർത്തകളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിയോട് കുറച്ച് കാര്യങ്ങൾ പറയാം. 'അരി വില കുറയ്ക്കാൻ പ്രഖ്യാപനങ്ങൾ പോരാ' എന്നാണ് ഇന്നത്തെ കേരള കൗമുദി പത്രത്തിന്റെ മുഖപ്രസംഗത്തിൽ പറയുന്നത്. 'അരിയുടെ ഇപ്പോഴത്തെ വിലക്കയറ്റം കൃത്രിമമായ സൃഷ്ടിയാണെന്നതിന് സംശയമൊന്നുമില്ല, അത് ബോദ്ധ്യമായിട്ടും സർക്കാരിന് തക്കസമയത്ത് ഇടപെടാൻ കഴിയാതെ പോയതാണ് സംഭ്രമജനകമായ സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ എത്തിച്ചത്. കൂട്ടത്തിൽ റേഷൻ വിതരണത്തിലെ അനിശ്ചിതത്വവും അപാകതയും കൂടിയായപ്പോൾ അരി വിപണി പൂർണ്ണമായും കരിഞ്ചന്തക്കാരുടെ നിയന്ത്രണത്തിലായി. ആന്ധ്രയിലെ വമ്പന്മാരായ അരി മില്ലുടമകളുമായി ഇവിടത്തെ അരി മൊത്തക്കച്ചവടക്കാർ

ഒത്തുകളിക്കുകയാണ്. ഈ കൃത്രിമ വിലക്കയറ്റം തടയാൻ സിവിൽ സപ്ലൈസ് വകുപ്പിന് കഴിയുന്നില്ല.' ഇതാണ് അതിന്റെ പ്രസക്ത ഭാഗം. രണ്ട് ദിവസം മുമ്പുള്ള മാതൃഭൂമി പത്രത്തിലെ മുഖപ്രസംഗത്തിന്റെ തലക്കെട്ട് - 'അരിവില ഇനിയും കൂടിയാൽ.....' എന്നാണ്. 'വരും ദിവസങ്ങളിൽ വില ഇനിയും കൂടിയാൽ......

ശ്രീ. സി. ദിവാകരൻ: സർ, മലയാള മനോരമ പത്രത്തിൽ എന്താണ് പറയുന്നത്?

ശ്രീ. എം. ഉമ്മർ: സർ, ബഹുമാനപ്പെട്ട സി. ദിവാകരൻ, അങ്ങ് മന്ത്രിയായിരുന്ന ആളല്ലേ; ഞാനൊന്ന് പറഞ്ഞോട്ടെ. .....(ബഹളം).......

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ, അങ്ങ് ചെയറിനെ നോക്കി സംസാരിച്ചാൽ മതി. ......(ബഹളം)......

ശ്രീ. എം. ഉമ്മർ: സർ, 'സ്ഥിതി ആശങ്കാജനകമായിട്ടും സർക്കാർ വേണ്ട വിധം ഇടപെടുന്നതായി തോന്നുന്നില്ല' എന്നാണ് മാതൃഭൂമി പത്രത്തിൽ പറയുന്നത്. 'അരി വില 50 രൂപയായി' എന്നാണ് മലയാള മനോരമയിലെ തലക്കെട്ട്. 'അരി വില കുതിക്കുന്നു, അടിയന്തര ഇടപെടൽ വേണം' എന്നാണ് ദീപിക പത്രത്തിന്റെ തലക്കെട്ട്. 'അരി വില രൂക്ഷമായതിൽ സർക്കാരിന്റെ അനാസ്ഥ' എന്നാണ് സുപ്രഭാതം പത്രത്തിന്റെ തലക്കെട്ട്. ഇതുപോലെ തന്നെയാണ് ബാക്കിയുള്ള പത്രങ്ങളിലൊക്കെയുള്ളത്. ബഹുമാനപ്പെട്ട മന്ത്രിക്ക് താങ്ങായി ഒരു പത്രം എഴുതിയിട്ടുണ്ട്. (ദേശാഭിമാനി പത്രം ഉയർത്തിക്കാണിച്ചു) ജയ - 25, മട്ട - 24 എന്നൊക്കെയാണ് എഴുതിയിരിക്കുന്നത്. ഈ അരി എവിടെനിന്നും കിട്ടുമെന്ന് എനിക്കറിയില്ല. .....(ബഹളം)........

ശ്രീ. എൽദോസ് കുന്നപ്പിള്ളി: ഈ അരി എവിടെ കിട്ടും? .....(ബഹളം)....

മി. സ്പീക്കർ: പ്ലീസ്..... ദയവായി എല്ലാവരും ഇരിക്കൂ.......ശ്രീ. എം. ഉമ്മർ അവതരിപ്പിക്കട്ടെ.........യെസ്.......പ്ലീസ്......(ബഹളം).....അദ്ദേഹം അവതരിപ്പിച്ച് തുടങ്ങിയതല്ലേയുള്ളൂ. അവതരിപ്പിച്ചതിനുശേഷം മന്ത്രി മറുപടി പറഞ്ഞുകൊള്ളും. നിങ്ങളെല്ലാവരുംകൂടി മറുപടി പറയേണ്ട....... (ബഹളം)....ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയും. ശ്രീ. പി. കെ. ബഷീർ...സീറ്റിലിരിക്കൂ......ശ്രീ. കെ. രാജൻ,........ മന്ത്രി മറുപടി പറഞ്ഞുകൊള്ളും, അങ്ങ് സീറ്റിലിരിക്കൂ....... പ്ലീസ്...........

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി എന്തൊക്കെയോ എഴുതി വായിച്ചപ്പോൾ ഞങ്ങളാരും ഒന്നും മിണ്ടിയില്ല....... (ബഹളം).....ഇവിടെ ഞങ്ങളുടെ അംഗം അടിയന്തര പ്രമേയം അവതരിപ്പിച്ചു കൊണ്ട് സംസാരിക്കുമ്പോൾ അദ്ദേഹത്തെ ഡിസ്റ്റർബ് ചെയ്യുന്നത് അങ്ങ് തടയണം. ഇക്കാര്യത്തിൽ അങ്ങയുടെ പ്രൊട്ടക്ഷൻ വേണം.

മി. സ്പീക്കർ: ഞാൻ തടഞ്ഞുകൊണ്ടിരിക്കുകയാണ്. എല്ലാവരും സീറ്റിലിരിക്കൂ.... മറുപടി മന്ത്രി പറഞ്ഞുകൊള്ളും....

ശ്രീ. എ. എം. ആരിഫ്: സർ, ബഹുമാനപ്പെട്ട മന്ത്രി എന്തൊക്കെയോ എഴുതി വായിച്ച എന്ന പ്രസ്താവന പിൻവലിക്കണം.

മി. സ്പീക്കർ: ശ്രീ. എ. എം. ആരിഫ്, ശ്രീ. എ. എൻ. ഷംസീർ.... ദയവായി സീറ്റിലിരിക്കൂ....അദ്ദേഹം അവതരിപ്പിക്കട്ടെ. ശ്രീ. ജി. എസ്. ജയലാൽ.... പ്ലീസ്... ഇരിക്കൂ.....(ബഹളം).....അദ്ദേഹത്തിന് പറയാനുള്ളത് പറഞ്ഞുകഴിഞ്ഞാൽ മന്ത്രി മറുപടി പറഞ്ഞുകൊള്ളും. നിങ്ങൾ ഇരിക്കൂ.... ശ്രീ. വി. ടി. ബൽറാം ഇരിക്കൂ.... ശ്രീ. എം. ഉമ്മർ, അങ്ങ് ചെയറിനെ നോക്കി സംസാരിച്ചാൽ മതി.

ശ്രീ. എം. ഉമ്മർ: സർ, എന്റെ വിഷയവുമായി ബന്ധപ്പെട്ട് മലയാളത്തിലെ പ്രമുഖ പത്രങ്ങളിലെ ഹെഡ്ഡിംഗുകളും അതിന്റെ എഡിറ്റോറിയലുകളും പറഞ്ഞെന്നേയുള്ളൂ. ദേശാഭിമാനി വായിക്കുന്നത് ഇത്ര വലിയ തെറ്റാണെന്ന് ഞാൻ വിചാരിച്ചിട്ടില്ല. ദേശാഭിമാനി വായിച്ചപ്പോൾ ഇത്രയും വലിയ ശിക്ഷയാണെങ്കിൽ ചന്ദ്രികയും വീക്ഷണവും ഞാൻ വായിക്കുന്നില്ല. തിരുവനന്തപുരം പാളയം മാർക്കറ്റിലെ അരി വില അറിയുന്നതിനായി ഞാൻ ഇന്നലെ അതുവഴി കടന്നുപോകുകയുണ്ടായി. അരിയുടെ വില കിലോഗ്രാമിന്- പൊന്നി - 55 രൂപ, ജയ - 48 രൂപ, പവിഴം വടി - 48 രൂപ, സുരേഖ - 43 രൂപ എന്നിങ്ങനെയാണ്. പച്ചക്കറിയുടെ വില കിലോഗ്രാമിന് ബീൻസ് - 100 രൂപ, വെണ്ടക്ക - 80 രൂപ, കത്തിരിക്ക - 60 രൂപ, ഉരുളക്കിഴങ്ങ് - 40 രൂപ, ഉള്ളി - 50 രൂപ എന്നിങ്ങനെയാണ്. വെളിച്ചെണ്ണയുടെ വില 150 രൂപയ്ക്ക് മുകളിലായി. പഞ്ചസാരയുടെ വില 5 രൂപ ഇന്നലെ കൂടി. വെള്ളരിക്കയുടെ വില 12 രൂപയായിരുന്നത് 48.50 രൂപയും പയർ 40 രൂപയായിരുന്നത് 50-60 രൂപവരെയും അമരയ്ക്ക 20 രൂപയെന്നത് 90 രൂപയായും പടവലത്തിന്റെ വില 10 രൂപയെന്നത് 60 രൂപയുമായി. തക്കാളിയുടെ വില 16 രൂപയിൽ നിന്ന് 34 രൂപയെ ആയിട്ടുള്ളൂ, അധികം കൂടിയിട്ടില്ല. മുളകിന്റെ വില 30 രൂപയെന്നുള്ളത് 80 രൂപയായി; കാരിമുളക്, പാവയ്ക്ക എന്നിവയുടെ വില 20 രൂപയെന്നുള്ളത് 60 രൂപയായും കാരറ്റിന് 20 രൂപയെന്നത് 30 രൂപയായും ബീറ്റ്റൂട്ടിന്റെ വില 10 രൂപയെന്നത് 30 രൂപയായും വർദ്ധിച്ചു. വിപണിയിൽ കൈപൊള്ളുകയാണ്. ചുവന്ന മട്ട അരിയുടെ വില കഴിഞ്ഞ വർഷം ഇതേ സമയം 34.18 എന്നത് 20.7 ശതമാനം കൂടി. ആന്ധ്രാ വെള്ള അരിയുടെ വില 30.62 രൂപയായിരുന്നത് 27.60 ശതമാനം കൂടി. പാലക്കാടൻ ജയ അരിക്ക് 53 ശതമാനം വില കൂടി. ചുവന്ന ചമ്പാവരിക്ക് 33.50 രൂപയുണ്ടായിരുന്നത് 21.13 ശതമാനം വില കൂടി. ഇതാണ് യഥാർത്ഥത്തിൽ സംസ്ഥാനത്തിന്റെ സ്ഥിതി. അരി ആഹാരം കഴിക്കാതെ കേരളത്തിലുള്ളവർക്ക് ജീവിക്കാൻ സാധിക്കില്ലല്ലോ; ഇവിടത്തെ പത്രങ്ങൾ നോക്കിയാലും മാർക്കറ്റുകളിൽ പോയി നോക്കിയാലും ഇക്കാര്യം മനസ്സിലാകുന്നതാണ്. ഇത് യു.ഡി.എഫ്. ഉണ്ടാക്കിയതല്ല. സത്യം വിളിച്ചുപറയുമ്പോൾ

ഇത്രമാത്രം അനിഷ്ടവും അസഹിഷ്ണതയും കാണിക്കുന്നത് ശരിയല്ല. ഞാൻ വേറൊന്നും പറഞ്ഞിട്ടില്ലല്ലോ; രാജ്യത്ത് നിലനിൽക്കുന്ന അരിയുടെയും പച്ചക്കറിയുടെയും വില പറഞ്ഞുവെന്നല്ലാതെ ഒരു പാർട്ടിയേയും ഒരു മന്ത്രിയേയും ആക്ഷേപിച്ചിട്ടില്ല. ആക്ഷേപിക്കൽ ഇനി വരുന്നതേയുള്ളൂ. ഇപ്പോഴേ ഇങ്ങനെ തുടങ്ങിയാൽ എങ്ങനെയാണ്? ഇത് വളരെ നിർഭാഗ്യകരമാണ്. അതുകൊണ്ട് കുറച്ച് സഹിഷ്ണത കാണിക്കണം. സംസ്ഥാനത്തെ ജനങ്ങളുടെ ആഹാരത്തെക്കുറിച്ച് ഉത്തരവാദിത്വപ്പെട്ടവരോടാണ് പറയുന്നത്. അത് മാത്രമല്ല കഴിഞ്ഞ തെരഞ്ഞെടുപ്പിൽ വില നിയന്ത്രിക്കുമെന്ന് പറഞ്ഞ് അധികാരത്തിൽ വന്ന ഗവൺമെന്റാണ്. ആ ഗവൺമെന്റിനോട് ജനങ്ങൾക്കു വേണ്ടി പറയുകയെന്നത് ഒരു ജനപ്രതിനിധിയെന്നുള്ള നിലയിൽ എന്റെ കടമയാണ്. രാജ്യത്ത് ഇങ്ങനെയൊരു സംഭവം ഉണ്ടായിട്ടും മുഴുവനും അറിഞ്ഞിട്ടില്ലെങ്കിലും ബഹുമാനപ്പെട്ട മന്ത്രിയേയും ഗവൺമെന്റിനേയും അത് അറിയിക്കുകയെന്നുള്ളത് പ്രതിപക്ഷമെന്ന നിലയ്ക്ക് ഞങ്ങളുടെ ബാധ്യതയാണ്.

സ്വാഭാവികമായും വിലക്കയറ്റമുണ്ടാകുമ്പോൾ അത് തടയുന്നതിനുവേണ്ട നടപടിയെടുക്കാൻ ഗവൺമെന്റ് ഉണർന്ന് പ്രവർത്തിക്കണം. വരൾച്ചയുണ്ടാകുന്നത് മന്ത്രിയുടെ കുറ്റമാണെന്നൊന്നും ഞാൻ പറഞ്ഞിട്ടില്ല. അതിന് പ്രഖ്യാപനങ്ങൾ മാത്രം പോരാ. അത്തരം സ്ഥലങ്ങളിൽ പോയി ബന്ധപ്പെട്ട ആളുകളുമായി ഗവൺമെന്റ് തലത്തിൽ ചർച്ച ചെയ്യണം. വിതരണം ചെയ്യാൻ ഗവൺമെന്റിന്റെ എല്ലാ മെഷിനറിയും ഉണർന്ന് പ്രവർത്തിക്കണം. അതല്ലാതെ എന്നെ പറഞ്ഞ് തോൽപ്പിക്കാനും ഉത്തരം മുട്ടിക്കാനുമല്ല ശ്രമിക്കേണ്ടത്. ഇതിന് പരിഹാരമുണ്ടാക്കുകയെന്നത് ഉത്തരവാദിത്വപ്പെട്ട ഒരു ഗവൺമെന്റിന്റെ ചുമതലയാണ്. അതിനുവേണ്ടിയാണ് ഇക്കാര്യങ്ങൾ ഞാൻ ഇവിടെ ഉന്നയിക്കുന്നത്. ഗവൺമെന്റ് എടുത്ത നടപടികൾ ഞാൻ പത്രത്തിൽ വായിച്ചു. ബഹുമാനപ്പെട്ട മന്ത്രി സംസ്ഥാനത്ത് മൂന്ന് അരിക്കടകൾ തുടങ്ങിയിട്ടുണ്ട്. പ്രശ്നത്തിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് അരിക്കടകളുടെ സംസ്ഥാനതല ഉദ്ഘാടനം ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമൻ തിരുവനന്തപുരത്ത് നിർവ്വഹിച്ചു. രണ്ടാമത് അരിക്കട കൊച്ചിയിലും മൂന്നാമത് കോഴിക്കോടുമാണ് തുടങ്ങുമെന്ന് പറഞ്ഞിട്ടുള്ളത്. അങ്ങനെ കേരളത്തിലെ അരിയുടെ വിലക്കയറ്റം തടയുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് വളരെ ഗൗരവത്തോടുകൂടി മൂന്ന് അരിക്കടകൾ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. എന്നു മുതലാണ് ഈ പ്രശ്നത്തെ ഗൗരവത്തോടുകൂടി എടുത്തിട്ടുള്ളത്? ഈ പ്രശ്നം ബന്ധപ്പെട്ട വകുപ്പ് കൈകാര്യം ചെയ്യുന്നവർ ഒരുമിച്ചിരുന്ന് ആലോചിക്കേണ്ടതല്ലേ; സഹകരണ വകുപ്പിനും കൃഷി വകുപ്പിനും മറ്റ് വകുപ്പുകൾക്കും എന്തൊക്കെ ചെയ്യാൻ കഴിയുമെന്നൊക്കെ ആലോചിക്കണം. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ കൃഷിയിൽ നിന്ന് ലഭിച്ചിട്ടുള്ള നെല്ലൊക്കെ കുത്തി വിപണിയിലെത്തിക്കാനുള്ള ശ്രമം നടത്തണ്ടേ; അതിന് പകരം ഇങ്ങനെയുള്ള തെറ്റായ കാര്യങ്ങൾ പറയുന്നത് ഒട്ടും ശരിയല്ല.

കേരളത്തിലെ അരി പ്രശ്നം പരിഹരിക്കുന്നതിന്റെ ഭാഗമായി സർക്കാർ മൂന്ന് അരിക്കടകളാണ് തുടങ്ങിയിട്ടുള്ളത്. പതിനാലായിരം ടൺ (നൂറ് ലോറി) അരിയാണ് സംസ്ഥാനമാകെ വിതരണം ചെയ്യുന്നതിന് മൂന്ന് ജില്ലകളിലേയ്ക്ക് എത്തിച്ചിട്ടുള്ളത്. വയനാട്, കാസർഗോഡ്, മലപ്പുറം ജില്ലകളിലുള്ളവർ ഈ വാഹനത്തിൽ വന്ന അരി കൊണ്ടുപോകണമെങ്കിൽ കോഴിക്കോട് വരണം...(ബഹളം..)

മി. സ്പീക്കർ: ശ്രീ കെ. രാജൻ, മറുപടി പറയാൻ വകുപ്പുമന്ത്രി തയ്യാറായിരിക്കുകയാണ്. നിങ്ങൾ എന്തിനാണ് മറുപടി പറയാൻ പോകുന്നത്. ദയവായി സീറ്റിലിരിക്കു......

ശ്രീ. എം. ഉമ്മർ: സർ, ശ്രീ. പി. തിലോത്തമനാണ് വകുപ്പുമന്ത്രിയെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ബഹുമാനപ്പെട്ട കെ. രാജൻ നിയുക്ത മന്ത്രിയായ വിവരം ഞാൻ അറിഞ്ഞില്ല. അതുകൊണ്ട് ഇവിടെയിരിക്കുന്ന ഓരോ നിയുക്ത മന്ത്രിമാരായിട്ടുള്ള ആളുകൾ രോഷം കൊണ്ടിട്ട് കാര്യമില്ല. മേൽപ്പറഞ്ഞ മൂന്ന് അരിക്കടകൾ തുടങ്ങിയതിനെ 'ആനവായിൽ അമ്പഴങ്ങ' എന്നല്ലാതെ മറ്റെന്താണ് പറയുക? ഇതുകൊണ്ട് കേരളത്തിലെ ഭക്ഷ്യപ്രശ്നം പരിഹരിക്കാൻ സാധിക്കുമോ? പശ്ചിമ ബംഗാളിൽനിന്നും അരി കൊണ്ടുവന്ന് കേരളത്തിലെ അരിക്ഷാമം പരിഹരിക്കുമെന്ന ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി കടകംപള്ളി സുരേന്ദ്രന്റെ സ്റ്റേറ്റ്മെന്റ് വായിച്ചിരുന്നു. നിങ്ങളുടെ വിശ്വാസം നിങ്ങളെ രക്ഷിക്കട്ടെയെന്നേ പറയുവാൻ കഴിയുന്നുള്ളൂ. ബംഗാൾ മുഖ്യമന്ത്രി ശ്രീമതി മമതാ ബാനർജി കേരളത്തിലേയ്ക്ക് അരി കയറ്റിവിടുമെന്ന് എനിക്ക് തോന്നുന്നില്ല. അവരറിയാതെയെങ്ങാനും അരി കൊണ്ടുവരാനേ കഴിയുകയുള്ളൂ. അതല്ലാതെ പ്രത്യേക സാഹചര്യത്തിൽ അവർ കേരളത്തിലേയ്ക്ക് അരി കയറ്റിവിടുമെന്ന് എനിക്ക് തോന്നുന്നില്ല. പശ്ചിമ ബംഗാളിൽ ഇടതുപക്ഷത്തിന് തിരിച്ചടിയുണ്ടായ സംസ്ഥാനമാണ്, കേരളത്തിന് തിരിച്ചടിയുണ്ടാകുമെന്ന് കരുതിയാണ് ഞാൻ പറയുന്നത്. നിങ്ങൾക്ക് മാത്രം അരി കിട്ടാതിരിക്കുകയാണെങ്കിൽ തരക്കേടില്ല. അതുകൊണ്ട് ബംഗാളിനെ മാത്രം ആശ്രയിക്കാതെ ആന്ധ്രാപ്രദേശ്, കർണ്ണാടക, പഞ്ചാബ് തുടങ്ങിയ സംസ്ഥാനങ്ങളെയും സമീപിച്ച് അരി കൊണ്ടുവരുന്നതിന് ശ്രമിക്കണം.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, അങ്ങയുടെ മനസ്സിലിരിപ്പ് എന്താണെന്ന് കൃത്യമായി ബോധ്യമായി. ഇവിടെ അരി കൊണ്ടുവരാൻ പാടില്ലായെന്നാണ് അങ്ങയുടെ മനസ്സിലിരിപ്പ്. ഈ രൂപത്തിൽ ദുഷ്ടബുദ്ധിയോടുകൂടി ചിന്തിക്കരുത്. പ്രതിപക്ഷമൊക്കെ ശരിയാണ്. പക്ഷേ ഇത്ര ദുഷ്ടചിന്ത പാടില്ല.

ശ്രീ. എം. ഉമ്മർ: സർ, ബംഗാളിലെ അരി കുഴപ്പമില്ല. ഞാൻ പറഞ്ഞത് ബംഗാളിനെ മാത്രം വിശ്വസിച്ച് കേരളത്തിലെ ജനങ്ങളെ വറുതിയിലാക്കരുത് എന്നാണ്. അങ്ങ് സന്ദർഭത്തിനനുസരിച്ച് ഉണർന്ന് സ്റ്റേറ്റ്മെന്റ് ഇറക്കിയതിൽ സന്തോഷമുണ്ട്. ബംഗാളിൽ ശ്രീമതി മമതാ ബാനർജിക്ക് നിങ്ങളോടുള്ള വൈകാരിക സംഗതി ആലോചിച്ച് പറഞ്ഞെന്നേയുള്ളൂ, അല്ലാതെ മറ്റൊന്നും കൊണ്ടല്ല. ഞങ്ങളെ സംബന്ധിച്ച് ബംഗാളിലെ അരി ഇവിടെ വരുന്നതിൽ ഒരു പ്രത്യേക മമതയുണ്ട്. അതുകൊണ്ട് ബംഗാളിനെക്കൂടാതെ എവിടെയൊക്കെ അരി ഉൽപ്പാദിപ്പിക്കുന്നുണ്ടോ ആ സംസ്ഥാനങ്ങളെയൊക്കെ ആശ്രയിക്കണം. വിദേശത്തുനിന്നാണെങ്കിലും കുഴപ്പമില്ല. ഞങ്ങളെ സംബന്ധിച്ചിടത്തോളം അരി നിങ്ങൾ വയനാട്ടിൽ നിന്ന് കൊണ്ടു വന്നാലും കുഴപ്പമില്ല. 'നെല്ല് പത്തായത്തിലുണ്ടെങ്കിൽ അരി വയനാട്ടിൽ നിന്ന് വരു'മെന്ന് പറയുന്ന മാതിരി ഈ പ്രശ്നത്തിന്റെ ഗൗരവം ഉൾക്കൊള്ളാൻ ഗവൺമെന്റ് മുന്നോട്ട് വരണം. അരിയുടെ മാത്രമല്ല, പച്ചക്കറിക്ക് വില വർദ്ധിച്ചതിനാൽ ഹോട്ടലുകളിൽ ഭക്ഷണ സാധനങ്ങളുടെ വില ഉയരും. ഇത് തടയാൻ എന്ത് നിയന്ത്രണമാണ് ഗവൺമെന്റ് കൊണ്ടുവരാൻ പോകുന്നത്? ഇനിയും മറുപടി പറയുമ്പോൾ ഇതെല്ലാം യു.ഡി.എഫ്.ന്റെ തലയിൽവച്ച് കെട്ടരുത്. കേരളത്തിലെ വരൾച്ചയുടെ പകുതി ഉത്തരവാദിത്വം ഞങ്ങളേറ്റെടുക്കാം. ആന്ധ്രാപ്രദേശിലും മറ്റ് സംസ്ഥാനങ്ങളിലുമുണ്ടായ വരൾച്ചയ്ക്ക് ഞങ്ങളല്ല ഉത്തരവാദികൾ. കേരളത്തിൽ വരൾച്ചയുണ്ടായത് യു.ഡി.എഫ്-ന്റെ കാലത്ത് ആരൊക്കെയോ ഭൂമി കയ്യേറ്റം നടത്തിയതു കൊണ്ടാണെന്ന് ഇവിടെ പറഞ്ഞു. എന്തായാലും ബംഗാളിലുണ്ടായ വരൾച്ചയ്ക്ക് ഞങ്ങളല്ല ഉത്തരവാദികൾ. സന്ദർഭത്തിന്റെ ഗൗരവത്തിനനുസരിച്ച് ഗവൺമെന്റ് ഉണരേണ്ടതുണ്ട്. ഇത്രയും ഗൗരവമായ വിഷയമായതിനാൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ബഹുമാന്യനായ എം. ഉമ്മർ കാര്യങ്ങളൊക്കെ പറഞ്ഞു. സംസ്ഥാനത്ത് വിലക്കയറ്റ മുണ്ടായിട്ടില്ലെന്ന് ഞാൻ പറഞ്ഞിട്ടില്ല. അരിക്ക് വില കൂടിയിട്ടുണ്ട്; ഏറ്റവും വിലവർദ്ധനവുണ്ടായിട്ടുള്ളത് ബ്രാന്റഡ് ഇനങ്ങളായ ജയ, ലളിത തുടങ്ങിയവയ്ക്കാണ്. നാൽപ്പത്തിയേഴ്, നാൽപ്പത്തിയെട്ട് രൂപ വരെ അരി വില വർദ്ധിച്ചിട്ടുണ്ട്. എന്നാൽ എല്ലായിനം അരിക്കും വില കൂടിയിട്ടില്ല. ദക്ഷിണ കേരളത്തിലാണ് വില കൂടുതൽ അനുഭവപ്പെടുന്നത്. ഉത്തര കേരളത്തിൽ അത്ര വലിയ വിലവർദ്ധനവുണ്ടായിട്ടില്ലെന്ന് ശ്രീ. എം. ഉമ്മർ മാഷിനറിയാവുന്ന കാര്യമാണ്. വളരെ രസകരമായി കാര്യങ്ങൾ അവതരിപ്പിക്കുന്നതുകൊണ്ട് ഞങ്ങൾ മാഷെന്നാണ് അദ്ദേഹത്തെ വിളിക്കുന്നത്. അരിയുടെ വില കൂടിയിട്ടില്ലെന്ന് ഞാൻ പറഞ്ഞിട്ടില്ല. ഇരുപത് ശതമാനം വില വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നാണ് പറഞ്ഞത്. ഏറ്റവും കൂടുതൽ വർദ്ധനയുണ്ടായത്

ആന്ധ്രാപ്രദേശിൽ നിന്നും വരുന്ന ജയ ഉൾപ്പെടെയുള്ള ബ്രാന്റഡ് അരിക്കാണ്. ആ അരിക്ക് വില കൂടാനുണ്ടായ സാഹചര്യം ഞാൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇന്നലെ സഭയിലും അതുസംബന്ധിച്ച് ചർച്ച നടന്നതാണ്. ആന്ധ്രയിലെ അരി ഉൽപ്പാദനം കുറഞ്ഞതും ഒരു വിഹിതം ആഫ്രിക്കൻ രാജ്യങ്ങളിലേയ്ക്ക് കയറ്റി അയയ്ക്കുന്നതും കർണ്ണാടകയും തമിഴ്നാടുമെല്ലാം ആന്ധ്ര അരിയെ അഭയം പ്രാപിച്ചതുമൊക്കെ കേരളത്തിലേയ്ക്കുള്ള അരിയുടെ വരവിനെ ഗുരുതരമായി ബാധിച്ചിട്ടുണ്ട്. ആ യാഥാർത്ഥ്യമാണ് ഞാൻ ഇവിടെ പറഞ്ഞത്. അതുകൊണ്ടാണ് ആന്ധ്രയിലെ ജയ അരിക്ക് ഇവിടെ വലിയ ഡിമാന്റുണ്ടായത്. അതുമാത്രമല്ല, ദക്ഷിണ കേരളത്തിലെ ജനങ്ങൾക്ക് ആന്ധ്ര അരിയോടാണ് വളരെ പ്രിയം. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ആ സന്ദർഭം അവർ നന്നായി മുതലെടുക്കുന്നു. അത് തടയാനാണ് സംസ്ഥാനത്തെ അരിക്കച്ചവടക്കാരുടെ യോഗം പലതവണയായി വിളിച്ചുകൂട്ടിയത്. ജില്ലകളിൽ കൂടിയ യോഗത്തിൽ സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്ന എല്ലാ നടപടികളോടും അവർ സഹകരിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്. അവരാരും അരി പൂഴ്ത്തിവയ്ക്കുകയോ വില വർദ്ധിപ്പിച്ച് വിൽക്കുകയോ ചെയ്യുന്നില്ലെന്ന യാഥാർത്ഥ്യം ഞങ്ങളോട് വിശദീകരിച്ചു. ഹോൾസെയിൽ റേറ്റിൽ വാങ്ങിയ ബിൽ സഹിതം ഞങ്ങളെ കാണിച്ചു ബോദ്ധ്യപ്പെടുത്തി. എന്നാൽ ഇതിന്റെ പിന്നിലാണ് ഏറ്റവും വലിയ ഗൂഢപദ്ധതി നടക്കുന്നത്. ആന്ധ്ര അരിയുടെ ഇടപാടിൽ നിർണ്ണായക പങ്ക് വഹിക്കുന്നത് കൊല്ലത്തെ ചില ഏജൻസികളാണ്. ആന്ധ്രക്കാർക്ക് നമ്മളോട് വലിയ വിശ്വാസ്യതയില്ലെന്ന് ഇന്നലെ പറഞ്ഞിരുന്നു. ഞാൻ ഓണത്തിനുമുമ്പ് അവിടെ പോയപ്പോൾ സപ്ലൈകോയുമായോ കേരളീയരുമായോ നേരിട്ട് കച്ചവടത്തിനില്ലെന്നും അരി വാങ്ങിയാൽ അതിന്റെ പൈസ കൊടുക്കാത്തവരാണെന്നും പറഞ്ഞു. അവരുടെ പരാതി മുഴുവൻ കേട്ടതിനുശേഷം അതൊരു ഫയലാക്കി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഏൽപ്പിക്കുകയും ചെയ്തു. സംസ്ഥാനങ്ങൾ തമ്മിലുള്ള ഒരു ബന്ധത്തിന്റെ വിഷയ മായതുകൊണ്ട് പണം തിരികെ അവർക്ക് കൊടുക്കാമെന്നാണ് അദ്ദേഹം പറഞ്ഞത്. ആ പണം ഇപ്പോൾ കൊടുത്തു കൊണ്ടിരിക്കുകയാണ്. അങ്ങനെ ചില വിഷയങ്ങൾ ഉള്ളതുകൊണ്ട് കൊല്ലത്തെ ലോബികൾ ഈ സന്ദർഭം വളരെ ഫലപ്രദമായി വിനിയോഗിക്കുന്നു. ആ ഇടപെടൽ അവസാനിപ്പിക്കാൻവേണ്ടി കൊല്ലത്തും യോഗം വിളിക്കുകയാണ്. അവിടെയുള്ള ഏജന്റുമാർ ജനങ്ങളെ കണ്ണീർ കുടിപ്പിക്കുന്ന നടപടി സ്വീകരിക്കുന്നത് കർശനമായി നേരിടാൻ നടപടികളെടുക്കും. മാത്രമല്ല, ആന്ധ്രാ അരി വില കുറച്ച് കിട്ടാനുള്ള എല്ലാ സാധ്യതകളും ഉപയോഗപ്പെടുത്തി അരി വാങ്ങാൻ തീരുമാനിച്ചിരിക്കുകയാണ്. ഇന്നലെ നടന്ന കരാറനുസരിച്ച് 39.50 രൂപയ്ക്ക് ജയ, ലളിത ബ്രാന്റഡ് അരിയുടെ ആയിരം ടൺ സപ്ലൈകോ വഴി വിതരണം ചെയ്യുന്നതിന് കരാറായിട്ടുണ്ട്. നാളെ മുതൽ അരി വന്നുതുടങ്ങും; വളരെ റീസണബിൾ റേറ്റിൽ മാർക്കറ്റിൽ വിതരണം ചെയ്യും.

10.00 A.M.]

ശ്രീ വി. ഡി സതീശൻ: സർ, ബ്രാന്റഡ് അരിയായ ജയ, ലളിത തുടങ്ങിയ അരികൾക്കാണ് വില കൂടിയതെന്ന അങ്ങയുടെ പ്രസ്താവന ശരിയല്ല. എല്ലാ അരിക്കും വില കൂടിയിട്ടുണ്ട്. ജയ അരിയാണ് കേരളത്തിൽ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത്. പ്രത്യേകിച്ചും തെക്കൻ കേരളീയർ. ആ അരിയുടെ വിലയാണ് 45 രൂപ മുതൽ 48 രൂപവരെയായത്. 28 രൂപയിൽ നിന്നാണ് വില ഇത്രയും വർദ്ധിച്ചതെന്ന് അങ്ങ് ശ്രദ്ധിക്കുന്നില്ല.

രണ്ടാമതായി, റേഷൻ വിതരണം താറുമാറായി. അരി കിട്ടാതായപ്പോൾ കൂടുതൽ പേർക്ക് പൊതു മാർക്കറ്റിനെ ആശ്രയിക്കേണ്ടി വന്നു. ഈ രണ്ടു കാര്യങ്ങളാണ് അരി വില വർദ്ധിക്കാനുള്ള പ്രധാന കാരണം. എന്തുകൊണ്ട് ഇത്ര ദിവസമായി മാർക്കറ്റ് ഇന്റർവെൻഷൻ ഗവൺമെന്റ് നടത്തിയില്ല? .....(ബഹളം.....)

ശ്രീ. സി. കെ. നാണു: സർ, റേഷൻ വിഹിതം എങ്ങനെ കുറഞ്ഞു? അത് പ്രധാനമാണ്. അതാണ് വില വർദ്ധനയ്ക്ക്....(മൈക്ക് ഓഫ്)........

ശ്രീ. പി. തിലോത്തമൻ: ബഹുമാനപ്പെട്ട ശ്രീ. വി. ഡി. സതീശൻ പറഞ്ഞത് ശരിയാണ്, അതിലേയ്ക്ക് ഞാൻ വരാം. ബ്രാന്റഡ് അരിക്കാണ് വില കൂടിയത്. മറ്റുള്ളവയ്ക്ക് അത്രയധികം വർദ്ധിച്ചിട്ടില്ല. ബ്രാന്റഡ് അരി 39.50 രൂപയ്ക്ക് ഇന്നലെ സപ്ലൈകോ കച്ചവടം നടത്തി. വില കുറയുന്നതിന്റെ ലക്ഷണം കണ്ടുതുടങ്ങി എന്നാണ് ഞാൻ പറഞ്ഞത്. ഇക്കാര്യം അറിയിക്കാനാണ് ഉദാഹരണങ്ങൾ ചൂണ്ടിക്കാണിച്ചത്. അതുകൊണ്ട് മറ്റ് അരികൾക്ക് വില കൂടിയില്ല എന്നർത്ഥമില്ല. കിലോയ്ക്ക് മൂന്ന് രൂപ മുതൽ ആറ് രൂപ വില കൂടിയിട്ടുണ്ട്. ജയ അരിക്ക് 28 രൂപ എന്ന് പറയുന്നത് ശരിയല്ല. പത്ത്-പതിനൊന്ന് രൂപയുടെ വർദ്ധനവാണ് ഇക്കാലയളവിൽ ഉണ്ടായത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത്, ഈ വിഷയം ഞാൻ സഭയിൽ ഉന്നയിച്ചിട്ടുണ്ട്. ഒരു കിലോ അരിക്ക് 40 രൂപയാകുന്നു എന്ന് പറഞ്ഞപ്പോൾ അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞത് ശ്രീ. പി. തിലോത്തമൻ പറയുന്നത് ബ്രാന്റഡ് അരിയെക്കുറിച്ചാണ് എന്നായിരുന്നു. ഞാനും അങ്ങയോട് പറയുന്നത് ബ്രാന്റഡ് അരിയുടെ വിലയാണ്. ഇതിനാണ് 47 മുതൽ 48 രൂപ വരെയായത്. വസ്തുതകൾ വസ്തുതകളായിട്ടുതന്നെ പറയണം. ഞങ്ങൾ ഒന്നും ചെയ്യാതിരുന്നിട്ടില്ല. മൂന്ന് അരിക്കടകൾ തുടങ്ങിയിട്ടുണ്ട്. കൂടാതെ കേരളത്തിലെ 1531 സപ്ലൈകോ ഔട്ട്ലെറ്റുകളിലൂടെ അരി വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. മാത്രമല്ല എല്ലാ ജില്ലാ കേന്ദ്രങ്ങളിലും അരിക്കട തുടങ്ങാൻ പോകുകയാണ്. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഒന്നോ, രണ്ടോ അരിക്കട തുടങ്ങിയിട്ടുണ്ടാവും; ഇത്രയേറെ അരിക്കട തുടങ്ങിയ സന്ദർഭമേതാണ്? ഞങ്ങളാണെങ്കിൽ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും അരിക്കടകൾ ആരംഭിക്കുകയാണ്. ഇപ്പോൾത്തന്നെ മൂന്നെണ്ണം തുടങ്ങി. അടുത്ത ആഴ്ച ബാക്കികൂടി തുടങ്ങും.

അരി വില കൂടാനുള്ള ഒരു പ്രധാന കാരണം സംസ്ഥാനങ്ങൾ നേരിടുന്ന വരൾച്ചയാണ്. അരിയുടെ ലഭ്യതക്കുറവാണ് വില വർദ്ധിക്കാൻ കാരണം. എന്നാൽ ശ്രീ. വി. ഡി. സതീശൻ പറഞ്ഞത് വളരെ ശരിയാണ്. സംസ്ഥാനത്തെ ജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിച്ചിരുന്നത് പി.ഡി.എസ്.-നെ (Public Distribution System) ആണ്. ന്യായവില ഷോപ്പുകളിൽ നിന്ന് വിതരണം ചെയ്യുന്ന റേഷൻ അരിയിൽ ഗണ്യമായ കുറവുണ്ടായത് എല്ലാവരും മനസ്സിലാക്കിയേ മതിയാകൂ. അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ പ്രിയങ്കരനായ മുഖ്യമന്ത്രി സർവ്വകക്ഷി യോഗം വിളിച്ചുചേർത്ത് അവിടെ വിശദീകരിച്ചു. ആ വിഷയത്തിൽ ഒരുമിച്ചൊരു ധാരണയിൽ നിൽക്കുന്നതുകൊണ്ടാണ് ഞാനതിലേയ്ക്ക് കടക്കാതിരുന്നത്. അത് പറയണം എന്ന് ശ്രീ. വി. ഡി. സതീശന് നിർബന്ധമുണ്ടെങ്കിൽ അതും ഞാൻ പറയാം. .....(ബഹളം)....... 16.25 മെട്രിക് ടൺ ധാന്യത്തിന്റെ സ്ഥാനത്ത്, 14.25 മെട്രിക് ടൺ ധാന്യമാണ് നമുക്ക് കിട്ടുന്നത്..... (ബഹളം)........

<u>മി. സ്പീക്കർ</u>: പ്ലീസ്.. പ്ലീസ്.. അങ്ങ് സംസാരിക്കൂ....

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, രണ്ട് ലക്ഷം മെട്രിക് ടൺ ധാന്യത്തിന്റെ കുറവുണ്ടായി. ......(ബഹളം)......

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മിനിസ്റ്റർ മുഖ്യമന്ത്രിയ്ക്ക് സംസാരിക്കണം.

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, ഞാൻ പറഞ്ഞുതീർന്നില്ല. നേരത്തേ എൻ.എഫ്.എസ്.എ. നടപ്പാക്കുന്നതിനുമുമ്പ് 132655 മെട്രിക് ടൺ ധാന്യം പ്രതിമാസം നമുക്ക് ലഭിക്കുമായിരുന്നു. പുതുക്കിയ ദേശീയ ഭക്ഷ്യഭദ്രതാ നിയമം നവംബർ മാസം മുതൽ ആരംഭിച്ചപ്പോൾ, അത് 118754 മെട്രിക് ടൺ ആയി കുറഞ്ഞു, അത് വലിയൊരു കുറവാണ്. ഇത് വലിയ പ്രയാസങ്ങളുണ്ടാക്കി..... (ബഹളം).... ഞാൻ മറുപടി പറഞ്ഞ് തീർക്കട്ടേ. അതിനുശേഷം വഴങ്ങാം...... (ബഹളം).....

<u>മി. സ്പീക്കർ</u>: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, മന്ത്രി വഴങ്ങിയാലല്ലേ ചോദിക്കാൻ സാധിക്കൂ? വഴങ്ങുമ്പോൾ ചോദിക്കാം. അദ്ദേഹം അത് പൂർത്തീകരിച്ചില്ലല്ലോ? മറ്റുള്ളവർ എന്തിനാണ് എഴുന്നേറ്റ് നിൽക്കുന്നത്?.......(ബഹളം)......... മന്ത്രി മറുപടി പറഞ്ഞോളും. അദ്ദേഹത്തിന് അതിനുള്ള പ്രാപ്തിയുണ്ട്. ബാക്കിയുള്ളവർ ഇരിക്കണം. എഴുന്നേറ്റുനിന്ന് മറ്റുള്ളവർ സഹായിക്കേണ്ട കാര്യമില്ല. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും മന്ത്രി വഴങ്ങിയ ശേഷം മാത്രമേ സംസാരിക്കാൻ കഴിയൂ. അങ്ങ് ഇരിക്കൂ....... (ബഹളം).....

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, അദ്ദേഹം വഴങ്ങി. സാധാരണഗതിയിൽ റെഗുലർ അലോട്ട്മെന്റിൽ കിട്ടേണ്ട വിഹിതം കിട്ടുന്നില്ലെങ്കിൽ അഡീഷണൽ അലോട്ട്മെന്റ് ആവശ്യപ്പെടണം. അഡീഷണൽ അലോട്ട്മെന്റ് കേരളത്തിന് ഇതിനുമുമ്പ് ലഭിച്ചിട്ടില്ലേ? കഴിഞ്ഞ ജൂൺ മാസം വരെ അലോട്ട്മെന്റ് ഉണ്ടായിരുന്നില്ലേ? എന്നിട്ടും അഡീഷണൽ അലോട്ട്മെന്റിനുവേണ്ടി എന്തുകൊണ്ട് ചോദിച്ചില്ല? ഈ ക്രൈസിസ് നേരിടുന്നതിനുവേണ്ടി ഗവൺമെന്റ് എന്തുകൊണ്ട് ഇടപെട്ടില്ല എന്നതാണ് ഞങ്ങളുടെ ചോദ്യം?

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കും.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ഇവിടെ പല തവണ വ്യക്തമാക്കിയ കാര്യമാണ്. അഡീഷണൽ അലോട്ട്മെന്റ് നേരത്തേ ലഭിച്ചിരുന്നു എന്നുള്ളത് വസ്തുതയാണ്. എന്നാൽ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കിയതോടെ എല്ലാ സംസ്ഥാനങ്ങൾക്കുമുള്ള അരിവിഹിതവും നിശ്ചയിച്ചു. ആ നിശ്ചിത വിഹിതം മാത്രമാണ് ഇപ്പോൾ നൽകുന്നത്. ഞങ്ങൾ നേരത്തേ കേന്ദ്ര ഗവൺമെന്റിനോടും പ്രധാനമന്ത്രിയോടും ആവശ്യപ്പെട്ടത് അഡീഷണൽ വിഹിതം സംസ്ഥാനത്തിന് നൽകിയിരുന്നത് വീണ്ടും നൽകണം എന്നാണ്. എന്നാൽ അതിന് സന്നദ്ധമല്ല എന്ന നിലപാടാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. എഫ്.സി.ഐ.യിലുള്ള അരി സാധാരണ വിലയ്ക്ക് നൽകാറുണ്ട്; റേഷൻ വിലയ്ക്കല്ല. ആ വിലയ്ക്ക് നിങ്ങൾക്കും നൽകാം എന്നതാണ് അവരിൽ നിന്ന് കിട്ടിയ സൗജന്യം. അത്തരത്തിൽ വാങ്ങുന്നതിനുള്ള സൗകര്യം ലഭിച്ചു. ആ അരി വാങ്ങുന്നതിനുള്ള നടപടിയാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. നമുക്ക് നേരത്തേ ലഭിച്ചിരുന്ന അഡീഷണൽ വിഹിതം ലഭിക്കുന്നില്ല എന്ന് പല പ്രാവശ്യം വ്യക്തമാക്കി കഴിഞ്ഞതാണ്. അഡീഷണൽ വിഹിതം ചോദിച്ചെങ്കിലും ലഭിച്ചിട്ടില്ല.

<u>ശ്രീ. രമേശ് ചെന്നിത്തല:</u> ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, കേരളത്തിനുണ്ടായിരുന്ന അലോട്ട്മെന്റ് 10 ലക്ഷം മെട്രിക് ടണ്ണായിരുന്നു. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് അത് 14.25 മെട്രിക് ടണ്ണാക്കി ഉയർത്തിയത്. കേരളത്തിന് അത് ഫിക്സ് ചെയ്തത് പ്ലാനിംഗ് കമ്മീഷനാണ്. എ.പി.എൽ./ബി.പി.എൽ., അന്ത്യോദയ-അന്നയോജന തുടങ്ങിയ ക്രൈറ്റീരിയ അനുസരിച്ചാണ് ഫിക്സ് ചെയ്യുന്നത്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും ഫിക്സ് ചെയ്യുന്നുണ്ട്. കേരളത്തിന് അത് പോരാ എന്ന് പറഞ്ഞ് അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റ് കേന്ദ്രത്തിൽ റെപ്രസന്റ് ചെയ്തതിന്റെ ഫലമായി 2.5 ലക്ഷം മെട്രിക് ടൺ അരി നമുക്ക് അധികമായി തരുമായിരുന്നു. അത് നമ്മൾ വാങ്ങിയെടുക്കണം. പ്രതിപക്ഷവും ഭരണപക്ഷവും ഒരുമിച്ചുചേർന്ന് അഡീഷണൽ അലോട്ട്മെന്റ് വാങ്ങണം. അതിന് സംശയമൊന്നുമില്ല. പക്ഷേ ഇവിടത്തെ പ്രശ്നം എന്താണ്? 14.25 ലക്ഷം മെട്രിക് ടൺ അരി എഫ്.സി.ഐ. ഗോഡൗണിൽനിന്ന് സമയത്തിന് വിതരണം ചെയ്യാൻ കഴിഞ്ഞില്ല. എന്തുകൊണ്ട് കഴിഞ്ഞില്ല? അത് കെടുകാര്യസ്ഥതയല്ലേ?

ശ്രീ. പിണറായി വിജയൻ: സർ, 14.25 ലക്ഷം മെട്രിക് ടണ്ണായിരുന്നു നമുക്ക് ലഭിച്ചിരുന്നത്. എന്റെ കയ്യിൽ ഇപ്പോൾ കൃത്യമായ കണക്കില്ല, ഓർമ്മയിൽ നിന്നാണ് പറയുന്നത്. 2 ലക്ഷത്തോളം മെട്രിക് ടൺ അഡീഷണൽ ക്വാട്ടയായി നൽകിയതായിരുന്നു. കേരളത്തിൽ ഭക്ഷ്യസുരക്ഷാ നിയമം പെട്ടെന്നാണ് നടപ്പിലാക്കാൻ നിർദ്ദേശിച്ചത്. ഇനി അവധി നീട്ടിത്തരില്ല എന്ന് സംസ്ഥാന ഗവൺമെന്റിനോട് കേന്ദ്രഗവൺമെന്റ് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കാൻ സംസ്ഥാനം തീരുമാനിച്ചപ്പോൾ അവിചാരിതമായ ഒരു സംഭവമുണ്ടായി. എഫ്.സി.ഐ.-ൽ അംഗീകൃത ട്രേഡ് യൂണിയനിൽപ്പെടാത്ത 'ജന' എന്നോ മറ്റോ പേരുള്ള ഒരു തൊഴിലാളി സംഘടന സാധാരണ കൂലിയിൽ കവിഞ്ഞ വലിയ തുക (അട്ടിമറിക്കൂലി) കൂലിയായി കിട്ടണമെന്ന് ആവശ്യപ്പെട്ടു. വലിയ തുകയായതിനാൽ നമുക്ക് നൽകാനാവില്ലാ യിരുന്നു. അപ്പോൾ അരി നീക്കം സ്തംഭനത്തിലായി. ആ ഘട്ടത്തിൽ ചർച്ചകൾ നടത്തിയെങ്കിലും ഒത്തുതീർപ്പിന് അവർ തയ്യാറായില്ല. അവസാനം ഗവൺമെന്റ് കർക്കശമായി ഇടപെട്ടു. കർക്കശമായി നീങ്ങിയാൽ നിയമം ഉപയോഗിക്കാം. എന്നാൽ അതല്ല ചെയ്തത്. എഫ്.സി.ഐ. അധികൃതരെ വിളിച്ച് സംസാരിച്ചു. മറ്റ് തൊഴിലാളികളെ ഉപയോഗിച്ച് അരി ലിഫ്റ്റ് ചെയ്യാനുള്ള സൗകര്യം ഉണ്ടാക്കണം. അങ്ങനെ അരി ലിഫ്റ്റ് ചെയ്യും എന്ന് വന്നപ്പോഴാണ് ഇക്കാര്യത്തിൽ മാറ്റമുണ്ടായത്. അപ്പോഴും അവിടെയുള്ള മുഴുവൻ അരിയും ലിഫ്റ്റ് ചെയ്യില്ല എന്ന നിലപാട് തൊഴിലാളികളിൽ പലരും സ്വീകരിച്ചു. ഇങ്ങനെയൊരു വിഷമസ്ഥിതി ഇക്കാര്യത്തിലുണ്ടായി. എന്നാൽ ഇത് ഏറെക്കുറെ പരിഹരിക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. ഇതൊന്നും സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചകൊണ്ട് സംഭവിച്ചതല്ല.

ശ്രീ. രമേശ് ചെന്നിത്തല : സർ, ഈ സർക്കാരിന് 3 മാസമായി അട്ടിമറിക്കൂലിയുടെ പേരിൽ എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്ന് അരി ലിഫ്റ്റ് ചെയ്യാൻ കഴിഞ്ഞിരുന്നില്ല. മാത്രമല്ല ശ്രീ. പി. തിലോത്തമൻ കഴിഞ്ഞ ദിവസം കൊല്ലം ജില്ലയിൽ പോയതുമാണ്, ഇപ്പോഴും എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്ന് അരി ലഭിക്കുന്നില്ലല്ലോ? അപ്പോൾ ഒരു ക്രൈസിസുണ്ടായാൽ അത് മാനേജ് ചെയ്യാൻ നിങ്ങൾക്ക് കഴിയുന്നില്ല എന്നുള്ളതാണ് ഇവിടത്തെ പ്രശ്നം.

ശ്രീ. പിണറായി വിജയൻ: സർ, ഒരു മാസമായി ഇത്തരം പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. തുടർന്ന് സർക്കാർ ഫലപ്രദമായി ഇടപെട്ടു. തൊഴിൽ വകുപ്പുമന്ത്രിയും ഭക്ഷ്യ വകുപ്പുമന്ത്രിയും ചേർന്ന് അവരുമായി ചർച്ചകൾ നടത്തി. അതിന് വഴങ്ങുന്നില്ലെന്ന ഘട്ടം വന്നപ്പോൾ സർക്കാർ പ്രശ്നത്തിലിടപെടാൻ തീരുമാനിച്ചു. അതിന്റെ ഭാഗമായിട്ടാണ് എഫ്.സി.ഐ.-യുമായി ബന്ധപ്പെട്ടതും അതിലൂടെ തിരുത്തൽ നടപടികൾ സ്വീകരിച്ചതും.

ശ്രീ. പി. തിലോത്തമൻ: സർ, ഒരു മാസമാണ് അത്തരമൊരു പ്രയാസമുണ്ടായിരുന്നത്. ആ പ്രയാസമുണ്ടായപ്പോൾ കർശനമായ നടപടികൾ സ്വീകരിച്ചു. ഞങ്ങൾ ആലപ്പുഴയിലെ മുഴുവൻ തൊഴിലാളികളേയും കൊല്ലത്തേയ്ക്ക് ട്രാൻസ്ഫർ ചെയ്യണമെന്ന് പറഞ്ഞു. അവരെ ട്രാൻസ്ഫർ ചെയ്തിട്ട് പകരം തൊഴിലാളികളെ നൽകി. അങ്ങനെയാണ് അവിടെ അരി കയറ്റിയത്. ഗവൺമെന്റ് ആ നിലപാട് സ്വീകരിച്ചപ്പോൾ ആലപ്പുഴയിലെ കോൺഗ്രസ്സിന്റെ നിലപാട് എന്തായിരുന്നെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഒന്ന് ചോദിക്കണം? സി.ഐ.ടി.യു.-വിന് അഭിപ്രായ വ്യത്യാസമുണ്ടായില്ല. എ.ഐ.ടി.യു.സി.-ക്കും സി.ഐ.ടി.യു.-വിനും ഐ.എൻ.ടി.യു.സി.-ക്കും ഒരേ അഭിപ്രായമായിരുന്നു. അവർ ഒറ്റക്കെട്ടായി ഗവൺമെന്റിനൊപ്പം നിന്നു. എന്നാൽ ആലപ്പുഴയിൽ ഗവൺമെന്റ് നടപടി സ്വീകരിച്ചപ്പോൾ ഡി.സി.സി. പ്രസിഡന്റ് നാട്ടുനീളെ നടന്ന് ഞങ്ങളെ ചീത്ത പറയുകയായിരുന്നു, ഞങ്ങൾ ഒരു മാസംകൊണ്ട് ആ നിലപാട് സ്വീകരിച്ചു. നിങ്ങളുടെ നിലപാട് അന്ന് വേറെയായിരുന്നു. അരി കയറ്റരുതെന്നുള്ള ദുർവാശിയായിരുന്നു എന്നതാണ് സത്യം. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞ അഡ്ഹോക്ക് അലോട്ടുമെന്റ് പഴയ സിസ്റ്റത്തിലായിരുന്നു. നോർമൽ അലോട്ടുമെന്റ് 12.26 ലക്ഷം മെട്രിക് ടൺ ധാന്യമായിരുന്നു. അതിന്റെകൂടെ മൂന്നേമുക്കാൽ ലക്ഷം മെട്രിക് ടൺ ധാന്യം അഡീഷണൽ അലോട്ടുമെന്റ് ലഭിച്ചതുമുൾപ്പെടെയാണ് കാലങ്ങളായി നമ്മൾ വിതരണം നടത്തിക്കൊണ്ടിരുന്നത്. എന്നാൽ എൻ.എഫ്.എസ്.എ. നിലവിൽ വന്നപ്പോൾ അഡീഷണൽ അലോട്ടുമെന്റ് നഷ്ടമായി. കേരളത്തിന്റെ വിഹിതം 14.25 ലക്ഷം മെട്രിക് ടൺ ആണെന്ന് ആക്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്. അന്ന് ഔദ്യോഗികമായി ഗവൺമെന്റിന് കത്തയച്ചിട്ടുണ്ട്. ആ കത്ത് അന്നത്തെ ഭക്ഷ്യ വകുപ്പുമന്ത്രി ഒപ്പിട്ട് ഫയലിൽ ചേർത്തിട്ടുണ്ട്. പ്രതിഷേധമെന്ന നിലയിൽ ഇത് പോരാ, സംസ്ഥാനത്തിന് അർഹതപ്പെട്ടത് 16.25 ലക്ഷം മെട്രിക് ടണ്ണാണ് എന്നുപറഞ്ഞ് ഒരു കത്തയച്ചു കൂടായിരുന്നോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, എന്നോട് ആവശ്യപ്പെട്ടതനുസരിച്ച് ഞാൻ 3 കത്തയച്ചു എന്നത് അങ്ങേയ്ക്ക് വിസ്മരിക്കാൻ കഴിയുമോ? അങ്ങ് പറയൂ, അങ്ങനെ ഇല്ലെന്ന്.

ശ്രീ. പി. തിലോത്തമൻ: സർ, അത് ഇപ്പോഴാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചെയ്യേണ്ട സമയത്ത് ചെയ്തില്ല. അങ്ങ് പറഞ്ഞ കണക്കും ശരിയല്ല. ഞാൻ പറയാം.

മി. സ്പീക്കർ: പ്ലീസ്.......പ്ലീസ്.......ശ്രീ. അനൂപ് ജേക്കബ്, ഈ വിഷയം സഭയിൽ ആറ് തവണയെങ്കിലും ചർച്ച ചെയ്തിട്ടുള്ളതാണ്. അദ്ദേഹം പറയുന്ന ശ്രീ. അനൂപ് വിശദീകരിക്കുന്നു. എല്ലാവർക്കും ചോദ്യങ്ങളുണ്ടാകും. വീണ്ടും വീണ്ടും പറയാൻ അവസരം ആവശ്യപ്പെടുകയും ചെയ്യും. ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് ഈ വിഷയം പറഞ്ഞവസാനിപ്പിക്കൂ....

ശ്രീ. പി. തിലോത്തമൻ: സർ, മുൻഗണനാപട്ടികയിലുള്ള 15480042 പേർക്ക് നൽകാൻ കേന്ദ്രം നിശ്ചയിച്ചത് 10.25 ലക്ഷം മെട്രിക് ടൺ ധാന്യമാണ്. അതിന്റെ കൂടെ അഡീഷണലായി 4 ലക്ഷം മെട്രിക് ടൺ tide over allotment-ഉം ചേർത്താണ് 14.25 ലക്ഷം മെട്രിക് ടൺ. അത് ആക്ട് പ്രകാരം നമുക്ക് അനുവദിച്ചു. ആ സന്ദർഭത്തിൽ പ്രതിഷേധിക്കേണ്ടതായിരുന്നു. കേരളത്തിന് ദാരിദ്ര്യരേഖയുടെ മാനദണ്ഡം വച്ചല്ല ഭക്ഷ്യധാന്യം നൽകേണ്ടതെന്ന് പറയാൻ എന്തുകൊണ്ട് കഴിഞ്ഞില്ല?

മി. സ്പീക്കർ: അങ്ങ് പറഞ്ഞ് അവസാനിപ്പിക്കൂ...........പ്ലീസ്...

ശ്രീ. എസ്. ശർമ്മ: സർ, നമുക്ക് അലോട്ട് ചെയ്ത 14.25 ലക്ഷം മെട്രിക് ടൺ ധാന്യത്തിന്റെ കാര്യം ശരിയാണ്. പക്ഷേ നമ്മുടെ റിക്വയർമെന്റ് 16.25 ലക്ഷം മെട്രിക് ടണ്ണാണ്. കേരളത്തിന്റെ റിക്വയർമെന്റ് എന്നു മുതലാണ് നഷ്ടപ്പെട്ടത്? ഭക്ഷ്യസുരക്ഷാ നിയമം വന്ന സന്ദർഭത്തിൽ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സിസ്റ്റത്തിന്റെ ഫലമായി സംസ്ഥാനത്തിന് അർഹതപ്പെട്ട ആനുകൂല്യം പ്രൊട്ടക്ട് ചെയ്യുന്നതിൽ പരാജയപ്പെട്ടതിന്റെ ദുരന്തമാണിത്. അത് ഈ ഗവൺമെന്റിന്റെ തലയിൽ കൊണ്ടുവയ്ക്കേണ്ട കാര്യമുണ്ടോ? 2013-ൽ പ്രൊഫ. കെ. വി. തോമസ് അല്ലേ ബിൽ കൊണ്ടു വന്നത്? അദ്ദേഹം മലയാളിയല്ലേ? അദ്ദേഹത്തിന് കേരളത്തിന്റെ റിക്വയർമെന്റ് എന്താണെന്ന് അറിയില്ലേ? കേരളം ആവശ്യപ്പെട്ടതല്ലേ? ശ്രീ. ഉമ്മൻ ചാണ്ടി ഈ പ്രശ്നം ഉന്നയിച്ചപ്പോൾ പ്രൊഫ. കെ. വി. തോമസ് അദ്ദേഹത്തോട് പറഞ്ഞതെന്താണ്? അഡീഷണൽ അലോട്ടുമെന്റ് തരുമെന്നാണ് പറഞ്ഞത്. അഡീഷണൽ അലോട്ടുമെന്റ് ചില പ്രത്യേക സന്ദർഭത്തിൽ ലഭിക്കുന്നതാണ്. അതൊരു റെഗുലർ സിസ്റ്റമല്ല. സ്റ്റാറ്റ്യൂട്ടറിയായി നാണ്യവിളകൾ വിദേശത്തേയ്ക്ക് കയറ്റുമതി ചെയ്യുന്നതിനുള്ള ഭക്ഷ്യധാന്യ സംരക്ഷണമാണ് സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സിസ്റ്റം എന്നു പറയുന്നത്. അതാണ് ഇവിടെ അട്ടിമറിക്കപ്പെട്ടത്. അത് ചെയ്തത് യു.പി.എ. ഗവൺമെന്റാണ്. കഥ അറിയാതെ ആട്ടം കണ്ടാൽ എങ്ങനെ ശരിയാകും?

ശ്രീ. പി. തിലോത്തമൻ: സർ, ഞാൻ പറഞ്ഞ് അവസാനിപ്പിക്കട്ടെ. ............ (ബഹളം)......

മി. സ്പീക്കർ: മന്ത്രി വഴങ്ങുന്നില്ലല്ലോ; ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് മറുപടി പറഞ്ഞ് അവസാനിപ്പിക്കൂ.......(ബഹളം).......അങ്ങ് വഴങ്ങുകയാണോ...........

ശ്രീ. അനൂപ് ജേക്കബ്: സർ, ബഹുമാനപ്പെട്ട മന്ത്രി സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. റേഷൻ വിഹിതം 14.25 ലക്ഷം മെട്രിക് ടണ്ണായി ഭക്ഷ്യഭദ്രതാ നിയമപ്രകാരം ഷെഡ്യൂൾ 4-ൽ കേന്ദ്ര സർക്കാർ നിജപ്പെടുത്തി. ഈ

നിയമത്തിന്റെ ഡ്രാഫ്റ്റ് ലിസ്റ്റ് വന്നപ്പോൾത്തന്നെ കേരളത്തിന്റെ ആവശ്യം 16 ലക്ഷം മെട്രിക് ടൺ ധാന്യമാണെന്ന് അറിയിച്ചു എന്നത് സത്യമാണ്.....(ബഹളം)... ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിന് എനിക്ക് മറുപടി പറയേണ്ടതായിട്ടുണ്ട്. സഭയെ തെറ്റിദ്ധരിപ്പിച്ചിട്ട് കാര്യമില്ല. 3-10-2016-ൽ ഈ സഭയിൽ അങ്ങ് എനിക്ക് രേഖാമൂലം തന്ന മറുപടിയിൽ പറയുന്നത്, 'ഭക്ഷ്യധാന്യ വിഹിതം കുറവ് വരുത്താതിരിക്കാനായി കേന്ദ്ര സർക്കാരിന് കഴിഞ്ഞ സർക്കാർ നൽകിയ കത്തുകൾ എത്രമാത്രമെന്നും എത്ര ചർച്ചകൾ നടത്തിയെന്നും തുടങ്ങിയ കാര്യങ്ങൾക്ക് 7 കത്തുകൾ ഞങ്ങൾ അയച്ചു' എന്നാണ്. ഞങ്ങൾ നേരിട്ട് ചർച്ചകൾ നടത്തിയിട്ടുണ്ട്. ഭക്ഷ്യധാന്യവിഹിതം കുറയാതിരിക്കാനുള്ള എല്ലാ നടപടികളും കഴിഞ്ഞ ഗവൺമെന്റ് സ്വീകരിച്ചു. അതിന്റെ തുടർച്ചയായി മുൻപോട്ട് പോകാൻ ഈ സർക്കാരിനായിട്ടില്ല. ഇപ്പോഴുള്ള വിഷയം വിലക്കയറ്റമാണ്. ഭക്ഷ്യഭദ്രതാ നിയമം ഒരു വടിയായി നിൽക്കുകയാണ്. ആ വടി വച്ചുകൊണ്ട്........(മൈക്ക് ഓഫ്)....(ബഹളം).......

മി. സ്പീക്കർ: അങ്ങ് കത്തയച്ചിട്ടുണ്ടെന്ന് നിരവധി തവണ പറഞ്ഞതാണ് .....പ്ലീസ്......ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കുന്നുണ്ടോ....പ്ലീസ്........കൺക്ലൂഡ് .....പ്ലീസ്.....(ബഹളം).......

ശ്രീ. പി. തിലോത്തമൻ: സർ, അദ്ദേഹം 7 കത്തുകളയച്ചു. ശ്രീ. ഉമ്മൻ ചാണ്ടി ധാരാളം ഇടപെടലുകൾ നടത്തി. പക്ഷേ പ്രൊഫ. കെ. വി. തോമസ് സംസ്ഥാനത്തിനുള്ള അരി വിഹിതം കുറയ്ക്കുകയാണുണ്ടായത്. അതാണ് യഥാർത്ഥ്യം. നമുക്ക് അരി വിഹിതം അനുവദിക്കാൻ അദ്ദേഹം തയ്യാറായില്ല........(ബഹളം).......

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുകയാണ് ശ്രീ. ജെയിംസ് മാത്യു......ഇരിക്കൂ............ശ്രീ. എം. നൗഷാദ്, ശ്രീ. എ. എൻ. ഷംസീർ....മന്ത്രി മറുപടി പറയുകയാണ്.....

ശ്രീ. പി. തിലോത്തമൻ: സർ, പാർലമെന്റ് സമ്മേളനത്തിനുമുമ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എം.പി.-മാരുടെ യോഗം വിളിച്ചിരുന്നു. ആ സന്ദർഭത്തിൽ കേരളത്തിന്റെ വിഹിതം കുറഞ്ഞുപോയ വിഷയം ഞാൻ ഉന്നയിച്ചപ്പോൾ പ്രൊഫ. കെ. വി. തോമസ് പറഞ്ഞത്, "ശ്രീ. തിലോത്തമൻ 14.25 ലക്ഷം തന്നെ നമുക്ക് കൂടുതലാണ്; അതിന്റെ 60 ശതമാനം മാത്രമാണ് ജനങ്ങളുടെ കയ്യിലേക്ക് എത്തുന്നത്, ബാക്കി 40 ശതമാനം കരിഞ്ചന്തയിൽ പോകുകയാണ് " എന്നാണ്. ഞങ്ങളെല്ലാവരും കേൾക്കെയാണ് അദ്ദേഹം അത് പറഞ്ഞത്.

മി. സ്പീക്കർ: പ്ലീസ്....ഈ സാഹചര്യത്തിലും അരി വില വർദ്ധനവ് പിടിച്ച് നിർത്താനാവശ്യമായ നടപടി സ്വീകരിക്കുന്നതിന്റെ കാര്യങ്ങൾ അങ്ങ് വിശദീകരിച്ചല്ലോ. അങ്ങ് അവസാനിപ്പിക്കൂ....

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഇന്ത്യയിൽ ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കുന്നതിന് ചില ക്രൈറ്റീരിയകളില്ലേ? അങ്ങ് മന്ത്രിയല്ലേ, അങ്ങേയ്ക്ക് അറിയാമല്ലോ? എ.പി.എൽ./ബി.പി.എൽ., അന്ത്യോദയ-അന്നയോജന പദ്ധതികളുടെ അടിസ്ഥാനത്തിലാണ് ഇത് നടപ്പിലാക്കുന്നത്. അതോടൊപ്പം തന്നെ ഒരു സംസ്ഥാനത്തിന് 3 വർഷത്തെ ഓഫ് ടേക്ക് തുടങ്ങിയവയെല്ലാം കണക്കിലെടുത്തു കൊണ്ടാണ് ക്വാട്ട നിശ്ചയിക്കുന്നത്. അന്ന് മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞത് കേരളത്തിന്റെ ആവശ്യം 16.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യ ധാന്യമാണെന്നാണ്. ഭക്ഷ്യധാന്യങ്ങൾ കൂടുതലുണ്ടെങ്കിൽ അഡീഷണൽ അലോട്ടുമെന്റ് നൽകാമെന്ന് പറഞ്ഞു. ഞങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് ഒരുമണി അരിയുടെ ക്ഷാമംപോലും കേരളത്തിലില്ലായിരുന്നു. എല്ലാവർക്കും അരി നൽകിയിരുന്നു, അതുകൊണ്ട് ഇവിടെ പ്രശ്നങ്ങളില്ലായിരുന്നു. നിങ്ങളുടെ കെടുകാര്യസ്ഥത കൊണ്ടാണ് ഇപ്പോൾ ഇങ്ങനെ സംഭവിച്ചിരിക്കുന്നത്.

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, ബഹുമാന്യനായ പ്രതിപക്ഷ നേതാവേ, അങ്ങ് പറയുന്നത് ബില്ലിലെ പ്രൊവിഷൻ അനുസരിച്ചാണെങ്കിൽ ബിൽ പാർലമെന്റിൽ മൂവ് ചെയ്ത സന്ദർഭത്തിൽ ഓരോ സംസ്ഥാനത്തിന്റെയും അർഹത സംബന്ധിച്ചും അതിലുണ്ടാകുമല്ലോ. അതിന്റെ അടിസ്ഥാനത്തിൽ മൂന്നു വർഷത്തെ പുറകോട്ടുള്ള ഓഫ് ടേക്ക് ശരാശരിയാണെങ്കിൽ നമുക്ക് 16.01 ലക്ഷം മെട്രിക് ടൺ ധാന്യം ലഭിക്കണം. അത് എന്തുകൊണ്ട് ലഭിച്ചില്ല എന്നുള്ളതാണ് എന്റെ ചോദ്യം. അത് ലഭിക്കാൻ നിങ്ങൾ എന്തുകൊണ്ട് നടപടി സ്വീകരിച്ചില്ല? നിങ്ങൾ ഇടപെട്ടപ്പോൾ വിഹിതം കുറഞ്ഞു എന്നതാണ് യാഥാർത്ഥ്യം.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, നമുക്ക് 16.25 ലക്ഷം മെട്രിക് ടൺ അരി ആവശ്യമുണ്ട്. 50 വർഷത്തോളമായി ഇവിടെ നിലനിൽക്കുന്ന സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സിസ്റ്റം തുടർന്നും മുന്നോട്ടുപോകണം. Food Security Act കൊണ്ട് ഇൻഡ്യയിലെ മറ്റുള്ള സംസ്ഥാനങ്ങൾക്കൊക്കെ നേട്ടമാണ്. കാരണം അവിടെയില്ലായിരുന്ന ഒരു സമ്പ്രദായം തുടങ്ങുകയാണ്. നമ്മുടെ സംസ്ഥാനത്ത് 50 കൊല്ലക്കാലമായി തുടർന്നുവരികയും ഇപ്പോൾ അതിന്റെ മെച്ചപ്പെട്ട ക്വാളിറ്റി ഡിസ്ട്രിബ്യൂഷനിൽ എത്തിനിൽക്കുന്ന അവസരവുമാണ്. Food Security Act-ന്റെ കണക്ക് അനുസരിച്ച് നമുക്ക് തന്ന ക്വാട്ട 10 ലക്ഷം ടൺ ആണ്. അന്ന് ഗവൺമെന്റ് ഒരു കാരണവശാലും അത് അംഗീകരിക്കാൻ കഴിയില്ലെന്നും നമുക്ക് 16.25 ലക്ഷം വേണമെന്നുമുള്ള ഉറച്ച നിലപാടെടുത്തു. നിരവധി പ്രാവശ്യം കേന്ദ്രത്തിൽ നിവേദനം നൽകുകയും എം.പി.-മാർ ഇടപെടുകയും ചെയ്തതിന്റെ ഫലമായി ക്വാട്ട 14.25 ലക്ഷമാക്കി നിശ്ചയിച്ചു. 2 ലക്ഷം ഷോർട്ടേജ് നമുക്ക് സഹിക്കാൻ കഴിയില്ല. 16.25 ലക്ഷം കേരളത്തിന് വേണമെന്ന് ആവശ്യപ്പെട്ടു. ഇക്കാര്യത്തിൽ തർക്കമുണ്ടാകുകയും പലവട്ടം ചർച്ച

ചെയ്യുകയും അവസാനം 14.25 ലക്ഷം നമ്മുടെ ക്വാട്ടയായും രണ്ടു ലക്ഷം അഡീഷണൽ ക്വാട്ടയായും നിശ്ചയിച്ചു. യു.പി.എ. ഗവൺമെന്റിന്റെ കാലത്തും 16.25 ലക്ഷം നമുക്ക് ലഭിച്ചു. ബി.ജെ. പി. ഗവൺമെന്റ് അധികാരത്തിൽ വന്നിട്ടും ഈ അഡീഷണൽ ക്വാട്ട തുടർന്നു. സെപ്റ്റംബർ വരെ നമുക്ക് 16.25 ലക്ഷം മെട്രിക് ടണ്ണാണ് ലഭിച്ചുകൊണ്ടിരുന്നത്. അത് തുടരുന്നതിനാവശ്യമായ നടപടി എടുത്തോ എന്ന് നിങ്ങൾ സ്വയം ആലോചിക്കണം.

ശ്രീ. പിണറായി വിജയൻ: സർ, ഇതിന്റെ ആന്തരികമായ കാര്യങ്ങൾ മുൻമുഖ്യമന്ത്രി വെളിപ്പെടുത്തിയത് നല്ല കാര്യമാണ്. ഏതായാലും 10 ലക്ഷത്തിൽ നിന്നാണ് 14 ലക്ഷത്തിന്റെ വർദ്ധനവുണ്ടായത്. അപ്പോഴും രണ്ടുലക്ഷം കുറവായിരുന്നു. ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കിയില്ല. നടപ്പാക്കാതിരുന്നപ്പോൾ 16.25 ലക്ഷം മെട്രിക് ടൺ ലഭിച്ചു എന്നത് അദ്ദേഹം ഇവിടെ എടുത്തു പറഞ്ഞിട്ടുണ്ട്. തുടർന്ന് കേന്ദ്ര ഗവൺമെന്റ് ഭക്ഷ്യഭദ്രതാ നിയമം ഇനി നടപ്പിലാക്കണമെന്ന ഒരു നിലപാട് സ്വീകരിച്ചു. നിങ്ങൾക്ക് അവധിയില്ല. എല്ലാ അവധിയും എടുത്തു കഴിഞ്ഞു. സംസ്ഥാന ഗവൺമെന്റിന് വേറെ വഴിയില്ല. ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കിയില്ലെങ്കിൽ ഒരു മണി അരിയില്ല; ഇതാണ് സ്വീകരിച്ച നിലപാട്. ഇവിടെ അരി വിഹിതം തരാൻ തയ്യാറല്ല. എന്തു ചെയ്യും? കാരണം ഉള്ള അരിയെങ്കിലും കിട്ടാൻ വേണ്ടി ഇത് നടപ്പാക്കാമെന്ന് സമ്മതിച്ചു. അപ്പോഴാണ് ഭക്ഷ്യധാന്യ വിഹിതത്തിന്റെ ഭാഗമായി രണ്ടുലക്ഷം കുറവ് വരുത്തിക്കൊണ്ട് 14.25 ലക്ഷമാണ് നിങ്ങൾക്ക് അർഹതയുള്ളതെന്നുള്ള നിലപാട് സ്വീകരിക്കുന്നത്. അദ്ദേഹം പറഞ്ഞ ഒരു കാര്യം ശരിയാണ്. രണ്ടുലക്ഷം കൂടി നമുക്ക് വേണം. സംസ്ഥാന ഗവൺമെന്റ് ഇതുവരെ ആവശ്യപ്പെട്ടുകൊണ്ടിരുന്ന കാര്യങ്ങളൊന്നും വിജയിച്ചില്ല. കേരളത്തിലെ എല്ലാ രാഷ്ട്രീയ കക്ഷികളുംകൂടി ഇനി കേന്ദ്രത്തെ സമീപിക്കാൻ പോകുകയാണ്. അതിലെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യവും ഇതുതന്നെയാണ്. ഇവിടെ പറഞ്ഞ 2 ലക്ഷം ടൺ കൂടി അനുവദിച്ചു കിട്ടിയാൽ മാത്രമേ കേരളത്തിന്റെ ആവശ്യം നിറവേറ്റാൻ സാധിക്കുകയുള്ളൂ. സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്ത് എന്തെങ്കിലും വീഴ്ച ഉണ്ടായതിന്റെ ഫലമായല്ല ഇങ്ങനെ ഒരു ദുരന്തം ഇവിടെയുണ്ടായത്.

മി. സ്പീക്കർ: ഇനി ഒരു തർക്കത്തിലേയ്ക്ക് പോകേണ്ട. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞപ്പോൾ അതിന്റെ വിശദീകരണം പൂർത്തിയായി.

ശ്രീ. പി. തിലോത്തമൻ: സർ, ഈ ബിൽ പാസ്സാക്കിയ 2013 മുതൽ തുടർന്ന് 2014, 2015, 2016 എന്നീ വർഷങ്ങളിലൊക്കെ കേന്ദ്രം നിരവധി കത്തുകളിലൂടെ എൻ.എഫ്.എസ്.എ. നടപ്പാക്കുന്നതുവരെ മാത്രമേ അഡ്ഹോക്ക് അലോട്ട്മെന്റ് ഉള്ളുവെന്ന് നമ്മളെ നിരന്തരമായി അറിയിച്ചുകൊണ്ടിരുന്നു. അദ്ദേഹം പറഞ്ഞത് ഒരു തെറ്റിദ്ധാരണ കൊണ്ടാണ്.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിനോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. 16.25 ലക്ഷം മെട്രിക് ടൺ അരി ലഭിച്ചേ മതിയാകൂ. അതിന് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുള്ള പൂർണ്ണ പിന്തുണ എപ്പോഴുമുണ്ടാകും. 16.25 ലക്ഷം എന്നു പറയുമ്പോൾ അതിന്റെ കൂടെ ഒരു കണ്ടീഷൻ കൂടി ഉൾപ്പെടുത്തണം. കാരണം 2 ലക്ഷം അഡീഷണൽ തരുന്നത് സബ്സിഡി റേറ്റിൽതന്നെ നമുക്ക് ലഭിക്കണം, അല്ലെങ്കിൽ വലിയ ബാധ്യത വരും. കേന്ദ്ര ഗവൺമെന്റ് OMSS റേറ്റിൽ നമുക്ക് എത്രവേണമെങ്കിലും തരാമെന്നു പറയുന്നുണ്ട്. അതു പോര നമുക്ക് 16.25 ലക്ഷം കിട്ടേണ്ടത് ഗവൺമെന്റിന്റെ സബ്സിഡി റേറ്റിൽ വേണം. അത് നമുക്ക് അവകാശപ്പെട്ടതാണ്. Food Security Act വരുന്നതിന്റെ എത്രയോ വർഷം മുമ്പ് സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം ഇവിടെ ആരംഭിച്ചതാണ്. കേന്ദ്രത്തിന്റെ അംഗീകാരത്തോടുകൂടി വാങ്ങിയതാണ്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പി. തിലോത്തമൻ പറയുന്നതുപോലെ ഞങ്ങൾ ഒരു വിട്ടുവീഴ്ചയും ചെയ്തിട്ടില്ല. Food Security Act കേരളത്തിൽ നടപ്പിലാക്കാൻ യു.ഡി.എഫ്. ഗവൺമെന്റ് സമ്മതിക്കാതിരുന്നത് നമുക്ക് ആവശ്യത്തിനുള്ള ക്വാട്ട കിട്ടണം എന്നുള്ളതിനാലായിരുന്നു. അതുകൊണ്ട് ഇപ്പോൾ മുഖ്യമന്ത്രി പറഞ്ഞതിനോട് ഞങ്ങൾ യോജിക്കുന്നു. നമുക്ക് 16.25 ലക്ഷം മെട്രിക് ടൺ അരി തന്നെ വേണം. അതിന് പൂർണ്ണ പിന്തുണ പ്രതിപക്ഷത്തു നിന്നുണ്ടാകും. അഡീഷണലായി ലഭിക്കേണ്ട രണ്ട് ലക്ഷം സബ്സിഡി റേറ്റിൽ തന്നെ ലഭിക്കണം.

ശ്രീ. പി. തിലോത്തമൻ: സർ, നമുക്ക് 16.25 ലക്ഷം മെട്രിക് ടൺ ധാന്യം സബ്സിഡി റേറ്റിൽത്തന്നെ വേണമെന്നുള്ളത് നമ്മുടെ പൊതുവികാരമായി കേന്ദ്രത്തെ അറിയിക്കാനും അത് വാങ്ങിയെടുക്കാനും കഴിയണം എന്ന അഭിപ്രായത്തോട് പൂർണ്ണമായും യോജിക്കുന്നു.

ശ്രീ. പിണറായി വിജയൻ: സർ, ഇപ്പോഴത്തെ ആവശ്യം ഇതുതന്നെയാണ്. ഈ ഗവൺമെന്റ് ആവശ്യപ്പെട്ടതും ഇപ്പോൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നതും അതാണ്. എന്നാൽ കേന്ദ്ര ഗവൺമെന്റ് അത് അനുവദിച്ചിട്ടില്ല. നമുക്ക് എല്ലാവർക്കും ഒന്നുകൂടി സംയുക്തമായി ആവശ്യപ്പെടാം.

ശ്രീ. പി. ടി. തോമസ് : സർ, വളരെ ഗുരുതരമായ ഈ പ്രതിസന്ധി ചർച്ച ചെയ്യണം.

മി. സ്പീക്കർ : .....(ബഹളം) ......നിങ്ങൾ ഇരിക്കൂ...........(ബഹളം) ..... അങ്ങ് ഇരിക്കൂ.... ഞാനൊന്ന് പറയട്ടെ......(ബഹളം) ...... അങ്ങ് പറഞ്ഞത് ചർച്ച ചെയ്യണമെന്നല്ലേ.....ഞാൻ മനസ്സിലാക്കുന്നത്.......ഇരിക്കൂ...........(ബഹളം)...... .....(ബഹളം) ...... .....(ബഹളം) ...... പറയട്ടെ.......ഇരിക്കൂ....

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മുൻമുഖ്യമന്ത്രിയും ഈ കാര്യത്തിൽ ഒരു നിലപാട് ഇവിടെ വിശദീകരിച്ചിട്ടുണ്ട്. ഈ സഭയുടെ പൊതുവികാരമെന്ന നിലയിൽ വെട്ടിക്കുറച്ച അരി വിഹിതം പുനഃസ്ഥാപിക്കുന്നതിനും അത് സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നതിനും കേന്ദ്രസർക്കാരിനെ സമീപിക്കണമെന്നതാണ് ശക്തമായ വികാരം. അതിവിടെ അവസാനിപ്പിക്കുകയാണ്. വീണ്ടും അപശബ്ദങ്ങൾ ഉണ്ടാക്കി ഈ യോജിപ്പിന്റെ അന്തരീക്ഷം തകർക്കേണ്ട.

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, ഇവിടെ സൂചിപ്പിച്ചതുപോലുള്ള ഇടപെടൽ നടത്തിക്കൊണ്ടിരിക്കുകയാണ്. നമുക്ക് ഒരുമിച്ച് ഇതിൽ ഇടപെടേണ്ടതുണ്ട്. അതോടൊപ്പം നമ്മുടെ ആഭ്യന്തര കമ്പോളത്തിൽ അരിവില വർദ്ധിച്ചതിനെ നേരിടാൻ സാർവ്വത്രികമായ ഇടപെടലുകൾ ഗവൺമെന്റ് നടത്തുന്നതാണ്. ഈ സാഹചര്യത്തിൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ സഭയിൽ എഴുന്നേറ്റപ്പോൾ വിലക്കയറ്റത്തെപ്പറ്റി ചർച്ച നടത്താൻ തയ്യാറാണെന്ന് പറയാനാണെന്നാണ് ഞാൻ കരുതിയത്. കേരളത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിലിരിക്കുന്ന സമയത്ത് ഒൻപത് തവണ പ്രതിപക്ഷം വിലക്കയറ്റത്തെപ്പറ്റി അടിയന്തരപ്രമേയം അവതരിപ്പിച്ചിട്ടുണ്ട്. 12-12-2012-ൽ ശ്രീ. സി. ദിവാകരൻ ഒരു അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോൾ അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞൊരു വാചകം ഞാൻ ഉദ്ധരിക്കാം. 'പ്രശ്നത്തിന്റെ ഗൗരവം ഒട്ടും കുറച്ചുകാണുന്നില്ല, ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ചർച്ചയ്ക്ക് എന്നും തയ്യാറാണ്, ഇന്നലെയും തയ്യാറായിരുന്നു. നിങ്ങൾ നോട്ടീസ് തന്നതുകൊണ്ട് ഇന്ന് ചർച്ചയ്ക്ക് സമ്മതിച്ചിരിക്കുകയാണ്. സഭയുടെ ബിസിനസ് തീർത്തുകഴിഞ്ഞാലുടനെ അടിയന്തരപ്രമേയം ചർച്ച ചെയ്യാം'. അന്ന് ശ്രീ. സി. ദിവാകരന്റെ അടിയന്തര പ്രമേയത്തിനുള്ള നോട്ടീസിന് മുഖ്യമന്ത്രി സമ്മതിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഈ സഭയിൽ എഴുന്നേറ്റു നിന്നപ്പോൾ ഞാൻ കരുതിയത് വിലക്കയറ്റത്തെപ്പറ്റി ചർച്ച ചെയ്യാൻ ഈ സർക്കാർ തയ്യാറാണെന്നു പറയുമെന്നാണ്. റേഷൻ സബ്സിഡിയും വിലക്കയറ്റവും രണ്ട് വിഷയങ്ങളാണ്. വിലക്കയറ്റം കൊണ്ട് കേരളത്തിലെ ജനങ്ങൾ പൊറുതിമുട്ടുകയാണ്. അരിയുടെ വില 50 രൂപയായി ഉയരുന്നു, മറ്റെല്ലാ നിത്യോപയോഗ സാധനങ്ങളുടെയും വില ഉയരുന്നു. മലയാള മനോരമ പത്രത്തിൽ വന്ന വാർത്ത, ........ നിങ്ങൾക്ക് മലയാള മനോരമയോട് പുച്ഛമാണെന്ന് അറിയാം. കേരളത്തിലെ എല്ലാ ദിനപത്രങ്ങളിലും

ഇന്ന് വിലക്കയറ്റത്തെപ്പറ്റി രൂക്ഷമായ അഭിപ്രായങ്ങളാണ് പ്രകടിപ്പിച്ചിട്ടുള്ളത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അരിയുടെ വില 28 രൂപയായിരുന്നത് ഇപ്പോൾ 50 രൂപയായി; പഞ്ചസാര 30-36 രൂപയായിരുന്നത് ഇപ്പോൾ 54 രൂപയായി; തേയില 78 രൂപയായിരുന്നത് 128 രൂപയായി; വെളിച്ചെണ്ണ 93 രൂപയായിരുന്നത് 160 രൂപയായി; മുളക് 130 രൂപയായിരുന്നത് ഇപ്പോൾ 172 രൂപയായി; സംസ്ഥാനത്ത് വിലക്കയറ്റം പിടിച്ചുനിർത്തുന്ന കാര്യത്തിൽ ഗവൺമെന്റ് പൂർണ്ണമായി പരാജയപ്പെട്ടിരിക്കുകയാണ്. ഇതിനെതിരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രകടന പത്രിക ഇറക്കിയപ്പോൾ 5 വർഷം വില കൂട്ടില്ല എന്നാണ് പറഞ്ഞിരുന്നത്. വിലക്കയറ്റം കൊണ്ട് കേരള ജനത പൊറുതിമുട്ടുന്നൊരു സാഹചര്യമാണ് ഇപ്പോഴുള്ളത്. ഉപ്പ് തൊട്ട് കർപ്പൂരം വരെയുള്ള എല്ലാ സാധനങ്ങൾക്കും വില വർദ്ധിച്ചിരിക്കുന്നു. ഗവൺമെന്റ് വിപണിയിൽ ഇടപെടുന്നില്ല. ബഹുമാനപ്പെട്ട സി. ദിവാകരൻ ഇവിടെ ഉണ്ടല്ലോ? അദ്ദേഹം 30-11-2015-ൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി തേടിയപ്പോൾ പറഞ്ഞ ഒരു വാചകം ഞാൻ ഉദ്ധരിക്കാം. 'ഭക്ഷ്യ പൊതുവിതരണ മേഖലയിൽ 28 ശതമാനം മാത്രമേ യു.ഡി.എഫ്. ഗവൺമെന്റ് ചെലവഴിച്ചുള്ളു. അതുകൊണ്ടാണ് വിലക്കയറ്റം ഉണ്ടാകുന്നത്.' പദ്ധതി വർഷം തീരാൻ നാലുമാസം ബാക്കി നിൽക്കെയാണ് ശ്രീ. സി. ദിവാകരൻ ഇതു നിയമസഭയിൽ പറഞ്ഞത്. ഇന്നലത്തെ കണക്കനുസരിച്ച് 28-2-2017 വരെ ഈ സർക്കാർ ചെലവഴിച്ചത് 7.04 ശതമാനം മാത്രമാണ്. ശ്രീ. സി. ദിവാകരൻ പറഞ്ഞ കാര്യം ഞാൻ ആവർത്തിക്കുന്നു. ഭക്ഷ്യ വകുപ്പിന്റെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന തുകയുടെ 7.04 ശതമാനം മാത്രം ചെലവഴിച്ച ഭക്ഷ്യ വകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമനോട് എനിക്ക് സഹതാപമാണുള്ളത്. ധനകാര്യ വകുപ്പുമന്ത്രി പണം കൊടുക്കാത്തതുകൊണ്ടല്ല, ഭക്ഷ്യ വകുപ്പിന്റെ ഗുരുതരമായ പരാജയമാണ് ഇതു കാണിക്കുന്നത്. കേരളത്തിൽ വിലക്കയറ്റം പിടിച്ചുനിർത്താൻ നിങ്ങൾ എന്തുചെയ്തു? 'മൂന്ന് അരിക്കട' ആരംഭിച്ചുവെന്ന് പറഞ്ഞാൽ കേരളത്തിൽ അരിയുടെ ക്ഷാമം തീരുമോ? ഒരു കോടി രൂപയ്ക്ക് ഒരു കട എന്നുള്ള നിലയിൽ മൂന്ന് കടകൾ ആരംഭിച്ചു. സിവിൽ സപ്ലൈസിലും മാവേലി സ്റ്റോറിലും സാധനങ്ങൾ ലഭിക്കുന്നുണ്ടോ? ഓണത്തിന് ബസാറുകൾ ആരംഭിച്ചുവെന്ന് അദ്ദേഹം ഇവിടെ പറയുകയുണ്ടായി. എവിടെ ആരംഭിച്ചു? ഒന്നോ രണ്ടോ സ്ഥലങ്ങളിൽ തുടങ്ങി. അത് എത്ര ദിവസം പ്രവർത്തിച്ചു? പണ്ടൊക്കെ ബസാറുകൾ രണ്ടും രണ്ടരയും ആഴ്ചകൾ പ്രവർത്തിച്ചിരുന്നു. റംസാന് കട തുടങ്ങിയോ; ക്രിസ്തുമസിന് കട ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകാൻ നിങ്ങൾക്ക് സാധിച്ചോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, അങ്ങ് വസ്തുതയ്ക്ക് നിരക്കാത്തത് എന്തിനാണ് ഇവിടെ പറയുന്നത്? സംസ്ഥാന മൊട്ടാകെ എല്ലാ ജില്ലാകേന്ദ്രങ്ങളിലുമായി ഈ സർക്കാർ 1464 ഓണച്ചന്തകൾ നടത്തി. റംസാനും അതുപോലെ മറ്റ് ആഘോഷങ്ങൾക്കൊന്നും ഓണച്ചന്തകൾ സിവിൽ സപ്ലൈസ് വകുപ്പ് നടത്താറില്ലായിരുന്നു. എന്നാൽ ആ ദിനങ്ങളിലും എത്രയോ ആഴ്ചകൾ ചന്തകൾ നടത്തി. ഈ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ റിക്കാർഡ് വിറ്റുവരവുണ്ടായത് ആ സന്ദർഭത്തിലാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് സ്പെഷ്യൽ ഫെയറുകൾ ഒന്നും നടത്തിയിട്ടില്ല. ആകെ ഒരാഴ്ചയാണ് നടത്തിയത്. രണ്ടരയാഴ്ച, മൂന്നാഴ്ച നടത്തിയ ഒരു ഗവൺമെന്റ് ആയിരുന്നു യു.ഡി.എഫ്. ഗവൺമെന്റ്. അങ്ങ് അത് മറന്നുപോകരുത്. അങ്ങ് പഴയ കണക്കെടുത്ത് പരിശോധിക്കണം. ഇവിടെ ബംഗാളിൽനിന്നും അരി ഇറക്കുമതി ചെയ്യുമെന്ന് പറഞ്ഞു. താങ്കൾ ശ്രീ. സി. ദിവാകരനോട് ചോദിക്ക്, തമ്മിൽ പിണക്കമാണെന്ന് അറിയാം. എങ്കിലും ഒരു അഭിപ്രായമെങ്കിലും അദ്ദേഹത്തോട് ചോദിച്ചുകൂടേ?

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി വളരെ നല്ല നിലയിലുള്ള അഭിപ്രായം പറഞ്ഞു. അപ്പുറവും ഇപ്പുറവും ഇരിക്കുന്നവരെല്ലാം വളരെ സന്തോഷപൂർവ്വം അതിനെ സ്വീകരിച്ചു. അതിനെ നിഷേധിക്കാൻവേണ്ടി, അദ്ദേഹത്തിന്റെ മുൻകൈ ദുർബ്ബലപ്പെടുത്താനാണോ അങ്ങ് ഇങ്ങനെ സംസാരിക്കുന്നത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: ശ്രീ. ഇ. പി. ജയരാജൻ, ഞാൻ അക്കാര്യമല്ല ഇവിടെ പറഞ്ഞത്. ഏതായാലും മന്ത്രിസ്ഥാനം രാജിവച്ചശേഷം അങ്ങ് ഇതുപോലെ ക്രിയാത്മകമായി ഇടപെടുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പറഞ്ഞതിനോട് എനിക്ക് നൂറ് ശതമാനം യോജിപ്പാണ്. ശ്രീ. സി. ദിവാകരൻ ഭക്ഷ്യവകുപ്പുമന്ത്രി ആയിരുന്ന കാലത്ത് വിലക്കയറ്റമുണ്ടായപ്പോൾ അദ്ദേഹം പറഞ്ഞത്, 'പാലും മുട്ടയും കഴിച്ചാൽ മതി, അരി ആഹാരം കഴിക്കേണ്ട' എന്നാണ്, അതാണ് ഞാൻ ഉദ്ദേശിച്ചത്.

<u>മി. സ്പീക്കർ</u>: വാക്കൗട്ട് പ്രസംഗത്തിൽ എല്ലാവരും ഇടപെട്ട് സംസാരിക്കണമെന്നില്ല.

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, പ്ലാൻ ഫണ്ട് 7 ശതമാനം മാത്രമാണ് ചെലവഴിച്ചതെന്നാണ് അങ്ങ് പറഞ്ഞത്. ആ പ്ലാൻ ഫണ്ട് 18 കോടി രൂപ വകയിരുത്തിയിരുന്നത് സി.എഫ്.ആർ.ഡി.-ക്കും കമ്പ്യൂട്ടറൈസേഷനുമാണ്. അതിന്റെ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. എൻ.എഫ്.എസ്.എ. നടപ്പാക്കുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസേഷന്റെ നടപടികളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. നോൺ പ്ലാൻ ഫണ്ടിൽ ഭക്ഷ്യവിതരണത്തിനായി വകയിരുത്തിയിട്ടുള്ള തുകയിൽ 80 ശതമാനവും ചെലവഴിക്കുകയുണ്ടായി.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ബഹുമാനപ്പെട്ട മന്ത്രീ, സാമ്പത്തിക വർഷം തീരാൻ ഇനി എത്രദിവസമുണ്ട്, നടപടികൾ നടന്നുകൊണ്ടിരിക്കുകയാണെന്നാണ് അങ്ങ് പറയുന്നത്. നടക്കുകയല്ല, ഒച്ചിന്റെ വേഗതയിൽ ഇഴയുകയാണ് ചെയ്യുന്നത്. ശ്രീ. സി. ദിവാകരൻ ഭക്ഷ്യവകുപ്പുമന്ത്രിയും ശ്രീ. വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയും ആയിരുന്ന സമയത്ത് അരി വില കൂടിയപ്പോൾ ഭക്ഷ്യവകുപ്പുമന്ത്രി ഡൽഹിയിലും കൽക്കട്ടയിലും പോയി അരി കൊണ്ടു വന്നു. ശ്രീ. പി. തിലോത്തമൻ എവിടെ പോയി; ആരെ കണ്ടു? അങ്ങ് കൽക്കട്ടയിൽ പോയി അവരെ കണ്ടോ; മുഖ്യമന്ത്രി അങ്ങയെ ഡൽഹിയിൽ കൊണ്ടുപോയില്ല.

ശ്രീ. പി. തിലോത്തമൻ: സർ, പ്രതിപക്ഷ നേതാവേ, അങ്ങയോട് എല്ലാ ബഹുമാനവും നിലനിർത്തി പറയട്ടെ; 23, 24 തീയതികളിലാണ് മുഖ്യമന്ത്രിയും ഞാനും ഡൽഹിയിൽ പോകാൻ പ്ലാൻ ചെയ്തിരുന്നത്. 26-ാം തീയതി ഭക്ഷ്യ വകുപ്പുമന്ത്രിമാരുടെ സമ്മേളനമായിരുന്നു. ആ സമ്മേളനം 19-ാം തീയതിയിലേയ്ക്ക് മാറ്റി. എനിക്ക് ഡൽഹിയിൽ നേരത്തെ പോകേണ്ടി വന്നു. 21-ാം തീയതി രാവിലെയാണ് ഞാൻ ഇവിടെ എത്തിച്ചേർന്നത്. മുഖ്യമന്ത്രി പോകുന്ന ദിവസം. അതുകൊണ്ട് ഞങ്ങൾ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് മുഖ്യമന്ത്രി മാത്രം ഡൽഹിയിൽ പോയത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, മുഖ്യമന്ത്രി ഡൽഹിയിൽ പോയപ്പോൾ അങ്ങയെ കൊണ്ടുപോയില്ലല്ലോ? ഞാൻ ശ്രീ. സി. ദിവാകരനെ അഭിനന്ദിക്കുകയാണ്. അന്ന് അദ്ദേഹം കൽക്കട്ടയിലും ഡൽഹിയിലും പോയി.

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് മുഖ്യമന്ത്രിയെപ്പോലെതന്നെ സഭയിൽ വളരെ ഉത്തരവാദിത്വമുള്ള ഒരാളാണ്. സഭാംഗങ്ങളെ പേരെടുത്ത് പറഞ്ഞ് ഇല്ലാത്ത കാര്യങ്ങൾ സഭയിൽ പറയുന്നത് നല്ല കാര്യമല്ല. ഞാനും ശ്രീ. പി. തിലോത്തമനുമായി പിണക്കമാണെന്ന് അങ്ങ് പറഞ്ഞു. അത് കോൺഗ്രസ്സ് പാർട്ടിയിലായിരിക്കും, ഞങ്ങൾ കമ്മ്യൂണിസ്റ്റുകാരാണ്. ശ്രീ. വി. എം. സുധീരനും നിങ്ങളുമായിട്ടുള്ള ബന്ധമെല്ലാം ഞങ്ങൾക്കറിയാം. അതേപ്പറ്റി ഇവിടെ പറയുന്നതുകൊണ്ട് കാര്യമില്ല. ദയവുചെയ്ത് ഈ പറഞ്ഞതെല്ലാം ഒഴിവാക്കണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട അംഗം മുൻ ഭക്ഷ്യ വകുപ്പുമന്ത്രികൂടിയായ ശ്രീ. സി. ദിവാകരനുമായി ശ്രീ. പി. തിലോത്തമന് അഭിപ്രായ വ്യത്യാസമുണ്ടെന്ന് എനിക്ക് തോന്നാനിടയായ സംഭവം അങ്ങെടുത്ത നടപടി ശ്രീ. പി. തിലോത്തമൻ സ്വീകരിക്കാത്തതു കൊണ്ടാണ്. ഞാൻ അങ്ങയെ മോശക്കാരനാക്കാൻ പറഞ്ഞതല്ല. നിങ്ങൾ രണ്ടുപേരും ഒരേ പാർട്ടിക്കാരാണ്, അങ്ങെടുത്ത നടപടിയെങ്കിലും ശ്രീ. പി. തിലോത്തമൻ സ്വീകരിച്ചിട്ടുണ്ടാകുമെന്ന് ഞാൻ കരുതി. അതുണ്ടാകാത്തതുകൊണ്ടാണ് ഞാൻ ഇങ്ങനെയൊരു അഭിപ്രായം പറഞ്ഞത്. അത് ശരിയല്ലെങ്കിൽ ഞാൻ പിൻവലിക്കുന്നു.

സർ, ഏതായാലും മുഖ്യമന്ത്രിയോടൊപ്പം അങ്ങ് പോയില്ലല്ലോ. നമ്മുടെ സംസ്ഥാനത്ത് അതിരൂക്ഷമായ വിലക്കയറ്റം നിലനിൽക്കുകയാണ്. ഇത് പരിഹരിക്കാൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് നടപടിയുണ്ടാകുന്നില്ല. മാർക്കറ്റ് ഇന്റർവെൻഷൻ ഗവൺമെന്റിന്റെ ചുമതലയാണ്. സംസ്ഥാനത്ത് ഉപ്പുതൊട്ട് കർപ്പൂരം വരെ എല്ലാ സാധനത്തിനും രൂക്ഷമായ വിലക്കയറ്റമുണ്ടാകുമ്പോൾ വിപണിയിൽ ഇടപെട്ട്

വിലക്കയറ്റം നിയന്ത്രിക്കാൻ സർക്കാർ നടപടിയുണ്ടാകുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ പൂർണ്ണമായി പരാജയപ്പെട്ടിരിക്കുന്നു. അരിയുടെ പ്രശ്നം നാളെ തീരും, അടുത്ത ദിവസം തീരും, റേഷൻ കാർഡിന്റെ പ്രശ്നം തീരും എന്ന് ഭക്ഷ്യ വകുപ്പുമന്ത്രി എല്ലാ ദിവസവും പറയും. ഇത്രയും ദിവസങ്ങളായിട്ടും റേഷൻ കാർഡിന്റെ പ്രശ്നം തീർന്നിട്ടില്ല, വീണ്ടും നീട്ടിക്കൊടുക്കുന്നു. മുൻഗണനാ പട്ടിക എവിടെ; മുൻഗണനാ പട്ടികയിൽ ആരെല്ലാം കടന്നുകൂടി? നമ്മുടെ സംസ്ഥാനത്ത് ജനങ്ങൾ അതിരൂക്ഷമായ വിലക്കയറ്റം നേരിടുകയാണ്. വിലക്കയറ്റം നിയന്ത്രിക്കുന്ന കാര്യത്തിൽ പരാജയപ്പെട്ട മന്ത്രി ശ്രീ. പി. തിലോത്തമൻ രാജി വയ്ക്കുകയാണ് നല്ലതെന്നാണ് എനിക്ക് പറയാനുള്ളത്. അദ്ദേഹത്തിന് ഈ വകുപ്പ് മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത അവസ്ഥയാണ്. എത്ര നാളുകളായി പ്രസ്താവനകളല്ലാതെ ഇക്കാര്യത്തിൽ ഒരു നടപടിയും സ്വീകരിക്കാൻ അദ്ദേഹത്തിന് കഴിയുന്നില്ല എന്നതിൽ ശക്തമായ പ്രതിഷേധം ഞാൻ രേഖപ്പെടുത്തുന്നു. സഭാനടപടികൾ നിർത്തിവച്ചുതന്നെ ഈ വിഷയം ചർച്ച ചെയ്യാൻ അങ്ങ് മുൻകയ്യെടുക്കേണ്ടതായിരുന്നു. ജനങ്ങളുടെ വികാരം കണക്കിലെടുത്ത് നിയമസഭാ വേദിയിൽ ഈ വിഷയം ചർച്ച ചെയ്യേണ്ടതായിരുന്നു, ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാകാത്തത് ജനങ്ങളോടുള്ള അവഹേളനമാണെന്ന് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. ഇക്കാര്യത്തിൽ ശക്തമായ പ്രതിഷേധം ഞാൻ രേഖപ്പെടുത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചു.)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ...........

മി. സ്പീക്കർ: ഇറങ്ങിപ്പോകുകയാണോ? പ്രസംഗമാണോ? വാക്കൗട്ടാണോ? വാക്കൗട്ട് ഇല്ലെങ്കിൽ പ്രസംഗമില്ല ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി. വാക്കൗട്ട് ഉണ്ടെങ്കിലേ പ്രസംഗമുള്ളൂ. വാക്കൗട്ട് ഉണ്ടോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഞങ്ങളുടെ പാർട്ടി എന്തായാലും വാക്കൗട്ട് ചെയ്യുമെന്ന് ഉറപ്പായി പറയുന്നു.

മി. സ്പീക്കർ: അദ്ദേഹം വാക്കൗട്ട് പ്രസംഗം നടത്തുകയാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, രണ്ട് കാര്യങ്ങൾ ഇവിടെ വ്യക്തമാണ്. ഒന്ന്, സംസ്ഥാനത്ത് വളരെ ഗുരുതരമായ അവസ്ഥയുണ്ട് എന്നുള്ളത് ഇന്നത്തെ ചർച്ചയിലൂടെ വ്യക്തമായി. കുറേ സമയം ചർച്ച ചെയ്തു, ഇതിനെക്കാൾ നല്ലത് അടിയന്തരപ്രമേയം അനുവദിച്ച് ചർച്ച ചെയ്യുന്നതായിരുന്നു. അത്രയും ഗുരുതരമായ അവസ്ഥ ഇവിടെയുണ്ടെന്ന് ഇന്നത്തെ ചർച്ച തന്നെ വ്യക്തമാക്കുന്നുണ്ട്. രണ്ടാമതായി,

ക്രൈസിസ് മാനേജ്മെന്റിൽ പരാജയപ്പെട്ടതിന്റെ ഒരു പ്രത്യാഘാതം സംസ്ഥാനത്തുണ്ടായിട്ടുണ്ട്. മുഖ്യമന്ത്രി അത് സമ്മതിച്ചു. ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച അടിയന്തര പ്രമേയം വിലക്കയറ്റത്തെക്കുറിച്ചാണ്. ബഹുമാനപ്പെട്ട മെമ്പർ ഇന്ന് മാർക്കറ്റിലുള്ള സ്ഥിതിവിശേഷം പരിശോധിച്ച് അനിയന്ത്രിതമായ വിലക്കയറ്റത്തെ കുറിച്ച് വളരെ വിശദമായി ഇവിടെ പറഞ്ഞത് ഒരു വസ്തുത തന്നെയാണ്. മറുപടിയും വെല്ലുവിളിയും കൊണ്ടുമാത്രം അത് പരിഹരിക്കാനാകില്ല. ഗവൺമെന്റ് ആൾ പാർട്ടി മീറ്റിംഗ് വിളിച്ചിരുന്നല്ലോ. ഞങ്ങൾ ഭരിക്കുമ്പോഴും അവസാനം ബി.ജെ.പി. ഗവൺമെന്റ് തന്നെയായിരുന്നു കേന്ദ്രം ഭരിച്ചിരുന്നത്. അന്ന് അഡീഷണൽ ക്വാട്ട വാങ്ങാൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. എന്തുകൊണ്ട് ഈ ഗവൺമെന്റിന് കഴിയുന്നില്ല എന്നുള്ളത് ആലോചിക്കണം. അഡീഷണൽ ക്വാട്ട കിട്ടാതിരുന്നാൽ......... (ബഹളം)...... ചത്ത കുട്ടിയുടെ ജാതകം നോക്കിയിട്ട് കാര്യമില്ല. ഇപ്പോൾ നിങ്ങളല്ലേ ഭരിക്കുന്നത്, ഞങ്ങളല്ലല്ലോ. ആൾ പാർട്ടി മീറ്റിംഗ് വിളിച്ച് ഈ വിഷയമല്ലേ ചർച്ച ചെയ്യേത്. ഇന്ത്യയിൽ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കേണ്ട എന്ന് നിങ്ങൾ എന്തുകൊണ്ട് അന്ന് പറഞ്ഞില്ല? അതുകൊണ്ട് ഇപ്പോൾ നമ്മൾ ഇതൊക്കെ അനുഭവിച്ചേ തീരൂ എന്ന മൈൻഡ്സെറ്റിലിരിക്കരുത് എന്നാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ഭക്ഷ്യ വകുപ്പുമന്ത്രിയോടും പറയാനുള്ളത്. അഡീഷണൽ ക്വാട്ട കിട്ടിയില്ലെങ്കിൽ സ്റ്റാറ്റ്യൂട്ടറി റേഷൻ മുടങ്ങും. സ്റ്റാറ്റ്യൂട്ടറി റേഷൻ മുടങ്ങിയാൽ വിലക്കയറ്റമുണ്ടാകും. അതിന് അരിക്കട തുടങ്ങിയതുകൊണ്ടുമാത്രം യാതൊരു ഗുണവുമുണ്ടാകാൻ പോകുന്നില്ല. ഇവിടെ ശ്രീ. എം. ഉമ്മർ അതാണ് സമർത്ഥിച്ചത്. വളരെ അടിയന്തരമായി ഇക്കാര്യം പരിഹരിക്കേണ്ട സ്ഥിതിവിശേഷം സംസ്ഥാനത്തുണ്ട്. അത് ചർച്ച ചെയ്യണമെങ്കിൽ ചർച്ച ചെയ്ത് നിയമസഭയുടെ ഭാഗമാക്കാം. അഡീഷണൽ ക്വാട്ട ലഭിക്കുന്നതിനായി നിങ്ങൾ എഫിഷ്യൻസി കാണിക്കണം. ശ്രീ. എസ്. ശർമ്മ പറഞ്ഞത് മണി ക്രോപ്പിന്റെ സംസ്ഥാനമായതുകൊണ്ടാണ് സ്റ്റാറ്റ്യൂട്ടറി റേഷൻ നിശ്ചയിച്ചു കിട്ടിയതെന്നാണ്. എങ്കിൽ അത് നിലനിർത്താനുള്ള വിൽ-പവർ നിങ്ങൾ കാണിക്കുമോ എന്നതാണ് പ്രശ്നം. ഇപ്പോൾ സംസ്ഥാനം ഭരിക്കുന്നത് നിങ്ങളാണ്. ഞങ്ങൾ കൂടെ നിൽക്കാം, അതാണ് ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞത്. ഞങ്ങൾ വിൽ-പവർ കാണിച്ചു. അധികാരമൊഴിയുന്നതുവരെ ഒരു മണി അരി കുറയാതെ ഞങ്ങൾ നോക്കി. ആ വിൽ-പവർ നിങ്ങൾ കാണിച്ചാൽ ഞങ്ങൾ കൂടെ നിൽക്കാം. അതുകൊണ്ട് ഞങ്ങളെല്ലാവരും കൂടി വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ നേതാവും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അവരുടെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും മുദ്രാവാക്യം വിളിച്ചു കൊണ്ട് സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, അടിയന്തരപ്രമേയത്തിൽ വിലക്കയറ്റത്തെ ക്കുറിച്ചാണ് ചർച്ചയുണ്ടായത്. വിലക്കയറ്റത്തെ ഈ ഗവൺമെന്റ് വളരെ ലഘുവായി കാണുന്നു എന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽനിന്ന് മനസ്സിലാക്കാൻ കഴിഞ്ഞത്. ഭക്ഷ്യഭദ്രതാ നിയമം കടന്നുവന്നു എന്നതാണ് ഒരു പിടിവള്ളിയായി ഗവൺമെന്റ് കണക്കാക്കിയിരിക്കുന്നത്. ഭക്ഷ്യഭദ്രതാ നിയമപ്രകാരം രണ്ടര ലക്ഷം ടൺ ഭക്ഷ്യധാന്യത്തിന്റെ കുറവ് കേരളത്തിനുണ്ട്. അത് നേടിയെടുക്കാനുള്ള നടപടികൾക്ക് നിങ്ങളെടുക്കുന്ന ഏത് സമീപനത്തിനും പ്രതിപക്ഷത്തിന്റെ പിന്തുണ തീർച്ചയായുമുണ്ടാകും. കേരളത്തിലെ എഫ്.സി.ഐ. ഗോഡൗണുകളിൽ നിലവിലുള്ള സ്റ്റോക്ക് വിതരണം ചെയ്യാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. അതാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചത്. ലഭ്യമായ സ്റ്റോക്ക് വിതരണം ചെയ്യാൻ ഈ ഗവൺമെന്റിന് കഴിയാതെപോയി എന്നതാണ് ഇന്ന് പൊതുവിപണിയിൽ വില അനിയന്ത്രിതമായി വർദ്ധിക്കാൻ കാരണം. അട്ടിക്കൂലി വിഷയം പരിഹരിക്കുവാൻ ഈ ഗവൺമെന്റ് മൂന്ന് മാസത്തോളം സമയമെടുത്തു. ഇത്തരം വിഷയങ്ങൾ വളരെ ലാഘവത്തോടെയാണ് ഗവൺമെന്റ് കാണുന്നത്. ലഭ്യമായ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യാൻ സാധിക്കാതെ ഭക്ഷ്യഭദ്രതാ നിയമത്തെയും കുറ്റം പറഞ്ഞുകൊണ്ടിരിക്കുന്നത് സ്വന്തം കഴിവുകേടുകൾ മറച്ചു വയ്ക്കാനാണ് എന്നത് പറയാതിരിക്കാൻ നിർവ്വാഹമില്ല....................(ബഹളം)....... സപ്ലൈകോയ്ക്ക് ആന്ധ്ര ട്രേഡേഴ്സ് അരി തരുന്നില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സപ്ലൈകോ കുടിശ്ശിക വരുത്തിയിട്ടുണ്ടോയെന്ന് അങ്ങ് പരിശോധിക്കണം.......(ബഹളം).......

<u>മി. സ്പീക്കർ</u>: ഒന്നുകിൽ വാക്കൗട്ട് ചെയ്യുക. അല്ലെങ്കിൽ സീറ്റിലിരിക്കുക.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, എന്നെ സംസാരിക്കാൻ അനുവദിക്കുന്നില്ല. ജനാധിപത്യ മര്യാദ കാണിക്കണം. ശ്രീ. എം. സ്വരാജ് അവിടെ ഇരിക്കണം. എനിക്ക് സംസാരിക്കണ്ടേ. ....... അങ്ങനെയൊന്നും പറയണ്ട. ശ്രീ. എം. സ്വരാജ് അവിടെ ഇരിക്കണം. എനിക്ക് സംസാരിക്കാൻ സ്പീക്കർ സമയം അനുവദിച്ചിട്ടുണ്ട്.

<u>മി. സ്പീക്കർ</u>: പറഞ്ഞ കാര്യം തന്നെ വീണ്ടും പറയാതെ അങ്ങ് പറഞ്ഞ് അവസാനിപ്പിക്കണം.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, എനിക്ക് സംസാരിക്കാൻ ചെയർ പ്രൊട്ടക്ഷൻ തരണം. സപ്ലൈകോ കുടിശ്ശിക വരുത്താതിരുന്ന സന്ദർഭത്തിൽ എന്തുകൊണ്ട് ആന്ധ്ര ട്രേഡേഴ്സ് സപ്ലൈകോയ്ക്ക് അരി തരുന്നില്ല. ഇതിന്റെ പിന്നിൽ ലോബി പ്രവർത്തിക്കുന്നുണ്ടോ; വിലക്കയറ്റമുണ്ടാക്കാൻ ആരെങ്കിലും ശ്രമിക്കുന്നുണ്ടോ തുടങ്ങിയ കാര്യങ്ങൾ പരിശോധിക്കണം. വിലക്കയറ്റത്തെ സംബന്ധിച്ച് ഈ ഗവൺമെന്റ് വളരെ ലാഘവത്തോടെയാണ് കാര്യങ്ങൾ കാണുന്നത്. ഭക്ഷ്യധാന്യ വിഹിതം

കൂട്ടണമെന്നാവശ്യപ്പെട്ട് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് ശക്തമായ ഇടപെടൽ നടത്തിയിട്ടുണ്ടെന്ന് അങ്ങ് തന്നെ ഈ സഭയിൽ രേഖാമൂലം ഞാൻ ചോദിച്ച ചോദ്യത്തിന് 3-10-2016-ൽ മറുപടി നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ദയവായി സഭയെ തെറ്റിദ്ധരിപ്പിക്കരുത്. ഈ വിഷയം ഗവൺമെന്റ് ഗൗരവമായി കാണുന്നില്ല എന്നത് തികച്ചും പ്രതിഷേധാർഹമാണ്. അതിൽ പ്രതിഷേധിച്ചു കൊണ്ട് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

ശ്രീ. കെ. എം. മാണി: സർ, അടുത്ത അഞ്ച് വർഷത്തേയ്ക്ക് വില വർദ്ധിപ്പിക്കുകയില്ലെന്നാണ് ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ പറഞ്ഞത്. ഇപ്പോൾ വിലക്കയറ്റം എവിടെയെത്തി നിൽക്കുന്നു? ഉപ്പ് മുതൽ കർപ്പൂരം വരെ എല്ലാ സാധനങ്ങൾക്കും വിലവർദ്ധിച്ചിരിക്കുകയാണ്. പൊതുവിതരണ രംഗത്തെ പ്രശ്നങ്ങളാണ് ഇവിടെ ചർച്ച ചെയ്തത്. ഓപ്പൺ മാർക്കറ്റിലെ വില വർദ്ധനവിനെ പറ്റി ചർച്ച ചെയ്തില്ല. ഓപ്പൺ മാർക്കറ്റിലും വലിയ വിലവർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. ഇന്ന് ജനങ്ങൾ അനുഭവിക്കുന്ന കെടുതിയെക്കുറിച്ച് ചർച്ച ചെയ്യണം. ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. കേന്ദ്ര സർക്കാരിൽനിന്ന് അഡീഷണൽ ക്വാട്ട ലഭിക്കുന്നതിന് നമുക്കൊരുമിച്ച് ശ്രമിക്കാം. എന്നാൽ കിട്ടിയ അരി വിതരണം ചെയ്യുന്നതിൽ നിങ്ങൾ കാണിച്ച അലംഭാവം, വീഴ്ച...... അതൊരിക്കലും ക്ഷമിക്കാൻ കഴിയുന്നതല്ല. പൊതുജനം നിങ്ങൾക്ക് മാപ്പ് തരില്ല. ഈ ഗവൺമെന്റിന്റെ കെടുകാര്യസ്ഥതയിലും ഈ വിഷയത്തിൽ സർക്കാരിനുണ്ടായിരിക്കുന്ന പരാജയത്തിലും പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: സർ, ഈ സർക്കാർ വിവിധ രംഗങ്ങളിൽ പരാജയപ്പെട്ടിട്ടുണ്ട്. രാജ്യത്ത് ഏറ്റവും കൂടുതൽ ആളുകൾക്ക് കിട്ടിക്കൊണ്ടിരുന്ന റേഷൻ സംസ്ഥാനത്ത് ലഭ്യമാകുന്നില്ല. കഴിഞ്ഞ രണ്ടുമാസത്തോളമായി റേഷൻ കടകൾ പ്രവർത്തിക്കാത്ത സാഹചര്യമാണ് സംജാതമായിരിക്കുന്നത്. ഗോഡൗണിൽ അരി സ്റ്റോക്ക് ഉണ്ടെങ്കിലും ജനങ്ങൾക്ക് അത് ലഭിക്കാത്ത അവസ്ഥയാണ്. ഈ വിഷയം കൈകാര്യം ചെയ്യുന്നതിലുള്ള പിടിപ്പുകേടും അഴിമതിയും കൊള്ളരുതായ്മയുമാണ് അതിനു കാരണം. ഞാൻ സംസാരിക്കുമ്പോൾ അസഹിഷ്ണുത പ്രകടിപ്പിച്ചിട്ട് കാര്യമില്ല. ഈ വിഷയം സഭയിൽ വിശദമായി ചർച്ച ചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. സി. ജോർജ്: സർ,..........

മി. സ്പീക്കർ: ഇല്ല. കക്ഷിനേതാക്കന്മാർക്ക് മാത്രമേ സംസാരിക്കാൻ അവസരമുള്ളൂ. താങ്കൾക്ക് ചർച്ചയിൽ പങ്കെടുക്കുമ്പോൾ സംസാരിക്കാവുന്നതാണ്.

(സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരായി.)

## III ശ്രദ്ധ ക്ഷണിക്കൽ

### (1) എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങൾ

ശ്രീ. സി. ദിവാകരൻ: സർ, അതീവ ഗുരുതരമായ ഒരു വിഷയമാണ് ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. മഹാനായ സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ കേരളത്തിൽ അധികാരത്തിൽ വന്ന ആദ്യ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് വിദ്യാഭ്യാസ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ വരുത്താൻ കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി സമഗ്രമായ ഒരു വിദ്യാഭ്യാസ ബിൽ അവതരിപ്പിച്ചിട്ട് 60 വർഷം കഴിഞ്ഞു. അതിന്റെ ഫലമായി കേരളത്തിൽ സ്ഫോടനാത്മകമായ അന്തരീക്ഷമുണ്ടായി. ഇവിടത്തെ യാഥാസ്ഥിതിക വർഗ്ഗങ്ങളും പ്രൈവറ്റ് മാനേജ്മെന്റുകളും വിദ്യാഭ്യാസ കച്ചവടക്കാരും ചേർന്ന് കേരളത്തിൽ ജനാധിപത്യ വിരുദ്ധവും അപമാനകരവുമായ വിമോചന സമരത്തിന് വിത്ത് പാകുന്നതിന് നിമിത്തമായത് അന്നത്തെ വിദ്യാഭ്യാസ പരിഷ്കാര ബില്ലാണ്. അതിന്റെ ഫലമായി ഇന്ത്യയിലാദ്യമായി തെരഞ്ഞെടുക്കപ്പെട്ട ഒരു ഗവൺമെന്റിനെ ഭരണഘടനാ വിരുദ്ധമായി പിരിച്ചുവിടുകയുണ്ടായി. അന്നുവരെ ആയിരക്കണക്കിന് അദ്ധ്യാപകർക്ക് അടിമപ്പണി ആയിരുന്നു. അവരുടെ ശമ്പളം, ഡി.എ. എന്തെന്ന് അറിയില്ല, അതിന് യാതൊരു നിരക്കുമില്ല. അദ്ധ്യാപകരെ അടിമകളാക്കുകയും വേതനം നിഷേധിക്കുകയും ചെയ്യുന്നത് അവസാനിപ്പിക്കാനാണ് അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി മഹാനായ ജോസഫ് മുണ്ടശ്ശേരി ആ ബില്ലിൽ പ്രത്യേക ചില വകുപ്പുകൾ ചേർത്തത്. അതിൽ സെക്ഷൻ 13 പ്രകാരം സ്വകാര്യ മാനേജ്മെന്റുകൾക്ക് അദ്ധ്യാപകരെ നിയമിക്കാനുള്ള അധികാരം വിട്ടുകൊടുത്തു. 'ഇപ്രകാരം നിയമനം ലഭിക്കുന്ന അദ്ധ്യാപകർക്ക് സർക്കാർ സ്കൂൾ അദ്ധ്യാപകർക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കും. അദ്ധ്യാപകരുടെ സാമ്പത്തിക ആനുകൂല്യങ്ങൾക്കൊന്നും മാനേജ്മെന്റിന് യാതൊരുവിധ ബാധ്യതയും ഉണ്ടായിരിക്കുന്നതല്ല.' ഈ വിദ്യാഭ്യാസ ബില്ലാണ് അറബിക്കടലിൽ തള്ളണമെന്നാവശ്യപ്പെട്ടുകൊണ്ട് ഇവിടെ സമരമാരംഭിച്ചത്. ഇന്ന് ആ ബില്ലിന്റെ ഫലമായി പ്രൈവറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥിതിവിവര കണക്കുകൾ പരിശോധിച്ചാൽ ഒരു ലക്ഷത്തി പതിമൂന്നായിരത്തിൽപ്പരം അദ്ധ്യാപകർ ഉണ്ട്. അതിന്റെ വിശദമായ

കണക്ക്, സ്കൂളുകളുടെ കണക്ക് എന്നിവ ഇന്റർനെറ്റിലുണ്ട്. 2011-ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് ഇപ്പോൾ പ്രൈവറ്റ് മേഖലയിലുള്ള ലോവർ പ്രൈമറി-അപ്പർപ്രൈമറി - ഹൈസ്കൂളുകളിലായി 129071 അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ട്. എല്ലാ അദ്ധ്യാപകർക്കും സർക്കാർ അദ്ധ്യാപകർക്കുള്ള സമ്പൂർണ്ണ ആനുകൂല്യങ്ങൾ ഗവൺമെന്റ് ഖജനാവിൽനിന്ന് കൊടുക്കുന്നു എന്നതാണ് പരമദയനീയം. ജനങ്ങളുടെ നികുതി പണത്തിൽനിന്ന് ഇവർക്ക് ശമ്പളം കൊടുക്കുകയാണ്. ഇവരെ നിയമിക്കുന്നത് പ്രൈവറ്റ് മാനേജ്മെന്റുകളും വ്യക്തികളും കോർപ്പറേറ്റ് മാനേജ്മെന്റുകളുമാണ്. ഇവിടെ സംവരണമില്ല; മെറിറ്റോ, യോഗ്യതയോ നോക്കുന്നില്ല; തോന്നുമ്പോൾ പിരിച്ചുവിടുന്നു; വീണ്ടും നിയമിക്കുന്നു, ഇതിന് ദശലക്ഷക്കണക്കിന് രൂപ കോഴ വാങ്ങുന്നു. കേരളത്തിൽ അടിച്ചമർത്തപ്പെട്ടവന്റെ മോചനത്തിനുവേണ്ടിയാണ് നിൽക്കുന്നതെന്ന് നമ്മളെല്ലാവരും അവകാശപ്പെടുന്നു. ഈ രംഗത്ത് ഒരു ശതമാനം പോലും പട്ടികജാതി-പട്ടികവർഗ്ഗത്തിലെ പാവപ്പെട്ട ആളുകൾക്ക് നിയമനം കിട്ടിയിട്ടില്ല. ഈ ഖജനാവിന്റെ പണം അവർക്കുംകൂടി അവകാശപ്പെട്ടതാണ്. അതിന്റെ വിഹിതം അവർക്കും കിട്ടണ്ടേ? പ്രൈവറ്റ് മാനേജ്മെന്റുകൾ അദ്ധ്യാപക നിയമനത്തിന് തന്നിഷ്ടം പോലെ കോഴ വാങ്ങുകയാണ്. ഇപ്പോൾ പ്ലസ് വൺ, പ്ലസ് ടു അദ്ധ്യാപകരെയും ഇത്തരത്തിൽ നിയമിക്കുകയാണ്. യാതൊരു നിയന്ത്രണവുമില്ലാതെ ഏറ്റവും വലിയ വ്യവസായമായി കേരളത്തിൽ ഇത് നടത്തിക്കൊണ്ടുപോകുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, നമ്മുടെ ലക്ഷ്യത്തിൽ ഒന്ന്, എല്ലാവർക്കും സാമൂഹ്യ നീതിയാണ്. എല്ലാവർക്കും ഭവനവും ആഹാരവും സാമൂഹ്യനീതിയും നടപ്പിലാക്കാൻ ഇച്ഛാശക്തിയുള്ള ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ? അക്കാര്യം നമ്മുടെ പ്രകടനപത്രികയിലും ഉള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ, ഇത്തരം നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം 14(എ) ചട്ടം 1 പ്രകാരം എയ്ഡഡ് സ്കൂളുകളിൽ ചട്ടപ്രകാരം യോഗ്യരായ അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള അവകാശം സ്കൂൾ മാനേജ്മെന്റിൽ നിക്ഷിപ്തമാണ്. കൂടാതെ എയ്ഡഡ് സ്കൂൾ മാനേജർമാർ കേരള വിദ്യാഭ്യാസ ചട്ടങ്ങൾക്കും സർക്കാർ നിർദ്ദേശങ്ങൾക്കും വിരുദ്ധമായി പ്രവർത്തിക്കുന്നപക്ഷം അവർക്കെതിരെ കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം 3 ചട്ടം 7 പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് വ്യവസ്ഥ നിലവിലുണ്ട്. സ്വകാര്യ എയ്ഡഡ് കോളേജ് മാനേജ്മെന്റുകൾ സർവ്വകലാശാലാ നിയമങ്ങൾക്കും ഡയറക്ട് പേമെന്റ് എഗ്രിമെന്റിനും വിധേയമായിട്ടാണ് നിയമനങ്ങൾ നടത്തുന്നത്. മേൽ ചട്ടങ്ങൾ പ്രകാരം സർക്കാർ പ്രതിനിധി ഉൾപ്പെടെയുള്ള അംഗങ്ങളുടെ സെലക്ഷൻ

കമ്മിറ്റിയാണ് എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ഒഴിവുകളിലേയ്ക്ക് നിയമിക്കപ്പെടുന്നതിന് അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കേണ്ടത്. എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി. മുഖാന്തരം നടത്തുന്നത് സംബന്ധിച്ച് സർക്കാർതലത്തിൽ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. സി. ദിവാകരൻ : സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതനുസരിച്ച് വേറെ ബുദ്ധിമുട്ടൊന്നുമില്ല, ഒരു നയപരമായ കാര്യം മാത്രമേയുള്ളൂ. അടിയന്തരമായി അക്കാര്യത്തിൽ നടപടിയെടുക്കുന്നതിന് എന്തെങ്കിലും നിയമ തടസ്സമുണ്ടോ? ഉണ്ടെങ്കിൽ ഭേദഗതി കൊണ്ടുവരാം. പ്രധാനപ്പെട്ട വിഷയമായതിനാൽ മുഖ്യമന്ത്രി ഇക്കാര്യത്തിൽ എന്തെങ്കിലും അഭിപ്രായം പറയണം.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇക്കാര്യത്തിൽ നേരത്തേ പറഞ്ഞതുതന്നെയാണ് വീണ്ടും പറയാനുള്ളത്. സർക്കാർതലത്തിൽ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

11.00 A.M.]

ശ്രീ. സി. ദിവാകരൻ : സർ, കേരളം ശ്രദ്ധിക്കപ്പെടുന്ന ഒരു വിഷയമാണിത്. ഈ രംഗത്ത് സംവരണം നടപ്പിലാക്കണമെന്ന് ആവശ്യപ്പെടാൻ ഒരു ഗവൺമെന്റില്ല. പട്ടികജാതി/പട്ടികവർഗ്ഗ, ആദിവാസി വിഭാഗങ്ങൾക്ക് ഇതിൽ ഷെയർ കിട്ടേണ്ടതല്ലേ; അതെങ്കിലും ഗവൺമെന്റ് തീരുമാനിക്കണം.

## (2) അഴീക്കൽ തുറമുഖ വികസനം

ശ്രീ. കെ. എം. ഷാജി: സർ, കണ്ണൂർ ജില്ലക്കാരനായ ബഹുമാന്യനായ മന്ത്രിയുടെ ശ്രദ്ധക്ഷണിക്കുന്നതിനു വേണ്ടിയാണ് ഈ വിഷയം ഇവിടെ അവതരിപ്പിക്കുന്നത്. കണ്ണൂരിലെ അഴീക്കൽ പോർട്ട് പലതവണ നിയമസഭയിൽ ചർച്ച ചെയ്ത വിഷയമാണ്. പോർട്ട് ഒരു പരിധിവരെ നന്നായി മുമ്പോട്ടുപോകുകയും ചെയ്യുന്നുണ്ട്. മറ്റ് പോർട്ടുകളെ അപേക്ഷിച്ച് നാഷണൽ ഹൈവേയിൽനിന്ന് ഏകദേശം 3 കിലോമീറ്റർ മാത്രം അകലവും റെയിൽവേ കണക്റ്റിവിറ്റിയുടെ മാത്രം പ്രശ്നവുമുള്ള, എല്ലാ തരത്തിലും സൗകര്യമുള്ള ഒരു പോർട്ടാണിത്. കപ്പൽ വരാനും കപ്പലിൽനിന്ന് ചരക്കുകൾ ഇറക്കാനും ഗോഡൗണും ഡ്രെഡ്ജിംഗും അടക്കമുള്ള ധാരാളം കാര്യങ്ങൾ അവിടെയുണ്ട്. ഒരുപാട് കാര്യങ്ങളിൽ മുന്നോട്ടുപോയിട്ടുമുണ്ട്. കഴിഞ്ഞ ബഡ്ജറ്റിൽ 500 കോടി രൂപയാണ് ഈ പോർട്ടിന്റെ വികസന പ്രവർത്തനങ്ങൾക്കായി നീക്കിവച്ചിട്ടുള്ളത്. 500 കോടി രൂപയിൽ ഏതൊക്കെ പ്രോജക്റ്റുകളാണ് തയ്യാറാക്കിയിട്ടുള്ളത്, ഏതൊക്കെ തരത്തിലാണ് അത് വിനിയോഗിക്കാൻ

ഉദ്ദേശിക്കുന്നത് എന്നറിയേണ്ടതുണ്ട്. അതുപോലെ തന്നെ റിട്ടേൺ കാർഗോ അഷ്വർ ചെയ്യാൻ പറ്റുന്നില്ലെന്നുള്ളതാണ് ഗുരുതരമായ പ്രശ്നം. കൂർഗ് അടക്കമുള്ള സ്ഥലങ്ങളിൽനിന്ന് ഷിപ്പ് എപ്പോൾ വരുന്നു, പോകുന്നു എന്ന് കൃത്യമായി പറയാൻ സാധിക്കാത്തതാണ് ഇതിന് കാരണം. നേരത്തെ ഒരു ഷിപ്പ് വാടകയ്ക്കെടുത്ത് കൃത്യമായി റിട്ടേൺ കാർഗോ അഷ്വർ ചെയ്യാൻ കഴിയുന്ന തരത്തിൽ ഒരു പദ്ധതി ആസൂത്രണം ചെയ്തിരുന്നു. അക്കാര്യം ഇപ്പോൾ ആലോചിക്കുന്നുണ്ടോ എന്നറിയാൻ താൽപ്പര്യമുണ്ട്.

മറ്റൊന്ന്, 500 ലോഡഡ് വെഹിക്കിൾ ഉൾപ്പെടെ കൊണ്ടുപോകാൻ സൗകര്യമുള്ള ബാർജുകൾ ഇന്ന് ബർമ്മയിലടക്കം ലോകത്തിലെ മിക്ക പോർട്ടുകളിലും ഉണ്ട്. കൊച്ചിയിൽനിന്ന് അഴീക്കലിലേയ്ക്ക് അങ്ങനെയൊരു ബാർജ് ഏർപ്പാടുചെയ്താൽ അതിലൂടെ ഈ പോർട്ടിന്റെ പുരോഗതിയിൽ വലിയ പങ്ക് വഹിക്കാൻ കഴിയും. പോർട്ടിന്റെ വികസനപ്രവർത്തനങ്ങളിൽ 500 കോടി രൂപ ഏതൊക്കെ തരത്തിലാണ് ചെലവഴിക്കാൻ താൽപ്പര്യപ്പെടുന്നതെന്ന് അറിയാൻ ആഗ്രഹമുണ്ട്.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ബഹുമാനപ്പെട്ട അംഗം കെ. എം. ഷാജി ഉന്നയിച്ച അഴീക്കൽ തുറമുഖവുമായി ബന്ധപ്പെട്ട വിഷയം വളരെ പ്രാധാന്യത്തോടെയാണ് ഗവൺമെന്റ് കൈകാര്യം ചെയ്യുന്നത്. അഴീക്കൽ തുറമുഖ വികസനത്തിനായി കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം നിയോഗിച്ച ടെക്നിക്കൽ കമ്മിറ്റിയുടെ ചെയർമാൻ ശ്രീ. ബി. പൊയ്യാമൊഴിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അഴീക്കൽ തുറമുഖത്തിന്റെ ഒന്നാംഘട്ടമായി സംസ്ഥാന ഫണ്ടുപയോഗിച്ച് 226 മീറ്റർ നീളമുള്ള വാർഫും കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനായി ക്രെയിൻ, റീച്ച് സ്റ്റാക്കർ എന്നിവയും ലഭ്യമാക്കിയിട്ടുണ്ട്. തുറമുഖത്ത് ഇന്റർനാഷണൽ ഷിപ്പ് ആന്റ് പോർട്ട് സെക്യൂരിറ്റി കോഡ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇന്ത്യൻ രജിസ്ട്രാർ ഓഫ് ഷിപ്പിംഗ് നൽകിയ നിർദ്ദേശങ്ങളനുസരിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങളും നടത്തിവരികയാണ്. കൂടാതെ, തുറമുഖത്തിന്റെ ആഴം വർദ്ധിപ്പിക്കുന്നതിനായി തുറമുഖത്തെ മണ്ണ് മെക്കാനിക്കൽ ഡ്രെഡ്ജിംഗിലൂടെ നീക്കം ചെയ്യുന്നതിനായി 3-1-2017-ലെ സർക്കാർ ഉത്തരവുപ്രകാരം 490 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഡ്രെഡ്ജിംഗിലൂടെ ലഭിക്കുന്ന പദാർത്ഥങ്ങൾ നിക്ഷേപിക്കുന്നതിനുള്ള ബണ്ട് നിർമ്മാണം പുരോഗമിച്ചു വരികയാണ്. ഇത് പൂർത്തിയായാൽ മാത്രമേ ഡ്രെഡ്ജിംഗ് പൂർണ്ണമായും നിർവ്വഹിക്കാൻ സാധിക്കുകയുള്ളൂ. അഴീക്കൽ തുറമുഖത്തെ ഡ്രെഡ്ജിംഗ് തുറമുഖ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 'ഡി.എസ്.ഡി. ചന്ദ്രഗിരി' എന്ന ഡ്രെഡ്ജർ ഉപയോഗിച്ചാണ് നിർവ്വഹിക്കുന്നത്. ഈ ഡ്രെഡ്ജറിന്റെ മാനിംഗ് നടത്തുന്നതിനുള്ള ഏജൻസിയെ ടെണ്ടർ മുഖാന്തരം തെരഞ്ഞെടുത്തിട്ടുണ്ട്. കേരളാ സ്റ്റേറ്റ് മാരിടൈം ഡവലപ്പ്മെന്റ്

കോർപ്പറേഷനാണ് ഇതിന്റെ മേൽനോട്ട ചുമതല നിർവ്വഹിക്കുന്നത്. രണ്ടാംഘട്ട വികസനപ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി 2016-17 സാമ്പത്തിക വർഷം 500 കോടി രൂപ പ്രത്യേക വികസന ഫണ്ടായി നീക്കിവച്ചിട്ടുണ്ട്. ആയതിലേയ്ക്കായി തയ്യാറാക്കിയ 496 കോടി രൂപയുടെ പ്രൊപ്പോസലിൽ സംസ്ഥാന സർക്കാരിന്റെ പ്രത്യേക വികസന പദ്ധതിയായ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ ധനസഹായം ലഭ്യമാക്കാൻ 8-11-2016-ന് ഉത്തരവായിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിനായി കേരള സ്റ്റേറ്റ് മാരിടൈം ഡവലപ്പ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ തുറമുഖ വികസന പദ്ധതിയായ സാഗർമാല/ഭാരത്മാലാ പദ്ധതിയിലുൾപ്പെടുത്തി ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്. 'സാഗർമാല' പദ്ധതിയിലുൾപ്പെടുത്തി തുറമുഖത്തേയ്ക്ക് റെയിൽ ബന്ധം സ്ഥാപിക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. അഴീക്കൽ തുറമുഖം പ്രവർത്തനക്ഷമമാകുന്നതോടെ അവിടെ നിന്നും ലക്ഷദ്വീപിലേയ്ക്ക് കപ്പൽ ഗതാഗതം ആരംഭിക്കാൻ സാധിക്കും. ബേപ്പൂർ തുറമുഖത്ത് ലക്ഷദ്വീപ് ഭരണകൂടത്തിന് മാത്രമായി 200 മീറ്റർ വാർഫ് നിർമ്മിക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ നിർമ്മാണപ്രവർത്തനങ്ങൾ ഇതുവരെ ആരംഭിച്ചിട്ടില്ല.

ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിച്ച വളപട്ടണം റെയിൽവേ സ്റ്റേഷനുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള റെയിൽ കണക്ടിവിറ്റി വളരെ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുന്നതാണ്. 2 കിലോമീറ്റർ മാത്രമേ അതിന് ദൈർഘ്യമുള്ളൂ. വളപട്ടണം റെയിൽവേ സ്റ്റേഷനുമായി ബന്ധപ്പെടുത്തി ക്കൊണ്ടുള്ള റെയിൽ കണക്ടിവിറ്റിക്കാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. അതിന് സ്ഥലം ലഭ്യമാക്കുന്നതിന് ബഹുമാനപ്പെട്ട എം.എൽ.എ., തദ്ദേശഭരണ സ്ഥാപനങ്ങൾ, നാട്ടുകാർ എന്നിവരുടെ സഹായമുണ്ടായാൽ മാത്രമേ സാധിക്കുകയുള്ളൂ. അത് സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രത്യേക നിർദ്ദേശമനുസരിച്ച് തുടർനടപടികൾ സ്വീകരിച്ചു വരികയാണ്.

ശ്രീ. കെ. എം. ഷാജി: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ വിഷയത്തിൽ താൽപ്പര്യമെടുക്കുന്ന ആളായതുകൊണ്ട് അധികം സംസാരിക്കേണ്ട കാര്യമില്ല. താങ്കൾ പറഞ്ഞതുപോലെ എം.എൽ.എ. എന്നുള്ള നിലയ്ക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും എല്ലാ വിധത്തിലുള്ള സഹായവും വാങ്ങി കണക്ടിവിറ്റിയുടെ പരിശ്രമങ്ങൾ നടത്താം. കൊച്ചിയിൽനിന്ന് കോഴിക്കോട്ടേയ്ക്ക് നടപ്പാക്കാനുദ്ദേശിക്കുന്ന യാത്രാനൗക കണ്ണൂർ വരെ നീട്ടുന്ന കാര്യംകൂടി പരിഗണിക്കണം.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നിർദ്ദേശമനുസരിച്ച് രണ്ട് ഷിപ്പുകളുടെ പരിശോധന നടത്തി, പ്രാരംഭ പ്രവർത്തനങ്ങൾക്ക് കേന്ദ്ര സർക്കാരിൽനിന്ന് അനുമതി ലഭിച്ചാൽ മാത്രമേ അത് തുടർന്ന് നടത്താൻ കഴിയുകയുള്ളൂ. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതുപോലെ റിട്ടേണായി പോകുന്ന കപ്പലുകളിൽ സാധനങ്ങൾ സമാഹരിക്കുന്നതിനുള്ള നടപടികളുമായി ചേംബർ ഓഫ് കൊമേഴ്സ് ഉൾപ്പെടെ വ്യാപാരി വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്നവരുമായി ചർച്ച നടത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ തന്നെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം അഴീക്കൽ തുറമുഖത്തുവച്ച് മുമ്പ് നടത്തിയതാണ്. തുടർന്നുള്ള നടപടികളും സമയബന്ധിതമായി നടപ്പിലാക്കാൻ തന്നെയാണ് തീരുമാനിച്ചിരിക്കുന്നത്.

## IV സബ്മിഷൻ

### (1) വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും മർദ്ദിച്ച സംഭവം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇന്നലെ തൃശ്ശൂർ, സർക്കാർ ലാ കോളേജിൽ എസ്.എഫ്.ഐ. പ്രവർത്തകർ ഉൾപ്പെടെയുള്ള ആളുകൾ ക്ലാസ്സിനുള്ളിൽ കടന്ന് കെ.എസ്.യു. പ്രവർത്തകരെയും അദ്ധ്യാപകരെയും മൃഗീയമായി മർദ്ദിച്ചു. ശ്രീ. പി. ടി. തോമസ് എം.എൽ.എ.-യുടെ മകൻ വിവേക് തോമസ് ഉൾപ്പെടെയുള്ള ഏഴോളം കെ.എസ്.യു. പ്രവർത്തകരെ ഗുരുതരമായി പരിക്കേൽപ്പിച്ച് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. കഴിഞ്ഞ കുറേ ദിവസങ്ങളായി തൃശ്ശൂർ ലാ കോളേജിൽ എസ്.എഫ്.ഐ. പ്രവർത്തകർ കെ.എസ്.യു. പ്രവർത്തകർക്കു നേരെ നിരന്തരമായ അക്രമം അഴിച്ചുവിട്ടുകൊണ്ടിരിക്കുകയാണ്. മൂന്നുദിവസം മുമ്പ് സമാധാന ചർച്ച നടത്തി പ്രശ്നങ്ങൾ പരിഹരിച്ചിട്ടും ഇന്നലെ മുപ്പതോളം എസ്.എഫ്.ഐ. പ്രവർത്തകർ ക്ലാസ്സിൽ കയറി പെൺകുട്ടികൾ ഉൾപ്പെടെയുള്ളവരെയും അദ്ധ്യാപകരെയും ഭീകരമായി മർദ്ദിക്കുകയുണ്ടായി. അതിലൊരാൾ പ്രഭാത്, പതിനാറോളം ക്രിമിനൽ കേസുകളിൽ പ്രതിയാണ്. അക്രമികൾ കാമ്പസ്സിലെത്തിയ വാഹനത്തിൽ ഒരു രക്തസാക്ഷിധ്രുവം പണിതുവച്ചിട്ടുണ്ടായിരുന്നു. അതിൽ കൊണ്ടുവന്ന ഇരുമ്പുവടി, ഇരുമ്പ് പൈപ്പ്, ആണി അടിച്ചുകയറ്റിയ പട്ടിക തുടങ്ങിയ മാരകായുധങ്ങളാണ് അക്രമത്തിനുപയോഗിച്ചത്. വളരെയേറെ ഗുരുതരമായ ഒരു സാഹചര്യം അവിടെ ഉണ്ടായിരിക്കുകയാണ്. ഈ ക്രൂരമായ മർദ്ദനം കണ്ടുനിന്ന പെൺകുട്ടികളുൾപ്പെടെയുള്ളവർ ബോധമറ്റുവീണു. തടയാൻ ചെന്ന അദ്ധ്യാപകരെ മർദ്ദിച്ചു. കെ.എസ്.യു. ജില്ലാ വൈസ് പ്രസിഡന്റ് ശ്രീ. ദിനേശ്, ഡെൽവിൻ വർഗ്ഗീസ്, ദീപക്, ഹരികൃഷ്ണൻ, വിവേക് തോമസ്, അനീഷ് കെ. വർഗ്ഗീസ് എന്നിവരെയാണ് ക്രൂരമായി മർദ്ദിച്ചത്. സംഭവമുണ്ടായി മൂന്നുമണിക്കൂറിനുശേഷമാണ് പോലീസ് സ്ഥലത്തെത്തിയത്. ശക്തമായ പോലീസ് നടപടി ഇക്കാര്യത്തിലുണ്ടാകണം. കുറ്റക്കാരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവന്നു ശിക്ഷിക്കാനുള്ള നടപടിയുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, തൃശ്ശൂർ ഗവൺമെന്റ് ലാ കോളേജിൽ ഇരുവിഭാഗം വിദ്യാർത്ഥികൾ തമ്മിൽ 15-2-2017-ന് സംഘട്ടനമുണ്ടായി. ഇരുവിഭാഗങ്ങൾക്കെതിരെയും പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. അവർ തമ്മിൽ 28-2-2017-ന് വീണ്ടും കൂട്ടംകൂടി ജാഥയായി വന്ന് ക്ലാസ് മുറികളിലും കോളേജ് അങ്കണത്തിലുമായി പരസ്പരം സംഘർഷത്തി ലേർപ്പെടുന്ന അവസ്ഥയുണ്ടാകുകയും വിദ്യാർത്ഥികൾക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. കോളേജിനുള്ളിൽ വിവിധ സ്ഥലങ്ങളിൽ നടന്ന സംഭവങ്ങളിൽ പരിക്കേറ്റ ഏഴ് വിദ്യാർത്ഥി സംഘടനാ പ്രവർത്തകർ തൃശ്ശൂർ കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സ തേടിയിട്ടുണ്ട്. ഇതിൽ പരിക്കേറ്റ വിദ്യാർത്ഥിയുടെ മൊഴിപ്രകാരം എതിർ സംഘടനയിൽപ്പെട്ട എട്ട് വിദ്യാർത്ഥികളെ പ്രതികളാക്കി തൃശ്ശൂർ വെസ്റ്റ് പോലീസ് സ്റ്റേഷനിൽ IPC 143, 147, 148, 149, 341, 323, 324, 307, 506(2) എന്നീ വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 310/2017 ആയി കേസ് രജിസ്റ്റർ ചെയ്ത് ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു.

## (2) ഫസൽ വധക്കേസ്

ശ്രീ. എ. എൻ. ഷംസീർ: സർ, കേരളത്തിൽ മനുഷ്യാവകാശത്തെക്കുറിച്ച് വലിയ ചർച്ച നടന്നുകൊണ്ടിരിക്കുന്ന ഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. എന്നാൽ കണ്ണൂരിൽ സി.പി.ഐ(എം)-ന്റെ രണ്ട് നേതാക്കന്മാർ കടുത്ത മനുഷ്യാവകാശ ലംഘനത്തിന്റെ ഭാഗമായി ഏതാണ്ട് രണ്ട് വർഷത്തോളം ജയിലിലും മൂന്ന് വർഷത്തോളമായി നാടുകടത്തപ്പെട്ടിരിക്കുകയുമാണ്. 2006 ഒക്ടോബർ മാസം 22-ന് തലശ്ശേരിയിൽ നടന്ന ഫസൽ വധക്കേസുമായി ബന്ധപ്പെട്ടാണ് രണ്ട് നിരപരാധികളായ സി.പി.ഐ.(എം) നേതാക്കൻമാരെ സി.ബി.ഐ. കള്ളക്കേസ്സിൽപ്പെടുത്തുകയും ജയിലിലടയ്ക്കുകയും ചെയ്തത്. അതിന്റെ ഭാഗമായി കഴിഞ്ഞ മൂന്നുവർഷത്തോളമായി ഇവർ നാടുകടത്തപ്പെട്ടിരിക്കുകയാണ്. കാരായി രാജനും ചന്ദ്രശേഖരനും ഉൾപ്പെടുന്ന സി.പി.ഐ.(എം)-ന് ഈ കൊലപാതകവുമായി യാതൊരു ബന്ധവുമില്ലെന്ന് ആദ്യഘട്ടം മുതൽ തന്നെ വളരെ വ്യക്തമായി പറഞ്ഞതാണ്. ഇവർ 17 മാസം ജയിലിൽ കഴിഞ്ഞു. 41 മാസം നാടുകടത്തപ്പെട്ടു. 2013-ൽ സംഘ്പരിവാറിൽ പൊട്ടിത്തെറി ഉണ്ടായതിനെത്തുടർന്ന് യഥാർത്ഥത്തിൽ ഫസൽ എന്ന എൻ.ഡി.എഫ്. പ്രവർത്തകനെ കൊലപ്പെടുത്തിയത് ആരാണെന്നതുൾപ്പെടെയുള്ള വാർത്തകൾ പുറത്തുവരികയും ചെയ്തു. പക്ഷേ തുടർന്ന് ഒരുതരത്തിലുള്ള നടപടിയുമുണ്ടായില്ല. എന്നാൽ 2016 ഒക്ടോബർ മാസം 10-ാം തീയതി കണ്ണൂർ ജില്ലയിലെ ധർമ്മടം മണ്ഡലത്തിൽ മോഹനൻ എന്ന സി.പി.ഐ.(എം) പ്രവർത്തകൻ കൊല്ലപ്പെടുകയും ആ കൊലപാതകം കേരള പോലീസ് അന്വേഷിക്കുകയും ചെയ്തപ്പോഴാണ് ഈ കൊലപാതകവുമായി ബന്ധപ്പെട്ട് സുബീഷ് എന്ന ഒരു ആർ.എസ്.എസ്. പ്രവർത്തകൻ

അറസ്റ്റു ചെയ്യപ്പെട്ടത്. ആ ആർ.എസ്.എസ്. പ്രവർത്തകനെ ചോദ്യം ചെയ്തപ്പോഴാണ് അയാൾ നടത്തിയ കൊലപാതകത്തിന്റെ ലിസ്റ്റ് പുറത്തുവന്നത്. ആർ.എസ്.എസ്. പ്രവർത്തകരായ പ്രബീഷ്, ഷിനോജ്, പ്രതീഷ് എന്നിവർ ഉൾപ്പെടുന്ന സംഘം കണ്ണൂർ ജില്ലയിൽ നിരവധി കൊലപാതകം നടത്തിയിട്ടുണ്ട്. ഫസൽ കൊലപാതകവും അതിന്റെ ഭാഗമായിട്ടാണ് അവിടെ നടത്തിയിട്ടുള്ളത്. ഫസലിന്റെ കൊലപാതകത്തിൽ കാരായി രാജനും ചന്ദ്രശേഖരനും ഉൾപ്പെടുന്ന സി.പി.ഐ.(എം)-ന്റെ നേതാക്കന്മാരെ സി.ബി.ഐ. കള്ളക്കേസ്സിൽപ്പെടുത്തി ജയിലിലടച്ചിരിക്കുന്ന പശ്ചാത്തലത്തിൽ മനുഷ്യാവകാശ ലംഘനം ഒരു ഭാഗത്തുനടക്കുമ്പോൾ, ഈ കേസ്സുമായി ബന്ധപ്പെട്ട് കേരള പോലീസിന് സുപ്രധാനമായ തെളിവുകൾ ലഭിച്ച സാഹചര്യത്തിൽ കാരായി രാജനും ചന്ദ്രശേഖരനും ഉൾപ്പെടുന്ന സി.പി.ഐ.(എം) പ്രവർത്തകരുടെ പേരിൽ ഫസൽ വധക്കേസ് തെറ്റായ രീതിയിൽ ഉൾപ്പെടുത്തപ്പെട്ട പശ്ചാത്തലത്തിൽ ഇവരെ മോചിപ്പിക്കാൻ എന്തെങ്കിലും നടപടി കേരള പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ? മോഹനൻ കൊലക്കേസ്സിൽ പിടിക്കപ്പെട്ട സുബീഷിലൂടെ വെളിപ്പെട്ട കുറെ കൊലപാതകങ്ങളുണ്ട്. ആ കേസുകളെക്കുറിച്ച് പുനരന്വേഷണം നടത്താൻ എന്തെങ്കിലും നടപടി സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ? അതോടൊപ്പം ഈ രണ്ട് സി.പി.ഐ.(എം) നേതാക്കന്മാരെ തിരിച്ച് നാട്ടിൽ കൊണ്ടുവരാനും ഈ കേസിൽനിന്ന് കുറ്റവിമുക്തമാക്കാനും എന്തെങ്കിലും നടപടി കേരള സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, എൻ.ഡി.എഫ്. പ്രവർത്തകനായ പിരാക്കോൽ പുളിയിലക്ക് മുഹമ്മദ് ഫസൽ കൊല്ലപ്പെട്ടത് സംബന്ധിച്ച് തലശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ442/06 ആയി കേസ് രജിസ്റ്റർ ചെയ്ത് ഡി.സി.ആർ.ബി. ഡിവൈ.എസ്.പി. പ്രാഥമികാന്വേഷണം നടത്തിയിട്ടുള്ളതും തുടർന്ന് കോഴിക്കോട് ക്രൈംബ്രാഞ്ച് അന്വേഷിച്ച് സി.ബി.ഐ.-ക്ക് കൈമാറിയിട്ടുള്ളതുമാണ്. മേൽ കേസ്സിൽ സുനിൽ കുമാർ, ബിജു എന്ന ബിജേഷ്, ജിതേഷ് എന്ന ജിത്തു എന്നിവരെ ക്രൈംബ്രാഞ്ച് അറസ്റ്റുചെയ്തു. പിന്നീട് തിരുവങ്ങാട് വിലയപുരയിൽ അരുൾദാസ്, മൂർക്കോത്തുകണ്ടി എം.കെ. കലേഷ്, കുട്ടിമാക്കൂൽ അരുൺ നിവാസിൽ അരുൺ കുമാർ എന്നിവരെയും ഈ കേസിൽ ഗൂഢാലോചന കുറ്റത്തിന് കാരായി രാജനെയും കാരായി ചന്ദ്രശേഖരനെയും സി.ബി.ഐ. പ്രതിചേർത്ത് അറസ്റ്റുചെയ്തു. സി.പി.ഐ.(എം) പ്രവർത്തകനായിരുന്ന വാളാങ്കിച്ചാൽ മോഹനൻ വധക്കേസിലെ പ്രതി സുബീഷ് എന്നയാളെ 18-11-2016-ന് കൂത്തുപറമ്പ് സി.ഐ. അറസ്റ്റ് ചെയ്ത് ചോദ്യം ചെയ്തതിൽനിന്നും മുഹമ്മദ് ഫസൽ വധക്കേസ്സിൽ ടിയാൻ ഉൾപ്പെട്ടിരുന്നുവെന്നും പ്രതീഷ്, പ്രബീഷ്, ഷിനോജ് എന്നീ പ്രതികൾക്കൂടി ഉൾപ്പെട്ടിരുന്നുവെന്നും കുറ്റസമ്മതമൊഴി നൽകിയിട്ടുള്ളതാണ്. പ്രസ്തുത മൊഴിയിൽ

2009-ൽ കണ്ണവം പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട സി.പി.ഐ.(എം) നേതാവായ ഗണപതിയാടൻ പവിത്രനെ കൊലപ്പെടുത്തിയ സംഭവത്തിലും ഈ പ്രതി ഉൾപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത കേസ് പുനരന്വേഷണം നടത്തി സുബീഷിന്റെ കുറ്റസമ്മത മൊഴിയുടെ വീഡിയോ ദൃശ്യങ്ങൾ പവിത്രൻ കൊലപാതക കേസ്സിൽ ബഹുമാനപ്പെട്ട കൂത്തുപറമ്പ് ജെ.എഫ്.സി.എം. കോടതിയിൽ അനന്തര നടപടികൾക്കായി ഹാജരാക്കിയിട്ടുണ്ട്. കൂടാതെ ദൃശ്യങ്ങൾ ഫസൽ വധക്കേസ് അന്വേഷിക്കുന്ന സി.ബി.ഐ.-ക്കും അനന്തര നടപടികൾക്കായി അയച്ചു കൊടുത്തിട്ടുണ്ട്.

## (3) വിദ്യാർത്ഥികളെ മർദ്ദിച്ച സംഭവം

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : സർ, ഇന്നലെയും മിനിഞ്ഞാന്നും പോലീസുമായി ബന്ധപ്പെട്ട് ഇവിടെ നടന്ന ചർച്ചയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് കാലംമാറി, ഇത് പഴയകാലമല്ല എന്നാണ്. അതിനോട് ഞാൻ യോജിക്കുന്നു. പക്ഷെ കാസർഗോഡ് പോലീസിന് കാലം ഇതുവരെയും മാറിയിട്ടില്ല എന്ന് സൂചിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്. കാസർഗോഡ് ജില്ലയിലെ പല പോലീസ് സ്റ്റേഷനുകളിലും പ്രത്യേകിച്ച് കാസർഗോഡ് ടൗൺ പോലീസ് സ്റ്റേഷനിൽ സർവ്വശ്രീ പിണറായി വിജയന്റെയോ കോടിയേരിയുടെയോ ഉമ്മൻ ചാണ്ടിയുടെയോ രമേശ് ചെന്നിത്തലയുടെയോ തിരുവഞ്ചൂർ രാധാകൃഷ്ണന്റെയോ പോലീസല്ല ഉള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മംഗലാപുരത്ത് പ്രസംഗിക്കുന്നതിന് തലേദിവസം അവിടെ ചെന്ന് ഒരാൾ പ്രസംഗിച്ചത്, ഞങ്ങൾ കൊല്ലും ഇതിനുമുമ്പും കൊന്നിട്ടുണ്ട്, ഇനിയും കൊല്ലും എന്നായിരുന്നു. അപ്പോൾ അവരുടെ ഇംഗിതത്തിനനുസരിച്ച് പ്രവർത്തിക്കുന്ന പോലീസാണ് കാസർഗോഡുള്ളത് എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. പ്രതികളെ പിടികൂടുന്നതിനോടോ ചോദ്യം ചെയ്യുന്നതിനോടോ ഒന്നും നമുക്കെതിർപ്പില്ല. പക്ഷേ ചില പ്രതികളെ പിടികൂടിയാൽ പോലീസ് ചോദിക്കുന്നത് നിങ്ങൾക്കെന്താണ് ഈ രാജ്യത്തുള്ളത്, നിങ്ങൾക്ക് പാക്കിസ്ഥാനിൽ പോയിക്കൂടേ എന്നാണ്. ഇങ്ങനെ കാസർഗോഡുള്ള പോലീസ് ചോദിക്കാൻ തുടങ്ങിയിട്ട് കാലം കുറെയായി. ഇനി അങ്ങനെ ചോദിക്കാൻ ഒരു പോലീസിന്റെയും നാവ് പൊങ്ങാൻ പാടില്ലെന്നാണ് എനിക്ക് പറയാനുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ ശക്തമായ നിലപാടെടുക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

ഇന്നലെ കാസർഗോഡ് ഗവൺമെന്റ് കോളേജിൽ എം.എസ്.എഫ്.-ന്റെയും എസ്.എഫ്.ഐ.-യുടെയും വിദ്യാർത്ഥികൾ തമ്മിൽ ചെറിയ ഉരസലുണ്ടായി. അത് സാധാരണ ഉണ്ടാകാറുള്ളതുപോലെ ഒരു സൗഹൃദ സംഘർഷം ആയിരുന്നു. അതിൽ ആർക്കും ഒരു പരാതിയുമുണ്ടായിരുന്നില്ല. എം.എസ്.എഫ്-ന്റെ ആളുകൾക്കോ, എസ്.എഫ്.ഐ.-യുടെ ആളുകൾക്കോ കോളേജിലെ പ്രിൻസിപ്പാളിനോ ബാക്കി യുള്ളവർക്കോ ഒരു പരാതിയുമുണ്ടായിട്ടില്ല. ഇന്നലെ നടന്ന സംഭവവുമായി

ബന്ധപ്പെട്ട് ഒരു പരാതിയും കാസർഗോഡ് പോലീസ് സ്റ്റേഷനിൽ ഇല്ല. പക്ഷേ പോലീസ് കോളേജിലെത്തി ആറുപേരെ കസ്റ്റഡിയിലെടുത്ത് ടൗൺ പോലീസ് സ്റ്റേഷനിലേയ്ക്ക് കൊണ്ടുപോയി. ഇതറിഞ്ഞ് എം.എസ്.എഫ്.-ന്റെ ജില്ലാ പ്രസിഡന്റ് ആബിദ് ആറങ്ങാടി, കാസർഗോഡ് മണ്ഡലം പ്രസിഡന്റ് അനസ് എതിർത്തോട്, മണ്ഡലം ജനറൽ സെക്രട്ടറി നവാസ് കുഞ്ചാർ അടക്കമുള്ളവർ സ്റ്റേഷനിലെത്തിയപ്പോൾ അവിടെ കണ്ട കാഴ്ച ഹൃദയഭേദകമായിരുന്നു. ഇവിടെ ജനമൈത്രി പോലീസിനെ കുറിച്ചൊക്കെ പറയാറുണ്ട്. ഇന്നലത്തെ സംഭവം കണ്ടാൽ ജനമൈത്രി പോലീസെന്ന് നമുക്കൊരിക്കലും പറയാൻ കഴിയില്ല. അവിടെകണ്ട കാഴ്ച എല്ലാവരേയും നാണിപ്പിക്കുകയും ദുഃഖിപ്പിക്കുകയും ചെയ്യുന്നതാണ്. മൂന്നാംമുറയാണ് കാസർഗോഡ് പോലീസ് സ്റ്റേഷനിൽ ഇന്നലെ നടന്നതെന്ന് പറയുന്നതിൽ എനിക്ക് വളരെയധികം ദുഃഖമുണ്ട്. റൈറ്ററുടെ മുറിയിൽനിന്ന് നിലവിളികേട്ട് നോക്കിയപ്പോൾ എം.എസ്.എഫ്.-ന്റെ നേതാക്കൾ കണ്ടത് അബൂബക്കർ സിദ്ദിഖ് എന്ന വിദ്യാർത്ഥിയെ വളരെ ക്രൂരമായി, പൈശാചികമായി മർദ്ദിക്കുന്നതാണ്. സിദ്ദിഖിനെ നിലത്തുകിടത്തി പോലീസുകാർ ബൂട്ടിട്ട കാലുകൊണ്ട് മുട്ടിനും മറ്റും ചവിട്ടുകയായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബ്രണ്ണൻ കോളേജിൽ പഠിക്കുമ്പോൾ അന്നത്തെ അവസ്ഥയെക്കുറിച്ചൊക്കെ ഈ സഭയിൽ പറയുന്നത് കേട്ടിട്ടുണ്ട്. എന്നാൽ ആ കാലമല്ലല്ലോ ഇത്. ഒരു തെറ്റും ചെയ്യാത്ത ഒരാളോട് എന്തിന് ഈ ക്രൂരത കാണിക്കുന്നുവെന്ന് ചോദിച്ചപ്പോൾ എം.എസ്.എഫ്.-ന്റെ ജില്ലാ നേതാക്കളെ അടിക്കുകയും അവരെ ലോക്കപ്പിലിടുകയും ചെയ്തു. ഇത് എന്ത് നീതിയാണ്? പോലീസ് സ്റ്റേഷനിലെത്തിയ മുസ്ലീംലീഗിന്റെയും യൂത്ത് ലീഗിന്റെയും നേതാക്കളോട് പറയാൻ പറ്റാത്ത ഭാഷയിലാണ് പോലീസ് സംസാരിച്ചത്. അവശനായ, എണീറ്റ് നടക്കാൻപോലും പറ്റാത്ത അബൂബക്കർ സിദ്ദിഖിനെ പോലീസ് സ്റ്റേഷനിൽനിന്ന് ആംബുലൻസിലാണ് ആശുപത്രിയിലേയ്ക്ക് കൊണ്ടുപോയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പോലീസ് ഇന്നലെ രാത്രി ചില മറുപടി തന്നിട്ടുണ്ടാകാം. ആ പോലീസ് സ്റ്റേഷന് അകത്തും പുറത്തുമുള്ള സി.സി.ടി.വി. ദൃശ്യങ്ങൾ അങ്ങ് പരിശോധിക്കണം. ഈ ക്രൂരമായ നടപടിക്ക് കൂട്ടുനിന്ന പോലീസ് ഉദ്യോഗസ്ഥരെയും പോലീസുകാരെയും ശിക്ഷിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത്. കാസർഗോഡ് ഇനി ഇത് ആവർത്തിക്കാൻ പാടില്ല. കാസർഗോഡ് പോലീസ് സ്റ്റേഷൻ എല്ലാവർക്കും കടന്നുചെല്ലാൻ കഴിയുന്ന പോലീസ് സ്റ്റേഷനായി മാറണം. ചില രാഷ്ട്രീയ പാർട്ടികൾക്ക് മാത്രം കടന്നുചെല്ലാൻ കഴിയുന്ന, അവരുടെ ജില്ലാ ഓഫീസായി കാസർഗോഡ് ടൗൺ പോലീസ് സ്റ്റേഷൻ മാറാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇനി അനുവദിക്കരുതെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. ഇന്നലത്തെ പൈശാചികവും ക്രൂരവുമായ വിദ്യാർത്ഥി മർദ്ദനത്തിന് ഉത്തരവാദികളായ പോലീസുകാർക്കെതിരെ നടപടിയെടുക്കാൻ അങ്ങ് മുന്നോട്ടുവരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാസർഗോഡ് ഗവൺമെന്റ് കോളേജിൽ 28-2-2017-ന് ഉച്ചയ്ക്കുശേഷം 2.30 മണിയോടെ വിദ്യാർത്ഥികൾ തമ്മിൽ സംഘർഷമുണ്ടാവുകയും തുടർന്ന് സംഘർഷമുണ്ടാക്കിയ വിദ്യാർത്ഥികളെ കാസർഗോഡ് പോലീസ് സ്റ്റേഷനിലേയ്ക്ക് കൊണ്ടുപോവുകയും ചെയ്തു. വൈകുന്നേരം 5.00 മണിയോടെ ഇവരെ മോചിപ്പിക്കണമെന്ന ഉദ്ദേശത്തോടെ എം.എസ്.എഫ്. ഭാരവാഹികൾ സ്റ്റേഷനിലെത്തി ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന പോലീസുകാരായ കിഷോർ, സതീഷ് കുമാർ, പ്രവീൺ എന്നിവരോട് തർക്കിക്കുകയും അവരെ പിടിച്ചുതള്ളിയശേഷം ഷർട്ടിന് കുത്തിപ്പിടിച്ച് തട്ടിക്കയറുകയും തുടർന്ന് പോലീസ് മർദ്ദിച്ചുവെന്ന ആരോപണമുന്നയിക്കുകയുമാണ് ചെയ്തത്. മേൽസംഭവത്തെ തുടർന്ന് കാസർഗോഡ് ഗവൺമെന്റ് ജനറൽ ആശുപത്രിയിൽ ചികിത്സ തേടിയ സിവിൽ പോലീസ് ഓഫീസർമാരായ കിഷോർ, പ്രവീൺ, തോമസ് എന്നിവരിൽ പോലീസ് ഓഫീസർ കിഷോറിന്റെ പരാതിപ്രകാരം എം.എസ്.എഫ്. ഭാരവാഹികളായ ആബിദ്, അനസ് എന്നിവരെ പ്രതികളാക്കി ഐ.പി.സി. 332, 34 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 143/17 ആയും സിവിൽ പോലീസ് ഓഫീസർ തോമസിന്റെ പരാതിയിൽ എം.എസ്.എഫ്. പ്രവർത്തകരായ അബൂബക്കർ സിദ്ദിഖ്, മുനവർ സാഹിദ്, മുഹമ്മദ് അഷ്ഹാക്, അൻസാർ സൽമാൻ എന്നിവരെ പ്രതികളാക്കി ഐ.പി.സി. 353, 332, 34 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 144/17 ആയും കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷിച്ചു വരുന്നുണ്ട്. ഇവരിൽ ചിലർ വിവിധ കേസുകളിലും പ്രതികളാണ്. ഗവൺമെന്റ് കോളേജിൽ നിന്നും കൊണ്ടുവന്ന ഇരുവിഭാഗക്കാരെയും സ്റ്റേഷനിൽനിന്നും വിട്ടയച്ചു. അവരിൽ ചിലർ കാസർഗോഡ് ഗവൺമെന്റ് ആശുപത്രിയിൽ ചികിത്സ തേടിയിട്ടുള്ളതാണ്. ആർക്കുംതന്നെ കാര്യമായ പരിക്കുകളില്ലെന്നാണ് ആശുപത്രി അധികൃതരിൽനിന്നും ലഭ്യമായിട്ടുള്ള വിവരം. ഇതുസംബന്ധിച്ച് ആരിൽനിന്നും പരാതികളൊന്നും ലഭിച്ചിട്ടില്ല.

ബഹുമാന്യനായ അംഗം ഇവിടെ പ്രസ്താവിച്ചത് ലോക്കപ്പിൽ വച്ച് ക്രൂരമായ മർദ്ദനം നടന്നുവെന്നാണ്. അതുസംബന്ധിച്ച് അന്വേഷിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടിട്ടുണ്ട്. അവിടത്തെ സി.സി.ടി.വി. ദൃശ്യങ്ങൾ പരിശോധിച്ചാൽ കാര്യങ്ങൾ വ്യക്തമാകുമെന്നും പറഞ്ഞിട്ടുണ്ട്. അക്കാര്യങ്ങൾ ഗൗരവമായി തന്നെ സർക്കാർ കാണുകയാണ്. അത്തരമൊരു പരാതി ഉയർന്നുവന്ന സാഹചര്യത്തിൽ അവിടത്തെ കളക്ടർ അതുസംബന്ധിച്ച് അന്വേഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## (4) ദേവകിയുടെ കൊലപാതകം

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, ജനുവരി മാസം 13-ാം തീയതി ഉദുമ മണ്ഡലത്തിലുണ്ടായ ദാരുണമായ ഒരു കൊലപാതകവുമായി ബന്ധപ്പെട്ട കാര്യങ്ങളെ കുറിച്ചാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഒരു വീട്ടിൽ ഒറ്റയ്ക്ക് താമസിച്ചിരുന്ന

ദേവകി എന്ന വീട്ടമ്മ 13-ാം തീയതി വൈകുന്നേരം വീട്ടിൽ മരിച്ചു കിടക്കുന്നതായിട്ടാണ് കണ്ടത്. എല്ലാ ദിവസവും ഉച്ചയ്ക്കും വൈകുന്നേരവും സ്വന്തമായി ഭക്ഷണം തയ്യാറാക്കി കഴിക്കുകയും രാവിലെ മകനോ മകന്റെ ഭാര്യയോ ഇവർക്ക് ചായയും പലഹാരവും കൊണ്ടുകൊടുക്കുന്ന രീതിയുമാണ് കുറേക്കാലമായി തുടർന്നു വന്നിരുന്നത്. ഇവരുടെ വീടിന്റെയടുത്തു തന്നെയാണ് ആൺമക്കളായ മൂന്നുപേരും താമസിച്ചിരുന്നത്, മകളാണെങ്കിൽ ദൂരെയുമാണ്. ഈ സംഭവം നടന്നിട്ട് ഒന്നരമാസമായിട്ടും ക്രൂരമായി കൊല ചെയ്ത പ്രതികളെ പിടിക്കാൻ സാധിച്ചില്ല എന്നത് കുടുംബാംഗങ്ങളിലും നാട്ടുകാരിലും വലിയ പ്രതിഷേധമുണ്ടാക്കിയിട്ടുണ്ട്. പോലീസ് ഇക്കാര്യം വളരെ ഗൗരവമായി പരിശോധിച്ചെങ്കിലും കളവിനുവേണ്ടി നടത്തിയതോ അതുപോലെ തന്നെ പ്രൊഫഷണൽ കൊലപാതകമോ അല്ലെന്നാണ് അവർ പറയുന്നത്. വീട്ടമ്മയെ മറ്റുതരത്തിൽ ശാരീരികമായി ആരും ദ്രോഹിച്ചിട്ടില്ല എന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ടിലും പറയുന്നുണ്ട്. എന്തിനുവേണ്ടി കൊലചെയ്തു; ആര് കൊലചെയ്തു എന്നതിനെക്കുറിച്ച് വലിയ ദുരൂഹത നിലനിൽക്കുകയാണ്. എല്ലാ ദിവസവും രാവിലെ ചായ കൊണ്ടുകൊടുക്കുന്ന മകനോ മകന്റെ ഭാര്യയോ അന്ന് രാവിലെ ആ വീട്ടിൽ പോകുകയോ അമ്മയെ അന്വേഷിക്കുകയോ ചെയ്തില്ല, ചായയും കൊടുത്തില്ല. വൈകുന്നേരം 5.00 മണിക്കുശേഷമാണ് മകൻ അമ്മയെ അന്വേഷിച്ചുപോകുന്നത്. അപ്പോഴാണ് അമ്മ മരിച്ചുകിടക്കുന്ന വിവരം അറിയുന്നത്. ഇത്തരമൊരു സംഭവം നടന്നുകഴിഞ്ഞ് ഒന്നര മാസമായിട്ടും പ്രതികളെ പിടികൂടാൻ കഴിഞ്ഞില്ല എന്നത് വലിയൊരു ആക്ഷേപമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് പ്രതികളെ അടിയന്തരമായി കണ്ടുപിടിക്കാൻ വേണ്ട നടപടി സ്വീകരിക്കണം. ഈ സംഭവത്തിലെ ദുരൂഹത മാറ്റാനും ജനങ്ങളുടെ ആശങ്ക അകറ്റാനുംവേണ്ട നടപടി സ്വീകരിക്കണമെന്നുമാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, കാസർഗോഡ് പനയാൽ കാട്ടിയെടുക്കം എന്ന സ്ഥലത്ത് സ്വന്തം വീട്ടിൽ ഒറ്റയ്ക്ക് താമസിക്കുന്ന 67 വയസ്സുള്ള ദേവകി മരണപ്പെട്ടു കിടക്കുന്നതുകണ്ട് മകൻ ശ്രീധരന്റെ മൊഴിപ്രകാരം ബേക്കൽ പോലീസ് സ്റ്റേഷനിൽ ക്രൈം 16/17 ആയി കേസ് രജിസ്റ്റർ ചെയ്തു. മൃതദേഹം ഫിംഗർപ്രിന്റ് എക്സ്പെർട്ട്, ഡോഗ് സ്ക്വാഡ് എന്നീ വിഭാഗങ്ങളുടെ പരിശോധനയ്ക്കു ശേഷം പോസ്റ്റ്മോർട്ടം നടത്തിയിട്ടുള്ളതാണ്. തുണിമുറുക്കി ശ്വാസം മുട്ടിച്ചാണ് കൊലപ്പെടുത്തിയതെന്നും മരണസമയം 12-1-2017-ന് രാത്രി 12.00 മണിക്കും 13-1-2017-ന് പുലർച്ചെ 1.30-ന് ഇടയ്ക്കുമാണെന്ന് ഡോക്ടറുടെ മൊഴിപ്രകാരം വെളിവായിട്ടുണ്ട്. സംഭവസ്ഥലത്തുനിന്നും ശേഖരിച്ച വസ്തുക്കൾ ശാസ്ത്രീയ തെളിവിനായി ഫോറൻസിക് പരിശോധനയ്ക്ക് അയച്ചിട്ടുള്ളതാണ്. കേസ് കാഞ്ഞങ്ങാട് ഡിവൈ. എസ്.പി.-യുടെ നേതൃത്വത്തിൽ ബേക്കൽ സി.ഐ. ഉൾപ്പെടെ പത്തുപേർ അടങ്ങിയ

സംഘം വിവിധ ഗ്രൂപ്പുകളായി അന്വേഷണം നടത്തിവരുന്നു. സംശയിക്കുന്ന പതിനഞ്ചോളം പേരുടെ മൊബൈൽ ഫോൺകോൾ സൈബർ സെല്ലിന്റെ സഹായത്തോടുകൂടി പരിശോധിച്ചും മറ്റും ഊർജ്ജിത അന്വേഷണം നടത്തിവരുന്നു. ഫോറൻസിക് പരിശോധനാഫലം അടിയന്തരമായി ലഭ്യമാക്കി ശാസ്ത്രീയമായ തെളിവുകളുടെ അടിസ്ഥാനത്തിൽ കേസന്വേഷണം എത്രയുംവേഗം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

## (5) മരമടി, കാളയോട്ട മത്സരങ്ങൾ

ശ്രീ. അനൂപ് ജേക്കബ്: സർ, കോടതി ഇടപെടലുകൾ കാരണം കേരളത്തിൽ കാളയോട്ടം, മരമടി മത്സരങ്ങൾ ഇപ്പോൾ നിരോധിച്ചിരിക്കുകയാണ്. ഇന്ത്യയിലൊട്ടാകെ ഇത്തരത്തിലുള്ള പ്രശ്നങ്ങൾ നിലവിലുണ്ട്. കേരള സംസ്കാരത്തിന്റെ ഭാഗമായി നിൽക്കുന്ന ഒന്നാണ് കാളയോട്ടം, മരമടി മത്സരങ്ങൾ. ഇത് സംബന്ധിച്ച് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നിവേദനം നൽകിയിരുന്നു. കാളയുടെ സൗന്ദര്യം, കരുത്ത്; കർഷകന്റെ കരുത്ത് ഇതെല്ലാം വിളിച്ചറിയിക്കുന്നതാണ് ഈ കാളയോട്ട മത്സരങ്ങൾ. ജെല്ലിക്കെട്ടുമായി ബന്ധപ്പെട്ട് തമിഴ്നാട്ടിലുണ്ടായ കോലാഹലങ്ങളൊക്കെ നമുക്കറിയാം. മരമടി മത്സരങ്ങൾ കർഷകരുടെ മൃഗസ്നേഹമറിയിക്കുന്ന, കർഷകന്റെ കരുത്തറിയിക്കുന്ന ഒന്നാണ്. ഇത് ഇന്നിവിടെ നിരോധിച്ചിരിക്കുന്ന പശ്ചാത്തലത്തിൽ അതുണ്ടാക്കുന്ന സാമൂഹികമായ ബുദ്ധിമുട്ടുകൾ വളരെ വലുതാണ്. പിറവം നിയോജക മണ്ഡലത്തിൽ ദക്ഷിണേന്ത്യയിലെ തന്നെ ഏറ്റവും വലിയ കാളയോട്ടം നടക്കുന്ന കാക്കൂർ കാളവയൽ, അതിന് 127 വർഷത്തെ പഴക്കമുണ്ട്. ഇടപ്പാറ ആമ്പശ്ശേരി ദേവീക്ഷേത്രത്തിലെ ഉത്സവത്തിന്റെ ഭാഗമായാണ് കാളവയൽ അവിടെ നടത്തപ്പെടുന്നത്. അതിനോടനുബന്ധിച്ചാണ് കാളയോട്ടവും മരമടി മത്സരവും നടക്കുന്നത്. ബോധപൂർവ്വമായി അത് തടസ്സപ്പെടുത്തുവാനുള്ള പരിശ്രമങ്ങൾ ഇതിനുമുമ്പുമുണ്ടായിട്ടുണ്ട്. 2009-10 കാലയളവിൽ അത് നിരോധിച്ചിരുന്നുവെങ്കിലും ആർ.ഡി.ഒ.യുടെ മേൽനോട്ടത്തിൽ മൃഗങ്ങളെ ഉപദ്രവിക്കുന്നില്ല എന്ന് ഉറപ്പുവരുത്തി 2011 മുതൽ വീണ്ടും അനുമതി ലഭ്യമായി. അതിനുശേഷം തുടർച്ചയായി ഞങ്ങൾ നടത്തിക്കൊണ്ടുവന്നു. എന്നാൽ 2014-15 കാലയളവിൽ വീണ്ടും കോടതിവിധി വന്നു എന്നുള്ളതാണ് ഇപ്പോഴത്തെ പ്രശ്നത്തിനു കാരണം. ഇതിൽ മൃഗപീഡനം ഉണ്ടാകുന്നില്ലെന്നുള്ളതാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് പറയാനുള്ളത്. അങ്ങേയ്ക്ക് എഴുതിത്തന്ന മറുപടി എന്താണെന്ന് എനിക്കറിയില്ല. ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ പലപ്പോഴും നെഗറ്റീവായ മറുപടികളാണ് നൽകുന്നത്. കാളകളെയും മൃഗങ്ങളെയും ഉപദ്രവിക്കുന്നില്ല എന്ന് ഉറപ്പുവരുത്തി ആർ.ഡി.ഒ.-യുടെയും ഉദ്യോഗസ്ഥരുടെയും മേൽനോട്ടത്തിൽ ഈ മത്സരങ്ങൾ നടത്തപ്പെടട്ടെ. ഇതിൽ ഗവൺമെന്റ് ഇടപെട ണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ജെല്ലിക്കെട്ടുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിൽ നടക്കുന്ന മരമടി, കാളയോട്ട മത്സരങ്ങളിൽ മൃഗപീഡനങ്ങളില്ല. എന്റെ മണ്ഡലത്തിലെ കാക്കൂരിൽ നടക്കുന്ന മൽസരങ്ങളെപ്പറ്റി എനിക്ക് കൃത്യമായി പറയാൻ കഴിയും അവിടെ യാതൊരു രീതിയിലുള്ള മൃഗപീഡനങ്ങളും ഉണ്ടാകുന്നില്ല.

അവിടെ മനുഷ്യരുടെ ജീവന് അപകടങ്ങളുണ്ടാകുന്നില്ല. അത്തരത്തിലുള്ള സാഹചര്യങ്ങളിൽ കാളയോട്ടം, മരമടി മത്സരങ്ങൾ നടത്തുവാനുള്ള അനുമതി ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. തമിഴ്നാട് ജെല്ലിക്കെട്ടിന് ഓർഡിനൻസ് വഴി അനുമതി നൽകിയത് അവിടെയുണ്ടായ പ്രക്ഷോഭങ്ങളുടെ പശ്ചാത്തലത്തിലാണ്. അത്തരത്തിലൊരു സാഹചര്യം ഇപ്പോൾ കേരളത്തിലില്ല. ബഹുമാനപ്പെട്ട ഗവൺമെന്റ് ഇക്കാര്യത്തിലുള്ള ജനവികാരം ഉൾക്കൊണ്ടുകൊണ്ട് ഈ മേഖലയിൽ നിയമനിർമ്മാണം നടത്താൻ കഴിയുമോയെന്ന് പരിശോധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കാക്കൂർ കാളവയലിന് അനുമതി ലഭ്യമാക്കാനുള്ള നടപടിയും ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പരമ്പരാഗത കാർഷിക സംസ്കാരത്തിന്റെ ഭാഗമായി പ്രാചീനകാലം മുതൽ അനുഷ്ഠിച്ചുവരുന്ന ആചാരമെന്ന നിലയിൽ കേരളത്തിൽ പ്രത്യേകിച്ച് എറണാകുളം ജില്ലയിലെ കൂത്താട്ടുകുളം, കാക്കൂർ പ്രദേശത്ത് ദീർഘകാലമായി നടന്നുവരുന്നതാണ് കാളവയൽ മത്സരങ്ങൾ. കേരളത്തിന്റെ മറ്റു പ്രദേശങ്ങളിലും ഇതിന്റെ ഭാഗമായി മറ്റ് ചില മത്സരങ്ങളും നടക്കാറുണ്ട്. എന്നാൽ മൃഗങ്ങൾക്കെതിരെയുള്ള ക്രൂരത തടയൽ നിയമപ്രകാരം കാളകളെ പ്രദർശിപ്പിക്കുന്നതോ അതിനായി പരിശീലിപ്പിക്കുന്നതോ നിയമലംഘനമാകും. ഇക്കാരണത്താൽ ഈ മത്സരത്തിൽ മൃഗപീഡനം നടക്കുന്നുവെന്നാരോപിച്ച് ചില മൃഗസ്നേഹികളും സംഘടനകളും ബഹുമാനപ്പെട്ട ഹൈക്കോടതിയിലും സുപ്രീം കോടതിയിലും വ്യത്യസ്ത ഹർജികൾ ഫയൽ ചെയ്തു. യഥാർത്ഥത്തിൽ ഈ മത്സരത്തിൽ പങ്കെടുക്കുന്ന കാളകൾക്ക് ഏൽക്കേണ്ടി വരുന്ന പീഡനം അധിക ഭക്ഷണം കഴിക്കേണ്ടി വരുന്നുവെന്നുള്ളതാണ്. ഈ കാളകൾ തടിച്ചുകൊഴുത്ത് നല്ല ആരോഗ്യത്തോടെ നിൽക്കാൻ വേണ്ടി ഉടമകൾ അവർക്ക് പ്രത്യേക ഭക്ഷണം കൊടുത്ത് കൊഴുപ്പിക്കാറുണ്ട്. ഹർജിയുടെ അടിസ്ഥാനത്തിൽ കോടതിയുടെ ഇടക്കാല ഉത്തരവ് പ്രകാരം 14-11-2014 മുതൽ കാളവയൽ മത്സരം നിരോധിച്ചിട്ടുണ്ട്. ഇന്ത്യയിലൊട്ടാകെ തന്നെ മൃഗങ്ങളെ ഉപയോഗിച്ചുള്ള മത്സരവിനോദ പരിപാടികൾ നിരോധിച്ചിരിക്കുകയാണ്. പല കോടതിവിധികളുടെയും അടിസ്ഥാനത്തിൽ നിരോധിക്കപ്പെട്ട ഇത്തരം വിനോദങ്ങൾക്ക് അനുമതി നൽകാൻ ഇപ്പോൾ സാധിക്കുന്നില്ല. ഇക്കാര്യം വളരെ ഗൗരവതരവും വലിയ സാമൂഹിക പ്രശ്നങ്ങൾ ഉൾക്കൊള്ളുന്നതുമായ ഒന്നാണ്. ജെല്ലിക്കെട്ട് വിഷയത്തിൽ തമിഴ്നാട് സർക്കാർ സ്വീകരിച്ചതുപോലുള്ള നടപടികൾ സ്വീകരിക്കാവുന്ന ഒരവസ്ഥാവിശേഷം കേരളത്തിന്റെ സാമൂഹിക അന്തരീക്ഷത്തിൽ ഉണ്ടോയെന്നത് ആലോചിക്കേണ്ട കാര്യമാണ്. എന്നാൽ, കാർഷിക സംസ്കാരത്തിന്റെ ഭാഗമായുള്ള കാളവണ്ടിയോട്ടം, മരമടി മത്സരം ഇവയൊക്കെ ആവശ്യമായ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് കർശനമായ ഉപാധികളോടെ നടത്താൻ കഴിയുമോയെന്ന ആവശ്യവും പരിശോധിക്കാവുന്നതാണ്.

## (6) നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള അനുമതി

ശ്രീ. ഷാഫി പറമ്പിൽ : സർ, പാലക്കാട് നഗരത്തിലെ കരട് മാസ്റ്റർ പ്ലാനുമായി ബന്ധപ്പെട്ട വിഷയമാണ് സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നത്. മാസ്റ്റർ പ്ലാനിന്റെ കരട് പുറത്തിറക്കുമ്പോൾ ജനപ്രതിനിധികളുമായി പ്രാഥമിക ചർച്ച നടത്താനോ, അത് ഞങ്ങളുടെ മുമ്പിൽ അവതരിപ്പിക്കാനോ ബന്ധപ്പെട്ട അധികാരികൾ തയ്യാറായിട്ടില്ല. പബ്ലിക് പ്രസന്റേഷന്റെ സമയത്ത് പുറത്തിറക്കിയെന്ന് പത്രങ്ങളിലൂടെയാണ് ഞങ്ങൾ ഉൾപ്പെടെയുള്ള ആളുകൾ അറിയുന്നത്. കൽപ്പാത്തി പുഴയുടെ ഒരുവശം ബഫർ സോണായി കരട് മാസ്റ്റർ പ്ലാനിൽ പ്രഖ്യാപിച്ചിരിക്കുകയാണ്. ഈ മാസ്റ്റർ പ്ലാനിന്റെ ഭാഗമായി പുഴയുടെ അതിർത്തിയിൽ നിന്ന് 50 മീറ്റർ വരെ ഒരുതരത്തിലുമുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കോ നവീകരണ പ്രവർത്തനങ്ങൾക്കോ അനുമതി കൊടുക്കുകയില്ലെന്ന് അറിയുമ്പോൾ സ്വാഭാവികമായും അവിടെ തിങ്ങിപ്പാർക്കുന്ന ജനങ്ങൾക്ക് ഉണ്ടാകുന്ന ആശങ്ക എത്ര വലുതായിരിക്കുമെന്ന് മനസ്സിലാക്കണം. പുഴയ്ക്ക് അകത്ത് കയ്യേറ്റമുണ്ട്. പുഴ കയ്യേറി പലരും കൃഷി നടത്തുന്നതായി ശ്രദ്ധയിൽപ്പെടുത്തിയിട്ടും അതിന് നടപടികൾ എടുക്കുന്നതിനുപകരം പുഴയുടെ വശങ്ങളിൽ താമസിക്കുന്ന പാവപ്പെട്ടവന്റെ അടുക്കളയിൽ കയറി, സംരക്ഷണത്തിന്റെ പേരിൽ കുറ്റി അടിക്കുന്ന തരത്തിലുള്ള നിലപാടെടുക്കാൻ ചില ആളുകൾക്ക് പ്രചോദനമാകുന്ന തരത്തിലുള്ള നിർദ്ദേശങ്ങൾ ഈ മാസ്റ്റർ പ്ലാനിൽ നിന്ന് നിർബന്ധമായും നീക്കം ചെയ്യേണ്ടതാണ്. അക്കാര്യം സംബന്ധിച്ച് യഥാസമയം ആ പ്രദേശത്തെ ജനങ്ങൾ പരാതി നൽകിയിട്ടുണ്ട്. എന്നാൽ എം.പി./എം.എൽ.എ. എന്നിവരുമായി ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യാനുള്ള ഒരു അവസരവും ബന്ധപ്പെട്ട വകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. ഒരു കമ്മിറ്റി വരാൻ പോകുന്നുവെന്നാണ് അതുസംബന്ധിച്ച് മുനിസിപ്പാലിറ്റി പറയുന്നത്. പാവപ്പെട്ട ജനങ്ങൾ മൂന്ന്-നാല് സെന്റ് ഭൂമിയിൽ എത്രയോ കാലങ്ങളായി താമസിച്ചുകൊണ്ടിരിക്കുകയാണ്. അവരുടെ വീടിന്റെ അടുക്കളയ്ക്ക് പുറത്ത് ഒരു മുറി എടുക്കണമെങ്കിലോ, ചെറിയ ബാത്ത് റൂം കെട്ടണമെങ്കിലോ, ചെറിയ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തണമെങ്കിലോ കഴിയാത്ത അവസ്ഥ സംജാതമായിരിക്കുകയാണ്. പാരമ്പര്യമായി കിട്ടിയ സ്വത്തിന്റെ ഭാഗമായി ജീവിച്ചുപോകുന്ന സാധാരണക്കാരനെ ഇത്തരം പ്രയാസങ്ങളിലേയ്ക്ക് തള്ളിവിടുന്ന തരത്തിലുള്ള നിർദ്ദേശങ്ങൾ ഇതിൽ നിന്ന് നീക്കം ചെയ്യാൻ അങ്ങയുടെ ഭാഗത്തുനിന്ന് കർശനമായ ഇടപെടലുകൾ ഉണ്ടാകണം. ഗവൺമെന്റ് അതിൽ ഇൻവോൾവ് ചെയ്യണം. ഇക്കാര്യത്തിൽ നല്ല രീതിയിലുള്ള ചർച്ചകൾ വേണം. ജനപ്രതിനിധികൾക്ക് ഇക്കാര്യങ്ങളെല്ലാം അവതരിപ്പിക്കാനുള്ള വേദിയുണ്ടായിരിക്കുകയും വേണം.

അതുപോലെ കോയമ്പത്തൂർ-കാലിക്കട്ട് ബൈപ്പാസ് റോഡിനുവേണ്ടി 22 ഏക്കർ ഭൂമിയോളം വിട്ടുകൊടുത്ത കർഷകരുണ്ട്. ഭൂമി വിട്ടുകൊടുക്കുമ്പോൾ അവർക്ക് കൊടുത്തിരുന്ന പല ഉറപ്പുകളും ബാക്കി ഭൂമിയുടെ ഉപയോഗത്തെ സംബന്ധിച്ച നിർദ്ദേശങ്ങളുമൊക്കെ ലംഘിക്കപ്പെട്ടിരിക്കുകയാണ്. ഇത്തരം കാര്യങ്ങൾ ഏകപക്ഷീയമായി പോകാതെ അക്കാര്യത്തിൽ കൃത്യമായ ചർച്ചയും ജനങ്ങളുടെ പരാതി പരിഹരിക്കാനുള്ള സംവിധാനങ്ങളും ഉണ്ടാകണം. ഞങ്ങളൊന്നും അറിയാതെ ഇതൊന്നും അംഗീകരിച്ച് മുന്നോട്ട് പോകരുത്. അവിടത്തെ പുഴക്കരയിൽ താമസിക്കുന്ന സാധാരണ ജനങ്ങളെ ഒരുവിധത്തിലും ഇത് ബാധിക്കാൻ പാടില്ലെന്ന നിർദ്ദേശം ബഹുമാനപ്പെട്ട മന്ത്രി വകുപ്പിന് നൽകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്ട് 2016-ലെ സെക്ഷൻ 36 (4) പ്രകാരം പാലക്കാട് മുനിസിപ്പൽ പ്രദേശത്തിന് തയ്യാറാക്കിയ കരട് മാസ്റ്റർ പ്ലാനിന് 24-9-2016-ലെ സർക്കാർ ഉത്തരവ് നമ്പർ 134/16 പ്രകാരം പ്രസിദ്ധീകരണ അനുമതി നൽകിയിരുന്നു. അതനുസരിച്ച് പാലക്കാട് നഗരസഭ 20-12-2016-ൽ കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിക്കുകയും ആക്ഷേപങ്ങൾ ബോധിപ്പിക്കാൻ 60 ദിവസം നൽകുകയും ചെയ്തിരുന്നു. പ്രസ്തുത കാലാവധി 17-2-2017-ന് അവസാനിച്ചു. ലഭിച്ച 965 പരാതികളിൽ കൽപ്പാത്തി പുഴയുമായി ബന്ധപ്പെട്ട ബഫർ സോണിനെ സംബന്ധിക്കുന്ന ആക്ഷേപങ്ങളുമുണ്ട്. ഇവ പരിശോധിക്കാനും കേൾക്കേണ്ടവരെ കേൾക്കാനും പാലക്കാട് മുനിസിപ്പാലിറ്റി ഒരു സ്പെഷ്യൽ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പരിശോധനയ്ക്കും കേൾക്കലിനും ശേഷം ആവശ്യമായ ഭേദഗതികൾ വരുത്തി അന്തിമ റിപ്പോർട്ട് പാലക്കാട് നഗരസഭ ചീഫ് ടൗൺ പ്ലാനർ മുഖേന സർക്കാരിന് സമർപ്പിക്കും. അതിന്മേൽ പരിശോധന നടത്തി കാലതാമസം കൂടാതെ അംഗീകാരം നൽകുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കും. ബഹുമാനപ്പെട്ട അംഗം, എം.പി. ഉൾപ്പെടെയുള്ള ആളുകളുടെ ഇതുസംബന്ധിച്ച അഭിപ്രായങ്ങൾ ബന്ധപ്പെട്ട കമ്മിറ്റിക്കും അതിന്റെ ഒരു കോപ്പി ചീഫ് ടൗൺ പ്ലാനർക്കും അയച്ചുകൊടുത്താൽ ആ കാര്യവും കൂടി പരിഗണിച്ചായിരിക്കും സർക്കാർ ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുക്കുന്നത്. ആരെയെങ്കിലും പ്രത്യേകമായി ദ്രോഹിക്കുന്ന നിലപാട് സർക്കാരിന്റെ ഭാഗത്തുനിന്ന് ഒരു കാരണവശാലും ഉണ്ടാകില്ല.

## (7) വാദ്യകലാകാരന്മാരുടെ ആവശ്യങ്ങൾ

ശ്രീ. കെ. രാജൻ : സർ, പൂരത്തിന്റെയും വെടിക്കെട്ടിന്റെയും പേരിൽ വലിയ തർക്കങ്ങൾ നടക്കുന്ന കേരളത്തിൽ മേളം കലാകാരന്മാരുടെ പ്രയാസങ്ങൾ ഗവൺമെന്റിന്റെയും ജനങ്ങളുടെയും ശ്രദ്ധയിൽ വേണ്ടത്ര ഇല്ലായെന്നുള്ളത് ഖേദകരമാണ്. കേരളീയ സംസ്കാരത്തിന്റെ പ്രതീകങ്ങളായ മേളം, പഞ്ചവാദ്യം, തായമ്പക തുടങ്ങിയ അനുഷ്ഠാനകലകളെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന ഏതാണ്ട് 50,000-ൽ അധികം കലാകാരന്മാർ വാദ്യ രംഗത്ത് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

വർഷകാലത്ത് കഠിനമായ സാധകത്തിലൂടെ ആർജ്ജിച്ചെടുക്കുന്ന കലാവൈഭവത്തെ വേനലിൽ അരങ്ങുകളിൽ പ്രകടിപ്പിച്ചുകിട്ടുന്ന ചെറിയ വരുമാനം കൊണ്ടുമാത്രം ഒരു കൊല്ലം പൂർണ്ണമായി കഴിഞ്ഞുകൂടേണ്ടവരാണ് ഈ കലാകാരന്മാർ. അതുകൊണ്ടു തന്നെ ഈ മേഖലയിലുള്ള ഏറെപേർക്കും മറ്റ് വരുമാന മാർഗ്ഗങ്ങളെ ആശ്രയിക്കാനുള്ള സമയവും സാധ്യതയും ഇല്ലാതെവരികയാണ്. യഥാർത്ഥത്തിൽ വാദ്യകലകളെ ആശ്രയിച്ച് നിത്യവൃത്തി നടത്തുന്ന കലാകാരന്മാർക്ക് സുരക്ഷിതമായ ജീവിത സാഹചര്യം ഒരുക്കുന്നതിനും വാദ്യകലകളെ പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഗവൺമെന്റിന്റെ ശ്രദ്ധയുണ്ടാകണം. മറ്റ് ഇതര സാമൂഹിക പെൻഷനുകളുടെ വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയായിരിക്കെ മേളത്തിന് പോകുന്ന കലാകാരന്മാരുടെ പെൻഷൻ പദ്ധതിക്കുള്ള വരുമാനപരിധി കേവലം 9000 രൂപയായി നിശ്ചയിക്കുക എന്നത് നീതിരഹിതമായ സംവിധാനമായതിനാൽ കർശനമായും തുക വർദ്ധിപ്പിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതോടൊപ്പം ഈ ഗവൺമെന്റിന്റെ സാംസ്കാരിക മേഖലയിലുള്ള ശ്രദ്ധേയമായ ഇടപെടലുകളെ പ്രത്യേകം അംഗീകരിക്കുകയും ചെയ്യുന്നു. സംഗീത നാടക അക്കാദമി വഴിയുള്ള ഇൻഷ്വറൻസ് പദ്ധതിയിൽ മുഴുവൻ വാദ്യകലാകാരന്മാരെയും അംഗങ്ങളാക്കാനും മുൻ സർക്കാർ നിർത്തലാക്കിയ അവശ കലാകാരന്മാർക്കുള്ള ചികിത്സാ ധനസഹായം പുനഃസ്ഥാപിക്കേണ്ടതുമാണ്. പത്മശ്രീ പെരുവനം കുട്ടൻമാരാരുടെ നേതൃത്വത്തിലുള്ള വാദ്യകലാകാരന്മാരുടെ സംഘം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി നടത്തിയ ചർച്ചയിൽ അദ്ദേഹം സമ്മതിച്ചതുപോലെ ഒല്ലൂർ ആസ്ഥാനമാക്കി വാദ്യകലയുടെ തനിമയും ശുദ്ധിയും നിലനിർത്തുന്നതിന് വാദ്യകലാ പഠന ഗവേഷണ കേന്ദ്രവും വാദ്യകലാ മ്യൂസിയവും ആരംഭിക്കണമെന്ന കലാകാരന്മാരുടെ അപേക്ഷ കൂടി ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള കേരള സംഗീത നാടക അക്കാദമി, കേരള ഫോക്‌ലോർ അക്കാദമി എന്നിവ മുഖാന്തരം വിവിധ ക്ഷേമപദ്ധതികൾ നിലവിലുണ്ട്. സാംസ്കാരിക വകുപ്പിന്റെ കീഴിൽ നൽകിവരുന്ന കേരള കലാകാര പെൻഷൻ പദ്ധതിക്കുള്ള വരുമാന പരിധി 9000 രൂപയിൽനിന്ന് 1,00,000 രൂപയാക്കി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച ഫയൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനകാര്യ വകുപ്പിന് കൈമാറിയിട്ടുണ്ട്. അത് ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. സംഗീത നാടക അക്കാദമി മുഖാന്തരം നടപ്പിലാക്കിവരുന്ന ഇൻഷ്വറൻസ് പദ്ധതിയിൽ 196 വാദ്യകലാകാരന്മാർ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ കൂടുതൽപേരെ ഉൾപ്പെടുത്തുന്നതും മുൻ സർക്കാരിന്റെ കാലത്ത് നിർത്തലാക്കിയിട്ടുള്ള ചികിത്സാ ധനസഹായ പദ്ധതി പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ചും സംഗീത നാടക അക്കാദമി വഴിയുള്ള ഇൻഷ്വറൻസ് പദ്ധതിയിൽ മുഴുവൻ വാദ്യകലാകാരന്മാരെ ഉൾപ്പെടുത്തുന്നത്

സംബന്ധിച്ചും അക്കാദമിയുടെ പുതിയ കമ്മിറ്റി നിലവിൽ വന്നതിനുശേഷം ഗൗരവമായി പരിശോധിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. അക്കാര്യം പരിശോധിച്ച് ഗവൺമെന്റിന് നൽകുന്ന മുറയ്ക്ക് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും അനുകൂലമായ തീരുമാനമുണ്ടാകും. ഇതുകൂടാതെ പുരാവസ്തു വകുപ്പിന്റെ ആഭിമുഖ്യത്തിൽ എല്ലാ ജില്ലകളിലും ജില്ലാതല പുരാവസ്തു പൈതൃക മ്യൂസിയം ആരംഭിക്കുന്ന പദ്ധതി നടപ്പാക്കിവരികയാണ്. അതുപ്രകാരം ഓരോ ജില്ലയിലെ മ്യൂസിയത്തിലും അതാത് ജില്ലകളിലെ സവിശേഷത ദൃശ്യമാക്കുന്നതിനുള്ള സജ്ജീകരണങ്ങൾ നടപ്പിലാക്കും. അതിന്റെ ഭാഗമായി പാലക്കാട് ജില്ലാതല പുരാവസ്തു മ്യൂസിയത്തിൽ വാദ്യകലയ്ക്ക് പ്രാമുഖ്യം നൽകി വാദ്യകലാ ഉപകരണങ്ങൾ പ്രദർശിപ്പിക്കുന്നതിനും വാദ്യകലാ പ്രകടനങ്ങൾ നടത്തുന്നതിനുമുള്ള വേദി ഒരുക്കുന്നതിനുള്ള നടപടികൾ പുരാവസ്തു വകുപ്പ് ഇതിനകം സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കേരള ഫോക്‌ലോർ അക്കാദമിക്ക് വാദ്യകലകളുടെയും ക്ഷേത്രകലകളുടെയും ഒരു പഠനകേന്ദ്രം പാലക്കാട് നിലവിലുണ്ട്. തൃശ്ശൂർ ആസ്ഥാനമാക്കി വാദ്യകലാ പഠന ഗവേഷണ കേന്ദ്രവും വാദ്യകലാ മ്യൂസിയവും ആരംഭിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസലുകളൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിൽ വന്നിട്ടില്ല. അത്തരത്തിലുള്ള ശിപാർശകൾ, വ്യക്തമായ പ്ലാൻ, എസ്റ്റിമേറ്റ് സഹിതം കേരള സംഗീത നാടക അക്കാദമിയിൽ ലഭിക്കുകയാണെങ്കിൽ അത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതായിരിക്കും.

## (8) റവന്യൂ ഡിവിഷണൽ ആഫീസ്

ശ്രീമതി പി. അയിഷാ പോറ്റി: സർ, കൊട്ടാരക്കര ആസ്ഥാനമാക്കി റവന്യൂ ഡിവിഷണൽ ആഫീസ് ആരംഭിക്കണമെന്നതാണ് എന്റെ സബ്മിഷൻ. വളരെ വിസ്തൃതിയുള്ള കൊല്ലം ജില്ലയുടെ പടിഞ്ഞാറെ അറ്റത്തുള്ള കളക്ടറേറ്റ് കോമ്പൗണ്ടിലാണ് റവന്യൂ ഡിവിഷണൽ ആഫീസ് സ്ഥിതിചെയ്യുന്നത്. ജില്ലയുടെ കിഴക്കേയറ്റത്ത് ഉൾപ്പെടെയുള്ള ആളുകൾക്ക് അവിടെയെത്തുന്നതിന് വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുകയാണ്. ഈ ജില്ലയിൽ ഒരു റവന്യൂ ഡിവിഷണൽ ഓഫീസ് കൂടി അനുവദിച്ചാൽ തീർച്ചയായും ഈ പ്രശ്നം പരിഹരിക്കാൻ കഴിയും. ജില്ലയുടെ മദ്ധ്യ ഭാഗത്ത് താലൂക്ക് ആസ്ഥാനമായിട്ടുള്ളതും ജില്ലാ റൂറൽ ഓഫീസും ജില്ലാ കോടതിയുമുൾപ്പെടെ പ്രവർത്തിക്കുന്ന കൊട്ടാരക്കര ആസ്ഥാനമാക്കി റവന്യൂ ഡിവിഷണൽ ഓഫീസ് ആരംഭിക്കുകയാണെങ്കിൽ ഒട്ടേറെ പ്രയോജനമുണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അക്കാര്യത്തിൽ അനുകൂല തീരുമാനമുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, സംസ്ഥാനത്ത് 7 ജില്ലകളിൽ മാത്രമാണ് രണ്ട് റവന്യൂ ഡിവിഷണൽ ഓഫീസുകൾ നിലവിലുള്ളത്. 6 താലൂക്കുകളും 105 വില്ലേജുകളും ഉൾപ്പെട്ട 2491.79 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണവും 2001-ലെ സെൻസസ് പ്രകാരം 33 ലക്ഷത്തിൽപ്പരം ജനസംഖ്യയുമുള്ള താരതമ്യേന വലിയ ജില്ലയായ കൊല്ലം ജില്ലയിൽ നിലവിൽ

ഒരു റവന്യൂ ഡിവിഷണൽ ഓഫീസ് മാത്രമാണുള്ളത്. ആയതിനാൽ ഭരണപരമായ സൗകര്യം മുൻനിർത്തി കൊല്ലം ജില്ലയിൽ ഒരു റവന്യൂ ഡിവിഷൻകൂടി രൂപീകരിക്കേണ്ടത് ആവശ്യമാണെന്നാണ് വിലയിരുത്തപ്പെട്ടിട്ടുള്ളത്. പത്തനാപുരം, കൊട്ടാരക്കര, പുനലൂർ താലൂക്കുകളെ ഉൾപ്പെടുത്തി ഭരണസൗകര്യം കണക്കിലെടുത്ത് ഒരു പുതിയ റവന്യൂ ഡിവിഷൻ കൂടി രൂപീകരിക്കാനുള്ള നിർദ്ദേശവും ഗവൺമെന്റിന്റെ മുമ്പിലുണ്ട്. ഒറ്റ റവന്യൂ ഡിവിഷൻ മാത്രം നിലവിലുള്ള മറ്റ് ജില്ലകളിലും ഭരണ സൗകര്യാർത്ഥം പുതിയ റവന്യൂ ഡിവിഷനുകൾ രൂപീകരിക്കണമെന്ന നിർദ്ദേശം ഗവൺമെന്റ് പരിശോധിച്ചു വരികയാണ്. എന്നാൽ പുതിയതായി രൂപീകരിക്കേണ്ട റവന്യൂ ഡിവിഷനുകളുടെ ആസ്ഥാനം സംബന്ധിച്ച തീരുമാനങ്ങളൊന്നും ഇതുവരെ കൈക്കൊണ്ടിട്ടില്ല. ജില്ലകളുടെ ഭൂമിശാസ്ത്രപരമായ കിടപ്പും ജനസംഖ്യയും കണക്കിലെടുത്തും ഭരണ സൗകര്യം മുൻനിർത്തിയുമായിരിക്കും ആസ്ഥാനം സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നത്.

## (9) ബിവറേജസ് ഔട്ട്‌ലെറ്റ്

ശ്രീ. വി. പി. സജീന്ദ്രൻ: സർ, കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ കോലഞ്ചേരിയിൽ ദൂരപരിധി ലംഘിച്ചുകൊണ്ട് സ്ഥാപിച്ച ബിവറേജസ് ഷോപ്പ് മാറ്റി സ്ഥാപിക്കണമെന്നതാണ് എന്റെ ആവശ്യം. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവനുസരിച്ച് നാഷണൽ ഹൈവേയിൽ നിന്നും ഔട്ട്‌ലെറ്റുകൾ മാറ്റി സ്ഥാപിക്കണമെന്ന നിർദ്ദേശത്തെത്തുടർന്ന് കൊച്ചി-മധുര എൻ.എച്ച്.-ൽ നിന്നും മാറ്റി സ്ഥാപിച്ച ബിവറേജസ് ഔട്ട്‌ലെറ്റ് സ്കൂൾ, മെഡിക്കൽ കോളേജ്, കോടതി, ലേഡീസ് ഹോസ്റ്റൽ, കുരിശുപള്ളി, അങ്കണവാടി തുടങ്ങിയവയുടെ മദ്ധ്യത്തിലും ഏറ്റവും തിരക്കുള്ള ജനവാസ കേന്ദ്രത്തിലുമാണ് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. സെന്റ്പോൾസ് സ്കൂളിൽനിന്നും 100 മീറ്ററിൽ കുറവും മെഡിക്കൽ കോളേജിൽ നിന്നും 200 മീറ്ററും കോലഞ്ചേരി കോടതിയിൽനിന്നും 100 മീറ്ററും ലേഡീസ് ഹോസ്റ്റലിൽനിന്നും 100 മീറ്ററും കുരിശുപള്ളിയിൽനിന്നും 40 മീറ്ററും അങ്കണവാടിയിൽ നിന്നും 50 മീറ്ററും നാഷണൽ ഹൈവേയിൽനിന്നും 400 മീറ്ററിലും താഴെയാണ് ഈ ഔട്ട്‌ലെറ്റിലേയ്ക്കുള്ള യഥാർത്ഥ ദൂരം. ഇപ്പോൾ ഔട്ട്‌ലെറ്റ് സ്ഥാപിക്കുന്നതിനായി താൽക്കാലികമായി ഹോളോബ്രിക്സ് കൊണ്ട് മതിൽ കെട്ടി കൃത്രിമമായി അളവ് കാണിച്ചിരിക്കുകയാണ്. ഈ മതിലിൽത്തന്നെ ഇപ്പോൾ ആളുകൾക്ക് സാധനം വാങ്ങുന്നതിനായി ഒരു കിളിവാതിലും തുറന്നുവച്ചിട്ടുണ്ട്. ഈ കിളിവാതിലല്ലാതെ മറ്റൊരു പൊതുവഴിയും ഈ ഷോപ്പിലേയ്ക്കില്ല. കൃത്രിമമായുണ്ടാക്കിയ വഴി സ്വകാര്യ ഭൂമിയിലൂടെയുള്ളതാണ്. സ്കൂൾ കുട്ടികളും നാട്ടുകാരും ഈ സ്ഥാപനത്തിനെതിരെ സമരം നടത്തുകയാണ്. സകല മാനദണ്ഡങ്ങളും ലംഘിച്ച് കോലഞ്ചേരിയിൽ സ്ഥാപിച്ച ബിവറേജസ് ഷോപ്പ് ജനവാസകേന്ദ്രമല്ലാത്ത മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 15-12-2016-ലെ സി.എ. 12164-12166/ 2016 നമ്പർ ഉത്തരവുപ്രകാരം ദേശീയ സംസ്ഥാന പാതയോരങ്ങളിൽനിന്ന് 500 മീറ്റർ ദൂരപരിധിക്കുള്ളിൽ സ്ഥിതിചെയ്യുന്ന വിദേശമദ്യ വിൽപ്പനശാലകൾ 31-3-2017-നമുമ്പായി ദൂരപരിധി പാലിക്കുന്ന കെട്ടിടങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിക്കേണ്ടതുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് കോലഞ്ചേരിയിൽ കൊച്ചി-ധനുഷ്കോടി ദേശീയ പാതയോരത്ത് സ്ഥിതിചെയ്തിരുന്ന FL1-7039 നമ്പർ ബിവറേജസ് ഔട്ട്ലെറ്റ് ദേശീയപാതയിൽനിന്നും 520 മീറ്റർ മാറി ഐക്കരനാട് പഞ്ചായത്തിലെ 8/110 എഫ്.ജി.എച്ച്.ഐ. നമ്പർ കെട്ടിടത്തിൽ പ്രവർത്തനം തുടങ്ങിയത്. ഈ കെട്ടിടം വാണിജ്യ മേഖലയിൽപ്പെടുന്നതാണെന്ന റിപ്പോർട്ടാണ് ലഭിച്ചത്. എക്സൈസ് വകുപ്പിന്റെ ലൈസൻസോടുകൂടിയാണ് ഇപ്പോൾ ഔട്ട്ലെറ്റ് പ്രവർത്തിച്ചുവരുന്നത്. ബിവറേജസ് ഔട്ട്ലെറ്റ് ഇവിടെ പ്രവർത്തനമാരംഭിച്ചത് സംബന്ധിച്ച് ശ്രീ. വി. പി. സജീന്ദ്രൻ എം.എൽ.എ.-യുടെ ഒരു പരാതി 28-2-2017-ന് ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് ബിവറേജസ് ഔട്ട്ലെറ്റ് നിയമ വിധേയമായി പ്രവർത്തിക്കുന്നതിന് മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

## (10) തീം സോംഗ് ആലാപനം

ശ്രീ. എ. എം. ആരിഫ്: സർ, വിദ്യാലയങ്ങളിൽ നാഷണൽ സർവ്വീസ് സ്കീം പ്രവർത്തനമാരംഭിച്ചിട്ട് ഏതാണ്ട് കാൽനൂറ്റാണ്ടിലേറെയായി. വിദ്യാർത്ഥികളിൽ സാമൂഹിക പ്രതിബദ്ധത വളർത്തുന്നതിനും വ്യക്തിത്വ വികാസത്തിനും വലിയൊരു പങ്കാണ് നാഷണൽ സർവ്വീസ് സ്കീം നിർവ്വഹിക്കുന്നത്. നാഷണൽ സർവ്വീസ് സ്കീമിന്റെ ക്യാമ്പുകളെല്ലാം തന്നെ കുട്ടികളുടെ വ്യക്തിത്വ വികാസം വർദ്ധിപ്പിക്കുന്നതിന് വളരെ നല്ല നിലയിൽ സഹായകമായിട്ടുള്ളതാണ്. ഇവിടെയിരിക്കുന്ന പുതിയ തലമുറയിൽപ്പെട്ട അധികംപേരും എൻ.എസ്.എസ്. വോളണ്ടിയർമാരായിട്ടുള്ളവരാണ്. അതുപോലെ തന്നെ നാഷണൽ സർവ്വീസ് സ്കീമിന്റെ വിവിധ പരിപാടികളിൽ അതിഥികളായി ഇവിടെയിരിക്കുന്ന മിക്കവരും പങ്കെടുത്തിട്ടുണ്ടാകും. എൻ.എസ്.എസ്.-ന്റെ എല്ലാ പ്രോഗ്രാമിനും പാടുന്ന ഒരു പാട്ടുണ്ട്. അത് മിക്കവാറും എല്ലാവർക്കുമറിയാം, ആ പാട്ട് എനിക്ക് പാടാനുള്ള കഴിവൊന്നുമില്ല. എന്റെ സ്വരവും ശരിയല്ല.

"മനസ്സു നന്നാകട്ടെ, മതമേതെങ്കിലുമാകട്ടെ, മാനവ
ഹൃത്തിൻ ചില്ലയിലാകെ നാമ്പുകൾ വിടരട്ടെ,
സൗഹൃദസിദ്ധികൾ പൂത്താൽ സൗവർണ്ണാഭ പരന്നാൽ
സുരഭില ജീവിത മാധുരി വിശ്വം സമസ്തമരുളുകയല്ലോ
മനസ്സു നന്നാകട്ടെ.....
സത്യം ലക്ഷ്യമതാകട്ടെ, ധർമ്മം പേറിയതാകട്ടെ,
ഹൈന്ദവ-ക്രൈസ്തവ-ഇസ്ലാമികളുടെ കൈകളിണങ്ങീടട്ടെ
മനസ്സു നന്നാകട്ടെ"

എന്നുള്ള പാട്ടാണ്. ആ പാട്ട് എഴുതിയതാരാണെന്ന് ഇപ്പോഴും വ്യക്തമല്ല. ആ പാട്ടിന്റെ സംഗീതം നൽകിയത് 1989-ൽ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിലെ ഒരു നോൺ-ടീച്ചിംഗ് സ്റ്റാഫായ മാവേലിക്കരക്കാരൻ ഗോപിനാഥാണെന്നാണ് രേഖയിൽ കാണുന്നത്. ആ പാട്ടിലെ വരികൾ നമ്മുടെ വിദ്യാർത്ഥികൾ പാടിയാൽ അവർക്കിടയിൽ മറ്റു മതങ്ങളോട് വിദ്വേഷം ഉണ്ടാകാതിരിക്കാനും പരസ്പരം സ്നേഹിക്കാനും സത്യവും ധർമ്മവുമെല്ലാം അവരുടെ ജീവിതചര്യയായി മാറാനുള്ള പ്രേരണയാകുന്ന വരികളാണ് അതിലുള്ളത്. ക്യാമ്പസുകളിലെല്ലാം വിദ്യാർത്ഥികളിൽ വർഗ്ഗീയ വിദ്വേഷം പടർത്താനുള്ള ബോധപൂർവ്വമായ ശ്രമമാണ് ഇന്ന് നടന്നു വരുന്നത്. അത് നിസ്സാരമായി കാണരുത്. കഴിഞ്ഞ തലമുറ, സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങളും നവോത്ഥാന നായകന്മാരും പന്തിഭോജനത്തിലൂടെ വിധവാ വിവാഹം, മിശ്രവിവാഹം തുടങ്ങിയ പുരോഗമനപരമായ ആശയങ്ങൾ രൂപപ്പെടുത്തി 'മതസൗഹാർദ്ദ കേരളം മതേതര കേരളം' എന്ന നിലയിലേയ്ക്ക് നാം വളരുകയും രാജ്യത്തിന്റെ മുന്നിൽ തലയെടുപ്പോടുകൂടി നിൽക്കാൻ കേരളത്തെ പ്രാപ്തമാക്കിയതുമാണ്. പലപ്പോഴും നാമിത് മറന്നുപോകുന്നുണ്ട്. ഈ മാനസികാവസ്ഥയിൽനിന്ന് തീ തുപ്പുന്ന വർഗ്ഗീയ വിദ്വേഷം കുട്ടികളിൽ വളർത്തിയെടുക്കുന്നതിനാണ് വർഗ്ഗീയ വിദ്യാർത്ഥി സംഘടനകൾ പലതും ശ്രമിക്കുന്നത്. ഈ പാട്ടിൽ മതനിഷേധമായിട്ടൊന്നുമില്ല. അതുകൊണ്ട് മനസ്സ് നന്നാകാനും സൗഹൃദസിദ്ധികൾ പൂക്കാനും ഹൈന്ദവ-ക്രൈസ്തവ-ഇസ്ലാമികളുടെ കൈകൾ ഇണങ്ങീടാനുമുള്ള സന്ദേശം നൽകുന്ന ഒരു പാട്ടാണ്. ഇത് കേരളത്തിലെ ഓരോ വിദ്യാലയങ്ങളിലും ചൊല്ലിവരുന്ന അവർക്കിഷ്ടമുള്ള പ്രാർത്ഥനാഗീതത്തിന് പകരമായി ചൊല്ലണമെന്നല്ല ഞാൻ പറയുന്നത്, അവയെല്ലാം ചൊല്ലിയതിനുശേഷമോ ക്ലാസ് അവസാനിക്കുന്ന സന്ദർഭത്തിലോ അല്ലെങ്കിൽ ആഴ്ചയിലൊരിക്കൽ അസംബ്ലിയിലോ മാസത്തിലൊരിക്കലോ എങ്കിലും പൊതു വിദ്യാലയങ്ങളിൽ ആലപിക്കുന്നതിന് എല്ലാ സ്കൂൾ-കോളേജുകളിലും യൂണിവേഴ്സിറ്റികളിലും നിർദ്ദേശം നൽകുന്ന കാര്യം പരിഗണിക്കണമെന്നാണ് അപേക്ഷിക്കാനുള്ളത്. ഇത് എല്ലാ ദിവസവും ചൊല്ലുന്നതാണ് ഏറ്റവും നല്ലത്. എന്നാൽ എല്ലാ വിദ്യാലയങ്ങളിലും കുറഞ്ഞത് മാസത്തിലൊരു തവണയെങ്കിലും ചൊല്ലാനുള്ള ഒരു നിർദ്ദേശമെങ്കിലും ഉണ്ടാകണം. ഇതൊരു പൊതുവികാരമാണ്; അപ്പുറത്തുമിപ്പുറത്തുമിരിക്കുന്ന എല്ലാവരും അതിനോട് യോജിക്കുന്നതാണ്; ഈ ആവശ്യം പരിഗണിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, 'മനസ്സ് നന്നാകട്ടെ' എന്നുതുടങ്ങുന്ന ഗാനം നവോത്ഥാന കേരള സൃഷ്ടിക്കുവേണ്ടി യത്നിക്കുന്ന സാഹിത്യപ്രവർത്തകരും കലാകാരന്മാരും നാട്ടിൽ പാടി പ്രചരിപ്പിച്ച ഒന്നാണ്. ഈ പാട്ടിന്റെ സദുദ്ദേശപരമായ സന്ദേശം മനസ്സിലാക്കി നാഷണൽ സർവ്വീസ് സ്കീമിന്റെ എല്ലാ കൂട്ടായ്മകളിലും പ്രസ്തുത ഗാനം കഴിഞ്ഞ കാൽ നൂറ്റാണ്ടോളമായി തീം സോംഗായി പാടിവരുന്നു. ഇത് പൊതുവിദ്യാലയങ്ങളിലെ പൊതുപരിപാടികളിൽ ആലപിക്കാവുന്നതാണ്.

# V മേശപ്പുറത്തുവച്ച കടലാസുകൾ

## ലിസ്റ്റ് 1 ചട്ടം 47(2) പ്രകാരമുള്ള കടലാസുകൾ

I. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരളനിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 4462, പന്ത്രണ്ടാം സമ്മേളനത്തിലെ 4224, പതിമൂന്നാം സമ്മേളനത്തിലെ 10, പതിനാലാം സമ്മേളനത്തിലെ 5494, പതിനഞ്ചാം സമ്മേളനത്തിലെ 3600, പതിനാറാം സമ്മേളനത്തിലെ 123, 199, 1732, 3203, പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 57, 1355, 1635, രണ്ടാം സമ്മേളനത്തിലെ 39, 85, 86, 91, 126, 143, 148, 1288, 1317, 1646, 1871, 2630, 2642, 2694, 2731, 4199, 4214, 5244, 5285, 6310, 6312, 6387, 6422, 6481 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

2. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിലെ 2550, പതിനൊന്നാം സമ്മേളനത്തിലെ 915, പന്ത്രണ്ടാം സമ്മേളനത്തിലെ 2848, പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 1827, രണ്ടാം സമ്മേളനത്തിലെ 1837, 3278, 3315 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

3. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരളനിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 2802, പതിനാറാം സമ്മേളനത്തിലെ 2687, 2703, പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 904, 945, 2232, രണ്ടാം സമ്മേളനത്തിലെ 901, 902, 911, 2252, 2308, 3754, 3763, 3780, 4948 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

4. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 3281, പതിമൂന്നാം സമ്മേളനത്തിലെ 3011, പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 1118, 1124, 2374, രണ്ടാം സമ്മേളനത്തിലെ 1045, 2470, 3966, 3980, 4314, 6148, 6152 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

5. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 1634, 3097, 6436 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

6. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 4615 നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

7. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 942, 4417, പതിനാറാം സമ്മേളനത്തിലെ 939, 1870 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

8. വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ 4704, പതിനാലാം സമ്മേളനത്തിലെ 1115, പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 2163, 2193, രണ്ടാം സമ്മേളനത്തിലെ 2152, 2226, 3680, 4878, 5975 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

9. ഗതാഗത വകുപ്പുമന്ത്രിക്കുവേണ്ടി തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 2556, 4076 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

10. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിലെ 3984, പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 1484, രണ്ടാം സമ്മേളനത്തിലെ 1395, 1463, 2908, 4251, 4272, 4307, 4324, 5402, 6576 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

11. കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 1670, പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 1037, 2315, രണ്ടാം സമ്മേളനത്തിലെ 2384, 2385, 6076, 6093 എന്നീ നമ്പരുകളിലുള്ള നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

12. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിക്കുവേണ്ടി തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 443, രണ്ടാം സമ്മേളനത്തിലെ 4555 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

13. ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 485, 2103, പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 1595, രണ്ടാം സമ്മേളനത്തിലെ 285, 289, 336, 1553, 1607, 3001, 5461, 5495, 6623, 6637 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

## VI റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ അഞ്ചാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശക സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: കാര്യോപദേശക സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

## VII റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് പരിഗണന

മി. ഡെപ്യൂട്ടി സ്പീക്കർ: കാര്യോപദേശക സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അവതരിപ്പിക്കാവുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശക സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: കാര്യോപദേശക സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## VIII ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

സംസ്ഥാനം നേരിടുന്ന രൂക്ഷമായ വരൾച്ച

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, സമാനതകളില്ലാത്ത വരൾച്ചാ ഭീഷണിയിലാണ് കേരളം. കഴിഞ്ഞ ഒരു നൂറ്റാണ്ടിനിടയിലെ ഏറ്റവും രൂക്ഷമായ വരൾച്ചയായിരിക്കും നാം നേരിടാൻ പോകുന്നതെന്നാണ് സൂചന.

ഇക്കഴിഞ്ഞ തെക്ക് പടിഞ്ഞാറൻ മൺസൂൺ കാലത്ത് കേരളത്തിൽ ലഭിച്ച മഴ 34 ശതമാനം കുറവായിരുന്നു. പിന്നീട് കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം പ്രവചിച്ചതനുസരിച്ച് വടക്കുകിഴക്കൻ മൺസൂൺ, സാധാരണ തോതിൽ ലഭിക്കുമെന്നും പ്രതിസന്ധി ഒഴിവാകുമെന്നുമായിരുന്നു നമ്മുടെ കണക്കുകൂട്ടൽ. എന്നാൽ തുലാവർഷ മഴ പ്രതീക്ഷയ്ക്ക് അനുസരിച്ച് ലഭിച്ചില്ല എന്നുമാത്രമല്ല മുൻകാലങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ 62 ശതമാനം കുറവുമായിരുന്നു. ഇത് കണക്കുകൂട്ടലുകൾ തെറ്റിച്ച് രൂക്ഷമായ പ്രതിസന്ധിയിലേയ്ക്ക് സംസ്ഥാനത്തെ എത്തിച്ചു. വേനൽ മഴ പ്രതീക്ഷിച്ച രീതിയിൽ ഇതുവരെ ലഭിച്ചിട്ടുമില്ല.

12.00 Noon]

ഈ സാഹചര്യം നേരിടുന്നതിന് ക്രിയാത്മകമായ നടപടികൾ നേരത്തേ തന്നെ ഗവൺമെന്റ് തുടങ്ങിയിട്ടുണ്ട്. 28-10-2016-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ യോഗ തീരുമാന പ്രകാരം 31-10-2016-ന് പുറപ്പെടുവിച്ച ഉത്തരവ് വഴി സംസ്ഥാനത്തെ എല്ലാ ജില്ലകളെയും വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചു. മുൻ കരുതൽ നടപടികളുടെ പ്രഥമ ഘട്ടം എന്ന നിലയിലാണ് ഈ പ്രഖ്യാപനം. ജലോപയോഗം ക്രമപ്പെടുത്തുന്നതിനും ജല സംരക്ഷണത്തിനും വരൾച്ച നേരിടുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനായി 26 ഇന പ്രതിരോധ-പ്രതികരണ പ്രവർത്തനങ്ങൾ സംബന്ധിച്ച നിർദ്ദേശവും ഇതിന്റെ ഭാഗമായി നൽകുകയുണ്ടായി. ആദ്യഘട്ടമെന്ന നിലയിൽ ഓരോ ജില്ലയ്ക്കും 50 ലക്ഷം രൂപ വീതം കുടിവെള്ള വിതരണത്തിനും കൃഷി നാശം നേരിടുന്നതിന് 14 ജില്ലകൾക്കുമായി 13 കോടി രൂപയും അനുവദിച്ചു.

വരൾച്ച നേരിടുന്നതിനുള്ള കർമ്മ പരിപാടികൾ ആവിഷ്കരിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും ഓരോ ജില്ലയിലും ഓരോ മന്ത്രിമാർക്ക് ചുമതല നൽകിയിട്ടുണ്ട്. എല്ലാ ജില്ലകളിലും മന്ത്രിമാരുടെ നേതൃത്വത്തിൽ ജനപ്രതിനിധികളുടെ പങ്കാളിത്തത്തോടെ നവംബർ, ഡിസംബർ മാസങ്ങളിലായി ആദ്യഘട്ട യോഗങ്ങളും തുടർന്ന് അവലോകനവും നടന്നു. 31-1-2017-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ വീഡിയോ കോൺഫറൻസിംഗ് വഴി ജില്ലകളിലെ പ്രതികരണ പ്രവർത്തനങ്ങൾ വിലയിരുത്തുകയുണ്ടായി.

നവംബർ, ഡിസംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിലായി 5 തവണ ചീഫ് സെക്രട്ടറിയും വീഡിയോ കോൺഫറൻസ് മുഖാന്തരം ജില്ലകളിലെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ട്. പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ റവന്യൂ, കൃഷി, ജലവിഭവശേഷി മന്ത്രിമാർ ജില്ലകളിലെ പ്രതിരോധ-പ്രതികരണ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്.

ഗവൺമെന്റ് തീരുമാനപ്രകാരം റവന്യൂ വകുപ്പുമന്ത്രി ജില്ലകളിലെ ഏകോപന ചുമതലയുള്ള ജില്ലാ കളക്ടർമാരുമായി നിരന്തരം ബന്ധപ്പെടുകയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുന്നതിൽ പ്രത്യേക ശ്രദ്ധ ചെലുത്തിയതിനെത്തുടർന്ന് 20-2-2017-ലെ ഉത്തരവ് പ്രകാരം കുടിവെള്ള വിതരണത്തിനായി ജില്ലകൾക്ക് 22.50 കോടി രൂപ അധികമായി അനുവദിച്ചു.

(പാലക്കാട് - 2.50 കോടി, വയനാട് - 2 കോടി, മറ്റു ജില്ലകൾക്ക് 1.50 കോടി രൂപ വീതവും).

ഫെബ്രുവരിയിൽ നടന്ന ജില്ലാ വികസന സമിതി യോഗങ്ങളിൽ വരൾച്ച ഒരു പ്രധാന വിഷയമായി ചർച്ച ചെയ്യാൻ നിർദ്ദേശിക്കുകയും അതനുസരിച്ച് വിശദമായ ചർച്ചയും അവലോകനവും നടക്കുകയും ചെയ്തു. 23-2-2017-ന് കുടിവെള്ള വിതരണത്തിനായി പുറപ്പെടുവിച്ച പ്രത്യേക നിർദ്ദേശം ഈ യോഗങ്ങളിൽ ചർച്ചാ വിഷയമാക്കുന്നതിന് നിർദ്ദേശിക്കുകയും അവ അടിയന്തരമായി പ്രായോഗികമാക്കുന്നതിനുള്ള മേൽനോട്ടം വഹിക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ചുള്ള നടപടികൾ ജില്ലകളിൽ പ്രയോഗത്തിൽ വന്നതായി ഉറപ്പുവരുത്തിയിട്ടുണ്ട്.

ചൂടിന്റെ കാഠിന്യവും ജല ദൗർലഭ്യവുംമൂലം വന്യമൃഗങ്ങൾ കാട് വിട്ട് നാട്ടിലേയ്ക്ക് ഇറങ്ങുന്ന സാഹചര്യം ചിലയിടങ്ങളിലെങ്കിലും ഉള്ളതിനാൽ ഈ സാഹചര്യം പ്രതിരോധിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ആവിഷ്കരിക്കാൻ ബഹു. വനം വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുകൂട്ടിയിരുന്നു. ഈ യോഗത്തിൽ ജനങ്ങളുടെ ഭീതി അകറ്റുന്നതിന് പര്യാപ്തമായ നടപടികൾ സ്വീകരിക്കാൻ വനം വകുപ്പ് പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്.

കാർഷിക മേഖലയുടെ നഷ്ടം സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ മാത്രമല്ല ജനജീവിതത്തിന്റെ സമസ്ത തലങ്ങളെയും പ്രതികൂലമായി ബാധിക്കും. ഇപ്പോൾ ലഭ്യമായിട്ടുള്ള കണക്കുകൾ പ്രകാരം നെൽകൃഷിക്കാണ് കനത്ത ആഘാതമുണ്ടാകുന്നത്. 26499.42 ഹെക്ടർ പ്രദേശത്തെ നെൽകൃഷിയെ വരൾച്ച ഇപ്പോൾത്തന്നെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. 106 കോടി രൂപയുടെ നഷ്ടമാണ് നിലവിൽ ഈ മേഖലയിൽ കണക്കാക്കിയിരിക്കുന്നത്. തെങ്ങ്, വാഴ, പച്ചക്കറി, നാണ്യവിളകൾ തുടങ്ങി എല്ലാ കാർഷിക ഉല്പന്നങ്ങളും വരൾച്ചയുടെ രൂക്ഷതയിൽ നശിക്കുന്നു. കാർഷിക മേഖല ആകെ കണക്കാക്കുമ്പോൾ ഇപ്പോൾത്തന്നെ 30353.06 ഹെക്ടർ പ്രദേശത്തെ കൃഷിക്ക് നാശമുണ്ടായിട്ടുണ്ട്. 2017 ഫെബ്രുവരി 20-ന് ലഭ്യമായ കണക്കുകൾ പ്രകാരം 225 കോടി രൂപയുടെ നഷ്ടം പ്രതീക്ഷിക്കുന്നു. വരൾച്ചമൂലം ദുരിതം അനുഭവിക്കുന്ന കർഷകർക്ക് ആശ്വാസമായി, എല്ലാ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമെടുത്ത വായ്പകൾക്ക് 2017 മേയ് 31 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്.

വരൾച്ചയുടെ കാഠിന്യം കൂടുന്തോറും കുടിവെള്ള ലഭ്യത കുറയുന്നുവെന്നതാണ് നമ്മുടെ അനുഭവം. 17-1-2017-ൽ നടന്ന അവലോകന യോഗത്തിൽ ലഭിച്ച കണക്ക് പ്രകാരം സംസ്ഥാനത്തെ റിസർവോയറുകളിൽ 44 ശതമാനം ജലം മാത്രമാണ് അവശേഷിക്കുന്നത്. ഭൂഗർഭ ജലനിരപ്പ് 2 മുതൽ $2^1/_2$ മീറ്റർ വരെ താഴ്ന്നിട്ടുണ്ട്. അതീവ ഗുരുതരമായ സാഹചര്യമാണിത്. സാധ്യമായ എല്ലാ തലങ്ങളിലും ഇടപെടൽ നടത്തി എല്ലാ പ്രദേശങ്ങളിലും ജലം ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ സൃഷ്ടിപരമായ അനവധി കർമ്മ പരിപാടികൾ പ്രാരംഭഘട്ടത്തിൽ തന്നെ ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുണ്ട്. ചെറുതും വലുതുമായ ജലസ്രോതസ്സുകളും നവീകരിച്ചിട്ടുണ്ട്. ജില്ലാ കളക്ടർമാർ ഈ പ്രവർത്തനം ഏകോപിപ്പിക്കുന്നു. സംസ്ഥാനത്താകെ 5698 കുഴൽക്കിണറുകൾ ഉപയോഗ യോഗ്യമാക്കാൻ ഇതിനോടകം കഴിഞ്ഞിട്ടുണ്ട്. അതേസമയം വാണിജ്യ വ്യവസായ ആവശ്യങ്ങൾക്ക് കുഴൽക്കിണർ നിർമ്മിക്കുന്നതിന് 31-5-2017 വരെ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ജലവിഭവ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഇറിഗേഷൻ, വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ്, ജലനിധി എന്നിവയുടെ സംയുക്ത പരിശ്രമത്തിലൂടെ ഒരു പുതിയ ജലോപയോഗ സംസ്കാരം മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ച് മുന്നോട്ടുപോയിട്ടുണ്ട്. 320 കോടി രൂപ ചെലവിട്ട് ഏകദേശം 9453 കുളങ്ങൾ നവീകരിച്ച് ജല ലഭ്യത ഉറപ്പുവരുത്തുന്ന നടപടികൾ നടന്നുവരുന്നു. ജലസ്രോതസ്സുകളെ ശക്തിപ്പെടുത്തുക, പൈപ്പ് ലൈനുകളുടെ സ്ഥിതിയും ദൈർഘ്യവും മെച്ചപ്പെടുത്തി ജലനഷ്ടം ഒഴിവാക്കുകയും ജലലഭ്യത വ്യാപിപ്പിക്കുകയും ചെയ്യുക, ഭൂജല ഉപയോഗം നിയന്ത്രിതവും കാര്യക്ഷമവും ആക്കുക, സംഭരണ സംവിധാനങ്ങൾ മെച്ചപ്പെടുത്തുക എന്നീ നടപടികൾ വരൾച്ചാ സാധ്യത മുന്നിൽക്കണ്ട് ആരംഭിച്ചുകഴിഞ്ഞു.

കിയോസ്കുകൾ സ്ഥാപിച്ച് വ്യാപകമായി ജലവിതരണം നടത്തുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. കിയോസ്കുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ നിശ്ചയിച്ചു കഴിഞ്ഞു. എന്നാൽ കിയോസ്കുകളുടെ ലഭ്യതക്കുറവ് സുഗമമായ കുടിവെള്ള വിതരണ പ്രവർത്തനങ്ങൾക്ക് ചിലയിടങ്ങളിലെങ്കിലും തടസ്സമാകുമെന്ന ആശങ്കയുടെ പശ്ചാത്തലത്തിൽ ടാങ്കർ ലോറിയിൽ കുടിവെള്ളം വിതരണം ചെയ്യാനുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

വരൾച്ചാ ദുരിതാശ്വാസത്തിന് അധിക കേന്ദ്ര സഹായം സ്വരൂപിക്കുന്നതിനുള്ള മെമ്മോറാണ്ടം 22-2-2017-ൽ ചേർന്ന മന്ത്രിസഭ അംഗീകരിച്ചിട്ടുണ്ട്. അന്നേ ദിവസം തന്നെ സംസ്ഥാനത്തെ സ്ഥിതി വിലയിരുത്തുന്നതിന് സർവ്വകക്ഷി യോഗം ചേരുകയും സർവ്വകക്ഷി നിവേദക സംഘം കേന്ദ്ര ഗവൺമെന്റിനെ സമീപിക്കാൻ തീരുമാനിക്കുകയും ചെയ്തു.

ഏറ്റവും ഉചിതമായ സമയത്ത് കേന്ദ്ര സർക്കാരിനെ സമീപിച്ച് പരമാവധി സഹായം നേടിയെടുക്കുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യം.

അത്യന്തം ഗൗരവതരമായ ഈ സാഹചര്യത്തിൽ ജലത്തിന്റെ ഉപയോഗം കരുതലോടെ നടത്തുന്നതിനും കാലഘട്ടം ആവശ്യപ്പെടുന്ന ഒരു പുതിയ ജല വിനിയോഗ സംസ്കാരവും അവബോധവും സൃഷ്ടിക്കുന്നതിനും ജനങ്ങളുടെയും ജനപ്രതിനിധികളുടെയും വിവിധ തലങ്ങളിലുള്ള ഭരണ സംവിധാനങ്ങളുടെയും പിന്തുണയും സഹകരണവും സഹായവും അഭ്യർത്ഥിക്കുന്നു.

## IX ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്നപ്രമേയത്തെക്കുറിച്ചുള്ള ചർച്ച - (തുടർച്ച)

ശ്രീ. രാജു എബ്രഹാം: സർ, ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന ത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. എ. പ്രദീപ്കുമാർ അവതരിപ്പിച്ച പ്രമേയത്തോട് ഞാൻ യോജിക്കുകയാണ്.

ലോകം മാറിയതനുസരിച്ച് കേരളത്തെ മാറ്റാൻ ശ്രീ. പിണറായി വിജയൻ നേതൃത്വം നൽകുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കേരളം ഒരു മാലിന്യ കൂമ്പാരമായിരുന്നു. റോഡ് വക്കിൽ മാത്രമായിരുന്നില്ല മാലിന്യം, നമ്മുടെ അധികാര കേന്ദ്രങ്ങൾ മുഴുവനും അഴിമതിയുടെ മാലിന്യം നിറഞ്ഞ് നിൽക്കുകയായിരുന്നു. കേരളത്തിൽ കഴിഞ്ഞ 5 വർഷം വളർത്തിയെടുത്തത് അഴിമതി മാത്രമായിരുന്നു. ആരോഗ്യമില്ലാത്ത ആരോഗ്യരംഗവും ആശുപത്രികളും കമ്മീഷൻ വാങ്ങാൻ വേണ്ടി മാത്രം ഒരു ഗവൺമെന്റും പ്രവർത്തിക്കുക എന്നുപറഞ്ഞാൽ അത് നാണക്കേടാണ്. അവിടെ നിന്നാണ് സാർവ്വത്രികമായ ആരോഗ്യ രംഗത്തേക്ക് ഒരു കുതിച്ചുചാട്ടം ഉണ്ടായിരിക്കുന്നത്. സ്പെഷ്യാലിറ്റി ആശുപത്രികളടക്കമുള്ള വലിയൊരു മുന്നേറ്റം ഈ ഗവൺമെന്റ് 9 മാസം കൊണ്ട് ഉണ്ടാക്കിയിരിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷത്തെ ഭരണത്തിൽ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സംസ്ഥാനത്ത് ഒരു വ്യവസായവും കൊണ്ടുവന്നിട്ടില്ലെന്നു മാത്രമല്ല അക്കാര്യത്തിൽ നേതൃത്വം നൽകിയിട്ടുമില്ല. കുടിവെള്ള പദ്ധതിയുടെ കാര്യത്തിൽ ബുമറാംഗ് പോലെയുള്ള ഒരു മുന്നേറ്റമാണ് ഒമ്പത് മാസത്തിനിടയിൽ ഉണ്ടായിരിക്കുന്നത്. കഴിഞ്ഞ അഞ്ചുവർഷം 47 മെഗാവാട്ട് വൈദ്യുതി മാത്രമാണ് ഉൽപ്പാദിപ്പിച്ചതെങ്കിൽ 315 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാവശ്യമായ കർമ്മ പദ്ധതിക്ക് സംസ്ഥാനത്ത് തുടക്കം കുറിച്ചിരിക്കുകയാണ്. പെൻഷൻ, കുടിശ്ശിക കിട്ടാത്ത പാവങ്ങളായിരുന്നു നാട്ടുനീളെ ഉണ്ടായിരുന്നത്. എസ്.എസ്.എൽ.സി. പരീക്ഷാ നടത്തിപ്പിൽ വീഴ്ച വരുത്തിയ വിദ്യാഭ്യാസ വകുപ്പ് നമ്മുടെ നാടിനുതന്നെ അപമാനമായിരുന്നു. റോഡ് വിറ്റ് കാശാക്കിയ പൊതുമരാമത്ത് വകുപ്പും അഴിമതി കൊണ്ട് കുളം കുഴിച്ച കൃഷി വകുപ്പുമെല്ലാം നമ്മുടെ നാടിന്റെ യശസ്സ് കളഞ്ഞു. അവിടെ നിന്നാണ് ഇക്കഴിഞ്ഞ ചുരുങ്ങിയ നാളുകൾക്കുള്ളിൽ സഖാവ് പിണറായി വിജയൻ മുഖ്യമന്ത്രിയെന്ന നിലയിൽ നേതൃത്വം കൊടുത്തുകൊണ്ട് നിശ്ചിത സമയത്തിനുള്ളിൽ പദ്ധതികൾ ആവിഷ്കരിക്കാനും നടപ്പിലാക്കാനും തയ്യാറായത്.

ശ്രീ. വി. എസ്. അച്യുതാനന്ദൻ മുഖ്യമന്ത്രിയായിരുന്നപ്പോഴാണ് ഗെയിൽ പദ്ധതിക്ക് എഗ്രിമെന്റ് ഒപ്പിട്ടത്. എന്നാൽ യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ ഈ പദ്ധതി അവർ മരവിപ്പിച്ചു. അത് മുന്നോട്ടുപോയില്ല. ചില തർക്കങ്ങൾ ഉണ്ടായത് പരിഹരിച്ചതുമില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രി തന്നെ മുൻകയ്യെടുത്ത് ചർച്ച നടത്തി, എറണാകുളം, തൃശ്ശൂർ മേഖലകളിൽ പൈപ്പിടൽ ജോലി പൂർത്തിയാക്കി. കോഴിക്കോട്, മലപ്പുറം മേഖലകളിലെ ഒറ്റപ്പെട്ട ചില സ്ഥലങ്ങളിൽ മാത്രമാണ് തർക്കമുള്ളത്. അതുകൂടി പരിഹരിച്ച് കേരളത്തിന്റെ പ്രതീക്ഷയായ ഗെയിൽ പദ്ധതി കമ്മീഷൻ ചെയ്യണമെന്നാണ് വളരെ വിനീതമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. സണ്ണി ജോസഫ്)

2005-ൽ എൽ.ഡി.എഫ്. സർക്കാർ നാഷണൽ ഹൈവേയ്ക്ക് കരാർ ഉണ്ടാക്കിയെങ്കിലും കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ അത് മുന്നോട്ട് കൊണ്ടുപോയില്ല. എന്നാൽ നാഷണൽ ഹൈവേയുടെ അലൈൻമെന്റ് പൂർത്തിയാക്കുന്ന നടപടിയിലേയ്ക്ക് വളരെ ചുരുങ്ങിയ മാസത്തിനുള്ളിൽ ഇടതുപക്ഷ ഗവൺമെന്റിന് കടക്കാൻ കഴിഞ്ഞു. ചേർത്തല-കഴക്കൂട്ടം റോഡിന്റെ പരാതികൾ പരിഹരിച്ച് മുന്നോട്ട് പോകുകയാണ്. മറ്റു സ്ഥലങ്ങളിൽ അലൈൻമെന്റുകൾ പൂർത്തിയായിക്കഴിഞ്ഞു. ഈ വർഷം തന്നെ നാഷണൽ ഹൈവേ നാലുവരിപ്പാതയാക്കാനുള്ള പ്രവർത്തനം തുടങ്ങണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

നാടിനെ മുഴുവൻ നാണംകെടുത്തിയ രീതിയിലല്ലേ കണ്ണൂർ എയർപോർട്ട് ഉദ്ഘാടനം നടന്നത്? അവിടെ ഒരു മൺകൂനയിൽ 200 മീറ്റർ റൺവേയുണ്ടാക്കി രണ്ടുപേർക്ക് മാത്രം യാത്രചെയ്യാവുന്ന തരത്തിലുള്ള നേവിയുടെ വിമാനം പറത്തി ഉദ്ഘാടനം നടത്തിയത് എന്തിനാണ്? കണ്ണൂർ വിമാനത്താവളത്തിൽ നിന്നും യാത്ര ചെയ്യാൻ ടിക്കറ്റ് ലഭിക്കുമോ എന്നറിയുന്നതിനായി ധാരാളം ആളുകൾ ഞങ്ങളെ വിളിച്ചിരുന്നു. അങ്ങയുടെ പ്രദേശം കൂടിയല്ലേ; അങ്ങ് ഇത് തടയണ്ടേ? നമ്മുടെ നാടിനുപോലും നാണക്കേടുണ്ടാക്കിയ കണ്ണൂർ എയർപോർട്ടിന്റെ പ്രവൃത്തി കഴിഞ്ഞ ഒമ്പതുമാസത്തിനുള്ളിൽ ശരവേഗം നീങ്ങുകയാണ്. അവിടെ ചുറ്റുമുള്ള റോഡുകൾ ഏറ്റെടുത്തിരിക്കുന്നു, മഴവെള്ള ഡ്രെയിനേജ്, ടെർമിനൽ, അഡ്മിനിസ്ട്രേറ്റീവ് കോംപ്ലക്സ്, ഗ്രൗണ്ട് ഹാന്റിലിംഗ് കോംപ്ലക്സ് എന്നിവ പൂർത്തിയാക്കി, വരുന്ന ഒക്ടോബറിലോ നവംബറിലോ ഉദ്ഘാടനം ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊള്ളണം. ഇന്നലേയും പത്രത്തിൽ അതിന്റെ ചിത്രമുണ്ടായിരുന്നു. ടെർമിനലിലേയ്ക്കുള്ള പാത കോൺക്രീറ്റ് ചെയ്യുന്ന ജോലി പുരോഗമിക്കുകയാണ്. പണ്ട് സ്ഥാനാർത്ഥി സാറാമ്മ തോട്ടിൻകരയിൽ വിമാനമിറക്കാൻ താവളമുണ്ടാക്കിയെന്ന് പറയുന്നതുപോലെ ബഹുമാന്യനായ ഉമ്മൻ ചാണ്ടിയുടെ ഗവൺമെന്റ് തോട്ടിൻകരയിലും വിമാനം ഇറക്കിയ ഗവൺമെന്റാണ്. ഇത് അപമാനമാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, നിങ്ങളിവിടെ കമ്മീഷൻ ചെയ്യാൻ പോകുന്നുവെന്ന് പറയുന്നത് കഴിഞ്ഞ ഗവൺമെന്റ് തുടങ്ങിവച്ച പദ്ധതികളുടെ പൂർത്തീകരണമാണ്. അല്ലാതെ ഒമ്പത് മാസം കൊണ്ട് നടന്നതല്ല.

ശ്രീ. രാജു എബ്രഹാം: സർ, കണ്ണൂർ എയർപോർട്ടിനെ സംബന്ധിച്ച് എന്നെക്കാൾ കൂടുതൽ അങ്ങേയ്ക്കറിയാമല്ലോ? സഖാവ് ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരുന്ന കാലത്തല്ലേ കണ്ണൂർ എയർപോർട്ട് എന്ന ആശയം കൊണ്ടുവന്നത്? അതിനല്ലേ മട്ടന്നൂരിൽ സ്ഥലമെടുത്തത്? അന്ന് നിയമസഭയിൽ ഞാനും അങ്ങും ഉണ്ടായിരുന്നല്ലോ? അങ്ങനെയുള്ള വാദങ്ങൾ കൊണ്ടുവരരുത്. അത് തെറ്റാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, കണ്ണൂർ എയർപോർട്ട് എന്ന ആശയം ആരുടേതാണ്?

ശ്രീ. രാജു എബ്രഹാം: സർ, സഖാവ് ഇ. കെ. നായനാരുടെ ആശയമാണ്. നിങ്ങൾ ഒന്നും ചെയ്തില്ലായെന്ന് ഞാൻ പറഞ്ഞില്ല. നിങ്ങൾ അതിന്റെ നിർമ്മാണം തുടങ്ങി, അത് ഞാൻ അംഗീകരിക്കുന്നു. എന്നാൽ ഞങ്ങളുടെ പ്രവൃത്തികളെ തിരസ്കരിക്കുന്നത് ശരിയല്ല.

ഡോ. ടി. എം. തോമസ് ഐസക് ബഡ്ജറ്റിൽ 150 കോടി രൂപ വകയിരുത്തിയതു കൊണ്ടാണ് കൊച്ചി മെട്രോയുടെ മേൽപ്പാല നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ സാധിച്ചത്. പിന്നീട് കേന്ദ്രഗവൺമെന്റ് അതിന് അനുമതി കൊടുക്കാതെ അട്ടിമറിച്ചില്ലേ? എന്നാൽ ഇപ്പോൾ അവിടെയുള്ള തടസ്സങ്ങളെല്ലാം മാറ്റി. കൊച്ചി മെട്രോയുടെ നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കണമെന്നാണ് ഞങ്ങൾ അഭ്യർത്ഥിക്കുന്നത്.

അതുപോലെ 38 ബോട്ട് ജെട്ടികളെ കൂട്ടിയിണക്കുന്ന വാട്ടർ മെട്രോ പ്രോജക്ടിന്റെ നിർമ്മാണോദ്ഘാടനം നടന്നുകഴിഞ്ഞു, അത് അതിവേഗം മുന്നേറുകയാണ്. 16 ബോട്ട് ജെട്ടികളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായി. അവശേഷിക്കുന്ന പ്രവർത്തനവും ഈ ഗവൺമെന്റ് സമയബന്ധിതമായി പൂർത്തിയാക്കി മാതൃക കാണിക്കണമെന്നാണ് ഞങ്ങൾക്ക് അഭ്യർത്ഥിക്കാനുള്ളത്.

എൽ.ഡി.എഫ്. ഗവൺമെന്റ് കേന്ദ്രത്തിൽ ചെന്നപ്പോൾ യു.പി.എ. ഗവൺമെന്റ് വിഴിഞ്ഞം തുറമുഖത്തെക്കുറിച്ച് എന്താണ് പറഞ്ഞത്? ചൈനീസ് കമ്പനിയാണ്, അതുകൊണ്ട് അനുമതി നൽകാൻ കഴിയില്ല, കരാർ നിങ്ങൾ അട്ടിമറിച്ചു എന്നാണ്. നിങ്ങൾ കരാർ വച്ചു; എന്നാൽ ലാന്റ് ലോർഡ് വ്യവസ്ഥ മാറ്റി അദാനി ഗ്രൂപ്പ് ഓഫ് കമ്പനീസിന് വർക്ക് കൊടുത്തു. മുഖ്യമന്ത്രി പ്രഖ്യാപിച്ചത് ഞങ്ങൾ അട്ടിമറിക്കുന്നില്ല, അദാനി ഗ്രൂപ്പ് തന്നെ തുറമുഖം പണിയട്ടെ എന്നാണ്. എല്ലാ പിൻതുണയും നൽകി സമയബന്ധിതമായി ആ പോർട്ടിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കാനും റെയിൽ കണക്ടിവിറ്റി ഉൾപ്പെടെ നടപ്പിലാക്കാനും ആവശ്യമായ പ്രവർത്തനം ഈ ഗവൺമെന്റ് ആരംഭിക്കുകയാണ്.

ബഹുമാനപ്പെട്ട വി.എസ് അച്യുതാനന്ദൻ സ്മാർട്ട് സിറ്റി പദ്ധതിക്ക് എഗ്രിമെന്റ് ഒപ്പിട്ട് നിർമ്മാണപ്രവർത്തനം തുടങ്ങിയതാണ്. എന്നാൽ യു.ഡി.എഫ്.ന്റെ അഞ്ചു വർഷക്കാലം അതിനുവേണ്ടി ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. ഒരു കെട്ടിടം പണി കഴിപ്പിച്ച് അവിടെ ഒരു ബാർബർ ഷോപ്പ് പോലെ എന്തോ കൊണ്ടുവന്ന് ഉദ്ഘാടനം നടത്തി. അത് സ്മാർട്ട് സിറ്റി ആകുമോ? സ്മാർട്ട് സിറ്റി ഉദ്ഘാടനം ചെയ്യണമെങ്കിൽ ഒന്നേകാൽലക്ഷം പേർക്ക് ഐ.ടി. രംഗത്ത് തൊഴിൽ കൊടുക്കണം. അതിനാവശ്യമായ കർമ്മപദ്ധതിയാണ് ഉണ്ടാകേണ്ടത്. അത്തരത്തിലുള്ള സ്മാർട്ട് സിറ്റിയുടെ നിർമ്മാണമാണ് ഇപ്പോൾ അതിവേഗം മുന്നോട്ടുപോകുന്നത്. 2019-ലോ 2020-ലോ അതിന്റെ ഉദ്ഘാടനം നടത്താനാവശ്യമായ നടപടികൾ എത്രയും വേഗം പൂർത്തിയാക്കണമെന്നാണ് ഞങ്ങൾ അഭ്യർത്ഥിക്കുന്നത്.

ശബരി റെയിൽ പദ്ധതി വർഷങ്ങളായുള്ള നമ്മുടെ ആവശ്യമാണ്. ഈ സർക്കാർ അധികാരത്തിൽ വന്ന് രണ്ട് മാസത്തിനുള്ളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഫണ്ട് അനുവദിക്കണമെന്ന ആവശ്യമുന്നയിച്ച് പ്രധാനമന്ത്രിയെ കണ്ടില്ലേ? 213 കോടി രൂപ കേന്ദ്രം അനുവദിച്ചില്ലേ? അപ്പോൾ നടപടി നടത്തണമെങ്കിൽ നടത്താം. നിങ്ങളുടെ കാലഘട്ടത്തിൽ ഒന്നും ചെയ്തില്ലെന്ന് ഞാൻ പറയുന്നില്ല. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോൾ ശബരി റെയിൽ പദ്ധതിയുടെ അലൈൻമെന്റ് സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കാൻ ഞങ്ങളെ വിളിച്ചതാണ്. ആ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിഞ്ഞ സർക്കാർ മുന്നോട്ടുവന്നു എന്നുള്ള കാര്യത്തിൽ ഒരു തർക്കവുമില്ല. പക്ഷേ ഇപ്പോൾ ശബരി റെയിൽ പദ്ധതി യാഥാർത്ഥ്യമാകുകയാണ്. ഈ പദ്ധതിയുമായി മുന്നോട്ടുപോകുമ്പോൾ അതിന്റെ ഫിഷ്പ്ലേറ്റ് ഇളക്കുന്നതിനുള്ള നടപടികളുണ്ടാകരുതെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ഹൈസ്പീഡ് കോറിഡോർ, ലൈറ്റ് മെട്രോ തുടങ്ങിയവ സംബന്ധിച്ച ചർച്ചകൾ എത്രയോ വർഷങ്ങളായി നടക്കുകയാണ്. 'ലൈഫ് പദ്ധതി' ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോകണം. ഡിജിറ്റൽ സ്മാർട്ട് ക്ലാസ്റൂം പോലുള്ള മാതൃകാപരമായ ഒട്ടേറെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഇവിടെ ചർച്ച ചെയ്തതാണ്. ഗവർണറുടെ പ്രസംഗം കഴിയുമ്പോൾ തന്നെ കാര്യങ്ങൾ നടപ്പാകുന്ന ഒരു സമ്പ്രദായം കേരളത്തിൽ ആദ്യമായിട്ടല്ലേ; അക്കാര്യം ഗവർണർ തന്നെ പറഞ്ഞില്ലേ? അദ്ദേഹം അത്ഭുതപ്പെട്ടുപോയി. താൻ പ്രസംഗിച്ച കാര്യങ്ങൾ നടപ്പിലാകാൻ തുടങ്ങുന്നുവെന്ന് ഒരു ഗവർണർ പറഞ്ഞ ഇന്ത്യയിലെ ആദ്യ സംസ്ഥാനമായിരിക്കും കേരളം. നയപ്രഖ്യാപനം കഴിഞ്ഞ് ഒമ്പത് മാസം കഴിഞ്ഞപ്പോൾ ഒ.ഡി.എഫ്. പ്രഖ്യാപിച്ചു. ശൗചാലയമില്ലാത്ത ലക്ഷക്കണക്കിന് വീടുകൾക്ക് ശൗചാലയം നിർമ്മിച്ചു കൊടുത്തില്ലേ? വീടില്ലാത്തവരെയും പെൻഷനില്ലാത്ത പാവപ്പെട്ടവരെയും സംരക്ഷിച്ചില്ലേ? വിമാനത്താവളം വരെ നിർമ്മിക്കുന്ന ഗവൺമെന്റ് എന്ന നിലയിലാണ് ഈ ഗവൺമെന്റ് മുന്നോട്ടുവരുന്നത്. ശബരിമലയ്ക്കടുത്തുള്ള വിമാനത്താവളത്തിന്

ഈ ഗവൺമെന്റ് അംഗീകാരം നൽകിയിരിക്കുന്നു എന്നത് ചെറിയ കാര്യമല്ല. പ്രവാസികൾക്കായി നയം പ്രഖ്യാപിച്ചിരിക്കുന്നു. വിദേശരാജ്യങ്ങളിൽ ജയിലിൽ കിടക്കുന്ന പ്രവാസികൾക്ക് ചെറിയ നിയമസഹായം കൊടുത്താൽ അവരിൽ 70 ശതമാനം പേരെയും പുറത്തുകൊണ്ടുവരാൻ കഴിയും. അതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഈ നിലയിൽ ഗവൺമെന്റ് നന്നായി മുന്നോട്ടുപോകുമ്പോൾ ചില അജണ്ടകൾ ഉപയോഗിച്ച്, തടവുകാരെ മോചിപ്പിക്കാനുള്ള ശ്രമമെന്നുള്ള രീതിയിലാണ് ഇവിടെ ബഹളം വച്ചത്. അതിന് ഈ ഗവൺമെന്റാണോ ഉത്തരവാദി? ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയും ശ്രീ. രമേശ് ചെന്നിത്തല ആഭ്യന്തര വകുപ്പുമന്ത്രിയും ആയിരുന്നപ്പോൾ തടവുകാരെ മോചിപ്പിക്കാൻ വേണ്ടി 5-8-2015-ലും 12-8-2015-ലുമുള്ള മന്ത്രിസഭാ യോഗതീരുമാനത്തിന്റെ പിതൃത്വമെടുത്ത് ശ്രീ. പിണറായി വിജയന്റെ തലയിൽ വയ്ക്കുന്നത് എത്ര നാണംകെട്ട രീതിയാണ്? ഇതാണോ വലിയ ചർച്ചയാക്കി കൊണ്ടു വരുന്നത്.

<u>മി. ചെയർമാൻ</u>: ശ്രീ. രാജു എബ്രഹാം...... രണ്ട് മിനിറ്റ് അധികമായി...... പ്ലീസ്..... കൺക്ലൂഡ്........ പ്ലീസ്......

<u>ശ്രീ. രാജു എബ്രഹാം</u>: സർ, അരിയുടെ കാര്യം നമ്മൾ ഇവിടെ ചർച്ച ചെയ്തു. പ്രൊഫ. കെ. വി. തോമസിന്റെ ഫോട്ടോ കേരളത്തിലെ റേഷൻ കടകളിൽ വയ്ക്കണം. അദ്ദേഹമല്ലേ ഇതുമുഴുവൻ കൊണ്ടുവന്നത്; കസ്തൂരിരംഗൻ റിപ്പോർട്ട് ശ്രീ. മൻമോഹൻ സിംഗും ശ്രീ. ജയറാം രമേശുമല്ലേ കൊണ്ടുവന്നത്. എന്നിട്ട് ബഹുമാനപ്പെട്ട കെ. സി. ജോസഫ് ഇവിടെ പ്രമേയം അവതരിപ്പിക്കുകയാണ്. ആ പ്രമേയം പിൻവലിച്ച് മാപ്പ് പറയണം. കേരളത്തിനുവേണ്ടിയാണ് ഈ ഗവൺമെന്റ് പ്രവർത്തിക്കുന്നത്. അഴിമതിക്കെതിരായ പോരാട്ടത്തിൽ വിജിലൻസ് രാജ് എന്നുപറഞ്ഞ് കരയാതെ, വിജിലൻസിനോട് കൈകോർക്കണം. ഹൈക്കോടതി തീരുമാനങ്ങൾ തിരുത്തേണ്ടതുണ്ടെങ്കിൽ തിരുത്തണം. അഴിമതിക്കെതിരായ പോരാട്ടം ശക്തിപ്പെടുത്താൻ ഈ ഗവൺമെന്റ് സജ്ജവും പ്രതിജ്ഞാബദ്ധവുമാണ്. അതിന് കൈകോർക്കാൻ ബഹുമാനപ്പെട്ട പ്രതിപക്ഷം തയ്യാറാകണം എന്ന് അഭ്യർത്ഥിച്ചു കൊണ്ട് ശ്രീ. എ. പ്രദീപ്കുമാറിന്റെ പ്രമേയത്തെ ഒരിക്കൽക്കൂടി അനുകൂലിച്ചു കൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപനത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. എ. പ്രദീപ്കുമാർ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ ശക്തമായി എതിർക്കുന്നു. ഞങ്ങളുടെ ഭരണകാലത്ത് ഉദ്ഘാടനം ചെയ്ത പദ്ധതികളുടെ ആശയം അവരുടേതാണെന്ന് ബഹുമാനപ്പെട്ട അംഗം വീരവാദം മുഴക്കി. ആശയങ്ങൾ ആർക്കാണില്ലാത്തത്? ഇവിടെ ഇരിക്കുന്ന എല്ലാ എം.എൽ.എ.-മാരും നല്ല ആശയമുള്ളവരാണ്. എന്നാൽ അത് നടപ്പിലാക്കണം. അതിനാവശ്യമായ ഫണ്ട് വേണം. അവിടെയാണ് ഒരു ഗവൺമെന്റിന്റെ ഇച്ഛാശക്തിയെ പൊതുപ്രവർത്തകരും ജനപ്രതിനിധികളുമായ ഞങ്ങളൊക്കെ നോക്കിക്കാണുന്നത്. കഴിഞ്ഞ സർക്കാരിന്റെ

കാലഘട്ടത്തിൽ കൊണ്ടുവന്ന പല പദ്ധതികളും ഇന്ന് പൂർത്തീകരണത്തിലെത്തിയപ്പോൾ നിങ്ങൾ ഉദ്ഘാടനം ചെയ്യുന്നു. അല്ലാതെ വേറെയൊന്നും ഇവിടെ സംഭവിക്കുന്നില്ല. അധികാരത്തിൽ വന്ന് എട്ട് മാസം കഴിയുമ്പോൾ നിങ്ങളുടേതായ ഒരു പദ്ധതി തുടങ്ങിവയ്ക്കാനോ എടുത്തുപറയത്തക്ക രീതിയിലുള്ള ഒരു കാര്യം ചെയ്യാനോ സാധിച്ചിട്ടില്ല എന്ന നഗ്നസത്യം മറച്ചുവച്ചുകൊണ്ടാണ് ഇടതുപക്ഷത്തുള്ള എം.എൽ.എ.-മാർ ഇങ്ങനെ സംസാരിക്കുന്നത്. സ്വാഭാവികമായും ഗവൺമെന്റിനുവേണ്ടി സംസാരിക്കേണ്ടത് നിങ്ങളുടെ കർത്തവ്യമാണെന്നുള്ളതും ഞങ്ങൾ മനസ്സിലാക്കുന്നു.

സമ്പൂർണ്ണ വൈദ്യുതീകരണം കഴിഞ്ഞ സർക്കാരിന്റെ തുടർച്ചയാണ്. എം.എൽ.എ. എന്ന നിലയിൽ ഞങ്ങൾക്കൊക്കെ അതിൽ പങ്കുണ്ട്. എന്തിനേയും പോസിറ്റീവായി എടുക്കുന്ന നയം യു.ഡി.എഫ്-നുണ്ട്. നിങ്ങൾ കൊണ്ടുവരുന്ന നല്ല കാര്യങ്ങളെ ഞങ്ങൾ പോസിറ്റീവായി എടുക്കും. സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തീകരിക്കാൻ എം.എൽ.എ. എന്ന നിലയിൽ ഞങ്ങളും ഫണ്ട് കൊടുത്തിട്ടുണ്ട്. അത് നാടിന്റെ വികസനത്തിന് ആവശ്യമാണ്. അത് നിങ്ങളുടേത് മാത്രമാണെന്നും നിങ്ങളാണ് അത് തീർത്തതെന്നും അവകാശപ്പെടുന്നതിൽ യാഥാർത്ഥ്യമൊന്നുമില്ല. അതുപോലെ ഒ.ഡി.എഫ്.-ഉം തുടർച്ചയുടെ ഭാഗമായിട്ടാണ് നടക്കുന്നത്. ഒ.ഡി.എഫ്. പൂർത്തീകരിച്ചുവെന്ന് പത്രവാർത്തയുടെ അടിസ്ഥാനത്തിൽ പറയാം. അല്ലെങ്കിൽ നമുക്ക് വീരവാദം മുഴക്കാം. എന്നാൽ ആത്മാർത്ഥമായി പരിശോധന നടത്തിയാൽ എത്രപേർക്ക് കക്കൂസ് ഇല്ലെന്നും 100 ശതമാനം ഇത് പൂർത്തീകരിച്ചിട്ടുണ്ടോയെന്നും അറിയാൻ സാധിക്കും.

സ്ത്രീ സുരക്ഷയുടെ പേര് പറഞ്ഞാണ് ഈ സർക്കാർ അധികാരത്തിലേറിയത്. ജിഷാ വധവുമായി ബന്ധപ്പെട്ട് എല്ലാ നിയോജക മണ്ഡലങ്ങളിലും ജിഷയുടെ ചിത്രം ഒട്ടിച്ച് പ്രചരണം നടത്തി. എന്നിട്ടും കേരളത്തിൽ സ്ത്രീ സുരക്ഷയുണ്ടോ? ഏറ്റവുമൊടുവിൽ നടന്ന സംഭവവികാസം നമുക്കറിയാം. നിങ്ങൾ അധികാരത്തിൽ വന്നാൽ നടപ്പാക്കുമെന്ന് പറഞ്ഞ ഒരു കാര്യവും നിങ്ങൾക്ക് നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

കഴിഞ്ഞ എട്ടുമാസമായി കേരളത്തിലെ ഭരണം ആകെ താറുമാറായി. ഉദ്യോഗസ്ഥർ നിശ്ചലം, ഭരണത്തിൽ കെടുകാര്യസ്ഥത, കൂട്ടുത്തരവാദിത്വമില്ലായ്മ ഇതൊക്കെ നമുക്കറിയാം. കേന്ദ്രഗവൺമെന്റ് നടപ്പിലാക്കുന്ന ജനദ്രോഹ നടപടികൾ ഭയന്നു കൊണ്ട് സംസ്ഥാന സർക്കാരിലാണ് ജനങ്ങൾ അഭയം തേടുന്നത്. അഭയം നൽകുന്നില്ലെന്ന് മാത്രമല്ല അതിലും വലിയ ജനദ്രോഹ നടപടികളാണ് സംസ്ഥാന സർക്കാർ ഇന്ന് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

പഴയ ഒരു സിനിമയുടെ കാര്യമാണ് ഇതുമായി ബന്ധപ്പെട്ട് എനിക്ക് ഓർമ്മ വരുന്നത്. ജോസ് പ്രകാശിന്റെ അടുത്തുനിന്ന് അഭയം തേടി ബാലൻ. കെ. നായരുടെ അടുത്ത് പോയ ഉണ്ണിമേരിയുടെ അവസ്ഥയാണ് ഇന്ന് കേരളത്തിലെ ജനങ്ങൾക്കുള്ളത്. കേന്ദ്രഗവൺമെന്റിൽ നിന്നും അഭയം തേടി സംസ്ഥാന ഗവൺമെന്റിലേയ്ക്ക് വന്നു കഴിഞ്ഞപ്പോൾ സംസ്ഥാന ഗവൺമെന്റ് നടത്തുന്ന ഒരു പ്രക്രിയ ഇതാണ്. ഇന്ന് കേരളത്തിലെ പാവപ്പെട്ട ജനങ്ങളുടെ അവസ്ഥ ഇതാണെന്നുപറയുമ്പോൾ നമുക്ക് ആർക്കെങ്കിലും അതിനെ എതിർക്കാൻ പറ്റുമോ?

സെക്രട്ടേറിയറ്റിലെ ഫയലുകൾ നീങ്ങാൻ വേണ്ടി ചീഫ് സെക്രട്ടറി ഒരു ഫയൽ പുട്ട്-അപ് ചെയ്തു. ആ ഫയലും നീങ്ങാത്ത അവസ്ഥയാണ്. അതാണ് സംസ്ഥാനത്ത് കാണാൻ സാധിക്കുന്നത്.

ആർ.എസ്.എസ്.-നെ നേരിടുന്നത് ഞങ്ങളാണെന്നാണ് ഇവർ വീരവാദം മുഴക്കുന്നത്. ആർ.എസ്.എസ്.-നെ നേരിടുന്നത് സി.പി.ഐ.(എം) മാത്രമാണോ? ആർ.എസ്.എസ്-നെയും ബി.ജെ.പി.-യെയും ഇന്ത്യയിൽ നേരിടുന്നത് കോൺഗ്രസ് പ്രസ്ഥാനമാണ്. ഞങ്ങളത് അഭിമാനത്തോടുകൂടിയാണ് പറയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മംഗലാപുരത്ത് പോയത് കഴിഞ്ഞ ദിവസം സോഷ്യൽ മീഡിയയിൽ വന്നതാണ്. ഇരട്ടച്ചങ്കുള്ള മുഖ്യമന്ത്രിയെന്നാണ് അദ്ദേഹത്തെ പറയുന്നത്. ഞങ്ങൾക്ക് അതിൽ സന്തോഷമുണ്ട്. കാരണം ശ്രീ. പിണറായി വിജയൻ കേരളത്തിലെ മുഖ്യമന്ത്രിയാണ്. അദ്ദേഹം ഇരട്ടച്ചങ്കുള്ള ആളാണ്. പക്ഷേ അദ്ദേഹത്തിന് മംഗലാപുരത്തു ചെന്ന് ആർ.എസ്.എസ്.ന് എതിരെ വീരവാദം മുഴക്കി പ്രസംഗിക്കാൻ, ഒരു തരി മണൽ പോലും അദ്ദേഹത്തിന്റെ ദേഹത്ത് വീഴാതെ വാളേന്തി ഫുൾ പ്രൊട്ടക്ഷൻ നൽകിയത് കർണ്ണാടകയിലെ മുഖ്യമന്ത്രി ശ്രീ. സിദ്ധരാമയ്യയാണ്. ഇരട്ടച്ചങ്കുള്ള നമ്മുടെ മുഖ്യമന്ത്രിയെ സംരക്ഷിച്ച കർണ്ണാടകയിലെ കോൺഗ്രസ് മുഖ്യമന്ത്രിക്ക് എത്ര ചങ്കുണ്ടെന്ന് നിങ്ങൾ വിലയിരുത്തണം.

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്.....അങ്ങയുടെ സമയം കഴിഞ്ഞു.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, അതുപോലെ കർണ്ണാടകയിൽ ടിപ്പുസുൽത്താന്റെ ജന്മദിനം ആഘോഷിക്കാൻ പറ്റില്ലെന്ന് ആർ.എസ്.എസ്. പറഞ്ഞപ്പോൾ കർണ്ണാടകയിലാകെ ടിപ്പു സുൽത്താന്റെ ജന്മദിനം ആഘോഷിക്കാൻ തന്റേടം കാണിച്ചത് ആർ.എസ്.എസ്.-നെതിരായി നിലപാട് എടുത്ത അവിടത്തെ കോൺഗ്രസ് ഗവൺമെന്റാണ്.

<u>മി. ചെയർമാ</u>ൻ: അങ്ങ് പ്രസംഗം അവസാനിപ്പിക്കണം. അങ്ങ് മൂന്ന് മിനിട്ട് അധികമെടുത്തു. പ്ലീസ് കൺക്ലൂഡ്...

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. എസ്.എഫ്.ഐ.-യുടെ നട്ടെല്ലില്ലാത്ത പ്രവൃത്തിയാണ് ലാ അക്കാദമി സമരത്തിൽ കണ്ടത്. എസ്.എഫ്.ഐ.-യുടെ ചാർജ്ജുള്ള പോളിറ്റ് ബ്യൂറോ അംഗം ഇപ്പോൾ വൃന്ദാ കാരാട്ട് അല്ല, ലക്ഷ്മി നായരാണ്. ലക്ഷ്മി നായരുടെ വാക്ക് കേട്ടുകൊണ്ടല്ലേ എസ്.എഫ്.ഐ. ലാ അക്കാദമി സമരത്തിൽ നിന്നും പിന്മാറിയത്? അങ്ങനെ നാണംകെട്ട സമീപനമാണ് ഇന്ന് എസ്.എഫ്.ഐ. അടക്കം എടുത്തത്....(ബഹളം)..... എ.ഐ.വൈ.എഫ്-ന്റെ ചങ്കൂറ്റം കാണിക്കാൻ എസ്.എഫ്.ഐ.-യ്ക്ക് സാധിക്കുന്നില്ല. അതുകൊണ്ട് ഈ ഗവൺമെന്റിന്റെ നയപ്രഖ്യാപനത്തെ ഞാൻ ശക്തമായി എതിർക്കുന്നു.

ശ്രീമതി സി. കെ. ആശ: സർ, ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന ത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. എ. പ്രദീപ് കുമാർ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു.

ഭൂമിയെ തൊട്ട് ജീവിക്കുകയും സങ്കടങ്ങളും വ്യഥകളും ജീവിതത്തിലുണ്ടെങ്കിലും ആത്മാഭിമാനം കാത്തുസൂക്ഷിച്ച് ജീവിക്കുന്നവരാണ് കേരളത്തിലെ കർഷക-മത്സ്യത്തൊഴിലാളികളും കയർ, കശുവണ്ടി, തോട്ടം-കയർ മേഖലകളിലെ തൊഴിലാളികളുമെന്ന് നാം മനസ്സിലാക്കണം. അതുപോലെ ഇതുവരെ വികസനങ്ങളിൽനിന്ന് ഒഴിവാക്കി നിർത്തിയിരുന്ന ദരിദ്രരും വിധവകളും വയോധികരും മാരകരോഗികളും ഗോത്രവർഗ്ഗക്കാരും ഉൾപ്പെടുന്ന ദുർബല വിഭാഗത്തിൽപ്പെട്ടവരെയാണ് യു.ഡി.എഫ്. മറന്നുപോയത്. ഇത് ഒരു നയത്തിന്റെ ഭാഗമാണ്. കോൺഗ്രസ് കൊണ്ടുവന്ന ആഗോളവൽക്കരണനയം ഈ വിഭാഗങ്ങളെ സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിലേയ്ക്ക് തള്ളിവിട്ടു. മാത്രമല്ല, സർവ്വംസഹയായ ഭൂമിയെ കരയിപ്പിക്കുന്നവരുടെ കൂടെയും ഈ നയമുണ്ടായിരുന്നു. അതുകൊണ്ടാണ് ഭൂമാഫിയയെയും വൻകോർപ്പറേറ്റുകളെയും സ്ത്രീപീഡകരെയും കൊലയാളികളെയും യു.ഡി.എഫ്.-കാർ സംരക്ഷിച്ചത്. ആ നയത്തിന് ഒരു ബദലുണ്ടാക്കാനാണ് എൽ.ഡി.എഫ്. സർക്കാർ ശ്രമിക്കുന്നത്. അതിന് പൊതുസമൂഹത്തിന്റെ പിന്തുണയുണ്ട്. പ്രതിപക്ഷം രാഷ്ട്രീയമായി അതിനെ എതിർത്താലും ജനാധിപത്യപരമായി ഈ നയത്തെ പിന്തുണയ്ക്കേണ്ടതുണ്ട്. കാരണം ഇതൊരു നവകേരള സൃഷ്ടിക്കുള്ള കർമ്മപദ്ധതിയാണ്. ജനങ്ങളുടെ ജീവിതവും ജീവനോപാധികളും അവരുടെ അഭിലാഷങ്ങൾക്കനുസരിച്ച് നിറവേറ്റാൻ ഭരണകൂടം രൂപാന്തരപ്പെടുത്തുന്നതാണ് ഈ പദ്ധതി. യുക്തിപൂർവ്വമായ വിലയിരുത്തലും ക്രമാനുഗതമായ ആസൂത്രണവും ശ്രദ്ധാപൂർവ്വമായ നടപ്പാക്കലും വിതരണവുമാണ് നവകേരള കർമ്മപദ്ധതിയിലൂടെ അടിസ്ഥാനമായി പറഞ്ഞിട്ടുള്ളത്. എല്ലാവർക്കും ഭക്ഷണവും വസ്ത്രവും പാർപ്പിടവും വിദ്യാഭ്യാസവും ആരോഗ്യസംരക്ഷണവും ഉറപ്പുനൽകുന്ന തോടൊപ്പം സ്ത്രീ സുരക്ഷയും ഡിജിറ്റൽ സമത്വവും ലിംഗസമത്വവും കൂടി ഈ പദ്ധതി വിഭാവന ചെയ്യുന്നുണ്ട്. തെരഞ്ഞെടുപ്പ് പത്രികയിലെ 'പരിസ്ഥിതി സൗഹാർദ്ദ കേരളം' എന്ന മുദ്രാവാക്യം സാക്ഷാത്കരിക്കുക എന്നതാണ് സർക്കാരിന്റെ അടിസ്ഥാന ലക്ഷ്യം. അതിനാണ് 'ഹരിത കേരളം മിഷൻ' ഇപ്പോൾ ആവിഷ്കരിച്ചിരിക്കുന്നത്. ഇതിലൂടെ പഴയ കാർഷിക സംസ്കൃതിയേയും പ്രകൃതിയേയും പരിസ്ഥിതിയേയും തണ്ണീർത്തടങ്ങളേയും വയലേലകളേയും നമുക്ക് തിരിച്ചുപിടിക്കാനാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

സ്വാമി വിവേകാനന്ദൻ പറഞ്ഞത് 'മനുഷ്യനെ പൂർണ്ണനാക്കുന്ന പ്രക്രിയയാണ് വിദ്യാഭ്യാസ'മെന്നാണ്. അതിൽ മൂല്യാധിഷ്ഠിതമായ ഒരു വിദ്യാഭ്യാസ സമ്പ്രദായമാണ് നമുക്കുണ്ടാകേണ്ടത്. ആ വിദ്യാഭ്യാസ സമ്പ്രദായത്തിലാണ് ഇന്ന് പാളിച്ച വന്നിരിക്കുന്നത്. അത് തിരിച്ചുപിടിക്കുന്നതിന് നമ്മുടെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ, മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിലൂടെ, ഒരു പ്രബുദ്ധ കേരളം നമുക്ക് സൃഷ്ടിക്കാനാവുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

'പാമ്പുകൾക്ക് മാളമുണ്ട്, പറവകൾക്ക് ആകാശമുണ്ട്,

മനുഷ്യപുത്രന് തലചായ്ക്കാൻ മണ്ണിലിടമില്ല' എന്ന ഗാനം വരുന്ന അഞ്ച് വർഷത്തിനകം മാറ്റി പാടേണ്ടിവരും. കാരണം ഭൂരഹിതരും ഭവന രഹിതരും 'ലൈഫ്' പദ്ധതിയുടെ നടത്തിപ്പിലൂടെ 5 വർഷങ്ങൾക്കപ്പുറം കേരളത്തിലുണ്ടാകുകയില്ല എന്ന യാഥാർത്ഥ്യം നാം ഉൾക്കൊണ്ടേ പറ്റൂ.

'ആരോഗ്യ കേരളം' എന്ന സങ്കൽപ്പം രോഗാതുര കേരളം എന്ന ദാരുണാവസ്ഥയിലേയ്ക്ക് മാറിക്കൊണ്ടിരിക്കുമ്പോൾ ആരോഗ്യ സംരക്ഷണത്തിനുള്ള ജനങ്ങളുടെ അവകാശം സാധിക്കുന്നതിനാണ് ആരോഗ്യ മേഖലയിൽ സർക്കാർ 'ആർദ്രം മിഷൻ' നടപ്പിലാക്കിയിരിക്കുന്നത്. ഇവ നടപ്പിലാക്കുക വഴി വികസന കാര്യത്തിൽ കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്നാൽ ഇതിനെല്ലാം നേതൃത്വം കൊടുക്കുന്ന കേരളത്തിലെ മുഖ്യമന്ത്രിയുടെ മംഗലാപുരം യാത്രയെക്കുറിച്ച് ഇന്നിവിടെ ശ്രീ. അൻവർ സാദത്ത് വീരസ്യം പറയുന്നത് കേട്ടു. അത് യാഥാർത്ഥ്യമല്ലെന്ന് ഞാൻ തെളിയിച്ചുതരാം. ശ്രീ. സിദ്ധരാമയ്യയുടെ കഴിവുകൊണ്ടാണ് ശ്രീ. പിണറായി വിജയന് മംഗലാപുരത്ത് പോകാൻ സാധിച്ചതെന്നാണ് ഇവിടെ പറഞ്ഞത്. ഇന്ത്യൻ ഫാസിസം മംഗലാപുരത്ത് ആയുധം വച്ച് കീഴടങ്ങിയത് മതേതരവാദികളുടെയും മതനിരപേക്ഷ രാഷ്ട്രീയത്തിന്റെയും വിജയവും ഫാസിസ്റ്റ് രാഷ്ട്രീയത്തിന്റെ വൻ പരാജയവുമാണെന്ന് ഇവർ മനസ്സിലാക്കണം. ചരിത്രം കമ്മ്യൂണിസ്റ്റുകാരന് പൂമെത്തയല്ല. ഓരോ കമ്മ്യൂണിസ്റ്റും പൂവിരിപ്പാതയും പുഷ്പവൃഷ്ടിയും മോഹിച്ചായിരുന്നില്ല കമ്മ്യൂണിസ്റ്റായത്. സഞ്ചാര സ്വാതന്ത്ര്യത്തിനായി ഐതിഹാസിക സത്യാഗ്രഹം നടന്ന വൈക്കത്തിന്റെ മണ്ണിൽ നിന്നാണ് ഞാൻ വരുന്നത്. സഞ്ചാര സ്വാതന്ത്ര്യവും അഭിപ്രായ സ്വാതന്ത്ര്യവും ഭരണഘടന ഒരു പൗരന് നൽകുന്ന മൗലിക അവകാശങ്ങളാണ്. അത് ആരുടെയും ഔദാര്യമല്ല. ശ്രീ. സിദ്ധരാമയ്യയുടെ ഔദാര്യം കൊണ്ടല്ല ഭരണഘടന നൽകുന്ന അവകാശം കൊണ്ടാണ് ശ്രീ. പിണറായി വിജയൻ മംഗലാപുരത്ത് പോയത്.

നമുക്ക് അൽപ്പം പുറകോട്ട് ചിന്തിക്കാം. ഇന്ത്യയുടെ മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി വെടിയേറ്റുവീണത് എസ്.പി.ജി. സുരക്ഷയ്ക്ക് നടുവിലാണ്. ജനക്കൂട്ടത്തിനിടയിലാണ് മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധി തീഗോളമായത്. മാളത്തിൽ നിന്നുമാണ് സദ്ദാം ഹുസൈനെ പിടികൂടിയത്. ചാരമിഴിയെ പരാജയപ്പെടുത്തിയാണ് വേൾഡ് ട്രേഡ് സെന്റർ തകർന്നുവീണത്. തുനിഞ്ഞിറങ്ങിയാൽ ആർക്കും ആരെയും കൊല്ലാനും എന്തിനെയും നശിപ്പിക്കാനും കഴിയുമെന്ന് ഇതിൽ നിന്നെല്ലാം നാം മനസ്സിലാക്കണം. പക്ഷേ കൊല്ലാനുള്ള കഴിവല്ല, മരിക്കാനുള്ള സന്നദ്ധതയാണ് ധീരത. പൻസാരെയും കൽബുർഗിയും എണ്ണമറ്റ രക്തസാക്ഷികളും ആ ധീരത കൊണ്ടാണ് നട്ടെല്ല് നിവർത്തി കടന്നുപോയത്. ഭീഷണിയിൽ ഭയന്നോടുന്നവരല്ല പോരാളികൾ.

ലോകത്തിന് മാതൃകയായി കേരളം മാറിയതിന് പിന്നിൽ നവോത്ഥാന നായകരുടെ ചിന്തകൾക്കും പ്രവർത്തനങ്ങൾക്കും ഒപ്പം കേരളത്തിലെ കമ്മ്യൂണിസ്റ്റ് നേതാക്കൾ അനുഭവിച്ച ത്യാഗത്തിനും പങ്കുണ്ടെന്ന കാര്യം നിങ്ങൾ വിസ്മരിക്കരുത്. അത്തരം ത്യാഗങ്ങൾ അനുഭവിച്ച ധീരന്മാരിൽ ഒരാളാണ് ഇന്നത്തെ കേരള മുഖ്യമന്ത്രി. അതുകൊണ്ട് ഞാൻ വീണ്ടും ആവർത്തിക്കുന്നു, ചരിത്രം കമ്മ്യൂണിസ്റ്റുകാരന് ഒരു പൂമെത്തയല്ല. ശ്രീ. പിണറായി വിജയൻ പൂവിരിപ്പാതയും പുഷ്പവൃഷ്ടിയും മോഹിച്ചു കൊണ്ടായിരുന്നില്ല കമ്മ്യൂണിസ്റ്റായത്. ഇവിടത്തെ കോൺഗ്രസ്സുകാരും സംഘ്പരിവാർ ഫാസിസ്റ്റ് ശക്തികളും അത് ഓർത്താൽ നന്ന്.

മാംഗ്ലൂർ സംഭവം ആദ്യത്തേതോ അവസാനത്തേതോ അല്ല. സംഘ്പരിവാർ അധികാരത്തിൽ വന്നതിനുശേഷം എതിർക്കുന്നവരെ കൊല്ലുകയും തടയുകയും ചെയ്യുന്നത് ഭരണം കിട്ടിയതിന്റെ അഹങ്കാരത്തിലാണ്. ജനാധിപത്യത്തെ ഇവർ ഭയക്കുകയാണ്, അതിൽ അവർക്ക് വിശ്വാസവുമില്ല. ഇതിനെയാണ് അസഹിഷ്ണുതയുടെ രാഷ്ട്രീയമെന്ന് പറയുന്നത്. ഇത് ജനങ്ങൾ തിരിച്ചറിയണമെന്ന് മാത്രം പറഞ്ഞുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. മോൻസ് ജോസഫ്:</u> സർ, ബഹുമാനപ്പെട്ട ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ടുള്ള പ്രമേയത്തെ ഞാൻ എതിർക്കുന്നു.

ശ്രീമതി സി. കെ. ആശ പറഞ്ഞവസാനിപ്പിച്ച വികാരത്തോടും മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ രാഷ്ട്രീയ രംഗത്തും ഇന്ത്യൻ മതേതരത്വം നിലനിർത്താൻ വേണ്ടി സ്വീകരിക്കുന്ന ധീരമായ നിലപാടിനോടും അഭിപ്രായവ്യത്യാസമില്ല. ആ ശക്തമായ നിലപാടിനെ ഞങ്ങളൊക്കെ അനുകൂലിക്കുകയാണ്. ഇന്ദിരാ ഗാന്ധിയും രാജീവ് ഗാന്ധിയുമൊക്കെ ഈ രാജ്യത്തിനുവേണ്ടി വീരമൃത്യു വരിച്ചത് രാജ്യം ഉയർത്തിപ്പിടിക്കുന്ന നിലപാടുകൾ സംരക്ഷിക്കാൻ വേണ്ടിയാണ്. അതും നമുക്ക് അഭിമാനം പകരുന്ന കാര്യങ്ങളാണ്. അത് വേദനയോടെയാണ് ഉൾക്കൊള്ളുന്നതെങ്കിലും രാജ്യത്തിനു വേണ്ടിയുള്ള ജീവാർപ്പണമായിരുന്നു. മഹാത്മജിയുടെ പാതയിലൂടെ രാജ്യം മുന്നോട്ടു പോകുന്ന പശ്ചാത്തലം ഓർക്കണം. പക്ഷേ ഇവിടെ എതിർക്കുന്നതെന്തിനെയാണ്? കഴിഞ്ഞ 115 വർഷത്തെ ചരിത്രത്തിൽ മുമ്പെങ്ങുമില്ലാത്ത വിധത്തിലുള്ള രൂക്ഷമായ വരൾച്ച സംസ്ഥാനം അഭിമുഖീകരിക്കുന്നതായി ബഹുമാനപ്പെട്ട ഗവർണർ അവതരിപ്പിച്ച നയപ്രഖ്യാപനത്തിൽ പറഞ്ഞിരിക്കുന്നു. ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി ഇപ്പോൾ അവതരിപ്പിച്ച സ്റ്റേറ്റ്മെന്റും അതാണ് സൂചിപ്പിക്കുന്നത്. പ്രശ്നത്തിന്റെ ഗൗരവം ഗവൺമെന്റ് ഉൾക്കൊള്ളുന്നുവെന്നുള്ളത് സ്വാഗതാർഹമാണ്. പക്ഷേ ഇതിനൊരു പരിഹാരമില്ല എന്നതാണ് ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. കേരള കോൺഗ്രസ് പാർട്ടിയിൽ സ്വതന്ത്രമായി, നിഷ്പക്ഷമായി നിൽക്കുമ്പോൾ സത്യസന്ധമായ വിലയിരുത്തലിന് ഒരു ബുദ്ധിമുട്ടുമില്ല. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ചൂണ്ടിക്കാണിക്കാൻ ശ്രമിച്ചത് അതിരൂക്ഷമായ ഈ പ്രശ്നത്തിന്റെ നടുവിൽ 22 ലക്ഷം രൂപ മാത്രമേ സർക്കാർ അനുവദിച്ചിട്ടുള്ളൂ എന്നതാണ്. അക്കാര്യം പരിശോധിക്കേണ്ടതാണ്. അതിനെ അനാവശ്യമായി കുറ്റപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നില്ല.

കിയോസ്കുകളിലൂടെ വെള്ളം നൽകാമെന്നാണ് ഇപ്പോൾ പറയുന്നത്. വരൾച്ച ഇത്രയും രൂക്ഷമല്ലാത്ത സമയത്ത് വാഹനങ്ങളിൽ വെള്ളം നൽകുകയാണ് ചെയ്തത്. ഇവിടെ ഒരു വാഹനത്തിൽപ്പോലും വെള്ളം എത്തിക്കാനുള്ള നടപടി സ്വീകരിച്ചിട്ടില്ല. ഒരു സ്വപ്നഭ്രമിയിൽ നിൽക്കുന്നതു പോലെ 'കിയോസ്കുകൾ' എന്ന് പറയുകയാണ്. കുടിവെള്ളം എവിടെ നിന്ന് ലഭിക്കും? ഈ ഗുരുതരാവസ്ഥ കണക്കിലെടുത്ത് എന്റെ നിയോജകമണ്ഡലമായ കടുത്തുരുത്തിയിൽ യോഗം വിളിച്ചപ്പോൾ കിയോസ്ക് വച്ച് കുടിവെള്ളം ലഭ്യമാക്കുന്ന കാര്യം നടക്കുകയില്ലെന്നാണ് പഞ്ചായത്ത് പ്രസിഡന്റുമാരും ജനപ്രതിനിധികളും പറയുന്നത്. വാഹനങ്ങളിൽ വെള്ളം എത്തിക്കാനുള്ള നടപടി ഗവൺമെന്റ് ഒട്ടും വൈകാതെ സ്വീകരിക്കണം. നാല് വാഹനങ്ങളിൽ വെള്ളമെത്തിക്കാമെന്നാണ് മുനിസിപ്പാലിറ്റികൾ/പഞ്ചായത്തുകൾ പറയുന്നത്. ഒരു വാർഡിൽ ഒരു വാഹനത്തിൽ വെള്ളമെത്തിക്കാൻ സാധിക്കുമോ? ഈ വൈകിയ വേളയിലെങ്കിലും ഗവൺമെന്റ് ഈ പ്രശ്നത്തിൽ കാര്യമായി ഇടപെടണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

കുടിവെള്ളം കൊടുക്കുന്നതുമായി ബന്ധപ്പെട്ട മറ്റൊരു മേഖലയാണ് കേരള വാട്ടർ അതോറിറ്റി. അവിടെ കരാറുകാർ മുഴുവൻ സമരം ചെയ്യുന്നതിനാൽ എല്ലാ പദ്ധതികളും നിർത്തിവച്ചിരിക്കുകയാണ്. ഈ സമയത്ത് പ്രശ്നം പരിഹരിക്കപ്പെടണമെന്ന ആഗ്രഹത്തോടെ ഞാൻ ഒരു പ്രധാനപ്പെട്ട കാര്യം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയും ശ്രീ. കെ. എം. മാണി ധനകാര്യ വകുപ്പുമന്ത്രിയുമായിരിക്കുന്ന സമയത്ത് ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റത്തെ സംബന്ധിച്ച ഒരു പ്രൊപ്പോസൽ വന്നു. കേരളത്തിലെ പൊതുമരാമത്ത് വകുപ്പും ജലവിഭവ വകുപ്പുമാണ് അത് നടപ്പിലാക്കിയത്. എന്നാൽ വാട്ടർ അതോറിറ്റിയിൽ അത് നടപ്പാക്കിയിട്ടില്ല. ഇപ്പോൾ ഗവൺമെന്റിന് മുഴുവൻ പൈസയും നേരിട്ട് കൊടുക്കാൻ കഴിയില്ല. സാമ്പത്തിക പ്രതിസന്ധിയുണ്ടെന്ന് നമുക്കെല്ലാവർക്കുമറിയാം. അതിനിടയിൽ ഒരു നല്ല സിസ്റ്റമാണ് ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം. വാട്ടർ അതോറിറ്റി ഇത് നടപ്പാക്കാത്തതുകൊണ്ട് കരാറുകാർക്ക് പൈസ ലഭിക്കുന്നില്ല. ഈ കാര്യങ്ങളൊക്കെ നമുക്ക് എങ്ങനെ യഥാസമയം നടത്താൻ കഴിയും? ഈ വരൾച്ചയുടെ സമയത്ത് ഇത്തരം പ്രശ്നങ്ങൾ ഗവൺമെന്റ് പ്രത്യേകമായി പരിശോധിക്കണം. അതിനുശേഷം പരിഹാര നടപടികളിലേയ്ക്ക് വരണം.

അതുപോലെതന്നെ കേരളത്തിലെ ഏറ്റവും ആശങ്കാജനകമായ ഒരു സാഹചര്യം മലയോര മേഖലയിൽ സംജാതമായിരിക്കുകയാണ്. കസ്തൂരിരംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ടുവന്ന പ്രധാനപ്പെട്ട പ്രശ്നങ്ങൾ ശ്രീ. കെ. സി. ജോസഫ് ഇവിടെ ഉന്നയിക്കുകയുണ്ടായി. കസ്തൂരിരംഗൻ റിപ്പോർട്ടിൽ കർഷകർക്ക് അനുകൂലമായ അന്തിമ വിജ്ഞാപനത്തിന്റെ നിശ്ചിത സമയപരിധി മാർച്ച് 4 ആണ്. അതിന്

ഇനി ഏതാനും ദിവസങ്ങൾ മാത്രമേയുള്ളൂ. അതിനുമുമ്പ് പുതുക്കിയ ഉത്തരവ് പുറപ്പെടുവിച്ചില്ലെങ്കിൽ കേരളത്തിന്റെ മലയോരമേഖല വലിയ പ്രതിസന്ധിയിലേയ്ക്ക് നീങ്ങും. കേരള ഗവൺമെന്റ് ഇക്കാര്യത്തിൽ ഇടപെടണ്ടേ എന്നതാണ് ചോദ്യം? കേരള കോൺഗ്രസ് ജനറൽ സെക്രട്ടറി ശ്രീ. റോഷി അഗസ്റ്റിൻ എം.എൽ.എ.യുടെ നേതൃത്വത്തിൽ ഇടുക്കിയിലെ ജനങ്ങൾ പദയാത്രയായി തിരുവനന്തപുരത്തേയ്ക്ക് വരുന്നതുകൊണ്ടാണ് അദ്ദേഹം ഇപ്പോൾ സഭയിലില്ലാത്തത്. മാർച്ച് 3-ന് തിരുവനന്തപുരത്ത് ജാഥ സമാപിക്കും. മാർച്ച് 4 ക്രൂഷ്യൽ ഡേറ്റാണ്. നിയമസഭയിൽ ഭരണപക്ഷവും പ്രതിപക്ഷവും ഒന്നിച്ച് ഇക്കാര്യത്തിൽ പ്രമേയം പാസ്സാക്കിയതാണ്. നമ്മൾ ഒറ്റക്കെട്ടായി നിൽക്കേണ്ട വിഷയമാണിത്. പരിഹാരമുണ്ടായില്ലെങ്കിൽ അതീവഗുരുതരമായ സാഹചര്യമാണ് സംജാതമാകാൻ പോകുന്നത്. പരിസ്ഥിതിലോല മേഖലയുമായി ബന്ധപ്പെട്ട വന്ന ഉമ്മൻ വി. ഉമ്മൻ സമിതിയുടെ ജനവാസ കേന്ദ്രങ്ങൾ, കൃഷിയിടങ്ങൾ, തോട്ടം മേഖല എന്നിവയെ ഒഴിവാക്കുക എന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കാൻ കഴിയുന്ന വിധത്തിലുള്ള ഇടപെടൽ സംസ്ഥാന ഗവൺമെന്റ് നടത്തണമെന്ന് സൂചിപ്പിക്കുകയാണ്.

ബഹുമാനപ്പെട്ട ഗവർണറുടെ പ്രസംഗത്തിൽ പറയുന്നത് കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുമെന്നാണ്. ലാഭത്തിൽ പ്രവർത്തിക്കുന്ന കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റുതുലയ്ക്കാൻ കേന്ദ്ര സർക്കാർ പുതിയ നിയമം കൊണ്ടുവരികയാണ്. എറണാകുളത്തും കൊച്ചിയിലുമുള്ള പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങൾ വിൽക്കാനുള്ള നടപടിക്കെതിരെ നമ്മൾ യോജിച്ച് ചർച്ച ചെയ്ത് പ്രമേയം പാസ്സാക്കിയതാണ്. ഇന്ന് കേരളത്തിൽ ലാഭകരമായി പ്രവർത്തിക്കുന്ന വെള്ളൂർ എച്ച്.എൻ.എൽ. വിൽക്കാനുള്ള തീരുമാനം കേന്ദ്ര ഗവൺമെന്റ് എടുത്തിരിക്കുകയാണ്. വെള്ളൂർ എച്ച്.എൻ.എൽ.-ന് ഗവൺമെന്റ് പ്രോപ്പർട്ടിയായി 700 ഏക്കർ സ്ഥലമാണുള്ളത്. ഇത് ഒരു സ്വകാര്യ കമ്പനിക്കോ സ്വകാര്യ മുതലാളിക്കോ കൊടുക്കുക എന്നുപറഞ്ഞാൽ കേരളത്തിന് അംഗീകരിക്കാൻ കഴിയുമോ? ഇത് കേരളത്തിന്റെ ഭൂമിയാണ്, അത് സംരക്ഷിക്കപ്പെടണം. ഇത്തരം പ്രശ്നങ്ങൾ അഭിമുഖീകരിക്കാൻ ഗവൺമെന്റിന് കഴിയണം. സംസ്ഥാന ഗവൺമെന്റ് മുഖ്യമന്ത്രിയുടെയും പ്രതിപക്ഷ നേതാവിന്റെയും നേതൃത്വത്തിൽ ഡൽഹിയിൽപ്പോയി പ്രധാനമന്ത്രിയെ കണ്ട് ഈ നടപടിയിൽനിന്നും പിന്മാറാൻവേണ്ട ഇടപെടൽ നടത്തണം. നിവേദനങ്ങൾ കൊണ്ടുമാത്രം കാര്യമില്ല. സംസ്ഥാനത്തെ ഓൾ പാർട്ടി ഡെലിഗേഷൻ കേന്ദ്രത്തിൽ പോയി പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കാനുള്ള നിലപാടുകൾ ആത്മാർത്ഥതയോടെ എടുക്കാൻ കഴിയുന്ന സാഹചര്യമുണ്ടാക്കണം.

മി. ചെയർമാൻ : യെസ്...... യെസ്..... പ്ലീസ് കൺക്ലൂഡ്..

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ ചുരുക്കുകയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ശ്രീ. കെ. എം. മാണി ബഡ്ജറ്റിലൂടെ കർഷക പെൻഷൻ നടപ്പിലാക്കിയെങ്കിലും കഴിഞ്ഞ 13 മാസമായി അത് നൽകുന്നില്ല. അക്കാര്യം ഗവൺമെന്റ് പരിശോധിക്കണം. എല്ലാ പെൻഷനും കൊടുത്തുവെന്ന് പറയുന്നത് നല്ല കാര്യമാണ്. കൂടാതെ നെല്ല് സംഭരിച്ചതിന്റെ പൈസ നൽകിയിട്ടില്ല. സാമ്പത്തിക പ്രശ്നങ്ങളുണ്ടെന്നത് അംഗീകരിക്കുന്നതോടൊപ്പം ഇത്തരത്തിലുള്ള പ്രശ്നങ്ങൾകൂടി പരിഹരിച്ച് പോകുകയെന്നുള്ളത് കേരളത്തെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ടതാണ്. ഇന്ന് സഭ ചർച്ച ചെയ്ത വിലക്കയറ്റത്തിന്റെ കാര്യത്തിൽ, പൊതു മാർക്കറ്റിൽ രക്ഷയില്ലാതെ ജനങ്ങൾ പ്രയാസപ്പെടുമ്പോൾ അതിൽ ഫലപ്രദമായ ഇടപെടൽ നടത്താൻകൂടി ഈ ചർച്ചയുടെ ഭാഗമായി ഗവൺമെന്റിന് കഴിയണം. ഇത്തരത്തിലുള്ള ജനകീയ പ്രശ്നങ്ങൾ വളരെ രൂക്ഷമായി നിൽക്കുന്ന സാഹചര്യത്തിൽ ഗവർണർ അവതരിപ്പിച്ച നയപ്രഖ്യാപനത്തെയും അതിനെ തുടർന്ന് അവതരിപ്പിച്ച നന്ദിപ്രമേയത്തെയും അനുകൂലിക്കാൻ കഴിയില്ല. ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്ന നിലയിലേയ്ക്ക് ഗവൺമെന്റ് ഉണരട്ടെ, അതിന് കഴിയുന്ന സാഹചര്യമുണ്ടാകണമെന്ന് ജനങ്ങൾ ആഗ്രഹിക്കുന്നു, ജനങ്ങളുടെ വേദന ഗവൺമെന്റ് തിരിച്ചറിയണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഈ നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. ഇവിടെ അവതരിപ്പിച്ച അടിയന്തരപ്രമേയം വിലക്കയറ്റത്തെക്കുറിച്ചും അരി വിലയെക്കുറിച്ചുമായിരുന്നു. അരി വില വർദ്ധിച്ചത് എങ്ങനെയാണെന്ന് ഭരണപക്ഷവും പ്രതിപക്ഷവും ആലോചിക്കേണ്ട കാര്യമാണ്. ഇപ്രാവശ്യത്തെ കേന്ദ്ര ഗവൺമെന്റിന്റെ കണക്കുപ്രകാരം 1,50,000 ഹെക്ടർ നെൽക്കൃഷിയാണ് ഇല്ലാതായത്. ഇതെങ്ങനെ ഇല്ലാതായി? നമ്മൾ ഉപഭോക്താവിനെക്കുറിച്ച് നല്ലതുപോലെ സംസാരിച്ചു. അതുണ്ടാക്കുന്ന കൃഷിക്കാരനെക്കുറിച്ച് കേന്ദ്ര ഗവൺമെന്റ് ആലോചിക്കേണ്ടതല്ലേ? അവരുടെ കണക്കുപ്രകാരം ഒരു കൃഷിക്കാരന് ഒരു വർഷത്തെ വരുമാനം 20,000 രൂപയാണ്. അപ്പോൾ മാസ വരുമാനം എത്രയാണ്; അതുകൊണ്ട് ഒരു കുടുംബം കഴിയുമോ; സുപ്രീംകോടതി നിർദ്ദേശപ്രകാരം മിനിമം വേജസ് നിശ്ചയിക്കുന്നതിന് അവരുടെ ആരോഗ്യവും മറ്റെല്ലാംകൂടി കണക്കാക്കിയപ്പോൾ 18,000 രൂപയെങ്കിലും വേണമെന്നാണ്. ഒരു കർഷക കുടുംബത്തിന് 2,000 രൂപ വരുമാനത്തിൽ എങ്ങനെയാണ് പിടിച്ചുനിൽക്കാൻ കഴിയുക. തന്മൂലം കൃഷി അവർ ഉപേക്ഷിച്ചു കൊണ്ടിരിക്കുകയാണ്.

നീതി ആയോഗിന്റെ ഒരു പരാമർശം കണ്ടു. 58 ശതമാനം ആളുകളാണ് കാർഷിക മേഖലയിൽ നിൽക്കുന്നത്. അത് 38 ശതമാനമായി ചുരുക്കി ബാക്കിയുള്ളവർ കൃഷി വിട്ടുപോകണമെന്നാണ് നീതി ആയോഗിന്റെ പുതിയ നിർദ്ദേശം. അവർ എവിടേയ്ക്ക് പോകും; കോർപ്പറേറ്റ് മേഖലയിലേയ്ക്ക് പോകാമെന്നാണ്. നാലാമത്തെ

വ്യവസായ വിപ്ലവത്തിൽ വേൾഡ് എക്കണോമിക് ഫോറം സമർപ്പിച്ച കണക്ക് നോക്കുമ്പോൾ 51 ലക്ഷം ആളുകളുടെ തൊഴിൽ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് - മെഷീൻ, റോബോട്ടിക്സ്, 3D പ്രിന്റിംഗ് മുതലായവയിലൂടെ ഇപ്പോൾ നഷ്ടപ്പെടുമെന്നാണ് പറയുന്നത്. 3D പ്രിന്റിംഗ് വരുന്നതോടുകൂടി ആയിരക്കണക്കിനാളുകളുടെ തൊഴിൽ നഷ്ടപ്പെടാൻ പോവുകയാണ്. ഒരു മെഷീൻ ഒരു സാധനം സ്കാൻ ചെയ്താൽ അത് മുഴുവനായി വരുന്ന സ്ഥിതിയാണ് 3D പ്രിന്റിംഗ്. അതിന്റെ ടെക്നോളജി വന്നു കഴിഞ്ഞു. റോബോട്ടിക്സ് എൻഫീൽഡിൽ വന്നുകഴിഞ്ഞു. 40 പെയിന്റർമാരുടെ പണിയാണ് ഒരു മെഷീൻ ചെയ്യുന്നത്. അതിന് കേന്ദ്ര ബഡ്ജറ്റിൽ ഇപ്പോൾ വളരെയധികം ആനുകൂല്യം കൊടുത്തു. ഇതുമൂലം ഏറ്റവും കൂടുതൽ തൊഴിൽ നഷ്ടപ്പെടാൻ പോകുന്നത് ഓഫീസ് മേഖലയുമായി ബന്ധപ്പെട്ട് പണിയെടുക്കുന്നവർക്കാണ്. അഭ്യസ്തവിദ്യരുടെ മൂന്നിൽ രണ്ട് തൊഴിലവസരങ്ങളും നഷ്ടപ്പെടാൻ പോകുകയാണ്. ഇത് എങ്ങനെ പരിഹരിക്കാൻ കഴിയും? അമേരിക്കയിൽ ഡൊണാൾഡ് ട്രംപ് പ്രസിഡന്റായി അധികാരമേറ്റെടുത്തതിനുശേഷം ഒറ്റ ജോലിപോലും മറ്റ് രാജ്യക്കാർക്ക് നൽകില്ലെന്നാണ് പറയുന്നത്. അപ്പോൾ ടെക്നോപാർക്ക് പോലുള്ള സ്ഥാപനങ്ങൾക്ക് എങ്ങനെ പിടിച്ചുനിൽക്കാൻ കഴിയും? ഇത്രയധികം ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങളൊരുക്കിയെടുത്ത ഈ സ്ഥാപനത്തിലെ ജീവനക്കാർക്ക് ഇനിയൊരു ജോലിയും ലഭിക്കില്ലെന്നാണ് പറയുന്നത്. ഇവിടെയുള്ള ജോലിയുടെ നല്ലൊരു ഭാഗവും അമേരിക്കയിൽ നിന്നുമാണ് ലഭിക്കുന്നത്. ഇനിമുതൽ യൂറോപ്യൻ രാജ്യങ്ങളിലും ഇതുതന്നെയാണ് സംഭവിക്കാൻ പോകുന്നത്. പിന്നെങ്ങനെ ഈ മേഖലയിൽ പിടിച്ചുനിൽക്കും? ഇത് അഭ്യസ്തവിദ്യരായ നമ്മുടെ ചെറുപ്പക്കാരെയാകെ ബാധിക്കുന്ന വലിയൊരപകടമാണ്.

ഭരണപക്ഷവും പ്രതിപക്ഷവും ചർച്ച ചെയ്യേണ്ട മറ്റൊരു മേഖലയാണ് സഹകരണ മേഖല. സഹകരണ മേഖല മുഴുവൻ നാശത്തിന്റെ വക്കിലാണ്. പ്രൈമറി സഹകരണ സംഘങ്ങൾ ഏകദേശം എൺപതിനായിരം കോടിയോളം രൂപയുടെ ഇടപാടാണ് നടത്തുന്നത്. എല്ലാംകൂടി ഏകദേശം ഒരു ലക്ഷം കോടി രൂപയുടെ ഇടപാട് വരും. രണ്ടുമൂന്നു ദിവസം മുമ്പ് വരെയുള്ള റിപ്പോർട്ടനുസരിച്ച് മൂന്ന് ലക്ഷം രൂപ വരെ മാത്രമേ സഹകരണ സംഘങ്ങളിൽ നിന്നും പിൻവലിക്കാൻ കഴിയുമായിരുന്നുള്ളൂ. കൂടുതലുള്ള ഇടപാടുകളെല്ലാം ചെക്ക് മുഖാന്തരമേ നടത്താൻ പാടുള്ളൂവെന്ന് പറയുമ്പോൾ സഹകരണ ബാങ്കുകൾക്ക് അതിന് കഴിയില്ല. രണ്ട് ദിവസം മുമ്പ് ഞാൻ അയ്യായിരം നാളികേരം വിറ്റപ്പോൾ അവർ വില പണമായി നൽകാതെ നാഷണലൈസ്ഡ് ബാങ്കിലേയ്ക്ക് ചെക്ക് തരികയാണ് ചെയ്തത്. ആ പണം പ്രൈമറി സഹകരണ സംഘങ്ങൾക്ക് നഷ്ടമായി. നമുക്കൊരു സാധനം വാങ്ങണമെങ്കിൽ പ്രൈമറി സഹകരണ ബാങ്കിന്റെ ചെക്ക് നൽകിയാൽ മാറില്ല. അപ്പോൾ സ്വാഭാവികമായും ആളുകൾക്ക് നാഷണലൈസ്ഡ് ബാങ്കുകളേയോ മറ്റ്

ഷെഡ്യൂൾഡ് ബാങ്കുകളേയോ ആശ്രയിക്കേണ്ടി വരും. അങ്ങനെ അവരുടെ നിക്ഷേപങ്ങൾ നാഷണലൈസ്ഡ് ബാങ്കിലേയ്ക്ക് പോകുന്ന അവസ്ഥയാണുള്ളത്. സഹകരണ ബാങ്കുകളിൽ എത്തിച്ചേരാനുള്ള ഏകദേശം ഒരു ലക്ഷത്തോളം കോടി രൂപ വിനിയോഗിക്കുന്നത് മറ്റ് ബാങ്കുകളാണ്. ഇതിനെ ഭരണ പ്രതിപക്ഷ ഭേദമെന്യേ ഒരുമിച്ച് എതിർക്കേണ്ടതല്ലേ? സഹകരണ സംഘങ്ങളുടെ തകർച്ച എങ്ങനെ തരണം ചെയ്യാൻ കഴിയുമെന്ന് ആലോചിക്കണം. ഇവിടത്തെ സാധാരണക്കാരായ ആളുകൾക്ക് ഒരു വിവാഹം നടന്നാലോ ഒരു മരണം സംഭവിച്ചാലോ വിനിയോഗിക്കാനുള്ള പണം ഈ സംഘങ്ങൾ വഴിയാണ് ലഭിച്ചുകൊണ്ടിരുന്നത്. കേന്ദ്ര ഗവൺമെന്റ് അതിനെ ഇല്ലാതാക്കാൻ ശ്രമിക്കുകയാണ്. നമുക്കെല്ലാംകൂടി യോജിച്ച് അത് നേരിടുന്നതിനുള്ള ഒരു സംവിധാനമുണ്ടാകണ്ടേ?

കാർഷിക മേഖലയ്ക്ക് ഇപ്പോൾ പിടിച്ച് നിൽക്കാൻ കഴിയുന്നില്ല. ഞങ്ങളുടെ നാട്ടിൽ കടുത്ത വരൾച്ച ബാധിച്ചതിന്റെ ഫലമായി കൃഷിനാശം സംഭവിച്ചു. ജില്ലാ ഭരണകൂടത്തിന്റെ മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ പതിനയ്യായിരം ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തില്ല. കൃഷി ചെയ്യാൻ കഴിയാത്ത കർഷകർക്ക് എങ്ങനെ പിടിച്ചുനിൽക്കാൻ സാധിക്കും? ഒക്ടോബർ മാസംവരെ അവർക്ക് ഒരു വരുമാനവുമില്ല. ഒരു മാസം അവർക്ക് കഴിയണമെങ്കിൽ പത്തുപതിനെണ്ണായിരം രൂപ വേണം. ആ കുടുംബം എങ്ങനെ കഴിയും? ഒക്ടോബർ മാസത്തിൽ വരുമാനമുണ്ടാകണമെങ്കിൽ മേയ്-ജൂൺ മാസങ്ങളിൽ കൃഷിയിറക്കണം. അതിനുള്ള പണം കർഷകന് എവിടെ നിന്നും ലഭിക്കും? കേന്ദ്ര ഗവൺമെന്റിന്റെ ഇപ്രാവശ്യത്തെ ബഡ്ജറ്റിലെങ്കിലും ആ തുക എഴുതിത്തള്ളുമെന്നാണ് വിചാരിച്ചത്. പക്ഷേ അവർ അത് ചെയ്തില്ല. അതുകൊണ്ട് കടമെഴുതിത്തള്ളണമെന്ന് ശക്തമായി കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടണം. കർഷകത്തൊഴിലാളികൾക്ക് അൻപത്-അറുപത് ദിവസമാണ് തൊഴിലുറപ്പ് പദ്ധതി പ്രകാരം പണി കിട്ടുന്നത്. മുപ്പത്തിയഞ്ച് വയസ്സ് കഴിഞ്ഞ കർഷകത്തൊഴിലാളികൾക്ക് വേറൊരു തൊഴിലും ചെയ്യാനറിയില്ല. കൃഷിക്കാരന്റെയും അവസ്ഥ അതുതന്നെയാണ്. അവർക്ക് ജീവിക്കാൻ വേറെ നിവൃത്തിയില്ല. എന്റെ നാട്ടിൽനിന്നും എന്തെങ്കിലും തൊഴിൽ കിട്ടുമെന്ന് പ്രതീക്ഷിച്ച് തൊഴിലാളികൾ കൂട്ടത്തോടെ തമിഴ്നാട്ടിലേയ്ക്ക് പോകുകയാണ്. അവരുടെ അവസ്ഥ അത്രയ്ക്ക് ഭയാനകമാണ്. അവർക്ക് സൗജന്യ റേഷൻ അനുവദിക്കുന്നതിന് നടപടിയുണ്ടാകണം. കൃഷിക്കാർക്ക് എങ്ങനെയാണ് കൃഷിയിറക്കാൻ സാധിക്കുന്നത്? മേയ് മാസം അവസാനവും ജൂൺ ആദ്യവാരവുമാണ് കൃഷിയിറക്കേണ്ടത്. സാമ്പത്തികമില്ലാത്തതിനാൽ അവർക്ക് അതിന് കഴിയുന്നില്ല. അതിനാൽ കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് അവർക്ക് സാമ്പത്തിക സഹായമെത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി പണ്ട് കടമെഴുതിത്തള്ളിയതുപോലുള്ള നടപടി സ്വീകരിച്ചില്ലെങ്കിൽ അവർക്ക് പിടിച്ച് നിൽക്കാൻ സാധിക്കില്ല.

ഇവിടെ എങ്ങനെയാണ് വിലക്കയറ്റമുണ്ടാകുന്നത്? പച്ചക്കറി കൃഷിയുടെ കാര്യമെടുക്കാം. പഞ്ചാബിലും ഇവിടേയും തക്കാളി റോഡിലിറക്കി ഇട്ടിരിക്കുന്നു. എന്റെ മണ്ഡലത്തിലെ വേലന്താവളത്ത് തക്കാളി റോഡിൽ കൂട്ടിയിട്ടിരിക്കുകയാണ്. കൃഷി വകുപ്പുമന്ത്രി സഹായിച്ചതുകൊണ്ടാണ് അവിടെ സംഭരണം നടത്താൻ കഴിഞ്ഞത്. അല്ലെങ്കിൽ അതും നശിക്കുമായിരുന്നു. അതുകൊണ്ട് അവർ പച്ചക്കറി കൃഷി ഉപേക്ഷിച്ചു. ഉപേക്ഷിച്ചുകഴിഞ്ഞപ്പോൾ അതിന് നല്ല ഡിമാന്റായി. അതുകൊണ്ട് അവർക്ക് വിഷമം വരുമ്പോൾ, വാങ്ങുന്നവരെ സഹായിക്കുന്നതുപോലെ കൃഷി ചെയ്യുന്നവരുടെ പ്രശ്നമെന്താണെന്നുകൂടി മനസ്സിലാക്കി അത് പരിഹരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതിനുള്ള നടപടി സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. എ. എൻ. ഷംസീർ : സർ, ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തെ പിന്തുണച്ചുകൊണ്ട് ശ്രീ. എ. പ്രദീപ്കുമാർ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ശക്തമായി പിന്തുണയ്ക്കുന്നു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഇരട്ടച്ചങ്കനെന്ന് വിളിച്ച് പ്രതിപക്ഷം ആക്ഷേപിക്കുകയാണ്. കേരളത്തിന്റെ പൊതുസമൂഹം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഇരട്ടച്ചങ്കനെന്ന് വിളിക്കുമ്പോൾ യു.ഡി.എഫ്.-ന് വല്ലാതെ പൊള്ളുകയാണ്. പൊള്ളിയതുകൊണ്ട് കാര്യമില്ല, കാരണം നിങ്ങളുടെ കാലത്ത് മന്ത്രിമാരും മുഖ്യമന്ത്രിയും അവരുടെ ചങ്ക് സരിതയ്ക്കും ശാലുവിനും മറ്റും പണയം വച്ചിട്ടുണ്ടായിരുന്നു. ഞങ്ങളുടെ മുഖ്യമന്ത്രി അത് ആർക്കും പണയം വച്ചിട്ടില്ല. ഈ ഗവൺമെന്റ് എന്തുചെയ്തുവെന്നാണ് ഇവിടെ ചോദിക്കുന്നത്. ഇക്കാര്യം പറയാൻ നിന്നാൽ അഞ്ച് മണിക്കൂറെങ്കിലും പ്രസംഗിക്കേണ്ടിവരും.

ആരോഗ്യ മേഖലയിൽ പശ്ചാത്തല വികസനത്തിനാണ് ഈ സർക്കാർ പ്രാമുഖ്യം നൽകുന്നത്. 1200 തസ്തികകളാണ് പുതിയതായി സംസ്ഥാനത്ത് സൃഷ്ടിച്ചത്. ആരോഗ്യ മേഖലയിൽ മാത്രമല്ല, വിദ്യാഭ്യാസ മേഖലയിൽ ആയിരം ഇന്റർനാഷണൽ സ്കൂളുകൾ, എട്ടുമുതൽ പന്ത്രണ്ടുവരെ ഹൈടെക് ക്ലാസ്സ് റൂമുകൾ തുടങ്ങി നിരവധി പദ്ധതികളുണ്ട്. നിങ്ങളുടെ കാലത്ത് എസ്.എസ്.എൽ.സി.-യുടെ റിസൾട്ട് ഓരോ തവണയായി വന്നില്ലേ? അതുമാത്രമല്ല, യൂണിവേഴ്സിറ്റി സർട്ടിഫിക്കറ്റ് വിതരണം ചെയ്തപ്പോൾ അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. പി. കെ. അബ്ദു റബ്ബിനോട് ചോദിച്ചു, നിങ്ങളെന്താ ബി.എ.-ക്കാരന് ബി.ബി.എ. സർട്ടിഫിക്കറ്റ് നൽകിയത് എന്ന്? അപ്പോൾ അന്നത്തെ മന്ത്രി പറഞ്ഞത് ഒരു 'ബി' കൂടിപ്പോയതാണ്, അതങ്ങ് മായ്ച്ച് കളഞ്ഞാൽ മതിയെന്നാണ്. ഇതായിരുന്നു നിങ്ങളുടെ കാലത്തെ അവസ്ഥ. വിദ്യാഭ്യാസ മേഖല നിങ്ങളുടെ കാലത്ത് കുളംതോണ്ടിയെങ്കിൽ ഇടതുപക്ഷം വന്നപ്പോൾ രക്ഷപ്പെട്ടു.

പട്ടികജാതി/പിന്നോക്ക മേഖലയ്ക്കായി പാലക്കാട് മെഡിക്കൽ കോളേജിന് 310 കോടി രൂപ അനുവദിച്ചു. ശ്രീ. ഷാഫി പറമ്പിൽ, ഇല്ലെന്നു പറയാമോ? കേരളത്തിൽ പട്ടികജാതിക്കാരുടെ പ്രീ-മെട്രിക്/ പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഐ.എ.വൈ. ആനുകൂല്യം രണ്ട് ലക്ഷം രൂപയിൽനിന്നും മൂന്ന് ലക്ഷമാക്കി ഉയർത്തി. ബഹുമാനപ്പെട്ട അംഗങ്ങളിൽ പലരും അഭിഭാഷകരാണല്ലോ. അഭിഭാഷകർക്ക് സ്റ്റൈപ്പെന്റ് ഏർപ്പെടുത്തുകയും അവരുടെ ക്ഷേമ പെൻഷൻ ഉയർത്തുകയും ചെയ്തു. ഇ.എം.എസ്. നമ്പൂതിരിപ്പാടാണ് കേരളത്തിൽ ആദ്യമായി ഭൂപരിഷ്കരണ ബിൽ നടപ്പിലാക്കിയത്. സഖാവ് ഇ.എം.എസ്. ആധാരം കൊടുത്തുവെങ്കിൽ ഇ. കെ. നായനാർ അക്ഷരം പഠിപ്പിച്ചു. അതേ ഇ. കെ.നായനാർ അധികാരം ജനങ്ങൾക്ക് നൽകിയെങ്കിൽ, ശ്രീ. പിണറായി വിജയൻ കേരളത്തിന് പുതിയ ദിശാബോധം നൽകാൻ 'നവകേരള മിഷൻ' യാഥാർത്ഥ്യമാക്കിയെന്ന കാര്യം നിങ്ങൾ മനസ്സിലാക്കണം. പക്ഷേ നിങ്ങൾ അതിനേയും എതിർക്കുകയാണ്. ഓരോ മേഖലയും എടുത്ത് പരിശോധിച്ചാൽ അവിടെയെല്ലാം ധാരാളം കാര്യങ്ങൾ നടപ്പാക്കാൻ ഈ സർക്കാരിന് സാധിച്ചുവെന്ന് അഭിമാനത്തോടെ പറയാൻ കഴിയും. നിങ്ങൾ കേരളത്തിലെ മുഖ്യമന്ത്രിയെ അംഗീകരിക്കുന്നില്ല. പക്ഷേ കേന്ദ്രമന്ത്രിമാർ ഞങ്ങളുടെ മുഖ്യമന്ത്രിയെ അംഗീകരിക്കുന്നു. ശ്രീ. നിതിൻ ഗഡ്ഗരി, ശ്രീ. ധർമ്മേന്ദ്ര പ്രധാൻ തുടങ്ങിയ കേന്ദ്ര മന്ത്രിമാർക്ക് കേരളത്തിൽ കാര്യങ്ങൾ നടപ്പിലാക്കാൻ നട്ടെല്ലുള്ള ഒരു മുഖ്യമന്ത്രിയെ കിട്ടിയിരിക്കുന്നുവെന്ന് സമ്മതിക്കേണ്ടിവന്നു.

നിങ്ങളുടെ ഭരണകാലത്ത് പാഠപുസ്തകം ചോദിച്ചപ്പോൾ അടിയായിരുന്നു കിട്ടിയത്, എന്നാൽ പാഠപുസ്തകം സമയബന്ധിതമായി അച്ചടിക്കാനും സ്കൂൾ തുറക്കുന്നതിനുമുമ്പ് അത് വിതരണം ചെയ്യാനും ഈ സർക്കാരിന് സാധിച്ചു. ക്രമസമാധാനത്തെപ്പറ്റിയും സ്ത്രീ സുരക്ഷയെപ്പറ്റിയും ചർച്ച ചെയ്യുന്ന ആളുകൾ ഒന്നോർക്കണം. എന്റെ കയ്യിൽ ചില പത്ര കട്ടിംഗ്സുണ്ട്. ശ്രീ. പീതാംബര കുറുപ്പ് ഒന്നാം പ്രതിയായ സംഭവമാണ്. അന്ന് നിങ്ങൾ കേരളത്തിലെ ഒരു സെലിബ്രിറ്റിയെ ആക്ഷേപിച്ചില്ലേ? ആ സെലിബ്രിറ്റിയുടെ പരാതി പിൻവലിപ്പിക്കാൻ ഡി.സി.സി. പ്രസിഡന്റായ പ്രതാപവർമ്മ തമ്പാൻ ശ്രമിച്ചതിലൂടെ അവരെ പരസ്യമായി ആക്ഷേപിച്ചു. ഞങ്ങളുടെ കാലത്ത് ഒരു സംഭവം നടന്നു, പ്രതിയെ പിടിക്കുകയും ചെയ്തു. ഇവിടെ ഫെയ്സ് ബുക്ക് പോസ്റ്റിട്ടതുമായി ബന്ധപ്പെട്ട് കേരളത്തിന്റെ മുഖ്യമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, സെലിബ്രിറ്റിയെ തട്ടിക്കൊണ്ട് പോകുന്ന കേസ്സുമായി ബന്ധപ്പെട്ട് പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തലയോട് ചില ചോദ്യങ്ങൾ ചോദിക്കേണ്ടി വരും. കാരണം അദ്ദേഹത്തിന്റെ ഫെയ്സ് ബുക്ക് പോസ്റ്റ് എന്റെ കയ്യിലുണ്ട്. 2017 ഫെബ്രുവരി 23-ാം തീയതി 1.50-ഓടുകൂടിയാണ് പൾസർ സുനിയെ അറസ്റ്റ് ചെയ്യുന്നത്. പക്ഷേ 3.30-ഓടുകൂടി പ്രതിപക്ഷനേതാവിന്റെ

ഫെയ്സ് ബുക്ക് പോസ്റ്റ് വന്നു. എറണാകുളം നഗരത്തിൽ ആറ് ദിവസമായി പ്രതിയുണ്ടായിരുന്നുവെന്നും ഇത്രയും ദിവസം സിറ്റിയിൽ കഴിഞ്ഞ പ്രതിയെ പിടിക്കാൻ കഴിയാതിരുന്നത് പോലീസിന് നാണക്കേടാണെന്നുമായിരുന്നു അദ്ദേഹത്തിന്റെ പോസ്റ്റ്. അദ്ദേഹത്തിന് എങ്ങനെ ഈ വിവരം ലഭിച്ചു? പ്രതിയെ പിടികൂടി ഒരു മണിക്കൂർ കഴിയുമ്പോൾ പോലീസിനുപോലും ഡിസ്ക്ലോസ് ചെയ്യാൻ കഴിയാത്ത കാര്യങ്ങൾ എങ്ങനെ പ്രതിപക്ഷ നേതാവിന് ലഭിച്ചുവെന്ന് ചോദിക്കുമ്പോൾ പ്രതിയെ ഹാർബർ ചെയ്ത കേസ്സിൽ ഐ.പി.സി. 212 പ്രകാരം അദ്ദേഹത്തെക്കൂടി പ്രതി ചേർത്ത് കേസ് രജിസ്റ്റർ ചെയ്യണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇവരുടെ നേതാവായ രാഹുൽ ഗാന്ധിയെക്കുറിച്ച് കോൺഗ്രസ്സിന്റെ ദീർഘകാലത്തെ മുഖ്യമന്ത്രി ശ്രീമതി ഷീലാ ദീക്ഷിത് എന്താണ് പറഞ്ഞത്? Immature leader. പക്വതയെത്താത്ത ലീഡറെന്നാണ് പറഞ്ഞത്. ഇത് ഞങ്ങളുടെ അഭിപ്രായമല്ല. അദ്ദേഹത്തിന്റെ ആർ.ജി. ഗ്രൂപ്പിനകത്തുള്ള ചിലർ ഇപ്പോൾ നിയമസഭയ്ക്കകത്തുണ്ട്. അതുകൊണ്ടാണ് പക്വതയില്ലാത്ത നേതാക്കളും അനുയായികളും സഭയ്ക്കകത്ത് പക്വതയില്ലായ്മ കാണിക്കുന്നതെന്നാണ് എനിക്ക് ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. അവർ എന്തൊക്കെയാണ് ഇവിടെ വീരവാദം മുഴക്കുന്നത്? കർണ്ണാടക മുഖ്യമന്ത്രി ശ്രീ. കെ. സിദ്ധരാമയ്യയെ ഞങ്ങൾ അഭിനന്ദിക്കുന്നു. അദ്ദേഹത്തിന് നട്ടെല്ലുണ്ട്, പക്ഷേ കേരളത്തിലെ കോൺഗ്രസ് നേതൃത്വത്തിന് നട്ടെല്ലുണ്ടോയെന്നാണ് ഞങ്ങൾക്ക് ചോദിക്കാനുള്ളത്. നിങ്ങൾ പറഞ്ഞു, സിദ്ധരാമയ്യ ഇല്ലെങ്കിൽ പോകാൻ സാധിക്കുമോയെന്ന്? 2003 മേയ് മാസം 2-ാം തീയതി മാറാട് കലാപമുണ്ടായപ്പോൾ കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിയായിരുന്നു. ശ്രീ. എ. കെ. ആന്റണി മാറാട് വരാൻ പാടില്ലെന്ന് ഭീഷണിപ്പെടുത്തിയപ്പോൾ പിൻതിരിഞ്ഞ് പോയവരല്ലേ നിങ്ങൾ? നിങ്ങൾ ഇപ്പോൾ കളിയാക്കുന്ന ഈ ഇരട്ടച്ചങ്കൻ, അദ്ദേഹത്തിന്റെ വലത് ഭാഗത്ത് ജന്മം കൊണ്ട് മുസ്ലീമും കർമ്മം കൊണ്ട് കമ്മ്യൂണിസ്റ്റുമായ സഖാവ് എളമരം കരീമിനേയും ഇടതു ഭാഗത്ത് വി.കെ.സി.-യേയും നിർത്തി തന്റേടത്തോടെ പോകാൻ ധൈര്യം കാണിച്ച വ്യക്തിയാണ് സഖാവ് പിണറായി വിജയനെന്ന് നിങ്ങളോർക്കണം. അന്ന് മാളത്തിലൊളിച്ച നിങ്ങളാണ് ഞങ്ങളെ ആക്ഷേപിക്കാൻ ശ്രമിക്കുന്നത്. നിങ്ങൾ പറയുന്ന ക്വട്ടേഷൻ സംഘങ്ങളെക്കൊണ്ട് രാഷ്ട്രീയ പ്രവർത്തനം നടത്തേണ്ട ഗതികേട് ഞങ്ങൾക്കില്ല. അവരെക്കൊണ്ട് രാഷ്ട്രീയപ്രവർത്തനം നടത്തുന്നതാരാണ്?

നിങ്ങളുടെ കൂട്ടത്തിൽ ആർക്കും കൊട്ടാൻ സാധിക്കുന്ന ചെണ്ടയാണല്ലോ ശ്രീ. രാജ്മോഹൻ ഉണ്ണിത്താൻ; എപ്പോഴും അടിയാണ്. ഒരു തവണ അദ്ദേഹത്തിന്റെ മുണ്ടുരിഞ്ഞു. ഇപ്പോൾ അദ്ദേഹത്തിന് മുട്ടയേറ് കൊണ്ടു. ആരാണ് എറിഞ്ഞത്? ക്വട്ടേഷൻ സംഘത്തെക്കൊണ്ട് രാഷ്ട്രീയ പ്രവർത്തനം നടത്തേണ്ട ഗതികേട്

കേരളത്തിൽ ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്കില്ലായെന്ന് ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. നിങ്ങൾക്ക് പലതും പൊള്ളും. നയം നടപ്പിലാക്കി ഞങ്ങളുടെ സർക്കാർ മുന്നോട്ട് പോകുമ്പോൾ ഈ സർക്കാരിന് തുടർച്ചയുണ്ടാകുമെന്ന് നിങ്ങൾക്കറിയാം. അത് ദീർഘവീക്ഷണത്തോടുകൂടി മനസ്സിലാക്കിയ നേതാവാണ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി. അദ്ദേഹം കേരളത്തിൽ നിന്ന് പോകുകയാണെന്ന് പത്രവാർത്തകൾ സൂചിപ്പിക്കുന്നു. എന്താണ് കാരണം? അദ്ദേഹത്തിനറിയാം ഒരു കാലി എം.എൽ.എ.-യായി കേരള നിയമസഭയ്ക്കകത്ത് കുത്തിയിരിക്കുന്നതിനെക്കാൾ നല്ലത് എം.പി.യായി ലോക്സഭയിലിരിക്കുന്നതാണെന്ന്. ഇനി കേരളത്തിൽ യു.ഡി.എഫ്.-ന് ഭരണമില്ലായെന്ന് തിരിച്ചറിയാൻ അദ്ദേഹത്തിന് സാധിച്ചു. അതുകൊണ്ടാണ് പത്രമാധ്യമങ്ങൾ പറയുന്നത് അദ്ദേഹം ഡൽഹിയിലേയ്ക്ക് പോകാൻ ടിക്കറ്റ് തയ്യാറാക്കി വച്ചിരിക്കുന്നു എന്ന്.

എന്റെ കയ്യിൽ ചന്ദ്രിക ദിനപ്പത്രമുണ്ട്. ഈ പത്രം പലപ്പോഴും എഴുതാറുള്ളത് കിണറ്റിൽ വീണ കുട്ടിയെ ഡി.വൈ.എഫ്.ഐ. ഗുണ്ട രക്ഷപ്പെടുത്തിയെന്നാണ്. റേഷനരി വില വർദ്ധനവിനെക്കുറിച്ചുള്ള വാർത്ത ഈ പത്രത്തിൽ ഞാൻ കണ്ടില്ല. എന്താണ് എഴുതാത്തത്? അവർക്കറിയാം. ശ്രീ. എം. ഉമ്മർ ദേശാഭിമാനി പത്രം വായിച്ചു, നല്ലതാണ്. ഞങ്ങൾ ഈ പത്രം വല്ലപ്പോഴും നോക്കാറുണ്ട്, കാരണം ഞങ്ങളുടെ കുറ്റം കണ്ടുപിടിക്കാൻ നോക്കണമല്ലോ. എന്താണ് ലീഗിന്റെ നിലപാട്? ഞങ്ങൾ ചന്ദ്രിക എപ്പോഴും വായിക്കും ഒരു സംശയവും വേണ്ട. ഞങ്ങൾ എല്ലാ പത്രവും വായിക്കും. ലീഗും ഇവരും റെയിൽപ്പാളം പോലെയാണ്. ഒരിക്കലും കൂട്ടിമുട്ടില്ല, നേരെ മാത്രമേ പോകൂ. എന്താണ് ലീഗുകാരുടെ നിലപാട് ? നിങ്ങളുടെ ജനറൽ സെക്രട്ടറി ശ്രീ. കെ. പി. എ. മജീദ് പറഞ്ഞത്, കോൺഗ്രസ്സിന്റെ പോക്ക് ഇതാണെങ്കിൽ പലതും പുനർവിചിന്തനം നടത്തേണ്ടിവരുമെന്നാണ്. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അതേ രീതിയിൽ പലതും ആലോചിക്കേണ്ടിവരുമെന്നു പറഞ്ഞു. കേരളത്തിന്റെ മുൻ മുഖ്യമന്ത്രിയും ഇന്ത്യൻ രാഷ്ട്രീയത്തിലെ സീനിയർ നേതാവുമായ ശ്രീ. എ. കെ. ആന്റണി പറഞ്ഞ ഒരു കാര്യമെന്തെന്നാൽ പകൽ കോൺഗ്രസ്സ്, രാത്രി ബി.ജെ.പി. 80-20 ആണ്. ഇത് നായ്ക്കുറുക്കന്മാരാണ്. ഈ രീതിയിൽ കോൺഗ്രസ്സില്ലേ? നിങ്ങളല്ലേ ആർ.എസ്.എസ്.മായി കൂടിയത്, കോ.ലീ.ബി. സഖ്യം.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ..... ശ്രീ. എ. കെ. ആന്റണി അങ്ങനെ ഒരു പ്രസംഗവും നടത്തിയിട്ടില്ല. അങ്ങനെ ആക്ഷേപകരമായി പറഞ്ഞ കാര്യം രേഖയിലുണ്ടാകാൻ പാടില്ല.

<u>മി. ചെയർമാൻ</u>: ഇന്നലെയും ഈ വിഷയം സഭയിൽ വന്നപ്പോൾ ബഹുമാനപ്പെട്ട വി. ഡി. സതീശൻ ഇക്കാര്യം ഉന്നയിച്ചിരുന്നു. അതിന് ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകിയിരുന്നു. ഇത് പരിശോധിക്കുന്നതാണെന്ന് പറഞ്ഞിട്ടുണ്ട്.

ശ്രീ. എ. എൻ. ഷംസീർ: സർ, കഴിഞ്ഞ ദിവസം മുഖ്യമന്ത്രി എന്തോ പറഞ്ഞെന്നുപറഞ്ഞ് സീനിയർ അംഗമായ ശ്രീ. വി. ഡി. സതീശൻ ഇവിടെ സൂചിപ്പിച്ചിരുന്നു. നിങ്ങൾ ഉന്നയിക്കുന്നത് പത്രത്തിൽ വന്നാൽ അത് തെറ്റും ഞങ്ങളെപ്പറ്റി വന്നാൽ അത് ശരിയുമാകുന്നത് എങ്ങനെയാണ്? എന്റെ മണ്ഡലമായ തലശ്ശേരി മുനിസിപ്പാലിറ്റിയിൽ കോൺഗ്രസ്സും ലീഗും ബി.ജെ.പി.-യും സഖ്യമുണ്ടാക്കി. ലീഗുകാർ പോയി പറഞ്ഞു, ഇന്നയാൾക്ക് വോട്ട് ചെയ്യണം എന്ന്. ചിഹ്നം ചോദിച്ചപ്പോൾ ചിഹ്നം പറയുന്നില്ല. വീണ്ടും ആവർത്തിച്ച് ചോദിച്ചപ്പോൾ ചിഹ്നം പൂവ്.

മി. ചെയർമാൻ: ശ്രീ. എ. എൻ. ഷംസീർ, അങ്ങയുടെ സമയം കഴിഞ്ഞു, ...പ്ലീസ് കൺക്ലൂഡ്....ഒരു മിനിട്ട്.........

ശ്രീ. എ. എൻ. ഷംസീർ: സർ, ചിഹ്നം പൂവെന്നാണ് പറഞ്ഞത്. എന്ത് പൂവ്? അപ്പോൾ ലീഗിന്റെ നേതാവ് പറഞ്ഞു, നിങ്ങൾ ചിഹ്നം നോക്കേണ്ട പേരിന് നേരെ വോട്ട് ചെയ്താൽ മതിയെന്ന്. വീണ്ടും ചോദിച്ചു, ചിഹ്നം പറയൂ. അപ്പോൾ പൂവ്, ഏത് പൂവാണ്? താമരപ്പൂവാണ്. ആ താമരപ്പൂവുമായി രാഷ്ട്രീയ സഖ്യമുണ്ടാക്കിയവരാണ് നിങ്ങൾ. 2001-ൽ ശ്രീ. കോടിയേരി ബാലകൃഷ്ണനെ തോൽപ്പിക്കാൻ, 1991-ൽ വടകരയിലും അതുപോലെ മഞ്ചേശ്വരത്തും ബേപ്പൂരും ഇവർ സഖ്യമുണ്ടാക്കി. അവരിപ്പോൾ അമ്പലപ്പറമ്പിലെ പോക്കറ്റടിക്കാരനെപ്പോലെയാണ്. കോ.ലീ.ബി. സഖ്യം കേരളത്തിൽ രൂപപ്പെടുത്തിയത് നിങ്ങളാണ്. എന്നിട്ട് ഇപ്പോൾ ഞങ്ങളെ ആക്ഷേപിക്കുന്നു. എവിടെയാണ് നിങ്ങൾ ബി.ജെ.പി.-യെ പ്രതിരോധിച്ചത്? ഗുജറാത്ത് മുൻ എം.പി. യഹ്സാൻ ജാഫ്രിയുടെ ജീവൻപോലും രക്ഷിക്കാൻ സാധിക്കാത്ത നിങ്ങൾക്ക് ഈ രാജ്യത്തെ ന്യൂനപക്ഷങ്ങളെ രക്ഷിക്കാൻ സാധിക്കുമോ? നിങ്ങൾക്കാവില്ല. നിങ്ങൾ കൂട്ടത്തോടെ ബി.ജെ.പി.-യായി മാറുന്നു. അതിന്റെ അവസാനത്തെ ഉദാഹരണമാണ് യു.പി.-യിലെ കോൺഗ്രസ്സിന്റെ അദ്ധ്യക്ഷ റീത്താ ബഹുഗുണ ബി.ജെ.പി.-യിലേയ്ക്ക് പോയത്. ഇനി ആരെല്ലാം പോകുമെന്ന് കാത്തിരുന്ന് കാണേണ്ട സ്ഥിതിയാണ്. കോൺഗ്രസ്സ് തകർന്നുപോകണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നില്ല. ഇനിയെങ്കിലും നിങ്ങളുടെ ഡബിൾറോൾ ഒഴിവാക്കണം,—ഇരട്ടനാക്ക് ഉപേക്ഷിക്കണം. നിങ്ങളിൽ വർഗ്ഗീയതയ്ക്കെതിരെ നിലപാട് സ്വീകരിച്ചവർ തെരഞ്ഞെടുപ്പിൽ വിജയിച്ചു. ശ്രീ. കെ. മുരളീധരനും ശ്രീ. വി. ഡി. സതീശനും ജയിച്ചല്ലോ. വർഗ്ഗീയതയ്ക്കെതിരെ സോഫ്റ്റ് നിലപാട് സ്വീകരിക്കുന്ന കോൺഗ്രസ്സുകാർ കേരളത്തിൽ തോറ്റ് തുന്നംപാടി. അതുകൊണ്ട് വർഗ്ഗീയതയ്ക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കാൻ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് മുന്നോട്ടുവരണം. നന്ദിപ്രമേയത്തെ ശക്തമായി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനി പ്പിക്കുകയാണ്.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്.

ക്രമസമാധാനത്തകർച്ച, സ്ത്രീകളുടെ സുരക്ഷിതത്വത്തിന് നേരിടുന്ന ഭീഷണി, വിലക്കയറ്റം, രൂക്ഷമായ വരൾച്ച എന്നിവയുടെ മുൻപിൽ പകച്ചു നിൽക്കുന്ന ഒരു ഗവൺമെന്റാണ് ഇന്ന് കേരളത്തിലുള്ളത്. അത്തരത്തിലുള്ള വിഷയങ്ങളിൽ ആധികാരികമായി ഇടപെടാനോ അവയ്ക്ക് പരിഹാരം കാണാനോ ഉള്ള ഒരു പരാമർശവും ഈ നയപ്രഖ്യാപനത്തിൽ കാണുന്നില്ല. കേരളത്തിൽ ഏറ്റവും രൂക്ഷമായ വിലക്കയറ്റമാണുണ്ടായിരിക്കുന്നത്. ഇന്നത്തെ അടിയന്തര പ്രമേയത്തിൽ ഉൾപ്പെടെ ഈ വിഷയം ചർച്ച ചെയ്തതാണ്. വിലക്കയറ്റത്തിന്റെ തീവ്രതയും രൂക്ഷതയും അറിയാൻ നമ്മൾ പാഴൂർ പടിപ്പുരയിൽ പോകേണ്ട ആവശ്യമില്ല, നിയമസഭയിലെ ക്യാന്റീനിൽ ചെന്നാൽ മതി. ക്യാന്റീനിൽ ഊണിനുൾപ്പെടെ വില വർദ്ധിച്ചിരിക്കുന്നു. ഇന്നത്തെ മംഗളം ഉൾപ്പെടെയുള്ള പത്രങ്ങളിൽ അത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. വില വർദ്ധനവിന്റെ രൂക്ഷതയും തീവ്രതയും വളരെ വലുതാണ്. ഹോട്ടലുകളിൽ വില കൂടിയിട്ടുണ്ടെങ്കിൽ അസംസ്കൃത സാധനങ്ങളുടേയും വില വർദ്ധിച്ചിട്ടുണ്ടാകാം. അതിന്റെ യാഥാർത്ഥ്യം ഗവൺമെന്റ് മനസ്സിലാക്കണം. നയപ്രഖ്യാപനത്തിൽ ഇക്കാര്യങ്ങളിൽ ഗവൺമെന്റ് എത്രമാത്രം ഇടപെടുമെന്നതിനെക്കുറിച്ച് വ്യക്തമായ പരാമർശങ്ങൾ ഉണ്ടായിട്ടില്ല. ഇത്തരത്തിലുള്ള വിഷയങ്ങളെ ഗവൺമെന്റ് ലഘുവായി കാണുന്നത് നിർഭാഗ്യകരമാണ്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ ഒരു സ്റ്റേറ്റുമെന്റിൽ പറയുന്നത്, ഹോർട്ടികോർപ്പിന്റെ സബ്സിഡി കർഷകർക്ക് മാത്രമാണ്, അത് ഉപഭോക്താക്കൾക്ക് നൽകില്ല എന്ന്. അങ്ങനെയൊരു നയം ഈ സർക്കാർ സ്വീകരിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കണം. ഇത്തരം സന്ദർഭങ്ങളിൽ ഗവൺമെന്റിന്റെ ഏജൻസികൾ ഉണർന്നും ഉയർന്നും സന്ദർഭോചിതമായും പ്രവർത്തിക്കുമ്പോഴാണ് വിപണിയിലെ വില നിയന്ത്രിച്ച് നിർത്താൻ കഴിയുന്നത്. അത്തരത്തിലുള്ള സാഹചര്യങ്ങളിൽ നിന്ന് വ്യതിചലിക്കുന്നുണ്ടോ, അത്തരം നയവ്യത്യാസങ്ങൾ ഗവൺമെന്റ് കൊണ്ടുവരുന്നുണ്ടോ എന്ന് പറയേണ്ടതായിട്ടുണ്ട്.

പോലീസ് സേനയിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കാനുള്ള തീരുമാനം ഗവൺമെന്റ് എടുക്കുന്നതാണെന്ന് നയപ്രഖ്യാപനത്തിൽ പറയുന്നുണ്ട്. ഇത്തരത്തിലുള്ള തീരുമാനങ്ങളും പ്രഖ്യാപനങ്ങളുമുണ്ടാകുമ്പോൾ അവ ഫലപ്രദമായി പ്രായോഗിക തലത്തിൽ വരുന്നില്ലായെന്നത് ഇവിടെ എടുത്ത് പറയേണ്ടതാണ്. ഇന്ന് കേരളം ഏറ്റവും രൂക്ഷമായ വരൾച്ച അഭിമുഖീകരിക്കുകയാണ്. ആ വരൾച്ചയിൽ എന്ത് നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചത്. ചട്ടം 300 പ്രകാരം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി നടത്തിയ പ്രസ്താവനയിൽ നവംബർ-ഡിസംബർ മാസങ്ങളിൽ ജനപ്രതിനിധികളെ വിളിച്ചുചേർത്തു എന്ന് പറഞ്ഞു; എവിടെയാണ് ജനപ്രതിനിധികളെ വിളിച്ചത്? എന്റെ ജില്ലയിൽ വിളിച്ചിട്ടില്ല. ഒരു ജനപ്രതിനിധിയേയും വിളിച്ച്

ചേർത്തതായി ഞാൻ അറിഞ്ഞിട്ടില്ല. 13 കോടി രൂപ അനുവദിച്ചു എന്ന് പറയുന്നത് ആർക്കെങ്കിലും ലഭ്യമായിട്ടുണ്ടോ? എന്തിനാണ് അനുവദിച്ചത്? കിയോസ്കുകൾ ഉൾപ്പെടെ സ്ഥാപിച്ചത് സമ്പൂർണ്ണ പരാജയമായി നിൽക്കുകയാണ്. രൂക്ഷമായ വരൾച്ചയെ കേരളം അഭിമുഖീകരിക്കുന്നു. വരൾച്ചയിൽ കൃഷി മുഴുവൻ നശിക്കുന്നു; കുടിവെള്ളക്ഷാമമടക്കമുള്ള പ്രശ്നങ്ങളുണ്ടാകുന്നു. പ്രഖ്യാപനങ്ങളും പ്രസ്താവനകളും നടത്തുന്നതല്ലാതെ ഒരു മന്ത്രിപോലും എറണാകുളം ജില്ലയിൽ വന്നിട്ടില്ല. മറ്റ് ജില്ലകളിൽ പോയിട്ടുണ്ടോ എന്ന് എനിക്ക് അറിയില്ല. ഈ പ്രശ്നങ്ങൾ ആരംഭിച്ചിട്ട് മൂന്നുമാസം പിന്നിട്ടു. വേനലാകുന്നതിനു മുൻപ് വരൾച്ച വന്നു. യുദ്ധകാലാടിസ്ഥാനത്തിൽ ഇടപെടാൻ ഗവൺമെന്റിന് കഴിഞ്ഞോ എന്നത് പരിശോധിക്കേണ്ടതാണ്.

സ്കൂളുകൾ സ്മാർട്ട് സ്കൂളുകളാക്കുമെന്ന് നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. ഇതിനു മുമ്പും പ്രസംഗിച്ചതായി കേട്ടു. തദ്ദേശവാസികളുടെയും അധ്യാപക രക്ഷാകർതൃ സംഘടനകളുടെയും പൂർവ്വവിദ്യാർത്ഥികളുടെയും പൂർണ്ണ ഇടപെടലോടും പങ്കാളിത്തത്തോടും കൂടി നടപ്പിലാക്കുമെന്ന്. ഈ കാര്യം നയപ്രഖ്യാപനത്തിലൂടെ ഗവർണറെക്കൊണ്ട് പറയിപ്പിക്കേണ്ട ആവശ്യമില്ല. പി.ടി.എ. സജീവമായിട്ടുള്ള എല്ലാ സ്കൂളുകളുടെയും നിലവാരം ഉയർന്നിട്ടുണ്ട്. ചില പി.ടി.എ.കൾ സജീവമായും മറ്റ് ചില പി.ടി.എ.-കൾ നിർജ്ജീവമായും പ്രവർത്തിക്കുന്നു. പി.ടി.എ.-യെക്കൊണ്ടും പൂർവ്വ വിദ്യാർത്ഥികളെ കൊണ്ടും സ്കൂളുകൾ സ്മാർട്ടാക്കി കൊണ്ടുപോകാൻ കഴിയുമെന്ന് പറയുമ്പോൾ ഗവൺമെന്റ് ഏത് നിലയിൽ കൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കണം. ഇതിനായി ആവശ്യമായ തുക വകയിരുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ എന്ന കാര്യവും വ്യക്തമാക്കണം.

സമ്പൂർണ്ണ വൈദ്യുതീകരണം എം.എൽ.എ.-മാരുടെ ഫണ്ടുപയോഗിച്ചു കൊണ്ടാണ് നടത്തുന്നതെന്നാണ് ശ്രീ. അൻവർ സാദത്ത് സൂചിപ്പിച്ചത്. സമ്പൂർണ്ണ വൈദ്യുതീകരണം എങ്ങനെ ഒരു ഗവൺമെന്റിന്റെ പ്രഖ്യാപിത നയമായെടുക്കാൻ കഴിയും? ശ്രീ. എ. കെ. ബാലന്റെ കാലത്താണ് സമ്പൂർണ്ണ വൈദ്യുതീകരണം പ്രഖ്യാപിച്ചത്. എറണാകുളം ജില്ലയിൽ സമ്പൂർണ്ണ വൈദ്യുതീകരണം ഉദ്ഘാടനം ചെയ്യുതായിരുന്നു. ഇപ്പോൾ പുതിയ ഭവനങ്ങൾ വന്നാലും വൈദ്യുതി ലഭ്യമാകാത്ത സാഹചര്യം വരുന്നു. സമ്പൂർണ്ണ വൈദ്യുതീകരണം എന്നത് continuing process ആണ്. അങ്ങനെയുള്ള continuing process-നെ എടുത്ത് നയപ്രഖ്യാപനത്തിൽ കൊണ്ടു വന്നിരിക്കുകയാണ്. എം.എൽ.എ. ഫണ്ട് ഇതിനുവേണ്ടി ചെലവാക്കിയിട്ടുണ്ട്. ഞാനും 25 ലക്ഷം രൂപ എന്റെ നിയോജകമണ്ഡലത്തിൽ ഇതിനായി കൊടുത്തിട്ടുണ്ട്. യഥാർത്ഥത്തിൽ ഒരു സ്റ്റഫില്ലാത്ത നിലയിലാണ് നയപ്രഖ്യാപനമെന്ന് വിവിധ വിഷയങ്ങൾ എടുത്തു പരിശോധിച്ചാൽ മനസ്സിലാകും.

റബ്ബർ കർഷകർ ധാരാളം പ്രതിസന്ധികൾ നേരിടുന്നുണ്ട്. വിലസ്ഥിരതാ ഫണ്ട് 150 രൂപയിൽ നിന്നും 200 രൂപയായി വർദ്ധിപ്പിക്കാൻ കഴിയുമോ, ഈ ഫണ്ട് കൃത്യമായി കർഷകർക്ക് എത്തിക്കാൻ കഴിയുമോ? കേന്ദ്ര സർക്കാരിന്റെ സഹായം ഇതിന് അനിവാര്യമാണെന്നാണ് പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നത്. റബ്ബർ കർഷകരെ സഹായിക്കാൻ ഈ ഗവൺമെന്റ് എന്ത് നിലപാടെടുക്കും? 10 ലക്ഷത്തിൽപ്പരം വരുന്ന റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധികൾ ലഘുവായി കാണുന്ന സാഹചര്യം ഉണ്ടാകരുത്. ഗവൺമെന്റ് പല കാര്യങ്ങളിൽ നിന്നും ഒളിച്ചോട്ടം നടത്തുന്നു എന്നത് തീർച്ചയായും ഇവിടെ കാണാൻ കഴിയുന്ന ഒന്നാണ്.

1.00 PM]

ഇത്തരത്തിലുള്ള സാഹചര്യങ്ങൾ കൊണ്ടുതന്നെയാണ് കേരളത്തിൽ ഗവൺമെന്റിനെതിരെ ഇന്ന് വലിയ ജനരോഷം ഉയർന്നുവരുന്നത്. സഭാ സമ്മേളനം തുടങ്ങി മൂന്ന് ദിവസം പിന്നിടുമ്പോൾ കേരളത്തിലെ പ്രധാനപ്പെട്ട എല്ലാ വിഷയങ്ങളെ കുറിച്ചും പ്രത്യേകിച്ച് വിലക്കയറ്റവും ക്രമസമാധാന തകർച്ചയുമടക്കമുള്ള കാര്യങ്ങൾ ചർച്ച ചെയ്തു. ജനങ്ങളുടെ ഇടയിൽ ഉണ്ടാക്കിയിട്ടുള്ള പ്രതിഷേധവും ആശങ്കകളും വളരെ വലുതാണ്. അത്തരം കാര്യങ്ങൾ നമ്മുടെ മുന്നിൽ നിൽക്കുന്നു. ഒൻപത് മാസം പിന്നിടുന്ന ഒരു ഗവൺമെന്റിനെ വിലയിരുത്താറായിട്ടുണ്ടോ എന്നുള്ള ചോദ്യം വരുമ്പോൾ ഒൻപത് മാസം എന്ന ബ്രീത്തിംഗ് ടൈം അവർക്ക് കിട്ടിക്കഴിഞ്ഞു. ഈ സമയത്തിനുള്ളിൽ ഗവൺമെന്റിന്റെ സമീപനങ്ങൾ പരിശോധിച്ചാൽ, പ്രവർത്തനങ്ങൾ തികച്ചും പരാജയമാണെന്നത് വളരെ വ്യക്തമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഈ നയപ്രഖ്യാപന പ്രമേയത്തെ എതിർക്കുന്നു.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, ഗവർണർ അവതരിപ്പിച്ച നയപ്രഖ്യാപനത്തെ അനുകൂലിച്ചുകൊണ്ട് അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ സർവ്വാത്മനാ പിന്താങ്ങുകയാണ്.

കേരളത്തിന്റെ 60-ാമത് ജന്മദിനാഘോഷം ഏറെ സന്തോഷത്തോടെ കേരളീയർ ആഘോഷിക്കുന്ന സമയത്താണ് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് കേരളത്തിൽ ഇനി എന്തു ചെയ്യണമെന്ന് ആലോചിച്ചത്. അതിന്റെ ഭാഗമായാണ് പുറകോട്ടൊന്നു കണ്ണോടിച്ചുകൊണ്ട് ഒരു പുതിയ കേരള സൃഷ്ടിക്കുവേണ്ടി ബൃഹത്തായ പദ്ധതികൾ ആവിഷ്കരിച്ചത്. 'ചുണ്ടിൽ മധുരം തേച്ച് വോട്ട് വാങ്ങുക' എന്ന സമീപനത്തിനപ്പുറത്ത് കേരളത്തെ സംരക്ഷിക്കാൻ നാല് മിഷനുകളാണ് അദ്ദേഹം പ്രഖ്യാപിച്ചത്. അത് കേവലം ഒരു തെരഞ്ഞെടുപ്പ് വിധി കണക്കാക്കി വോട്ടർമാരെ സ്വാധീനിക്കുക എന്നതല്ല കേരളീയ സമൂഹത്തിന്റെ സംരക്ഷണത്തിനുവേണ്ടി ഒരു ജനാധിപത്യ ഗവൺമെന്റ് എന്ത് ചെയ്യണമെന്ന

കാഴ്ചപ്പാടിന്റെ ഭാഗമായാണ് ഏറെ ദീർഘവീക്ഷണത്തോടെ അത്തരമൊരു പ്രഖ്യാപനം നടത്തി മനുഷ്യരുടെ കൂട്ടായ്മയിലൂടെ നവകേരള സൃഷ്ടിക്കുവേണ്ടി തുനിയുന്നത്. വെള്ളം, മണ്ണ്, പ്രകൃതി എന്നിവയെ സംരക്ഷിക്കുക എന്ന കാഴ്ചപ്പാടോടു കൂടിയാണ് ഹരിത കേരളം പദ്ധതിക്ക് തുടക്കം കുറിക്കുന്നത്. അതിലെല്ലാം കക്ഷി രാഷ്ട്രീയ വ്യത്യാസങ്ങൾ ഇല്ല. മുഴുവൻ മനുഷ്യരുടെയും കൂട്ടായ്മയിൽ കൂടി വളർത്തിക്കൊണ്ടു വരാനാണ് പരിശ്രമിക്കുന്നത്. അതിരൂക്ഷമായ വരൾച്ചയെ കണ്ടുകൊണ്ട് ജലസ്രോതസ്സുകളും നദികളും തോടുകളും എല്ലാം സംരക്ഷിക്കുന്ന ബൃഹത്തായ പദ്ധതിയാണ് ഇത്. വ്യക്തി ജീവിതത്തിൽ വ്യക്തി എന്ന നിലയിലും പുരയിടം എന്നതിനപ്പുറം അയൽവാസിയെക്കുറിച്ച് ചിന്തിക്കാത്ത നിലയിലേയ്ക്ക് കേരളീയ സമൂഹം മാറുമ്പോൾ, ഈ നാട്ടിലെ മുഴുവൻ പാരിസ്ഥിതിക പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കുക എന്ന അവബോധം ഉയർത്തിപ്പിടിച്ചുകൊണ്ട് കേരളീയ സമൂഹത്തെ മുന്നോട്ടുകൊണ്ടു പോകുക എന്ന ലക്ഷ്യമാണ് അതിന്റെ പിന്നിലുള്ളത്. അതിന്റെ ഭാഗമായാണ് ശുചീകരണവും സുരക്ഷിതവുമായ മാലിന്യ നിർമ്മാർജ്ജനം ലക്ഷ്യം വയ്ക്കുന്നത്. ജനങ്ങളെ സംഘടിപ്പിച്ചു കൊണ്ട് ഒരു പുതിയ കേരളം, ആരോഗ്യമുള്ള ഭാവി തലമുറയ്ക്കുവേണ്ടി എന്ന കാഴ്ചപ്പാടോടുകൂടിയാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം കൊണ്ടുവന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ഇന്ന് ഇന്ത്യയിൽ ആകമാനമുള്ള ക്യാമ്പസുകൾ ഏറെ കലുഷിതമാണ്. പാവങ്ങൾക്ക്, പ്രത്യേകിച്ച് അടിസ്ഥാന ജനവിഭാഗങ്ങൾക്ക് പഠിക്കാനുള്ള അവസരം നിഷേധിക്കുന്ന സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ പോകുന്നതിനാൽ അതിനൊരു പരിഹാരമായി കേരളത്തിൽ പിറന്നുവീണ മനുഷ്യന് പഠിക്കാനുള്ള സാഹചര്യമുണ്ടാകണം. 1957-ൽ അത്തരത്തിലൊരു ശ്രമം അന്നത്തെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് തുടക്കം കുറിച്ചതായിരുന്നു. മാറിയും തിരിഞ്ഞും വന്ന ഗവൺമെന്റുകൾ ആ ഗൗരവത്തിലേയ്ക്ക് പിന്നീട് പോയില്ല. ഇവിടെ പിറന്നുവീണ കുട്ടികൾക്ക് പഠിക്കാനുള്ള ബൃഹത്തായ പദ്ധതി-അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് നമ്മുടെ മക്കളെ കൈപിടിച്ചുയർത്താൻ, ഏത് കുടുംബത്തിൽനിന്ന് വന്നവരായാലും ശരി, അവരെ ഉയരങ്ങളിൽ എത്തിക്കാനുള്ള പരിശ്രമം നടത്തുന്ന ഒരു വലിയ യജ്ഞത്തിനാണ് തുനിഞ്ഞിട്ടുള്ളത്. എല്ലാവരുടെയും പിന്തുണയാണ് അതിനാവശ്യം. ഇത് ഒരു പക്ഷത്തിന്റെ മാത്രം പ്രശ്നമല്ല. ഈ നാട്ടിലെ കുടുംബങ്ങളുടെ പ്രശ്നമെന്ന നിലയിൽ കണ്ടുകൊണ്ടാണ് ഭാവിയിൽ മക്കളുടെ സംരക്ഷണത്തിനും വിദ്യാഭ്യാസത്തിനും വേണ്ടിയാണ് പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം കൊണ്ടുവന്നിട്ടുള്ളത്. ഇന്നത്തെ വർത്തമാന യാഥാർത്ഥ്യങ്ങളെ തിരിച്ചറിഞ്ഞുകൊണ്ട് അൺ എയ്ഡഡ് വിദ്യാലയങ്ങളിൽ നടക്കുന്ന കൊള്ളയും അവിടത്തെ ഭീകര മുഖങ്ങളും കണ്ടുകൊണ്ട് പൊതുവിദ്യാഭ്യാസത്തിന്റെ പ്രസക്തി

മനസ്സിലാക്കി രാജ്യത്തിന്റെ ഐക്യവും മതേതരത്വവും നിലനിർത്തിക്കൊണ്ടുള്ള ഒരു പുതിയ തലമുറയെ വാർത്തെടുക്കുക എന്ന കാഴ്ചപ്പാടോടുകൂടി ഇന്നത്തെ സാർവ്വദേശീയ കാഴ്ചപ്പാടിന്റെ ഭാഗമായി ആ മക്കളെ ഉയർത്തിവിടുക എന്ന ലക്ഷ്യം വച്ചുകൊണ്ടാണ് പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്.

ഒരു സംസ്ഥാനത്തിന്റെ, രാജ്യത്തിന്റെ ആരോഗ്യമെന്നു പറയുന്നത് അവിടത്തെ ജനങ്ങളുടെ ആരോഗ്യമാണ്. അതുകൊണ്ട് ജനങ്ങൾക്ക് സൗഹൃദപരമായ ഒരു അന്തരീക്ഷത്തിലൂടെ, മെഡിക്കൽ കോളേജ് മുതൽ താഴെയുള്ള പെരിഫെറൽ സംവിധാനങ്ങൾവരെ മെച്ചപ്പെടുത്തി ചികിത്സാസൗകര്യങ്ങൾ വർദ്ധിപ്പിച്ച് അവർക്ക് മരുന്ന് ലഭിക്കാനുള്ള സൗകര്യങ്ങളിലേയ്ക്ക് ആരോഗ്യമേഖലയേയും കൊണ്ടുവരാനാണ് പരിശ്രമിക്കുന്നത്. സഖാവ് എം.എൻ. ലക്ഷ്യംവച്ച ലക്ഷം വീട് പദ്ധതിയും അതിനുശേഷം ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിയും കഴിഞ്ഞ അഞ്ചുവർഷം വിസ്മരിച്ചുപോയി. ഏകദേശം 4.32 ലക്ഷം ഭവനരഹിതർ നമ്മുടെ നാട്ടിലുണ്ട്. വരുന്ന അഞ്ച് വർഷം കൊണ്ട് അവരുടെ വീടിന്റെ പ്രശ്നങ്ങൾ പരിഹരിക്കണം. ഭൂമി ഇല്ലാത്തവർക്ക് ഭൂമിയും വീടും വേണം, അവരുടെ ജീവിതം മുന്നോട്ടുകൊണ്ടു പോകണമെങ്കിൽ അവർക്ക് തൊഴിൽ വേണം. അവർക്ക് തൊഴിൽ നൽകുക എന്ന പദ്ധതി കൂടി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതാണ് ഒരു ഗവൺമെന്റിനെ താരതമ്യം ചെയ്യുമ്പോൾ നാം കാണേണ്ടത്. യു.ഡി.എഫ്. ഗവൺമെന്റിനെയും എൽ.ഡി.എഫ്. ഗവൺമെന്റിനെയും താരതമ്യം ചെയ്യുമ്പോൾ ഈ ഗവൺമെന്റിനെ വിലയിരുത്തേണ്ടത് അങ്ങനെയാണ്. തീർച്ചയായും ഈ നാലു മിഷനിലൂടെ കേരളത്തിന്റെ ഭാവിക്കുവേണ്ടിയുള്ള ഒരു സമഗ്രമായ പദ്ധതിയാണ് ആവിഷ്ക്കരിച്ച് മുന്നോട്ടുപോകുന്നത്.

രാവിലെ എന്റെ ബഹുമാന്യനായ സുഹൃത്ത് എം. ഉമ്മർ അടിയന്തര പ്രമേയം അവതരിപ്പിക്കുകയുണ്ടായി. എങ്ങനെയാണ് നമ്മുടെ നാട്ടിൽ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം ഇല്ലാതായത് എന്നതിനെക്കുറിച്ച് കാണേണ്ടതുണ്ട്. ആറ് കേന്ദ്ര മന്ത്രിമാർ കേരളത്തിൽനിന്ന് ഉള്ളപ്പോഴാണ് ആ നിയമം കൊണ്ടുവന്നത്. ബഹുമാനപ്പെട്ട എം. ഉമ്മറിന്റെ നേതാവ് ബഹുമാന്യനായ ഇ. അഹമ്മദും അന്ന് കേന്ദ്രമന്ത്രിയായിരുന്നു. കുളം കുഴിക്കുമ്പോൾ കുറ്റി നിൽക്കില്ല. 1964-ൽ ഈ രാജ്യത്ത് നടന്ന പട്ടിണി സമരങ്ങളിലൂടെയാണ് ഇന്ത്യൻ പാർലമെന്റിൽ സഖാവ് എ. കെ. ഗോപാലൻ പ്രതിപക്ഷ നേതാവും പി. കെ. വാസുദേവൻ നായർ പാർലമെന്ററി സെക്രട്ടറിയുമായിരുന്ന സമയത്ത് പാർലമെന്റിൽ പോരാട്ടം നടത്തി സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം സംസ്ഥാനത്ത് നടപ്പിലാക്കിയത്. അതൊരു അവകാശ മായിരുന്നില്ല. കേരളത്തിന്റെ ഔദാര്യമാണ്. അതാണ് തടയപ്പെട്ടത്. 1964-ൽ നാം നേടിയ അവകാശമാണ് 2013-ൽ യു.പി.എ. ഗവൺമെന്റ് തകർത്തത്. ഇത്തരമൊരു നിയമം നടപ്പിലാകുമ്പോൾ സംസ്ഥാനത്തെ ആറ് കേന്ദ്ര മന്ത്രിമാർക്കും സ്റ്റാറ്റ്യൂട്ടറി

റേഷനിംഗ് സമ്പ്രദായം ഇല്ലാതാകുമെന്ന് അറിയാമായിരുന്നില്ലേ? അതിന്റെ ഭാഗമായി 2 ലക്ഷം മെട്രിക് ടൺ അരിയാണ് കേരളത്തിന് നഷ്ടപ്പെട്ടത്. ഈ പ്രയാസങ്ങളാണ് ഇന്ന് കേരളം അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്നത്. ഇതുസംബന്ധിച്ച് മുൻ ഭക്ഷ്യ വകുപ്പുമന്ത്രി ശ്രീ. അനൂപ് ജേക്കബ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നിങ്ങൾ റേഷൻ കാർഡുകൾ വിതരണം ചെയ്തല്ലോ? അതിൽ അച്ഛന്റെയും അമ്മയുടെയും പേരുകൾ മാറി. ജനങ്ങൾ പ്രക്ഷോഭിതരായി മാറിയില്ല എന്നുമാത്രം. ആ റേഷൻ കാർഡ് എൽ.ഡി.എഫ്. ഗവൺമെന്റിന് കൊടുക്കാൻ കഴിയുമോ? അതിന്റെ പ്രശ്നങ്ങൾ ഇവിടെ നിലനിൽക്കുന്നുണ്ട്. തെറ്റുകളുള്ള ഒരു റേഷൻ കാർഡ് തയ്യാറാക്കി കൊണ്ടാണ് നിങ്ങൾ തെരഞ്ഞെടുപ്പിനെ നേരിട്ടത്. അധികാരത്തിൽ വരാൻ കഴിയില്ലെന്ന് മനസ്സിലായതിന്റെ അടിസ്ഥാനത്തിൽ ഇത് എൽ.ഡി.എഫ്.-ന്റെ തലയിലിരുന്നോട്ടെ എന്നൊരു സമീപനമായിരുന്നു സ്വീകരിച്ചത്. മൂന്ന് വർഷം കാത്തിരുന്നിട്ടുപോലും ജനങ്ങൾക്ക് റേഷൻ കാർഡ് നൽകിയില്ല. ഇതല്ലേ യാഥാർത്ഥ്യം? ശ്രീ. എം. ഉമ്മർ ഇക്കാര്യങ്ങളൊക്കെ മറന്നുപോയോ?

ടൂറിസവുമായി ബന്ധപ്പെട്ട വിഷയം കൂടി പറഞ്ഞശേഷം എന്റെ പ്രസംഗം അവസാനിപ്പിക്കാം. ഒരു സാർവ്വദേശീയ പ്രശ്നം കേരളവും ഇന്ത്യയും ഇന്ന് വലിയ തോതിൽ അഭിമുഖീകരിക്കുന്നു. ഏഴ് മുസ്ലീം രാഷ്ട്രങ്ങൾക്ക് ഇന്ന് അമേരിക്കയിൽ പ്രവേശനമില്ല. പഠിച്ചുവളരുന്ന പുതിയ തലമുറയ്ക്ക്, അമേരിക്ക അമേരിക്കക്കാരന്റേത് എന്ന മുദ്രാവാക്യം കൊണ്ടുവന്നിരിക്കുകയാണ് ശ്രീമാൻ ട്രംപ്. സാമ്രാജ്യത്വത്തിന്റെ അല്ലെങ്കിൽ മുതലാളിത്തത്തിന്റെ അവസാനത്തെ തുറുപ്പ് ചീട്ട് എന്ന നിലയ്ക്ക് അദ്ദേഹം ഇറങ്ങിയിരിക്കുകയാണ്. ഗൾഫ് രാജ്യങ്ങളിൽനിന്ന് ജോലി നഷ്ടപ്പെട്ട് തിരിച്ചു വരുന്നതുപോലെ വിദേശങ്ങളിൽനിന്ന് ഒട്ടേറെ പേർ തിരിച്ചുവരുമ്പോൾ, അവർക്കുവേണ്ടി ഭാവനാപൂർവ്വമായ പദ്ധതികൾ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. ടൂറിസം രംഗത്ത് 4 ലക്ഷത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ലക്ഷ്യമിടുന്നു എന്നത് എത്ര ഭാവനാപൂർവ്വമാണ് എന്നുകൂടി ഓർമ്മപ്പെടുത്തിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ഒ. രാജഗോപാൽ: സർ, നന്ദിപ്രമേയ ചർച്ചയിൽ പങ്കെടുത്ത് എല്ലാവരും ഒട്ടേറെ കാര്യങ്ങൾ പറയുകയുണ്ടായി. ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു. അതിന് എനിക്ക് ഒട്ടേറെ കാരണങ്ങൾ പറയാനുണ്ട്. പക്ഷേ സമയം അനുവദിക്കുന്നില്ല, ഒരു മിനിട്ടാണ് എനിക്ക് അനുവദിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ ഞാൻ അധികം പറയാൻ ആഗ്രഹിക്കുന്നില്ല. സംക്ഷിപ്തമായി ഒരു കാര്യം മാത്രം ഇവിടെ ചൂണ്ടിക്കാണിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് ഇലക്ഷനിൽ മത്സരിച്ച് മന്ത്രിമാരെ അവരോധിക്കുന്നത് ഭരണഘടനാടിസ്ഥാനത്തിലാണ്. സത്യപ്രതിജ്ഞ ചെയ്യുന്ന അവസരത്തിൽ പക്ഷപാതം കൂടാതെ എല്ലാവർക്കും നീതി ഉറപ്പുവരുത്തുന്ന ഒരു

ഭരണം കാഴ്ചവയ്ക്കും എന്ന് എല്ലാ മന്ത്രിമാരും സത്യപ്രതിജ്ഞ ചെയ്താണ് അധികാരമേൽക്കുന്നത്. പക്ഷേ അത് നടപ്പായി കാണുന്നില്ല എന്നുള്ളതാണ് വസ്തുത. ഞങ്ങൾക്ക് വോട്ട് ചെയ്തവരുടെ താൽപ്പര്യം സംരക്ഷിക്കലാണ് ഞങ്ങളുടെ കാഴ്ചപ്പാടെന്നാണ് മുഖ്യമന്ത്രി പറഞ്ഞിട്ടുള്ളത്. തീർച്ചയായും മുഖ്യമന്ത്രി അവരുടെയും കാര്യങ്ങൾ സംരക്ഷിക്കേണ്ടതാണ്. അവർ നാടിന്റെ പൗരന്മാരാണ്. ഇവിടെ ബാക്കി ആൾക്കാരുമുണ്ട്. ഈ രാജ്യത്തെ ഹിന്ദുസ്ഥാൻ എന്ന് വിളിക്കുന്നതുപോലും വർഗ്ഗീയതയാണെന്ന കാഴ്ചപ്പാടോടുകൂടി നോക്കുന്ന അവസരത്തിൽ പക്ഷപാതപരമായൊരു സമീപനം അടിസ്ഥാനപരമായി കൈക്കൊള്ളുന്നുവെന്നുള്ളത് വളരെ നിർഭാഗ്യകരമായിട്ടുള്ള കാര്യമാണ്. തൊട്ടതിനൊക്കെ കേന്ദ്രത്തെയും വർഷങ്ങളായി നിയമപരമായി രാജ്യത്ത് പ്രവർത്തിച്ചുവരുന്ന പ്രസ്ഥാനങ്ങളെയും കുറ്റംപറയുകയും കണ്ണടച്ച് ആക്ഷേപിക്കുകയും ചെയ്യുന്നതാണ് പുരോഗമനം എന്ന സമീപനം കൈക്കൊള്ളുന്നത് തികച്ചും തെറ്റാണ്. ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്നുണ്ടോ എന്നതിനെക്കുറിച്ച് വിശദീകരിച്ച് പറയുന്നില്ല.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആദരിക്കുന്ന മാതൃഭൂമി, മലയാള മനോരമ തുടങ്ങിയ പത്രങ്ങളിൽ കഴിഞ്ഞ രണ്ട് ദിവസങ്ങളിൽ വന്നിട്ടുള്ള രണ്ട് കാര്യങ്ങൾ മാത്രം ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. ഡൽഹിയിലെ ഒരു പത്രത്തിൽ കേരളത്തിന്റെ ക്രമസമാധാനനിലയെപ്പറ്റി പുകഴ്ത്തി ചില കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. അതിന്റെ യഥാർത്ഥ വസ്തുത എന്താണെന്നുള്ളത് ഇവിടത്തെ മലയാള മനോരമ പത്രത്തിൽ വളരെ വിശദമായി പറഞ്ഞിട്ടുണ്ട്. അതിന്റെ വിശദമായ കണക്ക് മുഴുവൻ പറയുന്നില്ല. കേരള രാഷ്ട്രീയത്തിൽ എട്ടുമാസത്തിനകം 18 കൊലപാതകങ്ങളാണ് നടന്നിട്ടുള്ളത്. അതിൽ 8 കൊലപാതകങ്ങളും നടന്നിട്ടുള്ളത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സ്വന്തം ജില്ലയിലാണ്. സ്ത്രീ പീഡനത്തിന്റെ കാര്യത്തിലും വളർച്ച ഉണ്ടായിട്ടുണ്ട്. 330 സ്ത്രീപീഡനം ഇവിടെ നടന്നിരിക്കുന്നു. 630 കുട്ടികളെ കാണാതായിരിക്കുന്നു. ദളിത് പീഡനങ്ങളുടെ കാര്യത്തിലാണ് റെക്കോർഡ് ഉണ്ടായിട്ടുള്ളത്. 7200 ദളിത് പീഡനങ്ങളാണ് നടന്നിട്ടുള്ളത്. ഇത്തരത്തിലുള്ള സമീപനങ്ങളാണ് ഒരു ഭാഗത്തുള്ളത്. മറുഭാഗത്ത് ഉദ്യോഗസ്ഥർ പരസ്പരം സഹകരിച്ചുകൊണ്ട് പ്രവർത്തിക്കുന്ന അന്തരീക്ഷമല്ല കാണുന്നത്. ഐ.എ.എസ്./ ഐ.പി.എസ്. ഉദ്യോഗസ്ഥർ തമ്മിൽ തർക്കമാണ്; സെക്രട്ടേറിയറ്റ് ജീവനക്കാർ സമരത്തിലാണ്; ഇതിന്റെ ഫലം അനുഭവിക്കുന്നത് ഇവിടത്തെ ജനങ്ങളാണ്. നീതിയും ന്യായവും ലഭിക്കാൻ അർഹതയുള്ള ആളുകൾക്ക് അത് നിഷേധിക്കുന്ന സാഹചര്യം ഉണ്ടായിരിക്കുന്നു. രാഷ്ട്രീയ പകപോക്കലിന്റെ ഫലമായാണ് ഇങ്ങനെയൊക്കെ ഉണ്ടായതെന്ന് ഡി.ജി.പി.-ക്കും പറയേണ്ട സാഹചര്യമുണ്ടായി. ഇത്തരത്തിലുള്ള ഒരു വലിയ കുറ്റാരോപണമാണ് ഉത്തരവാദപ്പെട്ട പ്രമുഖ പത്രങ്ങളും പറയുന്നത്. ഇതെങ്കിലും മാനിക്കാൻ തയ്യാറാകണമെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, കേരള ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് ശ്രീ. എ. പ്രദീപ്കുമാർ അവതരിപ്പിച്ച നന്ദിപ്രമേയത്തെ പൂർണ്ണമായും പിന്തുണയ്ക്കുന്നു.

എല്ലാവർക്കും ഭക്ഷണം, വസ്ത്രം, പാർപ്പിടം, ഇന്റർനെറ്റ്, വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, നീതി, ഒത്തൊരുമ, ലിംഗസമത്വം തുടങ്ങിയവയ്ക്കായി കേരളീയ ജനസമൂഹത്തെയാകെ അണിനിരത്തി ഒരു മനസ്സോടെ പ്രവർത്തിക്കാനാണ് എൽ.ഡി.എഫ്. സർക്കാർ ഉദ്ദേശിക്കുന്നത്. നിർഭാഗ്യവശാൽ, കോൺഗ്രസ്സും യു.ഡി.എഫ്.-ഉം ഈ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്താൻ നടത്തുന്ന ഹീനശ്രമങ്ങളെ കേരളത്തിലെ ജനങ്ങൾ തിരിച്ചറിയും. നിയമസഭയ്ക്കകത്തും പുറത്തും മുഖ്യമന്ത്രി സഖാവ് പിണറായി വിജയനെ ഒറ്റതിരിഞ്ഞ് ആക്രമിക്കാനുള്ള യു.ഡി.എഫ്.-ന്റെയും ബി.ജെ.പി.യുടെയും രാഷ്ട്രീയ തീരുമാനം നാട് പുച്ഛിച്ച് തള്ളും. ഇന്ന് ശ്രീ. പി. തിലോത്തമനെ വ്യക്തിപരമായി ആക്രമിക്കാനും യു.ഡി.എഫ്. തയ്യാറായി. ഈ കുടില രാഷ്ട്രീയ തന്ത്രങ്ങളെല്ലാം ഞങ്ങളെല്ലാവരും ഒറ്റക്കെട്ടായി നേരിടും. ശ്രീ. കുമ്മനം രാജശേഖരനും ശ്രീ. വി. എം. സുധീരനും ഒരേ ശബ്ദമുണ്ടാകുന്നത് യാദൃശ്ചികമല്ല. ഈ അവിഹിത രാഷ്ട്രീയ ബന്ധത്തിന്റെ ഭാഗമായാണ് അത് ഉണ്ടാകുന്നത്. കേരളം കോൺഗ്രസ്സും ബി.ജെ.പി.യും ചേർന്ന് നടത്തുന്ന ഈ രാഷ്ട്രീയ സദാചാര വിരുദ്ധ യോജിപ്പിനെ തിരിച്ചറിഞ്ഞ് പ്രതികരിക്കുക തന്നെ ചെയ്യും. അടിത്തട്ടിൽ പാർട്ടിക്ക് പ്രവർത്തനമില്ല. യുവജന നേതാക്കൾ പ്രസ്താവനകളിൽ മാത്രം ജീവിക്കുന്നു. ക്യാമ്പസ്സുകളിൽ കെ.എസ്.യു. ഇല്ല. വിദ്യാർത്ഥികളല്ലാത്തവരാണ് ഇന്ന് കെ.എസ്.യു.-വിലുള്ളത്. രാത്രികാല ആർ.എസ്.എസ്.-കാർ കോൺഗ്രസ്സിൽ വേണ്ട.' ശ്രീ. എ. കെ. ആന്റണിയുടെ ഈ പ്രസ്താവനയെ കോൺഗ്രസ്സ് (......ബഹളം.......) പത്രത്തിൽ വന്നകാര്യമാണ് ഞാൻ പറയുന്നത്.

മി. സ്പീക്കർ: ശ്രീ. എം. വിൻസെന്റ്, ദയവായി സീറ്റിലിരിക്കു. അദ്ദേഹം പത്രപ്രസ്താവന വായിക്കുകയാണ്.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, കോൺഗ്രസ്സ് ചെന്നെത്തിയ ദുരവസ്ഥയുടെ നേർവിവരമാണ് ശ്രീ. എ. കെ. ആന്റണി നടത്തിയത്.

മി. സ്പീക്കർ: പ്രസംഗിക്കുമ്പോൾ പത്രവാർത്തകൾ എല്ലാവരും ഉദ്ധരിക്കും. അദ്ദേഹം പത്രവാർത്ത ഉദ്ധരിക്കുകയാണ്. അങ്ങ് സംസാരിക്കു......

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, ഇതൊന്നും ശ്രീ. വി. എം. സുധീരനും ശ്രീ. ഉമ്മൻ ചാണ്ടിക്കും ശ്രീ. രമേശ് ചെന്നിത്തലയ്ക്കും മനസ്സിലാകുന്നില്ല എന്നതാണ് കോൺഗ്രസ്സ് നേരിടുന്ന ദുരന്തം. അതാണ് ഇപ്പോൾ ഇവിടെയും പ്രകടിപ്പിക്കുന്നത്. അമേരിക്കൻ പ്രസിഡന്റ് ശ്രീ. ട്രംപ്, പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദി എന്നിവരോടൊപ്പം

ശ്രീ. പിണറായി വിജയനെ കൂട്ടിച്ചേർത്ത് വായിക്കുന്ന ശ്രീ. വി. എം. സുധീരന്റെ ജൽപ്പനങ്ങൾക്ക് സാമ്രാജ്യത്വ വർഗ്ഗീയ കുടിലനീക്കങ്ങൾക്കെതിരെ ഐതിഹാസികമായ പടയണി തീർത്ത കേരളം ശക്തമായ പ്രതിരോധം ഉയർത്തുക തന്നെ ചെയ്യും. പാവപ്പെട്ടവരുടെയും സാധാരണക്കാരുടെയും ഉന്നമനമാണ് ഈ സർക്കാരിന്റെ ലക്ഷ്യം. 'എല്ലാവർക്കും' എന്ന പദം നാട്ടിലെ പാവപ്പെട്ടവർക്ക് വേണ്ടിയുള്ളതാണ്.

അതിരൂക്ഷമായ വരൾച്ചയാണ് കേരളം നേരിടുന്നത്. ഹരിത കേരളം പദ്ധതി ഇതിനെ പ്രതിരോധിക്കാനാണ്. ജൈവ പച്ചക്കറി കൃഷി കേരള ജനതയുടെ കാർഷിക സംസ്കാരത്തിലേയ്ക്കുള്ള തിരിച്ചുവരവാണ് സൂചിപ്പിക്കുന്നത്. യു.ഡി.എഫ്. സർക്കാർ നീർത്തട സംരക്ഷണ നിയമങ്ങൾ അട്ടിമറിച്ചവരാണ്. മെത്രാൻ കായൽ നികത്താൻ ശ്രമിച്ചവരാണ്. മെത്രാൻ കായലിലും ആറന്മുളയിലും നെൽക്കൃഷി ചെയ്ത് പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കുകയാണ് കേരളത്തിലെ കൃഷി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. ഇതിനെ കർഷക സമൂഹമാകെ പിന്തുണയ്ക്കുന്നുണ്ട്. ജീരകശാല, ഗന്ധകശാല തുടങ്ങിയ കൃഷി വ്യാപനത്തിന് വയനാട് ജില്ലയ്ക്ക് പ്രത്യേക പദ്ധതി തയ്യാറാക്കുമെന്നത് സ്വാഗതാർഹമാണ്. നെൽവയലുകളിൽ വാഴകൃഷിക്കുപകരം നെൽക്കൃഷി ചെയ്യാൻ കർഷകരെ പ്രോത്സാഹിപ്പിക്കുന്ന നടപടി സ്വീകരിക്കാൻ കഴിയണം. കബനി നദിയുടെ സംരക്ഷണത്തിനും മുള്ളൻകൊല്ലി, പുൽപ്പള്ളി മേഖലയിലെ വരൾച്ചയെ അതിജീവിക്കാനും ഗവൺമെന്റ് എടുക്കുന്ന നിലപാടുകൾ ജനങ്ങൾ നല്ലതുപോലെ സ്വാഗതം ചെയ്യുന്നുണ്ട്. 1978-ൽ ആരംഭിച്ച കാരാപ്പുഴ ജലസേചന പദ്ധതിയുടെ 15 കിലോമീറ്റർ ദൂരത്തിൽ 39 വർഷത്തിനുശേഷം വെള്ളം തുറന്നുവിട്ടത് ഈ സർക്കാരിന്റെ ദൃഢനിശ്ചയത്തെയാണ് കാണിക്കുന്നത്. ജില്ലയിലെ മുഴുവൻ ക്വാറികളും മാസങ്ങളായി അടച്ചിട്ടിരിക്കുകയാണ്. പരിസ്ഥിതിക്ക് ആഘാതമുണ്ടാകാത്ത വിധത്തിൽ ക്വാറികൾ തുറന്ന് പ്രവർത്തിപ്പിക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണം. സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റി നടപ്പിലാക്കുന്ന മാലിന്യ നിർമ്മാർജ്ജന പ്രോജക്റ്റിനെ മാതൃകയാക്കുമെന്നുള്ളത് സ്വാഗതാർഹമാണ്. എൽ.ഡി.എഫ്. സർക്കാർ കുറ്റവാളികൾക്കെതിരെ കടുത്ത നടപടി സ്വീകരിക്കുന്നതിൽ യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും വെപ്രാളം കാണിക്കുന്നത് വേട്ടക്കാരുടെ മാനസികാവസ്ഥയിലാണ്. ഇരകൾക്ക് വേണ്ടി എന്ന വ്യാജേന വേട്ടക്കാരോടൊപ്പം നിൽക്കുന്ന കോൺഗ്രസ്സിന്റെ ജീർണ്ണ സംസ്കാരത്തെ ജനങ്ങൾ തിരിച്ചറിയുക തന്നെ ചെയ്യും.

കുറ്റവാളികൾ എവിടെച്ചെന്ന് അഭയം പ്രാപിച്ചാലും കുറ്റവാളികൾ തന്നെ. കോടതിയിലെ പ്രതിക്കൂട്ടിൽ അഴികൾ മുറുക്കിപ്പിടിച്ചുനിന്നാലും അവർക്ക് രക്ഷപ്പെടാൻ കഴിയില്ലെന്ന് പിണറായിയുടെ പോലീസ് തെളിയിച്ചപ്പോൾ യു.ഡി.എഫ്. ഉയർത്തുന്ന വികൃത രാഷ്ട്രീയത്തിനാണ് അടിയേറ്റിരിക്കുന്നത്. പ്രശസ്ത നടിയെ ആക്രമിച്ച

കേസിലെ എല്ലാ പ്രതികളെയും പിടിച്ചപ്പോൾ കോൺഗ്രസ് നേതൃത്വം നിയമസഭയിൽ കാണിക്കുന്ന കോപ്രായങ്ങൾ അവരെ സ്വയം പരിഹാസ്യരാക്കുകയാണ്. പല പ്രതികളെയും മുൻകാലങ്ങളിൽ സംരക്ഷിച്ചവരിൽനിന്ന് ഇതിൽക്കൂടുതൽ പ്രതീക്ഷിക്കേണ്ടതില്ല. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് വയനാട്ടിൽ ബ്ലോക്ക് കോൺഗ്രസ് ഓഫീസിൽ ഡി.സി.സി. ജനറൽ സെക്രട്ടറി പി.വി. ജോൺ തൂങ്ങി മരിച്ചു. അദ്ദേഹം ആത്മഹത്യാക്കുറിപ്പ് എഴുതിവച്ചിരുന്നു. കോൺഗ്രസിന്റെ കുടില രാഷ്ട്രീയതന്ത്രം അറിയാവുന്ന ജോൺ തന്റെ പോക്കറ്റിൽ എഴുതി സൂക്ഷിച്ച കത്തിന്റെ കോപ്പി കോൺഗ്രസ് ഓഫീസിന്റെ ചുമരിലും ഒട്ടിച്ചിരുന്നു. ഇതാരെങ്കിലും നശിപ്പിച്ചുകളയുമെന്ന ധാരണ അദ്ദേഹത്തിനുണ്ടായിരുന്നു. പി. വി. ജോണിന്റെ ഭാര്യയും മകനും ഈ വിവരങ്ങളെല്ലാം കോൺഗ്രസ് നേതാക്കളോടും അന്നത്തെ കോൺഗ്രസ് ആഭ്യന്തര മന്ത്രിയോടും പറഞ്ഞിട്ടും യാതൊരു നടപടിയും സ്വീകരിച്ചില്ല എന്ന് കാണാൻ കഴിയും. ഈ രാഷ്ട്രീയ സംസ്കാരമല്ല എൽ.ഡി.എഫ്. ഉയർത്തിപ്പിടിക്കുന്നത്. ഗുണ്ടകളുടെയും റൗഡികളുടെയും സാമൂഹ്യദ്രോഹികളുടെയും സ്ത്രീകളെ ആക്രമിക്കുന്നവരുടെയും പട്ടിക തയ്യാറാക്കുമെന്ന് പറയുമ്പോൾ അതിനെ പുച്ഛിച്ചുതള്ളുന്ന പ്രതിപക്ഷ നേതാവ് ആരുടെ പക്ഷത്താണ് നിൽക്കുന്നതെന്ന് വ്യക്തമാണ്. ഇതൊന്നും കേരളത്തിലെ സ്ത്രീ സമൂഹം അംഗീകരിക്കുന്നില്ല. യു.ഡി.എഫ്.-ന്റെ ബെഞ്ചിൽ പേരിനൊരു സ്ത്രീ പോലും ഇല്ലാത്തത് എന്താണെന്ന് ഇനിയെങ്കിലും ഇവർ തിരിച്ചറിയണം. 1065 പേരെ ഈ സർക്കാർ കരുതൽ തടങ്കലിൽ ആക്കിയിരിക്കുകയാണ്. 171 ആളുകളുടെ പേരിൽ കാപ്പ നിയമം ചുമത്തിയിരിക്കുകയാണ്. 1282 പേരുടെ ലിസ്റ്റ് തയ്യാറാക്കി, 60 പേർ റൗഡി ലിസ്റ്റിലാണ്. പോലീസ് തയ്യാറാക്കിയ ലിസ്റ്റാണിത്. സാമൂഹ്യദ്രോഹികൾക്ക് ഈ ഭരണത്തിനുകീഴിൽ യാതൊരുവിധ സംരക്ഷണവും കിട്ടില്ലെന്നാണ് ഇത് ഉറപ്പാക്കുന്നത്. ടി.എസ്.പി., എസ്.സി.പി. ഫണ്ട് കേന്ദ്ര ഗവൺമെന്റ് നിർത്തലാക്കിയിരിക്കുകയാണ്. കേന്ദ്ര ഖജനാവിൽ 10(a), 10(b) ആപ്ലിക്കേഷനിലൂടെ ഈ ഫണ്ട് എൻ.ജി.ഒ.കളെ ഉപയോഗിച്ചുകൊണ്ട് കോളനികളിൽ വിതരണം ചെയ്ത് തങ്ങളുടെ രാഷ്ട്രീയ പ്രവർത്തനം നടത്താനാണ് ബി.ജെ.പി. സർക്കാർ പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. ആദിവാസി രംഗത്തെ പരമ്പരാഗത ക്ഷേമപ്രവർത്തന രീതിയിൽനിന്ന് ഈ സർക്കാർ പിൻമാറുകയാണ്. സ്വയം പര്യാപ്തത കൈവരിച്ച് നാടിന്റെ മുഖ്യധാരയിലേയ്ക്ക് ആദിവാസികളെ കൊണ്ടുവരാനാണ് സർക്കാർ ശ്രമിക്കുന്നത്. യു.ഡി.എഫ്. ഭരണകാലത്ത് നടത്തിയ ആദിവാസി മേഖലയിലെ അഴിമതികൾക്കെതിരെ വിജിലൻസ് അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ സർക്കാർ സസ്പെൻഡ് ചെയ്തിരിക്കുകയാണ്. വയനാട് ജില്ലയിലെ പ്രൈമറി വിദ്യാലയങ്ങളിൽ ടി.ടി.സി. പാസ്സായ ആദിവാസി അദ്ധ്യാപകരെ നിയമിക്കാനുള്ള അപേക്ഷകൾ ക്ഷണിച്ചിരിക്കുകയാണ്. ജൂൺ മാസത്തിൽ വിദ്യാലയങ്ങൾ തുറക്കുമ്പോൾ പുതിയ കുട്ടികളോടൊപ്പം 241

ആദിവാസി ടീച്ചർമാരും വയനാട്ടിലെ വിദ്യാലയങ്ങളിലേയ്ക്ക് പ്രവേശിക്കും. ഇത് ആദിവാസി മേഖലയിൽ പുത്തനുണർവുണ്ടാക്കും. 83103 കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യ കിറ്റുകൾ മഴക്കാലത്ത് വിതരണം ചെയ്തു. അട്ടപ്പാടിയിൽ 183 ഊരുകളിൽ കമ്മ്യൂണിറ്റി കിച്ചൺ ആരംഭിച്ചു. 1,53,825 പേർക്ക് ഓണക്കിറ്റും 46,820 പേർക്ക് ഓണക്കോടിയും ഈ സർക്കാർ നൽകി. പാലക്കാട്, കോഴിക്കോട് ജില്ലകളിൽ 'ഗദ്ദിക' മേള നടത്തി. അതിൽ ആദിവാസി പങ്കാളിത്തം ധാരാളമുണ്ടായി. 78 ലക്ഷം രൂപയുടെ ആദിവാസി ഉൽപ്പന്നങ്ങൾ വിറ്റഴിച്ചു. 6709 വീടുകൾ നിർമ്മിക്കാൻ അനുമതി നൽകി.

ഭവനനിർമ്മാണ മേഖലയിൽ സ്പിൽ ഓവറായ 23197 വീടുകൾ നിർമ്മിക്കുന്നതിന് 166.78 കോടി രൂപ അനുവദിച്ചു. 3945 വീടുകൾ പൂർത്തീകരിച്ചു. വനാവകാശ നിയമപ്രകാരം 4175 പേർക്ക് ഭൂമി നൽകാനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് ഒരു പ്രാവശ്യംപോലും വനാവകാശ നിയമപ്രകാരം ഭൂമി നൽകാനുള്ള ഡി.എൽ.സി. (ഡിസ്ട്രിക്ട് ലെവൽ കമ്മിറ്റി) യോഗംപോലും ചേർന്നില്ലെന്ന് കാണാൻ കഴിയും. സുപ്രീംകോടതി വഴി ലഭ്യമായ 4000 ഏക്കർ ഭൂമി വിതരണം ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കുകയാണ്. 25000 പേർക്ക് 40 കോടിയിലധികം രൂപ ചികിത്സാ സഹായം നൽകി. ഇതിൽ 6000 പേർ യു.ഡി.എഫ്. ഭരണകാലത്ത് അപേക്ഷ നൽകിയവരാണ്. ഗോത്രവർഗ്ഗ ഉൽപ്പന്നങ്ങൾ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റി വിതരണം ചെയ്യുക, എറണാകുളത്ത് ട്രൈബൽ മ്യൂസിയം ആരംഭിക്കുക, എല്ലാ കോളനികളിലും സാമൂഹ്യ പഠന കേന്ദ്രം ആരംഭിക്കുക തുടങ്ങിയ കാര്യങ്ങൾക്കെല്ലാം ഈ ഗവൺമെന്റ് നേതൃത്വം കൊടുത്തുകൊണ്ടിരിക്കുകയാണ്. ബി.ജെ.പി.-യുടെ പിന്തുണയോടു കൂടി ശ്രീമതി സി. കെ. ജാനു ആരംഭിച്ചിട്ടുള്ള ഭൂസമരം വയനാട്ടിൽ ചീറ്റിപ്പോയത് നമുക്ക് കാണാൻ കഴിയും. ആദിവാസികളെ ബി.ജെ.പി. പാളയത്തിലെത്തിക്കാനുള്ള നടപടികൾക്കെതിരെ ഗോത്രമഹാസഭ സംസ്ഥാന ജനറൽ സെക്രട്ടറിയുടെ നേതൃത്വത്തിൽതന്നെ ഒരു വിഭാഗം അതിൽനിന്ന് രാജിവച്ച് പുറത്തുവന്നിരിക്കുകയാണ്. ക്ഷീരമേഖലയിൽ ഈ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങളും നല്ല രീതിയിൽ നമുക്ക് കാണാൻ കഴിയും. സംസ്ഥാനത്തിനാവശ്യമായ പാൽ, മുട്ട, ഇറച്ചി എന്നിവ ഉൽപ്പാദിപ്പിക്കാനുള്ള പ്രവർത്തനങ്ങൾക്ക് വെറ്ററിനറി യൂണിവേഴ്സിറ്റി പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇതിന് സർക്കാരിന്റെ എല്ലാവിധ പിന്തുണയുമുണ്ടാകണം. 40 ശതമാനം വനമുള്ള വയനാട്ടിൽ അടുത്ത കാലത്ത് കാട്ടാനയുടെ ആക്രമണത്തിൽ 6 പേർ മരണപ്പെടുകയും 18 പേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. കാടും നാടും തമ്മിൽ വേർതിരിക്കാനുള്ള നിലപാട് സ്വീകരിക്കണം. കൊളോണിയൽ ഭരണകാലത്തിന്റെ ചിഹ്നങ്ങളാണ് തോട്ടം തൊഴിലാളികളുടെ പാടികൾ/ലയങ്ങൾ.

ഇത് പൊളിച്ചുമാറ്റി ആധുനിക ഭവനങ്ങൾ തോട്ടം തൊഴിലാളികൾക്ക് നൽകുമെന്നുള്ളത് അങ്ങേയറ്റം സന്തോഷകരമായ കാര്യമാണ്. ഉത്തരവാദിത്വ ടൂറിസത്തിലൂടെ കേരളത്തിന്റെ സംസ്കാരവും തനിമയും ഉയർത്തിപ്പിടിക്കാൻ കഴിയണം. വർഗ്ഗീയ താല്പര്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന നരേന്ദ്രമോദി സർക്കാരിന്റെ നയത്തിനെതിരെ രാജ്യത്തിലെ സർവ്വകലാശാലകളിൽ ഉയർന്നുവരുന്ന പ്രതിഷേധം എല്ലാ ജനാധിപത്യ വിശ്വാസികളും മനസ്സിലാക്കണം. അന്ധമായ കമ്മ്യൂണിസ്റ്റ് വിരോധത്തിന്റെ അടിസ്ഥാനത്തിൽ ബി.ജെ.പി.-യെ സഹായിക്കുന്ന രാഷ്ട്രീയ നിലപാടിൽനിന്ന് കോൺഗ്രസ് ഇനിയെങ്കിലും പിൻമാറണം. എൽ.ഡി.എഫ്. സർക്കാരിന്റെ കീഴിൽ വർഗ്ഗീയതയ്ക്കെതിരെ മതനിരപേക്ഷവും ജനപക്ഷവുമായ നിലപാടുകൾ ഉയർത്തിപ്പിടിച്ചുകൊണ്ട് പുത്തൻ കേരളം സൃഷ്ടിക്കാനുള്ള പ്രവർത്തനത്തിന് ദിശാബോധം നൽകുന്ന ഗവർണറുടെ നയപ്രഖ്യാപനത്തെ ഒരിക്കൽക്കൂടി ഞാൻ പിന്തുണയ്ക്കുന്നു.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഗവർണർ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തെ ഞാൻ എതിർക്കുകയാണ്. ഒരു ഗവൺമെന്റിന്റെ തുടക്കം കണ്ടാലറിയാം ഒടുക്കം എന്താകുമെന്ന്. ഈ ഗവൺമെന്റിന്റെ തുടക്കം നന്നായിട്ടില്ല. വളരെ കുറഞ്ഞ ഭൂരിപക്ഷത്തിൽ അധികാരത്തിൽ വന്ന യു.ഡി.എഫ്. ഗവൺമെന്റ് തുടക്കത്തിൽ കാഴ്ചവച്ച പെർഫോമൻസ് കേരളം അഭിമുഖീകരിക്കുന്ന ഒരു പ്രശ്നത്തിലും ഇതിനകം ഈ ഗവൺമെന്റ് പ്രകടമാക്കിയിട്ടില്ല. കേരളം ഗുരുതരമായ ധാരാളം പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. ഈ വിഷയങ്ങളിൽ നല്ല ഇൻഷ്യേറ്റീവും ഇമാജിനേഷനും പ്ലാനും ഫോർസൈറ്റുമൊക്കെ പ്രകടമാക്കേണ്ട നിങ്ങളുടെ ഹണിമൂൺ പിരീഡാണ് ഇത്. ഹണിമൂൺ പിരീഡ് ഇങ്ങനെ വേസ്റ്റാക്കി കളയുന്നത് ശരിയല്ല. കേരളം ഇന്ന് നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കാര്യത്തിൽ ശരിയായൊരു നയം ഇതുവരെ നിങ്ങൾക്ക് രൂപപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഇ. കെ. വിജയൻ)

ഞങ്ങളെ സംബന്ധിച്ച് പാർട്ടിക്കകത്തുള്ള വഴക്കുകൾ ഭരണകാലത്തിന്റെ അവസാന ഘട്ടത്തിലായിരുന്നു. നിങ്ങൾ തമ്മിൽ തുടക്കത്തിൽത്തന്നെ വഴക്കും നയപരമായ കോൺഫ്ലിക്റ്റുമൊക്കെയുണ്ട്. അതുകൊണ്ടുതന്നെ കേരളം ഗുരുതരമായ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുമുണ്ട്. ഇപ്പോൾ ഗൾഫിൽനിന്ന് ധാരാളം ആളുകൾ മടങ്ങിവരികയാണ്. കുറച്ചുകാലംകൂടി കഴിയുമ്പോൾ കേരളത്തിലുള്ള ജനങ്ങൾ എന്തുജോലി ചെയ്ത് ജീവിക്കും എന്നതിനെക്കുറിച്ച് ആലോചിക്കണം. നിങ്ങൾ 5 വർഷം ഭരണത്തിലിരിക്കുമെങ്കിലും ഇതുപോലുള്ള കാര്യങ്ങളിൽ ഇനിഷ്യേറ്റീവെടുക്കേണ്ടത് ഇപ്പോഴാണ്. ഞങ്ങളുടെ ഭരണകാലത്ത് ശ്രീ. ഉമ്മൻ ചാണ്ടി "അതിവേഗം ബഹുദൂരം" എന്ന മുദ്രാവാക്യം സ്വീകരിച്ചു. എത്ര പരിഹസിച്ചാലും അങ്ങനെയൊരു സ്ലോഗൻ ലക്ഷ്യംവച്ച് 5

വർഷത്തോളം ഭരിച്ചില്ലേ. ഞങ്ങളുടെ ഭരണത്തിന്റെ തുടക്കവും പിന്നീടുള്ള കാലഘട്ടവും ഇതിനെക്കാളൊക്കെ എത്രയോ മെച്ചമായിരുന്നു. നിങ്ങൾ ഇലക്ഷനിൽ ജയിച്ച്, പൊളിറ്റിക്കലായി നല്ല പ്രതീക്ഷയാണ് ജനത്തിനുണ്ടായിരുന്നത്. എന്നാൽ ആ പ്രതീക്ഷയുണ്ടാക്കാൻ എട്ട് മാസത്തോളം അധികാരത്തിലിരുന്നിട്ടും നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല. ഇമാജിനേഷനും നയവും ഇനിഷ്യേറ്റീവും നിങ്ങൾ പ്രകടിപ്പിച്ചിട്ടില്ല. 8 മാസത്തെ നിങ്ങളുടെ ഭരണത്തിന്റെ ബാലൻസ് ഷീറ്റ് എടുക്കാറായിട്ടില്ല. നമ്മെ തുറിച്ചുനോക്കുന്ന ധാരാളം പ്രശ്നങ്ങളുണ്ട്. അവയ്ക്കെല്ലാം ഒരു നയം വേണ്ടതല്ലേ. ഇന്ന് രാവിലെ ഇവിടെ ചർച്ച നടന്നു, ഗുരുതരമായ പ്രതിസന്ധിയിലേയ്ക്ക് പോയെന്ന് പറഞ്ഞു. എന്തൊക്കെ പറഞ്ഞാലും യു.ഡി.എഫ്-ന്റെ ഭരണകാലത്ത് ആളുകൾക്ക് കഴിക്കാനുള്ള ഭക്ഷണം ഗ്യാരന്റീഡായിരുന്നു. ഇപ്പോൾ കഴിക്കാനുള്ള ഭക്ഷണമില്ലാതെ ജനങ്ങൾ പ്രയാസത്തിലാണ്. ചോറുണ്ടെങ്കിൽ ഉപ്പുംകൂടി നോക്കിയാൽ മതി എന്നാണ് പറഞ്ഞിരുന്നത്. എന്നാൽ ഇപ്പോൾ ഭക്ഷണം തന്നെയില്ല. അതോടൊപ്പം വരൾച്ചയും വരുന്നുണ്ട്. വലിയ പ്രതിസന്ധിയാണ് നാട്ടിലുണ്ടാകുന്നത്. ഗൾഫിൽനിന്ന് ആളുകൾ നാട്ടിലേയ്ക്ക് മടങ്ങിവരുന്നു. അരിയില്ല, വെള്ളമില്ല അതുപോലെ തൊഴിലുമില്ല. തൊഴിൽ നമ്മളുണ്ടാക്കേണ്ടതല്ലേ? വിദേശത്തുനിന്ന് ആളുകൾ മടങ്ങിവന്നാൽ നമ്മളെന്തുചെയ്യും എന്നതിനെക്കുറിച്ച് ചിന്തിക്കണ്ടേ? അതിനൊരു നയവും ഇനിഷ്യേറ്റീവും വേണ്ടേ? കേരളത്തിൽ തൊഴിലുണ്ടാകാവുന്ന ഏരിയകൾ ഫിക്സ് ചെയ്യണം.

പ്രകൃതിനാശം ഒരു ഭാഗത്തുണ്ടാകുന്നു. ഇലക്ട്രിസിറ്റി ഉല്പാദിപ്പിക്കാൻ കഴിയുന്നില്ല. അതിലും തർക്കമാണ്. ഗവൺമെന്റ് ഇക്കാര്യങ്ങളിൽ ഒരു സ്റ്റാന്റെടുക്കണം. പ്രകൃതി നാശം എല്ലായിടത്തും നിർബാധം തുടർന്നു കൊണ്ടിരിക്കുകയാണ്. കുടിവെള്ളം നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്, ഇപ്പോഴുള്ള വെള്ളത്തിലും മാലിന്യം കലർത്തുകയാണ്. വേസ്റ്റ് മാനേജ്മെന്റിന്റെ കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് യാതൊരു സമീപനവുമുണ്ടായിട്ടില്ല. വേസ്റ്റ് എല്ലായിടത്തും കത്തിക്കുകയാണ് ചെയ്യുന്നത്. എന്നും ഇങ്ങനെ ചെയ്താൽ മതിയോ? ഞങ്ങളുടെ ഭരണകാലത്ത് ഇക്കാര്യത്തിൽ വലിയൊരു പരിശ്രമം നടത്തിയിരുന്നു. മോഡേൺ സംവിധാനങ്ങൾ കൊണ്ടുവരാൻ നോക്കിയെങ്കിലും നൂറ് ശതമാനവും വിജയിച്ചില്ല. ഇതൊരു ഗവൺമെന്റിന്റെ തുടക്കമാണ്. കേരളത്തിലെ ഖരമാലിന്യ സംസ്കരണം സംബന്ധിച്ച് സയന്റിഫിക്കായിട്ടുള്ള ഒരു മാർഗ്ഗം ആലോചിക്കണം. എംപ്ലോയ്മെന്റ് ജനറേഷൻ കേരളത്തിലുണ്ടാകാൻ ഒരു നയം വേണ്ടേ? ഐ.റ്റി. രംഗത്ത് ധാരാളം തൊഴിലവസരങ്ങളുണ്ടാകുന്നു. നമുക്ക് പരിമിതമായ ഭൂമിയിൽ വളരെയധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും. ടൂറിസം, ഐ.റ്റി. എന്നിവ ഡെവലപ് ചെയ്യാൻ യു.ഡി.എഫ്. ഒരു നയമുണ്ടാക്കിയിരുന്നു. പരിമിതമായ ഭൂമി അത്തരം കാര്യങ്ങൾക്കേ കൊടുക്കൂ, അല്ലാത്തതിനൊന്നും കൊടുക്കാൻ പറ്റില്ലെന്ന് പറയാൻ കഴിയുമോ? ഇപ്പോൾ

നിയമപ്രകാരം ഒന്നും നടക്കില്ലെങ്കിലും നിയമപ്രകാരമല്ലാതെ എന്തും നടക്കും. പാടങ്ങളിൽ മണ്ണിട്ട് നികത്തുന്നു, പാറകൾ പൊട്ടിക്കുന്നു, വെള്ളം നശിക്കുന്നു, നദികളാക്കെ കലങ്ങുന്നു. ഇതൊക്കെ പറയുമ്പോൾ യു.ഡി.എഫ്.-ന്റെ കാലത്ത് ഇക്കാര്യങ്ങളെല്ലാം കറക്ടായിരുന്നോയെന്ന് നിങ്ങൾ ചോദിക്കും. എല്ലാം ശരിയാക്കുമെന്ന് നിങ്ങൾ വെറുതെ പറഞ്ഞതാണ്; എല്ലാം ശരിയാക്കാനൊന്നും ആർക്കും കഴിയില്ല. പക്ഷേ, ഒരു ഗവൺമെന്റിന്റെ തുടക്കം ഇനിഷ്യേറ്റീവിന്റെയും പ്ലാനിംഗിന്റെയും ഉത്സാഹത്തിന്റെയും കാലമാണ്. ആ ഇനിഷ്യേറ്റീവ് വന്നിട്ടില്ലെന്നാണ് ഞാൻ പറഞ്ഞത്.

പ്ലാൻ എക്സ്പെൻഡീച്ചറിൽ അത് വരുന്നുണ്ടോ? ഫെബ്രുവരി മാസത്തെ പ്ലാൻ എക്സ്പെൻഡീച്ചർ പരിശോധിച്ചാൽ 44 ശതമാനമെന്നത് മുൻകാലങ്ങളെ അപേക്ഷിച്ച് വളരെ കുറവാണ്. പഞ്ചായത്തുകളുടെ കാര്യം പരിശോധിച്ചാലും വളരെ ദയനീയമായ സ്ഥിതിയാണ്. യു.ഡി.എഫ്. കാലഘട്ടത്തിൽ കുറച്ചുകാലം കേന്ദ്രം ഭരിച്ചിരുന്നത് യു.പി.എ. സർക്കാർ ആയിരുന്നു. അന്ന് കേന്ദ്രത്തിൽനിന്നുള്ള സഹകരണമുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് സഹകരിക്കുന്നില്ല. ഓരോ കാര്യങ്ങൾ പരിശോധിച്ചാൽ കേരളത്തിന്റെ അളവുകോൽ വച്ചുള്ള പദ്ധതികളൊന്നും കേന്ദ്രം പ്രഖ്യാപിക്കുന്നില്ലെന്ന് കാണാൻ കഴിയും. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളുടെ അളവുകോൽ വച്ചാണ് ഏത് പദ്ധതിയും ആവിഷ്കരിക്കുന്നത്. എംപ്ലോയ്മെന്റ് ജനറേഷൻ, ഫുഡ് ഫോർ വർക്ക് തുടങ്ങിയ സ്കീമുകളൊക്കെ നമുക്ക് ഫിറ്റാകില്ല. എന്നാൽ മുമ്പ് കേന്ദ്ര ഗവൺമെന്റ് കേരളത്തിന് പ്രത്യേക പരിഗണന നൽകാൻ തയ്യാറായിരുന്നു. ഇന്ന് കേന്ദ്രത്തിൽനിന്ന് യാതൊരു സഹകരണവും ലഭിക്കുന്നില്ല. ഉദാഹരണത്തിന് എയിംസ്, നാഷണൽ ഹൈവേ ഡവലപ്മെന്റ് അതോറിറ്റി തുടങ്ങിയ പദ്ധതികളൊന്നും ബഡ്ജറ്റിൽ പറഞ്ഞിട്ടില്ല. നോട്ട് അസാധുവാക്കൽ വന്നപ്പോൾ ഏറെ ബഹളം വച്ചെങ്കിലും സഹകരണ മേഖലയിൽ കാര്യമായ മാറ്റമൊന്നുമുണ്ടായില്ല. എന്തുകൊണ്ടും സഹകരിക്കുന്ന ഗവൺമെന്റല്ല കേന്ദ്രത്തിലുള്ളതെങ്കിൽ നമ്മൾ അതിനനുസരിച്ച് ഉയരാതിരുന്നാൽ എന്താകും സ്ഥിതി?

അരിയുടെ കാര്യത്തിൽ കുറച്ചുകൂടി ഊർജ്ജസ്വലത കാണിക്കേണ്ടതായിരുന്നു. ബി.ജെ.പി. കേന്ദ്രം ഭരിച്ചപ്പോൾ നമ്മൾ നിരന്തരം സമ്മർദ്ദം ചെലുത്തുകയും ചർച്ചകൾ നടത്തുകയും ചെയ്തിരുന്നു. ഇന്ന് രാവിലെ ബഹുമാനപ്പെട്ട മന്ത്രി കേന്ദ്രത്തിൽ പോകാത്തതിനുള്ള എസ്ക്യൂസ് പറയുകയാണ് ചെയ്തത്. എങ്ങനെയെങ്കിലും അഡീഷണൽ ക്വാട്ട നിലനിർത്താനുള്ള പരിശ്രമം നടത്തേണ്ടതായിരുന്നു. സഹകരിക്കാത്ത കേന്ദ്ര ഗവൺമെന്റാകുമ്പോൾ നമ്മൾ കുറച്ചുകൂടി ഉത്സാഹപൂർവ്വം പ്രവർത്തിക്കേണ്ട സ്ഥിതിയാണ് ഉള്ളത്. ഇവിടെ വല്ലാത്ത ഒരവസ്ഥയാണ് വളർന്നുവരുന്നത്. ജൂൺ- ജൂലൈ മാസങ്ങളിൽ മഴ ലഭിക്കുമെന്ന് എന്താണ് ഗ്യാരന്റി? മഴ ലഭിച്ചില്ലെങ്കിൽ ആളുകൾ വെള്ളത്തിനുവേണ്ടി നെട്ടോട്ടമോടേണ്ടിവരും. അപ്പോൾ ഒരു ക്രൈസിസ് മാനേജ്മെന്റിൽ

ഗവൺമെന്റ് കുറച്ചുകൂടി എഫിഷ്യൻസി കാണിക്കേണ്ടതുണ്ടെന്നാണ് എനിക്ക് പറയാനുള്ളത്. നയപ്രഖ്യാപനത്തിലെ കാര്യങ്ങളും അങ്ങനെ തന്നെയാണ്. ഇൻഫ്രാസ്ട്രക്ചർ രംഗത്ത് പണമൊന്നും ചെലവഴിച്ചില്ല. മേജർ പ്രോജക്ടുകൾക്ക് തുക വകയിരുത്തിയിരുന്നെങ്കിലും ഒന്നും ആരംഭിച്ചിട്ടേയില്ല. അതുപോലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്തിയ പണം വളരെ കുറച്ചാണ് ചെലവഴിച്ചിട്ടുള്ളത്. അതുമൂലം പഞ്ചായത്തുകളുടെയും കോർപറേഷനുകളുടെയും പ്രവർത്തനങ്ങൾ മോശമാകുന്ന സ്ഥിതിയുണ്ടായി. മാത്രമല്ല, പല രംഗത്തും പ്രവർത്തനമാന്ദ്യം കാണാവുന്നതാണ്. കരിപ്പൂരിൽനിന്നും പുറപ്പെടുന്ന ഹജ്ജ് യാത്രക്കാരുടെ പ്രശ്നമുണ്ട്. കരിപ്പൂർ എയർപോർട്ട് തന്നെ പ്രശ്നത്തിലാണ്. അവിടെ ലാന്റ് അക്വയർ ചെയ്യുന്ന കാര്യത്തിൽ നമ്മളെല്ലാവരും സഹകരിച്ചതാണ്. ലാന്റ് അക്വിസിഷൻ നടക്കുമെങ്കിലും ഇതിനെക്കാളും സൗകര്യമില്ലാത്ത എയർപോർട്ടുകൾക്ക് കൊടുക്കുന്ന സൗകര്യങ്ങൾപോലും കരിപ്പൂർ വിമാനത്താവളത്തിന് കൊടുക്കുന്നില്ല. അതുസംബന്ധിച്ച് ഗവൺമെന്റ് കുറച്ചുകൂടി ഊർജ്ജസ്വലത കാണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. വ്യവസായ രംഗത്ത് പരിമിതമായ പ്രോജക്ടുകൾ മാത്രമേ പറ്റുള്ളൂവെങ്കിലും പ്രയോറിറ്റി ഫിക്സ് ചെയ്യണം. ടൂറിസം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങി നമുക്ക് പൊട്ടൻഷ്യലുള്ള മേഖലകളുണ്ട്. അതുകൊണ്ടാണ് നയപരമായ സമീപനം എന്താണെന്ന് ഈ ഗവൺമെന്റ് വ്യക്തമാക്കണമെന്ന് ഞാൻ പറഞ്ഞത്. ഇതുവരെ അതിനെക്കുറിച്ച് ആലോചിച്ചിട്ടില്ല. കേരളത്തിന് പുരോഗതി ആവശ്യമാണ്. എംപ്ലോയ്മെന്റ് ജനറേഷനുള്ള കാര്യങ്ങൾക്കെങ്കിലും മുൻഗണന കൊടുക്കുമെന്ന നിലപാട് ഗവൺമെന്റ് സ്വീകരിക്കണം. പൊതുവെ പരിശോധിച്ചാൽ കഴിഞ്ഞ 8 മാസത്തിനുള്ളിൽ എഫിഷ്യൻസി കാണിക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. അതുപോലെ ക്രൈസിസ് മാനേജ്മെന്റിന്റെ കാര്യത്തിലും കാര്യക്ഷമത കാണിക്കുന്നില്ല. ഇങ്ങനെ പോയാൽ മോശമായ എക്സ്പെൻഡിച്ചർ ഉണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. സംസ്ഥാനത്തെ ഉറ്റുനോക്കുന്ന ഗുരുതരമായ പ്രശ്നങ്ങളിൽ വേണ്ടതരത്തിൽ സമീപനമെടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ഇതുവരെയുള്ള ബാലൻസ്ഷീറ്റ് പരിശോധിച്ചാൽ പരാജയമായിരിക്കുമെന്ന് പറഞ്ഞുകൊണ്ടും നന്ദിപ്രമേയത്തെ എതിർത്തുകൊണ്ടും നിർത്തുന്നു.

ശ്രീ. എസ്. ശർമ്മ: സർ, ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തി കൊണ്ട് ശ്രീ. എ. പ്രദീപ്കുമാർ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. ഇവിടെ ഗവർണർ അവതരിപ്പിച്ച നയപ്രഖ്യാപനത്തെക്കുറിച്ചുള്ള ചർച്ചയിൽ വ്യത്യസ്ത വീക്ഷണങ്ങളും സമ്മിശ്ര പ്രതികരണങ്ങളും ഉയർന്നുവന്നിട്ടുണ്ട്. തീർച്ചയായും ഗവൺമെന്റ് അക്കാര്യങ്ങളിൽ വ്യക്തമായ മറുപടിയും പറയും. എട്ട് മാസം പ്രായമായ ഒരു ഗവൺമെന്റ് സ്വീകരിക്കുന്ന നയവും നിലപാടുകളും പൂർണ്ണവിലയിരുത്തലിന് സമയമായിട്ടില്ലെന്ന കാര്യം ഏവരും അംഗീകരിക്കുന്നു. സാധാരണഗതിയിൽ

പ്രതിപക്ഷം എന്ന നിലയിൽ നിർവ്വഹിക്കേണ്ട ഒരു റോളുണ്ട്. കേരള നിയമസഭയുടെ കീഴ്വഴക്കങ്ങൾ നോക്കുമ്പോൾ ആദ്യഘട്ടങ്ങളിൽ ക്രിയാത്മകമായ പ്രതിപക്ഷമെന്ന നിലയിലാണ് സാധാരണ ദർശിക്കുന്നത്. എന്നാൽ ഇവിടെ ഇക്കാലയളവിൽ പ്രതിപക്ഷം സ്വീകരിച്ചിട്ടുള്ള നയവും നിലപാടും ക്രിയാത്മകമായിരുന്നുവെന്ന് പറയാൻ കഴിയില്ല. പ്രതിപക്ഷം ഒരു നിഷേധാത്മക നിലപാട് സ്വീകരിക്കുന്നുവെന്ന് പറയേണ്ടിവന്നതിൽ ഖേദമുണ്ട്. ഉദാഹരണത്തിന്, ഈ സഭ ആരംഭിച്ച്, ഗവർണറുടെ നയപ്രഖ്യാപനത്തിന്മേലുള്ള ചർച്ച ആരംഭിച്ചത് 27-ാം തീയതിയാണ്. അന്ന് അവതരിപ്പിച്ച അടിയന്തരപ്രമേയത്തിൽ സ്ത്രീ സുരക്ഷയെക്കുറിച്ചാണ് സംസാരിച്ചത്. ദേശീയാടിസ്ഥാനത്തിൽ അറിയപ്പെടുന്ന ഒരു സിനിമാ നടിക്കുണ്ടായ, നമ്മളേവരും വേദനിക്കുന്ന ദുരവസ്ഥയെക്കുറിച്ച് പ്രതിപക്ഷം അടിയന്തര പ്രമേയം അവതരിപ്പിക്കുമ്പോൾ അതിനൊരു ഡിമാന്റ് ഉണ്ടായിരിക്കണം. ഉടനീളം ചർച്ച ചെയ്തിട്ടും ആവശ്യം എന്താണെന്ന് ഫോക്കസ് ചെയ്യാൻ കഴിഞ്ഞില്ല. സംഭവം നടന്ന് ഏതാനും ദിവസം കഴിഞ്ഞപ്പോൾ പ്രതിയെ പിടിച്ചു. കോടതിയിൽനിന്നും പിടിച്ചു എന്ന നിലയിലുള്ള ക്രിട്ടിസിസം വന്നു. പോലീസ് കോടതിയിൽ കയറി പ്രതിയെ പിടിച്ചതിനെതിരെ അടുത്ത ദിവസംതന്നെ വക്കീലന്മാർ ഒരു ഹർജി സമർപ്പിച്ചു. ആ ഹർജിയിൽ വാദം കേൾക്കാനോ, ഫയലിൽ സ്വീകരിക്കാനോ തയ്യാറാകാതെ കോടതിതന്നെ ആ പരാതി തള്ളിക്കളഞ്ഞു; അത് അംഗീകരിക്കുന്ന സ്ഥിതിയുണ്ടായില്ല. പ്രതിയെ പിടിച്ച ആ സവിശേഷതയെ സംബന്ധിച്ച് മനസ്സിലാക്കുന്നതിനുപകരം അതിന്റെ ന്യൂനതകളിലേയ്ക്ക് ഊളിയിട്ട് വിമർശനാത്മകമായ സമീപനം സ്വീകരിക്കുകയെന്ന നിലപാട് സ്വീകരിക്കുന്നതിലൂടെ യഥാർത്ഥത്തിൽ കേരളം ഉറ്റുനോക്കുകയും ഉത്കണ്ഠാകുലമായി ചിന്തിക്കുകയും ചെയ്ത അസാധാരണ സംഭവത്തിൽ പ്രതിയെ പിടിച്ചു എന്നതിന്റെ മഹത്വത്തെക്കുറിച്ചോ അതിന്റെ കഴിവിനെക്കുറിച്ചോ മനസ്സിലാക്കാതെ നിഷേധാത്മകമായ നിലപാട് സ്വീകരിച്ച് പ്രതികരിക്കുകയാണുണ്ടായത്. സ്ത്രീ സുരക്ഷിതത്വത്തെക്കുറിച്ച് വാചാലമായി ഇപ്പോൾ പ്രത്യേകിച്ചൊന്നും പറയേണ്ട കാര്യമില്ല. കേരളത്തിലെ ജനങ്ങൾ ആ കാര്യത്തെ സംബന്ധിച്ച് വ്യക്തമായി പറയണം. ആരാണ്, എവിടെയാണ് സ്ത്രീ സുരക്ഷിതത്വം എന്ന കാര്യത്തിൽ ഈ നിയമസഭതന്നെ നോക്കിയാൽ മതി, ഒരു ഭാഗത്ത് മേമ്പൊടിക്കുപോലും സ്ത്രീകളില്ല. നിങ്ങളുടെകൂടെ നിന്നാൽ ഒരു സുരക്ഷിതത്വവുമുണ്ടാകില്ല എന്നതുകൊണ്ടാണല്ലോ തോൽപ്പിക്കാൻ ഇടവന്നത്. ഒരു നിഷേധാത്മകമായ പ്രതിപക്ഷമെന്നുള്ള നിലപാട് എടുക്കാൻ പാടില്ല.

സാധാരണ അടിയന്തരപ്രമേയം അവതരിപ്പിക്കുമ്പോൾ, പ്രതികളെ പിടിക്കുന്നില്ല, ജുഡീഷ്യൽ അന്വേഷണം വേണം, നിയമസഭാ കമ്മിറ്റി അന്വേഷിക്കണം, ഇന്ന ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്തുകൊണ്ട് അന്വേഷിക്കണം, അല്ലെങ്കിൽ ഇപ്പോൾ അന്വേഷിക്കുന്ന ടീമിനെ മാറ്റി പുതിയ ടീം വേണം, ഇങ്ങനെ എന്തെങ്കിലുമൊരു ഡിമാന്റ് വച്ചാണല്ലോ കൊണ്ടുവരുന്നത്. ഇതിലെന്ത് ഡിമാന്റായിരുന്നു? ഒരു ഡിമാന്റുമില്ല. പ്രതിയെ നേരത്തേ പിടിച്ചതാണോ തെറ്റ്; പിടിച്ചത് ചോദ്യം ചെയ്തതിനെ

കോടതി തള്ളിയതാണോ തെറ്റ്; എനിക്ക് അത്ഭുതകരമായി തോന്നിപ്പോയി. സാധാരണഗതിയിൽ അടിയന്തര പ്രമേയം വരാം, ചർച്ച ചെയ്യാം, ഗവൺമെന്റ് അതിന് റിപ്ലൈ പറയും, അതെല്ലാം ശരിതന്നെ. എന്നാൽ നിങ്ങളെടുത്തത് നിഷേധാത്മകമായ സമീപനമാണ്. ഈ കാലയളവിൽ യു.ഡി.എഫ്. സ്വീകരിച്ചിട്ടുള്ള പൊളിറ്റിക്കൽ മുദ്രാവാക്യം നോക്കിയാലും അതിൽ ഈ നിഷേധാത്മക ഉള്ളടക്കം ഉണ്ടെന്ന് കാണാൻ കഴിയും. ഇപ്പോൾ മധ്യമേഖലാ ജാഥ, തെക്കൻ മേഖലാ ജാഥ, വടക്കൻ മേഖലാ ജാഥ എന്നൊക്കെ പറഞ്ഞ് യു.ഡി.എഫ്.-ന്റെ നേതൃത്വത്തിൽ ജാഥകൾ നടത്തുന്നുണ്ട്. പണമില്ല, വെള്ളമില്ല, അരിയില്ല, പണിയില്ല എന്നൊക്കെയാണ് മുദ്രാവാക്യങ്ങൾ. കേരളത്തിന് അർഹതപ്പെട്ട അരി പിണറായി വിജയൻ എന്ന മുഖ്യമന്ത്രി വെട്ടിക്കുറച്ചിട്ടാണോ ഇല്ലാതായത്? അരി കേരളത്തിന് ലഭിക്കാതെ പോയത് കേന്ദ്രഗവൺമെന്റ് സ്വീകരിക്കുന്ന നിലപാടിന്റെ ഫലമല്ലേ? അതിന് നിങ്ങളെന്തിനാണ് മുദ്രാവാക്യത്തിന്റെ അടിയിൽ സംസ്ഥാന-കേന്ദ്ര ഭരണത്തിനെതിരെ എന്നെഴുതിവച്ചത്? അരി തരേണ്ടത് കേന്ദ്രമാണ്, ആവശ്യപ്പെട്ടത് സംസ്ഥാനവും. ആവശ്യപ്പെട്ടു തന്നില്ല. ഇതിൽ രണ്ടുപേരും ഒരുപോലെ ഉത്തരവാദികളാണോ? പണമില്ല, കറൻസി ബാൻ ചെയ്തതാരാണ്? സഖാവ് പിണറായിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റാണോ? അല്ലല്ലോ. സംഭവം എന്താണെന്നുള്ളത് എല്ലാവർക്കുമറിയാം. കേന്ദ്ര ഗവൺമെന്റല്ലേ ഇതെല്ലാം ചെയ്തത്? അതിനും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾക്കെതിരെ എന്ന നിലയിലുള്ള മുദ്രാവാക്യം ഉപയോഗിക്കുന്നതിലൂടെ തെറ്റ് ചെയ്ത കേന്ദ്രത്തെ ഒരർത്ഥത്തിൽ വെള്ള പൂശുകയും നേരിന്റെ മാർഗ്ഗം സ്വീകരിക്കുന്ന എൽ.ഡി.എഫ്.-നെ മാർക്സിസ്റ്റ് വിരുദ്ധ രാഷ്ട്രീയത്തിന്റെ പേരിൽ നിരാകരിക്കുകയും ചെയ്യുകയാണ് ചെയ്യുന്നത്. അതിന്റെ ഫലമായി ഒരവിശുദ്ധ ബാന്ധവത്തിലും ഒരു ബി.ജെ.പി. പ്രീണന നിലപാടിലും യു.ഡി.എഫ്. എത്തിച്ചേരുകയാണ് ചെയ്യുന്നത്. സംസ്ഥാനത്ത് അധികാരത്തിലിരിക്കുന്ന ഗവൺമെന്റിനെതിരായി അന്ധമായ മാർക്സിസ്റ്റ് വിരുദ്ധ രാഷ്ട്രീയമാണ് സ്വീകരിക്കുന്നത്. കഴിഞ്ഞ രണ്ടാഴ്ചയ്ക്കുള്ളിലാണല്ലോ 11 സ്ഥലത്തെ ലോക്കൽ ബോഡി ഇലക്ഷൻ നടന്നത്. 'ഹണിമൂൺ തീർന്നിട്ടില്ല, പക്ഷെ വേണ്ടത്ര വിജയമുണ്ടായില്ല' എന്ന ഒരു ക്രിട്ടിസിസം ആണല്ലോ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞത്. തെരഞ്ഞെടുപ്പ് ഫലം എങ്ങനെയായിരുന്നു, 11-ൽ 7 സീറ്റ്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, നേരത്തെ 11-ൽ 8 സീറ്റിൽ നിങ്ങൾ ജയിച്ചിരുന്നതാണെന്നറിയാമല്ലോ, ഇപ്പോൾ ഒന്ന് കുറഞ്ഞ് അത് 7 ആയി.

ശ്രീ. എസ്. ശർമ്മ: സർ, ഞങ്ങൾ സീറ്റ് നിലനിർത്തുകയാണ് ചെയ്തത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, നേരത്തെ നിങ്ങൾ 8 സീറ്റിൽ ജയിച്ച 3 സീറ്റ് യു.ഡി.എഫ്.-ന് ലഭിച്ചു. ആ 8 സീറ്റ് നിങ്ങൾക്കെന്നുള്ളത് 7 ആയി കുറഞ്ഞു. ഞങ്ങളുടെ ഒരു സീറ്റ് ഞങ്ങൾക്ക് നഷ്ടപ്പെട്ടിട്ടുണ്ട്. നിങ്ങളിൽനിന്ന് ഒരു സീറ്റ് പിടിച്ചുകഴിഞ്ഞപ്പോൾ ഞങ്ങളുടെ 3 സീറ്റ് ഞങ്ങൾ നിലനിർത്തി, നിങ്ങളുടെ 7 സീറ്റ് 6 ആയി.

ശ്രീ. എസ്. ശർമ്മ: സർ, ഒരു വാർഡിലുണ്ടായിട്ടുള്ള ജയപരാജയത്തെ സംബന്ധിച്ച് വ്യക്തത വരുത്താം. ഇപ്പോൾ നടന്ന യൂണിവേഴ്സിറ്റി ഇലക്ഷനിൽ ഒരു തലമുറ എങ്ങനെ ചിന്തിക്കുന്നുവെന്നത് വളരെ പ്രകടമാണ്. നിങ്ങൾ യാഥാർത്ഥ്യങ്ങൾ തിരിച്ചറിയുന്നതിൽ പരാജയപ്പെടുകയാണ്. അതിന്റെ കാരണം നിങ്ങളെ ഭരിക്കുന്നത് അന്ധമായ മാർക്സിസ്റ്റ് വിരുദ്ധ രാഷ്ട്രീയമാണ്. ആ കമ്മ്യൂണിസ്റ്റ് വിരുദ്ധ രാഷ്ട്രീയത്തിന്റെ തിമിരത്തിൽ രാജ്യത്ത് നടക്കുന്ന ഭൗതിക സത്യങ്ങൾ തിരിച്ചറിയാൻ കഴിയാതെ ക്രിയാത്മക പ്രതിപക്ഷത്തിന്റെ സ്ഥാനത്തിനുപകരം ഒരു നിഷേധാത്മകമായ പ്രതിപക്ഷം എന്ന നിലയിലുള്ള സമീപനം സ്വീകരിക്കുന്നുവെന്നുള്ളതാണ് എന്റെ വിമർശനം. സംസ്ഥാനത്ത് കറൻസി നിരോധനത്തെ ത്തുടർന്ന് സ്വീകരിച്ച നിലപാടിന്റെ ഫലമായി സഹകരണ മേഖലയിലും സാമ്പത്തിക മേഖലയിലും ഒരു അസാധാരണമായ സാഹചര്യം സംജാതമായിട്ടുണ്ട്. കേന്ദ്രഗവൺമെന്റിന്റെ നയത്തിന്റെ ഫലമായി സംഭവിച്ച ഒരു ദുരന്തത്തിന്റെ പ്രത്യാഘാതങ്ങൾക്ക് നടുവിൽ ദുരിതമനുഭവിക്കേണ്ടിവരുന്ന സംസ്ഥാനത്തെ ജനങ്ങൾക്കുവേണ്ടി ഒരു പ്രത്യേക പാക്കേജ് കേന്ദ്രത്തിന്റെ മുമ്പിൽ സമർപ്പിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് മുൻകയ്യെടുക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. എല്ലാവർക്കും ഭക്ഷണവും വസ്ത്രവും വീടും ആരോഗ്യ സുരക്ഷയും വിദ്യാഭ്യാസവും സാമൂഹിക നീതിയും ഉറപ്പുവരുത്തുവാൻ നടപടികൾ ഉൾക്കൊള്ളുന്ന സംസ്ഥാന സർക്കാരിന്റെ നയപ്രഖ്യാപനം കേരളത്തിലെ ജനങ്ങൾ നിറഞ്ഞ പ്രതീക്ഷയോടെയാണ് സ്വാഗതം ചെയ്തിരിക്കുന്നത്.

ഭൂപരിഷ്കരണ നിയമത്തിനും വിദ്യാഭ്യാസ പരിഷ്കരണത്തിനും ആരോഗ്യ സംരക്ഷണത്തിനും അധികാരവികേന്ദ്രീകരണത്തിനും ജനകീയാസൂത്രണ പ്രസ്ഥാനത്തിനുമെല്ലാം ഭാരതത്തിനും ഏഷ്യാ ഭൂഖണ്ഡത്തിനും മാതൃകയായി പങ്ക് വഹിച്ചുപോന്നിട്ടുള്ള കേരളത്തിന്റെ ചരിത്രത്തിൽ ഒരു പുതിയ മാതൃകയാണ് 'നവകേരള മിഷൻ' എന്ന കാഴ്ചപ്പാടിലൂടെ സംസ്ഥാന ഗവൺമെന്റിന്റെ നയം പ്രഖ്യാപിച്ചിരിക്കുന്നത്. ഇതിന്റെ ഫലമായി കൃഷി, ശുചിത്വം, ജലസുരക്ഷ തുടങ്ങി എല്ലാ മേഖലകളിലും കുതിച്ചുചാട്ടം ലക്ഷ്യമിടുന്ന ഹരിത കേരളം മിഷന്റെയും സംസ്ഥാനം സ്വയംപര്യാപ്തമാക്കിത്തീർക്കാൻ സഹായിക്കത്തക്കവിധത്തിൽ കേരളത്തിന്റെ പരിസ്ഥിതിയും ജൈവവൈവിദ്ധ്യങ്ങളും സംരക്ഷിച്ചുകൊണ്ടുള്ള സന്തുലിതവും ദ്രുതഗതിയിലുള്ളതുമായ സാമ്പത്തിക വളർച്ചയും അതുവഴി നമ്മുടെ സാമൂഹിക ജീവിതനിലവാരം ഉയർത്താൻ സഹായിക്കുന്നതുമായ വികസന നയമാണ് നവകേരള മിഷനിലൂടെ ലക്ഷ്യമിടുന്നത്. സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി, ജനസൗഹൃദ സർക്കാർ ആശുപത്രികൾ, സമഗ്ര വിദ്യാഭ്യാസ നവീകരണം, ഹരിത കേരളം പദ്ധതി എന്നീ നിലകളിലെല്ലാം ഈ സംസ്ഥാനത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ഇതിനകം പുറത്തുവിട്ടുകഴിഞ്ഞിട്ടുണ്ട്. ആ വിശദാംശങ്ങൾ മുന്നോട്ടുകൊണ്ടുപോകുമ്പോൾ കാലത്തിനനുസരിച്ച് മാറിയ

സാഹചര്യത്തെയും മാറ്റത്തെയും വളർച്ചയേയും വികാസത്തെയും സൂക്ഷ്മമായി നിരീക്ഷിച്ചുകൊണ്ട് ശാസ്ത്രീയമായ വീക്ഷണത്തോടുകൂടിയുള്ള പങ്ക് വഹിച്ചുകൊണ്ടാണ് സംസ്ഥാനത്ത് നവകേരള മിഷൻ പദ്ധതിക്ക് രൂപം കൊടുത്തിരിക്കുന്നത്. ചുരുങ്ങിയ സമയത്തിനുള്ളിൽ ചെയ്യാൻ കഴിയുന്ന നിരവധി കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി ഇവിടെ ഹണിമൂണിന്റെ കാര്യമൊക്കെ പറഞ്ഞല്ലോ. കേരള വ്യവസായ വികസന കോർപ്പറേഷൻ, ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ്, സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ്, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്, കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നീ 9 പൊതുമേഖലാ സ്ഥാപനങ്ങൾ കഴിഞ്ഞ 9 മാസക്കാലത്തിനുള്ളിൽ ലാഭത്തിലേയ്ക്ക് വന്നിട്ടുള്ളവയാണ്. ചുരുങ്ങിയ സമയംകൊണ്ട് ഈ 9 സ്ഥാപനങ്ങളും ലാഭത്തിലേയ്ക്ക് കൊണ്ടുവരുന്നതിന് ഗവൺമെന്റും വ്യവസായ വകുപ്പും നടത്തിയിട്ടുള്ള ശ്രമം വളരെ സന്തോഷകരവും ആവേശകരവുമായിട്ടുള്ള കാര്യമാണ്. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി പറയുന്നതുപോലെയല്ല, നല്ല ഇനിഷ്യേറ്റീവും ലീഡർഷിപ്പും അഡ്മിനിസ്ട്രേഷനുമുണ്ട്. നല്ല ലക്ഷ്യത്തോടുകൂടി പങ്ക് വഹിക്കുന്നുണ്ട്. അതിന്റെ ഉത്തമമായ ഉദാഹരണമാണിത്. 25 വർഷമായി തരിശ്ശായി കിടന്ന റാണി കായൽ, ആറന്മുള പ്രദേശം, മെത്രാൻ കായൽ, കോഴിക്കോട് ആവളപ്പാണ്ടി എന്നീ പ്രദേശങ്ങളിൽ കൃഷി തുടങ്ങിവയ്ക്കുന്നതിനും കാർഷിക രംഗത്തെ ഉത്പാദന മേഖലയിൽ സവിശേഷമായ പ്രാധാന്യത്തിലെത്തിക്കുന്നതിനും വലിയ പങ്ക് വഹിച്ചിട്ടുണ്ട്.

പൊതുമരാമത്ത് മേഖലയെക്കുറിച്ച് ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല.

ഏതൊരു പ്രവർത്തനത്തിലും സോഷ്യൽ ആഡിറ്റ് നടത്താറുണ്ട്. മദ്രാസ് ഐ.ഐ.റ്റി.-യിലെ പ്രശസ്ത സബ്ജക്ട് എക്സ്പെർട്ടായിട്ടുള്ള ഡോ. അരവിന്ദന്റെ നേതൃത്വത്തിലുള്ളതാണിത്. സോഷ്യൽ ആഡിറ്റ് എന്നുപറഞ്ഞാൽ പരാതി രഹിതവും സുതാര്യവും ഗുണമേന്മയുള്ളതും അഴിമതിരഹിതവുമായ കാഴ്ചപ്പാടിനെ വിഭാവന ചെയ്തുകൊണ്ടാണ് പ്രഖ്യാപനം നടത്തിയിട്ടുള്ളത്. അതിന്റെ നടപടികൾക്കായുള്ള തുടക്കം കുറിച്ചുകഴിഞ്ഞു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

വ്യത്യസ്ത മേഖലകളിൽ സവിശേഷമായതും നേതൃത്വപരവുമായ പങ്ക് വഹിച്ചുകൊണ്ട് ഒരാധുനിക കേരളത്തെ വാർത്തെടുക്കാൻ പ്രാപ്തമായ വിധത്തിൽ സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഈ ഗവൺമെന്റ് നടത്തിവരുന്ന പ്രവർത്തനങ്ങളെ വിജയകരമായി മുമ്പോട്ട് കൊണ്ടുപോകുന്നതിന് ഭരണ-പ്രതിപക്ഷ വ്യത്യാസം കൂടാതെ ഏവരുടെയും സഹായമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. " Full of sound and fury signifying nothing." വില്യം ഷേക്സ്പിയറുടെ 'മാക്ബത്ത്' എന്ന പ്രസിദ്ധമായ നാടകത്തിലെ ഒരു വരിയാണ് ഞാൻ ഇവിടെ ഉദ്ധരിച്ചത്. ഇടതുപക്ഷത്തിന് ഒച്ചപ്പാടും ബഹളവും മാത്രമേയുള്ളു. കാര്യങ്ങളൊന്നും നടക്കുന്നില്ല. എല്ലാം ശരിയാകുമെന്ന കോലാഹലം മാത്രമാണ് കഴിഞ്ഞ 9 മാസമായി നാമിവിടെ കാണുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് 9 മാസമാകുന്നു. ശ്രീ. എസ്. ശർമ്മയുടെ പ്രസംഗം ഞാൻ ശ്രദ്ധയോടുകൂടി കേൾക്കുകയായിരുന്നു. ഏതെങ്കിലുമൊരു നേട്ടം അദ്ദേഹം പറയുന്നത് കേൾക്കാൻ ഞാൻ കാത്തിരുന്നു. പക്ഷേ ഒന്നും പറഞ്ഞില്ല. ഏതെങ്കിലുമൊരു പദ്ധതിയുടെ തുടക്കത്തെപ്പറ്റി അദ്ദേഹം പറഞ്ഞുവെന്ന് എനിക്ക് തോന്നുന്നില്ല. അദ്ദേഹത്തിന്റെ ചില ആശയങ്ങളും പ്രതീക്ഷകളും സ്വപ്നങ്ങളും മാത്രമാണ് പറഞ്ഞത്. ഒരു സർക്കാർ പാരച്യൂട്ടിലൂടെയല്ല സഞ്ചരിക്കേണ്ടത്. താഴെ നിലത്ത് എന്ത് നടക്കുന്നു എന്നറിയണം. സമ്പൂർണ്ണ വൈദ്യുതീകരണം എന്നത് ശ്രീ. എ. കെ. ബാലൻ പണ്ട് പ്രഖ്യാപിച്ചതാണ്....(ബഹളം).......ശ്രീ. രാജേഷ് അന്ന് എം.എൽ.എ. അല്ല..... (ബഹളം)... അദ്ദേഹം ഇവിടെ അനൗൺസ് ചെയ്തതാണ്. എന്റെയൊക്കെ മണ്ഡലത്തിൽ ശ്രീ. എ. കെ. ബാലൻ ഉദ്ഘാടനം ചെയ്തു. ഇത് രണ്ടാമത് വീണ്ടും ചെയ്യുകയാണ്. ഒരു ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട കാര്യമെന്ന് പറയുന്നത് പദ്ധതി നിർവ്വഹണം ആണല്ലോ? പദ്ധതിനിർവ്വഹണം ഇവിടെ പാളിയിരിക്കുന്നു. ഭരണത്തകർച്ചയുടെ സാക്ഷ്യപത്രമായി പദ്ധതി നിർവ്വഹണത്തിൽ വൻ വീഴ്ചയുണ്ടായിരിക്കുന്നു. സംസ്ഥാന പദ്ധതിയുടെ അടങ്കൽ 18,500 കോടി രൂപയാണ്. നടപ്പാക്കിയത് 48.56 ശതമാനം മാത്രം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം 5,500 കോടി രൂപയാണ്. നടപ്പായത് 29 ശതമാനം മാത്രം. വൻകിട പദ്ധതികൾക്ക് മാറ്റിവച്ചത് 2,536.7 കോടി രൂപ. ചെലവായത് 237 കോടി രൂപ. യു.ഡി.എഫ്. ഗവൺമെന്റിന്റെ സമയത്ത് ആദ്യവർഷം അതായത് 2011-12-ൽ പദ്ധതി വിഹിതത്തിൽ ചെലവാക്കിയത് 97.9 ശതമാനമാണ്. 2012-13-ൽ 105 ശതമാനം പദ്ധതിത്തുക ചെലവാക്കി. ഇന്നിവിടെ പദ്ധതിച്ചെലവുകൾ നടക്കുന്നില്ല. പദ്ധതി പ്രവർത്തനങ്ങൾ നടക്കുന്നില്ല എന്നതിനെക്കാൾ വലിയൊരു ഉദാഹരണം ആവശ്യമുണ്ടോ? ഇവിടെ വാനോളം പുകഴ്ത്തിയ കിഫ്ബിയുടെ സ്ഥിതി എന്താണ്? കിഫ്ബിയിൽ 4,008 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയെന്ന് പറയപ്പെടുന്നു. ഏതെങ്കിലുമൊരു പദ്ധതി നടപ്പാക്കാൻ സാധിച്ചിട്ടുണ്ടോ; തുടങ്ങിവച്ചിട്ടുണ്ടോ? ഇവിടെ ഫയലുകളൊന്നും നീങ്ങുന്നില്ല എന്നുള്ളതാണ് ഏറ്റവും വലിയ പരാതി. സർക്കാരിന്റെ പ്രവർത്തനം മരവിച്ചുകിടക്കുന്നു. നിഷ്ക്രിയത്വത്തിന്റെ തടവറയിൽ കിടക്കുന്നൊരു ഗവൺമെന്റായിട്ടാണ് നമുക്കിതിനെ കാണാൻ കഴിയുന്നത്. സർക്കാർതന്നെ നിഷ്ക്രിയത്വത്തിന്റെ നേർചിത്രങ്ങളായിരിക്കുന്നു. ഓരോ ഫയലും ഓരോ ജീവിതമാണെന്ന് ബഹുമാനപ്പെട്ട

മുഖ്യമന്ത്രി പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിലും മന്ത്രിമാരുടെ ഓഫീസുകളിലും എത്ര ജീവിതങ്ങളാണ് ഇപ്പോൾ ഉറങ്ങുന്നത് എന്ന് എല്ലാപേർക്കും ബോധ്യമുള്ള കാര്യമാണ്. എല്ലാ വകുപ്പുകളിലും ഫയലുകൾ കെട്ടിക്കിടക്കുകയാണ്. പൊതുഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിതന്നെ വകുപ്പ് സെക്രട്ടറിമാർക്ക് കത്തയയ്ക്കേണ്ടിവന്നു. ഇതാണോ ഭരണത്തിന്റെ കാര്യക്ഷമത? 2017 ജനുവരി ഒന്നിനുശേഷമുള്ള ഫയൽ പരിശോധന സംബന്ധിച്ച റിപ്പോർട്ട് ഒരാഴ്ചയ്ക്കുള്ളിൽ അയയ്ക്കണമെന്നാണ് വകുപ്പ് സെക്രട്ടറിമാർക്ക് കത്തയച്ചത്. ആ കത്തും ഫയലിൽ ഉറങ്ങുന്നു എന്നതാണ് തമാശ. മൂന്നാഴ്ച കഴിഞ്ഞിട്ടും ഇതുവരെ ആരും റിപ്പോർട്ട് കൊടുത്തിട്ടില്ല എന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. കിട്ടിയ കണക്കനുസരിച്ച് നോക്കിയാൽ .....

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, എന്റെ വകുപ്പിൽ ഒറ്റ ഫയലും കെട്ടിക്കിടപ്പില്ല എന്ന് ഞാൻ അങ്ങയോട് പറയുന്നു. അതുപോലെ ഓരോ വകുപ്പും നോക്കണം.

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങ് ഭാവനാസമ്പന്നനായ മന്ത്രിയാണെന്ന കാര്യം എല്ലാവർക്കും അറിയാവുന്നതല്ലേ? അങ്ങയുടെ കാര്യം ഞാൻ വിടുന്നു. ഇവിടെ ഫയലുകൾ കെട്ടിക്കിടക്കുന്നതുസംബന്ധിച്ചുള്ള പരാതികൾ വ്യാപകമാകുന്നു. പരാതികൾ വ്യാപകമാകുമ്പോൾ അത് പരിഹരിക്കാനുള്ള നടപടികൾക്കുവേണ്ടി കത്തയച്ചിട്ട് ആ കത്ത് പോലും ഉറങ്ങുന്നു. എങ്ങനെയാണ് നമ്മുടെ സംസ്ഥാന ഭരണം മുന്നോട്ടുപോകുന്നത്?

കഴിഞ്ഞ ദിവസം മുൻ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഞങ്ങളെയൊക്കെ ഭയങ്കരമായി വിമർശിച്ച് പ്രസംഗിച്ചു. അദ്ദേഹം ഇപ്പോൾ പാർട്ടി ഡിസിപ്ലിന്റെ നാല് അതിരുകൾക്കുള്ളിൽ നിൽക്കുന്നുവെന്നുള്ളതിൽ എനിക്ക് വലിയ സന്തോഷമുണ്ട്. പക്ഷേ അദ്ദേഹത്തിനൊരു ഓഫീസെങ്കിലും കൊടുക്കണമായിരുന്നു. ഓഫീസ് പോലും കൊടുത്തില്ല. എം.എൽ.എ.-യുടെ ശമ്പളവുമില്ല, ഭരണപരിഷ്കാര കമ്മീഷന്റെ ശമ്പളവുമില്ല, സ്റ്റാഫിനും ശമ്പളമില്ല.*** എന്തിനാണ് ഈ പാവത്തെ ഇങ്ങനെ ബുദ്ധിമുട്ടിലാക്കുന്നത്? ഏതായാലും മുൻ മുഖ്യമന്ത്രിയുടെ സ്ഥിതി വളരെ ദയനീയമാണ്. അദ്ദേഹം നല്ല കുട്ടിയായി ഞങ്ങളെ വിമർശിച്ചോട്ടെ. ഞങ്ങൾക്ക് അതിൽ പരാതിയില്ല.

ഇവിടെ സർക്കാരിന് ഏതെങ്കിലും നയമുണ്ടോ? പല നയങ്ങളും പ്രഖ്യാപിക്കുമെന്ന് പറഞ്ഞതല്ലാതെ ഒന്നും പുറത്തുവന്നില്ല. ഇന്ന് മദ്യനയത്തെ സംബന്ധിച്ച് ചോദ്യം ചോദിച്ചപ്പോൾ 'മദ്യനയമായില്ല' എന്നാണ് മറുപടി. ഐ.ടി. നയം, ടൂറിസം നയം, വ്യവസായ നയം ഇതൊക്കെ എവിടെ നിൽക്കുന്നുവെന്ന് അറിയാൻ ഞങ്ങൾക്ക്

*** സഭാദ്ധ്യക്ഷന്റെ തീരുമാനപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

താല്പര്യമുണ്ട്. ഗവർണറെക്കൊണ്ട് നയപ്രഖ്യാപന പ്രസംഗം നടത്തുന്നുവെന്നുള്ളതല്ലാതെ കഴിഞ്ഞ തവണ നയപ്രഖ്യാപനത്തിൽ പറഞ്ഞ 90 ശതമാനം കാര്യങ്ങൾപോലും തുടങ്ങിവയ്ക്കാൻ കഴിഞ്ഞിട്ടില്ല. പൂർത്തീകരിക്കണമെന്ന് ഞാൻ പറയുന്നില്ല, കാരണം സർക്കാർ വന്നിട്ട് ഒമ്പത് മാസമേ ആയിട്ടുള്ളൂ. കഴിഞ്ഞ തവണ ഗവർണർ പറഞ്ഞ അതേ കാര്യങ്ങൾ തന്നെയാണ് ഇത്തവണയും ആവർത്തിക്കുന്നത്. ഒന്നുരണ്ട് ഉദാഹരണങ്ങൾ ഞാൻ പറയാം. അടുത്ത മൂന്ന് മാസത്തിനുള്ളിൽ ഓരോ പഞ്ചായത്തിലും ഓരോന്നു വീതം 1000 Wi-Fi ഹോട്ട് സ്പോട്ടുകൾ സ്ഥാപിക്കുമെന്ന കഴിഞ്ഞ തവണത്തെ പ്രഖ്യാപനം (പാരഗ്രാഫ് 49), അത് നടന്നില്ല. അടുത്ത മൂന്ന് മാസത്തിനുള്ളിൽ 1000 Wi-Fi വീതം സ്ഥാപിക്കുമെന്ന് പുതിയ പ്രഖ്യാപനം (പാരഗ്രാഫ് 49). അന്യസംസ്ഥാനങ്ങളിൽ കശുമാവിൻ തോട്ടങ്ങൾ സ്ഥാപിക്കുമെന്ന് കഴിഞ്ഞ തവണ നയപ്രഖ്യാപനത്തിൽ ഗവർണറെക്കൊണ്ട് പറയിച്ചു. ആന്ധ്രയിൽ കശുമാവ് തോട്ടം സ്ഥാപിക്കാൻ ശ്രമിക്കുമെന്നാണ് പുതിയ പ്രഖ്യാപനം. മത്സ്യത്തൊഴിലാളികളെ സുരക്ഷിതമായ സ്ഥാനങ്ങളിലേയ്ക്ക് മാറ്റിപ്പാർപ്പിക്കുമെന്ന് കഴിഞ്ഞ തവണത്തെ പ്രഖ്യാപനം (പാരഗ്രാഫ് 122), ഒന്നും നടന്നില്ല. സമുദ്ര തീരത്ത് 50 മീറ്ററിനുള്ളിലുള്ളവരെ 200 മീറ്റർ മാറ്റിപ്പാർപ്പിക്കുമെന്നാണ് പുതിയ പ്രഖ്യാപനം. പാവം ഗവർണറെക്കൊണ്ട് ഓരോ തവണയും ഈ പ്രഖ്യാപനങ്ങൾ ആവർത്തിക്കുന്നുവെന്നുള്ളതല്ലാതെ ഒരു പ്രഖ്യാപനവും നടക്കുന്നില്ല. അദ്ദേഹം സുപ്രീംകോടതിയിലെ ചീഫ് ജസ്റ്റിസ് ആയിരുന്നുവെന്നുള്ള കാര്യം കൂടി നമ്മൾ ഓർക്കേണ്ടിയിരിക്കുന്നു. കേരളത്തിലെ ക്രമസമാധാനനില അതീവ ഗുരുതരമായ അവസ്ഥയിലാണ്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനോ വിലക്കയറ്റം നിയന്ത്രിക്കാനോ സർക്കാരിന് കഴിയുന്നില്ല. ഇന്ന് രാവിലെയും ചർച്ച ചെയ്ത വിഷയമതാണ്. ഇന്ന് സംസ്ഥാനത്തെ ജനങ്ങൾക്ക് സ്വൈര്യമായി ജീവിക്കാൻ കഴിയുന്നില്ലെന്ന് മാത്രമല്ല സദാചാര പോലീസിനെ പേടിച്ച് കഴിയേണ്ട സ്ഥിതിയാണ് നിലവിലുള്ളത്. ഉദ്യോഗസ്ഥന്മാർ തമ്മിലുള്ള അടി വ്യാപകമാണ്. വിജിലൻസ് ഡയറക്ടർക്കെതിരായി ധനകാര്യവകുപ്പ് സെക്രട്ടറിയും പല ഐ.എ.എസ്. ഉദ്യോഗസ്ഥരും രംഗത്ത് വരികയാണ്. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഐ.എ.എസ്. ഉദ്യോഗസ്ഥർ ഒരുമിച്ച് സംഘടിച്ച് മുഖ്യമന്ത്രിയെ നേരിൽക്കണ്ട് അവധി എടുക്കുമെന്ന് പ്രഖ്യാപിച്ചത്. ഇതാണോ ഒമ്പത് മാസത്തെ ഭരണത്തിന്റെ നേട്ടം? ചീഫ് സെക്രട്ടറിയെ മുഖ്യമന്ത്രി വിമർശിച്ചു എന്നാണ് ഞങ്ങൾ കേട്ടത്, ശരിയാണോ എന്നറിയില്ല.

2.00 PM]

ഏതായാലും ഭരണരംഗത്ത് ഫയലുകൾ നീങ്ങാത്തതും ഔദ്യോഗികമായ കാര്യങ്ങൾ ഒച്ചിന്റെ വേഗതയിൽ നീങ്ങുന്നതും ഈ ഉദ്യോഗസ്ഥരും സർക്കാരും തമ്മിലുള്ള അഭിപ്രായവ്യത്യാസമാണെന്ന് ജനങ്ങൾക്ക് ബോദ്ധ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാര്യമാണ്. വിജിലൻസ് എങ്ങനെ പ്രവർത്തിക്കണമെന്നുള്ളതിനെ സംബന്ധിച്ച് ചില മാനദണ്ഡങ്ങളുണ്ട്. വിജിലൻസിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഹൈക്കോടതി തന്നെ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുമെന്ന് പറയുന്നു, അത് നല്ല കാര്യമാണ്.

ക്യാബിനറ്റിന്റെ തീരുമാനം ചോദ്യം ചെയ്യാനുള്ള അവകാശം വിജിലൻസ് ഡയറക്ടർക്കുണ്ടോ? ആഭ്യന്തര വകുപ്പിൽ നിന്ന് ശിപാർശ ചെയ്ത 4 എ.ഡി.ജി.പി. മാർക്ക് ഡി.ജി.പി.-മാരായി ഞാൻ ആഭ്യന്തര മന്ത്രിയായിരുന്നപ്പോൾ പ്രൊമോഷൻ കൊടുത്തു. ഒരാൾ കേസ് കൊടുത്തു. അന്നത്തെ മുഖ്യമന്ത്രിയേയും ആഭ്യന്തര വകുപ്പുമന്ത്രിയേയും ചീഫ് സെക്രട്ടറിയേയും കുറിച്ച് അന്വേഷിക്കാൻ ഒരു സർക്കിൾ ഇൻസ്പെക്ടറെ ചുമതലപ്പെടുത്തുമെന്ന് പറയുമ്പോൾ വിജിലൻസ് കോടതിയാണെങ്കിലും അതിനൊക്കെ ചില മാനദണ്ഡങ്ങളില്ലേ? ഇങ്ങനെയാണെങ്കിൽ ഈ സംസ്ഥാനം ആർക്കെങ്കിലും ഭരിക്കാൻ കഴിയുമോ? ക്യാബിനറ്റിന് തീരുമാനമെടുക്കാൻ കഴിയുമോ? ഗവൺമെന്റുകൾ മാറി മാറി വരും. കോടതികളാണെങ്കിലും വിജിലൻസ് ഡയറക്ടറാണെങ്കിലും ഇത്തരം കാര്യങ്ങളിൽ എടുക്കേണ്ട നിലപാടുകൾ വളരെ കൃത്യതയുള്ളതായിരിക്കണം. തിരുവനന്തപുരം വിജിലൻസ് കോടതിയുടെ വിധിയെന്താണ്? അന്വേഷിക്കുന്നതിന് മുമ്പുതന്നെ ഞങ്ങളുടെ എല്ലാവരുടെയും പേരിൽ എഫ്.ഐ.ആർ. ഇടാനാണ് പറഞ്ഞത്. അതുകൊണ്ടാണ് ഞാൻ കോടതിയിൽ പോയത്. കോടതിക്ക് അങ്ങനെ പറയാൻ നിയമപരമായ എന്ത് അധികാരമാണുള്ളത്? ഇവർ നിയമങ്ങൾ ലംഘിച്ചു കൊണ്ടാണ് ഇത്തരം വിധികൾ പുറപ്പെടുവിക്കുന്നതെന്ന് ജസ്റ്റിസ് ഉബൈദിന്റെ വിധിയിൽ വ്യക്തമായി പറയുന്നുണ്ട്. പിന്നെ എങ്ങനെ മുഖ്യമന്ത്രി പ്രവർത്തിക്കും; എങ്ങനെ ഒരു മന്ത്രി പ്രവർത്തിക്കും; എങ്ങനെ ക്യാബിനറ്റ് പ്രവർത്തിക്കും? കേരളത്തിൽ വിജിലൻസ് രാജ് നടക്കുന്നത് മുഖ്യമന്ത്രിക്ക് അക്കാര്യത്തിൽ നിയന്ത്രണമില്ലാത്തതുകൊണ്ടാണ്. ആർക്കും എന്തും പറയാം; എന്തും ചെയ്യാം എന്നതാണ് അവസ്ഥ. അത് അഴിമതി നിരോധനമൊന്നുമല്ല. ഹൈക്കോടതി അദ്ദേഹത്തെ വിമർശിച്ചതിന്റെ പേരിൽ ഇനിമേൽ വൻകിട പദ്ധതികളിലെ അഴിമതി സംബന്ധിച്ച പരാതികൾ ഇവിടെ സ്വീകരിക്കില്ല എന്ന് നോട്ടീസ് ബോർഡിൽ വിജിലൻസ് ഡയറക്ടർ നോട്ടീസ് ഇടുകയാണ്. അതിനുള്ള തന്റേടം ആ ഉദ്യോഗസ്ഥന് എങ്ങനെ വന്നു? ഈ സർക്കാരിന് ഉദ്യോഗസ്ഥരെ നിയന്ത്രിക്കാൻ കഴിയില്ലേ? മഞ്ഞക്കാർഡും ചുവപ്പുകാർഡും കാണിക്കുകയും ആളുകളെ തേജോവധം ചെയ്യുകയും ചെയ്യുന്ന നടപടി......, ശ്രീ. ഇ. പി. ജയരാജന്റെ കേസ് സ്റ്റേ ചെയ്തല്ലോ...., ഇവിടെ എന്തും നടക്കും. അതാണ് ബഹു. കോടതി ചോദിച്ചത്, ഇവിടെ വിജിലൻസ് രാജാണോ എന്ന്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. കെ. സി. ജോസഫ്: സർ, ഗവർണറുടെ നയപ്രഖ്യാപന ചർച്ചയിൽ പങ്കെടുത്ത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കുമ്പോൾ ഉദ്യോഗസ്ഥ ഗ്യാലറിയിൽ ചീഫ് സെക്രട്ടറിയോ സെക്രട്ടറിമാരിൽ ഒരാൾ പോലുമോ ഇല്ല. ഈ സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഉദ്യോഗസ്ഥരല്ലേ അവർ? അപ്പോൾ മുഖ്യമന്ത്രിക്ക് നിയന്ത്രണമില്ല. പ്രധാനപ്പെട്ട ചർച്ച നടക്കുമ്പോൾ പോലും ചീഫ് സെക്രട്ടറിയോ ഉദ്യോഗസ്ഥരോ ഇല്ല, അതാണ് ഇവിടത്തെ അവസ്ഥ. അത് അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട സ്പീക്കർ, അങ്ങ് റൂൾ ചെയ്താൽ മതി.

<u>മി. സ്പീക്കർ</u>: സഭയിൽ ഗൗരവമായ ചർച്ച നടക്കുമ്പോൾ ഉദ്യോഗസ്ഥർ ഗ്യാലറിയിൽ ഉണ്ടാകണമെന്ന് ഇതിന് മുമ്പും റൂളിംഗ് നൽകിയിട്ടുള്ളതാണ്. റൂളിംഗിന്റെ കുറവ് കൊണ്ടല്ല. ഏതായാലും സർക്കാർ അത് ഗൗരവമായി പരിശോധിക്കണം.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ബഹു. മുഖ്യമന്ത്രിയോട് എനിക്ക് പറയാനുള്ളത് അഴിമതി തടയുക എന്നുള്ളത് ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. പൊതുസമൂഹത്തിന്റെ ഉത്തരവാദിത്വമാണ്. പക്ഷേ ഒരു പരാതി കിട്ടിക്കഴിഞ്ഞാൽ അതിൽ വ്യക്തി വൈരാഗ്യം തീർക്കത്തക്ക നിലയിൽ കാര്യങ്ങൾ കൊണ്ടുപോകുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതും ആവശ്യമാണ്. വിജിലൻസ് മാനുവലും ഗവൺമെന്റ് പുറപ്പെടുവിക്കുന്ന ഉത്തരവുകളും ആഭ്യന്തര വകുപ്പിന്റെ ഉത്തരവുകളുമെല്ലാം വിജിലൻസ് ഡയറക്ടർക്ക് ബാധകമാണ്. അല്ലാതെ വിജിലൻസ് ഡയറക്ടർക്ക് തോന്നിയതുപോലെ കാര്യങ്ങൾ ചെയ്യാൻ കഴിയില്ല.

ഇവിടെ എന്താണ് സ്ഥിതി? ഞങ്ങൾ ഒരുമിച്ച് ഒറ്റക്കെട്ടായി പോകുന്നുവെന്ന് ശ്രീ. എസ്. ശർമ്മ പറഞ്ഞു. സി.പി.ഐ.(എം)-ഉം സി.പി.ഐ.-യും തമ്മിൽ ഏതെങ്കിലും കാര്യത്തിൽ ഐക്യമുണ്ടോ? അതിരപ്പിള്ളിയുടെ കാര്യത്തിൽ മന്ത്രി ശ്രീ. എം. എം. മണി ഒന്നുപറയുന്നു; മന്ത്രി പറഞ്ഞാലും മുഖ്യമന്ത്രി പറഞ്ഞാലും സർക്കാർ പറഞ്ഞാലും അതൊന്നും ബാധകമല്ല, എൽ.ഡി.എഫ്. തീരുമാനിക്കുമെന്ന് ശ്രീ. കാനം രാജേന്ദ്രൻ പറയുന്നു. ഇവിടെ വിവരാവകാശത്തിന്റെ കാര്യത്തിൽ ഞാൻ മുഖ്യമന്ത്രിക്ക് ഒരു കത്ത് കൊടുത്തു. അദ്ദേഹം വിശദമായ ഒരു മറുപടി എനിക്ക് നൽകി. വിവരാവകാശ നിയമത്തെ സംബന്ധിച്ച ഹൈക്കോടതിയിലെ കേസിൽ ഞാൻ കക്ഷിചേർന്നിട്ടുണ്ട്. സി.പി.ഐ.-യുടെ അഡ്വക്കേറ്റ് ശ്രീ. ജയശങ്കർ കൂടി എന്നോടൊപ്പം കക്ഷി ചേർന്നിരിക്കുകയാണ്. അപ്പോൾ ഇവർ തമ്മിൽ എന്ത് ഐക്യമാണുള്ളത്? മാവോയിസ്റ്റ് വേട്ടയിൽ ഞാൻ ഗവൺമെന്റിന്റെ നടപടിയെ അനുമോദിച്ചത് ശരിയായില്ലെന്നും അങ്ങനെയൊരു നിലപാട് എടുക്കാൻ പാടില്ലെന്നും എന്റെ പാർട്ടിക്കാരിൽ പലരും എന്നോട് പറഞ്ഞു. മൂന്ന് മാസം മുമ്പ് വരെ ആഭ്യന്തര മന്ത്രിയായിരുന്നപ്പോൾ 'മാവോയിസ്റ്റുകൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിച്ച ഒരാളാണ് ഞാൻ' എന്നാണ് അവരോട് മറുപടി പറഞ്ഞത്. ഇവിടെ മാവോയിസ്റ്റുകൾക്കെതിരെ ഗവൺമെന്റ് നടപടി സ്വീകരിച്ചു. പോലീസുമായിട്ടുള്ള ഫയറിംഗിനിടയിൽ ആര് വെടിവച്ചു; ആര് വെടിവച്ചില്ല എന്ന് നമുക്ക് അറിയാൻ കഴിയില്ല. അന്വേഷണത്തിലൂടെയേ അറിയാൻ കഴിയൂ. എന്നാൽ ഈ നടപടിയെ ഞങ്ങളല്ല വിമർശിച്ചത്. ഈ വിഷയത്തിൽ ശ്രീ. കാനം രാജേന്ദ്രൻ സർക്കാരിനെ മുൾമുനയിൽ നിർത്തിയെന്ന കാര്യം അങ്ങേയ്ക്ക് മറക്കാൻ കഴിയുമോ? ലാ അക്കാദമി വിഷയത്തിൽ ഭൂമി അളക്കുമെന്നാണ് റവന്യൂ വകുപ്പുമന്ത്രി പറയുന്നത്. ഈ ഭൂമി സർ സി.പി.-യുടെ കാലത്ത് കൊടുത്തതാണെന്നും അതിൽ ഇടപെടില്ലായെന്നുമാണ് മുഖ്യമന്ത്രി പറയുന്നത്. തൊട്ടപ്പുറത്തിരിക്കുന്ന ശ്രീ. ഇ. ചന്ദ്രശേഖരനെപോലും

ബോദ്ധ്യപ്പെടുത്താൻ മുഖ്യമന്ത്രിക്ക് കഴിഞ്ഞില്ലായെന്നല്ലേ ഇത് തെളിയിക്കുന്നത്. നമ്പൂതിരിയുടെ വെളിച്ചത്തിൽ വാര്യരുടെ അത്താഴം എന്ന ശ്രീ. ജയരാജന്റെ വാക്കുകൾ അന്വർത്ഥമാണ്. സി.പി.ഐ. ഇപ്പോൾ മുഖപത്രം എഴുതുന്നത് സി.പി.ഐ (എം)-നെയും മുഖ്യമന്ത്രിയേയും വിമർശിക്കാനാണ്.

ഇവിടെ ഇന്നലെയും മിനിഞ്ഞാന്നുമായി നടന്ന എല്ലാ പ്രസംഗങ്ങളിലും ഞങ്ങൾക്കെതിരെ ആരോപണം ഉന്നയിക്കുന്നുണ്ട്. ഞങ്ങൾ ദേശീയ തലത്തിൽ ഇന്ത്യയിലെ മതേതര പ്രസ്ഥാനങ്ങളെ ഒരുമിപ്പിക്കുന്ന ചരിത്രപരമായ ദൗത്യം നടത്തിക്കൊണ്ടിരിക്കുന്നു. സി.പി.ഐ.(എം)-ന് പോലും ബംഗാളിൽ കോൺഗ്രസ്സുമായി കൂട്ടുചേരേണ്ടി വന്നിരിക്കുന്നു. ഇന്ത്യയിലെ പ്രത്യേക രാഷ്ട്രീയ സാഹചര്യമെന്ന് പറയുന്നത് മതേതര ശക്തികളുടെ ഏകീകരണമാണ്. ഉത്തർപ്രദേശിൽ മുലായംസിംഗ് യാദവിന്റെ മകൻ അഖിലേഷ് യാദവിനോടൊപ്പം ഞങ്ങൾക്ക് കൂട്ടുപിടിക്കേണ്ടി വന്നു. അത് എന്തുകൊണ്ടാണെന്നുള്ളത് നിങ്ങൾ മനസ്സിലാക്കണം. അന്ധമായ കോൺഗ്രസ് വിരോധം നിങ്ങൾ അവസാനിപ്പിക്കണം. ഈ രാജ്യത്ത് വളർന്നു വരുന്ന ബി.ജെ.പി.യുടെയും സംഘ്പരിവാറിന്റെയും രാഷ്ട്രീയത്തെ നിലയ്ക്ക് നിർത്താൻ കഴിയുന്നത്, നേരിടാൻ കഴിയുന്നത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന് മാത്രമാണെന്നുള്ളതാണ് യാഥാർത്ഥ്യം. ഇന്ത്യയിൽ ഉടനീളം ഉയർന്നുവരുന്ന ബി.ജെ.പി.-യുടെയും സംഘ്പരിവാറിന്റെയും വർഗ്ഗീയതയ്ക്കും അസഹിഷ്ണുതയ്ക്കും എതിരെ ശക്തമായി നേരിടാനും നിലയ്ക്ക് നിർത്താനും കഴിയുന്നത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന് മാത്രമാണ്. അങ്ങ് ഭോപ്പാലിലും ഡൽഹിയിലും പ്രസംഗിച്ചില്ല. എന്നാൽ മംഗലാപുരത്ത് പ്രസംഗിച്ചതിൽ എനിക്ക് സന്തോഷമുണ്ട്. ശ്രീ. സിദ്ധരാമയ്യയെ വിളിച്ച് ഞാൻ നന്ദി പറഞ്ഞു. 2000-3000 പോലീസിനെ കൊടുത്താലും വേണ്ടില്ല കേരളത്തിലെ മുഖ്യമന്ത്രിക്ക് അവിടെ പ്രസംഗിക്കാൻ അവസരം കൊടുക്കണമെന്ന്. അത് കാണിക്കുന്നത്, ഇന്ത്യയിൽ വളർന്നുവരേണ്ട മതേതര ഐക്യത്തിന്റെ സൂചനയാണ്. രാജ്യത്ത് വളർന്നുവരേണ്ട മതേതര ജനാധിപത്യ കൂട്ടായ്മയുടെ ഏറ്റവും വലിയ നേർ ചിത്രമാണിത്. ഈ നിയമസഭയിൽ വന്ന് ഞങ്ങളെ നിങ്ങൾ വിമർശിക്കുന്നതിൽ എന്ത് അർത്ഥമാണുള്ളത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ ചിലപ്പോൾ പറയുന്നുണ്ട്, ഞങ്ങൾക്ക് ബി.ജെ.പി.-യുമായി ചങ്ങാത്തമാണെന്ന്. നിങ്ങൾ എവിടെയാണ് ഇത് കണ്ടെത്തുന്നത്? നിങ്ങൾ ബി.ജെ.പി.-യെ ശക്തിപ്പെടുത്താൻ ശ്രമിക്കുകയാണ്. നിങ്ങളുടെ ഓരോ വാക്കിലും ശക്തികൊടുക്കുന്നത് ബി.ജെ.പി.-ക്കാണ്. പരസ്പരം പാലൂട്ടുന്ന ശത്രുക്കളായി സി.പി.ഐ. (എം)-ഉം ബി.ജെ.പി.യും മാറാൻ പാടില്ല. നിങ്ങളുടെ തെറ്റുകൾ തിരുത്തണം. ഈ രാജ്യത്ത് വളർന്നുവരുന്ന വർഗ്ഗീയതയ്ക്കെതിരായി, സംഘ്പരിവാറിന് എതിരായി ഏറ്റവും കൂടുതൽ ശക്തിയോടു കൂടി പോരാടുന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെ ദുർബ്ബലപ്പെടുത്തുക വഴി നിങ്ങൾ സഹായിക്കുന്നത് ബി.ജെ.പി.-യെ ആണ്. ബി.ജെ.പി.-യിലേയ്ക്കുള്ള റിക്രൂട്ടിംഗ് ഏജന്റുമാരായി സി.പി.ഐ. (എം) മാറരുത് എന്നാണ് എനിക്ക് പറയുവാനുള്ളത്.

ശ്രീ. രാജു എബ്രഹാം : സർ, കഴിഞ്ഞ ആഴ്ച പത്തനംതിട്ട ജില്ലയിലെ നാരങ്ങാനം പഞ്ചായത്തിൽ...

ശ്രീ. രമേശ് ചെന്നിത്തല: സർ, അവരെ പാർട്ടിയിൽ നിന്ന് പുറത്താക്കി. ഇവിടെ റാന്നി എം.എൽ.എ. ഒറ്റപ്പെട്ട സംഭവങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടാണ് പറഞ്ഞത്. അങ്ങനെയുള്ള സ്ഥലങ്ങളിലൊക്കെ പാർട്ടി നടപടി സ്വീകരിക്കും. ഏതെങ്കിലും ഒരു പഞ്ചായത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ആരെങ്കിലും വോട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിലാണോ രാഷ്ട്രീയപാർട്ടിയുടെ നയം തീരുമാനിക്കുന്നത്. ഇന്ത്യയിൽ ബി.ജെ.പി.-യെ നിലയ്ക്ക് നിർത്താനും ശ്രീ. നരേന്ദ്ര മോദിക്കെതിരെയുള്ള രാഷ്ട്രീയ പോരാട്ടത്തിന് നേതൃത്വം കൊടുക്കാനും ശ്രീമതി സോണിയ ഗാന്ധിക്കും ശ്രീ. രാഹുൽ ഗാന്ധിക്കും മാത്രമേ കഴിയൂ എന്നുള്ളതാണ് യാഥാർത്ഥ്യം. അതിനുള്ള പോരാട്ടവുമായി ഞങ്ങൾ മുന്നോട്ട് പോകുന്നു. ബി.ജെ.പി.ക്ക് ശക്തിപകരുന്ന ഈ പ്രവർത്തനം അവസാനിപ്പിക്കണമെന്നാണ് എനിക്ക് നിങ്ങളോട് അഭ്യർത്ഥിക്കാനുള്ളത്. ബി.ജെ.പി.യിൽ നിന്ന് സി.പി.ഐ.(എം) ലേയ്ക്ക് ആളുകൾ പോകുന്നു. സി.പി.ഐ. (എം)-ൽ നിന്ന് ബി.ജെ.പി.-യിലേയ്ക്ക് ആളുകൾ പോകുന്നു. നിങ്ങൾ പരസ്പരം കൊലപാതകങ്ങളും അക്രമങ്ങളും നടത്തി ആളുകൾ പോകാതിരിക്കാനുള്ള രാഷ്ട്രീയം വളർത്തി കൊണ്ടുവരുന്നത് കേരളത്തിന്റെ ക്രമസമാധാനത്തിന് അപകടകരമായ ഒന്നാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അത് നിങ്ങൾ തമ്മിലുള്ള ധാരണയാണ്. ഇവിടെ ബി.ജെ.പി.യുടെയും സി.പി.ഐ. (എം)-ന്റെയും ആഗ്രഹം കോൺഗ്രസ് ദുർബ്ബലപ്പെടുകയെന്നുള്ളതാണ്. അങ്ങനെയൊരു രാഷ്ട്രീയം കേരളത്തിൽ സി.പി.ഐ.(എം) സ്വീകരിക്കുന്നത് ഗുണകരമാണോ? ദേശീയതലത്തിൽ വളർന്നു വരുന്ന ഒരു മതേതര ജനാധിപത്യ മുന്നേറ്റത്തിന് ഗുണകരമാണോ? ഈ നിയമസഭയിൽ നിങ്ങൾ രണ്ട് ദിവസമായി സ്വീകരിച്ച സമീപനം അതാണ്. കോൺഗ്രസ്സിനെ ദുർബലപ്പെടുത്തുക, കോൺഗ്രസും ബി.ജെ.പി.-യുമായി സഖ്യത്തിലാണെന്ന് പറയുകവഴി നിങ്ങൾ വളവും പ്രോത്സാഹനവും നൽകുന്നത് ബി.ജെ.പി.ക്കാണ്. അത് തിരിച്ചറിയാനുള്ള രാഷ്ട്രീയമായ വിവേകം നിങ്ങൾക്കുണ്ടാകണം. സങ്കുചിതമായ രാഷ്ട്രീയത്തിനപ്പുറം വിശാലമായ ഒരു ജനാധിപത്യ മതേതര മുന്നേറ്റത്തിനു വേണ്ടിയാണ് ഇന്ത്യയിൽ കോൺഗ്രസ് നിൽക്കുന്നതെന്നുള്ള കാര്യം ഞാൻ എടുത്തുപറയാൻ ആഗ്രഹിക്കുകയാണ്.

സംഘ്പരിവാറിന്റെ നേതാക്കന്മാർ തീ തുപ്പുന്ന പ്രസംഗങ്ങൾ നടത്തിയിട്ട് സംസ്ഥാന പോലീസ് ആരുടെയെങ്കിലും പേരിൽ കേസ് എടുത്തോ? എത്ര നേതാക്കന്മാരാണ് വിദ്വേഷ പ്രസംഗങ്ങൾ നടത്തുന്നത്; ക്ഷേത്രങ്ങളിലെ ആയുധ പരിശീലനത്തിന്റെ പേരിൽ എത്ര കേസ്സുകൾ എടുത്തു? ശ്രീ. കെ. സുരേന്ദ്രൻ

കൊലവിളി നടത്തിയില്ലേ? എന്ത് നടപടിയാണ് എടുത്തത്? ശ്രീ. കോടിയേരി ബാലകൃഷ്ണൻ പ്രസംഗിച്ച വേദിയിലേയ്ക്ക് ആർ.എസ്.എസ്സുകാർ ബോംബ് എറിഞ്ഞുവെന്ന് പറഞ്ഞു, ആരെയെങ്കിലും അറസ്റ്റ് ചെയ്തോ? നിങ്ങൾ പറയുന്നതും പ്രവർത്തിക്കുന്നതും തമ്മിലുള്ള അന്തരമാണ് ഇവിടെ വ്യക്തമാകുന്നത്. കേരളത്തിൽ ബി.ജെ.പി.-യെ വളർത്തുന്ന കാര്യത്തിൽ വലിയൊരു പങ്ക് സി.പി.ഐ. (എം) നിറവേറ്റാൻ പാടില്ല എന്നുള്ളതുകൊണ്ടാണ് ഞാനിത് പറയുന്നത്. നിങ്ങൾ ആ തെറ്റായ രാഷ്ട്രീയത്തിലൂടെയാണ് മുന്നോട്ട് പോകുന്നത്. അതുകൊണ്ടാണ് ആ രാഷ്ട്രീയം അപകടകരമാണെന്ന് പറഞ്ഞത്.

ഈ സർക്കാർ അധികാരത്തിൽ വന്ന് ഒമ്പത് മാസം കൊണ്ട് ആകാശത്തിന് താഴെയുള്ള എല്ലാ കാര്യങ്ങളും നന്നാക്കി കളയുമെന്നുള്ള തെറ്റായ ധാരണയൊന്നും ഞങ്ങൾക്കില്ല. ഒരു നല്ല കാര്യം നാട്ടിലെ ജനങ്ങൾക്കുവേണ്ടി ചെയ്യാൻ കഴിഞ്ഞോയെന്ന് ചോദിച്ചാൽ നിങ്ങൾക്ക് എന്ത് പറയാൻ കഴിയും, ഏതെങ്കിലും ഒരു കാര്യം പറയാൻ കഴിയുമോ? ഇവിടെ ശ്രീ. വി. എസ്. സുനിൽ കുമാർ നെല്ലിന്റെ കാര്യം പറഞ്ഞു. ഞാൻ ആ പദ്ധതിയെ അനുകൂലിച്ച് എന്റെ നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ആളാണ്. അവിടെ ഉപ്പുവെള്ളം കയറി മുഴുവൻ കൃഷിയും നശിച്ചിരിക്കുകയാണ്. ജലസേചന വകുപ്പ് കണ്ണടച്ച് ഉറക്കത്തിലാണ്. മഹാരാജാവിന്റെ കാലം മുതൽ ബണ്ടുകൾ ഇടുന്ന സ്ഥലത്ത് ഇപ്പോൾ ചെയ്യുന്നില്ല. അത് ഇ-ടെണ്ടറാണ്, ഇപ്പോഴൊന്നും നടക്കില്ലായെന്നാണ് ചോദിച്ചപ്പോൾ പറഞ്ഞത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) : സർ, വെള്ളം കയറി കൃഷി നശിച്ച കർഷകർക്കെല്ലാം ഹെക്ടറിന് 13,500 രൂപ വച്ച് ഉടൻ തന്നെ നൽകാൻ അനുവാദം കൊടുത്തുകഴിഞ്ഞു. ഒരു ഗവൺമെന്റിന് ചെയ്യാൻ കഴിയാവുന്ന കാര്യത്തിനപ്പുറത്ത് ചെയ്യുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. കോൾ നില കർഷകരുടെ സത്യാഗ്രഹം ഉദ്ഘാടനം ചെയ്യാൻ ഞാൻ പോയതാണ്. അങ്ങയുടെ നാട്ടിലല്ലേ കോൾ നിലങ്ങൾ; അവിടെ പതിനായിരക്കണക്കിന് ഏക്കർ ഭൂമി ഉപ്പുവെള്ളം കയറി നശിച്ചു. തൊട്ടപ്പുറത്തിരിക്കുന്ന മന്ത്രി ശ്രീ. മാത്യു ടി. തോമസിനോട് ഒന്ന് സംസാരിച്ചിരുന്നുവെങ്കിൽ ആ കോൾ നില കർഷകർ രക്ഷപ്പെട്ടുമായിരുന്നില്ലേ; എന്ത് കൊണ്ടാണ് ബണ്ട് കെട്ടാത്തത്?

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, കൃഷിക്കാരെപ്പറ്റി ആകുലപ്പെടുന്നതിൽ സന്തോഷമുണ്ട്. അങ്ങ് മന്ത്രിയായിരിക്കുന്ന സമയത്ത് (2012 മുതൽ 2016 വരെ) Natural Calamity ഉണ്ടായതിന്റെ പേരിൽ 69 കോടി രൂപ കുടിശ്ശിക ഉണ്ടായിട്ടും

ഒരു പൈസ പോലും കൊടുക്കാൻ നിങ്ങളുടെ ഗവൺമെന്റ് തയ്യാറായില്ല. ഈ ഗവൺമെന്റ് വന്ന് 9 മാസം കൊണ്ടാണ് 80 ശതമാനം തുകയും കൊടുത്തത്. അക്കാര്യം അങ്ങ് വിസ്മരിക്കരുത്. ഉപ്പുവെള്ളം കയറിയെന്നുള്ളത് സത്യമാണ്. ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്ത കടുത്ത വേനലുണ്ടായപ്പോൾ സംഭവിച്ച കാര്യമാണ്. അതിന് ഉടനെ തന്നെ നഷ്ടപരിഹാരം നൽകാനാവശ്യമായ നടപടി എടുക്കാൻ തീരുമാനിച്ചത് ഗവൺമെന്റാണ്. അത് കൊടുക്കുകയും ചെയ്തു.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി, അങ്ങല്ലേ നെൽ വർഷമായി ഇത്തവണ പ്രഖ്യാപിച്ചത്. ആയിരക്കണക്കിന് ഏക്കർ വരുന്ന തൃശ്ശൂർ കോൾ നിലങ്ങളിലേയ്ക്ക് ചിമ്മിനി ഡാമിൽ നിന്ന് നിങ്ങൾ നേരത്തേ വെള്ളം തുറന്നുവിട്ടില്ല. വരൾച്ച വന്ന് കൃഷി നശിച്ചപ്പോഴാണ് വെള്ളം തുറന്നുവിട്ടത്. ഞാൻ ചോദിക്കുന്നത് നഷ്ടപരിഹാരമല്ല, അത് ഗവൺമെന്റിന് കൊടുക്കാൻ കഴിയും. നിങ്ങൾ തമ്മിലുള്ള ഐക്യത്തെപ്പറ്റിയാണ് ഞാൻ പറഞ്ഞത്. Co-ordination between Agricultural Minister and Water Resources Minister. എന്റെ മണ്ഡലത്തിലെ ആയിരക്കണക്കിന് ഏക്കർ കൃഷി നിലങ്ങൾ ഉപ്പുവെള്ളം കയറി നശിച്ചത് എന്തുകൊണ്ടാണ്? മഹാരാജാവിന്റെ കാലത്തുപോലും ആരും ചോദിക്കേണ്ട കാര്യമില്ല, ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന് ബണ്ട് കെട്ടാം. അതുമാത്രമല്ല, കോൾ നിലങ്ങളിൽ ബണ്ട് കെട്ടിയില്ല. കനോലി കനാലിൽ ഉപ്പുവെള്ളം കയറിയത് എന്തുകൊണ്ടാണ്? ഇക്കാര്യം അങ്ങേയ്ക്ക് അറിയാമല്ലോ, അങ്ങയുടെ വീടിനടുത്തല്ലേ? ഇത് സംസ്ഥാനഭരണത്തിന്റെ ഐക്യമില്ലായ്മയുടെ ഏറ്റവും വലിയ ഉദാഹരണമല്ലേ? അതുകൊണ്ട് കഴിഞ്ഞ ഒമ്പത് മാസം നിങ്ങൾക്ക് വലിയ കാര്യങ്ങളൊന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല.

ശ്രീ. എസ്. ശർമ്മയുടെ പ്രസംഗം ഞാൻ കേട്ടു. അദ്ദേഹത്തിന് ഈ ഗവൺമെന്റിന്റെ നേട്ടങ്ങളൊന്നും പറയാൻ ഇല്ലായിരുന്നു. അതുകൊണ്ട് ഒമ്പത് മാസമായി സർക്കാരിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഗവർണറെക്കൊണ്ട് ഇത്തരം കാര്യങ്ങളൊന്നും പറയിക്കേണ്ടായിരുന്നു. രണ്ടര മണിക്കൂർ നേരം ആ പാവത്തിനെ ക്കൊണ്ട് പ്രസംഗിപ്പിച്ചു, ലീഗൽ മെട്രോളജിയുടെ കാര്യം വരെ. സാധാരണ ഗതിയിൽ ലീഗൽ മെട്രോളജിയെന്ന് പറഞ്ഞാൽ ഗവൺമെന്റിന്റെ അളവും തൂക്കവുമാണ്; ഒരു ഗവൺമെന്റിന്റെ നയമാണ് ഗവർണർ പ്രസംഗിക്കേണ്ടത്.

ഡോ. ടി. എം. തോമസ് ഐസക് മൂന്നാം തീയതി അവതരിപ്പിക്കാൻ പോകുന്ന ബഡ്ജറ്റ് ഇനി എന്തിനാണെന്ന് എനിക്കറിയില്ല. അത് വേറെ കാര്യം. ക്യാബിനറ്റിന്റെ അധികാരമാണ്. എല്ലാം ശരിയാകുമെന്ന് പറഞ്ഞിട്ട് ഒന്നും ശരിയാകുന്നില്ലായെന്ന് ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞ കാര്യം അപ്പുറത്തിരിക്കുന്നവർക്ക് ബോദ്ധ്യപ്പെട്ടു കാണുമെന്ന് ഞാൻ കരുതുന്നു. ഞാൻ ഈ നന്ദി പ്രമേയത്തെ എതിർക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, പ്രതിപക്ഷ നേതാവ് പറഞ്ഞതിന് ഞാൻ ആദ്യം മറുപടി പറയാം. എല്ലാം ശരിയാകുകയില്ലെന്ന് ഞാൻ പറഞ്ഞിട്ടില്ല. പത്രത്തിൽ വന്ന ഹെഡ്ഡിംഗ് കണ്ടുകൊണ്ടാണ് പറയുന്നതെങ്കിൽ അതിനുതാഴെ എഴുതിയിരുന്നതുംകൂടി വായിച്ചിട്ടുവേണം കാര്യങ്ങൾ പറയാൻ. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഹെഡ് ലൈൻ മാത്രമേ വായിക്കുകയുള്ളോയെന്ന് എനിക്കറിയില്ല. എല്ലാം ശരിയാകുമെന്ന് പറഞ്ഞാണ് ഞങ്ങൾ അധികാരത്തിൽ വന്നത്. എല്ലാം ശരിയാക്കാൻ താല്പര്യവുമുണ്ട്. ഇതൊരു ഫെഡറൽ സംവിധാനമാണ്. Central State Relationship-നെക്കുറിച്ച് പറഞ്ഞപ്പോഴാണ് ഞാനത് പറഞ്ഞത്. കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ ഇതിനേക്കാൾ മെച്ചപ്പെട്ട നിലയിലാകണമെന്നും നികുതി ഘടനയിൽ മാറ്റം വരണമെന്നും കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റുകളെ ദുർബ്ബലമാക്കാതിരിക്കാൻ ഇടപെടേണ്ടതായിട്ടുണ്ടെന്നും ഞങ്ങൾ പറയുന്നു. സംസ്ഥാന ഗവൺമെന്റിന്റെ ചില പദ്ധതികൾ നടപ്പിലാക്കാൻ തുടങ്ങുമ്പോൾ കേന്ദ്ര ഗവൺമെന്റ് സഹായിക്കേണ്ട രീതിയിൽ സഹായിക്കുന്നില്ല. ആ ഘട്ടത്തിൽ അത് ശരിയാക്കാൻ കഴിയാതെവരുന്നു. അത്തരം കാര്യങ്ങളാണ് ശരിയാകാതിരിക്കുന്നത്. ഇതാണ് ഞാൻ പറഞ്ഞത്. ബാക്കി എല്ലാ കാര്യങ്ങളും ശരിയാക്കാൻ ശ്രമിക്കുകയാണ്.

ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള ചില കാര്യങ്ങളെക്കുറിച്ച് പറയാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഡിമാന്റ് ഡിസ്കഷനിൽ വരുന്നതുപോലെ ധാരാളം കാര്യങ്ങൾ വന്നിട്ടില്ല. എന്നാലും ചില കാര്യങ്ങൾ ഇവിടെ പരാമർശിക്കുക യുണ്ടായി. ശ്രീ. എം. ഉമ്മർ എം.എൽ.എ. ആണ് പ്രധാനമായും ഇക്കാര്യങ്ങളെ ക്കുറിച്ച് സംസാരിച്ചതെന്നാണ് കാണുന്നത്. ബാക്കിയുള്ളവർ കുറച്ച് കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. ആരോഗ്യരംഗത്ത് പുതിയതായി എന്തൊക്കെ കാര്യങ്ങളാണ് ചെയ്തിട്ടുള്ളത്, മെഡിക്കൽ കോളേജുകളെ ശ്രദ്ധിച്ചില്ല എന്ന രീതിയിലുള്ള ചില പരാമർശങ്ങളാണുണ്ടായത്. ഈ ഗവൺമെന്റിന്റെ ഒൻപത് മാസത്തെ ബാലൻസ് ഷീറ്റ് പരിശോധിച്ചാൽ, നേരത്തെ ശ്രീ. എ. എൻ. ഷംസീർ പറഞ്ഞതുപോലെ, മണിക്കൂറുകളോളം പറഞ്ഞാൽ തീരാത്ത കാര്യങ്ങൾ ഓരോ വകുപ്പിലും ചെയ്തിട്ടുണ്ട്. അതെല്ലാം എണ്ണിയെണ്ണി പറയാൻ സമയം കിട്ടുകയില്ല. എങ്കിലും ഈ ഗവൺമെന്റിന്റെ പ്രധാനപ്പെട്ട കാഴ്ചപ്പാട് എന്താണെന്ന് പറയാം. സംസ്ഥാനത്തെ ജനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ജീവിത പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്ന തരത്തിൽ ആധുനികവും ജനകീയവുമായ രീതിയിൽ ഇടപെടുകയാണ് ഗവൺമെന്റിന്റെ ഉദ്ദേശ്യം. അതിന്റെ ഭാഗമായിട്ടാണ് ഗവൺമെന്റ് പ്രധാനപ്പെട്ട നാല് മിഷനുകൾ പ്രഖ്യാപിച്ചത്. പരിമിതമായ സമയത്തിനുള്ളിൽ ആ മിഷനുകളെക്കുറിച്ചും ഞാൻ വിശദീകരിക്കുന്നില്ല. 'ഹരിത കേരളം' പദ്ധതിയുമായി ബന്ധപ്പെട്ട് ജനങ്ങൾക്ക് നല്ല

കുടിവെള്ളം, വിഷമയമില്ലാത്ത ഭക്ഷണം, ശുചിത്വമുണ്ടാക്കുക എന്നീ കാര്യങ്ങളാണ് ചെയ്യുന്നത്. തദ്ദേശസ്വയംഭരണ വകുപ്പിന്റേയും കൃഷി വകുപ്പിന്റെയും മറ്റ് വകുപ്പുകളുടെയുമെല്ലാം മേൽനോട്ടത്തിൽ പഞ്ചായത്തുകളിൽ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ വിശദാംശത്തിലേയ്ക്ക് ഞാൻ പോകുന്നില്ല.

വിദ്യാഭ്യാസ സംരക്ഷണ യജ്ഞം യു.ഡി.എഫ്.-ന് സ്വപ്നം കാണാൻ കഴിയുമായിരുന്നോ? 1000 സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്കൂളുകളായി മാറ്റുമെന്നുള്ളത് വെറുതെ പറയുന്നതല്ല. എന്റെ നിയോജക മണ്ഡലത്തിൽ ആദ്യം തെരഞ്ഞെടുത്ത സ്കൂളിൽ മാസ്റ്റർ പ്ലാനുണ്ടാക്കി അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള തുടക്കംകുറിക്കുകയാണ്. ഓരോ എം.എൽ.എ.-മാരും അവരവരുടെ മണ്ഡലം ശ്രദ്ധിക്കുന്നുണ്ടെങ്കിൽ നിങ്ങളുടെ മണ്ഡലത്തിലെ സ്കൂളും തെരഞ്ഞെടുത്തിട്ടുണ്ടാകും, അതിന് മാസ്റ്റർ പ്ലാൻ ഉണ്ടാക്കിയിട്ടുണ്ടാകും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതു പോലെ സർക്കാരിന്റെ പണംമാത്രം വച്ചുകൊണ്ട് കേരളത്തിന്റെ ആവശ്യകതകൾ നിർവ്വഹിക്കാൻ സാധിക്കുകയില്ല. അതാണ് സെൻട്രൽ ഗവൺമെന്റിന്റെ ഇടപെടൽ കൂടിയുണ്ടാകണമെന്ന് ഞാൻ ആദ്യം സൂചിപ്പിച്ചത്. സംസ്ഥാനങ്ങൾ ദുർബ്ബലമാണ്. സംസ്ഥാനങ്ങൾക്കുള്ള സമ്പദ് വിഹിതം വളരെ കുറവാണ്. മുൻ ഗവൺമെന്റുകളുണ്ടാക്കിവച്ച വലിയ സാമ്പത്തിക ബാദ്ധ്യതയൊക്കെ വരുമ്പോൾ ധനകാര്യ വകുപ്പുമന്ത്രി ശരിക്കും ശ്വാസംമുട്ടുകയാണ്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. എന്നിട്ടും ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ട് ഗവൺമെന്റ് കൊടുക്കേണ്ടത് കൊടുക്കുന്നുണ്ട്. സാമ്പത്തിക ബുദ്ധിമുട്ടുള്ള സമയമായതുകൊണ്ട് ഒന്നിനും പണമില്ല, അതുകൊണ്ട് സ്കൂളുകളും ആശുപത്രികളും നന്നാക്കുകയില്ലെന്നല്ല പറഞ്ഞത്. അതിനൊരു മാർഗ്ഗം കണ്ടുപിടിച്ചു. അതാണ് കിഫ്ബി. കിഫ്ബിയെക്കുറിച്ച് യു.ഡി.എഫ്. സ്വപ്നം കണ്ടിരുന്നു. പക്ഷേ നിങ്ങളത് നടപ്പിലാക്കിയിട്ടില്ല. ഞങ്ങൾ നടപ്പിലാക്കുന്നു. മാസ്റ്റർ പ്ലാനുണ്ടാക്കി കിഫ്ബിയിലേയ്ക്ക് കൊടുത്ത് പണം വന്നുതുടങ്ങിയിരിക്കുകയാണ്. 44 താലൂക്ക് ഹോസ്പിറ്റലുകളിൽ ഡയാലിസിസ് യൂണിറ്റും 8 കാത്ത് ലാബുകളും സ്ഥാപിക്കാൻ ആരോഗ്യ വകുപ്പിന് പണം കിട്ടിയിരിക്കുന്നു. ഇതിനേക്കാൾ കൂടുതൽ പണം ഇനിയും കിട്ടാൻ പോകുകയാണ്. അങ്ങനെ കിട്ടുമെന്നുള്ളതിൽ എനിക്ക് യാതൊരു സംശയവുമില്ല.

ആരോഗ്യ വകുപ്പിൽ നടപ്പിലാക്കിയ 'ആർദ്രം' മിഷനെക്കുറിച്ചാണ് ഞാൻ പറയാനുദ്ദേശിക്കുന്നത്. ആശുപത്രികളെ രോഗീസൗഹൃദമാക്കുക, ഗവൺമെന്റ് ആശുപത്രികളിൽ വരുന്ന പാവപ്പെട്ട രോഗികൾക്ക് അത്യന്താധുനികമായ ചികിത്സ ലഭ്യമാക്കുക, ഗവൺമെന്റ് ആശുപത്രികളെ ജനകീയമാക്കുക എന്നുള്ളതാണ് ആർദ്രം മിഷനിലൂടെ പ്രധാനമായും ഉദ്ദേശിക്കുന്നത്. ആരോഗ്യമേഖലയാകെ കുഴഞ്ഞുകിടക്കുന്ന ഒരവസ്ഥയുണ്ട്. കേരളത്തിന്റെ ആരോഗ്യമേഖലയിൽ ധാരാളം നേട്ടങ്ങളുണ്ടായിട്ടുണ്ട്. 1957 മുതൽ 2017 വരെ പൊതുജനാരോഗ്യ രംഗത്ത് ഇത്രയേറെ അസ്സറ്റുണ്ടായിട്ടുള്ള മറ്റൊരു സംസ്ഥാനവും ഉണ്ടാവുകയില്ലെന്ന് പറയാം.

ശ്രീ. വി. ഡി. സതീശൻ: സർ, നയപ്രഖ്യാപന ചർച്ച കഴിഞ്ഞാൽ ഏതെങ്കിലും വകുപ്പിനെക്കുറിച്ചോ മന്ത്രിമാരെക്കുറിച്ചോ പരാമർശമുണ്ടെങ്കിൽ അതത് മന്ത്രിമാർ മറുപടി പറയും, മുഖ്യമന്ത്രി പൊതുവായ മറുപടി പറയും. അതാണ് ഇവിടത്തെ കീഴ്വഴക്കം. ഡിമാന്റ് ഡിസ്കഷനിൽ ചെയ്യുന്നതുപോലെ ഓരോ സബ്ജക്റ്റിന്റേയും അവസാനം അതാത് വകുപ്പുകളിൽ നടത്തിയിരിക്കുന്ന കാര്യങ്ങൾ പറയുന്ന കീഴ്വഴക്കം ഇതിലില്ല. ഇനിയുള്ള എല്ലാവരും ഇങ്ങനെ ആവർത്തിച്ചാലുണ്ടാകുന്ന ബുദ്ധിമുട്ടുകൊണ്ട് പറഞ്ഞതാണ്. ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞതുകൊണ്ട് ഇടപെട്ടതാണെന്ന് വിചാരിക്കരുത്. അങ്ങനെയൊരു കീഴ്വഴക്കമില്ല. ചെയർ അത് ശ്രദ്ധിക്കണം. ഡിമാന്റ് ചർച്ചയിൽ ഓരോ ദിവസവും അതാത് മന്ത്രിമാർ മറുപടി പറയും. ആരോഗ്യവകുപ്പിനെക്കുറിച്ചോ മറ്റേതെങ്കിലും വകുപ്പിനെക്കുറിച്ചോ എന്തെങ്കിലും പരാമർശമുണ്ടെങ്കിൽ പറയാമെന്നേയുള്ളൂ. പൊതുവായ ചർച്ചക്ക് മുഖ്യമന്ത്രിയാണ് മറുപടി പറയേണ്ടത്.

മി. സ്പീക്കർ: മന്ത്രി പറഞ്ഞുതുടങ്ങി മൂന്നുനാല് മിനിട്ടായപ്പോഴേയ്ക്കും നിങ്ങൾ അഭിപ്രായ പ്രകടനം നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ എന്താണ് പറയുന്നതെന്നുള്ളത് ബഹുമാനപ്പെട്ട വി.ഡി. സതീശൻ എം.എൽ.എ.-ക്ക് മനസ്സിലാകും. ശ്രീ. എം. ഉമ്മർ എം.എൽ.എ. പറഞ്ഞിട്ടുള്ള ആരോപണത്തിന് മറുപടി പറയാൻ വേണ്ടിയാണ് ഞാൻ ഈ ആമുഖം പറയുന്നത്. ആരോഗ്യ മേഖലയിൽ മെഡിക്കൽ കോളേജുകളുടെ കാര്യത്തിൽ ശ്രദ്ധ ചെലുത്തുന്നില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. പ്രൈമറി ഹെൽത്ത് സെന്റർ മുതൽ സെക്കന്ററി, ടെർഷ്യറി വിഭാഗങ്ങളെ മെച്ചപ്പെടുത്തുന്ന തീരുമാനങ്ങളാണ് ആർദ്രം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. വിഭാവന ചെയ്യുന്നതല്ല, പ്രൈമറി ഹെൽത്ത് സെന്ററുകളെ ഫാമിലി ഹെൽത്ത് സെന്ററുകളാക്കി മാറ്റുന്നതിനുവേണ്ടി 171 ആശുപത്രികളെ തെരഞ്ഞെടുത്തിരിക്കുന്നു. അതിന്റെ വിശദാംശം എം.എൽ.എ.-മാർക്കെല്ലാം അയച്ചുകൊടുത്തിട്ടുണ്ട്. എം.എൽ.എ.മാർ ആശുപത്രി തെരഞ്ഞെടുത്തിട്ടുണ്ട്. മറന്നുപോയ പ്രാഥമികാരോഗ്യ രംഗത്തെ ഒന്നുകൂടി ശക്തമാക്കാനാണ് ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നത്. രോഗപ്രതിരോധവും പകർച്ചവ്യാധി നിയന്ത്രണവും പ്രാഥമിക തലത്തിൽവച്ചുതന്നെ നടപ്പിലാക്കാൻ സാധിക്കണം. ചെറിയ അസുഖങ്ങൾക്കുപോലും രോഗികൾ സ്പെഷ്യലിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്ക് വരുന്നത് തടസ്സപ്പെടുത്തിക്കൊണ്ട് മെഡിക്കൽ കോളേജുകളടക്കമുള്ള ആശുപത്രികളിലെ വമ്പിച്ച തിരക്ക് ഒഴിവാക്കാൻ സാധിക്കണം. അതിന് പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ ശക്തമാക്കുകയെന്ന സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. അതിനാവശ്യമായ പദ്ധതിയാണ് ആർദ്രം ദൗത്യത്തിന്റെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങൾ രൂപപ്പെടുത്തി നടപ്പിലാക്കാൻ ശ്രമിക്കുന്നത്. ഡോക്ടർമാരുടെ പരിശീലനം, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്കുണ്ടാകേണ്ട പശ്ചാത്തല സൗകര്യങ്ങൾ ഇവയൊക്കെ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഒരു വർഷംകൊണ്ട് 171 ആശുപത്രികൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറും.

സെക്കണ്ടറി, ടെർഷ്യറി മേഖലകളെ അഭിവൃദ്ധിപ്പെടുത്തുന്നതിനാണ് ഇപ്പോൾ തുടക്കം കുറിച്ചിട്ടുള്ളത്. ജില്ലാ ആശുപത്രികളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി കൊണ്ടിരിക്കുന്നു. സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി അവ മാറുന്നതിനുള്ള തയ്യാറെടുപ്പ് നടക്കുകയാണ്. അവിടെയുള്ള സ്പെഷ്യാലിറ്റി സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയാണ്. മാസ്റ്റർ പ്ലാൻ തയ്യാറാക്കി അതിനുള്ള മുഴുവൻ പണവും അനുവദിച്ച് കിട്ടുന്നതുവരെ കാത്തിരിക്കാതെ അതിന്റെ പ്രവർത്തനം ആരംഭിച്ചു. എട്ട് ആശുപത്രികൾക്ക് കാത്ത് ലാബ് അനുവദിച്ചു. അതിന്റെ ടെണ്ടർ ആയി, ഇൻസ്റ്റാൾ ചെയ്യാൻ പോകുകയാണ്.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ ആരോഗ്യ വകുപ്പിനെ അടച്ച് ആക്ഷേപിച്ചിട്ടില്ല. മന്ത്രി അന്നിവിടെ ഉണ്ടായിരുന്നില്ല. പുതുതായി ആരംഭിച്ച മെഡിക്കൽ കോളേജുകളെ സംബന്ധിച്ചൊന്നും പറഞ്ഞില്ല, 5 മെഡിക്കൽ കോളേജുകൾക്കുള്ള പദ്ധതി മാത്രമേ പറഞ്ഞിട്ടുള്ളൂ എന്നതാണ് ആദ്യത്തെ പോയിന്റ്. രണ്ടാമതായി, മഞ്ചേരി മെഡിക്കൽ കോളേജിലെ ക്ലോസറ്റിൽ ഒരു പട്ടികജാതി സ്ത്രീ പ്രസവിച്ച സംഭവമുണ്ടായി. അതിന് ഞാൻ പരാതി കൊടുത്തിരുന്നു. പക്ഷേ നടപടിയുണ്ടായില്ല. ഒരു സ്വീപ്പറെ മാത്രമേ സസ്പെന്റ് ചെയ്തിട്ടുള്ളൂ. ഈ രണ്ട് കാര്യങ്ങളാണ് ഞാൻ പറഞ്ഞത്.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:</u> സർ, അങ്ങയുടെ പ്രസംഗത്തിന്റെ കോപ്പി എടുത്തിട്ടാണ് ഞാനിത് പറയുന്നത്. അന്ന് ഞാൻ ഇവിടെയിരുന്ന് കേട്ടില്ലെന്നേ യുള്ളൂ. അങ്ങയുടെ പ്രസംഗത്തിന്റെ കോപ്പി എന്റെ കയ്യിലുണ്ട്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, പ്രസംഗത്തിന്റെ അൺ കറക്ടഡ് കോപ്പി കൊടുക്കാൻ പാടില്ല.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:</u> സർ, അതിൽ നിയമപരമായ വലിയ കുഴപ്പമില്ല. അത്യാവശ്യമുള്ള കാര്യത്തിന് കോപ്പിയെടുക്കാം. നിയമസഭയ്ക്കകത്ത് മെമ്പർമാർക്ക് അത് പരിശോധിക്കാനുള്ള അവകാശമുണ്ട്. അൺ കറക്ടഡ് കോപ്പിയും പരിശോധിക്കാം. വിവാദ പ്രസ്താവനകളുണ്ടായാൽ എം.എൽ.എ.-മാരെയടക്കം വിളിച്ച് അത് പരിശോധിക്കാനുള്ള അവകാശം നിയമസഭയ്ക്കകത്തുണ്ട്.

മെഡിക്കൽ കോളേജുകളെക്കുറിച്ച് ഈ ഗവൺമെന്റിന് നയപരമായ അഭിപ്രായമുണ്ട്. കഴിഞ്ഞ ഗവൺമെന്റ് യാതൊരു മാനദണ്ഡവുമില്ലാതെയാണ് പ്രൈമറി മേഖല മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള മേഖലയിൽ പ്രവർത്തിച്ചിരുന്നത്. ആശുപത്രികൾ തലങ്ങും വിലങ്ങും അപ്ഗ്രേഡ് ചെയ്തു. ഒരു കാര്യവുമില്ലാതെ പ്രൈമറി ഹെൽത്ത് സെന്ററിന്റെ ബോർഡ് മാറ്റി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി. മന്ത്രിമാരെ പങ്കെടുപ്പിച്ചു കൊണ്ട് ഉദ്ഘാടനം നിർവ്വഹിച്ചു. ഈ ഗവൺമെന്റ് വരുമ്പോൾ അവിടെ പ്രൈമറി ഹെൽത്ത് സെന്ററിലെ സ്റ്റാഫ് പോലും ഉണ്ടായിരുന്നില്ല. പോസ്റ്റ് ക്രിയേഷൻ നടത്താതെയാണ് സകല അപ്ഗ്രഡേഷനും നടത്തിയത്.

സി.എച്ച്.സി.-കളെ അപ്ഗ്രേഡ് ചെയ്ത് താലൂക്കാശുപത്രിയാക്കി. ഒരു റവന്യൂ താലൂക്കിൽ മൂന്നും നാലും താലൂക്ക് ആശുപത്രികളാണ്. ആരോഗ്യ മേഖലയിൽ എന്താണ് നടക്കുന്നതെന്ന് പലരും അറിഞ്ഞിട്ടു പോലുമില്ലെന്നാണ് തോന്നുന്നത്. ഇപ്പോഴും എം.എൽ.എ.-മാർ എന്നോട് ചോദിക്കുന്നത് എന്റെ സി.എച്ച്.സി.-യെ താലൂക്ക് ആശുപത്രിയാക്കി തരുമോ എന്നാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഇവിടെയൊരു സ്റ്റാൻഡേർഡൈസേഷൻ കൊണ്ടുവന്നു. ഒരു പഞ്ചായത്തിൽ ഒരു പ്രൈമറി ഹെൽത്ത് സെന്റർ, ഒരു വികസന ബ്ലോക്കിൽ ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ഒരു താലൂക്കിൽ ഒരു താലൂക്ക് ഹോസ്പിറ്റൽ, ഒരു ജില്ലയിൽ ജില്ലാ ഹോസ്പിറ്റലും ജനറൽ ഹോസ്പിറ്റലും. ഈ ആശുപത്രികളിൽ ഒരു സ്റ്റാഫ് പാറ്റേൺ ഉണ്ടാക്കി അത് അനുശാസിക്കുന്ന സ്പെഷ്യാലിറ്റികളുണ്ടാക്കി സൗകര്യപ്പെടുത്തിയാൽ കേരളത്തിന് അതുമതി. പ്രൈമറി ഹെൽത്ത് സെന്ററിന് കീഴിൽ കുറഞ്ഞത് 5000 ജനങ്ങൾക്കുവേണ്ടിയുള്ള സബ്സെന്ററുകളുമുണ്ട്. പക്ഷേ ഈ സ്റ്റാൻഡേർഡൈസേഷൻ ഉണ്ടാക്കുന്നതിനു പകരം പ്രത്യേക താല്പര്യപ്രകാരം അപ്ഗ്രേഡ് ചെയ്തുകൊടുത്തു. ഇഷ്ടമുള്ള സ്ഥലങ്ങളിൽ കുറച്ച് പോസ്റ്റ് ക്രിയേറ്റ് ചെയ്തു. എന്നാൽ ഇഷ്ടമില്ലാത്ത പാവപ്പെട്ട ആദിവാസി മേഖലയിലുൾപ്പെടെ ഒരു പോസ്റ്റ് പോലും ക്രിയേറ്റ് ചെയ്തു കൊടുക്കാൻ തയ്യാറായതുമില്ല.

ശ്രീ. പി. സി. ജോർജ്: സർ, മീനച്ചിൽ താലൂക്ക്, കാഞ്ഞിരപ്പള്ളി എന്നിവിടങ്ങളിൽ രണ്ട് താലൂക്കാശുപത്രികളാണുള്ളത്. മീനച്ചിൽ താലൂക്കാശുപത്രിയെ ജനറൽ ആശുപത്രിയാക്കി മാറ്റി. ആ നിലയ്ക്ക് എന്റെ നിയോജകമണ്ഡലത്തിലുള്ള താലൂക്കാശുപത്രി പൂഞ്ഞാറിലേയ്ക്കും മുണ്ടക്കയത്തേയ്ക്കും മാറ്റിത്തരാനുള്ള കരുണയുണ്ടാകുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അതുപറയാം. Standardisation അനുസരിച്ച് ഒരു റവന്യൂ താലൂക്കിൽ താലൂക്കാശുപത്രി ഇല്ലാത്ത സ്ഥലത്ത് താലൂക്കാശുപത്രി നിർമ്മിക്കുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുന്നുവെന്ന് നേരത്തെ വ്യക്തമാക്കിയിട്ടുള്ളതാണ്. അതനുസരിച്ച് പരിശോധിച്ച് ചെയ്യാം. മെഡിക്കൽ കോളേജുകളെക്കുറിച്ച് ഗവൺമെന്റിന് ഒരു പോളിസിയുണ്ട്. തോന്നുന്നിടത്തെല്ലാം മെഡിക്കൽ കോളേജുകൾ പ്രഖ്യാപിക്കുകയെന്നല്ല, മെഡിക്കൽ കോളേജുകളുടെ ലക്ഷ്യം പഠനവും ഗവേഷണവുമാണ്. ഈ സർക്കാർ അധികാരത്തിൽ വന്ന ഉടൻതന്നെ മാധ്യമങ്ങൾ ചോദിച്ചപ്പോൾ ഞങ്ങൾ ഈ ഗവൺമെന്റിന്റെ പോളിസി നിലവിലുള്ള 5 മെഡിക്കൽ കോളേജുകളെ സെന്റർ ഓഫ് എക്സലൻസാക്കി മാറ്റുക എന്നതാണെന്ന് പറഞ്ഞു. എസ്റ്റാബ്ലിഷ്ഡായിട്ടുള്ള തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ എന്നിവിടങ്ങളിൽ നല്ല സൗകര്യമുള്ള മെഡിക്കൽ കോളേജുകളാണുള്ളത്. പക്ഷെ, അവിടെ ഇപ്പോഴും ചില ബാലാരിഷ്ടതകളുണ്ട്.

അത് പരിഹരിച്ചുകൊണ്ട് അവയെ സെന്റർ ഓഫ് എക്സലൻസാക്കണം. ലോക റാങ്കിംഗിൽ എവിടെയെങ്കിലും ഇടം പിടിക്കാൻ കഴിയുന്ന രീതിയിൽ എത്തിക്കണമെന്നത് ഞങ്ങളുടെ സ്വപ്നമാണ്. ഇന്ത്യയിലെ ഏറ്റവും നല്ല മെഡിക്കൽ കോളേജുകളായി മാറ്റുന്നതിനാവശ്യമായ നടപടിയുമായി ഗവൺമെന്റ് മുന്നോട്ട് പോകുകയാണ്. അതേസമയം യു.ഡി.എഫ്. പ്രഖ്യാപിച്ചിട്ട് പോയ ചില മെഡിക്കൽ കോളേജുകളിൽ ചിലത് കുറച്ചുദൂരം മുന്നോട്ടുപോയതുകൊണ്ട് അത് ഉപേക്ഷിക്കാൻ കഴിയില്ല. അത്യാവശ്യമാണെന്ന് തോന്നുന്നത് ഉപേക്ഷിക്കാൻ പറ്റില്ല. ഞങ്ങൾ അത് അടച്ചുപൂട്ടുമെന്നല്ല പറഞ്ഞത്. എന്തായിരുന്നു ആ മെഡിക്കൽ കോളേജുകളുടെ അവസ്ഥ? യു.ഡി.എഫ്. പ്രഖ്യാപിച്ചതാണ് ഇടുക്കി മെഡിക്കൽ കോളേജ്. ആ മെഡിക്കൽ കോളേജിൽ കുട്ടികൾക്ക് പഠിക്കാൻ, അഷ്വറൻസിന്റെ പേരിൽ എം.സി.ഐ.(മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ) അംഗീകാരം കൊടുത്തു. ഹോസ്റ്റൽ, അക്കാദമിക് ബ്ലോക്ക്, ക്ലിനിക്കൽ സൗകര്യം എന്നിവ ഒരുക്കാമെന്ന് പറഞ്ഞു, രണ്ടുതവണ അഷ്വറൻസ് കൊടുത്തപ്പോൾ പിന്നീട് എം.സി.ഐ. അത് കൂട്ടാക്കിയില്ല. അങ്ങനെ അടുത്ത ബാച്ചിലെ കുട്ടികളെ എടുക്കാനുള്ള എൽ.ഒ.പി. ഇല്ലാതായി. അവിടെ ആദ്യം ചേർത്ത കുട്ടികൾക്ക് ക്ലിനിക്കൽ എക്സ്പീരിയൻസൊന്നും കിട്ടുന്നില്ല. എം.ബി.ബി.എസ്.-ന് പഠിക്കുന്ന കുട്ടികളും അവരുടെ രക്ഷിതാക്കളും വന്ന് കരഞ്ഞപ്പോൾ ഞങ്ങൾ അവരെ മറ്റ് മെഡിക്കൽ കോളേജുകളിലേയ്ക്ക് വിന്യസിച്ചിരിക്കുകയാണ്. പക്ഷേ, അത് ഉപേക്ഷിച്ചിട്ടില്ല. പ്രതിപക്ഷത്തുള്ള എല്ലാവരും മനസ്സിലാക്കേണ്ടത്, അവിടെ ഒന്നും നടക്കുന്നുണ്ടായിരുന്നില്ല. എന്നാൽ ഞങ്ങൾ വന്നയുടൻതന്നെ അവിടത്തെ എം.പി.-യും എം.എൽ.എ. ശ്രീ. റോഷി അഗസ്റ്റിനും വന്നു. പക്ഷെ ഒന്നും നടന്നില്ല. ഞങ്ങൾ അവിടെ പോയി മീറ്റിംഗ് കൂടി തീരുമാനിച്ച് ഹോസ്പിറ്റൽ ബ്ലോക്കിന്റെ നിർമ്മാണം ആരംഭിച്ചു. അതുകൂടാതെ ഈ ഗവൺമെന്റ് ആ മെഡിക്കൽ കോളേജിനുവേണ്ടി പ്ലാൻ ഫണ്ടിൽ നിന്ന് 76 കോടി രൂപയുടെ ഭരണാനുമതി കൊടുത്തു. മൂന്നുതവണ ഞാൻ അവിടെ പോയി മീറ്റിംഗ് നടത്തി; ഇടുക്കി മെഡിക്കൽ കോളേജിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടക്കുകയാണ്. ബഹുമാനപ്പെട്ട എം. ഉമ്മർ, എം.എൽ.എ. മനസ്സിലാക്കേണ്ട കാര്യമാണിത്. എന്തു ചെയ്തുവെന്നാണ് അദ്ദേഹം ചോദിച്ചത്.

മഞ്ചേരിയുടെ അവസ്ഥ എന്താണ്? ഹോസ്പിറ്റൽ കെട്ടിടത്തിന്റെ മുകളിൽ ക്വാർട്ടേഴ്സ് എന്ന് പറഞ്ഞ് അവിടെ ആളുകൾ പാർക്കുകയാണ്. ഹോസ്പിറ്റൽ രണ്ടാം നിലയിൽ പ്രവർത്തിക്കുന്നു. മൂന്നാം നിലയിൽ വെറുതെ മറച്ചുകെട്ടി ക്വാർട്ടേഴ്സ് എന്നുപറഞ്ഞ് താമസിക്കുകയാണ്. എം.സി.ഐ. അംഗീകാരം കൊടുക്കുമോ? ഇപ്പോൾ എം.സി.ഐ.-യുടെ പരിശോധന വളരെ കർശനമാക്കിയിട്ടുണ്ട്. 25 ഏക്കർ സ്ഥലവും 50 കോടി രൂപയും ഉണ്ടായാൽ ഒരു മെഡിക്കൽ കോളേജ് ആകുമോ? ഏതെങ്കിലും ഒരു കെട്ടിടം ഒഴിപ്പിച്ചിട്ട് അവിടെ ക്ലാസ്സ് എന്നു പറഞ്ഞിരുത്തിയാൽ അത് മെഡിക്കൽ കോളേജ് ആകുമോ? ഇവർ പ്രഖ്യാപിച്ച എല്ലാ മെഡിക്കൽ കോളേജുകളുടെയും സ്ഥിതി അതാണ്.

പാരിപ്പള്ളി മെഡിക്കൽ കോളേജ് ഇ.എസ്.ഐ.യിൽ നിന്ന് ഏറ്റെടുത്തു. എന്തായിരുന്നു പാരിപ്പള്ളി മെഡിക്കൽ കോളേജിന്റെ അവസ്ഥ? ഞങ്ങൾ വന്നപ്പോൾ പാരിപ്പള്ളിയിൽ 390 തസ്തികകളാണ് ക്രിയേറ്റ് ചെയ്തത്. ഈ ഗവൺമെന്റ് വന്നിട്ട് എന്തുചെയ്തുവെന്ന് ചോദിച്ചില്ലേ? ആരോഗ്യ മേഖലയിൽ മാത്രം 2,178 പുതിയ നിയമനങ്ങൾ നടത്തി. 1,200-ലേറെ പുതിയ തസ്തികകൾ ക്രിയേറ്റ് ചെയ്തു. അസിസ്റ്റന്റ് സർജൻ -719, സ്റ്റാഫ് നഴ്സ് - 573, ജൂനിയർ പി.എച്ച്.എൻ.-261 എന്നിങ്ങനെ നിശ്ചയിച്ചു. ഇവിടെ വിസ്മൃതിയിലാണ്ടു പോയിരുന്ന പി.എസ്.സി. ലിസ്റ്റ് ഞങ്ങൾ പൊടിതട്ടിയെടുത്തു. രണ്ടര വർഷമായി നിയമനം നടക്കാത്ത അസിസ്റ്റന്റ് സർജന്മാരുടെ ലിസ്റ്റിൽനിന്ന് ഞങ്ങൾ നിയമനം നടത്തി. ആ ലിസ്റ്റിന്റെ കാലാവധി 6 മാസത്തേയ്ക്ക് എക്സ്റ്റൻഡ് ചെയ്ത് കൊടുക്കേണ്ടിവന്നു. കാരണം ജൂൺ 30-ന് കാലാവധി തീരുന്നതായിരുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ ഇടപെടുകയല്ല, ആരോഗ്യ വകുപ്പുമന്ത്രി സംസാരിക്കുന്നതിൽ തെറ്റുമില്ല. പക്ഷേ ഡിമാന്റ് ഡിസ്കഷൻസിലാണ് ഇത്തരം കാര്യങ്ങൾ വിശദമായി പറയേണ്ടത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ പറഞ്ഞത് ഈ ഗവൺമെന്റ് വന്നതിനുശേഷം ക്രിയേറ്റ് ചെയ്ത പോസ്റ്റുകളുടെ എണ്ണമാണ്. ഓരോ ഹോസ്പിറ്റലുകളെ കുറിച്ച് വിശദീകരിക്കേണ്ട കാര്യമില്ല. പക്ഷെ, സർക്കാരിന്റെ നിലപാട് അവർക്ക് പറയണ്ടേ?

ശ്രീ. രമേശ് ചെന്നിത്തല: സർ, മുഖ്യമന്ത്രി എല്ലാ വകുപ്പുകൾക്കുംവേണ്ടി മറുപടി പറയും. അങ്ങ് തെറ്റായ കീഴ്വഴക്കം ഉണ്ടാക്കിയെടുക്കുന്നത് ശരിയല്ല. അതാത് മന്ത്രിമാർ അവരെപ്പറ്റിയുള്ള പരാമർശങ്ങളെക്കുറിച്ച് മാത്രമേ മറുപടി പറയാവൂ.

മി. സ്പീക്കർ: വിശദാംശങ്ങൾ ഡിമാന്റ് ഡിസ്കഷനിൽ പറഞ്ഞാൽ മതി. പോളിസിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറഞ്ഞ് അവസാനിപ്പിക്കുക.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, എനിക്ക് ചുരുക്കിപ്പറയണ മെന്നുണ്ട്. ഇവിടെ ഒരു വകുപ്പുമന്ത്രി എന്താണ് പറയേണ്ടത്? ആ വകുപ്പിനെ ക്കുറിച്ചു വന്ന ആക്ഷേപത്തിന് മറുപടി പറയാൻ അർഹതയുണ്ടെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ പറഞ്ഞല്ലോ. ശ്രീ. എം. ഉമ്മർ, എം.എൽ.എ. ഇവിടെ പറഞ്ഞത് പുതിയ മെഡിക്കൽ കോളേജുകളെക്കുറിച്ച് ആരോഗ്യ വകുപ്പ് ശ്രദ്ധിച്ചതേയില്ലായെന്നാണ്. ഞാൻ പറയുന്നത് പുതിയ മെഡിക്കൽ കോളേജുകളെക്കുറിച്ചാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം നടപ്പിലാക്കിയ പദ്ധതികൾ പറയാൻ തുടങ്ങിയാൽ തീരില്ല; ഓരോ മെഡിക്കൽ കോളേജിന്റെയും കാര്യങ്ങൾ തയ്യാറാക്കി കൊണ്ടുവന്നിട്ടുണ്ട്. ഞാൻ അത് വിശദീകരിക്കുന്നില്ല.

തൃശ്ശൂരിൽ കൊബാൾട്ട് റേഡിയേഷൻ മെഷീൻ കേടായി കിടക്കുകയായിരുന്നു. അത് നന്നാക്കുന്നതിന് ഒരു കോടി രൂപ കൊടുത്തു; ഇപ്പോൾ നന്നാക്കുകയാണ്. അതുകൂടാതെ ലീനിയർ ആക്സിലറേറ്ററിനു വേണ്ടി 10-12 കോടി രൂപയാണ് കൊടുത്തത്. എല്ലാ മെഡിക്കൽ കോളേജിനും 50 കോടി രൂപ, 60 കോടി രൂപ എന്നിങ്ങനെ കൊടുത്തു. അതിനു ശേഷമാണ് കിഫ്ബിയിൽ പത്തു മുന്നൂറ് കോടിയിലേറെ രൂപയുടെ മാസ്റ്റർ പ്ലാൻ എല്ലാ മെഡിക്കൽ കോളേജുകൾക്കും വേണ്ടി വന്നിട്ടുള്ളത്. കഴിഞ്ഞ 9 മാസത്തിനുള്ളിൽ മെഡിക്കൽ കോളേജുകൾക്കു വേണ്ടി മാത്രം കോടികളുടെ വികസന പ്രവർത്തനം നടത്തിക്കഴിഞ്ഞിട്ടാണ് പറയുന്നത്. ഇനിയും കോടികളുടെ വികസന പ്രവർത്തനങ്ങൾ നടത്താനുള്ള പദ്ധതിയിട്ടിട്ടാണ് പറയുന്നത്. ഈ മെഡിക്കൽ കോളേജുകൾക്ക് നല്ല മാറ്റമുണ്ടായിട്ടുണ്ട്. പുതുതായി ആരംഭിച്ച പാരിപ്പള്ളി മെഡിക്കൽ കോളേജ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. ഞാനിതെല്ലാം പറഞ്ഞാൽ കുറെ സമയം എടുത്തുപോകുമെന്നുള്ളതു കൊണ്ട് പറയുന്നില്ല.

ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. ഒരു ആദിവാസി സ്ത്രീ ക്ലോസെറ്റിൽ പ്രസവിച്ച നിർഭാഗ്യകരമായ ഒരു സംഭവമുണ്ടായി. അത് വളരെ സങ്കടമുണ്ടാക്കുന്നതാണ്. ആ സ്ത്രീക്ക് പ്രസവ വേദനയുണ്ടായിരുന്നില്ല; വേദനയുണ്ടാകാനുള്ള മരുന്ന് അവർക്ക് കൊടുത്തിരുന്നു. അവരെ ശ്രദ്ധിക്കാൻവേണ്ടി ഒരു അറ്റൻഡറെയും നിർത്തിയിരുന്നു. അപ്പോൾ വേദനയുണ്ടോയെന്ന് ചോദിച്ചപ്പോൾ അവർ ഇല്ലെന്നാണ് പറഞ്ഞത്. ബാത്ത്റൂമിൽ പോകണമെന്ന് പറഞ്ഞപ്പോൾ അറ്റൻഡറും കൂടെ പോയി. പക്ഷേ അകത്തുകയറുമ്പോൾ അവർ അറ്റൻഡറെ കയറാൻ സമ്മതിച്ചില്ല. ബാത്ത്റൂമിൽ കയറിയപ്പോൾ വേദനയൊന്നുമില്ലാതെ തന്നെ അവർ പ്രസവിച്ചുപോയി. തികച്ചും നിർഭാഗ്യകരമായിട്ടുള്ള സംഭവമാണിത്. ഡോക്ടർമാരുടെയോ മറ്റ് ആരുടെയോ കുറ്റം കൊണ്ടല്ല പ്രസവം നടന്നത്. വേദനയില്ലായെന്ന് പറഞ്ഞതുകൊണ്ടാണ് ശ്രദ്ധിക്കാൻ കഴിയാതെ പോയത്. പക്ഷേ വേദനയില്ലാതെ തന്നെ അവർ ക്ലോസെറ്റിൽ പ്രസവിച്ചുപോയി. അതുസംബന്ധിച്ച് കൂടെ നിർത്തിയ ആളെ ജോലിയിൽ നിന്ന് ഒഴിവാക്കി. ഇനിയെന്താണ് ചെയ്യേണ്ടത്?

ആദിവാസി വിഭാഗത്തിനുവേണ്ടി ഞങ്ങൾ വളരെ ഗൗരവമായി ആലോചന നടത്തിയിട്ടുണ്ട്. ഈ ഗവൺമെന്റ് ആദിവാസി വിഭാഗത്തിനുവേണ്ടി മഹാരാഷ്ട്രയിലെ ഗഡ്ചിരോളി (Gadchiroli) മാതൃകയിൽ ഒരു പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. എസ്.സി/എസ്.ടി. വകുപ്പിന്റെ പിന്തുണയോടുകൂടി ആ പദ്ധതി പൂർണ്ണമായും നടപ്പിലാക്കും. അതുകൊണ്ട് അതൊരു വലിയ കുറ്റകൃത്യമായി പറയാനില്ലെന്നാണ് എനിക്ക് പറയാനുള്ളത്. ഭൂരിഭാഗം എം.എൽ.എ.-മാർക്കും അവരവരുടെ നിയോജക മണ്ഡലങ്ങളിൽ ഡോക്ടർമാരെ ലഭിച്ചിട്ടുണ്ട്. സ്വകാര്യ സംഭാഷണത്തിൽ എല്ലാവരും നാലും

അഞ്ചും ഡോക്ടർമാരെ കിട്ടിയെന്ന് പറയുന്നുണ്ട്. ഡോക്ടർമാരെ കിട്ടാത്ത കുറച്ചുപേരുണ്ട്. അവർക്കും നൽകാം. പക്ഷേ മഹാഭൂരിപക്ഷം എം.എൽ.എ.-മാരും അവരുടെ ആശുപത്രികളിലെ സ്ഥിതി മെച്ചപ്പെട്ടിട്ടുണ്ടെന്ന് സ്വകാര്യ സംഭാഷണത്തിൽ സമ്മതിക്കുന്നുണ്ട്. പക്ഷേ പരസ്യമായി പറയാൻ അവരുടെ ദുരഭിമാനം അനുവദിക്കുന്നില്ല. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ നമുക്കെല്ലാവർക്കും ഒരുമിച്ചുചേർന്ന് ആരോഗ്യ മേഖലയെ ജനകീയമാക്കണം. ആശുപത്രികളെ കൂടുതൽ രോഗീ സൗഹൃദമാക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ ഒ.പി. ബ്ലോക്ക് പരിഷ്കാരം, ഗവൺമെന്റ് ആശുപത്രിയിൽ വരുന്നൊരു രോഗിക്ക് വന്നുകയറുമ്പോൾ തന്നെ ആശ്വാസമുണ്ടാകണം. അതാണ് ഒ.പി. ബ്ലോക്ക് ട്രാൻസ്ഫർമേഷൻ. അതിന്റെ വിശദാംശം പിന്നീട് ബഡ്ജറ്റ് ചർച്ചയിൽ പറയാം. ഞാൻ വേറെ അഹങ്കാരമൊന്നും പറയുന്നില്ല. ഇത് വലിയ പ്രയാസമുള്ള മേഖലയാണ്. മഴക്കാലം വരുന്നുണ്ട്. ഡെങ്കിപ്പനിയും എലിപ്പനിയും എല്ലാം വരികയാണ്. ഒന്നിച്ച് നേരിടണം. അതിനെയെല്ലാം ഇല്ലാതാക്കി മരണങ്ങൾ കുറയ്ക്കാൻ പ്രതിപക്ഷത്തിന്റെ സഹായം ആവശ്യമാണ്. 'ആർദ്രം' മിഷൻ നടപ്പിലാക്കി കേരളത്തിന്റെ ആരോഗ്യ മേഖലയെ കൂടുതൽ ജനകീയമാക്കാം, രോഗി സൗഹൃദമാക്കാമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തലയുടെ പ്രസംഗത്തിൽ തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിലുണ്ടായ പ്രയാസങ്ങളെ സംബന്ധിച്ച് സൂചിപ്പിച്ചു. തീർച്ചയായും അവിടെയുള്ള കർഷകർക്ക് ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. ആ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നഷ്ടപരിഹാരം നൽകുന്നതടക്കമുള്ള കാര്യങ്ങൾ ആലോചിക്കുന്നുണ്ട്. സംഭവിച്ച കാര്യങ്ങൾ സഭയുടെ മുമ്പാകെ പറയാൻ ഞാൻ ബാദ്ധ്യസ്ഥനാണ്. പതിമൂന്നായിരത്തോളം ഹെക്ടർ വരുന്ന കോൾ നിലങ്ങളുടെ സംരക്ഷണത്തിനായി രണ്ടര കോടി രൂപയാണ് എല്ലാ വർഷവും ബഡ്ജറ്റിൽ വകയിരുത്തുന്നത്. ഇത്തവണയും അത് വകയിരുത്തിയിരുന്നു. എന്നാൽ കഴിഞ്ഞ വർഷം ചെയ്ത പണികൾക്കായി 85 ലക്ഷം രൂപ കൊടുക്കാനുണ്ടായിരുന്നു. ഈ തുക കുറച്ച് ബാക്കി ഒരു കോടി അറുപത്തിയാറ് ലക്ഷം രൂപ മാത്രമേ കൈവശമുണ്ടായിരുന്നുള്ളൂ. ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട മുരളി പെരുനെല്ലി എം.എൽ.എ.-യും ആവശ്യപ്പെട്ടതനുസരിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രത്യേക താൽപ്പര്യമെടുത്ത് കഴിഞ്ഞ വർഷം ഉണ്ടായ കുറവിനാവശ്യമായ തുക അധികമായി അനുവദിച്ചുകൊണ്ട് വർക്കുകൾ ടെണ്ടർ ചെയ്തു. ചണ്ടി, കുളവാഴ എന്നിവ നീക്കം ചെയ്യുന്ന പ്രവൃത്തികൾക്ക് ടെണ്ടർ വിളിച്ചപ്പോൾ കോൺട്രാക്ടേഴ്സ് ആരും റെസ്പോണ്ട് ചെയ്തില്ല. റീ-ടെണ്ടർ വിളിച്ചപ്പോഴും ചെയ്യാതിരുന്ന പ്രവൃത്തികൾ ക്വട്ടേഷൻ മുഖേന ചെയ്യാൻ ശ്രമിച്ചു. ഇത്തവണ മണ്ണ് ലഭ്യതയ്ക്ക് വലിയൊരു പ്രശ്നമുണ്ടായി. കളക്ടർ ഇടപെട്ടാണ് മണ്ണ് ലഭ്യമാക്കിയത്. ഉപ്പുവെള്ളം

കയറാതിരിക്കാൻ വേണ്ടി എല്ലാ വർഷവും പണിയാറുള്ള താൽക്കാലിക തടയണ ഇടിയൻചിറ, മുനിയൻ ബണ്ടുകൾ ഇപ്രാവശ്യവും ഡിസംബർ, ജനുവരി മാസങ്ങളിൽ പൂർത്തീകരിച്ചു. എനമയ്ക്കൽ ബണ്ട് ഈ വർഷം ഡിസംബറിലാണ് പൂർത്തീകരിച്ചത്. ചിലപ്പോൾ നവംബറിൽ ചെയ്യാറുണ്ട്. ഈ വർഷം കാലാവസ്ഥയിലുണ്ടായ വ്യതിയാനം കാരണം പീച്ചി, ചിമ്മിനി മുതലായ ഡാമുകളുടെ ജലസംഭരണത്തിൽ ഗണ്യമായ കുറവുണ്ടായി. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഏതാണ്ട് 50 ശതമാനം ജലം മാത്രമേ അണക്കെട്ടുകളിൽ സംഭരിക്കാൻ സാധിച്ചിരുന്നുള്ളൂ. അതുകൊണ്ട് തന്നെ ചില പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. ആ വിഷയം ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തുകയും കർഷകരുടെ കൂടി സാന്നിദ്ധ്യത്തിൽ എടുത്ത വിവിധ ചർച്ചകളുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിലാണ് ജലവിതരണം നടന്നത്. പല സംഘടനകളും ഡാം തുറന്നുവിടാൻ ഒരു ഘട്ടത്തിൽ ആവശ്യപ്പെട്ടു. ഇപ്പോൾ ഡാം തുറന്നുവിടണമെന്ന് പറഞ്ഞവർ തന്നെ ഡാം അടയ്ക്കണമെന്ന് ആവശ്യപ്പെടുന്നുണ്ട്. അത് തുറക്കുകയും അടയ്ക്കുകയും ചെയ്തുവെന്നത് ഒരു വസ്തുതയാണ്. ഈ വർഷം തുലാവർഷത്തിൽ ഉണ്ടായ കുറവുമൂലം ചിമ്മിനി ഡാമിൽ നിന്നുള്ള ജലവിതരണം വളരെ നേരത്തേ 18-11-2016-ൽ ആരംഭിക്കേണ്ടിവന്നു. ഡാമിൽ വെള്ളം കുറവാണ്. ഡാം നേരത്തെ തുറന്നുവിടുകയും ചെയ്തു. ഇത് തുടർച്ചയായി 27-ാം തീയതിവരെ തുടർന്നു. അതുകൊണ്ട് എല്ലാവർഷവും ഡിസംബർ മാസങ്ങളിൽ പൂർത്തിയാക്കാറുള്ള കുറുമാലി പുഴയുടെ തടയണകൾ (വാസുപുരം, കണ്ണേറ്റുപാടം, കാനതോട്, കോന്തിപുലം തുടങ്ങിയവ) ഡാം തുറന്നുവിട്ടതിനാൽ സമയത്ത് പണിയാൻ കഴിഞ്ഞില്ല, അൽപ്പം വൈകിയിട്ടുണ്ട്. പത്തോളം പ്രധാന കോൾ ചാലുകളിലെ ചണ്ടി, കുളവാഴ തുടങ്ങിയവ ഡിസംബറിൽ തന്നെ നീക്കം ചെയ്തു. 26 പ്രവൃത്തികൾ വിളിച്ചതിൽ ആദ്യം 9 പ്രവൃത്തികളാണ് പാടശേഖര സമിതികൾ ഏറ്റെടുത്തത്. എന്നാൽ പിന്നീട് കരാറുകാരെക്കൊണ്ട് നിർബന്ധിച്ച് ചില പണികളൊക്കെ ചെയ്തെങ്കിലും കൃഷിനാശം ഉണ്ടായി. തൃശ്ശൂർ കോൾ നിലത്തിൽ മാത്രമല്ല പലയിടത്തും ഇപ്പോൾ ഉപ്പുവെള്ളത്തിന്റെ പ്രശ്നമുണ്ട്. നദികളിലെ ജലനിരപ്പ് താഴ്ന്നനിൽക്കുന്നതുകൊണ്ട് ഉപ്പുവെള്ളം കയറുന്നുണ്ട്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബ്രിട്ടീഷുകാരുടെ കാലത്ത് പണിത ബണ്ടുകൾ സമയത്തിന് പണിയാത്തതുകൊണ്ടാണ് ഉപ്പുവെള്ളം കയറുന്നത്. ഉപ്പുവെള്ളം കയറി എന്റെ മണ്ഡലത്തിലെ മുഴുവൻ നെല്ലും നശിച്ചു പോയി. ഞാനത് സംബന്ധിച്ച് ഒരു കത്തും നൽകിയിട്ടുണ്ട്. സമയത്ത് പണിയേണ്ട ബണ്ടുകൾ പണിയാത്തത് ടെണ്ടർ നടപടിയുടെ പ്രശ്നമാണ്. അങ്ങ് അത് പരിശോധിക്കണം. ഇവർ അത് ചെയ്യുന്നില്ല. ചീഫ് എഞ്ചിനീയറോട് ചോദിക്കുമ്പോൾ അദ്ദേഹം വേറെ ന്യായങ്ങൾ പറയുകയാണ്. സമയത്ത് അത് ചെയ്തില്ലെങ്കിൽ ഉപ്പുവെള്ളം കയറി കൃഷി മുഴുവനും നശിക്കും.

ശ്രീ. മാത്യു ടി. തോമസ്: സർ, ഇത്തവണ നമ്മുടെ കാലാവസ്ഥയിൽ ഉണ്ടായ വ്യതിയാനവും മഴലഭ്യത കുറവും കാരണം നേരത്തെ ഉപ്പുവെള്ളം കയറി. സാധാരണ ഉപ്പുവെള്ളം കയറുന്ന സമയത്ത് ഇടുന്ന ബണ്ടുകളും താൽക്കാലിക തടയണകളും ഇടുന്നതിനു മുമ്പുതന്നെ ഉപ്പുവെള്ളം കയറി കൃഷി നശിച്ചുവെന്ന് മാത്രമല്ല കുടിവെള്ള പദ്ധതികളെപ്പോലും അത് ബാധിച്ചിട്ടുണ്ട്. കോൾ നിലങ്ങളെ സംബന്ധിച്ച് ഈ പ്രവൃത്തികളൊക്കെ ചെയ്യു. വെള്ളം വളരെ കുറവായതിനാൽ ഫെബ്രുവരി മാസത്തിനു ശേഷം കോൾ ചാലുകളിലെ ജലവിതാനം അനുസരിച്ചുമാത്രമേ ചണ്ടി, കുളവാഴ എന്നിവ നീക്കാൻ കഴിയൂ എന്ന പ്രശ്നമുണ്ടായി. കൃഷിയിൽ നാശനഷ്ടം ഉണ്ടായിയെന്നത് വിലയിരുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഇക്കാര്യത്തിൽ നിരന്തരമായി ബന്ധപ്പെട്ട് ആശയ വിനിമയം നടത്തിയിരുന്നു. അവിടെ കൃഷി നശിച്ച കർഷകർക്ക് മതിയായ നഷ്ടപരിഹാരം കൊടുക്കാനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. നഷ്ടപരിഹാരമല്ല അവർക്ക് വേണ്ടത്, കൃഷി നടത്തുകയാണ് വേണ്ടതെന്ന് അറിയാം. പക്ഷേ കൃഷി നശിച്ചുപോയവർക്ക് ഒരു ഹെക്ടറിന് 13,500 രൂപ വച്ച് നഷ്ടപരിഹാരം കൊടുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വരൾച്ചയുടെ ഈ കാലഘട്ടത്തിൽ കൊടുക്കേണ്ട ഒന്നാമത്തെ പരിഗണന കുടിവെള്ളത്തിനായിരിക്കണം. അക്കാര്യത്തിൽ ഒരു സംശയം അപ്പുറത്തും ഇപ്പുറത്തും ഉണ്ടാകുകയില്ലെന്നാണ് എന്റെ വിശ്വാസം.

തൃശ്ശൂർ കോൾ നിലങ്ങളെ സംബന്ധിച്ച് ഉദ്യോഗസ്ഥ തലത്തിൽ ഒരു ചർച്ച കഴിഞ്ഞിട്ടുണ്ട്. അടുത്ത വർഷം മുതൽ കൃഷി വകുപ്പും ജലവിഭവ വകുപ്പും മന്ത്രി ലെവലിൽ ഒരുമിച്ചിരുന്ന് ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ നേരത്തെതന്നെ ഒരു ക്രോപ്പ് കലണ്ടർ അല്ലെങ്കിൽ ഒരു ടൈം ഷെഡ്യൂൾ രൂപീകരിച്ച് ഇത്തവണ ഉണ്ടായതുപോലെയുള്ള കൃഷിനാശം വരും വർഷങ്ങളിൽ ഉണ്ടാകാതിരിക്കാൻ എന്തൊക്കെ മുൻകരുതലുകൾ എടുക്കാൻ സാധിക്കുമോ അതൊക്കെ ചെയ്യുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, മീനച്ചിൽ ആറിൽനിന്നുമാണ് കോട്ടയം പട്ടണത്തിലേയ്ക്ക് കുടിവെള്ളം വരുന്നത്. ഇപ്പോൾ പട്ടണങ്ങളിലെ വീടുകളിൽ കൊടുക്കുന്നത് ഓര് വെള്ളമാണ്. 108 ഓര് മുട്ട് ഇട്ടെങ്കിൽ മാത്രമേ അവിടെ ഓര് കയറാതിരിക്കുകയുള്ളൂ. ദയവായി അങ്ങ് ഇത് വ്യക്തിപരമായി അന്വേഷിക്കണം. എന്തുകൊണ്ട് ഇത് നടന്നില്ലായെന്ന് നോക്കണം. മേലിൽ ഉണ്ടാകാതിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, പല സ്ഥലങ്ങളിലും ഓര് മുട്ട് ഇടുന്നതിനുള്ള പദ്ധതി നടപ്പായില്ല. അതാണ് ഓര് വെള്ളം കയറിവരുന്നതിന് കാരണമായത്.

ശ്രീ. മോൻസ് ജോസഫ്: സർ, ഇത് ഗൗരവമായ ഒരു പ്രശ്നമാണ്. അങ്ങ് ഇത് പരിശോധിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, കുടിവെള്ളവുമായി ബന്ധപ്പെട്ട് നടന്ന ചർച്ചയിൽ വരൾച്ച സംബന്ധിച്ച് പ്രസ്താവന നടത്തിയശേഷവും കുടിവെള്ള വിതരണത്തിന് ആവശ്യമായ സംവിധാനങ്ങൾ ഒരുക്കിയില്ലെന്ന് ബഹുമാന്യരായ അംഗങ്ങൾ ഇവിടെ പരാമർശിക്കുകയുണ്ടായി. ആദ്യഘട്ടത്തിൽ കിയോസ്കുകൾ സ്ഥാപിക്കാൻ തീരുമാനിച്ച് അതിനുവേണ്ട നടപടി ക്രമങ്ങളുമായി മുന്നോട്ടുപോകുമ്പോഴാണ് കിയോസ്കുകളുടെ ലഭ്യത വളരെ പെട്ടെന്ന് നടക്കുന്നില്ല എന്ന് ബോദ്ധ്യപ്പെട്ടത്. തുടർന്ന് അതിനാവശ്യമായ ഉത്തരവുകൾ നൽകിക്കഴിഞ്ഞുവെന്നും സൂചിപ്പിക്കുകയുണ്ടായി. ഓരോ ജില്ലകളിലും കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ വെള്ളം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് ആവശ്യമായ നിർദ്ദേശം നൽകുകയും അതനുസരിച്ച് അവിടെ ജലവിതരണം നടത്തിയതുൾപ്പെടെയുള്ള കാര്യങ്ങൾ ഇവിടെ രേഖപ്പെടുത്തുകയുണ്ടായി. കൊടുത്ത പണം 140 മണ്ഡലങ്ങളിലേയ്ക്കും മതിയാകുമോയെന്ന് നേരത്തെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ചോദിച്ചു. 140 മണ്ഡലങ്ങളിലും തുല്യമായി വീതിക്കലാണോ വരൾച്ചയുടെ ഘട്ടത്തിൽ കുടിവെള്ള വിതരണത്തിന് സ്വീകരിക്കേണ്ട നടപടിക്രമം? കുടിവെള്ളം ഇല്ലാത്ത പ്രദേശങ്ങൾ, അത് ചില പഞ്ചായത്തുകളായിരിക്കും, ചില വാർഡുകളായിരിക്കും, ചില പ്രത്യേക മേഖലയായിരിക്കും. കേരളത്തിലെ എല്ലാ നിയോജകമണ്ഡലങ്ങളിലേയും മുഴുവൻ പ്രദേശങ്ങളിലും കുടിവെള്ളം ഇല്ല എന്ന അർത്ഥത്തിൽ പറയരുത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കേരളത്തിലെ പതിനാല് ജില്ലകളെയും വരൾച്ചബാധിത പ്രദേശമായി പ്രഖ്യാപിച്ചിട്ടില്ലേ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, തീർച്ചയായും. 14 ജില്ലകളും വരൾച്ചബാധിതമായി പ്രഖ്യാപിച്ചുവെന്നാൽ അതിന്റെ അർത്ഥം കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളിലും മുഴുവൻ വാർഡുകളിലും വരൾച്ചയാണെന്നല്ലല്ലോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വരൾച്ചബാധിത പ്രദേശമായി പ്രഖ്യാപിക്കുന്നതിന് ചില നോംസ് ഇല്ലേ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, 28-10-2016-ൽ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി കൂടി, ആ നോംസിന്റെ അടിസ്ഥാനത്തിലാണ് 31-10-2016-ൽ കേരളത്തിലെ പതിനാല് ജില്ലകളും വരൾച്ചബാധിത പ്രദേശമായി പ്രഖ്യാപിച്ചത്. എന്നാൽ അതിന്റെ അർത്ഥം കേരളത്തിലെ എല്ലാ പഞ്ചായത്തിലും വാർഡിലും തുക തുല്യമായി വീതിക്കണമെന്നാണോ? എന്താണ് ഇതിന്റെ അർത്ഥമെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ആവശ്യമായ കേന്ദ്രങ്ങളിലെല്ലാം ജലം വിതരണം ചെയ്യാനുള്ള സംവിധാനമുണ്ടാക്കുകയും അതിനാവശ്യമായ പണം നൽകുകയും ചെയ്തിട്ടുണ്ട്. പതിനാല് ജില്ലകളിലായി കുടിവെള്ളത്തിന് ഇപ്പോൾ 29.5 കോടി രൂപ നൽകിയിട്ടുണ്ട്, 30

കോടി രൂപ കൃഷിനാശം സംഭവിച്ചവർക്കായി നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ വരൾച്ചയുമായി ബന്ധപ്പെട്ട് അത്യാവശ്യം വേണ്ട നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ലെന്ന വിമർശനങ്ങൾക്ക് ഒരു അടിസ്ഥാനവുമില്ല. 29.5 കോടി രൂപ. 50 ലക്ഷം രൂപ വച്ച് 14 ജില്ലകളിലും കൊടുത്തു. അപ്പോൾ 7 കോടി രൂപയും 22.5 കോടി രൂപയും ചേർത്ത് 29.5 കോടി രൂപയാണ്. ഇതിൽ ചോദ്യോത്തരങ്ങളില്ല. അംഗങ്ങൾ ഉന്നയിച്ചിട്ടുള്ള വിമർശനങ്ങൾക്ക് മറുപടി നൽകുകയാണ്. കുടിവെള്ളം ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ജലസ്രോതസ്സുകളുടെ പ്രശ്നമാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. ജലസ്രോതസ്സുകൾ പരമാവധി ഉപയോഗിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ബന്ധപ്പെട്ട മന്ത്രിമാർ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ആലോചനകൾ നടത്തുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ഒരു വീഴ്ചയും വരികയില്ല. പണമില്ലാത്തതുകൊണ്ട് കുടിവെള്ളം വിതരണം ചെയ്യാത്ത സാഹചര്യമുണ്ടാകില്ലെന്നും അതുസംബന്ധിച്ച് ഒരു വീഴ്ചയും ഉണ്ടാകില്ലെന്നും ഈ സഭയിൽ ഉറപ്പുനൽകാൻ ആഗ്രഹിക്കുകയാണ്.

മറ്റൊരു പ്രധാനപ്പെട്ട വിഷയം യു.ഡി.എഫ്.-ഉം കോൺഗ്രസ്സും ഈ കാര്യങ്ങളിൽ സ്വീകരിക്കുന്ന നിലപാടിനെക്കുറിച്ച് ഇന്നലെ ഇവിടെ സംസാരിക്കുന്ന കൂട്ടത്തിൽ ബഹുമാനപ്പെട്ട ..........

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, അങ്ങ് ഇവിടെ റൂൾ 300 അനുസരിച്ച് ഒരു സ്റ്റേറ്റ്മെന്റ് മേശപ്പുറത്തുവച്ചു. ബഹുമാനപ്പെട്ട അംഗങ്ങൾ പറയുന്നതിലെ കാര്യം അങ്ങ് മനസ്സിലാക്കണം. ഇത് രാഷ്ട്രീയമല്ല. പല ജില്ലകളിലും എം.എൽ.എ.-മാരുടെ മീറ്റിംഗ് വിളിച്ചു. അവരവരുടെ മണ്ഡലങ്ങളിലെ കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് കളക്ടർമാർക്ക് എഴുതിക്കൊടുത്തു. പല സ്ഥലങ്ങളിലും കളക്ടർമാർ കുടിവെള്ളം വിതരണം ചെയ്യുന്നില്ല എന്ന വിഷയം അങ്ങ് ശ്രദ്ധിക്കണം. ആളുകൾക്ക് കുടിവെള്ളം കിട്ടാത്ത പ്രശ്നമാണ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി കളക്ടർമാർ എത്ര സ്ഥലങ്ങളിൽ വെള്ളമെത്തിക്കുന്നുണ്ടെന്ന് അന്വേഷിക്കണം. എം.എൽ.എ.-മാർ എഴുതിക്കൊടുത്ത എല്ലാ സ്ഥലങ്ങളിലും വെള്ളം എത്തിക്കണമെന്നല്ല പറഞ്ഞത്. ആവശ്യാനുസരണം കുടിവെള്ളമെത്തിക്കുന്ന ജില്ലാ കളക്ടർമാരുടെ നടപടി അങ്ങ് ത്വരിതപ്പെടുത്തണമെന്നാണ് ഞാൻ പറയുന്നത്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ച വിഷയം അർഹിക്കുന്ന ഗൗരവത്തോടുകൂടി പരിഗണിക്കുന്നതാണ്. ഇന്ന് മാർച്ച് 1-ാം തീയതിയാണ്. ഫെബ്രുവരി മാസത്തിലെ ആദ്യത്തെ ആഴ്ചകളിൽ തന്നെ കുടിവെള്ള പ്രശ്നം ഏറ്റവും രൂക്ഷമായി അനുഭവപ്പെടുന്ന ആലപ്പുഴയിലെ കൈനകരി പഞ്ചായത്തുൾപ്പെടെയുള്ള പ്രദേശങ്ങളിൽ കുടിവെള്ളം ആവശ്യപ്പെട്ടപ്പോൾ അന്ന് വിതരണം ചെയ്യാൻ തുടങ്ങിയതാണ്. അതിനുശേഷവും കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന വിവിധ ജില്ലകളിലെ ചില പഞ്ചായത്തുകൾ ആവശ്യപ്പെട്ടതിന്റെ

അടിസ്ഥാനത്തിൽ ജലവിതരണം തുടങ്ങിയിട്ടുണ്ട്. കേരളത്തിലെ എം.എൽ.എ.-മാർ ആവശ്യപ്പെട്ട എല്ലാ സ്ഥലങ്ങളിലും കുടിവെള്ളം വിതരണം ചെയ്യുവെന്ന് ഞാൻ അവകാശപ്പെടുന്നില്ല. പക്ഷേ, കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യാൻ സംവിധാനമുണ്ടാക്കിയിട്ടുണ്ട്. പോരായ്മകളുണ്ടെങ്കിൽ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ: ജലം ലഭ്യമല്ലാത്തവർ എഴുതിക്കൊടുത്താൽ പരിഹരിക്കാമെന്ന് മന്ത്രി പറഞ്ഞതല്ലേ?

ശ്രീ. വി. ടി. ബൽറാം: സർ, ശനിയാഴ്ച ഡി.ഡി.സി. മീറ്റിംഗിൽ നടന്ന കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. 29.5 കോടി രൂപയെന്ന് പറയുമ്പോൾ ഒറ്റനോട്ടത്തിൽ വലിയ തുകയായി തോന്നും, എന്നാൽ ഒരു ജില്ലയ്ക്ക് രണ്ടു കോടി രൂപ മാത്രമാണ് കിട്ടുന്നത്. പഞ്ചായത്ത ടിസ്ഥാനത്തിൽ ശരാശരി രണ്ട് ലക്ഷം രൂപ മാത്രമേ ലഭിക്കുന്നുള്ളൂ. ഇത് ഒന്നിനും മതിയാവുന്നില്ല. അതാണ് ഇവിടെ ഉയർന്ന പൊതുവികാരം. പുതിയ കുടിവെള്ള പദ്ധതികൾക്കായി പാലക്കാട് ജില്ലയിൽ 50 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചതെന്നാണ് ജില്ലാ കളക്ടർ ഡി.ഡി.സി. മീറ്റിംഗിൽ പറഞ്ഞത്. ചില പഞ്ചായത്തുകൾ ഓൺ ഫണ്ട് ഉപയോഗിച്ച് അവരുടെ സ്ഥലത്ത് കുടിവെള്ള വിതരണത്തിന് തയ്യാറായപ്പോൾ അതിന് ജില്ലാ കളക്ടറുടെ അനുമതി വേണം. എന്നാൽ അനുമതി നൽകാൻ നിങ്ങൾ തയ്യാറാകുന്നില്ല. പാലക്കാട്ടുള്ള മറ്റ് യു.ഡി.എഫ്. എം.എൽ.എ.-മാർ ആ മീറ്റിംഗിൽ പങ്കെടുത്തതാണ്. പഞ്ചായത്തുകൾ ഓൺ ഫണ്ട് ഉപയോഗിച്ച് വെള്ളം കൊടുക്കാൻ ഉദ്ദേശിക്കുമ്പോൾപോലും നിങ്ങൾ അതിന് അനുമതി കൊടുക്കുന്നില്ല. ഈ പ്രശ്നം ഗൗരവമാണ്. അതാണ് അങ്ങയുടെ ശ്രദ്ധയിൽകൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, 2.5 കോടി രൂപയാണ് പാലക്കാട് ജില്ലയ്ക്ക് അനുവദിച്ചത്. നേരത്തേ അനുവദിച്ച 50 ലക്ഷം രൂപ ഉൾപ്പെടെ അത് 3 കോടി രൂപയായി. ആവശ്യമായ വെള്ളം ലഭ്യമാക്കുന്നതിന് ഇനിയും പണം നൽകുന്നതിന് തടസ്സമൊന്നുമുണ്ടാകില്ല.

എല്ലാ ജില്ലകളിലും ഒരുപോലെയല്ല വരൾച്ചയോ കുടിവെള്ള ക്ഷാമമോ ഉണ്ടായിട്ടുള്ളത്. അതിന്റെയടിസ്ഥാനത്തിൽ പണം അനുവദിച്ചതിനും വ്യത്യാസമുണ്ടായിട്ടുണ്ട്. പുതിയതായി തുക അനുവദിച്ചതിൽ എവിടെയാണ് പണം കുറവുള്ളതെന്നും എവിടെയാണ് അത്യാവശ്യമുള്ളതെന്നും നോക്കി കൂടുതൽ തുക അനുവദിക്കുന്നതിന് നടപടിയുണ്ടാകും. കുടിവെള്ളം കിട്ടാതെ ബുദ്ധിമുട്ടുന്ന ഒരു അവസ്ഥ ഒരിടത്തുമുണ്ടാകാത്ത വിധം കൈകാര്യം ചെയ്യാനുള്ള സംവിധാനമുണ്ടാക്കുമെന്നാണ് ഇതുസംബന്ധിച്ച് പറയാനുള്ളത്.

ചില പ്രദേശങ്ങളിൽ വ്യാപകമായി നടത്തുന്ന പ്രചരണത്തിന്റെ ഭാഗമായി ഇന്നലെ സംസാരിക്കുന്ന കൂട്ടത്തിൽ ഭരണകക്ഷി ബഞ്ചിൽപ്പെട്ട ബഹുമാനപ്പെട്ട ഒരംഗം കോൺഗ്രസ് യോഗത്തിൽ വച്ച് പരസ്യമായി റവന്യൂ വകുപ്പുമന്ത്രി ഉൾപ്പെടെയുള്ള ആളുകളെ ആക്ഷേപിക്കുന്നുവെന്ന രീതിയിൽ സൂചിപ്പിക്കുകയുണ്ടായി. അത്തരമൊരു സാഹചര്യം ഇടുക്കി ജില്ലയിലാണ് വ്യാപകമായി നടക്കുന്നതെന്നും പറഞ്ഞു. നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിലാണ് അവിടത്തെ ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നത്. റവന്യൂ വകുപ്പുമന്ത്രിയുടെയോ ഗവൺമെന്റിന്റെയോ നിർദ്ദേശങ്ങൾ പാലിക്കാതെ ഒരു ഉദ്യോഗസ്ഥനും ആ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ കഴിയില്ല. നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുമ്പോൾ ആർക്കെങ്കിലും തടസ്സമാകുന്നുണ്ടെങ്കിൽ അത് കോൺഗ്രസ് ആയാലും യു.ഡി.എഫ്. ആയിരുന്നാലും ആരായാലും യാതൊരു കാരണവശാലും അംഗീകരിക്കാൻ കഴിയില്ല. നിയമമനുസരിച്ച് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് അനുകൂലമായ നിലപാടുണ്ടാകും. നിയമവിരുദ്ധമായ നടപടികളാണ് സ്വീകരിക്കുന്നതെങ്കിൽ അതിനെ അംഗീകരിക്കാൻ കഴിയില്ല. ഇതുസംബന്ധിച്ചുള്ള വിഷയങ്ങളിൽ മറ്റ് കൂടുതൽ കാര്യങ്ങളൊന്നുമില്ല. (ബഹളം).......

3.00 PM]

മി. സ്പീക്കർ: അദ്ദേഹം ആരുടേയും പേര് പരാമർശിച്ചിട്ടില്ല. അദ്ദേഹം പൊതുവായി ഉദ്യോഗസ്ഥരുടെ കാര്യമാണ് പറഞ്ഞത്. ....പ്ലീസ്...........

ശ്രീ. വി. ഡി. സതീശൻ: സർ, പോയിന്റ് ഓഫ് ഓർഡർ. ഈ നയപ്രഖ്യാപന ചർച്ചയിൽ റവന്യൂ വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ട് ഇടുക്കിയിൽ കോൺഗ്രസ്സോ യു.ഡി.എഫോ ഒന്നും സംസാരിച്ചിട്ടില്ല. ഇവിടെ സംസാരിച്ചത്, അവിടത്തെ അംഗം ശ്രീ എസ്. രാജേന്ദ്രനാണ്. അദ്ദേഹമാണ് അവിടത്തെ റവന്യൂ ഉദ്യോഗസ്ഥരേയും പരോക്ഷമായി റവന്യൂ വകുപ്പുമന്ത്രിയേയും രൂക്ഷമായി വിമർശിച്ചത്. അത് ഞങ്ങളല്ല നടത്തിയത്. അത് കോൺഗ്രസ്സായാലും യുഡി.എഫ്. ആയാലും കാര്യമില്ല എന്നുപറയുന്നതെന്തിനാണ്? അങ്ങേയ്ക്ക് നേരിട്ട് പറഞ്ഞാൽ പോരെ. ഇത് ഞങ്ങളുടെ തലയിൽ കെട്ടിവയ്ക്കണ്ട. ഞങ്ങൾ അങ്ങയെ വിമർശിച്ചിട്ടില്ല. ഞങ്ങൾ പറയാത്ത കാര്യം ഞങ്ങളുടെ തലയിൽ കെട്ടിവയ്ക്കുന്നതെന്തിനാണ്......(ബഹളം).......

മി. സ്പീക്കർ: നിങ്ങൾ പറഞ്ഞുവെന്ന് അദ്ദേഹം പറഞ്ഞോ?

ശ്രീ. വി. ഡി. സതീശൻ: സർ, അദ്ദേഹം പറഞ്ഞു. അത് ശരിയാണോ? ഞങ്ങൾ അങ്ങയെപ്പറ്റി ഒന്നും പറഞ്ഞിട്ടില്ല.

മി. സ്പീക്കർ: സഭയിൽ പ്രസംഗിക്കുമ്പോൾ രാഷ്ട്രീയ പാർട്ടിക്കാരുടെ പേര് എല്ലാവരും പറയാറില്ലേ? അത് പുതിയ കാര്യമാണോ?

ശ്രീ. വി. ഡി. സതീശൻ: സർ, കോൺഗ്രസ് അംഗങ്ങളോ യു.ഡി.എഫ്. അംഗങ്ങളോ ഇടുക്കി ജില്ലയിലെ ഉദ്യോഗസ്ഥരെക്കുറിച്ചോ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയെക്കുറിച്ചോ വിമർശനം ഉന്നയിച്ചിട്ടില്ല.

മി. സ്പീക്കർ: നിങ്ങൾ പറയാത്ത കാര്യം പറഞ്ഞുവെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ടെങ്കിൽ അത് രേഖയിലുണ്ടാവില്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഗവർണറുടെ നയപ്രഖ്യാപനത്തിനുള്ള നന്ദിപ്രമേയചർച്ച സാധാരണഗതിയിൽ നയപ്രഖ്യാപനത്തിലുള്ള പ്രധാന പ്രശ്നങ്ങളെയാണ് പരാമർശിക്കുന്നത്. ചർച്ച കഴിഞ്ഞപ്പോൾ ആ വിധത്തിലായോ എന്ന സംശയമാണുള്ളത്. നിത്യേന പ്രസ്താവനയിലൂടെ ഉന്നയിക്കുന്ന പ്രശ്നങ്ങൾ തന്നെ ഇപ്പോഴും ഉന്നയിച്ച് ഈ നയപ്രഖ്യാപന ചർച്ചയുടെ ഗൗരവത്തിൽ നിന്ന് മാറിപ്പോയോ എന്ന് ശങ്കിക്കേണ്ടതായിട്ടുണ്ട്. പ്രതിപക്ഷ നേതാവ് ഉൾപ്പെടെ ചില കാര്യങ്ങൾ ഇവിടെ വ്യക്തമാക്കിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ വക്താവ് എന്ന നിലയ്ക്കുള്ള വെളിപ്പെടുത്തലുകളുമുണ്ടായിട്ടുണ്ട്. അതിനെക്കുറിച്ച് ആദ്യം പറയേണ്ടതില്ല, അവസാനം പറയാമെന്നാണ് വിചാരിക്കുന്നത്.

നമ്മുടെ സംസ്ഥാനം മറ്റ് സംസ്ഥാനങ്ങളെക്കാൾ ചില കാര്യങ്ങളിൽ മുന്നിൽ നിൽക്കുന്നുവെന്ന് സാധാരണ നമ്മൾ അവകാശപ്പെടാറുണ്ട്. അത് വസ്തുതയാണ്. സാക്ഷരത, ജീവിതനിലവാരം, ആരോഗ്യം, ക്രമസമാധാനം ഇതിലൊക്കെ നമ്മൾ മുന്നിട്ട് നിൽക്കുകയാണ്. എന്നാൽ ചില കാര്യങ്ങളിൽ കുറേക്കൂടി ജാഗ്രത പാലിച്ചില്ലെങ്കിൽ അത് നിലനിർത്തുന്നതിന് കുറച്ച് പ്രയാസം വരുമെന്ന് നാം തിരിച്ചറിയണം. വിദ്യാഭ്യാസം, ആരോഗ്യം, ഭക്ഷ്യസുരക്ഷ, അടിസ്ഥാന വികസനം, കൃഷിയിൽ നിന്നുള്ള ആദായം ഇതൊക്കെ കൂടുതൽ മെച്ചപ്പെടേണ്ടതായിട്ടുണ്ട്. എല്ലാവരും കൂടി ഒത്തുപിടിച്ചാൽ ചിലപ്പോൾ ലോകനിലവാരത്തിലേയ്ക്കുതന്നെ നമ്മുടെ നാടിന് ഉയരാൻ കഴിയും. അതിന് ഓരോ വർഷവും വിവിധ വിദ്യാലയങ്ങളിൽ നിന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ഊർജ്ജസ്വലരായി പുറത്തുവരുന്ന യുവതലമുറയ്ക്ക് മികച്ച അവസരങ്ങൾ നൽകാനുള്ള സൗകര്യം ഇവിടെയുണ്ടാകണം.

ഇപ്പോൾ നാം വരൾച്ച നേരിടുന്നതിനെക്കുറിച്ച് ഗൗരവമായി ചർച്ച ചെയ്തു. വരൾച്ച എന്നത് കാർഷിക രംഗത്തെ വലിയ തോതിൽ പ്രതികൂലമായി ബാധിക്കുന്ന ഒന്നാണെന്ന് നമുക്കറിയാം. കാർഷിക വിളയിൽ നിന്ന് ന്യായമായ ആദായം കൃഷി ചെയ്യുന്നവർക്ക് ലഭിക്കുന്നതിനുള്ള അവസരം വേണം. അതുപോലെതന്നെ ഈ വിളകൾ മാർക്കറ്റിലേയ്ക്ക് എത്തിക്കാനുള്ള സംവിധാനങ്ങളും ഒരുക്കാൻ കഴിയേണ്ടതായിട്ടുണ്ട്. അതോടൊപ്പം തന്നെ കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിന് വലിയ തോതിൽ നമുക്ക് ഇടപെടാൻ കഴിയും. സർക്കാരും ചില കാര്യങ്ങൾ ചെയ്യാൻ

ഉദ്ദേശിക്കുന്നുവെന്ന് നേരത്തേ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. കാർഷികോൽപ്പന്നങ്ങളുടെ വിപണനത്തിന് ഈ ഇടപെടൽ സഹായകരമാകും. അങ്ങനെ വരുമ്പോൾ നല്ല തോതിൽ കൃഷി ചെയ്യുന്നവർക്ക് ആദായം വർദ്ധിപ്പിക്കാൻ കഴിയുന്ന തരത്തിൽ അടിസ്ഥാന സൗകര്യങ്ങളുണ്ടാകണം എന്നുള്ളതാണ്. ഇതിനുള്ള എല്ലാ സൗകര്യങ്ങളും പ്രകൃതിയുടെ വരദാനമായി ലഭിച്ചിരുന്ന ഒരു നാടാണ് നമ്മുടേത്. വെള്ളം ഒരു പ്രശ്നവുമില്ലാതെ ലഭിച്ചുകൊണ്ടിരുന്നതാണ്. പക്ഷേ ഇപ്പോഴത്തെ അവസ്ഥയിൽ വെള്ളത്തിന് വലിയതോതിൽ ബുദ്ധിമുട്ടാണ് വന്നുചേരുന്നത്. ജലം സംരക്ഷിക്കുന്ന കാര്യത്തിൽ നമുക്ക് കൂട്ടായിത്തന്നെ ഇടപെടാൻ കഴിയണം. സംസ്ഥാനത്തിലുണ്ടാകേണ്ട നിക്ഷേപം, വികസനം, തൊഴിൽ സൗകര്യം വർദ്ധിപ്പിക്കൽ, കാർഷിക മേഖലയുടെ അഭിവൃദ്ധി എന്നീ രംഗങ്ങളിലൊക്കെ പ്രത്യേക ഊന്നൽ നൽകി മുന്നോട്ടു പോകാനാണ് സർക്കാർ താൽപ്പര്യപ്പെടുന്നത്. എങ്ങനെയാണ് കൂടുതൽ തൊഴിൽ സൃഷ്ടിക്കാനാവുക എന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. സംസ്ഥാനത്ത് പാരിസ്ഥിതിക സൗഹൃദ വ്യവസായങ്ങൾ നല്ല രീതിയിൽ ആരംഭിക്കാൻ കഴിയുന്നതിന്റെ ഭാഗമായി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാനും കഴിയും. തുടക്കത്തിൽ വേണ്ടത്ര ജാഗ്രതയോടെ കാര്യങ്ങൾ മുന്നോട്ടുനീക്കാൻ കഴിയുന്നില്ലെന്ന ഒരു വിമർശനം ബഹുമാന്യരായ ചില അംഗങ്ങളിൽനിന്നും ഉയർന്നുവന്നു.

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ തകർന്നു കിടക്കുന്ന കശുവണ്ടി മേഖലയും പൂർണ്ണമായും തകർന്നുപോയ കയർത്തൊഴിലാളി മേഖലയുമായിരുന്നു ഉണ്ടായിരുന്നത്. ആ മേഖലകളിലൊക്കെ നല്ല രീതിയിലുള്ള അഭിവൃദ്ധിയുണ്ടാക്കാൻ ഇന്ന് കഴിഞ്ഞിട്ടുണ്ട്. എന്നാൽ കാര്യങ്ങളിൽ ഇനിയും മാറ്റം വരണം. പക്ഷേ സർക്കാരിന്റെ ഇടപെടലിന്റെ ഫലമായിത്തന്നെയാണ് മാറ്റങ്ങൾ വന്നതും ആ തൊഴിലാളികൾക്ക് ആശ്വാസം ലഭിച്ചതും. നാം ഒരുക്കിയ സൗകര്യം പൂർണ്ണമായി ഉപയോഗിക്കാൻ മാത്രം നാട്ടിൽ തൊഴിലാളികളില്ല എന്നതാണ് ഹാന്റ്‌ലൂമിന്റെ കാര്യത്തിൽ സംഭവിച്ചത്. അടുത്ത വർഷമാകുമ്പോഴേയ്ക്കും കൂടുതൽ തൊഴിലാളികൾ ആ മേഖലയിലേയ്ക്ക് കടന്നുവരാൻ പോകുകയാണ്. ഇതൊരു മാറ്റമാണ്.

എന്നാൽ ഐ.ടി., ടൂറിസം, കാർഷികോൽപ്പന്നങ്ങൾ, ഫിഷറീസ് എന്നീ മേഖലകളിലൊക്കെ നല്ല തോതിലുള്ള നിക്ഷേപമാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. നോട്ട് നിരോധനം സംസ്ഥാനത്ത് ഓരോ മേഖലയിലും വലിയ പ്രയാസം സൃഷ്ടിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി നല്ല നിലയിൽ പ്രവർത്തിച്ചുവന്ന സഹകരണ മേഖല വലിയ തകർച്ച നേരിടേണ്ടതായിരുന്നു. എന്നാൽ നമ്മൾ ഒന്നിച്ച് നിൽക്കുകയും സർക്കാർ അതിനനുസൃതമായ നിലപാട് സ്വീകരിക്കുകയും ചെയ്തതിന്റെ ഫലമായി ആ തകർച്ചയെ തടഞ്ഞുനിർത്താൻ കഴിഞ്ഞിട്ടുണ്ട്. അല്ലെങ്കിൽ ആ മേഖല തകർന്നടിഞ്ഞു പോകുമായിരുന്നു. പൂർണ്ണ തകർച്ചയിൽനിന്ന് സഹകരണ മേഖലയെ രക്ഷിക്കാൻ

നമുക്ക് കഴിയും. ഈ ഒരുഘട്ടം കഴിഞ്ഞ് അടുത്ത ഘട്ടം ആകുമ്പോഴേയ്ക്കും സഹകരണ മേഖല കൂടുതൽ ഊർജ്ജസ്വലമായി മുന്നേറാനാണ് പോകുന്നത്. ഇപ്പോൾത്തന്നെ ആ നിലയിൽ നിന്ന് മാറിക്കഴിഞ്ഞു. വളരെ നല്ല രീതിയിൽ സഹകരണ മേഖല അഭിവൃദ്ധിപ്പെട്ടു പോകും. സഹകരണ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ നമുക്ക് സൃഷ്ടിക്കാനാവും.

സംസ്ഥാനത്ത് കൃഷി ഭൂമി വളരെ കുറവായതിനാൽ കുറഞ്ഞ ഉപയോഗം മാത്രമേ സാദ്ധ്യമാകുകയുള്ളൂ. വെള്ളവും വളവും കുറഞ്ഞ തോതിൽ മാത്രമേ ഇനി ഉപയോഗിക്കാൻ പാടുള്ളൂ എന്ന നില സ്വീകരിക്കേണ്ടിവരും. അങ്ങനെ വന്നാൽ പഴയ രീതിയിലുള്ള കാർഷിക സമ്പ്രദായത്തിൽനിന്ന് ചിലപ്പോൾ മാറേണ്ടതായി വരും. ലോകത്ത് ലഭ്യമായ മികച്ച സാങ്കേതിക വിദ്യകൾ ഉപയോഗിച്ചാൽ നല്ല ആദായം കൃഷിയിൽനിന്ന് ലഭ്യമാകും. കൃഷിയെ ആശ്രയിച്ചാൽ നല്ലൊരു ജീവിതം ഉണ്ടാകുമെന്ന തോന്നൽ വന്നാൽ ചെറുപ്പക്കാർ സ്വാഭാവികമായും കാർഷിക രംഗത്തേയ്ക്ക് കടന്നുവരും. അത് അവരിൽ ആത്മവിശ്വാസം വർദ്ധിക്കാൻ ഇടയാക്കും. അതിനായി കൃഷിയുടെ ചില രീതികൾ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് മാറ്റേണ്ടതായി വരും.

ഇപ്പോൾ പല വിദഗ്ധരുമായും സംസാരിച്ചപ്പോൾ നല്ല രീതിയിലുള്ള സാധ്യത ഈ മേഖലയിലുണ്ടെന്നുതന്നെയാണ് വ്യക്തമാകുന്നത്. അഭ്യസ്തവിദ്യരായ ചെറുപ്പ ക്കാരെയടക്കം കാർഷിക മേഖലയിലേയ്ക്ക് നമുക്ക് ആകർഷിക്കാൻ കഴിയും. ജനിതക വിത്ത് കൊണ്ടുവരാനല്ല, മറ്റ് തരത്തിലുള്ള അഭിവൃദ്ധിയാണുദ്ദേശിക്കുന്നത്. വെള്ളം, വളം, സ്ഥലം തുടങ്ങിയവയൊക്കെ കുറച്ചുപയോഗിച്ച് നമ്മുടെ പരിസ്ഥിതി ക്കനുസരിച്ച് കൃഷി ചെയ്ത് എങ്ങനെ കൂടുതൽ വിളവുണ്ടാക്കാമെന്നാണ് ഉദ്ദേശിക്കുന്നത്.

സ്ത്രീ സുരക്ഷയ്ക്ക് സർക്കാർ ഏറ്റവും കൂടുതൽ പ്രാധാന്യമാണ് നൽകുന്നതെന്ന് നയപ്രഖ്യാപനത്തിൽ വ്യക്തമാക്കിയതാണ്. അതുസംബന്ധിച്ച് കൂടുതൽ പരാമർശങ്ങളൊന്നും ഉണ്ടായില്ല. നയപ്രഖ്യാപനത്തിൽ പറഞ്ഞതുപോലെ 15 ശതമാനം സ്ത്രീകൾ പോലീസിലുണ്ടാകുക എന്നതല്ല ആത്യന്തികമായ ലക്ഷ്യം. അത് 50 ശതമാനമെ ങ്കിലുമാക്കണം എന്നുതന്നെയാണ് സർക്കാർ ആഗ്രഹിക്കുന്നത്. ആദ്യഘട്ടമെന്ന നിലയ്ക്ക് 15 ശതമാനത്തിലേയ്ക്ക് എത്തിക്കാനാണ് ശ്രമിക്കുന്നത്. പഞ്ചായത്തിൽ ഒരു വനിതാ പോലീസ് ഓഫീസർ എല്ലാ ആഴ്ചയിലും സന്ദർശിക്കുന്ന പദ്ധതിയെന്നത് നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട കാര്യമല്ലേ? തങ്ങളുടെ ഗ്രാമത്തിന്റേതായ സ്വകാര്യതയിൽ സ്ത്രീകൾക്ക് അവരുടേതായ എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ ആ വനിതാ ഓഫീസറോട് പറയാൻ കഴിയുമല്ലോ? അത്തരത്തിലുള്ള ഒരു മാറ്റം സൃഷ്ടിക്കാനാണുദ്ദേശിക്കുന്നത്. സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെ ആക്രമണം നടത്തുന്നവരുടെ രജിസ്ട്രി വയ്ക്കുന്നത് ഒരു പ്രധാന കാര്യം തന്നെയാണ്. അത് നമ്മൾ പരിഹസിച്ച് തള്ളേണ്ട ഒരു കാര്യമല്ല. ആ രജിസ്ട്രി സ്വാഭാവികമായും അവരെക്കുറിച്ച് സമൂഹത്തിനൊരു മുന്നറിയിപ്പുമായാണ് വരിക. അതിനെ നല്ലൊരു പദ്ധതിയായാണ് നാം കാണേണ്ടത്.

സംസ്ഥാനത്ത് കേസന്വേഷണത്തിൽ ശാസ്ത്രീയ രീതികളാണ് ശക്തിപ്പെട്ടുവരേണ്ടത്. അതുകൊണ്ടാണ് ഫോറൻസിക്, സൈബർ സെൽ മുതലായവ നല്ല നിലവാരത്തിലേയ്ക്ക് ഉയർത്തുമെന്ന് പറയാനിടയായത്. അതേസമയം സംസ്ഥാനത്തെ ഗുണ്ടകളെയും ഗുണ്ടായിസത്തെയും അവസാനിപ്പിക്കാൻ കഴിയുന്ന തരത്തിൽ ശക്തമായ നടപടികൾ തന്നെയാണ് സർക്കാർ സ്വീകരിക്കുന്നത്.

സംസ്ഥാനത്ത് റോബോട്ടിക് ട്രാഫിക് സംവിധാനം (ക്യാമറകൾ സ്ഥാപിച്ച് കാര്യങ്ങൾ മനസ്സിലാക്കുന്ന രീതി) സ്ഥാപിക്കാൻ കഴിഞ്ഞാൽ ട്രാഫിക് ലംഘനങ്ങൾ വരുമ്പോൾ ആരുടെയും മുഖം നോക്കാതെ നടപടി സ്വീകരിക്കാൻ കഴിയും. അതുപോലെ സി.സി.ടി.വി. നല്ലതുപോലെ വ്യാപിപ്പിക്കാൻ തന്നെയാണ് ഉദ്ദേശിക്കുന്നത്.

തൊഴിലില്ലാത്തവരുടെ പ്രശ്നം മാത്രമല്ല, നാട്ടിൽ തൊഴിൽ പ്രശ്നങ്ങളുള്ളവർ ധാരാളമുണ്ട്. തൊഴിലുണ്ടെങ്കിലും ജീവിക്കാനുള്ള വരുമാനമില്ല. ആ തൊഴിലെടുക്കുമ്പോൾ ജീവിതം പ്രയാസത്തിലായിപ്പോകുന്ന, ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്ന തരത്തിലുള്ള തൊഴിലിൽ ഏർപ്പെടുന്നവരുണ്ട്. ആർജ്ജിച്ച വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ച് ജോലി ലഭിക്കാത്തവരുണ്ട്. ഇതെല്ലാം നമ്മുടെ സമൂഹത്തിന് മുന്നിലുള്ള ഒരു പ്രശ്നംതന്നെയാണ്. അവ എങ്ങനെ പരിഹരിക്കുമെന്നുകൂടി ആലോചിക്കാൻ കഴിയേണ്ടതായിട്ടുണ്ട്. സർക്കാർ കാണുന്ന വികസനം ഇത്തരത്തിലുള്ള എല്ലാ പ്രശ്നങ്ങളുംകൂടി ഉൾക്കൊള്ളുന്നതു തന്നെയാണ്.

സംസ്ഥാനത്ത് വികസനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ഭരണപക്ഷമോ പ്രതിപക്ഷമോ അല്ല അത് മുടക്കാൻ മുന്നിട്ടിറങ്ങുന്നത് ; വികസനം മുടക്കാൻവേണ്ടി പ്രവർത്തിക്കുന്ന ചില സംഘടനകളുണ്ട്. അത് മാത്രമാണ് അവരുടെ ലക്ഷ്യം. അവർ യഥാർത്ഥത്തിൽ വികസനം മുടക്കികളായാണ് വരുന്നത്. അവർ നാടിന്റെ താൽപ്പര്യത്തിനെതിരാണ്. നാടിനുവേണ്ടിയല്ല അവർ നിലകൊള്ളുന്നത്. അത് നമ്മൾ അംഗീകരിക്കണോ? പ്രതിപക്ഷവും ഭരണപക്ഷവും തമ്മിൽ അഭിപ്രായ വ്യത്യാസമൊക്കെ ഉണ്ടാകും. പക്ഷേ വികസനം മുടക്കികളായി വരുന്നവരെ അംഗീകരിക്കേണ്ടതില്ലെന്നു തന്നെയാണ് സർക്കാരിന്റെ നിലപാട്. അങ്ങനെ വന്നാൽ ഈ സർക്കാരിന്റെയടുത്ത് അത് വിലപ്പോകില്ല. ഇക്കാര്യത്തിൽ നിയമസഭാ മന്ദിരത്തിനകത്ത് ജനങ്ങളുടെ അംഗീകാരത്തോടെ വന്ന എല്ലാവരും, പ്രതിപക്ഷത്തായാലും ഭരണപക്ഷത്തായാലും, ജനങ്ങളെ പ്രതിനിധീകരിച്ച് വന്നവരെന്ന നിലയ്ക്ക് ഒറ്റക്കെട്ടായി നിൽക്കാനാകണമെന്നതാണ് അതുമായി ബന്ധപ്പെട്ട് എനിക്ക് പറയാനുള്ളത്.

നാളികേരം, റബ്ബർ, സുഗന്ധ വ്യഞ്ജനങ്ങൾ തുടങ്ങിയവയുടെ മൂല്യവർദ്ധനവിന് സർക്കാർ പ്രത്യേക പരിപാടികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അതിന് ഇപ്പോൾ പരിചിതമല്ലാത്ത പുതിയ സാങ്കേതിക വിദ്യകൾ വേണ്ടതായിവരും. ആ പുതിയ സാങ്കേതിക വിദ്യ സംസ്ഥാനത്ത് ഉപയോഗിക്കാൻ കഴിയണം. അടുത്ത കാലത്തായി നമ്മുടെ നാളികേരത്തെ കുറ്റവിമുക്തമാക്കിയല്ലോ; പണ്ട് നാളികേരത്തിന് സകലതും കുറ്റമായിരുന്നല്ലോ; ഇപ്പോൾ അതിനെ പൂർണ്ണമായും കുറ്റവിമുക്തമാക്കി കഴിഞ്ഞിട്ടുണ്ട്. നമ്മുടെ നാട്ടിൽ നല്ലതുപോലെ അതുപയോഗിക്കാൻ കഴിയും.

പാശ്ചാത്യരെല്ലാം രാവിലെ ഉറക്കമുണർന്നാൽ ഒരു സ്പൂൺ വെർജിൻ കോക്കനട്ട് ഓയിൽ കഴിച്ചുകൊണ്ടാണ് അവരുടെ ജീവിതം തുടങ്ങുന്നതെന്നാണ് പറയുന്നത്. നാളികേരം അത്ര വലിയ തോതിൽ അംഗീകാരം നേടിയിരിക്കുകയാണ്. ഫ്രാക്ഷനേറ്റഡ് കോക്കനട്ട് ഓയിൽ, കോക്കനട്ട് ഷുഗർ തുടങ്ങി ധാരാളം മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നാളികേരത്തിൽ നിന്നുമുണ്ടാക്കാൻ കഴിയും. അതെല്ലാം നമുക്കിവിടെ ഉൽപ്പാദിപ്പിക്കാൻ കഴിയണം. അതുപോലെതന്നെ റബ്ബർ വലിയൊരു പ്രശ്നമായിരിക്കുകയാണ്. ഇപ്പോൾ കുറച്ച് ന്യായമായ വിലയുണ്ട്. എന്നാലും കൃഷിക്കാർ ആഗ്രഹിക്കുന്ന വിലയായിട്ടില്ല. ആ മേഖലയിൽ നമുക്ക് എന്തുകൊണ്ട് അമൂൽ മോഡൽ പരീക്ഷിച്ചുകൂടായെന്നതും നാം പരിശോധിക്കേണ്ടതാണ്.

വലിയ തോതിൽ മത്സ്യത്തൊഴിലാളികളുള്ള സംസ്ഥാനമാണ് നമ്മുടേത്. സമുദ്രോത്പന്നങ്ങളുടെ മൂല്യവർദ്ധനവിന് പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗിക്കാൻ നമുക്ക് കഴിയും. അതോടൊപ്പംതന്നെ പാരിസ്ഥിതിക സൗഹൃദമായുള്ള മത്സ്യബന്ധനം സ്വാഭാവികമായും നമുക്ക് പ്രോത്സാഹിപ്പിക്കാനും കഴിയും. വള്ളങ്ങൾക്ക് ജി.പി.എസ്. സംവിധാനം പ്രോത്സാഹിപ്പിക്കാൻ നേരത്തെതന്നെ കഴിഞ്ഞിട്ടുണ്ട്. മത്സ്യകൃഷിയിലും ചെമ്മീൻ കൃഷിയിലുമൊക്കെ നമ്മൾ ഏറെ മുന്നിലായിരുന്നു. ഇപ്പോൾ പിന്നിലാണ്. ആ മേഖലയിൽ മുന്നോട്ടുവരുന്നതിന് നല്ല രീതിയിലുള്ള ശ്രമമാണ് ഇപ്പോൾ നടത്തി കൊണ്ടിരിക്കുന്നത്. വലിയ മുന്നേറ്റം ആ മേഖലയിൽ നടത്താൻ കഴിയുമെന്നുള്ള ആത്മവിശ്വാസം തന്നെയാണ് സർക്കാരിനുള്ളത്.

ആരോഗ്യ മേഖലയുടെ കാര്യം ഇവിടെ പറഞ്ഞുകഴിഞ്ഞു. ഞാനത് ആവർത്തിക്കുന്നില്ല. നമുക്ക് എന്തെങ്കിലും തരത്തിലുള്ള പ്രശ്നങ്ങളുണ്ടെങ്കിൽ അതെല്ലാം പരിഹരിച്ച് മുന്നേറാൻ കഴിയുമെന്ന അവസ്ഥ തന്നെയാണ് ആരോഗ്യ മേഖലയിൽ ഇപ്പോഴുള്ളത്. കുട്ടികളുടെ ആരോഗ്യ പരിപാലനത്തിനായി സ്കൂളുകൾതോറും പ്രതിവർഷ ആരോഗ്യ ക്യാമ്പ് നടത്തുന്നത് വളരെ പ്രാധാന്യത്തോടെയാണ് സർക്കാർ കാണുന്നത്. കുഞ്ഞുങ്ങളുടെ ആരോഗ്യം സംരക്ഷിക്കുന്നതിന് അത് ഏറ്റവും ആവശ്യമാണ്. ചിലർക്കുള്ള രോഗമെന്താണെന്ന് മനസ്സിലാക്കാൻ കഴിയാത്ത അവസ്ഥ ചിലപ്പോഴുണ്ടാകുന്നുണ്ട്. അതിനുവേണ്ടിയാണ് അത്തരം ഒരു പരിപാടി ഉദ്ദേശിക്കുന്നത്.

സമ്പൂർണ്ണ വിദ്യാഭ്യാസ യജ്ഞമെന്നത് ഒരു സ്കൂളാണോ ചെയ്യുന്നതെന്ന് വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് നേരത്തേ ഇവിടെ ചോദിക്കുകയുണ്ടായി. കേരളത്തിലെ എല്ലാ പൊതുവിദ്യാലയങ്ങളെയും അഭിവൃദ്ധിയിലേയ്ക്ക് നയിക്കുക എന്നതാണ് വിദ്യാഭ്യാസ യജ്ഞത്തിലൂടെ ഉദ്ദേശിക്കുന്നത്. അതിന് സർക്കാർ/ എയ്ഡഡ് സ്കൂളുകളുടെ നിലവാരം ഉയർത്തുകയാണ് വേണ്ടത്. അടുത്ത ദിവസം എനിക്കൊരു അനുഭവമുണ്ടായി. വിദ്യാഭ്യാസ രംഗത്തുള്ള ഒരു പ്രധാന കോർപ്പറേറ്റ് ഉടമയുടെ കത്ത് എനിക്ക് വന്നിരുന്നു. നിങ്ങളെന്താണ് വിദ്യാലയങ്ങൾ പിടിച്ചടക്കാൻ പോകുകയാണോ; ഞങ്ങളുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പിടിച്ചടക്കാനാണോ നിങ്ങളുടെ നീക്കം? ഇതൊന്നും സമ്മതിക്കാൻ പോകുന്നില്ല എന്നൊക്കെപറഞ്ഞ് ആക്ഷേപിച്ചുകൊണ്ടാണ് കത്ത്. ആ കത്ത് കിട്ടിയപ്പോൾ ഞാൻ അദ്ദേഹത്തെ

വിളിച്ചു. അദ്ദേഹം നമ്മളെല്ലാവരും അറിയുന്ന ആളാണ്. ഞാൻ ചോദിച്ചു, ഇതെന്തൊരു തെറ്റിദ്ധാരണയാണ് നിങ്ങൾക്കുണ്ടായിരിക്കുന്നത്? നിങ്ങളുടെ വിദ്യാലയങ്ങൾ ആരാണ് പിടിച്ചടക്കാൻ പോകുന്നത്? ഇങ്ങനെയൊരു വാർത്ത കണ്ടല്ലോയെന്ന് അദ്ദേഹം പറഞ്ഞു. ഞാനതിന് മറുപടിയും പറഞ്ഞു. കേരളത്തിലുള്ള എല്ലാ സ്കൂളുകളും നിങ്ങളുടെ മാനേജ്മെന്റ് പോലെയല്ല, മിക്കവയും വളരെക്കാലം മുമ്പ് തുടങ്ങിയവയാണ്. നൂറും നൂറ്റിയമ്പതും വർഷങ്ങൾ പഴക്കമുള്ള സ്കൂളുകൾ നമ്മുടെ നാട്ടിലുണ്ട്. അതെല്ലാം എയ്ഡഡ് സ്ഥാപനങ്ങളാണ്. ആ സ്ഥാപനങ്ങൾ അന്ന് തുടങ്ങിയ ഇടത്തുതന്നെ നിൽക്കുകയാണ്. ഇന്ന് അവ വലിയ ദാരിദ്ര്യത്തിലുമാണ്. അവർക്ക് അതിന്റെ മെയിന്റനൻസ് കൃത്യമായി നടത്താൻപോലും കഴിയുന്നില്ല. പൊട്ടിപ്പൊളിഞ്ഞ ഫർണിച്ചറാണ് അവിടെ കാണാൻ കഴിയുന്നത്. സ്കൂളിന്റെ അന്തരീക്ഷം വളരെ മോശമാണ്. ആ സ്കൂളുകളും മെച്ചപ്പെടുത്തേണ്ടതുണ്ട്. അത് സ്വകാര്യ സ്കൂളുകളാണെന്ന് പറഞ്ഞ് മാറ്റിനിർത്താൻ കഴിയില്ല. നാടിന്റേതാണ് ആ സ്ഥാപനം. ആ സ്ഥാപനത്തെ അഭിവൃദ്ധിപ്പെടുത്താനാണ് ഞങ്ങൾ ശ്രമിക്കുന്നത്. ആ സ്ഥാപനത്തിന്റെ ഉടമസ്ഥത ആരുടെ കയ്യിലാണോ ഉള്ളത് അതങ്ങനെ തന്നെ തുടരും. നിങ്ങൾ എന്ത് കണ്ടിട്ടാണ് ഈ ആക്ഷേപം ഉന്നയിക്കുന്നതെന്ന് ചോദിച്ചപ്പോൾ അദ്ദേഹം അതിന് നേരെ മറുപടി പറയുന്നില്ല. നിങ്ങൾക്കതിന് കഴിയും, നിങ്ങൾ ഇതിൽ നിന്നും ഒഴിഞ്ഞുനിന്നോളൂ, എന്നാൽ മറ്റുള്ളവർ ഈ സഹായം സ്വീകരിക്കുന്നത് ഇല്ലാതാക്കേണ്ടായെന്ന് ഞാൻ പറഞ്ഞു. അപ്പോൾ തെറ്റിദ്ധാരണ ഏത് കാര്യത്തിലും നമ്മുടെ നാട്ടിൽ ഉയർന്നുവരും. സ്കൂളിനെ അഭിവൃദ്ധിപ്പെടുത്താൻ കോർപ്പറേറ്റ് മാനേജ്മെന്റുകൾക്ക് ഈ സഹായം വേണ്ടിവരില്ല. അത്തരം സ്കൂളുകളെ അഭിവൃദ്ധിപ്പെടുത്താൻ നാടാകെ ഒന്നിച്ച് നിന്നാൽ മാത്രമേ സാധിക്കൂ. ചിലപ്പോൾ ആ സ്കൂൾ ഒരാളിന്റേയോ ഒരു കുടുംബത്തിന്റേയോ അല്ലെങ്കിൽ ഏതെങ്കിലും വിഭാഗങ്ങൾകൂടി നടത്തുന്നതോ ആയിരിക്കാം. ആ സ്കൂളുകൾ മെച്ചപ്പെട്ടു വരേണ്ടതല്ലേ? അവിടെ കുട്ടികൾ ധാരാളം പഠിക്കുകയല്ലേ? ഗവൺമെന്റ് സ്കൂളുകൾ സ്വാഭാവികമായും മെച്ചപ്പെട്ട് വരേണ്ടതുണ്ട്. എല്ലാ സ്കൂളുകളെയും അഭിവൃദ്ധിപ്പെടുത്തുക എന്നുള്ളതുതന്നെയാണ് സർക്കാർ ലക്ഷ്യമിടുന്നത്. അതിന് പൊതുവിൽ ഒരു മാസ്റ്റർ പ്ലാൻ ഉണ്ടാകും. അതിന്റെ ഭാഗമായിട്ടായിരിക്കും അഭിവൃദ്ധിപ്പെടുക. അതിനേക്കാൾ കൂടുതൽ ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് അങ്ങനെ ചെയ്യാം. അത്തരത്തിലുള്ള പൊതുവായ ഒരു അഭിവൃദ്ധിയാണുദ്ദേശിക്കുന്നത്. അക്കാദമിക് കാര്യങ്ങളിൽ സ്വാഭാവികമായും വിദ്യാഭ്യാസ വകുപ്പ് അതിന്റേതായ ഒരുക്കങ്ങൾ ചെയ്തിട്ടുണ്ട്. അതിന്റെ ഭാഗമായി കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിയും.

വീടില്ലാത്ത ഏകദേശം നാല് ലക്ഷത്തോളം കുടുംബങ്ങൾ നമ്മുടെ നാട്ടിലുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. അതിന്റെ കൃത്യമായ കണക്ക് ഈയാഴ്ചയോടുകൂടി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അവർക്കെല്ലാം ഭവന പദ്ധതി ആവിഷ്കരിക്കേണ്ടതായിട്ടുണ്ട്. അത് നമുക്ക് പൂർത്തിയാക്കാൻ സാധിക്കണം. സംസ്ഥാനത്ത് വീടില്ലാത്ത ഒരു കുടുംബവുമില്ല എന്ന അവസ്ഥയുണ്ടാക്കാൻ സാധിക്കണം. അതിന് ആവശ്യമായ ഭൂമി കണ്ടെത്തൽ,

നിർമ്മാണത്തിന് ഫണ്ട് കണ്ടെത്തൽ, അർഹരെ കണ്ടെത്തുക തുടങ്ങിയ അനേകം പ്രശ്നങ്ങളുണ്ട്. അതിന് നാം ഒറ്റക്കെട്ടായി നിൽക്കണം. അനർഹർ ആരും തന്നെ ഇതിലുൾപ്പെടാൻ പാടില്ല. എന്നാൽ അർഹതയുള്ളവരാരുംതന്നെ ഒഴിവാകാനും പാടില്ല. അർഹതയുള്ളവർക്ക് വീട് അനുവദിക്കുന്ന നിലയുണ്ടാകണം. നേരത്തെ ഒരു ചർച്ചയിൽ ഒ.ഡി.എഫ്. പൂർത്തിയാക്കിയതിനെ സംബന്ധിച്ച് പറഞ്ഞു. ഒ.ഡി.എഫ്. പൂർത്തിയാക്കിയത് എല്ലാവരും കൂടിയാണ്. എല്ലാവരുമായി സഹകരിച്ച് നല്ല നിലയിൽ അത് പൂർത്തിയാക്കാൻ നമുക്ക് കഴിഞ്ഞു. നാം വിചാരിച്ചാൽ ചില കാര്യങ്ങൾ പൂർണ്ണതയിൽ എത്തിക്കാൻ സാധിക്കും. നാടിനാണല്ലോ അതിന്റെ ഗുണം ലഭിക്കുന്നത്. നാലഞ്ച് വർഷത്തിനകം ഈ വീടുകളെല്ലാം യാഥാർത്ഥ്യമാക്കേണ്ടതുണ്ട്. അത് സാധിക്കുകതന്നെ ചെയ്യും.

ഇപ്പോൾ ഹരിത കേരളം മിഷൻ പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി നാടാകെ ശുചിത്വം പാലിക്കുകയെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. മാലിന്യ നിർമ്മാർജ്ജനം നല്ല രീതിയിൽ നടപ്പിലാക്കാൻ നമുക്ക് കഴിയണം.

ഇവിടെ ഏറ്റവും വലിയ വിവാദമായി ഉയർന്നുവന്നത് സമ്പൂർണ്ണ വൈദ്യുതീകരണം സംബന്ധിച്ചാണ്. അതിനെപ്പറ്റി പ്രതിപക്ഷ നേതാവ് പറഞ്ഞത്, നേരത്തെ വൈദ്യുതി മന്ത്രിയായിരുന്ന ശ്രീ. എ. കെ. ബാലൻ പ്രഖ്യാപിച്ച പദ്ധതിയാണ്, പിന്നെ ഇപ്പോൾ പ്രഖ്യാപിക്കുന്നതിന്റെ അർത്ഥമെന്താണ് എന്നാണ്. അതിൽ കഴിഞ്ഞ ഗവൺമെന്റ് ചെയ്യാതിരുന്നതിന്റെ ഒരു വശംകൂടിയുണ്ട്. ശ്രീ. എ. കെ. ബാലൻ വൈദ്യുതി മന്ത്രിയായിരുന്ന കാലത്ത് ഈ പ്രഖ്യാപനം നടത്തി, അതിന്റെ പ്രവർത്തനവും തുടങ്ങി. എന്നാൽ അതിന്റെ ശരിയായ തുടർച്ച ഉണ്ടാകാത്തതിന്റെ ഫലമായി അത് സഫലമാക്കാൻ കഴിഞ്ഞില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങനെയല്ല ഞാൻ പറഞ്ഞത്, അന്ന് പൂർത്തിയായതിനുശേഷം ധാരാളം വീടുകൾ വന്നു. ശ്രീ. ആര്യാടൻ മുഹമ്മദ് മന്ത്രിയായപ്പോഴും ധാരാളം വീടുകൾക്ക് വൈദ്യുതി കൊടുത്തു. നമ്മുടെ നാട്ടിൽ കൂടുതൽ വീടുകൾ ഉണ്ടാകുന്നതിനനുസരിച്ചാണ് ഈ പ്രശ്നം ഉയർന്നുവരുന്നത്, പ്രത്യേകിച്ചും പാവപ്പെട്ട ആളുകൾക്ക്. ഇപ്പോൾ ഞാൻ 25 ലക്ഷം രൂപ എം.എൽ.എ. ഫണ്ടിൽനിന്നും കൊടുത്താണ് വയറിംഗുൾപ്പെടെയുള്ള ജോലികൾ പൂർത്തിയാക്കി എന്റെ മണ്ഡലത്തെ സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമാക്കി മാറ്റിയത്. അതുകൊണ്ട് കഴിഞ്ഞ ഗവൺമെന്റ് ചെയ്യാത്തതുകൊണ്ടല്ല. It is an ongoing process.

ശ്രീ. പിണറായി വിജയൻ : സർ, തർക്കത്തിലേയ്ക്കൊന്നും പോകേണ്ട കാര്യമില്ല. സമ്പൂർണ്ണ വൈദ്യുതീകരണം ആവശ്യമാണെന്ന നിലപാടിൽ നിൽക്കാം. സമ്പൂർണ്ണ വൈദ്യുതീകരണം നേരത്തെ വൈദ്യുതി വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എ. കെ. ബാലൻ പ്രഖ്യാപിച്ചെങ്കിലും അതിപ്പോഴും പൂർണ്ണതയിലായിട്ടില്ല. അത് പ്രഖ്യാപിച്ചിട്ടുതന്നെ ആറ് വർഷത്തോളം കഴിഞ്ഞു. നമുക്ക് ചുരുങ്ങിയ സമയം കൊണ്ട് സമ്പൂർണ്ണ വൈദ്യുതീകരണത്തിലേയ്ക്ക് എത്തിച്ചേരാൻ കഴിയുന്ന രീതിയിലാണ്

എല്ലായിടത്തും ഒരുക്കങ്ങൾ നടക്കുന്നത്. അങ്ങനെ വരുമ്പോൾ നമ്മുടെ മുന്നിൽ ഇനി സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ പ്രശ്നമുദിക്കുന്നില്ല. പിന്നെ വരുന്നത് നൂറ് ശതമാനം വീടുകൾക്കും ഇന്റർനെറ്റ്; അതുപോലെ വീടുകളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനെപ്പറ്റിയും ആലോചിക്കാൻ കഴിയുന്നതാണ്. അത് നമുക്ക് പിന്നൊരു ഘട്ടത്തിൽ പൂർണ്ണതയിൽ എത്തിക്കാൻ കഴിയുന്ന കാര്യമാണ്. ഇപ്പോൾത്തന്നെ അതിനെപ്പറ്റി ആലോചിച്ചുതുടങ്ങാം. ഇതൊക്കെ നമ്മുടെ നാട്ടിൽ അസാധ്യമായിട്ടുള്ള കാര്യങ്ങളല്ലെന്നാണ് പറഞ്ഞത്.

സംസ്ഥാനത്ത് വ്യവസായങ്ങൾ ആരംഭിക്കുന്നതും അത് തുടർന്നു കൊണ്ടുപോകുന്നതും പ്രധാനപ്പെട്ട കാര്യമാണ്. അതിനാണ് 'ease of doing business' എന്ന പദം യോജിച്ചുവരുന്നത്. ഇക്കാര്യത്തിൽ ഇന്ത്യാ രാജ്യത്തുതന്നെ നമുക്ക് ഒന്നാം സ്ഥാനത്ത് എത്താൻ കഴിയണം. ഇന്ന് എന്തെങ്കിലും ദുഷ്പേരുകളുണ്ടെങ്കിൽ അതെല്ലാം ഒഴിവാക്കാൻ സാധിക്കണം. അങ്ങനെ ഒന്നാം സ്ഥാനത്ത് എത്തുന്നതിന് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒന്നിച്ച് നിൽക്കണം. കാരണം നമ്മുടെ നാടിനാണ് അതിന്റെ അഭിവൃദ്ധിയുണ്ടാകുന്നത്. കൂടുതൽ കാര്യങ്ങൾ നേടിയതായി ഇന്ന് ചില സംസ്ഥാനങ്ങളെ മാതൃകയായി പറയുന്നുണ്ട്. ആ സംസ്ഥാനങ്ങളെക്കാളെല്ലാം നല്ലരീതിയിൽ അഭിവൃദ്ധിയുണ്ടാക്കാൻ നമുക്ക് കഴിയും. അത്തരമൊരു ease of doing business നല്ല നിലയ്ക്ക് നടപ്പാക്കാൻ കഴിയേണ്ടതായിട്ടുണ്ട്.

വിദേശ മലയാളികളുടെ പ്രശ്നങ്ങൾ വലിയ തോതിലുണ്ട്. കുറെ പ്രശ്നങ്ങളിൽ ഇപ്പോൾ സർക്കാർ ഇടപെട്ട് കഴിഞ്ഞിട്ടുണ്ട്. അതിന്റെ വിവിധ പദ്ധതികൾ പുരോഗതിയിലാണ്. അവരുടെ കുട്ടികളുടെ വിദ്യാഭ്യാസവും സാമ്പത്തികവുമായ പ്രശ്നങ്ങൾ, ആരോഗ്യ സംരക്ഷണത്തിന്റേതായ പ്രശ്നങ്ങൾ, ജോലി നഷ്ടപ്പെട്ടോ അല്ലെങ്കിൽ അവിടെനിന്ന് ഇങ്ങോട്ട് ജോലി നിർത്തി വരേണ്ടതായി വരുന്നവരുടെ ഭാവി ജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ തുടങ്ങിയ കാര്യങ്ങളിലൊക്കെ സർക്കാർ ശക്തമായി ഇടപെടുകതന്നെ ചെയ്യും. അതെല്ലാം അതിന്റേതായ ക്രമത്തിൽ തയ്യാറായിക്കൊണ്ടിരിക്കുകയാണ്.

കണ്ണൂർ എയർപോർട്ട് അടുത്ത മാസത്തോടെ പൂർത്തിയാകും. ശബരിമലയിൽ ഒരു പുതിയ എയർപോർട്ട് നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. അതോടൊപ്പം കേരളത്തിലെ എല്ലാ എയർപോർട്ടുകളേയും ബന്ധിപ്പിക്കാൻ കഴിയുന്ന തരത്തിൽ പുതിയ സർവ്വീസ് ആരംഭിക്കാൻ കഴിയുമോയെന്നും ആലോചിക്കേണ്ടതുണ്ട്. കേരളത്തിലെ എയർപോർട്ടുകളിൽ ആരംഭിക്കുന്ന പുതിയ സർവ്വീസുകൾക്ക് ഏതെങ്കിലും തരത്തിൽ സൗജന്യം ചെയ്യാൻ കഴിയുമോയെന്നതും നാം ചിന്തിക്കണം. ചില കാര്യങ്ങളിൽ അവർക്കുതന്നെ അഭിപ്രായങ്ങളുണ്ട്. അത് പിന്നീടുള്ള ചില പ്രഖ്യാപനങ്ങളുടെ ഭാഗമായി വരേണ്ട കാര്യമായതുകൊണ്ട് തുറന്ന് പറയുന്നില്ലെന്ന് മാത്രമേയുള്ളൂ. ചില സൗജന്യങ്ങൾ നമ്മൾ നൽകേണ്ടതായി വരും.

കോഴിക്കോട് എയർപോർട്ടിന്റെ പ്രശ്നങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ആ പ്രശ്നങ്ങൾ നല്ല രീതിയിൽ പരിഹരിക്കാനുള്ള ഇടപെടലാണ് സർക്കാർ നടത്തിയിട്ടുള്ളത്. ഭൂമി ഏറ്റെടുക്കലാണ് പ്രധാന പ്രശ്നം അതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. ഭൂമി ഏറ്റെടുക്കാൻ കഴിയുമെന്ന് തന്നെയാണ് പ്രതീക്ഷിക്കുന്നത്. ഇത്തവണ ഹജ്ജ് യാത്രക്കാർക്ക് അവിടെനിന്ന് പോകാൻ കഴിയണമെന്നു തന്നെയാണ് സംസ്ഥാന ഗവൺമെന്റ് പലതവണ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടത്. പക്ഷെ അക്കാര്യത്തിൽ ഇതുവരെ അനുകൂല നിലപാടുണ്ടായിട്ടില്ല. അനുകൂല നിലപാട് സ്വീകരിക്കാത്തതിൽ ന്യായീകരണമൊന്നും കേന്ദ്ര ഗവൺമെന്റിന് പറയാൻ കഴിയില്ല. കാരണം മുൻപ് അവിടെനിന്നും ഹജ്ജ് യാത്രക്കാരെയും കൊണ്ട് വിമാനങ്ങൾ പോകുകയും തിരിച്ചിറങ്ങുകയും ചെയ്തിട്ടുണ്ട്. വലിയ വിമാനങ്ങൾ തന്നെ അവിടെ ഇറങ്ങുകയും പോകുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ പഴയ നിലയിലേയ്ക്ക് ആ എയർപോർട്ട് മാറിക്കഴിഞ്ഞിട്ടുണ്ട്. ഭൂമി ഏറ്റെടുത്ത് തരുമെന്ന് തന്നെയാണ് സർക്കാർ ഉറപ്പു നൽകുന്നത്. ഞങ്ങളുടെ വാചകംതന്നെ ഇതായിരുന്നു. 'ഭൂമി ഏറ്റെടുത്ത് തരുമെന്ന് സംസ്ഥാന സർക്കാർ ഉറപ്പു നൽകുന്നു. ആ ഉറപ്പ് മാനിച്ച് പഴയതുപോലെ വിമാനം അവിടെ ഇറങ്ങാൻ അനുവദിക്കണം'. പക്ഷെ അതിനനുകൂലമായ നിലപാട് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. സൗകര്യങ്ങളുടെ മാത്രം പ്രശ്നമാണെങ്കിൽ നമ്മൾ നൽകിയ ഉറപ്പിൻമേൽ ഇതെല്ലാം നടക്കേണ്ടതാണ്. അതിനപ്പുറം ചില പ്രശ്നങ്ങളുണ്ടോ എന്നാണ് സ്വാഭാവികമായും ശങ്കിക്കേണ്ടത്. ഏതായാലും അനുവദിക്കേണ്ടത് കേന്ദ്രത്തിൽ നിന്നായതുകൊണ്ട് അവരോട് തുടർച്ചയായി ആവശ്യപ്പെടാൻ മാത്രമേ സാധിക്കുകയുള്ളൂ. അത് നമ്മുടെ ഭാഗത്ത് നിന്ന് ഉണ്ടാകുന്നുണ്ട്.

കൊച്ചി എയർപോർട്ടിലെ പുതിയ ടെർമിനൽ അടുത്തുതന്നെ തുറന്നുകൊടുക്കാൻ പോകുകയാണ്. കൊച്ചി മെട്രോയുടെ കാര്യത്തിൽ എന്താണ് നടന്നതെന്ന് ഇവിടെ ചോദിക്കുകയുണ്ടായി. കൊച്ചി മെട്രോ ഒരു ഘട്ടം വരെ സർവ്വീസ് നടത്താൻ സന്നദ്ധമായി നിൽക്കുകയാണ്. പാലാരിവട്ടം വരെയുള്ള റൂട്ടിൽ സർവ്വീസ് തുടങ്ങിയാലോയെന്ന് ഒരു ആലോചന നടന്നതാണ്. കൊച്ചിയിലെ എല്ലാ എം.എൽ.എ.മാരുമായി ചർച്ച നടത്തിയിരുന്നു. എല്ലാവരുടെയും ഏകകണ്ഠമായ അഭിപ്രായം, 'പാലാരിവട്ടം വരെ ആയാൽ ശരിയാകില്ല, അത് മഹാരാജാസ് കോളേജ് വരെ വേണം. എന്നിട്ട് തുടങ്ങുന്നതാണ് നല്ലത്.' അതിന്റെ ഭാഗമായിട്ടാണ് മഹാരാജാസ് വരെ ആയതിന് ശേഷം തുടങ്ങാമെന്ന് നിശ്ചയിച്ചത്. ഇപ്പോൾ വീണ്ടും പാലാരിവട്ടം വരെ സർവ്വീസ് നടത്താൻ എല്ലാം റെഡിയായിട്ടുണ്ടെന്നും അത് നല്ലതാണെന്നും പറഞ്ഞ് എന്നെ സമീപിച്ചിട്ടുണ്ട്. എം.എൽ.എ.-മാരുമായി ചർച്ച ചെയ്ത് വിവരം അറിയിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. ഈ സമ്മേളനത്തിനിടയ്ക്ക് എറണാകുളത്തെ എം.എൽ.എ.മാരുമായി ചർച്ച നടത്തി എന്ത് വേണമെന്ന് തീരുമാനിക്കാം.

ബയോടെക്നോളജി രംഗത്ത് വേണ്ടത്ര വികസനം ഉണ്ടാക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടില്ല. ആ രംഗം വികസിപ്പിക്കാൻ നമുക്ക് കഴിയണം. മുമ്പ് ആ രംഗത്ത് നല്ലതുപോലെ വികസനം ഉണ്ടായിരുന്നതാണ്. അതാണല്ലോ ആയുർവ്വേദം വികസിച്ചതിന്റെ അടിസ്ഥാനം അത് കുറെക്കൂടി നല്ല രീതിയിൽ വികസിപ്പിക്കാൻ കഴിയേണ്ട തായിട്ടുണ്ട്.

ഞാൻ ബന്ധപ്പെട്ട ആളുകളിൽ നിന്നുണ്ടായ ഒരു അനുഭവമാണ് പറയുന്നത്. പല സംരംഭകരേയും ഈ ഘട്ടത്തിൽ എനിയ്ക്ക് കാണാൻ കഴിഞ്ഞു. അവർക്കെല്ലാം മലയാളികളുടെ നൈപുണ്യത്തെക്കുറിച്ച് വലിയ മതിപ്പാണ്. നമ്മുടെ നൈപുണ്യത്തെ കുറിച്ചുള്ള വിശ്വാസം അവരെല്ലാവരും രേഖപ്പെടുത്തുന്നു. ഇവിടെ മുതൽമുടക്കാനും അവർ എല്ലാവരും തയ്യാറാണ്. അത്തരമൊരു അനുകൂല സാഹചര്യം നമ്മുടെ നാട്ടിലുണ്ട്. അത് പൊതുവിൽ നാം മനസ്സിലാക്കേണ്ട കാര്യമാണ്.

സംസ്ഥാനത്തെ ഭരണ പരിപാടികളുടെ വേഗത കൂട്ടുന്നതിന് ജില്ലാ കളക്ടർമാർ താഴെ തലത്തിൽ ബന്ധപ്പെട്ടുകൊണ്ട് നടപടി സ്വീകരിക്കണമെന്ന് പറഞ്ഞിരുന്നു. 'ഭരണം ജനങ്ങളിലേയ്ക്ക്' എന്ന മുദ്രാവാക്യത്തോടെയുള്ള ജനസമ്പർക്ക പരിപാടി, മുൻകൂട്ടി നിശ്ചയിച്ച് ജില്ലാ കളക്ടർമാർക്ക് താലൂക്ക് അടിസ്ഥാനത്തിൽ നല്ല രീതിയിൽ നടത്താൻ കഴിയുന്നതാണ്.

അഴിമതിക്കെതിരെ ശക്തമായ നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. വിജിലൻസുമായി ബന്ധപ്പെട്ട പ്രശ്നമുണ്ട്. നമ്മുടെ നാട്ടിലുള്ള ഏതൊരാളുടേയും ഒറ്റനാണയം പോലും അനർഹരുടെ കയ്യിലെത്താൻ ഒരു തരത്തിലും ഇടവരില്ല. അത് ഉറപ്പുവരുത്തും എന്നതുതന്നെയാണ് സർക്കാരിന്റെ നയം. ഒരു കാര്യം ആവർത്തിച്ച് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇത് ഏതെങ്കിലും ഒരു പ്രത്യേക വിഭാഗത്തിന്റെ സർക്കാരല്ല. എല്ലാവരേയും ഒരേപോലെ കണ്ട്, എല്ലാവരും ഒന്നാണെന്ന് ബോധ്യപ്പെടുത്തി, ജനങ്ങൾക്കിടയിൽ സമാധാനവും സാഹോദര്യവും നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്ന, എല്ലാവരുടേയും സർക്കാരാണ്. ജനങ്ങൾക്ക് വേണ്ടി നിലകൊള്ളുന്ന ജനങ്ങളുടെ സർക്കാരാണിത്. ജനങ്ങളുടെ ജീവിത നിലവാരമുയർത്താൻ ബാധ്യസ്ഥരായ നമ്മളെല്ലാം ജനങ്ങളുടെ വിശ്വാസം ആർജ്ജിച്ച് ഇവിടെ എത്തിയവരാണ്. അതുകൊണ്ട് ജനകീയമായ പദ്ധതികൾ നടപ്പാക്കുന്നതിന് ഒറ്റക്കെട്ടായി നിൽക്കാൻ നമുക്ക് കഴിയണം. ഇക്കാര്യത്തിൽ നിങ്ങളെല്ലാവരുടേയും സഹകരണം ഉണ്ടാകണമെന്നാണ് എനിക്ക് ഈ ഘട്ടത്തിൽ അഭ്യർത്ഥിക്കാനുള്ളത്.

ബഹുമാന്യനായ ടി. എ. അഹമ്മദ് കബീർ സംസാരിക്കുമ്പോൾ, "അഴിമതിയുടെ കാര്യമൊന്നും നിങ്ങൾ പറയേണ്ട. ദേശാഭിമാനിക്ക് കൂറ്റൻ കെട്ടിടം എങ്ങനെ വന്നു; കൈരളി എങ്ങനെ വന്നു?" എന്നൊക്കെ ചോദിക്കുകയുണ്ടായി. ദേശാഭിമാനിക്ക് കൂറ്റൻ കെട്ടിടം എങ്ങനെയുണ്ടായി എന്ന് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. നാട്ടുകാർ ഞങ്ങളുടെ കൂടെ നിൽക്കുമ്പോൾ ദേശാഭിമാനിക്ക് കെട്ടിടമുണ്ടാക്കുന്നതിന് ഒരു പ്രയാസവുമില്ലെന്ന് എല്ലാവർക്കും അറിയാം. എങ്ങനെയാണ് ശ്രീ. ടി. എ. അഹമ്മദ് കബീറിന് അങ്ങനെയൊരു വ്യംഗ്യത്തിൽ മറ്റ് കാര്യങ്ങൾ പറയാൻ

തോന്നിയതെന്ന് പിടികിട്ടുന്നില്ല. കൈരളിയുടെ കാര്യം, അതെങ്ങനെയാണ് രൂപം കൊണ്ടതെന്ന് നിങ്ങളുടെ നേതാവിനോട് തന്നെ ചോദിച്ചാൽ മതി. കൈരളി രൂപം കൊള്ളുന്ന ഘട്ടത്തിൽ ചിലർ അതിന്റെ ഷെയർ ശേഖരിക്കാൻ വേണ്ടി നടന്നിരുന്നു. രാജ്യത്തിനകത്തും പുറത്തുമൊക്കെ പോയിരുന്നു. അതിലൊന്ന് ശ്രീ. അബ്ദുൾ വഹാബായിരുന്നു. ഈ അടുത്ത ദിവസം ബഹുമാന്യനായ പി. കെ. കുഞ്ഞാലിക്കുട്ടി ജനറൽ സെക്രട്ടറിയും ശ്രീ. വഹാബ് മറ്റൊരു ഭാരവാഹിത്വവും കണ്ടതായിട്ട് എനിക്ക് തോന്നി. അത് ആ വഹാബ് തന്നെയാണെന്നാണ് എനിക്ക് തോന്നിയത്. അങ്ങനെയാകുമ്പോൾ ഇദ്ദേഹത്തിന്റേയും കൂടി നേതാവായി അദ്ദേഹം വന്നില്ലേ? അപ്പോൾ ശ്രീ. വഹാബിനോട് ചോദിച്ചാൽ മതി.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, കൈരളി ഒരു ചാനൽ എന്ന നിലയ്ക്ക് അക്കാലത്ത് ക്യാൻവാസിംഗിന് പോയപ്പോൾ ഞങ്ങളെല്ലാവരോടും സഹകരിച്ചിട്ടുണ്ട്. അതില്ല എന്ന് ഞങ്ങൾ പറയുന്നില്ല. ആ കൂട്ടത്തിൽ ശ്രീ. വഹാബുമുണ്ട്.

ശ്രീ. പിണറായി വിജയൻ:സർ, അത് തന്നെയാണ് ഞാനും ഉദ്ദേശിച്ചത്. പിന്നെ എന്തിനാണ് ശ്രീ. ടി. എ. അഹമ്മദ് കബീർ അങ്ങനെ പറഞ്ഞതെന്നാണ് എനിക്ക് മനസ്സിലാകാത്തത്. പ്രതിപക്ഷ നേതാവ് സംസാരിച്ചപ്പോൾ ചില പ്രശ്നങ്ങൾ ഗൗരവമായി ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇടതുപക്ഷം ഒച്ചപ്പാടും ബഹളവും മാത്രമേ ഉണ്ടാക്കുന്നുള്ളൂ എന്നാണ് അദ്ദേഹം പരാമർശിച്ചത്. ഞങ്ങൾ ഒച്ചപ്പാടിലും ബഹളത്തിലുമല്ല വിശ്വസിക്കുന്നത്, കാര്യങ്ങൾ കൃത്യമായി നടപ്പാക്കണമെന്ന് തന്നെയാണ് ആഗ്രഹിക്കുന്നത്. പ്രതിപക്ഷം ഉന്നയിച്ച വിമർശനം അതിന്റേതായ അർത്ഥത്തിൽത്തന്നെ ഞങ്ങൾ ഉൾക്കൊള്ളുകയാണ്. ഞങ്ങളുടെ ഭാഗത്ത് പ്രവർത്തനങ്ങൾ നടത്തുന്നതിൽ പ്രതിപക്ഷം ആഗ്രഹിക്കുന്ന വേഗതയുണ്ടായില്ല എന്നാണ് അവർ ഉന്നയിച്ച വിമർശനം. അത് പോസിറ്റീവായി എടുത്താൽ മതിയല്ലോ. എന്നാൽ ഇവിടെ കാര്യങ്ങൾ തീരെ നടക്കാതായിട്ടില്ല. ഞങ്ങൾ കൃത്യമായ രീതിയിൽ ഭരണ നടപടികൾ മുന്നോട്ട് കൊണ്ടുപോകാനാണ് ആഗ്രഹിക്കുന്നത്. ഈ നാടിന്റെ അഭിവൃദ്ധിക്കുതകുന്ന വിവിധ പദ്ധതികൾ നടപ്പാക്കാൻ തന്നെയാണ് ഉദ്ദേശിക്കുന്നത്. അതിനുതകുന്ന ഒട്ടേറെ കാര്യങ്ങൾ ഈ എട്ട് മാസത്തിനിടയ്ക്ക് ചെയ്തിട്ടുണ്ട്, ഇനി വരുന്ന മാസങ്ങളിൽ അത് കുറേക്കൂടി വേഗതയിൽ നടക്കുകയും ചെയ്യും. അതൊന്നും കേവലമായ സ്വപ്നങ്ങളായി കിടക്കുന്ന കാര്യങ്ങളല്ല എന്നാണ് എനിക്ക് വ്യക്തമാക്കാനുള്ളത്.

പദ്ധതി വിഹിതം ചെലവാകാത്തതിനെക്കുറിച്ച് ഇവിടെ പറഞ്ഞു. 2011 മുതൽ 2017 ജനുവരി വരെയുള്ള പദ്ധതി വിനിയോഗത്തിന്റെ കണക്ക് എന്റെ കയ്യിലുണ്ട്. അതെല്ലാം 50 ശതമാനത്തിൽ താഴെയായിരുന്നു. ഒരു വർഷവും 50 ശതമാനത്തിന് മുകളിൽ പോയിട്ടില്ല. യഥാർത്ഥത്തിൽ ഇതെന്തുകൊണ്ടാണ് സംഭവിക്കുന്നത്? സംസ്ഥാനം ഉണ്ടായ കാലംതൊട്ട് നിലനിൽക്കുന്ന ഒരു സമ്പ്രദായം, പദ്ധതി വിഹിതം ചെലവിടുന്നതിന്റെ ഒരു സംസ്കാരം, അവസാനത്തെ മൂന്നു മാസം എങ്ങനെയെങ്കിലും പണം ചെലവിടുക എന്നുള്ള ഒരു രീതി സംസ്ഥാനത്ത് നിലവിലുണ്ട്. ഇത്തവണ അതിനെക്കുറിച്ച് ചർച്ച ചെയ്ത് ഒരു പുതിയ മാനദണ്ഡം അംഗീകരിച്ചു. അതനുസരിച്ച് വർഷാരംഭത്തിൽത്തന്നെ ചെലവിടൽ തുടങ്ങണം.

സാമ്പത്തികവർഷത്തിന്റെ അവസാന മൂന്നുമാസമായ ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ 30 ശതമാനത്തിലധികം തുക ബാക്കിനിൽക്കാൻ പാടില്ല. മാർച്ച് മാസം 15 ശതമാനത്തിൽ കൂടുതൽ ചെലവിടാനും പാടില്ല. ഇത് അടുത്ത വർഷം പൂർണ്ണമായും നടപ്പാക്കണമെന്ന് വാശിയോടെ പറഞ്ഞിട്ടുണ്ട്. എല്ലാവരും സഹകരിച്ചാൽ അത് നടപ്പാക്കാൻ കഴിയും. അടുത്ത വർഷം ആദ്യഘട്ടത്തിൽത്തന്നെ പണം ചെലവിട്ട് തുടങ്ങാനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ സ്വീകരിച്ചുവരുന്നുണ്ട്. അസാധ്യമായ ഒരു കാര്യമല്ലിത്.

വൈ-ഫൈ ഹോട്ട്സ്പോട്ട് പദ്ധതിയെക്കുറിച്ച് ബഹുമാന്യനായ പ്രതിപക്ഷ നേതാവ് പറയുകയുണ്ടായി. 2016-17-ലെ ആയിരം വൈ-ഫൈ ഹോട്ട്സ്പോട്ട് പദ്ധതിക്ക് ഭരണാനുമതിയായിട്ടുണ്ട്. 2017-18-ൽ ആയിരം വൈ-ഫൈ ഹോട്ട്സ്പോട്ട് പദ്ധതിയും കൂടി ടെണ്ടർ ചെയ്യുകയാണ്. ജൂലൈ-ഓഗസ്റ്റ് മാസം കൊണ്ട് അത് പൂർത്തിയാക്കാൻ കഴിയും.

സംസ്ഥാനത്ത് ഐ.എ.എസ്-കാർക്ക് ചില ആശങ്കകളുണ്ടായി എന്നുള്ളത് ശരിയാണ്. അതിന്റെ ഭാഗമായി അവരിൽ ചില വികാരപ്രകടനങ്ങളുമുണ്ടായി. എന്നാൽ സർക്കാരുമായുള്ള ചർച്ചയിൽ അത്തരമൊരു ആശങ്കയ്ക്ക് അടിസ്ഥാനമില്ല എന്ന് അവർക്ക് പൂർണ്ണമായും ബോദ്ധ്യമായിട്ടുണ്ട്. ഒരു തരത്തിലുള്ള അകൽച്ചയും ഭരണകൂടവും ഐ.എ.എസ്. ഉദ്യോഗസ്ഥരും തമ്മിലില്ല. എല്ലാ കാര്യങ്ങളിലും സഹകരിച്ചുകൊണ്ട് നല്ല വിശ്വാസത്തോടുകൂടി തന്നെയാണ് കാര്യങ്ങൾ മുന്നോട്ടു പോകുന്നത്. വിഘടിച്ചു നിൽക്കുന്ന നിലപാട് ഐ.എ.എസ് ഉദ്യോഗസ്ഥരുടെ ഭാഗത്തുണ്ടെന്ന് പറയാൻ പറ്റില്ല. എന്നാൽ ചില പ്രശ്നങ്ങൾ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് സെക്രട്ടേറിയറ്റ് തലത്തിൽ ഉണ്ടായിട്ടുണ്ട്. സെക്രട്ടേറിയറ്റ് ജീവനക്കാരിൽ ഒരു വിഭാഗത്തിന് അതിനോട് കടുത്ത പ്രതിഷേധമുണ്ട്. അത് സ്വാഭാവികമാണ്, ആ പ്രതിഷേധം നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ഇക്കാര്യത്തിൽ അവർക്കുള്ള ആശങ്ക അകറ്റാൻ സർക്കാർ ശ്രമം നടത്തിയെങ്കിലും അവർക്ക് അതിനോട് പൂർണ്ണ യോജിപ്പുണ്ടായില്ല. നിങ്ങൾ നേരത്തെയുള്ള നിലപാട് എന്തിനാണ് മാറ്റിയത്? കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പാക്കുക എന്ന നിലപാടാണ് യു.ഡി.എഫ്.-ന് നേരത്തേ ഉണ്ടായിരുന്നത്. അത് നടപ്പിലാക്കുന്നതിനു വേണ്ടി യു.ഡി.എഫ്. ഗവൺമെന്റ് നിലപാടെടുത്തതാണ്. ബഹുമാന്യനായ ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോൾ അതുമായി ബന്ധപ്പെട്ട നടപടികൾക്ക് തുടക്കം കുറിച്ചു. ഇപ്പോൾ എന്തിനാണ് നിങ്ങൾ അതിൽ നിന്ന് പുറകോട്ട് പോകുന്നത്? നമുക്കത് നടപ്പാക്കുകയല്ലേ വേണ്ടത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് വേണമെന്ന് യു.ഡി.എഫ്. ഗവൺമെന്റ് തീരുമാനിക്കുകയും അതുസംബന്ധിച്ച് ചർച്ച നടത്തുകയും ചെയ്തു. എന്നാൽ ആ ചർച്ചയിൽ ചിലർ പ്രകടിപ്പിച്ച ആശങ്കകളും സംശയങ്ങളും ദൂരീകരിച്ച ശേഷം മുന്നോട്ടു പോയാൽ മതിയെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് സെക്രട്ടേറിയറ്റ് സർവ്വീസിനെ ഒഴിവാക്കുന്നതിനെക്കുറിച്ച് അന്ന് യു.ഡി.എഫ്. തീരുമാനിച്ചത്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അത് ഫയലിൽ കാണാനില്ല. ഏതായാലും ഇപ്പോഴത്തെ അവസ്ഥയിൽ സെക്രട്ടേറിയറ്റ് സർവ്വീസുകൂടി ഉൾപ്പെട്ടുകൊണ്ടുള്ള കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസാണ് നല്ലതെന്നുള്ളതാണ് തീരുമാനം. അതാണ് നിങ്ങളും നേരത്തെ എടുത്ത നിലപാട്. അതിനോട് സെക്രട്ടേറിയറ്റ് സർവ്വീസുകാർക്ക് പ്രതിഷേധം ഉണ്ടായിരുന്നു എന്നുള്ളത് ശരിയാണ്. പക്ഷേ, അതുകൂടി ഉൾപ്പെടുത്തി കൊണ്ട് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പാക്കാമെന്നുള്ളതു തന്നെയാണ് സർക്കാരിന്റെ നിലപാട്. അക്കാര്യത്തിൽ നിങ്ങളുടെ സഹകരണം ഉണ്ടാവുകയാണ് വേണ്ടത്.

വിജിലൻസ് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട കാര്യത്തിൽ ഇപ്പോഴുള്ള ഹൈക്കോടതി ഇടപെടൽ സ്വാഗതാർഹമാണ്. പ്രതിപക്ഷ നേതാവ് പരാമർശിച്ച ജഡ്ജ്മെന്റ് നേരത്തെ പറഞ്ഞതുപോലെ ഒരു ലാന്റ് മാർക്ക് ജഡ്ജ്മെന്റാണ്. നല്ല ഇടപെടലാണ് ആ കാര്യത്തിലുണ്ടായത്. അതിന്റെ അന്തഃസത്ത ജനാധിപത്യ വ്യവസ്ഥിതിയിൽ ക്യാബിനറ്റ് സിസ്റ്റത്തിനുള്ള പ്രാധാന്യം ഊന്നിക്കൊണ്ടുള്ളതാണ്. അതിനോട് ഒരു വിയോജിപ്പും ഈ സർക്കാരിനില്ല. അത് ശരിയായിട്ടുള്ള വിലയിരുത്തൽ തന്നെയാണ്. ആ ജഡ്ജ്മെന്റിൽ വിജിലൻസിനെക്കുറിച്ചും വിജിലൻസ് കോടതിയെക്കുറിച്ചുമുള്ള ഭാഗങ്ങളുണ്ട്. ഉദാഹരണത്തിന്, ശ്രീ. രമേശ് ചെന്നിത്തല പിണറായി വിജയനെതിരെ ഒരു പെറ്റീഷൻ കൊടുത്താൽ ആ പെറ്റീഷനിൽ എന്തെങ്കിലും വസ്തുതയുണ്ടോയെന്ന് പരിശോധിക്കാൻ സാധാരണ രീതിയിലുള്ള സമയമെടുക്കാതെ വിജിലൻസ് നേരെ അന്വേഷണത്തിലേക്ക് കടക്കുകയാണ്. ചിലർ പെറ്റീഷൻ കൊടുക്കാൻവേണ്ടി മാത്രം ജനിച്ചവരാണ്, അവർ പെറ്റീഷൻ അയച്ചുകൊണ്ടേയിരിക്കും; എന്നാൽ അതിൽ പറയുന്ന കാര്യങ്ങളിൽ എന്തെങ്കിലും വസ്തുതയുണ്ടോ ഇല്ലയോ എന്നുള്ള കാര്യത്തിൽ ഒരു പരിഗണനയുമില്ല; നമ്മുടെ നാടിന്റെ ഇപ്പോഴുള്ള അവസ്ഥ ഇതാണ്. തുടർന്ന് അന്വേഷണത്തിലേയ്ക്ക് പോകുകയും അതുസംബന്ധിച്ച് വലിയ തോതിലുള്ള തലക്കെട്ടുകൾ വരികയും ചെയ്യുന്നു. വിജിലൻസ് അന്വേഷണം എന്നു പറഞ്ഞാൽ വലിയ തെറ്റ് ചെയ്തു എന്നുള്ള പ്രതീതിയും നാട്ടിലുണ്ട്. അതേസമയം ഇത് അന്വേഷിച്ചില്ലെങ്കിൽ എന്തുകൊണ്ടാണ് അന്വേഷിക്കാത്തതെന്ന് ചോദിച്ച് വിജിലൻസ് കോടതി ഇടപെടും. അപ്പോൾ വിജിലൻസിനെ, വിജിലൻസ് കോടതി വിമർശിച്ചു എന്നുള്ള വാർത്ത വരുന്നു. വിജിലൻസ്, കോടതിയെ ചൂണ്ടിക്കാണിച്ചുകൊണ്ട് വിജിലൻസ് അന്വേഷണത്തിന് തയ്യാറാകുന്നു. ഈ രണ്ടു കാര്യങ്ങളും ബഹുമാന്യനായ ജഡ്ജി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് ഇത് എങ്ങനെയാണ് കൈകാര്യം ചെയ്യേണ്ടതെന്നുള്ളതിന് ഒരു ക്രമീകരണം ആവശ്യമാണ്; പെറ്റീഷൻ വന്നാൽ ഉടൻതന്നെ കുറ്റവാളിയെപ്പോലെ അന്വേഷിക്കാൻ പുറപ്പെടുകയാണോ വേണ്ടത്?

ശ്രീ. രമേശ് ചെന്നിത്തല: സർ, ക്യാബിനറ്റിൽ എടുത്ത തീരുമാനമാണത്. അത് സംബന്ധിച്ച് വിജിലൻസ് അന്വേഷിക്കാതെ വിജിലൻസ് കോടതിയിൽ പോയപ്പോൾ, ഏതു സന്ദർഭത്തിലും ഇവരുടെ പേരിൽ എഫ്.ഐ.ആർ. എടുക്കാനാണ് ജഡ്ജിയുടെ വിധി വന്നത്. ഇങ്ങനെ ഒരു വിധി ന്യായം പ്രകടിപ്പിക്കാൻ പോയാൽ ക്യാബിനറ്റിന് പ്രവർത്തിക്കാൻ കഴിയുമോ? അതുകൊണ്ട് ഗവൺമെന്റ് ഹൈക്കോടതിയുമായി ബന്ധപ്പെട്ട് അവിടെ നിന്നും മാർഗ്ഗനിർദ്ദേശം വന്നാൽ തീർച്ചയായിട്ടും അത് നന്നായിരിക്കും.

ശ്രീ. പിണറായി വിജയൻ: സർ, എനിക്ക് നിയമത്തിൽ പരിജ്ഞാനം കുറവായതിനാൽ ഇതുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശം വേണമെന്നും അതിനു വേണ്ടി ഹൈക്കോടതിയെ സമീപിക്കുമെന്നൊരു അഭിപ്രായം ആദ്യം പറഞ്ഞിരുന്നു. അങ്ങനെ പറഞ്ഞത് അബദ്ധമായിരുന്നു. കാരണം ഹൈക്കോടതി യുടെ പരാമർശ മായിട്ടാണ് ഇത് വന്നത്. ഹൈക്കോടതിക്ക് മറ്റാരെയും സമീപിക്കാൻ സാധിക്കില്ല. ഇപ്പോൾ ഹൈക്കോടതിയിൽ ഇത് കൈകാര്യം ചെയ്യുന്ന ബഞ്ചിന്റെ ഭാഗമായിട്ടാണ് അദ്ദേഹത്തിൽ നിന്നും ഈ പ്രതികരണം വന്നിട്ടുള്ളത്. അദ്ദേഹത്തിൽ നിന്നുതന്നെ കൂടുതൽ കാര്യങ്ങൾ മാർഗ്ഗനിർദ്ദേശമായി വരുന്നത് പൊതുവിൽ സഹായകരമായിരിക്കും.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞ കേസ്സിന്റെ ഏറ്റവും പ്രധാനപ്പെട്ട കാര്യം നാല് എ.ഡി.ജി.പി.-മാരെ പ്രൊമോട്ട് ചെയ്യാൻ വേണ്ടി കഴിഞ്ഞ ഗവൺമെന്റ് തീരുമാനം എടുത്തു എന്നുള്ളതാണ്. അത് കാഷ്വലായി എടുത്ത ഒരു തീരുമാനമല്ല. ഇതിനനുകൂലമായും എതിരായിട്ടുമുള്ള എല്ലാ നോട്ടിംഗ്സും ഫയലിൽ വന്നതിനുശേഷമാണ് ക്യാബിനറ്റ് ഇവർക്ക് പ്രൊമോഷൻ കൊടുക്കാൻ തീരുമാനിച്ചത്. അതിനെതിരായ വാദവും അതിൽ വന്നിട്ടുണ്ട്. അതും പരിശോധിച്ചതിനു ശേഷമാണ് ആ തീരുമാനം അങ്ങയും അങ്ങയുടെ ക്യാബിനറ്റും അംഗീകരിച്ചത്. ഞങ്ങൾ എടുത്ത തീരുമാനം തെറ്റായിപ്പോയെങ്കിൽ നിങ്ങൾ പ്രൊസീഡ് ചെയ്യുന്നതിൽ തെറ്റില്ല. എന്നാൽ ഞങ്ങൾ എടുത്ത തീരുമാനം നിങ്ങളും അംഗീകരിച്ചു. ആ തീരുമാനം വിജിലൻസ് കേസ്സായെടുത്ത് കോടതിയിലേയ്ക്ക് പോകുന്നത് ശരിയാണോ എന്നുള്ളതാണ് ആലോചിക്കേണ്ടത്.

ശ്രീ. പിണറായി വിജയൻ: സർ, അതുസംബന്ധിച്ച് ഞാൻ നേരത്തെ വ്യക്തമാക്കി. അതിന്റെ മെറിറ്റിലേയ്ക്കല്ല ഞാൻ പോകുന്നത്. ക്യാബിനറ്റ് ഒരു തീരുമാനമെടുത്താൽ അത് തീരുമാനമാണ്. ആ നിലയിൽ നമുക്ക് അതിനെ കാണാം. ഞങ്ങളും അത് അംഗീകരിച്ചിട്ടുണ്ടെന്ന് അങ്ങ് പറഞ്ഞത് ശരിയാണ്. ഇക്കാര്യത്തിൽ ഹൈക്കോടതിയുടെ അതേ ബഞ്ചിൽ നിന്നുതന്നെ ഒരു മാർഗ്ഗ നിർദ്ദേശം വരുന്നതാണ് നമുക്ക് നല്ലത്. ഇതാണ് അക്കാര്യത്തിൽ സർക്കാരിന്റെ നിലപാട്.

ബി.ജെ.പി.-യുടെ റിക്രൂട്ടിംഗ് ഏജന്റുമാരായി നിങ്ങൾ മാറരുതെന്ന് പ്രതിപക്ഷ നേതാവ് പറയുകയുണ്ടായി. കോൺഗ്രസ്സുകാരെ ബി.ജെ.പി.-യിലേയ്ക്ക് റിക്രൂട്ട് ചെയ്യുന്ന റിക്രൂട്ടിംഗ് ഏജന്റുമാരായി ഞങ്ങൾ മാറരുതെന്നാണ് അദ്ദേഹം പറഞ്ഞതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് ഞങ്ങളുടെ ഉത്തരവാദിത്വമല്ല. കോൺഗ്രസ്സിലെ എൻ.ഡി. തിവാരിയെപ്പോലുള്ള ആളുകൾ ബി.ജെ.പി.യിലേയ്ക്ക് പോകുന്ന നിലപാട് സ്വീകരിക്കുന്നത് എന്തുകൊണ്ടാണ്? തിവാരി നമ്മളെല്ലാം ജനിക്കുന്നതിനുമുമ്പ് കോൺഗ്രസ് പാർട്ടിയിലുള്ള ആളാണല്ലോ? എന്തുകൊണ്ടാണ് അങ്ങനെ സംഭവിക്കുന്നത്? നമ്മൾ മതനിരപേക്ഷമാണ് എന്ന് പറഞ്ഞതുകൊണ്ടുമാത്രം കാര്യമില്ല. മതനിരപേക്ഷതയുടെ ഭാഗമായി നിന്നുകൊണ്ട് വർഗ്ഗീയതയെ വിട്ടുവീഴ്ചയില്ലാതെ എതിർക്കണം. അതിന് പലപ്പോഴും അബദ്ധങ്ങൾ കാണിക്കുന്നുണ്ട്. മാത്രമല്ല, ചില ഘട്ടങ്ങളിൽ വർഗ്ഗീയതയുമായി സമരസപ്പെടാനും ശ്രമിക്കുന്നുണ്ട്. അതിൽ നിന്നാണ് മാറേണ്ടത്. ഞങ്ങളല്ല തെറ്റുകാരെന്നതാണ് എനിക്കതിൽ വ്യക്തമാക്കാനുള്ളത്. ഞങ്ങൾക്ക് ഇപ്പോൾ കോൺഗ്രസ്സിനെ ദുർബ്ബലപ്പെടുത്താൻ ശ്രമിക്കേണ്ട കാര്യമെന്താണ്; കോൺഗ്രസ്സ് ഇപ്പോൾ ദുർബ്ബലമായി കിടക്കുകയല്ലേ? ആർക്കും ദയനീയമായി തോന്നുന്ന ഒരവസ്ഥയിലല്ലേ കോൺഗ്രസ്സ് ഇപ്പോൾ നിൽക്കുന്നത്. ഞങ്ങൾ കോൺഗ്രസ്സിനെ ദുർബ്ബലപ്പെടുത്താൻ ശ്രമിക്കുന്നുവെന്നാണ് അദ്ദേഹം പറഞ്ഞത്, ഞങ്ങൾ അതിന് നേരത്തെ ശ്രമിച്ചിട്ടുണ്ട്, എന്നാൽ ഇപ്പോൾ നിങ്ങൾ വളരെ ദുർബ്ബലമായി കിടക്കുകയാണ്. സഹതാപത്തോടെയാണ് ഞങ്ങൾ നിങ്ങളെ നോക്കുന്നത്.

ആർ.എസ്.എസ്. കൊലവിളി പ്രസംഗം നടത്തുന്നു, നിങ്ങൾ കേസെടുത്തോ എന്നൊക്കെ ചോദിക്കുകയുണ്ടായി. കേസ് എടുക്കാൻ പറ്റുന്ന തരത്തിലുള്ള പ്രസംഗങ്ങൾ ഏതെങ്കിലും നടന്നിട്ട് ഒഴിവായി പോയിട്ടുണ്ടോ എന്നുള്ളത് പരിശോധിക്കാം. അതേസമയം ഇവിടെ തൊഗാഡിയ വന്ന് പ്രസംഗിച്ചതിന് സമൂഹത്തിലാകെ വലിയ പ്രതിഷേധം രേഖപ്പെടുത്തി. പോലീസിന്റെ നിർദ്ദേശം ലംഘിച്ചുകൊണ്ടായിരുന്നു പ്രസംഗിച്ചത്. അതിനെതിരെ കേസ്സെടുത്തത് എന്തിനാണ് നിങ്ങൾ പിൻവലിച്ചത്. നിങ്ങളുടെ കാലത്താണ് അത് പിൻവലിച്ചത്.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കയ്യിൽ അതുസംബന്ധിച്ചുള്ള ഫയലുണ്ട്. കേസ് സമയത്ത് തുടർ നടപടികൾ സ്വീകരിക്കാത്തതിന്റെ പേരിൽ അവസാനിപ്പിച്ചതാണ്. കേസ് പിൻവലിക്കണം എന്നുപറഞ്ഞ് ഒരു അപേക്ഷ കിട്ടിയിരുന്നു. അതിന്മേലുള്ള നടപടികളുമായി മുന്നോട്ടുനീങ്ങി എന്നുള്ളത് ശരിയാണ്. അതിനുമുമ്പുതന്നെ കോടതി ആ കേസ് തീർപ്പാക്കിയിരുന്നു. അങ്ങ് ഇക്കാര്യം പറഞ്ഞ സ്ഥിതിക്ക് ആ ഫയൽ പരിശോധിക്കുന്നത് നന്നായിരിക്കും.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, കഴിഞ്ഞദിവസം മംഗലാപുരത്തുവച്ച് ശ്രീ. കെ. സുരേന്ദ്രൻ ശ്രീ. പ്രവീൺ തൊഗാഡിയയേക്കാൾ രൂക്ഷമായാണ് പ്രസംഗിച്ചത്. അക്കാര്യത്തിൽ അങ്ങ് കേസ് എടുക്കുമോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, അതുസംബന്ധിച്ച് പരിശോധിക്കുമെന്ന് ഞാൻ സഭയിൽ നേരത്തെ പറഞ്ഞിട്ടുണ്ട്. ശ്രീ. പ്രവീൺ തൊഗാഡിയയുടെ കാര്യം മാത്രമല്ല, എം.ജി. കോളേജിൽ ഒരു സർക്കിൾ ഇൻസ്പെക്ടറെ ബോംബെറിഞ്ഞ് കാൽ തകർത്ത കേസ് കൂടിയുണ്ട്. 307 വകുപ്പുപ്രകാരമാണ് അന്ന് കേസ് എടുത്തത്. അത് പോലീസുകാരെ പരിക്കേൽപ്പിച്ചതായതുകൊണ്ട് സ്വാഭാവികമായും ശക്തമായി കേസ് നടത്തുകയല്ലേ ചെയ്യേണ്ടത്; നിങ്ങളുടെ ഭരണകാലത്ത് ആ കേസും പിൻവലിച്ചു കൊടുത്തില്ലേ? നിങ്ങൾ കാണിച്ച ദൗർബല്യം ഞങ്ങളിൽ നിന്നും ഏതായാലും ഉണ്ടാകാൻ പോകുന്നില്ല. അത്തരമൊരു ദൗർബല്യവുമില്ലാതെ ഞങ്ങൾ മുന്നോട്ടു പോവുക തന്നെ ചെയ്യും.

തൊട്ടതിനൊക്കെ കേന്ദ്രത്തെ കുറ്റം പറയുന്നുവെന്നാണ് ബഹുമാന്യനായ ഒ. രാജഗോപാൽ പറയുന്നത്. ഈ സർക്കാർ വന്നത് കേന്ദ്രവുമായി ഏറ്റുമുട്ടാനാണെന്നുള്ള ധാരണയിൽ അദ്ദേഹം നിൽക്കേണ്ടതില്ല. എന്നാൽ സംസ്ഥാനത്തെ ജനങ്ങളുടെ ജീവിതം മുന്നോട്ടു കൊണ്ടുപോകുന്നതിന് തടസ്സമുണ്ടാക്കുന്ന നയം കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകാൻ പാടില്ല. അങ്ങനെയൊരു നയമുണ്ടായാൽ അത് ജനങ്ങളോട് തുറന്നു പറയേണ്ടത് സർക്കാരിന്റെ ബാദ്ധ്യതയല്ലേ; അതാണല്ലോ സർക്കാർ ചെയ്യുന്നത്. കേരളത്തിന്റെ റേഷൻ പ്രശ്നം നമ്മളിവിടെ ചർച്ച ചെയ്തു. അതിൽ കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന നിലപാട് ഇതാണെന്ന് പറയാൻ ഈ സർക്കാർ ബാദ്ധ്യസ്ഥമാണ്. അതുപോലെ കേരളത്തിന്റെ ആരോഗ്യരംഗത്തെ രീതികളൊക്കെ പരിശോധിച്ചാൽ 'എയിംസ്' കേരളത്തിന് നൽകാതെ എവിടെയാണ് കൊടുക്കാൻ പറ്റുന്നത്? ഇക്കാര്യം മതിയായ സമയത്തിനു മുമ്പുതന്നെ കേന്ദ്രത്തിന്റെ ശ്രദ്ധയിൽ പെടുത്തിയതാണ്.

ശ്രീ. ഒ. രാജഗോപാൽ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ അക്കാര്യം വിശദീകരിക്കാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ പ്രാവശ്യം നരേന്ദ്രമോദി ഗവൺമെന്റ് ഓരോ സംസ്ഥാനത്തിനും ഓരോ എയിംസ് കൊടുക്കണമെന്ന് തീരുമാനിച്ച് കേരളത്തിനുൾപ്പെടെ എല്ലാ സംസ്ഥാനങ്ങൾക്കും കത്തെഴുതി. കേരള ഗവൺമെന്റിന്റെ ഭാഗത്തുനിന്നും കുറേക്കാലം അതുസംബന്ധിച്ച് മറുപടിയൊന്നും ഉണ്ടായിരുന്നില്ല. ഞാൻ ഡൽഹിയിൽ പോയ അവസരത്തിൽ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുമായി ഇക്കാര്യം സംസാരിച്ചപ്പോൾ അവർ എഴുതിയ കത്ത് എനിക്ക് കാണിച്ചുതന്നു. അതുവരേയും ഒരു മറുപടിയും ഇവിടെ നിന്നുമുണ്ടായില്ല. സ്റ്റേറ്റിന് വളരെ പ്രയോജനകരമായ ഒരു സർക്കാർ പരിപാടിയുണ്ടായിട്ട് എന്തുകൊണ്ട് ഇത് പ്രയോജനപ്പെടുത്തുന്നില്ല എന്നുപറഞ്ഞ് ഡൽഹിയിൽ ഞാൻ ഒരു പത്ര സമ്മേളനം നടത്തി. അതിന് ശേഷമാണ് ഇവിടെനിന്നും മറുപടി കൊടുത്തത്. എയിംസിന് 200 ഏക്കർ സ്ഥലം വേണം, ഏതെങ്കിലുമൊരു സ്ഥലം നിർദ്ദേശിക്കണം എന്നാണ് ആ കത്തിൽ ഉണ്ടായിരുന്നത്. സംസ്ഥാന സർക്കാർ നാല് ഭാഗങ്ങളിലായി നാല് സ്ഥലം സജസ്റ്റ് ചെയ്തിരുന്നു. ആ ചുമതല മറ്റ് ഭാഗങ്ങളിലേയ്ക്ക് കൊടുത്തു. അതുകൊണ്ടാണ് ഈ പ്രശ്നം വന്നത്.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, കേന്ദ്രം നാല് സ്ഥലമാണ് ചോദിച്ചത്. അവർ വന്ന് സ്ഥലം നോക്കിയശേഷം സെലക്ട് ചെയ്യും. ഇതാണ് കത്തിലെ ഉള്ളടക്കം. തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം, കോട്ടയം തുടങ്ങിയ നാല് ജില്ലകളിൽ ലാന്റ് കണ്ടെത്തി അവർക്ക് കത്തയച്ചു. അതിന് മറുപടി കിട്ടാതെ വന്നപ്പോൾ വീണ്ടും കത്തയച്ചു. കണ്ടെത്തിയ സ്ഥലം പരിശോധിക്കാൻ ആളെ അയയ്ക്കണം, നമ്മൾ തയ്യാറാണെന്ന് പറഞ്ഞ് വീണ്ടും കത്തയച്ചു.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇതുമായി ബന്ധപ്പെട്ട് മുൻ മുഖ്യമന്ത്രി പറഞ്ഞ കാര്യം പൂർണ്ണമായും വസ്തുതാപരമാണ്. ഇവിടെനിന്നും നേരത്തെ നാല് സ്ഥലങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. ഞങ്ങൾ അധികാരത്തിൽ വന്നതിനുശേഷം അതേ നാല് സ്ഥലങ്ങൾ തന്നെ വീണ്ടും അറിയിച്ചു. എന്നിട്ടും അതിന് പ്രതികരണമൊന്നുമില്ലെന്ന് വന്നപ്പോൾ നാല് സ്ഥലം നിങ്ങളെ അറിയിച്ചിട്ടുണ്ടെന്നും ഇനി ഒരു സ്ഥലമാണ് അറിയിക്കേണ്ടതെങ്കിൽ അതും അറിയിച്ചുകൊണ്ട് ഞങ്ങൾ എഴുതി. ഇത് ബഡ്ജറ്റ് വരുന്നതിനും വളരെ മുമ്പ് അറിയിച്ചതാണ്. പക്ഷെ, ഇത്തവണയും പരിഗണിച്ചില്ല. ഞാൻ നേരിട്ട് സംസാരിച്ച കാര്യം ഇപ്പോൾ വെളിപ്പെടുത്തുന്നില്ല. കിട്ടാൻ പോകുന്നില്ലെന്ന് സംസാരിച്ചപ്പോൾത്തന്നെ ബോദ്ധ്യമായിരുന്നു. അങ്ങനെയൊരു സമീപനമാണ് കേന്ദ്ര ഗവൺമെന്റിന്റേത്. അപ്പോൾ അത് തുറന്ന് കാണിക്കാതിരിക്കാൻ പറ്റുമോ? സംസ്ഥാന ഗവൺമെന്റ് സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിക്കാനാണ് നിലകൊള്ളുന്നത്. സംസ്ഥാന താല്പര്യത്തിനെതിരായ നിലപാട് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുമ്പോൾ അത് തുറന്നുപറയാനുള്ള ബാധ്യത ഈ സർക്കാരിനുണ്ട്. അതാണ് ഞങ്ങൾ ചെയ്തിട്ടുള്ളത്. മറ്റ് കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. നമ്മുടെ സംസ്ഥാനത്തെ പുതിയൊരു തലത്തിലേയ്ക്ക് എത്തിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതിന് പ്രതിപക്ഷത്തിന്റെ സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

4.00 PM]

<u>ശ്രീ. പി. ടി. തോമസ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ..... സംഘടനാ കോൺഗ്രസിനെ തോൽപ്പിക്കാനും പിന്നീട് ഇന്ദിരാ കോൺഗ്രസിനെ തോൽപ്പിക്കാനും ആർ.എസ്.എസ്.-മായി ഞങ്ങൾ കൂട്ടുകൂടിയിട്ടുണ്ടെന്ന് 6-8-1980-ൽ ചിന്താ വീക്കിലിയിൽ യശഃശരീരനായ മുൻ മുഖ്യമന്ത്രി ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് എഴുതിയിട്ടുണ്ട്; അത് നിഷേധിക്കാൻ കഴിയുമോ?

<u>മി. സ്പീക്കർ:</u> അങ്ങ് പറഞ്ഞതിൽ ക്രമപ്രശ്നത്തിന്റെ ഒരു ശതമാനം പോലുമില്ല. ചട്ടം 303 അങ്ങ് വായിച്ചുനോക്കണം.

<u>ശ്രീ. പിണറായി വിജയൻ:</u> സർ, പൂർണ്ണമായും വസ്തുതാവിരുദ്ധമായ കാര്യമാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. ആർ.എസ്.എസ്.-മായി ഒരു ഘട്ടത്തിലും സി.പി.ഐ.(എം) കൂട്ടുകൂടിയിട്ടില്ല.

<u>ശ്രീ. പി. ടി. തോമസ്</u> : സർ, വെല്ലുവിളി ഏറ്റെടുക്കാൻ തയ്യാറുണ്ടോ? ഞാൻ നാളെ തെളിവ് ഹാജരാക്കാം.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, വെല്ലുവിളി പൂർണ്ണമായും ഏറ്റെടുത്തിരിക്കുന്നു. ആർ.എസ്.എസ്.-മായി ഒരു ഘട്ടത്തിലും സി.പി.ഐ.(എം) കൂട്ടുകൂടിയിട്ടില്ല. ഒരു കാര്യം കൂടി പറയട്ടെ, ശ്രീ. കുമ്മനം രാജശേഖരനുമായി അടച്ചിട്ട മുറിയിൽ ഇരുന്നത് എന്തിനാണെന്ന് നേരത്തേ ഇവിടെ ചോദിച്ചിരുന്നു. അടച്ചിട്ട മുറിയിൽ ഇരുന്നു എന്നത് വസ്തുതയാണ്. ശ്രീ. കുമ്മനം രാജശേഖരൻ മാത്രമല്ല, ആർ.എസ്.എസ്.-ന്റെയും ബി.ജെ.പി.-യുടെയും സി.പി.ഐ.(എം)-ന്റെയും നേതാക്കളുണ്ടായിരുന്നു. ഞാൻ അവരെ വിളിച്ചുവരുത്തിയതാണ്. നിങ്ങൾ തമ്മിൽ ചർച്ച ചെയ്യുകൂടെ എന്നൊരു പ്രശ്നം അന്ന് സമാധാന സംഭാഷണത്തിന്റെ ഭാഗമായി ഉയർന്നുവന്നിരുന്നു. അതിന്റെ ഭാഗമായി കണ്ണൂരിൽ സമാധാന സംഭാഷണം നടത്താൻ ഞാൻ പോകുന്നതിനു മുമ്പായി രണ്ടുകൂട്ടരെയും വിളിച്ചിരുത്തി സംസാരിച്ചിരുന്നു. അക്കാര്യം ഞാൻ പിന്നീട് പത്രക്കാരോട് പറയുകയും ചെയ്തു. അന്ന് സംസാരിച്ചതിന് അതിന്റേതായ ഫലമുണ്ടെന്ന് തന്നെയാണ് തോന്നുന്നത്, മോശമായ സ്ഥിതിയല്ല പിന്നീടുണ്ടായിട്ടുള്ളത്. പിന്നീട് കണ്ണൂരിലുണ്ടായ സംഭവങ്ങൾ പരിശോധിച്ചാൽ പഴയ അതേ നിലയിലല്ല സംഭവങ്ങളുണ്ടായിട്ടുള്ളത്. എവിടെയെങ്കിലും ആക്രമ സംഭവങ്ങളുണ്ടായാൽ രണ്ടുകൂട്ടരും ഒന്നിച്ച് അവിടെ പോയി അതിനെ അപലപിക്കുന്ന നിലപാട് സ്വീകരിക്കണം എന്നൊക്കെ തീരുമാനിച്ചിട്ടുണ്ട്. നല്ല രീതിയിലാണ് ആ സമാധാന സംഭാഷണം അവസാനിപ്പിക്കാൻ കഴിഞ്ഞത്.

<u>മി. സ്പീക്കർ</u>: ഒരു കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. ക്രമപ്രശ്നമെന്നത് തോന്നുമ്പോൾ എഴുന്നേറ്റുനിന്ന് പറയാനുള്ളതല്ല. മറ്റൊരാളുടെ പ്രസംഗം തടസ്സപ്പെടുത്താനോ തന്റെ നില വ്യക്തമാക്കാനോ തന്റെ സാങ്കല്പികമായ കാര്യങ്ങൾ പറയുന്നതിനോ ഉള്ള സന്ദർഭമല്ല. എപ്പോഴും ഇങ്ങനെയൊരു പ്രവണതയാണ് കാണുന്നത്. ചട്ടം 303 ഞാൻ വായിക്കാം. "ക്രമപ്രശ്നം ഒരു പ്രിവിലേജ് പ്രശ്നമല്ല. വിവരം ആവശ്യപ്പെടുന്നതിനോ തന്റെ നില വ്യക്തമാക്കുന്നതിനോ ഏതെങ്കിലും ഉപക്ഷേപത്തിൻമേൽ ഒരു പ്രശ്നം സഭയുടെ തീരുമാനത്തിന് സമർപ്പിച്ചുകൊണ്ടിരിക്കുമ്പോഴോ സാങ്കല്പികമായ ഒരു കാര്യത്തിനോ ഡിവിഷൻ ബെൽ മുഴങ്ങിയില്ലെന്നോ കേട്ടില്ലെന്നോ ഉള്ള കാര്യത്തിലേയ്ക്കോ ഒരു ക്രമപ്രശ്നം ഉന്നയിക്കാൻ പാടില്ല". ..... ഇത് ശരിയല്ല. സഭാനടപടി ക്രമങ്ങളിൽ ഗൗരവമായ ലംഘനമുണ്ടാകുമ്പോൾ മാത്രമാണ് ക്രമപ്രശ്നമുണ്ടാകുന്നത്.

ശ്രീ. എ. കെ. ബാലൻ ചട്ടം 307 പ്രകാരം സഭാ രേഖകളിൽനിന്ന് നീക്കം ചെയ്യേണ്ടതുമായി ബന്ധപ്പെട്ട് ഒരു കത്ത് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ശ്രീ. വി. എസ്. അച്യുതാനന്ദന്റെ ആനുകൂല്യങ്ങളില്ലാതാക്കിയത് ശ്രീ. എ. കെ. ബാലന്റെ ഇടപെടലാണെന്ന് പരാമർശിക്കുകയുണ്ടായി. അത് അദ്ദേഹത്തിന് അപമാനകരമാണ്. അങ്ങനെയൊരു സംഭവം ഇല്ലാത്തതാണെന്ന് അദ്ദേഹം അറിയിച്ചിരിക്കുന്നു. അത് സഭാരേഖകളിൽ നിന്ന് നീക്കം ചെയ്യുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാനത് ലൈറ്റർ വേയിൽ പറഞ്ഞതാണ്. അത് പിൻവലിക്കുന്നതിൽ യാതൊരു ബുദ്ധിമുട്ടുമില്ല.

മി. സ്പീക്കർ: ശ്രീ. ഒ. രാജഗോപാൽ അവതരിപ്പിച്ച 50-ാം നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ഒ. രാജഗോപാൽ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ഒ. രാജഗോപാൽ അവതരിപ്പിച്ച 50-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. പ്രദീപ്കുമാർ അവതരിപ്പിച്ച നന്ദിപ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ........

പ്രതികൂലിക്കുന്നവർ .........

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. പി. വി. അൻവർ
6. ശ്രീ. എ. എം. ആരിഫ്
7. പ്രൊഫ. കെ. യു. അരുണൻ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. കെ. ബാബു
10. ശ്രീ. എ. കെ. ബാലൻ
11. ശ്രീമതി ഇ. എസ്. ബിജിമോൾ

12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീ. സി. ദിവാകരൻ
16. ശ്രീ. എൽദോ എബ്രഹാം
17. ശ്രീമതി ഗീതാ ഗോപി
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. കെ. കുഞ്ഞിരാമൻ
29. ശ്രീ. വി. കെ. സി. മമ്മത് കോയ
30. ശ്രീ. എം. എം. മണി
31. ശ്രീ. മാത്യു ടി. തോമസ്
32. ശ്രീ. കെ. ജെ. മാക്സി
33. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
34. ശ്രീ. എ. സി. മൊയ്തീൻ
35. ശ്രീ. മുഹമ്മദ് മുഹസിൻ പി.
36. ശ്രീ. എം. മുകേഷ്

37. ശ്രീ. ഡി. കെ. മുരളി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. എ. പ്രദീപ്കുമാർ
42. ശ്രീ. കെ. ഡി. പ്രസേനൻ
43. ശ്രീമതി യു. പ്രതിഭ ഹരി
44. ശ്രീ. പുരുഷൻ കടലുണ്ടി
45. ശ്രീ. പി. ടി. എ. റഹീം
46. ശ്രീ. എം. രാജഗോപാലൻ
47. ശ്രീ. എസ്. രാജേന്ദ്രൻ
48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. കെ. രാജു
51. ശ്രീ. രാജു എബ്രഹാം
52. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
53. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
54. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
55. ശ്രീ. മുല്ലക്കര രത്നാകരൻ
56. പ്രൊഫ. സി. രവീന്ദ്രനാഥ്
57. ശ്രീ. കാരാട്ട് റസാഖ്
58. ശ്രീ. എസ്. ശർമ്മ
59. ശ്രീ. എ. കെ. ശശീന്ദ്രൻ
60. ശ്രീ. സി. കെ. ശശീന്ദ്രൻ
61. ശ്രീ. പി. കെ. ശശി

62. ശ്രീ. ഐ. ബി. സതീഷ്
63. ശ്രീ. ബി. സത്യൻ
64. ശ്രീ. എ. എൻ. ഷംസീർ
65. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
66. ശ്രീ. ജി. സുധാകരൻ
67. ശ്രീ. വി. എസ്. സുനിൽ കുമാർ
68. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
69. ശ്രീ. കെ. സുരേഷ് കുറുപ്പ്
70. ശ്രീ. എം. സ്വരാജ്
71. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
72. ശ്രീ. പി. തിലോത്തമൻ
73. ശ്രീ. തോമസ് ചാണ്ടി
74. ഡോ. ടി. എം. തോമസ് ഐസക്
75. ശ്രീ. പി. ഉണ്ണി
76. ശ്രീ. കെ. വി. വിജയദാസ്
77. ശ്രീ. ഇ. കെ. വിജയൻ
78. ശ്രീ. പിണറായി വിജയൻ
79. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്
5. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
6. ശ്രീ. അടൂർ പ്രകാശ്

7. ശ്രീ. ടി. എ. അഹമ്മദ് കബീർ
8. ശ്രീ. അനിൽ അക്കര
9. ശ്രീ. എ. പി. അനിൽ കുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
13. ശ്രീ. വി. ടി. ബൽറാം
14. ശ്രീ. പി. കെ. ബഷീർ
15. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
16. ശ്രീ. എൽദോസ് കുന്നപ്പിള്ളി
17. ശ്രീ. ടി. വി. ഇബ്രാഹിം
18. ഡോ. എൻ. ജയരാജ്
19. ശ്രീ. കെ. സി. ജോസഫ്
20. ശ്രീ. പി. ജെ. ജോസഫ്
21. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
22. ശ്രീ. സി. മമ്മൂട്ടി
23. ശ്രീ. മോൻസ് ജോസഫ്
24. ശ്രീ. കെ. മുരളീധരൻ
25. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
26. ശ്രീ. ഉമ്മൻ ചാണ്ടി
27. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
28. ശ്രീ. രമേശ് ചെന്നിത്തല
29. ശ്രീ. റോജി എം. ജോൺ
30. ശ്രീ. കെ. എസ്. ശബരീനാഥൻ
31. ശ്രീ. വി. പി. സജീന്ദ്രൻ

32. ശ്രീ. എൻ. ഷംസുദ്ദീൻ
33. ശ്രീ. വി. ഡി. സതീശൻ
34. ശ്രീ. ഷാഫി പറമ്പിൽ
35. ശ്രീ. കെ. എം. ഷാജി
36. ശ്രീ. വി. എസ്. ശിവകുമാർ
37. ശ്രീ. സണ്ണി ജോസഫ്
38. ശ്രീ. പി. ടി. തോമസ്
39. ശ്രീ. പി. ഉബൈദുള്ള
40. ശ്രീ. എം. ഉമ്മർ
41. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ :

ശ്രീ. പി. സി. ജോർജ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 79

പ്രതികൂലിക്കുന്നവർ - 41

നിഷ്പക്ഷത പാലിക്കുന്നവർ - 1

നന്ദിപ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ഓർഡർ...... ഓർഡർ...... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2017 മാർച്ച് മാസം 2-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.08-ന് പിരിഞ്ഞു.)